# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

2022 ഫെബ്രുവരി 22, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 187 - നമ്പർ 3

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

**നാലാം സമ്മേളനം**

2022 ഫെബ്രുവരി 22, ചൊവ്വ

സ്പീക്കർ
**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം,മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

## ഉള്ളടക്കം


**I. ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**II. ചരമോപചാരം**

ഇ. ശങ്കരൻ, എ. യൂനസ് കുഞ്ഞ്, ലതാ മങ്കേഷ്കർ എന്നിവരുടെ നിര്യാണം

**III. ചെയർമാന്മാരുടെ പാനൽ**

**IV. അടിയന്തരപ്രമേയം**

അഴിമതി വിരുദ്ധ സംവിധാനങ്ങളെ ദുർബലപ്പെടുത്തുന്ന **നടപടി**

- ശ്രീ. സണ്ണി ജോസഫ്

(അവതരണാനുമതി നിഷേധിച്ചു)

**V ശ്രദ്ധക്ഷണിക്കൽ**

(1) എസ്.എസ്.എൽ.സി., പ്ലസ് വൺ, പ്ലസ് ടു പരീക്ഷകൾ

- ശ്രീ. കെ. എം. സച്ചിൻദേവ്

(2) മൊറട്ടോറിയം കാലാവധി ദീർഘിപ്പിക്കൽ

- ശ്രീ. ടി. സിദ്ദിഖ്

**VI. സബ്മിഷൻ**

(1) ഭൂമി തരംമാറ്റൽ

- പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ)

(2) അനന്തപുരി എഫ്.എം. പരിപാടി

- ശ്രീ. വി. കെ. പ്രശാന്ത്

(3) പെരിന്തൽമണ്ണ-വളാഞ്ചേരി കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്
- ശ്രീ. മഞ്ഞളാംകുഴി അലി

(4) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം
- ശ്രീ. ഇ. ചന്ദ്രശേഖരൻ

(5) കാത്ത് ലാബിന്റെ പ്രവർത്തനം
- ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

(6) എഫ്.എച്ച്.സി.-കളിലെ സ്റ്റാഫ് നഴ്സ് തസ്തികയിലെ ഒഴിവുകൾ
- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

(7) ഞാവളിൻകടവ് പാലം നിർമ്മാണം
- ശ്രീ. കെ. പ്രേംകുമാർ

(8) ജൽജീവൻ മിഷൻ പദ്ധതി
- ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

(9) തൃക്കരിപ്പൂരിലെ തീരദേശ ഗ്രാമങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് സംബന്ധിച്ച്
- ശ്രീ. എം. രാജഗോപാലൻ

(10) കാസർഗോഡ് മിനിഡാമുകളുടെ നിർമ്മാണം
- ശ്രീ. സി. എച്ച് കുഞ്ഞമ്പു

## VII. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം
അനുസരിച്ചുള്ള കടലാസ്സുകൾ

## VIII. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

## IX. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

## X. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

## XI. വ്യക്തിപരമായ വിശദീകരണം

കെ.എം.എസ്.സി.എൽ.-മായി ബന്ധപ്പെട്ട ആരോപണം സംബന്ധിച്ച്
- ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി
(ശ്രീമതി വീണാ ജോർജ്ജ്)

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

2022 ഫെബ്രുവരി 22, ചൊവ്വ

-----------------------------------------------------------------

വാല്യം 187} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 3

-----------------------------------------------------------------

നിയമസഭ 2022 ഫെബ്രുവരി മാസം 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*1)

ഭരണ മികവിന് പുരസ്കാരങ്ങൾ

1(*1)ശ്രീ. പി. പി. സുമോദ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീമതി യു പ്രതിഭ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ലിക് അഫയേഴ്സ് സൂചികയിൽ 2016 മുതൽ എന്നപോലെ ഇത്തവണയും പ്രഥമ സ്ഥാനം നേടാനായിട്ടുണ്ടോ; പ്രസ്തുത സൂചികയിൽ കേരളത്തിന് ലഭിച്ച സ്കോർ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ;

(ബി) വിവിധ മേഖലകളിലെ ഭരണ മികവിന് സംസ്ഥാനത്തിന് പ്രസ്തുത കാലയളവിൽ ലഭിച്ചിട്ടുള്ള പ്രധാന പുരസ്കാരങ്ങൾ ഏതൊക്കെയാണ്;

(സി) പ്രകൃതി ദുരന്തങ്ങളും മഹാമാരിയും സൃഷ്ടിച്ച ആഘാതങ്ങൾ അതിജീവിക്കുന്നതിനും വിഭവ പരിമിതിക്കിടയിലും ക്ഷേമ, വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സാധ്യമായിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും നിക്ഷേപം ആകർഷിക്കുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) ഉണ്ട്. പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ 1.618 സ്കോർ നേടിയാണ് കേരളം ഒന്നാമതെത്തിയത്. തൊട്ടുപിന്നിലുള്ള തമിഴ്നാടിന്റെ സ്കോർ 0.897 ആണ്. കേരളത്തിന് മാത്രമാണ് താരതമ്യ സ്കോർ നിർണ്ണയ രീതിയിൽ 1-ന് മുകളിൽ സ്കോർ ലഭിച്ചിട്ടുള്ളത്. വികസന-ക്ഷേമ രംഗങ്ങളിൽ നടത്തിയ വൻ മുന്നേറ്റമാണ് മറ്റ് സംസ്ഥാനങ്ങളെ ബഹുദൂരം പിന്നിലാക്കി ഈ നേട്ടം തുടർച്ചയായി കൈവരിക്കാൻ കേരളത്തെ പ്രാപ്തമാക്കിയത്. വിവിധ സംസ്ഥാനങ്ങളുടെ ഇൻഡക്സ് സ്കോർ താഴെപ്പറയും പ്രകാരമാണ്.

| റാങ്ക് | വലിയ സംസ്ഥാനങ്ങൾ | PAI 2021 ഇൻഡക്സ് സ്കോർ |
|---|---|---|
| 1 | കേരളം | 1.618 |
| 2 | തമിഴ്നാട് | 0.897 |
| 3 | തെലുങ്കാന | 0.891 |
| 4 | ഛത്തിസ്ഗഢ് | 0.872 |
| 5 | ഗുജറാത്ത് | 0.782 |
| 6 | പഞ്ചാബ് | 0.643 |
| 7 | കർണ്ണാടക | 0.121 |

| | | |
|---|---|---|
| 8 | ആന്ധ്രാപ്രദേശ് | 0.077 |
| 9 | ജാർഖണ്ഡ് | -0.071 |
| 10 | മധ്യപ്രദേശ് | -0.113 |
| 11 | രാജസ്ഥാൻ | -0.243 |
| 12 | മഹാരാഷ്ട്ര | -0.36 |
| 13 | ഹരിയാന | -0.431 |
| 14 | ആസ്സാം | -0.459 |
| 15 | പശ്ചിമബംഗാൾ | -0.553 |
| 16 | ഒറീസ്സ | -0.91 |
| 17 | ബീഹാർ | -1.343 |
| 18 | ഉത്തർപ്രദേശ് | -1.418 |

(ബി) നീതി ആയോഗിന്റെ 2020-21 സുസ്ഥിര വികസന ലക്ഷ്യസൂചികയിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവച്ച സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം തുടർച്ചയായി ഒന്നാം സ്ഥാനത്താണ്. പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനവും കേരളമാണ്. നീതി ആയോഗിന്റെ ദേശീയ ആരോഗ്യ സൂചികയിലും 2020-21 വർഷം കേരളം ഒന്നാമതെത്തി. ഐക്യരാഷ്ട്ര സഭയും നീതി ആയോഗും ചേർന്ന് തയ്യാറാക്കിയ സുസ്ഥിര വികസന സൂചികയിൽ 2018-ൽ കേരളത്തിനായിരുന്നു രാജ്യത്ത് ഒന്നാം സ്ഥാനം. 2019-ൽ സെന്റർ ഫോർ മീഡിയ സ്റ്റഡീസും ട്രാൻസ്പാരൻസി

ഇന്റർനാഷണൽ ഇന്ത്യയും ലോക്കൽ സർക്കിൾസും ചേർന്ന് നടത്തിയ ഇന്ത്യാ കറപ്ഷൻ സർവ്വേയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമാണ് കേരളം. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് പ്രകാരം വർഗ്ഗീയ കലാപങ്ങളില്ലാത്ത നാടായി കേരളം മാറി. കേന്ദ്ര വിദ്യാഭ്യാസ വികസന സൂചികയിലും കേരളം ഒന്നാമതാണ്. 2020-ൽ പൊതുവിദ്യാഭ്യാസ മേഖലയിൽ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി മാറാൻ നമുക്ക് കഴിഞ്ഞു. കേരളത്തിന് സമീപ കാലയളവിൽ ലഭിച്ചിട്ടുള്ള പ്രധാന പുരസ്കാരങ്ങളുടെയും മികവിന്റെയും വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമ നമ്പർ | പുരസ്കാരങ്ങൾ |
|---|---|
| 1 | വയോജന പരിപാലനത്തിലെ രാജ്യത്തെ മികച്ച മാതൃകയ്ക്ക് കേന്ദ്ര സർക്കാരിന്റെ വയോ ശ്രേഷ്ഠ പുരസ്കാരം |
| 2 | രാജ്യത്തെ ഏറ്റവും മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവിന് ഇന്ത്യാടുഡേയുടെ ഹെൽത്ത് ഗിരി അവാർഡ് |
| 3 | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം |
| 4 | രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള അവാർഡ് |
| 5 | ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി-ജൻ ആരോഗ്യ യോജന, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവാർഡ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന് |

| | |
|---|---|
| 6 | ഇന്ത്യയിലെ പ്രമുഖ റേറ്റിംഗ് കമ്പനിയായ 'ക്രിസിലി'ന്റെ പട്ടികയിൽ തിരുവനന്തപുരം ടെക്നോപാർക്കിന് ഉയർന്ന സ്ഥാനം |
| 7 | ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട് സംരംഭങ്ങൾക്ക് 'Governance Now'-ന്റെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം |
| 8 | ഏറ്റവും കുറഞ്ഞ മാതൃമരണ നിരക്ക് കേരളത്തിൽ, പ്രധാനമന്ത്രി സുരക്ഷാ മാതൃത്വ അഭിയാൻ അവാർഡ് (2018) |
| 9 | 2016, 2017, 2018 വർഷങ്ങളിൽ മികച്ച ഭരണം കാഴ്ചവച്ച ഇന്ത്യൻ സംസ്ഥാനം |
| 10 | സ്കൂൾ എഡ്യൂക്കേഷൻ കേന്ദ്ര വിദ്യാഭ്യാസ വികസന സൂചികയിൽ കേരളം ഒന്നാമത് |
| 11 | പെൺകുട്ടികൾക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിൽ ദേശീയ തലത്തിൽ ഒന്നാമത് |
| 12 | രാജ്യത്തെ മികച്ച 12 ഗ്രാമപഞ്ചായത്തുകളിൽ ആലപ്പുഴ ജില്ലയിലെ ബുധനൂർ പഞ്ചായത്തും |
| 13 | മികച്ച പ്രവർത്തനങ്ങൾക്ക് ദേശീയ പട്ടികജാതി വികസന കോർപ്പറേഷൻ ഏർപ്പെടുത്തിയ പുരസ്കാരം സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് |
| 14 | കുടുംബശ്രീ- അന്താരാഷ്ട്ര വ്യാപാരമേളയിൽ മികച്ച വാണിജ്യശാലയ്ക്കുള്ള (Commercial Stall) പുരസ്കാരം. കേന്ദ്ര ഭവന മന്ത്രാലയത്തിന്റെ (NULM) കീഴിൽ മികച്ച പ്രകടനം കാഴ്ചവച്ചതിന് ദേശീയ പുരസ്കാരം (2019) |

(സി) പ്രകൃതി ദുരന്തങ്ങളും മഹാമാരിയും ഉൾപ്പെടെയുള്ള പ്രതിസന്ധികൾക്കിടയിലും നീതി ആയോഗിന്റെ വിലയിരുത്തൽ പ്രകാരമുള്ള സുസ്ഥിര വികസന ലക്ഷ്യം തുടർച്ചയായി മൂന്നാം തവണയും

കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞു. ആരോഗ്യ സൂചികയിലും കേരളം മുന്നിലാണ്. നാഷണൽ മൾട്ടി ഡൈമൻഷണൽ പോവർട്ടി സംബന്ധിച്ച നീതി ആയോഗ് ബേസ്‌ലൈൻ റിപ്പോർട്ടിൽ രാജ്യത്തെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണ്. അതിദരിദ്രർക്കുള്ള ക്ഷേമപ്രവർത്തനങ്ങളിലൂടെയാണ് കേരളം ഈ നേട്ടം കൈവരിച്ചത്. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിക്കിടയിലും സാമൂഹ്യസുരക്ഷാ പെൻഷനുകൾ, ക്ഷേമബോർഡ് പെൻഷനുകൾ, ദുർബല ജനവിഭാഗങ്ങൾക്കുള്ള ധനസഹായം എന്നിവയുടെ വിതരണവും സൗജന്യ ഭക്ഷ്യകിറ്റുകൾ നൽകിയതും മഹാമാരിയുടെ ദുരിതത്തിനിടയിൽ ജനങ്ങൾക്ക് ആശ്വാസം പകർന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021 ജൂൺ-സെപ്റ്റംബർ കാലയളവിൽ ആദ്യത്തെ 100 ദിന പരിപാടി പൂർത്തിയാക്കി. രണ്ടാമത്തേത് നടന്നുകൊണ്ടിരിക്കുകയാണ്. 17,183 കോടി രൂപ പ്രതീക്ഷിത മുതൽമുടക്കോടെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കാൻ ലക്ഷ്യമിടുന്നതാണ് 100 ദിന പരിപാടി. പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങളും വ്യക്തിഗത തൊഴിൽദിനങ്ങളും

സൃഷ്ടിക്കുന്നതിന് 100 ദിനപരിപാടിയിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി റോഡുകൾ, പാലങ്ങൾ, ഐ.ടി., വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങി വിവിധ മേഖലകളിലേയ്ക്കുള്ള 50,000 കോടി രൂപയുടെ മൂലധന നിക്ഷേപമാണ് കിഫ്ബി വഴി 2016-ൽ സർക്കാർ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇതിനോടകം 70,762 കോടി രൂപയുടെ 962 വൻകിട പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. വ്യവസായ സൗഹൃദ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിന് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് കൊണ്ടുവരുന്നതിനായി നിയമനിർമ്മാണവും നടപടിക്രമങ്ങളിൽ ആവശ്യമായ പരിഷ്കാരങ്ങളും വരുത്തിയിട്ടുണ്ട്. വൻതോതിലുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി കൊച്ചി-പാലക്കാട് വ്യാവസായിക ഇടനാഴി വികസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ചേർത്തലയിലെ മെഗാ ഭക്ഷ്യസംസ്കരണ പാർക്കിന്റെയും കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കേരള റബ്ബർ ലിമിറ്റഡ് എന്നിവയുടെയും പ്രവർത്തനം 2022-ൽ ആരംഭിക്കാനാകും.

തീരദേശവ്യാപാരം മെച്ചപ്പെടുത്തുന്നതിനായി കൊച്ചിയിൽനിന്നും ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലേയ്ക്ക് ഗ്രീൻ ഫ്ലൈറ്റ് കോറിഡോർ-II സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ ഐ.ടി. പാർക്കുകളിൽ 7.68 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള അധിക സ്ഥലത്തിന്റെ നിർമ്മാണം ഇക്കൊല്ലം യാഥാർത്ഥ്യമാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരം ടെക്നോസിറ്റിയിൽ എയ്റോസ്പേസ് ഹബ്ബ് പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണവും ഇക്കൊല്ലം ആരംഭിക്കും. കെ-ഫോൺ പദ്ധതിയുടെ ഒന്നാം ഘട്ടവും പ്രവർത്തനത്തിന് സജ്ജമായിട്ടുണ്ട്.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ പോലീസ് സേനകളുമായി താരതമ്യപ്പെടുത്തുമ്പോൾ ക്രമസമാധാന പാലനം, കുറ്റാന്വേഷണം, കമ്മ്യൂണിറ്റി പോലീസിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ ഏറ്റവും മികച്ച പ്രവർത്തനമാണ് കേരള പോലീസ് സേന കാഴ്ചവയ്ക്കുന്നത്. മറ്റ് പോലീസ് സേനകൾക്ക് മാതൃകയായ പല പദ്ധതികളും സംസ്ഥാന പോലീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പോലുള്ള പദ്ധതികൾ അതിന് ഉദാഹരണമാണ്. കേരള പോലീസിന് പ്രത്യേകമായ എന്തെങ്കിലും പുരസ്കാരം ഈ സർക്കാരിന്റെ കാലയളവിൽ ലഭിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പോലീസ് മേഖലയിൽ ദേശീയ തലത്തിൽ അംഗീകാരം നേടാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ അതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇപ്പോൾ കൈവശമില്ല.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പോലീസിന് ലഭിച്ച അംഗീകാരങ്ങൾ വിശദീകരിക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കണ്ണൂർ സിറ്റിയിലെ ചക്കരക്കല്ല് പോലീസ് സ്റ്റേഷൻ, ഇടുക്കി ജില്ലയിലെ മുട്ടം പോലീസ് സ്റ്റേഷൻ എന്നിവയ്ക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷന് അർഹതയുണ്ടായി. തുടർച്ചയായി അഞ്ചാം വർഷവും സൈബർ ഡോമിന് ISO 27001 സർട്ടിഫിക്കറ്റ് ലഭിച്ചു. കേരള സംസ്ഥാന ജൈവവൈവിദ്ധ്യ സംരക്ഷണ പുരസ്കാരം നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷന് ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ സൈബർ വിഭാഗത്തെ ഇലക്ട്രോണിക് തെളിവുകൾ പരിശോധിക്കുന്ന അംഗീകൃത സ്ഥാപനമായി കേന്ദ്ര ഇലക്ട്രോണിക് ആൻഡ് ഐ.ടി. മന്ത്രാലയം വിജ്ഞാപനം ചെയ്തു. ഇലക്ട്രോണിക് പരിശോധന നടത്തി കോടതിയിൽ റിപ്പോർട്ട് നൽകുന്നതിന് ഐ.ടി. നിയമത്തിലെ 79ഠ(എ) വകുപ്പുപ്രകാരം കേന്ദ്ര സർക്കാരിന്റെ അംഗീകാരം ആവശ്യമാണ്. ഇ-ഗവേണൻസ് രംഗത്തെ

നൂതന ആശയങ്ങൾക്കും സംരംഭങ്ങൾക്കുമായി കേരള പോലീസിന്റെ സോഷ്യൽ മീഡിയ വിഭാഗത്തിന് ദേശീയ ഇ-ഗവേണൻസ് അവാർഡ് ലഭിക്കുകയുണ്ടായി. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് പോലീസിന് ധാരാളം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. എലൈറ്റ്സ് ഡിജിറ്റൽ ഇന്ത്യ നോളഡ്ജ് എക്സ്ചേഞ്ച് സമ്മിറ്റ് അവാർഡ്, 2016-ൽ ഏറ്റവും മികച്ച പ്രോജക്ടുകളുടെ പട്ടികയിൽ കേരള പോലീസിന്റെ സൈബർ ഡോം പദ്ധതി തെരഞ്ഞെടുക്കപ്പെട്ടു. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് പ്രകാരം വർഗ്ഗീയ കലാപങ്ങളില്ലാത്ത നാടായി സംസ്ഥാനം അംഗീകരിക്കപ്പെട്ടു. 2017-ൽ സൈബർ കുറ്റാന്വേഷണത്തിന് NASSCOM (The National Association of Software and Service Companies) ഡാറ്റാ സെക്യൂരിറ്റി കൗൺസിൽ അവാർഡ് ലഭിച്ചു. ഫൗണ്ടേഷൻ ഫോർ റിസർച്ച് പ്രസിദ്ധീകരിക്കുന്ന കോപ്സ് ടുഡേ (COPS Today) എന്ന ഇന്റർനാഷണൽ ജേർണൽ ഏർപ്പെടുത്തിയ 2017-ലെ പോലീസ് എക്സലൻസ് അവാർഡിന് കേരള പോലീസ് നടപ്പാക്കുന്ന ജനമൈത്രി പോലീസ് പദ്ധതി തെരഞ്ഞെടുക്കപ്പെട്ടു. പാസ്പോർട്ട് അപേക്ഷകളിലെ പോലീസ് പരിശോധന മികവിന് 2019-ൽ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിൽനിന്നും കേരള പോലീസിന് അംഗീകാരം ലഭിച്ചു.

കൊല്ലം ജില്ലാ പോലീസ് ഓഫീസിനെ ഐ.എസ്.ഒ. സർട്ടിഫിക്കേഷനുള്ള രണ്ടാമത്തെ ജില്ലാ പോലീസായി തെരഞ്ഞെടുത്തു. 2018-ലെ പ്രളയകാലത്ത് കേരള പോലീസ് നടപ്പാക്കിയ സുരക്ഷാ ദുരിതാശ്വാസ പ്രവർത്തനമായ 'ജലരക്ഷ'-യ്ക്ക് സ്കോച്ച് ഗോൾഡ് അവാർഡ് കരസ്ഥമാക്കാൻ സാധിച്ചു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയും പിങ്ക് പട്രോൾ പദ്ധതിയും സ്കോച്ച് ഓർഡർ-ഓഫ്-മെരിറ്റ് ബഹുമതി സ്വന്തമാക്കി. കോവിഡ് കാലത്തെ പ്രവർത്തനമികവിനും കേരള പോലീസിന് സ്കോച്ച് പുരസ്കാരം ലഭിച്ചു. മികച്ച സൈബർ സുരക്ഷയ്ക്കുള്ള 2018-ലെ ഫിക്കി സ്മാർട്ട് പോലീസിംഗ് അവാർഡ് (FICCI Smart Policing Award), ഐ.എസ്.എൽ.എ. (Information Security Leadership Award), K7 Security's Medal of Honour Award 2018, സിസോ മാഗ് (CISO MAG) 2019-ലെ മികച്ച ഡിജിറ്റൽ ഇനിഷ്യേറ്റീവ് അവാർഡ്, ബിസിനസ് വേൾഡ് ഡിജിറ്റൽ ഇൻഡ്യ അവാർഡ്, 2019 എന്നിവയെല്ലാം സൈബർ ഡോമിന് ലഭിച്ച അവാർഡുകളാണ്. 2018-ൽ ദുബായിൽ നടന്ന ലോക ഉച്ചകോടിയിൽ യു.എൻ., യു.എസ്.എ. എന്നിവയുടെ ആപ്പുകളേക്കാൾ മികച്ച ഗെയിമിഫിക്കേഷൻ സേവനമായി കേരള പോലീസ് രൂപകല്പന ചെയ്ത ട്രാഫിക് സിമുലേറ്റർ ഗെയിമായ 'ട്രാഫിക് ഗുരു' തെരഞ്ഞെടുക്കപ്പെട്ടു.

ബാങ്കിംഗ് ഫ്രോഡുകൾ കണ്ടെത്താനുള്ള പദ്ധതിക്ക് 2019-ൽ ബിസിനസ് വേൾഡ് ഡിജിറ്റൽ അവാർഡും കേരള പോലീസ് നടപ്പാക്കുന്ന സോഫ്റ്റ് (SOFT-Save Our Fellow Traveller) പദ്ധതിക്ക് 2017-ൽ കേന്ദ്ര നഗരകാര്യമന്ത്രാലയം ഏർപ്പെടുത്തിയ അവർഡും ലഭിക്കുകയുണ്ടായി. ഇത്തരത്തിൽ നിരവധി അവർഡുകളാണ് കേരള പോലീസിന് ലഭിച്ചിട്ടുള്ളത്.

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളം ലോകത്തിനുതന്നെ മാതൃകയാവുകയാണ്. നിരവധി അവാർഡുകൾ ലഭിച്ചതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചു. ഇത്രയേറെ അവർഡുകൾ വാങ്ങിയ സംസ്ഥാനമെന്ന നിലയിൽ കുശുമ്പ് കൊണ്ടായിരിക്കാം കേരളത്തെക്കുറിച്ച് ഉത്തർപ്രദേശ് മുഖ്യമന്ത്രി ശ്രീ. യോഗി ആദിത്യനാഥ് ആക്ഷേപം ഉന്നയിച്ചത്. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനോടുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രതികരണമെന്താണ്?

ശ്രീ. പിണറായി വിജയൻ: സർ, രണ്ട് സംസ്ഥാനങ്ങൾ തമ്മിൽ താരതമ്യം ചെയ്തുകൊണ്ട് ഒരു മുഖ്യമന്ത്രി സംസാരിക്കുന്നത് ശരിയല്ലെന്ന ധാരണയുള്ളതുകൊണ്ട് അതിനെക്കുറിച്ച് പറയുന്നില്ല. ശ്രീ. അഖിലേഷ് യാദവിനെപ്പോലെ ഉത്തർപ്രദേശിലുള്ള പ്രധാന രാഷ്ട്രീയ പാർട്ടികളുടെ

നേതാക്കൾപോലും ഉത്തർപ്രദേശും കേരളവും തമ്മിൽ താരതമ്യപ്പെടുത്താൻ കഴിയുന്നതല്ലെന്ന് കേരളത്തിന്റെ മികവ് അംഗീകരിച്ചുകൊണ്ട് സംസാരിച്ചിട്ടുണ്ട്. നീതി ആയോഗിന്റെ അംഗീകാരം സംസ്ഥാനത്തിന് ലഭിച്ചതിനെക്കുറിച്ചും എടുത്തുപറയുകയുണ്ടായി. ഇപ്രകാരം ഒരുപാട് തലങ്ങളിൽ കേരളം ഉയർന്നുനിൽക്കുകയാണ്, അത് സമാനകളില്ലാത്തതാണ്. അതിനെ രാഷ്ട്രീയമായി പറഞ്ഞത് ശരിയല്ലാത്ത വർത്തമാനമായി മാത്രമെ കാണാൻ കഴിയുകയുള്ളൂ.

ശ്രീമതി യു. പ്രതിഭ: സർ, കോവിഡ് മഹാമാരിയുടെ പ്രതിസന്ധിയിൽപ്പോലും ജനങ്ങളെ ചേർത്തുപിടിച്ച് ഭരണമികവിന്റെയും ക്ഷേമപ്രവർത്തനത്തിന്റെയും കാര്യത്തിൽ ലോകത്തിന് മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞു. അതുകൊണ്ടുതന്നെ ഭരണമികവിനുള്ള നിരവധി പുരസ്കാരങ്ങൾ നേടിയെടുക്കുന്നതോടൊപ്പം ഡിജിറ്റൽ ഓൺലൈൻ വിദ്യാഭ്യാസ സാദ്ധ്യതകൾ ശക്തിപ്പെടുത്താനും സർക്കാരിന് സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ലഭിച്ച അംഗീകാരങ്ങളെക്കുറിച്ച് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, വിദ്യാഭ്യാസ രംഗത്ത് കേരളം നേടിയ നേട്ടം ദേശീയതലത്തിൽ എല്ലാവരും അംഗീകരിക്കുന്നതാണ്. അതിൽ

ഏറ്റവും പ്രധാനപ്പെട്ടത് ഗ്രാമീണ മേഖലയിൽ പഠന സൗകര്യമൊരുക്കുന്നതിന് നാം സ്വീകരിച്ച നടപടികളാണ്. ആനുവൽ സ്റ്റാറ്റസ് ഓഫ് എഡ്യൂക്കേഷൻ റിപ്പോർട്ട് പ്രകാരവും സ്കൂളുകളിലെ ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും കേരളം മുന്നിലാണ്. ഇത് ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതും അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെട്ടതുമാണ്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, 2016 മുതൽ നടപ്പിലാക്കിയ ജനക്ഷേമ പദ്ധതികളുടെയും വ്യവസായ വകുപ്പിലും അനുബന്ധ മേഖലകളിലും നടത്തിയ ശക്തമായ മുന്നേറ്റങ്ങളുടെയും ഫലമായി കേരളം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മികച്ച നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ മുന്നേറ്റങ്ങളെക്കുറിച്ചും ലഭിച്ച അംഗീകാരങ്ങളെക്കുറിച്ചും വിശദീകരിക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വ്യവസായ രംഗത്ത് വലിയ തോതിലുള്ള അഭിവൃദ്ധിയാണ് നേടാൻ കഴിഞ്ഞിട്ടുള്ളത്. കേന്ദ്ര മന്ത്രാലയത്തിനുകീഴിലുള്ള വ്യവസായ ആഭ്യന്തര വ്യാപാര പ്രോത്സാഹന വകുപ്പിന്റെ വിലയിരുത്തലിൽ കിൻഫ്രയുടെ കീഴിലുള്ള 5 പാർക്കുകൾക്ക് ദേശീയ അംഗീകാരം ലഭിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ ഗുഡ്

ഗവേണൻസ് ഇൻഡക്സ് പുറത്തിറക്കിയപ്പോൾ കേരളത്തിന്റെ മറ്റ് മികവുകളോടൊപ്പം വ്യവസായ മേഖലയുടെ കുതിപ്പും രേഖപ്പെടുത്തിയിട്ടുണ്ട്. വ്യവസായം, വാണിജ്യം, സാമൂഹ്യക്ഷേമ വികസനം എന്നീ മേഖലകളിൽ മുന്നേറ്റം നടത്തിയതായി പ്രസ്തുത റിപ്പോർട്ടിൽ പറയുന്നുണ്ട്. വ്യവസായ വളർച്ചയുടെ സൂചകമായ CAGR (Compound Annual Growth Rate) ഒന്നിൽനിന്നും 7.91 ശതമാനമായത് വലിയ നേട്ടമാണ്. പ്രസ്തുത പട്ടിക തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ പത്ത് മേഖലകളിൽ വ്യവസായവും വാണിജ്യവും മേഖല പ്രധാനപ്പെട്ടതാണ്. നേരത്തേയുള്ളതിനേക്കാൾ നില മെച്ചപ്പെടുത്തിയ മൂന്ന് സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ വിലയിരുത്തിയിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് വർദ്ധിച്ച മൂലധനച്ചെലവ് ആവശ്യമാണ്. കാലാകാലങ്ങളായി സംസ്ഥാനം ഭരിക്കുന്ന ഗവൺമെന്റുകൾ മൂലധനച്ചെലവിനും അടിസ്ഥാന സൗകര്യവികസനത്തിനും വലിയ ഊന്നൽ നൽകിയാണ് മുന്നോട്ടുപോകുന്നത്. 2016-2021 കാലയളവിൽ സംസ്ഥാനത്തിന്റെ മൊത്തം ചെലവിന്റെ എത്ര ശതമാനം മൂലധനച്ചെലവിനായി വകയിരുത്തിയിട്ടുണ്ട്, അതിൽ എത്ര ശതമാനം

ചെലവഴിച്ചിട്ടുണ്ട് എന്നിവ വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, മൂലധനച്ചെലവിൽ യാതൊരു തരത്തിലുമുള്ള അപര്യാപ്തതയും ഉണ്ടാകാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അതിന്റെ കൃത്യമായ കണക്ക് കൈവശമില്ല, അത് പിന്നീട് ലഭ്യമാക്കാം.

ശ്രീ. പി. എസ്. സുപാൽ: സർ, വികസനരംഗത്ത് വളരെയധികം മുന്നോട്ടുപോയ സംസ്ഥാനത്തിന് നിരവധി അംഗീകാരങ്ങളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. ഇന്ത്യയ്ക്ക് മാതൃകയായ സംസ്ഥാനം എന്നുമാത്രമല്ല, ലോകത്തുതന്നെ വികസനരംഗത്ത് വലിയ മുന്നേറ്റം നേടിയ സംസ്ഥാനമാണ് കേരളം. കേന്ദ്ര അവഗണന തുടർന്നുവരുന്ന സാഹചര്യത്തിൽത്തന്നെയാണ് ഈ മുന്നേറ്റമുണ്ടായതെന്ന് പ്രത്യേകം ഓർക്കേണ്ടതുണ്ട്. കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിനുള്ള വിഹിതവും വിവിധ പദ്ധതികൾക്കുള്ള വിഹിതവും വെട്ടിക്കുറച്ചിരിക്കുന്നുവെന്ന് മാത്രമല്ല, സംസ്ഥാനത്തിന്റെ റെയിൽവേ വികസനം തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും എയിംസ് പോലുള്ള സ്ഥാപനങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുകയാണ്. ഇത്തരം കേന്ദ്ര സർക്കാർ നിലപാടുകൾ കേരളത്തിന്റെ വികസനത്തിന് എതിരല്ലേ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം കാര്യങ്ങൾ സംബന്ധിച്ച്

സംസ്ഥാനം വലിയതോതിൽ ഏകീകൃതമായ സമീപനം സ്വീകരിക്കേണ്ടതാണ്. കേരളത്തിന് അർഹതപ്പെട്ട പലതും നിഷേധിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളം നേടിയ വികസനം ചില മേഖലകളിൽ നമുക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങളനുസരിച്ച് കാര്യങ്ങൾ തീരുമാനിക്കുമ്പോൾ പ്രത്യേക രംഗങ്ങളിൽ സംസ്ഥാനം നേടിയ വികസനങ്ങൾ കാരണം നമുക്ക് അർഹതപ്പെട്ട കേന്ദ്ര വിഹിതം ലഭിക്കുന്നതിന് തടസ്സമാകുകയാണ്. കേരളത്തിന്റെ ആരോഗ്യരംഗത്തെക്കുറിച്ച് എല്ലാവരും എടുത്തുപറയുന്നതാണ്. കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ നാം എത്രകണ്ട് മെച്ചപ്പെട്ട സേവനം നൽകിയെന്നത് ലോകശ്രദ്ധയാർജ്ജിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് എയിംസ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് നിരവധി നിവേദനങ്ങൾ നൽകുകയും പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് അഭ്യർത്ഥന നടത്തുകയും ചെയ്തെങ്കിലും കേരളത്തിന് എയിംസ് കിട്ടാക്കനിയായി മാറുന്ന അവസ്ഥയാണുണ്ടായിട്ടുള്ളത്. ഇത്തരം കാര്യങ്ങളിൽ ഏകീകൃതമായ രീതിയിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉയർത്തേണ്ടതിനാണ് നാം ശ്രദ്ധിക്കേണ്ടത്.

ശ്രീ. നജീബ് കാന്തപുരം: സർ, ബഹുമാന്യനായ മുഖ്യമന്ത്രി കേരളത്തിന്റെ അഭിമാനകരമായ നേട്ടങ്ങളെക്കുറിച്ച് പറഞ്ഞത് വളരെ സന്തോഷത്തോടുകൂടിയാണ് കേട്ടത്. പക്ഷെ നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം രാജ്യത്തെ പൊളിറ്റിക്കൽ ക്രൈം ക്യാപ്പിറ്റലായി കണ്ണൂർ അറിയപ്പെടുന്നുവെന്ന പരാമർശം മാധ്യമങ്ങളിൽ വരുന്നുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ആ വാർത്ത ശരിയല്ലെങ്കിൽ അതിന്റെ വിശദീകരണം നൽകാമോ?

ശ്രീ. പിണറായി വിജയൻ: സർ, എന്റെ ശ്രദ്ധയിൽപ്പെട്ട കാര്യം, സംസ്ഥാനം ക്രമസമാധാന രംഗത്ത് ഏറ്റവും മികവുറ്റ നാടാണെന്ന് രാജ്യം അംഗീകരിച്ചതാണ്; അക്കാര്യത്തിൽ സംശയത്തിനിടയില്ലെന്നതാണ് വസ്തുത. ഇന്നലെ അവിടെ നടന്ന സംഭവത്തെക്കുറിച്ചായിരിക്കും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. അത് നാടിന് വലിയ ഞെട്ടൽ ഉളവാക്കിയ സംഭവമാണ്. ഒരു മത്സ്യത്തൊഴിലാളി കടലിൽപോയി തിരിച്ച് വീട്ടിലേയ്ക്ക് പോകവേ ആക്രമിക്കപ്പെടുകയും കൊല ചെയ്യപ്പെടുകയുമാണുണ്ടായത്. മാത്രമല്ല, അതിപൈശാചികമായി കാല് വെട്ടിമാറ്റി ദൂരെയിടുകയും ചെയ്തു. അത്തരത്തിലുള്ള ക്രൂര സംഭവമായിരിക്കാം

ബഹുമാനപ്പെട്ട അംഗത്തെ ഈ ചോദ്യം ചോദിക്കാൻ പ്രേരിപ്പിച്ചത്. അതിന്റെയർത്ഥം കണ്ണൂരാകെ കലാപബാധിതമായി എന്നല്ല, കലാപഭൂമിയാക്കുന്നതിനുള്ള ചിലരുടെ ശ്രമങ്ങളെ തടയാൻ കഴിയുന്നുവെന്നുള്ളതാണ് കാണേണ്ടത്. ഇതിന്റെ ഭാഗമായി എല്ലാ കുറ്റവാളികളേയും കൃത്യമായ രീതിയിൽ കണ്ടെത്താനുള്ള അതീവ ഗൗരവത്തോടെയുള്ള അന്വേഷണവും നടപടിയും നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് സംസ്ഥാനത്തിന്റെ നേട്ടങ്ങളെക്കുറിച്ചും ഭരണമികവിന് ലഭിച്ച അവാർഡുകളെക്കുറിച്ചും പറഞ്ഞു. കാലാകാലങ്ങളിൽ ഭരണമികവിന് കേരള ഗവൺമെന്റിന് ഈ രീതിയിൽ അവാർഡുകൾ ലഭിച്ചിട്ടുമുണ്ട്. ഭരണമികവിനെക്കുറിച്ച് പറയുന്ന ഈ കാലഘട്ടത്തിലാണ് ഡി.ജി.പി. ആയി റിട്ടയർ ചെയ്ത ശ്രീമതി ശ്രീലേഖയുടെ പ്രസ്താവന വന്നത്. അവർ വനിതയായതുകൊണ്ട് അപമാനം സഹിച്ചാണ് കേരള പോലീസിൽ സേവനമനുഷ്ഠിച്ചതെന്ന ദുഃഖകരമായ വെളിപ്പെടുത്തലാണ് വന്നിരിക്കുന്നത്. ഇന്നലെ കോട്ടയം പള്ളിക്കത്തോട് പോലീസ് സ്റ്റേഷനിലെ ഒരു അഡീഷണൽ എസ്.ഐ. അവിടത്തെ വനിതാപോലീസ് കോൺസ്റ്റബിളിനെ കയ്യേറ്റം ചെയ്യുകയും മർദ്ദിക്കുകയും

ചെയ്തുവെന്നാണ് മാധ്യമങ്ങളിൽ വാർത്ത വന്നിരിക്കുന്നത്. ആ സംഭവത്തിൽ ജില്ലാ പോലീസ് സൂപ്രണ്ട് ഒത്തുതീർപ്പുശ്രമം നടത്തിയെന്നും അറിയാൻ സാധിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുപുറത്തുള്ള നിയമസമാധാനത്തെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. പോലീസ് സ്റ്റേഷനകത്തുപോലും മനസമാധാനമില്ലാത്ത ഈ കാലഘട്ടത്തെക്കുറിച്ച് ദയവായി അങ്ങ് പരിശോധിക്കുമോ, അവാർഡുകൾ ലഭിച്ചതിന്റെ വലിയ ബഹളത്തിൽ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഇത്തരം സംഭവങ്ങൾ കണ്ടില്ലെന്ന് നടിക്കാതെ ഇവയെല്ലാം തെളിവുകളോടെ കണ്ടെത്തുന്നതിനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന മാന്യവ്യക്തിയാണ്. അദ്ദേഹം പരാമർശിച്ച ശ്രീമതി ശ്രീലേഖ ഐ.പി.എസ്. അന്നും പോലീസിൽ സേവനമനുഷ്ഠിക്കുകയായിരുന്നു. ഏത് ഘട്ടത്തിലാണ് ഇത്തരമൊരു ദുരനുഭവമുണ്ടായതെന്ന് അവർ വെളിപ്പെടുത്തിയിട്ടില്ല. എന്റെ അനുഭവത്തിൽ ഒരു തരത്തിലുള്ള അതൃപ്തിയും അവർ എന്നോട് സൂചിപ്പിച്ചിട്ടില്ലെന്ന് മാത്രമല്ല, ഏതെങ്കിലും തരത്തിലുള്ള തെറ്റായ നടപടി പോലീസിൽ ഉണ്ടാകുന്നുണ്ടെന്ന് ഒരുഘട്ടത്തിലും അവർ

പറഞ്ഞിട്ടുമില്ല. ഏതെങ്കിലും തരത്തിലുള്ള തെറ്റായ സമീപനം സർക്കാരുകളുടെ ഭാഗത്തുനിന്നുണ്ടായെന്ന് അവർ പരാമർശിച്ചതായി കാണുന്നില്ല. അതിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെയും അതിനുശേഷം വകുപ്പുമന്ത്രിയായിരുന്നവരെയും ഇപ്പോൾ വകുപ്പ് കൈകാര്യം ചെയ്യുന്നവരെയും പരാമർശിച്ചിട്ടില്ല. എന്താണുണ്ടായതെന്ന് അവർ കൂടുതൽ വ്യക്തമാക്കിയാൽ മാത്രമെ അക്കാര്യത്തിൽ നിലപാടെടുക്കാൻ സാധിക്കുകയുള്ളൂ. പോലീസ് സ്റ്റേഷനുകളിൽ ഏതെങ്കിലും തരത്തിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ നിലനിൽക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം നല്ല ഭാവനയുള്ള ആളായതുകൊണ്ട് ഇങ്ങനെയെല്ലാം സംഭവിക്കാൻ പോകുകയാണോയെന്ന് ശങ്കിക്കുകയാണ്. ഇക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ടെന്ന് മാത്രമല്ല, ഭദ്രമായ നിലയിൽ കേരള പോലീസ് എല്ലാ രീതിയിലും നീതി നടപ്പാക്കുമെന്ന് അദ്ദേഹത്തിന് ഉറപ്പുനൽകുകയാണ്.

ശ്രീ. എം. എം. മണി: സർ, ഈ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, മത്സ്യബന്ധന മേഖലയിലെ ഏറ്റവും മികച്ച അർദ്ധ സർക്കാർ സ്ഥാപനമായി മത്സ്യഫെഡിനെ നാഷണൽ

ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് 2021-ൽ തെരഞ്ഞെടുത്തിട്ടുണ്ട്.

## സിൽവർ ലൈൻ പദ്ധതി

2 (*2) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി. എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതിയിൽ എത്ര ശതമാനം നീളത്തിൽ എംബാങ്ക്മെന്റുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അവയുടെ ഉയരവും വീതിയും എത്രയായിരിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത എംബാങ്ക്മെന്റുകളുടെ നിർമ്മാണത്തിനായി എത്ര ടൺ പ്രകൃതിവിഭവങ്ങൾ വേണമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ കല്ലും മണലും പാറയും എവിടെനിന്ന് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത എംബാങ്ക്മെന്റുകൾ പ്രകൃതി ദുരന്തങ്ങൾക്ക് ആക്കം കൂട്ടുമോയെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) റെയിൽവേ പദ്ധതികളിൽ ട്രാക്കുകൾ ഒരേനിരയിൽ നിലനിർത്തുക എന്ന

ലക്ഷ്യത്തോടെയാണ് എംബാങ്ക്മെന്റുകൾ സ്ഥാപിക്കുന്നത്. ട്രാക്കുകളിൽ വെള്ളം കയറുന്നത് ഒഴിവാക്കാനും എംബാങ്ക്മെന്റുകൾ സഹായകരമാകും. ഇത് കെ-റെയിലിനുവേണ്ടി മാത്രം പ്രത്യേകമായോ പുതുതായോ സ്വീകരിക്കുന്ന രീതിയല്ല, മറിച്ച് ഇത് റെയിൽവേ രാജ്യത്തുടനീളം ചെയ്യുന്ന പ്രവൃത്തിയാണ്. നിലവിൽ കേരളത്തിലെ റെയിൽവേ പാതകൾക്ക് 17 മീറ്റർ വരെ ഉയരത്തിലുള്ള എംബാങ്ക്മെന്റുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. നിർദ്ദിഷ്ട സിൽവർ ലൈനിൽ 292.728 കി.മീ., അതായത് മൊത്തം നീളത്തിന്റെ 55 ശതമാനത്തോളമാണ് ഇവ സ്ഥാപിക്കുന്നത്. ഇവ 10 മുതൽ 20 മീറ്റർ വരെ വീതിയിലാണ് നിർമ്മിക്കുന്നത്. ഇവയിൽ ഭൂരിഭാഗത്തിനും 5 മീറ്ററിൽ താഴെ ഉയരം മാത്രമാണുള്ളത്. ഇതിൽ 5 മുതൽ 8 മീറ്റർ വരെ ഉയരത്തിലുള്ള 74 കി.മീ. എംബാങ്ക്മെന്റാണുണ്ടാകുന്നത്. എംബാങ്ക്മെന്റുകളുടെ നിർമ്മാണം സംസ്ഥാനത്തെ രണ്ടായി വിഭജിക്കുമെന്ന പ്രചരണം വസ്തുതാവിരുദ്ധവും അതിശയോക്തിപരവുമാണ്. സിൽവർ ലൈൻ പദ്ധതിയുടെ സവിശേഷത, ആവശ്യമായ ഇടങ്ങളിൽ അണ്ടർപാസ്സുകളും കൾവെർട്ടുകളും സ്ഥാപിച്ച് പ്രദേശവാസികൾക്ക് റെയിൽവേ ലൈൻ മുറിച്ചുകടക്കുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനും ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കുന്നുവെന്നതാണ്.

(ബി&സി) എംബാങ്ക്മെന്റുകളുടെ നിർമ്മാണത്തിന് ആവശ്യമായ

പ്രകൃതി വിഭവങ്ങൾ വിവിധ കേന്ദ്രങ്ങളിൽനിന്നും പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ സമാഹരിക്കാനാണുദ്ദേശിക്കുന്നത്. വിഴിഞ്ഞം തുറമുഖ പദ്ധതിയുൾപ്പെടെയുള്ള വൻകിട പദ്ധതികൾക്കും പ്രകൃതിവിഭവ സമാഹരണം ആവശ്യമായി വന്നിട്ടുണ്ട്. റോഡ് നിർമ്മാണത്തിനുശേഷം ആവശ്യമായി വരുന്ന വീതികൂട്ടൽ പോലുള്ള വികസനത്തിനും പരിപാലനത്തിനും ആവർത്തന ചെലവ് അനിവാര്യമാണ്. എന്നാൽ സിൽവർ ലൈൻ പോലുള്ള റെയിൽവേ പദ്ധതികൾക്ക് ഇത്തരത്തിൽ ആവർത്തന ചെലവ് ആവശ്യമായി വരാത്തതിനാൽ പ്രകൃതി വിഭവങ്ങളുടെ ഉപയോഗം താരതമ്യേന കുറവാണ്. ഇന്ത്യൻ ഗ്രീൻ ബിൽഡിംഗ് കൗൺസിലിന്റെ പ്ലാറ്റിനം റേറ്റിംഗ് നിലവാരത്തെ ആസ്പദമാക്കി ഹരിത പ്രോട്ടോക്കോൾ അവലംബിക്കുന്നതിനാൽ സാധാരണ ഇത്തരം നിർമ്മാണ പ്രക്രിയയ്ക്ക് വിനിയോഗിക്കാൻ വരുന്നത്ര പ്രകൃതി വിഭവങ്ങൾ സിൽവർ ലൈനിനായി ഉപയോഗിക്കേണ്ടി വരില്ലെന്നാണ് കണക്കാക്കുന്നത്. പ്രകൃതി വിഭവങ്ങൾ ഏറ്റവും കുറഞ്ഞ അളവിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ പഠനങ്ങൾ നടന്നുവരുന്നുണ്ട്. അവയുടെ കണ്ടെത്തലുകൾ വന്നശേഷം മാത്രമെ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ.

(ഡി) പരിസ്ഥിതിയെക്കൂടി കണക്കിലെടുത്തുകൊണ്ടുള്ള

നിർമ്മാണമാണ് സിൽവർ ലൈൻ പദ്ധതിക്കായി വിഭാവനം ചെയ്യുന്നത്. പ്രകൃതി ദുരന്തങ്ങൾ സൃഷ്ടിക്കാത്ത തരത്തിലുള്ള ക്രമീകരണങ്ങൾ ഒരുക്കുകയും ഇതിന്റെ ഭാഗമായി വെള്ളം ഒഴുകിപ്പോകുന്നതിനുള്ള കൾവെർട്ടുകൾ നിർമ്മിക്കുന്നതുമാണ്. വെള്ളപ്പൊക്കം സംബന്ധിച്ച കണക്കെടുത്തശേഷം അതിൽനിന്നും ഒരു മീറ്റർ ഉയരത്തിൽ എന്ന നിലയിലാണ് സിൽവർ ലൈൻ പദ്ധതിയുടെ ഘടന രൂപകൽപ്പന ചെയ്യാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, സംസ്ഥാനത്തിന്റെ മറ്റൊരു അഭിമാന പദ്ധതിയായ വിഴിഞ്ഞം തുറമുഖത്തെക്കുറിച്ച് അങ്ങ് സൂചിപ്പിച്ചു. പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ ലഭിക്കാത്തതിനാൽ അതിന്റെ നിർമ്മാണം അനന്തമായി വൈകിക്കൊണ്ടിരിക്കുകയാണെന്ന് റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. 3100 മീറ്റർ പുലിമുട്ട് നിർമ്മിക്കേണ്ട സ്ഥാനത്ത് 800 മീറ്റർ പുലിമുട്ട് മാത്രമെ നിർമ്മിക്കാൻ സാധിച്ചിട്ടുള്ളൂ. 75 ലക്ഷം ടൺ പാറ ആവശ്യമായ ടി പദ്ധതിക്ക് ഇതുവരെ 15 ലക്ഷം ടൺ പാറ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അതിന്റെ പത്തോ ഇരുന്നൂറോ മടങ്ങ് പാറ ആവശ്യമായിവരുന്ന ഈ പദ്ധതിക്ക് മദ്ധ്യകേരളത്തിൽനിന്ന് പാറ ലഭ്യമാക്കാൻ കഴിയുമെന്ന് എക്സിക്യൂട്ടീവ് സമ്മറിയിൽ പറഞ്ഞിട്ടുള്ളതല്ലാതെ പ്രകൃതിവിഭവങ്ങളുടെ ലഭ്യതയെ സംബന്ധിച്ച് മറ്റൊരു പഠനവും

ഗൗരവതരമായി നടത്തിയിട്ടില്ലെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഇത് കേരളത്തിന്റെ പ്രകൃതി സമ്പത്തിന് താങ്ങാവുന്ന പ്രോജക്ടാണോ; ലക്ഷക്കണക്കിന് ടൺ പാറ ഈ പദ്ധതിക്കുവേണ്ടി ലഭ്യമാക്കാൻ സാധിക്കുമോ? വിവിധ കേന്ദ്രങ്ങളിൽനിന്ന് പാറ ലഭ്യമാക്കുമെന്ന് മാത്രമാണ് ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത്. അത് എപ്രകാരമാണ് സാദ്ധ്യമാകുന്നത്; വിഴിഞ്ഞം തുറമുഖ പദ്ധതി ഇത്തരത്തിൽ നീണ്ടുപോകുന്നതിന്റെ കാരണമെന്താണ്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വിഴിഞ്ഞം തുറമുഖ പദ്ധതി നീണ്ടുപോകുന്നത് ഇതിന്റെ ഭാഗമായല്ല; അത് കോൺട്രാക്ടറുടെ ബാദ്ധ്യതയിലുള്ള കാര്യമാണ്. അക്കാര്യത്തിൽ സംസ്ഥാന സർക്കാർ ചെയ്യേണ്ട എല്ലാ സഹായങ്ങളും ചെയ്തിട്ടുണ്ട്. എന്നാൽ സിൽവർ ലൈൻ പദ്ധതിക്കാവശ്യമായ വിഭവങ്ങൾ സമാഹരിക്കാൻ സാധിക്കാത്ത നിലയുണ്ടെന്ന ആശങ്ക സംസ്ഥാന സർക്കാരിനില്ലെന്ന് മാത്രമല്ല അതിന്റെ ഭാഗമായി എന്തെങ്കിലും പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നും കരുതുന്നില്ല. സിൽവർ ലൈൻ/റെയിൽ ലൈനുമായി ബന്ധപ്പെട്ട കാര്യത്തിൽ വളരെ അപൂർവ്വമായി മാത്രമെ എന്തെങ്കിലും ഇടപെടലുകൾ ആവശ്യമായി വരുന്നുള്ളൂ. ഇത് ദീർഘകാലം ഇതേ രീതിയിൽത്തന്നെ

നിലനിൽക്കുന്നതാണ്. ദേശീയപാത വികസനത്തിനും മേൽസൂചിപ്പിച്ച കാര്യങ്ങൾ അനിവാര്യമാണ്. ഒരു റോഡ് വികസിച്ചതിനുശേഷം ഓരോ വർഷവും വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നു. നല്ല രീതിയിൽ വികസിച്ച റോഡുകളിൽത്തന്നെ വീണ്ടും ചില പ്രവൃത്തികൾ ചെയ്യേണ്ടിവരുന്നു. റെയിലിനെ സംബന്ധിച്ച് അത്തരമൊരു അവസ്ഥ വരുന്നില്ല. അതുകൊണ്ട് ഏറ്റവും പരിസ്ഥിതി സൗഹൃദമായ രീതിയിൽതന്നെ യാതൊരു ആശങ്കയ്ക്കും അടിസ്ഥാനമില്ലാതെ ഈ പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കുന്നതാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഒരു ബെറ്റർ ആൾട്ടർനേറ്റീവിനെക്കുറിച്ചുള്ള ചർച്ചകൾക്ക് സർക്കാർ മുൻകയ്യെടുക്കാത്തതെന്തുകൊണ്ടാണ്? ഈ പദ്ധതിക്കെതിരെ നിരവധി പ്രതിസന്ധികളും ചോദ്യങ്ങളുമുയരുമ്പോൾ ഇതിനേക്കാൾ ബെറ്റർ ആൾട്ടർനേറ്റീവ് നമുക്കുണ്ടോയെന്നുള്ള പൊതുചർച്ചയും എല്ലാവരെയും വിശ്വാസത്തിലെടുക്കുന്ന സമീപനവും ഉണ്ടായിട്ടില്ല. സബർബൻ പദ്ധതിയെക്കുറിച്ച് കേരളം ചർച്ച ചെയ്തതാണ്. പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള 125 കിലോമീറ്റർ പാതയ്ക്ക് 1943 കോടി രൂപയ്ക്ക് 70 ഏക്കർ സ്ഥലം മാത്രം ഏറ്റെടുത്ത് നടപ്പിലാക്കാൻ

സാധിക്കുമെന്ന് പറഞ്ഞു. കണ്ണൂർ വരെയുള്ള പാതയ്ക്കായി ഒരു പഠനം നടത്തുമ്പോൾ, 530 കിലോമീർ പാതയ്ക്ക് വേണ്ടി വരുന്നത് 300 ഏക്കറോളം സ്ഥലമാണ്. പതിനായിരമോ പതിനയ്യായിരമോ കോടി രൂപയ്ക്ക് നിലവിലുള്ള സിഗ്നൽ സംവിധാനം ഓട്ടോമേറ്റ് ചെയ്ത് 20 മിനിട്ട് വ്യത്യാസത്തിൽ 160 കി.മീ. വേഗത്തിൽവരെ ട്രെയിനുകൾക്ക് സഞ്ചരിക്കാൻ കഴിയാവുന്ന സംവിധാനം നമ്മുടെ റെയിൽവേ ലൈനുകളെ ശക്തിപ്പെടുത്തി ചെയ്യാമെന്നിരിക്കെ ഒന്നര ലക്ഷം കോടിയിലധികം രൂപ ചെലവ് വരുന്ന ഈ പ്രോജക്ടാണോ കേരളത്തിന് അനുയോജ്യം? സാമ്പത്തികമായും സാമൂഹികമായും പ്രകൃതി സമ്പത്തുമായി ബന്ധപ്പെട്ടതുമായ ഇത്തരത്തിലൊരു വലിയ പ്രോജക്ട് നടപ്പിലാക്കുന്നതിനുമുമ്പ് ഗവൺമെന്റ് തുറന്ന ചർച്ചയ്ക്കുള്ള വേദി ഒരുക്കേണ്ടതായിരുന്നില്ലേ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു കാര്യവും മറച്ചുവച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ ചർച്ചകൾ വിവിധ തലങ്ങളിൽ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ നിയമസഭയുടെ ഘട്ടത്തിൽ നിയമസഭാംഗങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ വിശദീകരണം നൽകിയിരുന്നു. ഏറെക്കാലമായി ഇത് കേരളത്തിന്റെ സ്വപ്നപദ്ധതിയായി നിലനിൽക്കുകയാണ്. മാനസികമായി എല്ലാവരും ഇത്

സ്വീകരിച്ചുകഴിഞ്ഞതുമാണ്. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഇതിന്റെ ചുമതലക്കാരനായിരിക്കുന്ന ഘട്ടത്തിൽ അന്നത്തെ യു.ഡി.എഫ്. സർക്കാർ അതിവേഗ റെയിൽപ്പാത സൃഷ്ടിക്കുന്നതിനുള്ള നടപടികളിലേയ്ക്ക് കടക്കുകയും അതിന്റെ പഠനത്തിന് തുടക്കം കുറിക്കുകയും അതിലേയ്ക്കായി തുക ചെലവഴിക്കുകയും ചെയ്തിരുന്നു. ഇത് അന്നുമുതൽക്കേ കേരളത്തിന്റെ സ്വപ്നപദ്ധതിയായി മാറിയിരുന്നു. നല്ലരീതിയിൽ കാര്യങ്ങൾ പഠിക്കാൻ ശ്രമിക്കുന്ന ഒരംഗമെന്ന നിലയിൽ അദ്ദേഹം പറഞ്ഞത്, ഇന്നത്തെ ലൈൻ ഉപയോഗിച്ചുകൊണ്ട് മറ്റൊരു പദ്ധതിയിലൂടെ പരിഹരിക്കാൻ സാധിക്കില്ലേയെന്നാണ്. സംസ്ഥാനത്ത് റെയിലിന്റെ വേഗതയ്ക്ക് വലിയ തോതിലുള്ള പരിമിതികളുണ്ടെന്നാണ് അക്കാര്യം പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. അതുകൊണ്ടുതന്നെ അമിതമായി വേഗത വർദ്ധിപ്പിക്കാൻ സാധിക്കില്ല. വേഗത വർദ്ധിപ്പിക്കണമെങ്കിൽ 600-ൽ അധികമുള്ള വളവുകൾ നിവർത്തേണ്ടിവരും; അതിനായി രണ്ട് ദശാബ്ദമെങ്കിലും ആവശ്യമായിവരുമെന്ന് മാത്രമല്ല ട്രെയിൻ സർവ്വീസ് നിർത്തിവച്ചുകൊണ്ട് വളവുകൾ നിവർത്തുന്നത് പ്രായോഗികവുമല്ല. ഏറ്റവും നല്ല രീതിയിൽ സർവ്വീസ് നടത്തുന്ന രാജധാനി എക്സ്പ്രസ് ട്രെയിനിന്റെ കേരളത്തിലുള്ള വേഗതയും കേരളം വിടുമ്പോഴുള്ള വേഗതയും തമ്മിൽ

താരതമ്യം ചെയ്തുനോക്കണം. സംസ്ഥാനത്ത് അതിവേഗതയിൽ സഞ്ചരിക്കുന്നതിനുള്ള അവസ്ഥ ഉണ്ടാവുകയെന്നതാണ് പ്രധാനം. ഏത് നിർദ്ദേശവും പരിശോധിക്കാൻ സർക്കാർ തയ്യാറാണ്. അത്തരം പരിശോധനകളിലൊന്നും ഇതിനേക്കാളും മികച്ചൊരു ആൾട്ടർനേറ്റീവ് കണ്ടെത്തിയിട്ടില്ല. ഇത് എല്ലാവരും അംഗീകരിച്ചതാണ്. ഈ പദ്ധതിക്ക് തുടക്കം കുറിച്ചവർ എന്തുകൊണ്ടാണ് ഇതിനെ എതിർക്കുന്നതെന്ന് മനസ്സിലാക്കുന്നില്ല. ഒരുമിച്ചുനിന്ന് ഈ പദ്ധതി നടപ്പാക്കാനുള്ള ശ്രമമാണ് നടത്തേണ്ടത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകുന്നതിൽ പ്രഗത്ഭനാണ്. നിലവിലെ റെയിൽപ്പാതയുടെ വളവുകൾ നിവർത്തുന്നതിന് രണ്ട് ദശാബ്ദത്തിലധികമെടുക്കുമെന്ന് അങ്ങ് പറഞ്ഞു. എന്നാൽ എന്റെ നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന ശബരി റെയിൽപ്പാതയുടെ പ്രവൃത്തി നാല് ദശാബ്ദമായാലും പൂർത്തിയാകില്ല. ശബരി റെയിൽപ്പാതയെക്കുറിച്ച് ഞാൻ കുട്ടിക്കാലം മുതൽ കേൾക്കുന്നതാണ്. ഇന്നും ആ പാത യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. വളവ് നിവർത്തേണ്ട കാര്യമില്ലാതിരുന്നിട്ടും അതിന് സാധിക്കുന്നില്ലല്ലോ? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്ന്

ആറുവർഷമായിട്ടും കാലടിയിൽനിന്നും ഈ പാതയ്ക്കായി ഒരു കല്ലുപോലും മാറ്റിക്കുഴിച്ചിടാൻ സാധിച്ചിട്ടില്ല. ശബരി റെയിൽ പദ്ധതിക്ക് തുടക്കംകുറിച്ചത് ഞങ്ങളുടെ ഭരണകാലത്താണ്. സിൽവർ ലൈൻ പദ്ധതിയുടെ റെയിലിന്റെ വീതി 15 മീറ്റർ മുതൽ 25 മീറ്റർ വരെയും ഉയരം ചുരുങ്ങിയത് 30 അടി മുതൽ 40 അടി വരെയെങ്കിലുമുണ്ടാകും. ഇതിന്റെ ഭാഗമായി രണ്ടുഭാഗത്തും നിർമ്മിക്കുന്ന കോൺക്രീറ്റ് ഭിത്തികൾ കേരളത്തെ രണ്ടായി വിഭജിക്കുമെന്ന് മാത്രമല്ല, ജനവാസമേഖലയിൽ ഈ ഭിത്തികൾ വൻമതിലുകളായി മാറുമെന്നതിൽ സംശയമില്ല. നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതി നിരവധി ഗ്രാമീണ റോഡുകൾ ഇല്ലാതാക്കുകയും ജനങ്ങളുടെ ജിവിതം ദുരിതത്തിലാക്കുകയും ചെയ്യും. സിൽവർ ലൈൻ പദ്ധതിയുടെ ഭാഗമായി എത്ര ഗ്രാമീണ റോഡുകൾ ഇല്ലാതാകുമെന്നതിന്റെ കണക്കുകൾ അങ്ങയുടെ പക്കലുണ്ടോ? ഇതിനോടൊപ്പം ശബരി റെയിൽപ്പാതയുടെ നിലവിലെ അവസ്ഥയെക്കുറിച്ചുകൂടി വിശദമാക്കിയാൽ നന്നായിരുന്നു.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട അംഗത്തിൽനിന്നും ഈ ചോദ്യം വന്നതിൽ ആശ്ചര്യപ്പെടുന്നില്ല. കാരണം, ശബരി റെയിൽ കേരളം നടപ്പാക്കേണ്ട കാര്യമായാണ് അദ്ദേഹം കാണുന്നത്. ആ പദ്ധതി കേരളം മാത്രമായി നടപ്പാക്കേണ്ട കാര്യമല്ല, അതിനായി സംസ്ഥാന

സർക്കാർ ചെയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്യാൻ തയ്യാറാണെന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിനാവശ്യമായ നടപടി കേന്ദ്രസർക്കാർ ഇതുവരെയും കൈക്കൊണ്ടിട്ടില്ല. നേമം റെയിൽവേ ടെർമിനലിന്റെ ഉദ്ഘാടനം കഴിഞ്ഞെങ്കിലും അതിന്റെ സ്ഥിതിയെന്താണ്; ഏതെങ്കിലും തരത്തിൽ മേൽനടപടിയുണ്ടായോ? സംസ്ഥാനത്തിന്റെ റെയിൽവേ മേഖലയോട് കേന്ദ്രസർക്കാർ വലിയതോതിലുള്ള അവഗണന തുടരുകയാണ്. ഇങ്ങനെ സംഭവിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പോരായ്മകൊണ്ടാണെന്ന രീതിയിൽ കാണരുത്. കേരളത്തോടുള്ള പൊതുസമീപനത്തിന്റെ ഭാഗമായി വരുന്ന ഇത്തരം പ്രശ്നങ്ങൾക്കെതിരെ ഒരുമിച്ച് ശബ്ദമുയർത്താൻ കഴിയണം. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളിൽ വസ്തുതയില്ല. കേരളത്തിന് പുറത്തുള്ള സെക്ടറുകളിൽ രാജധാനി എക്സ്പ്രസ്സ് ഓടുന്നത് ശരാശരി 102 കി.മീ. വേഗതയിലാണ്. എന്നാൽ സംസ്ഥാനത്തിനകത്ത് ഇതിന്റെ വേഗത ശരാശരി 57 കി.മീ. ആണ്. പാത ഇരട്ടിപ്പിക്കൽ ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. തിരുവനന്തപുരം-കാസർഗോഡ് റെയിൽവേ ലൈനിൽ ഏകദേശം 19 കി.മീ. ദൈർഘ്യം മാത്രമാണ് ഇരട്ടിപ്പിക്കാൻ ബാക്കിയുള്ളത്. എന്നാൽ ട്രെയിനിന്റെ എണ്ണത്തിലോ വേഗതയിലോ മാറ്റമുണ്ടായില്ല. റെയിൽപ്പാതയിൽ വളവുകളും

തിരിവുകളും ധാരാളമായുണ്ട്, അവ മാറിവന്നാൽ മാത്രമെ ഉദ്ദേശിക്കുന്ന തരത്തിലുള്ള മാറ്റമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. നിലവിലെ റെയിൽപ്പാതയിലെ 626 വളവുകൾ നിവർത്തിയാൽ മാത്രമെ വേഗത വർദ്ധിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. സിൽവർ ലൈൻ പദ്ധതി വരുമ്പോൾ റെയിൽ കടന്നുപോകുന്ന സ്ഥലത്തെ റോഡുകളിലൂടെ സഞ്ചരിക്കുന്നതിന് വളരെ പ്രയാസം നേരിടുമെന്ന തരത്തിലുള്ള ആശങ്ക ബഹുമാനപ്പെട്ട അംഗം പ്രകടിപ്പിച്ചു. അക്കാര്യത്തിൽ യാതൊരു ആശങ്കയുടെയും ആവശ്യമില്ല. റോഡുകളിൽ ആവശ്യമുള്ളിടത്ത് ഫ്ലൈഓവർ സംവിധാനമോ അടിപ്പാതയോ ഒരുക്കുമെന്ന് സിൽവർ ലൈൻ പദ്ധതിയുടെ ഭാഗമായി തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് റോഡുകൾക്കൊന്നും യാതൊരു തരത്തിലുള്ള പ്രശ്നവും ഉണ്ടാകില്ലെന്നു മാത്രമല്ല, വെള്ളം ഒഴുകിപ്പോകുന്നതിനും തടസ്സമുണ്ടാകില്ല. റെയിൽ എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു യാഥാർത്ഥ്യമല്ലേ; അതിന്റെ ഭാഗമായി നാട് വിഭജിച്ചുപോയിട്ടുണ്ടോ? അതുകൊണ്ട് ഈ പദ്ധതിയുടെ ഭാഗമായി നാട് വിഭജിച്ചുപോകുമെന്ന് ആശങ്കപ്പെടേണ്ടതില്ല.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, 2018-ലെ പ്രളയത്തിനുശേഷം പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽ കിഫ്ബി പദ്ധതിയായ അങ്കമാലി ബൈപ്പാസ് നിർമ്മാണം വൈകുന്നത് സംബന്ധിച്ച

എന്റെ നക്ഷത്രചിഹ്നമിടാത്ത 1198-ാം നമ്പർ ചോദ്യത്തിന് അന്നത്തെ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ ഒരു ഭാഗം വായിക്കാം. " 2018 ആഗസ്റ്റ് മാസമുണ്ടായ അസാധാരണമായ വെള്ളപ്പൊക്കത്തിന്റെ വെളിച്ചത്തിൽ ചതുപ്പുനിലത്ത് എംബാങ്ക്മെന്റോടുകൂടി ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന പദ്ധതിരേഖ പുനർവിചിന്തനം ചെയ്യേണ്ട ആവശ്യകതയുള്ളതായി കാണുന്നു. പദ്ധതി രൂപരേഖ തയ്യാറാക്കിയ കൺസൾട്ടിംഗ് ഏജൻസിയായ കിറ്റ്കോ (KITCO)യോട് ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്" എന്നാണ് മറുപടി. വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ 1700 മീ. നീളമുള്ള അങ്കമാലി ബൈപ്പാസിൽ ഉൾപ്പെട്ട ചതുപ്പുനിലമായ 1 കി.മീ. ഭാഗം എംബാങ്ക്മെന്റ് പൂർണ്ണമായും ഒഴിവാക്കി മുഴുവനായും എലിവേറ്റഡ് ഹൈവേ രൂപത്തിൽ നിർമ്മിക്കാൻ കിറ്റ്കോ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പദ്ധതിരേഖ കിഫ്ബി അംഗീകരിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് കിറ്റ്കോ പഠനം നടത്തുകയും കേരളത്തിന്റെ അവസ്ഥയിൽ ഒരു കിലോമീറ്റർ ഭാഗത്ത് എംബാങ്ക്മെന്റ് നിർമ്മിക്കുന്നത് പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുമെന്നതിനാൽ അത് പൂർണ്ണമായും മാറ്റി എലിവേറ്റഡ് ഹൈവേ നിർമ്മിക്കണമെന്ന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും

ചെയ്തതിന്റെ അടിസ്ഥാനത്തിൽ അക്കാര്യം കിഫ്ബി വീണ്ടും അംഗീകരിക്കുകയാണുണ്ടായത്. ഈ അവസരത്തിലാണ് 292 കി.മീ. ദൈർഘ്യമുള്ള എംബാങ്ക്മെന്റോടുകൂടിയ സിൽവർ ലൈൻ പദ്ധതി നടപ്പാക്കേണ്ടി വരുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്. ഒരു കി.മീ. ഭാഗംപോലും പാരിസ്ഥിതിക പ്രശ്നമുണ്ടാക്കുമെന്ന് കിറ്റ്കോ തന്നെ അഭിപ്രായപ്പെടുമ്പോൾ എന്തടിസ്ഥാനത്തിലാണ് 292 കി.മീ. ദൈർഘ്യത്തിൽ ഇത്രയും വലിയ എംബാങ്ക്മെന്റ് നിർമ്മിക്കാൻ തീരുമാനിച്ചതെന്നും ഏത് പാരിസ്ഥിതിക പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഡി.പി.ആർ. തയ്യാറാക്കിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഈ പ്രശ്നം നേരത്തെ പരിശോധിച്ചിട്ടുള്ളതാണ്. 530 കി.മീ. നീളമുള്ള നിർദ്ദിഷ്ട സിൽവർ ലൈൻ പാതയുടെ 137 കി.മീ. പാത ഒന്നുകിൽ തൂണിന്റെ മുകളിൽക്കൂടിയോ, അതല്ലെങ്കിൽ തുരങ്കത്തിലൂടേയോ ആയിരിക്കും. ഇതുമായി ബന്ധപ്പെട്ട പരിശോധന നേരത്തെ നടന്നിട്ടുണ്ട്. ഈ പാത കടന്നുപോകുന്ന എല്ലാ സ്ഥലങ്ങളിലെയും റോഡുകൾ നിലനിർത്തുന്നതിനായി അടിപ്പാതകളും മേൽപ്പാലങ്ങളും ഉണ്ടാകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. റെയിൽപ്പാത

മുറിച്ചുകടക്കുന്നതിന് 500 മീറ്റർ ഇടവിട്ട് ഓവർബ്രിഡ്ജുകളും അടിപ്പാതകളും റെയിൽ നിർമ്മാണത്തിന്റെ ഭാഗമായി നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് കൃത്യമായ പഠനം നടത്തിയതിന്റെ ഭാഗമായി ഏറ്റവുംകൂടുതൽ വെള്ളപ്പൊക്കം വരാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ കണക്കുകളടക്കം പരിശോധിച്ചതിനുശേഷം ശ്രദ്ധയോടുകൂടിയാണ് ഈ പദ്ധതി നിശ്ചയിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്ന് ആശങ്കപ്പെടേണ്ടതില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, എല്ലാവരുമായും ചർച്ചയ്ക്ക് തയ്യാറാണെന്നാണ്. പ്രതിപക്ഷം അവതരിപ്പിച്ച അടിയന്തരപ്രമേയം ചർച്ച ചെയ്യാൻ രണ്ട് മണിക്കൂറാണ് ആവശ്യമായിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാവരുമായി ചർച്ചയ്ക്ക് തയ്യാറാണെന്ന് പറയുന്നുണ്ടെങ്കിലും ആ ചർച്ച നടത്തുന്നതിന് ഭരണകക്ഷി തയ്യാറായിട്ടില്ല. നിയമസഭയുടെ വേദി നിയമപരമായി ഉപയോഗപ്പെടുത്തിക്കൊണ്ട് ഡോ. എം. കെ. മുനീർ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ 'We will discuss' എന്നുപറഞ്ഞാൽ ഇക്കാര്യം ഔദ്യോഗിക ചർച്ചയാകുമായിരുന്നില്ലേ? പക്ഷെ അതുപോലും

നിഷേധിക്കുകയാണുണ്ടായത്. ദീർഘദൂര ട്രെയിനുകൾ വേഗത്തിലാക്കണമെങ്കിൽ രണ്ട് പതിറ്റാണ്ടെടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമ്പോൾ, അത്തരം ട്രെയിനുകളല്ലേ കേരളത്തിന് കൂടുതൽ ആവശ്യമായി വരുന്നത്? അതിനായി രണ്ട് പതിറ്റാണ്ടെടുക്കുമെങ്കിൽ ഈ ദൈർഘ്യമേറിയ സമയം വെട്ടിക്കുറയ്ക്കുന്നതിന് കേന്ദ്രസർക്കാരുമായി ചർച്ച ചെയ്യണം. ഉത്തരേന്ത്യയിലേയ്ക്ക് പോകുന്ന നിരവധി മലയാളികളുണ്ട്. നിയമസഭാ സമ്മേളനം കഴിഞ്ഞ് തിരുവനന്തപുരത്തുനിന്നും കണ്ണൂരിലേയ്ക്ക് മാവേലി എക്സ്പ്രസ്സിലാണ് ഞാനും ശ്രീ. കടന്നപ്പള്ളി രാമചന്ദ്രനുമൊക്കെ പോകുന്നത്. അതേ സമയത്തുതന്നെ തിരുവനന്തപുരത്തുനിന്നും യാത്ര ആരംഭിക്കുന്ന രാജധാനി എക്സ്പ്രസ് മൂന്നുമണിക്ക് കണ്ണൂരിലെത്തും. ഞങ്ങൾ അഞ്ചരയ്ക്ക് മാത്രമാണ് കണ്ണൂരിലെത്തുന്നത്. നിലവിലുള്ള സംവിധാനത്തിൽത്തന്നെ ട്രെയിനുകൾ വേഗത്തിലോടിക്കാനും അതിൽ സൗകര്യപ്രദമായി യാത്ര ചെയ്യാനും സാധിക്കും. ആ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. ട്രെയിനിൽ സഞ്ചരിക്കുന്നത് രാജ്യം മുഴുവൻ യാത്ര ചെയ്യേണ്ടവരാണ്. അത്തരത്തിലൊരു ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറാകുമോ? ഇക്കാര്യം നിയമസഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ആവശ്യം നിരാകരിച്ചത് ശരിയാണോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം കഴിഞ്ഞ സഭയിലുണ്ടായിരുന്ന ആളാണ്. ഈ ചർച്ചയിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ടോയെന്നെനിക്ക് ഓർമ്മയില്ല. പക്ഷേ നിയമസഭാംഗങ്ങളുടെ മുമ്പിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവതരിപ്പിച്ചപ്പോൾ എല്ലാവരും ആവശ്യമായ സമയമെടുത്ത് അതുമായി ബന്ധപ്പെട്ട് വ്യക്തത വരുത്താൻ ശ്രമിച്ചിരുന്നു. ഇപ്പോൾ ഒട്ടേറെ പുതിയ അംഗങ്ങൾ സഭയിലെത്തിയിട്ടുണ്ട്. അടുത്ത തവണ സഭ ചേരുമ്പോൾ നിയമസഭാംഗങ്ങളോട് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവതരിപ്പിക്കുന്നതാണ്; അക്കാര്യത്തിൽ സർക്കാരിന് യാതൊരു പ്രയാസവുമില്ല. ബഹുമാനപ്പെട്ട അംഗം രാത്രി കണ്ണൂരിൽ നിന്നും ട്രെയിനിൽ യാത്ര പുറപ്പെട്ട് തിരുവനന്തപുരത്തെത്തുന്ന കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചു. ഏഴ് മണിക്കോ എട്ട് മണിക്കോ ട്രെയിനിൽ യാത്ര പുറപ്പെട്ടാൽ രാവിലെ അഞ്ച് മണിക്ക് തിരുവനന്തപുരത്തെത്തുന്നു. രാജധാനി എക്സ്പ്രസ്സ് രണ്ട് മണിക്കൂർ വ്യത്യാസത്തിലെത്തുന്നു. കേരളത്തിനകത്ത് കുറഞ്ഞ വേഗതയിൽ മാത്രമെ ട്രെയിൻ ഓടിക്കാൻ സാധിക്കുകയുള്ളൂവെന്നതുകൊണ്ടാണ് വൈകുന്നത്. കേരള സർക്കാർ കേന്ദ്രസർക്കാരിനോട് റെയിൽവേ വികസനം ആവശ്യപ്പെട്ടാൽ അവർ ഉടനെ നടപ്പാക്കുമെന്ന് എന്ത് അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട അംഗം

പറയുന്നത്; ഇത് സംസ്ഥാനത്തിന് അനുഭവമുള്ളതാണ്, അത് കണ്ടെങ്കിലും പഠിക്കണ്ടേ? ഇവിടെ അപൂർണ്ണമായ നിരവധി പദ്ധതികളുണ്ട്, അവയുടെ കാര്യത്തിൽ എന്തെങ്കിലും മുന്നേറ്റമുണ്ടോ? ശബരി എക്സ്പ്രസ്സിന്റെയും നേമം റെയിൽവേ ടെർമിനലിന്റെയും കാര്യത്തെക്കുറിച്ച് നേരത്തെ വിശദമാക്കിയിട്ടുണ്ട്. ഏതുകാര്യം മുൻനിർത്തിയാണ് കേന്ദ്രഗവൺമെന്റിൽനിന്ന് അതിവേഗതയിൽ നടപടിയുണ്ടാകുമെന്ന് സർക്കാർ പ്രതീക്ഷിക്കേണ്ടത്? കേരളത്തിന് അങ്ങനെയൊരു പ്രതീക്ഷ വയ്ക്കാൻ കഴിയുന്നുണ്ടോ; ഇതല്ലേ വസ്തുത? പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തേണ്ടതുണ്ടെങ്കിൽ ചർച്ച ചെയ്യാവുന്നതാണ്. അക്കാര്യത്തിൽ സർക്കാരിന് യാതൊരു പിടിവാശിയുമില്ല.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, നവകേരളത്തിന്റെ സ്വപ്നസാക്ഷാത്കാരമാണ് സിൽവർ ലൈൻ പദ്ധതിയിലൂടെ നടപ്പാകാൻ പോകുന്നത്. അതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഭിനന്ദനമർഹിക്കുന്നു. കെ-റെയിലിന്റെ സ്ഥലമേറ്റെടുക്കൽ പൂർത്തിയാകുമ്പോൾ നഷ്ടപരിഹാര ഇനത്തിൽ സർക്കാരിന് എന്ത് തുക ചെലവഴിക്കേണ്ടി വരുമെന്നും നഷ്ടപരിഹാരം നൽകുന്നതിന്റെ മാനദണ്ഡമെന്താണെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ മാതൃകാപരമായ നിലപാടാണ് സ്വീകരിച്ചുപോരുന്നത്. ഇതിനുവേണ്ടി സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള 1198 ഹെക്ടർ ഭൂമിയുൾപ്പെടെ 1383 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഒരു ഹെക്ടർ ഭൂമിക്ക് ഏകദേശം 9 കോടി രൂപ നഷ്ടപരിഹാരമായി നൽകാനാണുദ്ദേശിക്കുന്നത്. 2013-ലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും നിയമത്തിലെ നിർദ്ദിഷ്ട വകുപ്പുകളുടെയും സംസ്ഥാന സർക്കാർ തയ്യാറാക്കിയ ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകിയത്. വീടുൾപ്പെടെ നഷ്ടപ്പെടുന്ന ആളുകൾക്ക് ആശ്വാസകരമായ പുനരധിവാസ പാക്കേജ് സർക്കാർ വിഭാവന ചെയ്തിട്ടുണ്ട്. വാസസ്ഥലം വിട്ടുകൊടുക്കുന്ന ഭൂവുടമകൾക്ക് സാധാരണഗതിയിലുള്ള നഷ്ടപരിഹാരം നൽകുന്നു; അതിനുപുറമെ 4,60,000/- രൂപയും നൽകുന്നു. ഇതൊരു ഓപ്ഷനാണ്. അതല്ലെങ്കിൽ നഷ്ടപരിഹാരത്തിന് പുറമെ 1,65,000/- രൂപ നൽകുന്നു, ലൈഫ് പദ്ധതിയിൽ വീടും നൽകുന്നു. അതുമല്ലെങ്കിൽ വാസസ്ഥലം നഷ്ടപ്പെട്ട് ഭൂരഹിതരാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് പുറമെ അഞ്ചുസെന്റ് ഭൂമിയും ലൈഫ്

പദ്ധതിയിലൂടെ വീടും നൽകും. അതുമല്ലെങ്കിൽ നഷ്ടപരിഹാരത്തിനുപുറമേ അഞ്ച് സെന്റ് ഭൂമിയും 4,00,000/- രൂപയും നൽകുന്നതാണ്. മറ്റൊരു ഓപ്ഷനുള്ളത്, നഷ്ടപരിഹാരത്തിന് പുറമെ ആറ് ലക്ഷം രൂപ സ്ഥലം ഏറ്റെടുക്കുന്നതിന് നൽകുകയും, നാല് ലക്ഷം രൂപ വീടിന് നൽകുകയും ചെയ്യുന്നതാണ്. ഇതിൽ ഏത് ഓപ്ഷൻ വേണമെന്നുള്ളത് വീട് നഷ്ടപ്പെട്ടവരും ഭൂമിവിട്ടുനൽകുന്ന ആളുകളുമാണ് തീരുമാനിക്കുന്നത്. ഇത്തരത്തിൽ വിവിധ ഓപ്ഷനുകളടക്കം വച്ചുകൊണ്ടാണ് നഷ്ടപരിഹാരം നൽകുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നിയമസഭയിൽ ചർച്ച ചെയ്യേണ്ട കാര്യം ഇവിടെത്തന്നെ ചർച്ച ചെയ്യണം; അതല്ലാതെ പുത്തരിക്കണ്ടം മൈതാനത്തുവച്ച് ചർച്ച നടത്തുന്നതിനോട് പ്രതിപക്ഷം യോജിക്കുന്നില്ല. നിയമസഭയിൽ സിൽവർ ലൈനിനെക്കുറിച്ച് ചർച്ച ചെയ്യണമെന്ന ആവശ്യത്തിൽ പ്രതിപക്ഷം ഉറച്ചുനിൽക്കുകയാണ്. ഗവൺമെന്റിന്റെ വെബ്സൈറ്റിലും ഡി.പി.ആർ.-ലും ചോദ്യോത്തരങ്ങളിലുമായി കുറെ കാര്യങ്ങൾ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവയിലെല്ലാം പരസ്പരവിരുദ്ധമായ കാര്യങ്ങളാണുള്ളത്. ഇതിന്റെ ഡി.പി.ആർ. ഒരു അബദ്ധ പഞ്ചാംഗമാണ്. എത്ര മീറ്റർ ഉയരത്തിലാണ്

എംബാങ്ക്മെന്റ് നിർമ്മിക്കുന്നത്? ഡി.പി.ആർ.-ൽ പറഞ്ഞിരിക്കുന്നത് 530 കിലോമീറ്റർ ദൂരത്തിലുള്ള സിൽവർ ലൈനിന്റെ 62 ശതമാനം, അതായത് 328 കിലോമീറ്റർ എംബാങ്ക്മെന്റുണ്ടാകുമെന്നാണ്. എംബാങ്ക്മെന്റിന്റെ ഉയരം നിലവിലുള്ള ഫ്ലഡ് ലൈനിന്റെ ഒരു മീറ്റർ ഉയരത്തിലാണ്. നിലവിലെ ഫ്ലഡ് ലൈൻ 25 അടി മുതൽ 35 അടി വരെ ഉയരത്തിലാണ്. അതിനേക്കാൾ മൂന്നടി ഉയരത്തിലാണ് എംബാങ്ക്മെന്റ് നിർമ്മിക്കാൻ പോകുന്നത്. ബാക്കി 200 കിലോമീറ്ററോളം ദൂരത്തിൽ ഇരുവശത്തും ഉയരത്തിലുള്ള മതിൽ നിർമ്മിക്കാനാണ് പോകുന്നത്. എംബാങ്ക്മെന്റുകൾ പാരിസ്ഥിതികമായി കേരളത്തെ തകർക്കുന്നതാണ്. അതിനുള്ള മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകണം. ഇതിനാവശ്യമായ പ്രകൃതി വിഭവങ്ങൾ എവിടെയാണ് ഒളിപ്പിച്ചുവച്ചിരിക്കുന്നത്? അവ മദ്ധ്യകേരളത്തിലുണ്ടെന്നാണ് സർക്കാരിന്റെ വെബ്സൈറ്റിൽ പറയുന്നത്. ഈ പ്രകൃതി വിഭവങ്ങൾ മദ്ധ്യകേരളത്തിലെവിടെയാണ് ഒളിപ്പിച്ചുവച്ചിരിക്കുന്നതെന്നുകൂടി അങ്ങ് മറുപടി പറയണം.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കാര്യമായി സംശയം പ്രകടിപ്പിച്ച എംബാങ്ക്മെന്റിനെക്കുറിച്ച് വലിയ ആശങ്കയുണ്ടാകേണ്ടതില്ല. ഏഴ് മീറ്ററിന് മുകളിലുള്ള എംബാങ്ക്മെന്റ് ആകെ

ദൂരത്തിൽ 33.62 കിലോമീറ്റർ മാത്രമാണ്, ബാക്കിയുള്ളവയെല്ലാം അതിന് താഴെയാണ്. റെയിൽവേപ്പാത നിർമ്മിക്കുമ്പോൾ അവിടെയൊരു തിട്ടയുണ്ടാകില്ലേ? ആ തിട്ടയുടെ മുകളിൽക്കൂടിയല്ലേ റെയിൽ പോകുന്നത്. അതാണ് എംബാങ്ക്മെന്റ്. അതിന് ചെറുതും വലുതുമായ ഉയരമുണ്ടാകും. മുകൾ ഭാഗത്തുള്ള 7 മീറ്ററിലധികം വരുന്നത് ആകെ 33 കിലോമീറ്റർ മാത്രമാണ്. നിങ്ങൾ ആകെയുള്ള ദൂരത്തെക്കുറിച്ചാണ് പറയുന്നത്. അതിൽ ഒരു മീറ്ററും അര മീറ്ററുമെല്ലാം ഉൾപ്പെടും. യഥാർത്ഥത്തിൽ ഏറ്റവും കൂടുതൽ വരുന്നത് 33 കിലോമീറ്റർ മാത്രമാണ്. അതുകൊണ്ട് അക്കാര്യത്തിൽ ആശങ്കയുണ്ടാകേണ്ടതില്ല. ഇക്കാര്യങ്ങൾ സംബന്ധിച്ച് വ്യക്തതയുണ്ടാക്കുന്നതിന് സർക്കാർ തയ്യാറാണെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട.

<u>മി. സ്പീക്കർ</u>: ഓർഡർ...... ഓർഡർ...... ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) <u>നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ</u>

<u>സിൽവർലൈൻ പദ്ധതിക്ക് സമയബന്ധിതമായി അംഗീകാരം</u>

3 (*3) <u>ശ്രീമതി ഒ. എസ്. അംബിക</u>:

ശ്രീ. ടി. പി. രാമകൃഷ്ണൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് വിവിധ സംസ്ഥാനങ്ങളിൽ അതിവേഗ, അർദ്ധ-അതിവേഗ പാതകൾക്ക് അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാന സർക്കാരും റെയിൽവേയും ചേർന്നുള്ള സംയുക്ത സംരംഭമായ കെ-റെയിൽ മുഖേന നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുള്ള സിൽവർലൈൻ പദ്ധതിക്ക് സംസ്ഥാന താല്പര്യം മുൻനിർത്തി സമയബന്ധിതമായി അംഗീകാരം നൽകണമെന്ന് പ്രധാനമന്ത്രിയോട് നേരിട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിനും പുരോഗതിക്കും മുതൽക്കൂട്ടാകുന്ന സിൽവർലൈൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. 13-07-2021-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ സിൽവർലൈൻ പദ്ധതിയുടെ അംഗീകാരം നൽകുന്ന കാര്യത്തിൽ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചിരുന്നു. ഇതിനുപുറമെ, സിൽവർലൈൻ

പദ്ധതിയുടെ അന്തിമാനുമതി വേഗത്തിലാക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തും നൽകിയിട്ടുണ്ട്.

(ബി) പദ്ധതിക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അനുമതി നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

റെയിൽവേയുടെ തത്ത്വത്തിലുള്ള അനുമതി (In-principle approval) ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. എന്നാൽ, സാമൂഹികാഘാത പഠനം നടത്താൻ വേണ്ടി മാത്രമാണ് നിലവിൽ നിർദ്ദേശിച്ചിട്ടുള്ളത്. അതിനുള്ള കല്ലിടലാണ് ഇപ്പോൾ നടക്കുന്നത്.

(സി) അതിവേഗ, അർദ്ധ-അതിവേഗ പാതകളുടെ നേട്ടങ്ങളും കോട്ടങ്ങളും താരതമ്യം ചെയ്തിട്ടുണ്ടോ? എങ്കിൽ വിശദാംശം അറിയിക്കുമോ?

നിലവിലെ പരിമിതമായ ഭൗതിക സാഹചര്യങ്ങളും ആവശ്യമായി വരുന്ന ചെലവും സംസ്ഥാനത്ത് ഹൈസ്പീഡ് ട്രെയിനുകൾക്ക് അനുകൂലമല്ല. ഹൈസ്പീഡ് ട്രെയിനുകളും സെമി ഹൈസ്പീഡ് ട്രെയിനുകളും ദൂരം താണ്ടാനെടുക്കുന്ന സമയത്തിൽ വലിയ വ്യത്യാസമൊന്നുമില്ലെന്ന് വ്യക്തമായിട്ടുണ്ട്. ഡി.എം.ആർ.സി. തയ്യാറാക്കിയ ഹൈസ്പീഡ് റെയിലിന്റെ

ഡി.പി.ആർ. അനുസരിച്ച് തിരുവനന്തപുരം മുതൽ എറണാകുളം വരെ സഞ്ചരിക്കാൻ ഒരുമണിക്കൂറും അഞ്ച് മിനിട്ടുമാണെടുക്കുന്നത്. സിൽവർലൈനിൽ ഒരു മണിക്കൂർ 25 മിനിട്ടിലെത്താൻ കഴിയും. നഗര കേന്ദ്രീകൃതവും തുരങ്കങ്ങളും ആകാശപാതകളും കൂടുതലുള്ളതുമായ നിർമ്മാണരീതി അവലംബിക്കുന്ന ഹൈസ്പീഡ് റെയിൽ കോറിഡോറിന്റെ നിർമ്മാണച്ചെലവ് സെമി ഹൈസ്പീഡ് റെയിലിന്റേതിനേക്കാൾ ഇരട്ടിയോളമാകും. കൂടാതെ യാത്രാചെലവും ഇരട്ടിയോളമാണ്.

(ഡി) സർവ്വേക്കല്ലുകൾ പിഴുതെറിയുന്നതടക്കം സിൽവർലൈനിനെതിരായി അക്രമസമരങ്ങൾ നടക്കുന്ന പശ്ചാത്തലത്തിൽ ജനങ്ങളുടെ ആശങ്കയകറ്റാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സിൽവർ ലൈൻ പദ്ധതിക്ക് സ്ഥലമേറ്റെടുക്കാനുള്ള പ്രാരംഭ നടപടികൾക്ക് റവന്യൂ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം 2013-ലെ Right to Fair compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013 (RFCT LARR) എന്നിവ പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതി രൂപീകരിച്ച് ശിപാർശ

സമർപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് അംഗീകാരം നൽകിക്കൊണ്ടുള്ള അനുമതി ഉത്തരവ് പദ്ധതിക്കാവശ്യമായ അന്തിമാനുമതി ലഭ്യമായതിനുശേഷമേ പുറപ്പെടുവിക്കുവെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ജനങ്ങളുടെ മുൻപിൽ വസ്തുതകൾ അവതരിപ്പിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുമ്പോൾ ഉടമകൾക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കുമെന്ന കാര്യത്തിൽ ഇതിനകം നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.

<u>ലൈഫ് പദ്ധതിയിലെ ക്രമക്കേട്</u>

4 (*4) <u>ശ്രീ. ടി. ജെ. വിനോദ്</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ യു.എ.ഇ. സർക്കാർ നടപ്പാക്കാനുദ്ദേശിച്ച ഭവന നിർമ്മാണ പദ്ധതി സ്വകാര്യ ഏജൻസി മുഖേന നടത്തുന്ന രീതിയിലേയ്ക്ക് മാറ്റിയത് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേരിട്ടുള്ള ഇടപെടലിനെത്തുടർന്നാണെന്ന

വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

യു.എ.ഇ. റെഡ്ക്രസന്റ് അവരുടെ സ്രോതസ് വിനിയോഗം ചെയ്ത് സ്വന്തം നിലയിലാണ് ഭവനസമുച്ചയം നടപ്പാക്കുന്നത്. നിർമ്മാണം പൂർണ്ണമായും റെഡ്ക്രസന്റിന്റെ ചുമതലയിലാണ്.

(ബി) വടക്കാഞ്ചേരി ലൈഫ് പദ്ധതിയിൽ ഇപ്രകാരം അഴിമതി നടത്തുന്നതിന് അവസരമൊരുക്കിയതിലൂടെ മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിക്ക് കമ്മീഷൻ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വടക്കാഞ്ചേരി ലൈഫ് പദ്ധതി സംബന്ധിച്ച് ആരോപിക്കപ്പെട്ട ക്രമക്കേടുകളെപ്പറ്റി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കേസിന്റെ അന്വേഷണം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമെ ഈ വിവരം ലഭ്യമാകുകയുള്ളൂ.

(സി) ദുരിതബാധിതരായ ജനങ്ങളുടെ പേരിൽ സമാഹരിച്ച പണം തട്ടിയെടുക്കാൻ ശ്രമം നടന്നുവെന്ന് ആരോപണം ഉന്നയിക്കപ്പെട്ടതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ അന്വേഷണം പ്രഖ്യാപിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി സ്വർണ്ണക്കടത്ത് കേസിലെ പ്രതിയുമായി ചേർന്ന് ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് അഴിമതിക്ക് കളമൊരുക്കിയതായുള്ള പ്രതിയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

(സി&ഡി) വിജിലൻസ് അന്വേഷണം നടന്നുവരികയാണ്.

## വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

5 (*5) ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ദേശീയ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികളുണ്ടാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. ഇന്ത്യയിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിൽ അടിക്കടി ഉണ്ടാകുന്ന വർദ്ധനവുമൂലവും ചരക്കുകൂലിയിൽ ഉണ്ടാകുന്ന വർദ്ധനവുമൂലവും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കേരളത്തിൽ ഭക്ഷ്യധാന്യങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ വിപണിയിടപെടൽ പ്രവർത്തനങ്ങളിലൂടെ പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ സംസ്ഥാനത്തുടനീളമുള്ള 1506 സപ്ലൈകോ വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നു. ഏപ്രിൽ 2016-നുശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 40 ശതമാനം വരെ വിലക്കുറവിലാണ് സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നത്. ഇതുകൂടാതെ തേയില, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി'

ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വില്പന നടത്തിവരുന്നു.

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വിപണി ഇടപെടൽ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. വിപണിയിടപെടലിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ സംസ്ഥാനത്തുടനീളമുള്ള 1506 സപ്ലൈകോ വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നു. ഏപ്രിൽ 2016-നുശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. 2016-ലെ വിലയേക്കാൾ 13 രൂപ മല്ലിക്ക് കുറച്ചിട്ടുമുണ്ട്. പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിലാണ് സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നത്. ഇതുകൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി

വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വില്പന നടത്തിവരുന്നു. ഇപ്രകാരം അവശ്യ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിലൂടെ കഴിഞ്ഞ ആറ് വർഷങ്ങളിലായി ഏകദേശം 1,853.91 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഒരു വർഷത്തോളം എല്ലാ റേഷൻകാർഡുടമകൾക്കുമായി 11.5 കോടി സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നു.

(സി) വിലക്കയറ്റം പ്രതിരോധിക്കാനുള്ള വിപണി ഇടപെടലുകളുടെ ഭാഗമായി സപ്ലൈകോയുടെ പ്രവർത്തനം പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അവശ്യവസ്തുക്കളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാനും പൊതുവിതരണ രംഗവുമായി ബന്ധപ്പെട്ട് കൂടുതൽ ഓൺലൈൻ സേവനങ്ങൾ നൽകാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി&ഡി) ഉണ്ട്. സംസ്ഥാന വ്യാപകമായി എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത സൂപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ് എന്നിവവഴി സപ്ലൈകോയുടെ ഓൺലൈൻ ഡെലിവറി സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്. ഈ വർഷം മാർച്ച് മാസത്തോടെ സപ്ലൈകോയുടെ സൂപ്പർമാർക്കറ്റുകൾ, പീപ്പിൾസ് ബസാർ, ഹൈപ്പർമാർക്കറ്റ് എന്നിവ കേന്ദ്രീകരിച്ച് ഓൺലൈൻ ഡെലിവറി സാധ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടാതെ ഉപഭോക്താക്കൾക്ക് ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന മാവേലി വിൽപ്പനശാലകൾ സംബന്ധിച്ച വിവരം നൽകുന്ന 'Trace Supplyco', മാവേലി വിൽപ്പനശാലകളുടെ സേവനം സംബന്ധിച്ച പോരായ്മകൾ സപ്ലൈകോ അധികാരികളെ അറിയിക്കുന്നതിന് 'Feedback Supplyco' എന്നീ മൊബൈൽ ആപ്പുകളും ലഭ്യമാക്കിയിട്ടുണ്ട്. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധനാ സംവിധാനം

വകുപ്പുതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. പൊതുവിപണിയിലുണ്ടാകുന്ന വിലവർദ്ധനവും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ജില്ലാതലത്തിൽ പൊതുവിതരണ വകുപ്പും ലീഗൽ മെട്രോളജി വകുപ്പും സംയുക്തമായി ചേർന്ന് പരിശോധനകൾ നടത്താറുണ്ട്. അവശ്യസാധന നിയമം, 1955-നെ അടിസ്ഥാനപ്പെടുത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും സംബന്ധിച്ചുള്ള പരാതികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് കൺസ്യൂമർ അഫയേഴ്സ് ഡിപ്പാർട്ടുമെന്റ് ഒരു വെബ്സൈറ്റ് അധിഷ്ഠിത പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട് (https:fcainfoweb.nic.in/ECRE/). കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനാവശ്യമായ കർശന പരിശോധനകൾ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരും നടത്തുകയും ലഭ്യമാകുന്ന വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ മാസത്തിലൊരിക്കൽ ഉപഭോക്താക്കൾക്ക് നേരിട്ട് വകുപ്പുമന്ത്രിയെ വിളിച്ച് പരാതികൾ അറിയിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുള്ളതുമാണ്.

## പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി

6 (*6) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തെ അടിസ്ഥാനപ്പെടുത്തി പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽതന്നെ നിരവധി നടപടികൾ സ്വീകരിച്ചിരുന്നു. ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം, വകുപ്പിന്റെ പോർട്ടൽവഴി റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നിരീക്ഷിക്കാനുള്ള സംവിധാനം എന്നിവയെല്ലാം അതിന്റെ ഭാഗമാണ്. രാജ്യത്തിനുതന്നെ മാതൃകയാകുന്ന വിധത്തിൽ സംസ്ഥാനത്തെ പൊതുവിതരണ രംഗം കാര്യക്ഷമവും സുതാര്യവുമാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ആദിവാസി മേഖലകളിലെ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി ഈ സർക്കാർ തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽകൂടി നടപ്പിലാക്കി. "വിശപ്പുരഹിത കേരളം" പദ്ധതിയുടെ ഭാഗമായി നിർദ്ധനർക്ക് ഒരുനേരത്തെ ആഹാരം സൗജന്യ നിരക്കിൽ ലഭ്യമാക്കുന്ന സുഭിക്ഷ ഹോട്ടൽ തിരുവനന്തപുരത്തും പത്തനംതിട്ടയിലുംകൂടി ആരംഭിച്ചു. സംസ്ഥാന

സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ഏറ്റവും കുറഞ്ഞത് ഒരു സുഭിക്ഷ ഹോട്ടലെങ്കിലും ആരംഭിക്കുന്ന പദ്ധതി അന്തിമഘട്ടത്തിലാണ്. പൊതുവിതരണ ശൃംഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തി. താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി നടപടികളുണ്ടാകണമെന്ന് കർശന നിർദ്ദേശം നൽകി. പൊതുവിതരണ വകുപ്പിന്റെ അഞ്ച് മേഖലകൾ തിരിച്ച് സ്ക്വാഡുകൾ രൂപീകരിച്ച് ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ കടകൾ പരിശോധിക്കുന്നു എന്നുറപ്പുവരുത്താൻ മൊബൈൽ ആപ്പ് സംവിധാനം ഏർപ്പെടുത്തുന്ന നടപടി അന്തിമഘട്ടത്തിലാണ്. കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനും എല്ലാ ഗോഡൗണുകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആധാർ അധിഷ്ഠിത പൊതുവിതരണ സംവിധാനം 100 ശതമാനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇലക്ട്രോണിക് ത്രാസ് ഇ-പോസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. 2022-2027 പദ്ധതി കാലയളവിൽ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പൊതുവിതരണ

വകുപ്പിന്റെ ഉടമസ്ഥതയിൽ ശാസ്ത്രീയ മാനദണ്ഡങ്ങൾ അനുസരിച്ച് എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. നിലവിൽ നൽകിവരുന്ന റേഷൻ സാധനങ്ങൾക്കുപുറമെ ചില പലവ്യഞ്ജന സാധനങ്ങളും സ്മാർട്ട് റേഷൻ കടകളിലൂടെ വിതരണം ചെയ്യാനും സർക്കാർ ആലോചിക്കുന്നു. റേഷൻ കാർഡുകൾ 02-11-2021 മുതൽ എ.ടി.എം. വലിപ്പത്തിലുള്ള പി.വി.സി. കാർഡുകളായി രൂപാന്തരം വരുത്തി നൽകുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്. അടുത്ത ഘട്ടമായി മാഗ്നറ്റിക് ചിപ്പ് ഘടിപ്പിച്ച സ്മാർട്ട് റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഈ കാർഡുപയോഗിച്ച് ഡിജിറ്റൽ ഇടപാടുകൾ നിർവ്വഹിക്കാൻ കഴിയുന്നതാണ്. ബാങ്കിംഗ്, ഡിജിറ്റൽ സേവനങ്ങൾ സമീപപ്രദേശങ്ങളിൽ ലഭ്യമാകാത്ത സ്ഥലങ്ങളിലെ 1000 റേഷൻ കടകൾ തെരഞ്ഞെടുത്ത് ചെറുകിട ബാങ്കിംഗ് സേവനങ്ങളും കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായി ബന്ധപ്പെട്ട ഭരണ സേവനങ്ങളും ഡിജിറ്റലായി നടത്താൻ കഴിയുന്ന സ്മാർട്ട് റേഷൻ കടകളായി പരിവർത്തിപ്പിക്കുന്ന പദ്ധതി നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു.

(ബി) വിവിധ കാരണങ്ങളാൽ അടച്ചുപൂട്ടിയ റേഷൻ കടകൾ അടിയന്തരമായി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്ത് അനന്തരാവകാശികൾ ഇല്ലാത്തതും ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തി സ്ഥിരമായി റദ്ദുചെയ്തതുമായ 599 റേഷൻ ഡിപ്പോകളുടെ ലൈസൻസ് നിയമനം സംവരണതത്വം പാലിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ താൽക്കാലികമായി അംഗീകാരം റദ്ദുചെയ്ത റേഷൻ ഡിപ്പോകളുടെ വിഷയം തീർപ്പാക്കുന്നതിനായി എല്ലാ ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിച്ചും 135 റേഷൻ ഡിപ്പോകളുടെ അംഗീകാരം സ്ഥിരമായി റദ്ദുചെയ്ത്, പുതിയ ലൈസൻസി നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൂടുതൽ നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകൾവഴി വിതരണം ചെയ്യാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

റേഷൻ കടകളുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി സപ്ലൈകോവഴി വിൽപ്പന നടത്തുന്ന 13 ഇനം സബ്സിഡി സാധനങ്ങളായ ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, തുവരപ്പരിപ്പ്, വറ്റൽ മുളക്, മല്ലി,

പഞ്ചസാര, ജയ അരി, കുറവ അരി, മാവേലി പച്ചരി, മാവേലി മട്ട അരി, വെളിച്ചെണ്ണ എന്നിവ റേഷൻ കടകൾവഴി വിതരണം നടത്തുന്നതിനുള്ള സാധ്യതയും പരിശോധിച്ചുവരുന്നു. ഇതിനുപുറമെ മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉൽപ്പന്നങ്ങൾകൂടി റേഷൻ കടകൾവഴി വിൽപ്പന നടത്താനും ഉദ്ദേശിക്കുന്നുണ്ട്.

## സിൽവർ ലൈൻ ഡി.പി.ആർ.

7 (*7) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. അശാസ്ത്രീയമാണെന്നും കോട്ടയത്തിന് ശേഷമുള്ള അലൈൻമെന്റ് സംബന്ധിച്ച വിവരങ്ങൾ ഡി.പി.ആർ.-ൽ ഉൾപ്പെട്ടിട്ടില്ലെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡി.പി.ആർ.-ലെ അലൈൻമെന്റ് ഡ്രോയിംഗിൽ 115 കി. മീ. ദൂരം വരെയുള്ള ട്രാക്കിന്റെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നത് വസ്തുതയാണോ;

(സി) എങ്കിൽ 115 മുതൽ 530 കി. മീ. വരെയുള്ള ദൂരത്തിന്റെ ഡ്രോയിംഗ് ഡി.പി.ആർ.-ൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കാമോ?

(എ-സി) 530 കിലോമീറ്ററിന്റെ വിവരങ്ങളും ഡി.പി.ആർ.-ൽ ഉൾപ്പെട്ടിട്ടുണ്ട്.

(ഡി) സിൽവർലൈൻ പദ്ധതിയുടെ ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി സംബന്ധിച്ച് പഠനങ്ങൾ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സാങ്കേതികപഠന റിപ്പോർട്ടുകളും സാമ്പത്തിക പഠനങ്ങളും ഐ.ആർ.ആർ. (ഇക്കണോമിക്, ഫിനാൻഷ്യൽ റേറ്റ് ഓഫ് റിട്ടേൺ) വിശകലനം തുടങ്ങിയ എല്ലാ പഠനങ്ങളും ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ., കെ-റെയിൽ അധികൃതർ പരിശോധിച്ച് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതി ഇന്ത്യൻ റെയിൽവേയുടെയും കേരള സർക്കാരിന്റേയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ്

കോർപ്പറേഷൻ ലിമിറ്റഡ് (കെ-റെയിൽ) എന്ന സ്ഥാപനം മുഖേനയാണ് സർക്കാർ നടപ്പിലാക്കുന്നത്. കെ-റെയിലിന്റെ ഉന്നത ഉദ്യോഗസ്ഥരുടെയും വിദഗ്ധരുടെയും നേതൃത്വത്തിലാണ് സിൽവർലൈൻ ഡി.പി.ആർ. രൂപകൽപ്പന ചെയ്തിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് കെ-റെയിൽ വിദഗ്ധർ പരിശോധിക്കുകയും കെ-റെയിൽ ബോർഡ് ഓഫ് ഡയറക്ടേഴ്സ് റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

## കെ-റെയിൽ പദ്ധതി

8 (*8) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ പദ്ധതി സംബന്ധിച്ച് ജനങ്ങളിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

കെ-റെയിൽ പദ്ധതി സംബന്ധിച്ച് ജനങ്ങളിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ചേംബർ ഓഫ് കൊമേഴ്സ്, സർക്കാർ സ്ഥാപനങ്ങൾ, സാമൂഹിക-സാംസ്കാരിക

പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി വിശദീകരണ യോഗങ്ങൾ ചേർന്നിരുന്നു. സിൽവർലൈൻ അലൈൻമെന്റ് കടന്നുപോകുന്ന മണ്ഡലങ്ങളിലെ നിയമസഭാ സാമാജികർക്കായി ഒരു അവതരണം 2020 ഫെബ്രുവരി 10-ന് നടത്തിയിരുന്നു. കൂടാതെ സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ആശങ്കയകറ്റുന്നതിനും പദ്ധതിക്ക് ജനപിന്തുണ ഉറപ്പാക്കുന്നതിനുമായി മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും അദ്ധ്യക്ഷതയിൽ ജില്ലകളിലുടനീളം പൗരപ്രമുഖരുമായി 'ജനസമക്ഷം സിൽവർലൈൻ' എന്ന പേരിൽ വിശദീകരണ യോഗം ചേരുകയുണ്ടായി. സമഗ്ര പുനരധിവാസ പാക്കേജും പ്രസ്തുത യോഗത്തിൽ അവതരിപ്പിച്ചിരുന്നു. ഭൂമിയേറ്റെടുക്കൽമൂലമുണ്ടാകുന്ന ആഘാതങ്ങൾ, ബാധിക്കപ്പെടുന്ന കുടുംബങ്ങൾ, നഷ്ടം സംഭവിക്കുന്ന വീടുകൾ, കെട്ടിടങ്ങൾ, ആഘാതം ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ന്യായമായ നഷ്ടപരിഹാരം നൽകൽ തുടങ്ങിയവ സംബന്ധിച്ച വിവരശേഖരണത്തിനായി സാമൂഹികാഘാത പഠനം നടത്തിവരികയാണ്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ദ്രുത പരിസ്ഥിതി ആഘാത പഠനത്തിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ?

റിപ്പോർട്ട് കെ-റെയിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ എത്ര ശതമാനം നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

സിൽവർലൈൻ പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം 20.05 കോടി രൂപയുടെ അധിക ധനാനുമതി നൽകിയിട്ടുണ്ട്.

(ഡി) പണി പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ട് വിദേശ നിക്ഷേപമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഡി.പി.ആർ. പ്രകാരം ഉഭയകക്ഷി ബഹുമുഖ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് 33,700 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി എ.ഡി.ബി., ജൈക്ക, എ.ഐ.ഐ.ബി., കെ.എഫ്.ഡബ്ല്യൂ. എന്നിവരെ കേന്ദ്ര ആസൂത്രണ സാമ്പത്തികകാര്യ വകുപ്പുവഴി സമീപിക്കുകയും വിശദമായ പദ്ധതി റിപ്പോർട്ട് നീതി ആയോഗിനുൾപ്പെടെ സമർപ്പിക്കുകയും ചെയ്തു. റെയിൽവേ ബോർഡ്, ധനകാര്യം (എക്സ്പെൻഡിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ഇതിനോടകംതന്നെ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് പദ്ധതി ശിപാർശ ചെയ്തിട്ടുണ്ട്. കണ്ണൂർ, കൊച്ചി, വിമാനത്താവള വികസന

മാതൃകയിൽ പൊതുജന നിക്ഷേപവും കൊണ്ടുവരാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) പദ്ധതിയുടെ റൂട്ട് അന്തിമമായി തീരുമാനിച്ചിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

സിൽവർലൈൻ പദ്ധതിയുടെ അലൈൻമെന്റ് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് പൂർത്തീകരിക്കുകയും മന്ത്രിസഭയുടെ അംഗീകാരത്തോടെ റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയേറ്റെടുക്കുന്നതിനായി സാമൂഹികാഘാത പഠനത്തിനായുള്ള അതിരടയാളക്കല്ലിടൽ പുരോഗമിച്ചുവരുന്നു. എല്ലാ ജില്ലകളിലും എൽ.എ. യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്. സാമൂഹികാഘാത പഠനവുമായി ബന്ധപ്പെട്ട വിജ്ഞാപനം 11 ജില്ലകളിൽ പുറപ്പെടുവിക്കുകയും ഏജൻസിയെ നിയോഗിക്കുകയും ചെയ്തു.

## അളവുതൂക്ക ഉപകരണങ്ങളുടെ പരിശോധനയും മുദ്രവയ്പ്പും

9 (*9) ശ്രീ. വി. ശശി:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി

നൽകുമോ:

(എ) അളവുതൂക്ക ഉപകരണങ്ങളുടെ പരിശോധനയും മുദ്രവയ്പ്പും സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള കേന്ദ്ര സർക്കാർ തീരുമാനം ലീഗൽ മെട്രോളജി വകുപ്പിനെ നിർവീര്യമാക്കുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ലീഗൽ മെട്രോളജി ആക്ടിലെ സെക്ഷൻ 24-ൽ അളവുതൂക്ക ഉപകരണങ്ങളുടെ പരിശോധനയും മുദ്രവയ്പും ഗവൺമെന്റ് അപ്രൂവ്ഡ് ടെസ്റ്റ് സെന്റർ മുഖേനയും നിർവ്വഹിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് സർക്കാരിതര ഏജൻസികളെയാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട ലീഗൽ മെട്രോളജി (ഗവണ്മെന്റ് അപ്രൂവ്ഡ് ടെസ്റ്റ് സെന്റർ) റൂൾസ് 2013-ൽ, 01-02-2021-ലെ കേന്ദ്രവിജ്ഞാപന പ്രകാരം വരുത്തിയ ഭേദഗതിയിന്മേലുള്ള റിപ്പോർട്ട് ലീഗൽ മെട്രോളജി വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അളവുതൂക്ക ഉപകരണങ്ങളുടെ പരിശോധനയും മുദ്രവയ്പും പൂർണ്ണമായും സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നത് വകുപ്പിന് നിലവിൽ മുദ്രവയ്പ്പൽ മേഖലയിലുള്ള നിയന്ത്രണം കുറയാൻ ഇടയാക്കും. സ്വകാര്യമേഖലയിലുള്ളവർ ചെയ്യുമ്പോൾ അപ്രകാരം

ചെയ്യുന്ന എല്ലാ മേഖലയിലും പരിശോധന നടത്താൻ വകുപ്പിന് കഴിയാതെ വരും.

(ബി) പ്രസ്തുത തീരുമാനം സംസ്ഥാനങ്ങളുടെ റവന്യൂ വരുമാനത്തിൽ വലിയ കുറവ് വരുത്തുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഇപ്രകാരം സ്വകാര്യ മേഖലയ്ക്ക് മുദ്രവയ്പ്പ് നൽകുമ്പോൾ സംസ്ഥാന സർക്കാരിന് വരുമാന നഷ്ടമുണ്ടാകാൻ സാധ്യതയുണ്ട്.

(സി) പ്രസ്തുത തീരുമാനം ഉപഭോക്താക്കൾക്ക് അളവ് തൂക്കങ്ങളിൽ ഉണ്ടായിരുന്ന സർക്കാർ ഗ്യാരണ്ടി ഇല്ലാതാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

നിലവിൽ ലീഗൽ മെട്രോളജി ആഫീസറുടെ സാന്നിദ്ധ്യത്തിലാണ് മുദ്രചെയ്യുന്നത്. സ്വകാര്യവൽക്കരിച്ച് കഴിഞ്ഞാൽ ഓരോ ഉപകരണത്തിന്റെയും കൃത്യത സർക്കാർ തലത്തിൽ ബോദ്ധ്യപ്പെടാനുള്ള സാദ്ധ്യതയില്ലാതാകുന്നു.

<u>സ്റ്റാർട്ടപ്പ് മേഖലയുടെ വികസനം</u>

10 (*10) <u>ശ്രീ. പി. ബാലചന്ദ്രൻ:</u><br>
<u>ശ്രീ. ഇ. കെ. വിജയൻ:</u><br>
<u>ശ്രീ. ജി. എസ്. ജയലാൽ:</u><br>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് മേഖലയുടെ വളർച്ചയ്ക്കും വികാസത്തിനുമായി സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ വെളിപ്പെടുത്താമോ?

സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് മേഖലയുടെ വളർച്ചയ്ക്കും വികാസത്തിനുമായി യുവ സംരംഭകത്വ പദ്ധതിയും സ്റ്റാർട്ടപ്പുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി ടെക്നോളജി ഇന്നവേഷൻ സോൺ എന്ന പദ്ധതിയും കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന സർക്കാർ നടപ്പിലാക്കി വരുന്നു.

യുവ സംരംഭകത്വ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്:

1. ഇവാഞ്ചലൈസേഷൻ സപ്പോർട്ട്
2. ഇൻകുബേഷൻ സഹായം
3. വിജ്ഞാന നൈപുണ്യ വികസനം
4. ആക്സിലറേറ്റർ
5. ഫണ്ടിംഗും സംരംഭ വികസനവും
6. പ്രോഡക്ടൈസേഷനും മാർക്കറ്റിംഗും
7. വിനിമയവും അന്തർദേശീയ ഉൾക്കൊള്ളലും (Exchanges & Global Immersion)

8. നൂതന ഗവേഷണ പരിപാടികൾ

9. വനിതാ സംരംഭകത്വവും സ്റ്റാർട്ടപ്പ് പരിപാടികളും

(ബി) കോഡിംഗ്, റോബോട്ടിക്സ്, നിർമ്മിതബുദ്ധി, മെഷീൻ ലേണിംഗ്, ബിഗ് ഡാറ്റാ തുടങ്ങിയ മേഖലകളിൽ കേരളത്തിൽ സ്റ്റാർട്ടപ്പുകൾ തുറന്നിട്ടുണ്ടോ; ഇതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോഡിംഗ്, റോബോട്ടിക്സ്, നിർമ്മിതബുദ്ധി, മെഷീൻ ലേണിംഗ്, ബിഗ് ഡാറ്റാ തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകൾ ഭൂരിഭാഗം സാങ്കേതിക സ്റ്റാർട്ടപ്പുകളും ഉപയോഗപ്പെടുത്തിവരുന്നു. മെഷീൻ ലേണിംഗ്, ബിഗ് ഡാറ്റാ എന്നിവയിൽ ഏകദേശം 150-ഉം റോബോട്ടിക്സിൽ ഏകദേശം 50-ഉം കോഡിംഗിൽ 1000-ലധികവും സ്റ്റാർട്ടപ്പുകൾ പ്രവർത്തിച്ചുവരുന്നു. ഈ സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ സ്റ്റാർട്ടപ്പ് മേഖലയിൽ സംസ്ഥാനത്ത് മുപ്പത്തി അയ്യായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(സി) സ്റ്റാർട്ടപ്പ് മിഷനിലൂടെ സംരംഭകത്വ സാങ്കേതിക പരിജ്ഞാനശേഷി വികസിപ്പിച്ച് വനിതകളെ സംരംഭകത്വത്തിലേയ്ക്ക് നയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

വനിതകളെ സ്റ്റാർട്ടപ്പ് രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ താഴെപ്പറയുന്ന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു:

1. പ്രത്യേക ഇൻകുബേഷൻ പരിപാടി
2. വാർഷിക വനിതാ സമ്മേളനം
3. വിവിധ പരിശീലന പരിപാടികൾ
4. പ്രത്യേക ഗ്രാന്റിനുള്ള അവസരം
5. വനിതാ സ്റ്റാർട്ടപ്പുകൾക്ക് പർച്ചേസ് ഓർഡറുകൾക്ക് വിധേയമായി അതിവേഗ വായ്പ സൗകര്യം

(ഡി) സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കാനും നിക്ഷേപം ആകർഷിക്കാനും കൂടുതൽ സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കാനും നിക്ഷേപം ആകർഷിക്കാനും താഴെപ്പറയുന്ന പദ്ധതികൾ/പരിപാടികൾ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കി വരുന്നു.

1. ഫണ്ട് ഓഫ് ഫണ്ട് - സെബി അംഗീകാരമുള്ള എയ്ഞ്ചൽ ഫണ്ടുകളിൽ സ്റ്റാർട്ടപ്പ് മിഷൻ നിക്ഷേപം നടത്തി അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപമായി ലഭ്യമാക്കുന്ന കേരള സ്പെസിഫിക്

എയ്ഞ്ചൽ ഫണ്ട് (ഫണ്ട് ഓഫ് ഫണ്ട്) പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി മുഖേന 77.26 കോടി രൂപ മൂലധന നിക്ഷേപമായി വിവിധ സ്റ്റാർട്ടപ്പുകൾക്ക് ഇതിനോടകം ലഭ്യമായിട്ടുണ്ട്.

2. ഇന്നൊവേഷൻ ഗ്രാന്റ് - ഐഡിയ ഗ്രാന്റ്, പ്രോഡക്ടൈസേഷൻ ഗ്രാന്റ്, സ്കെയിലപ്പ് ഗ്രാന്റ്, ഗവേഷണ വികസന ഗ്രാന്റ് എന്നിവയുൾപ്പെട്ട ഇന്നൊവേഷൻ ഗ്രാന്റിലൂടെ സ്റ്റാർട്ടപ്പുകൾക്ക് ധനസഹായം നേരിട്ട് ലഭ്യമാക്കി വരുന്നു.

3. സീഡ് ഫണ്ട് - 15 ലക്ഷം രൂപ വരെ ലഘുവ്യവസ്ഥകളിൽ സ്റ്റാർട്ടപ്പുകൾക്ക് വായ്പ നൽകുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ മറ്റ് ഫണ്ടുകളുമായും (വ്യക്തികളും സ്ഥാപനങ്ങളും നിക്ഷേപിക്കുന്ന ഫണ്ടുകൾ ഉൾപ്പെടെ) ഉയർന്നശേഷിയുള്ള വ്യക്തിഗത നിക്ഷേപകരുമായും സ്റ്റാർട്ടപ്പുകളെ ബന്ധപ്പെടുത്തി മൂലധന നിക്ഷേപം ലഭ്യമാക്കുന്നതിനുള്ള സഹായവും സ്റ്റാർട്ടപ്പുകൾക്ക് നൽകുന്നുണ്ട്.

## ഓപ്പറേഷൻ കാവൽ

11 (*11) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങളും കൊലപാതകങ്ങളും പോലുള്ള സംഘടിത കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രത്യേക നടപടികൾ എന്തെല്ലാമാണ്?

സംസ്ഥാനത്ത് സാമ്പത്തിക കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി ഒരു പ്രത്യേക അന്വേഷണ വിഭാഗം രൂപീകരിക്കുമെന്ന് ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന Economic Offences Wing സംസ്ഥാനത്ത് അധികം താമസിയാതെ നിലവിൽ വരും. സംസ്ഥാനത്ത് ഒരു ഐ.ജി.-യുടെ ചുമതലയിലായിരിക്കും ഈ വിഭാഗം പ്രവർത്തിക്കുക. നിലവിലുള്ള സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിന്റെ പോരായ്മകൾ പരിഹരിച്ചുകൊണ്ടും ആധുനിക സങ്കേതങ്ങൾ വിനിയോഗിച്ചുമാണ് ഈ പ്രത്യേക വിഭാഗം രൂപീകരിക്കുക. ഗുണ്ടാ ആക്രമണങ്ങളും കൊലപാതകങ്ങളും പോലുള്ള സംഘടിത കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യാനായി പ്രത്യേക പദ്ധതിക്ക് പോലീസ് രൂപം നൽകിയിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലയിലും പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളെയും മറ്റ്

പ്രവർത്തനങ്ങളെയും നിരീക്ഷിക്കുകയും ഉചിത സമയത്ത് ആവശ്യമായ ഇടപെടലുകൾ നടത്തുകയുമാണ് ഇതിന്റെ കർത്തവ്യം. എസ്.എച്ച്.ഒ.-മാരുടെ നേതൃത്വത്തിൽ രണ്ട് പോലീസ് ഉദ്യോഗസ്ഥർ അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളുടെ പ്രവർത്തനങ്ങൾ പ്രത്യേകം നിരീക്ഷിച്ചുവരുന്നു. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരേയും അമർച്ച ചെയ്യുന്നതിന് "ഓപ്പറേഷൻ കാവൽ" എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തി അവർക്കെതിരെ കാപ്പാ നിയമമുൾപ്പെടെ കരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ വരുമാന സ്രോതസ്സ് ഉൾപ്പെടെയുള്ള ഡാറ്റാബേസ് തയ്യാറാക്കി വരുന്നു. ഇതിനുപുറമെ ഇവരെ സംബന്ധിച്ച ഹിസ്റ്ററി ഷീറ്റും ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഓപ്പറേഷൻ കാവൽ പദ്ധതി സംസ്ഥാനത്ത് വളരെ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.

(ബി) ഗുണ്ടകളുടെ പട്ടിക തയ്യാറാക്കി അവരെ ശക്തമായ നിരീക്ഷണത്തിലാക്കുന്നതിന് ആരംഭിച്ച ഓപ്പറേഷൻ കാവൽ കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. ഓപ്പറേഷൻ കാവൽ പദ്ധതി പ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വരുന്നവരെ കണ്ടെത്തി സമയബന്ധിതമായി അവർക്കെതിരെ കാപ്പാ നിയമമുൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിച്ചുവരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാബേസ് ജില്ലാതലത്തിൽ തയ്യാറാക്കി ആവശ്യമാണെന്ന് കാണുന്നവരെ അറസ്റ്റ് ചെയ്ത് കാപ്പാ നിയമ പ്രകാരവും ക്രിമിനൽ നടപടി ചട്ടപ്രകാരവും നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാന പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. സംസ്ഥാന പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിന് 2021-22-ൽ പോലീസ് വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സൈബർ ഇൻവെസ്റ്റിഗേഷൻ ആൻഡ് റിസർച്ച് ഡിവിഷൻ & സൈബർ ഓപ്പറേഷൻ വിംഗ്

2. പോലീസ് ടെക്നോളജി സെന്റർ

3. സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം

4. പോക്സോ കേസുകൾ അന്വേഷിക്കുന്നതിന് പ്രത്യേക വിഭാഗം

5. ക്രമസമാധാനം കൈകാര്യം ചെയ്യുന്നതിനും സുരക്ഷ ഒരുക്കുന്നതിനുമായി കെ.എ.പി. ആറാം ബറ്റാലിയൻ രൂപീകരിച്ചു.

6. 25 പുതിയ സബ് ഡിവിഷനുകൾ നിലവിൽ വന്നു.

7. ക്രൈംബ്രാഞ്ചിൽ 4 ലീഗൽ അഡ്വൈസർ തസ്തികകൾ സൃഷ്ടിച്ചു.

8. റവന്യൂ ജില്ലകളിൽ ജില്ലാ ഫോറൻസിക് ലാബുകൾ

9. പ്ലാൻ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ.

പുളിക്കീഴ്, പെരുനാട്, മൂഴിയാർ (പത്തനംതിട്ട), വിയ്യപുരം (ആലപ്പുഴ), വാഗമൺ, മുല്ലപ്പെരിയാർ (ഇടുക്കി), പന്തീരങ്കാവ് (കോഴിക്കോട് സിറ്റി), മുഴക്കുന്ന്, മട്ടന്നൂർ, ആലക്കോട് (കണ്ണൂർ), തങ്കമണി (ഇടുക്കി), എഴുകോൺ (കൊല്ലം റൂറൽ) എന്നീ 12 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ട്, തിരുവനന്തപുരത്ത് സൈബർ സെക്യൂരിറ്റി സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം കേന്ദ്രമാക്കി സൈബർ സെക്യൂരിറ്റി സെന്റർ സൈബർ ക്രൈം അനാലിസിസിലെ പുതിയ പ്രവണതകൾക്ക് അനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം ചെയ്യാനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. 2021-22 വർഷത്തിൽ ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ സിറ്റി എന്നീ ജില്ലാ പോലീസ് ഓഫീസുകൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2022-23 വർഷത്തിൽ പോലീസ് വകുപ്പിൽ താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറമ്പ് (കാസർഗോഡ്)/കൊട്ടാരക്കര, ചിതറ, ശൂരനാട് (കൊല്ലം റൂറൽ)/തേഞ്ഞിപ്പാലം (മലപ്പുറം)/കണ്ണവം (കണ്ണൂർ സിറ്റി)/വളയം (കോഴിക്കോട് റൂറൽ) എന്നീ 7 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങളും കാസർഗോഡും മലപ്പുറത്തും സൈബർ പോലീസ് സ്റ്റേഷൻ, കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷൻ, ശാസ്താംകോട്ട, സുൽത്താൻ ബത്തേരി, ചങ്ങനാശ്ശേരി സബ് ഡിവിഷൻ ഓഫീസുകൾ, ബേക്കൽ സബ് ഡിവിഷൻ കൺട്രോൾ റൂം, കണ്ണൂർ റൂറൽ ജില്ലാ പോലീസ് ഓഫീസ്,

കൊട്ടാരക്കര വനിതാ സെൽ എന്നീ ഓഫീസുകൾക്കായി പുതിയ കെട്ടിടങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും പോലീസ് സ്റ്റേഷന്റെ എല്ലാ പ്രധാന സ്ഥലങ്ങളും ഉൾപ്പെടത്തക്ക രീതിയിൽ സി.സി.ടി.വി. ക്യാമറ സംവിധാനം സ്ഥാപിക്കുന്നതാണ്. ജില്ലാ അതിർത്തികളിലും പ്രധാനപ്പെട്ട സ്ഥലങ്ങളിലും വാഹനങ്ങളുടെ നമ്പർ പ്ലേറ്റ് തിരിച്ചറിയാൻ കഴിയുന്ന ANPR ക്യാമറ സംവിധാനം സ്ഥാപിക്കുന്നതാണ്. സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സൈബർ പോലീസ് സ്റ്റേഷനുകളെ ശക്തിപ്പെടുത്തുകയും പോലീസുദ്യോഗസ്ഥർക്ക് സൈബർ ടെക്നോളജിയിൽ അഡ്വാൻസ്ഡ് ട്രെയിനിംഗ് നൽകുന്നതുമാണ്. Anti Terrorist Squad-നും Special Operations Group-നും ഓഫീസുകൾക്കായി പുതിയ കെട്ടിടങ്ങൾ.

(ഡി) കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിൽ ജനകീയ സഹകരണം ഉറപ്പുവരുത്തുന്ന ജനമൈത്രി പോലീസ് സംവിധാനം കൂടുതൽ ഫലപ്രദമാക്കാൻ നടപടിയുണ്ടാകുമോ?

ജനമൈത്രി പോലീസ് സംവിധാനം കൂടുതൽ ഫലപ്രദമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാനായി "പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്, വയോജനങ്ങളുടെ

കരുതലിനും സംരക്ഷണത്തിനുമായി "പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, ആദിവാസി ദുർബല വിഭാഗങ്ങളുടെ സംരക്ഷണത്തിനായി "ട്രൈബൽ ജനമൈത്രി പ്രോജക്ട്", അതിഥി തൊഴിലാളികളുടെ നിരീക്ഷണത്തിനായി "മൈഗ്രന്റ് ലേബർ ജനമൈത്രി", സാമൂഹിക സുരക്ഷയ്ക്കായി പോലീസ് പൊതുജന സഹകരണം ഉറപ്പാക്കുന്നതിലേയ്ക്കായി M-Beat എന്നീ പദ്ധതികൾ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ വിജയകരമായി നടപ്പിലാക്കി വരുന്നു. M-Beat പദ്ധതി പ്രകാരം ഒരു ബീറ്റുദ്യോഗസ്ഥൻ പ്രതിദിനം ബീറ്റ് ഏരിയയിലെ 12 വീടുകളെങ്കിലും കുറഞ്ഞത് സന്ദർശിച്ച് ജനങ്ങളുമായി അടുത്തിടപഴകി വിവരശേഖരണം നടത്തി കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും ക്രമസമാധാന പാലനത്തിനും ജനകീയ സഹകരണം ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചുവരുന്നു.

## റേഷൻ വിതരണ സംവിധാനം

12 (*12) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡുകളെല്ലാം എ.ടി.എം. കാർഡ്

മാതൃകയിലുള്ള സ്മാർട്ട് കാർഡുകളാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതുകൊണ്ടുണ്ടാകാനിടയുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 02-11-2021 മുതൽ റേഷൻ കാർഡുകൾ എ.ടി.എം. കാർഡ് വലിപ്പത്തിലുള്ള പി.വി.സി. കാർഡാക്കി മാറ്റുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ആയതുപ്രകാരം, അക്ഷയ കേന്ദ്രം മുഖേനയോ സിറ്റിസൺ ലോഗിൻ മുഖേനയോ ഡൗൺലോഡ് ചെയ്യപ്പെടുന്ന പി.ഡി.എഫ്. ഡോക്യുമെന്റ് ഉപയോഗിച്ച് പ്രിന്റ് ചെയ്യാവുന്ന പി.വി.സി. റേഷൻ കാർഡ് എ.ടി.എം. കാർഡിന്റെ വലിപ്പത്തിലുള്ളതും പോക്കറ്റിലോ പേഴ്സിലോ സൗകര്യപ്രദമായി സൂക്ഷിക്കാവുന്നതും പ്ലാസ്റ്റിക്/പി.വി.സി. മെറ്റീരിയൽ ആയതിനാൽ കാർഡ് നശിച്ചുപോകാതെ ദീർഘകാലം ഉപയോഗിക്കാൻ സാധിക്കുന്നതുമാണ്. ഇ-പോസ് മെഷീനിലുള്ള ബാർകോഡ് സ്കാനർ മുഖേന പി.വി.സി. റേഷൻ കാർഡിലെ ബാരകോഡ് സ്കാൻ ചെയ്ത് ഉപയോഗിക്കാവുന്നതാണ്. പി.വി.സി. റേഷൻ കാർഡ് ആവശ്യമുള്ളവർക്ക് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. പി.വി.സി. റേഷൻ കാർഡ് വരുന്നതുകൊണ്ട് നിലവിലുള്ള പുസ്തക രൂപത്തിലുള്ള റേഷൻ കാർഡ്, ലാമിനേറ്റ് ചെയ്തിട്ടുള്ള ഇ-റേഷൻ കാർഡ്

എന്നിവയുടെ സാധ്യതയോ ഉപയോഗമോ ഇല്ലാതാകുന്നില്ല. ഇതിനുപുറമെ, ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച എ.ടി.എം. കാർഡ് വലിപ്പത്തിലുള്ള സ്മാർട്ട് റേഷൻ കാർഡ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച കാർഡ് നിലവിൽ വരുന്നതോടെ റേഷൻ കടകളിൽനിന്നും ബാങ്കിംഗ് ആവശ്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും. ഗുണഭോക്താക്കൾക്ക് എവിടെനിന്നും റേഷൻ (Portability) വാങ്ങാനുള്ള സൗകര്യം, One Nation One Ration Card (ONORC) എന്ന തത്വം ആവിഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ എ.ടി.എം. കാർഡിന്റെ വലിപ്പമുള്ള കാർഡ് കൊണ്ടുനടക്കുന്നതിനുള്ള സൗകര്യമൊരുക്കിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളത്തിന് മാറാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ റേഷൻ വിതരണ സംവിധാനം സുതാര്യവും അഴിമതിരഹിതവും കാര്യക്ഷമവുമാണെന്നുറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തെ അടിസ്ഥാനപ്പെടുത്തി പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽതന്നെ നിരവധി നടപടികൾ സ്വീകരിച്ചിരുന്നു.

ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം, വകുപ്പിന്റെ പോർട്ടൽവഴി റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നിരീക്ഷിക്കാനുള്ള സംവിധാനം എന്നിവയെല്ലാം അതിന്റെ ഭാഗമാണ്. രാജ്യത്തിനുതന്നെ മാതൃകയാകുന്ന വിധത്തിൽ സംസ്ഥാനത്തെ പൊതുവിതരണ രംഗം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ വേണ്ടിയുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ആദിവാസി മേഖലകളിലെ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി ഈ സർക്കാർ തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽകൂടി നടപ്പിലാക്കി. "വിശപ്പുരഹിത കേരളം" പദ്ധതിയുടെ ഭാഗമായി നിർദ്ധനർക്ക് ഒരുനേരത്തെ ആഹാരം സൗജന്യനിരക്കിൽ ലഭ്യമാക്കുന്ന സുഭിക്ഷ ഹോട്ടൽ തിരുവനന്തപുരത്തും പത്തനംതിട്ടയിലും ആരംഭിച്ചു. പൊതുവിതരണ ശൃംഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തി. താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിൻമേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കണമെന്ന് കർശന നിർദ്ദേശം നൽകി. പൊതുവിതരണ വകുപ്പിന്റെ അഞ്ച് മേഖലകൾ തിരിച്ച് സ്ക്വാഡുകൾ രൂപീകരിച്ച് ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു. റേഷനിംഗ്

ഇൻസ്പെക്ടർമാർ കടകൾ പരിശോധിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ മൊബൈൽ ആപ്പ് സംവിധാനം ഏർപ്പെടുത്തുന്ന നടപടി അന്തിമഘട്ടത്തിലാണ്. കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനും എല്ലാ ഗോഡൗണുകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആധാർ അധിഷ്ഠിത പൊതുവിതരണ സംവിധാനം 100 ശതമാനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇലക്ട്രോണിക് ത്രാസ് ഇ-പോസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. രണ്ട് കിലോമീറ്റർ ചുറ്റളവിൽ പൗര കേന്ദ്രീകൃത സേവനങ്ങൾ ലഭ്യമാകാത്ത സ്ഥലങ്ങളിലെ 1000 റേഷൻ കടകൾ സ്മാർട്ട് റേഷൻ കടകളാക്കി മാറ്റുകയും ശബരി ഉൽപ്പന്നങ്ങൾ ഉൾപ്പെടെ ടി റേഷൻ കടകൾവഴി വിതരണം ചെയ്യുന്നതിനും ബാങ്കിംഗ് സേവനങ്ങൾ ഉൾപ്പെടെ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2022-2027 പദ്ധതി കാലയളവിൽ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ ശാസ്ത്രീയ മാനദണ്ഡങ്ങൾ അനുസരിച്ച് NFSA ഗോഡൗണുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) റേഷൻ വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നേരിട്ട് നിരീക്ഷിച്ച് ഇടപെടാൻ വകുപ്പുമന്ത്രി ഓഫീസിൽ മോണിറ്ററിംഗ് സെൽ ആരംഭിച്ചിട്ടുണ്ടോ?

പൊതുജനങ്ങൾക്ക് നേരിട്ട് ഫോൺ മുഖേന ബഹുമാനപ്പെട്ട ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിക്ക് പരാതി നൽകുന്നതിനും പരിഹാരം ലഭിക്കുന്നതിനുമായി മാസത്തിലെ ആദ്യ വെള്ളിയാഴ്ച ഫോൺ-ഇൻ-പ്രോഗ്രാം സംഘടിപ്പിച്ചുവരുന്നു. കൂടാതെ മന്ത്രി ഓഫീസിൽ നേരിട്ടും തപാൽ മുഖേനയും ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മന്ത്രിയുടെ ഓഫീസിൽ ഇക്കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) റേഷൻ കടകളുടെ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള വിജിലൻസ് കമ്മിറ്റികളുടെ ഘടനയും പ്രവർത്തനരീതിയും അറിയിക്കാമോ; അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013, സംസ്ഥാന ഭക്ഷ്യ ഭദ്രത ചട്ടം, 2018 എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സംസ്ഥാന, ജില്ലാ,

താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ 17-08-2018-ൽ രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല വിജിലൻസ് സമിതി, എല്ലാ ജില്ലയിലെയും ജില്ലാതല വിജിലൻസ് സമിതികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല വിജിലൻസ് സമിതികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരാറുണ്ട്. എല്ലാ ജില്ലയിലെയും താലൂക്ക്തല വിജിലൻസ് സമിതികൾ, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് അടിയന്തരമായി യോഗം ചേരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ സപ്ലൈ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിജിലൻസ് കമ്മിറ്റികളുടെ ഘടനയും പ്രവർത്തനരീതിയും സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

കോവിഡ് ബാധിച്ച് മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് ധനസഹായം

13 (*13) ശ്രീമതി യു. പ്രതിഭ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോവിഡ് ബാധിച്ച് മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കായി സംസ്ഥാന സർക്കാർ പ്രത്യേക ധനസഹായ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; കുട്ടികളുടെ പേരിൽ സ്ഥിരനിക്ഷേപമായി പണം നൽകുന്നതിനുപുറമെ പ്രതിമാസ ധനസഹായം നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കോവിഡ് ബാധിച്ച് മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കായി സംസ്ഥാന സർക്കാർ പ്രത്യേക ധനസഹായ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്ഥിര നിക്ഷേപമായി കുട്ടിയുടെ പേരിൽ മൂന്നുലക്ഷം രൂപ നൽകുന്നതിനുപുറമെ പ്രതിമാസ ധനസഹായമെന്ന നിലയിൽ 2000/- രൂപ വീതം കുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുന്നതുവരെ കുട്ടിയുടെയും കുട്ടിയുടെ നിലവിലെ രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കുപുറമെ ഇത്തരം കുട്ടികളുടെ പഠനചെലവ് വഹിക്കുന്നതിനുള്ള മറ്റ് സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

സർക്കാർ സഹായത്തിന് അർഹരായ കുട്ടികളുടെ ബിരുദതലം വരെയുള്ള വിദ്യാഭ്യാസ ചെലവ് കുട്ടികളുടെ അപേക്ഷയിന്മേൽ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അതാത്

സമയങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വനിത ശിശു വികസന വകുപ്പ് മുഖേന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരിട്ട് അനുവദിക്കുന്നുണ്ട്.

സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

14(*14) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ സർക്കാർ ഓഫീസുകളുടെയും പ്രവർത്തനങ്ങൾ ജനോപകാരപ്രദവും സുതാര്യവുമാക്കുന്നതിന് ജില്ലാ തലങ്ങളിൽ സർപ്രൈസ് ഇൻസ്പെക്ഷൻ ടീമിനെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് എല്ലാ സർക്കാർ ഓഫീസുകളുടെയും പ്രവർത്തനങ്ങൾ സുതാര്യവും ജനോപകാരപ്രദവുമാക്കുന്നതിന് ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര (എ.വി.സി.) വകുപ്പും ധനകാര്യ പരിശോധനാ വിഭാഗവും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയും വിവിധ വകുപ്പുകളുടെ വിജിലൻസ് പരിശോധനാ വിഭാഗവും ആകസ്മിക പരിശോധനകൾ നടത്തിവരുന്നുണ്ട്. വിവിധ ജില്ലകളിൽ നടത്തിവന്നിരുന്ന ഈ ആകസ്മിക

പരിശോധനകളിലൂടെ, ഭരണപരമായ വീഴ്ചകൾ പരിശോധിക്കപ്പെടുമെന്ന അവബോധം ജീവനക്കാരിൽ ഉണ്ടാകുകയും സംസ്ഥാനത്തൊട്ടാകെ വിവിധ ഓഫീസുകളുടെ പ്രവർത്തനത്തിലും ഉദ്യോഗസ്ഥരുടെ മനോഭാവത്തിലും വലിയ മാറ്റങ്ങളുണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ ഇത്തരം ടീമിനെ നിയോഗിക്കുന്നതോടൊപ്പം ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും നടപടികളുണ്ടാകുമോ?

പരിശോധനാവേളകളിൽ ജീവനക്കാരുടെ പ്രശ്നങ്ങൾ നേരിൽ കേട്ട് വകുപ്പ് മേധാവികളുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. ലഭിക്കുന്ന പരാതികളിൽ നേരിട്ട് പരിശോധന നടത്തുമ്പോൾ ഓഫീസുകളിൽ കണ്ടെത്തുന്ന ഗുരുതരമായ വീഴ്ചകൾ പരിഹരിക്കുന്നതിനും ഉദ്യോഗസ്ഥരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുണ്ടെങ്കിൽ അക്കാര്യം അതാത് വകുപ്പുസെക്രട്ടറിമാരുടെ ശ്രദ്ധയിൽപ്പെടുത്താറുമുണ്ട്.

## മനസ്സോടിത്തിരി മണ്ണ്

15 (*15) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ എ. സി. മൊയ്തീൻ:
ശ്രീ എം. നൗഷാദ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം.

വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് പദ്ധതിയുടെ വിവിധ ഘട്ടങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് ലൈഫ് പദ്ധതിയുടെ വിവിധ ഘട്ടങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി 2,79,131 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) പദ്ധതിയുടെ ഭാഗമായി മനസ്സോടിത്തിരി മണ്ണ് എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത ക്യാമ്പയിനിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായവർക്ക് ഭൂമിയും വീടും ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി മനസ്സോടിത്തിരി മണ്ണ് എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് സുമനസ്സുകളായ പൊതുജനങ്ങൾ, വ്യാപാരി വ്യവസായികൾ, പ്രവാസികൾ, സന്നദ്ധ സംഘടനകൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ മുതലായവരുടെ സജീവ പങ്കാളിത്തം ആവശ്യമാണ്. ഇതിനുവേണ്ടിയാണ് മനസ്സോടിത്തിരി മണ്ണ് എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി സംസ്ഥാന/ജില്ലാ/തദ്ദേശസ്ഥാപന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തലങ്ങളിൽ സമിതികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നുസെന്റ് മുതൽ മുകളിലോട്ട് വിസ്തൃതിയുള്ള ഭവനനിർമ്മാണ യോഗ്യമായ ഭൂമി ഗുണഭോക്താക്കൾക്ക് വിട്ടുകൊടുക്കുന്ന രീതിയാണ് ഇതിൽ പ്രധാനം. ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമി സൗജന്യമായി നൽകുന്നതിന് രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. മറ്റൊന്ന്, ഭൂമി വാങ്ങുന്നതിനുള്ള തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന രീതിയാണ്. സംഭാവനകൾ ഒരു കാരണവശാലും തദ്ദേശ സ്ഥാപനങ്ങളോ സർക്കാർ ഏജൻസികളോ നേരിട്ട് വാങ്ങുന്നതല്ല. എന്നാൽ ഈ രണ്ട് രീതികളിലും ഭൂമി ലഭ്യമാക്കുന്നത് തദ്ദേശ സ്ഥാപനങ്ങൾ അംഗീകരിച്ച ലൈഫ് ഗുണഭോക്താക്കൾക്ക് മാത്രമായിരിക്കും.

(സി) ചിലർ രാഷ്ട്രീയപ്രേരിതമായ ആരോപണങ്ങൾ ഉന്നയിച്ച് പ്രസ്തുത പദ്ധതി നടത്തിപ്പിൽ കാലതാമസം വരുത്തുന്നതായും അതിലൂടെ ഭവനരഹിതരായ സാധാരണക്കാരുടെ താല്പര്യങ്ങൾ ഹനിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ എപ്രകാരമാണ് നേരിടുന്നതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മുനിസിപ്പൽ കോർപ്പറേഷനുകളിലെ ക്രമക്കേടുകൾ

16 (*16) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ അടക്കമുള്ള സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിൽ വിവിധ ആവശ്യങ്ങൾക്കായി സമർപ്പിക്കുന്ന അപേക്ഷകളിൽ യഥാസമയം തീരുമാനമെടുക്കാൻ കൈക്കൂലി വാങ്ങുന്നതായും കൈക്കൂലി നൽകാത്തവരുടെ അപേക്ഷകളിൽ തീരുമാനം ദീർഘിപ്പിക്കുകയോ എതിരായി തീരുമാനിക്കുകയോ ചെയ്യുന്നതായുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം രീതിയിലുള്ള ക്രമക്കേടുകളാണ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ക്രമക്കേടുകൾ നടത്തുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ? വിശദാംശം ലഭ്യമാക്കുമോ?

വിജിലൻസിൽ ലഭിക്കുന്ന പരാതികളിന്മേൽ വിജിലൻസ് അന്വേഷണം നടത്തി ക്രമക്കേട് കണ്ടെത്തുന്നപക്ഷം ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പ് തലത്തിലും നടപടി സ്വീകരിച്ചുവരുന്നു.

സിൽവർ ലൈൻ ഡി.പി.ആർ.

17 (*17) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ കരാർ നൽകിയ കമ്പനി സമർപ്പിച്ച ഡി.പി.ആർ. കെ-റെയിൽ അധികൃതർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സിസ്ട്ര സമർപ്പിച്ച സിൽവർ ലൈൻ പദ്ധതിയുടെ റിപ്പോർട്ട് കെ-റെയിൽ അധികൃതർ പരിശോധിച്ചിരുന്നു. തുടർന്ന് ഡി.പി.ആർ. ബോർഡ്

ഓഫ് ഡയറക്ടേഴ്സ് യോഗത്തിൽ സമർപ്പിക്കുകയും ബോർഡ് പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിരുന്നു.

(ബി) ഡി.പി.ആർ.-ന്റെ ഭാഗമായി ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകണമെന്ന് കരാറിൽ നിഷ്കർഷിക്കുന്നുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാരിന് നൽകിയ ഡി.പി.ആർ.-ന്റെ ഭാഗമായി ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

നിഷ്കർഷിക്കുന്നുണ്ട്. റെയിൽവേ ബോർഡ് നിഷ്കർഷിച്ച പ്രകാരമാണ് ഡി.പി.ആർ. തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽതന്നെ സിൽവർ ലൈൻ പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് കെ-റെയിൽ തയ്യാറാക്കുകയും പ്രസ്തുത റിപ്പോർട്ട് കേരള സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത റിപ്പോർട്ട് റെയിൽവേ ബോർഡിന് സമർപ്പിക്കുകയും റെയിൽ മന്ത്രാലയം സിൽവർ ലൈൻ പദ്ധതിയുടെ പ്രീ-ഇൻവെസ്റ്റ്മെന്റ് ആക്റ്റിവിറ്റീസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് തത്വത്തിലുള്ള അംഗീകാരം നൽകുകയും ചെയ്തു.

(സി) തിരുവനന്തപുരം മുതൽ കോട്ടയം വരെ നൂറ് കിലോമീറ്ററോളം അലൈൻമെന്റിന്റെ വിശദമായ ഡ്രോയിംഗ് മാത്രമാണോ ഡി.പി.ആർ.-ന്റെ

ഭാഗമായി സമർപ്പിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

530 കിലോമീറ്ററിന്റെ വിവരങ്ങളും ഡി.പി.ആർ.-ൽ ഉൾപ്പെട്ടിട്ടുണ്ട്.

സിൽവർ ലൈൻ ഡി.പി.ആർ.

18 (*18) ശ്രീ. സജീവ് ജോസഫ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. ഏത് കമ്പനിയാണ് തയ്യാറാക്കിയതെന്ന് വിശദമാക്കാമോ?

സിസ്ട്ര പാരീസ് എന്ന ഫ്രഞ്ച് കമ്പനിയാണ് ഡി.പി.ആർ. തയ്യാറാക്കിയത്.

(ബി) പ്രസ്തുത കമ്പനിക്ക് കരാർ നൽകിയത് ഗ്ലോബൽ ടെൻഡറിലൂടെയാണോയെന്നും നാളിതുവരെ കമ്പനിക്ക് എത്ര കോടി രൂപ നൽകിയെന്നും വിശദമാക്കാമോ?

ഓപ്പൺ ടെൻഡറിംഗിലൂടെ അർഹരാകുകയും അതുവഴി തെരഞ്ഞെടുക്കപ്പെട്ടുകയുമാണ് ചെയ്തത്. കമ്പനിക്ക് നാളിതുവരെ 22,27,93,060.80 (ഇരുപത്തിരണ്ട് കോടി ഇരുപത്തിയേഴ് ലക്ഷത്തി

തൊണ്ണൂറ്റി മൂവായിരത്തി അറുപത് രൂപ എൺപതു പൈസ മാത്രം) രൂപ നൽകിയിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന് സമർപ്പിച്ച സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. പൂർണ്ണമല്ലെന്ന കേന്ദ്ര മന്ത്രിയുടെ പ്രസ്താവനയും ഇതുസംബന്ധിച്ച് ലോക്സഭയിൽ ഉന്നയിച്ച ചോദ്യത്തിന് നൽകിയ ഉത്തരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിരുന്നു. 2021 ഡിസംബർ 6-ന് ചീഫ് സെക്രട്ടറി, ഗതാഗത സെക്രട്ടറി, കെ-റെയിൽ അധികൃതർ എന്നിവർ റെയിൽവേ ബോർഡ് ചെയർമാനും മറ്റ് ബോർഡംഗങ്ങളുമായി സിൽവർലൈൻ ഡി.പി.ആർ.-നെക്കുറിച്ച് വിശദമായ മീറ്റിംഗ് നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ ഡി.പി.ആർ. വിശദമായി അവലോകനം ചെയ്യുകയും വിവരങ്ങൾ ആരായുകയും ചെയ്തു. തിരൂർ മുതൽ കാസർഗോഡ് വരെ നിലവിലെ റെയിൽവേ ലൈനിന് സമാന്തരമായാണ് സിൽവർലൈൻ പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. ഈ സ്ഥലങ്ങളിൽ എത്ര റെയിൽവേ ഭൂമി ആവശ്യമായി വരുന്നുണ്ട്, അതിന്റെ എക്സ്റ്റൻഡ്, ഡ്രോയിംഗ്സ്, ബൗണ്ടറി മാർക്കിംഗ്സ് തുടങ്ങിയവയും എവിടെയെല്ലാം സിൽവർ ലൈൻ അലൈൻമെന്റ് ക്രോസ് ചെയ്യുന്ന തുടങ്ങിയ വിവരങ്ങളും സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു.

ഇതുമായി ബന്ധപ്പെട്ട കത്തിടപാടുകൾ നടന്നുവരികയാണ്. ഇതുസംബന്ധിച്ചുള്ള വർക്കിംഗ് ഷീറ്റ്, കഡാസ്ട്രൽ മാപ്പ് എന്നിവ ലഭ്യമാണ്. എന്നാൽ പ്രസ്തുത വിവരങ്ങൾ ഇന്ത്യൻ റെയിൽവേ അധികൃതരുമായി ജോയിന്റ് വെരിഫിക്കേഷൻ നടത്തി റീസബ്മിറ്റ് ചെയ്യാനാണ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്. ഇത്തരം വിവരങ്ങൾ ഡി.പി.ആർ.-ന്റെ ഭാഗമല്ല. ഇത് പദ്ധതിയുടെ നിർമ്മാണഘട്ടങ്ങളിൽ തയ്യാറാക്കേണ്ട ഡിസൈൻ റിപ്പോർട്ടിലാണ് വ്യക്തമായി ഉൾപ്പെടുത്തുന്നത്.

(ഡി) അപൂർണ്ണമായ ഡി.പി.ആർ. തയ്യാറാക്കിയ കമ്പനിക്കെതിരെ നടപടി സ്വീകരിക്കാൻ ഇതുസംബന്ധിച്ച കരാറിൽ വ്യവസ്ഥകളുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഡി.പി.ആർ. റെയിൽവേ ബോർഡിന്റെ പരിഗണനയിലാണ്. കമ്പനി, കരാർ മാനദണ്ഡങ്ങൾ ലംഘിക്കുന്നപക്ഷം വേണ്ട നടപടി സ്വീകരിക്കുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) ഡി.പി.ആർ.-ലെ അലൈൻമെന്റ് ഡ്രോയിംഗിൽ 115 കി.മീ. ദൂരം വരെയുള്ള ട്രാക്കിന്റെ വിവരങ്ങൾ മാത്രമാണോ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

അല്ല. 530 കിലോമീറ്റർ വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കിറ്റെക്സ് തൊഴിലാളികളുടെ സംഘടിത ആക്രമണം

19 (*19) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനാംഗങ്ങൾക്ക് നേരെയുണ്ടായ ആക്രമണങ്ങളിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരം കുറ്റം ചെയ്യുന്നവർക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തി ശക്തമായ നിയമ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) കിഴക്കമ്പലത്തെ കിറ്റെക്സ് കമ്പനിയുടെ ലേബർ ക്യാമ്പിലെ ഇതര സംസ്ഥാന തൊഴിലാളികൾ സംഘടിതമായി അകാരണമായി പോലീസിനെ ആക്രമിക്കുകയും കലാപം സൃഷ്ടിക്കാൻ ശ്രമിക്കുകയും ചെയ്ത സ്ഥിതിവിശേഷം ഉണ്ടായോയെന്നും എങ്കിൽ ആക്രമണകാരികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ഉണ്ടായിട്ടുണ്ട്. 26-12-2021-ൽ കിഴക്കമ്പലം കിറ്റെക്സ് കമ്പനിയിലെ ജോലിക്കാർ പരസ്പരം ലഹള കൂടുന്നതായി വിവരം ലഭിച്ചതിനെത്തുടർന്ന് സ്ഥലത്തെത്തിയ പോലീസ് ഉദ്യോഗസ്ഥരെ ഇവരിൽ ചിലർ കല്ലെറിഞ്ഞും വടികൊണ്ട് തലയ്ക്കടിച്ചും മറ്റും ആക്രമണം നടത്തിയതിനും പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം വരുത്തിയും പോലീസ് വാഹനങ്ങൾ അടിച്ചുതകർത്ത് തീവച്ച് നശിപ്പിക്കുകയും ചെയ്തതിനും കുന്നത്തുനാട് പോലീസ് സ്റ്റേഷൻ ക്രൈം നം. 1587/2021 u/s 143, 144, 147, 148, 107, 324, 326, 307, 353, 332, 333 r/w 149 IPC & Sec. 3(1) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പെരുമ്പാവൂർ എസ്.എച്ച്.ഒ.-യുടെ കീഴിൽ ഒരു സ്പെഷ്യൽ ടീം ഉണ്ടാക്കി അന്വേഷണം നടത്തി വരുന്നതാണ്. ടി കേസിലെ 51 പ്രതികളെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുള്ളതാണ്. കൂടാതെ, പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കുന്നത്തുനാട് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1588/2021 u/s 143, 145, 147, 148, 149, 341, 342, 294(ബി), 506(ii), 323, 324, 332, 353, 427, 435, 440, 447 & 114 r/w 107 IPC & Sec. 3(1), 4 of PDPP Act പ്രകാരം മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസിന്റെ അന്വേഷണം കല്ലൂർക്കാട് ഐ.എസ്.എച്ച്.ഒ.-യുടെ കീഴിലുള്ള സ്പെഷ്യൽ ടീം നടത്തി വരുന്നതുമാണ്.

ടി കേസിലേയ്ക്ക് 174 പ്രതികളെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്. കേസുകളുടെ അന്വേഷണം അന്തിമഘട്ടത്തിലാണ്.

(സി) സർക്കാർ സംവിധാനങ്ങളെയോ ജനപ്രതിനിധികളെയോ അംഗീകരിക്കാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളായ ഗുണ്ടകളുടെയും സുരക്ഷാ ജീവനക്കാരുടെയും സഹായത്താൽ കിറ്റെക്സ് കമ്പനി കിഴക്കമ്പലത്ത് സമാധാനാന്തരീക്ഷം ഇല്ലാതാക്കുന്നതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കിറ്റെക്സ് എന്ന സ്ഥാപനത്തിലെ അന്തേവാസികളായ ഇതര സംസ്ഥാന തൊഴിലാളികൾ കമ്പനി സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ഗ്രാമവാസികൾക്ക് അസ്വസ്ഥതകൾ സൃഷ്ടിക്കുന്നതായി പത്ര-ദൃശ്യ മാധ്യമ പ്രതിനിധികളോട് പരാതിപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## പി. പി. ഇ. കിറ്റിന്റെ ഉയർന്ന നിരക്ക്

20 (*20) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഉദ്ദേശ്യ

ലക്ഷ്യം വ്യക്തമാക്കാമോ; കോവിഡ് കാലത്ത് പ്രസ്തുത കോർപ്പറേഷനെ കോവിഡ് അനുബന്ധ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള ഏക സ്ഥാപനമാക്കി സർക്കാർ ഉത്തരവ് ഇറക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ആരോഗ്യവകുപ്പിന്റേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റേയും കീഴിൽ വരുന്ന എല്ലാ ആശുപത്രികൾക്കും ആവശ്യമായ മരുന്നുകളും മരുന്നുൽപ്പന്നങ്ങളും ഉപകരണങ്ങളും സംഭരിച്ച് വിതരണം ചെയ്യുന്നതിനായുള്ള കേന്ദ്രീകൃത ഏജൻസിയായി പ്രവർത്തിക്കുന്നതിനാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശ്യം. കൂടാതെ അനുബന്ധ സജ്ജീകരണങ്ങൾ, കനിവ് 108 ആംബുലൻസിന്റെ സേവനം, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ തുടങ്ങിയവയാണ് കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുള്ള പ്രധാന ചുമതലകൾ. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ ശിപാർശ പ്രകാരം പ്രാദേശിക വികസന നിധി/ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കോവിഡ്-19 ബാധിത പ്രദേശങ്ങളിലെ സർക്കാർ നിശ്ചയിച്ചിട്ടുള്ള പൊതുജനാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് സർക്കാരിന്റെ പ്രതിരോധ ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ആരോഗ്യ വകുപ്പിന്റെ ആവശ്യ പ്രകാരം

സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി വെന്റിലേറ്റർ, ടെസ്റ്റിംഗ് കിറ്റുകൾ തുടങ്ങി ദീർഘകാല ഉപയോഗമില്ലാത്ത പ്രതിരോധ ചികിത്സാ സാമഗ്രികളും ആശുപത്രി ഉപകരണങ്ങളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടായിരുന്നു.

(ബി) കോവിഡിനെ അപേക്ഷിച്ച് മരണനിരക്ക് കൂടുതലുള്ള നിപ പോലുള്ള രോഗത്തെ പ്രതിരോധിക്കാൻ പി.പി.ഇ. കിറ്റ് നിർമ്മിച്ച് നൽകിയ കമ്പനിയായ കെറോണിൽ (Careon Healthcare Solutions) നിന്നും 2020 ജനുവരിയിൽ പി.പി.ഇ. കിറ്റ് നൽകാൻ ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കിറ്റുകളുടെ എണ്ണവും എത്ര രൂപ നിരക്കിലാണ് പി.പി.ഇ. കിറ്റ് ലഭ്യമാക്കിയതെന്നും വ്യക്തമാക്കാമോ?

Careon Healthcare Solutions എന്ന വിതരണക്കാരനിൽനിന്നും 1000 PPE Kit, 414/- രൂപ നിരക്കിൽ (നികുതി ഉൾപ്പെടെ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ചിട്ടുണ്ട്.

(സി) പി.പി.ഇ. കിറ്റ് വാങ്ങാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കെറോണിന് എന്നാണ് പർച്ചേസ് ഓർഡർ നൽകിയതെന്ന് വ്യക്തമാക്കാമോ?

30-01-2020-നാണ് കെറോൺ എന്ന വിതരണക്കാരന് പി.പി.ഇ. കിറ്റിനായി ആദ്യ പർച്ചേസ് ഓർഡർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകിയത്.

(ഡി) പ്രസ്തുത കമ്പനിയിൽനിന്നും കൂടുതൽ പി.പി.ഇ. കിറ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നോ;

(ഇ) പി.പി.ഇ. കിറ്റിന്റെ ലഭ്യതക്കുറവുമൂലം ആയത് നൽകാൻ സാധിക്കില്ലെന്ന് കെറോൺ കമ്പനി സർക്കാരിനെയോ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയോ അറിയിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(എഫ്) കെറോൺ കമ്പനിയിൽനിന്നും 550/- രൂപ നിരക്കിൽ പി.പി.ഇ. കിറ്റ് വാങ്ങാൻ തീരുമാനിച്ച് ദിവസങ്ങൾക്കകം 1550/- രൂപ നിരക്കിൽ സാൻ ഫാർമ എന്ന സ്ഥാപനത്തിൽനിന്നും പി.പി.ഇ. കിറ്റ് വാങ്ങാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ കാരണം വിശദമാക്കാമോ?

(ഡി-എഫ്) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്ന് ലഭ്യമായ വിവരമനുസരിച്ച്, കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ ഏറ്റവും മോശമായ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ 10 ലക്ഷം പി.പി.ഇ. കിറ്റുകൾ

സംഭരിക്കേണ്ടതായി വരുമെന്ന സാഹചര്യം വിലയിരുത്തി 8 ലക്ഷം പി.പി.ഇ. കിറ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ രണ്ട് മാസത്തിനുള്ളിൽ സംഭരിക്കുന്നതിന് തീരുമാനിച്ചിരുന്നു. തദ്ദേശീയമായി പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യുന്ന കമ്പനികളെ സംബന്ധിച്ച് പ്രതിദിനം 2000 മുതൽ 3000 വരെ പി.പി.ഇ. കിറ്റുകൾ മാത്രം നിർമ്മിച്ച് നൽകാനുള്ള ശേഷി മാത്രമാണ് അന്ന് നിലവിലുണ്ടായിരുന്നത്. പ്രതിദിന ഉപയോഗത്തിന് ആനുപാതികമായിട്ടുള്ള പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യാൻ തക്കവണ്ണം തദ്ദേശീയ വിതരണക്കാരെ ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ പി.പി.ഇ. കിറ്റുകളുടെ അസംസ്കൃത വസ്തുക്കൾ ചൈനയിൽനിന്നും ലഭ്യമാകുന്നതിന് തടസ്സമുണ്ടാകുന്നത് വിതരണക്കാരെ ലഭിക്കാൻ വലിയ തോതിൽ പ്രയാസമുണ്ടാക്കുമെന്ന് വിലയിരുത്തിയശേഷം ആവശ്യമെങ്കിൽ അമ്പതുശതമാനം മുൻകൂർതുക നൽകി ഒരേസമയം സാൻ ഫാർമ ഉൾപ്പെടെയുള്ള വിവിധ വിതരണക്കാരിൽനിന്ന് സംഭരിക്കാൻ തീരുമാനിച്ചിരുന്നു.

<u>കോവിഡ് മൂന്നാം തരംഗം</u>

21 (*21) <u>ശ്രീ. സി. സി. മുകുന്ദൻ</u>:
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:
<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>:
<u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡിന്റെ മൂന്നാം തരംഗം മുന്നിൽ കണ്ട് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നോ; വിശദമാക്കുമോ?

നടത്തിയിരുന്നു. 2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ മൂന്നാം തരംഗം ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന പൊതുജനാരോഗ്യ വിദഗ്ധരുടെ അഭിപ്രായത്തെത്തുടർന്ന് കേരളം അതിനുള്ള മുന്നൊരുക്കം വളരെ നേരത്തെ തന്നെ ആരംഭിച്ചിരുന്നു. കോവിഡ് സ്ഥിതിവിവര കണക്കുകൾ ദിനംപ്രതി അവലോകനം നടത്തി രോഗികളുടെ എണ്ണത്തിലെ വർദ്ധനവ് മനസ്സിലാക്കി. മൂന്നാം തരംഗത്തിൽ വാക്സിനേറ്റഡല്ലാത്ത ജനവിഭാഗമായ കുട്ടികൾക്കായി ജില്ലകളിൽ പീഡിയാട്രിക് ഐ.സി.യു. കിടക്കകൾ സജ്ജമാക്കി. എല്ലാ മെഡിക്കൽ കോളേജുകളിലും 10 കിടക്കകൾ വീതം ഇതിനായി മാറ്റിവയ്ക്കുന്നതിനുള്ള നിർദ്ദേശം 2021 ജൂണിൽത്തന്നെ ആരോഗ്യ വകുപ്പ് നൽകുകയുണ്ടായി. ആശുപത്രികളിലെ കിടക്കകളും ഓക്സിജൻ കിടക്കകളും ഐ.സി.യു.-കളും വെന്റിലേറ്റർ സൗകര്യങ്ങളും മരുന്നുകളും ഇതിനായി സജ്ജമാക്കുകയും സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തു. ആശുപത്രികളിലെ തിരക്ക് കുറയ്ക്കുന്നതിനായി ടെലി മെഡിസിൻ

സംവിധാനം ഇ-സഞ്ജീവനിവഴി നടപ്പിലാക്കി. ഈ കാലയളവിൽ പ്രതിദിനം 60-70 മെട്രിക് ടൺ ഓക്സിജനാണ് ആവശ്യമെങ്കിലും പ്രതിദിനം 419.8 മെട്രിക് ടൺ ഓക്സിജൻ വരെ കേരളത്തിൽ ഉത്പാദിപ്പിക്കുന്നു. ഇതുകൂടാതെ 50 ഓക്സിജൻ ജനറേറ്ററുകളും പ്രവർത്തനക്ഷമമാണ്. അന്താരാഷ്ട്ര വിമാനത്താവളത്തിൽ വച്ചുതന്നെ അന്തർദേശീയ യാത്രക്കാരെ പരിശോധനയ്ക്ക് വിധേയമാക്കാനും രോഗം സ്ഥിരീകരിച്ചവർക്ക് പ്രത്യേകം സജ്ജമാക്കിയ ചികിത്സാ കേന്ദ്രത്തിൽ വച്ച് ചികിത്സ ഉറപ്പാക്കാനും അവരുമായി അടുത്ത സമ്പർക്കം പുലർത്തിയവരെ കണ്ടെത്തി നിരീക്ഷിക്കുകയും ടെസ്റ്റ് ചെയ്യുകയും രോഗം സ്ഥിരീകരിച്ചവർക്ക് ആവശ്യമായ ചികിത്സ പ്രത്യേകമായി തന്നെ ഉറപ്പാക്കുകയും ചെയ്തിരുന്നു. ഒമിക്രോൺ സാധ്യത കുറഞ്ഞ രാജ്യങ്ങളിൽനിന്നും വന്ന യാത്രക്കാരിൽ 20 ശതമാനം പേരെ റാൻഡമായി സർക്കാർ ചെലവിൽ തന്നെ പരിശോധിക്കുകയും രോഗം സ്ഥിരീകരിച്ചവർക്കാവശ്യമായ ചികിത്സയും ഉറപ്പുവരുത്തുകയുണ്ടായി. ദേശീയ മാർഗ്ഗരേഖയിൽ 2 ശതമാനം പേരെ മാത്രമാണ് ഇത്തരത്തിൽ പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ 20 ശതമാനം പേരെ ടെസ്റ്റ് ചെയ്തതിലൂടെ കൂടുതൽ രോഗികളെ കണ്ടെത്താനും അവരിലൂടെ ഉണ്ടാകുമായിരുന്ന ഒമിക്രോൺ സമൂഹവ്യാപനം

ഒരു പരിധിവരെ തടയാനും സാധിച്ചിരുന്നു. ഇവരുടെ സാമ്പിളുകൾ ജനിതക പരിശോധനയ്ക്കായി കഴക്കൂട്ടത്തെ രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ അയയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. ഒമിക്രോൺ സ്ഥിരീകരിച്ചവരെ കോവിഡ് നെഗറ്റീവാകുന്നതുവരെ ചികിത്സാ കേന്ദ്രങ്ങളിൽത്തന്നെ തുടരുവാനും നടപടി സ്വീകരിച്ചു. മൂന്നാം തരംഗത്തിന്റെ ഭാഗമായി 2022 ജനുവരി മുതൽ കോവിഡ് പരിശോധനാ സംവിധാനത്തിൽ മാറ്റം വരുത്തുകയുണ്ടായി. രോഗലക്ഷണമുള്ളവരെയും രോഗം സങ്കീർണ്ണമാകാൻ സാദ്ധ്യതയുള്ള പ്രാഥമിക സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ടവരെയും പരിശോധിക്കുക എന്ന തന്ത്രമാണ് സ്വീകരിച്ചത്. രോഗം സ്ഥിരീകരിച്ചിട്ടുള്ളവരിൽ പറയത്തക്ക രോഗലക്ഷണമില്ലാത്തവരെയും ചെറിയ തോതിൽ ലക്ഷണങ്ങളുള്ളവരെയും വീടുകളിൽത്തന്നെ നിരീക്ഷിച്ച് ചികിത്സിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. തീവ്ര ലക്ഷണങ്ങളുള്ളവർക്കും പ്രതിരോധശേഷി കുറഞ്ഞവർക്കും മറ്റ് ദീർഘകാല ജീവിതശൈലീ രോഗങ്ങളുള്ളവർക്കും സ്ഥാപനതല ചികിത്സ ഉറപ്പുവരുത്തുകയുണ്ടായി. രോഗികളുടെ വർദ്ധനയ്ക്കനുസരിച്ച് ചികിത്സാ സൗകര്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. വാർഡുതല ദ്രുതകർമ്മസേന ഗൃഹ സന്ദർശനം നടത്തി വീടുകളിൽ ചികിത്സയിലുള്ളവർക്ക് ആവശ്യമായ

മരുന്നുകളും മറ്റ് സഹായ സഹകരണങ്ങളും നൽകിവരുന്നുണ്ട്. ഇവർക്കാവശ്യമുള്ള വിദഗ്ധ ഉപദേശം ഇ-സഞ്ജീവനി പ്ലാറ്റ്ഫോമിലൂടെ നൽകിവരുന്നു. കൂടാതെ മാനസികാരോഗ്യ പിന്തുണയ്ക്കുവേണ്ടി കൗൺസലിംഗ് സംവിധാനവും നൽകിവരുന്നുണ്ട്. ഗൃഹ നിരീക്ഷണത്തിൽ ഇരിക്കുന്നവരിൽ അപായ സൂചനകൾ കാണുന്നപക്ഷം DPMSU വഴി ചികിത്സാ കേന്ദ്രങ്ങളിലെത്തിച്ച് ആവശ്യമായ വിദഗ്ധ ചികിത്സ ഉറപ്പു വരുത്തുന്നുണ്ട്. സംശയ നിവാരണത്തിനായി ദിശയുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്. കാൻസർ, വൃക്കരോഗം, അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായവർ തുടങ്ങിയ പ്രതിരോധശേഷി കുറഞ്ഞ രോഗികൾക്ക് ചികിത്സയുടെ ഭാഗമായി മോണോക്ലോണൽ ആന്റിബോഡിയുടെ ഉപയോഗവും ലഭ്യമാക്കി വരുന്നു. കോവിഡ് ചികിത്സയ്ക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ എല്ലാ പ്രധാന ആശുപത്രികളിലും (സർക്കാർ/സ്വകാര്യം) സജ്ജമാക്കിയിരുന്നു. ബെഡ്ഡുകളും, ഐ.സി.യു./വെന്റിലേറ്റർ സംവിധാനങ്ങളും ഓക്സിജന്റെ ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ മരുന്നുകളും വ്യക്തിഗത സുരക്ഷാ സാമഗ്രികളും കെ.എം.എസ്.സി.എൽ. വഴി ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ പ്രധാന ആശുപത്രികളിലും ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചു. മൂന്നാം

തരംഗത്തിന് മുൻപ് എല്ലാവർക്കും വാക്സിനെടുക്കുകയെന്ന ലക്ഷ്യത്തോടെ പ്രത്യേക ഡ്രൈവുകൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കി. പരമാവധി പേർക്ക് വാക്സിൻ നൽകി സുരക്ഷിതമാക്കാനാണ് സംസ്ഥാനം ശ്രമിക്കുന്നത്. 2022 ഫെബ്രുവരി 14 വരെ വാക്സിനേഷൻ എടുക്കേണ്ട 18 വയസ്സിന് മുകളിൽ പ്രായമുള്ള ജനസംഖ്യയുടെ 101 ശതമാനം പേർക്ക് (2,68,68,122) ഒന്നാം ഡോസ് വാക്സിനും, 85 ശതമാനം പേർക്ക് (2,27,94,810) രണ്ടാം ഡോസ് വാക്സിനും നൽകി. 15-17 വയസ്സ് വരെയുള്ള ജനസംഖ്യയുടെ 75 ശതമാനം പേർക്ക് ഒന്നാം ഡോസും (11,47,430), 15 ശതമാനം പേർക്ക് രണ്ടാം ഡോസും (2,36,298) വാക്സിനേഷൻ സംസ്ഥാനം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പുമന്ത്രി ചർച്ച ചെയ്ത് കുട്ടികൾക്ക് സ്കൂളിൽ വാക്സിൻ നൽകാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർ ഉൾപ്പെടെയുള്ള മുന്നണി പോരാളികൾക്ക് മൂന്നാമത്തെ ഡോസ് വാക്സിനും നൽകിവരുന്നുണ്ട്. 90 ശതമാനത്തിൽ കൂടുതൽ രോഗികളും ഗൃഹ ചികിത്സയിലായിരുന്നതിനാൽ ഇവർക്കാവശ്യമായ ശരിയായ ചികിത്സ ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ പ്രവർത്തകർക്കും ആശാ പ്രവർത്തകർ ഉൾപ്പെടെയുള്ള സന്നദ്ധ പ്രവർത്തകർക്കും വിദഗ്ധ പരിശീലനം സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നൽകിവരുന്നു. ആരോഗ്യ സ്ഥാപനങ്ങളിൽ

അണുനശീകരണ പ്രവർത്തനങ്ങളും അതുസംബന്ധിച്ച പരിശീലനങ്ങളും എല്ലാ വിഭാഗം ജീവനക്കാർക്കും നൽകിവരുന്നുണ്ട്. ഡോക്ടർമാർക്ക് ചികിത്സാ മാർഗ്ഗരേഖകൾ സംബന്ധിച്ച പരിശീലനവും നൽകിവരുന്നു. ഒമിക്രോൺ വ്യാപനം തടയുന്നതിനായി എല്ലാവരും ശരിയായി മാസ്ക് ധരിക്കുന്നതിനും സാമൂഹിക അകലം പാലിക്കുന്നതിനും കൈകൾ ഇടയ്ക്കിടെ സോപ്പ്/സാനിട്ടൈസർ ഉപയോഗിച്ച് ശുദ്ധിയാക്കാനും രോഗലക്ഷണമുള്ളവർ പൊതുഇടങ്ങൾ സന്ദർശിക്കാതിരിക്കാനും ഇവർ സ്വയം നിരീക്ഷണത്തിൽ ഇരിക്കാനുമുള്ള അവബോധം ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങൾവഴി നൽകിവരുന്നു. കൂടാതെ ആശുപത്രികളിൽ വരുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ഹോസ്പിറ്റൽ ഇൻഫക്ഷൻ കൺട്രോൾ കമ്മിറ്റിയുടെ നേതൃത്വത്തിൽ അവബോധ ക്ലാസ്സുകൾ നടത്തി വരുന്നു.

(ബി) രോഗമുക്തി നേടിയവരിൽ ആരോഗ്യ പ്രശ്നങ്ങൾ കൂടുതലായി കണ്ടുവരുന്നതിനാൽ പോസ്റ്റ് കോവിഡ് ആരോഗ്യ പരിപാലനം ശക്തമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

കോവിഡ്മുക്തരായ രോഗികളിൽ വിവിധതരം രോഗലക്ഷണങ്ങൾ മാസങ്ങളോളം നീണ്ടുനിൽക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സംസ്ഥാന ആരോഗ്യവകുപ്പ് പോസ്റ്റ്

കോവിഡ് ക്ലിനിക്കുകൾ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ആരംഭിച്ചിട്ടുണ്ട്. ചെറിയ ശാരീരിക ക്ഷീണം മുതൽ ഹൃദ്രോഗങ്ങൾ പോലുള്ള മാരകരോഗങ്ങൾ വരെ പോസ്റ്റ് കോവിഡ് രോഗങ്ങളായി പ്രത്യക്ഷപ്പെടാറുണ്ട്. ഇവ കണ്ടെത്തുന്നതിനും ചികിത്സിച്ച് ഭേദമാക്കുന്നതിനും പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുകളിൽ വരെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആശാ പ്രവർത്തകരുടെ സഹായത്തോടെ കോവിഡ്മുക്തരായവരെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലേയ്ക്ക് എത്തിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്തശേഷം നിസാര ലക്ഷണങ്ങൾ ഉള്ളവരെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽത്തന്നെ ചികിത്സിക്കുകയും ഗുരുതര ലക്ഷണങ്ങളുള്ളവരെ താലൂക്ക്/ജില്ലാ ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുള്ള സ്പെഷ്യാലിറ്റി പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. പോസ്റ്റ് കോവിഡ് ലക്ഷണങ്ങളുള്ള രോഗികൾക്കായി ഇ-സഞ്ജീവനിവഴി ടെലി കൺസൾട്ടേഷൻ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നാളിതുവരെ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ ജില്ലാശുപത്രി വരെ 1188 ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ക്ലിനിക്കുകളിലൂടെ 4 ഫെബ്രുവരി 2022 വരെ മൂന്നുലക്ഷത്തോളം ആളുകളെ പരിശോധിച്ചിട്ടുണ്ട്. ഈ ക്ലിനിക്കുകൾ പ്രാവർത്തികമാക്കുന്നതിന്റെ

ഭാഗമായി മെഡിക്കൽ ഓഫീസർമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും വിദഗ്ദ്ധ ഡോക്ടർമാരുടെ സഹകരണത്തോടെ വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാതലത്തിലും ഉപജില്ലാതലത്തിലും ആശുപത്രിതലത്തിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

(സി) നിർമ്മിത ബുദ്ധിയുടെ വളർച്ചയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറത്തിറക്കിയ റിപ്പോർട്ടിൽ കേരളത്തിന്റെ കൊറോണ സേഫ് നെറ്റ്‌വർക്കിനെ പ്രശംസിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. നിർമ്മിത ബുദ്ധിയുടെ വളർച്ചയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറത്തിറക്കിയ റിപ്പോർട്ടിന്റെ 25-ാം പേജിൽ കൊറോണ സേഫ് നെറ്റ്‌വർക്കിനെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കേരളത്തിലേയ്ക്ക് പുറം രാജ്യങ്ങളിൽനിന്ന് വരുന്നവരെയും നിരീക്ഷണത്തിൽ ഇരിക്കുന്നവരെയും ആശുപത്രികളിൽ ചികിത്സ തുടരുന്നവരെയും മോണിറ്റർ ചെയ്യുന്നതിനായി കേരള സംസ്ഥാനം ജാഗ്രതാ പോർട്ടലിനെയാണ് ആദ്യകാലം മുതൽ ഉപയോഗിച്ചുപോരുന്നത്. ആംബുലൻസുകളുടെ ഡയറക്ടറി, ബ്ലഡ് ബാങ്കുകൾ, ആശുപത്രികൾ, കിടക്കകളുടെ എണ്ണം, ഓക്സിജൻ വിതരണ പോയിന്റുകൾ എന്നിവ ഉൾപ്പെടെ വിവിധ ഘടകങ്ങൾ

ഈ സോഫ്റ്റ്‌വെയറിലുണ്ട്. എറണാകുളം ജില്ലയിൽ ഇതിനായി ഉപയോഗിച്ച ഒരു മൾട്ടി - ഡിസിപ്ലിനറി ടീം രൂപകൽപ്പന ചെയ്ത ഒരു ഓപ്പൺ -സോഴ്സ് പബ്ലിക് യൂട്ടിലിറ്റിയാണ് കൊറോണ സേഫ് നെറ്റ്‌വർക്ക്. ടെലിമെഡിസിൻ കോൾ മാനേജ്മെന്റ്, ആംബുലൻസുകളുടെ ഡയറക്ടറി, ബ്ലഡ് ബാങ്കുകൾ, ഫുഡ് ഡെലിവറി സേവനങ്ങൾ, ആശുപത്രികൾ, കിടക്കകളുടെ എണ്ണം, ഓക്സിജൻ വിതരണ പോയിന്റുകൾ എന്നിവ ഉൾപ്പെടെ വിവിധ ഘടകങ്ങൾ ഈ സോഫ്റ്റ്‌വെയറിലുണ്ട്. കിടക്കകൾ, ഐ.സി.യു.-കൾ, വെന്റിലേറ്ററുകൾ എന്നിവയുടെ തത്സമയ അനലിറ്റിക്സ്, തത്സമയ ഓക്സിജൻ നിരീക്ഷണം, ലോഡ് ബാലൻസിംഗിന്റെ ശേഷി വിഷ്വലൈസേഷൻ, ഇൻവെന്ററി ട്രാക്കിംഗിനൊപ്പം ഫെസിലിറ്റി പരിചരണം, ട്രയേജ്, ടെലിഹെൽത്ത് സൗകര്യങ്ങൾ, സംയോജിത ആംബുലൻസ് ഷിഫ്റ്റിംഗ്, രോഗി മാനേജ്മെന്റ്, ക്ലിനിക്കൽ ഡാറ്റ വിഷ്വലൈസേഷൻ എന്നിവ ഡാഷ്ബോർഡ് നൽകുന്നു.

(ഡി) കോവിഡ് മഹാമാരിക്കെതിരെയുള്ള കേരളത്തിന്റെ ലോക ശ്രദ്ധയാകർഷിച്ച പ്രതിരോധ പ്രവർത്തനങ്ങളെ ബോധപൂർവ്വം ഇകഴ്ത്തിക്കാണിക്കാനുള്ള ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

മറ്റ് സംസ്ഥാനങ്ങളിൽ കോവിഡ് കേസുകൾ കുറഞ്ഞിരുന്നപ്പോഴും കേരളത്തിൽ കേസുകൾ കൂടിനിന്നിരുന്നു. എന്നാൽ ചികിത്സാ സംവിധാനങ്ങളുടെ കാര്യത്തിലും പൊതുജനാരോഗ്യ സംവിധാനങ്ങളിലും ആരോഗ്യത്തെ സ്വാധീനിക്കുന്ന മറ്റ് സാമൂഹിക ഘടകങ്ങളുടെ കാര്യത്തിലാണെങ്കിലും കേരളം വികസിത രാഷ്ട്രങ്ങളോട് കിടപിടിക്കാവുന്ന തരത്തിലാണ്. കേസുകൾ വർദ്ധിച്ചിരുന്നപ്പോൾപോലും ചികിത്സാ സംവിധാനങ്ങളിലോ ഓക്സിജൻ സംവിധാനങ്ങളിലോ ഒരിക്കലും ഒരു കുറവും ഉണ്ടായിട്ടില്ല. വാക്സിനേഷന്റെ കാര്യത്തിലും കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണ്.

## കോവിഡ് വാക്സിനേഷൻ

22 (*22) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിനേഷന്റെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്നതിനായി ശാസ്ത്രീയമായും ചിട്ടയോടുകൂടിയും നടത്തിയ പ്രവർത്തനത്തിന്റെ ഫലമായുണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

വിശദമാക്കുമോ?

2021 ജനവരി 16 മുതലാണ് സംസ്ഥാനത്ത് വാക്സിനേഷൻ ആരംഭിച്ചത്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും (MOHFW), കോവിഡ് വാക്സിൻ വിതരണവുമായി ബന്ധപ്പെട്ട ദേശീയ വിദഗ്ധ സമിതിയും (NEGVAC) കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് വാക്സിനേഷൻ നടത്തിവരുന്നത്. ആദ്യഘട്ടമായി ആരോഗ്യ പ്രവർത്തകർക്കും തുടർന്ന് കോവിഡ് മുൻഗണനാ വിഭാഗത്തിലുള്ള മുന്നണി പോരാളികൾക്കുമാണ് കോവിഡ് വാക്സിൻ നൽകിയത്. വൃദ്ധസദനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ആദിവാസി - പ്രാക്തന ഗോത്ര സമൂഹങ്ങൾക്കും എസ്.ടി. ജനവിഭാഗങ്ങൾക്കും പ്രതിരോധ കുത്തിവയ്പ്പിനായി പ്രത്യേക ക്രമീകരണങ്ങൾ ചെയ്തു. ഭിന്നശേഷിക്കാർക്ക് പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും കിടപ്പ് രോഗികൾക്ക് അവരുടെ വീടുകളിൽ പോയി വാക്സിനേഷൻ നൽകുകയും ചെയ്തു. കൂടാതെ സംസ്ഥാനത്ത് സ്വന്തമായി രജിസ്റ്റർ ചെയ്യാൻ അറിയാത്തവരും സൗകര്യമില്ലാത്തവരുമായ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരെ വാക്സിനേഷന് രജിസ്റ്റർ ചെയ്യാനായി 'വേവ് : വാക്സിൻ സമത്വത്തിനായി മുന്നേറാം' എന്ന പേരിൽ വാക്സിനേഷൻ

രജിസ്ട്രേഷൻ ക്യാമ്പയിൻ ആരംഭിച്ചു. 15 വയസ്സിനുമുകളിൽ പ്രായമുള്ള കുട്ടികൾക്ക് 03-01-2022 മുതൽ വാക്സിനേഷൻ നൽകിത്തുടങ്ങി. കേരളം വളരെ കാര്യക്ഷമമായാണ് വാക്സിൻ നൽകുന്നത്. തുള്ളിപോലും പാഴാക്കാതെ കിട്ടിയ ഡോസിനേക്കാളും അധികം ഡോസ് വാക്സിനെടുക്കുന്ന സംസ്ഥാനമാണ് കേരളം. ഇത് ദേശീയ ശ്രദ്ധപോലും നേടിയിരുന്നു. വാക്സിൻ സംസ്ഥാനത്തെത്തിയാൽ അതെത്രയും വേഗം താഴെത്തട്ടിലെ വാക്സിനേഷൻ കേന്ദ്രങ്ങളിലെത്തിക്കാൻ വിപുലമായ സംവിധാനമാണൊരുക്കിയിരുന്നത്. ഇത്തരത്തിലുള്ള ശരിയായ ആസൂത്രണത്തിലൂടെയും നിർവ്വഹണത്തിലൂടെയും സംസ്ഥാനത്ത് 18 വയസ്സിന് മുകളിലുള്ളവർക്ക് ആദ്യ ഡോസ് വാക്സിനേഷൻ പൂർത്തിയാക്കാൻ കഴിഞ്ഞു. 14-02-2022 വരെയുള്ള വാക്സിനേഷൻ കവറേജ് അനുബന്ധമായി ചേർക്കുന്നു+.

(ബി) ദേശീയ ശരാശരിയേക്കാൾ മികച്ച വേഗത്തിൽ ഒന്നും രണ്ടും ഘട്ട വാക്സിനേഷൻ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വാക്സിനേഷൻ കവറേജ് ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ബൂസ്റ്റർ ഡോസ് വാക്സിനേഷൻ നൽകുന്നത് കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികളും അതിന്റെ നിലവിലെ പുരോഗതിയും വ്യക്തമാക്കുമോ?

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച്, ആരോഗ്യ പരിപാലന പ്രവർത്തകർ, മുൻനിര തൊഴിലാളികൾ, 60 വയസ്സിന് മുകളിലുള്ള ഗുണഭോക്താക്കൾ എന്നിവർക്ക് ഡോസ് 2 കഴിഞ്ഞ് 9 മാസത്തിനുശേഷം മുൻകരുതൽ ഡോസിന് അർഹതയുണ്ട്. അതിനായി മതിയായ വാക്സിനേഷൻ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മുൻകരുതൽ ഡോസിനെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനായി IEC പ്രവർത്തനങ്ങളും നടത്തിവരുന്നു. 14-02-2022 വരെ വിവിധ വിഭാഗങ്ങൾക്കിടയിൽ മുൻകരുതൽ ഡോസ് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- Health care workers : 1,86,363 (46% of the eligible)
- Front line workers : 1,30,004 (33% of the eligible)
- 60 plus age : 4,96,668 (45% of the eligible)
- Total : 8,13,035 (43% of the eligible)

(ഡി) സംസ്ഥാനത്ത് സമ്പൂർണ്ണ വാക്സിനേഷന് ആവശ്യമായ വാക്സിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തിന്റെ ആവശ്യാനുസരണം മതിയായ വാക്സിൻ ഡോസുകൾ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം നൽകിവരുന്നു.

## സമ്പൂർണ്ണ ജലശുചിത്വ യജ്ഞം

23 (*23) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. എം. മണി:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) തെളിനീരൊഴുക്കും നവകേരളം സമ്പൂർണ്ണ ജലശുചിത്വ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ജലത്തിന്റെ ഗുണമേന്മ പരിശോധിച്ച് കളർ കോഡിംഗ് ഏർപ്പെടുത്തുന്നതിന് പ്രത്യേക സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ? എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്; സംസ്ഥാനത്ത് ജലസ്രോതസ്സുകളുടെ മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 'തെളിനീരൊഴുകും നവകേരളം' എന്ന ആശയം മുൻനിർത്തി ഒരു ക്യാമ്പയിൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത ക്യാമ്പയിനിന്റെ മേൽനോട്ടം വഹിക്കുന്നതിന് സംസ്ഥാന

തലത്തിൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന് രൂപം നൽകുകയും ചെയ്തു. ടി ഗ്രൂപ്പിനെ ഉൾപ്പെടുത്തി KILA-യിൽ രണ്ടു ദിവസത്തെ ഒരു വർക്ക്ഷോപ്പ് നടത്തുകയും, പ്രസ്തുത വർക്ക്ഷോപ്പിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കൺസെപ്റ്റ് നോട്ട് തയ്യാറാക്കുകയും സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ജലാശയങ്ങളുടെ ഗുണമേന്മ പരിശോധിച്ച് മലിനീകരണത്തിന്റെ തോതിനെ അടിസ്ഥാനപ്പെടുത്തി കളർ കോഡിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയവ ചുവടെ ചേർക്കുന്നു.

ഗുരുതരമായ മലിനീകരണം - കറുപ്പ്

കടുത്ത മലിനീകരണം - ചുവപ്പ്

മിതമായ മലിനീകരണം - ഓറഞ്ച്

കുറഞ്ഞ മലിനീകരണം - മഞ്ഞ

നല്ല നിലവാരം - വെള്ള

(ബി) ജലസ്രോതസ്സുകളിലെ ഖര, ദ്രവ മാലിന്യത്തിന്റെ തോത് മനസ്സിലാക്കി മലിനീകരണം തടയുന്നതിനാവശ്യമായ പ്രവർത്തന പദ്ധതി തയാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരളത്തിലെ ജലസ്രോതസ്സുകളിലെ മലിനീകരണത്തിന്റെ മുഖ്യകാരണം സീവേജ്, ഖരമാലിന്യങ്ങൾ എന്നിവ മുഖേനയായതിനാൽ പൊതു സീവേജ് സംസ്കരണശാലകൾ സ്ഥാപിക്കുക; ഖര മാലിന്യം പുഴകളിൽ എത്തിച്ചേരാതിരിക്കുന്നതിനും വലിച്ചെറിയാതിരിക്കുന്നതിനും ആവശ്യമായ ഉറവിട ഖരമാലിന്യ ശേഖരണ സംസ്കരണത്തിനായി decentralised സംവിധാനം, പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുക; സ്ഥിരമായി മാലിന്യങ്ങൾ തള്ളപ്പെടുന്ന തോടുകളിലേയും കനാലുകളുടെയും കരകളിൽ സംരക്ഷണ വേലികൾ, ഭിത്തികൾ എന്നിവ സ്ഥാപിക്കുക തുടങ്ങിയവ പ്രവർത്തന പദ്ധതികളിൽ ഉൾപ്പെടുന്നു. ഖര മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട്, ജില്ല തിരിച്ച്, തദ്ദേശഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട് സംസ്ഥാന തലത്തിൽ അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഖര മാലിന്യ സംസ്കരണമായി ബന്ധപ്പെട്ട് കണ്ടെത്തിയ വിടവുകൾ നികത്തുന്നതിനായി ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ആക്ഷൻ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി മേൽനോട്ടം വഹിക്കുകയും ചെയ്തുവരുന്നു.

"തെളിനീരൊഴുകും നവകേരളം ക്യാമ്പയിൻ" മുഖേന ഓരോ ജല സ്രോതസ്സുകളുടെയും ജലപരിശോധന നടത്തുകയും അത്തരത്തിലൂടെ കണ്ടെത്തുന്ന മാലിന്യത്തിന്റെ തോതും സ്രോതസ്സും അടിസ്ഥാനമാക്കി, ശാസ്ത്രീയ ദ്രവ മാലിന്യ പരിപാലന സംവിധാനം ഒരുക്കിയും വാതിൽപ്പടി പാഴ്വസ്തു ശേഖരണ നടപടികൾ സമ്പൂർണ്ണമാക്കിയും സംസ്ഥാനത്തെ ജലസ്രോതസ്സുകളെ മാലിന്യ മുക്തമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## സിൽവർ ലൈൻ പദ്ധതി

24 (*24) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനപ്പെരുപ്പംമൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും വാഹനങ്ങൾമൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും സിൽവർലൈൻ എത്രത്തോളം പ്രയോജനപ്രദമാകാനിടയുണ്ടെന്ന് വിശദമാക്കാമോ?

നാല് മണിക്കൂറിനുള്ളിൽ സംസ്ഥാനത്തിന്റെ തെക്കേ അറ്റത്തുനിന്ന് വടക്കേ അറ്റത്തേയ്ക്ക് യാത്ര ചെയ്യാൻ സാധ്യമാകുന്ന പദ്ധതിയാണ് സിൽവർ

ലൈൻ. സൗകര്യപ്രദവും ലോകത്തെ ഏറ്റവും മലിനീകരണം കുറഞ്ഞതുമായ ഈ പൊതുഗതാഗത സംവിധാനത്തെ പ്രവർത്തന വർഷംതന്നെ പ്രതിദിനം 80,000 പേർ ആശ്രയിക്കും. ഇതിൽ റോഡുപയോഗിക്കുന്ന അരലക്ഷം പേർ സിൽവർ ലൈനിലേയ്ക്ക് മാറും. 12872 വാഹനങ്ങൾ ആദ്യവർഷം റോഡിൽനിന്ന് വിമുക്തമാക്കാൻ കഴിയും. അതുവഴി 530 കോടി രൂപയുടെ ഇന്ധനം പ്രതിവർഷം ലാഭിക്കാൻ സാധിക്കും. റോ റോ സർവ്വീസ് വഴി ദേശീയപാതകളിൽനിന്ന് 500-ഓളം ട്രക്കുകൾക്ക് നീങ്ങാൻ സാധിക്കും. കൂടാതെ കേരളത്തിലെ നിരത്തുകളിലെ ഗതാഗതകുരുക്കും വാഹനാപകടങ്ങളും അന്തരിക്ഷ മലിനീകരണവും കാർബൺ ബഹിർഗമനവും ഗണ്യമായി കുറയും. അതായത്, 2025-ഓടെ 2.8 ലക്ഷം ടൺ കാർബൺ ബഹിർഗമനം ഇല്ലാതാകും.

(ബി) സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വളർച്ച ത്വരിതപ്പെടുത്താൻ കഴിയുന്ന സിൽവർലൈൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന സാമ്പത്തിക, സാമൂഹിക നേട്ടങ്ങൾ എന്തെല്ലാമാണ്?

സിൽവർലൈൻ പദ്ധതിക്ക് ചെലവായി കണക്കാക്കപ്പെട്ടിട്ടുള്ള 63941 കോടി രൂപയിൽനിന്ന് സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ രണ്ട് മുതൽ മൂന്ന് ലക്ഷം കോടി രൂപയുടെ വർദ്ധനവ് ന്യായമായി

പ്രതീക്ഷിക്കാവുന്നതാണ്. അതായത്, നിലവിലെ കണക്കുകൾ പ്രകാരം 20-30 ശതമാനം വളർച്ച സമ്പദ്ഘടനയിൽ കൈവരിക്കാൻ കഴിയുമെന്ന് കാണാവുന്നതാണ്. നിർമ്മാണ ജോലികൾ, വിതരണ ശൃംഖല പിന്തുണ, സമയക്ലിപ്തത പാലിച്ചുകൊണ്ടുള്ള യാത്രകൾ എന്നിവയ്ക്കപ്പുറമുള്ള ആധുനിക സമൂഹത്തിനുവേണ്ട അനിവാര്യ ഘടകങ്ങൾക്ക് സിൽവർലൈൻ പോലുള്ള റെയിൽവേ പദ്ധതികളുടെ നിർമ്മാണം വഴിയൊരുക്കുകയും ചെയ്യുന്നു. സമ്പന്നവും ശുദ്ധവും സുരക്ഷിതവും കൂടുതൽ തുല്യഅവസരങ്ങൾ പ്രദാനം ചെയ്യുന്നതുമായ സാമ്പത്തിക മേഖലകൾ കെട്ടിപ്പടുക്കാൻ അവസരം നൽകുന്നുവെന്ന് വിലയിരുത്തുന്നു. കൂടാതെ സിൽവർ ലൈൻ പോലുള്ള ബൃഹത്തായ വികസന പദ്ധതികൾ പ്രാദേശിക വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നതായി കാണുന്നുണ്ട്. കാസർഗോഡ് നിന്ന് തിരുവനന്തപുരത്ത് എത്താൻ മൂന്നുമണിക്കൂറും 54 മിനിറ്റും മാത്രമെ സിൽവർ ലൈൻ വഴി എടുക്കുകയുള്ളൂ. അന്തരീക്ഷ മലിനീകരണം ഗണ്യമായി കുറയും. അടിസ്ഥാന സൗകര്യ വികസനം ആത്യന്തികമായി തൊഴിൽ വാണിജ്യ വിപണിയിൽ വൻ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കും. സിൽവർ ലൈൻ പദ്ധതിയുടെ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയും അരലക്ഷം പേർക്കും പദ്ധതി പൂർത്തിയാക്കുമ്പോൾ പതിനായിരം പേർക്കും ജോലി

ലഭ്യമാകും. പ്രാദേശികമായി ബഹുമുഖ വികസനത്തിനുള്ള സാധ്യതകൾ തുറക്കും. സിൽവർലൈൻ പദ്ധതിയിൽ ഭൂമി ഏറ്റെടുക്കുന്നതിന് 13,000-ത്തിലധികം കോടി രൂപയാണ് ചെലവാക്കുന്നത്. ഈ തുക ഇവിടത്തെ നിർമ്മാണ മേഖലയിൽ തന്നെ ചെലവഴിക്കപ്പെടാനുള്ളതാണ്. പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിൽ 23000 കോടിയിലേറെ രൂപയുടെ പ്രവൃത്തികൾ നടക്കുമ്പോൾ ഇതിലേറെ ഗുണം ലഭിക്കും. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ വാണിജ്യം, വ്യവസായം, ടൂറിസം, തൊഴിൽ പോലുള്ള മേഖലകളിൽ വരാൻ പോകുന്ന മാറ്റങ്ങൾ സംസ്ഥാനത്തിന് വലിയ നേട്ടങ്ങൾ സമ്മാനിക്കും.

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ രണ്ടായി വിഭജിക്കുമെന്നും പ്രളയത്തിന് കാരണമാകുമെന്നുമുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് മറുപടി നൽകാമോ?

അതിവേഗ റെയിൽപ്പാതകളോ ഹൈവേകളോ എക്സ്പ്രസ് വേകളോ ഒരിക്കലും ഒരു പ്രദേശത്തെ രണ്ടായി വിഭജിക്കാൻ കാരണമായിട്ടില്ല. ആവശ്യത്തിന് മേൽപ്പാലങ്ങളുടേയും അടിപ്പാതകളുടേയും ഉപയോഗത്തിലൂടെ റെയിൽ ലൈനുകൾ കടന്നുപോകുന്ന ഓരോ പ്രദേശവും വിഭജിക്കപ്പെടാതെ സംരക്ഷിക്കപ്പെടും. 530 കിലോമീറ്റർ നീളമുള്ള സിൽവർലൈൻ പാതയുടെ

137 കി.മീ. പാത തൂണുകളിലൂടെയോ തുരങ്കങ്ങളിലൂടെയോ ആണ് കടന്നുപോകുന്നത്. ഈ സ്ഥലങ്ങളിൽ ഇപ്പോഴുള്ള അതേരീതിയിൽ പാതയ്ക്ക് കുറുകെ സഞ്ചരിക്കാൻ തടസ്സമുണ്ടാകില്ല. ബാക്കി സ്ഥലങ്ങളിൽ നിലവിലുള്ള റോഡുകൾ നിലനിർത്താൻ അടിപ്പാതകളോ മേൽപ്പാലങ്ങളോ നിർമ്മിക്കും. പാത മുറിച്ചുകടക്കാൻ 500 മീറ്റർ ഇടവിട്ട് മേൽപ്പാലങ്ങളോ അടിപ്പാതകളോ നിർമ്മിക്കും. പ്രകൃതിയെ ഒരുതരത്തിലും ദോഷമായി ബാധിക്കാത്ത രീതിയിലാണ് സിൽവർലൈൻ ഘടനകൾ നിർമ്മിക്കുന്നത്. സിൽവർലൈനിന്റെ 70 ശതമാനത്തോളവും ഭൂനിരപ്പിലൂടെയാണ് വിഭാവന ചെയ്തിരിക്കുന്നത്. വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്ക് ഉറപ്പാക്കുന്നതിനുള്ള കൾവർട്ടുകൾ സിൽവർലൈനിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. ഹൈഡ്രോഗ്രാഫിക് സർവ്വേയിൽ ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ നടന്നു വരുന്നു. കഴിഞ്ഞ നൂറുവർഷത്തെ ഏറ്റവും വലിയ വെള്ളപ്പൊക്കത്തിന്റേയും വേലിയേറ്റത്തിന്റെയും വേലിയിറക്കത്തിന്റെയുമൊക്കെ കണക്കുകളെടുത്താണ് പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്.

(ഡി) പദ്ധതിയെ എതിർത്ത് ഒരു കേന്ദ്ര സഹമന്ത്രിയും സംസ്ഥാനത്തെ പ്രതിപക്ഷവും നടത്തുന്ന പ്രവർത്തനങ്ങളെ

ജനപിന്തുണയോടെ പരാജയപ്പെടുത്തി സംസ്ഥാന വികസനം ത്വരിതപ്പെടുത്താൻ വേണ്ട പ്രവർത്തനം വിപുലീകരിക്കുമോ?

നിലവിലുള്ള എല്ലാ നിയമങ്ങളും ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചാണ് പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നത്. ഭൂമി വിട്ടു നൽകുന്നവർക്ക് എല്ലാവിധ സംരക്ഷണവും നൽകും. കൃത്യമായ പുനരധിവാസ പദ്ധതി നടപ്പാക്കും. പദ്ധതിയുടെ പേരിൽ ഒരാൾപോലും ഭവനരഹിതരാകില്ല. ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരികയാണ്. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിൽ വലിയ മാറ്റമുണ്ടാകും. ഗതാഗതകുരുക്കും റോഡപകടങ്ങളും അന്തരീക്ഷ മലിനീകരണവും പരമാവധി കുറയ്ക്കാൻ പദ്ധതി സഹായകരമാവും. അതീവ ജാഗ്രതയോടെയാണ് പരിസ്ഥിതി സൗഹൃദപരമായ പദ്ധതി സർക്കാർ നടപ്പാക്കുന്നത്. സംസ്ഥാനത്തിന്റെ ഭാവി മുന്നിൽക്കണ്ട് ആവിഷ്കരിച്ച പദ്ധതിയുടെ സാക്ഷാത്കാരത്തിനായി യോജിച്ച് നിൽക്കാൻ കഴിയേണ്ടതുണ്ട്. അതിനുപകരം അനാവശ്യ ആശങ്കകൾ സൃഷ്ടിക്കുന്ന പ്രചാരണങ്ങൾ നടത്തി പദ്ധതിയെ അട്ടിമറിക്കാനുള്ള രാഷ്ട്രീയ പ്രേരിതവും ബോധപൂർവ്വവുമായ ശ്രമങ്ങൾ നാടിന്റെ വികസനത്തെ പിന്നോട്ടടിക്കും.

## പോലീസ് സേനയ്ക്ക് ലഭിച്ച പുരസ്കാരങ്ങൾ

25 (*25) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംഘടിത കുറ്റകൃത്യങ്ങൾ, സാമ്പത്തിക കുറ്റകൃത്യങ്ങൾ എന്നിവ തടയുന്നതിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സാമ്പത്തിക കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി ഒരു പ്രത്യേക അന്വേഷണ വിഭാഗം രൂപീകരിക്കുമെന്ന് ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന Economic Offences Wing സംസ്ഥാനത്ത് അധികം താമസിയാതെ നിലവിൽ വരും. സംസ്ഥാനത്ത് ഒരു ഐ.ജി.-യുടെ ചുമതലയിലായിരിക്കും ഈ വിഭാഗം പ്രവർത്തിക്കുക. നിലവിലുള്ള സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിന്റെ പോരായ്മകൾ പരിഹരിച്ചുകൊണ്ടും ആധുനിക സങ്കേതങ്ങൾ വിനിയോഗിച്ചുമാണ് ഈ പ്രത്യേക വിഭാഗം രൂപീകരിക്കുക. ഗുണ്ടാ ആക്രമണങ്ങളും കൊലപാതകങ്ങളും പോലുള്ള സംഘടിത കുറ്റകൃത്യങ്ങൾ

ഉന്മൂലനം ചെയ്യാനായി പ്രത്യേക പദ്ധതിക്ക് പോലീസ് രൂപം നൽകിയിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലയിലും പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളെയും മറ്റ് പ്രവർത്തനങ്ങളെയും നിരീക്ഷിക്കുകയും ഉചിതസമയത്ത് ആവശ്യമായ ഇടപെടലുകൾ നടത്തുകയുമാണ് ഇതിന്റെ കർത്തവ്യം. എസ്.എച്ച്.ഒ.-മാരുടെ നേതൃത്വത്തിൽ രണ്ട് പോലീസുദ്യോഗസ്ഥർ അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളുടെ പ്രവർത്തനങ്ങൾ പ്രത്യേകം നിരീക്ഷിച്ചുവരുന്നു. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരേയും അമർച്ച ചെയ്യുന്നതിന് "ഓപ്പറേഷൻ കാവൽ" എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെ കരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ വരുമാന സ്രോതസ്സ് ഉൾപ്പെടെയുള്ള ഡാറ്റാബേസ് തയ്യാറാക്കിവരുന്നു. ഇതിനുപുറമെ ഇവരെ സംബന്ധിച്ച ഹിസ്റ്ററി ഷീറ്റും ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഓപ്പറേഷൻ കാവൽ പദ്ധതി സംസ്ഥാനത്ത് വളരെ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ പോലീസ് സേനയ്ക്ക് പ്രവർത്തന മികവിനുള്ള അംഗീകാരമെന്ന നിലയിൽ ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ ഏതൊക്കെയാണ്?

2016 മുതൽ പ്രവർത്തന മികവിനുള്ള അംഗീകാരമെന്ന നിലയിൽ കേന്ദ്ര/സംസ്ഥാന സർക്കാരും വിവിധ ഏജൻസികളും സംസ്ഥാന പോലീസിന് നൽകിയ പ്രധാനപ്പെട്ട പുരസ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

1. കോപ്സ് ടുഡേ ഇന്റർനാഷണൽ എന്ന ജേർണൽ ഏർപ്പെടുത്തിയ 2017-ലെ പോലീസ് എക്സലൻസ് അവാർഡ് ജനമൈത്രി പോലീസിന് ലഭിച്ചു.
2. സ്റ്റുഡന്റ് പോലീസ് പദ്ധതി, ഹോപ്പ് പദ്ധതി, പിങ്ക് പോലീസ് പട്രോൾ എന്നിവയ്ക്ക് 2018-ൽ സ്കോച്ച് അവാർഡ് ലഭിച്ചു.
3. കേന്ദ്ര ആഭ്യന്തര മന്ത്രാലയം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2018-ലെ രാജ്യത്തെ ഏറ്റവും മികച്ച 10 പോലീസ് സ്റ്റേഷനുകളിലൊന്നായി വളപട്ടണം പോലീസ് സ്റ്റേഷൻ തെരഞ്ഞെടുക്കപ്പെട്ടു.
4. ശബരിമല ദർശനത്തിന് ഓൺലൈൻ സംവിധാനം ഒരുക്കുന്ന വെർച്വൽ ക്യൂ, പാസ്പോർട്ട് ഓൺലൈൻ പരിശോധനയ്ക്കുള്ള ഇ-വി.ഐ.പി., ഓൺലൈൻ ബാങ്കിംഗ് തട്ടിപ്പുകൾ തടയാനുള്ള

വാട്ട്സ്ആപ്പ് സംവിധാനം എന്നിവയ്ക്ക് 2019-ൽ സ്കോച്ച് അവാർഡ് ലഭിച്ചു.

5. ശാസ്താംകോട്ട, ചവറ, കോഴിക്കോട് ടൗൺ, എരുമേലി, ചക്കരയ്ക്കൽ, മുട്ടം, മാരാരിക്കുളം, കൊരട്ടി എന്നീ പോലീസ് സ്റ്റേഷനുകൾക്കും സൈബർ ഡോമിനും ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിച്ചു.
6. എലറ്റ്സ് ടെക്നോ മീഡിയ പ്രൈവറ്റ് ലിമിറ്റഡിന്റെ പഠന പ്രകാരം രാജ്യത്തെ ഏറ്റവും മികച്ച സൈബർ സെക്യൂരിറ്റി ഏജൻസിയായി സൈബർ ഡോം തെരഞ്ഞെടുക്കപ്പെട്ടു.
7. സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനായി ഒല്ലൂർ പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തെരഞ്ഞെടുത്തു.
8. 2019-ലെ സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനുള്ള മുഖ്യമന്ത്രിയുടെ ട്രോഫി പത്തനംതിട്ട, മണ്ണുത്തി പോലീസ് സ്റ്റേഷനുകൾ പങ്കിട്ടു. രണ്ടാം സ്ഥാനം പാമ്പാടി പോലീസ് സ്റ്റേഷനും മൂന്നാം സ്ഥാനം തമ്പാനൂർ പോലീസ് സ്റ്റേഷനും ലഭിച്ചു.
9. സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾക്ക് ഇ-ഗവേണൻസ് വിഭാഗത്തിൽ സംസ്ഥാന സർക്കാരിന്റെ പുരസ്കാരം കേരള പോലീസിന്റെ സോഷ്യൽ മീഡിയ വിഭാഗത്തിന് ലഭിച്ചു.

10. ഡാറ്റാ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എക്സലൻസ് അവാർഡ് 2020 സൈബർ ഡോമിന് ലഭിച്ചു.
11. മാലിന്യരഹിത മേഖലയ്ക്കുള്ള ഹരിതകേരള മിഷന്റെ അവാർഡ് സംസ്ഥാന പോലീസ് ആസ്ഥാനത്തിന് ലഭിച്ചു.
12. ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ നടത്തിയ സർവ്വേ പ്രകാരം അഴിമതിയില്ലാത്ത പോലീസ് സേനയെന്ന ബഹുമതി കേരള പോലീസിന് ലഭിച്ചു.
13. സംസ്ഥാന വനം വകുപ്പ് ഏർപ്പെടുത്തിയ വനമിത്ര അവാർഡിന് കൊല്ലം കോസ്റ്റൽ പോലീസ് സ്റ്റേഷൻ അർഹമായി.
14. ഇ-ഗവേണൻസ് രംഗത്തെ നൂതന ആശയങ്ങൾക്കും സംരംഭങ്ങൾക്കുമായി കേന്ദ്ര സർക്കാർ നൽകുന്ന ഇ-ഗവേണൻസ് പുരസ്കാരം കേരള പോലീസ് സോഷ്യൽ മീഡിയ വിഭാഗത്തിന് ലഭിച്ചു. വാർത്താവിനിമയം, വിവര സാങ്കേതികവിദ്യ എന്നിവ ഉപയോഗിച്ച് സാമൂഹ്യ മാധ്യമങ്ങളിൽ നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സ്വർണ്ണപ്പതക്കം ലഭിച്ചു.

(സി) പോലീസ് സേനയുടെ ആത്മവിശ്വാസവും വിശ്വാസ്യതയും തകർക്കുന്നതിന് ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. പോലീസ് സേനയുടെ ആത്മവിശ്വാസവും വിശ്വാസ്യതയും തകർക്കുന്ന തരത്തിൽ പോലീസ് സേനാംഗങ്ങൾക്കെതിരെ ഒറ്റപ്പെട്ട ആക്രമണങ്ങൾ ചില കേന്ദ്രങ്ങളിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും കൂടാതെ സമൂഹമാധ്യമങ്ങളിൽ കൂടിയും മറ്റും പോലീസ് സേനാംഗങ്ങളെ അധിക്ഷേപിക്കുന്ന തരത്തിലുള്ള പ്രസ്താവനകൾ (trolling) പങ്കുവയ്ക്കപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രചരണങ്ങൾക്ക് പിന്നിൽ ചില തീവ്രവാദ സ്വാഭാവമുള്ള വിഭാഗങ്ങളും സാമൂഹ്യവിരുദ്ധ ഗ്രൂപ്പുകളുമുണ്ടെന്ന വിവരം ലഭിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ നിരീക്ഷിച്ചു വരികയാണ്.

(ഡി) പോലീസ് സേനയുടെ പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ട ഇടപെടൽ ഉണ്ടാകുമോ?

തികച്ചും പ്രൊഫഷണലായ സമീപനമുള്ള ഒരു സേനയായി നമ്മുടെ പോലീസ് സേനയെ മാറ്റുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിന് സേനയെ പര്യാപ്തമാക്കുംവിധം ആധുനിക സാങ്കേതികവിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, പുതിയ നിയമങ്ങളെക്കുറിച്ചുള്ള അവബോധം, കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള സമീപനം, മാനസിക സംഘർഷങ്ങൾ തരണം ചെയ്യുന്നതിനുള്ള പരിശീലനം എന്നിവയ്ക്കൊപ്പം

സൈബർ കേസുകളുടെ അന്വേഷണത്തിനുള്ള പ്രത്യേക പരിശീലനം എന്നിവ നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ ബോഡി വോൺ ക്യാമറകൾ, Vehicle Mount GPS, Digital Finger Print Machine തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയും E-Chalan, M-Beat സംവിധാനത്തിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആധുനികവത്കരണത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിക്കുന്നതിനായി CCTNS പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം മുഖേന എഫ്.ഐ.ആർ. ഓൺലൈൻവഴി ലഭ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ എത്താതെ പോലീസ് സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ "തുണ" സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജനമൈത്രി പോലീസ് സംവിധാനവും ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കുന്നതും സ്റ്റുഡന്റ്സ് പോലീസ് വ്യാപിപ്പിക്കുന്നതും പോലീസ് സേനയുടെ പ്രവർത്തനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന നടപടികളാണ്.

## അതിദാരിദ്ര്യ നിർമ്മാർജ്ജനം

26 (*26) ശ്രീ. എ. രാജ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുമെന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന്റെ ആദ്യഘട്ടമായ അതിദരിദ്രരുടെ പട്ടിക തയ്യാറാക്കൽ പ്രക്രിയ പൂർത്തിയായിട്ടുണ്ടോ?

സംസ്ഥാനത്ത് അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുമെന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന്റെ ആദ്യഘട്ടമായ അതിദരിദ്രരുടെ പട്ടിക തയ്യാറാക്കൽ പൂർത്തിയായിട്ടുണ്ട്. അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ചില ഗ്രാമസഭകൾ കൂടിച്ചേരേണ്ടതുണ്ട്.

(ബി) പരമദരിദ്രരായ ഒരാളും സംരക്ഷണ പദ്ധതിയിൽനിന്ന് പുറത്താകുന്നില്ലെന്ന് ഉറപ്പുവരുത്താൻ ദാരിദ്ര്യ സർവ്വേയിൽ ഉൾപ്പെടാത്തവരെ കണ്ടെത്തി ഉൾപ്പെടുത്താൻ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

16/07/2021-ലെ സ.ഉ.(കൈ)നം. 145/2021/തസ്വഭവ. പ്രകാരം അതിദരിദ്രരെ കണ്ടെത്തൽ - മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായി.

മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു+. അതിദാരിദ്ര്യം ഏറ്റവും രൂക്ഷമായി പ്രകടമാകുന്നതിന് കാരണമായി വർത്തിക്കുന്ന പ്രധാന ഘടകങ്ങൾ ഭക്ഷണം, സുരക്ഷിതമായ വാസസ്ഥലം, അടിസ്ഥാന വരുമാനം, ആരോഗ്യപരമായ സ്ഥിതി എന്നിവയാണ്. മേൽ ഘടകങ്ങളെ ഉപഘടകങ്ങളായും അതിതീവ്രക്ലേശ ഘടകങ്ങൾ, തീവ്രക്ലേശ ഘടകങ്ങൾ എന്ന് രണ്ടായും തരംതിരിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാനദണ്ഡം/സൂചകങ്ങൾ നിശ്ചയിച്ചു. വികസനത്തിൽ പിന്നാക്കമായ പട്ടികവർഗ്ഗ/പട്ടികജാതി, തീരദേശവാസികൾക്കും, നഗരദരിദ്രർ എന്നിവർക്ക് പ്രത്യേക പരിഗണന നല്കി ഇവരുടെ ജീവിത സാഹചര്യങ്ങൾക്കനുസൃതമായിട്ടുള്ള അതിദാരിദ്ര്യത്തിന് കാരണമായ ഘടകങ്ങളെ കൂടി പരിഗണിച്ചാണ് അതിദാരിദ്ര്യ കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള പ്രക്രിയ നടത്തിയിട്ടുള്ളത്. ഇതിലേയ്ക്കായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ പറയുന്നവയാണ്.

1. <u>പൈലറ്റ് പഠനം</u> - അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള നിർണ്ണയ പ്രക്രിയ ഫീൽഡ് പരിശോധനയിലൂടെ കുറ്റമറ്റതാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്, വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വടക്കാഞ്ചേരി മുനിസിപ്പാലിറ്റി എന്നീ സ്ഥലങ്ങളിൽ പൈലറ്റ് പഠനം സംഘടിപ്പിച്ചു. പൈലറ്റ് പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി തുടർപ്രവർത്തനങ്ങൾ നടത്തി.

2. <u>പരിശീലനം</u> - ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ സ്ഥാപനാദ്ധ്യക്ഷന്മാർ, സ്ഥാപനതല സമിതികൾ, വാർഡ്തല സമിതികൾ, സന്നദ്ധ സേവകർ, എന്യൂമറേറ്റർമാർ തുടങ്ങി 4,70,000 പേരുടെ പരിശീലനം, (സംസ്ഥാന/ജില്ല/ബ്ലോക്ക്തല) മാസ്റ്റർ പരിശീലകർക്കുള്ള പരിശീലനം, സ്ഥാപനതല പരിശീലനങ്ങൾ എന്നിവ 'കില'-യുടെ നേതൃത്വത്തിൽ നൽകി.

3. <u>പ്രവർത്തന കലണ്ടർ</u> - അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി പ്രവർത്തന കലണ്ടർ തയ്യാറാക്കി നടപ്പിലാക്കി.

4. <u>സ്ഥാപനതല സമിതികൾ</u> - സംസ്ഥാന/ജില്ല/ബ്ലോക്ക് തലങ്ങളിൽ നിർണ്ണയ പ്രക്രിയയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിന് സംസ്ഥാന/

ജില്ലാ/തദ്ദേശസ്വയംഭരണതല/വാർഡ് തലത്തിൽ സമിതികൾ രൂപീകരിച്ചു.

5. വാർഡ്/ഡിവിഷൻതല സമിതിയിൽ പ്രാഥമിക പട്ടിക രൂപപ്പെടുത്തൽ - വാർഡ്/ഡിവിഷൻതല സമിതികൾ ചേർന്ന് പ്രാഥമിക സാധ്യതാ പട്ടിക പങ്കാളിത്ത ചർച്ചയിലൂടെ തയ്യാറാക്കി.

6. ഫോക്കസ് ഗ്രൂപ്പ് ചർച്ച - വാർഡ്/ഡിവിഷൻ തലത്തിൽ കുടുംബശ്രീ/ സാമൂഹിക സംഘടനാ പ്രവർത്തകരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്തി അവരുടെ നിർദ്ദേശ പ്രകാരമുള്ള പട്ടിക വാർഡ് തലത്തിൽ തയ്യാറാക്കി. ജനസംഖ്യ കൂടുതലുള്ള വാർഡാണെങ്കിൽ ക്ലസ്റ്റർ എന്ന നിലയിൽ തിരിച്ച് സാമൂഹിക സംഘടനാ പ്രവർത്തകരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്തി. വാർഡ്തല ചർച്ചകളിൽ റസിഡൻസ് അസോസിയേഷൻ, ഹൗസിംഗ് കോളനി പ്രതിനിധികൾ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി മേറ്റ്, നഗര ആരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തകർ, സീനിയർ സിറ്റിസൺ ഫോറം പ്രവർത്തകർ, വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ, കോളനികൾ, ചേരികൾ എന്നിവയുടെ പ്രതിനിധികൾ, ഗാർഹിക തൊഴിലാളികൾ, സ്ഥാപന

പ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കി.

7. അന്തിമ പട്ടിക തയ്യാറാക്കുന്നതിനുള്ള വാർഡ്തല യോഗം - തുടർന്ന് ഇവ ഏകോപിപ്പിച്ച് വിവരശേഖരണം നടത്തുന്നതിനുള്ള അന്തിമ പട്ടിക വാർഡ് തലത്തിൽ തയ്യാറാക്കി.

8. വാർഡ്തല പട്ടികകൾ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (MIS) അപ്ലോഡ് ചെയ്യൽ - മേൽ പട്ടിക നോഡൽ ഓഫീസർ സ്ഥിരീകരിച്ച് എം.ഐ.എസ്. പോർട്ടലിൽ അപ്ലോഡ് ചെയ്യു.

9. വിവരശേഖരണം നടത്തുക - ഓരോ വാർഡിലും വിവരശേഖരണം നടത്തുന്നത് രണ്ട് സന്നദ്ധ പ്രവർത്തകർ, ഒരു ഉദ്യോഗസ്ഥൻ എന്നിവരുടെ എന്യൂമറേഷൻ ടീമാണ്. മൊബൈൽ ആപ്പ് ഉപയോഗിച്ചുള്ള വിവരശേഖരണം അന്തിമ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളിൽ നടത്തി വിവരശേഖരണത്തിന് ഒപ്പം ഓരോ വീടിന്റേയും ലൊക്കേഷൻകൂടി തുടർഇടപെടലുകൾക്ക് സഹായകമായ രീതിയിൽ രേഖപ്പെടുത്തുന്നു.

10. സൂപ്പർ ചെക്കിംഗ്- വിവരശേഖരണം നടത്തിയ വീടുകളുടെ 20 ശതമാനം വീടുകളിൽ റാൻഡമായി സൂപ്പർ ചെക്കിംഗ് നടത്തുന്നു.

11. വാർഡ്തല അതിദരിദ്രരുടെ പട്ടിക തയ്യാറാക്കൽ- വിവരശേഖരണത്തിലൂടെ ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് ഓരോ കുടുംബത്തിനും ലഭിച്ച ബാധകമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എം.ഐ.എസ്.-ൽ നിന്ന് വാർഡ്തല കരട് പട്ടിക വാർഡ് സമിതിയിൽ അവതരിപ്പിക്കുകയും നിർദേശങ്ങളോ നിരീക്ഷണങ്ങളോ ഉണ്ടെങ്കിൽ അവകൂടി ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനതല സമിതിക്ക് കൈമാറുകയും ചെയ്യുന്നു.

12. തദ്ദേശ സ്ഥാപനതല അതിദരിദ്രരുടെ പട്ടിക തയ്യാറാക്കലും അംഗീകാരം നേടലും- വാർഡ്തല സമിതികൾ തയ്യാറാക്കിയ പട്ടികകൾ തദ്ദേശസ്ഥാപന ഭരണസമിതി പരിഗണിച്ച് അംഗീകാരം നൽകുന്നു.

13. വാർഡ് സഭകൾ/ ഗ്രാമസഭകളിൽ അംഗീകാരം - ഗ്രാമസഭ/വാർഡ് സഭകളിൽ അതാത് വാർഡ്തല പട്ടിക അവതരിപ്പിച്ച് അംഗീകാരം നേടുന്നു.

(സി) അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കുന്നതിന് കുടുംബാധിഷ്ഠിത മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ട വിവരശേഖരണം നടത്തിയിട്ടുണ്ടോ?

അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കുന്നതിന് കുടുംബാധിഷ്ഠിത മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ട പ്രാരംഭ വിവരശേഖരണം അതിദരിദ്ര നിർണ്ണയ പ്രക്രിയയുടെ ഭാഗമായി നടത്തിയിട്ടുണ്ട്.

(ഡി) ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി നിലവിലുള്ള പദ്ധതികൾ ഏതെല്ലാമാണ്; ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ അതിദാരിദ്ര്യം ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തിനനുസൃതമായി അവ പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആശ്രയ, അഗതി രഹിത കേരളം എന്നീ പദ്ധതികളാണ് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി നിലവിലുള്ള പദ്ധതികൾ. നിലവിൽ അവയുടെ പുന:ക്രമീകരണം സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. മൈക്രോപ്ലാൻ തയ്യാറാക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

## രാഷ്ട്രീയ കൊലപാതകങ്ങൾ

27 (*27) ശ്രീ. എം. എം. മണി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടന്ന രാഷ്ട്രീയ കൊലപാതകങ്ങളും പ്രതിസ്ഥാനത്തുള്ളവരുടെ രാഷ്ട്രീയബന്ധവും

അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറ് രാഷ്ട്രീയ കൊലപാതകങ്ങൾ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. മരണപ്പെട്ടവരുടെ പേരും പ്രതികളുടെ രാഷ്ട്രീയ ബന്ധവും അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) ഇടുക്കി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിയായിരുന്ന ധീരജ് രാജേന്ദ്രനെ കൊലപ്പെടുത്തിയ കേസിലെ പ്രതികൾ ആരൊക്കെയെന്നും അവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെയോ പോഷക സംഘടനയുടെയോ ഭാരവാഹിത്വം വഹിക്കുന്നവരാണോയെന്നും അറിയിക്കാമോ?

ഇടുക്കി ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥിയായിരുന്ന ധീരജ് രാജേന്ദ്രനെ കൊലപ്പെടുത്തിയ കേസിൽ യൂത്ത് കോൺഗ്രസ്, കെ.എസ്.യു. ഭാരവാഹികളും പ്രവർത്തകരുമായ എട്ട് പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്. അധിക വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ സംസ്ഥാന നേതാവ് കൊലയാളികളെ ന്യായീകരിക്കുംവിധത്തിൽ പത്രസമ്മേളനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തിയതിന്റെ പശ്ചാത്തലത്തിൽ കൊലപാതകത്തിന് പിന്നിലുള്ള ഗൂഢാലോചന വെളിച്ചത്ത് കൊണ്ടുവരാൻ വിപുലമായ അന്വേഷണം നടത്തുമോ;

(ഡി) ഇത്തരത്തിൽ പ്രസ്താവനയാലും അഭിപ്രായ പ്രകടനംവഴിയും അസഹ്യത ഉണ്ടാക്കുകയോ കലാപം പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നവരുടെമേൽ കേരള പോലിസ് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം നടപടിയെടുക്കുന്ന കാര്യം പരിശോധിക്കുമോ?

(സി&ഡി) പ്രസ്തുത കേസിന്റെ സമഗ്രമായ അന്വേഷണത്തിനായി ഇടുക്കി ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് അന്വേഷണ ചുമതല ഇടുക്കി ഡിവൈ.എസ്.പി.-ക്ക് നൽകിയിട്ടുണ്ട്. കേസിൽ ഏതെങ്കിലും തരത്തിലുള്ള ഗൂഢാലോചനകൾ നടന്നിട്ടുണ്ടോയെന്നത് ഈ ടീമിന്റെ അന്വേഷണ പരിധിയിൽ വരുന്നതാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് കർശനമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഇ) രാഷ്ട്രീയ ഭേദത്തിന്റെ പേരിലുള്ള കൊലപാതകങ്ങൾക്ക് അറുതി വരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ആറ് രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായിട്ടുണ്ട്. ഈ കൊലപാതകങ്ങളെത്തുടർന്ന് സംസ്ഥാനത്ത് സംഘട്ടനങ്ങളുണ്ടാകാനുള്ള സാദ്ധ്യത കണക്കിലെടുത്ത് പഴുതടച്ച സുരക്ഷാ ക്രമീകരണങ്ങളാണ് പോലീസ് ഏർപ്പെടുത്തിയിട്ടുള്ളത്. സംഘർഷ സാധ്യതയുള്ള പ്രദേശങ്ങളെ നിരീക്ഷിച്ച് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചു. രാഷ്ട്രീയ പാർട്ടികളെയും മറ്റും ഉൾപ്പെടുത്തി സമാധാന ചർച്ചകൾ നടത്തി. എല്ലാ കേസുകളിലെയും പ്രധാന പ്രതികളെ ഉടൻതന്നെ കണ്ടെത്തി അറസ്റ്റ് ചെയ്തു. സംസ്ഥാനത്തെ ക്രമസമാധാന അന്തരീക്ഷത്തിന് ഭംഗം വരുത്തുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടവരെ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചു. സമൂഹ മാധ്യമങ്ങളിൽ കർശനമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി.

## സ്പേസ് പാർക്ക് പ്രോജക്ടിന്റെ കൺസൾട്ടൻസി

28 (*28) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സ്പേസ് പാർക്ക് പ്രോജക്ടിന്റെ കൺസൾട്ടൻസി കരാറിൽനിന്നും കെ.പി.എം.ജി. എന്ന കമ്പനിയെ മാറ്റിയിരുന്നോ; എങ്കിൽ ഇതിന്റെ

കാരണവും വിശദാംശങ്ങളും അറിയിക്കാമോ?

കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ (കെ.എസ്.ഐ.ടി.ഐ.എൽ.) കീഴിലുള്ള സ്പേസ് പാർക്ക് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ സ്പെഷ്യൽ ഓഫീസറുടെ നിർദ്ദേശാനുസരണം കേരള സംസ്ഥാന സ്റ്റാർട്ടപ്പ്മിഷൻ M/s. KPMG-യെ സ്പേസ് പാർക്കിന്റെ "Detailed Project Report" തയ്യാറാക്കുന്നതിന് കൺസൾട്ടന്റായി നിയമിക്കുകയും അപ്രകാരം M/s. KPMG റിപ്പോർട്ട് തയ്യാറാക്കി നൽകുകയും ചെയ്തു. തുടർന്ന് സ്പേസ് പാർക്ക് പ്രോഗ്രാമിന്റെ നടത്തിപ്പിനായി National Informatics Centre Services Inc. (NICSI) നിരക്കിൽ ഒരു വർഷത്തേക്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു.) ആയി നിയോഗിക്കുന്നതിന് M/s. KPMG-യോട് താൽപ്പര്യം ആരാഞ്ഞുവെങ്കിലും കൺസൾട്ടൻസി മറുപടി നൽകുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ മറ്റൊരു പ്രോജക്ടുമായി ബന്ധപ്പെട്ട് സർക്കാർ നിയമിച്ച NICSI എംപാനൽഡ് എജൻസിയായ M/s. PWC-യെ സ്പേസ് പാർക്കിന്റെ പി.എം.യു. ആയി കെ.എസ്.ഐ.ടി.ഐ.എൽ. നിയോഗിക്കുകയുണ്ടായി.

(ബി) സ്പേസ് പാർക്ക് പോലെയുള്ള ഒരു പദ്ധതിക്കായി കൺസൾട്ടൻസിയെ തെരെഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ?

കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം National Informatics Centre Services Inc. (NICSI) എംപാനൽഡ് ലിസ്റ്റിൽനിന്ന് നേരിട്ട് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്ന രീതിയാണ് പൊതുവിൽ നിലവിലുള്ളത്.

(സി) സ്പേസ് പാർക്ക് പ്രോജക്റ്റിന്റെ കൺസൾട്ടൻസി കരാറുമായി ബന്ധപ്പെട്ട് ഗ്ലോബൽ ടെൻഡർ വിളിച്ചിരുന്നോ; പ്രസ്തുത ടെൻഡറിൽ ഏതൊക്കെ കമ്പനികൾ പങ്കെടുത്തുവെന്നും ആർക്കാണ് കരാർ നൽകിയത് എന്നുമുള്ള വിശദാംശങ്ങൾ നൽകാമോ;

(ഡി) മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്കോ ഐ.ടി. വകുപ്പ് സെക്രട്ടറിക്കോ കൺസൾട്ടൻസി കമ്പനികളെ മാറ്റാനുള്ള അധികാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) NICSI എംപാനൽഡ് എജൻസിയെയാണ് കൺസൾട്ടന്റായി നിയോഗിച്ചത്.

(ഇ) യു.എ.ഇ. കോൺസുലേറ്റ് ഉദ്യോഗസ്ഥയായി സേവനമനുഷ്ഠിച്ചിരുന്ന വ്യക്തിയെ സ്പേസ് പാർക്ക് പ്രോജക്ടിൽ നിയമിക്കുന്നതിൽ പ്രശ്നങ്ങളുണ്ടെന്ന് കെ.പി.എം.ജി. ചൂണ്ടിക്കാട്ടിയതിനെ തുടർന്നാണ് പ്രസ്തുത കമ്പനിയെ സ്പേസ് പാർക്ക് പ്രോജക്ടിന്റെ കൺസൾട്ടൻസി കരാറിൽനിന്നും മാറ്റിയതെന്ന വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഇതുസംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കോവിഡ് പ്രതിരോധ ഉപകരണങ്ങൾ വാങ്ങിയതിൽ ക്രമക്കേട്

29 (*29) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 781 കോടിയോളം രൂപയുടെ പ്രതിരോധ ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും മരുന്നുകളും കെ.എം.എസ്.സി.എൽ. മുഖേന വാങ്ങിയതിൽ ക്രമക്കേട് നടന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) 2020 മുതൽ ഇപ്രകാരം സാധനങ്ങൾ വാങ്ങിയതിൽ ഖജനാവിനുണ്ടായതായി പറയപ്പെടുന്ന നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ബന്ധപ്പെട്ടവരിൽനിന്നും പ്രസ്തുത തുക ഈടാക്കുകയും മറ്റ് ക്രിമിനൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കുറ്റക്കാരായവരെ കണ്ടെത്തുന്നതിനായി വിജിലൻസ് അന്വേഷണം നടത്താൻ തയ്യാറാകുമോ; വ്യക്തമാക്കുമോ ?

(എ-ഡി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രതിരോധ ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും മരുന്നുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വാങ്ങിയത് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം പരിശോധിച്ചുവരുന്നു. ആയത് പൂർത്തിയായിട്ടില്ല. പ്രസ്തുത പരിശോധന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സിൽവർ ലൈൻ പദ്ധതി

30 (*30) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിയുടെ പാരിസ്ഥിതിക ആഘാത പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കേന്ദ്ര മാർഗ്ഗനിർദ്ദേശപ്രകാരം റെയിൽവേ പദ്ധതികൾക്ക് പാരിസ്ഥിതിക ആഘാത പഠനം നിർബന്ധമല്ല. എന്നിരുന്നാലും തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖേന സിൽവർ ലൈൻ പദ്ധതിക്കായുള്ള ദ്രുത പരിസ്ഥിതി ആഘാത പഠനം കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നടത്തിയിരുന്നു. കൂടാതെ ഡൽഹി ആസ്ഥാനമായ EQMS India Pvt Ltd. എന്ന കമ്പനി സമഗ്ര പരിസ്ഥിതി ആഘാത പഠനം നടത്തി വരികയാണ്. റാപ്പിഡ് സ്റ്റഡിയിൽ കണ്ടെത്താതെ പോയ ഏതെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായാണ് സമഗ്ര പരിസ്ഥിതി ആഘാത പഠനം നടത്തുന്നത്.

(ബി) സിൽവർ ലൈൻ പദ്ധതിയുടെ ഭാഗമായി ഉണ്ടാക്കുന്ന എംബാങ്ക്മെന്റുകൾ മഴക്കാലത്തും പ്രളയകാലത്തും പ്രളയത്തിന് ആക്കം

കൂട്ടം എന്ന ഡി.പി.ആർ.-ലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) സിൽവർ ലൈൻ കോറിഡോർതന്നെ വെള്ളം നിറഞ്ഞ് ഡാം പോലെയാകുമോയെന്ന് ഡി.പി.ആർ.-ൽ ആശങ്കയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി&സി) പ്രകൃതിയെ ദോഷമായി ബാധിക്കാത്ത രീതിയിലാണ് സിൽവർ ലൈൻ ഘടനകൾ നിർമ്മിക്കുന്നത്. ഇത് സമ്പൂർണ്ണ ഹരിത പദ്ധതിയായിട്ടാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പരിസ്ഥിതിലോല പ്രദേശങ്ങളിലൂടെയോ വന്യജീവി മേഖലകളിലൂടെയോ പാത കടന്നുപോകുന്നില്ല. പുഴകളുടേയും അരുവികളുടേയും ഒഴുക്കിനെ തടസ്സപ്പെടുത്തുന്നില്ല. സിൽവർ ലൈനിന്റെ 70 ശതമാനത്തോളവും ഭൂനിരപ്പിലൂടെയാണ് വിഭാവന ചെയ്തിരിക്കുന്നത്. വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടാതിരിക്കുന്നതിന് സിൽവർ ലൈനിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വെള്ളം ഒഴുകിപ്പോകുന്നതിനുള്ള കൾവർട്ടുകൾ ഉണ്ടായിരിക്കും. ഹൈഡ്രോഗ്രാഫിക് സർവ്വേയിൽ ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ നടന്നുവരുന്നു. കഴിഞ്ഞ നൂറുവർഷത്തെ ഏറ്റവും വലിയ

വെള്ളപ്പൊക്കത്തിന്റെയും വേലിയേറ്റത്തിന്റെയും വേലിയിറക്കത്തിന്റെയു മൊക്കെ കണക്കുകളെടുത്താണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

(ഡി) സിൽവർ ലൈൻ പദ്ധതിയുടെ പാരിസ്ഥിതിക പഠന റിപ്പോർട്ടിൽ ജലശാസ്ത്രപരമായി അതീവ ലോലമായ 164 പ്രദേശങ്ങളിലൂടെയാണ് സിൽവർ ലൈൻ കടന്നുപോകുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേഖലകളിൽ ഉണ്ടാകാനിടയുള്ള മൈക്രോ ഫ്ലഡിംഗ്, സോയിൽ പൈപ്പിംഗ് അടക്കമുള്ള പ്രതിഭാസങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട് വിശദ ജലശാസ്ത്ര പഠനവും ഹൈഡ്രോഗ്രാഫിക് സർവ്വേയും നടന്നുവരുന്നു. വെള്ളപ്പൊക്കമുണ്ടാകാൻ കാരണമാകില്ലെന്ന് മാത്രമല്ല, വെള്ളപ്പൊക്കം ബാധിക്കാതിരിക്കാനുള്ള നടപടികളും സിൽവർലൈൻ പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അഴീക്കോട് മണ്ഡലത്തിലെ സ്മാർട്ട് അങ്കണവാടിയുടെ പ്രവർത്തനം

1 (1) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി അഴീക്കോട് മണ്ഡലത്തിലെ നാറാത്ത് പഞ്ചായത്തിൽ നടപ്പാക്കിവരുന്ന സ്മാർട്ട് അങ്കണവാടിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) നിലവിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

(എ & ബി) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട അഴീക്കോട് മണ്ഡലത്തിലെ നാറാത്ത് ഗ്രാമപഞ്ചായത്തിലെ 61-ാം നമ്പർ അങ്കണവാടിക്ക് 27,64,952/- രൂപ വിനിയോഗിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ 30-05-2021-ൽ അനുമതി നൽകിയിരുന്നു. എന്നാൽ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവ് (41,40,000/-) വന്നതിനാൽ പുതുക്കിയ ഭരണാനുമതിക്കായി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

### <u>സർക്കാർ ഉദ്യോഗസ്ഥരുടെ സോഷ്യൽ മീഡിയ ഇടപെടലുകൾ നിയന്ത്രിക്കുന്നതിന് നടപടി</u>

2 (2) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സോഷ്യൽ മീഡിയ മുഖേന സർക്കാർ ഉദ്യോഗസ്ഥർ സർക്കാരിനെതിരെ അധിക്ഷേപം

നടത്തിയതായ പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, വകുപ്പ് എന്നിവ വ്യക്തമാക്കാമോ;

(സി) ഓരോ പരാതിയിലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം വിശദമാക്കാമോ;

(ഡി) സർക്കാരിനെ അധിക്ഷേപിച്ചതായി പരാതി ലഭിച്ചിട്ടും നടപടികൾ സ്വീകരിക്കാത്ത ബന്ധപ്പെട്ട മേലുദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സർക്കാർ ഉദ്യോഗസ്ഥരുടെ സോഷ്യൽ മീഡിയ ഇടപെടലുകൾ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ-ഇ) സോഷ്യൽ മീഡിയ മുഖേന സർക്കാരിനെതിരെ അധിക്ഷേപം നടത്തിയ സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ മുഖ്യമന്ത്രിക്ക് ലഭിച്ച പരാതികളിൽ പോലീസ് അന്വേഷണം ആവശ്യമായവ സ്റ്റേറ്റ് പോലീസ് ചീഫിനും മറ്റുള്ളവ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്കും യഥാസമയം അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്. ഇത്തരം പരാതികളെ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. സർക്കാർ ജീവനക്കാർ പെരുമാറ്റ ചട്ടങ്ങൾക്കനുസൃതമായി മാത്രമെ സോഷ്യൽ മീഡിയ

ഉൾപ്പെടെയുള്ള പൊതുപ്ലാറ്റ്ഫോമുകളിൽ ഇടപെടാൻ പാടുള്ളൂ. ഇക്കാര്യം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി

3 (3) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നടപടിക്രമങ്ങൾ ലഘൂകരിച്ച് പ്രസ്തുത സേവനങ്ങൾ ജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ & ബി) നടപടിക്രമങ്ങൾ ലഘൂകരിച്ച് സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ സേവനങ്ങൾ സർക്കാർ ഓഫീസ് സന്ദർശിക്കാതെതന്നെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പരമാവധി സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാർ സേവനങ്ങൾ ലഭ്യമാക്കുമ്പോൾ ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾ ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ

കഴിയുന്നത്ര ഒഴിവാക്കാനും സേവനം ലഭ്യമാക്കാനുമുള്ള പ്രക്രിയ ലഘൂകരിക്കാനുമുള്ള നടപടികളാണ് ആസൂത്രണം ചെയ്തുവരുന്നത്. ആദ്യഘട്ടത്തിൽ ചില വകുപ്പുകളുടെ നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റസിഡന്റ് സർട്ടിഫിക്കറ്റ്, മൈനോറിറ്റി സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, one and the same certificate, ബന്ധുത്വ സർട്ടിഫിക്കറ്റ്, കുടുംബ അംഗത്വ സർട്ടിഫിക്കറ്റ്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, മിശ്രവിവാഹ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ആഭ്യന്തര വകുപ്പ് അറ്റസ്റ്റേഷൻ എന്നീ 12 ഇനം സേവനങ്ങൾ ലഘൂകരിക്കുന്നതിനും പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ/സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതികളുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്.

(i) വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി രേഖകൾ/ സർട്ടിഫിക്കറ്റുകൾ എന്നിവ ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി സാക്ഷ്യപ്പെടുത്തണമെന്ന രീതി ഒഴിവാക്കി രേഖകളുടെ/സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും.

(ii) പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്ക് ഒരു നിശ്ചിത തുക

അവരിൽനിന്നും അപേക്ഷാഫീസായി ഈടാക്കുന്നുണ്ട്. ആദ്യഘട്ടമെന്ന നിലിയിൽ ബിസിനസ്സിനും വാണിജ്യത്തിനും ഒഴികെയുള്ള പൗരസേവനങ്ങൾ ലഭിക്കുന്നതിനായി അപേക്ഷാഫീസ് ഒടുക്കുന്നതിൽനിന്നും പൗരന്മാരെ ഒഴിവാക്കുന്നു.

(iii) പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്കായി സമർപ്പിക്കേണ്ട എല്ലാ അപേക്ഷ ഫോമുകളും ലളിതമാക്കാനും കഴിയുന്നിടത്തോളം ഒരു പേജിൽ മാത്രം പരിമിതപ്പെടുത്താനും നിശ്ചയിച്ചിട്ടുണ്ട്.

(iv) ഒരിക്കൽ നൽകിയ എല്ലാ സർട്ടിഫിക്കറ്റുകളും ഏതെങ്കിലും സർക്കാർ വകുപ്പിലെ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാം. സർട്ടിഫിക്കറ്റ് നൽകുന്ന അധികാരി ഒരു പ്രത്യേക ഉദ്ദേശ്യത്തിന്/ഉപയോഗത്തിന് മാത്രമാണ് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് ഒരുകാരണവശാലും സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താൻ പാടില്ല.

(v) ചില വകുപ്പുകൾ നൽകുന്ന സേവനങ്ങൾ/സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി മറ്റ് ചില സർട്ടിഫിക്കറ്റുകൾ/രേഖകൾ ഹാജരാക്കണമെന്ന വകുപ്പുകളുടെ നിർബന്ധം പൗരന്മാർക്ക് സേവനം ലഭിക്കുന്നതിന് കാലതാമസവും ബുദ്ധിമുട്ടും ഉണ്ടാക്കുന്നു. ഇത് മറികടക്കാൻ ടി

സേവനങ്ങൾക്ക് അപേക്ഷകന്റെ സത്യവാങ്മൂലം കൂടി നിഷ്കർഷിക്കുന്നു. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, EWS സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ്, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കായി നിലവിലെ നിയമപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഇതിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതോടുകൂടി സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ അഴിമതിരഹിതവും സമയബന്ധിതവുമായി നൽകുന്നത് ത്വരിതപ്പെടുത്തുന്നതിന് സഹായകമാകും.

## സഹകരണ ആശുപത്രികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച നിവേദനം

4 (4) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ആശുപത്രികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് കോഴിക്കോട് സഹകരണ ആശുപത്രികളിലെ പ്രസിഡന്റുമാർ സമർപ്പിച്ച നിവേദനം മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ?

സഹകരണ ആശുപത്രികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് കോഴിക്കോട് സഹകരണ ആശുപത്രികളിലെ പ്രസിഡന്റുമാർ സമർപ്പിച്ച നിവേദനം മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെൽ വഴി സഹകരണ സംഘം രജിസ്ട്രാർക്ക് നേരിട്ട് ലഭിച്ചിട്ടുണ്ട്. നിവേദനത്തിൻമേൽ രജിസ്ട്രാറുടെ റിപ്പോർട്ട് ലഭ്യമാക്കി സർക്കാർ വിഷയം പരിശോധിക്കുന്നതാണ്.

## പെൻഷൻ പ്രായം ഏകീകരണം

5 (5) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം എത്രയാണ്; ഇനം തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെ നിർബന്ധിത വിരമിക്കൽ പ്രായം താഴെപ്പറയുന്നവ ഒഴിച്ച് 56 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.

1) കേരള ജുഡീഷ്യൽ സർവ്വീസ് അഥവാ കേരള സ്റ്റേറ്റ് ഹയർ ജുഡീഷ്യൽ സർവ്വീസ് -60 വയസ്സ്

2) വ്യാവസായിക ട്രൈബ്യൂണൽ-60 വയസ്സ്

3) വിജിലൻസ് ട്രൈബ്യൂണൽ- 62 വയസ്സ്

4) 07-04-1970 തീയതി പ്രാബല്യത്തിൽ സേവനത്തിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരൻ (ടി ആനുകൂല്യം ടി ഉദ്യോഗസ്ഥൻ ലാസ്റ്റ് ഗ്രേഡ് സേവനത്തിൽ തുടരുന്ന കാലയളവിൽ മാത്രമെ ലഭ്യമാകൂ)-60 വയസ്സ്

5) 07-04-1970-ന് ശേഷം സംസ്ഥാന സർക്കാർ സേവനത്തിൽ നിയമിതരായ 07-04-1970-ന് മുമ്പ് സൈനിക സേവനത്തിലിരുന്ന വിമുക്തഭടന്മാർ- 60 വയസ്സ്

6) ആരോഗ്യ സേവന വകുപ്പിലെ കുഷ്ഠരോഗാശുപത്രികളിൽ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ നിയമിതരായ രോഗികളായ ജീവനക്കാർ- 60 വയസ്സ്

7) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർ- 62 വയസ്സ്

8) ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ-60 വയസ്സ്

9) ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായ 01-04-2013 തീയതിക്കോ അതിനുശേഷമോ സർക്കാർ സേവനത്തിൽ നിയമിതരായ ജീവനക്കാർ- 60 വയസ്സ്

10) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതിക് ഡോക്ടർമാർ-60 വയസ്സ്

11) ഗവൺമെന്റ് നഴ്സിംഗ് കോളേജുകളിലെ അദ്ധ്യാപക ജീവനക്കാർ- 60 വയസ്സ്

12) ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ ഇതര അദ്ധ്യാപക ജീവനക്കാർ - 60 വയസ്സ്

13) ഫാർമസി കോളേജുകളിലെ അദ്ധ്യാപക ജീവനക്കാർ- 60 വയസ്സ്

14) ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാർ - 60 വയസ്സ്

15) സർക്കാർ ദന്തൽ കോളേജുകളിലെയും മെഡിക്കൽ കോളേജുകളിലെ ദന്തൽ വിഭാഗങ്ങളിലെയും ഡോക്ടർമാർ -62 വയസ്സ്

16) ആയുർവ്വേദ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാർ-60 വയസ്സ്

17) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ദന്തൽ സർജൻമാർ - 60 വയസ്സ്

(ബി) പെൻഷൻ പ്രായം ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

പെൻഷൻ പ്രായം ഏകീകരിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പഠന വെല്ലുവിളി നേരിടുന്ന കുട്ടികളും അവരുടെ മാതാപിതാക്കളും നേരിടുന്ന ബുദ്ധിമുട്ടുകൾ

6 (6) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സംവിധാനങ്ങളുടെ കാലാകാലങ്ങളായുള്ള ഏകോപനമില്ലായ്മമൂലം പഠനവെല്ലുവിളി നേരിടുന്ന കുട്ടികളും അവരുടെ മാതാപിതാക്കളും നിയമാനുസൃതമായ പരീക്ഷാനുകൂല്യം ഉറപ്പാക്കാനായി ഓരോ വർഷവും ജനുവരി മാസം മുതൽ ബുദ്ധിമുട്ട് നേരിടുന്ന അവസ്ഥയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പിൽ പഠനവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പരീക്ഷാനുകൂല്യം ഉറപ്പാക്കാനായി ഒരോ വർഷവും സ്കൂൾ അദ്ധ്യയനാരംഭത്തിൽത്തന്നെ പൊതുവിദ്യാഭ്യാസ വകുപ്പ് കാര്യക്ഷമമായി ഈ വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കുകയും വിവിധ വിദ്യാഭ്യാസ ഏജൻസികളുമായി ഏകോപനം നടത്തുകയും അതിനനുസൃതമായ നിർദ്ദേശങ്ങൾ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകുകയും ചെയ്തുവരുന്നു. 2021-22 വർഷാരംഭത്തിൽത്തന്നെ പൊതുവിദ്യാഭ്യാസ വകുപ്പ് പഠന വൈകല്യം നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള പരീക്ഷാനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 2021-22 വർഷത്തെ

സ്പെസിഫിക് ലേണിംഗ് ഡിസ്എബിലിറ്റി നിർണ്ണയം സ്കൂൾതലത്തിൽ നടത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിലുള്ള സമാഹൃത ലിസ്റ്റ് ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർക്ക് നൽകുന്നതിനും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് സമയബന്ധിതമായി ലഭിക്കുന്നതിനും വേണ്ടി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് മെഡിക്കൽ ബോർഡ് ചേരുന്നതിനുള്ള അവസരമൊരുക്കുന്നതിന് വിദ്യാഭ്യാസ ഡയറക്ടർ ഓഫീസിൽനിന്നും, വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാതിക്ക് ഇടവരാത്ത രീതിയിൽ വിദ്യാഭ്യാസ വകുപ്പ് വേണ്ട ഇടപടലുകൾ ആരോഗ്യവകുപ്പുമായി ചേർന്ന് നടത്തിയിട്ടുണ്ട്.

(ബി) ഇതിനായുള്ള ക്ലിനിക്കൽ/റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റുകളുടെ അപര്യാപ്തത, മെഡിക്കൽ ബോർഡുകൾ കൂടാൻ വൈകൽ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സഹകരണത്തോടെ പഠനവൈകല്യം കണക്കാക്കാനായുള്ള നടപടികളുടെ അപര്യാപ്തത എന്നിവ തുടരുന്നതാണ് ഇതിന് കാരണമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ജില്ലകളിൽ മെഡിക്കൽ ബോർഡുകൾ സംഘടിപ്പിക്കുന്നതിന് ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാരുടെ എണ്ണത്തിലെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷമായി കോവിഡ്-19 വ്യാപനമുള്ളതിനാൽ കൃത്യമായി ബോർഡ് കൂടാൻ കഴിഞ്ഞിട്ടില്ല. കോവിഡ് വ്യാപനം കുറഞ്ഞ സാഹചര്യത്തിൽ സ്പെഷ്യൽ ക്യാമ്പ് നടത്തി മുഴുവൻ അപേക്ഷകർക്കും സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നിർദ്ദേശം ആരോഗ്യവകുപ്പ് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത വിഭാഗം കുട്ടികൾക്ക് വെല്ലുവിളികളെ തരണം ചെയ്ത് മുഖ്യധാരയിലെത്താനും കുട്ടികളുടെയും മാതാപിതാക്കളുടെയും നിരാശയില്ലാതാക്കുന്നതിനും സംസ്ഥാന വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യനീതി വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കി ഒരു പുതിയ സംവിധാനം ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യനീതി വകുപ്പുകളുടെ സഹകരണത്തോടെയാണ് നിലവിലുള്ള സംവിധാനം പ്രവർത്തിച്ചുവരുന്നത്.

## <u>പി.എസ്.സി. പരീക്ഷ സെന്റർ</u>

7 (7) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാതൃജില്ലയിൽ പി.എസ്.സി. പരീക്ഷകൾക്കായി അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് പലപ്പോഴും ജില്ലയിൽത്തന്നെ വളരെ ദൂരെയുള്ള പരീക്ഷ സെന്ററുകളാണ് അനുവദിച്ച് ലഭിക്കാറുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് സൗകര്യപ്രദമായി എത്തിച്ചേരാൻ കഴിയുന്ന രീതിയിൽ അടുത്തായി പരീക്ഷ സെന്ററുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലുള്ള പരീക്ഷകൾക്ക് എല്ലാ താലൂക്കുകളിലും പരീക്ഷാകേന്ദ്രങ്ങൾ സജ്ജമാക്കുന്നുണ്ട്. പരീക്ഷാകേന്ദ്രങ്ങളായി സർക്കാർ/സ്വകാര്യ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ആശ്രയിച്ചുവരുന്നത്. സ്വന്തം താലൂക്കുകളിൽ പരീക്ഷാകേന്ദ്രങ്ങൾ ലഭിക്കുന്നതിന് പ്രഥമ പരിഗണന നൽകുന്നത് ഭിന്നശേഷിക്കാർക്കാണ്. അതിനുശേഷം വനിതകളെ പരിഗണിക്കുന്നു. ഓരോ താലൂക്കിലും പര്യാപ്തമായ പരീക്ഷാകേന്ദ്രങ്ങൾ ലഭ്യമാകാത്തത് കാരണം പലപ്പോഴും വനിതകൾ ഉൾപ്പെടെയുള്ളവർക്ക് ഇതര താലൂക്ക്/ജില്ലകളിലേക്ക് പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കേണ്ടി വരുന്നുണ്ട്.

ഉദ്യോഗാർത്ഥികളുടെ എണ്ണം കുറവുള്ള പരീക്ഷകൾക്ക് ആസ്ഥാന/മേഖല/ജില്ലാ കേന്ദ്രങ്ങളിലാണ് പരീക്ഷകൾ നടത്തുന്നത്. കൂടാതെ 2022 ജനുവരി മാസം മുതൽ ഭിന്നശേഷി/വനിതാ ഉദ്യോഗാർത്ഥികളുടെ എണ്ണം കണക്കിലെടുത്തുകൊണ്ട് ടിയാളുകൾക്ക് പരമാവധി സ്വന്തം താലൂക്കിൽ തന്നെ പരീക്ഷാകേന്ദ്രം ഒരുക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നുണ്ട്.

## കേരളം കൈവരിച്ച നേട്ടങ്ങൾ

8 (8) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏതെല്ലാം മേഖലകളിലാണ് മികച്ച നേട്ടങ്ങൾ കൈവരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) സ്കാൻഡിനേവിയൻ രാജ്യങ്ങളെപ്പോലെ സാമൂഹിക ജീവിതത്തിൽ ഉൾപ്പെടെ എല്ലാ മേഖലകളിലും മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുമോ;

(സി) സ്കൂൾ - കോളേജ് പാഠ്യപദ്ധതിയിൽ ഉൾപ്പെടെ ഇതിനനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുമോയെന്നും സാമൂഹ്യ പ്രതിബദ്ധതയുള്ള പൗരന്മാരായി പുതുതലമുറയെ വാർത്തെടുക്കാൻ പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വിശദമാക്കുമോ?

(എ-സി) മറുപടി അനുബന്ധമായി+ ചേർക്കുന്നു.

മതസൗഹാർദ്ദം തകർക്കുന്ന പ്രവർത്തനങ്ങൾ

9 (9) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതസൗഹാർദ്ദം തകർക്കുന്ന പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് മതസൗഹാർദ്ദം തകർക്കുന്ന പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സമൂഹമാധ്യമങ്ങളിലൂടെ മതസൗഹാർദ്ദം തകർക്കുന്ന രീതിയിൽ വർഗ്ഗീയത പ്രചരിപ്പിക്കുന്നവരെ കണ്ടെത്തി ശിക്ഷാനടപടികൾ എടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമുദായിക സ്പർദ്ധയുണ്ടാക്കുന്ന തരത്തിൽ സമൂഹമാധ്യമങ്ങളിലൂടെ വ്യാജപ്രചാരണങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിനും അവരെ നിരീക്ഷിക്കുന്നതിനും കേരള പോലീസിന്റെ വിവിധ വിഭാഗങ്ങളായ സൈബർ ഡോം, ഹൈടെക് സെൽ, കേരള പോലീസ് സോഷ്യൽ മീഡിയ സെൽ, സൈബർ പോലീസ് സ്റ്റേഷനുകൾ, സൈബർ സെൽ എന്നിവ പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയും വ്യാജ ഐ.ഡി. ഉണ്ടാക്കി വിവാദങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെയും ഐ.പി.സി., ഐ.ടി. ആക്ട് എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) സംസ്ഥാനത്തെ വിവിധ മതവിഭാഗങ്ങൾ തമ്മിൽ സൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് പൊതുവിൽ വിവിധ മതവിഭാഗങ്ങൾ തമ്മിൽ നല്ല സൗഹാർദ്ദപരമായ അന്തരീക്ഷമാണ് നിലനിൽക്കുന്നത്. നാടിന്റെ പൊതുവായ വികസന പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ സർക്കാർ

സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ മതവിഭാഗങ്ങൾ തമ്മിൽ സൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിന് വിവിധ രാഷ്ട്രീയ പാർട്ടികളുടെയും സമുദായ സംഘടനകളുടെയും നേതാക്കൻമാരെ ഉൾപ്പെടുത്തി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സാമുദായികസൗഹൃദ സമ്മേളനങ്ങൾ നടത്തിവരുന്നുണ്ട്. ലോക്കൽ പോലീസിന്റെയും സ്റ്റേറ്റ്/ജില്ലാ സ്പെഷ്യൽ ബ്രാഞ്ചുകളുടെയും കമ്മ്യൂണിറ്റി പൊലീസിംഗ് സംരംഭങ്ങളുടെയും സഹായത്തോടെ വർഗ്ഗീയ പ്രശ്നങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽനിന്നും മുൻകൂറായി വിവരശേഖരണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ച്, വർഗ്ഗീയ കലാപങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം മതസൗഹാർദ്ദം ഉറപ്പുവരുത്തുന്നതിനുള്ള ക്രിയാത്മകമായ നടപടികളും സ്വീകരിച്ചുവരുന്നു.

## അഴീക്കോട് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

10 (10) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അഴീക്കോട് മണ്ഡലത്തിലെ കണ്ണാടിപറമ്പ്, വളപട്ടണം വില്ലേജ്

ഓഫീസുകളുടെ പുനർനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ?

അഴീക്കോട് മണ്ഡലത്തിലെ കണ്ണാടിപറമ്പ്, വളപട്ടണം വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകുമോ?

നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>നൂറ് ദിന പരിപാടികളിൽ ആലപ്പുഴയിലെ പദ്ധതികൾ</u>

11 (11) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച നൂറ് ദിന പരിപാടികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ ആദ്യ നൂറുദിന പരിപാടി 2021 ജൂൺ ഒന്ന് മുതൽ സെപ്റ്റംബർ 13 വരെ പ്രഖ്യാപിച്ച് നടപ്പിലാക്കി. അതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ വഴി 184 പദ്ധതികൾ പ്രഖ്യാപിക്കുകയും 139 എണ്ണം പൂർത്തീകരിക്കുകയും ശേഷിച്ചവ ത്വരിതഗതിയിൽ പൂർത്തിയാക്കി

വരികയും ചെയ്യുന്നു. പ്രസ്തുത കർമ്മ പരിപാടിയിലൂടെ വിവിധ മേഖലകളിലായി 76,500-ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായാണ് 2022 ഫെബ്രുവരി 10 മുതൽ മെയ് 20 വരെ രണ്ടാമത്തെ നൂറുദിന പരിപാടി പ്രഖ്യാപിച്ചിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിക്കൊപ്പം, പ്രകടന പത്രികയിലൂടെ അവതരിപ്പിച്ച ജനക്ഷേമ വികസന പദ്ധതികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് രണ്ടാം നൂറുദിന പരിപാടിയിൽ പ്രാമുഖ്യം നൽകിയിട്ടുള്ളത്. ഊർജ്ജം, കൃഷി അനുബന്ധം, ഗതാഗതം-പൊതുമരാമത്ത്, ഗ്രാമവികസനം, ജലവിഭവ-ജലസേചനം, തദ്ദേശസ്വയംഭരണം, പൊതുസേവനം, വ്യവസായ സാങ്കേതികം, ശാസ്ത്രീയസേവന ഗവേഷണം, സഹകരണം, സാമൂഹികസേവനം, സാമ്പത്തിക സേവനം എന്നീ മേഖലകളിലായി പ്രത്യക്ഷവും പരോക്ഷവുമായി 464714 തൊഴിൽ ദിനങ്ങൾ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ഒന്നാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

2021 ജൂൺ 11 മുതൽ സെപ്റ്റംബർ 13 വരെ നടപ്പിലാക്കിയ ഒന്നാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി വിവിധ മേഖലകളിലായി ആലപ്പുഴ നിയോജകമണ്ഡലത്തിൽ താഴെക്കൊടുത്തിരിക്കുന്ന 15 പദ്ധതികളാണ് നടപ്പിലാക്കിയത്.

1. കൊല്ലം ആലപ്പുഴ ജില്ലകളെ ബന്ധിപ്പിക്കുന്ന വലിയ അഴീക്കൽ പാലം.

2. കുട്ടനാട് ബ്രാൻഡ് അരി മില്ലിന്റെ നിർമ്മാണ പ്രവർത്തനാരംഭം.

3. കുട്ടനാട് പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച ഇലക്ട്രിക് സബ് സ്റ്റേഷൻ പ്രവർത്തനോദ്ഘാടനം.

4. കുട്ടനാട്, അപ്പർ കുട്ടനാട് ആസ്ഥാനമാക്കി ഒരു സംഭരണ, സംസ്കരണ വിപണന സഹകരണ സംഘം രജിസ്റ്റർ ചെയ്ത് ആരംഭിക്കൽ.

5. Multipurpose Cyclone shelter ഉദ്ഘാടനം.

6. കിഫ്ബി റോഡ്-പാലം പദ്ധതി:- മാവേലിക്കര-പുതിയകാവ്-പള്ളിക്കൽ റോഡ്.

7. ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി ആലപ്പുഴയിലെ പുരാതന മോസ്ക്കായ മാക്കം മസ്ജിദ് പുനരുദ്ധാരണം.

8. ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി 1888-ൽ സ്ഥാപിതമായ ലിയോ XIII സ്കൂളിന്റെ പുനരുദ്ധാരണം.

9. കാവാലത്ത് പുതിയ 110 KV GIS (Gas Insulated Substation) സബ്സ്റ്റേഷന്റെ നിർമ്മാണോദ്ഘാടനം.

10. കിടങ്ങറയിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണോദ്ഘാടനം.

11. ആലപ്പുഴ മെഡിക്കൽ കോളേജിൽ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും വേണ്ടി നിർമ്മിക്കുന്ന ആശ്വാസ് വാടക വീട് പദ്ധതിയുടെ ശിലാസ്ഥാപന കർമ്മം.

12. സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ലഹരി വിമോചന ചികിത്സാ കേന്ദ്രത്തിന്റെ ഉദ്ഘാടനം.

13. ആലപ്പുഴ എക്സൈസ് ഡിവിഷൻ ഡിജിറ്റൽ വയർലെസ് സിസ്റ്റം ഉദ്ഘാടനം

14. സബ് ട്രഷറി ഹരിപ്പാട് ഉദ്ഘാടനം

15. എക്സൈസ് ഡിവിഷനിലെ ഡിജിറ്റൽ വയർലെസ് സിസ്റ്റത്തിന്റെ ഉദ്ഘാടനം

(സി) നൂറ് ദിന പരിപാടിയിൽ ഈ വർഷം പുതുതായി ഏതൊക്കെ പദ്ധതികളാണ് ആലപ്പുഴയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി ആലപ്പുഴയിൽ താഴെക്കൊടുത്തിരിക്കുന്ന മൂന്ന് പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

1. കുട്ടനാട് റൈസ് എക്കോസിസ്റ്റം പ്രോജക്റ്റിന്റെ സുസ്ഥിര വികസനം

2. ഇ.എസ്.ഐ. ആശുപത്രിയിൽ ഐ.സി.യു. സ്ഥാപിക്കൽ

3. ജവഹർ ബാലഭവൻ, ആലപ്പുഴ.

## രണ്ടാം നൂറുദിന പരിപാടി

12 (12) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി എത്ര തൊഴിൽ ദിനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

2022 ഫെബ്രുവരി 10 മുതൽ മെയ് 20 വരെ നടപ്പാക്കിവരുന്ന ഈ സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി പ്രത്യക്ഷവും

പരോക്ഷവുമായി 464714 തൊഴിൽ ദിനങ്ങൾ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതെന്ന് വിശദമാക്കുമോ?

ഊർജ്ജ മേഖല, കൃഷി അനുബന്ധ മേഖല, ഗതാഗതം-പൊതുമരാമത്ത് മേഖല, ഗ്രാമവികസന മേഖല, ജലവിഭവ-ജലസേചന മേഖല, തദ്ദേശ സ്വയംഭരണ മേഖല, പൊതുസേവന മേഖല, വ്യവസായ സാങ്കേതിക മേഖല, ശാസ്ത്രീയസേവന ഗവേഷണ മേഖല, സഹകരണ മേഖല, സാമൂഹികസേവന മേഖല, സാമ്പത്തികസേവന മേഖല എന്നീ മേഖലകളിലാണ് പ്രസ്തുത തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

## നവകേരളം കർമ്മപദ്ധതി -2

13 (13) ശ്രീ. വി. ജോയി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ഉലച്ച സാധാരണക്കാരുടെ ജീവിതം അനായാസകരമാക്കുന്ന തരത്തിലാണോ സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് അറിയിക്കാമോ?

അതെ.

(ബി) പ്രസ്തുത പരിപാടിയുടെ അടിസ്ഥാന വികസന തന്ത്രം വിശദമാക്കാമോ; ഏതൊക്കെ രംഗങ്ങളിലാണ് പതിനേഴര ലക്ഷത്തിലധികം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ പരിപാടിയുള്ളതെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരി സമ്പദ്ഘടനയെ തളർത്തിയ മാന്ദ്യത്തിൽനിന്ന് പുറത്ത് കടക്കുന്നതിനുള്ള സമയബന്ധിതമായ കർമ്മ പരിപാടി എന്ന നിലയിലാണ് നൂറുദിന കർമ്മ പരിപാടി വിഭാവനം ചെയ്തിട്ടുള്ളത്. ലോക്ഡൗണും കോവിഡ് നിയന്ത്രണങ്ങളും സാധാരണഗതിയിലുള്ള സർക്കാർ പ്രവർത്തനങ്ങൾക്ക് സൃഷ്ടിച്ച തടസ്സം ഇല്ലാതാക്കുന്നതിന് ഇടപെടുക എന്നതാണ് പ്രധാനമായിട്ടുള്ളത്. ഒന്നും ചെയ്യാതെ മാറിനിന്നാൽ ജനജീവിതം ദുഷ്കരമായിത്തീരും എന്നതാണ് യാഥാർത്ഥ്യം. നിരവധി പരിമിതികൾ നിലവിലുണ്ടെങ്കിലും സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടുള്ള ചിട്ടയായ പ്രവർത്തനത്തിലൂടെ വികസനം ഉറപ്പാക്കുക എന്ന തന്ത്രമാണ് ഒന്നാംഘട്ട നൂറുദിന കർമ്മപരിപാടി (2020 സെപ്റ്റംബർ ഒന്ന് മുതൽ ഡിസംബർ ഒൻപത് വരെ) പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ നടപ്പിലാക്കിയത്. അതിൽ നൂറ് പദ്ധതികളാണ്

പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ആദ്യം പ്രഖ്യാപിക്കാത്ത പദ്ധതികളും പിന്നീട് ഉൾപ്പെടുത്തിയതുമായ ആകെ 156 പദ്ധതികളാണ് ഒന്നാം ഘട്ടത്തിൽ പൂർത്തീകരിച്ചത്. പ്രസ്തുത പരിപാടിയിലൂടെ വിവിധ മേഖലകളിലായി പ്രത്യക്ഷവും പരോക്ഷവുമായ 121083 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയുണ്ടായി. ഇതിന്റെ തുടർച്ചയെന്നോണം 2020 ഡിസംബർ 17 മുതൽ 2021 മാർച്ച് 27 വരെ രണ്ടാംഘട്ട നൂറുദിന പരിപാടി നടപ്പിലാക്കി. പ്രസ്തുത പരിപാടിയിൽപ്പെടുത്തി നടപ്പിലാക്കിയ 233 പദ്ധതികളിലൂടെ പ്രത്യക്ഷവും പരോക്ഷവുമായ 66339 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയുണ്ടായി.

മുൻസർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയുടെ തുടർച്ചയായി പല പുതിയ പദ്ധതികളും ചേർത്തുകൊണ്ട് ഈ സർക്കാരിന്റെ ആദ്യ നൂറുദിന പരിപാടി 2021 ജൂൺ 11 മുതൽ സെപ്റ്റംബർ 13 വരെ പ്രഖ്യാപിച്ച് നടപ്പിലാക്കി. അതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ വഴി 184 പദ്ധതികൾ പ്രഖ്യാപിക്കുകയും, ആയതിൽ 139 എണ്ണം പൂർത്തീകരിക്കുകയും ശേഷിച്ചവ ത്വരിതഗതിയിൽ പൂർത്തിയാക്കിവരികയും ചെയ്യുന്നു. പ്രസ്തുത കർമ്മ പരിപാടിയിലൂടെ വിവിധ മേഖലകളിലായി പ്രത്യക്ഷവും പരോക്ഷവുമായ 80559 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ഇതിന്റെ

തുടർച്ചയെന്നോണം 2022 ഫെബ്രുവരി 10 മുതൽ മെയ് 20 വരെ നടപ്പാക്കുന്ന രീതിയിൽ ഈ സർക്കാരിന്റെ രണ്ടാമത്തെ നൂറുദിന പരിപാടി പ്രഖ്യാപിക്കുകയുണ്ടായി. നവകേരളം കർമ്മ പദ്ധതിയുടെ ലക്ഷ്യങ്ങൾ പ്രകടന പത്രികയിൽ ഉൾപ്പെടുത്തി അവതരിപ്പിച്ച ജനക്ഷേമ വികസന പദ്ധതികൾ എന്നിവയെല്ലാംതന്നെ ലക്ഷ്യംവച്ചുകൊണ്ടുള്ള പദ്ധതികൾക്കാണ് രണ്ടാം നൂറുദിന പരിപാടിയിൽ പ്രാമുഖ്യം നൽകിയിട്ടുള്ളത്.

ഊർജ്ജമേഖല, കൃഷി അനുബന്ധ മേഖല, ഗതാഗതം-പൊതുമരാമത്ത് മേഖല, ഗ്രാമ വികസന മേഖല, ജലവിഭവ-ജലസേചന മേഖല, തദ്ദേശ സ്വയംഭരണ മേഖല, പൊതുസേവന മേഖല, വ്യവസായ സാങ്കേതിക മേഖല, ശാസ്ത്രീയസേവനഗവേഷണ മേഖല, സഹകരണ മേഖല, സാമൂഹികസേവന മേഖല, സാമ്പത്തികസേവന മേഖല എന്നീ മേഖലകളിലാണ് പ്രത്യക്ഷവും പരോക്ഷവുമായ 464714 തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) നവകേരളം കർമ്മപദ്ധതി-2-ന് ഉത്തേജനം നൽകുന്ന രീതിയിലാണോ ഘടകപദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

അതെ. നവകേരളം കർമ്മപദ്ധതി-2-ന് ഉത്തേജനം നൽകുന്ന രീതിയിലാണ് താഴെപ്പറയുന്ന പൊതുലക്ഷ്യങ്ങൾ നേടിയെടുക്കാൻ ഘടകപദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.

1. പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, അടിസ്ഥാന ആവശ്യങ്ങളും ജീവനോപാധിയും, കൃഷി വ്യാപനം, ജലസംരക്ഷണം, മാലിന്യ സംസ്കരണം, പരിസ്ഥിതി സംരക്ഷണം, ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്നതും പരിസ്ഥിതി സൗഹൃദവുമായ വികസന പദ്ധതികൾ എന്നീ മേഖലകളിൽ വരുംകാല വെല്ലുവിളികളെക്കൂടി നേരിടാൻ കഴിയും വിധത്തിലുള്ള മുന്നേറ്റമുണ്ടാക്കിയും നിലവിലുള്ള പരിമിതികൾ പരിഹരിച്ച് ഏറ്റവും ഉയർന്ന ഗുണമേന്മ ഉറപ്പാക്കിയും ജനപങ്കാളിത്തത്തോടെ ഒരു നവകേരളം സൃഷ്ടിക്കുക.

2. കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധി വ്യാപനം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് കാരണമാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിച്ച് സാധ്യമായ രീതികളിലെല്ലാം പരിസ്ഥിതി പുനഃസ്ഥാപനം സാധ്യമാക്കുക.

3. മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി, പരിസ്ഥിതി സംരക്ഷണം, പൊതു ആസ്തികളുടെ പരിപാലനം, ആശുപത്രികളുടേയും ആരോഗ്യ സേവനങ്ങളുടേയും പരിപാലനം എന്നിവയിൽ ഉത്തരവാദിത്ത

സമീപനം വളർത്തിയെടുക്കുകയും നേട്ടങ്ങൾ സുസ്ഥിരമാക്കുകയും ചെയ്യുക.

4. പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിന് ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള പദ്ധതികൾക്ക് രൂപം നൽകുക.

5. ദുരന്താഘാത ശേഷിയുള്ള ഒന്നാക്കി നമ്മുടെ സംസ്ഥാനത്തെ പരിവർത്തനം ചെയ്യുക.

6. പരിസ്ഥിതി സൗഹൃദനിർമ്മിതികളും, ഹരിതഊർജ്ജ വിനിയോഗവും, ഇ-വാഹന നയവും, ഹരിത ടൂറിസവും ഉൾപ്പെടെയുള്ളവയിലൂടെ ജൈവ വൈവിധ്യ സംരക്ഷണത്തിനും പോഷണത്തിനും അനുഗുണമായ സാഹചര്യം സൃഷ്ടിക്കുക.

7. വികസന പ്രക്രിയയുടെ മുഖ്യധാരയിലെത്താൻ കഴിയാതെ പോയവരുടെ ജീവിത സൗകര്യങ്ങളും ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും സാമൂഹ്യക്ഷേമ സൗകര്യങ്ങളും മെച്ചപ്പെടുത്തുക.

8. മണ്ണും ജലവും ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും അവയുടെ വിനിയോഗത്തിന് ശാസ്ത്രീയ രീതികൾ വികസിപ്പിക്കുകയും പ്രകൃതി ദുരന്തങ്ങൾ ഉൾപ്പെടെയുള്ള സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിയുംവിധം പ്രകൃതി വിഭവപരിപാലന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുക.

9. നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടിൽ ഊന്നിയ ഒറ്റപദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആസൂത്രണം ചെയ്ത്, വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനം വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം സാധ്യമാക്കി കൂടുതൽ ഫലപ്രദവും സുസ്ഥിരതയുള്ളതുമായ പദ്ധതികൾ നടപ്പാക്കുക.

10. പച്ചത്തുരുത്ത്, ഇനി ഞാനൊഴുകട്ടെ, ജലബഡ്ജറ്റ്, ജലഗുണ പരിശോധന ഗ്രീൻ ക്യാമ്പസ്, ഹരിതനിയമ സാക്ഷരത ഇവ തുടർന്നും നടപ്പാക്കുക.

11. പാർപ്പിടവും ഉപജീവന മാർഗ്ഗങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങൾ ഇല്ലാത്തവരെ അപാകതകളില്ലാത്തവിധം കണ്ടെത്തി അവരുടെ ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും വർദ്ധിപ്പിക്കുക.

12. ആശുപത്രികളിലും പൊതുവിദ്യാലയങ്ങളിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളെ പ്രയോജനപ്പെടുത്തി അവിടങ്ങളിൽനിന്ന് ലഭിക്കുന്ന സേവനങ്ങളുടെയും വിദ്യാഭ്യാസത്തിന്റെയും ഗുണനിലവാരം ഉയർത്തുക.

13. പാർശ്വവത്കരിക്കപ്പെട്ടവരില്ലാത്ത ക്ലാസ്മുറികളിലൂടെ, പാർശ്വവത്കരിക്കപ്പെട്ടവരില്ലാത്ത സമൂഹസൃഷ്ടിക്കായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

14. ഗുണമേന്മാവിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ ഊന്നിനിന്നുകൊണ്ട് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക.

15. വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും അടിസ്ഥാന സൗകര്യം, ധനസ്രോതസ്സ്, മനുഷ്യശേഷി എന്നീ വിഭവങ്ങളെയെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന സ്ഥിതി സൃഷ്ടിക്കുക.

16. സോഷ്യൽ ഓഡിറ്റിംഗ്, സാമൂഹ്യ വിലയിരുത്തൽ, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവയിലൂടെ ജനാഭിലാഷത്തിനനുസൃതമായ വികസനം സാധ്യമാക്കുക.

17. സന്നദ്ധ സംഘടനകൾ, പ്രവാസികൾ, സർക്കാരിതര സംഘടനകൾ തുടങ്ങി സമൂഹത്തിന്റെ സമസ്ത മേഖലയിലുള്ള ജനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും പൂർണ്ണസഹകരണവും അധിക

വിഭവസമാഹരണത്തിനുള്ള പങ്കാളിത്തവും വികസന പ്രവർത്തനങ്ങളിൽ ഉൾച്ചേരുന്ന പുതിയ സംസ്കാരം വളർത്തുക.

18. ആർജ്ജിക്കുന്ന നേട്ടങ്ങൾ വരുംകാലവികസന പ്രവർത്തനങ്ങൾക്കുള്ള ദിശാസൂചികയാക്കാൻ കഴിയും വിധത്തിൽ വിവരസഞ്ചയം (repository of knowledge) സൃഷ്ടിക്കുക.

മുഖ്യമന്ത്രിയുടെ ദുബായ് സന്ദർശനം

14 (14) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജനുവരിയിൽ മുഖ്യമന്ത്രി നടത്തിയ ദുബായ് സന്ദർശനം സംബന്ധിച്ച് എപ്പോഴാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത സന്ദർശനം ഔദ്യോഗിക സന്ദർശനമായിരുന്നോ അഥവാ വ്യക്തിപരമായ സന്ദർശനമായിരുന്നോവെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രിയുടെ 2022 ജനുവരിയിലെ ദുബായ് സന്ദർശനം ഔദ്യോഗികമായിരുന്നു. ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സന്ദർശനത്തിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; സന്ദർശനത്തിന്റെ കാര്യപരിപാടികൾ, പങ്കെടുത്ത പൊതുപരിപാടികൾ, സ്വകാര്യ പരിപാടികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ദുബായ് സന്ദർശനവേളയിൽ യു.എ.ഇ. വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മഖ്തും ദുബായ് കിരീടാവകാശി ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മഖ്തും, യു.എ.ഇ. ഉപപ്രധാനമന്ത്രിയും ധനമന്ത്രിയും ദുബായ് ഉപഭരണാധികാരിയുമായ ഷെയഖ് മഖ്തും ബിൻ മുഹമ്മദ് റാഷിദ് അൽ മഖ്തും, ദുബായ് സിവിൽ ഏവിയേഷൻ പ്രസിഡന്റുമായ ഷെയ്ഖ് അഹമ്മദ് ബിൻ സഈദ് അൽ മഖ്തും തുടങ്ങിയവരുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി.

ദുബായിൽനടന്ന വേൾഡ് എക്സ്പോ-2020-ലെ കേരള പവലിയൻ ഉദ്ഘാടന ചടങ്ങിൽ അബുദാബി രാജകുടുംബാംഗവും യു.എ.ഇ. ക്യാബിനറ്റ് മന്ത്രിയുമായ ഷെയ്ഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാൻ, യു.എ.ഇ. അന്താരാഷ്ട്ര വ്യാപാര വകുപ്പുമന്ത്രി ഡോ. താനി ബിൻ അഹമ്മദ് അൽ സിയൂദി എന്നിവരും മറ്റ് പ്രധാന വ്യക്തിത്വങ്ങളും ചടങ്ങിൽ പങ്കെടുത്തു.

കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തിക്കാട്ടി വിദേശ നിക്ഷേപകരെ ഉൾപ്പെടെ എത്തിക്കുന്നതിനായി ദുബായിലെ ഒബ്റോയി ഹോട്ടലിൽ സംഘടിപ്പിച്ച നിക്ഷേപകസംഗമത്തിൽ രാജ്യാന്തര വ്യവസായികളുമായി മുഖ്യമന്ത്രി സംവദിക്കുകയുണ്ടായി. യു.എ.ഇ. സർക്കാർ മേഖലയിൽനിന്നും സ്വകാര്യ മേഖലകളിൽനിന്നും നിക്ഷേപകരെ സംസ്ഥാനത്തേയ്ക്ക് സ്വാഗതം ചെയ്യാനും മെച്ചപ്പെട്ട വ്യവസായ സൗഹൃദാന്തരീക്ഷം ഒരുക്കുന്ന കേരളത്തിൽ കൂടുതൽ നിക്ഷേപങ്ങൾ നടത്താൻ മുൻകയ്യെടുക്കുന്നതിനുമായി അബുദാബി രാജകുടുംബാംഗവും യു.എ.ഇ. ക്യാബിനറ്റ് മന്ത്രിയുമായ ഷെയ്ഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാനുമായി ചർച്ച നടത്തുകയുണ്ടായി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനായി സംസ്ഥാന സർക്കാർ നടത്തിയ പ്രധാന ഇടപെടലുകൾ, ലഭ്യമായ നിക്ഷേപ അവസരങ്ങൾ എന്നിവ ചർച്ച ചെയ്യുന്നതിനായി ഇന്ത്യൻ ബിസിനസ് ആൻഡ് പ്രൊമോഷൻ കൗൺസിൽ സംഘടിപ്പിച്ച യോഗത്തിലും പങ്കെടുക്കുകയുണ്ടായി. വാണിജ്യ വ്യവസായ രംഗത്തെ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അബുദാബി ചേംബറിന്റെ ഉന്നതതല സംഘം കേരളം സന്ദർശിക്കാമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്.

(സി) വേൾഡ് എക്സ്പോ ആരംഭിച്ച ശേഷം ദുബായിലെത്തിയ മുഖ്യമന്ത്രി വേൾഡ് എക്സ്പോയ്ക്ക് അകത്തും പുറത്തുമായി എതൊക്കെ പരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിച്ചെന്ന് വ്യക്തമാക്കാമോ?

2022 ഫെബ്രുവരി 5-ന് ദുബായിലെ പ്രവാസി സംഘടനകളും ലോക കേരളസഭാ അംഗങ്ങളും നോർക്കയും ചേർന്ന് ദുബായിലെ അൽ നാസ്സർ ലെഷർലാൻഡിൽ വച്ച് മുഖ്യമന്ത്രിക്ക് സ്വീകരണവും പ്രവാസിസംഗമവും എന്ന പരിപാടി സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തതും മുഖ്യമന്ത്രിയായിരുന്നു.

(ഡി) വേൾഡ് എക്സ്പോയിൽ കേരള പവിലിയൻ ആരംഭിച്ചത് എന്നായിരുന്നുവെന്നും ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് മുഖ്യമന്ത്രിയാണോയെന്നും വ്യക്തമാക്കാമോ?

2022 ഫെബ്രുവരി 4-ന് വേൾഡ് എക്സ്പോ-2020-ലെ കേരള പവലിയന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി.

## ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ

15 (15) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10 വർഷം സർവ്വീസ് പൂർത്തിയാക്കിയ വിദ്യാഭ്യാസ യോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിലേയ്ക്ക്

പ്രൊമോഷൻ നൽകാൻ നിലവിലുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

വിവിധ വകുപ്പുകളിലെ ലോവർ ഡിവിഷൻ ക്ലാർക്ക്/ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളുടെ അംഗബലത്തിന്റെ (Cadre Strength) പത്ത് ശതമാനത്തിൽ കുറയാത്ത തസ്തികകളിലേയ്ക്ക് അതത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും, സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും, യോഗ്യതയുടേയും, സീനിയോരിറ്റിയുടേയും അടിസ്ഥാനത്തിൽ വകുപ്പുതല തസ്തികമാറ്റ (ബൈ ട്രാൻസ്ഫർ) നിയമനവും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുൾപ്പെടെയുള്ള താഴ്ന്ന വേതനക്കാരായ ജീവനക്കാർക്ക് പി.എസ്.സി. മുഖേന വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ പത്ത് ശതമാനവും ക്ലാർക്ക്-ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികകളിൽ അഞ്ച് ശതമാനവും തസ്തികമാറ്റ നിയമനം നൽകിവരുന്നുണ്ട്.

(ബി) ലാസ്റ്റ് ഗ്രേഡ് വിഭാഗത്തെ ക്ലറിക്കൽ തസ്തികകൾ ഉൾപ്പെടുന്ന സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമുണ്ടോ?

ലാസ്റ്റ് ഗ്രേഡ് വിഭാഗം കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിന്റെ പരിധിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

(സി) ക്ലറിക്കൽ തസ്തികയിലുള്ളവർക്ക് വകുപ്പുതല പരീക്ഷ നടത്തി പ്രൊമോഷൻ നൽകുന്ന അതേ മാതൃകയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും വകുപ്പുതല പരീക്ഷ നടത്തി ക്ലറിക്കൽ തസ്തികയിലേയ്ക്ക് സമയബന്ധിതമായി സ്ഥാനക്കയറ്റം നൽകുന്നതിലെ തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

വിശേഷാൽ ചട്ടം/പൊതു ഉത്തരവുകൾ പ്രകാരം ക്ലറിക്കൽ തസ്തികയിലും ലാസ്റ്റ് ഗ്രേഡ് തസ്തികയിലും സ്ഥാനക്കയറ്റം/തസ്തികമാറ്റം മുഖേന നികത്തുന്നതിനായി മാറ്റിവച്ചിട്ടുള്ള ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് സീനിയോരിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകുന്നുണ്ട്.

(ഡി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സമയബന്ധിതമായി റേഷ്യോ പ്രൊമോഷൻ നൽകുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സമയബന്ധിത ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്നുണ്ട്.

## സെക്രട്ടേറിയറ്റിലെ ഓഫീസ് സംവിധാനം

16 (16) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സെക്രട്ടേറിയറ്റിലെ ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുവേണ്ടി സോഷ്യൽ ഓഡിറ്റ് നടപ്പാക്കുമോ; വിശദാംശം നൽകുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## വിവരാവകാശ നിയമം അനുസരിച്ചുള്ള വകുപ്പുതല റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

17 (17) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമമനുസരിച്ച് വിവിധ സർക്കാർ വകുപ്പുകൾ സമർപ്പിക്കേണ്ട വാർഷിക റിപ്പോർട്ട് യഥാസമയം സമർപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; ഇപ്രകാരമുള്ള റിപ്പോർട്ട് സമർപ്പിക്കാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2019-20 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ കമ്മീഷൻ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് നിയമസഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിവരാവകാശ കമ്മീഷന്റെ വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള വിവരങ്ങൾ അടിയന്തരമായി കമ്മീഷനിൽ ലഭ്യമാക്കണമെന്ന് എല്ലാ പൊതുഅധികാരികൾക്കും കർശന നിർദ്ദേശം

നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ അനുബന്ധമായി+ ചേർക്കുന്നു.

(ബി) 2017-18-ലെ ഇതുസംബന്ധിച്ച വാർഷിക റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം ഏതെല്ലാം വർഷങ്ങളിലെ റിപ്പോർട്ടുകൾ അച്ചടിച്ച് തയ്യാറാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇനി ഏതെല്ലാം വർഷങ്ങളിലെ ഇത്തരം വാർഷിക റിപ്പോർട്ടുകൾ സർക്കാർ പ്രസ്സിൽ അച്ചടിക്കാൻ ബാക്കിയുണ്ടെന്ന് വിശദമാക്കാമോ?

2019-20 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ അച്ചടിച്ച് തയ്യാറാക്കിയിട്ടുണ്ട്. 2020-21-ലെ വാർഷിക റിപ്പോർട്ട് അച്ചടിക്കാൻ ബാക്കിയുണ്ട്.

(സി) വിവരാവകാശ കമ്മീഷന്റെ വരവുചെലവ് കണക്കുകൾ സംബന്ധിച്ച ഓഡിറ്റ് നടത്താറുണ്ടോ; എങ്കിൽ പ്രസ്തുത ഓഡിറ്റ് നടത്തുന്ന സ്ഥാപനം, ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ എന്നിവ സംബന്ധിച്ച വിവരങ്ങൾ, ഏറ്റവും അവസാനം തയ്യാറാക്കിയ ഓഡിറ്റ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. കമ്മീഷന്റെ വരവുചെലവ് കണക്കുകൾ സംബന്ധിച്ച ഓഡിറ്റ് നടത്തുന്നത് അക്കൗണ്ടന്റ് ജനറലാണ്. 2016 ഡിസംബർ വരെ ഓഡിറ്റ് ചെയ്തതിന്റെ റിപ്പോർട്ട് അനുബന്ധമായി+ ചേർക്കുന്നു.

## സർക്കാർതല കോൺഫറൻസുകൾ സ്ഥിരമായി ഓൺലൈനിൽ നടത്തുന്ന കാര്യം

18 (18) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ മാസാന്ത്യ കോൺഫറൻസുകൾ സ്ഥിരമായി ഓൺലൈനിൽ നടത്തുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(ബി) സർക്കാർ നടത്തുന്ന ഉദ്ഘാടനങ്ങൾ, സെമിനാറുകൾ എന്നിവ ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായും, അധുനികവത്കരണത്തിന്റെ ഭാഗമായും സ്ഥിരമായി ഓൺലൈനിലേയ്ക്ക് മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇതിനായി വകുപ്പുതലത്തിലും സർക്കാർ തലത്തിലും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) കോവിഡ്-19 മഹാമാരിയുടെ സാഹചര്യത്തിൽ നിലവിൽ പരമാവധി സർക്കാർ യോഗങ്ങൾ ഓൺലൈനായാണ് നടത്തുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ മാത്രമെ യോഗങ്ങൾ ഓഫ്‌ലൈനായി നടത്തുന്നുള്ളൂ. ഭാവിയിൽ യോഗങ്ങൾ സ്ഥിരമായി ഓൺലൈനായി നടത്തുന്ന വിഷയത്തിൽ സർക്കാർ നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

## പുസ്തകമെഴുതുന്നതിനുള്ള അനുമതി

19 (19) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി പുസ്തകമെഴുതുന്നതിന് സംസ്ഥാന സർക്കാരിൽനിന്ന് മുൻകൂട്ടി അനുമതി തേടിയിരുന്നോയെന്ന് വിശദമാക്കുമോ?

അനുമതി തേടിയിട്ടില്ല.

## അഖിലേന്ത്യാ സർവ്വീസ് ജീവനക്കാരുടെ കേന്ദ്ര ഡെപ്യൂട്ടേഷൻ

20 (20) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കേഡറിലുള്ള ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് നിലവിൽ കേന്ദ്ര സർവ്വീസിലേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ?

സംസ്ഥാന സർക്കാരിൽ സേവനമനുഷ്ഠിക്കുന്ന ഐ.എ.എസ്., ഐ.പി.എസ്., ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷൻ ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷ സംസ്ഥാന സർക്കാർ നിലവിലെ ചട്ടപ്രകാരം പരിശോധിച്ച് പരിഗണിക്കാമെന്ന് തീരുമാനിക്കുന്നപക്ഷം പ്രസ്തുത അപേക്ഷ കേന്ദ്രസർക്കാരിലേയ്ക്ക് വിജിലൻസ് ക്ലിയറൻസ് സഹിതം ശിപാർശ ചെയ്യുന്നു. കൂടാതെ കേന്ദ്ര പേഴ്സണൽ & ട്രെയിനിംഗ് വകുപ്പും കേന്ദ്ര ആഭ്യന്തരമന്ത്രാലയവും ഓരോ 'വേക്കൻസി ഇയർ' (Vacancy Year)-ലേയും ഒഴിവുവരുന്ന തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി തയ്യാറാക്കുന്ന "ഓഫർ ലിസ്റ്റ്" -ൽ ഉൾപ്പെടുത്തുന്നതിനായി ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന അപേക്ഷകളും ഇത്തരത്തിൽ പരിശോധിച്ച് കേന്ദ്രസർക്കാരിലേക്ക് ശിപാർശ ചെയ്യാറുണ്ട്. ഇപ്രകാരം ശിപാർശ ചെയ്യപ്പെടുന്ന ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരെ കേന്ദ്രസർക്കാരിൽ നിയമനം ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തുനിന്നും വിടുതൽ ചെയ്യുന്നതാണ്.

(ബി) സംസ്ഥാനത്തെ അഖിലേന്ത്യാ സർവ്വീസിലെ കേഡർ തസ്തികകൾ ഡെപ്യൂട്ടേഷൻ റിസർവ്വായി നീക്കിവയ്ക്കേണ്ടതുണ്ടോ; വിശദാംശം അറിയിക്കുമോ?

അഖിലേന്ത്യാ സർവ്വീസിലുൾപ്പെട്ട ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. കേഡറുകളിൽ നിശ്ചിത ഇടവേളകളിൽ ചട്ടപ്രകാരം നടന്നുവരുന്ന കേഡർ റിവ്യൂ അടിസ്ഥാനമാക്കി ഐ.എ.എസ്., ഐ.പി.എസ്. എന്നിവയിൽ ഓരോ കേഡറിലും നിശ്ചയിച്ചിട്ടുള്ള ആകെ സീനിയർ ഡ്യൂട്ടി തസ്തികകളുടെ എണ്ണത്തിന്റെ 40 ശതമാനത്തിന് തുല്യമായ എണ്ണവും ഐ.എഫ്.എസ്.-ൽ 20 ശതമാനത്തിന് തുല്യമായ എണ്ണവും കേന്ദ്ര ഡെപ്യൂട്ടേഷൻ റിസർവ്വായി നീക്കിവച്ചിട്ടുണ്ട്. നിലവിൽ ഐ.എ.എസ്.-ൽ 50-ഉം ഐ.പി.എസ്.-ൽ 37-ഉം ഐ.എഫ്.എസ്.-ൽ 13-ഉം എണ്ണം ഇത്തരത്തിൽ കേന്ദ്ര ഡെപ്യൂട്ടേഷൻ റിസർവ്വായി നീക്കിവച്ചിട്ടുണ്ട്.

(സി) അഖിലേന്ത്യാ സർവ്വീസ് പൂർണ്ണമായും കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലാക്കുന്ന തരത്തിൽ 1954-ലെ അഡ്മിനിസ്ട്രേറ്റീവ് ചട്ടം ഭേദഗതി ചെയ്യുന്നതിനെതിരെ സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത ഭേദഗതി സംബന്ധിച്ച് സംസ്ഥാന സർക്കാരിനോട് അഭിപ്രായം ആരാഞ്ഞിരുന്നോ; എങ്കിൽ സർക്കാർ നൽകിയ മറുപടി അറിയിക്കാമോ?

(സി & ഡി) 1954-ലെ അഖിലേന്ത്യാ സർവ്വീസ് കേഡർ ചട്ടങ്ങളിൽ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കേന്ദ്ര ഡെപ്യൂട്ടേഷനുമായി ബന്ധപ്പെട്ട ചട്ടം 6-ലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിനോട് കേന്ദ്ര സർക്കാർ അഭിപ്രായം ആരാഞ്ഞിരുന്നു. നിർദ്ദേശിക്കപ്പെട്ട ഭേദഗതികൾ കേന്ദ്രസർക്കാരിന് കൂടുതൽ ആനുകൂല്യം നൽകുന്നവയും ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ തത്വങ്ങളെ ഹനിക്കുന്നവയും സംസ്ഥാന സർക്കാരുകളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ മനോവീര്യം കെടുത്തുന്നവയും ആയതിനാൽ പ്രസ്തുത വിഷയത്തിലുള്ള സംസ്ഥാനത്തിന്റെ കടുത്ത ആശങ്കയും എതിർപ്പും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ മുഖ്യമന്ത്രി കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ഭേദഗതിയെ എതിർക്കാനുള്ള കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്ര പേഴ്സണൽ & ട്രെയിനിങ് വകുപ്പിന് പൊതുഭരണ വകുപ്പും കത്ത് നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ 22-01-2022-ലെ 88/2022/CM നമ്പർ അർദ്ധഔദ്യോഗിക കത്തും

പൊതുഭരണ വകുപ്പിന്റെ 04-02-2022-ലെ AIS-C2/391/2021-GAD നമ്പർ സർക്കാർ കത്തും അനുബന്ധമായി+ ചേർക്കുന്നു.

## കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

21 (21) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള പ്രവൃത്തികൾ എത്രയാണെന്നും ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം എന്നിവ വ്യക്തമാക്കാമോ?

(എ & ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തിയ വിവിധ വകുപ്പുകളുടെ പ്രവൃത്തികളിൽ ചിലത് ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്, മറ്റുള്ളവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുന്നത്തുനാട് നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തികളെല്ലാം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിലുള്ള പദ്ധതികൾ സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതി വിലയിരുത്തൽ നടത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ, സി.ഇ.ഒ.-യുടെ നേതൃത്തിൽ നിർവ്വഹണ വകുപ്പുകളുടെ യോഗം വിളിച്ച് പദ്ധതികൾ വിലയിരുത്തുകയും ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യുന്നുണ്ട്.

കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ്

22 (22) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ (കെ.ഡി.പി.) പുതിയ പദ്ധതികൾ ഉൾപ്പെടുത്തുന്നതിലേയ്ക്ക് സ്റ്റേറ്റ് ലെവൽ എംപവേർഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്മിറ്റി (എസ്.എൽ.ഇ.സി.) തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പുതിയ പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് എസ്.എൽ.ഇ.സി. തീരുമാനപ്രകാരം ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ & ബി) ഡോ.പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ നിർദ്ദേശിച്ച പദ്ധതികളായ ചീമേനി പവർ പ്ലാന്റ് (5500 കോടി), ഇരുമ്പയിര് പെല്ലറ്റൈസേഷൻ പ്ലാന്റ് (1000 കോടി) എന്നിവ നിലവിൽ നടപ്പാക്കാൻ പറ്റാത്ത സാഹചര്യത്തിൽ തുല്യ തുകയായ 6500 കോടി രൂപയുടെ നൂതന പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് കാസർഗോഡ് ജില്ലാ കളക്ടർ സമർപ്പിച്ച വികസന രേഖ സംസ്ഥാന എംപവർഡ് കമ്മിറ്റി യോഗം പരിഗണിക്കുകയും മന്ത്രിസഭയുടെ അംഗീകാരത്തിന് സമർപ്പിക്കാൻ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. മന്ത്രിസഭയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>കേരള പുനർനിർമ്മാണ പദ്ധതി</u>

23 (23) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി തീരദേശ മണ്ഡലമായ അമ്പലപ്പുഴയ്ക്ക് അനുവദിച്ച പ്രവൃത്തികൾ, അവയ്ക്ക് അനുവദിച്ച തുക, പദ്ധതിയുടെ നിർവ്വഹണ ഏജൻസി എന്നിവ വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നിന്റേയും ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ?

(എ & ബി) കേരള പുനർനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) ആവർത്തിച്ച് ടെൻഡർ ചെയ്തിട്ടും നിർമ്മാണത്തിന് കരാറാകാത്ത പ്രവൃത്തി നടപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ മുഖേന നടപ്പിലാക്കുന്ന അമ്പലപ്പുഴ തെക്ക് ഗ്രാമ-പഞ്ചായത്തിലെ വൈമ്പല വീടിന് തെക്കുവശം റോഡ് ടാറിംഗ് (വാർഡ് 11), അറയ്ക്കൽ റോഡ് (വാർഡ് 9), വ്യാസ ജംഗ്ഷൻ മുതൽ വെസ്റ്റ് റോഡ് (വാർഡ് 1) എന്നീ പ്രവൃത്തികൾ ആവർത്തിച്ച് ടെൻഡർ ചെയ്തിട്ടും കരാർ ഏറ്റെടുക്കുന്നതിന് ആരുംതന്നെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതികൾ ആർ.കെ.ഐ.-യുടെ കീഴിൽനിന്നും ഒഴിവാക്കാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യം പരിഗണിച്ചുവരുന്നു.

## തീരദേശ പരിപാലന പ്ലാൻ

24 (24) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ തീരദേശപരിപാലന നിയമത്തിൽ ഭേദഗതി വരുത്തി 2019-ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം സംസ്ഥാന

തീരദേശപരിപാലന അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. തീരദേശ പരിപാലന അതോറിറ്റി നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കരട് പ്ലാനിൽ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതാണ്. ഇതുസംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കരട് പ്ലാനിന്മേൽ പബ്ലിക് ഹിയറിംഗ് നടത്തി അഭിപ്രായങ്ങൾ ക്രോഡീകരിച്ച് നാഷണൽ സെന്റർ ഫോർ സസ്റ്റയിനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കും. കരട് പ്ലാനിൽ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റി പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തി സംസ്ഥാന സർക്കാരിന്റെ ശിപാർശയോടെ കരട് പ്ലാൻ നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ആയത് അംഗീകരിക്കുന്ന മുറയ്ക്ക് ഇളവുകൾ സംസ്ഥാനത്ത് നിലവിൽ വരും.

(ബി) സംസ്ഥാന സർക്കാർ നാഗരിക സ്വഭാവമുള്ളതും 2011-ലെ സെൻസസ് പ്രകാരമുള്ള നഗരങ്ങളുടെ നിർവ്വചനത്തിൽ ഉൾപ്പെടുന്നവയുമായ ഗ്രാമപഞ്ചായത്തുകളെ തരംതിരിച്ച് നഗരപ്രദേശങ്ങളായി പുനർനാമകരണം ചെയ്തിട്ടുണ്ടോ; എങ്കിൽ കണ്ണൂർ ജില്ലയിൽ ഇത്തരത്തിലുള്ള ഏതൊക്കെ പഞ്ചായത്തുകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

06-10-2021-ലെ GO(Ms)No.226/2021/LSGD നോട്ടിഫിക്കേഷൻ പ്രകാരം 398 ഗ്രാമപഞ്ചായത്തുകളെ വില്ലേജ് പഞ്ചായത്ത് കാറ്റഗറി I, വില്ലേജ് പഞ്ചായത്ത് കാറ്റഗറി II പഞ്ചായത്തുകളായി തരംതിരിച്ചിട്ടുണ്ട്. ഇതിൽ 175 കോസ്റ്റൽ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി മാറ്റം വരുത്തുന്നതിന് കണ്ടെത്തിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം ആരാഞ്ഞിരിക്കുകയാണ്. അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം ലഭിച്ചശേഷം നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ ഏതൊക്കെ പഞ്ചായത്തുകളാണ് പ്രസ്തുത നിർവ്വചനത്തിന്റെ പരിധിയിൽ വരുകയെന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

## പരിസ്ഥിതി സംരക്ഷണം

25 (25) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസനവും പരിസ്ഥിതി സംരക്ഷണവും സന്തുലിതമാക്കുന്ന ഒരു വികസന വീക്ഷണം പിന്തുടരുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വികസന പദ്ധതികൾ നടപ്പാക്കുന്നതിൽ പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പ്രാബല്യത്തിലുള്ള നിയമങ്ങളുടെ [പാരിസ്ഥിതിക ആഘാത നിർണ്ണയ (EIA) വിജ്ഞാപനം, തീരദേശപരിപാലന നിയന്ത്രണ നിയമം, തണ്ണീർത്തട (സംരക്ഷണവും പരിപാലനവും) നിയമം] അടിസ്ഥാനത്തിലാണ് അനുമതി നൽകിവരുന്നത്.

(ബി) സംസ്ഥാനത്തെ സമയബന്ധിതമായി കാർബൺ ന്യൂട്രലാക്കാനുള്ള കർമ്മ പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

പരിഗണനയിലുണ്ട്. സംസ്ഥാനത്തെ സമയബന്ധിതമായി കാർബൺ ന്യൂട്രലാക്കാനുള്ള കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി പരിസ്ഥിതി വകുപ്പ് ചെയർമാനായി ഒരു Working Group രൂപീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ കാർബൺ ബഹിർഗമനത്തിന്റെ 90 ശതമാനവും വരുന്നത് Energy and Transport സെക്ടറിൽനിന്നുമാണ്. കൂടാതെ നാല് മുതൽ അഞ്ച് ശതമാനം വരെ waste സെക്ടറിൽനിന്നും മൂന്ന് ശതമാനം Agriculture Forestry and other Land Use-ൽ നിന്നും, ഒരു ശതമാനം Industries സെക്ടറിൽനിന്നുമാണെന്നാണ് കാർബൺ ബഹിർഗമനവുമായി ബന്ധപ്പെട്ട് നിലവിൽ നടത്തിയിട്ടുള്ള വിവിധ

പഠനങ്ങൾ വ്യക്തമാക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകളോട് കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുതകുന്ന കർമ്മപദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിന് Working Group ആവശ്യപ്പെട്ടിട്ടുണ്ട്. കാർബൺ ന്യൂട്രൽ കേരളം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിൽ വനങ്ങൾക്കും, വനത്തിന് പുറത്തുള്ള മരക്കൂട്ടങ്ങൾക്കുമുള്ള പരമ പ്രധാനമായ പങ്ക് കണക്കിലെടുത്ത് നിലവിലുള്ള വനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മരക്കൂട്ടങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പാരമ്പര്യേതര ഊർജ്ജ ഉത്പാദനത്തിന് പ്രാധാന്യം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ഡി) പരമ്പരാഗത ഇന്ധനങ്ങൾ ഉപയോഗിക്കുന്നതുവഴി ഉണ്ടാകുന്ന ഗ്രീൻഹൗസ് വാതക ബഹിർഗമനവും അന്തരീക്ഷ മലിനീകരണവും തടയാൻ ലക്ഷ്യമിട്ട് ഇ-വെഹിക്കിൾ നയം രൂപീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇ-വെഹിക്കിൾ നയം രൂപീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

## ആഗോള താപനവും സുസ്ഥിര വികസനവും

26 (26) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. വി. ജോയി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനം കുറച്ചുകൊണ്ടുവരുന്നതിന് ജി-20 രാജ്യങ്ങളുടെ രാഷ്ട്രത്തലവൻമാർ പങ്കെടുത്ത ഗ്ലാസ്ഗോ ഉച്ചകോടിയിൽ ഇന്ത്യ മുന്നോട്ടുവച്ച പഞ്ചാമൃത് പരിപാടിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് സംസ്ഥാനം നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കേരളത്തിന്റെ കാർബൺ ബഹിർഗമനവുമായി ബന്ധപ്പെട്ട് നിലവിൽ നടത്തിയിട്ടുള്ള വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കാർബൺ ബഹിർഗമനത്തിന്റെ 90 ശതമാനവും വരുന്നത് Energy and Transport സെക്ടറിൽനിന്നുമാണ്. കൂടാതെ നാല് മുതൽ അഞ്ച് ശതമാനം വരെ waste സെക്ടറിൽനിന്നും മൂന്ന് ശതമാനം Agriculture Forestry and Other Land Use-ൽ നിന്നും, ഒരു ശതമാനം വരെ ഇൻഡസ്ട്രീസ് സെക്ടറിൽനിന്നുമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർബൺ ന്യൂട്രലാക്കുന്നതിനുള്ള കർമ്മപദ്ധതി രൂപീകരിക്കുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ് ചെയർമാനായി രൂപീകരിച്ചിട്ടുള്ള Working Group (10-11-2021-ലെ G.O.(Rt)No. 81/2021/Envt.), ബന്ധപ്പെട്ട വകുപ്പുകളോട് കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുതകുന്ന കർമ്മപദ്ധതി തയ്യാറാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി കാലാവസ്ഥാ വ്യതിയാന കർമ്മപരിപ്രേക്ഷ്യത്തിന്റെ നവീകരണം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിൽ നിലവിൽ നടന്നുവരുന്നു. പ്രസ്തുത പരിപ്രേക്ഷ്യത്തിന്റെ ഭാഗമായും വിവിധ സെക്ടറുകളിൽനിന്നുള്ള കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുതകുന്ന ലഘൂകരണ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്.

(ബി) ആഗോളതാപനം കുറയ്ക്കുന്നതിനായി 2030-ഓടെ രാജ്യത്തെ കാർബൺ ബഹിർഗമനം ഒരു ബില്യൺ ടണ്ണായി കുറച്ചുകൊണ്ടുവരികയെന്ന പ്രഖ്യാപിതലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാനത്ത് ഫോസിൽ ഇന്ധന വാഹനങ്ങളുടെ ഉപയോഗം

നിരുത്സാഹപ്പെടുത്തി മാസ് ട്രാൻസിറ്റ് സിസ്റ്റം പ്രോത്സാഹിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന് ഇലക്ട്രിക്/സി.എൻ.ജി. വാഹനങ്ങൾക്ക് പ്രോത്സാഹനം നൽകിവരുന്നുണ്ട്. കെ-റെയിൽ, മെട്രോ റെയിൽ, വാട്ടർ മെട്രോ, കാർബൺ ന്യൂട്രൽ പ്രോജക്ട് എന്നിവ ഇത്തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. മാസ് ട്രാൻസിറ്റ് സിസ്റ്റം നടപ്പിലാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(സി) സുസ്ഥിര വികസനം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ നിക്ഷിപ്ത താൽപ്പര്യക്കാരായ ചിലരുടെ പ്രവർത്തനങ്ങൾ പദ്ധതി നിർവ്വഹണത്തെ തടസ്സപ്പെടുത്തുന്നത് സംസ്ഥാന താൽപര്യങ്ങൾ ഹനിക്കുന്നതിനാൽ അത്തരം ശ്രമങ്ങൾ അതിജീവിക്കുന്നതിന് ജനകീയ പിന്തുണ ആർജ്ജിക്കുന്ന പ്രവർത്തനം ശക്തിപ്പെടുത്തുമോ?

കേരളത്തിന്റെ ഭാവി വികസനം മുന്നിൽകണ്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സർക്കാർ ഏറ്റെടുത്ത് നടപ്പാക്കുകയാണ്. യോജിച്ചുള്ള പ്രവർത്തനത്തിലൂടെ മാത്രമെ വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുകയുള്ളൂ. ഇത്തരം പദ്ധതികൾക്കെതിരെ അനാവശ്യ

ആശങ്കകൾ ഉന്നയിച്ച് പ്രചാരണങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെയെല്ലാം ജനപിന്തുണയോടെ മറികടന്ന് നാടിന്റെ വികസന പദ്ധതികൾ സാക്ഷാത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>തീരദേശ പരിപാലന അതോറിറ്റി മാനദണ്ഡങ്ങൾ</u>

27 (27) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ കേന്ദ്ര തീരദേശ പരിപാലന നോട്ടിഫിക്കേഷൻ പ്രകാരം കേരളത്തിൽ തീരദേശ പരിപാലന അതോറിറ്റി മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ?

കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപന പ്രകാരം മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത നോട്ടിഫിക്കേഷൻ പ്രകാരം കേരള തീരദേശ പരിപാലന അതോറിറ്റി മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18-01-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമെ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാവുകയുള്ളൂ. തീരദേശപരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-08-2019-ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 01-07-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, ശ്രീ. പി. ബി. സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. ടി വിദഗ്ദ്ധ സമിതി പ്രീ ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുകയും താഴെപ്പറയുന്ന മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

1. കേരളത്തിലെ ധാരാളം ഗ്രാമപഞ്ചായത്തുകൾ നാഗരിക സ്വഭാവമുള്ളവയും 2011 സെൻസെസ് പ്രകാരമുള്ള നഗരങ്ങളുടെ നിർവ്വചനത്തിലുൾപ്പെടുന്നവയുമാണ്. സംസ്ഥാന സർക്കാർ ഇത്തരം ഗ്രാമ പഞ്ചായത്തുകളെ തരംതിരിച്ച് നഗര പ്രദേശങ്ങളായി പുനർനാമം ചെയ്യേണ്ടതാണ്. ടി ഗ്രാമ പഞ്ചായത്തുകളെ നഗരങ്ങളായി പ്രഖ്യാപിച്ച ശേഷം ഇവയെ CRZ III കാറ്റഗറിയിൽനിന്നും CRZ II കാറ്റഗറിയിലേയ്ക്ക് മാറ്റേണ്ടതാണ്.

2. പൊക്കാളി പാടങ്ങളുടെ കേസിൽ വേലിയേറ്റരേഖ ബണ്ടുകളിൽ നിജപ്പെടുത്തേണ്ടതും ബണ്ടുകൾക്കപ്പുറത്തേയ്ക്ക് വേലിയേറ്റരേഖ നീട്ടുകയും ചെയ്യരുത്.

3. സർക്കാർ ഭൂമിയിലെ 1000 ചതുരശ്ര മീറ്റർ മാത്രം വിസ്തീർണ്ണമുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമായി 50 മീറ്റർ ബഫർ ഏരിയ പരിമിതപ്പെടുത്തേണ്ടതും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്യേണ്ടതുമാണ്. ഇതുസംബന്ധിച്ച് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയതിനുശേഷം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ചശേഷം പബ്ലിക്

ഹിയറിംഗ് നടത്തും. പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് നാഷണൽ സെന്റർ ഫോർ സസ്റ്റയിനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതാണ്. 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ടി അഭിപ്രായങ്ങൾ/നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള തിരുത്തലുകൾ കരട് തീരദേശപരിപാലന പ്ലാനിൽ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റി വരുത്തുകയും കേരള സർക്കാരിന്റെ ശിപാർശയോടുകൂടി കരട് പ്ലാൻ നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നതാണ്.

## തീരദേശ പരിപാലന നിയമത്തിലെ ഇളവുകൾ

28 (28) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ട് മൂന്ന് വർഷമായിട്ടും സംസ്ഥാനത്ത് പ്രസ്തുത ഭേദഗതി പ്രകാരമുള്ള ഇളവുകൾ നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

2011-ലെ തീരദേശപരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18-01-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ രിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമെ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാവുകയുള്ളൂ. നിലവിൽ, 2011 CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകളും 2011 തീരദേശ പരിപാലന പ്ലാനുമാണ് CRZ പരിധിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്ത് ബാധകമായിട്ടുള്ളത്.

(ബി) തീരദേശ മേഖലയിലെ ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഈ ആവശ്യം നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-08-2019-ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ധ സമിതി രൂപീകരിച്ച് 01-07-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും

ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, ശ്രീ. പി. ബി. സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. ടി വിദഗ്ദ്ധ സമിതി പ്രീ ഡ്രാഫ്റ്റ് തീരദേശപരിപാലന പ്ലാൻ പരിശോധിക്കുകയും താഴെപ്പറയുന്ന മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

1. കേരളത്തിലെ ധാരാളം ഗ്രാമപഞ്ചായത്തുകൾ നാഗരിക സ്വഭാവമുള്ളവയും 2011 സെൻസെസ് പ്രകാരമുള്ള നഗരങ്ങളുടെ നിർവ്വചനത്തിലുൾപ്പെടുന്നവയുമാണ്. സംസ്ഥാന സർക്കാർ ഇത്തരം ഗ്രാമപഞ്ചായത്തുകളെ തരംതിരിച്ച് നഗര പ്രദേശങ്ങളായി പുനർനാമം ചെയ്യേണ്ടതാണ്. ടി ഗ്രാമപഞ്ചായത്തുകളെ നഗരങ്ങളായി പ്രഖ്യാപിച്ച ശേഷം ഇവയെ CRZ III കാറ്റഗറിയിൽനിന്നും CRZ II കാറ്റഗറിയിലേയ്ക്ക് മാറ്റേണ്ടതാണ്.

2. പൊക്കാളി പാടങ്ങളുടെ കേസിൽ വേലിയേറ്റരേഖ ബണ്ടുകളിൽ നിജപ്പെടുത്തേണ്ടതും ബണ്ടുകൾക്കപ്പുറത്തേയ്ക്ക് വേലിയേറ്റരേഖ നീട്ടുകയും ചെയ്യരുത്.

3. സർക്കാർ ഭൂമിയിലെ 1000 ചതുരശ്ര മീറ്റർ മാത്രം വിസ്തീർണ്ണമുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമായി 50 മീറ്റർ ബഫർ ഏരിയ പരിമിതപ്പെടുത്തേണ്ടതും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള

കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്യേണ്ടതുമാണ്. ഇതുസംബന്ധിച്ച അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയതിനുശേഷം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ചശേഷം പബ്ലിക് ഹിയറിംഗ് നടത്തും. പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ആയത് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതാണ്. 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ടി അഭിപ്രായങ്ങൾ/നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള തിരുത്തലുകൾ കരട് തീരദേശപരിപാലന പ്ലാനിൽ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റി വരുത്തുകയും കേരള സർക്കാരിന്റെ ശിപാർശയോടുകൂടി കരട് പ്ലാൻ നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നതാണ്.

(സി) പ്രസ്തുത ഉത്തരവിന് മുൻകാല പ്രാബല്യം ലഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

CRZ വിജ്ഞാപനം 2019-ലെ clause 6(i) പ്രകാരം CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള തീരദേശപരിപാലന പ്ലാനിന് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമെ വിജ്ഞാപനത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാകുവെന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുവരെ 2011 CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകളും 2011 തീരദേശപരിപാലന പ്ലാനുമാണ് സംസ്ഥാനത്ത് ബാധകമാകുന്നത്.

ജില്ല ലബോറട്ടറികൾക്ക് എൻ.എ.ബി.എൽ. പദവി

29 (29) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള എല്ലാ ജില്ല ലബോറട്ടറികളെയും എൻ.എ.ബി.എൽ. പദവിയിലേയ്ക്ക് ഉയർത്തി ശക്തിപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിലെ ലബോറട്ടറികളെന്ന് വിശദമാക്കാമോ; ഏതൊക്കെ ജില്ലകളെയാണ് ഒഴിവാക്കിയിരിക്കുന്നത്; എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

(എ & ബി) നിലവിൽ എറണാകുളത്ത് പ്രവർത്തിച്ചുവരുന്ന പരീക്ഷണശാലയ്ക്കുമാത്രമെ എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ചിട്ടുള്ളു. ബോർഡിന്റെ ലബോറട്ടറികളെ എൻ.എ.ബി.എൽ. നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നത് Strengthening of Board Laboratories എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിന്റെ ആദ്യപടിയായി ജില്ലാ ലബോറട്ടറികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നതും വലിച്ചെറിയുന്നതും തടയുന്നതിനായി രാത്രികാല പട്രോളിംഗ് നടത്തുന്ന നിരീക്ഷണ സ്ക്വാഡ് ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം വിശദമാക്കാമോ; രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നതും വലിച്ചെറിയുന്നതും തടയുന്നതിനായി രാത്രികാല പട്രോളിംങ് നടത്തുന്ന നിരീക്ഷണ സ്ക്വാഡ് എല്ലാ നഗരസഭകളിലും പ്രവർത്തിക്കുന്നുണ്ട്. ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നൈറ്റ് നിരീക്ഷണ സ്ക്വാഡാണ് പ്രവർത്തിക്കുന്നത്. പൊതുജലാശയങ്ങൾ, പൊതുസ്ഥലങ്ങൾ

എന്നിവിടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തുകയും കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 340, 340(എ) 340(ബി) പ്രകാരം നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നു. രാത്രികാല നിരീക്ഷണ സ്ക്വാഡ് 2021 സെപ്റ്റംബർ വരെ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിഞ്ഞതിന് 1782 കേസുകൾ കണ്ടെത്തുകയും 40,54,205/- രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.
- ജലാശയങ്ങളിൽ മാലിന്യം വലിച്ചെറിഞ്ഞതിന് 218 കേസുകൾ കണ്ടെത്തുകയും 6,73,610/- രൂപ ചുമത്തുകയും ചെയ്തിട്ടുണ്ട്.
- വാഹനങ്ങളിൽ മാലിന്യം തള്ളിയതിന് 152 കേസുകൾ കണ്ടെത്തുകയും 6,75,760/- രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.
- മാലിന്യം വലിച്ചെറിഞ്ഞതിന് കേസ് രജിസ്റ്റർ ചെയ്തത് 4 പേർക്കെതിരെയാണ്.

## റീജിയണൽ കാൻസർ സെന്റർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

30 (30) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ആറാം കേന്ദ്ര ശമ്പള കമ്മീഷൻ ശിപാർശ പ്രകാരമുള്ള ശമ്പള പരിഷ്കരണം എന്നാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ?

റീജിയണൽ കാൻസർ സെന്ററിൽ ആറാം ശമ്പള പരിഷ്ക്കരണം 01-01-2006 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത ശമ്പള പരിഷ്കരണത്തിൽ എത്ര ജീവനക്കാർക്കാണ് ശമ്പളം പരിഷ്കരിച്ച് നൽകിയത്; ഇതിൽ എത്ര പേർക്കാണ് ക്രമവിരുദ്ധമായി ശമ്പളം പരിഷ്കരിച്ച് നല്കിയതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം ക്രമവിരുദ്ധമായി നൽകിയ തുക തിരിച്ചുപിടിക്കാൻ സ്വീകരിച്ച നടപടികൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ?

512 പേർക്കാണ് ശമ്പളം പരിഷ്കരിച്ച് നൽകിയത്. ഇതുവരെ 158 പേർക്ക് ക്രമവിരുദ്ധമായി ശമ്പളം പരിഷ്കരിച്ച് നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. 2019 നവംബർ മുതൽ റിട്ടയർ ചെയ്ത 32 ജീവനക്കാരിൽനിന്നും തിരിച്ച് പിടിക്കാനുള്ള നടപടികൾ റീജിയണൽ കാൻസർ സെന്റർ ഡയറക്ടർ ആരംഭിച്ചിട്ടുണ്ട്. ക്രമവിരുദ്ധമായി നൽകിയ തുക ഏഴാം ശമ്പള പരിഷ്കരണം വഴി ലഭിക്കുന്ന കുടിശ്ശികയിൽനിന്നും തിരിച്ച് പിടിക്കുന്നതിനുള്ള നിർദ്ദേശം റീജിയണൽ കാൻസർ സെന്റർ

ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയതുപ്രകാരമുള്ള നടപടികൾ റീജിയണൽ കാൻസർ സെന്റർ ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത കാലയളവിൽ സ്ഥാപനത്തിനുണ്ടായ സാമ്പത്തിക നഷ്ടം പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കാമോ?

ജീവനക്കാർക്ക് ക്രമവിരുദ്ധമായി നൽകിയ തുക ഏഴാം ശമ്പള പരിഷ്കരണം വഴി ലഭിക്കുന്ന കുടിശ്ശികയിൽനിന്നും തിരിച്ച് പിടിക്കുന്നതിലൂടെ സ്ഥാപനത്തിനുണ്ടായ സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതാണ്.

(ഡി) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ഏഴാം ശമ്പള കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ എന്ന് മുതലാണ് ജീവനക്കാർക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ഏഴാം ശമ്പള പരിഷ്കരണം 01-01-2016 മുതൽ നടപ്പിലാക്കി. 01-06-2021 മുതൽ ജീവനക്കാർക്ക് റൊക്കം പണമായി ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) ഏതെല്ലാം വിഭാഗം ജീവനക്കാരാണ് ശമ്പള കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിലുള്ള അപാകതകൾ പരിഹരിക്കണമെന്ന്

നിവേദനം നൽകിയിട്ടുള്ളത്; ആയതിൽ ഏതെല്ലാം പരിഹരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഡോക്ടർമാരുടെയും നഴ്സുമാരുടെയും ശമ്പളപരിഷ്കരണ അപാകതകൾ പരിഹരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ റീജിയണൽ കാൻസർ സെന്റർ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ഡോക്ടർമാരുടെ ശമ്പളപരിഷ്കരണ അപാകതകൾ സംബന്ധിച്ച് റീജിയണൽ കാൻസർ സെന്റർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. നഴ്സുമാരുടെ ശമ്പളപരിഷ്കരണ അപാകതകൾ പരിഹരിച്ചുകൊണ്ടുള്ള ഉത്തരവ് 14-12-2021-ലെ സ.ഉ.(കൈ)നം.242/2021/ ആരോഗ്യം, പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

## കേരളത്തിൽ എയിംസ്

31 (31) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ AIIMS (ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്) ആരംഭിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ;

(ബി) ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഏതെങ്കിലും തരത്തിലുള്ള അറിയിപ്പ് സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ?

(എ & ബി) കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി.-യുടെ പക്കലുള്ള 200 ഏക്കർ സ്ഥലത്ത് ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കാവുന്നതാണെന്ന് ജനുവരി 2017-ൽ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. എയിംസ് സ്ഥാപിക്കുന്നതിലേക്കായി ടി സ്ഥലം ആരോഗ്യ വകുപ്പിന് കൈമാറാനുള്ള നിർദ്ദേശം റവന്യൂ/വ്യവസായ വകുപ്പുകൾക്ക് നൽകുകയും ഇതിലേയ്ക്കായുള്ള നടപടികൾ ത്വരിതഗതിയിൽ സർക്കാർ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കിനാലൂർ-കാന്തലാട് വില്ലേജിലുൾപ്പെട്ട 40.6802 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി കോഴിക്കോട് കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് 08-02-2022-ലെ സ.ഉ.(സാധാ)നം.565/2022/RD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായി 2021 ജൂലൈ മാസത്തിൽ ഡൽഹിയിൽവച്ചുള്ള കൂടിക്കാഴ്ചയിലും ആഗസ്റ്റ് മാസത്തിൽ കേന്ദ്രആരോഗ്യ വകുപ്പുമന്ത്രി കേരളം സന്ദർശിച്ചപ്പോഴും സംസ്ഥാനത്തിന്റെ ഈ ആവശ്യം

അവതരിപ്പിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിക്ക് അയച്ച കത്തിൽ എയിംസ് തുടങ്ങുന്നതിനാവശ്യമായ 200 ഏക്കർ സ്ഥലം കോഴിക്കോട് ജില്ലയിൽ കിനാലൂരിൽ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുമുണ്ട്.

റീജിയണൽ കാൻസർ സെന്ററിലെ ജീവനക്കാരുടെ പെൻഷൻ

32 (32) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ജീവനക്കാർക്ക് പെൻഷൻ നടപ്പിലാക്കിയത് എന്നുമുതലാണെന്ന വിവരം നൽകാമോ?

05-09-2014 മുതലാണ് ആർ.സി.സി. എംപ്ലോയീസ് പെൻഷൻ സ്കീം പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിത്തുടങ്ങിയത്.

(ബി) റീജിയണൽ കാൻസർ സെന്ററിൽ എത്ര ജീവനക്കാരാണ് പെൻഷൻ സ്കീമിൽ അംഗങ്ങളായി ചേർന്നിട്ടുള്ളതെന്നും മുഴുവൻ ജീവനക്കാരും അംഗങ്ങളായി ചേരണമെന്ന വ്യവസ്ഥ നിലവിലുണ്ടോയെന്നും പെൻഷൻ സ്കീമിൽ ചേരാത്ത ജീവനക്കാരുണ്ടെങ്കിൽ അത് എത്രയാണെന്നും വ്യക്തമാക്കാമോ?

സ്കീമിൽ നിലവിൽ 561 (പെൻഷൻ വാങ്ങുന്നവർ ഉൾപ്പെടെ) അംഗങ്ങളായി ചേർന്നിട്ടുണ്ട്. 26-02-2011-ലോ അതിനുശേഷമോ ആർ.സി.സി.-യിൽ ചേർന്നിട്ടുള്ള എല്ലാ ജീവനക്കാരും ആർ.സി.സി.-യുടെ പെൻഷൻ പദ്ധതിക്ക് കീഴിൽ വരുന്നതാണ്. ആർ.സി.സി.-യുടെ പെൻഷൻ സ്കീമിന് അർഹതയുള്ള 375 റെഗുലർ ജീവനക്കാർ നിലവിൽ ആർ.സി.സി. എംപ്ലോയീസ് പെൻഷൻ സ്കീമിൽ അംഗങ്ങളായിട്ടില്ല.

(സി) ജീവനക്കാരിൽനിന്നും എത്ര തുക വച്ചാണ് പെൻഷൻ വിഹിതം പിടിക്കുന്നതെന്നും എത്ര തുകയാണ് ജീവനക്കാർക്ക് പെൻഷനായി നൽകുന്നതെന്നും ഇതിന്റെ മാനദണ്ഡം എന്താണെന്നും വിശദമാക്കാമോ?

ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും പത്ത് ശതമാനമാണ് പെൻഷൻ ഫണ്ടിലേയ്ക്കുള്ള വിഹിതമായി ശമ്പളത്തിൽനിന്ന് പിടിക്കുന്നത്. ആർ.സി.സി. എംപ്ലോയീസ് പെൻഷൻ സ്കീം റൂൾസനുസരിച്ച് അർഹതപ്പെട്ട സേവനകാലയളവ്, അവസാനം കൈപ്പറ്റിയ അടിസ്ഥാന ശമ്പളം, പെൻഷൻ സ്കീമിലേക്ക് വിഹിതമായി അടച്ച തുക എന്നിവ അടിസ്ഥാനമാക്കി ആർ.സി.സി. എംപ്ലോയീസ് പെൻഷൻ സ്കീം മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായിട്ടാണ് പെൻഷൻ നൽകുന്നത്. നിലവിൽ ആറാം ശമ്പള

കമ്മീഷനിലെ ശമ്പളത്തിന്റെ അടിസ്ഥാനത്തിലാണ് പെൻഷൻ നൽകുന്നത്.

ഭിന്നശേഷിക്കാർക്ക് പി.എസ്.സി. നിയമനത്തിലെ സംവരണം

33 (33) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് അനുവദിച്ചിട്ടുള്ള സംവരണത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

1995-ലെ പി.ഡബ്ല്യൂ.ഡി. ആക്റ്റനുസരിച്ച് ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമെന്ന് കണ്ടെത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള തസ്തികകളിലേക്ക് (01-01-2008 മുതൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക്) 100 പോയിന്റ് റോസ്റ്ററിലെ 33, 66, 99 എന്നീ ഔട്ട് ഓഫ് ടേണുകളിൽ മൂന്ന് ശതമാനം സംവരണം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഭിന്നശേഷിക്കാർക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ അഥവാ ഓഫീസുകളിൽ നിയമനം ലഭിക്കുന്നതിന് എന്തെങ്കിലും പരിഗണന

നൽകാറുണ്ടോ; എങ്കിൽ അതിനായി അപേക്ഷിക്കേണ്ടത് എങ്ങനെയാണെന്ന് വിശദീകരിക്കാമോ?

ഭിന്നശേഷിക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് RPWD Act 2016 -ലെ വ്യവസ്ഥകൾ ബാധകമാണ്. ഓരോ സർക്കാർ സ്ഥാപനത്തിലും സൗകര്യപ്രദവും തടസ്സരഹിതവും അനായാസവുമായി ജോലി ചെയ്യുന്നതിനുള്ള സാഹചര്യമൊരുക്കണമെന്ന് RPWD Act 2016 വിവക്ഷ ചെയ്യുന്നുണ്ട്. 25-02-2017-ലെ സ.ഉ.(പി)നം.3/17/ഉഭപവ. പ്രകാരം സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 11-ൽ പ്രതിപാദിച്ച പ്രത്യേക മുൻഗണന (പ്രഥമഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങൾ) അർഹിക്കുന്ന വിഭാഗങ്ങളിൽ ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകളിലേക്കുള്ള സ്ഥലംമാറ്റത്തിനും നിയമനത്തിനും വേണ്ടിയുള്ള ആവശ്യത്തിലേയ്ക്കായി പരിരക്ഷിക്കപ്പെട്ട/പ്രഥമഗണനീയ വിഭാഗങ്ങൾക്കുള്ള സംരക്ഷണം പരമാവധി അഞ്ച് വർഷമായി നിജപ്പെടുത്തേണ്ടതാണ്. മുൻഗണനാപ്രകാരമുള്ള സ്ഥലംമാറ്റം അതാത് കാറ്റഗറികളിലെ സ്ഥലം

മാറ്റത്തിന്റെ 20 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. കൂടാതെ പ്രസ്തുത വിഭാഗങ്ങളിൽ 60 ശതമാനത്തിനുമേൽ ഡിസെബിലിറ്റിയുള്ളവർക്ക് അഞ്ച് വർഷത്തേക്ക് പൊതുസ്ഥലംമാറ്റത്തിൽ സംരക്ഷണം നല്കുന്നതിനോടൊപ്പം കാലാവധി അവസാനിക്കുമ്പോൾ 60 ശതമാനത്തിനുമേൽ ഡിസെബിലിറ്റിയുള്ളവർ അവകാശവാദം ഉന്നയിച്ചാൽ മാത്രം സ്ഥലംമാറ്റം നടത്തിയാൽ മതിയാകുമെന്നും 29-08-2017-ലെ സ.ഉ. (എം. എസ്.)നം.18/2017/ഉഭപവ. പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. മേൽ ഉത്തരവിലെ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച് അതാത് വകുപ്പുകളാണ് നിയമനം നടത്തുന്നത്. ഓരോ വകുപ്പിലെയും ജില്ലയ്ക്കകത്തുള്ള ജില്ലാതല ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റങ്ങൾ ആ വകുപ്പിന്റെ ജില്ലാ ഓഫീസർമാരുടെ ചുമതലയിലും, സംസ്ഥാനതല ഉദ്യോഗസ്ഥരുടെ ജില്ലയ്ക്കകത്തുള്ളതും അന്തർജില്ലാ സ്ഥലംമാറ്റങ്ങളും വകുപ്പ് മേധാവികളുടെ ചുമതലയിലും ഓഫീസുകളിലെ സ്ഥലംമാറ്റം ഓഫീസ് മേധാവിയും നടത്തേണ്ടതാണ്.

ജൂനിയർ ലാംഗേജ് ടീച്ചർ (അറബിക്) എൽ.പി.എസ്. നിയമനം

34 (34) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പാർട്ട് ടൈം ജൂനിയർ ലാംഗേജ് ടീച്ചർ (അറബിക്) എൽ.പി.എസ്. (കാറ്റഗറി നം.230/16) റാങ്ക് ലിസ്റ്റിൽനിന്ന് എത്രപേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആറ് പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

എൻ.ജെ.ഡി. ഒഴിവുകളുൾപ്പെടെ 15 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി 2022 ഫെബ്രുവരി മാസത്തിൽ അവസാനിക്കുന്ന സാഹചര്യത്തിൽ ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

## കാലാവധി അവസാനിച്ച പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

35 (35) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ആഗസ്റ്റിൽ കാലാവധി അവസാനിച്ച് റദ്ദായ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ ഏതെല്ലാമെന്നും തസ്തികകളുടെ പേരും കാറ്റഗറി നമ്പറും സഹിതമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) 2021 ആഗസ്റ്റിൽ റദ്ദായ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിലുൾപ്പെട്ട ഏതെല്ലാം തസ്തികകളിലേക്കാണ് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് നിയമന നടപടികൾ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) ഈ കാലയളവിൽ റദ്ദായ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഏതെല്ലാം തസ്തികകളിലാണ് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് നിയമന നടപടികൾ ആരംഭിക്കാനുള്ളതെന്ന വിവരം ലഭ്യമാക്കുമോ?

എല്ലാ വർഷവും നിരവധി ഒഴിവുകൾ നിലവിൽ വരുന്ന തസ്തികകളിൽ മാത്രമാണ് റാങ്ക് പട്ടികകളുടെ കാലാവധിക്കുള്ളിൽ അല്ലെങ്കിൽ കാലാവധി അവസാനിച്ചയുടനെ പി.എസ്.സി. പുതിയ വിജ്ഞാപനം പുറപ്പെടുവിക്കാറുള്ളത്. മറ്റ് തസ്തികകളുടെ വിജ്ഞാപനങ്ങൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന അവസരങ്ങളിലാണ് പുറപ്പെടുവിച്ചുവരുന്നത്.

<u>ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം</u>

36 (36) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഓൺലൈൻ സംവിധാനത്തിലൂടെ നടത്തണമെന്ന് കർശന നിർദ്ദേശം എല്ലാ വകുപ്പുമേധാവികൾക്കും നൽകിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

ഉണ്ട്. 25-02-2017-ലെ സ.ഉ.(പി)നം.3/2017/ഉ.ഭ.പ.വ. പ്രകാരം എല്ലാ വകുപ്പുകളുടെയും മേധാവികൾ ജീവനക്കാരുടെ ഒരു ഇലക്ട്രോണിക്സ് ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഇനിമേൽ സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന്റെയും നിയമനത്തിന്റെയും നടപടികൾ ഓൺലൈൻ സമ്പ്രദായത്തിലൂടെമാത്രം നടത്തേണ്ടതാണെന്നും ഇതിലേയ്ക്കാവശ്യമായ സോഫ്റ്റ്‌വെയർ പ്രാപ്തമാക്കുന്നതും ഈ സമ്പ്രദായം നടപ്പിൽവരുത്തുന്നതിനായുള്ള പരിശീലനവും എൻ.ഐ.സി. (നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ) ഏർപ്പെടുത്തുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.)

21-10-2021-ലെ സ.ഉ.(സാധാ)നം.155/2021/ഉ.ഭ.പ.വ. പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവും നിയമനവും,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓൺലൈൻ സംവിധാനത്തിലൂടെ നടത്തണമെന്ന് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.)

(ബി) ഇതുപ്രകാരം ഓൺലൈൻ സംവിധാനത്തിലൂടെ പൊതുസ്ഥലംമാറ്റം നടത്തുന്നതിന് ജീവനക്കാരുടെ ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കിയിട്ടുള്ള വകുപ്പുകൾ ഏതൊക്കെയാണ്; നാളിതുവരെയും ഇത്തരത്തിൽ ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കിയിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഓൺലൈൻ സംവിധാനം മുഖേന നടപ്പിലാക്കാത്ത വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

(ബി & സി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയാണ് പൊതുസ്ഥലംമാറ്റം നടത്തുന്നത്. 18 വകുപ്പുകൾ/സ്ഥാപനങ്ങളിൽ ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കി ഓൺലൈൻ സംവിധാനത്തിലൂടെ പൊതുസ്ഥലംമാറ്റം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. (വകുപ്പുകളുടെ പേരുകൾ അനുബന്ധമായി+ ചേർക്കുന്നു). പൊതുസ്ഥലംമാറ്റം ഓൺലൈൻ സംവിധാനം മുഖേന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കാത്ത വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 2022-ൽ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഓൺലൈൻ സംവിധാനത്തിലൂടെ അല്ലാതെ നടത്തുന്ന വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നല്കുമോ?

പൊതുസ്ഥലംമാറ്റം ഓൺലൈൻ സംവിധാനത്തിലൂടെ മാത്രമെ നടത്താവൂവെന്ന് കർശന നിർദ്ദേശം നിലവിലുണ്ട്.

(ഇ) ഓൺലൈൻ സംവിധാനത്തിന്റെ സുതാര്യത അട്ടിമറിക്കുന്നതിനുവേണ്ടി പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിക്കുന്നതിന് മുമ്പുതന്നെ ജീവനക്കാരെ സ്ഥലംമാറ്റുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇത് തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദവിവരം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾ ഭേദഗതി

37 (37) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-ക്ക് നിയമനങ്ങൾ വിട്ടുനൽകിയിട്ടും സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിലെ കാലതാമസം കാരണം ഏതെല്ലാം പൊതുമേഖല/ അർദ്ധസർക്കാർ/ബോർഡ്/കമ്പനി സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി.എസ്.സി. മുഖേന ഇപ്പോഴും നികത്താൻ സാധിക്കാത്തതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ 115 കമ്പനി/ബോർഡ്/കോർപ്പറേഷൻ, ക്ഷേമനിധി ബോർഡുകൾ, 22 സഹകരണ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ 137 സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവരികയും 84 സ്ഥാപനങ്ങളിൽ നിയമനചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ, പ്രവർത്തനക്ഷമമായ 21 സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ വിവിധ ഭരണവകുപ്പുകളിൽ വിവിധഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. (പട്ടിക അനുബന്ധമായി+ ചേർത്തിരിക്കുന്നു).

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഏതെല്ലാം തീയതികളിലാണ് പി.എസ്.സി.-ക്ക് വിട്ടതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

വിവിധ സർക്കാർ വകുപ്പുകളുടെ ഭരണനിയന്ത്രണത്തിൻ കീഴിൽ വരുന്ന വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളത് വ്യത്യസ്തങ്ങളായ ഉത്തരവുകളിലൂടെയാണ്. ഉത്തരവുകളുടെ പകർപ്പ് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) ഈ സ്ഥാപനങ്ങളിലെ നിയമന നടപടികൾ പി.എസ്.സി. മുഖേന ആരംഭിക്കുന്നതിന് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്പെഷ്യൽ റൂൾസ് അടിയന്തരമായി രൂപീകരിക്കാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുകൾ അതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## കൃഷി അസിസ്റ്റന്റ് നിയമനം

38 (38) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകക്ഷേമ വകുപ്പിൽ കൃഷി അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ റാങ്ക് ലിസ്റ്റിലുൾപ്പെട്ടവരുടെ യോഗ്യതകൾ എന്താണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ലിസ്റ്റ് I, ലിസ്റ്റ് II എന്നിങ്ങനെ രണ്ട് റാങ്ക് പട്ടികകളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ലിസ്റ്റ് I-ൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ലിസ്റ്റ് II-ലെ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്.

ലിസ്റ്റ് I(i) കേരള കാർഷിക സർവകലാശാലയിൽനിന്നും നൽകപ്പെടുന്ന കൃഷിശാസ്ത്രത്തിലുള്ള ഡിപ്ലോമയോ തത്തുല്യമായ യോഗ്യതയോ;

ലിസ്റ്റ് II(ii) അഗ്രിക്കൾച്ചറിലുള്ള വൊക്കേഷണൽ ഹയർ സെക്കൻഡറി സർട്ടിഫിക്കറ്റ് മുകളിൽ വിവരിച്ച യോഗ്യതയുള്ളവരുടെ അഭാവത്തിൽ.

(iii) (1) കൃഷി മുഖ്യവിഷയമായിട്ടുള്ള എസ്.എസ്.എൽ.സി.-യോ തത്തുല്യയോഗ്യതയോ അല്ലെങ്കിൽ

(2) എസ്.എസ്.എൽ.സി.-യോ തത്തുല്യമായ യോഗ്യതയും കൃഷിയിൽ അംഗീകൃത പരിശീലനവും അല്ലെങ്കിൽ

(3) കൃഷി ഐച്ഛിക വിഷയമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള ബേസിക് സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്.

(ബി) പ്രസ്തുത തസ്തികയിൽ നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; എത്ര ഒഴിവുകൾ പി.എസ്.സി. -യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്ത മുഴുവൻ ഒഴിവുകളിലേക്കും നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

റിപ്പോർട്ട് ചെയ്തിട്ടുള്ള 251 ഒഴിവുകളിലേക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. തുടർന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള 12 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 16 പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും അർത്ഥനാപത്രത്തിലെ ന്യൂനതകൾ കാരണം നടപടി സ്വീകരിച്ചിട്ടില്ല. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ നിലവിലെ ചട്ടങ്ങൾക്കനുസൃതമായി ഈ റാങ്ക് ലിസ്റ്റിൽനിന്ന് തന്നെ നികത്തുന്നതാണ്.

## അറ്റസ്റ്റേഷൻ ചെയ്യാനുള്ള അധികാരം

39 (39) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിവിധ ആവശ്യങ്ങൾക്കായി നല്കുന്ന അപേക്ഷകളോടൊപ്പം സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഗസറ്റഡ് ഓഫീസർ എന്ന നിലയിൽ സാക്ഷ്യപ്പെടുത്തുന്നതിന് പി.എസ്.സി. വഴി നിയമിതരായ ഏതൊക്കെ തസ്തികകളിൽപ്പെട്ട ഉദ്യോഗസ്ഥർക്കാണ് അധികാരമുള്ളത്; തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ?

സംസ്ഥാന സർവ്വീസിലുള്ള ഗസറ്റഡ് ഓഫീസർമാരെ അസൽ രേഖകളുടെ ശരിപ്പകർപ്പുകൾ സാക്ഷ്യപ്പെടുത്തുന്നതിന് ചുമതലപ്പെടുത്തി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത മറ്റാർക്കെങ്കിലും അറ്റസ്റ്റേഷൻ ചെയ്തുനൽകുന്നതിന് അധികാരമുണ്ടെങ്കിൽ ഏത് വിഭാഗം ഉദ്യോഗസ്ഥർക്കാണ് ഇപ്രകാരം അധികാരം നൽകിയിട്ടുള്ളതെന്നും ഏത് നിയമപ്രകാരമാണ് അവരുടെ അധികാരവിനിയോഗമെന്നും അറിയിക്കുമോ?

വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി രേഖകളുടെ/ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകുമെന്ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട വിവിധതരം സർട്ടിഫിക്കറ്റുകൾ, രേഖകൾ, കൺസെഷനുകൾ മുതലായവ അറ്റസ്റ്റ് ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി.-യിലെ ഹയർ ഡിവിഷൻ തസ്തികകളിലെ ഓഫീസർമാർക്ക് കെ.എസ്.ആർ.ടി.സി. അനുമതി നൽകിയിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ അറ്റസ്റ്റ് ചെയ്ത് നൽകുന്ന സമയക്രമംവരെ പൊതുജനങ്ങളെ അറിയിച്ചുകൊണ്ടുള്ള പരസ്യബോർഡുകൾ സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ഡിപ്പോ ഓഫീസ് മുറികൾക്ക് സമീപം പ്രദർശിപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രവൃത്തി അടിയന്തര പ്രാബല്യത്തോടെ അവസാനിപ്പിക്കാൻ സംവിധാനമൊരുക്കുന്നതോടൊപ്പം പൊതുജന അറിവിലേയ്ക്ക് ഇക്കാര്യം പരസ്യപ്പെടുത്തുന്നതിനും തയ്യാറാകുമോ;

(ഡി) എങ്കിൽ ഇതിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

(സി & ഡി) കെ.എസ്.ആർ.ടി.സി. സംബന്ധമായ അറ്റസ്റ്റേഷനുകൾ കെ.എസ്.ആർ.ടി.സി. ജീവനക്കാർ നടത്തുന്നതാണെന്ന അറിയിപ്പ് പൊതുജനത്തിനും ജീവനക്കാർക്കും നൽകുന്നതിനാണ് കെ.എസ്.ആർ.ടി.സി. ബോർഡുകൾ വച്ചിട്ടുള്ളത്.

(ഇ) അത്തരത്തിൽ അധികാരമില്ലാത്ത ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ സ്വീകരിച്ച് കേന്ദ്ര സർവ്വീസിൽ അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥിക്ക് അത് നിരസിക്കപ്പെട്ട റിപ്പോർട്ടുകളുടെ ഗൗരവം ഉൾക്കൊണ്ട് ഇക്കാര്യത്തിൽ നിയമവിരുദ്ധമായി അധികാരപ്രയോഗം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമനടപടിക്ക് തയ്യാറാകുമോ?

റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കെ-ഫോൺ സേവനം

40 (40) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കെ-ഫോൺ സേവനം നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലും ഓഫീസുകളിലും നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

കോതമംഗലം മണ്ഡലത്തിൽ കെ-ഫോൺ സേവനം നൽകിയിട്ടുള്ള സ്ഥലങ്ങളുടെയും ഓഫീസുകളുടെയും ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പുതുതായി ഏതെല്ലാം പ്രദേശങ്ങളിലും ഓഫീസുകളിലുമാണ് കെ-ഫോൺ സേവനം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2022 ജൂൺ മാസത്തോടെ കോതമംഗലം മണ്ഡലത്തിലുൾപ്പെടെ സംസ്ഥാനത്താകമാനമുള്ള സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയവയ്ക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ പൊതുപ്രദേശങ്ങൾക്കുപുറമേ കുട്ടമ്പുഴ പഞ്ചായത്തിലെ ആദിവാസി മേഖലകളിലേക്ക് കെ-ഫോൺ സേവനം പ്രത്യേക പരിഗണന നൽകി ലഭ്യമാക്കുമോ; വിശദമാക്കാമോ?

കെ-ഫോൺ പദ്ധതിയുടെ അടിസ്ഥാന സൗകര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടമ്പുഴ പഞ്ചായത്തിലേതുൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ ആദിവാസി മേഖലകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

41 (41) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് മേഖലയുടെ വളർച്ചയ്ക്കും വികാസത്തിനുമായി യുവസംരംഭകത്വ പദ്ധതി, ടെക്നോളജി ഇന്നൊവേഷൻ സോൺ എന്നീ രണ്ട് പദ്ധതികളാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന സർക്കാർ നടപ്പിലാക്കി വരുന്നത്. സ്കൂൾ, കോളേജ്തലം മുതൽ സാങ്കേതികത, നൂതനത, സംരംഭകത്വം എന്നിവയിൽ താൽപ്പര്യം ജനിപ്പിക്കുന്നതിലൂടെ ലഭ്യമാകുന്ന മികച്ച ആശയങ്ങളെ സ്റ്റാർട്ട്അപ്പുകൾ ആക്കുന്നതിനും, മെന്ററിംഗ്, ഇൻകുബേഷൻ, വിപണനത്തിനുള്ള സഹായം, നിക്ഷേപം ലഭ്യമാകുന്നതിനുള്ള സഹായം എന്നിവ നൽകി മികച്ച കമ്പനിയാകുന്നതുവരെയുള്ള ഘട്ടങ്ങളിൽ വേണ്ട സഹായം ലഭ്യമാക്കുന്നതാണ് യുവസംരംഭകത്വ പദ്ധതി. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്:

1. ഇവാഞ്ചലൈസേഷൻ സപ്പോർട്ട്
2. ഇൻകുബേഷൻ സഹായം

3. വിജ്ഞാന നൈപുണ്യ വികസനം

4. ആക്സിലറേറ്റർ

5. ഫണ്ടിംഗും സംരംഭവികസനവും

6. പ്രോഡക്ടൈസേഷനും മാർക്കറ്റിങ്ങും

7. വിനിമയവും അന്തർദേശീയ ഉൾക്കൊള്ളലും (Exchanges and Global Immersion)

8. ഗവേഷണ നൂതന പരിപാടികൾ

9. വനിതാസംരംഭകത്വവും സ്റ്റാർട്ട്അപ്പ് പരിപാടികളും

സ്റ്റാർട്ടപ്പ് മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ടെക്നോളജി ഇന്നവേഷൻ സോൺ പദ്ധതിയിൽ അന്താരാഷ്ട്ര നിലവാരമുള്ള 6 ലക്ഷം ചതുരശ്ര അടിയോളം സ്ഥലം തിരുവനന്തപുരം ടെക്നോപാർക്ക്, കോഴിക്കോട്, കാസർഗോഡ്, പാലക്കാട് എന്നീ സ്ഥലങ്ങളിലായി അടിസ്ഥാന സൗകര്യത്തിനായി ഒരുക്കിയിട്ടുണ്ട്.

## കെ - ഫോൺ പദ്ധതി

42 (42) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വിശദമാക്കാമോ?

ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട്, സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് (കെ-ഫോൺ). ഈ പദ്ധതി വഴി സംസ്ഥാനത്തെ 30000-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇടതടവില്ലാതെ ഇന്റർനെറ്റ് സേവനം നൽകുന്നതിനുപുറമെ 20 ലക്ഷത്തോളം ബി.പി.എൽ. കുടുംബങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായി. ഒന്നാംഘട്ടത്തിൽ സർക്കാർ ഓഫീസുകൾ, സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ എന്നിവയ്ക്ക് അതിവേഗ ബ്രോഡ്ബാൻഡ് കണക്ടിവിറ്റി ലഭ്യമാകും. പദ്ധതിയുടെ നെറ്റ്വർക്ക് ഓപ്പറേറ്റിംഗ് സെന്ററിന്റെ മുഴുവൻ പണിയും പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള കേബിളുകൾ വലിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ഏഴ്

ജില്ലകളിലായി 3000-ത്തിലധികം ഓഫീസുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ കെ-ഫോൺ പദ്ധതി നിലവിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഉണ്ട്. പാലക്കാട് ജില്ലയിൽ പറളി, വെണ്ണക്കര, ചിറ്റാടി, നെൻമാറ, ഒറ്റപ്പാലം, പഴയന്നൂർ, കണ്ണംപുള്ളി, വടക്കാഞ്ചേരി എന്നീ സ്ഥലങ്ങളിലെ പോയിന്റ് ഓഫ് പ്രസൻസുകൾ (PoP) വഴി 457 ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ കെ-ഫോൺ പദ്ധതിയിലൂടെ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. 2022 ജൂൺ മാസത്തോടുകൂടി ജില്ലയിലെ ബാക്കിയുള്ള ഓഫീസുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ</u>

43 (43) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ ആരംഭിക്കുന്നതുകൊണ്ട് കേരളത്തിലെ വ്യവസായ-സാങ്കേതിക-വിദ്യാഭ്യാസ രംഗങ്ങളിൽ പ്രതീക്ഷിക്കുന്ന പുരോഗതി എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നാളെയുടെ വ്യവസായ പുരോഗതിയുടേയും ശാസ്ത്ര-സാങ്കേതിക രംഗത്തെ പുതുയുഗമെന്ന് വിശേഷിപ്പിക്കാവുന്ന ഗ്രാഫീന്റെ ഉത്പാദനത്തിനും വികസനത്തിനുമായിട്ടാണ് ഇന്ത്യൻ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ (IICG) എന്ന കേന്ദ്രം ഡിജിറ്റൽ സർവ്വകലാശാലയുടെയും കേന്ദ്രസർക്കാർ സ്ഥാപനമായ C-MET-ന്റെയും നേതൃത്വത്തിൽ എറണാകുളത്ത് സ്ഥാപിക്കുന്നത്. ആദ്യത്തെ അഞ്ച് വർഷത്തിനുള്ളിൽ ഗ്രാഫീൻ കേന്ദ്രവുമായി ചേർന്ന് 250-ഓളം പുതിയ ഹൈടെക്നോളജി സംരംഭങ്ങൾ (ഇൻകുബേഷൻ, കപ്പാസിറ്റി ബിൽഡിംഗ്, ട്രെയിനിംഗ്, കൺസൾട്ടൻസി, വിജ്ഞാന കൈമാറ്റം, ഉൽപ്പന്ന വാണിജ്യവൽക്കരണം) സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്റലക്ച്വൽ പ്രോപ്പർട്ടി ലഭ്യത, ടാലന്റ്, റെഡി-ടു-യൂസ് സാങ്കേതികവിദ്യ, ഇൻകുബേഷൻ സൗകര്യം, സ്റ്റാർട്ടപ്പ് മിഷൻ, ഫാബ് ലാബ്, മേക്കർ വില്ലേജ്, സി.ഐ.ഒ.ടി. മുതലായവയിൽനിന്നുള്ള അനുബന്ധ പിന്തുണാടിസ്ഥാന സൗകര്യങ്ങൾ ഈ മേഖലയിൽ വ്യാവസായിക ക്ലസ്റ്റർ

സൃഷ്ടിക്കാൻ സഹായകമാകും. പ്രസ്തുത കേന്ദ്രവുമായി ബന്ധപ്പെട്ട് ഗ്രാഫീൻ ഉൽപ്പന്നങ്ങളിൽ ഒരു ക്ലസ്റ്റർ സൃഷ്ടിക്കുന്നതിനുവേണ്ടി ഇന്ത്യയിലും ലോകമെമ്പാടുമുള്ള കമ്പനികളെയും സ്റ്റാർട്ട്അപ്പുകളേയും ആകർഷിക്കുക എന്നതാണ് നിർദ്ദിഷ്ട കേന്ദ്രം ലക്ഷ്യമിടുന്നത്. കേന്ദ്രത്തിന് സ്വന്തമായി ഇൻകുബേറ്ററും ഉയർന്ന നിലവാരമുള്ള ഗ്രാഫീൻ ഉൽപ്പാദിപ്പിക്കുന്നതിനും സംയോജിപ്പിക്കുന്നതിനുമുള്ള ക്ലീൻറൂമുകളും ഉണ്ടായിരിക്കും. ഈ കേന്ദ്രം ഗ്രാഫീനിലും മറ്റ് 2-ഡി മെറ്റീരിയലിലും അതിന്റെ സംയോജിത സാങ്കേതികവിദ്യയിലും ഗവേഷണവും വികസനവും ഉൽപ്പന്ന നവീകരണവും പ്രോത്സാഹിപ്പിക്കും. ഐ.ഐ.സി.ജി.-ക്കും ഡിജിറ്റൽ സർവ്വകലാശാലയ്ക്കും നിർണ്ണായക പങ്കുവഹിക്കാൻ കഴിയുന്ന നിർദ്ദിഷ്ട 2-ഡി മെറ്റീരിയൽസ് പാർക്ക്, അടുത്ത 5 വർഷത്തിനുള്ളിൽ 50,000-ത്തിലധികം പേർക്ക് നേരിട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന 250-ലധികം ഉന്നത സാങ്കേതിക സംരംഭങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നേരിട്ടുള്ള തൊഴിലിന് പുറമേ, 200000 പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന് സാധിക്കും. 2500 കോടി രൂപയുടെ നിക്ഷേപം പ്രസ്തുത പദ്ധതി കൊണ്ടുവരുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ഈ മേഖലയിൽനിന്ന്

പ്രവർത്തിക്കുന്ന സംഘടനകളിൽനിന്ന് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഏകദേശം 10,000 കോടി രൂപയുടെ വിൽപ്പനയും പ്രതീക്ഷിക്കുന്നു.

<u>കെ-ഫോൺ പദ്ധതി</u>

44 (44) <u>ശ്രീ. ആന്റണി ജോൺ</u>:
<u>ശ്രീ. കെ. വി.സുമേഷ്</u>:
<u>ഡോ. സുജിത് വിജയൻപിള്ള</u>:
<u>ശ്രീമതി ദലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ?

കെ-ഫോൺ പദ്ധതിയുടെ ഒന്നാംഘട്ടം 2021 ഫെബ്രുവരി 15-ന് ഉദ്ഘാടനം ചെയ്തു. ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ, പദ്ധതിയുടെ നെറ്റ്വർക്ക് ഓപ്പറേറ്റിംഗ് സെന്ററിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ഏഴ് ജില്ലകളിലായി 3000-ത്തിലധികം ഓഫീസുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്. 2022 ജൂൺ മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സംസ്ഥാനത്തിന്റെ ഇ-കുതിപ്പിന് പ്രസ്തുത പദ്ധതി ഏതെല്ലാം തരത്തിൽ സഹായകമാകുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവും ആക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെ-ഫോൺ. സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സംസ്ഥാനത്താകെ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതി വഴി സംസ്ഥാനത്തെ 30000 -ത്തോളം വരുന്ന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാകുന്നതാണ്. കൂടാതെ, ഈ പദ്ധതി വഴി 20 ലക്ഷത്തോളം വരുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാന സർക്കാരിന്റെയും മറ്റ് സ്വകാര്യ ടെലികോം സർവ്വീസ് പ്രൊവൈഡർമാരുടെയും നിലവിലുള്ള ബാൻഡ് വിഡ്ത്ത് പരിശോധിച്ച്, അതിന്റെ അപര്യാപ്തത പരിഹരിച്ച് ഭാവിയിലേയ്ക്കാവശ്യമായ ബാൻഡ് വിഡ്ത്ത് സജ്ജമാക്കുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി പ്രാബല്യത്തിലാകുന്നതോടെ എല്ലാ ടെലികോം/ ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർമാർക്കും തുല്യഅവസരം ലഭിക്കുന്ന

ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് സംസ്ഥാനത്ത് നിലവിൽ വരുമെന്ന് പ്രതീക്ഷിക്കുന്നു.

കെ-ഫോൺ പദ്ധതി വഴി ഐ.ടി. പാർക്കുകൾ, എയർപോർട്ട്, തുറമുഖം തുടങ്ങി വിവിധ ഇടങ്ങളിൽ അതിവേഗ ഇന്റർനെറ്റ്/ഇൻട്രാനെറ്റ് സൗകര്യം ലഭ്യമാകും. സർക്കാർ സേവനങ്ങളായ ഇ-ഹെൽത്ത്, ഇ-എഡ്യൂക്കേഷൻ തുടങ്ങിയ ഇ-സർവ്വീസുകൾക്ക് കൂടുതൽ ബാൻഡ് വിഡ്ത്ത് നൽകി കാര്യക്ഷമത വർദ്ധിപ്പിക്കാൻ കെ-ഫോൺ സഹായകരമാകുന്നതാണ്.

(സി) കെ-ഫോൺ പദ്ധതിയുടെ പൂർത്തീകരണത്തോടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, internet of things, ഇ-കൊമേഴ്സ്, സ്റ്റാർട്ടപ്പ് മേഖലകളിൽ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ വിശദമാക്കാമോ?

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, internet of things, സ്റ്റാർട്ടപ്പ് തുടങ്ങി വിവിധ മേഖലകളെ മികവിന്റെ കേന്ദ്രങ്ങളാക്കാനും അതുവഴി വിജ്ഞാനസമ്പദ്ഘടന സൃഷ്ടിച്ച് സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം ഉറപ്പാക്കാനും കെ-ഫോൺ പദ്ധതി പ്രയോജനപ്രദമാകും. കൂടാതെ, ഇ-കൊമേഴ്സ് മേഖലയിലും കെ-ഫോൺ

സേവനം ഉപയോഗിച്ച് ഗ്രാമപ്രദേശങ്ങളിലുൾപ്പെടെയുള്ള ചെറുകിട സംരംഭകർക്കും മറ്റ് വ്യവസായികൾക്കും തങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിൽപ്പന നടത്താൻ സഹായകമാകുന്നതാണ്.

കെ - ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട അനധികൃത നിയമനം

45 (45) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യ ഇന്റർനെറ്റ് നൽകുന്ന പദ്ധതിയായ കെ-ഫോണിന്റെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നും ഈ ലക്ഷ്യങ്ങൾ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട് സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിനും അതുവഴി സംസ്ഥാനത്തെ ഡിജിറ്റൽ വേർതിരിവ് ഇല്ലാതാക്കാനും ഉദ്ദേശിച്ചുള്ള ബൃഹത്തായ പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് (കെ-ഫോൺ). സംസ്ഥാനത്തെ 30000-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇടതടവില്ലാതെ ഇന്റർനെറ്റ് സേവനം

നൽകുന്നതിനുപുറമെ 20 ലക്ഷത്തോളം ബി.പി.എൽ. കുടുംബങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ലഭ്യമാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. കെ-ഫോൺ പദ്ധതിയുടെ നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള കേബിളുകൾ സ്ഥാപിക്കുന്ന ജോലികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പദ്ധതി 2022 ജൂൺ മാസത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട കരാർ ഏത് കമ്പനിക്കാണ് നൽകിയതെന്ന് വിശദമാക്കാമോ; M/s BEL അടങ്ങുന്ന കൺസോർഷ്യത്തിന് കരാർ നൽകാൻ മുൻ ഐ.ടി. സെക്രട്ടറി കെ-ഫോൺ കമ്പനിക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ (M/s BEL) കൺസോർഷ്യത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, റെയിൽടെൽ (M/s Railtel), എന്നിവയ്ക്ക് പുറമെ എൽ.എസ്. കേബിൾ (M/s LS Cable), എസ്.ആർ.ഐ.റ്റി. (M/s Sobha Renaissance Information

Technology Private Limited) എന്നീ കമ്പനികളാണ് പ്രസ്തുത കൺസോർഷ്യത്തിലുൾപ്പെട്ടിട്ടുള്ളത്. കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ഒരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് കേരള സർക്കാരിന്റെ ' ഇ-പ്രൊക്യൂവർമെന്റ് ' പ്ലാറ്റ്ഫോം വഴി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.) ഓപ്പൺ ടെണ്ടർ ക്ഷണിച്ചിരുന്നു. സാധുവായ മൂന്ന് ടെണ്ടറുകളിൽനിന്നും, സാങ്കേതിക വിലയിരുത്തലുകൾക്കുശേഷം, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തിനെ തെരഞ്ഞെടുക്കുകയും ചെയ്തു. പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് മത്സരാധിഷ്ഠിത ടെണ്ടറിലൂടെ തെരഞ്ഞെടുത്ത കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുൾപ്പെട്ട കൺസോർഷ്യത്തിന് കരാർ നൽകുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകാൻ 16-02-2019-ലെ കത്ത് പ്രകാരം ഐ.ടി. വകുപ്പ് സെക്രട്ടറി കെ.എസ്.ഐ.ടി.ഐ.എൽ. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. 15-07-2019-ലെ സ.ഉ. (കൈ)നം.14/2019/വി.സ.വ. പ്രകാരം ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തെ തെരഞ്ഞെടുത്ത നടപടികൾക്ക് അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്വർണ്ണക്കടത്ത് കേസിലുൾപ്പെട്ട വനിതയുടെ ഭർത്താവിന് കെ-ഫോൺ പദ്ധതിയുടെ ഭാഗമായി മാനേജരായി ജോലി നൽകിയിരുന്നോ; പ്രസ്തുത വ്യക്തിയെ പിന്നീട് പിരിച്ചുവിട്ടിരുന്നോവെന്ന് വിശദമാക്കാമോ?

ഇല്ല.

(ഡി) പ്രസ്തുത നിയമനത്തിന് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ഇടപെട്ടുവെന്ന വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ബാധകമല്ല.

## കോഴിക്കോട് ജില്ലയിലെ അക്ഷയ കേന്ദ്രങ്ങൾ

46 (46) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പുതുതായി സർക്കാർ ഉത്തരവിലൂടെ അനുവദിച്ചതും എന്നാൽ ഇതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതുമായ അക്ഷയ കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അക്ഷയ കേന്ദ്രം നടത്തിപ്പിന് ചുമതലപ്പെട്ടവരെ പരീക്ഷ നടത്തി തെരഞ്ഞെടുക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്?

പരീക്ഷ നടത്തിപ്പിനുള്ള ചുമതല കെൽട്രോണിനാണ് നൽകിയിരിക്കുന്നത്.

(സി) പരീക്ഷ നടത്തി നടത്തിപ്പുകാരെ കണ്ടെത്തി അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസം എന്താണെന്ന് വിശദമാക്കാമോ?

കോവിഡ് മഹാമാരിമൂലം പരീക്ഷ നടത്തുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. ഇപ്പോൾ കെൽട്രോൺ മുഖേന പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; ഇതിലേയ്ക്കായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

അക്ഷയ സംരംഭക തെരഞ്ഞെടുപ്പിനുള്ള പരീക്ഷ, അഭിമുഖം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കി എത്രയുംവേഗം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

## മുക്കം മണാശ്ശേരി അക്ഷയ കേന്ദ്രം

47 (47) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം നഗരസഭയിലെ മണാശ്ശേരിയിൽ അനുവദിച്ച അക്ഷയ കേന്ദ്രത്തിലേക്ക് സംരംഭകനെ തെരഞ്ഞെടുക്കുന്നതിനുള്ള പരീക്ഷ നടത്താൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സംരംഭകനെ തെരഞ്ഞെടുക്കുന്നതിനുള്ള പരീക്ഷ അടിയന്തരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ & ബി) കോവിഡ് മഹാമാരിമൂലം പരീക്ഷ നടത്തുന്നതിൽ കാലതാമസം നേരിട്ടിരുന്നു. കെൽട്രോൺ മുഖേന പരീക്ഷ അടിയന്തരമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പുതിയ അക്ഷയ കേന്ദ്രങ്ങൾ

48 (48) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ രണ്ട് കിലോമീറ്ററും മുൻസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും കോർപ്പറേഷനിൽ ഒരു കിലോമീറ്ററുമുണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷൻ അനുവദിച്ച് കഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം, എന്നിവ ഉൾപ്പടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

(ബി) അരൂർ മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങളുടെ പേരുവിവരം പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

## മാറനല്ലൂർ പഞ്ചായത്തിൽ മിനി ഐ.ടി. പാർക്ക്

49 (49) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിൽ മിനി ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് 2021-22 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മാറനല്ലൂരിൽ സ്ഥലം വാങ്ങി മിനി ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് 2021-22 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## വയനാട് ജില്ലയിലെ കെ-ഫോൺ പദ്ധതി

(50) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വയനാട് ജില്ലയിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ എത്ര കിലോമീറ്റർ പൂർത്തീകരിച്ചുവെന്ന് അറിയിക്കാമോ?

കെ-ഫോൺ പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ 55 കിലോമീറ്റർ ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ജില്ലയിൽ എത്ര സർക്കാർ സ്ഥാപനങ്ങളിൽ കെ-ഫോൺ പദ്ധതിയുടെ സേവനം ലഭ്യമാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിലെ 724 സർക്കാർ ഓഫീസുകളിൽ 2022 ജൂൺ മാസത്തോടെ കെ-ഫോൺ പദ്ധതിയുടെ സേവനം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ജില്ലയിലെ നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിന്റെ മുഴുവൻ പണിയും പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കെ-ഫോൺ പദ്ധതിയുടെ ഏക നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്റർ എറണാകുളത്താണ് സ്ഥിതി ചെയ്യുന്നത്. നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിന്റെ മുഴുവൻ പണിയും പൂർത്തിയായിട്ടുണ്ട്. ജില്ലയിലെ കോർ പോപ്പിന്റെ (Core Point of Presence) പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## ഫയൽ ഡിജിറ്റൈസേഷൻ

51 (51) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില സർക്കാർ ഓഫീസുകളിൽ തീപിടുത്തം ഉണ്ടായതിനെത്തുടർന്ന് ഫയലുകൾ കത്തി നശിച്ച സാഹചര്യത്തിൽ വിവിധ വകുപ്പുകളിലെ ഫയലുകൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പ്രധാനപ്പെട്ട ഫയലുകൾ ഡിജിറ്റലായി സൂക്ഷിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നിലവിലെ രേഖകൾ വിവിധ വലിപ്പത്തിൽ (A3, A4 മുതലായവ) ആയതിനാൽ ഇവ സ്കാൻ ചെയ്ത് ഡിജിറ്റൈസ് ചെയ്യുന്നതിന് ആവശ്യമായ സ്കാനറുകൾ, സോഫ്റ്റ്‌വെയർ എന്നിവ ക്രമീകരിച്ചിട്ടുണ്ടോ?

A3/A4 സ്കാനർ ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ ഉപകരണങ്ങൾ Centralized Procurement and Rate Contract System മുഖേന വാങ്ങുന്നതിന് വിവിധ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ട്.

(സി) പൊതുജനങ്ങളിൽനിന്നും നേരിട്ട് സ്വീകരിക്കുന്ന അപേക്ഷകൾ കൗണ്ടറിൽത്തന്നെ സ്കാൻ ചെയ്ത് ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് ഇ-സേവനം എന്ന മൊബൈൽ പോർട്ടലും എം-സേവനം എന്ന മൊബൈൽ ആപ്ലിക്കേഷനും തയ്യാറാക്കിയിട്ടുണ്ട്. ഇ-സേവനം മുഖേന 600-ൽപ്പരം സേവനങ്ങളും എം-സേവനത്തിലൂടെ 500-ഓളം സേവനങ്ങളും ഓൺലൈനിലൂടെ ലഭ്യമാണ്. എല്ലാ വകുപ്പുകളും പൂർണ്ണമായും ഇ-ഫയൽ സംവിധാനത്തിലേയ്ക്ക് മാറുന്നതോടെ അപേക്ഷകൾ/പരാതികൾ ഡിജിറ്റൽ രൂപത്തിൽ സ്വീകരിക്കാൻ കഴിയും

(ഡി) സർക്കാർ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

ഫയൽ സുതാര്യത ഉറപ്പുവരുത്താനും, ഫയൽ നീക്കം വേഗത്തിലാക്കാനുംവേണ്ടി, സർക്കാർ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

<u>സ്പേസ് പാർക്കിലെ നിയമനം</u>

52 (52) <u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ വിദ്യാഭ്യാസയോഗ്യതയില്ലാത്ത ആൾക്ക് സ്പേസ് പാർക്കിൽ ജോലി നൽകിയതിന്റെ കാരണം വിശദീകരിക്കാമോ?

സ്പേസ് പാർക്ക് പ്രോജക്ടുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായ M/s. പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിനോട് റിസോഴ്സ് പേഴ്സനെ തെരഞ്ഞെടുത്ത് നൽകാൻ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് വർക്ക് ഓഡർ നൽകിയതുപ്രകാരം പ്രസ്തുത കൺസൾട്ടന്റ് ലഭ്യമാക്കിയ റിസോഴ്സ് പേഴ്സനെയാണ് സ്പേസ് പാർക്കിൽ നിയമിച്ചത്.

(ബി) കെ.എസ്.ഐ.ടി.എൽ.-ന് കീഴിൽ സ്പേസ് പാർക്കിൽ നിയമിക്കുന്നതിനായി എല്ലാ നടപടികളും സ്വീകരിച്ചതും തന്റെ പ്രൊഫൈലിൽ വ്യത്യാസം വരുത്തിയതും മുഖ്യമന്ത്രിയുടെ മുൻപ്രിൻസിപ്പൽ സെക്രട്ടറിയാണെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അന്വേഷണം

ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) അടിസ്ഥാനയോഗ്യത ഇല്ലാത്ത ഒരാൾക്ക് സ്പേസ് പാർക്ക് പ്രോജക്ടിൽ ജോലി നൽകുന്നതിനായി ഇടപെട്ടുവെന്ന മേൽ വെളിപ്പെടുത്തലിൽ അന്വേഷണം നടത്താൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ?

(ബി & സി) വ്യാജസർട്ടിഫിക്കറ്റ് ഹാജരാക്കി സ്പേസ് പാർക്ക് പ്രോജക്ടിൽ ജൂനിയർ കൺസൾട്ടന്റായി ജോലി നേടി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

<u>കെ -ഫോൺ പദ്ധതിയിലെ നിയമനം</u>

53 (53) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസിൽ പ്രതിയായ വനിതയുടെ ഭർത്താവിന് കെ-ഫോൺ പദ്ധതിയുടെ ഭാഗമായി മാനേജർ തസ്തികയിൽ ജോലി നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എന്ന് മുതൽ എന്നുവരെയാണ് പ്രസ്തുത വ്യക്തി ജോലി ചെയ്തതെന്ന് അറിയിക്കാമോ;

(സി) എത്രയായിരുന്നു ടിയാന്റെ ശമ്പളമെന്നും ശമ്പള ഇനത്തിൽ എത്ര രൂപ നൽകിയെന്നും വ്യക്തമാക്കാമോ?

(എ-സി) ഇല്ല.

<u>കെ-ഫോണിന്റെ പ്രാധാന്യം</u>

54 (54) <u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീ. കെ. വി. സുമേഷ്</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതിയിലധിഷ്ഠിതമായ വികസനത്തിന് ഡിജിറ്റൽ വിടവ് ഇല്ലാതാക്കേണ്ടത് അനിവാര്യമായതിനാൽ പ്രസ്തുത ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാർ സംസ്ഥാനത്ത് ഡിജിറ്റൽ പശ്ചാത്തല സൗകര്യം സാർവ്വത്രികവും സുശക്തവുമാക്കിത്തീർക്കുന്നതിന് ആവിഷ്കരിച്ച കെ-ഫോൺ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട്, സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യതയെന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ). കെ-

ഫോൺ പദ്ധതിവഴി സംസ്ഥാനത്താകമാനം സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കാനും അതുവഴി സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവുമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കെ-ഫോൺ പദ്ധതി നടത്തിപ്പിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെയും (കെ.എസ്.ഐ.ടി.ഐ.എൽ.), കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെയും (കെ.എസ്.ഇ.ബി.), സംസ്ഥാന സർക്കാരിന്റെയും ഓഹരി പങ്കാളിത്തത്തോടുകൂടി ' കെ-ഫോൺ ലിമിറ്റഡ് ' എന്ന പേരിൽ ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ (M/s BEL) കൺസോർഷ്യത്തിനാണ് പദ്ധതിയുടെ നിർവ്വഹണച്ചുമതല. പദ്ധതിയുടെ നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള കേബിളുകൾ വലിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായി. 2022 ജൂണിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ഏഴ് ജില്ലകളിലായി 3000-ത്തിലധികം ഓഫീസുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്.

(ബി) സാമ്പത്തികമായി അടിത്തട്ടിലുള്ള ഇരുപത് ലക്ഷത്തോളം കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിലും അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള പദ്ധതി യാഥാർത്ഥ്യമാക്കാതിരിക്കാൻ അടിസ്ഥാനരഹിത ആരോപണങ്ങളിലൂടെയും അവാസ്തവ പ്രചാരണങ്ങളിലൂടെയും ചിലർ നടത്തിയ അട്ടിമറി ശ്രമങ്ങൾ അതിജീവിച്ച് പദ്ധതി പ്രവർത്തിപഥത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

കെ-ഫോൺ പദ്ധതി പ്രകാരം സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയവയ്ക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. പ്രസ്തുത പദ്ധതി 2022 ജൂൺ മാസത്തോടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഡിജിറ്റൽ ഇക്കോണമിയിലൂടെ വിജ്ഞാന സമ്പദ്ഘടന സൃഷ്ടിച്ച് സംസ്ഥാന വികസനം വികസിത രാജ്യങ്ങളുടേതിനൊപ്പമാക്കി തീർക്കുകയെന്ന ലക്ഷ്യത്തിന് കെ-ഫോൺ വഹിക്കുന്ന പ്രാധാന്യം വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവുമാക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെ-ഫോൺ. സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സംസ്ഥാനത്താകെ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിവഴി സംസ്ഥാനത്തെ 30000-ത്തോളം സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാകുന്നതാണ്. കൂടാതെ, ഈ പദ്ധതി വഴി 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കാൻ സഹായകമാകും. സംസ്ഥാന സർക്കാരിന്റെയും മറ്റ് സ്വകാര്യ ടെലികോം സർവ്വീസ് പ്രൊവൈഡറിന്റെയും നിലവിലുള്ള ബാൻഡ് വിഡ്ത്ത് പരിശോധിച്ച് അതിന്റെ അപര്യാപ്തത മനസ്സിലാക്കുകയും അത് പരിഹരിച്ച് ഭാവിയിലേയ്ക്കാവശ്യമായ ബാൻഡ് വിഡ്ത്ത് സജ്ജമാക്കുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആർട്ടിഫിഷൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, internet of things, സ്റ്റാർട്ടപ്പ്, സ്മാർട്ട് സിറ്റി തുടങ്ങിയ വിവിധ മേഖലകളെ മികവിന്റെ കേന്ദ്രങ്ങളാക്കാനും അതുവഴി വിജ്ഞാന സമ്പദ്ഘടന സൃഷ്ടിച്ച്

സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം ഉറപ്പാക്കാനും കെ-ഫോൺ പദ്ധതി പ്രയോജനപ്രദമാകും.

## കെ-ഫോണിന്റെ പ്രവർത്തനങ്ങൾ

55 (55) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കെ-ഫോണിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ പറളി, വെണ്ണക്കര, ചിറ്റാടി, നെൻമാറ, ഒറ്റപ്പാലം, പഴയന്നൂർ, കണ്ണംപുള്ളി, വടക്കാഞ്ചേരി എന്നീ സ്ഥലങ്ങളിലെ പോയിന്റ് ഓഫ് പ്രസൻസുകൾ (PoP) വഴി 457 ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ കെ-ഫോൺ പദ്ധതിയിലൂടെ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. 2022 ജൂൺ മാസത്തോടുകൂടി ജില്ലയിലെ ബാക്കിയുള്ള ഓഫീസുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ആലത്തൂർ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന കെ-ഫോണിന്റെ പ്രവർത്തനം കേന്ദ്രങ്ങൾ തിരിച്ച് വിശദീകരിക്കാമോ?

ആലത്തൂർ മേഖലയിൽ പോയിന്റ് ഓഫ് പ്രസൻസ് കേന്ദ്രീകരിച്ച് സർക്കാർ ഓഫീസുകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ കേന്ദ്രങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പ്രസ്തുത മേഖലയിൽ ഇതിനോടകം 63 സ്ഥാപനങ്ങൾക്ക് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

## ചികിത്സാ ധനസഹായം

56 (56) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ചികിത്സാധനസഹായമായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ലഭിച്ച അപേക്ഷകളുടെയും അനുവദിച്ച തുകയുടെയും താലൂക്ക് അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി 131239 അപേക്ഷകളിൽ നിന്നുമായി 207,55,71,103/- രൂപ ചികിത്സാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനസഹായമായി അനുവദിച്ചിട്ടുണ്ട്. താലൂക്കടിസ്ഥാനത്തിലുള്ള വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

കോവിഡ് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിച്ച തുക

57 (57) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് കോവിഡ് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് ലഭിച്ചതെന്ന് വിശദമാക്കുമോ?

27-03-2020 മുതൽ 31-01-2022 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് കോവിഡ് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 844.12 കോടി രൂപ ലഭിച്ചു.

(ബി) ഇതിലെത്ര തുകയാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതെന്ന് വിശദീകരിക്കുമോ?

27-03-2020 മുതൽ 14-02-2022 വരെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 941.54 കോടി രൂപ ചെലവഴിച്ചു.

കോവിഡ് ബാധിച്ച് മരിച്ചവരുടെ ബന്ധുക്കൾക്ക് ധനസഹായം

58 (58) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ഏറ്റവും അടുത്ത ബന്ധുവിന് അൻപതിനായിരം രൂപ ധനസഹായം നൽകുന്ന പദ്ധതിക്ക് അഴീക്കോട് മണ്ഡലത്തിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ഏറ്റവും അടുത്ത ബന്ധുവിന് അൻപതിനായിരം രൂപ ധനസഹായം നൽകുന്ന പദ്ധതിക്ക് അഴീക്കോട് മണ്ഡലത്തിൽനിന്നും 431 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) റിലീഫ് പോർട്ടൽ വഴി പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത മണ്ഡലത്തിൽ എത്ര പേർക്കാണ് ധനസഹായം ലഭിച്ചതെന്ന് അറിയിക്കാമോ?

ഉണ്ട്. ലഭ്യമായതിൽ 419 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

## കോവിഡ് ധനസഹായം

59 (59) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ കുടുംബത്തിന് നൽകുന്ന അൻപതിനായിരം രൂപ സാമ്പത്തിക സഹായം വളരെ കുറച്ച് കുടുംബങ്ങൾക്ക് ചില സാങ്കേതിക തകരാറുകൾമൂലം ലഭിക്കാതെ വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ അവർക്കുകൂടി പ്രസ്തുത സാമ്പത്തിക സഹായം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

കോവിഡ് ധനസഹായം അർഹരായ എല്ലാവർക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) എത്ര സമയത്തിനുള്ളിൽ തകരാറുകൾ പരിഹരിച്ച് സാമ്പത്തിക സഹായം കുടുംബങ്ങൾക്ക് കൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

സാങ്കേതിക തകരാറുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

<u>കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബത്തിന് ധനസഹായം</u>

60 (60) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന ധനസഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ അടുത്ത ബന്ധുക്കൾക്ക് അമ്പതിനായിരം രൂപ എക്സ്ഗ്രേഷ്യാ ധനസഹായം നൽകുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വരുമാനദായകൻ/ വരുമാനദായിക കോവിഡ് ബാധിച്ച് മരണമടഞ്ഞാൽ അവരുടെ അടുത്ത ബന്ധുക്കൾക്ക് മൂന്ന് വർഷംവരെ പ്രതിമാസം 5,000/- രൂപ വീതം പെൻഷൻ നൽകുന്നുണ്ട്. കോവിഡ് ബാധിച്ച് മാതാപിതാക്കൾ രണ്ട് പേരും മരണപ്പെടുകയോ മാതാപിതാക്കളിൽ ഒരാൾ നേരത്തെ മരണപ്പെടുകയും ശേഷിച്ചയാൾ കോവിഡ്മൂലം മരണപ്പെടുകയോ ചെയ്ത അനാഥരായ കുട്ടികളുടെ പേരിൽ ഒറ്റത്തവണയായി മൂന്ന് ലക്ഷം രൂപ സ്ഥിരനിക്ഷേപമായി 18 വയസ്സിനുശേഷം പിൻവലിക്കാവുന്ന തരത്തിൽ അനുവദിക്കുന്നതോടൊപ്പം പ്രതിമാസം 2,000 രൂപ വീതം കുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുന്നതുവരെയും അനുവദിക്കുന്നു. ഇതിനുപുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കുട്ടികളുടെ ബിരുദതലം വരെയുള്ള വിദ്യാഭ്യാസ ചെലവ് കുട്ടികളുടെ അപേക്ഷയിൽ ജില്ലാശിശുസംരക്ഷണ ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ

വനിത-ശിശുവികസന വകുപ്പ് മുഖേന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരിട്ട് തുക അനുവദിക്കുന്നതാണ്. ബാൽ സ്വരാജ്/പി.എം. കെയർ എന്നീ പോർട്ടലുകളിലുൾപ്പെടുത്തിയിട്ടുള്ള കോവിഡ് ധനസഹായ പദ്ധതിയുടെ ഗുണഭോക്താക്കളായ 103 കുട്ടികൾക്ക് ആകെ 3,20,00,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) നിലവിൽ എത്രപേർക്ക് പ്രസ്തുത ധനസഹായം ലഭ്യമാക്കിയെന്നത് ജില്ല തിരിച്ച് വിശദമാക്കുമോ?

ധനസഹായം അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(സി) സംസ്ഥാനത്തിന് പുറത്ത് ചികിത്സയിലിരിക്കെ കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

കോവിഡ് ബാധിച്ച് മറ്റ് സംസ്ഥാനങ്ങളിൽവച്ച് മരണം സംഭവിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റിന്റെയും മരണ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ കോവിഡ് എക്സ്ഗ്രേഷ്യ അനുവദിക്കുന്നതിന് 13-01-2022-ലെ സ.ഉ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സാധാ)നം.34/2022/ഡി.എം.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽവച്ച് കോവിഡ്മൂലം മരണമടഞ്ഞവരുടെ അടുത്ത ആശ്രിതർക്ക് എക്സ്ഗ്രേഷ്യ നൽകുന്നതിനുള്ള അപേക്ഷ 07-02-2022 മുതൽ ഓൺലൈനായി സമർപ്പിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ടി അപേക്ഷകൾ അക്ഷയ കേന്ദ്രത്തിനുപുറമേ എല്ലാ വില്ലേജുകളിലും സ്വീകരിക്കാനുള്ള നടപടി ജില്ലാഭരണകൂടങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കാസർഗോഡ് ജില്ലക്കാരായ എത്രപേരാണ് തൊട്ടടുത്ത കർണ്ണാടക സംസ്ഥാനത്ത് ചികിത്സയിലിരിക്കെ കോവിഡ് ബാധിച്ച് മരണപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇവരുടെ ആശ്രിതർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലക്കാരായ 54 പേർ കർണ്ണാടക സംസ്ഥാനത്ത് ചിക്കിത്സയിലിരിക്കെ മരണപ്പെട്ടിട്ടുണ്ട്. ടിയാളുകളുടെ ബന്ധുക്കളുടെ പക്കൽ കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റും മരണ സർട്ടിഫിക്കറ്റും മാത്രമാണുള്ളതെന്നും കർണ്ണാടകത്തിൽനിന്നും ഔദ്യോഗിക കോവിഡ് മരണ സ്ഥിരീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ഇവർക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ടെന്നും ബോദ്ധ്യമായ സാഹചര്യത്തിൽ മറ്റ്

സംസ്ഥാനങ്ങളിൽവച്ച് കോവിഡ്മൂലം മരണമടഞ്ഞവർക്ക് അതത് സംസ്ഥാനങ്ങൾ കോവിഡ് മരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നില്ലെങ്കിൽ മറ്റ് സംസ്ഥാനത്തുനിന്നും ഈ തുകയ്ക്കായി അപേക്ഷ സമർപ്പിക്കുകയോ കൈപ്പറ്റുകയോ ചെയ്തിട്ടില്ലെന്നുള്ള സാക്ഷ്യപത്രം, കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ, കോവിഡ് സ്ഥിരീകരിച്ച് ഒരു മാസത്തിനകമാണ് മരണമെങ്കിൽ, അടുത്ത ബന്ധുക്കൾക്ക് കോവിഡ് എക്സ്ഗ്രേഷ്യ നൽകുന്നതിന് 13-01-2022-ലെ സ.ഉ.(സാധാ)നം.34/2022/ഡി.എം.ഡി. പ്രകാരം ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) കർണ്ണാടക സംസ്ഥാനത്ത് ചികിത്സയിലിരിക്കെ കോവിഡ് ബാധിച്ച് മരണപ്പെട്ട കാസർഗോഡ് ജില്ലക്കാരായ എത്രപേർക്കാണ് സർക്കാർ ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇത്തരത്തിൽ അർഹരായ എല്ലാവർക്കും ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കർണ്ണാടക സംസ്ഥാനത്ത് ചികിത്സയിലിരിക്കെ കോവിഡ് ബാധിച്ച് മരണമടഞ്ഞ 46 പേരുടെ ആശ്രിതർക്ക് സഹായധനം അനുവദിച്ചിട്ടുണ്ട്.

തുടർന്ന് ലഭിക്കുന്ന അപേക്ഷകളിലും അർഹരായവർക്ക് ധനസഹായം അനുവദിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കോവിഡ് ബാധിച്ച് മരിച്ച പ്രവാസികളുടെ ആശ്രിതർക്ക് ധനസഹായം

61 (61) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് വിദേശരാജ്യങ്ങളിൽ കേരളീയരായ എത്രയാളുകൾ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച ഡാറ്റാ തയ്യാറാക്കുന്നതിനായി ജില്ലാ കളക്ടർമാർ, വിദേശരാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകൾ, കേന്ദ്ര വിദേശകാര്യ മന്ത്രാലയം എന്നിവയുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിച്ചുവരുന്നുണ്ട്.

(ബി) കോവിഡ് ബാധിച്ച് വിദേശ രാജ്യങ്ങളിൽ മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ;

(സി) ഇവർക്ക് ധനസഹായം അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി & സി) കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ കോവിഡ് എക്സ്ഗ്രേഷ്യ അനുവദിക്കുന്നുണ്ടെങ്കിലും,

ദേശീയ ദുരന്ത നിവാരണ അതോറിറ്റിയും കേന്ദ്രആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകൾ പ്രകാരം വിദേശത്തുവച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് നിലവിൽ കോവിഡ് എക്സ്ഗ്രേഷ്യയ്ക്ക് അർഹതയില്ല. ഇതുസംബന്ധിച്ച മാനദണ്ഡങ്ങളിൽ ഇളവനുവദിക്കാൻ മുഖ്യമന്ത്രിതലത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതേസമയം, കോവിഡ് ബാധിച്ച് വിദേശരാജ്യങ്ങളിൽ മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സാന്ത്വന പദ്ധതി പ്രകാരം പരമാവധി ഒരു ലക്ഷം രൂപയും, പ്രവാസി ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് അൻപതിനായിരം രൂപയും മരണാനന്തര ധനസഹായം അനുവദിക്കുന്നുണ്ട്. കോവിഡ്മൂലം മരണപ്പെട്ട പ്രവാസികളുടെ അവിവാഹിതരായ പെൺമക്കൾക്ക് ആർ.പി. ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ നോർക്ക റൂട്ട്സ് നടപ്പിലാക്കിയിട്ടുള്ള പ്രവാസി തണൽ പദ്ധതി പ്രകാരം 25000/- രൂപ വീതം ഒറ്റത്തവണ ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്.

## <u>കരിപ്പൂർ വിമാനത്താവളത്തിലെ റൺവേ</u>

62 (62) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂർ വിമാനത്താവളത്തിലെ റൺവേയുടെ നീളം കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട നീക്കത്തിനെതിരെ സംസ്ഥാനത്തിന്റെ എതിർപ്പ് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽനിന്നും പിന്മാറുന്നത് സംബന്ധിച്ച ഏതെങ്കിലും തരത്തിലുള്ള ഉറപ്പ് കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ടോ?

ഇതുസംബന്ധിച്ച് ഔദ്യോഗിക അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) വിമാനത്താവളത്തിൽ വലിയ വിമാനങ്ങളുടെ സർവ്വീസും ഹജ്ജ് എംബാർക്കേഷൻ പോയിന്റും നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

07-08-2021-ൽ നടന്ന വിമാനാപകടത്തിന്റ കാരണം കണ്ടെത്തുന്നതിന് നിയോഗിച്ചിട്ടുള്ള Aircraft Accident Investigation Bureau (AAIB)-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമെ വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള സർവ്വീസ് പുനരാരംഭിക്കുകയുള്ളൂ. കോഴിക്കോട് വിമാനത്താവളത്തിൽനിന്നും വലിയ വിമാനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പിൻവലിക്കുന്നതിനാവശ്യമായ

തുടർനടപടികൾ സ്വീകരിക്കാൻ കോഴിക്കോട് വിമാനത്താവള ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നു. കോഴിക്കോട് വിമാനത്താവളത്തിൽനിന്നും വലിയ വിമാന സർവ്വീസുകൾ ആരംഭിക്കുന്ന മുറയ്ക്ക് മാത്രമെ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് പുന:സ്ഥാപിക്കാൻ കഴിയുകയുള്ളൂ.

<u>പൊതുഗതാഗതത്തിനുള്ള ബദൽ സംവിധാനങ്ങൾ</u>

63 (63) <u>ഡോ. കെ. ടി. ജലീൽ</u>:
<u>ശ്രീ. വി. കെ. പ്രശാന്ത്</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>:
<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നരക്കോടി ജനങ്ങളും ഒന്നരക്കോടി വാഹനങ്ങളുമുള്ള സംസ്ഥാനത്തെ നിലവിലെ സാഹചര്യത്തിൽ വാഹനപ്പെരുപ്പവും അന്തരീക്ഷ മലിനീകരണവും ഗതാഗതക്കുരുക്കും മറികടക്കുന്നതിനായി ബദൽ യാത്രാമാർഗ്ഗങ്ങൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ഗൗരവകരമായി കാണുന്നുണ്ടോ?

അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനായി പ്രകൃതിസൗഹൃദ ഇന്ധനങ്ങളും വൈദ്യുതിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങളും പൊതുഗതാഗതരംഗത്ത് ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ

സർക്കാർ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി പത്ത് ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി 2018 നവംബർ മാസം മുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിയിരുന്നു. സി.എൻ.ജി. ഇന്ധനം ഉപയോഗിക്കുന്ന ഒരു ബസ് കെ.എസ്.ആർ.ടി.സി. സർവ്വീസിനായി 2017 മുതൽ വിജയകരമായി ഉപയോഗിച്ചുവരുന്നുണ്ട്. കൂടാതെ രണ്ട് എൽ.എൻ.ജി. ബസ്സുകൾ രണ്ട് മാസത്തേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ ലഭ്യമാക്കിയും സർവ്വീസ് നടത്തിയിട്ടുണ്ട്. ഇതിന്റെ വെളിച്ചത്തിൽ കൂടുതൽ സി.എൻ.ജി. ബസ്സുകൾ സർക്കാർ സഹായത്തോടെ വാങ്ങി ഓടിക്കുന്നതിനുള്ള പദ്ധതി അന്തിമഘട്ടത്തിലാണ്. ഫോസിൽ ഫ്യൂവൽ ഉപയോഗിച്ചുള്ള വാഹനങ്ങളിൽനിന്നുള്ള അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക്/സി.എൻ.ജി./എൽ.എൻ.ജി. മുതലായ ബദൽ ഊർജ്ജസ്രോതസുകൾ ഉപയോഗിച്ചുള്ള വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി 15 വർഷം കഴിഞ്ഞ ഡീസൽ ആട്ടോറിക്ഷകളുടെ ഉപയോഗം നിരോധിച്ചുകൊണ്ട് 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 292(A) ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വാഹനപ്പെരുപ്പം കുറയ്ക്കുന്നതിനുവേണ്ടി വ്യക്തിഗത വാഹനങ്ങളിൽനിന്നും യാത്രക്കാരെ പൊതുഗതാഗതരംഗത്തേയ്ക്ക് ആകർഷിക്കുന്നതിനായി പൊതുഗതാഗതം മെച്ചപ്പെടുത്തുന്നതിനും ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ പൊതുഗതാഗതം ഇല്ലാത്ത റൂട്ടുകളിൽ സിറ്റി സർക്കുലർ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. തുടക്കത്തിൽ യാത്രക്കാർ കുറവായിരുന്നെങ്കിലും ക്രമേണ ഇത്തരം ബസ്സുകളെ യാത്രക്കാർ കൂടുതൽ ആശ്രയിച്ചുവരുന്നുണ്ട്. ലാസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പുവരുത്തുന്ന ഇത്തരം ബസ്സുകളിലേയ്ക്ക് യാത്രക്കാരെ നഗരത്തിന് പുറത്തുനിന്നും എത്തിച്ച് ലിങ്ക് ടിക്കറ്റുകൾ നൽകുന്ന രീതിയിൽ സിറ്റി ഷട്ടിൽ സർവ്വീസുകളും, സിറ്റിയിൽ ഇറങ്ങാതെ നേരിട്ട് യാത്ര ചെയ്യുന്നവർക്കായി സിറ്റി റേഡിയൽ സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. ഇത്തരം സർവ്വീസുകളുടെ വരവോടെ ധാരാളം യാത്രക്കാർ പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇത് വ്യാപകമാകുന്നതോടെ വാഹനപെരുപ്പവും അന്തരീക്ഷ മലിനീകരണവും കുറയ്ക്കാൻ കഴിയും. കൂടാതെ ക്രമേണ ഇത്തരം വാഹനങ്ങളെ സി.എൻ.ജി., ഇലക്ട്രിക് എന്നിവയിലേയ്ക്ക് മാറ്റുന്നതിനും പദ്ധതിയുണ്ട്.

പരിസ്ഥിതിസൗഹൃദവും അപകടരഹിതവും വേഗതയുമുള്ള പൊതുഗതാഗത സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ ആസൂത്രണം ചെയ്തുവരുന്ന പദ്ധതിയാണ് സിൽവർലൈൻ അർദ്ധ അതിവേഗപാത. നിലവിൽ 12-14 മണിക്കൂർ വേണ്ടിവരുന്ന അവസ്ഥയിൽനിന്ന് വിഭിന്നമായി വെറും നാല് മണിക്കൂറിനുള്ളിൽ സംസ്ഥാനത്തിന്റെ തെക്കേ അറ്റത്തുനിന്ന് വടക്കേ അറ്റത്തേയ്ക്ക് യാത്ര ചെയ്യാൻ സാദ്ധ്യമാകുന്ന പദ്ധതിയാണ് സിൽവർലൈൻ. കേരളത്തിലെ നിരത്തുകളിലെ ഗതാഗതക്കുരുക്കും വാഹനാപകടങ്ങളും അന്തരീക്ഷ മലിനീകരണവും കാർബൺ ബഹിർഗമനവും ഈ പദ്ധതി നടപ്പാകുന്നതോടെ ഗണ്യമായി കുറയും. നൂറുശതമാനം പുനരുപയോഗ ഇന്ധന ഉപയോഗം ഹരിതഗൃഹ വാതക ബഹിർഗമനം കുറയ്ക്കും. റോഡ് ഗതാഗതത്തിന് ബദൽ മാർഗ്ഗമായി വളരെ കുറഞ്ഞ സമയംകൊണ്ട് ലക്ഷ്യസ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിന് ജലഗതാഗത വകുപ്പിന്റെ യാത്രാബോട്ടുകൾ പ്രയോജനകരമാകുന്നുണ്ട്.

(ബി) വാഹനങ്ങളിൽനിന്നും ബഹിർഗമിക്കുന്ന കാർബൺ ഡയോക്സൈഡ്, കാർബൺ മോണോക്സൈഡ് തുടങ്ങിയവമൂലമുള്ള വായുമലിനീകരണം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനങ്ങൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 14-07-2021-ലെ O.A.No.259/2017 കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ വായുമലിനീകരണ സ്രോതസ്സ് തിരിച്ചറിയുന്നതിനുള്ള പഠനം (Source Apportionment Study) നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പഠനം എൻ.ഐ.ടി. കാലിക്കറ്റ് മുഖേന നടത്താനുള്ള പ്രാരംഭചർച്ചകൾ നടന്നുവരുന്നു. ‘ Carbon neutrality’ സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് പഠനം നടത്തി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(സി) പരിസ്ഥിതിസൗഹൃദവും അപകടരഹിതവും വേഗതയുമുള്ള പൊതുഗതാഗത സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ ആസൂത്രണം ചെയ്തുവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പരിസ്ഥിതിസൗഹൃദവും അപകടരഹിതവും വേഗതയുമുള്ള പൊതുഗതാഗത സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ ആസൂത്രണം ചെയ്തുവരുന്ന പദ്ധതിയാണ് സിൽവർലൈൻ അർദ്ധഅതിവേഗ പാത. നിലവിൽ 12-14 മണിക്കൂർ വേണ്ടിവരുന്ന അവസ്ഥയിൽനിന്ന് വിഭിന്നമായി വെറും നാല് മണിക്കൂറിനുള്ളിൽ സംസ്ഥാനത്തിന്റെ തെക്കേ അറ്റത്തുനിന്ന് വടക്കേ അറ്റത്തേക്ക് യാത്ര ചെയ്യാൻ സാദ്ധ്യമാകുന്ന

പദ്ധതിയാണ് സിൽവർലൈൻ. വെറും ഒരു മണിക്കൂർ 25 മിനിറ്റ് സമയം കൊണ്ട് എറണാകുളത്തുനിന്ന് തിരുവനന്തപുരത്തെത്താൻ സാധിക്കും. അതായത്, സ്വന്തം നാട്ടിൽ താമസിച്ചുകൊണ്ട് വിദൂരജില്ലകളിലെ ജോലി സ്ഥലത്തേക്ക് ദൈനംദിനം പോയിവരാനുള്ള സൗകര്യമൊരുങ്ങും. സൗകര്യപ്രദവും ലോകത്തെ ഏറ്റവും മലിനീകരണം കുറഞ്ഞതുമായ ഈ പൊതുഗതാഗത സംവിധാനത്തെ പ്രവർത്തന വർഷംതന്നെ പ്രതിദിനം 80000 പേർ ആശ്രയിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽ റോഡുപയോഗിക്കുന്ന അരലക്ഷം പേർ സിൽവർലൈനിലേക്ക് മാറും. 12872 വാഹനങ്ങൾ ആദ്യവർഷം റോഡിൽനിന്ന് വിമുക്തമാക്കാൻ കഴിയും. അതുവഴി 530 കോടി രൂപയുടെ ഇന്ധനം പ്രതിവർഷം ലാഭിക്കാൻ സാധിക്കും. റോ റോ സർവ്വീസ് വഴി ദേശീയപാതകളിൽനിന്ന് നീങ്ങുക 500-ഓളം ട്രക്കുകളാണ്. സിൽവർലൈൻ പദ്ധതി ഉപയോഗിക്കുക വഴി ദിവസേന 280000 മണിക്കൂർ മനുഷ്യസമയം ലാഭിക്കാൻ സാധിക്കും. കൂടാതെ കേരളത്തിലെ നിരത്തുകളിലെ ഗതാഗതക്കുരുക്കും വാഹനാപകടങ്ങളും അന്തരീക്ഷമലിനീകരണവും കാർബൺ ബഹിർഗമനവും ഗണ്യമായി കുറയും. അതായത് 2025-ഓടെ 2.8 ലക്ഷം

ടൺ കാർബൺ ബഹിർഗമനം ഇല്ലാതാകും. നൂറ് ശതമാനം പുനരുപയോഗ ഇന്ധന ഉപയോഗം ഹരിതഗൃഹ വാതക ബഹിർഗമനം കുറയ്ക്കും.

പരിസ്ഥിതിസൗഹൃദ പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 50 ഇലക്ട്രിക്, 310 സി.എൻ.ജി. ബസ്സുകൾ കെ.എസ്.ആർ.ടി.സി. വാങ്ങുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. പരിസ്ഥിതിസൗഹൃദമായ പൊതുഗതാഗത സംവിധാനങ്ങളുടെ ഭാഗമായി ഇലക്ട്രിക് വാഹന നയം രൂപീകരിച്ച് നടപ്പാക്കിവരുന്നു. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി അവയുടെ രജിസ്ട്രേഷൻ ഫീസ്, നികുതി എന്നിവയിൽ ഇളവ് അനുവദിക്കുകയും പൊതുഗതാഗതത്തിനുപയോഗിക്കുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് പെർമിറ്റ് നിബന്ധന ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് ആട്ടോറിക്ഷകളുടെ ഉടമകൾക്ക് 30,000/- രൂപവരെ സബ്സിഡി അനുവദിക്കുന്ന പദ്ധതി ഫലപ്രദമായി നടപ്പാക്കിവരുന്നു. യാത്രക്കാരെ വേഗത്തിൽ എത്തിക്കാനും ഇന്ധനച്ചെലവ് കുറച്ച്, മലിനീകരണം കുറയ്ക്കാനുമായി നഗരങ്ങളിലെ ഡിപ്പോകളിൽ കയറാതെ ബൈപ്പാസ് വഴി യാത്രക്കാർക്ക് ബുദ്ധിമുട്ടില്ലാതെ സർവ്വീസുകൾ

നടത്തുന്നതിന് "ബൈപ്പാസ് റൈഡർ" എന്ന സർവ്വീസ് കെ.എസ്.ആർ.ടി.സി. വിഭാവനം ചെയ്തിട്ടുണ്ട്. ബസ് സ്റ്റേഷനിൽനിന്നും യാത്രക്കാരെ എല്ലാ സൗകര്യവുമുള്ള ബൈപ്പാസിലെ ഫീഡർ സ്റ്റേഷനിൽ (കാത്തിരിപ്പ് കേന്ദ്രം) എത്തിക്കാൻ ഫീഡർ ബസ്സുകളും ഒരുക്കുന്നുണ്ട്. റിസർവ് ചെയ്ത യാത്രക്കാർക്ക് സൗജന്യമായും മറ്റുള്ളവർക്ക് ഓർഡിനറി നിരക്കിലും ഫീഡർ ബസ്സുകളിൽ യാത്ര ചെയ്യാം. പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി "കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നൊവേഷൻ & ടെക്നോളജി (KUDSIT)"-യെ ചുമതലപ്പെടുത്തി നടപടികൾ പുരോഗമിച്ചുവരുന്നു.

## സിൽവർ ലൈൻ പദ്ധതി

64 (64) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിക്കായി ട്രാഫിക് സർവ്വേ നടത്തിയത് ഏത് ഏജൻസിയാണ്; ഏതൊക്കെ മാനദണ്ഡങ്ങൾ പ്രകാരമാണ് പ്രസ്തുത സർവ്വേ നടത്തിയിരിക്കുന്നത്; സർവ്വേ പ്രകാരം എത്ര യാത്രക്കാർ കെ-റെയിലിലൂടെ പ്രതിദിനം യാത്ര ചെയ്യുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

പി.കെ. എഞ്ചിനിയേഴ്സ് എന്ന സ്ഥാപനമാണ് സിൽവർലൈനിനുവേണ്ടി ട്രാഫിക്ക് സർവ്വേ നടത്തിയത്. നിലവിൽ ട്രെയിൻ, റോഡ് മുതലായ മാർഗ്ഗങ്ങളിൽ യാത്രചെയ്യുന്ന യാത്രക്കാർ, ആളുകളുടെ തുക ചെലവഴിക്കാനുള്ള സന്നദ്ധത, പുതിയ യാത്രാമാർഗ്ഗത്തിലേക്ക് മാറാനുള്ള സന്നദ്ധത എന്നിവയെ മുൻനിർത്തി സിൽവർലൈനിൽ യാത്ര ചെയ്യാൻ സാദ്ധ്യതയുള്ള ആളുകളുടെ എണ്ണം, 19 സ്ഥലങ്ങളിൽ നടത്തിയ സർവ്വേ ആധാരമാക്കി റിയലിസ്റ്റിക്ക് സിനാരിയോയിൽ 80000 ആളുകൾ പ്രതിദിനം യാത്രചെയ്യുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതുകൂടാതെ റൈഡർഷിപ്പ് സർവ്വേയും കെ-റെയിലിന്റെ കൺസൾട്ടന്റായ സിസ്ട്ര മുഖാന്തരം നടത്തിയിരുന്നു.

(ബി) കോവിഡ് നിയന്ത്രണങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് നിലവിലുണ്ടായിരുന്ന ട്രെയിനുകളുടെയും യാത്രക്കാരുടെയും കണക്കുകൾ

പ്രകാരം ശരാശരി എത്ര യാത്രക്കാരാണ് പ്രതിദിനം ട്രെയിനുകൾ മുഖേന യാത്ര ചെയ്തിരുന്നത്?

ഇതുസംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) ഇതിനേക്കാൾ എത്രയധികം യാത്രക്കാരാണ് സിൽവർ ലൈൻ ട്രെയിനുകളിൽ പ്രതിദിനം എത്തുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നത്; എന്തൊക്കെയാണ് യാത്രക്കാർ സിൽവർ ലൈനിലേക്ക് എത്തുന്നതിന് കാരണമായി കണക്കാക്കിയിട്ടുള്ളത്?

മണിക്കൂറിൽ 200 കി.മീ. വേഗതയിൽ യാത്രാസമയം 70 ശതമാനത്തോളം കുറയ്ക്കാൻ സിൽവർലൈനിന് സാധിക്കും. ഇതുകൂടാതെ ഫസ്റ്റ് ആൻഡ് ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി, സുഖകരമായ യാത്ര, ഓരോ 20 മിനിറ്റിലുമുള്ള സർവ്വീസുകൾ, കുറഞ്ഞ ഇന്ധന ഉപയോഗം, തുടങ്ങിയവ സിൽവർലൈനിലേക്ക് മാറാനുള്ള ആകർഷകമായ ഘടകങ്ങളാണ്.

(ഡി) ഡി.പി.ആർ. പ്രകാരം സിൽവർ ലൈൻ പദ്ധതിയുടെ ആകെ ദൈർഘ്യം എത്ര ദൂരമാണ്; ഇതിൽ മേൽപ്പാതകൾ, അടിപ്പാതകൾ, കട്ടിംഗുകൾ, കട്ട് ആൻഡ് കവറുകൾ തുടങ്ങി ഓരോ ഇനവും എത്ര ദൂരം വീതമാണുള്ളതെന്ന് അറിയിക്കുമോ?

സിൽവർലൈൻ പദ്ധതിയുടെ ആകെ ദൈർഘ്യം 529.45 കിലോമീറ്ററാണ്.

| | | |
|---|---|---|
| ബ്രിഡ്ജ് | - | 12.991 കി.മീ. |
| കട്ടിംഗ് | - | 101.73 കി.മീ. |
| കട്ട് & കവർ | - | 24.789 കി.മീ. |
| വയാഡക്റ്റ് | - | 88.412 കി.മീ. |
| എംബാങ്ക്മെന്റ് | - | 292.728 കി.മീ. |
| ടണൽ | - | 11.528 കി.മീ. |

(ഇ) പദ്ധതിക്കായി എത്ര ഏക്കർ വീതം നിലവും തണ്ണീർത്തടങ്ങളും മറ്റ് ജലാശയങ്ങളും പരിവർത്തനപ്പെടുത്തേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

പദ്ധതിക്കായി 1383 ഹെക്ടർ ഭൂമിയാണ് അലൈൻമെന്റിന് ആവശ്യമായിവരിക. പരിവർത്തനപ്പെടുത്തേണ്ടി വരുന്ന തണ്ണീർത്തടങ്ങളുടേയും ജലാശയങ്ങളുടേയും കൃത്യമായ കണക്ക് വിശദമായ സർവ്വേയിൽ മാത്രമെ തിട്ടപ്പെടുത്താനാകുകയുള്ളൂ.

(എഫ്) പദ്ധതി നടപ്പാക്കുമ്പോൾ അത് സംസ്ഥാനത്തിന്റെ പരിസ്ഥിതിയെ ഏതൊക്കെ തതരത്തിൽ ബാധിക്കുമെന്നത് സംബന്ധിച്ച്

ആധികാരിക പഠനങ്ങൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

2006-ലെ MOEF നോട്ടിഫിക്കേഷൻ അനുസരിച്ച് റെയിൽവേ പദ്ധതിക്ക് പാരിസ്ഥിതികാഘാത പഠനം ആവശ്യമില്ല. എന്നിരുന്നാലും, പദ്ധതിക്കായി ഒരു ദ്രുത പാരിസ്ഥിതികാഘാത പഠനം നടത്തുകയുണ്ടായി. സമഗ്രമായ പാരിസ്ഥിതികാഘാത പഠനം നടന്നുവരികയുമാണ്. പ്രസ്തുത ദ്രുത പാരിസ്ഥിതികാഘാത റിപ്പോർട്ട് കെ-റെയിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമുള്ളതാണ്. പ്രസ്തുത EIA പഠനത്തിന്റെ കണ്ടെത്തലുകളുടെയും ലഘൂകരണനടപടികളുടെയും മാനേജ്മെന്റ് പ്ലാനിന്റെയും ശിപാർശകളുടെ അടിസ്ഥാനത്തിൽ, JICA E&S മാർഗ്ഗനിർദ്ദേശങ്ങൾക്കും ദേശീയ, സംസ്ഥാന, പ്രാദേശിക പാരിസ്ഥിതിക നിയന്ത്രണങ്ങൾക്കും അനുസൃതമായാണ് സിൽവർലൈൻ പദ്ധതിയെന്ന് പഠനത്തിൽ നിഗമനമുണ്ട്. കൂടാതെ, പ്രതികൂല പാരിസ്ഥിതിക ആഘാതങ്ങൾ കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിർദ്ദിഷ്ട ലഘൂകരണ നടപടികളുടെ ഫലപ്രദമായ നടപ്പാക്കൽ, പരിസ്ഥിതി മാനേജ്മെന്റ്, മോണിറ്ററിംഗ് പ്ലാൻ എന്നിവ നടപ്പിലാക്കുന്നതാണ്.

(ജി) പദ്ധതിക്കായി നാളിതുവരെ വേറെ എന്തൊക്കെ പഠനങ്ങളാണ് നടത്തിയിട്ടുള്ളത്; ഓരോ പഠനവും നടന്ന കാലയളവ്, ചെലവഴിച്ച തുക, ഏജൻസിയുടെ പേര്, പഠന റിപ്പോർട്ട് സമർപ്പിച്ച തീയതി തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

കെ-റെയിൽ പദ്ധതി

65 (65) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ പദ്ധതിയുടെ വിശദപദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സിൽവർലൈൻ പദ്ധതിയുടെ വിശദപദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ. പൂർത്തീകരിക്കുകയും ടി റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിനും, നീതി ആയോഗിനും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, നീതിആയോഗ് എന്നീ വകുപ്പുകൾ

പദ്ധതി വിദേശ വായ്പക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്ര ആസൂത്രണ സാമ്പത്തികകാര്യമന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

(ബി) പദ്ധതി നടത്തിപ്പിനായി കുടിയൊഴിപ്പിക്കേണ്ട കുടുംബങ്ങളുടെയും കച്ചവട സ്ഥാപനങ്ങളുടെയും കണക്ക് ശേഖരിച്ചിട്ടുണ്ടോ?

ഇതുമായി ബന്ധപ്പെട്ടുള്ള വിശദമായ സാമൂഹികാഘാത പഠനം പാത കടന്നുപോകുന്ന 11 ജില്ലകളിലും നടത്തിവരികയാണ്.

(സി) എത്ര ഹെക്ടർ നെൽവയലുൾപ്പെടെയുള്ള കൃഷി സ്ഥലങ്ങളാണ് ഏറ്റെടുക്കേണ്ടി വരുന്നതെന്ന് വ്യക്തമാക്കുമോ?

ലിഡാർ സർവ്വേ പ്രകാരം 137 കിലോമീറ്റർ നെൽവയലിലൂടെയാണ് കടന്നുപോകുന്നത്. കൃത്യമായ ഹെക്ടർ കണക്ക് RFCTLARR 2013 ആക്ടിൽ അനുശാസിച്ചിരിക്കുന്ന സെക്ഷൻ 11(1) നോട്ടിഫൈ ചെയ്തതിനുശേഷം മാത്രമെ ലഭ്യമാവുകയുള്ളൂ.

## വാട്ടർ മെട്രോ

66 (66) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ മെട്രോയുടെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

വാട്ടർ മെട്രോയുടെ 16 ടെർമിനലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ബാക്കിയുള്ള 22 സ്ഥലങ്ങളിൽ സ്ഥലമേറ്റെടുത്താലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. 100 യാത്രക്കാർ വീതം കയറുന്ന 23 ബോട്ടുകളുടെ നിർമ്മാണം കൊച്ചി കപ്പൽശാലയിൽ പുരോഗമിച്ചുവരുന്നു. ആദ്യത്തെ ബോട്ട് കൈമാറി. നാല് ബോട്ടുകൾകൂടി കൈമാറുന്ന മുറയ്ക്ക് ഭാഗികമായി സർവ്വീസ് ആരംഭിക്കാൻ കഴിയും.

(ബി) വാട്ടർ മെട്രോ വൈറ്റിലയിൽനിന്നും അരൂക്കുറ്റി, പാണാവള്ളി മുതലായ പ്രദേശങ്ങളിലേക്ക് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സർക്കാർ അംഗീകരിച്ച വിശദപദ്ധതിരേഖ പ്രകാരം കൊച്ചി നഗരത്തിന് ചുറ്റുമുള്ള ദ്വീപുകളെ ബന്ധിപ്പിച്ചുകൊണ്ട് 38 ജെട്ടികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ അരൂക്കുറ്റി, പാണാവള്ളി തുടങ്ങിയ പ്രദേശങ്ങളിലേക്കുള്ള സർവ്വീസ് ഇപ്പോഴത്തെ പദ്ധതിയിലില്ല. എന്നിരുന്നാലും വാട്ടർ മെട്രോ പദ്ധതിയുടെ ഭാവി വികസനത്തിന്റെ ഭാഗമായി അടുത്ത ഘട്ടത്തിൽ, സ്ഥലത്തിന്റെ പ്രാധാന്യം, ഗതാഗതം

സംബന്ധിച്ച സ്ഥിതിവിവരക്കണക്ക് തുടങ്ങിയ ഘടകങ്ങൾ വിലയിരുത്തി ആവശ്യം പരിശോധിക്കാവുന്നതാണ്.

<u>സിൽവർലൈൻ പരിസ്ഥിതി ആഘാത പഠനം</u>

67 (67) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 32.5 ലക്ഷം രൂപ മുടക്കി അംഗീകൃതമല്ലാത്ത ഏജൻസിയെക്കൊണ്ട് സിൽവർ ലൈൻ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ട് പിന്നീട് 96 ലക്ഷം രൂപ മുടക്കി മറ്റൊരു പാരിസ്ഥിതിക പഠനം നടത്താൻ തീരുമാനിച്ചതിന്റെ കാരണം അറിയിക്കാമോ?

MOEF വിജ്ഞാപനം 2006 പ്രകാരം റെയിൽവേ പ്രോജക്ടുകൾക്ക് മുൻകൂർ പാരിസ്ഥിതികാനുമതി നേടേണ്ടതില്ല. MOEFCC, NGT, SZ ചെന്നൈയിൽ ഇതുസംബന്ധിച്ച സത്യവാങ്മൂലം സമർപ്പിച്ചിരുന്നു. എൻ.എ.ബി.ഇ.ടി. അക്രഡിറ്റേഷൻ ലിസ്റ്റിൽ ലിസ്റ്റുചെയ്തിട്ടുള്ള ഒരു മേഖലയിലും റെയിൽവേ ഉൾപ്പെടാത്തതിനാൽ, അംഗീകൃത കൺസൾട്ടന്റിന്റെ പട്ടികയിൽ റെയിൽവേയ്ക്കായി പ്രത്യേകമായി ഇ.ഐ.എ. കൺസൾട്ടന്റുമാരെ ഉൾപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും, നിർമ്മാണത്തിലും

പ്രവർത്തനഘട്ടത്തിലും ചെലവ് കുറയ്ക്കുന്നതിനും ലഘൂകരണ സംവിധാനങ്ങൾ സംയോജിപ്പിക്കുന്നതിനുമായി ഡി.പി.ആർ. ഘട്ടത്തിൽത്തന്നെ KRDCL ഒരു ദ്രുത പരിസ്ഥിതി ആഘാത പഠനം നടത്തി. മൂന്ന് മാസത്തെ കാലയളവിലുള്ള പഠനങ്ങൾ ഉൾപ്പെടുന്നതും നേരിട്ടുള്ള അറിവ് നേടുന്നതിന് സഹായകരവുമായ ഒരു സീസണൽ EIA-യെയാണ് റാപ്പിഡ് EIA സൂചിപ്പിക്കുന്നത്. ഡി.പി.ആർ.-ൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ പ്രസ്തുത പഠനത്തിൽനിന്നും ലഭ്യമാവുകയും റിപ്പോർട്ട് ഡി.പി.ആർ.-ൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇതിന് പുറമെ ഒരു കൊല്ലത്തെ മുഴുവൻ സാഹചര്യങ്ങളും വിലയിരുത്തി വായുവിന്റേയും വെള്ളത്തിന്റേയും അവസ്ഥകൾ പഠിക്കുന്ന കോംപ്രിഹെൻസീവ് സ്റ്റഡിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. റാപ്പിഡ് സ്റ്റഡിയിൽ വിശദപഠനം ആവശ്യമായ മേഖലകളിൽ സമഗ്രമായ പഠനം നടത്തുകയാണ് പ്രസ്തുത പഠനത്തിന്റെ ഉദ്ദേശ്യം.

(ബി) പരിസ്ഥിതി ആഘാത പഠന മാന്വൽ പ്രകാരം മിനിമം ഒരു വർഷമെടുത്ത് പാരിസ്ഥിതിക്ക് ആഘാതം കുറഞ്ഞ പാത തെരഞ്ഞെടുക്കണമെന്നിരിക്കേ ഇപ്പോൾ നിർണ്ണയിച്ചിട്ടുള്ള

അലൈൻമെന്റിലൂടെ സാമൂഹ്യാഘാത പഠനവും കല്ലിടലും നടത്തി ഭൂമി ഏറ്റെടുക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടനുസരിച്ച് പരിസ്ഥിതിയെ ഒരു തരത്തിലും ബാധിക്കാത്ത രീതിയിലാണ് സിൽവർലൈൻ വിഭാവനം ചെയ്തിരിക്കുന്നത്. പൂർണ്ണമായും പരിസ്ഥിതിസൗഹൃദമായാണ് സിൽവർലൈൻ പദ്ധതി യാഥാർത്ഥ്യമാക്കുന്നത്. കൊടുംവളവുകൾ ഒഴിവാക്കിക്കൊണ്ട് രൂപകല്പന ചെയ്ത സിൽവർലൈനിന്റെ ട്രാക്ക് താരതമ്യേന ജനവാസം കുറഞ്ഞ മേഖലകളിലൂടെയാണ് കടന്നുപോകുന്നത്. പ്രസ്തുത പദ്ധതിയുടേത് നെൽപ്പാടങ്ങളും കൃഷിഭൂമികളും പരമാവധി ഒഴിവാക്കിയുള്ള അലൈൻമെന്റാണ്. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ നെൽപ്പാടങ്ങളും കൃഷിസ്ഥലങ്ങളുമുള്ള പ്രദേശങ്ങളിൽ മിക്കയിടത്തും ആകാശപാതയിലൂടെയാണ് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. ജലാശയങ്ങളും തണ്ണീർത്തടങ്ങളും മറ്റും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പാലങ്ങളും കൾവെർട്ടുകളും അതോടൊപ്പം നിർമ്മിക്കുന്നുണ്ട്. സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ് നടത്തിയ പ്രാഥമിക പാരിസ്ഥിതികാഘാത നിർണ്ണയ പഠനവും ആകാശസർവ്വേയും ശാസ്ത്രീയ മണ്ണ് പരിശോധനയുമെല്ലാം

നടത്തിയശേഷമാണ് സിൽവർലൈൻ അലൈൻമെന്റ് നിർണ്ണയിച്ചിരിക്കുന്നത്. സിൽവർലൈൻ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിരുന്നു. ഇതനുസരിച്ച് കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ തത്വത്തിൽ അംഗീകാരം കിട്ടിയ പദ്ധതികൾക്ക് പ്രാഥമിക ലാൻഡ് അക്വിസിഷൻ നടപടികൾ തുടങ്ങാൻ അനുമതിയുണ്ട്. മാത്രവുമല്ല റെയിൽവേ ബോർഡിന്റെ ലാൻഡ് അക്വിസിഷൻ നടപടി തുടങ്ങാനുള്ള അനുമതിയുമുണ്ട്. കൂടാതെ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ തുടങ്ങുന്നതിനും വേഗത്തിലാക്കുന്നതിനും കേന്ദ്ര ധനകാര്യമന്ത്രാലയം അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന്റെ ഉത്തരവനുസരിച്ച് വിശദമായ സാമൂഹികാഘാത പഠനമടക്കമുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നടപടിക്രമങ്ങൾ മാത്രമാണ് ഇപ്പോൾ നടന്നുവരുന്നത്.

<u>അതിവേഗ റെയിൽ പാത</u>

68 (68) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u>
<u>ശ്രീ. എൻ. കെ. അക്ബർ:</u>
<u>ശ്രീ. എം. എസ്. അരുൺ കുമാർ:</u>
<u>ശ്രീ. കെ. ജെ. മാക്സി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ അതിവേഗ റെയിൽ പാത ആരംഭിക്കുന്നതിന് 2011-2016 കാലയളവിലെ സർക്കാർ തീരുമാനിച്ച് പ്രഖ്യാപനം നടത്തിയിരുന്നോവെന്ന് വ്യക്തമാക്കാമോ?

2009-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കാസർഗോഡിനെയും തിരുവനന്തപുരത്തെയും ബന്ധിപ്പിക്കുന്ന ഒരു ഹൈസ്പീഡ് റെയിൽ കോറിഡോർ കേരളത്തിൽ സ്ഥാപിക്കാൻ വിഭാവനം ചെയ്യുന്നുണ്ടെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന് തുടർച്ചയായി പദ്ധതിയുടെ മുൻകൂർ സാദ്ധ്യതാപഠനം നടത്തുവാനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ (DMRC) ചുമതലപ്പെടുത്തുകയും തുടർന്ന് 13-02-2012-ൽ കൂടിയ സർവ്വകക്ഷി സമ്മേളനത്തിന്റെ തീരുമാനപ്രകാരം വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കുന്നതിനുള്ള ചുമതല DMRC-യെ ഏൽപ്പിക്കുകയുമുണ്ടായി. പദ്ധതി നടപ്പിലാക്കുന്നതിനായി, ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി – " കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KHSRCL)" എന്ന പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു.

(ബി) അതിവേഗ റെയിൽ പദ്ധതിക്ക് പ്രസ്തുത സർക്കാർ ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നുവോ; തുക ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

അതിവേഗ റെയിൽ പദ്ധതിക്കായി 2011-16 കാലയളവിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതവും ചെലവും ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ചെലവ് | റിമാർക്സ് |
|---|---|---|---|
| 2011-12 | 5000 | 5000 | 2011-12-ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ 50 കോടി രൂപ അനുവദിച്ചു. |
| 2012-13 | 100 | 100 | |
| 2013-14 | 1 | 0 | |
| 2014-15 | 1 | 0 | |
| 2015-16 | 1 | 0 | |

(സി) പ്രസ്തുത പദ്ധതിക്കായി കൺസൾട്ടൻസിയെ നിയമിച്ചിരുന്നോ; എങ്കിൽ കൺസൾട്ടൻസി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി; ഈയിനത്തിലെത്ര തുക ചെലവഴിച്ചു; വിശദാംശങ്ങൾ നൽകാമോ?

ടി പദ്ധതിയുടെ സാദ്ധ്യതാപഠനം നടത്തുന്നതിനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു. ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ സമർപ്പിച്ച Key Plan and Alignment drawing showing the locations of the proposed stations, future stations, depot etc. എന്നതിന് 13-01-2011-ലെ സ.ഉ.(സാധാ)നം.67/2011/വ്യവ. പ്രകാരം അംഗീകാരം നല്കിയിട്ടുള്ളതാണ്. ടി പഠനത്തിനായുള്ള കൺസൾട്ടൻസി

ഫീസ് 10 കോടി രൂപ (സർവ്വീസ് ടാക്സ് ഉൾപ്പെടാതെ) ആയിരുന്നു. DMRC പദ്ധതിയുടെ Draft Feasibility Report സമർപ്പിച്ചതിന്റെ ഭാഗമായി 9 കോടി രൂപ (സർവ്വീസ് ടാക്സ് ഉൾപ്പെടാതെ) DMRC -ക്ക് നൽകിയിരുന്നു.

സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ച

69 (69) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പൗരപ്രമുഖൻമാരുമായി നടത്തിയ ചർച്ചയിൽ ബന്ധപ്പെട്ട പ്രദേശത്തെ ജല ഉപഭോക്തൃ തണ്ണീർത്തട സംരക്ഷണ സമിതിയുടെ പ്രതിനിധികളെ ക്ഷണിച്ചിരുന്നോ; വ്യക്തമാക്കാമോ?

സമൂഹത്തിലെ നാനാതുറകളിലുള്ളവരെ ഉൾപ്പെടുത്തിയാണ് ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ നടത്തിയത്.

(ബി) എങ്കിൽ പ്രസ്തുത സമിതികളുടെ പ്രതിനിധികൾ ഏതൊക്കെ യോഗങ്ങളിൽ പങ്കെടുത്തുവെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ബാധകമല്ല.

സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ.

70 (70) ശ്രീ. ടി. ജെ. വിനോദ്:
ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത ഡി.പി.ആർ.-ന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കിയിട്ടുണ്ടോ?

സിൽവർലൈൻ പദ്ധതിയുടെ വിശദപദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ. പൂർത്തീകരിക്കുകയും കേരള സർക്കാർ ടി റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിന് അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, നീതി ആയോഗ് എന്നീ വകുപ്പുകൾ പരിശോധിച്ച് പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്ര ആസൂത്രണ സാമ്പത്തികകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

(ബി) കേരളം നൽകിയ ഡി.പി.ആർ. പൂർണ്ണമല്ലെന്നും പരിസ്ഥിതി പഠനം നടത്തിയിട്ടില്ലെന്നും കേന്ദ്രസർക്കാർ സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് സംസ്ഥാനത്തിന് ഔദ്യോഗിക അറിയിപ്പുകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഇല്ല. എന്നാൽ, 2021 ഡിസംബർ 6-ന് ചീഫ് സെക്രട്ടറി, ഗതാഗത സെക്രട്ടറി, കെ-റെയിൽ അധികൃതർ എന്നിവർ റെയിൽവേ ബോർഡ് ചെയർമാനും മറ്റ് ബോർഡംഗങ്ങളുമായി സിൽവർലൈൻ ഡി.പി.ആർ.-നെക്കുറിച്ച് വിശദമായ ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ ഡി.പി.ആർ. വിശദമായി അവലോകനം ചെയ്യുകയും വിവരങ്ങൾ ആരായുകയും ചെയ്തു. തിരൂർ മുതൽ കാസർഗോഡ് വരെ നിലവിലെ റെയിൽവേ ലൈനിന് സമാന്തരമായാണ് സിൽവർലൈൻ പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. ഈ സ്ഥലങ്ങളിൽ എത്ര റെയിൽവേ ഭൂമിയാണ് ആവശ്യമായിവരുന്നത്, അതിന്റെ എക്സ്റ്റന്റഡ് ഡ്രോയിംഗ്സ്, ബൗണ്ടറി മാർക്കിംഗ്സ് തുടങ്ങിയവയും എവിടെയെല്ലാം സിൽവർലൈൻ അലൈൻമെന്റ് റെയിൽവേയെ ക്രോസ് ചെയ്യുന്ന തുടങ്ങിയ വിവരങ്ങളും സമർപ്പിക്കാനാവശ്യപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട കത്തിടപാടുകൾ നടന്നുവരികയാണ്. ഇതുസംബന്ധിച്ചുള്ള വർക്കിംഗ് ഷീറ്റ്, കഡാസ്ട്രൽ സർവ്വേ മാപ്പ് എന്നിവ ലഭ്യമാണ്. എന്നാൽ പ്രസ്തുത വിവരങ്ങൾ ഇന്ത്യൻ റെയിൽവേ അധികൃതരുമായി ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ നടത്തി റീസബ്മിറ്റ് ചെയ്യാനാണ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്. ഇതുപൂർത്തിയാകുന്ന മുറയ്ക്ക് റെയിൽവേയ്ക്ക് വിവരങ്ങൾ സമർപ്പിക്കുന്നതാണ്.

(സി) കെ-റെയിൽ-ന്റെ ഡി.പി.ആർ. തയ്യാറാക്കാനുള്ള ചുമതല ഏത് കമ്പനിക്കാണ് നൽകിയിരിക്കുന്നതെന്നും പ്രസ്തുത കമ്പനിയുമായുള്ള കരാർ വ്യവസ്ഥ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

അർദ്ധഅതിവേഗ റെയിൽ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി സിസ്ട്ര എം.വി.എ. ഇന്ത്യാ, സിസ്ട്രാ പാരിസ് എന്നിവയുടെ ജോയിന്റ് വെഞ്ച്വർ കമ്പനിയെയാണ് ഓപ്പൺ ടെൻഡറിലൂടെ തെരഞ്ഞെടുത്തത്. കരാർ പ്രകാരം സിസ്ട്രയെ കെ-റെയിൽ-ന്റെ ജനറൽ കൺസൾട്ടന്റായിട്ടാണ് നിയമിച്ചിരിക്കുന്നത്.

## കെ - റെയിൽ

71 (71) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 530 കി. മീ. ദൈർഘ്യമുള്ള 63,941 കോടി രൂപ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRDCL) എസ്റ്റിമേറ്റ് കണക്കാക്കിയ 1,26,000 കോടി രൂപയ്ക്ക് മുകളിൽ വേണ്ടിവരുമെന്ന് നീതി ആയോഗ് പറഞ്ഞിട്ടുള്ള സിൽവർ ലൈൻ എങ്ങനെയാണ് അഞ്ചുവർഷംകൊണ്ട് പൂർത്തിയാക്കുകയെന്ന് വ്യക്തമാക്കാമോ?

നീതി ആയോഗ് ഉഭയകക്ഷി ബഹുമുഖ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പയുമായി ബന്ധപ്പെട്ട് നടത്തിയ കത്തിടപാടുകളിൽ മെട്രോ, റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം തുടങ്ങിയ പദ്ധതികളുമായി താരതമ്യം ചെയ്യുപ്പോൾ സിൽവർ ലൈനിന്റെ പൂർത്തീകരണ എസ്റ്റിമേറ്റ് തുക കുറവാണോയെന്ന് സംശയം ഉന്നയിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് കെ-റെയിൽ നൽകിയ മറുപടി നീതി ആയോഗ് അംഗീകരിക്കുകയും ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, മിനിസ്ട്രി ഓഫ് ഫിനാൻസിനും വായ്പ സമാഹരണത്തിനായി പദ്ധതി ശിപാർശ ചെയ്യുകയും ചെയ്തു. റെയിൽവേയിൽനിന്നും അംഗീകാരം ലഭിച്ചതിനുശേഷം അഞ്ച് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനായി അഞ്ച് റീച്ചുകളായി കരാർ നടപടികളുമായി മുമ്പോട്ട് പോകുവാനാണ് ഉദ്ദേശിക്കുന്നത്. എഞ്ചിനീയറിംഗ് പ്രൊക്യൂവർമെന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി.) തരത്തിലാണ് കരാറുകൾ നൽകാൻ ഉദ്ദേശിക്കുന്നത്.

(ബി) വിവരാവകാശ നിയമപ്രകാരം നൽകിയ ചോദ്യത്തിന് ലഭിച്ച മറുപടിയിൽ എംബാങ്ക്മെന്റിന് എട്ട് മീറ്റർവരെ ഉയരമുണ്ടെന്നും കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് പ്രസിദ്ധീകരിച്ച

ഡി.പി.ആർ.-ൽ ചിലയിടത്ത് ഉയരം 18.4 മീറ്റർ വരെയാണെന്നും സൂചിപ്പിച്ചിട്ടുള്ളതിൽ ഏതാണ് ശരിയെന്ന് വ്യക്തമാക്കുമോ?

പരമാവധി എട്ട് മീറ്റർ ഉയരമാണുണ്ടാകുന്നത്.

(സി) അസംസ്കൃത വസ്തുക്കളുടെ ലഭ്യത കേരളത്തിൽ കുറവായതിനാൽ പദ്ധതി പൂർത്തിയാക്കാൻ ഏഴ് മുതൽ പത്ത് വർഷം വരെ വേണ്ടിവരുമെന്ന് ഡി.പി.ആർ.-ൽ പറയുന്നതിനാൽ 2025-ൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ അംഗീകൃതമായ ഉറവിടങ്ങളിൽനിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ സിൽവർലൈനിന്റെ നിർമ്മാണത്തിനുപയോഗിക്കും. മതിയാകാത്ത വിഭവങ്ങൾ അയൽ സംസ്ഥാനങ്ങളിൽനിന്നും ട്രെയിൻ മുഖാന്തരം കുറഞ്ഞ ചെലവിൽ എത്തിക്കാനാകുമെന്നാണ് ഇതുമായി ബന്ധപ്പെട്ട് നടത്തിയ പ്രാഥമിക പഠനങ്ങളിൽനിന്നും വ്യക്തമാകുന്നത്. അതുകൂടാതെ കട്ടിംഗ്, ടണൽ തുടങ്ങിയ ഘടനകളുടെ നിർമ്മാണ സമയത്ത് ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ നിർമ്മാണത്തിനായി ഉപയോഗിക്കാനാകും. ഇത്തരത്തിൽ അസംസ്കൃത വസ്തുക്കൾ ഒട്ടും കാലതാസമില്ലാതെതന്നെ ലഭ്യമാക്കാൻ സാധിക്കും. പ്രസ്തുത പ്രവൃത്തികൾ ഒരുതരത്തിലും പദ്ധതിയുടെ നടത്തിപ്പ് വേഗതയെ ബാധിക്കുന്നില്ല. എല്ലാ

അനുമതികളും ലഭ്യമായി കഴിയുന്നതോടെ അഞ്ച് വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ആഗോള ടെണ്ടറിലൂടെയാണ് നിർമ്മാണകമ്പനികളെ കണ്ടെത്തുന്നത്. അഞ്ച് ഇ.പി.സി. (എൻജിനീയറിംഗ്, പ്രൊക്യൂവർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ) പാക്കേജുകളിലായാണ് നിർമ്മാണപ്രവൃത്തികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഫണ്ടിംഗ് പാക്കേജിന്റെ അടിസ്ഥാനത്തിലാണ് ഈ വിഭജനം. അഞ്ച് പാക്കേജുകളിലും ഒരേസമയം നിർമ്മാണം നടത്താനാണുദ്ദേശിക്കുന്നത്. ശാസ്ത്രീയമായ പദ്ധതി നടത്തിപ്പിലൂടെ വർഷം മുഴുവൻ രാപ്പകൽ ഭേദമന്യേ പ്രവൃത്തി നടക്കും. അഞ്ച് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിന് ഫാസ്റ്റ്ട്രാക്ക് അടിസ്ഥാനത്തിലാണ് സിൽവർലൈൻ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

(ഡി) സിൽവർ ലൈനിനുവേണ്ടി ട്രാഫിക് സർവ്വേ നടത്തിയ ഏജൻസി ഏതാണ്; ഏത് മാനദണ്ഡ പ്രകാരമാണ് 80000-ത്തോളം യാത്രക്കാർ തുടക്കത്തിൽ ദിനംപ്രതി യാത്ര ചെയ്യുമെന്ന് കണക്കാക്കിയിരിക്കുന്നത്; ആയതിന്റെ വിശദമായ റിപ്പോർട്ട് നല്കാമോ?

പി.കെ. എഞ്ചിനീയേഴ്സ് എന്ന സ്ഥാപനമാണ് സിൽവർലൈനിനുവേണ്ടി ട്രാഫിക്ക് സർവ്വേ നടത്തിയത്. നിലവിൽ

ട്രെയിൻ, റോഡ് മുതലായ മാർഗ്ഗങ്ങളിൽ യാത്ര ചെയ്യുന്ന യാത്രക്കാർ, ആൾക്കാരുടെ തുക ചെലവഴിക്കാനുള്ള സന്നദ്ധത, പുതിയ യാത്രാമാർഗ്ഗത്തിലേക്ക് മാറാനുള്ള സന്നദ്ധത എന്നിവയെ മുൻനിർത്തി സിൽവർലൈനിൽ യാത്രചെയ്യാൻ സാദ്ധ്യതയുള്ള ആൾക്കാരുടെ എണ്ണം, 19 സ്ഥലങ്ങളിൽ നടത്തിയ സർവ്വേ ആധാരമാക്കി റിയലിസ്റ്റിക്ക് സിനാരിയോയിൽ 80000 ആൾക്കാർ പ്രതിദിനം യാത്ര ചെയ്യുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതുകൂടാതെ റൈഡർഷിപ്പ് സർവ്വേയും കെ-റെയിലിന്റെ കൺസൾട്ടന്റായ സിസ്ട്ര മുഖാന്തരം നടത്തിയിരുന്നു. ഡി.പി.ആർ.-ന്റെ ഭാഗമായ ട്രാഫിക്ക് റിപ്പോർട്ട് കെ-റെയിൽ വെബ്സൈറ്റിൽ ലഭ്യമാണ്.

## സിൽവർലൈൻ പദ്ധതി

72 (72) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഭാവി വികസനക്കുതിപ്പിന് അർദ്ധഅതിവേഗ റെയിൽപ്പാതയ്ക്കുള്ള പ്രാധാന്യം വിശദമാക്കാമോ?

കേരളത്തിലെ ഹൈവേയിലായാലും റെയിൽവേയിലായാലും നമുക്ക് ആർജ്ജിക്കാവുന്ന സുരക്ഷിത വേഗം ഇപ്പോൾ ശരാശരി 40-60 കിലോമീറ്ററാണ്. ജനസാന്ദ്രതയേറിയ കേരളത്തിൽ നിലവിലുള്ള റോഡുകളും റെയിൽപ്പാതകളും വികസിപ്പിച്ച് വേഗംകൂട്ടാനുള്ള സാദ്ധ്യത കുറവാണ്. ഇനിയും വേഗത്തിൽ യാത്ര ചെയ്യണമെങ്കിൽ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പുതിയ ഗതാഗത മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഏറ്റവും അനുയോജ്യമായ പദ്ധതിയാണ് സിൽവർലൈൻ എന്ന അർദ്ധഅതിവേഗ പാതയിലൂടെ കേരളം ലക്ഷ്യമിടുന്നത്. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 530 കിലോമീറ്റർ നാല് മണിക്കൂർകൊണ്ട് സഞ്ചരിക്കാനാകും. സിൽവർലൈൻ യാഥാർത്ഥ്യമാകുന്ന ആദ്യവർഷംതന്നെ ഏകദേശം 2.8 ലക്ഷം ടൺ കാർബൺ ഡയോക്സൈഡ് ബഹിർഗമനം കുറയ്ക്കാനാകും. 2052-ഓടെ വർഷത്തിൽ 594636 ടണ്ണോളം കാർബൺ ഡയോക്സൈഡ് അന്തരീക്ഷത്തിൽനിന്ന് കുറയാൻ സിൽവർലൈൻ നിമിത്തമാകും. കേരള വികസനത്തിന്റെ മുഖച്ഛായ മാറ്റുന്നതിനൊപ്പം അന്തരീക്ഷ മലിനീകരണത്തിന്റെ തോത് ഗണ്യമായി കുറയ്ക്കാനും ഈ ഹരിതപദ്ധതി വഴിയൊരുക്കും. റോ-റോ സർവ്വീസ് വഴി

അഞ്ചൂറോളം ചരക്കുവാഹനങ്ങൾ റോഡിൽനിന്ന് പിന്മാറും. ഇത് സംസ്ഥാനത്തെ രൂക്ഷമായ ഗതാഗത തിരക്ക് മാത്രമല്ല ദിനംപ്രതി വർദ്ധിക്കുന്ന റോഡപകടങ്ങളും കുറയ്ക്കും. പദ്ധതി നടപ്പാക്കുമ്പോൾ ലഭിക്കുന്ന സാമ്പത്തിക ഉണർവ്വും ജോലികളും കോവിഡ്മൂലം ജോലി നഷ്ടപ്പെട്ടവർക്കും തകർന്ന സമ്പദ് വ്യവസ്ഥയ്ക്കും ഉത്തേജകമാകും. 2025-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയും 50000 പേർക്കും പദ്ധതി പൂർത്തിയാക്കുമ്പോൾ 10000 പേർക്കും ജോലി ലഭിക്കും.

(ബി) സിൽവർ ലൈനിന്റെ വിശദ പദ്ധതിരേഖ പ്രകാരം എത്ര കുടുംബങ്ങൾക്ക് തങ്ങളുടെ കിടപ്പാടം വിട്ടുനൽകേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; നാടിന്റെ പൊതുവികസന പദ്ധതിയുടെ ഭാഗമായി കിടപ്പാടവും കൃഷിഭൂമിയും മറ്റ് ജീവനോപാധികളും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനും ആകർഷകമായ നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനും പദ്ധതിയുണ്ടോ?

സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് 9314 കെട്ടിടങ്ങളെയാണ് അലൈൻമെന്റ് ബാധിക്കുന്നത്. എത്ര കുടുംബങ്ങളെയാണ് ബാധിക്കുന്നത് എന്നതിന്റെ കൃത്യമായ കണക്ക്

സാമൂഹികാഘാത പഠനത്തിനും വിശദമായ സർവ്വേയ്ക്കുംശേഷം മാത്രമെ തിട്ടപ്പെടുത്താനാകൂ. 2013-ലെ RFCTLARR നിയമപ്രകാരമാണ് പുനരധിവാസ പാക്കേജുകളും നഷ്ടപരിഹാരവും നൽകുന്നത്.

(സി) സ്ഥലം ഏറ്റെടുക്കുന്നതുമൂലം പ്രശ്നം അഭിമുഖീകരിക്കാനിടയുള്ളവരുടെ ആശങ്ക ദൂരീകരിക്കുന്നതിന് സർക്കാർ പ്രസ്തുത പ്രദേശങ്ങളിലെ ജനപ്രതിനിധികളുമായി ആശയവിനിമയം നടത്തിയിരുന്നോ?

പാത കടന്നുപോകുന്ന സ്ഥലങ്ങളിലെ ജനപ്രതിനിധികളെയുൾപ്പെടുത്തി നിയമസഭയിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ 2019 ഫെബ്രുവരി 10-ന് സിൽവർലൈനിനെക്കുറിച്ച് ഒരു വിശദീകരണ യോഗം നടത്തിയിരുന്നു. ഇതുകൂടാതെ "ജനസമക്ഷം സിൽവർലൈൻ" എന്ന പേരിൽ വിശദീകരണ യോഗങ്ങൾ പാത കടന്നുപോകുന്ന ജില്ലകളിൽ നടത്താനുദ്ദേശിക്കുകയും, ഇതിൽ ഒമ്പത് ജില്ലകളിലുള്ള യോഗങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. ബാക്കി രണ്ട് ജില്ലകളിലുള്ള (കോഴിക്കോട്, കാസർഗോഡ്) യോഗം ഉടൻ തന്നെ നടത്തുന്നതായിരിക്കും. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ബാധിക്കപ്പെടുന്നവരുടെ പ്രശ്നങ്ങൾ അഭിമുഖീകരിക്കാനിടയുള്ളവരുടെയും

ആശങ്ക ദൂരീകരിക്കുന്നതിനുവേണ്ടി, 2013-ലെ RFCTLARR നിയമം അനുശാസിക്കുന്ന പ്രകാരം 4(1) വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് എല്ലാ വീടുകളിലും നേരിട്ടുപോയി, അവരുടെ അഭിപ്രായം ചോദിച്ചറിഞ്ഞ് അത്തരത്തിൽ ഒരു സാമൂഹികാഘാത പഠനവും നടത്തിവരികയാണ്.

(ഡി) അവാസ്തവ പ്രസ്താവനകളിലൂടെയും ദുരുപദിഷ്ട ഇടപെടലുകളിലൂടെയും ജനങ്ങളെ ആശങ്കയിലാക്കി പദ്ധതി അട്ടിമറിക്കുകയെന്ന ലക്ഷ്യത്തോടെ ചിലർ നടത്തുന്ന കുപ്രചാരണങ്ങളെ തുറന്നുകാട്ടുന്നതിനും ജനങ്ങളുടെ ആശങ്കയകറ്റുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ബാധിക്കപ്പെടുന്നവരുടെയും, പ്രശ്നങ്ങൾ അഭിമുഖീകരിക്കാനിടയുള്ളവരുടെയും ആശങ്ക ദൂരീകരിക്കുന്നതിനുവേണ്ടി, 2013-ലെ RFCTLARR നിയമം അനുശാസിക്കുന്ന പ്രകാരം 4(1) വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് എല്ലാ വീടുകളിലും നേരിട്ട് പോയി, അവരുടെ അഭിപ്രായം ചോദിച്ചറിഞ്ഞ് അത്തരത്തിൽ ഒരു സാമൂഹികാഘാത പഠനവും നടത്തിവരികയാണ്. ഇതുകൂടാതെ സിൽവർലൈൻ പദ്ധതിയെക്കുറിച്ചുള്ള ലഘുലേഖകൾ വിതരണം ചെയ്യാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

## മെട്രോ റെയിൽ വരുമാനം

73 (73) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ സർവ്വീസ് ആരംഭിച്ചതുമുതൽ നാളിതുവരെ ലഭിച്ച വരുമാനത്തിന്റെ വിശദ വിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

കൊച്ചി മെട്രോ റെയിൽ സർവ്വീസ് ആരംഭിച്ചതുമുതൽ നാളിതുവരെ ലഭിച്ച വരുമാനത്തിന്റെ വിശദവിവരം വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| | തുക (കോടിയിൽ) | | |
|---|---|---|---|
| | ഫെയർ ബോക്സ് | നോൺ ഫെയർ ബോക്സ് | ആകെ |
| 2017-18 | 32.17 | 12.49 | 44.66 |
| 2018-19 | 41.04 | 39.05 | 80.09 |
| 2019-20 | 56.77 | 37.26 | 94.03 |
| 2020-21 | 12.90 | 27.05 | 39.95 |

(ബി) കെ.എം.ആർ.എൽ.-ന് വേണ്ടി ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തിട്ടുണ്ട്; വായ്പ തുകയുടെയും തിരിച്ചടവിന്റെയും വിശദവിവരം ലഭ്യമാക്കുമോ?

കെ.എം.ആർ.എൽ.-ന് വേണ്ടി എടുത്ത വായ്പ തുകയുടേയും, തിരിച്ചടവിന്റേയും വിശദവിവരം അനുബന്ധമായി+ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(സി) നിലവിൽ കൊച്ചി മെട്രോയുടെ പ്രതിവർഷ നഷ്ടം എത്രയാണ്; നഷ്ടം സംഭവിച്ചതിന്റെ കാരണം യാത്രക്കാരുടെ കുറവാണെന്ന് കരുതുന്നുണ്ടോ?

| വർഷം | തുക (കോടിയിൽ) |
|---|---|
| 2017-18 | 167.34 |
| 2018-19 | 281.23 |
| 2019-20 | 310.02 |
| 2020-21 | 334.31 |

നഷ്ടം സംഭവിച്ചതിന്റെ കാരണം യാത്രക്കാരുടെ കുറവാണെന്ന് പറയാൻ സാദ്ധ്യമല്ല. കൊച്ചി മെട്രോ ഒരു തീവ്രമൂലധനാധിഷ്ഠിത പദ്ധതി ആയതിനാലും, ഭീമമായ തുക വായ്പ തിരിച്ചടയ്ക്കുവാൻവേണ്ടി വരുന്നതിനാലും പ്രവർത്തനലാഭം ഉണ്ടായാൽപ്പോലും നഷ്ടം തുടർന്നുകൊണ്ടേയിരിക്കും.

(ഡി) വിശദമായ ഡി.പി.ആർ. പഠനങ്ങളുൾപ്പെടെ നടത്തി നിർമ്മാണം പൂർത്തിയാക്കിയ കൊച്ചി മെട്രോ വൻനഷ്ടത്തിലായെങ്കിൽ അപൂർണ്ണമായ ഡി.പി.ആർ.-ഉം യാതൊരു പാരിസ്ഥിതിക പഠനങ്ങളും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ലാതെ നടപ്പാക്കാൻ ശ്രമിക്കുന്ന സിൽവർ ലൈൻ പദ്ധതി വലിയ പരാജയമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സിൽവർലൈൻ പദ്ധതിയുടെ പൂർണ്ണമായ വിശദപദ്ധതിരേഖ കെ.ആർ.ഡി.സി.എൽ. പൂർത്തീകരിക്കുകയും 11-06-2020-ലെ സ.ഉ. (കൈ) നം.18/2020/ഗതാ. പ്രകാരം കേരള സർക്കാർ ഡി.പി.ആർ. അംഗീകരിച്ച് കേന്ദ്രറെയിൽവേ മന്ത്രാലയത്തിനും നീതിആയോഗിനും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. തുടർന്ന് കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, നീതിആയോഗ് എന്നീ വകുപ്പുകളിൽ വിശദപദ്ധതിരേഖ അവലോകനം ചെയ്യുകയും പദ്ധതി വിദേശവായ്പയ്ക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്രആസൂത്രണ സാമ്പത്തികകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുമുണ്ട്. ഡി.പി.ആർ. ഇപ്പോൾ റെയിൽവേ ബോർഡിന്റെ പരിഗണനയിലാണ്. MOEF വിജ്ഞാപനം 2006 പ്രകാരം റെയിൽവേ പ്രോജക്ടുകൾക്ക് മുൻകൂർ പാരിസ്ഥിതികാനുമതി നേടേണ്ടതില്ല. MOEFCC, NGT, SZ ചെന്നൈയിൽ ഇതുസംബന്ധിച്ച സത്യവാങ്മൂലം സമർപ്പിച്ചിരുന്നു. എൻ.എ.ബി.ഇ.ടി. അക്രഡിറ്റേഷൻ ലിസ്റ്റിൽ ലിസ്റ്റ്ചെയ്തിട്ടുള്ള ഒരു മേഖലയിലും റെയിൽവേ ഉൾപ്പെടാത്തതിനാൽ,

അംഗീകൃത കൺസൾട്ടന്റിന്റെ പട്ടികയിൽ റെയിൽവേയ്ക്കായി പ്രത്യേകം ഇ.ഐ.എ. കൺസൾട്ടന്റുമാരെ ഉൾപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും, നിർമ്മാണത്തിലും പ്രവർത്തനഘട്ടത്തിലും ചെലവ് കുറയ്ക്കുന്നതിനും ലഘൂകരണ സംവിധാനങ്ങൾ സംയോജിപ്പിക്കുന്നതിനുമായി ഡി.പി.ആർ. ഘട്ടത്തിൽത്തന്നെ KRDCL ഒരു ദ്രുതപരിസ്ഥിതി ആഘാത പഠനം നടത്തി, റിപ്പോർട്ട് ഡി.പി.ആർ.-ൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇതിനുപുറമേ, ഒരു വർഷത്തെ മുഴുവൻ സാഹചര്യങ്ങളും വിലയിരുത്തിക്കൊണ്ടുള്ള വായുവിന്റെയും വെള്ളത്തിന്റെയും അവസ്ഥകൾ പഠിക്കുന്ന കോംപ്രിഹെൻസീവ് സ്റ്റഡിയും പുരോഗമിച്ചുവരികയാണ്. സിൽവർലൈൻ പദ്ധതിയുടെ വിജയസാദ്ധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള യാത്രയ്ക്ക് ഒന്നര മണിക്കൂർ സമയവും, കിലോമീറ്ററിന് 2.75 രൂപ യാത്രാചെലവുമാണ് കണക്കാക്കിയിരിക്കുന്നത്. പദ്ധതിയുടെ ഫിനാൻഷ്യൽ ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ (എഫ്.ഐ.ആർ.ആർ.) 8.49 ശതമാനവും, എക്കണോമിക് ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ (ഇ.ഐ.ആർ.ആർ.) 24.04 ശതമാനവുമാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. 14 ശതമാനത്തിന് മുകളിൽ

ഇ.ഐ.ആർ.ആർ. ഉള്ള പദ്ധതികൾ മികച്ച പദ്ധതികളായാണ് വിലയിരുത്തപ്പെടുന്നത്.

## സിൽവർ ലൈൻ പദ്ധതി

74 (74) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരിസ്ഥിതിലോല പ്രദേശങ്ങളിലൂടെയല്ല നിർദ്ദിഷ്ട സിൽവർലൈൻ കടന്നുപോകുന്നതെന്നത് വസ്തുതാപരമാണോ?

പരിസ്ഥിതിലോല പ്രദേശങ്ങളിലൂടെയോ വന്യജീവി മേഖലകളിലൂടെയോ പാത കടന്നുപോകുന്നില്ല. പുഴകളുടേയും, അരുവികളുടേയും ഒഴുക്കിനെ തടസ്സപ്പെടുത്താത്ത രീതിയിലാണ് ഡിസൈൻ ചെയ്തിരിക്കുന്നത്. നെൽപ്പാടങ്ങളിലും തണ്ണീർത്തടങ്ങളിലുമായി 88 കിലോമീറ്റർ പാത തൂണുകളിലൂടെയാണ് പോകുന്നത്. സമ്പൂർണ പരിസ്ഥിതിസൗഹൃദ ഹരിത പദ്ധതിയാണിത്.

(ബി) പദ്ധതിയുടെ അലൈൻമെന്റിലുൾപ്പെട്ട മാടായിപ്പാറ, കടലുണ്ടി, പൊന്നാനി, തിരുനാവായ എന്നീ വില്ലേജുകളിലൂടെ സിൽവർലൈൻ കടന്നുപോകുന്നുണ്ടോ?

ഉണ്ട്.

(സി) പരിസ്ഥിതിലോല പ്രദേശമായ മാടായിപ്പാറയിൽ കെ-റെയിൽ കല്ല് സ്ഥാപിച്ചത് എന്തിനായിരുന്നുവെന്ന് വിശദമാക്കാമോ?

പരിസ്ഥിതി ആഘാത പഠനമനുസരിച്ച് ഭൂരിഭാഗവും പരിസ്ഥിതിലോല പ്രദേശങ്ങളെ ഒഴിവാക്കിയാണ് നിലവിൽ കല്ലുകൾ സ്ഥാപിച്ചുവരുന്നത്. ഇത് 2013 RFCTLARR ആക്ട് പ്രകാരമുള്ള സാമൂഹികാഘാത പഠനം നടത്തുന്നതിനുവേണ്ടിയാണ്. പദ്ധതി ആരെയൊക്കെ ബാധിക്കുന്നുവെന്ന് മനസ്സിലാക്കുന്നതിനുവേണ്ടി പഠനം നടത്തുന്നതിനായാണ് അലൈൻമെന്റ് കടന്നുപോകുന്ന ഭാഗങ്ങളിൽ കല്ലിട്ട് സ്ഥലം അടയാളപ്പെടുത്തുന്നത്. ഇങ്ങനെ പദ്ധതി ബാധിക്കുന്നവർക്ക് പഠനം നടത്തുന്ന ഏജൻസിയെ സമീപിക്കാനും അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാനും തുടർന്ന് അത് പരിഹരിക്കാനും സാധിക്കും. നിശ്ചയിച്ച അലൈൻമെന്റിന്റെ ഭാഗമായാണ് ഇപ്പോൾ കല്ലിടൽ നടന്നുകൊണ്ടിരിക്കുന്നത്.

(ഡി) സിൽവർലൈൻ പാതയുടെ മുപ്പത് മീറ്റർ പരിസരത്ത് ഒരു തരത്തിലുമുള്ള നിർമ്മാണവും അനുവദിക്കില്ലെന്ന് ഡി.പി.ആർ.-ൽ പറയുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സിൽവർലൈൻ പാതയുടെ മുപ്പത് മീറ്റർ പരിസരത്ത് ഒരു തരത്തിലുമുള്ള നിർമ്മാണവും അനുവദിക്കില്ലെന്ന് ഡി.പി.ആർ.-ൽ പ്രതിപാദിച്ചിട്ടില്ല.

## സിൽവർലൈൻ ഡി.പി.ആർ.

75 (75) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സിൽവർലൈൻ പാതയുടെ 30 ശതമാനവും വളവുകളാൽ നിറഞ്ഞതാണെന്നും 200 പാതകളിൽ കയറ്റിറക്കങ്ങളുള്ളതുകാരണം മണിക്കൂറിൽ 120 കിലോമീറ്ററിൽ താഴെ മാത്രമെ ട്രെയിനുകൾക്ക് സഞ്ചരിക്കാൻ സാധിക്കുകയുള്ളൂ എന്നുമുള്ളത് വസ്തുതയാണോ; എങ്കിൽ പ്രസ്തുത വിഷയം ഗൗരവത്തോടെ കാണുന്നുണ്ടോ?

കൊടുംവളവുകളും കയറ്റിറക്കങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള അലൈൻമെന്റാണ് നിലവിൽ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) നിർദ്ദിഷ്ട പദ്ധതിയുടെ 200 കിലോമീറ്ററോളം ദൂരത്തിൽ ഇരുവശവും മതിൽ കെട്ടുമെന്ന് ഡി.പി.ആർ.-ൽ പറഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

530 കിലോമീറ്റർ നീളമുള്ള സിൽവർലൈൻ പാതയുടെ 137 കിലോമീറ്റർ പാത തൂണുകളിലൂടെയോ തുരങ്കങ്ങളിലൂടെയോ ആണ് കടന്നുപോകുന്നത്. ഈ സ്ഥലങ്ങളിൽ ഇപ്പോഴുള്ള അതേ രീതിയിൽ പാതയ്ക്ക് കുറുകെ സഞ്ചരിക്കാൻ തടസ്സമുണ്ടാകില്ല. ബാക്കി സ്ഥലങ്ങളിൽ നിലവിലുള്ള റോഡുകൾ നിലനിർത്താൻ അടിപ്പാതകളോ മേൽപാലങ്ങളോ നിർമ്മിക്കും. പാത മുറിച്ച് കടക്കാൻ 500 മീറ്റർ ഇടവിട്ട് മേൽപ്പാലങ്ങളോ അടിപ്പാതകളോ സബ്‌വേകളോ നിർമ്മിക്കും. പാതയ്ക്ക് ഇരുവശവും സംരക്ഷണ വേലിയുണ്ടാകും. അപകടങ്ങൾ ഒഴിവാക്കുന്നതിനാണിത്. 140 കിലോമീറ്ററിലേറെ വേഗതയിൽ തീവണ്ടികൾ ഓടുന്ന പാതകൾക്ക് ഇരുപുറത്തും ഇത്തരം വേലികൾ സ്ഥാപിക്കണമെന്നാണ് ഇന്ത്യൻ റെയിൽവേ അനുശാസിക്കുന്ന നിയമം. ഡൽഹി-ആഗ്ര സെക്ഷനിൽ പാതയ്ക്ക് സംരക്ഷണവേലിയുണ്ട്. ഡൽഹി-വരാണസി, ഡൽഹി-ഹൗറ സെക്ഷനുകളിൽ സംരക്ഷണവേലിയുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. യാത്രയ്ക്ക് പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധം സംരക്ഷണഭിത്തിയൊരുക്കാൻ വിവിധ ഡിസൈനുകൾ പഠിച്ചുവരികയാണ്.

(സി) പദ്ധതിയുടെ ഇരുവശവും ഉണ്ടാക്കുന്ന മതിലിൽ പരസ്യം നൽകി പണം സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

നിലവിൽ ഡിസൈനാണ് നടന്നുകൊണ്ടിരിക്കുന്നത്.

കെ-റെയിൽ പദ്ധതിക്കായുള്ള പാരിസ്ഥിതികാഘാത പഠനം

76 (76) ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കെ-റെയിൽ പദ്ധതി നടപ്പാക്കുന്നതുകൊണ്ട് ഉണ്ടാകാവുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് പഠനം നടത്തിയിരുന്നുവോ?

സിൽവർലൈൻ പാതയ്ക്കായുള്ള ദ്രുത പരിസ്ഥിതി ആഘാത പഠനം കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ് എന്ന തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനം മുഖേന നടത്തിയിരുന്നു.

(ബി) കെ-റെയിൽ പദ്ധതി പരിസ്ഥിതിയെ ഏതുതരത്തിൽ ബാധിക്കുമെന്നാണ് പ്രസ്തുത പഠനത്തിൽ സൂചിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത EIA പഠനത്തിന്റെ കണ്ടെത്തലുകളുടെയും ലഘൂകരണ നടപടികളുടെയും മാനേജ്മെന്റ് പ്ലാനിന്റെയും ശിപാർശകളുടെ അടിസ്ഥാനത്തിൽ, JICA E&S മാർഗ്ഗനിർദ്ദേശങ്ങൾക്കും ദേശീയ, സംസ്ഥാന, പ്രാദേശിക പാരിസ്ഥിതിക നിയന്ത്രണങ്ങൾക്കും അനുസൃതമായാണ് സിൽവർലൈൻ പ്രോജക്ടെന്ന് പഠനത്തിൽ നിഗമനമുണ്ട്. കൂടാതെ, പ്രതികൂല പാരിസ്ഥിതിക ആഘാതങ്ങൾ കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിർദ്ദിഷ്ട ലഘൂകരണ നടപടികളുടെ ഫലപ്രദമായ നടപ്പാക്കൽ, പരിസ്ഥിതി മാനേജ്മെന്റ്, മോണിറ്ററിംഗ് പ്ലാൻ എന്നിവ നടപ്പിലാക്കുന്നതാണ്. കേരളത്തിലെ സിൽവർലൈൻ ഇടനാഴിയുടെ നിർദ്ദിഷ്ട വികസനം കേരള സംസ്ഥാനത്തിലെ ജനങ്ങൾക്കും സമ്പദ്വ്യവസ്ഥയ്ക്കും ഒരു അനുഗ്രഹമായി മാറുമെന്നാണ് പ്രസ്തുത റിപ്പോർട്ടിൽ ഉപസമാഹരണം ചെയ്തിരിക്കുന്നത്.

(സി) പ്രസ്തുത വിഷയത്തിന്മേൽ വീണ്ടും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ റാപ്പിഡ് എൻവയോൺമെന്റൽ ഇംപാക്റ്റ് സ്റ്റഡിയാണ് നടത്തിയിരുന്നത്. മൂന്നുമാസത്തെ റാപിഡ് ഇ.ഐ.എ. പഠനമായിരുന്നു ഇത്. ഇതിനുപുറമെ ഒരു കൊല്ലത്തെ മുഴുവൻ സാഹചര്യങ്ങളും വിലയിരുത്തി

വായുവിന്റേയും വെള്ളത്തിന്റേയും അവസ്ഥകൾ പഠിക്കുന്ന കോംപ്രിഹെൻസീവ് സ്റ്റഡിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. റാപ്പിഡ് സ്റ്റഡിയിൽ കണ്ടെത്താതെപോയ എന്തെങ്കിലും പ്രശ്നങ്ങളുണ്ടോയെന്നും അങ്ങനെയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനും കൂടിയാണ് പ്രസ്തുത പഠനം നടത്തുന്നത്.

## സിൽവർലൈൻ പദ്ധതി

77 (77) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിക്കായി നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഡി.പി.ആർ. പ്രകാരം ഓവർബ്രിഡ്ജുകളുടെയും എംബാങ്ക്മെന്റുകളുടെയും ആകെ നീളം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ഡി.പി.ആർ. പ്രകാരം ബ്രിഡ്ജുകളുടെ നീളം 12.991 കിലോമീറ്ററും എംബാങ്ക്മെന്റിന്റെ നീളം 292.728 കിലോമീറ്ററുമാണ്.

(ബി) പദ്ധതിക്കായി എത്രവീതം മേൽപ്പാലങ്ങളും അടിപ്പാതകളും പി-കട്ടിംഗുകളും കട്ട് ആൻഡ് കവറുകളുമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

പദ്ധതിക്കായി 682 മേൽപ്പാലങ്ങളും അടിപ്പാതകളുമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ കട്ടിംഗ് - 101.73 കി.മീ., കട്ട് & കവർ - 24.789 കി.മീ., വയാഡക്റ്റ് - 88.412 കി.മീ. എന്നിവയും നിർമ്മിക്കേണ്ടതായി വരും.

(സി) പദ്ധതിക്കായി നിർമ്മിക്കാനുദ്ദേശിക്കുന്ന എംബാങ്ക്മെന്റുകളുടെ പരമാവധി ഉയരം, ശരാശരി ഉയരം എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

എംബാങ്ക്മെന്റുകളുടെ പരമാവധി ഉയരം രണ്ട് മുതൽ എട്ട് മീറ്റർ വരെയാണ്.

(ഡി) നിലവിലെ ഡി.പി.ആർ. പ്രകാരം പദ്ധതി എത്ര വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

റെയിൽവേ ബോർഡിൽനിന്നും അന്തിമ അനുമതി ലഭിച്ച് അഞ്ച് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## കെ-റെയിൽ പദ്ധതി

78 (78) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരും ഈ സർക്കാരും നടത്തിവരുന്ന സംസ്ഥാന വികസനം എന്ന പ്രഖ്യാപിത ലക്ഷ്യം നേടിയെടുക്കാനുള്ള പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിച്ച് സംസ്ഥാനത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് ആക്കംകൂട്ടുന്നതിനാവശ്യമായ നടപടികൾക്ക് തുടക്കം കുറിക്കുകയുണ്ടായി. മുഖ്യമന്ത്രിതലത്തിലും മന്ത്രിമാരുടെ തലത്തിലും വകുപ്പ് സെക്രട്ടറിമാരുടെ തലത്തിലും സമയാസമയങ്ങളിൽ യോഗങ്ങൾകൂടി വിവിധ പദ്ധതികളുടെ പുരോഗതികൾ വിലയിരുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തുവരുന്നു. ഓൺലൈൻ പോർട്ടലുകളിലൂടെയും പദ്ധതിയുടെ പുരോഗതി നിരീക്ഷിച്ചുവരുന്നു. പശ്ചാത്തല സൗകര്യ വികസന രംഗത്ത് വലിയ കുതിച്ചുചാട്ടം നടത്തിക്കൊണ്ടിരിക്കുന്ന വേളയിൽ ബൃഹദ് പദ്ധതികളുടെയടക്കം പുരോഗതി അവലോകനം ചെയ്യാനും മേൽനോട്ടം വഹിക്കാനും പുതിയ പദ്ധതികളുടെ പുരോഗതി തത്സമയം വകുപ്പുമന്ത്രിമാരെയും മുഖ്യമന്ത്രിയെയും അറിയിക്കുന്നതിനായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ

പദ്ധതികളുടെ പുരോഗതി ചുമതല നിർവ്വഹിച്ചുപോരുന്ന ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിനെ ചീഫ് സെക്രട്ടറി വഴി റിപ്പോർട്ട് ചെയ്യുന്ന തരത്തിൽ ഒരു സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക വകുപ്പായി രൂപീകരിച്ചുകൊണ്ട് ഈ സർക്കാർ നിലവിൽ വന്നയുടൻതന്നെ ഉത്തരവിറക്കി. അതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പദ്ധതികളുടെ പ്രത്യേക അവലോകനങ്ങൾ കൃത്യമായ ഇടവേളകളിൽ കൂടിച്ചേർന്ന് ആവശ്യമായ ഇടപെടലുകൾ നടത്തി പദ്ധതി നിർവ്വഹണം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ തുടങ്ങിയ നൂറ് ദിന പരിപാടിയിലൂടെ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി നിരീക്ഷിക്കുകയും പുരോഗതി ജനങ്ങളെ അറിയിക്കുകയും ചെയ്തുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ട് തവണ നൂറ് ദിന പരിപാടികൾ പ്രഖ്യാപിച്ച് നടപ്പിലാക്കുകയുണ്ടായി. ഈ സർക്കാർ വന്നശേഷം ഒരു തവണ നൂറ് ദിന പരിപാടി പൂർത്തീകരിച്ച് നടപ്പിലാക്കി. തുടർന്ന് അടുത്ത നൂറ് ദിന പരിപാടി 2022 ഫെബ്രുവരി 10-ാം തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങളും വ്യക്തിഗത തൊഴിൽ ദിവസങ്ങളും സൃഷ്ടിക്കുന്നതിന് നൂറ് ദിന പരിപാടി പ്രത്യേക ഊന്നൽ നൽകുന്നു.

വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നിരീക്ഷിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും കേന്ദ്രസർക്കാരിന്റെ e-PMG പോലുള്ള ഇ-ഗവേണൻസ് സംവിധാനങ്ങൾ ഫലപ്രദമായ രീതിയിൽ ഉപയോഗിച്ചുവരുന്നു. വികസനരംഗത്ത് സംസ്ഥാനം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയതും ഈ സർക്കാർ തുടർന്നുവരുന്നതുമായ ഫലപ്രദമായ ഇടപെടലുകൾ കേരളത്തെ ദേശീയതലത്തിൽ പല സൂചികകളിലും ഒന്നാം സ്ഥാനം നേടിത്തരുന്നതിന് സാദ്ധ്യമാക്കി. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ സംസ്ഥാനം തുടർച്ചയായി മൂന്ന് തവണ ഒന്നാം സ്ഥാനത്തെത്തി. ആരോഗ്യ സൂചികയുടെ നാല് പതിപ്പുകളിലും കേരളം ഒന്നാം സ്ഥാനത്തെത്തുകയുണ്ടായി.

2021 ഡിസംബറിൽ പുറത്തുവിട്ട National Multidimensional Poverty Index (NMPI) പ്രകാരം രാജ്യത്തെ ഏറ്റവും കുറഞ്ഞ ദാരിദ്ര്യമുള്ള (7 ശതമാനം) സംസ്ഥാനമായി കേരളം മാറുകയുണ്ടായി. അതിദാരിദ്ര്യം ഉൻമൂലനം ചെയ്യുന്നതിന് ലക്ഷ്യമിട്ടുള്ള സംസ്ഥാനത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത ക്ഷേമപ്രവർത്തനത്തിന്റെ ഫലമാണിത്. കൂടാതെ മറ്റനവധി ദേശീയതല റിപ്പോർട്ടുകളിലും കേരളത്തിന്റെ പ്രകടനം മികച്ചതാണെന്ന് കാണാവുന്നതാണ്.

(ബി) രാജ്യത്തെ പ്രധാന പരിസ്ഥിതിസൗഹൃദ പദ്ധതിയായ കെ-റെയിൽ, കേരളത്തിലെ റെയിൽവേ വികസനത്തിനും യാത്രാക്ലേശത്തിനും ഏതുതരത്തിൽ പ്രയോജനകരമാകുമെന്നാണ് കരുതുന്നതെന്നും ഇതിനായുള്ള തുടർപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

പരിസ്ഥിതി സൗഹൃദവും അപകടരഹിതവും വേഗതയുമുള്ള പൊതുഗതാഗത സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ ആസൂത്രണം ചെയ്തുവരുന്ന പദ്ധതിയാണ് സിൽവർലൈൻ അർദ്ധഅതിവേഗ പാത. നിലവിൽ 12-14 മണിക്കൂർ വേണ്ടിവരുന്ന അവസ്ഥയിൽനിന്ന് വിഭിന്നമായി വെറും നാല് മണിക്കൂറിനുള്ളിൽ സംസ്ഥാനത്തിന്റെ തെക്കേ അറ്റത്തുനിന്ന് വടക്കേ അറ്റത്തേക്ക് യാത്ര ചെയ്യാൻ സാദ്ധ്യമാകുന്ന പദ്ധതിയാണ് സിൽവർലൈൻ. വെറും ഒരു മണിക്കൂർ ഇരുപത്തിയഞ്ച് മിനിറ്റ് സമയംകൊണ്ട് എറണാകുളത്തുനിന്ന് തിരുവനന്തപുരത്തെത്താൻ സാധിക്കും. അതായത്, സ്വന്തം നാട്ടിൽ താമസിച്ചുകൊണ്ട് വിദൂര ജില്ലകളിലെ ജോലിസ്ഥലത്തേക്ക് ദൈനംദിനം പോയി വരാനുള്ള സൗകര്യമൊരുങ്ങും. സൗകര്യപ്രദവും ലോകത്തെ ഏറ്റവും മലിനീകരണം കുറഞ്ഞതുമായ ഈ പൊതുഗതാഗത സംവിധാനത്തെ പ്രവർത്തന വർഷം

തന്നെ പ്രതിദിനം 80000 പേർ ആശ്രയിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽ റോഡുപയോഗിക്കുന്ന അരലക്ഷം പേർ സിൽവർ ലൈനിലേക്ക് മാറും. 12872 വാഹനങ്ങൾ ആദ്യ വർഷം റോഡിൽനിന്ന് വിമുക്തമാക്കാൻ കഴിയും. അതുവഴി 530 കോടി രൂപയുടെ ഇന്ധനം പ്രതിവർഷം ലാഭിക്കാൻ സാധിക്കും. റോ റോ സർവ്വീസ് വഴി ദേശീയപാതകളിൽനിന്ന് നീങ്ങുക 500 -ഓളം ട്രക്കുകളാണ്. സിൽവർലൈൻ പദ്ധതി ഉപയോഗിക്കുക വഴി ദിവസേന 280000 മണിക്കൂർ മനുഷ്യസമയം ലാഭിക്കാൻ സാധിക്കും. കൂടാതെ കേരളത്തിലെ നിരത്തുകളിലെ ഗതാഗതകുരുക്കും വാഹനാപകടങ്ങളും അന്തരീക്ഷ മലിനീകരണവും കാർബൺ ബഹിർഗമനവും ഗണ്യമായി കുറയും. അതായത് 2025- ഓടെ 2.8 ലക്ഷം ടൺ കാർബൺ ബഹിർഗമനമില്ലാതാകും. നൂറു ശതമാനം പുനരുപയോഗ ഇന്ധന ഉപയോഗം ഹരിതഗൃഹ വാതക ബഹിർഗമനം കുറയ്ക്കും.

(സി) പ്രസ്തുത പരിസ്ഥിതി സൗഹാർദ്ദ പദ്ധതിക്കായി എത്ര തുക വേണ്ടി വരുമെന്നും ആയത് എത്ര സമയത്തിനുള്ളിൽ പൂർത്തിയാക്കുമെന്നും പദ്ധതി നടപ്പാക്കുക വഴി സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളും ആയതിന് സ്വീകരിച്ചുവരുന്ന തുടർപ്രവർത്തനങ്ങളും എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. അനുസരിച്ച് പദ്ധതി പൂർത്തീകരണത്തിനായി 63,941 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. റെയിൽവേ ബോർഡിൽനിന്നും അന്തിമ അനുമതി ലഭിച്ച് അഞ്ച് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. വെറും നാല് മണിക്കൂറിനുള്ളിൽ സംസ്ഥാനത്തിന്റെ തെക്കേ അറ്റത്തുനിന്ന് വടക്കേ അറ്റത്തേക്ക് യാത്ര ചെയ്യാൻ സാദ്ധ്യമാകുന്ന പദ്ധതിയാണ് സിൽവർലൈൻ. പദ്ധതിവഴി പ്രതിദിന മാനുഷിക സമയ ലാഭം 280000 മണിക്കൂറായാണ് കണക്കാക്കിയിരിക്കുന്നത്. ഇത്രയും സമയത്തെ മനുഷ്യവിഭവശേഷി മറ്റുതരത്തിൽ പ്രയോജനപ്പെടുത്താൻ പറ്റും. സൗകര്യപ്രദവും ലോകത്തെ ഏറ്റവും മലിനീകരണം കുറഞ്ഞതുമായ ഈ പൊതുഗതാഗത സംവിധാനത്തെ പ്രവർത്തനവർഷംതന്നെ പ്രതിദിനം 80000 പേർ ആശ്രയിക്കും. ഇതിൽ റോഡുപയോഗിക്കുന്ന അരലക്ഷം പേർ സിൽവർലൈനിലേക്ക് മാറും. 12872 വാഹനങ്ങൾ ആദ്യ വർഷം റോഡിൽനിന്ന് വിമുക്തമാക്കാൻ കഴിയും. അതുവഴി 530 കോടി രൂപയുടെ ഇന്ധനം പ്രതിവർഷം ലാഭിക്കുവാൻ സാധിക്കും. റോ റോ സർവ്വീസ് വഴി ദേശീയപാതകളിൽനിന്ന് നീങ്ങുന്നത് 500- ഓളം ട്രക്കുകളാണ്. കൂടാതെ കേരളത്തിലെ നിരത്തുകളിലെ ഗതാഗതകുരുക്കും വാഹനാപകടങ്ങളും

അന്തരീക്ഷ മലിനീകരണവും കാർബൺ ബഹിർഗമനവും ഗണ്യമായി കുറയും. അതായത്, 2025 -ഓടെ 2.8 ലക്ഷം ടൺ കാർബൺ ബഹിർഗമനം ഇല്ലാതാകും.

സിൽവർ ലൈൻ വഴി നഗരകേന്ദ്രങ്ങളിലേയ്ക്കുള്ള പ്രവേശനം എളുപ്പമാകുന്നതുവഴി സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തികവും വ്യാവസായികവുമായ വളർച്ച സാദ്ധ്യമാകും. നഗരകേന്ദ്രീകരണം വൻതോതിൽ ഒഴിവാക്കപ്പെടും. ഗ്രാമപ്രദേശങ്ങളിൽനിന്നുപോലും എളുപ്പത്തിൽ നഗരങ്ങളിലെത്താൻ ജനങ്ങൾക്ക് കഴിയുന്നതുകൊണ്ട് താമസം, ഭക്ഷണം എന്നിവ വഴിയുള്ള ജീവിതച്ചെലവ് വൻതോതിൽ കുറയും. 2025-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയും 50000 പേർക്കും പദ്ധതി പൂർത്തിയാക്കുമ്പോൾ 10000 പേർക്കും ജോലി ലഭിക്കും. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ-റെയിൽ) വഴി നടപ്പിലാക്കുന്ന തിരുവനന്തപുരം-കാസർഗോഡ് അർദ്ധഅതിവേഗ റെയിൽപാതയുടെ സാദ്ധ്യതാപഠന റിപ്പോർട്ട് കേരള സർക്കാർ അംഗീകരിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് റെയിൽവേ ബോർഡിന് സമർപ്പിക്കുകയും റെയിൽ മന്ത്രാലയം സിൽവർലൈൻ പദ്ധതിയുടെ പ്രീ-ഇൻവെസ്റ്റ്മെന്റ് ആക്ടിവിറ്റീസ്

ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് തത്വത്തിലുള്ള അംഗീകാരം നൽകുകയും ചെയ്തു. പദ്ധതിയുടെ വിശദപഠന റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ. പൂർത്തീകരിക്കുകയും കേരള സർക്കാർ ടി റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, നീതിആയോഗ് എന്നീ വകുപ്പുകൾ പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്രസാമ്പത്തികകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവനുസരിച്ച് അതിരടയാളക്കല്ലിടൽ, വിശദമായ സാമൂഹികാഘാത പഠനമടക്കമുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

## സിൽവർലൈൻ പദ്ധതി

79 (79) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-റെയിൽ കോർപ്പറേഷൻ വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന തിരുവനന്തപുരം-കാസർഗോഡ് അർദ്ധഅതിവേഗ റെയിൽപാതയുടെ (സിൽവർലൈൻ) വിശദമായ

പദ്ധതിരേഖയും സാദ്ധ്യതാപഠന റിപ്പോർട്ടും അലൈൻമെന്റും അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സിൽവർലൈൻ പദ്ധതിയുടെ സാദ്ധ്യതാപഠന റിപ്പോർട്ടിന് റെയിൽവേ ബോർഡ് തത്വത്തിൽ അംഗീകാരം നൽകി പ്രീ-ഇൻവെസ്റ്റ്മെന്റ് ആക്ടിവിറ്റീസ് ചെയ്യുന്നതിനുള്ള അനുമതി നൽകുകയും ചെയ്തു. കെ.ആർ.ഡി.സി.എൽ. നൽകിയ വിശദപഠന റിപ്പോർട്ട് അലൈൻമെന്റും കേരള സർക്കാർ അംഗീകരിച്ച് റെയിൽവേ ബോർഡിന്റെ അന്തിമ അനുമതിക്കുവേണ്ടി സമർപ്പിച്ചിരിക്കുകയാണ്.

(ബി) സിൽവർലൈൻ പദ്ധതിക്കായി കണക്കാക്കിയ തുക എത്രയാണെന്നും യഥാർത്ഥ തുക എസ്റ്റിമേറ്റ് തുകയുടെ ഇരട്ടിയോളം ആകുമെന്ന നീതിആയോഗ് നടത്തിയ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

സിൽവർലൈൻ പദ്ധതിയുടെ കംപ്ലീഷൻ കോസ്റ്റായി കണക്കാക്കിയിരിക്കുന്നത് 63,941 കോടി രൂപയാണ്. നീതിആയോഗ് ഇന്ത്യയിലെ മറ്റ് മെട്രോ പ്രോജക്ട് NCRTC, RRTS Project എന്നിവയുമായി താരതമ്യം ചെയ്ത് തുക കുറവാണ്

കണക്കാക്കിയിരിക്കുന്നതെന്ന ആശങ്ക അറിയിച്ചിരുന്നു. എന്നാൽ ഇതിനെക്കുറിച്ചുള്ള വിശദമായ മറുപടി നൽകുകയും നീതിആയോഗ് ഈ പദ്ധതിക്കായുള്ള വായ്പാ സ്വരൂപണത്തിന് കേന്ദ്ര ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് ശിപാർശ ചെയ്യുകയും ചെയ്തു.

(സി) പ്രസ്തുത പാതയ്ക്കായി പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ; പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഡി.പി.ആർ. തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ദ്രുതപരിസ്ഥിതി ആഘാത പഠനം നടത്തിയിരുന്നു. റിപ്പോർട്ട് KRDCL വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ഇതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും ഈ പദ്ധതിമൂലം അടിസ്ഥാന വികസന മേഖലയിലുണ്ടാകാനിടയുള്ള നഷ്ടങ്ങളും ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങളും വിലയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ദ്രുത പരിസ്ഥിതി റിപ്പോർട്ട് തയ്യാറാക്കിയത് തിരുവനന്തപുരം ആസ്ഥാനമായുള്ള Centre For Environment Development എന്ന സ്ഥാപനമാണ്. ഈ പദ്ധതിമൂലം ഉണ്ടാകാനിടയുള്ള പരിസ്ഥിതി

ആഘാതം, നിർമ്മാണഘട്ടത്തിലും പ്രവർത്തനഘട്ടത്തിലും തക്കതായ നടപടികളെടുത്ത് കുറയ്ക്കാനാകുമെന്നാണ് ഈ റിപ്പോർട്ട് വിലയിരുത്തുന്നത്.

(ഇ) കെ-റെയിൽ പദ്ധതിയുടെ ആക്സിൽ ലോഡ് പതിനേഴ് ടൺ ആയതിനാൽ ചരക്ക് ട്രെയിനുകൾ ഓടിക്കാൻ സാധിക്കില്ലെന്നും ഹൈബ്രിഡ് മോഡൽ നടപ്പിലാക്കി സാമ്പത്തിക ലാഭം നേടാൻ സാധിക്കില്ലെന്നും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഇല്ല.

(എഫ്) കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ഏതെങ്കിലും അനുമതി പ്രസ്തുത പദ്ധതിക്ക് ലഭിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ?

ഈ പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ടിന് റെയിൽവേ ബോർഡിൽനിന്നും തത്വത്തിലുള്ള അംഗീകാരവും പ്രീ-ഇൻവെസ്റ്റ്മെന്റ് ആക്ടിവിറ്റീസ് ഏറ്റെടുത്ത് നടത്താനുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്.

(ജി) ഇല്ലെങ്കിൽ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിന് മുമ്പ് സംസ്ഥാന സർക്കാർ പ്രസ്തുത പദ്ധതിക്കായുള്ള സർവ്വേ നടപടികളും ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ടുപോകുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?

കേന്ദ്ര റെയിൽ മന്ത്രാലയത്തിൽനിന്ന് തത്വത്തിൽ അംഗീകാരം ലഭിച്ച പദ്ധതിയാണ് സിൽവർലൈൻ. കേന്ദ്രഗവൺമെന്റിന്റെ ധനകാര്യ വിഭാഗത്തിന്റെ നിലവിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പ്രാഥമിക ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കും. നിലവിൽ സാമൂഹികാഘാത പഠനവും ഇതിനുവേണ്ടിയുള്ള അതിരടയാളകല്ലുകൾ സ്ഥാപിക്കാനുമുള്ള അനുമതി മാത്രമാണ് നൽകിയിരിക്കുന്നത്.

## സിൽവർ ലൈൻ പദ്ധതി

80 (80) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിക്ക് പകരമായി സബർബൻ റെയിൽപ്പാത, വന്ദേഭാരത് ട്രെയിൻ എന്നിവ നടപ്പാക്കുന്നതാണ് ഉചിതമെന്ന ചിലരുടെ പ്രചരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ യഥാർത്ഥ വസ്തുത വിശദമാക്കാമോ?

തിരുവനന്തപുരം-ചെങ്ങന്നൂർ സബർബൻ റെയിൽ സംസ്ഥാന സർക്കാർ മുന്നോട്ടുവച്ച പദ്ധതിയാണ്. ഓട്ടോമാറ്റിക് സിഗ്നലിംഗ് ഏർപ്പെടുത്തി, കൂടുതൽ തീവണ്ടികൾ ഓടിക്കുന്നതിനായിരുന്ന പദ്ധതി

വിഭാവനം ചെയ്തത്. ഇന്റർസിറ്റി യാത്രക്കാർക്കുവേണ്ടി ആസൂത്രണം ചെയ്ത ഈ പദ്ധതി റെയിൽവേ അംഗീകരിച്ചിരുന്നില്ല. നിലവിലുള്ള രണ്ടുവരി പാതകൾ ദീർഘദൂരവണ്ടികൾക്കും ചരക്കുവണ്ടികൾക്കുംവേണ്ടി നിർമ്മിച്ചതായതിനാൽ ഇന്റർസിറ്റി യാത്രയ്ക്ക് രണ്ട് അധിക പാതകൾ നിർമ്മിക്കാനായിരുന്നു റെയിൽ മന്ത്രാലയത്തിന്റെ നിർദ്ദേശം. അതനുസരിച്ചാണ് 200 കിലോമീറ്റർ വേഗതയിൽ രണ്ട് അധിക ലൈനുകളുമായി സംസ്ഥാന സർക്കാർ സിൽവർലൈൻ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. വന്ദേഭാരത് ട്രെയിനുകളുടെ വേഗത 160 കിലോമീറ്ററാണ്. എന്നാൽ, കേരളത്തിലെ ട്രാക്കുകൾക്ക് മണിക്കൂറിൽ 80 കിലോമീറ്റർ മുതൽ 110 കിലോമീറ്റർ വരെ വേഗതയെ കൈവരിക്കാൻ സാധിക്കുകയുള്ളൂ. വന്ദേഭാരത് ട്രെയിനുകൾ കേരളത്തിൽ ഓടുകയാണെങ്കിൽ, ജനശതാബ്ദി, രാജധാനി തുടങ്ങിയ ട്രെയിനുകളുടെ അതേ റണ്ണിംഗ് ടൈം വേണ്ടിവരും. വേഗത കൂട്ടാനും വേഗത കുറയ്ക്കാനും കഴിയുന്ന വന്ദേഭാരത് ട്രെയിനുകളുടെ ഇ.എം.യു. തരം കോച്ചുകൾ കാരണം സമയത്തിന്റെ പത്ത് ശതമാനം കുറവ് സാദ്ധ്യമായേക്കാം. എന്നാൽ വന്ദേഭാരത് ട്രെയിനുകൾ മണിക്കൂറിൽ 160 കിലോമീറ്റർ വേഗതയിൽ ഓടുന്നതിന് അനുയോജ്യമാക്കുന്നതിന് കേരളത്തിൽ നിലവിലുള്ള റെയിൽവേ ശൃംഖല നവീകരിക്കുന്നതിന്,

നിലവിലുള്ള ട്രാക്കിന്റെ 36 ശതമാനം നീളമുള്ള 626 വളവുകൾ വളരെ ഉയർന്ന മൂലധനച്ചെലവിൽ നേരെയാക്കേണ്ടതാണ്. ട്രെയിൻ സർവ്വീസുകൾ നടത്തുന്നതിനൊപ്പം നവീകരണവും നടത്തേണ്ടതിനാൽ ഈ നവീകരണ പ്രക്രിയയ്ക്ക് 10 മുതൽ 20 വർഷം വരെ എടുത്തേക്കാം. കൂടാതെ കേരളത്തിലെ നിലവിലുള്ള റെയിൽവേ ശൃംഖലയിൽ ഇത്രയധികം വന്ദേഭാരത് ട്രെയിനുകൾ ഓടിക്കാൻ കഴിയില്ല. തിരക്കുള്ള സമയങ്ങളിൽ ഓരോ ഇരുപത് മിനിറ്റിലും 200 കി.മി വേഗതയിൽ ഒരു ട്രെയിൻ വീതം ഓരോ ദിശയിലും ദിവസവും 37 ട്രെയിനുകൾ ഓടിക്കാൻ സിൽവർലൈൻ പദ്ധതി വഴി സാധിക്കും. സ്വകാര്യ വാഹനങ്ങളിൽനിന്ന് ബഹുജന പൊതുഗതാഗത സംവിധാനത്തിലേക്ക് മാറുന്നതിന് റോഡ് ഉപയോക്താക്കളെ ആകർഷിക്കുന്നതിനായി കേരളത്തിനുള്ളിൽ ഇടയ്ക്കിടെ അതിവേഗ ഇന്റർസിറ്റി ട്രെയിനുകൾ ഓടിക്കുക എന്നതാണ് സിൽവർലൈനിന്റെ ഉദ്ദേശ്യം.

(ബി) അറുപത്തിനാലായിരം കോടി രൂപയോളം മുടക്കി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള സിൽവർ ലൈൻ പദ്ധതി ലാഭകരമായി നടപ്പിലാക്കാൻ സാധിക്കുമോയെന്നും പ്രസ്തുത പദ്ധതിയിൽനിന്നും

പ്രതീക്ഷിക്കുന്ന ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ എത്രയാണെന്നും വിശദമാക്കാമോ?

2009-2016-ൽ വിഭാവനം ചെയ്ത അതിവേഗ റെയിൽപ്പാതയ്ക്ക് 1.18 ലക്ഷം കോടി രൂപയാണ് ചെലവ് കണക്കാക്കിയിരുന്നത്. എന്നാൽ സിൽവർ ലൈൻ പദ്ധതിക്ക് ആകെ ചെലവ് പ്രതീക്ഷിക്കുന്നത് 63,941 കോടി രൂപയാണ്. 63,941 കോടി രൂപയിൽ 6,085 കോടി രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നികുതി വിഹിതമാണ്. 975 കോടി രൂപ ഇന്ത്യൻ റെയിൽവേയുടെ ഭൂമിയുടെ വിഹിതമാണ്. ബാക്കി വരുന്ന 56,881 കോടി രൂപ അഞ്ച് വർഷം കൊണ്ടാണ് ചെലവാക്കുന്നത്. എ.ഡി.ബി, എ.ഐ.ഐ.ബി. പോലുള്ള ധനകാര്യ സ്ഥാപനങ്ങൾ 20 വർഷം വരെ തിരിച്ചടവുള്ള വായ്പകളാണ് അനുവദിക്കുന്നത്. ജൈക്കപോലുള്ള ധനകാര്യ സ്ഥാപനങ്ങളാകട്ടെ, വായ്പയുടെ തിരിച്ചടവിന് 40 വർഷം വരെ കാലാവധി അനുവദിക്കുന്നുണ്ട്. വളരെ ചെറിയ പലിശയാണ് ഇവർ ഈടാക്കുന്നത്. ജാപ്പനീസ് ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജൈക്ക) 0.2 ശതമാനവും ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും ഒന്ന് മുതൽ 1.5 ശതമാനം വരെയുമാണ് പലിശ ഈടാക്കുന്നത്. പദ്ധതിയുടെ ഫിനാൻഷ്യൽ ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ

(എഫ്.ഐ.ആർ.ആർ.) 8.49 ശതമാനവും എക്കണോമിക് ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ (ഇ.ഐ.ആർ.ആർ.) 24.04 ശതമാനവുമാണ്. 14 ശതമാനത്തിന് മുകളിൽ ഇ.ഐ.ആർ.ആർ. ഉള്ള പദ്ധതികൾ മികച്ച പദ്ധതികളായാണ് വിലയിരുത്തപ്പെടുന്നത്. ഡി.പി.ആർ. പ്രകാരം, പദ്ധതിയുടെ വായ്പാ തിരിച്ചടവ് പദ്ധതിയുടെ വരുമാനത്തിൽനിന്നുതന്നെ സാദ്ധ്യമാണ്.

(സി) ആവശ്യമായ അനുമതികൾ ലഭ്യമായിക്കഴിഞ്ഞാൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്; പ്രവർത്തനങ്ങളുടെ പ്രതീക്ഷിക്കുന്ന സമയക്രമം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

എല്ലാ അനുമതികളും ലഭ്യമായിക്കഴിയുന്നതോടെ 2025-ൽ തന്നെ പദ്ധതി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ആഗോള ടെണ്ടറിലൂടെയാണ് നിർമ്മാണ കമ്പനികളെ കണ്ടെത്തുന്നത്. അഞ്ച് ഇ.പി.സി. (എഞ്ചിനീയറിംഗ്, പ്രൊക്യൂവർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ) പാക്കേജുകളിലായാണ് നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഫണ്ടിംഗ് പാക്കേജിന്റെ അടിസ്ഥാനത്തിലാണ് ഈ വിഭജനം. അഞ്ച് പാക്കേജുകളിലും ഒരേസമയം നിർമ്മാണം നടത്താനാണ്

ഉദ്ദേശിക്കുന്നത്. ശാസ്ത്രീയമായ പദ്ധതി നടത്തിപ്പിലൂടെ വർഷം മുഴുവൻ രാപ്പകൽ ഭേദമന്യേ പ്രവൃത്തി നടക്കും. അഞ്ച് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് അടിസ്ഥാനത്തിലാണ് സിൽവർവൈൻ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. രണ്ട് കൊല്ലത്തിനകം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയാൽ അടുത്ത മൂന്ന് വർഷം കൊണ്ട് പണിപൂർത്തിയാക്കും.

## സിൽവർലൈൻ പദ്ധതി

81 (81) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽപ്പാതയായ സിൽവർലൈൻ പാതയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ-റെയിൽ) വഴി നടപ്പിലാക്കുന്ന തിരുവനന്തപുരം-കാസർഗോഡ് അർദ്ധഅതിവേഗ റെയിൽപ്പാതയുടെ സാദ്ധ്യതാപഠന റിപ്പോർട്ട് കേരള സർക്കാർ അംഗീകരിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് റെയിൽവേ ബോർഡിന് സമർപ്പിക്കുകയും റെയിൽ മന്ത്രാലയത്തിന്റെ കത്ത് പ്രകാരം

സിൽവർലൈൻ പദ്ധതിയുടെ പ്രീ-ഇൻവെസ്റ്റ്മെന്റ് ആക്ടിവിറ്റീസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് തത്വത്തിലുള്ള അംഗീകാരം ലഭിക്കുകയും ചെയ്തു. തുടർന്ന് പദ്ധതിയുടെ വിശദപഠന റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ. പൂർത്തീകരിക്കുകയും ടി റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, നീതിആയോഗ് എന്നീ വകുപ്പുകൾ പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്രസാമ്പത്തികകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവനുസരിച്ച് അതിരടയാളക്കല്ലിടൽ, വിശദമായ സാമൂഹികാഘാത പഠനം അടക്കമുള്ള പ്രാരംഭപ്രവർത്തനങ്ങൾക്കുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ബി) ഇതിനുവേണ്ടി കേന്ദ്രത്തിന്റെയോ റെയിൽവേ ബോർഡിന്റെയോ ഏതെങ്കിലും അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

റെയിൽ മന്ത്രാലയത്തിന്റെ കത്ത് പ്രകാരം സിൽവർലൈൻ പദ്ധതിയുടെ പ്രീ-ഇൻവെസ്റ്റ്മെന്റ് ആക്ടിവിറ്റീസ് ഉൾപ്പെടെയുള്ള

നടപടിക്രമങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് തത്വത്തിലുള്ള അംഗീകാരം ലഭിക്കുകയുണ്ടായി. തുടർന്ന് കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, നീതിആയോഗ് എന്നീ വകുപ്പുകൾ പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്രസാമ്പത്തികകാര്യ മന്ത്രാലയത്തിന് നൽകുകയും ചെയ്തു.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഇതിനകം ഏതെല്ലാം പഠനങ്ങൾ ആരെല്ലാം നടത്തിയെന്നുള്ള റിപ്പോർട്ടും വിശദാംശങ്ങളും ലഭ്യമാക്കുമോ?

പദ്ധതിക്കായി ആദ്യഘട്ടത്തിൽ ഒരു പ്രീ-ഫീസിബിലിറ്റി സ്റ്റഡി അഥവാ പ്രിലിമിനറി സർവ്വേ നടത്തിയിരുന്നു. തുടർന്ന് തിരുവനന്തപുരം-കാസർഗോഡ് അർദ്ധഅതിവേഗ റെയിൽപ്പാതയുടെ സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കുകയും ടി റിപ്പോർട്ട് കേരള സർക്കാർ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് റെയിൽവേ ബോർഡ് അംഗീകരിച്ചതിനാൽ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും കേരള സർക്കാർ അംഗീകരിച്ച് റിപ്പോർട്ട് റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ചെയ്തു. ട്രാഫിക്ക് & ട്രാൻസ്പോർട്ടേഷൻ സർവ്വേ, ഭൂമി ഗവേഷണ പഠനം, ദ്രുതപരിസ്ഥിതി ആഘാത പഠനം, ലിഡാർ സർവ്വേ

തുടങ്ങിയ വിശദ പഠനങ്ങൾ നടത്തുകയും പ്രസ്തുത റിപ്പോർട്ടുകൾ ക്രോഡീകരിച്ചുകൊണ്ടുള്ള ഡി.പി.ആർ. സർക്കാർ അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു.

(ഡി) ഇപ്പോൾ പ്രസിദ്ധീകരിച്ച ഡി.പി.ആർ. അന്തിമമാണോയെന്ന് അറിയിക്കുമോ?

അതെ.

(ഇ) പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല്, മണ്ണ് തുടങ്ങിയ നിർമ്മാണസാമഗ്രികൾ എത്ര അളവിൽ വേണ്ടിവരുമെന്നും അവ എവിടെനിന്നും കണ്ടെത്തുമെന്നും വിശദമാക്കുമോ?

എംബാങ്ക്മെന്റുകളുടെ നിർമ്മാണത്തിനാവശ്യമായ പ്രകൃതിവിഭവങ്ങൾ വിവിധ കേന്ദ്രങ്ങളിൽനിന്നും സമാഹരിക്കാനാകും. പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത രീതിയിൽ ഇത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. വിഴിഞ്ഞം തുറമുഖ പദ്ധതിയുൾപ്പെടെയുള്ള വൻകിടപദ്ധതികൾക്കും ഇത്തരത്തിൽ പ്രകൃതിവിഭവ സമാഹരണം ആവശ്യമായി വന്നിട്ടുണ്ട്. റോഡ് നിർമ്മാണത്തിനുശേഷം ആവശ്യമായിവരുന്ന വീതികൂട്ടൽ പോലുള്ള വികസനത്തിനും പരിപാലനത്തിനും ആവർത്തന ചെലവ് അനിവാര്യമാണ്. എന്നാൽ സിൽവർലൈൻ പോലുള്ള റെയിൽവേ

പദ്ധതികൾക്ക് ഇത്തരത്തിലുള്ള ആവർത്തന ചെലവ് ആവശ്യമായി വരാത്തതിനാൽ പ്രകൃതി വിഭവങ്ങളുടെ ഉപയോഗം താരതമ്യേന കുറവാണ്. ഇന്ത്യൻ ഗ്രീൻ ബിൽഡിംഗ് കൗൺസിലിന്റെ പ്ലാറ്റിനം റേറ്റിംഗ് നിലവാരത്തെ ആസ്പദമാക്കി ഹരിത പ്രോട്ടോക്കോൾ അവലംബിക്കുന്നതിനാൽ സാധാരണ ഇത്തരം നിർമ്മാണ പ്രക്രിയയ്ക്ക് വിനിയോഗിക്കേണ്ടി വരുന്നത്ര പ്രകൃതിവിഭവങ്ങൾ സിൽവർ ലൈനിനായി ഉപയോഗിക്കേണ്ടി വരില്ലെന്നാണ് കണക്കാക്കുന്നത്. പ്രകൃതി വിഭവങ്ങൾ ഏറ്റവും കുറഞ്ഞ അളവിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ പഠനങ്ങൾ നടന്നുവരുന്നുണ്ട്. അവയുടെ കണ്ടെത്തലുകൾ വന്നശേഷം മാത്രമെ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ.

(എഫ്) പ്രസ്തുത പദ്ധതിക്ക് എത്ര ഭൂമി ആവശ്യമാണെന്നും ഇതിൽ സ്വകാര്യ ഭൂമി, സർക്കാർ ഭൂമി, റെയിൽവേയുടെ ഉടമസ്ഥതയിലുള്ള ഭൂമി എന്നിവ എത്രയാണെന്നും വ്യക്തമാക്കാമോ?

ഡി.പി.ആർ. പ്രകാരം 1383 ഹെക്ടർ ഭൂമിയാണ് ആവശ്യമായി വരുന്നത്. ഇതിൽ 185 ഹെക്ടർ ഭൂമിയാണ് സർക്കാർ/റെയിൽവേ ഭൂമിയായിവരുന്നത്.

<u>സിൽവർലൈൻ പദ്ധതി</u>

82 (82) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട ശരിയായ നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകുന്ന സാഹചര്യത്തിൽ വീടുകൾ നഷ്ടപ്പെടുന്നവർ ജനാധിപത്യപരമായി സമരം ചെയ്യുമ്പോൾ അവരെ ഭീഷണിപ്പെടുത്തുകയും അനധികൃതമായി കല്ലുകൾ സ്ഥാപിക്കുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രറെയിൽവേ ബോർഡിൽനിന്ന് തത്വത്തിൽ അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രീ-ഇൻവെസ്റ്റ്മെന്റ് ആക്ടിവിറ്റീസ് എന്ന നിലയിൽ ഭൂമി ഏറ്റെടുക്കലിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നത്. നിയമപരമായ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് ഈ പ്രവൃത്തികൾ നടക്കുന്നത്. സാമൂഹികാഘാതപഠനം നടത്തുന്നതിന് മുന്നോടിയായി സിൽവർലൈൻ പദ്ധതിയുടെ അലൈൻമെന്റിൽ അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നതിന് 1961-ലെ കേരള സർവ്വേ അതിരടയാള നിയമത്തിലെ 6(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഈ നടപടിക്രമങ്ങൾ

നിയമപരമാണെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഉത്തരവ് പുറപ്പെടുവിച്ചതുമാണ്.

(ബി) കോവിഡ് നിയന്ത്രണങ്ങൾ നിലനിൽക്കുമ്പോൾ അതിന് വിരുദ്ധമായി കെ-റെയിൽ ഉദ്യോഗസ്ഥർ പോലീസ് സന്നാഹവുമായി കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിച്ച നടപടി ശരിയാണോയെന്ന് അറിയിക്കുമോ?

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ഉദ്യോഗസ്ഥർ അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നത്.

(സി) യാതൊരു മുന്നറിയിപ്പുമില്ലാതെ പുരയിടങ്ങളിലും വീടുകളിലും അനധികൃതമായി കടന്നുചെന്ന് ജനങ്ങളെ ഭീഷണിപ്പെടുത്തിയതിന്റെ പേരിൽ പെട്രോൾ ഒഴിച്ച് കൂട്ടആത്മഹത്യക്ക് ശ്രമിച്ചതിന്റെ വാർത്തകൾ ദൃശ്യമാധ്യമങ്ങളിൽ വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനിടയാക്കിയ ഉദ്യോഗസ്ഥർക്കെതിരെ ആത്മഹത്യ പ്രേരണാകുറ്റത്തിന് നടപടിയെടുക്കുമോ?

അതിരടയാള കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി തടസ്സപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ചില തല്പരകക്ഷികൾ നടത്തിയ കുപ്രചാരണങ്ങളുടെ ഫലമായി ചില കേന്ദ്രങ്ങളിൽ സ്ഥലമുടമകൾ ആത്മഹത്യാശ്രമം

നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ശാസ്ത്രീയമായ പഠനങ്ങൾ നടത്താതെയും വൻപദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർത്തിയാക്കാതെയും ജനങ്ങളെ വേണ്ടവിധത്തിൽ ബോദ്ധ്യപ്പെടുത്താതെയും ഭീഷണിപ്പെടുത്തിയും മുന്നോട്ടുപോകുമ്പോൾ ഇതുപോലുള്ള ആത്മഹത്യകൾ നടന്നാൽ അതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കുമോ?

പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയാറാക്കുന്നതിന്റെ ഭാഗമായി എല്ലാവിധ ശാസ്ത്രീയ പഠനങ്ങളും നടത്തിയിട്ടുണ്ട്. റെയിൽവേ ബോർഡ് തത്വത്തിൽ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് സാമൂഹികാഘാത പഠനത്തിനുവേണ്ടി അലൈൻമെന്റിൽ അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിലുള്ള സംശയങ്ങളും ആശങ്കകളും ദൂരീകരിച്ചുകൊണ്ട് പദ്ധതിയുമായി മുന്നോട്ടുപോകുന്നതാണ്.

<u>സിൽവർലൈൻ പദ്ധതിക്കായി ചെലവായ തുക</u>

83 (83) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് അർദ്ധ അതിവേഗ റെയിൽപാതയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും റാപ്പിഡ് എൻവയോൺമെന്റ് ഇംപാക്ട് സ്റ്റഡി റിപ്പോർട്ടിനും തുടങ്ങി സിൽവർലൈൻ പദ്ധതിക്കായി നാളിതുവരെ ഏതെല്ലാം വിഭാഗത്തിൽ എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വിശദവിവരം ലഭ്യമാക്കുമോ?

ഡി.പി.ആർ. തയ്യാറാക്കുന്നതടക്കമുള്ള പ്രവൃത്തികൾക്കായി ജനറൽ കൺസൾട്ടന്റായ സിസ്ട്രക്ക് 22.27 കോടി രൂപ നൽകിയിട്ടുണ്ട്. റാപ്പിഡ് ഇ.ഐ.എ. പഠനവുമായി ബന്ധപ്പെട്ട് സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തിന് 29.85 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതം ഇതിനകം അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിശദവിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സിൽവർലൈൻ പദ്ധതി

84 (84) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിക്ക് നിലവിൽ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോയെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്നും വിശദമാക്കാമോ?

കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെ കത്ത് പ്രകാരം സിൽവർലൈൻ പദ്ധതിയുടെ പ്രീ-ഇൻവെസ്റ്റ്മെന്റ് ആക്ടിവിറ്റീസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് തത്വത്തിലുള്ള അംഗീകാരം ലഭിച്ചിരുന്നു. കൂടാതെ, കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, നീതിആയോഗ് എന്നീ വകുപ്പുകൾ പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്രസാമ്പത്തികകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. ഡി.പി.ആർ. പ്രകാരം പ്രസ്തുത പദ്ധതിക്കായി 3417.467 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതായി വരുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

സിൽവർലൈൻ പദ്ധതിക്ക് 17-12-2019-ൽ റെയിൽ മന്ത്രാലയത്തിൽ നിന്നും തത്വത്തിലുള്ള അംഗീകാരം ലഭിച്ച് ആറുമാസത്തിനുള്ളിൽ 17-06-2020-ന് ഡി.പി.ആർ. സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ റെയിൽവേ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

(സി) പുതുക്കിയ കേന്ദ്ര ബഡ്ജറ്റിൽ സിൽവർലൈനിന് സമാനമായ പദ്ധതി പ്രഖ്യാപിച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സിൽവർലൈനിന് സമാനമായ പദ്ധതികളൊന്നും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. വന്ദേഭാരത് ട്രെയിനുകൾ 160 കിലോമീറ്റർ വേഗതയിൽ മാത്രമാണ് ഓടിക്കാൻ കഴിയുന്നത്. എന്നാൽ കേരളത്തിലെ ട്രാക്കുകൾക്ക് മണിക്കൂറിൽ 80 കിലോമീറ്റർ മുതൽ 110 കിലോമീറ്റർ വരെ വേഗതയെ കൈവരിക്കാൻ സാധിക്കുകയുള്ളൂ. വന്ദേഭാരത് ട്രെയിനുകൾ കേരളത്തിൽ ഓടുകയാണെങ്കിൽ ജനശതാബ്ദി, രാജധാനി തുടങ്ങിയ ട്രെയിനുകളുടെ അതേ റണ്ണിംഗ് ടൈം മാത്രമെ നേടാനാകുകയുള്ളൂ. വന്ദേഭാരത് ട്രെയിനുകൾ മണിക്കൂറിൽ 160 കിലോമീറ്റർ വേഗതയിൽ ഓടുന്നതിന് അനുയോജ്യമാക്കുന്നതിന് കേരളത്തിൽ നിലവിലുള്ള റെയിൽവേ ശൃംഖല നവീകരിക്കുന്നതിന് നിലവിലുള്ള ട്രാക്കിന്റെ 36 ശതമാനം നീളമുള്ള 626

വളവുകൾ വളരെ ഉയർന്ന മൂലധനച്ചെലവിൽ നേരെയാക്കേണ്ടതായുണ്ട്. ട്രെയിൻ സർവ്വീസുകൾ നടത്തുന്നതിനൊപ്പം നവീകരണവും നടത്തേണ്ടതിനാൽ ഈ നവീകരണ പ്രക്രിയയ്ക്ക് 10 മുതൽ 20 വർഷം വരെ സമയമെടുത്തേയ്ക്കാം. തിരക്കുള്ള സമയങ്ങളിൽ ഓരോ ഇരുപത് മിനിറ്റിലും 200 കി.മീ. വേഗതയിൽ ഒരു ട്രെയിൻ വീതം ഓരോ ദിശയിലും ദിവസവും 37 ട്രെയിനുകൾ ഓടിക്കാൻ സിൽവർലൈൻ പദ്ധതി വഴി സാധിക്കും. സ്വകാര്യ വാഹനങ്ങളിൽനിന്ന് ബഹുജന പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് മാറുന്നതിന് റോഡ് ഉപയോക്താക്കളെ ആകർഷിക്കുന്നതിനായി കേരളത്തിനുള്ളിൽ ഇടയ്ക്കിടെ അതിവേഗ ഇന്റർസിറ്റി ട്രെയിനുകൾ ഓടിക്കുകയെന്നതാണ് സിൽവർലൈനിന്റെ ഉദ്ദേശ്യം.

അതിവേഗ റെയിൽ പദ്ധതിക്കായി ചെലവഴിച്ച തുക

85 (85) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മുതൽ 2016 മേയ് വരെയുള്ള കാലയളവിൽ അതിവേഗ റെയിൽ പദ്ധതിക്കായി തുക ചെലവഴിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

(എ & ബി) 2009-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കാസർഗോഡിനെയും തിരുവനന്തപുരത്തെയും ബന്ധിപ്പിക്കുന്ന ഒരു ഹൈസ്പീഡ് റെയിൽ കോറിഡോർ കേരളത്തിൽ സ്ഥാപിക്കാൻ വിഭാവനം ചെയ്യുന്നുണ്ടെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന് തുടർച്ചയായി പദ്ധതിയുടെ മുൻകൂർ സാധ്യതാപഠനം നടത്താനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ (DMRC) ചുമതലപ്പെടുത്തുകയും തുടർന്ന് 13-02-2012-ൽ കൂടിയ സർവ്വകക്ഷി സമ്മേളനത്തിന്റെ തീരുമാനപ്രകാരം വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കുന്നതിനുള്ള ചുമതല DMRC-യെ ഏൽപ്പിക്കുകയുമുണ്ടായി. പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി-'കേരള ഹൈ സ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KHSRCL)' എന്ന പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. അതിവേഗ റെയിൽ പദ്ധതിക്കായി 2011-16 കാലയളവിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതവും ചെലവും ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ചെലവ് റിമാർക്സ് (തുക ലക്ഷത്തിൽ) |
|---|---|---|

| | | |
|---|---|---|
| 2011-12 | 5000 | 5000 |
| 2012-13 | 100 | 100 |
| 2013-14 | 1 | 0 |
| 2014-15 | 1 | 0 |
| 2015-16 | 1 | 0 |

## പാലങ്ങളുടെ നിർമ്മാണം

86 (86) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാലിന്റെ രണ്ടാം റീച്ചിലെ കോട്ടപ്പള്ളി പാലത്തിന്റെയും നാലാം റീച്ചിലെ കളിയാംവെള്ളി പാലത്തിന്റെയും ഡിസൈൻ, എസ്റ്റിമേറ്റ്, ലാൻഡ് അക്വിസിഷൻ എന്നിവ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ് വഴി തയ്യാറാക്കുന്ന ഡിസൈൻ യഥാസമയം ലഭിച്ചില്ലെങ്കിൽ പ്രവൃത്തിക്ക് കാലതാമസം വരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ?

(എ&ബി) കോട്ടപ്പള്ളി പാലത്തിന്റെയും കളിയാംപള്ളി പാലത്തിന്റെയും ഡിസൈൻ ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ് (IDRB)-ൽ നിന്നും ലഭ്യമായിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്. അപ്രോച്ച് റോഡിനുവേണ്ടിയുള്ള ലാൻഡ് അക്വിസിഷന്റെ വാല്യുവേഷൻ പൂർത്തിയായി. ഉടമകൾക്ക് പണം കൈമാറുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

പ്രസ്തുത പാലങ്ങളുടെ നിർമ്മാണം 2023 ഒക്ടോബറിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഡിസൈൻ തിരുവനന്തപുരം ആസ്ഥാനമായുള്ള ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡാണ് തയ്യാറാക്കി നൽകിയത്. പാലത്തിനുപുറമെ ഇരുകരകളിലും ഓരോ ലാൻഡ് സ്പാൻ കൂടി ഉൾപ്പെടുത്തിയ ഡിസൈനാണ് തയ്യാറാക്കിയിട്ടുള്ളത്. കോട്ടപ്പള്ളി പാലം അബട്ട്മെന്റ് ഉൾപ്പെടെ ആകെ 74.400 മീറ്റർ നീളമുണ്ട്.

35 മീറ്റർ Reinforced Cement Concrete pre-stressed T-Girder പാലവും ഇരുവശങ്ങളിലും 14.50 മീറ്റർ Reinforced Cement Concrete T-Girder ലാൻഡ് സ്പാനുകളുമാണുള്ളത്. ഇരുവശത്തും ഫുട്പാത്തുകളോട് കൂടിയ പാലമാണിത്. പാലത്തിന്റെ ഇരുകരകളിലുമായി ലാൻഡ് സ്പാനിന്റെ വശങ്ങളിൽ 8.10 മീറ്റർ ഉയരത്തിൽ Reinforced Cement Concrete Counter fort Abutment ആണ് നൽകിയിട്ടുള്ളത്. പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡിനുവേണ്ടി 7.8 മീറ്റർ ഉയരമുള്ള Reinforced Cement Concrete Counter fort സംരക്ഷണഭിത്തിയും നൽകിയിട്ടുണ്ട്. കളിയാംപള്ളി പാലം Abutment ഉൾപ്പെടെ 75.50 മീറ്റർ നീളമുണ്ട്. 35 മീറ്റർ Reinforced Cement Concrete Pre-stressed T-Girder പാലവും ഇരുവശങ്ങളിൽ 14.50 മീറ്റർ Reinforced Cement Concrete T-Girder ലാൻഡ് സ്പാനുകളുമാണുള്ളത്. ഇരുവശത്തും ഫുട്പാത്തുകളോടുകൂടിയ പാലമാണിത്. പാലത്തിന്റെ ഇരുകരകളിലുമായി ലാൻഡ് സ്പാനിന്റെ വശങ്ങളിൽ 9.20 മീറ്റർ ഉയരത്തിൽ Reinforced Cement Concrete (RCC) counter fort abutment ആണ് നൽകിയിട്ടുള്ളത്. പാലത്തിനുവേണ്ടിയുള്ള അപ്രോച്ച് റോഡിനുവേണ്ടി 9.20 മീറ്റർ ഉയരമുള്ള RCC counter fort abutment സംരക്ഷണഭിത്തിയും നൽകിയിട്ടുണ്ട്.

## ചേറ്റുവ-പൊന്നാനി ദേശീയ ജലപാത

87 (87) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേറ്റുവ മുതൽ പൊന്നാനി വരെയുള്ള ദേശീയ ജലപാതയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ?

വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായുള്ള പൊന്നാനി-ചേറ്റുവ കനാലിന്റെ കോട്ടപ്പുറം മുതൽ അണ്ടത്തോട് വരെയുള്ള ഭാഗത്ത് ദേശീയ ജലപാതയുടെ വികസനവുമായി ബന്ധപ്പെട്ട് കനാലിന് കുറുകെയുള്ള കേട്ടുപാടുകൾ സംഭവിച്ച 14 പാലങ്ങൾ ദേശീയ ജലപാത നിലവാരമനുസരിച്ച് പുനർനിർമ്മിക്കുന്നതിന് മുന്നോടിയായി നടത്തേണ്ട മണ്ണ് പര്യവേക്ഷണ പ്രവൃത്തികൾക്ക് അനുമതി നൽകിയിരുന്നു. 10 പാലങ്ങളുടെ മണ്ണ് പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള നാല് പാലങ്ങളുടെ മണ്ണ് പര്യവേക്ഷണ പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പി.സി. കനാലിന്റെ അണ്ടത്തോട് മുതൽ ഭാരതപ്പുഴ വരെയുള്ള ഭാഗത്ത് റോഡ് പാലങ്ങളും നടപ്പാലങ്ങളും ഉൾപ്പെടെ 11 ക്രോസ് സ്ട്രക്ച്ചറുകൾ ദേശീയ ജലപാതാ നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിനാവശ്യമായ മണ്ണ് പര്യവേക്ഷണ

പ്രവൃത്തി പൂർത്തീകരിച്ചു. നിലവിലുള്ള കനാൽ ദേശീയ ജലപാതാ നിലവാരപ്രകാരം 45 മീറ്റർ വീതിയിൽ വീതി കൂട്ടുന്നതിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കാവശ്യമായ സർവ്വേ നടപടികളും നിലവിലുള്ള റവന്യൂ ഭൂമിയിൽ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്.

(ബി) പദ്ധതി പൂർത്തീകരണത്തിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 169 കി.മീ. ജലപാതയെ ദേശീയ ജലപാത 3-ന്റെ എക്സ്റ്റൻഷനായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ പ്രസ്തുത ജലപാതയുടെ വികസനം ദേശീയ ജലപാത അതോറിറ്റിയുടെ ചുമതലയിലാണ് നടപ്പാക്കപ്പെടുന്നത്. പ്രസ്തുത എക്സ്റ്റൻഷനുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) തയ്യാറാക്കിയിട്ടുണ്ട്. അതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ പൂർത്തീകരണ കാലാവധി നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

## പ്രവാസി ക്ഷേമം

88 (88) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസികളുടെ ക്ഷേമത്തിനായി ചെയ്ത പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാന സർക്കാർ പ്രവാസി ക്ഷേമത്തിനും പുനരധിവാസത്തിനുമായി നോർക്ക-റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നിവ മുഖേന ലഭ്യമാക്കുന്ന പദ്ധതികളെയും സഹായങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ വിദേശരാജ്യങ്ങളിൽ നിന്നും വന്ന് തിരികെ പോകാൻ കഴിയാതെ ബുദ്ധിമുട്ടുന്നവരെ സഹായിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

കോവിഡ്-19 പശ്ചാത്തലത്തിൽ 2020 ജനുവരി ഒന്ന് മുതൽ 2020 മെയ് അഞ്ച് വരെ വിദേശ രാജ്യങ്ങളിൽനിന്നും സാധുവായ പാസ്പോർട്ട്/ തൊഴിൽ വിസ എന്നിവയുമായി നാട്ടിലെത്തി ലോക്ക്ഡൗൺ കാരണം തൊഴിലിടങ്ങളിലേയ്ക്ക് തിരികെ പോകാൻ കഴിയാത്തവർക്ക് 5,000/- രൂപ അടിയന്തര ധനസഹായവും കോവിഡ് ബാധിച്ച പ്രവാസികളിൽ പ്രവാസി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷേമനിധി ബോർഡ് അംഗത്വമുള്ളവർക്ക് ക്ഷേമനിധി ബോർഡ് മുഖേനയും മറ്റുള്ളവർക്ക് നോർക്ക റൂട്ട്സ് മുഖേനയും 10,000/- രൂപ വീതം ധനസഹായവും അനുവദിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ ആദ്യഘട്ടത്തിലും രണ്ടാം തരംഗത്തിലും പ്രവാസി ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്നവരിൽ അർഹരായവർക്ക് 1,000/- രൂപ വീതം ധനസഹായം നൽകുകയും അംശദായം കുടിശ്ശിക കാരണം പ്രവാസി ക്ഷേമനിധി അംഗത്വം റദ്ദായവർക്ക് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് ചുമത്തിയിരുന്ന പിഴയും പിഴപ്പലിശയും ആറുമാസക്കാലത്തേയ്ക്ക് ഒഴിവാക്കി നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ് കാലത്ത് ജോലി നഷ്ടപ്പെട്ടും അവധിയിലും നാട്ടിലെത്തിയശേഷം കോവിഡ് ബാധിച്ച് മരണമടഞ്ഞ പ്രവാസികളുടെ കുടുംബങ്ങൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സാന്ത്വന പദ്ധതി പ്രകാരം പരമാവധി ഒരുലക്ഷം രൂപയും പ്രവാസി ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് അൻപതിനായിരം രൂപയും മരണാനന്തര ധനസഹായം അനുവദിക്കുകയും കോവിഡ്മൂലം മരണമടഞ്ഞ/തിരിച്ചെത്തിയ പ്രവാസികളുടെ അവിവാഹിതരായ പെൺമക്കൾക്ക് ആർ.പി. ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ 25,000/- രൂപ വീതം ഒറ്റത്തവണ വിവാഹ ധനസഹായവും ലഭ്യമാക്കുകയും ചെയ്തു. കോവിഡ്-19

മൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി 50 കോടി രൂപ വകയിരുത്തി പ്രവാസി ഭദ്രത എന്ന പേരിൽ നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി ആരംഭിച്ചു. നാനോ എന്റർപ്രൈസ് അസിസ്റ്റന്റ്സ് സ്കീം (പ്രവാസി ഭദ്രത - പേൾ), മൈക്രോ എന്റർപ്രൈസ് അസിസ്റ്റന്റ്സ് സ്കീം (പ്രവാസി ഭദ്രത - മൈക്രോ), സ്പെഷ്യൽ അസിസ്റ്റന്റ്സ് സ്കീം (പ്രവാസി ഭദ്രത - മെഗാ) എന്നീ തൊഴിൽ സംരംഭകത്വ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കോവിഡ്-19 പശ്ചാത്തലത്തിൽ സാന്ത്വന പദ്ധതിയുടെ ഗുണഫലം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 27 കോടി രൂപയിൽനിന്ന് 30 കോടി രൂപയായി ഉയർത്തുകയും പ്രവാസികൾക്കായി നടപ്പിലാക്കിയിട്ടുള്ള പുനരധിവാസ പദ്ധതിയായ NDPREM-ന്റെ പദ്ധതി വിഹിതം 18 കോടി രൂപയിൽ നിന്ന് 24.4 കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19 പശ്ചാത്തലത്തിൽ നാട്ടിലെത്തിയ പ്രവാസി മലയാളികൾ തിരികെ വിദേശ തൊഴിലിടങ്ങളിലേയ്ക്ക് മടങ്ങുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ യഥാസമയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരികയും വിദേശത്തേയ്ക്ക് തൊഴിലിനായി പോകുന്നവർക്കും വിദേശ രാജ്യങ്ങളിൽ പഠിക്കുന്നവർക്കും

വാക്സിനേഷന് മുൻഗണന നൽകുകയും നാട്ടിൽ കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കിയ പ്രവാസികൾക്ക് പാസ്പോർട്ട് നമ്പർ കൂടി ചേർത്ത് വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു. വാക്സിൻ അംഗീകാരം, വിസ റെഗുലറൈസേഷൻ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് നയതന്ത്രചാനൽ വിനിയോഗിച്ച് പരിഹാരം കണ്ടെത്താൻ കേന്ദ്ര വിദേശകാര്യ/ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയങ്ങളോട് ചീഫ് സെക്രട്ടറി തലത്തിലും ബഹുമാനപ്പെട്ട പ്രധാനമന്ത്രി, കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രി എന്നിവരോട് മുഖ്യമന്ത്രി തലത്തിലും അഭ്യർത്ഥിച്ചിട്ടുണ്ട്. കോവിഡ്-19 മൂലം വിദേശത്തുള്ള ജോലി നഷ്ടപ്പെട്ടവരും മരണപ്പെട്ടവരുമായ പ്രവാസികളുടെ കുടുംബങ്ങൾക്ക്/ആശ്രിതർക്ക് വിദേശത്തെ തൊഴിൽ ദാതാക്കളിൽനിന്ന് അർഹമായ ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള സേവനാനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് വിദേശകാര്യ മന്ത്രാലയങ്ങളുടെയും ബന്ധപ്പെട്ട എംബസികളുടെയും ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ നാട്ടിലെത്തി ലോക്ക്ഡൗൺമൂലം തിരിച്ചുപോകാനാകാതെ കുടുങ്ങിക്കിടക്കുന്ന പ്രവാസികളിൽ 72 മണിക്കൂറിനകത്ത് ആർ.ടി.പി.സി.ആർ. ടെസ്റ്റ് നെഗറ്റീവായവർക്ക് തിരികെ പോകുന്നതിനായി നയതന്ത്രചാനൽ

വിനിയോഗിച്ച് പരിഹാരം കണ്ടെത്താൻ കേന്ദ്ര വിദേശകാര്യ/ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയങ്ങളോട് അഭ്യർത്ഥിക്കുകയും കോവിഡ്-19 പശ്ചാത്തലത്തിൽ വിവിധ രാജ്യങ്ങളുമായി ഉണ്ടാക്കിയ എയർ ബബിൾ കരാർ സംവിധാനം വഴി മടക്കയാത്രയ്ക്കായുള്ള സൗകര്യമൊരുക്കുകയും ചെയ്തു. മടക്കയാത്ര സുഗമമാക്കുന്നതിന് വിവിധ വിമാനക്കമ്പനികളുമായി ആശയവിനിമയം നടത്തിയിട്ടുണ്ട്.

(സി) ഗൾഫ് നാടുകളിലേയ്ക്ക് തിരികെ പോകുന്ന പ്രവാസികളിൽനിന്നും വിമാനക്കമ്പനികൾ ഉയർന്ന നിരക്ക് ഈടാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിമാന യാത്രാനിരക്ക് വർദ്ധനവ് നിയന്ത്രിക്കുന്നതിനായി സർവ്വീസുകളുടെയും സീറ്റുകളുടെയും എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും വ്യോമയാന മന്ത്രാലയത്തോടും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. വിമാന യാത്രാനിരക്ക് വർദ്ധനവ് തടയുന്നതിനും വിമാന കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും നടപടികൾ

സ്വീകരിക്കാൻ മുഖ്യമന്ത്രിതലത്തിൽ പലതവണ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള നിയന്ത്രണം കേന്ദ്രസർക്കാർ എടുത്തുകളഞ്ഞിട്ടുണ്ട്. വിമാന യാത്രാനിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയമല്ലെന്നും 1937-ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, യാത്രക്കാരുടെ തിരക്ക്, മിതമായ ലാഭം എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്.

## പ്രവാസിക്ഷേമ പദ്ധതികളും പെൻഷനും

89 (89) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നിലവിൽ പ്രവാസികൾക്ക് വേണ്ടി നടപ്പാക്കിവരുന്ന ക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

സംസ്ഥാന സർക്കാർ നിലവിൽ പ്രവാസികൾക്ക് വേണ്ടി നടപ്പാക്കിവരുന്ന ക്ഷേമ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2016-2021 കാലയളവിൽ പ്രവാസി ക്ഷേമനിധിയിൽനിന്നും എത്ര പേർക്ക് ആനുകൂല്യം ലഭിക്കുകയുണ്ടായി; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

2016-2021 കാലയളവിൽ (2016 ജൂൺ മുതൽ 2021 മേയ് വരെ) പ്രവാസി ക്ഷേമ ബോർഡിൽനിന്നും നൽകിയ ആനുകൂല്യങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | പ്രവാസി ക്ഷേമ പെൻഷൻ (കുടുംബ പെൻഷൻ, അവശതാ പെൻഷൻ ഉൾപ്പെടെ) | ചികിത്സ ധനസഹായം, മരണാനന്തര ധനസഹായം, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, പ്രസവാനുകൂല്യം തുടങ്ങിയ ക്ഷേമ പദ്ധതി ആനുകൂല്യം ലഭിച്ചവരുടെ എണ്ണം | ആകെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 3323 | 952 | 4275 |
| കൊല്ലം | 3522 | 929 | 4451 |
| പത്തനംതിട്ട | 969 | 123 | 1092 |
| ആലപ്പുഴ | 1581 | 300 | 1881 |
| കോട്ടയം | 447 | 52 | 499 |
| ഇടുക്കി | 48 | 19 | 67 |
| എറണാകുളം | 762 | 150 | 912 |
| തൃശ്ശൂർ | 1697 | 246 | 1943 |
| പാലക്കാട് | 927 | 163 | 1090 |
| മലപ്പുറം | 1961 | 498 | 2459 |
| കോഴിക്കോട് | 3115 | 689 | 3804 |
| വയനാട് | 88 | 25 | 113 |

| | | | |
|---|---|---|---|
| കണ്ണൂർ | 2823 | 584 | 3407 |
| കാസർഗോഡ് | 561 | 91 | 652 |
| ആകെ | 21824 | 4821 | 26645 |

(സി) പ്രതിമാസം ഓരോ പ്രവാസിക്കും നിലവിൽ എത്ര രൂപയാണ് പെൻഷനായി നൽകിവരുന്നത്; തുക വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ?

പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അഞ്ചുവർഷം തുടർച്ചയായി അംശദായമടച്ചിട്ടുള്ള, പെൻഷൻ പ്രായം പൂർത്തിയാക്കിയ പ്രവാസി കേരളീയർക്ക് ഇപ്പോൾ നൽകിവരുന്ന അടിസ്ഥാന പ്രതിമാസ പെൻഷൻ 2,000/- രൂപയാണ്. അംശദായ അടവിൽ അഞ്ച് വർഷത്തിന് മുകളിൽ പൂർത്തിയായ ഓരോ വർഷത്തിനും അടിസ്ഥാന പെൻഷന്റെ മൂന്ന് ശതമാനം തുക അധികമായി നൽകിവരുന്നു. പ്രവാസി ക്ഷേമനിധി അടിസ്ഥാന പെൻഷൻ 1എ കാറ്റഗറിക്ക് 3,500/- രൂപയും 1ബി/2എ കാറ്റഗറിക്ക് 3,000/- രൂപയുമായി വർദ്ധിപ്പിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) പ്രസ്തുത തുക നൽകുന്നതിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര നാളത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽനിന്നും പെൻഷൻ അനുവദിക്കുന്നതിൽ കുടിശ്ശികയില്ല.

<u>പ്രവാസി ക്ഷേമ പെൻഷൻ</u>

90 (90) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പേർക്കാണ് പ്രവാസി ക്ഷേമ പെൻഷൻ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രതിമാസ പെൻഷൻ തുക എത്രയാണെന്ന് വിശദമാക്കുമോ?

2022 ഫെബ്രുവരി മാസത്തെ കണക്കനുസരിച്ച് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽനിന്നും പെൻഷൻ വാങ്ങുന്ന 21824 പേരുണ്ട്. പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അഞ്ചുവർഷം തുടർച്ചയായി അംശദായമടച്ചിട്ടുള്ള, പെൻഷൻ പ്രായം പൂർത്തിയാക്കിയ പ്രവാസി കേരളീയർക്ക് ഇപ്പോൾ നൽകിവരുന്ന അടിസ്ഥാന പ്രതിമാസ പെൻഷൻ 2,000/- രൂപയാണ്. അംശദായ അടവിൽ അഞ്ച് വർഷത്തിനുമുകളിൽ പൂർത്തിയായ ഓരോ വർഷത്തിനും അടിസ്ഥാന പെൻഷന്റെ മൂന്ന് ശതമാനം തുക അധികമായി നൽകിവരുന്നു.

(ബി) പ്രവാസി പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങൾ

വിശദമാക്കുമോ?

18 വയസ്സിനും 55 വയസ്സിനും ഇടയിൽ പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അറുപത് വയസ്സുവരെ തുടർച്ചയായി അംശദായമടച്ചിട്ടുള്ളതും 55 വയസ്സ് മുതൽ 60 വയസ്സുവരെയുള്ള കാലയളവിൽ അംഗത്വമെടുത്ത് അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായമടച്ചിട്ടുള്ളതുമായ പ്രവാസി കേരളീയർക്കാണ് പെൻഷൻ പ്രായം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവാസി ക്ഷേമ പെൻഷൻ അനുവദിച്ചുവരുന്നത്.

(സി) പ്രവാസി പെൻഷൻ തുക വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; എത്ര രൂപയാണ് വർദ്ധിപ്പിക്കുന്നത്; പുതുക്കിയ പെൻഷൻ തുക എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. 1 എ വിഭാഗത്തിലുള്ള എല്ലാ പെൻഷൻകാർക്കും പെൻഷൻ 3,500/- രൂപയായും 1 ബി/2 എ വിഭാഗത്തിലുള്ള എല്ലാ പെൻഷൻകാർക്കും പെൻഷൻ 3,000/- രൂപയായും വർദ്ധിപ്പിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) പ്രവാസി പെൻഷൻ അനുവദിക്കുന്നതിന് നിലവിൽ കേന്ദ്ര സർക്കാർ സഹായം ലഭിക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഇല്ല.

<u>പൗരത്വ ഭേദഗതി ബില്ലിനെതിരായി നടന്ന സമരങ്ങളിലെ കേസുകൾ</u>

91 (91) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പൗരത്വഭേദഗതി ബില്ലിനെതിരായി കേരളത്തിൽ നടന്ന സമരവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൽ എത്ര കേസ്സുകൾ നാളിതുവരെ പിൻവലിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

കേസ്സുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുള്ള കേസ്സുകളിൽ ബന്ധപ്പെട്ട പബ്ലിക് പ്രോസിക്യൂട്ടർ പൊതുതാൽപ്പര്യം മുൻനിർത്തി പരിശോധിച്ച് കേസ്സുകൾ പിൻവലിക്കുന്നതിന് അപേക്ഷ ബഹുമാനപ്പെട്ട കോടതികളിൽ സമർപ്പിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത അപേക്ഷകളിൽ കേസ് പിൻവലിക്കുന്നതിന് അനുമതി നൽകുന്നത് ബഹുമാനപ്പെട്ട കോടതികളാണ്. പൗരത്വ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധത്തിനിടയിലുണ്ടായ നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട് 835 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അതിൽ നാളിതുവരെ ബഹുമാനപ്പെട്ട കോടതികളുടെ അനുമതി ലഭിച്ചതിനെത്തുടർന്ന് 29 കേസ്സുകൾ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംഭവവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ നിലവിലുള്ള സ്ഥിതി, സ്വഭാവം എന്നിവ

പരിശോധിച്ച് തുടർനടപടികൾ വേഗത്തിലാക്കുന്നതിന് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈം ബ്രാഞ്ച്) തിരുവനന്തപുരം റേഞ്ചിന്റെ നേതൃത്വത്തിലൊരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

സ്വർണ്ണക്കടത്ത് കേസ്

(92) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസന്വേഷണത്തിന്റെ ഘട്ടത്തിൽ തന്നോട് മുൻകൂർ ജാമ്യമെടുക്കുന്നതിനായി എറണാകുളത്തേയ്ക്ക് പോകണമെന്ന് നിർദ്ദേശിച്ചതും തുടർന്ന് ബാംഗ്ലൂരിലേക്ക് പോകാൻ മറ്റൊരു പ്രതി മുഖേന എല്ലാവിധ സഹായങ്ങളും ചെയ്തതും മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയാണെന്ന് കേസിലെ പ്രധാന പ്രതി വെളിപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇപ്രകാരം ഒരു പ്രതിയെ നിയമത്തിനുമുമ്പിൽ കീഴടങ്ങുന്നതിൽനിന്നും പിന്തിരിപ്പിക്കുകയും അവർക്ക് സംസ്ഥാനം

കടക്കാൻ ഒത്താശ ചെയ്യുകയും ചെയ്തതായി പറയപ്പെടുന്ന വിഷയത്തിൽ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ?

(എ & ബി) സ്വർണ്ണക്കടത്ത് കേസ് സംബന്ധിച്ച് കസ്റ്റംസ്, ഇ.ഡി, എൻ.ഐ.എ. തുടങ്ങിയ കേന്ദ്ര ഏജൻസികളാണ് അന്വേഷണം നടത്തിവന്നിരുന്നത്. സ്വർണ്ണക്കടത്ത് കേസിലെ പ്രതി ബാംഗ്ലൂരിലേക്ക് യാത്ര ചെയ്ത സംഗതിയിൽ പോലീസിന്റെ ഭാഗത്ത് വീഴ്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം</u>

93 (93) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി പോലീസ് സ്റ്റേഷൻ വിഭജിച്ച് സർക്കാർ പുതുതായി അനുവദിച്ച മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കടുത്തുരുത്തി പോലീസ് സ്റ്റേഷൻ വിഭജിച്ച് സർക്കാർ അനുവദിച്ച മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടി കല്ലറ

പഞ്ചായത്ത് അധീനതയിലുള്ള 38 സെന്റ് ഭൂമിയും അതിൽ നിർമ്മാണം പൂർത്തിയായിവരുന്ന കെട്ടിടവും സൗജന്യമായി വിട്ടുനൽകാമെന്ന് കല്ലറ ഗ്രാമപഞ്ചായത്ത് രേഖാമൂലം അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയും കെട്ടിടവും പോലീസ് വകുപ്പിന് വിട്ടുനൽകുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) പോലീസ് സ്റ്റേഷനുവേണ്ടി താത്കാലിക കെട്ടിടം കണ്ടെത്തിക്കൊടുക്കുവാനുള്ള സന്നദ്ധത പോലീസ് അധികൃതരെ അറിയിച്ചെങ്കിലും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്;

(സി) പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം സംബന്ധിച്ചും സ്റ്റേഷനുവേണ്ടിയുള്ള താത്കാലിക കെട്ടിടത്തെ സംബന്ധിച്ചും എന്തെങ്കിലും അറിയിപ്പുകൾ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

(ബി&സി) മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് വാർഡ് 3-ലെ 145 നമ്പരായുള്ള കെട്ടിടം പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിന് അനുയോജ്യമായിരുന്നില്ല. തുടർന്ന് മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 4/298A നമ്പർ എന്ന കെട്ടിടം, മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിനായി

വിട്ടുനൽകാമെന്ന് മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി സമ്മതിച്ചത് പ്രകാരം ആയത് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ പ്രസ്തുത കെട്ടിടം പോലീസ് സ്റ്റേഷനുവേണ്ടി വിട്ടുനൽകാൻ സാധിക്കുകയില്ലെന്ന് 12-02-2021-ന് മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കോട്ടയം ജില്ലാ പോലീസ് മേധാവിയെ രേഖാമൂലം അറിയിക്കുകയുണ്ടായി. അതിനെത്തുടർന്ന് മാഞ്ഞൂർ പഞ്ചായത്ത് മൂന്നാം വാർഡിൽ 742 നമ്പരായുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കെട്ടിടം മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി വിജ്ഞാപനം ചെയ്തിരുന്നു. വില്ലേജ് രേഖകളിൽ പ്രസ്തുത കെട്ടിടം നിൽക്കുന്ന സ്ഥലം നിലമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ വാടക നിശ്ചയിക്കുന്നതിനാവശ്യമായ വില്ലേജിൽനിന്നുള്ള രേഖകൾ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത കെട്ടിടത്തിൽ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ഡി) 2015 കാലഘട്ടത്തിൽ വൈക്കം കേന്ദ്രമായി

ഡിവൈ.എസ്.പി. ഓഫീസ് അനുവദിച്ചതോടൊപ്പം കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ കേന്ദ്രമായി അനുവദിച്ച പുതിയ പോലീസ് സ്റ്റേഷൻ ഇതുവരെയും പ്രവർത്തനമാരംഭിക്കാൻ കഴിയാത്ത സാഹചര്യം പരിഹരിക്കുന്നതിന് സർക്കാർ തലത്തിലുള്ള നടപടികൾ

ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) മാഞ്ഞൂർ പോലീസ് സ്റ്റേഷൻ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കുറുപ്പന്തറ കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി&ഇ) മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ അംഗബലം 04-02-2021-ലെ G.O.(Ms)No.31/2021/Home പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്. മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടി നേരത്തെ കണ്ടെത്തിയ കെട്ടിടങ്ങൾ ഉപയോഗിക്കാൻ സാധിക്കാതെ വന്നതിനാൽ കല്ലറ ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള കളമ്പുകാട് ചന്തയിലെ 38 സെന്റ് ഭൂമിയും അതിൽ നിർമ്മാണം പൂർത്തിയായിവരുന്ന കെട്ടിടവും സൗജന്യമായി വിട്ടുനൽകാമെന്ന് കല്ലറ ഗ്രാമപഞ്ചായത്ത് രേഖാമൂലം അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പയ്യന്നൂർ പോലീസ് മൈതാന നവീകരണം

94 (94) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യത്തിന്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂരിലെ പോലീസ് മൈതാനം നവീകരിച്ച് സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷിക സ്മാരകമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

പോലീസ് സേനയിലെ പരിഷ്കാരങ്ങൾ

95 (95) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളോട് മാന്യമായി പെരുമാറാത്ത എത്ര സേനാംഗങ്ങൾക്കെതിരെ നാളിതുവരെയായി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

45 സേനാംഗങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ന്യായമായ കാര്യങ്ങൾക്കുവേണ്ടി പോലീസ് സ്റ്റേഷനിലെത്തുന്ന സാധാരണക്കാർക്കെതിരെ കേസ്സുകൾവരെ രജിസ്റ്റർ ചെയ്യുന്ന പോലീസ് സേനാംഗങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

പോലീസ് സ്റ്റേഷനിലെത്തുന്ന പൊതുജനങ്ങളോട് മാന്യമായാണ് പോലീസ് പെരുമാറുന്നത്. എല്ലാ പോലീസ് സ്റ്റേഷനുകളിലും പരിചയ സമ്പന്നരായ പോലീസുദ്യോഗസ്ഥരെ പി.ആർ.ഒ. ആയി നിയമിച്ചിട്ടുണ്ട്.

(സി) പോലീസിനും ആഭ്യന്തരവകുപ്പിനുമെതിരെ വ്യാപകമായ വിമർശനമുണ്ടായിട്ടും പോലീസ് സേനയിലെ അച്ചടക്കം നിലനിർത്താൻ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പോലീസ് സേനയിലെ അച്ചടക്കം നിലനിർത്തുന്നതിനും പൊതുജനങ്ങളോടുള്ള പെരുമാറ്റത്തിൽ പാലിക്കേണ്ട രീതിയെക്കുറിച്ചുമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് കർശനമായി നടപ്പാക്കിവരുന്നു. വീഴ്ചകളുണ്ടാകുന്നപക്ഷം അവ ഗൗരവപൂർവ്വം കൈകാര്യം ചെയ്യുന്നതിന് മേലധികാരികൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്.

## ധനുവച്ചപുരം, അമ്പൂരി ജംഗ്ഷൻ എന്നിവിടങ്ങളിൽ പോലീസ് എയ്ഡ്പോസ്റ്റ്

96 (96) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ ധനുവച്ചപുരം, അമ്പൂരി ജംഗ്ഷൻ എന്നിവിടങ്ങളിൽ പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ പോലീസ് എയ്ഡ്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ

അറിയിക്കാമോ?

(എ&ബി) പാറശ്ശാല മണ്ഡലത്തിലെ ധനുവച്ചപുരത്ത് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നിരസിച്ചിരുന്നു. അമ്പൂരി ജംഗ്ഷനിൽ എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(സി) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മാരായമുട്ടം പോലീസ് സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

മാരായമുട്ടം പോലീസ് സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിൽ സ്വന്തമായി സ്ഥലമില്ലാത്തതിനാൽ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് നം.25-ൽ സർവ്വേ നമ്പർ 930-ൽ ഒരേക്കർ 62 സെന്റ് സ്ഥലവും റീസർവ്വേ നമ്പർ 217/13-ൽ ഒരേക്കർ 17 സെന്റ് സ്ഥലവും കണ്ടെത്തുകയും ആയതിൽ നിന്ന് ഏതെങ്കിലുമൊരു സ്ഥലം ലഭ്യമാക്കുന്നതിനായി ബഹുമാനപ്പെട്ട ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവി തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടമില്ലാത്തത്

97 (97) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കേണ്ടി വരുന്നത് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിടത്തിന്റെ വാടക ഇനത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര തുകയാണ് കുടിശ്ശികയായിട്ടുള്ളത്; കുടിശ്ശിക തുക ലഭിക്കുന്നതിന് കെട്ടിടത്തിന്റെ ഉടമസ്ഥരായ മങ്കട സർവ്വീസ് സഹകരണ ബാങ്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; അതിന്മേൽ കുടിശ്ശിക നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 31-03-2021 വരെയുള്ള വാടകയായ 5,32,318/- രൂപ നൽകിയിട്ടുണ്ട്. 01-04-2021 മുതലുള്ള 10 മാസത്തെ വാടകയായ 43,660/- രൂപ കുടിശ്ശികയുണ്ട്. കുടിശ്ശികയുള്ള വാടക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി വാങ്ങുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി വാങ്ങുന്നതിനായി കണ്ടെത്തിയ സ്വകാര്യ വ്യക്തിയുടെ ഭൂമി കെട്ടിടം നിർമ്മിക്കാൻ അനുയോജ്യമല്ലാത്തതിനാൽ മങ്കട വില്ലേജിൽ കർക്കിടകം ദേശത്ത് സർവ്വേ നമ്പർ 48/1A-യിൽപ്പെട്ട റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 3.8 ഏക്കർ സ്ഥലത്തുനിന്നും 50 സെന്റ് സ്ഥലം പോലീസ് വകുപ്പിന് കൈമാറി നൽകുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഷയത്തിൽ ആഭ്യന്തര വകുപ്പിൽനിന്നാവശ്യപ്പെട്ട റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആഭ്യന്തര വകുപ്പിൽനിന്നാവശ്യപ്പെട്ട റിപ്പോർട്ട് ഏറ്റവുമൊടുവിൽ എന്നാണ് സമർപ്പിച്ചിട്ടുള്ളത്; റിപ്പോർട്ട് നാളിതുവരെ സമർപ്പിച്ചിട്ടില്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ആഭ്യന്തര വകുപ്പിൽനിന്നാവശ്യപ്പെട്ട റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിയിൽനിന്നും ലഭ്യമായിട്ടില്ല.

<u>നൈറ്റ് പട്രോളിംഗ്</u>

98 (98) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൈറ്റ് പട്രോളിംഗിൽ ഡ്രൈവർ ഉൾപ്പെടെ എത്ര ഉദ്യോഗസ്ഥർ പോലീസ് വാഹനങ്ങളിൽ ഉണ്ടായിരിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; പലപ്പോഴും ഇത് പാലിക്കപ്പെടാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നൈറ്റ് പട്രോളിംഗ് വാഹനങ്ങളിൽ ഡ്രൈവർ ഉൾപ്പടെ ആകെ നാലുപേർ ഉണ്ടായിരിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ചില അടിയന്തര സാഹചര്യങ്ങളിൽ ഇത് പാലിക്കാൻ കഴിയാതെ വരാറുണ്ട്.

(ബി) ഇത്തരത്തിൽ മതിയായ എണ്ണം ഉദ്യോഗസ്ഥരില്ലാത്തത് സമയബന്ധിതമായി ഇടപെടുന്നതിന് ബുദ്ധിമുട്ടും ഉദ്യോഗസ്ഥരുടെ സുരക്ഷയെ ദോഷകരമായി ബാധിക്കുന്ന സാഹചര്യവും നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഇത്തരം സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>സ്വർണ്ണക്കടത്ത് കേസ്</u>

99 (99) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രിപ്പിൾ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ നിലനിന്നിരുന്ന സമയത്ത് സ്വർണക്കടത്ത് കേസിലെ പ്രധാന പ്രതി സംസ്ഥാനം വിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പോലീസിനുണ്ടായതായി പറയപ്പെടുന്ന വീഴ്ച സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യക്തിയെ കേരളത്തിൽനിന്നും രക്ഷപ്പെടാൻ മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി അടക്കം സഹായിച്ചിരുന്നു എന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) സ്വർണ്ണക്കടത്ത് കേസ് പ്രതിക്ക് സംസ്ഥാനം വിടാൻ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർ സഹായം ചെയ്തിരുന്നോവെന്ന് അന്വേഷിച്ചിട്ടുണ്ടോ?

(എ-സി) സ്വർണ്ണക്കടത്ത് കേസ് സംബന്ധിച്ച് കസ്റ്റംസ്, ഇ.ഡി, എൻ.ഐ.എ. തുടങ്ങിയ കേന്ദ്ര ഏജൻസികളാണ് അന്വേഷണം നടത്തി വന്നിരുന്നത്. സ്വർണ്ണക്കടത്ത് കേസിലെ പ്രതി ബാംഗ്ലൂരിലേക്ക് യാത്ര

ചെയ്ത സംഗതിയിൽ പോലീസിന്റെ ഭാഗത്ത് വീഴ്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ജയിലിൽനിന്നും പരോൾ/അവധിയിൽ പോകുന്നവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത് തടയാൻ നടപടി

100 (100) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരോൾ സമയത്തും കോവിഡ് വ്യാപനത്തിൽ സർക്കാർ അനുവദിച്ച പ്രത്യേക അവധിയിലും ജയിലിന് പുറത്തായിരിക്കുന്ന ടി.പി. വധക്കേസ് പ്രതികൾ വിവിധ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ടി.പി. വധക്കേസിലെ രണ്ട് പ്രതികൾക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ ഇവരിൽ ആരെല്ലാമാണ് സ്വർണ്ണക്കള്ളക്കടത്ത് കേസ്സിലും ലഹരി പാർട്ടിയിൽ പങ്കെടുത്ത കേസ്സിലും പ്രതികളായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

സ്വർണ്ണക്കള്ളക്കടത്ത് കേസിൽ ആരും ഉൾപ്പെട്ടിട്ടില്ല. ലഹരി

പാർട്ടിയിൽ പങ്കെടുത്ത കേസിൽ മനോജ് കുമാർ @ കിർമാണി മനോജ് എന്നയാൾ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ജയിലിൽനിന്നും പരോൾ/അവധിയിൽ പോകുന്നവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത് തടയുന്നതിലേയ്ക്കായി എത്രയുംവേഗം അവരെ ജയിലിൽ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജയിലിൽനിന്നും പരോളിൽ പോകുന്നവർ ഏതെങ്കിലും കുറ്റകൃത്യത്തിൽ ഏർപ്പെട്ടാൽ നിലവിലെ നിയമപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും കൂടാതെ പരോൾ പിൻവലിക്കുന്നതിനായി ജയിലധികൃതരെ പോലീസ് അറിയിക്കുകയും ചെയ്യാറുണ്ട്.

<u>മുൻ മിസ്സ് കേരള ഉൾപ്പെടെ മൂന്ന് പേർ കൊച്ചിയിൽ വാഹനാപകടത്തിൽ മരിച്ചത് സംബന്ധിച്ച് പോലീസ് അന്വേഷണം</u>

101 (101) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ മിസ്സ് കേരള ഉൾപ്പെടെ മൂന്നുപേർ കൊച്ചിയിൽ വാഹനാപകടത്തിൽ മരിച്ച കേസിൽ അറസ്റ്റിലായ വ്യക്തിയുടെ

മയക്കുമരുന്ന് മാഫിയയുമായുള്ള ബന്ധം സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഈ കേസിൽ മയക്കുമരുന്ന് മാഫിയയുമായി ബന്ധമുള്ള എത്ര പേരെ നാളിതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(എ&ബി) അന്വേഷണം നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 1962/21 u/s. 185(a) MV Act & 279, 304 r/w 109 and 354 (D)(1)(i) 201 IPC കേസിന്റെ അന്വേഷണത്തിൽ ആകെ എട്ട് പ്രതികൾ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആകെയുള്ള എട്ട് പ്രതികളിൽ രണ്ടാം പ്രതിയായ സൈജു തങ്കച്ചൻ എന്നയാളെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്ത സമയം മയക്കുമരുന്ന് ഉപയോഗം സംബന്ധിച്ച് ടിയാൻ നടത്തിയ കുറ്റസമ്മത മൊഴിയുടെ അടിസ്ഥാനത്തിൽ ടിയാനെതിരെ NDPS Act പ്രകാരം ഒൻപത് കേസുകൾ (കൊച്ചിൻ സിറ്റിയിൽ എട്ട് കേസുകളും, ഇടുക്കി ജില്ലയിൽ ഒരു കേസും) രജിസ്റ്റർ ചെയ്ത് ടിയാന്റെ മയക്കുമരുന്ന് മാഫിയ ബന്ധം, മയക്കുമരുന്ന് ഉപയോഗം എന്നിവ സംബന്ധിച്ച് അന്വേഷണം നടത്തിവരുന്നു. സൈജു തങ്കച്ചൻ ഉൾപ്പെട്ട മയക്കുമരുന്നുമായി ബന്ധപ്പെട്ട ഒൻപത് കേസുകളിൽ ആകെ 11 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

## സ്വർണ്ണക്കടത്ത് കേസ്സിലെ പ്രതിയുടെ ശബ്ദസന്ദേശം

102 (102) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസ്സിൽ കസ്റ്റഡിയിലിരിക്കെ മുഖ്യമന്ത്രിക്കെതിരെ മൊഴി നൽകാൻ കേന്ദ്ര ഏജൻസി നിർബന്ധിക്കുന്നു എന്ന പ്രതിയുടെ ശബ്ദസന്ദേശം ഉന്നത ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരമായിരുന്നുവെന്ന വെളിപ്പെടുത്തലിൽ അന്വേഷണം നടത്തുന്നുണ്ടോ;

(ബി) ഇതിനുപിന്നിൽ പ്രവർത്തിച്ച പോലീസുദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ-സി) നേരത്തെ ഓഡിയോ ക്ലിപ്പ് പുറത്തുവന്ന ഘട്ടത്തിൽ ക്രൈം ബ്രാഞ്ച് എടുത്ത കേസിനെ സംബന്ധിച്ച വിഷയം നിലവിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

## പോലീസ് ഉദ്യോഗസ്ഥർക്ക് സ്പെഷ്യൽ അലവൻസ്

103 (103) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് സ്പെഷ്യൽ അലവൻസ് നൽകുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) സ്പെഷ്യൽ അലവൻസ് നൽകുന്നത് സംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടുണ്ടോ; അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) പതിനൊന്നാം ശമ്പള കമ്മീഷൻ പ്രകാരം എല്ലാ ജീവനക്കാരുടെയും ശമ്പളവും ആനുകൂല്യങ്ങളും പുതുക്കിയിട്ടുള്ളതിനാൽ പോലീസ് ഉദ്യോഗസ്ഥർക്ക് സ്പെഷ്യൽ അലവൻസ് നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

ഷിജു ടി.വി.-യുടെ തിരോധാനം

104 (104) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിൽ മുരിങ്ങൂർ തെക്കുമുറി വില്ലേജിൽ ചുനക്കര തോരപറമ്പിൽ വീട്ടിൽ ഷിജു ടി.വി.-യുടെ തിരോധാനം സംബന്ധിച്ച കേസന്വേഷണത്തിന്റെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ?

ശ്രീ. ഷിജു ടി.വി.-യുടെ തിരോധാനം സംബന്ധിച്ച് ടിയാന്റെ ഭാര്യയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1107/2021 u/s. 57KP Act ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടിയാന്റെ ബന്ധുക്കളും സുഹൃത്തുക്കളുമടക്കം നാൽപ്പതോളം സാക്ഷികളെ കണ്ട് ചോദിച്ചും മൊഴികൾ പരിശോധിച്ചും വിവിധ സ്റ്റേഷനുകളിലേയ്ക്ക് കാണാതായ ആളുകളുടെ വിവരങ്ങളടങ്ങിയ ക്രൈം കാർഡുകൾ തയ്യാറാക്കി അയച്ചും വിവിധ സ്റ്റേഷനുകളിൽ റിപ്പോർട്ടായ unidentified dead body വിവരങ്ങൾ പരിശോധിച്ചും വിവിധ പ്രദേശങ്ങളിലെ സി.സി.ടി.വി. ക്യാമറ ദൃശ്യങ്ങൾ പരിശോധിച്ചും കാണാതായ ഷിജുവിന്റെ വിവരങ്ങൾ പൊതുജന സമ്പർക്ക വകുപ്പ് മുഖേന വിവിധ പത്രങ്ങളിൽ പരസ്യം നൽകിയും ടിയാനെ കണ്ടെത്തുന്നതിന് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(ബി) ചാലക്കുടി എസ്.എച്ച്.ഒ.-യുടെ നേതൃത്വത്തിലുള്ള അന്വേഷണത്തിൽ വേണ്ടത്ര പുരോഗതിയില്ലാത്ത സാഹചര്യത്തിൽ അന്വേഷണം മറ്റേതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രിക്ക് ടിയാന്റെ സഹോദരൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ടി കേസിന്റെ അന്വേഷണത്തിനായി ചാലക്കുടി ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ 12 പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്.

സി.പി.ഐ.(എം) പ്രവർത്തകരുടെ കൊലപാതകം

105 (105) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ രണ്ട് വർഷത്തിനിടെ സി.പി.ഐ.(എം) പ്രവർത്തകരും അനുഭാവികളും പോഷക സംഘടനാഭാരവാഹികളുമായ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത കൊലപാതകങ്ങൾ ഓരോന്നിലേയും പ്രതികൾ ഏത് രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവരാണെന്ന വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഓരോ കേസ്സിലേയും ഗൂഢാലോചനക്കാരെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ-സി) എട്ടുപേർ കൊല്ലപ്പെട്ടിട്ടുണ്ട്. 21-02-2022-ൽ കണ്ണൂർ

ജില്ലയിൽ നടന്ന സി.പി.ഐ.(എം) പ്രവർത്തകനായ ഹരിദാസ് കൊലപാതക കേസ് ഒഴികെയുള്ള മറ്റുകേസുകളിലെ പ്രതികളുടെ രാഷ്ട്രീയ ബന്ധവും കേസുകളിലെ ഗൂഢാലോചന സംബന്ധിച്ച വിവരവും അനുബന്ധമായി ചേർക്കുന്നു+.

## സ്ത്രീധന നിരോധന നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

106 (106) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1961-ലെ സ്ത്രീധന നിരോധന നിയമപ്രകാരം 2016 മുതൽ നാളിതുവരെ പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം വർഷം തിരിച്ച് നൽകാമോ; ഇതിൽ എത്ര കേസുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചുവെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടുവെന്നും വിശദമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത നിയമപ്രകാരം 2011 മുതൽ 2016 വരെ പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം വർഷം തിരിച്ച് നൽകാമോ; ഇതിൽ എത്ര കേസുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചുവെന്നും എത്ര കേസുകളിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രതികൾ ശിക്ഷിക്കപ്പെട്ടുവെന്നും വിശദമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

## കുട്ടികൾക്കെതിരായ പീഡനകേസുകൾ

107 (107) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ നാളിതുവരെ കുട്ടികൾക്കെതിരായ പീഡനത്തിന്റെ പേരിൽ എത്ര കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് ജില്ല തിരിച്ചും വർഷം തിരിച്ചും ലഭ്യമാക്കാമോ?

വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു+.

(ബി) പ്രസ്തുത കേസുകളിൽ എത്ര എണ്ണത്തിൽ ചാർജ് ഷീറ്റ് സമർപ്പിച്ചുവെന്നും എത്ര എണ്ണത്തിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടുവെന്നും വ്യക്തമാക്കാമോ?

വിവിധ ഘട്ടങ്ങളിലായുള്ള (01-06-2016 മുതൽ 14-02-2022 വരെ) ആകെ 19759 കേസുകളിൽ വിചാരണ നടപടി പൂർത്തിയാക്കി നാളിതുവരെ കോടതി അന്തിമ വിധി പുറപ്പെടുവിച്ചവയിൽ 605 പേരെ ശിക്ഷിച്ചിട്ടുണ്ട്.

(സി) 2011 മുതൽ 2016 മെയ് വരെ കുട്ടികൾക്കെതിരായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പീഡനത്തിന്റെ പേരിൽ എത്ര കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് ജില്ല തിരിച്ചും വർഷം തിരിച്ചും ലഭ്യമാക്കാമോ?

വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(ഡി) പ്രസ്തുത കേസുകളിൽ എത്ര എണ്ണത്തിൽ ചാർജ് ഷീറ്റ് സമർപ്പിച്ചുവെന്നും എത്ര എണ്ണത്തിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടുവെന്നും വ്യക്തമാക്കാമോ?

പ്രസ്തുത കാലയളവിൽ ചാർജ് ഷീറ്റ് സമർപ്പിച്ച 10478 കേസുകളിൽ 776 പേരെ കോടതി ശിക്ഷിച്ചിട്ടുണ്ട്.

നിയമവിരുദ്ധ പ്രവർത്തനങ്ങൾ

108 (108) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവിധ നിയമങ്ങളും ലംഘിച്ച് ഇതരസംസ്ഥാന രജിസ്ട്രേഷനുള്ളതും അല്ലാത്തവയുമായ അനധികൃത സ്ഥാപനങ്ങൾ നടത്തുന്ന ഓൺലൈൻ തട്ടിപ്പുകളും വട്ടിപ്പലിശ സംഘങ്ങൾ, മറ്റിതര പണപ്പിരിവ് സംഘങ്ങൾ എന്നിവ സംസ്ഥാനത്ത് നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടുവർഷക്കാലയളവിൽ 333 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇത് തടയുവാനും ചതിയിൽപ്പെടാതിരിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

അനധികൃത സ്ഥാപനങ്ങൾ നടത്തുന്ന ഓൺലൈൻ തട്ടിപ്പുകളടക്കമുള്ള സാമ്പത്തിക ചൂഷണങ്ങൾ ഫലപ്രദമായി തടയുന്നതിന് എങ്ങനെയാണ് ഇത്തരം ചതിക്കുഴികളിൽ ഇരകളെ വീഴ്ത്തുന്നതെന്ന് വിശദീകരിച്ചുകൊണ്ട് പോസ്റ്ററുകളും ഷോർട്ട് ഫിലിമുകളും അനിമേഷൻ വീഡിയോകളും തയ്യാറാക്കി പൊതുജനങ്ങളെ ബോധവൽക്കരിച്ചുവരുന്നു. ലോകത്ത് ഏറ്റവും അധികം പേർ പിന്തുടരുന്ന കേരള പോലീസിന്റെ ഫേസ് ബുക്ക് പേജ് വഴിയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം വഴിയും പ്രചാരണം നടത്തുന്നുണ്ട്. അതോടൊപ്പം സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ 'സൂക്ഷിക്കണം e കാലം', 'ചെറിയ ഒരു വലിയ കാര്യം' എന്നിങ്ങനെ ഓൺലൈൻ തട്ടിപ്പുകൾക്കെതിരെ ക്യാമ്പയിനുകളടക്കം നടത്തിവരുന്നു. ഇത് സമൂഹത്തിൽ മാറ്റമുണ്ടാക്കുന്നുവെന്നുള്ളത് പങ്കുവയ്ക്കുന്ന അഭിപ്രായങ്ങളിൽനിന്നും വ്യക്തമാണ്. കേരള പോലീസ് സൈബർ ഡോമും റിസർവ് ബാങ്ക് ഓഫ്

ഇന്ത്യയും സംയുക്തമായി വിവിധ ബാങ്കുകൾ, മൊബൈൽ വാലറ്റുകൾ പേമെന്റ് ഗേറ്റ് വേ, ഇ-കൊമേഴ്സ് വെബ്സൈറ്റുകൾ എന്നിവയുടെ നോഡൽ ഓഫീസർമാരെയും സൈബർ സെല്ലുകൾ, സൈബർ പോലീസ് സ്റ്റേഷൻ, ഹൈടെക് സെൽ എന്നിവരെയുമുൾപ്പെടുത്തി ഓൺലൈൻ ബാങ്കിംഗ് രംഗത്തെ തട്ടിപ്പുകൾ ഫലപ്രദമായി തടയുന്നതിന് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവറിന്റെ അടിസ്ഥാനത്തിൽ ഒരു സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിന്റെ ഇടപെടൽ വഴി തട്ടിപ്പിനിരയായ നിരവധി പേരുടെ പണം വീണ്ടെടുക്കാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം ഗുരുതര സ്വഭാവമുള്ള സാമ്പത്തിക കുറ്റകൃത്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം സർക്കാരിന്റെ പരിഗണനയിലാണ്. ഐ.ജി.പി.-യുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും പ്രാപ്യമാകുന്ന നിലയിൽ ഇത് നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) കഴിഞ്ഞ രണ്ടുവർഷങ്ങളിലായി ഓരോ വർഷവും ഇത് സംബന്ധമായി എത്ര പരാതികൾ ലഭ്യമായെന്നും എന്ത് നടപടികൾ സ്വീകരിച്ചുവെന്നും എത്ര സ്ഥാപനങ്ങളുടെ പേരിൽ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഡി) ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ നിയമനിർമ്മാണത്തിന്റെ ആവശ്യകത പരിഗണിക്കുമോ?

വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ഇത് സംബന്ധിച്ച് നിയമനിർമ്മാണങ്ങളോ ചട്ടങ്ങളോ ആവശ്യമുള്ളപക്ഷം ആയത് രൂപീകരിക്കുന്നത് കേന്ദ്രസർക്കാരിന്റെ പരിധിയിൽപ്പെടുന്ന വിഷയമാണ്.

## സ്വർണ്ണക്കടത്ത് കേസ്

109 (109) ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളം വഴിയുള്ള സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് കേന്ദ്ര ഏജൻസികൾ അന്വേഷണം തുടങ്ങിയ അവസരത്തിൽ കേസിലെ പ്രധാന പ്രതി ഒരു ഓഡിയോ ക്ലിപ്പ് മാധ്യമങ്ങളിലൂടെ പുറത്തുവിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് മുഖ്യമന്ത്രിയുടെ മുൻപ്രിൻസിപ്പൽ സെക്രട്ടറിയുടെയും മറ്റൊരു പ്രതിയുടെയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർദ്ദേശാനുസരണം തയ്യാറാക്കിയതാണെന്ന് ടിയാൾ വെളിപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര ഏജൻസികൾ അന്വേഷണം നടത്തുന്ന ഘട്ടത്തിൽ പ്രധാന പ്രതിയുടേതായി മറ്റൊരു ഓഡിയോ ക്ലിപ്പുകൂടി പുറത്തുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് മുഖ്യമന്ത്രിയുടെ മുൻപ്രിൻസിപ്പൽ സെക്രട്ടറിയുടെയും പോലീസ് ഉദ്യോഗസ്ഥരുടെയും ഒത്താശയോടെ നടന്നതാണെന്ന് ടിയാൾ വെളിപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വർണ്ണക്കടത്ത് കേസ് അട്ടിമറിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ മുൻപ്രിൻസിപ്പൽ സെക്രട്ടറിയും പോലീസും ജയിൽ വകുപ്പും ചേർന്ന് ഗൂഢാലോചന നടന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഇ) സ്വർണ്ണക്കടത്ത് കേസിന്റെ അന്വേഷണം അട്ടിമറിക്കാൻ ഉന്നതതല ഗൂഢാലോചന നടന്നുവെന്ന ആക്ഷേപത്തിന്മേൽ അന്വേഷണം നടത്തുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

(എ-ഇ) നേരത്തെ ഓഡിയോ ക്ലിപ്പ് പുറത്തുവന്ന ഘട്ടത്തിൽ ക്രൈം

ബ്രാഞ്ച് എടുത്ത കേസിനെ സംബന്ധിച്ച വിഷയം നിലവിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

## കെ-റെയിലുമായി ബന്ധപ്പെട്ട കേസുകൾ

110 (110) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് സമരം ചെയ്തവർക്കെതിരെ നിലവിലെത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണെന്നും വെളിപ്പെടുത്താമോ;

(ബി) അവരുടെമേൽ ചുമത്തിയിരിക്കുന്ന കുറ്റങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കെ-റെയിൽ ഭൂമി എറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട സമരത്തിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ സമരത്തിന്റെ മറവിൽ അക്രമങ്ങൾ നടത്തിയവർ, പൊതുമുതൽ നശിപ്പിച്ചവർ, പകർച്ചവ്യാധിതടയൽ നിയമം ലംഘിച്ചവർ എന്നിവർക്കെതിരെ 33 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## സംസ്ഥാനത്തെ ക്രമസമാധാനപാലനം

111 (111) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രമസമാധാന നില തകരാറിലാണെന്ന മാധ്യമ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ക്രമസമാധാന നില തകരാറിലാണെന്ന വാർത്തകൾ അടിസ്ഥാനരഹിതമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം നാളിതുവരെ എത്ര ഗുണ്ടാ ആക്രമണങ്ങൾ നടന്നിട്ടുണ്ട്; വിശദമാക്കാമോ?

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലായി ആകെ 18 ആക്രമണങ്ങളുണ്ടായിട്ടുണ്ട്.

(സി) കാപ്പ നിയമപ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ എത്ര പേരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ കാപ്പ നിയമപ്രകാരം കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 32 പേരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്.

(ഡി) ഇത്തരം അക്രമപ്രവർത്തനങ്ങൾ ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഗുണ്ടാ ആക്രമണങ്ങളും കൊലപാതകങ്ങളും പോലുള്ള സംഘടിത കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി നിലവിലുള്ള സംവിധാനങ്ങൾക്കുപുറമേ സംസ്ഥാന പോലീസ് മേധാവിയുടെ 16-12-2021-ലെ സർക്കുലർ നം. 34/2021/PHQ പ്രകാരം Special Action Group Against Organized Crimes (SAGOC) രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. കൂടാതെ സാമൂഹ്യവിരുദ്ധരെ അമർച്ച ചെയ്യുന്നതിനുവേണ്ടി പോലീസ് സ്റ്റേഷൻ തലത്തിൽ Anti-Organized Crimes Cell (AOCC) പ്രവർത്തിച്ചുവരുന്നു. പൊതുസ്ഥലങ്ങളിൽ വനിതാപോലീസ് ഉൾപ്പെടെയുള്ള പോലീസ് പട്രോളിംഗ് തുടർച്ചയായി നടത്തിയും കുറ്റകൃത്യങ്ങളിലേർപ്പെട്ടവരെ റൗഡി ഹിസ്റ്ററി ഷീറ്റ് ആരംഭിച്ച് കർശന നിരീക്ഷണത്തിൽ നിർത്തിയും അത്തരം കുറ്റവാളികളുടെ വിവരങ്ങൾ ശേഖരിച്ച് ടിയാന്മാരെ നിരീക്ഷിക്കാൻ 'ഓപ്പറേഷൻ കാവൽ' എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കിയും സാമൂഹ്യവിരുദ്ധരെ നിരന്തരം ചെക്ക് ചെയ്തും കുറ്റകൃത്യങ്ങളിലേർപ്പെടാൻ സാധ്യതയുള്ളവരെ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ച് നല്ല നടപ്പിന് ജാമ്യത്തിൽ നിർത്തിയും കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം നടപടി സ്വീകരിക്കേണ്ട ഘട്ടത്തിൽ അത്തരം കുറ്റവാളികളെ കരുതൽത്തടങ്കലിൽ പാർപ്പിച്ചുകൊണ്ടും

ഒരു പ്രത്യേക പ്രദേശത്ത് അവരുടെ സഞ്ചലനം നിയന്ത്രിച്ചുകൊണ്ടും ഗുണ്ടാ ആക്രമണങ്ങൾ തടയുന്നതിന് ക്രിയാത്മകവും ശക്തവുമായ നിയമനടപടികളാണ് സ്വീകരിച്ചുവരുന്നത്.

<u>സംസ്ഥാനത്തെ ഗുണ്ടാ ആക്രമണം</u>

112 (112) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര ഗുണ്ടാ ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്; പരിക്കേറ്റവർ എത്ര; കണക്കുകൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഗുണ്ടാ ആക്രമണങ്ങളുടെ പേരിൽ 18 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത ആക്രമണങ്ങളിൽ മൂന്ന് പേർ കൊല്ലപ്പെടുകയും 17 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വർദ്ധിച്ചുവരുന്ന ഗുണ്ടാക്രമണം തടയാൻ പോലീസിന് കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഗുണ്ടാ ആക്രമണങ്ങൾ ഫലപ്രദമായി തടയുന്നതിനുതകുന്ന ശക്തമായ നിയമനടപടികൾ പോലീസ് സ്വീകരിച്ചുവരുന്നതിന്റെ ഫലമായി അത്തരം സ്ഥിതിവിശേഷം സംജാതമായിട്ടില്ല.

(സി) പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന തരത്തിലുള്ള ഏതെങ്കിലും റിപ്പോർട്ട് ആഭ്യന്തര വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

തയ്യാറാക്കിയിട്ടില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേർക്കെതിരെ കാപ്പ ചുമത്തിയിട്ടുണ്ട്; അതിൽ എത്രപേരെ അറസ്റ്റുചെയ്തു; കാപ്പ ചുമത്തപ്പെട്ട എത്ര പേരാണ് നിലവിൽ ജയിലിന് പുറത്ത് കഴിയുന്നത്; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം കാപ്പ നിയമത്തിലെ സെക്ഷൻ 3 പ്രകാരം 33 പേർക്കെതിരെ കരുതൽത്തടങ്കൽ ഉത്തരവും സെക്ഷൻ 15 പ്രകാരം 93 പേർക്കെതിരെ സഞ്ചലന നിയന്ത്രണ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ നിലവിൽ ഒരാളെ അറസ്റ്റ് ചെയ്യാനുണ്ട്.

ഓപ്പറേഷൻ കാവൽ

113 (113) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഡിസംബർ, 2022 ജനുവരി എന്നീ മാസങ്ങളിൽ ഓപ്പറേഷൻ കാവലുമായി ബന്ധപ്പെട്ട് ഗുണ്ടകളും സാമൂഹിക വിരുദ്ധരുമായി എത്ര പേരെ പോലീസ് പിടികൂടിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഓപ്പറേഷൻ കാവലുമായി ബന്ധപ്പെട്ട് 2021 ഡിസംബർ മാസത്തിൽ 9365 പേരെയും 2022 ജനുവരി മാസത്തിൽ 5015 പേരെയും പോലീസ് പിടികൂടിയിട്ടുണ്ട്.

(ബി) ഇവരിലെത്ര പേരെ അറസ്റ്റുചെയ്ത് ജയിലിൽ അടച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ?

ഇവരിൽ 2021 ഡിസംബർ മാസത്തിൽ 146 പേരെയും 2022 ജനുവരി മാസത്തിൽ 295 പേരെയും ജയിലിലടച്ചിട്ടുണ്ട്. ക്രിമിനൽ കേസിൽ ഉൾപ്പെട്ടവർക്കെതിരെ Rowdy History Sheet ഓപ്പൺ ചെയ്തിട്ടുള്ളതും ആവശ്യമായവർക്കെതിരെ കാപ്പ നിയമപ്രകാരം റിപ്പോർട്ട്

സമർപ്പിച്ചിട്ടുള്ളതും Cr.PC സെക്ഷൻ 107, 108, 109, 110 പ്രകാരം നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(സി) സംസ്ഥാനത്ത് മുമ്പില്ലാത്തവിധം ഗുണ്ടകളുടെയും സാമൂഹിക വിരുദ്ധരുടെയും അക്രമം പെരുകുമ്പോൾ ഇവർക്കെതിരെ കാപ്പ നിയമം ചുമത്തുവാൻ ബന്ധപ്പെട്ടവർ തയ്യാറാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കാപ്പ നിയമം ചുമത്തിയവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം |
|---|---|
| 2019 | 148 |
| 2020 | 130 |
| 2021 | 195 |

ഗുണ്ടാ ആക്രമണങ്ങൾ

114 (114) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ എത്ര ഗുണ്ടാ ആക്രമണങ്ങളുണ്ടായിയെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ നൽകാമോ?

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ (15-02-2022 വരെ) 129 ഗുണ്ടാ ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) 2016 മുതൽ നാളിതുവരെ ഗുണ്ടാ ആക്രമണങ്ങളിൽ എത്ര പേർ മരണപ്പെട്ടുവെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ നൽകാമോ?

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ (15-02-2022 വരെ) ഉണ്ടായ ഗുണ്ടാ ആക്രമണങ്ങളിൽ 21 പേർ മരണപ്പെട്ടിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു+.

## കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ്

115 (115) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി കേന്ദ്രീകരിച്ച് ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് 310/GCW/2021 നമ്പറായി നൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; നിലവിൽ പ്രസ്തുത ആവശ്യം സംബന്ധിച്ച ഫയൽ നടപടികളേത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ശബരിമല തീർത്ഥാടനകാലത്തെ 90 ശതമാനത്തോളം വാഹനങ്ങളും കടന്നുപോകുന്ന സ്ഥലമെന്നത് പരിഗണിച്ച് കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് പ്രാവർത്തികമാക്കാൻ ത്വരിതഗതിയിൽ നടപടി സ്വീകരിക്കുമോ?

(എ&ബി) കാഞ്ഞിരപ്പള്ളിയുൾപ്പെടെ കേരളത്തിൽ പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി നൽകിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## സൈബർ കുറ്റകൃത്യങ്ങൾ

116 (116) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പിടിമുറുക്കിയ കാലത്തും സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾക്കും കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കും കുറവില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഏറിയുംകുറഞ്ഞും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓൺലൈൻ ഉപയോഗം കൂടിയ അടച്ചിടൽക്കാലത്ത് എത്ര സൈബർ കേസ്സുകളാണ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു. അടച്ചിടൽ കാലത്തെ കേസുകൾ പ്രത്യേകം

ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) കഴിഞ്ഞ ആറുവർഷത്തിനിടെ രജിസ്റ്റർ ചെയ്ത കേസുകളിൽ ഏറ്റവും കൂടുതൽ കേസുണ്ടായത് ഏതെല്ലാം വർഷങ്ങളിലാണെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ ആറുവർഷത്തിനിടെ രജിസ്റ്റർ ചെയ്ത കേസുകളിൽ ഏറ്റവും കൂടുതൽ സൈബർ കേസുകളുണ്ടായത് 2021-ലാണ്.

(ഡി) ഏതെല്ലാം തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങളാണ് കഴിഞ്ഞ ആറുവർഷത്തിനിടെ രജിസ്റ്റർ ചെയ്തതെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ഇ) പോക്സോ, കുഞ്ഞുങ്ങളെ കൊലചെയ്തത്, പ്രായപൂർത്തിയാകാത്ത കുട്ടികളെ തട്ടികൊണ്ടുപോയത് എന്നീ വകുപ്പുകളിൽ കഴിഞ്ഞ ആറുവർഷത്തിനിടെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

## പാലക്കാട് ജില്ലയിൽ വനിതാ പോലീസ് സ്റ്റേഷൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

117 (117) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വനിതാപോലീസ് സ്റ്റേഷൻ ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

05-11-2019-ലെ സ.ഉ.(കൈ)നം.175/2019/ആഭ്യന്തരം പ്രകാരം പാലക്കാട് ജില്ലയിൽ ഒരു വനിതാപോലീസ് സ്റ്റേഷൻ 02-02-2021-ൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തിച്ചുവരുന്നു.

(ബി) ആലത്തൂർ മണ്ഡലാതിർത്തിയിൽ എവിടെയെങ്കിലും വനിതാപോലീസ് സ്റ്റേഷൻ ആരംഭിക്കുന്നുണ്ടോ; വിശദമാക്കുമോ?

പരിഗണനയിലില്ല.

ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷൻ

118 (118) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷൻ വളരെ പരിമിതമായ സൗകര്യങ്ങളിൽ പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പോലീസ് സ്റ്റേഷന് ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ ശിപാർശ വകുപ്പ് മേധാവി തലത്തിൽ പരിശോധനയിലാണ്.

കടുത്തുരുത്തി പോലീസ് സ്റ്റേഷനോട് അനുബന്ധിച്ചുള്ള പോലീസ് ക്വാർട്ടേഴ്സ്

119 (119) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി പോലീസ് സ്റ്റേഷനോട് അനുബന്ധിച്ച് നിലവിലുള്ള പോലീസ് ക്വാർട്ടേഴ്സുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

15-ാം ധനകാര്യ കമ്മീഷൻ അവാർഡിനായി സംസ്ഥാന പോലീസ് മേധാവി കേന്ദ്രസർക്കാരിനയച്ച പ്രൊപ്പോസലിൽ 4570 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളും 735 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളും നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസലും ഉൾപ്പെടുന്നു.

പ്രസ്തുത പ്രൊപ്പോസലിൽ കടുത്തുരുത്തിയിലെ 12 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളും ഉൾപ്പെട്ടിട്ടുള്ളതാണ്.

(ബി) കടുത്തുരുത്തിയിലുള്ള പോലീസ് ക്വാർട്ടേഴ്സിന്റെ ശോച്യാവസ്ഥയും അസൗകര്യങ്ങളും വിവിധ കെട്ടിടങ്ങളുടെ അപകട സ്ഥിതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കടുത്തുരുത്തി സർക്കിൾ ഓഫീസിനോട് ചേർന്നുള്ള വിസ്തൃതമായ സ്ഥലസൗകര്യം പ്രയോജനപ്പെടുത്തി പോലീസുകാർക്ക് താമസിക്കാൻ ഉപകരിക്കുന്ന വിധത്തിൽ പുതിയ ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; ഇക്കാര്യം പരിശോധിച്ച് പ്രോജക്ട് തയ്യാറാക്കുന്നതിന് പോലീസ് ഹൗസിംഗ് സൊസൈറ്റിയെയോ മറ്റേതെങ്കിലും സർക്കാർ ഏജൻസിയെയോ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാന പോലീസ് മേധാവി കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ കടുത്തുരുത്തിയിലെ 12 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളും ഉൾപ്പെട്ടിട്ടുള്ളതാണ്.

ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി ഭൂമിയും കെട്ടിടവും

120 (120) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരിയിൽ പ്രവർത്തിക്കുന്ന ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി ഭൂമിയും കെട്ടിടവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്, ആളൂർ വില്ലേജിൽ സർവ്വേ നം. 240/01-ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി അനുയോജ്യമായി കണ്ടെത്തിയതിനെത്തുടർന്ന് പ്രസ്തുത ഭൂമിയിൽനിന്നും 25 സെന്റ് ഭൂമി നൽകുന്നതിന് ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം മറ്റം സെന്റ് തോമസ് ഫെറോന പള്ളിയോട് ചേർന്നുള്ള വിദ്യാലയത്തിന്റെ കളി സ്ഥലമാണെന്ന് കാണിച്ച് പള്ളി അധികാരികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 42459/2018, 77/2019 എന്നീ നമ്പരുകളിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതും പ്രസ്തുത റിട്ട് പെറ്റീഷനുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുമാണ്.

അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സ്റ്റേഷന്റെ പ്രവർത്തനത്തിന് താല്കാലികമായി സ്ഥലം വാടകയ്ക്ക് നൽകിയിട്ടുള്ള കണ്ടാണശ്ശേരി പഞ്ചായത്തിലെ മൂത്തേടത്ത് വീട്ടിൽ ശ്രീ. എം. പി. സിദ്ധാർത്ഥൻ, ടിയാന്റെ സ്ഥലം തിരികെ വിട്ടുകിട്ടുന്നതിന് സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 30-10-2021-ലെ ജി.211005128/സി.എം.ഒ. നമ്പരായി ആഭ്യന്തര വകുപ്പിന് നൽകിയിട്ടുള്ള ശ്രീ. എം. പി. സിദ്ധാർത്ഥന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ശ്രീ. എം. പി. സിദ്ധാർത്ഥന്റെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുകയും ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. (അനുബന്ധമായി ചേർക്കുന്നു.+)

## കരീലകുളങ്ങര പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

121 (121) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കായംകുളം മണ്ഡലത്തിലെ കരീലകുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള തുക പ്ലാൻ ഫണ്ടിൽനിന്നും കണ്ടെത്തണമെന്നും PWD/KPHCC മുഖേന വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി കരീലകുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തണമെന്നും സർക്കാർ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>നെല്ലിമൂട് കേന്ദ്രീകരിച്ച് പോലീസ് ഔട്ട് പോസ്റ്റ്</u>

122 (122) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിയന്നൂർ പഞ്ചായത്തിലെ നെല്ലിമൂട് കേന്ദ്രീകരിച്ച് പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഔട്ട് പോസ്റ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന്

എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ?

(എ&ബി) അതിയന്നൂർ പഞ്ചായത്തിലെ നെല്ലിമൂടിൽ ഒരു എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് സർക്കാരിൽ ലഭിച്ച നിവേദനത്തിന്മേൽ അധിക തസ്തികകൾ സൃഷ്ടിക്കാനാവില്ലെന്നും അത്തരത്തിലുള്ള ക്രമീകരണങ്ങൾ നിലവിലുള്ള മാനവശേഷി ഉപയോഗപ്പെടുത്തി നിർവ്വഹിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് അറിയിക്കുന്നതിനും സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുറുപ്പത്താൽ പാങ്ങ് റോഡിലെ ജനവാസ മേഖലയിൽനിന്ന് തൊണ്ടി വാഹനങ്ങൾ നീക്കം ചെയ്യുന്നത്

123 (123) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിസരത്ത് കുറുപ്പത്താൽ പാങ്ങ് റോഡിൽ ജനവാസ മേഖലയിൽ തൊണ്ടി വാഹനങ്ങൾ കൂടി കിടക്കുന്നത് ജനജീവിതത്തിന് വളരെയധികം പ്രയാസം സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാഹനങ്ങൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ഇത് പൂർണ്ണമായും നീക്കം

ചെയ്ത്, പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) റവന്യൂ വകുപ്പിന്റെ കസ്റ്റഡിയിലുള്ള പ്രസ്തുത വാഹനങ്ങളിൽ 16 വാഹനങ്ങളുടെ ലേലം നടന്നിട്ടുള്ളതും ഏകദേശം നാൽപ്പതോളം വാഹനങ്ങളുടെ ലേലനടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നതുമാണ്. പിടിച്ചെടുത്ത വാഹനങ്ങളുടെ വേഗത്തിലുള്ള കയ്യൊഴിപ്പിക്കലിനായി 11-09-2018-ലെ സ.ഉ.(പി.)നം.60/2018/ആഭ്യന്തരം പ്രകാരം സർക്കാർ പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പിടിച്ചെടുത്ത വാഹനങ്ങൾ വേഗത്തിൽ ഒഴിപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ യോഗം ചേർന്ന് വേണ്ട നിർദ്ദേശങ്ങൾ വകുപ്പുകൾക്ക് നൽകിവരുന്നുണ്ട്.

## വ്യാജ ബിരുദത്തിന്റെ അടിസ്ഥാനത്തിൽ ജോലി നേടിയതിൽ സർക്കാരിനുണ്ടായ നഷ്ടം

124 (124) ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജബിരുദത്തിന്റെ അടിസ്ഥാനത്തിൽ സ്വർണ്ണക്കടത്ത്

കേസിൽ പ്രതിയായ വനിതയ്ക്ക് സ്പേസ് പാർക്കിൽ ജോലി ലഭിച്ചതിനെ സംബന്ധിച്ച പോലീസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ജോലി ലഭിക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥൻ സഹായിച്ചെന്ന പ്രസ്തുത വ്യക്തിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ അന്വേഷണം നടത്താൻ തയ്യാറാകുമോ;

(സി) വ്യാജബിരുദത്തിന്റെ അടിസ്ഥാനത്തിൽ ജോലി നേടിയതിൽ സർക്കാരിനുണ്ടായ നഷ്ടം എപ്രകാരം ഈടാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

(എ-സി) വ്യാജബിരുദത്തിന്റെ അടിസ്ഥാനത്തിൽ സ്വർണ്ണക്കടത്ത് കേസിൽ പ്രതിയായ വനിതയ്ക്ക് ജോലി ലഭിച്ചതിനെ സംബന്ധിച്ച് തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 729/2020 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കേസിന്റെ അന്വേഷണം പൂർത്തിയായിട്ടില്ല.

## ആംസ് ആൻഡ് അമ്യൂണിഷൻ സേഫ്റ്റി ട്രെയിനിംഗ് കോഴ്സ്

125 (125) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുധ ലൈസൻസ് ലഭിക്കുന്നതിനായി ആംസ് ആൻഡ് അമ്യൂണിഷൻ സേഫ്റ്റി ട്രെയിനിംഗ് കോഴ്സ് വിജയകരമായി പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ട്രെയിനിംഗ് കോഴ്സിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത കോഴ്സ് നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(എ-സി) ഉണ്ട്. ആയുധ ചട്ടങ്ങൾ 2016-ലെ ചട്ടം 10 പ്രകാരം ആയുധ ലൈസൻസ് അനുവദിക്കുന്നതിന് Ammunition Safety Training പൂർത്തിയാക്കേണ്ടതുണ്ട്. അപ്രകാരം ട്രെയിനിംഗ് നടത്തുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനും 01-10-2021-ലെ സ.ഉ.(സാധാ)നം. 2698/2021/ആഭ്യന്തരം പ്രകാരം പോലീസ് വകുപ്പിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൗരന്മാർക്ക് ആയുധ ലൈസൻസ് നൽകുന്നതിന് നൽകേണ്ട ആംസ് ആൻഡ് അമ്യൂണിഷൻ ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കേണ്ട വ്യവസ്ഥ 01-02-2022-ലെ സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് നം.D6-150760/2021/PHQ പ്രകാരം പ്രാബല്യത്തിലായിട്ടുണ്ട്. പ്രസ്തുത കോഴ്സിനുവേണ്ടി ഓരോ ബറ്റാലിയനുകളിലെ ഡെപ്യൂട്ടി

കമാണ്ടന്റിനെ ചെയർമാനായും അസി.കമാണ്ടന്റ് (ട്രെയിനിംഗ്), എ.പി.എസ്.ഐ. (QM), ഹവിൽദാർ റാങ്കിലുള്ള ഒരു ആംസ് ട്രെയ്നർ എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തി ഒരു ബോർഡ് രൂപീകരിക്കാനും പ്രസ്തുത ബോർഡിന്റെ കീഴിൽ ഒരു prepared സിലബസിന്റെ അടിസ്ഥാനത്തിൽ മൂന്ന് മാസത്തിലൊരിക്കൽ പൗരന്മാർക്ക് പ്രത്യേകം നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്കിൽ ടി ആയുധ സുരക്ഷാ പരിശീലനം നൽകുവാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കോഴ്സിനുവേണ്ടിയുള്ള സിലബസിൽ ഉൾപ്പെടുത്തേണ്ടതായ elementary lessons തയ്യാറാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. കോഴിക്കോട് ജില്ലയിലെ അപേക്ഷകർക്ക് അടുത്തുള്ള ബറ്റാലിയനിൽനിന്നും കോഴ്സ് ചെയ്യാൻ സാധിക്കുന്നതാണ്.

<u>സയന്റഫിക് ഓഫീസർ തസ്തിക സൃഷ്ടിക്കുന്നത്</u>

126 (126) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് ലബോറട്ടറിയിലേക്ക് ബയോളജി, ഫിസിക്സ്, കെമിസ്ട്രി എന്നീ സ്ട്രീമുകളിൽ എത്ര സയന്റിഫിക് ഓഫീസർമാരുടെ തസ്തികകളാണ് പോലീസ് ആസ്ഥാനത്തുനിന്നും ആവശ്യപ്പെട്ടിരിക്കുന്നത്;

(ബി) പ്രൊപ്പോസൽ പ്രകാരം ആവശ്യപ്പെട്ടതിൽ എത്ര തസ്തികകളാണ്

സർക്കാർ പുതിയതായി സൃഷ്ടിക്കുന്നത്; പ്രസ്തുത തസ്തികകൾ നിലവിലെ റാങ്ക് പട്ടികയിൽനിന്ന് നികത്തുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ഫോറൻസിക് ലബോറട്ടറിയിൽ ബയോളജി സ്ട്രീമിൽ 26, ഫിസിക്സ് സ്ട്രീമിൽ 01, കെമിസ്ട്രി സ്ട്രീമിൽ 14 എന്നിങ്ങനെ 41 സയന്റിഫിക് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് പോലീസ് ആസ്ഥാനത്തുനിന്നും ശിപാർശ സമർപ്പിച്ചിട്ടുള്ളത്. തസ്തിക സൃഷ്ടിക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

## അഴിമതിരഹിത സിവിൽ സർവ്വീസ്

127 (127) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സിവിൽ സർവ്വീസിൽ കൈക്കൂലിയുമായി ബന്ധപ്പെട്ട് വിജിലൻസ് കണ്ടെത്തിയ എത്ര അഴിമതി കേസുകളുണ്ടെന്ന് വിശദമാക്കുമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സിവിൽ സർവ്വീസിൽ കൈക്കൂലിയുമായി ബന്ധപ്പെട്ട് വിജിലൻസ് 48 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് അഴിമതിരഹിത സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാന സിവിൽ സർവ്വീസ് അഴിമതിരഹിതമാക്കുന്നതിന് അഴിമതി നിരോധന നിയമം, 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/ മിന്നൽ പരിശോധന എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടികൾ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ബന്ധപ്പെട്ട ഭരണ വകുപ്പ് മുഖേന നടപടികൾ സ്വീകരിക്കുന്നു. കൂടാതെ കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്യുകയും അപാകതകൾ നടക്കുന്നുവെന്ന് വിവരം ലഭിക്കുന്ന സർക്കാർ സ്ഥാപനങ്ങളിലെ അപാകതകൾ സംബന്ധിച്ച സോഴ്സ് റിപ്പോർട്ട് തയ്യാറാക്കി

ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ നടപടി സ്വീകരിക്കുന്നുമുണ്ട്. പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളിലും അഴിമതിയിലും ഉൾപ്പെട്ട ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അഴിമതി നിർമാർജ്ജനത്തിനും ആവശ്യമായ ശിപാർശകളോടെ സർക്കാരിൽ ലഭിക്കുന്ന റിപ്പോർട്ടിൽ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ മുഖേന തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനുപുറമേ അഴിമതി തടയുന്നതിനുവേണ്ടി മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ്ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ്സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ

ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേയ്ക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

<u>ലോകായുക്ത നിയമ ഭേദഗതി ഓർഡിനൻസ്</u>

128 (128) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകായുക്ത നിയമ ഭേദഗതി ഓർഡിനൻസ് കൊണ്ടുവരാനിടയായ സാഹചര്യം വിശദീകരിക്കാമോ; ഓർഡിനൻസ് ഇറങ്ങുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് ലോകായുക്തയിൽ വരാൻപോകുന്നതെന്ന് വ്യക്തമാക്കാമോ?

ലോകായുക്തയായി നിയമിക്കപ്പെടാനുള്ള യോഗ്യതാപരിഷ്കരണം ലോകായുക്ത/ഉപ ലോകായുക്ത പദവികളിൽ നിയമിതരായവർ ആ പദവിയിൽ തുടരാൻ അർഹമായ ഉയർന്ന പ്രായപരിധി നിശ്ചയിക്കൽ, ലോകായുക്ത പദവിയിൽ ഒഴിവ് വന്നാൽ കർത്തവ്യനിർവ്വഹണം തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിന് വ്യവസ്ഥ ചെയ്യൽ, 1999-ലെ ലോകായുക്ത നിയമത്തിലെ 12, 14 എന്നീ വകുപ്പുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകളിലെ പരസ്പര വൈരുദ്ധ്യം ഒഴിവാക്കൽ, അതിനനുസരണമായി 15-ാം വകുപ്പിൽ ഭേദഗതി വരുത്തൽ എന്നിവ

അനിവാര്യമാണെന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഓർഡിനൻസ് കൊണ്ടുവന്നത്. ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും ലഭിച്ചിരുന്നു. നിലവിലുള്ള നിയമം ഭരണഘടനാ തത്വങ്ങളുമായി യോജിച്ച് പോകുന്നില്ലെന്നും വിലയിരുത്തിയിരുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചതിലൂടെ ഇത് ഒഴിവായിട്ടുണ്ട്. സർക്കാർ ലോകായുക്തയുടെ ഒരു അധികാരവും എടുത്തുകളഞ്ഞിട്ടില്ല. ലോകായുക്ത നിയമം വകുപ്പ് 9 പ്രകാരം അന്വേഷണം നടത്താനും വകുപ്പ് 12 പ്രകാരം റിപ്പോർട്ട് സമർപ്പിക്കാനും വകുപ്പ് 14 പ്രകാരം ഒരു പൊതുസേവകൻ സ്ഥാനത്തുനിന്ന് ഒഴിയണമെന്ന് പ്രഖ്യാപനം നടത്താനും വകുപ്പ് 15 പ്രകാരം പ്രോസിക്യൂഷന് ശിപാർശ ചെയ്യാനും എന്നിവയുള്ള അധികാരങ്ങളെല്ലാം അതുപോലെ നിലനിൽക്കുകയാണ്. ഇവിടെ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ളത് 14 വകുപ്പ് പ്രകാരം ലോകായുക്ത നടത്തുന്ന പ്രഖ്യാപനം പൊതുസേവകനുമേൽ അധികാരമുള്ള കോംപീറ്റന്റ് അതോറിറ്റി അതുപോലെ അംഗീകരിക്കാൻ ബാധ്യസ്ഥനാണ്/ബാധ്യസ്ഥയാണ് എന്ന വ്യവസ്ഥയാണ്.

(ബി) അഴിമതിക്കും സ്വജനപക്ഷപാതത്തിനും കാരണമായേക്കാവുന്ന പ്രസ്തുത നിയമ ഭേദഗതി കൊണ്ടുവരുന്നതിന്റെ ഉദ്ദേശ്യം വ്യക്തമാക്കാമോ?

നിയമഭേദഗതി അഴിമതിക്കോ സ്വജനപക്ഷപാതത്തിനോ

ഇടയാക്കുന്നതല്ല.

(സി) ലോകായുക്തയുടെ പരിധിയിൽ ജനപ്രതിനിധികൾ ഉൾപ്പെട്ട എത്ര കേസുകൾ നിലവിലുണ്ടെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്താമോ?

രണ്ട് കേസുകൾ നിലവിലുണ്ട്.

1. Complaint No. 1451/2017 ശ്രീ. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. എതിർകക്ഷിയായിട്ടുള്ള കേസ്.

2. Complaint No. 899/2017 2016-2021 മന്ത്രിസഭയിലെ അംഗങ്ങൾ എതിർകക്ഷിയായിട്ടുള്ള കേസ്.

(ഡി) മുൻസർക്കാരിന്റെ കാലത്ത് ലോകായുക്ത മുന്നോട്ടുവച്ച നിയമ ഭേദഗതികളെന്തെല്ലാം; അവ നിലവിൽ പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

1999-ലെ കേരള ലോകായുക്ത നിയമത്തിലെ 7-ാം വകുപ്പിൽ ഭേദഗതി കൊണ്ടുവരുന്നതിന് മുൻസർക്കാരിന്റെ കാലത്ത് ലോകായുക്ത ശിപാർശ ചെയ്തിരുന്നു. അതിനനുസൃതമായി 7-ാം വകുപ്പിൽ കൂടി ഭേദഗതി വരുത്തിയാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്.

## പുതിയ കോടതി സമുച്ചയങ്ങളുടെ നിർമ്മാണം

129 (129) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കോടതി സമുച്ചയ നിർമ്മാണങ്ങൾക്കായി തുക അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) പുതിയ കോടതി സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കേണ്ടത് പൊതുമരാമത്ത് വകുപ്പ് മുഖാന്തരമാണോ; വിശദമാക്കാമോ?

(എ&ബി) ജില്ലാ ജുഡീഷ്യറിയിൽനിന്ന് പ്രൊപ്പോസൽ ലഭിക്കുന്നതനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ ആർക്കിടെക്ച്ചറൽ വിഭാഗമാണ് കോടതി സമുച്ചയ നിർമ്മാണത്തിനുള്ള പ്ലാൻ തയ്യാറാക്കുന്നത്. പ്രസ്തുത പ്ലാൻ ഹൈക്കോടതി അംഗീകരിക്കുകയും അംഗീകൃത പ്ലാൻ അനുസരിച്ച് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഭരണാനുമതിക്കായി ആഭ്യന്തര വകുപ്പിന് സമർപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാനത്ത് കോടതി സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തിയാണ് ആഭ്യന്തര വകുപ്പ് ഭരണാനുമതി നൽകുന്നത്.

(സി) നിലമ്പൂരിൽ കോടതി സമുച്ചയ നിർമ്മാണത്തിനായി 2019-20, 2020-21 വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ തുക

വകയിരുത്തിയിരുന്നോ; എങ്കിൽ ബഡ്ജറ്റ് വാല്യം, പേജ് നമ്പർ, ക്രമ നമ്പർ, അടങ്കൽ തുക, വകയിരുത്തിയ തുക തുടങ്ങിയവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലമ്പൂരിൽ കോടതി കെട്ടിടം നിർമ്മിക്കുന്നതിന് 2019-20, 2020-21 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ഫണ്ട് അനുവദിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിനായി 2016-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പും മുൻഗണനാ ലിസ്റ്റിന്റെ പകർപ്പും ലഭ്യമാക്കാമോ?

ഉണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

കൊടുവള്ളി ഗ്രാമീണ കോടതി

130 (130) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സിവിൽ, ക്രിമിനൽ കോടതികളുള്ള താമരശ്ശേരിയിലാണ് കൊടുവള്ളി ഗ്രാമീണ കോടതി സ്ഥാപിച്ചതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

2016-ൽ പ്രവർത്തനമാരംഭിച്ച താമരശ്ശേരിയിലെ കൊടുവള്ളി ഗ്രാമ ന്യായാലയം ഇപ്പോൾ താമരശ്ശേരി ഗ്രാമപഞ്ചായത്ത് കെട്ടിടത്തിലാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തിക്കുന്നത്. ബന്ധപ്പെട്ട ജില്ലാ ജഡ്ജിമാരുടെ/ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കേസുകളുടെ പെൻഡൻസി, സ്വഭാവം, ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ തുടങ്ങിയവ പരിഗണിച്ചുമാണ് വിവിധ സബോർഡിനേറ്റ് കോടതികൾക്കുള്ള സ്ഥലങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതി നിശ്ചയിക്കുന്നത്.

(ബി) കോടതികൾ നിലവിലില്ലാത്ത ഗ്രാമപ്രദേശത്തേയ്ക്ക് പ്രസ്തുത കോടതി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

കൊടുവള്ളി ഗ്രാമ ന്യായാലയം മറ്റൊരിടത്തേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

<u>മാവേലിക്കര ജില്ലാക്കോടതിക്കുവേണ്ടി കോർട്ട് കോംപ്ലക്സ് നിർമ്മാണം</u>

131 (131) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ജില്ലാക്കോടതിക്കുവേണ്ടി കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

മാവേലിക്കര ജില്ലാ കോടതിക്കുവേണ്ടി കോർട്ട് കോംപ്ലക്സ്

നിർമ്മിക്കുന്നതിന് ഹൈക്കോടതി രജിസ്ട്രാറിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പുതിയ കോടതി സമുച്ചയം

132 (132) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നിലവിലുള്ള വടക്കാഞ്ചേരി മുൻസിഫ്/മജിസ്ട്രേറ്റ് കോടതികളുടെ സ്ഥലം ഉപയോഗപ്പെടുത്തി പുതിയ കോടതി സമുച്ചയം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

വടക്കാഞ്ചേരിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ പരിഗണനയിലില്ല.

കോതമംഗലം മണ്ഡലത്തിൽ എസ്.റ്റി. കോടതി ആരംഭിക്കുന്നതിന് നടപടി

133 (133) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലവും നാളിതുവരെയുള്ള പുരോഗതിയും വ്യക്തമാക്കാമോ;

(സി) ജില്ലയിൽ 16-ലധികം ആദിവാസി കോളനികളുള്ളതും എറണാകുളം ജില്ലയിലെ ആദിവാസി ജനസംഖ്യയിൽ 98 ശതമാനവും അധിവസിക്കുന്നതുമായ കോതമംഗലം മണ്ഡലത്തിൽ എസ്.റ്റി. കോടതി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) എസ്.സി./എസ്.ടി. (പി.ഒ.എ.) കുറ്റകൃത്യങ്ങളും അനുബന്ധ വിഷയങ്ങളും കേസുകളിൽ പ്രോസിക്യൂഷൻ നടപടികളിലെ കാലതാമസം പരിഗണിച്ച് തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ഈരാറ്റുപേട്ട കോർട്ട് സെന്ററിൽ പുതിയ കോടതികൾ അനുവദിക്കാൻ നടപടി

134 (134) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏക കോർട്ട് സെന്ററായ ഈരാറ്റുപേട്ട കോർട്ട് സെന്ററിൽ പുതിയ കോടതികൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈരാറ്റുപേട്ട കോർട്ട് സെന്ററിൽ പോക്സോ കോടതി അനുവദിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെയും സമീപ നിയോജകമണ്ഡലമായ പാലായിലെ മൂന്നിലവ്, മേലുകാവ് എന്നീ പഞ്ചായത്തുകളിലെയും ജനങ്ങൾക്ക് പ്രയോജനപ്രദമായ പ്രസ്തുത കോർട്ട് സെന്ററിൽ കൂടുതൽ കോടതികൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) കേസുകളുടെ എണ്ണം ബന്ധപ്പെട്ട ജില്ലാ ജഡ്ജിമാരുടെ/ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കേസുകളുടെ pendency, സ്വഭാവം, ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ തുടങ്ങിയവ പരിഗണിച്ചും ബഹുമാനപ്പെട്ട ഹൈക്കോടതി ലഭ്യമാക്കുന്ന ശിപാർശ പരിഗണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുമായി കൂടിയാലോചിച്ചാണ് കോടതികൾ അനുവദിച്ചുവരുന്നത്. ഈരാറ്റുപേട്ടയിൽ പുതിയ ഫാസ്റ്റ് ട്രാക്ക് കോടതി സ്ഥാപിക്കുന്ന കാര്യം ഇപ്രകാരം പരിശോധിക്കാവുന്നതാണ്.

## പുതുക്കാട് മുൻസിഫ്/മജിസ്ട്രേറ്റ് കോടതി

135 (135) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ മുൻഗണനാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പുതുക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പുതുക്കാട് മുൻസിഫ്-മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകൃത മുൻഗണനാപട്ടികയിൽ ഒന്നാം ക്ലാസ് മുൻസിഫ്/മജിസ്ട്രേറ്റ്/ജുഡീഷ്യൽ മജിസ്ട്രേറ്റ് എന്ന തലക്കെട്ടിൽ ഇനം നമ്പർ 47 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. കോടതികൾ സ്ഥാപിക്കുന്നത് പ്രാധാന്യമനുസരിച്ചും മുൻഗണനാലിസ്റ്റിന്റെയും അടിസ്ഥാനത്തിലാണ്.

## പരപ്പയിൽ കോടതി

136 (136) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് താലൂക്കിലെ പരപ്പയിൽ കോടതി സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കോടതി സ്ഥാപിക്കുന്നതിന് മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽ പരപ്പ കോടതിക്ക് എത്രാമത്തെ

സ്ഥാനമാണുള്ളതെന്ന് വ്യക്തമാക്കാമോ?

(എ-സി) കാസർഗോഡ് ജില്ലയിലെ പരപ്പ ആസ്ഥാനമാക്കി ഗ്രാമ ന്യായാലയം 22-10-2016-ൽ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേക്കായി 02-03-2016-ലെ സ.ഉ.(കൈ)നം. 79/2016/ആഭ്യന്തരം പ്രകാരം മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. മുൻഗണനാലിസ്റ്റിൽ 'മുൻസിഫ്/മുൻസിഫ്-മജിസ്ട്രേറ്റ്/ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി/മൊബൈൽ കോടതികൾ' എന്ന തലക്കെട്ടിന് കീഴിൽ ഐറ്റം നമ്പർ 25 ആയാണ് വെള്ളരിക്കുണ്ട് മുൻസിഫ്-മജിസ്ട്രേറ്റ് കോടതിയെ ഉൾപ്പെടുത്തിയിരിക്കുന്നത്.

## അഡീഷണൽ ജില്ലാ കോടതികളിലെ തസ്തികകൾ

137 (137) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ് (Land Acquisition, Rehabilitation and Resettlement) കേസുകൾക്കുവേണ്ടി പതിനാല് ജില്ലകളിലും നോട്ടിഫൈ ചെയ്ത അഡീഷണൽ ജില്ലാ കോടതികളുടെ സുഗമമായ പ്രവർത്തനത്തിന് ഓരോന്നിലും ജൂനിയർ സൂപ്രണ്ട്-1, ക്ലാർക്ക്-2, പ്രോസസ്സ് സെർവർ-1

എന്നീ തസ്തികകൾ സൃഷ്ടിക്കാൻ ഹൈക്കോടതി 01-06-2017, 16-02-2018, 17-03-2021 എന്നീ തീയതികളിലെ D7(B)-15283/2016(1) നമ്പർ കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത കത്തുകളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കാനുള്ള നിലവിലെ തടസ്സങ്ങൾ എന്താണെന്ന് വിശദീകരിക്കാമോ?

(ബി&സി) 29-12-2016-ലെ G.O(Ms)No.321/2016/Home പ്രകാരം LARR അതോറിറ്റിയായി 14 ജില്ലകളിലെ അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതി II-നെ അതോറിറ്റിയായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ധനകാര്യവകുപ്പുമായി കൂടിയാലോചിക്കുകയും തൽക്കാലം മാറ്റിവയ്ക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഈ തീരുമാനം ബഹുമാനപ്പെട്ട ഹൈക്കോടതി രജിസ്ട്രാറെ അറിയിച്ചിട്ടുണ്ട്.

## <u>പൗരത്വ നിയമ ഭേദഗതിക്കെതിരെ പ്രതിഷേധിച്ചവർക്കെതിരെയുള്ള കേസുകൾ</u>

138 (138) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

സദയം മറുപടി നൽകുമോ:

(എ) പൗരത്വ നിയമ ഭേദഗതിക്കെതിരെ പ്രതിഷേധിച്ചവർക്കെതിരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിശദാംശങ്ങൾ നൽകുമോ?

കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പൗരത്വ നിയമ ഭേദഗതി ബില്ലിനെതിരായി കേരളത്തിൽ നിയമാനുസൃതം പ്രതിഷേധിച്ചവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത നിയമത്തിനെതിരെ നടന്ന പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് അക്രമങ്ങൾ നടത്തിയവർക്കെതിരെ സംസ്ഥാനത്തൊട്ടാകെ 835 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കേസുകൾ പിൻവലിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പുകൾനൽകി ഒരു വർഷം പിന്നിട്ടിട്ടും ജനാധിപത്യ രീതിയിൽ പ്രതിഷേധിച്ച നൂറുകണക്കിനാളുകൾ ഇപ്പോഴും കോടതികൾ കയറിയിറങ്ങേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേസുകൾ പിൻവലിക്കുന്ന കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ അനുകൂല നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ശബരിമല സ്ത്രീ പ്രവേശനത്തിനുള്ള സുപ്രീംകോടതി

വിധിയെയും പൗരത്വ ഭേദഗതി നിയമം കൊണ്ടുവന്നതിനെയും തുടർന്ന് സംസ്ഥാനത്ത് നടന്ന വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവമില്ലാത്ത കേസുകൾ പിൻവലിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ നിലവിലുള്ള സ്ഥിതി, സ്വഭാവം എന്നിവ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈം ബ്രാഞ്ച്) തിരുവനന്തപുരം റേഞ്ചിന്റെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേസുകൾ പിൻവലിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## മഞ്ചേരി മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ

139 (139) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും പഴയതും നിലവിൽ ശിരസ്തദാർ തസ്തിക ഇല്ലാത്തതും സംസ്ഥാനത്തെ ഏക മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലുമായ മഞ്ചേരി മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലിലേയ്ക്ക് നിലവിൽ പ്രവർത്തനം നിർത്തിയ കൊല്ലം വഖഫ് ട്രൈബ്യൂണലിലെ ശിരസ്തദാർ

തസ്തിക മാറ്റുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 09-03-2020-ലെ D3(B)-82316/2006/D8 അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ഒട്ടും സാമ്പത്തിക ബാധ്യതയില്ലാത്ത ഈ തസ്തികമാറ്റം നടപ്പാക്കുന്നതിന് നിലവിലെ തടസ്സങ്ങളെന്താണ്; വിശദമാക്കുമോ?

(എ&ബി) 17-01-2022-ലെ സ.ഉ.(സാധാ)നം.149/2022/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം കൊല്ലം വഖഫ് ട്രൈബ്യൂണലിലെ ശിരസ്തദാർ തസ്തിക, മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലിലെ ശിരസ്തദാർ തസ്തികയായി അപ്ഗ്രേഡ് ചെയ്ത് മഞ്ചേരി മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.

<u>വെഞ്ഞാറമൂട് ഫയർസ്റ്റേഷന് പുതിയ കെട്ടിടം</u>

140 (140) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട് ഫയർസ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) വിശദ വിവരങ്ങളും കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി റിപ്പോർട്ടും നൽകാമോ?

(എ&ബി) വെഞ്ഞാറമൂട് ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 260 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ബിരിക്കുളം ഫയർ സ്റ്റേഷൻ നിർമ്മാണം

141 (141) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയർ സ്റ്റേഷനുകളില്ലാത്ത താലൂക്കുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വെള്ളരിക്കുണ്ട്, മല്ലപ്പള്ളി, കൊണ്ടോട്ടി, അട്ടപ്പാടി, തിരൂരങ്ങാടി എന്നീ താലൂക്കുകളിൽ ഫയർ സ്റ്റേഷനുകളില്ല.

(ബി) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ ഫയർ ആൻഡ് റസ്ക്യൂ വകുപ്പ് പരിശോധന നടത്തി റിപ്പോർട്ട് നൽകിയ പരപ്പ വില്ലേജിലെ ബിരിക്കുളത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി വെള്ളരിക്കുണ്ട് താലൂക്കിലെ പരപ്പ വില്ലേജിൽ റീസർവ്വേ നം.155/പാർട്ടിൽ ഉൾപ്പെട്ട ബിരിക്കുളം എന്ന

സ്ഥലം ലഭ്യമാക്കുന്നതിനായി നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു.

<u>നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>

142 (142) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നാളിതുവരെ വരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) പ്രസ്തുത നിർമ്മാണത്തിന് നിലവിലെ തടസ്സങ്ങൾ എന്തൊക്കെ; വെളിപ്പെടുത്താമോ?

(എ&ബി) നാദാപുരത്ത് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിന് അനുവദിച്ച നാദാപുരം വില്ലേജിലെ റീസർവ്വേ നം. 73/3-ൽപ്പെട്ട 10.12 ആർ ഭൂമിയിലേയ്ക്ക് വടകര, കുറ്റ്യാടി സ്റ്റേറ്റ് ഹൈവേയിൽ നിന്നും പുതിയ റോഡ് നിർമ്മിക്കാൻ സർക്കാർ പുറമ്പോക്കിൽ റീസർവ്വേ നം.72-ൽപ്പെട്ട 6.58 സെന്റ് ഭൂമി അനുവദിച്ചിരുന്നു. 2020 ആഗസ്റ്റ് മാസത്തിൽ റോഡ് നിർമ്മാണം ആരംഭിച്ചപ്പോൾ നാദാപുരം പോലീസ് ബഹുമാനപ്പെട്ട വടകര സബ് കോടതിയിലെ IA.13/2020 in OS 40/18 ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി തടഞ്ഞിരുന്നു. ഇതിനെതിരെ

നാദാപുരം അഗ്നിരക്ഷാനിലയം സ്റ്റേഷൻ ഓഫീസർ ബഹുമാനപ്പെട്ട വടകര സബ്ഡിവിഷൻ കോടതിയിൽ തേർഡ് പാർട്ടിയായി കേസ് ഫയൽ ചെയ്യുകയും നം.IA.22/2021 in OS 40/18-ൽ 29-03-2021-ന് കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. അനുകൂല വിധിയല്ല ഉണ്ടായത് എന്നതിനാൽ സ്റ്റേഷൻ ഓഫീസർ കേസിൽ കക്ഷി ചേർന്ന് തുടർനടപടികൾ സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലെ തടസ്സങ്ങൾ പരിഹരിച്ചശേഷം ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് മാത്രമെ ഫണ്ട് അനുവദിക്കാൻ സാധിക്കുകയുള്ളൂ.

## ഫയർ സ്റ്റേഷൻ നിർമ്മാണ പ്രവർത്തനം

143 (143) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ഫയർ സ്റ്റേഷൻ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

മട്ടന്നൂർ അഗ്നിരക്ഷാനിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് തലശ്ശേരി താലൂക്കിൽ പഴശ്ശി വില്ലേജിൽ റീസർവ്വേ നം.111/6-ൽപ്പെട്ട സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി 553.5 ലക്ഷം രൂപയുള്ള പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം പൊതുമരാമത്ത് വകുപ്പ് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

<u>കണ്ണമ്പ്ര വ്യവസായ പാർക്കിൽ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ</u>

144 (144) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ മണ്ഡലത്തിലെ കണ്ണമ്പ്രയിൽ പ്രവർത്തനമാരംഭിക്കുന്ന വ്യവസായ പാർക്കിൽ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കണമെന്ന ആവശ്യം പരിഗണിക്കുമോ; വിശദമാക്കുമോ?

പ്രസ്തുത സ്ഥലത്ത് ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

<u>പാനൂർ അഗ്നിരക്ഷാനിലയത്തിന് സ്വന്തമായി കെട്ടിടം</u>

145 (145) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) <u>കൂത്തു</u>പറമ്പ് നിയോജകമണ്ഡലത്തിലെ പാനൂർ

അഗ്നിരക്ഷാനിലയത്തിന് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ അഗ്നിരക്ഷാനിലയം ഇപ്പോൾ താൽക്കാലികമായി പ്രവർത്തിച്ചുവരുന്ന പാനൂർ ഐ.ബി. പൊളിച്ച് പുതിയ കെട്ടിടം പണിയുന്ന പ്രവൃത്തിക്ക് തടസ്സം വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(ബി) പാനൂർ അഗ്നിരക്ഷാനിലയം താൽക്കാലികമായി പ്രവർത്തിച്ചുവരുന്ന പാനൂർ ഐ.ബി. ഒഴിഞ്ഞുകൊടുക്കാൻ നോട്ടീസ് ലഭിച്ച സാഹചര്യത്തിൽ തൊട്ടടുത്ത് ഉപയോഗിക്കാതെ കിടക്കുന്ന പോലീസ് ഉടമസ്ഥതയിലുള്ള പഴയ സി.ഐ. ഓഫീസ് താൽക്കാലികമായി അഗ്നിരക്ഷാനിലയത്തിന് അനുവദിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാനൂർ ഐ.ബി. കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിയുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നതായി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഈ വർഷത്തെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് പദ്ധതി പ്രകാരം പാനൂർ സർക്കിൾ ഓഫീസ് ജില്ലയിലെ കൂത്തുപറമ്പ് സബ്ഡിവിഷൻ പരിധിയിലെ വിജ്ഞാന കേന്ദ്രത്തിന്റെ (Knowledge Repository Centre) ഹബ്ബായി

മാറ്റാൻ തീരുമാനമെടുത്തിട്ടുള്ളതിനാൽ പഴയ പാനൂർ സർക്കിൾ ഓഫീസ് കെട്ടിടം അഗ്നിരക്ഷാനിലയത്തിന് ലഭ്യമാക്കുവാൻ നിർവ്വാഹമില്ല.

(സി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാനൂർ അഗ്നിരക്ഷാനിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

പാനൂർ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പോലീസ് വകപ്പിൽനിന്നും കൈമാറി ലഭിച്ചിട്ടുള്ള പാനൂർ വില്ലേജിലെ റീസർവ്വേ നം.33/2 സി-യിൽപ്പെട്ട 56 സെന്റ് സ്ഥലത്ത് കെട്ടിടം പണിയുന്നതിനായി 4 കോടി 25 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതിൻ പ്രകാരം സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് റീജിയണൽ ഡിസൈൻ ഓഫീസിലേയ്ക്ക് അയച്ചിട്ടുണ്ട്.

(ഡി) പാനൂർ അഗ്നിരക്ഷാനിലയം പണിയുന്നതിനുവേണ്ടി സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തി 2021 നവംബർ മാസം റിപ്പോർട്ട് അയച്ചിട്ടും സാങ്കേതികാനുമതി ലഭിക്കാത്തതിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വെളിപ്പെടുത്താമോ; സാങ്കേതികാനുമതി ലഭിച്ചാൽ

പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ഡിസൈൻ തയ്യാറാക്കി എസ്റ്റിമേറ്റ് അംഗീകരിച്ച് സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

<u>വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണം</u>

146 (146) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി (വട്ടപ്പാറ) ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസിൽനിന്നുള്ള പ്രൊപ്പോസലിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനുവേണ്ടി ബഡ്ജറ്റിൽ 20 ശതമാനം തുക നീക്കിവച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്മേൽ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) വളാഞ്ചേരിയിൽ ഒരു പുതിയ അഗ്നിരക്ഷാനിലയത്തിന്

റവന്യൂ വകുപ്പിൽനിന്ന് കൈമാറി ലഭിച്ച മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിലെ റീസർവ്വേ നം.34/4 എ-യിൽപ്പെട്ട 42 സെന്റ് ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 515.62 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം വകുപ്പ് മേധാവി ശിപാർശ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കിയിട്ടില്ല.

(സി) ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം അടിയന്തരമായി പൂർത്തികരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി മാത്രമെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

<u>മാവേലിക്കര ഫയർസ്റ്റേഷന് പുതിയ കെട്ടിടവും ക്വാർട്ടേഴ്സും</u>

147 (147) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഫയർസ്റ്റേഷന് പുതിയ കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വേ നമ്പർ 17/8-ൽപ്പെട്ട സ്ഥലത്ത് മാവേലിക്കര ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്ലാൻ, വകുപ്പ്

അംഗീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് നൽകിയിരിക്കുകയാണ്. ക്വാർട്ടേഴ്സ് നിർമ്മാണം നിലവിൽ പരിഗണനയിലില്ല.

(ബി) പ്രസ്തുത നിർമ്മാണത്തിന് അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ?

എസ്റ്റിമേറ്റ് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കാൻ കഴിയുകയുള്ളൂ.

സ്കൂബാ വെഹിക്കിളുകൾ

148 (148) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ & റെസ്ക്യൂ സേനയിൽ ജലാശയങ്ങളിലെ രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കുന്ന ബോട്ടുകളും അനുബന്ധ ഉപകരണങ്ങളും വേഗത്തിൽ അപകടസ്ഥലത്തേയ്ക്ക് എത്തിക്കുന്നതിനാവശ്യമായ സ്കൂബാ വെഹിക്കിളുകൾ നിലവിൽ തൃശ്ശൂർ ജില്ലയിൽ എത്ര എണ്ണം ലഭ്യമാണെന്ന് വ്യക്തമാക്കാമോ?

ഒരെണ്ണം.

(ബി) പ്രളയംപോലുള്ള സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ സ്കൂബാ വെഹിക്കിളുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിലെ ഫണ്ടുപയോഗിച്ച് 10 സ്കൂബ വാനുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യകതയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതാണ്.

(സി) ഫയർ & റെസ്ക്യൂ സേനയിൽ പർവ്വതാരോഹണത്തിന് വിദഗ്ദ്ധ പരിശീലനം നേടിയ പ്രത്യേക ടീം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സേനാംഗങ്ങൾക്ക് അത്തരം വിദഗ്ദ്ധ പരിശീലനം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

(സി&ഡി) നിലവിൽ ഇല്ല. എന്നാൽ 17-11-2021-ലെ സർക്കാർ ഉത്തരവ് (കൈ) നം.201/2021/ആഭ്യന്തരം പ്രകാരം വകുപ്പിലെ 31 തസ്തികകൾ പുനർവിന്യസിച്ച് സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത ജീവനക്കാർക്ക് പർവ്വതാരോഹണം തുടങ്ങി

എല്ലാവിധ വിദഗ്ദ്ധ പരിശീലനവും നൽകുന്നതാണ്.

ബാലുശ്ശേരിയിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ

149 (149) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ഫയർ സ്റ്റേഷനുകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്?

വയനാട് ജില്ലയിൽ തൊണ്ടർനാട് ഒരു സ്റ്റേഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുമ്പോൾ എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നത്?

പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള മുൻഗണന നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രദേശത്തെ ജനസാന്ദ്രത.

2. റെസ്പോൺസ് ടൈം (ഗ്രാമപ്രദേശങ്ങളിൽ 20 മിനിറ്റും പട്ടണ പ്രദേശങ്ങളിൽ 5 മിനിറ്റും).

3. പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ.

4. പ്രദേശത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ/സ്റ്റേഡിയങ്ങൾ/ സമ്മേളന നഗരികൾ.

5. പ്രദേശത്തിന്റെ അഗ്നിസുരക്ഷയെ ബാധിക്കുവാൻ സാദ്ധ്യതയുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം, ജലലഭ്യത മുതലായവ.

(സി) കക്കയം ഡാം, കിനാലൂർ വ്യവസായ എസ്റ്റേറ്റ് തുടങ്ങിയ അപകടസാദ്ധ്യത ഏറെയുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ബാലുശ്ശേരിയിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ; ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ബാലുശ്ശേരിയിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി പനങ്ങാട് ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള മരപ്പാലംതല അങ്കണവാടിക്ക് സമീപം പനങ്ങാട് വില്ലേജ് റീ-സർവ്വേ നമ്പർ 59-ൽപ്പെട്ട 50 സെന്റ് സ്ഥലം സൗജന്യമായി നൽകാമെന്ന് പഞ്ചായത്ത് അധികാരികൾ അറിയിച്ചിട്ടുണ്ടെങ്കിലും ടി സ്ഥലം വകുപ്പിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല.

<u>നെടുങ്കുന്നം കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷൻ</u>

150 (150) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കുന്നം കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷൻ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ ജലവും പുറമ്പോക്ക് സ്ഥലവും നെടുങ്കുന്നത്ത് ലഭ്യമാണെന്നതിനാൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ; വിശദമാക്കുമോ?

(എ&ബി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

<u>കഞ്ചിക്കോട് ഇൻഡസ്ട്രിയൽ സാറ്റലൈറ്റ് ഫയർ സ്റ്റേഷൻ</u>

151 (151) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് വ്യവസായ മേഖല കേന്ദ്രീകരിച്ച് ഒരു ഇൻഡസ്ട്രിയൽ സാറ്റലൈറ്റ് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ?

(എ&ബി) കഞ്ചിക്കോട് കേന്ദ്രീകരിച്ച് ഇൻഡസ്ട്രിയൽ സാറ്റലൈറ്റ് ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

<u>പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയത്ത് ഫയർ സ്റ്റേഷൻ</u>

152 (152) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് പണികഴിപ്പിച്ചിട്ടുള്ള കെട്ടിടവും ഗ്യാരേജും പ്രയോജനപ്പെടുത്തി ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ആവശ്യത്തിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത കെട്ടിടം ഒരു ഫയർ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയതിനാൽ ടി കെട്ടിടം അഗ്നിരക്ഷാ വകുപ്പിന് വിട്ടുനൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വകുപ്പ് മേധാവി കത്ത് നൽകിയിരിക്കുകയാണ്.

(സി) തുടർച്ചയായി ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയത്ത്

ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സ്ഥലത്തിന്റെ ലഭ്യത, ഫണ്ട് എന്നിവയ്ക്ക് വിധേയമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

ജയിലുകളുടെ പരിസരത്ത് പുതിയ കെട്ടിടങ്ങൾ സ്ഥാപിക്കൽ

153 (153) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളുടെ പരിസരത്ത് പുതിയ കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മോഡൽ പ്രിസൺ മാന്വൽ റൂൾ ഖണ്ഡിക 2.05, ഉപഖണ്ഡിക (iv) പ്രകാരം, ജയിൽ മതിലിൽനിന്നും നിർമ്മാണ പ്രവൃത്തികളുടെ അനുമതി നൽകുന്നതിന് സെൻട്രൽ ജയിലുകളിൽനിന്നും 150 മീറ്റർ അകലവും, ജില്ലാ ജയിലുകളിൽനിന്നും 100 മീറ്റർ അകലവും, സ്പെഷ്യൽ സബ്ജയിൽ/സബ് ജയിൽ എന്നിവിടങ്ങളിൽനിന്നും 50 മീറ്റർ അകലവും പാലിക്കണമെന്ന് പരാമർശിക്കുന്നുണ്ട്. കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 2019 അദ്ധ്യായം 3, റൂൾ 24 (3) പ്രകാരം സുരക്ഷാ മേഖലകളിൽ നിർമ്മാണവുമായി

ബന്ധപ്പെട്ട് പുതിയ കെട്ടിടങ്ങൾ പണിയുമ്പോഴോ പഴയത് അറ്റകുറ്റപണി നടത്തുമ്പോഴോ നിലവിലുള്ള കെട്ടിടത്തിനോടൊപ്പം കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴോ കെട്ടിടത്തിന്റെ ആകെ ഉയരം 10 മീറ്ററിൽ കൂടുവാൻ പാടില്ലെന്നും അല്ലാത്തപക്ഷം അദ്ധ്യായം II റൂൾ 5 (4)-ൽ പറയും പ്രകാരം അതത് ജില്ലാ കളക്ടറുടെ അനുമതി വാങ്ങിയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 29-03-2004-ലെ 14356/ബി2/03/ആഭ്യന്തരം നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ ജയിൽ കോമ്പൗണ്ടിന്റെ അടുത്തുള്ള പ്ലോട്ടുകളിൽ നഗരസഭ/പഞ്ചായത്ത്, കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നതിനുമുമ്പ് അതത് ജില്ലാ കളക്ടറുടെ അനുമതി വാങ്ങേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള മാനദണ്ഡങ്ങളിൽ വ്യത്യാസം വരുത്താൻ പുതിയ പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ പരിശോധിച്ചുവരുന്നു.

## ജയിലുകളിലെ നടപടിക്രമങ്ങളുടെ പരിഷ്കരണം

154 (154) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) "United Nations Standard Minimum Rules for the Treatment of Prisoners", ജസ്റ്റിസ് മുല്ല കമ്മിറ്റി ശിപാർശകൾ എന്നീ മാനദണ്ഡങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ ജയിൽ നടപടിക്രമങ്ങൾ പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

1955-ലെ " United Nations Standard Minimum Rules for the treatment of Prisoners", 1983-ലെ ജസ്റ്റിസ് എ. എൻ. മുല്ല കമ്മിറ്റി റിപ്പോർട്ട്, 1992-ലെ ഉദയഭാനു കമ്മീഷൻ റിപ്പോർട്ട്, 2016-ലെ മോഡൽ പ്രിസൺ മാനുവൽ എന്നിവയിലെ ശിപാർശകളിലധികവും ജയിൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തി നടപ്പിൽ വരുത്തിയിട്ടുണ്ട്. ജസ്റ്റിസ് മുല്ല കമ്മിറ്റി റിപ്പോർട്ട്, ഉദയഭാനു കമ്മീഷൻ റിപ്പോർട്ട്, മോഡൽ പ്രിസൺ മാനുവൽ എന്നിവയിലെ ശിപാർശകളിൽ നടപ്പിലാക്കാത്തവ പരിഗണിച്ച് നടപ്പിൽ വരുത്താനുതകുന്ന വിധത്തിൽ പരിശോധിക്കുന്നതിനായാണ് ഡോ. അലക്സാണ്ടർ ജേക്കബ് കമ്മീഷനെ നിയോഗിച്ചത്. 2015-ൽ " United Nations Standard Minimum rules" പരിഷ്കരിച്ച് " മണ്ടേല റൂൾസ് " എന്ന പേരിൽ UN പ്രഖ്യാപിച്ചതുകൂടി അടിസ്ഥാനമാക്കിയാണ് 2017-ൽ ഡോ. അലക്സാണ്ടർ ജേക്കബ് കമ്മിഷൻ ജയിൽ പരിഷ്കരണ

റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. തടവുകാരുടെ ജീവിതനിലവാരം, അവരുടെ ആഹാരം, വേതനം, ചികിത്സ, പരിശോധനകൾ, ആരോഗ്യ പരിപാലനം, വിടുതൽ എന്നിവയിലെല്ലാമുള്ള ഡോ. അലക്സാണ്ടർ ജേക്കബ് കമ്മീഷന്റെ ജയിൽ പരിഷ്കരണ റിപ്പോർട്ടിലെ ശിപാർശകൾ ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്. അല്ലാത്തവ നടപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ജയിലുപദേശക സമിതികൾ/പരോൾ പുനരവലോകന സമിതികൾ എന്നിവ കൃത്യമായി കൂടി ശിപാർശകൾ സമർപ്പിച്ചുവരുന്നു. ഉപദേശക സമിതിയുടെ തീരുമാനങ്ങളുടെമേൽ അപ്പീൽ പരിഗണിക്കുന്നതിനായി സംസ്ഥാനതല ഉപദേശക സമിതി പുതിയതായി രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ജയിലുകളിൽ പാർപ്പിച്ചിരിക്കുന്നവർക്ക് കുടുംബവുമായും സമൂഹവുമായും ബന്ധപ്പെടുന്നതിന് പരോൾ കാലയളവല്ലാതെയുള്ള സമയങ്ങളിൽ എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ജയിലുകളിൽ പാർപ്പിച്ചിരിക്കുന്നവർക്ക് ഉറ്റകുടുംബാംഗങ്ങളുമായി ജയിലിലെ ടെലിഫോൺ മുഖാന്തരം

ബന്ധപ്പെടുന്നതിന് ഇളവ് അനുവദിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

(ബി&സി) തടവുകാർക്ക് അവരുടെ ബന്ധുക്കളുമായും സുഹൃത്തുക്കളുമായും കൂടാതെ നിയമപരമായ ആവശ്യത്തിനായി അഡ്വക്കേറ്റുമായും മറ്റും ബന്ധപ്പെടുന്നതിന് ടെലഫോൺ സൗകര്യം ജയിലുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പരാമവധി 450/- രൂപയ്ക്ക് വരെ സെൻട്രൽ ജയിലുകളിൽ ഫോൺ ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. തടവുകാർ ഉദ്യോഗസ്ഥരെ മുൻകൂട്ടി അറിയിച്ചിട്ടുള്ള മൂന്ന് ടെലഫോൺ നമ്പറുകളിലേയ്ക്ക് നിശ്ചിത ദിവസങ്ങളിൽ നിശ്ചിത സമയങ്ങളിൽ ഫോൺ ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. ഇതുകൂടാതെ കോടതികളിൽനിന്ന് പ്രത്യേക നിർദ്ദേശം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലും തടവുകാരുടെ പി.സി.പി. അക്കൗണ്ടിൽ ഫോൺ സൗകര്യത്തിന് മതിയായ തുക ഇല്ലാതെ വരുന്ന സാഹചര്യത്തിലും അവശ്യഘട്ടങ്ങളിൽ സൗജന്യ ഫോൺ സൗകര്യം അന്തേവാസികൾക്ക് അനുവദിക്കാറുണ്ട്. കോവിഡ് കാലത്ത് ഇത്തരത്തിലുള്ള സമയപരിധിയുടെയും ഫോൺ വിളികളുടെ എണ്ണത്തിന്റെയും ഫോൺവിളികൾക്ക് ചെലവഴിക്കുന്ന തുകയുടെയും കാര്യത്തിൽ ഇളവ്

അനുവദിച്ചിരുന്നു. ഇതുകൂടാതെ ജാമ്യാപേക്ഷ നൽകുന്നതിനോ അപ്പീൽ തയ്യാറാക്കുന്നതിനോ മറ്റ് ആവശ്യങ്ങൾക്കോ സുഹൃത്തുക്കൾ, ബന്ധുക്കൾ, നിയമ ഉപദേശകർ എന്നിവരുമായി ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യമോ ജയിൽ സൂപ്രണ്ടിന് അനുയോജ്യമാണെന്ന് തോന്നുന്നപക്ഷം കൂടുതൽ കൂടിക്കാഴ്ചകളും അനുവദിക്കുന്നു. കൂടാതെ കത്തുകൾ അയയ്ക്കുന്നതിനും സ്വീകരിക്കുന്നതിനും അനുമതി നൽകുന്നു. ഒരേസമയം ഒരു തടവുകാരനുമായി കൂടിക്കാഴ്ച നടത്തുന്നവരുടെ എണ്ണം മൂന്നായി നിജപ്പെടുത്തിയിട്ടുണ്ട്. തടവുകാർക്ക് ബന്ധുക്കളുമായി കൂടിക്കാഴ്ച നടത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ്/ഇ-മുലാക്കാത്ത് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വാട്സ്ആപ്പ് വീഡിയോകോൾ സൗകര്യവും അത്യാവശ്യ ഘട്ടങ്ങളിൽ അനുവദിച്ചുനൽകാറുണ്ട്. ഇതിനായി എൻ.ഐ.സി.-യുടെ സോഫ്റ്റ്വെയർ ഉപയോഗിക്കുന്നു.

(ഡി) ശിക്ഷാനന്തര പുനരധിവാസം എന്ന കൺസെപ്റ്റിൽ സംസ്ഥാനത്തെ ജയിൽ നിയമങ്ങൾ പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കാമോ?

ശിക്ഷാനന്തര പുനരധിവാസം എന്നതുസംബന്ധിച്ച് കേരള പ്രിസൺ ആക്ട് 2010-ൽ വകുപ്പ് 69-ലും കേരള പ്രിസൺ റൂൾ 2014-ലെ ചട്ടം 447-ലും

പ്രതിപാദിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്ന വിഷയം ജയിൽ വകുപ്പിന്റെ പ്രാഥമിക പരിഗണനയിലാണ്.

(ഇ) വിവിധ രാജ്യങ്ങളിലെ ജയിൽശിക്ഷാ നടപടിക്രമങ്ങളിലെ മികച്ച മാതൃകകൾ കണ്ടെത്തി നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ച് പരിഗണിക്കാമോ?

സർക്കാരിന്റെ പരിഗണനയിലില്ല.

## മണ്ണാർക്കാട് സബ്ജയിൽ നിർമ്മാണം

155 (155) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് സബ്ജയിൽ നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത സബ്ജയിൽ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ മണ്ണാർക്കാട്-1 വില്ലേജിൽ റീ-സർവ്വേ നമ്പർ 131/14-ൽ ഉൾപ്പെട്ട (കാഞ്ഞിരപ്പുഴ ഇറിഗേഷൻ വക) 2.864 ഹെക്ടർ സർക്കാർ ഭൂമിയിൽനിന്നും സബ്ഡിവിഷൻ ചെയ്ത 131/36-ൽപ്പെട്ട 1.6221 ഹെക്ടർ (162.21 ആർ) ഭൂമി

മണ്ണാർക്കാട് സബ്ജയിൽ നിർമ്മാണത്തിനായി ജയിൽ വകുപ്പിന് കൈമാറിയിട്ടുണ്ട്. മണ്ണാർക്കാട് സബ്ജയിലിന്റെ നിർമ്മാണ പ്രവൃത്തിയുടെ ആദ്യഘട്ടമായി ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള തുക വാർഷിക പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മീഡിയ വൺ ചാനലിന്റെ പ്രവർത്തനാനുമതി

156 (156) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മീഡിയ വൺ ചാനൽ സംപ്രേഷണാനുമതി റദ്ദാക്കിയ കേന്ദ്ര സർക്കാർ നടപടിക്കെതിരെ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഈ വിഷയത്തിൽ എന്തെങ്കിലും നടപടി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

മീഡിയ വൺ ചാനലിന്റെ സംപ്രേഷണാനുമതി റദ്ദാക്കിയതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല. വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട കോടതിയുടെ മുമ്പാകെയുള്ള വിഷയത്തെക്കുറിച്ച് കൂടുതൽ പ്രതികരിക്കുന്നത് ഉചിതമല്ല.

'അശ്വമേധം' പദ്ധതി

157 (157) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെപ്രസി സർവ്വേയുടെ ഭാഗമായി ആരോഗ്യ വകുപ്പ് നടപ്പാക്കിയ 'അശ്വമേധം' പദ്ധതി പ്രകാരം സംസ്ഥാനത്ത് പുതുതായി ലെപ്രസി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

ഉണ്ട്. കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാരും ആരോഗ്യവകുപ്പും ചേർന്ന് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "അശ്വമേധം". ഈ പദ്ധതി പ്രകാരം 2021-22-ൽ നാളിതുവരെ 302 പേർക്ക് പുതുതായി കുഷ്ഠരോഗ ബാധയുള്ളതായി കണ്ടെത്തുകയുണ്ടായി. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ആയതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

"അശ്വമേധം" പദ്ധതിയിലൂടെ 2021-22-ൽ കണ്ടുപിടിച്ച 302 രോഗികളെയും ചികിത്സയ്ക്കായി ആശുപത്രിയിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. മുഴുവൻ രോഗികൾക്കും വിവിധ ഔഷധ ചികിത്സ സൗജന്യമായി നൽകിവരുന്നു.

പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി-വയനാട് ജില്ല

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

158 (158) <u>ശ്രീ ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി വയനാട് ജില്ലയിൽ വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതിയിൽ എല്ലാ ജില്ലകളെയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ആരോഗ്യവകുപ്പിന് കീഴിൽ നെഫ്രോളജിസ്റ്റ് ഇല്ലാത്തതിനാൽ മെഡിക്കൽ കോളേജിന്റെ സഹകരണത്തോടുകൂടി മാനന്തവാടി ജില്ലാശുപത്രിയിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. രോഗികൾക്കാവശ്യമായ പെരിറ്റോണിയൽ ഡയാലിസിസ് ഫ്ലൂയിഡ്, എഫ്ലുവന്റ് ബാഗ്, ഡയാലിസിസ് കിറ്റ്, മിനി ക്യാപ്പുകൾ എന്നിവ ആരോഗ്യവകുപ്പ് സൗജന്യമായി എത്തിച്ചുവരുന്നു. കൂടുതൽ രോഗികൾക്ക് ഈ സംവിധാനത്തിന്റെ ആവശ്യകത വേണ്ടിവരുന്ന സാഹചര്യത്തിൽ ഇത് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ നിലവിലെത്ര രോഗികൾക്കാണ് സേവനം ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

18 രോഗികൾക്ക്.

മാനസികാരോഗ്യ പരിപാലന പദ്ധതി

159 (159) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഏതെല്ലാം ആശുപത്രികളിലാണ് മാനസികാരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിലെ മാനസികാരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കിയിട്ടുള്ള ആശുപത്രികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) സംസ്ഥാനത്തെ ജനങ്ങൾക്ക് പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 16 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ എല്ലാമാസവും കൃത്യമായി ക്ലിനിക്കുകൾ നടത്തപ്പെടുന്നു. സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിലുള്ള മാനസികാരോഗ്യ ടീം എല്ലാ മാസവും ക്ലിനിക്കുകൾ സന്ദർശിക്കുകയും രോഗികൾക്ക് സൗജന്യ മനഃശാസ്ത്ര ചികിത്സയും മരുന്നുകളും ലഭ്യമാക്കുകയും ചെയ്യുന്നു. ഈ പരിപാടിയുടെ ഭാഗമായി സമ്പൂർണ്ണ മാനസികാരോഗ്യ ക്ലിനിക്കുകളും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആശ്വാസ് ക്ലിനിക്കുകളും കോട്ടയം ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തപ്പെടുന്നു. കൂടാതെ ഡി.എം.എച്ച്.പി.-യിൽ മെഡിക്കൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക്ക് സോഷ്യൽ വർക്കർ, സ്റ്റാഫ് നഴ്സ്, ക്ലാർക്ക്, അറ്റൻഡർ തുടങ്ങിയവരുടെ സേവനം ലഭ്യമാണ്. രോഗികളുടെ പുനരധിവാസത്തിനായി രണ്ട് ഡേകെയർ സെന്ററും പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ രോഗികൾക്ക് പുനരധിവാസവും തൊഴിൽ പരിശീലനവും ലഭ്യമാക്കിവരുന്നു. ഈ പ്രോഗ്രാമിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത് ജില്ലാ മെഡിക്കൽ ഓഫീസർ അദ്ധ്യക്ഷനായ മേൽനോട്ട സമിതിയാണ്. ഇതിനോടനുബന്ധിച്ച് സ്കൂൾ മെന്റൽ ഹെൽത്ത് പ്രോഗ്രാമും നടത്തപ്പെടുന്നു. സ്കൂൾ കുട്ടികളുടെ മാനസികാരോഗ്യ പരിപാലനം ലക്ഷ്യംവച്ചുകൊണ്ട് പരിശീലന പരിപാടികൾ നടത്തുകയും ആവശ്യമുള്ള കുട്ടികൾക്ക് ക്ലിനിക്കൽ ടീമിന്റെ സേവനവും ലഭ്യമാക്കിവരുന്നു. കൂടാതെ കോവിഡ് രോഗികൾക്കും നിരീക്ഷണത്തിൽ കഴിയുന്നവർക്കും ഓൺലൈനായി മാനസികാരോഗ്യ സേവനങ്ങൾ നൽകിവരുന്നു. മാനസികാരോഗ്യ സേവനങ്ങൾ നൽകുന്നതിനായി രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെ പൊതുജനങ്ങൾക്ക് ഹെൽപ്പ്ലൈൻ നമ്പർ ലഭ്യമാണ്.

കുട്ടനാട്ടിലെ ആരോഗ്യ കേന്ദ്രങ്ങളുടെ പുനരുദ്ധാരണത്തിന് പ്രത്യേക പദ്ധതി

160 (160) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിന്റെ പ്രത്യേക പാരിസ്ഥിതിക പ്രത്യേകതകൾ പരിഗണിച്ച് സി.എച്ച്.സി., പി.എച്ച്.സി. എന്നിവയുടെ സമഗ്ര നവീകരണത്തിന് ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) കുട്ടനാട്ടിലെ ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും മരുന്നുകൾ ലഭ്യമാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുമോ?

(എ&ബി) കുട്ടനാട് നിയോജകമണ്ഡലത്തിൽ നാല് സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ, എട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങൾ, ഒരു താലൂക്കാശുപത്രി എന്നീ സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ നിലവിലുണ്ട്. ആർദ്രം ഒന്നാംഘട്ട പദ്ധതി പ്രകാരം കുടുംബാരോഗ്യകേന്ദ്രം നീലംപേരൂരിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും, കുടുംബാരോഗ്യകേന്ദ്രം തലവടിയിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, രണ്ട് ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകളും

അനുവദിച്ചിട്ടുണ്ട്. ആർദ്രം രണ്ടാംഘട്ട പദ്ധതി പ്രകാരം തകഴി, കാവാലം, കപ്പപ്പുറം, രാമങ്കരി, വീയപുരം എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടറുടെയും സ്റ്റാഫ് നഴ്സിന്റെയും ഓരോ തസ്തികകൾ വീതം അനുവദിച്ചിട്ടുണ്ട്. ആർദ്രം മൂന്നാംഘട്ട പദ്ധതി പ്രകാരം മുട്ടാർ കുടുംബാരോഗ്യ കേന്ദ്രത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ, ചമ്പക്കുളം, വെളിയനാട് എന്നീ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനുള്ള പ്രൊപ്പോസൽ എന്നിവ പരിശോധിച്ചുവരുന്നു. കൂടാതെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ കുട്ടനാട് മണ്ഡലത്തിലെ പുളിങ്കുന്ന് താലൂക്കാശുപത്രിയിൽ ഒരു ഡോക്ടർ, ഒരു റേഡിയോഗ്രാഫർ ഗ്രേഡ് II, ഒരു എക്സ്റേ അറ്റൻഡർ, ഒരു ഫാർമസിസ്റ്റ് ഗ്രേഡ് II, നാല് സ്റ്റാഫ് നഴ്സ് ഗ്രേഡ് II, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ഇരിക്കൂർ മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി

161 (161) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ആലക്കോട് തേർത്തല്ലി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇ-ഹെൽത്ത് പദ്ധതി 2019 ജൂലൈ 5-ന് ഉദ്ഘാടനം ചെയ്തു. ഈ ആശുപത്രി കടലാസ്രഹിത സ്ഥാപനമായി പ്രവർത്തിച്ചുവരുന്നു. ഇ-ഹെൽത്ത് നടപ്പിലാക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുള്ള മറ്റ് രണ്ട് സ്ഥാപനങ്ങൾ (ഉദയഗിരി കുടുംബാരോഗ്യ കേന്ദ്രം, ചെങ്ങളായി കുടുംബാരോഗ്യ കേന്ദ്രം) കൂടി നടപ്പുവർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) ഇ-ഹെൽത്ത് പദ്ധതിയിലുൾപ്പെടുത്തി ഓരോ ആശുപത്രിക്കും എത്ര തുക അനുവദിച്ചുവെന്നും തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഓരോ ആശുപത്രികളുടെയും വലിപ്പം, പ്രവർത്തനസജ്ജമായ കെട്ടിടങ്ങൾ, നൽകിവരുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും വരുന്ന ആശുപത്രികളിലും ആവശ്യമായിവരുന്ന

തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകളുണ്ട്. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് ഇ-ഹെൽത്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. എന്നിരുന്നാലും ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/കുടുബാരോഗ്യ കേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ജില്ലാ ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇ-ഹെൽത്ത് പ്രവർത്തനം പൂർണ്ണമായും ആരംഭിച്ചതിനുശേഷം അന്തിമ ബില്ലുകൾ തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ ഓരോ ആശുപത്രിക്കും ചെലവായ തുക കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ.

## മലപ്പുറം ജില്ലയിലെ ഇ-ഹെൽത്ത് പദ്ധതി

162 (162) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതി മലപ്പുറം ജില്ലയിൽ ശരിയായ രൂപത്തിൽ നടപ്പിലായിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇ-ഹെൽത്ത് പദ്ധതി മലപ്പുറം ജില്ലയിലുൾപ്പെടെ സർക്കാർ ആശുപത്രികളിൽ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാണ് ശ്രമിക്കുന്നത്.

(ബി) ആരോഗ്യ പ്രവർത്തകർ ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകളിലൂടെ ആധാർ നമ്പർ മുഖേന രോഗിയുടെ വിവരങ്ങൾ ശേഖരിക്കുന്ന ഒന്നാംഘട്ടം പോലും ജില്ലയിൽ പൂർത്തിയായിട്ടില്ലാത്തതിനാൽ നടപടികൾ ത്വരിതപ്പെടുത്തുമോ?

കോവിഡ് വ്യാപനത്തെ തുടർന്ന് വിവരശേഖരണം പൂർണ്ണതോതിൽ നടത്താൻ കഴിഞ്ഞില്ലെങ്കിലും ജില്ലയിലെ 3850006 ആളുകളുടെ വിവരശേഖരണം ഇതിനകം പൂർത്തിയായിട്ടുണ്ട്. തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(സി) ബില്ലിംഗ്, ലാബ് പരിശോധനാഫലം എന്നിവ ഇ-ഹെൽത്ത് സോഫ്റ്റ്‌വെയർ മുഖേന ബന്ധിപ്പിക്കാത്തതുമൂലം മെഡിക്കൽ കോളേജുകളിലടക്കം രോഗികൾ പ്രയാസപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ള ആശുപത്രികളിൽ ബില്ലിംഗ്, ലാബ് പരിശോധന എന്നിവ ഇ-ഹെൽത്ത് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുന്നതിന് നിലവിൽ സാങ്കേതിക തടസ്സങ്ങളില്ല.

## ആരോഗ്യ മേഖലയിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗം

163 (163) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും നാല് കോടി രൂപ വീതം നീക്കിവച്ച് ആരോഗ്യ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്താണെന്ന് വിശദമാക്കുമോ?

26-07-2021-ലെ G.O(Rt)No.1555/2021/H&FWD. പ്രകാരം കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് 140 നിയോജകമണ്ഡലങ്ങളിലും ഒരു ആരോഗ്യ സ്ഥാപനത്തിൽ കിഫ്ബിയും എം.എൽ.എ. ഫണ്ടും സംയുക്തമായി വിനിയോഗിച്ചുകൊണ്ട് പത്ത് കിടക്കകളുള്ള ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനമായിട്ടുണ്ട്. Pre-engineered Structure ഉപയോഗിച്ച് 2400 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള ഐസൊലേഷൻ വാർഡ് കെട്ടിടം, ആദ്യഘട്ടത്തിൽ സൈറ്റുകൾ കണ്ടെത്തിയ 90 ആശുപത്രികളിൽ നിർമ്മിക്കുന്നതിന് M/s. Thrissur District Labour Contract Co-operative Society Ltd.-ന് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 35 ആശുപത്രികളിൽ നിർമ്മാണ

പ്രവൃത്തികൾക്കുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. ബാക്കിയുള്ള 55 ആശുപത്രികളിൽ നിർമ്മാണത്തിനായി തെരഞ്ഞെടുത്ത സ്ഥലത്തെ തടസ്സങ്ങൾ നീക്കം ചെയ്യുന്ന നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും നീക്കിവച്ച തുക ഉപയോഗിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കോട്ടയം മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനമായ കെ.എം.സി.എച്ച്.സി. ഏറ്റുമാനൂരിൽ എം.എൽ.എ. ഫണ്ടിൽനിന്നും 1.25 കോടി രൂപ മുതൽമുടക്കിൽ കോവിഡ് മൂന്നാം തരംഗം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു.

2. ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിനോട് അനുബന്ധിച്ചുള്ള അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ അമ്പലപ്പുഴയിൽ പത്ത് കിടക്കകളോട് കൂടിയ ഒരു കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിനായി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും 0.89 കോടി

രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതുകൂടാതെ കിഫ്ബിയിൽനിന്നും ടി പദ്ധതിക്കായി 0.89 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

3. ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് പുതിയ ബ്ലോക്കിൽ ഫാർമസി കൗണ്ടർ നിർമ്മാണം, ഓപ്പറേഷൻ തീയേറ്ററിന്റെ അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിന് 42 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതുപ്രകാരം കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രഖ്യാപനത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

(ബി&സി)) 26-07-2021-ലെ G.O.(Rt)No.1555/2021/H&FWD. പ്രകാരം കോഴിക്കോട് ജില്ലയിൽ ഐസോലേഷൻ വാർഡ് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ മണ്ഡലം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിയോജകമണ്ഡലം | സർക്കാർ ഉത്തരവ് പ്രകാരം തെരഞ്ഞെടുത്തിരിക്കുന്ന സ്ഥാപനങ്ങൾ |
|---|---|---|
| 1 | വടകര | സാമൂഹികാരോഗ്യ കേന്ദ്രം, ഓർക്കട്ടേരി |
| 2 | കുറ്റ്യാടി | സാമൂഹികാരോഗ്യ കേന്ദ്രം, കുന്നമേൽ (നിർമ്മാണ പ്രവർത്തിയുടെ നടപടികൾ |

| | | |
|---|---|---|
| | | ആരംഭിച്ചു) |
| 3 | നാദാപുരം | സാമൂഹികാരോഗ്യ കേന്ദ്രം, വളയം |
| 4 | കൊയിലാണ്ടി | സാമൂഹികാരോഗ്യ കേന്ദ്രം, മേലടി |
| 5 | പേരാമ്പ്ര | താലൂക്ക് ആശുപത്രി, പേരാമ്പ്ര |
| 6 | ബാലുശ്ശേരി | സാമൂഹികാരോഗ്യ കേന്ദ്രം, കൂരാച്ചുണ്ട് |
| 7 | ഏലത്തൂർ | സാമൂഹികാരോഗ്യ കേന്ദ്രം, തലക്കുളത്തൂർ |
| 8 | കോഴിക്കോട് നോർത്ത് | ഗവൺമെന്റ് ഡെർമറ്റോളജി ഹോസ്പിറ്റൽ (നിർമ്മാണ പ്രവർത്തിയുടെ നടപടികൾ ആരംഭിച്ചു) |
| 9 | കോഴിക്കോട് സൗത്ത് | മെന്റൽ ഹെൽത്ത് സെന്റർ |
| 10 | ബേപ്പൂർ | സാമൂഹികാരോഗ്യ കേന്ദ്രം, ചെറുവത്തൂർ |
| 11 | കുന്നമംഗലം | സാമൂഹികാരോഗ്യ കേന്ദ്രം, ഒളവണ്ണ |
| 12 | കൊടുവള്ളി | സാമൂഹികാരോഗ്യ കേന്ദ്രം, കൊടുവള്ളി |
| 13 | തിരുവമ്പാടി | സാമൂഹികാരോഗ്യ കേന്ദ്രം, മുക്കം |

മേൽ സ്ഥാപനങ്ങളിൽ സാമൂഹികാരോഗ്യ കേന്ദ്രം, കുന്നമ്മേൽ, ഗവൺമെന്റ് ഡെർമറ്റോളജി ഹോസ്പിറ്റൽ, ഗവൺമെന്റ് ഹെൽത്ത് സെന്റർ എന്നീ സ്ഥാപനങ്ങൾ സൈറ്റിലെ മരം മുറിക്കൽ, കെട്ടിടം പൊളിക്കൽ തുടങ്ങിയ തടസ്സങ്ങൾ നീക്കി സൈറ്റ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് കൈമാറാൻ തയ്യാറായിക്കഴിഞ്ഞു. Site handover ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൊടുവള്ളി മണ്ഡലത്തിൽ തെരഞ്ഞെടുത്തിരിക്കുന്ന സാമൂഹികാരോഗ്യ കേന്ദ്രം കൊടുവള്ളിയിൽ സ്ഥലം

ലഭ്യമല്ലാത്തതിനാൽ പകരം ഇതേ മണ്ഡലത്തിലെ തന്നെ സാമൂഹികാരോഗ്യ കേന്ദ്രം നരിക്കുനിയിൽ ഐസൊലേഷൻ വാർഡ് ആരംഭിക്കാൻ ഉത്തരവായിട്ടുണ്ട്. സാമൂഹികാരോഗ്യ കേന്ദ്രം, ഓർക്കട്ടേരി, സാമൂഹികാരോഗ്യ കേന്ദ്രം, മേലടി, സാമൂഹികാരോഗ്യ കേന്ദ്രം കുരാച്ചുണ്ട്, സാമൂഹികാരോഗ്യ കേന്ദ്രം ഒളവണ്ണ, സാമൂഹികാരോഗ്യ കേന്ദ്രം മുക്കം എന്നീ സ്ഥാപനങ്ങളിൽ സൈറ്റിലെ തടസ്സങ്ങൾ (മരംമുറിക്കൽ/കെട്ടിടം പൊളിക്കൽ) നീക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. നാദാപുരം, പേരാമ്പ്ര, ഇലത്തൂർ, ബേപ്പൂർ മണ്ഡലങ്ങളിൽ 24x7 പ്രവർത്തനമുള്ള സ്ഥലം ലഭ്യതയുള്ള ആരോഗ്യ സ്ഥാപനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത മണ്ഡലങ്ങളിൽ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥാപനങ്ങൾ മൾട്ടിപർപ്പസ് Pre-engineered Building-ന് അനുയോജ്യമാണോയെന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ആർദ്രം പദ്ധതി

164 (164) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം ഏതൊക്കെ ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയിട്ടുള്ളത്?

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം ആലംകോടിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പ്രാഥമികാരോഗ്യകേന്ദ്രം പാലപ്പെട്ടി, പ്രാഥമികാരോഗ്യകേന്ദ്രം നന്നംമുക്ക്, പ്രാഥമികാരോഗ്യകേന്ദ്രം വെളിയംകോട്, പ്രാഥമികാരോഗ്യകേന്ദ്രം മാറഞ്ചേരി ന്യൂ എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ പ്രാഥമികാരോഗ്യകേന്ദ്രം ഏഴുവതിരുത്തി, പ്രാഥമികാരോഗ്യകേന്ദ്രം പെരുമ്പടപ്പ് എന്നീ സ്ഥാപനങ്ങളെ കുടുംബാരാഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.

(ബി) ആയതിന്റെ നിർമ്മാണത്തിനും മറ്റനുബന്ധ പ്രവർത്തികൾക്കുമായി നാഷണൽ ഹെൽത്ത് മിഷനിൽനിന്ന് എത്ര ഫണ്ട് ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

| | |
|---|---|
| പ്രാഥമികാരോഗ്യകേന്ദ്രം, ആലംകോട് | 14 ലക്ഷം രൂപ -Plan Fund |
| പ്രാഥമികാരോഗ്യകേന്ദ്രം, പാലപ്പെട്ടി | 15.5 ലക്ഷം രൂപ- NHM Fund |
| പ്രാഥമികാരോഗ്യകേന്ദ്രം, നന്നംമുക്ക് | 14 ലക്ഷം രൂപ- Plan Fund |
| പ്രാഥമികാരോഗ്യകേന്ദ്രം, വെളിയംകോട് | 14 ലക്ഷം രൂപ- Plan Fund |
| പ്രാഥമികാരോഗ്യകേന്ദ്രം, മാറഞ്ചേരി ന്യൂ | 15.5 ലക്ഷം രൂപ- NHM Fund |
| പ്രാഥമികാരോഗ്യകേന്ദ്രം, ഏഴുവതിരുത്തി | 15.5 ലക്ഷം രൂപ- NHM Fund |
| പ്രാഥമികാരോഗ്യകേന്ദ്രം, പെരുമ്പടപ്പ് | 15.5 ലക്ഷം രൂപ-NHM Fund |

## ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം

165 (165) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ പിടിപെട്ടവർക്കായി പത്ത് ബെഡ്ഡുകൾ വീതമുള്ള എത്ര ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുവാനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ എവിടെയൊക്കെയാണ് ഈ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

(എ&ബി) കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് പത്ത് കിടക്കകളുള്ള ഐസൊലേഷൻ വാർഡുകൾ 140 നിയോജകമണ്ഡലങ്ങളിൽ നിർമ്മിക്കാനാണ് ഉത്തരവായിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+ ഇതിൽ ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 90 ആശുപത്രികളിൽ 35 ആശുപത്രികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രരംഭനടപടികൾ തുടങ്ങിയിട്ടുണ്ട്. ബാക്കിയുള്ള 55 ആശുപത്രികളിൽ നിർമ്മാണത്തിനായി തെരഞ്ഞെടുത്ത സ്ഥലത്തെ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുരോഗമിക്കുകയും ചെയ്യുന്നു. ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുവാൻ ആവശ്യമായ സ്ഥലം ലഭ്യമല്ലാത്ത സ്ഥാപനങ്ങൾക്ക് പകരമായി സ്ഥലസൗകര്യമുള്ള മറ്റ് സ്ഥാപനങ്ങൾ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(സി) തിരുവനന്തപുരം ജില്ലയിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്ത ആശുപത്രികൾ ഏതൊക്കെയാണെന്നും ഇവയുടെ നിർമ്മാണച്ചുമതല ഏത് ഏജൻസിക്കാണെന്നും നിർമ്മാണത്തിന്റെ ഇതുവരെയുള്ള പുരോഗതിയും വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്ത ആശുപത്രികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണച്ചുമതല കെ.എം.എസ്.സി.എൽ.-നാണ്. ഇതിൽ തിരുവനന്തപുരം ജില്ലയിലെ സി.എച്ച്.സി. കേശവപുരം, സി.എച്ച്.സി. പൂവ്വാർ, സി.എച്ച്.സി. ഐരാണിമുട്ടം എന്നീ ആശുപത്രികളിലാണ് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്.

## ഡയാലിസിസ് സെന്ററുകൾ

166 (166) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യത്തിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിൽ അടിസ്ഥാനസൗകര്യം നിലവിലുള്ള താലൂക്ക് ആശുപത്രികളിലും സി.എച്ച്.സി.-കളിലും ഡയാലിസിസ് സെന്ററുകൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് ജില്ലാ/ജനറൽ/താലൂക്ക്തല ആശുപത്രികളിലും ചില സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലുമായി 95 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനായി 995 ഡയാലിസിസ് മെഷീനുകൾ പ്രവർത്തിച്ചുവരികയും പ്രതിമാസം നാല്പതിനായിരത്തോളം ഡയാലിസിസുകൾ നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടുതൽ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിക്കുന്നുണ്ട്. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

## സർക്കാർ ആശുപത്രികളുടെ സുരക്ഷ വർദ്ധിപ്പിക്കൽ

167 (167) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ സുരക്ഷ വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കോട്ടയത്ത് മെഡിക്കൽ കോളേജിൽനിന്നും നവജാത ശിശുവിനെ തട്ടിയെടുത്ത സംഭവവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ മെഡിക്കൽ കോളജുകളിലും സർക്കാർ ആശുപത്രികളിലും സുരക്ഷാ ഓഡിറ്റ് നടത്തുമെന്ന് പ്രഖ്യാപിച്ചത് സംബന്ധിച്ച് സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സുരക്ഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ താഴെപ്പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്താൻ 12-08-2021-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1735/2021/ആ.കു.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(i) എല്ലാ ആശുപത്രികളിലും, പ്രാരംഭഘട്ടമെന്ന നിലയിൽ താലൂക്ക്/ജില്ലാ/ജനറൽ/സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ ക്യാഷ്വാലിറ്റി, ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ, പോലീസ് സഹായകേന്ദ്രങ്ങൾ എന്നിവ

സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ii) ആരോഗ്യ സ്ഥാപനത്തിലെ സുരക്ഷാച്ചുമതല ഒരു ഓഫീസർക്ക് നൽകാനും പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പടെയുള്ള ജീവനക്കാർക്ക് സുരക്ഷ സംബന്ധിച്ച പരിശീലനം നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(iii) വിരമിച്ച സൈനികരെ സുരക്ഷാച്ചുമതലയിൽ നിയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ പറയുന്നവ കൂടാതെ മെഡിക്കൽ കോളേജുകളിലെ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് താഴെ കൊടുത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ആശുപത്രിയിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ ജീവനക്കാരുടേയും തിരിച്ചറിയൽ രേഖ നിർബന്ധമായും പരിശോധിക്കുന്നുണ്ട്.

2. വാർഡുകളിൽ അഡ്മിറ്റാകുന്ന രോഗികളുടെ കൂട്ടിരിപ്പുകാർ അവർക്ക് അനുവദിച്ചിരിക്കുന്ന പാസ്സ് കയ്യിൽ കരുതണം. പാസ്സില്ലാതെ ഒഴികഴിവുകൾ പറഞ്ഞുവരുന്ന കൂട്ടിരുപ്പുകാരെ പ്രവേശിപ്പിക്കുന്നതല്ല.

3. ഒരു രോഗിയുടെ കൂടെ ഒരു ബൈസ്റ്റാൻഡറെ മാത്രമെ അനുവദിക്കുകയുള്ളു. വാർഡിലെ ഡോക്ടർമാർ/നഴ്സിംഗ് ഓഫീസർമാർ

രേഖാമൂലമോ ടെലിഫോണിലൂടെയോ ആവശ്യപ്പെടുന്നപക്ഷം മാത്രമെ അധിക ബൈസ്റ്റാൻഡറെ അനുവദിക്കുകയുള്ളൂ.

4. പ്രസവ വാർഡിൽ 24 മണിക്കൂറും സെക്യൂരിറ്റി ഉറപ്പാക്കുന്നുണ്ട്.

5. പ്രസവ വാർഡിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ ജീവനക്കാരുടെയും തിരിച്ചറിയൽ രേഖ പരിശോധിക്കുന്നുണ്ട്.

6. നവജാതശിശുവിനെ മാത്രം ചികിത്സയ്ക്കായി അമ്മയുടെ കയ്യിൽനിന്നും ഉത്തരവാദപ്പെട്ടവർ വാങ്ങിക്കൊണ്ടുപോകുമ്പോൾ ബൈസ്റ്റാൻഡർ കൂടെ അനുഗമിക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

7. തട്ടിപ്പുകാർക്കെതിരെ ജാഗരൂകരായിരിക്കാൻ രോഗിയേയും കൂട്ടിരിപ്പുകാരെയും ബോധവൽക്കരിക്കുന്നുണ്ട്.

8. ആശുപത്രിയുടെ കവാടത്തിൽ സഹായകവാടവും അന്വേഷണ കൗണ്ടറും സ്ഥാപിച്ചിട്ടുണ്ട്.

9. രോഗികളെ ഡിസ്ചാർജ് ചെയ്യുമ്പോൾ ഐ.പി. ബുക്കിൽ ഡിസ്ചാർജ്ജ് സീൽ പതിച്ച് പാസ്സ് തിരികെ വാങ്ങുന്നുണ്ട്.

10. ഡ്യൂട്ടി സർജന്റിന്റെ ഓഫീസ് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

11. സി.സി.റ്റി.വി. കൃത്യമായി നിരീക്ഷിക്കുന്നുണ്ട്.

12. പ്രധാന മെഡിക്കൽ കോളേജുകളിൽ പബ്ലിക് അനൗൺസ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

13. അഗ്നിശമന സുരക്ഷാ സംവിധാനങ്ങൾ നിലവിലുണ്ട്.

കൂടാതെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി സുരക്ഷാ ഓഡിറ്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## സർക്കാർ ആശുപത്രികളെ സംബന്ധിച്ച പരാതികൾ

168 (168) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ഉൾപ്പെടെ സർക്കാർ ആശുപത്രികളെ സംബന്ധിച്ച് പരാതികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് പരിശോധിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ പ്രവർത്തിക്കുന്ന സർക്കാർ ആശുപത്രികളെ സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിനായി ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് വിംഗ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ മൂന്ന് റീജിയണൽ വിജിലൻസ് യൂണിറ്റ് (RVU)

പ്രവർത്തിച്ചുവരുന്നു. ഓരോ സർക്കാർ മെഡിക്കൽ കോളേജിലും മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് അദ്ധ്യക്ഷനായ ഡിസിപ്ലിനറി കമ്മിറ്റികൾ നിലവിലുണ്ട്. ലഭിക്കുന്ന പരാതികളിന്മേൽ ഹോസ്പിറ്റൽ ഡിസിപ്ലിനറി കമ്മറ്റികൾ അന്വേഷണം നടത്തി റിപ്പോർട്ട് ജോയിന്റ് ഡയറക്ടർ (മെഡിക്കൽ) അദ്ധ്യക്ഷനായ ഡി.എം.ഇ. തലത്തിലുള്ള വിജിലൻസ് കമ്മിറ്റിക്ക് കൈമാറുന്നു. ഡയറക്ടറേറ്റ് തലത്തിൽ പ്രസ്തുത പരാതി പരിശോധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടവയ്ക്ക് നടപടികൾ സ്വീകരിക്കുകയും പ്രസ്തുത തെറ്റ് ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

(ബി) ആരോഗ്യവകുപ്പിൽ വിജിലൻസ് സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആരുടെ നേതൃത്വത്തിലാണ് പ്രസ്തുത സംവിധാനം പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് വിംഗ് പ്രവർത്തിക്കുന്നുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജോയിന്റ് ഡയറക്ടർ (മെഡിക്കൽ) അദ്ധ്യക്ഷനായി ഒരു വിജിലൻസ് സെൽ പ്രവർത്തിച്ചുവരുന്നു.

(സി) മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും പ്രവർത്തിക്കുന്ന കാഷ്വാലിറ്റികളിൽ ആവശ്യത്തിന് മുതിർന്ന ഡോക്ടർമാരെ നിയമിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

മെഡിക്കൽ കോളേജ് കാഷ്വാലിറ്റികളിൽ മെഡിക്കൽ ഓഫീസറുടെ സേവനം ലഭ്യമാണ്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ എമർജൻസി മെഡിക്കൽ വിഭാഗം ആരംഭിച്ചിട്ടുണ്ട്. എമർജൻസി മെഡിസിൻ വിഭാഗത്തിൽ ഒരു പ്രൊഫസർ, ഒരു അസോസിയേറ്റ് പ്രൊഫസർ, ഒരു അസിസ്റ്റന്റ് പ്രൊഫസർ, ഒൻപത് സീനിയർ റസിഡന്റുമാർ എന്നിവരുടെ സേവനം ലഭ്യമാണ്. ജനറൽ മെഡിസിൻ, ജനറൽ സർജറി, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി. എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ സേവനവും ക്യാഷ്വാലിറ്റി വിഭാഗത്തിൽ ലഭ്യമാണ്. മറ്റ് മെഡിക്കൽ കോളേജുകളിലും എമർജൻസി വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കീഴിലുള്ള സർക്കാർ ആശുപത്രികളിൽ നിലവിലുള്ള തസ്തികകളുടെ അടിസ്ഥാനത്തിലാണ് ഡോക്ടർമാർക്ക് നിയമനം നൽകിവരുന്നത്.

<u>സംസ്ഥാനത്തെ താലൂക്ക് ആശുപത്രികൾ</u>

169 (169) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെത്ര ആശുപത്രികളാണ് താലൂക്ക് ആസ്ഥാന ആശുപത്രികളായി പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത ആശുപത്രികളുടെ പേര് വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

48 ആശുപത്രികളാണ് താലൂക്ക് ആസ്ഥാന ആശുപത്രികളായി പ്രവർത്തിക്കുന്നത്. പ്രസ്തുത ആശുപത്രികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) താലൂക്കാശുപത്രികളുടെ വികസനത്തിന് കിഫ്ബി മുഖാന്തരം ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പാലക്കാട് ജില്ലയിലെ താലൂക്ക് ആശുപത്രികൾ ഉൾപ്പെടെ ഓരോ ആശുപത്രിക്കും അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

<u>ആതുരാലയങ്ങളുടെ പശ്ചാത്തല സൗകര്യനിർമ്മിതി</u>

170 (170) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2016-2021 കാലയളവിലായി സംസ്ഥാന സർക്കാർ ആതുരാലയങ്ങളുടെ പശ്ചാത്തലസൗകര്യ നിർമ്മാണത്തിനായി വിവിധ സാമ്പത്തിക ഏജൻസികൾ വഴി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ കോന്നി, ഇടുക്കി, കാസർഗോഡ് മെഡിക്കൽ കോളേജ് ആശുപത്രികളുടെ നിർമ്മാണത്തിനായി ആകെ 170.64 കോടി രൂപയും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിലുള്ള ആശുപത്രികളുടെ വികസനത്തിനായി 311.59 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി.-യിൽനിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിലുള്ള ആശുപത്രികളുടെ വികസനത്തിനായി 276.5749 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കിഫ്ബി മുഖാന്തരം ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016 മുതൽ നാളിതുവരെ ആകെ 4881.16 കോടി രൂപയുള്ള ധനാനുമതി നൽകിയിട്ടുണ്ട്. 2016-17 മുതൽ നാഷണൽ ഹെൽത്ത് മിഷൻ മുഖേന കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ ആതുരാലയങ്ങളുടെ പശ്ചാത്തല വികസനത്തിനായി ആകെ 541.07 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഇതുവഴി എത്ര ആശുപത്രി/ഡിസ്പെൻസറി/മെഡിക്കൽ കോളേജുകൾക്കാണ് കെട്ടിടം പണിത് വരുന്നതെന്ന് അറിയിക്കാമോ?

നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ താഴെപ്പറയുന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

1. കോന്നി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയുടെ നിർമ്മാണം.

2. കാസർഗോഡ് മെഡിക്കൽ കോളേജ് ആശുപത്രിയുടെ നിർമ്മാണം.

3. ഇടുക്കി മെഡിക്കൽ കോളേജ് ആശുപത്രിയുടെ നിർമ്മാണം.

കൂടാതെ കോട്ടയം മെഡിക്കൽ കോളജിൽ 200 കിടക്കകളോടുകൂടിയ കാർഡിയോളജി ബ്ലോക്ക് നിർമ്മിക്കുന്നതിന് 18-09-2020-ലെ സ.ഉ.(സാധാ)നം.1699/2020/ആ.കു.വ. പ്രകാരം 36.41 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായുള്ള നബാർഡ് വിഹിതം 30.95 കോടി രൂപയും സംസ്ഥാന വിഹിതം 5.46 കോടി രൂപയുമാണ്. പദ്ധതിയുടെ സാങ്കേതികാനുമതി നൽകുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. കിഫ്ബി മുഖാന്തരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെചേർക്കുന്നു.

(a) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം

(b) കോട്ടയം മെഡിക്കൽ കോളേജിലെ സർജിക്കൽ ബ്ലോക്ക്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവയുടെ നിർമ്മാണം

(c) എറണാകുളം മെഡിക്കൽ കോളേജിന്റെ സമഗ്രവികസനം

(d) എറണാകുളം മെഡിക്കൽ കോളേജിലെ മാലിന്യസംസ്കരണ പ്ലാന്റിന്റെ നവീകരണം

(e) തൃശ്ശൂർ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം

(f) തൃശ്ശൂർ മെഡിക്കൽ കോളേജിൽ മദർ & ചൈൽഡ് ബ്ലോക്ക് നിർമ്മാണം

(g) കണ്ണൂർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം

(h) കോന്നി മെഡിക്കൽ കോളേജിന്റെ വികസനം-രണ്ടാംഘട്ടം

(i) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ വികസനം

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള 69 ആശുപത്രികളിൽ കിഫ്ബി മുഖേനയും 111 ആശുപത്രികളിൽ പി.ഡബ്ല്യു.ഡി. മുഖേനയും 20 ആശുപത്രികളിൽ നബാർഡ് മുഖേനയും പ്രവർത്തനങ്ങൾ നടന്നുവരുന്നു. നാഷണൽ ഹെൽത്ത് മിഷനിൽനിന്നും അംഗീകാരം ലഭിച്ച 99 ആരോഗ്യ

സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നാഷണൽ ഹെൽത്ത് മിഷൻ മുഖേന 343 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും 76 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ലെവൽ ഫാമിലി ഹെൽത്ത് സെന്ററാക്കുന്ന പ്രവർത്തനങ്ങളും 29 താലൂക്കാശുപത്രികളുടെ ഒ.പി. പരിവർത്തന പ്രവൃത്തികളും രണ്ട് ജില്ലാശുപത്രികളുടെ ഒ.പി. പരിവർത്തന പ്രവൃത്തികളും 1439 സബ്സെന്ററുകളെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററായി ഉയർത്തുന്ന പ്രവർത്തനങ്ങളും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

## ആശുപത്രികളിലെ അണുബാധ നിയന്ത്രണം

171 (171) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിലെ നോസോകോമിയൽ അണുബാധ കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ആശുപത്രികളിലെ നോസോകോമിയൽ അണുബാധ കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാനത്തെ ആരോഗ്യ വകുപ്പിനുകീഴിലുള്ള

ആശുപത്രികളിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ഇൻഫെക്ഷൻ കൺട്രോളുമായി ബന്ധപ്പെട്ട് കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകുന്നുണ്ട്. രോഗികളുമായി സമ്പർക്കത്തിൽ വരുന്ന എല്ലാ ഉപകരണങ്ങളും കൃത്യമായ ഇടവേളകളിൽ അണുനശീകരണത്തിന് വിധേയമാക്കുന്നു. ആശുപത്രികളിൽ കിടക്കകൾ തമ്മിൽ കൃത്യമായ അകലം പാലിക്കാറുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഇൻഫെക്ഷൻ കൺട്രോൾ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇതിനായി ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആശുപത്രി സൂപ്രണ്ട്, ഇൻഫെക്ഷ്യസ് ഡിസീസ്, കമ്മ്യൂണിറ്റി മെഡിസിൻ, മൈക്രോബയോളജി, PEID Cell, ഹൗസ്കീപ്പിംഗ് എന്നീ വിഭാഗങ്ങൾ സഹകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നു. മറ്റ് ക്ലിനിക്കൽ വിഭാഗങ്ങളും പൂർണ്ണമായി സഹകരിക്കുന്നുണ്ട്. ആശുപത്രി sanitary rounds കൃത്യമായി നടത്തുന്നു, പ്രശ്നങ്ങൾ പരിഹരിക്കുന്നു. State PEID Cell ഇതിന്റെ ഏകോപനം നിർവ്വഹിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇതിനായി Link Nurses എന്നൊരു വിഭാഗം എല്ലാ വാർഡുകളിലും ആഴ്ചതോറും ട്രെയിനിംഗ്

പ്രവർത്തനങ്ങളും ബോധവത്കരണ പരിപാടികളും നടത്തിവരുന്നു. Link Nurses-ന് വേണ്ട ട്രെയിനിംഗ് കൃത്യമായി നൽകിവരുന്നു. മറ്റ് മെഡിക്കൽ കോളേജുകളിൽ ഘട്ടംഘട്ടമായി ഇത് നടപ്പിലാക്കിവരുന്നു. കൂടാതെ ICU, OT, Labour Room തുടങ്ങിയ സ്ഥലങ്ങളിൽ അണുബാധ സർവ്വയ്ലൻസിന്റെ ഭാഗമായി swab ഓരോ മാസവും എടുക്കുകയും അതിന്റെ റിസൾട്ട് അനുസരിച്ച് വേണ്ട അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. Personal Protective Equipment കൃത്യമായി ഉപയോഗിക്കുന്നുണ്ട്. വേസ്റ്റ് മാനേജ്മെന്റ് ഹാന്റ്ലിംഗ് & സെഗ്രഗേഷൻ കൃത്യമായി ചെയ്തുവരുന്നുണ്ട്. വേസ്റ്റ് തരംതിരിച്ച് ഇമേജ് കരാർ പ്രകാരം ഡിസ്പോസ് ചെയ്യുന്നു.

(ബി) ആശുപത്രികളിലെ ഉപകരണങ്ങൾ അണുവിമുക്തമാക്കുന്നതിന് നിലവിലുള്ള ഓട്ടോക്ലേവ് റൂം സി.എസ്.എസ്.ഡി. ആക്കി മാറ്റുവാൻ ലക്ഷ്യമിട്ടിരുന്നോ; എങ്കിൽ ആ ലക്ഷ്യം എത്രമാത്രം കൈവരിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ആരോഗ്യ വകുപ്പിനുകീഴിലുള്ള പ്രധാന ആശുപത്രികളിൽ ഓട്ടോക്ലേവ് റൂം സി.എസ്.എസ്.ഡി. ആക്കി മാറ്റിയിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പ്രധാന മെഡിക്കൽ കോളേജുകളിൽ ആശുപത്രി ഉപകരണങ്ങൾ അണുവിമുക്തമാക്കുന്നതിന് എല്ലാ സംവിധാനങ്ങളോടും കൂടിയ സി.എസ്.എസ്.ഡി. പ്രവർത്തിച്ചുവരുന്നു.

പേരാമ്പ്ര സർക്കാർ താലൂക്ക് ആശുപത്രി കെട്ടിടം

172 (172) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര സർക്കാർ താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഏതെങ്കിലും ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉണ്ട്. കിഫ്ബി ധനസഹായത്തോടെ 77.43 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി (SPV) കിഫ്ബി മുമ്പാകെ സമർപ്പിച്ചിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ പരിശോധനാ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) കെട്ടിട നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ച്, തുടർന്ന് സാങ്കേതികാനുമതി നൽകിയശേഷം ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയും.

<u>നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന മാതൃ-ശിശു വിഭാഗ കെട്ടിടം</u>

173 (173) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ ജില്ലാശുപത്രിയിൽ നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന മാതൃ-ശിശു വിഭാഗങ്ങൾക്കായുള്ള പുതിയ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

എൻ.എച്ച്.എം.-ന്റെ 2014-15 പദ്ധതിയിലുൾപ്പെടുത്തി 10.5 കോടി രൂപ ചെലവിൽ പുതിയ മാതൃ-ശിശു വിഭാഗത്തിന്റെ പ്രവൃത്തികൾ 30 ശതമാനം പൂർത്തീകരിച്ചു. ആദ്യം ബി.എസ്.എൻ.എൽ. എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്. എന്നാൽ ടി ഏജൻസിയുടെ ഭാഗത്തുനിന്നുണ്ടായ കാലതാമസം കാരണം ടി പദ്ധതിയുടെ പൂർത്തീകരണത്തിനായി വാപ്കോസ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തി.

(ബി) മേൽ കെട്ടിടനിർമ്മാണത്തിനായി എത്ര തുകയാണ് എൻ.എച്ച്.എം. അനുവദിച്ചതെന്നും എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും എത്ര തുകയാണ് ബാക്കിയുള്ളതെന്നും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ സഹിതം അറിയിക്കാമോ?

കെട്ടിട നിർമ്മാണത്തിനായി 10.5 കോടി രൂപയാണ് എൻ.എച്ച്.എം. അനുവദിച്ചിട്ടുള്ളത്. ഇതിൽ 2016-17 സാമ്പത്തിക വർഷത്തിൽ 1.90 കോടി രൂപ ചെലവഴിച്ചു. ബാക്കി 7.5 കോടി രൂപ എൻ.എച്ച്.എം.-ൽ ഉണ്ട്.

(സി) മുടങ്ങിക്കിടക്കുന്ന മേൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ഏജൻസി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ പുതുക്കിയ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; നിർമ്മാണം പൂർത്തീകരിക്കാൻ എത്ര തുകയാണ് ഇനി ആവശ്യമുള്ളതെന്നും അറിയിക്കാമോ;

(ഡി) എൻ.എച്ച്.എം. അനുവദിച്ച തുകയിൽ ശേഷിക്കുന്ന തുക ഈ വർഷം തന്നെ അനുവദിക്കണമെന്നാവശ്യപ്പെട്ട് ആരോഗ്യമന്ത്രിക്കും, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർക്കും നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) ശേഷിക്കുന്ന തുക ഈ സാമ്പത്തിക വർഷം തന്നെ അനുവദിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ ഉണ്ടോയെന്ന് അറിയിക്കാമോ; ഈ തുക അനുവദിക്കുന്നതിന് നിർദ്ദേശം നൽകേണ്ട ഉദ്യോഗസ്ഥൻ തുക അനുവദിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

(സി-ഇ) നിലമ്പൂർ ജില്ലാശുപത്രിയിലെ മാതൃ-ശിശു വിഭാഗത്തിനായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനായി വാപ്കോസ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തി. ടി പ്രവൃത്തി ചെയ്യുന്നതിനായി വാപ്കോസ് 18.50 കോടി രൂപയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. നിലവിൽ എൻ.എച്ച്.എം.-ൽ ലഭ്യമായിട്ടുള്ള തുകയെക്കാൾ 11 കോടി രൂപ അധികമായിവരുന്നുണ്ട്. ടി അധിക തുക ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ എൻ.എച്ച്.എം.-ന്റെ 2022-23 സാമ്പത്തിക വർഷത്തിൽ ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക് സമർപ്പിക്കുന്നതായിരിക്കും. ടി തുക ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമില്ല.

## മവേലിക്കര ജില്ലാശുപത്രിയുടെ വികസനം

174 (174) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാവേലിക്കര ജില്ലാശുപത്രിയിൽ ബഹുനില കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്കായി 102.79 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ ടി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി പൈലിംഗ് വർക്ക് പുരോഗമിക്കുന്നു. ആശുപത്രി ഭിന്നശേഷി-വയോജന സൗഹൃദമാക്കുന്നതിനും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 50 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച നേത്രരോഗ ഓപ്പറേഷൻ തീയേറ്ററിന്റെ എയർഹാന്റ്ലിംഗ് യൂണിറ്റ് വൈദ്യുതീകരണം നടത്തുന്നതിനുള്ള നടപടി നടന്നുവരുന്നു. കൂടാതെ 14 ലക്ഷം രൂപ മുടക്കി 80 ഓക്സിജൻ കിടക്കകൾ സ്ഥാപിച്ചിട്ടുണ്ട്. ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആശുപത്രിയിൽ 50 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്ന രണ്ടാംഘട്ട ഡയാലിസിസ്

യൂണിറ്റിന് വേണ്ടിയുള്ള സിവിൽ ഇലക്ട്രിക്കൽ വർക്ക് പൂർത്തിയായി. RO പ്ലാന്റ് വർക്ക് പുരോഗമിക്കുന്നു. കൂടാതെ 20 ലക്ഷം രൂപ ചെലവിൽ ലാബ് ഹോർമോൺ അനലൈസർ തയ്യാറാക്കിയിട്ടുണ്ട്. ബ്ലഡ് ബാങ്ക് പ്രവർത്തനത്തിന് ലൈസൻസ് ലഭ്യമായിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. കൂടാതെ 11 ലക്ഷം രൂപയ്ക്ക് ഫാർമസി നവീകരണം പൂർത്തിയായി.

(ബി) പ്രസ്തുത ജില്ലാശുപത്രിയിൽ ലഭിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ജനറൽ, സ്പെഷ്യാലിറ്റി ഒ.പി.-കളും ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, പീഡിയാട്രിക്, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി., ഓഫ്ത്താൽമോളജി, സൈക്യാട്രി, ദന്തൽ വിഭാഗങ്ങൾ വഴിയുള്ള സേവനങ്ങളും ഈ ആശുപത്രിയിൽനിന്ന് ലഭിക്കുന്നു. കൂടാതെ ത്വക്ക് രോഗ വിഭാഗം, നെഫ്രോ വിഭാഗം എന്നിവയും പ്രവർത്തിക്കുന്നു. കൂടാതെ ജില്ലാ കാൻസർ കെയർ യൂണിറ്റും ജില്ലാ ഹീമോഫിലിയ ഡേ കെയർ സെന്ററും ഈ ആശുപത്രിയിൽ പ്രവർത്തിക്കുന്നു. എൻ.സി.ഡി. ക്ലിനിക്ക്, എക്സ്റേ, ഡയാലിസിസ് യൂണിറ്റുകൾ, കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ് നൽകുന്നതിന് പി.പി. യൂണിറ്റ് എന്നിവയും ഇവിടെ പ്രവർത്തിക്കുന്നു. 24

മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, ലാബ്, ഫാർമസി, ആംബുലൻസ് സേവനം, ലേബർ റൂം ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ്, കോവിഡ് ട്രയേജ് എന്നീ സേവനങ്ങളും വിമുക്തി സേവനവും (ഡി-അഡിക്ഷൻ സെന്റർ) ടി ആശുപത്രിയിൽ ലഭ്യമാണ്.

(സി) പ്രസ്തുത ജില്ലാശുപത്രിയിൽ ആവശ്യമായ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നത് പരിഗണിക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

(ഡി) ഇവിടെ അത്യാധുനിക സൗകര്യങ്ങളോടെ സജ്ജീകരിച്ച ഐ.സി.യു.-ന്റെ പ്രവർത്തനം ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

15 കിടക്കകളോടുകൂടിയ ഐ.സി.യു. ആണ് നിലവിൽ പൂർത്തീകരിച്ചിരിക്കുന്നത്. ഒരു ഷിഫ്റ്റിന് കുറഞ്ഞത് അഞ്ച് നഴ്സിംഗ് ഓഫീസർ വീതം ആവശ്യമായതിനാൽ അധികമായി ആവശ്യമുള്ള നഴ്സിംഗ് ഓഫീസർമാരെ താൽക്കാലികമായി നിയമിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഐ.സി.യു.-ന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## കുടുംബാരോഗ്യകേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം

175 (175) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിലെ മലയാലപ്പുഴ, കൂടൽ എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് നബാർഡ് ധനസഹായത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ മലയാലപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിനും കൂടൽ കുടുംബാരോഗ്യ കേന്ദ്രത്തിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നബാർഡ് പദ്ധതി വഴി യഥാക്രമം 762.8 ലക്ഷം രൂപയുടെയും 662.16 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

വെറ്റിലപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ചികിത്സാ സൗകര്യങ്ങൾ

176 (176) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വെറ്റിലപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒ.പി. ബ്ലോക്ക് കെട്ടിട നിർമ്മാണം നിലവിൽ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

ആർദ്രം രണ്ടാംഘട്ടത്തിലുൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ വെറ്റിലപ്പാറ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 15.5 ലക്ഷം രൂപ ദേശീയ ആരോഗ്യ ദൗത്യം മുഖേന അനുവദിക്കുകയും ആയതിന്റെ പ്രവൃത്തികൾ കോസ്റ്റ് ഫോർഡ് തൃശ്ശൂരിന് നൽകുകയും ചെയ്തിട്ടുണ്ട്. അതിൽ ഒ.പി. ബ്ലോക്കിന്റെ ഇൻഫ്രാസ്ട്രക്ചർ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഇന്റീരിയർ വർക്കുകൾ, ഫർണിച്ചർ വാങ്ങൽ എന്നിവ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത ഒ.പി. ബ്ലോക്കിന്റെ പ്രവർത്തനം എന്ന് മുതൽ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ ഒ.പി. ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ഇവിടെ നിലവിൽ ആംബുലൻസ് സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ 108 ആംബുലൻസിന്റെ സേവനമാണ് ഉപയോഗിക്കുന്നത്.

(ഡി) ഇവിടെ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ആർദ്രം പദ്ധതി മാനദണ്ഡപ്രകാരം കുടുംബാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സാ സൗകര്യം ലഭ്യമല്ല. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ ദിവസവും രാവിലെ ഒൻപത് മണിമുതൽ വൈകുന്നേരം ആറ് മണി വരെ ഔട്ട് പേഷ്യന്റ് സംവിധാനം ലഭ്യമാണ്.

## രാത്രികാല പോസ്റ്റ്മോർട്ടം

177 (177) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറലാശുപത്രിയിൽ രാത്രികാല പോസ്റ്റ്മോർട്ടം നടപ്പിലാക്കണമെന്ന കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം അസിസ്റ്റന്റ് സർജൻമാരെയും നഴ്സിംഗ് അസിസ്റ്റന്റുമാരെയും ഹോസ്പിറ്റൽ അറ്റൻഡന്റുമാരെയും ജോലി ക്രമീകരണ വ്യവസ്ഥയിൽ കാസർഗോഡ് ജനറലാശുപത്രിയിൽ നിയമിച്ച് രാത്രികാല പോസ്റ്റ്മോർട്ടം നടപടികൾ

ആരംഭിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർക്ക് 15-01-2022-ലെ എം.എച്ച്.3-592/2022/ആവഡ. നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറുടെ 29-01-2022-ലെ എ 4-1575/2022/ജി.മെ.ആ. നമ്പർ ഉത്തരവുപ്രകാരം മൂന്ന് നഴ്സിംഗ് അസിസ്റ്റന്റ്, രണ്ട് ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 എന്നീ ജീവനക്കാരെ ജോലി ക്രമീകരണാടിസ്ഥാനത്തിൽ കാസർഗോഡ് ജനറൽ ആശുപത്രിയിലേയ്ക്ക് നിയോഗിച്ചിട്ടുണ്ട്.

(സി) കോടതി ഉത്തരവ് വന്നതെപ്പോഴാണെന്ന് വ്യക്തമാക്കാമോ?

16-12-2021-ലാണ് കോടതി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്.

(ഡി) രാത്രികാല പോസ്റ്റ്മോർട്ടം പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ സ്റ്റാഫിനെ കാസർഗോഡ് ജനറലാശുപത്രിയിൽ കോടതിവിധി കൈപ്പറ്റി ഒരു മാസത്തിനകം നിയോഗിക്കണമെന്ന് വിധിന്യായത്തിൽ പറയുന്നുണ്ടോ?

ഉണ്ട്.

(ഇ) പ്രസ്തുത കോടതിവിധി എപ്പോഴാണ് കൈപ്പറ്റിയതെന്നും ആവശ്യമായ സ്റ്റാഫിനെ നിയോഗിച്ച് കഴിഞ്ഞോ എന്നും വ്യക്തമാക്കാമോ?

22-12-2021-ൽ ടി കോടതി വിധി കൈപ്പറ്റിയിരുന്നു. വിധി പ്രകാരം ആവശ്യമായ സ്റ്റാഫിനെ നിയോഗിച്ചിട്ടുണ്ട്.

കാഞ്ഞിരപ്പള്ളി ജനറലാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം

178 (178) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ജനറലാശുപത്രിയിൽ ഏതെല്ലാം ഡിപ്പാർട്ട്മെന്റുകളാണ് നിലവിലുള്ളതെന്നും അവയെല്ലാം പൂർണ്ണസജ്ജമായി പ്രവർത്തിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

| ക്രമ നം. | ഡിപ്പാർട്ട്മെന്റ് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | അസ്ഥിരോഗ വിഭാഗം | പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. |
| 2 | മെഡിസിൻ വിഭാഗം | പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. |
| 3 | നേത്ര വിഭാഗം | പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. |
| 4 | ശിശു രോഗ വിഭാഗം | പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. |
| 5 | അനസ്തേഷ്യ വിഭാഗം | പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. |
| 6 | ഇ.എൻ.റ്റി. വിഭാഗം | പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. |
| 7 | ഗൈനക്കോളജി വിഭാഗം | പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. |
| 8 | സർജറി വിഭാഗം | പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. |
| 9 | റേഡിയോളജി വിഭാഗം | റേഡിയോളജി വിഭാഗത്തിൽ നിയമിതനായ ഡോക്ടറുടെ സേവനം ഈ സ്ഥാപനത്തിന് ഇപ്പോൾ ലഭ്യമല്ല. ടിയാനെ ജോലി ക്രമീകരണ വ്യവസ്ഥയിൽ കോട്ടയം ജനറൽ ആശുപത്രിയിൽ നിയമിച്ചിരിക്കുന്നു. |

| | | |
|---|---|---|
| 10 | സൈക്യാട്രി വിഭാഗം | പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. |
| 11 | ത്വക്ക് രോഗ വിഭാഗം | നിലവിൽ ത്വക്ക് രോഗ വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഒരൊഴിവുണ്ട്. ആയത് നികത്തുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. |
| 12 | ദന്തൽ വിഭാഗം | പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. |
| 13 | അത്യാഹിത വിഭാഗം | പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. |
| 14 | കാത്ത് ലാബ് | പുതുതായി സജ്ജീകരിച്ചിരിക്കുന്ന കാത്ത് ലാബിന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു. കാത്ത് ലാബ് ഡ്യൂട്ടിക്കായി നിയോഗിച്ചിരിക്കുന്ന ജീവനക്കാർക്ക് കോട്ടയം മെഡിക്കൽ കോളേജിൽ നിന്നും ഒരു മാസത്തെ പരിശീലനം നൽകിയശേഷമാണ് ഡ്യൂട്ടിക്കായി നിയോഗിച്ചിരിക്കുന്നത്. |
| 15 | എക്സ്റേ വിഭാഗം | പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. |
| 16 | ലാബ് വിഭാഗം | പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. |

(ബി) ജനറലാശുപത്രി നിലവാരത്തിലുള്ള ബെഡ് കപ്പാസിറ്റി ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ടോ; ആനുപാതികമായി സ്റ്റാഫ് പാറ്റേൺ വർദ്ധിപ്പിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) നിർമ്മാണം നടന്നുവരുന്ന പുതിയ കെട്ടിടം പൂർത്തിയാക്കി മതിയായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് എല്ലാ ഡിപ്പാർട്ട്മെന്റുകളും പൂർണ്ണസജ്ജമാക്കാൻ നടപടികൾ ത്വരിതപ്പെടുത്തുമോ?

(ബി&സി) ആർദ്രം പദ്ധതി പ്രകാരം കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി താലൂക്ക്തല ആശുപത്രിയുടെ പട്ടികയിലാണുൾപ്പെട്ടിട്ടുള്ളത്. ഈ ആശുപത്രിയിൽ 1030 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്ന രണ്ടാംഘട്ട കെട്ടിട നിർമ്മാണത്തിന്റെ പണികൾ അന്തിമഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കാഷ്വാലിറ്റി, സർജിക്കൽ വാർഡ്, എല്ലാ വിഭാഗത്തിന്റെയും ഒ.പി., മെഡിക്കൽ റിക്കാർഡ്സ് ലൈബ്രറി, സ്റ്റോർ, ഓപ്പറേഷൻ തീയേറ്ററുകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവ ടി കെട്ടിടത്തിൽ പ്രവർത്തനമാരംഭിക്കുന്നതാണ്. താലൂക്കാശുപത്രി മാനദണ്ഡപ്രകാരം ആവശ്യമുള്ള സ്റ്റാഫ് പാറ്റേൺ ആർദ്രം മാനദണ്ഡപ്രകാരം ഗ്യാപ് അനലൈസ് ചെയ്ത് അധികം ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്.

## വൈപ്പിൻ മണ്ഡലത്തിലെ ആശുപത്രികളുടെ നിർമ്മാണ പ്രവൃത്തികൾ

179 (179) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്ന ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനത്തിനായി അനുവദിച്ച തുക എത്രയെന്നും എന്നാണ് അനുവദിച്ചതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-ഡി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നതും നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രാഥമിക നടപടികൾ നടന്നുവരുന്നതുമായ ആശുപത്രികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## പെരിങ്ങോം താലൂക്ക് ഹോസ്പിറ്റലിന് പുതിയ കെട്ടിടം

180 (180) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്കാശുപത്രിക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നബാർഡ് പദ്ധതിയിൽ അനുവദിച്ച 12 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

(എ&ബി) പെരിങ്ങോം താലൂക്കാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി തയ്യാറാക്കിയ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ആശുപത്രിക്കാവശ്യമായ പരമാവധി സൗകര്യങ്ങൾ ഉൾപ്പെടുത്തി പുതിയ ഡിസൈൻ തയ്യാറാക്കുവാൻ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് പുതിയ ഡിസൈൻ തയ്യാറാക്കിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

<u>ഈരാറ്റുപേട്ട സി.എച്ച്.സി.-യിൽ ഐസോലേഷൻ വാർഡ്</u>

181 (181) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് ഈരാറ്റുപേട്ട സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) 26-07-2021-ലെ സ.ഉ.(ആർ.ടി)നം.1555/21/ആ.കു.വ. പ്രകാരം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പത്ത് കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്നതിന് ഈരാറ്റുപേട്ട സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതി ആരംഭിക്കുന്നതിനായി സൈറ്റിൽനിന്നും മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വനം വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## നെല്ലാട് സബ്സെന്റർ കെട്ടിട നിർമ്മാണം

182 (182) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ നെല്ലാട് സബ്സെന്ററിന്റെ കെട്ടിട

നിർമ്മാണത്തിനായി 2020-21-ലെ പ്രാദേശിക വികസന നിധിയിൽനിന്ന് 18 ലക്ഷം രൂപ അനുവദിച്ചിരുന്നുവെങ്കിലും കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 13-07-2020-ൽ ഭരണാനുമതി ലഭിച്ച പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) എറണാകുളം ജില്ലയിലെ കുന്നത്തുനാട് മണ്ഡലത്തിലെ നെല്ലാട് സബ്സെന്റർ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

## പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

183 (183) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ ബെഡ് സ്ട്രെംഗ്ത് എത്രയാണെന്ന് അറിയിക്കാമോ?

പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ ബെഡ് സ്ട്രെംഗ്ത് 135 ആണ്.

(ബി) ബെഡ് സ്ട്രെംഗ്ത് ഇരുനൂറ് ആക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുമോ?

പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ബെഡ് സ്ട്രെംഗ്ത് നിജപ്പെടുത്തി ഉത്തരവായിട്ടില്ല. ബെഡ് സ്ട്രെംഗ്ത് 200 ആക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) മാസം അഞ്ഞൂറോളം പ്രസവം നടക്കുന്ന ഈ ആശുപത്രിയുടെ സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്.

## താലൂക്ക് സംസ്ഥാന ആയുർവേദാശുപത്രിയായി അപ്ഗ്രേഡ് ചെയ്യാൻ നടപടി

184 (184) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ ചെറുവകുരിൽ സ്ഥിതി ചെയ്യുന്ന ഗവൺമെന്റ് ആയുർവേദാശുപത്രി താലൂക്ക് സംസ്ഥാന ആയൂർവേദ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്ന നടപടിയുടെ

നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറിൽനിന്നും അധിക വിവരങ്ങൾ ചോദിച്ചിട്ടുള്ളത് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 50000-ലധികം ജനസംഖ്യയുള്ള നെല്ലിക്കുഴി പഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളിലെയും സാധാരണക്കാരായ നൂറ് കണക്കിന് രോഗികൾ നിത്യേന ആശ്രയിക്കുന്ന പ്രസ്തുത ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) സ്ഥാപനങ്ങളുടെ അപ്ഗ്രഡേഷനുവേണ്ടി സംസ്ഥാനതല പ്രയോറിറ്റി ലിസ്റ്റ് ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 50 കിടക്കകളോട് കൂടിയ താലൂക്ക്തല ആശുപത്രിയാക്കുന്നതിനുള്ള സംസ്ഥാനതല പ്രയോറിറ്റി ലിസ്റ്റിൽ ചെറുവട്ടൂർ സർക്കാർ ആയുർവേദ ആശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. സ്ഥാപനങ്ങളുടെ അപഗ്രഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## പാറശ്ശാല നിയോജകമണ്ഡലത്തിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം

185 (185) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് പുതിയ ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്ന പദ്ധതി നിലവിലേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ആയതിലേയ്ക്കായി ഏതൊക്കെ ആരോഗ്യകേന്ദ്രങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം പൂർത്തിയാക്കി എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) 26-07-2021-ലെ സ.ഉ.(സാധാ)നം.1555/2021/ആ.കു.വ. പ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിലെ പെരുങ്കടവിള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെയാണ് ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നത്. എന്നാൽ പ്രസ്തുത ആശുപത്രിയിലെ സ്ഥല പരിമിതിമൂലം മേൽ പദ്ധതി വെള്ളറട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് മാറ്റി അനുവദിക്കുന്ന വിഷയം

പരിശോധിച്ചുവരുന്നു.

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ വെൽനസ് സെന്ററായി ഉയർത്തിയിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; വെൽനസ് സെന്ററുകളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ വെൽനസ് സെന്ററായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. പൂഴനാട് ആരോഗ്യകേന്ദ്രത്തിനുകീഴിൽ പ്രവർത്തിക്കുന്ന ഒറ്റശേഖരമംഗലം, വാഴിച്ചൽ ആരോഗ്യ ഉപകേന്ദ്രങ്ങൾ.

2. അമ്പൂരി കുടുംബാരോഗ്യകേന്ദ്രത്തിനുകീഴിൽ പ്രവർത്തിക്കുന്ന അമ്പൂരി, കുടപ്പനമൂട്, കണ്ടംതിട്ട, കുറ്റമല്ല, മേരിഗിരി, പുരവിമല, തേക്കുപാറ ആരോഗ്യ ഉപകേന്ദ്രങ്ങൾ.

3. ചെമ്പൂർ കുടുംബാരോഗ്യകേന്ദ്രത്തിനുകീഴിൽ പ്രവർത്തിക്കുന്ന ചിലമ്പറ, മൈലച്ചൽ ആരോഗ്യ ഉപകേന്ദ്രങ്ങൾ.

4. കള്ളിക്കാട് ന്യൂ കുടുംബാരോഗ്യ കേന്ദ്രത്തിനുകീഴിൽ പ്രവർത്തിക്കുന്ന മൈലക്കര, വാവോട്, പന്ത ആരോഗ്യ ഉപകേന്ദ്രങ്ങൾ.

5. കൊല്ലയിൽ കുടുംബാരോഗ്യ കേന്ദ്രത്തിനുകീഴിൽ പ്രവർത്തിക്കുന്ന

പൂവത്തൂർ, കോലായിൽ, മെയിൻ സെന്റർ ആരോഗ്യ ഉപകേന്ദ്രങ്ങൾ.

6. കുന്നത്തുകാൽ കുടുംബാരോഗ്യ കേന്ദ്രത്തിനുകീഴിൽ പ്രവർത്തിക്കുന്ന കോരണംകോട്, കോട്ടുക്കോണം ആരോഗ്യ ഉപകേന്ദ്രങ്ങൾ.

വെൽനസ് സെന്ററുകളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ:- ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററായി ഉയർത്തപ്പെടുന്ന ആരോഗ്യ ഉപകേന്ദ്രത്തിൽ ഒരു മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡറിന്റെ സേവനം ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത ആരോഗ്യ ഉപകേന്ദ്രത്തിലെ, ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടറും, മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡറും ഒരു ടീമായി പ്രവർത്തിച്ചുകൊണ്ട് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ മുഖേനയുള്ള വ്യത്യസ്തങ്ങളായ ക്ലിനിക്കുകൾക്ക് നേതൃത്വം നൽകും. ജീവിതശൈലി രോഗനിർണ്ണയവും അവയുടെ പരിണിതഫലങ്ങളുടേയും നിർണ്ണയത്തിനുള്ള ക്ലിനിക്, സ്ത്രീകൾക്കുള്ള പ്രത്യേക ക്ലിനിക്, വയോജനങ്ങൾക്കുള്ള ക്ലിനിക്, കൗമാരപ്രായക്കാർക്കുള്ള ക്ലിനിക്, അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾക്കുള്ള ക്ലിനിക് തുടങ്ങിയ ക്ലിനിക്കുകളായിരിക്കും രാവിലെ ഒൻപതുമണിമുതൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളിൽ പ്രവർത്തിക്കുന്നത്. ക്ലിനിക്കുകളിലൂടെ ജീവിതശൈലീരോഗ നിർണ്ണയവും അവയുടെ പരിണിതഫലങ്ങളായ

ഡയബറ്റിക്, ന്യൂറോപ്പതി മുതലായവയുടെ നിർണ്ണയവും നടത്താനുള്ള സൗകര്യവും ലഭിക്കും. കാൻസർ രോഗ നിർണ്ണയത്തിനുള്ള പ്രത്യേക പരിശോധനകളും മാനസികാരോഗ്യ പ്രശ്നങ്ങൾ കണ്ടുപിടിക്കാനുള്ള പ്രത്യേക പരിശോധനയും കൗൺസിലിംഗ് മുതലായ സേവനങ്ങളും ലഭിക്കും. ഇ-സഞ്ജീവനി മുതലായ ടെലി കൺസൾട്ടേഷൻ സേവനങ്ങളും അതോടൊപ്പം പ്രാഥമികമായിട്ടുള്ള ക്ലിനിക്കൽ സേവനങ്ങളും (മുറിവുകൾക്കുള്ള ഡ്രസ്സിംഗ്) ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററിൽ ലഭ്യമാണ്. പാലിയേറ്റീവ് ഹോം കെയർ സേവനങ്ങൾ കൂടുതലായി ആവശ്യമുള്ളവരെ പാലിയേറ്റീവ് നഴ്സ് അവിടത്തെ മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവരുടെ നിർദ്ദേശമനുസരിച്ച് ഗൃഹപരിചരണം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. സ്കൂൾ മുതലായ മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യാനുസരണം രോഗനിർണ്ണയം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും പ്രസ്തുത ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ വഴി സാധിക്കുന്നു.

## ഐസൊലേഷൻ വാർഡ് നിർമ്മാണം

186 (186) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് നിയോജകമണ്ഡലത്തിലെ കോങ്ങാട് കമ്മ്യൂണിറ്റി

ഹെൽത്ത് സെന്ററിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

26-07-2021-ലെ സ.ഉ.(ആർ.റ്റി.)നം.1555/2021/ആ.കു.വ പ്രകാരം പാലക്കാട് ജില്ലയിൽ കോങ്ങാട് നിയോജകമണ്ഡലത്തിൽ കോവിഡ് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് കോങ്ങാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് കോങ്ങാട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ സ്ഥലപരിമിതിയുള്ളതിനാൽ ആദ്യഘട്ടത്തിൽ ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിനുള്ളവയിൽ ഉൾപ്പെടുത്തിയിട്ടില്ല.

<u>കൊടുവള്ളി നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ</u>

187 (187) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗപരിചരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനി സാമൂഹികാരോഗ്യ കേന്ദ്രം, മടവൂർ കുടുംബാരോഗ്യ കേന്ദ്രം, കട്ടിപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം, കൊടുവള്ളി സാമൂഹികാരോഗ്യകേന്ദ്രം എന്നീ സ്ഥാപനങ്ങൾക്ക് തത്വത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ

എന്താണെന്നുള്ള വിവരം ലഭ്യമാക്കുമോ?

രോഗപരിചരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനി സാമൂഹികാരോഗ്യകേന്ദ്രം, മടവൂർ കുടുംബാരോഗ്യകേന്ദ്രം, കട്ടിപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം, കൊടുവള്ളി സാമൂഹികാരോഗ്യകേന്ദ്രം എന്നീ സ്ഥാപനങ്ങൾക്ക് ആകെ ഒൻപത് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(a) <u>കൊടുവള്ളി സി.എച്ച്.സി.:</u> കൊടുവള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ പഴയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റേണ്ടതായിട്ടുള്ളതിനാൽ ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ കെട്ടിട നിർമ്മാണത്തിന്റെ സാങ്കേതികാനുമതിയുടെ പ്രാരംഭഘട്ടമായി മണ്ണ് പരിശോധന നടന്നുകൊണ്ടിരിക്കുന്നു. സാങ്കേതികാനുമതി പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങുന്നതാണ്.

(b) <u>നരിക്കുനി സി.എച്ച്.സി.:</u> നരിക്കുനി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കെട്ടിടം നിർമ്മിക്കുന്നതിനായി മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽനിന്നുള്ള സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സാങ്കേതികാനുമതിയുടെ പ്രാരംഭ ഘട്ടമായുള്ള മണ്ണ് പരിശോധന നടന്നുവരുന്നു.

(c) <u>മടവൂർ കുടുംബാരോഗ്യ കേന്ദ്രം:</u> മടവൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 1.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കി എസ്റ്റിമേറ്റ് പൂർത്തീകരിച്ചിട്ടുള്ളതായി പൊതുമരാമത്ത് വകുപ്പിൽനിന്നും അറിയിക്കുകയുണ്ടായി. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ തുടങ്ങുന്നതാണ്.

(d) <u>കുട്ടിപ്പാറ കുടുംബാരോഗ്യകേന്ദ്രം</u>: കുട്ടിപ്പാറ കുടുംബാരോഗ്യ കേന്ദ്രത്തിന് 1.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കി എസ്റ്റിമേറ്റ് പൂർത്തീകരിച്ചതായി പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നരിക്കുനി, മടവൂർ, കട്ടിപ്പാറ എന്നിവയുടെ പ്ലാനും എസ്റ്റിമേറ്റും അംഗീകരിക്കുന്നതിന് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

മേൽപ്പറഞ്ഞ മൂന്ന് സ്ഥാപനങ്ങളിലേയും കൂടാതെ കൊടുവള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെയും പ്ലാൻ ആൻഡ് എസ്റ്റിമേറ്റ് അംഗീകരിച്ച പ്രകാരമാണ് നിർമ്മാണ പ്രവൃത്തികൾക്കായി നാല് സ്ഥാപനങ്ങൾക്കുമായി ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രവൃത്തിക്കാവശ്യമായ സാങ്കേതികാനുമതിക്കുള്ള പ്രാരംഭനടപടികൾ പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഫയലിന്റെ നമ്പർ ലഭ്യമാക്കുമോ?

ഫയൽ നമ്പർ : പി.എൽ.ബി.3-79420/2020/ആ.കു.വ.

(ഡി) കൊടുവള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പ്ലാനും എസ്റ്റിമേറ്റും അംഗീകരിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കൊടുവള്ളി സാമൂഹികാരോഗ്യകേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ച പ്ലാനിന്റെയും എസ്റ്റിമേറ്റിന്റെയും അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

(എഫ്) ഇതുസംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുള്ള ഫയലിന്റെ നമ്പർ ലഭ്യമാക്കുമോ?

ഫയൽ നമ്പർ : പി3-167/2020/ആ.കു.വ.

<u>പുതുക്കാട് ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം</u>

188 (188) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം പ്രവർത്തനസജ്ജമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) രണ്ട് ഗൈനക്കോളജി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുള്ള മറ്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആശുപത്രികളിൽ ഒ.പി. ഡ്യൂട്ടി നിർവ്വഹിച്ചുവരുന്ന ഡോക്ടർമാരുടെ സേവനം ഗൈനക്കോളജി വിഭാഗത്തിലേയ്ക്ക് പ്രത്യേകമായി ലഭിക്കുന്നതിനും ഗൈനക്കോളജി ഡിപ്പാർട്ട്മെന്റ് പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ നിലവിൽ രണ്ട് ഗൈനക്കോളജിസ്റ്റ്, ഒരു പീഡിയാട്രീഷ്യൻ, ഒരു അനസ്തറ്റിസ്റ്റ് എന്നിവയുള്ള സാഹചര്യത്തിൽ മെറ്റേണിറ്റി ആൻഡ് ചൈൽഡ് ഹെൽത്ത് യൂണിറ്റ് പ്രവർത്തിപ്പിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) 2016-ൽ താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ ഏതെല്ലാം വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും എത്ര സ്റ്റാഫാണുള്ളതെന്നും വിശദമാക്കാമോ?

നിലവിൽ പുതുക്കാട് താലൂക്ക് ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, ഒ.പി., ഐ.പി., ഡയാലിസിസ്, ഡെന്റൽ യൂണിറ്റ്, എക്സ്റേ, ലാബ്, ഫാർമസി, പോസ്റ്റ്മോർട്ടം, പാലിയേറ്റീവ് ഇമ്മ്യൂണൈസേഷൻ, out reach immunization, Covid testing, Covid Vaccination, Minor Gynaecology Procedures and IUD Insertion തുടങ്ങിയ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്റ്റാഫിനെ സംബന്ധിച്ച

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) പുതുക്കാട് താലൂക്ക് ആശുപത്രിയുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി ആർദ്രം മിഷന്റെ ഭാഗമായി താലൂക്ക് ആശുപത്രികളിൽ അനുവദിക്കുന്ന അടിസ്ഥാന സൗകര്യവികസനങ്ങളും തസ്തികകളും പുതുക്കാട് താലൂക്ക് ആശുപത്രിക്കുകൂടി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

പുതുക്കാട് താലൂക്ക് ആശുപത്രി സ്ഥിതിചെയ്യുന്ന മുകുന്ദപുരം താലൂക്കിൽ തന്നെയാണ് ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയും സ്ഥിതി ചെയ്യുന്നത്. ആർദ്രം മാനദണ്ഡപ്രകാരം താലൂക്ക്തല ആശുപത്രിയായി വികസിപ്പിക്കാൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയെയാണ്.

## തിരൂർ ജില്ലാ ആശുപത്രിയിലെ കാൻസർ ചികിൽസാ ബ്ലോക്കിന്റെ നിർമ്മാണം

189 (189) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ ജില്ലാ ആശുപത്രിയിൽ 2015-ൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച കാൻസർ ചികിൽസാ ബ്ലോക്കിന്റെ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആദ്യത്തെ ഏഴ് നിലകളിൽ ഫ്ലോറിംഗും വാൾ ജോലികളും പൂർത്തിയായി. തുടർന്നുള്ള രണ്ട് നിലകളിൽ ഫ്ലോറിംഗും വാൾ ടൈൽ ജോലികളും ചെയ്യാനുണ്ട്. Cancer block-ന്റെ പ്ലംബിംഗ് പൂർത്തിയായിട്ടുണ്ട്. വയറിംഗ് ജോലികൾ 90 ശതാമനം പൂർത്തികരിച്ചിട്ടുണ്ട്. ജനലുകൾ, ഡോറുകൾ അനുബന്ധ പ്രവൃത്തികൾ എന്നിവ എസ്റ്റിമേറ്റ് പ്രകാരമുള്ളത് പൂർത്തിയായിട്ടുണ്ട്. ലിഫ്റ്റിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ട്രാൻസ്ഫോർമർ 1250 കെ.വി.എ. സ്ഥാപിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽനിന്നുള്ള പരിശോധന കഴിഞ്ഞിട്ടുണ്ട്. 750 കെ.വി.എ. ഡീസൽ ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽനിന്നുള്ള പരിശോധന കഴിഞ്ഞിട്ടുണ്ട്. ഫയർ ആൻഡ് സേഫ്റ്റി വർക്ക് ആരംഭിച്ച് 80 ശതമാനം പൂർത്തികരിച്ചിട്ടുണ്ട്. എൻ.ഒ.സി. ഡ്രോയിംഗ് അപ്രൂവൽ കിട്ടാനുണ്ട്. എ.സി. പ്രവൃത്തി 50 ശതമാനം പൂർത്തികരിച്ചിട്ടുണ്ട്. സി.സി.ടി.വി., വൈ-ഫൈ, ടെലിഫോൺ, നെറ്റ്‌വർക്കിംഗ് പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആറ് നിലകളിലെ പ്ലംബിംഗ് വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഫാൾസ് സീലീംഗ് വർക്ക് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. മൂന്ന് കോടി രൂപയുടെ അഡീഷണൽ വർക്ക് ഈ വർക്കിന്റെ തുടർച്ചയായി ചെയ്ത് തീർക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കാൻസർ ചികിൽസാ ബ്ലോക്കിന്റെ പ്രവൃത്തികൾ പൂർത്തിയാക്കി രോഗികൾക്ക് ചികിൽസാസൗകര്യം എന്നുമുതൽ ലഭ്യമാക്കാനാവുമെന്ന് അറിയിക്കുമോ;

(സി) കാലതാമസം ഒഴിവാക്കി പ്രസ്തുത കാൻസർ ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

(ബി&സി) 2022 ജൂലൈയോടുകൂടി പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ ഫർണിച്ചറും ഉപകരണങ്ങളും ലഭ്യമാക്കുന്ന നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

<u>കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി</u>

190 (190) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

22-09-2021-ലെ സ.ഉ.(കൈ)നം.168/2021/ആ.കു.വ. പ്രകാരം സ്റ്റാഫ്

നഴ്സ്-7, ഫാർമസിസ്റ്റ്-2, ക്ലാർക്ക്-2, ഓഫീസ് അറ്റൻഡന്റ് -1 എന്നീ 12 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടെന്നും എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

സ്ത്രീകളുടെയും കുട്ടികളുടെയും ചികിത്സ ദേശീയ നിലവാര സൂചികയായ ലക്ഷ്യ നിലവാരത്തിൽ 100 പേരെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യത്തോടെയാണ് ആശുപത്രിക്കുവേണ്ടി കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ വൈദ്യുതീകരണ ജോലികൾ അന്തിമഘട്ടത്തിലാണ്. ട്രാൻസ്ഫോർമറിന്റെയും ജനറേറ്ററിന്റെയും കണക്ഷൻ സംബന്ധമായ ജോലികൾ നടന്നുവരുന്നു. ടി പ്രവൃത്തികൾ പൂർത്തിയായി അനിവാര്യമായ ജീവനക്കാരും ഉപകരണങ്ങളും ലഭ്യമാക്കുന്ന മുറയ്ക്ക് ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്.

<u>മുല്ലശ്ശേരി സി.എച്ച്.സി.-ക്ക് ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടി</u>

191 (191) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.-യുടെ 2020-2021 വർഷത്തെ ആസ്തി

വികസന പദ്ധതി പ്രകാരം മണ്ഡലത്തിലെ മുല്ലശ്ശേരി സി.എച്ച്.സി.-ക്ക് ആംബുലൻസ് വാങ്ങുന്നതിന് 2020 ആഗസ്റ്റ് മാസം ഇരുപത്തിമൂന്ന് ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സി.എച്ച്.സി.-ക്ക് ആംബുലൻസ് വാങ്ങുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലാകളക്ടറുടെ 01-08-2020-ലെ DCSTR/12786/2019 FN8 നമ്പർ ഉത്തരവ് പ്രകാരം മുല്ലശ്ശേരി സി.എച്ച്.സി.-ക്ക് 108 ആംബുലൻസ് വാങ്ങുന്നതിന് 23 ലക്ഷം രൂപ ഭരണാനുമതി ലഭ്യമാക്കിയതിൻ പ്രകാരം ആംബുലൻസ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി 09-11-2021-ലെ സ.ഉ.(സാധാ)നം.2480/2021/ആ.കു.വ. പ്രകാരം ലഭ്യമാക്കിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ GEM-ൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ആംബുലൻസ് ലഭ്യമാക്കാൻ എത്രയുംവേഗം വേണ്ട നടപടികൾ സ്വീകരിക്കുമോ?

GEM-ൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക്

ആംബുലൻസ് വാങ്ങുന്നതാണ്.

## കുറ്റിപ്പുറം താലൂക്കാശുപത്രി നവീകരണം

192 (192) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാസ്റ്റർ പ്ലാൻ അനുസരിച്ച് തയ്യാറാക്കിയ കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ സമഗ്ര നവീകരണ പ്രൊപ്പോസൽ നബാർഡിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ 20 ശതമാനം തുക നീക്കിവച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കുമോ; ധനവകുപ്പിന്റെ നിർദ്ദേശം അനുസരിച്ച് പ്രസ്തുത പ്രവൃത്തി വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ബാക്കി 80 ശതമാനം തുകയ്ക്കുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(ബി&സി) കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ 20 ശതമാനം തുക നീക്കിവച്ചതിന്റെ അടിസ്ഥാനത്തിൽ മേജർ കൺസ്ട്രക്ഷൻസ് എന്ന പദ്ധതിയിലുൾപ്പെടുത്തി 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കി തുകയായ 160 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ 2018 ഡി.എസ്.ആർ. പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ തയ്യാറാക്കിവരുന്നു.

## കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ കിഴക്കൻ മേഖലയിലെ ചികിത്സാ സൗകര്യങ്ങളുടെ അഭാവം

193 (193) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ കിഴക്കൻ മേഖലയിലുള്ളവർക്ക് ചികിത്സാ സൗകര്യങ്ങളില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ കിഴക്കൻ മേഖല മലയോര പ്രദേശമായതിനാലും യാത്രാ സൗകര്യങ്ങൾ കുറവായതിനാലും ചികിത്സാ സൗകര്യങ്ങളുടെ ലഭ്യത മറ്റ് മേഖലകളേക്കാൾ കുറവാണ്.

(ബി) കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ സി.എച്ച്.സി. ചാലക്കുടി നഗരസഭയുടെ അതിർത്തിയോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നതെന്നുള്ള

വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ സാമൂഹികാരോഗ്യകേന്ദ്രം, എലിഞ്ഞിപ്ര, ചാലക്കുടി നഗരസഭാ അതിർത്തിയോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്.

(സി) കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ കിഴക്കൻ മേഖലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് ചികിത്സയ്ക്കായി ഇരുപത് കിലോമീറ്ററോളം സഞ്ചരിക്കേണ്ട സാഹചര്യം ഗൗരവത്തിലെടുക്കുമോ?

മാസത്തിൽ മൂന്നാം തിങ്കളാഴ്ച ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും നിയോഗിച്ചവർ എത്തി കിഴക്കൻ മേഖലകളായ രണ്ടുകൈ, മാതംകോട് എന്നീ പ്രദേശങ്ങളിൽ ചികിത്സാസൗകര്യം എത്തിക്കാറുണ്ട്. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള കുത്തിവയ്പ്, ജീവിതശൈലി രോഗനിർണ്ണയം എന്നിവയും സബ്സെന്ററുകളിൽ മുടങ്ങാതെ നടത്താറുണ്ട്. കൂടാതെ കോവിഡ് വാക്സിനേഷൻ പാലിയേറ്റീവ് പരിചരണം എന്നിവയും നടക്കുന്നുണ്ട്.

(ഡി) കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ കിഴക്കൻ മേഖലയിലെ ജനങ്ങൾക്ക് ചികിത്സാ സൗകര്യങ്ങളൊരുക്കുന്നതിനായി ഒരു

പ്രാഥമികാരോഗ്യകേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം നിലിവൽ പരിഗണനയിലില്ല.

<u>വെൺപകൽ ആശുപത്രിയിലെ പുതിയ പ്രവൃത്തികൾ</u>

194 (194) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിൽ ആരോഗ്യ വകുപ്പ് പുതിയതായി ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കാമോ?

26-07-2021-ലെ സ.ഉ.(സാധാ)നം.1555/2021/ആ.കു.വ. പ്രകാരം നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി സ്ഥലത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതുൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഓരോ പ്രവൃത്തികൾക്കും എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി ഓരോ ആശുപത്രിയിലും 1.75 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെങ്കിലും ഓരോ ആശുപത്രിയുടെയും സാഹചര്യമനുസരിച്ച് ഇതിൽ മാറ്റം വരാവുന്നതാണ്.

## നവജാത ശിശുവിന്റെ മരണം

195 (195) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് ജില്ലാശുപത്രിയിൽ 2021 ഡിസംബർ മാസം നവജാതശിശു യഥാസമയം ചികിത്സ ലഭിക്കാതെ മരണമടഞ്ഞ സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നെടുമങ്ങാട് ജില്ലാശുപത്രിയിൽ 2021 ഡിസംബർ മാസം നവജാത ശിശുമരണം സംഭവിച്ചിട്ടില്ല. എന്നാൽ 29-11-2021-ന് ഉച്ചയ്ക്ക് പ്രസവത്തിനായി അഡ്മിറ്റ് ചെയ്ത വിതുര സ്വദേശിയായ 33 വയസ്സുള്ള ഗർഭിണി അന്നേ ദിവസം രാത്രി 9.05-ന് പ്രസവിക്കുകയും കുട്ടി മരണപ്പെടുകയും ഉണ്ടായിട്ടുണ്ട്. പ്രസവവേളയിൽ പൊക്കിൾക്കൊടി കുഞ്ഞിന്റെ കഴുത്തിൽ ചുറ്റിയിരിക്കുന്നതായി കാണപ്പെട്ട് ഗൈനക്കോളജിസ്റ്റ്

തന്നെ കുട്ടിയെ പുറത്ത് എടുക്കുകയുമായിരുന്നു. പൊക്കിൾക്കൊടി കഴുത്തിൽ ചുറ്റിയിരുന്നതിനാൽ ജനനസമയത്ത് തന്നെ കുട്ടിക്ക് ഹൃദയമിടിപ്പ് ഇല്ലായിരുന്നു.

(ബി) ജില്ലാശുപത്രിയിലെ ഡോക്ടർ സ്വകാര്യ പ്രാക്ടീസ് നടത്തുകയായിരുന്നതിനാലാണ് യഥാസമയം ചികിത്സ ലഭിക്കാതെ കുട്ടി മരിക്കാനിടയായതെന്ന ആക്ഷേപത്തിൻമേൽ അന്വേഷണം നടത്തിയിരുന്നോ; പ്രസ്തുത ഡോക്ടർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഡ്യൂട്ടിയിലില്ലാതിരുന്ന കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റിനെ വിളിച്ചുവരുത്തിയാണ് പ്രസവം നടത്തിയത്. നിബന്ധനകൾക്ക് വിധേയമായി ഡ്യൂട്ടി സമയത്തിന് ശേഷം സർക്കാർ ഡോക്ടർമാർക്ക് സ്വകാര്യ ചികിത്സ നടത്താൻ അനുവാദം നൽകപ്പെട്ടിട്ടുണ്ട്. എങ്കിൽപ്പോലും ആവശ്യം വേണ്ടിവരുന്ന ഘട്ടത്തിൽ ആശുപത്രിയിൽനിന്ന് വിളിച്ചാൽ ഡോക്ടർമാർ ആശുപത്രിയിൽ കിടക്കുന്ന രോഗിക്ക് ചികിത്സ നൽകുവാൻ ബാദ്ധ്യസ്ഥരാണ്. സ്ഥാപനതല അന്വേഷണത്തിൽ ചികിത്സാപിഴവ് കണ്ടെത്തിയിട്ടില്ല. എങ്കിലും ബന്ധുക്കളുടെ പരാതി പ്രകാരം നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ കേസെടുത്ത് അന്വേഷണം നടത്തിവരുന്നുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പ്രസവത്തോടനുബന്ധിച്ചുള്ള മാതൃ-ശിശു മരണങ്ങളും അപകടങ്ങളും കുറയ്ക്കുന്നതിലേയ്ക്കും തടയുന്നതിലേയ്ക്കുമായി കേരളത്തിലെ പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിലെ പ്രസവമുറികളിൽ ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തി ഡോക്ടർമാർക്കും ജീവനക്കാർക്കും പ്രത്യേക പരിശീലനം നൽകുന്ന ലക്ഷ്യ സ്റ്റാൻഡേർഡ് എന്ന ഗുണനിലവാര പദ്ധതി നടപ്പിലാക്കിവരുന്നു.

<u>ആലത്തൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ</u>

196 (196) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

2022 മാർച്ചിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഒരേസമയം എത്രപേർക്ക് ഡയാലിസിസ് നടത്താൻ കഴിയുന്ന സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഒരേസമയം അഞ്ച് രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള സംവിധാനമാണ് ഏർപ്പെടുത്തുന്നത്.

ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ സൂപ്രണ്ട് തസ്തികയിൽ നിയമനം

197 (197) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ സൂപ്രണ്ട് തസ്തിക കഴിഞ്ഞ ഏഴ് മാസത്തിൽ കൂടുതലായി ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വളരെയേറെ രോഗികൾ ആശ്രയിക്കുന്നതും വളരെ കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതുമായ പ്രസ്തുത ആശുപത്രിയിൽ അടിയന്തര പ്രാധാന്യത്തോടുകൂടി ഒരു സൂപ്രണ്ടിനെ നിയമിക്കുമോ?

(എ&ബി) ചിറയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിയിലെ സൂപ്രണ്ടായ ഡോ. ഷബ്ന ഡി. എസ്.-നെ ഒറ്റപ്പാലം താലൂക്കാശുപത്രി സൂപ്രണ്ട് തസ്തികയിലേയ്ക്ക് നിയമിച്ചിരുന്നു. എന്നാൽ പ്രസ്തുത ട്രാൻസ്ഫറിനെതിരെ ടിയാരി ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും സ്റ്റേ ഓർഡർ വാങ്ങുകയും

ചെയ്തിരിക്കുകയാണ്. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

<u>റിവിഷൻ റേറ്റ് അനുവദിക്കുന്നത്</u>

198 (198) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചേവായൂർ സർക്കാർ ത്വക്ക് രോഗ ആശുപത്രിയിലെ അന്തേവാസികൾക്ക് ഭക്ഷണം വിതരണം ചെയ്ത വകയിൽ പേഷ്യന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ലഭിക്കാനുള്ള റിവിഷൻ റേറ്റ് സംബന്ധിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷ തീർപ്പുകൽപ്പിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക്രോഗ ആശുപത്രിക്ക് 10-03-2021-ലെ സ.ഉ.(സാധാ)നം.653/2021/എച്ച്&എഫ്.ഡബ്ല്യു.ഡി. (H&FWD) പ്രകാരം തുക അനുവദിച്ചതുപോലെ ചേവായൂർ ആശുപത്രിക്കും തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) അപേക്ഷ തീർപ്പുകൽപ്പിക്കുന്നതിനുണ്ടാകുന്ന വലിയ കാലതാമസം പരിഹരിക്കുന്നതിന് പ്രത്യേക നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ?

(എ-ഡി) ഉണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## മേലാർകോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ നടപടി

199 (199) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മേലാർകോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; മേലാർകോട് പ്രാഥമികാരോഗ്യ കേന്ദ്രം എന്നത്തേയ്ക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) ആർദ്രം പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ മേലാർകോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി 15.5 ലക്ഷം രൂപ എൻ.എച്ച്.എം. മുഖേന

അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ ഏജൻസി സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡാണ്. നിർമ്മാണ പ്രവൃത്തികൾക്കുവേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

<u>മലയിൻകീഴ് താലൂക്കാശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം</u>

200 (200) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് താലൂക്ക് ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കിഫ്ബി വഴി അനുമതി ലഭ്യമായ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

മലയിൻകീഴ് താലൂക്ക് ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി മുഖാന്തരം 23.31 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആശുപത്രിക്കുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഉപയോഗശൂന്യമായ പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) മലയിൻകീഴ് താലൂക്കാശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം

വിശദമാക്കാമോ; എന്ന് മുതൽ പ്രസ്തുത ഡയാലിസിസ് സെന്റർ പ്രവർത്തനക്ഷമമാക്കാൻ സാധിക്കും?

ആരോഗ്യ വകുപ്പിന്റെ പ്ലാൻ സ്കീമിലുൾപ്പെടുത്തി ഡയാലിസിസ് സെന്ററിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കേന്ദ്രത്തിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വിതരണം ചെയ്തിട്ടുണ്ട്. ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഡീസൽ ജനറേറ്റർ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ.-ന് തുക കൈമാറിയിട്ടുണ്ട്. പ്രസ്തുത യൂണിറ്റിനുവേണ്ടി തുടർച്ചയായി വൈദ്യുതി ലഭ്യമാക്കുന്നതിനായി ട്രാൻസ്ഫോർമർ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളും ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി കുഴൽക്കിണറിൽനിന്നും ജലം പമ്പ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും പൂർത്തിയാകുന്ന മുറയ്ക്കും ഡയാലിസിസ് സെന്റർ പ്രവർത്തനസജ്ജമാകുന്നതാണ്.

## കുറ്റ്യാടി മണ്ഡലത്തിലെ പകർച്ചവ്യാധി വാർഡുകൾ

201 (201) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങളിലാണ്

പകർച്ചവ്യാധി വാർഡുകൾ നിർമ്മിക്കുന്നതിന് പദ്ധതിയുള്ളതെന്ന് വിശദമാക്കാമോ?

26-07-2021-ലെ സ.ഉ.(ആർ.റ്റി.)നം.1555/2021/ആ.കു.വ. പ്രകാരം കുറ്റ്യാടി നിയോജകമണ്ഡലത്തിൽനിന്നും ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിന് സാമൂഹികാരോഗ്യകേന്ദ്രം, കുന്നുമ്മേൽ എന്ന ആരോഗ്യ സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ടി നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

കോവിഡ് ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിനായുള്ള നിർവ്വഹണ ഏജൻസി (SPV) കെ.എം.എസ്.സി.എൽ. ആണ്. കുന്നുമ്മേൽ സി.എച്ച്.സി.-യിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായുള്ള പ്രവൃത്തി ഉത്തരവ് നൽകിയിട്ടുള്ളത് തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ്.

(സി) എത്ര നിലകളിലാണ് ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതെന്നും ഭാവി വികസനം സാധിക്കുന്ന തരത്തിലാണോ കെട്ടിടം രൂപകൽപ്പന ചെയ്തിട്ടുള്ളതെന്നും അറിയിക്കാമോ?

ഒറ്റ നിലയുള്ള പ്രീ-എഞ്ചിനിയേർഡ് സ്ട്രക്ച്ചർ ഉപയോഗിച്ചുള്ള 2400 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള ഐസൊലേഷൻ വാർഡാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. ആവശ്യകതയ്ക്കനുസരിച്ച് ടി കെട്ടിടത്തിനകത്ത് രൂപമാറ്റങ്ങൾ വരുത്താൻ സാധിക്കുന്നതാണ്.

(ഡി) ടി പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകി നാലര മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. നിർമ്മാണ പ്രവൃത്തികൾക്കായുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.

ബാലുശ്ശേരി താലൂക്കാശുപത്രിക്ക് പുതിയ കെട്ടിടം

202 (202) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്കാശുപത്രിയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര കോടി രൂപയാണ് ഇതിനായി കിഫ്ബി അനുവദിച്ചിട്ടുള്ളത്; എന്തെല്ലാം സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) കോഴിക്കോട് ബാലുശ്ശേരി താലൂക്കാശുപത്രിയുടെ നിർമ്മാണത്തിനായി കിഫ്ബി 18.582 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ട്രോമാകെയർ, ഗൈനക്കോളജി, ജനറൽ മെഡിസിൻ, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, ഐ.സി.യു., എക്സ്റേ, ഓഫ്ത്താൽമോളജി, പ്രീ-അനസ്തേഷ്യ റൂം, ജനറൽ വാർഡ്, പോസ്റ്റ് നേറ്റൽ വാർഡ്, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് എന്നിവയുൾപ്പെടെയുള്ള സൗകര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ട്രോമയും എമർജൻസി വിഭാഗവും, ഒ.പി. സർവ്വീസുകൾ, LAKSHYA നിലവാരത്തിലുള്ള ഗൈനക്കോളജി വിഭാഗവും അനുബന്ധ തിയേറ്ററുകളും ലബോറട്ടറി സൗകര്യങ്ങൾ, ഓപ്പറേഷൻ തിയേറ്ററുകൾ, വാർഡുകൾ തീവ്രപരിചരണ വിഭാഗങ്ങൾ, CSSD എന്നീ ആധുനിക സൗകര്യങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

(സി) ആശുപത്രിയുടെ കെട്ടിട നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കും ഡി.എസ്.ആർ. 2018 പ്രകാരമുള്ള പരിഷ്കരിച്ച എസ്റ്റിമേറ്റിൽ കിഫ്ബി അനുമതി ലഭ്യമാകുന്ന മുറയ്ക്കും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ

203 (203) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ മലബാർ കാൻസർ സെന്ററിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി നിയോജകമണ്ഡലത്തിലെ മലബാർ കാൻസർ സെന്ററിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി മുഖാന്തരം രണ്ട് ഘട്ടങ്ങളിലായി നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി. ആയി ബി.എസ്.എൻ.എൽ.-നെയും രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി. ആയി വാപ്കോസിനെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ആദ്യഘട്ട

പദ്ധതിയിൽപ്പെട്ട പുതിയ റേഡിയോ തെറാപ്പി ബ്ലോക്കിന്റെ 30 ശതമാനം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഒ.പി. ബ്ലോക്കിന്റെ ഒന്നാംനിലയിലുള്ള നവീകരണത്തിന്റെ 98 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോർ നിർമ്മാണത്തിന്റെ പ്രവൃത്തിക്കായുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി പൂർത്തിയായിവരുന്നു.

(ബി) മലബാർ കാൻസർ സെന്ററിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാത്തവ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും ആയത് പൂർത്തീകരിക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

മലബാർ കാൻസർ സെന്ററിന്റെ സമഗ്ര വികസനത്തിന്റെ ഭാഗമായി കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ രണ്ടാംഘട്ടമായ പുതിയ ആശുപത്രി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും നടപ്പാക്കുന്നതിനുള്ള ("Development of Malabar Cancer Centre as Post Graduate Institute of Oncology Sciences & Research" ) കരാർ ലഭിച്ച വാപ്കോസ് എന്ന സ്ഥാപനം തയ്യാറാക്കിയ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ അംഗീകരിച്ച് പദ്ധതിക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത

പദ്ധതിയുടെ പാരിസ്ഥിതികാനുമതികളും സാങ്കേതികാനുമതിയും ടെണ്ടർ നടപടികളും അന്തിമഘട്ടത്തിലാണ്. കേന്ദ്രസർക്കാരിന്റെ പരിസ്ഥിതി വനം വകുപ്പ് രൂപീകരിച്ച കമ്മറ്റിയുടെ (Environment Impact Assessment) അംഗീകാരം ലഭിച്ചതിനുശേഷം മാത്രമെ പദ്ധതിയുടെ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുവാൻ കഴിയുകയുള്ളു. എയർപോർട്ട് അതോറിറ്റി, മലിനീകരണ നിയന്ത്രണം, ഊർജ്ജ സംരക്ഷണം എന്നീ വകുപ്പുകളുടെ അനുമതിയും ഇതിനായി ലഭിക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാർ വകുപ്പുകളുടെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## വൃക്കരോഗികളിലെ എണ്ണത്തിലുള്ള വൻവർദ്ധനവ്

204 (204) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്കരോഗം ബാധിക്കുന്നവരുടെ എണ്ണത്തിൽ വൻതോതിലുള്ള വർദ്ധനവുണ്ടോ; ഇതുസംബന്ധിച്ച് പഠനങ്ങൾ നടന്നിട്ടുണ്ടോ; വൃക്ക രോഗബാധിതരുടെ കഴിഞ്ഞ പത്ത് വർഷക്കാലത്തെ എണ്ണം വകുപ്പിന്റെ പക്കലുണ്ടോ?

സംസ്ഥാനത്ത് വൃക്കരോഗം ബാധിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത്

സയൻസിന്റെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 19 വയസ്സിന് മുകളിലുള്ളവരിൽ അഞ്ച് പേരിൽ ഒരാൾക്ക് പ്രമേഹവും മൂന്ന് പേരിൽ ഒരാൾക്ക് ഹൈപ്പർ ടെൻഷനും ഉണ്ടെന്നാണ് കണക്ക്. പ്രമേഹവും രക്താതിസമ്മർദ്ദവുമുള്ള രോഗികളിൽ വൃക്കരോഗം വരാനുള്ള സാദ്ധ്യത ഏറെയാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ പഠനം നടത്തുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കി റിസർച്ച് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ പത്ത് വർഷക്കാലത്തെ വൃക്ക രോഗികളുടെ കൃത്യമായ കണക്ക് വകുപ്പ് തലത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) വൃക്ക രോഗബാധിതരുടെ എണ്ണം വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ വകുപ്പ് തലത്തിൽ കണ്ടെത്തിയിട്ടുണ്ടോ?

വൃക്ക രോഗബാധിതരുടെ എണ്ണം വർദ്ധിക്കാനുള്ള പ്രധാന കാരണം പ്രമേഹവും ഉയർന്ന രക്തസമ്മർദ്ദവുമാണ്.

(സി) വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നതിനായി എത്ര അപേക്ഷകളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്?

മസ്തിഷ്ക മരണാനന്തര അവയവദാനം വഴി വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി കെ.എൻ.ഒ.എസ്.-ന്റെ കീഴിൽ 2086 വൃക്ക രോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പ്രതിദിനം എത്ര പേർക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള സജ്ജീകരണം നിലവിലുണ്ട്; പ്രതിദിനം ശരാശരി എത്രപേരാണ് ഡയാലിസിസിന് വിധേയരാകുന്നത്?

പ്രതിമാസം നാൽപ്പതിനായിരത്തോളം ഡയാലിസിസുകളാണ് സംസ്ഥാന ആരോഗ്യ വകുപ്പിനുകീഴിലുള്ള വിവിധ ആശുപത്രികളിൽ നടത്തി വരുന്നത്. ഇതിനായി 95 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുകയും 995 ഡയാലിസിസ് മെഷീനുകൾ സേവനം നടത്തിവരുകയും ചെയ്യുന്നു. ഇതുകൂടാതെ പത്ത് മെഡിക്കൽ കോളേജുകൾ മുഖേന 10000-ത്തോളം ഡയാലിസിസുകളും നടത്തുന്നുണ്ട്. ഹീമോഡയാലിസിസ് ചെലവേറിയതും ആശുപത്രികളിൽ മാത്രം ചെയ്യാൻ സാധിക്കുന്ന ഒരു പ്രക്രിയയുമാണ്. ഇടവിട്ടുള്ള ദിവസങ്ങളിൽ ആശുപത്രിയിൽ പോകേണ്ടിയും കാത്തിരിക്കേണ്ടിയും വരുന്നു. ഇതിനൊരു പരിഹാരമായിട്ടാണ് പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുള്ളത്.

## ആരോഗ്യ പരിരക്ഷാസേവനം മെച്ചപ്പെടുത്താൻ നടപടി

205 (205) ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒമിക്രോൺ വകഭേദം സൃഷ്ടിച്ച കോവിഡ് മൂന്നാം തരംഗം നേരിടുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) വ്യാജപ്രചരണങ്ങളിലൂടെ ആളുകളെ പരിഭ്രാന്തരാക്കാൻ ചില കേന്ദ്രങ്ങൾ ശ്രമം നടത്തിയ സാഹചര്യത്തിലും കോവിഡ് വ്യാപനം നേരിടാൻ സജ്ജമാക്കിയിരുന്ന സംവിധാനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

(എ&ബി) 2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ മൂന്നാം തരംഗം ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന പൊതുജനാരോഗ്യ വിദഗ്ദ്ധരുടെ അഭിപ്രായത്തെ തുടർന്ന് കേരളം അതിനുള്ള മുന്നൊരുക്കം വളരെ നേരത്തെ തന്നെ ആരംഭിച്ചിരുന്നു. കോവിഡ് സ്ഥിതിവിവര കണക്കുകൾ ദിനംപ്രതി അവലോകനം നടത്തി രോഗികളുടെ എണ്ണത്തിലെ വർദ്ധനവ് മനസ്സിലാക്കി; മൂന്നാം തരംഗത്തിൽ വാക്സിനേറ്റഡല്ലാത്ത ജനവിഭാഗമായ കുട്ടികൾക്കായി ജില്ലകളിൽ പീഡിയാട്രിക് ഐ.സി.യു. കിടക്കകൾ സജ്ജമാക്കി. എല്ലാ

മെഡിക്കൽ കോളേജുകളിലും പത്ത് കിടക്കകൾ വീതം ഇതിനായി മാറ്റിവയ്ക്കുന്നതിനുള്ള നിർദ്ദേശം 2021 ജൂണിൽ തന്നെ ആരോഗ്യ വകുപ്പ് നൽകുകയുണ്ടായി. ആശുപത്രികളിലെ കിടക്കകളും ഓക്സിജൻ കിടക്കകളും ഐ.സി.യു.-കളും വെന്റിലേറ്റർ സൗകര്യങ്ങളും, മരുന്നുകളും ഇതിനായി സജ്ജമാക്കുകയും സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തു. ആശുപത്രികളിലെ തിരക്ക് കുറയ്ക്കുന്നതിനായി ടെലിമെഡിസിൻ സംവിധാനം ഇ-സഞ്ജീവനി വഴി നടപ്പിലാക്കി. മൂന്നാം തരംഗത്തിന്റെ ഭാഗമായി 2022 ജനുവരി മുതൽ കോവിഡ് പരിശോധനാ സംവിധാനത്തിൽ മാറ്റം വരുത്തുകയും രോഗലക്ഷണമുള്ളവരെയും രോഗം സങ്കീർണ്ണമാകാൻ സാദ്ധ്യതയുള്ളവരെയും പ്രാഥമിക സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ടവരെയും പരിശോധിക്കുകയും രോഗം സ്ഥിരീകരിച്ചിട്ടുള്ളവരിൽ പറയത്തക്ക രോഗലക്ഷണം ഇല്ലാത്തവരെയും ചെറിയ തോതിൽ ലക്ഷണങ്ങളുള്ളവരെയും വീടുകളിൽത്തന്നെ നിരീക്ഷിച്ച് ചികിത്സിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും തീവ്രലക്ഷണങ്ങളുള്ളവർക്കും പ്രതിരോധശേഷി കുറഞ്ഞവർക്കും മറ്റ് ദീർഘകാല ജീവിതശൈലി രോഗങ്ങളുള്ളവർക്കും സ്ഥാപനതല ചികിത്സ ഉറപ്പുവരുത്തുകയും ചെയ്തു. കൂടാതെ വാർഡ്തല ദ്രുതകർമ്മസേന ഗൃഹസന്ദർശനം നടത്തി വീടുകളിൽ ചികിത്സയിലുള്ളവർക്ക്

ആവശ്യമായ മരുന്നുകളും മറ്റ് സഹായ സഹകരണങ്ങളും നൽകുകയും മാനസികാരോഗ്യ പിന്തുണയ്ക്കുവേണ്ടി കൗൺസലിംഗും സംശയ നിവാരണത്തിനായി ദിശയുടെ സേവനവും ലഭ്യമാക്കി. ഗൃഹ-നിരീക്ഷണത്തിലിരിക്കുന്നവരിൽ അപായ സൂചനകൾ കാണുന്ന പക്ഷം ഡി.പി.എം.എസ്.യു. വഴി ചികിത്സാകേന്ദ്രങ്ങളിൽ എത്തിച്ച് ആവശ്യമായ വിദഗ്ധ ചികിത്സ ഉറപ്പുവരുത്തുന്നുണ്ട്. കാൻസർ, വൃക്കരോഗം എന്നിവ ബാധിച്ചവർ, അവയവ ശസ്ത്രക്രിയയ്ക്ക് വിധേയമായവർ തുടങ്ങി പ്രതിരോധശേഷി കുറഞ്ഞ രോഗികൾക്ക് ചികിത്സയുടെ ഭാഗമായി മോണോക്ലോണൽ ആന്റിബോഡിയുടെ ഉപയോഗം ലഭ്യമാക്കുകയും ചെയ്തു. പരമാവധി എല്ലാവർക്കും വാക്സിൻ നൽകുന്നതിന് പ്രാധാന്യം നൽകി. 2022 ഫെബ്രുവരി 14 വരെ വാക്സിനേഷൻ എടുക്കേണ്ട 18 വയസ്സിന് മുകളിൽ പ്രായമുള്ള ജനസംഖ്യയുടെ 101 ശതമാനം പേർക്ക് ഒന്നാം ഡോസ് വാക്സിനും (26868122), 85 ശതമാനം പേർക്ക് രണ്ടാം ഡോസ് വാക്സിനും (22794810) നൽകി. 15-17 വയസ്സ് വരെയുള്ള ജനസംഖ്യയുടെ 75 ശതമാനം പേർക്ക് (1147430) ഒന്നാം ഡോസ് വാക്സിനേഷൻ നൽകിയിട്ടുണ്ട്. കൂടാതെ സ്കൂളുകളിൽ വാക്സിൻ നൽകാനുള്ള നടപടി സ്വീകരിക്കുകയും ആരോഗ്യ പ്രവർത്തകർ ഉൾപ്പെടെയുള്ള മുന്നണി പോരാളികൾക്ക് മൂന്നാമത്തെ ഡോസ്

വാക്സിൻ നൽകിവരികയും ചെയ്യുന്നുണ്ട്. ഡോക്ടർമാർക്ക് ചികിത്സാമാർഗ്ഗങ്ങൾ സംബന്ധിച്ച പരിശീലനവും ആരോഗ്യ സ്ഥാപനങ്ങളിൽ ആരോഗ്യ പ്രവർത്തകർക്കും ആശാവർക്കർമാർ മുതലായ സന്നദ്ധ പ്രവർത്തകർക്കും അണുനശീകരണ പ്രവർത്തനങ്ങളും അത് സംബന്ധിച്ച പരിശീലനങ്ങളും നൽകുകയുണ്ടായി. ഒമിക്രോൺ വ്യാപനം തടയുന്നതിനായി എല്ലാവരും ശരിയായി മാസ്ക് ധരിക്കുന്നതിനും സാമൂഹ്യ അകലം പാലിക്കുന്നതിനും കൈകൾ ഇടയ്ക്കിടെ സോപ്പ്/സാനിറ്റൈസർ ഉപയോഗിച്ച് ശുചിയാക്കുന്നതിനും രോഗലക്ഷണമുള്ളവർ പൊതുഇടങ്ങൾ സന്ദർശിക്കാതിരിക്കാനും ഇവർ സ്വയം നിരീക്ഷണത്തിലിരിക്കാനുമുള്ള അവബോധം ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി നൽകി. ഒമിക്രോൺ രോഗ സാദ്ധ്യത കൂടുതലുള്ള രാജ്യങ്ങളിൽനിന്നും വരുന്ന എല്ലാ യാത്രക്കാരെയും പരിശോധിച്ച് രോഗം സ്ഥിരീകരിക്കുന്നവരെ പ്രത്യേകം സജ്ജമാക്കിയിട്ടുള്ള ചികിത്സാ കേന്ദ്രങ്ങളിൽ എത്തിച്ച് ആവശ്യമായ ചികിത്സ ഉറപ്പാക്കുകയും ഇവരുമായി സമ്പർക്കം പുലർത്തിയ മറ്റ് യാത്രക്കാരെ കണ്ടെത്തി രോഗലക്ഷണങ്ങൾ ഉണ്ടോയെന്ന് നിരീക്ഷിക്കുകയും ടെസ്റ്റ് ചെയ്യുകയും ആവശ്യമായ ചികിത്സ നൽകുകയും ചെയ്തു. കൂടാതെ ഒമിക്രോൺ സാദ്ധ്യത കുറഞ്ഞ രാജ്യങ്ങളിൽനിന്നും വന്നിട്ടുള്ള യാത്രക്കാരിൽ 20 ശതമാനം പേരെ

സർക്കാർ ചെലവിൽ റാൻഡമായി പരിശോധിച്ച് രോഗം സ്ഥിരീകരിച്ചവർക്ക് പ്രത്യേക ചികിത്സാ സൗകര്യം ഉറപ്പുവരുത്തുകയും ആർ.റ്റി.പി.സി.ആർ. നെഗറ്റീവ് ആകുന്നതുവരെ ചികിത്സാ കേന്ദ്രങ്ങളിൽ പാർപ്പിക്കുകയും മറ്റുള്ളവരിലേയ്ക്ക് രോഗം പകരുന്നത് തടയുകയും ചെയ്തു. ഒമിക്രോൺ വകഭേദം റിപ്പോർട്ട് ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ (ക്ലസ്റ്റർ) കൂടുതൽ പേർക്ക് രോഗബാധയുണ്ടോയെന്ന് നിരീക്ഷിച്ച് അവിടങ്ങളിൽ ലബോറട്ടറി പരിശോധന ശക്തിപ്പെടുത്തുകയും രോഗം സ്ഥിരീകരിച്ചവരുടെ സാമ്പിളുകൾ ജനിതക പരിശോധനയ്ക്കായി അയയ്ക്കുകയും ചെയ്തു. ഇപ്രകാരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിലൂടെ ഒമിക്രോൺ മരണങ്ങളൊന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. കോവിഡ് ചികിത്സയ്ക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ എല്ലാ പ്രധാന ആശുപത്രികളിലും (സർക്കാർ/സ്വകാര്യം) സജ്ജമാക്കിയിരുന്നു. ബെഡ്ഡുകളും, ഐ.സി.യു./വെന്റിലേറ്റർ സംവിധാനങ്ങളും ഓക്സിജന്റെ ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ മരുന്നുകളും വ്യക്തിഗത സുരക്ഷാ സാമഗ്രികളും കെ.എം.എസ്.സി.എൽ. വഴി ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ പ്രധാന ആശുപത്രികളിലും ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചു. ചികിത്സാ സംവിധാനങ്ങളുടെ കാര്യത്തിലും പൊതുജനാരോഗ്യ സംവിധാനങ്ങളിലും

ആരോഗ്യത്തെ സ്വാധീനിക്കുന്ന മറ്റ് സാമൂഹിക ഘടകങ്ങളുടെ കാര്യത്തിലാണെങ്കിലും കേരളം വികസിത രാഷ്ട്രങ്ങളോട് കിടപിടിക്കാവുന്ന തരത്തിലാണ്. കേസുകൾ വർദ്ധിച്ചിരുന്നപ്പോൾപോലും ചികിത്സാ സംവിധാനങ്ങളിലോ ഓക്സിജൻ സംവിധാനങ്ങളിലോ ഒരിക്കലും ഒരു കുറവും ഉണ്ടായിട്ടില്ല. വാക്സിനേഷന്റെ കാര്യത്തിലും കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണ്.

(സി) പകർച്ചവ്യാധിയുടെ സാഹചര്യത്തിൽ സംസ്ഥാനത്തെ ആരോഗ്യ പരിരക്ഷാസേവനം മെച്ചപ്പെടുത്താൻ ഡിജിറ്റൽ സേവനം വ്യാപകമാക്കുന്നതിനും വെർച്ച്വൽ കൺസൾട്ടേഷൻ സാദ്ധ്യമാക്കുന്ന ഇ-സഞ്ജീവനി സംവിധാനം ശാക്തീകരിക്കുന്നതിനും നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് പതിവ് ഒ.പി. ചികിത്സയ്ക്കായുള്ള ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കി പകരം ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ നൽകുന്നതിനായി സർക്കാർ നടപ്പിലാക്കിയ ടെലിമെഡിസിൻ സംവിധാനമാണ് ഇ-സഞ്ജീവനി. ഇ-സഞ്ജീവനി ഒ.പി. സേവനം 2020 ജൂൺ 10-ന് കേരളത്തിൽ ആരംഭിച്ചു. ഇന്ത്യയിൽ തന്നെ ആദ്യമായി ഇ-സഞ്ജീവനി

പൊതുജനങ്ങളിലേക്ക് എത്തിക്കാൻ കഴിഞ്ഞത് കേരളത്തിന്റെ ആരോഗ്യ മേഖലയുടെ മികവായി നമുക്ക് കാണാൻ കഴിയും. നാളിതുവരെ ഏകദേശം 3.68 ലക്ഷത്തിൽ അധികം കൺസൾട്ടേഷനുകളാണ് ഇ-സഞ്ജീവനിയിലൂടെ പൂർത്തിയായത്. സംസ്ഥാനത്തൊട്ടാകെ പ്രതിദിനം ശരാശരി 1000 മുതൽ 1500 ആളുകൾ ഇ-സഞ്ജീവനി സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നു. സാങ്കേതിക മികവുകൊണ്ടും അതോടൊപ്പം പ്രവർത്തന മികവുകൊണ്ടും ഇ-സഞ്ജീവനിയിൽ വലിയ മാറ്റമാണ് വരുത്തിയിരിക്കുന്നത്. പൊതുജനങ്ങൾക്ക് അവരുടെ വീടുകളിൽനിന്ന് തന്നെ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. സംസ്ഥാനത്ത് കോവിഡ്-19 വ്യാപനം വർദ്ധിച്ച സാഹചര്യത്തിൽ സർക്കാരിന്റെ ടെലിമെഡിസിൻ സംവിധാനമായ ഇ-സഞ്ജീവനി സേവനങ്ങൾ കൂടുതൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനങ്ങളുൾപ്പെടുത്തി ശക്തിപ്പെടുത്തി. ഇപ്പോൾ സാധാരണ ഒ.പി.-ക്ക് പുറമേ എല്ലാ ദിവസവും സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. ഗൃഹസന്ദർശനം നടത്തുന്ന പാലിയേറ്റീവ് കെയർ സ്റ്റാഫ്, ആശാവർക്കർമാർ, സ്റ്റാഫ് നഴ്സുമാർ, ജെ.എച്ച്.ഐ., ജെ.പി.എച്ച്.എൻ. എന്നിവർക്കും ഇ-സഞ്ജീവനി വഴി ഡോക്ടർമാരുടെ സേവനം തേടാവുന്നതാണ്. ഇതുകൂടാതെ ജയിൽ,

ശിശുമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ എന്നിവിടങ്ങളിലെ ജനങ്ങൾക്ക് വളരെയധികം പ്രയോജനപ്പെടുന്നതാണ് ഇ-സഞ്ജീവനി. ഇ-സഞ്ജീവനിയിലൂടെ ലഭിക്കുന്ന കുറിപ്പടി തൊട്ടടുത്ത സർക്കാർ ആശുപത്രിയിൽ കാണിച്ചാൽ ലഭ്യമായ മരുന്നുകളും പരിശോധനകളും സൗജന്യമായി ലഭിക്കുന്നു. ടെലിമെഡിസിൻ വഴിയുള്ള ഇ-പ്രിസ്ക്രിപ്ഷനും ലാബ് പരിശോധനയും പൂർണ്ണമായും സൗജന്യമായി സർക്കാർ ആശുപത്രികളിൽനിന്നും 24 മണിക്കൂറിനുള്ളിൽ ലഭിക്കും. കൂടാതെ സ്വകാര്യ ഫാർമസികളിൽനിന്നും മരുന്നുകൾ വാങ്ങാനും ലാബുകളിൽനിന്നും പരിശോധന നടത്താനും രോഗിക്ക് ഇ-പ്രിസ്ക്രിപ്ഷൻ വഴി കഴിയും. കോവിഡ് ഒ.പി. എല്ലാ ദിവസവും 24 മണിക്കൂറും ലഭ്യമാണ്. എല്ലാ ദിവസവും രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയാണ് ജനറൽ ഒ.പി. പ്രവർത്തിക്കുന്നത്. രണ്ടാമത്തെ മോഡലായ ഇ-സഞ്ജീവനി ഡോക്ടർ-ടു-ഡോക്ടർ ടെലിമെഡിസിൻ സേവനം ഒരു ഹബ് ആൻഡ് സ്പോക്ക് മോഡലിലാണ് പ്രവർത്തിക്കുന്നത്. ഹബ് എന്നത് മെഡിക്കൽ കോളേജുകളിലെയും ജില്ലാശുപത്രികളിലെയും എല്ലാ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും അടങ്ങിയ ഒരു പൂളാണ്. സ്പോക് എന്നത് താലൂക്ക് ആശുപത്രി, സാമൂഹികാരോഗ്യ കേന്ദ്രം, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, നഗര

പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ എന്നിവയാണ്. സ്പോക്കിൽ വരുന്ന രോഗികളെ മെഡിക്കൽ കോളേജുകളിലേയ്ക്കും, ജില്ലാശുപത്രികളിലേയ്ക്കും റഫർ ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ ഇവർക്ക് സ്പോക് ആശുപത്രിയിൽ ഇരുന്നുകൊണ്ടുതന്നെ മെഡിക്കൽ കോളേജുകളിലേയും ജില്ലാ ആശുപത്രികളിലേയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭിക്കുന്നു എന്നതാണ് ഡോക്ടർ-ടു-ഡോക്ടർ ടെലിമെഡിസിൻ സേവനത്തിന്റെ പ്രത്യേകത.

(ഡി) സംസ്ഥാനത്ത് വൈറോളജിയും ആരോഗ്യ രംഗത്തെ ഗവേഷണവും ശാക്തീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

വൈറോളജി വിഭാഗം ശാക്തീകരിക്കാൻ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവശ്യകതയും അതുപോലെ ആരോഗ്യ രംഗത്ത് ഗവേഷണം ശാക്തീകരിക്കുന്നതിനുള്ള ആവശ്യകതയും നിലവിലുണ്ട്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തെ തോന്നയ്ക്കലിൽ ആരംഭിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനക്ഷമമാക്കുന്നതോടെ ഇതിന് ഏറെക്കുറെ പരിഹാരമാകും. കൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ

കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന VRDL ലാബുകളിലും ആലപ്പുഴ എൻ.ഐ.വി. ലാബിലും വൈറൽ പാനൽ ടെസ്റ്റുകൾ ചെയ്യുന്നുണ്ട്.

ആരോഗ്യ മേഖലയിലെ സമഗ്ര പ്രവർത്തനം

206 (206) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. പ്രേംകുമാർ:

ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിലെ സമഗ്ര പ്രവർത്തനത്തിന്റെ ഫലമായി നീതി ആയോഗ് സൂചികയിൽ തുടർച്ചയായി നാലാം തവണയും കേരളത്തിന് ഒന്നാം സ്ഥാനം നിലനിർത്താനായിട്ടുണ്ടോ; പ്രസ്തുത സൂചികയിൽ വിവിധ സംസ്ഥാനങ്ങൾ നേടിയ സ്കോർ താരതമ്യത്തിനായി അറിയിക്കാമോ?

നീതി ആയോഗ് Health index-ൽ കേരളത്തിന് തുടർച്ചയായി നാലാം തവണയും ഒന്നാം സ്ഥാനം നിലനിർത്താനായിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങൾ നേടിയ സ്കോർ അനുബന്ധമായി വച്ചിട്ടുണ്ട്.+

(ബി) ആരോഗ്യ മേഖലയിൽ കഴിഞ്ഞ സർക്കാർ നടത്തിയ ശ്ലാഘനീയമായ ഇടപെടലിന്റെയും ഈ സർക്കാരിന്റെ മികച്ച

+ നിമയസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടർപ്രവർത്തനത്തിന്റെയും അംഗീകാരമായി ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ ഏതെല്ലാമാണ്?

കേരളത്തിലെ നാല് ജില്ലാശുപത്രികൾ, നാല് താലൂക്ക് ആശുപത്രികൾ, എട്ട് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 34 നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 86 കുടുംബാരോഗ്യ കേന്ദ്രങ്ങളുൾപ്പെടെ ആകെ 136 സർക്കാർ ആശുപത്രികൾക്ക് ഇതുവരെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അംഗീകാരം ലഭിച്ചിട്ടുണ്ട്. 2021 സെപ്റ്റംബർ 17 ലോക രോഗി സുരക്ഷാ ദിനത്തിന്റെ (International Patient Safety Day) ഭാഗമായി ദേശീയ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംഘടിപ്പിച്ച രോഗി സുരക്ഷാ സപ്താഹ് (" Rogi Suraksha Saptahh" ) വാരാഘോഷത്തിന്റെ ഭാഗമായി ദേശീയതലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം ഏറ്റവും കൂടുതൽ കരസ്ഥമാക്കിയ സംസ്ഥാനങ്ങൾക്ക് പുരസ്കാരം (അവാർഡ്) പ്രഖ്യാപിച്ചതിൽ കേരളം രണ്ട് അവാർഡുകൾക്ക് അർഹമായി. ദേശീയതലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം ലഭിച്ച നഗര പ്രാഥമികാരോഗ്യ കേന്ദ്ര വിഭാഗത്തിൽ (21-100 ആശുപത്രി) തലത്തിൽ, കേരളം ഒന്നാം സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ദേശീയ തലത്തിൽ

നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ച പ്രാഥമികാരോഗ്യ കേന്ദ്ര വിഭാഗത്തിൽ (501-1000 ആശുപത്രി) തലത്തിൽ, കേരളം റണ്ണർ-അപ് ആയി തെരഞ്ഞെടുക്കപ്പെട്ടു. ജന്മനായുള്ള ഹൃദ്രോഗ ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന 'ഹൃദ്യം' പദ്ധതിക്ക് രണ്ട് പ്രധാന നാഷണൽ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 2018 മാർച്ച് മാസത്തിൽ സ്കോച്ച് സ്വച്ഛ് ഭാരത് ഗോൾഡ് അവാർഡ്, Express Health Care അവാർഡ് എന്നിവയാണ്. ഹൃദ്യം പദ്ധതിക്ക് 2017-ലെ കേരള സംസ്ഥാന ഇ-ഗവേണൻസ് അവാർഡ് 2018-ലും കേരള സംസ്ഥന ചീഫ് മിനിസ്റ്റർ അവാർഡ് 2019-ലും ലഭ്യമായി.

(സി) പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെ എത്ര ശതമാനമാണ് ചെലവഴിക്കുന്നത്; കേന്ദ്ര സർക്കാർ ജി.ഡി.പി.-യുടെ എത്ര തുക ചെലവഴിക്കുന്നുണ്ട് എന്ന വിവരം ലഭ്യമാണോ; എങ്കിൽ നൽകുമോ?

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) പൊതുജനാരോഗ്യ മേഖലയുടെ ശാക്തീകരണത്തിന് തടസ്സമാകുന്ന വർദ്ധിച്ച തോതിലുള്ള രോഗാതുരത പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങളുൾപ്പെടെയുള്ള രോഗങ്ങൾ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ പകർച്ചവ്യാധികളായ ഡെങ്കിപനി, എലിപ്പനി, ചിക്കൻഗുനിയ തുടങ്ങിയ പകർച്ചവ്യാധികളും കോവിഡ് -19 പോലെയുള്ള മഹാമാരികളും സംസ്ഥാന ആരോഗ്യ രംഗത്തെ പ്രതിസന്ധിയിലാഴ്ത്തുന്നുണ്ടെങ്കിലും ഈ രോഗങ്ങൾ മുഖാന്തരമുള്ള പ്രതിശീർഷ ആരോഗ്യ ചെലവും മരണനിരക്കും താരതമ്യേന കുറവാണ്. എന്നാൽ ദീർഘസ്ഥായി രോഗങ്ങളായ ജീവിതശൈലിരോഗങ്ങൾ പ്രത്യേകിച്ച് പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, കരൾ രോഗങ്ങൾ, വൃക്കരോഗങ്ങൾ, പക്ഷാഘാതം, ശ്വാസകോശ രോഗങ്ങൾ, അർബുദം എന്നിവ ഏറെ നാൾ നീണ്ടുനിൽക്കുന്നതും പ്രതിശീർഷ ആരോഗ്യ ചെലവ് വളരെ കൂടുതലായി കാണപ്പെടുന്നവയുമാണ്. ഈ രോഗങ്ങൾകൊണ്ടുള്ള രോഗാതുരതയും മരണനിരക്കും പകർച്ചവ്യാധികളെക്കാൾ വളരെ കൂടുതലാണ്. ജീവിതശൈലീരോഗങ്ങൾ നേരിടുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ അമൃതം ആരോഗ്യ പദ്ധതിയിലൂടെ ജീവിതശൈലി രോഗങ്ങളുടെ നിർണ്ണയം, നിയന്ത്രണവും ചികിത്സയും പുനരധിവാസവും 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ എല്ലാ തലങ്ങളിലും നടപ്പിലാക്കിവരുന്നു. പ്രാഥമികാരോഗ്യതലം മുതൽ പ്രമേഹം,

രക്താതിസമ്മർദ്ദം തുടങ്ങിയ രോഗങ്ങൾക്കായുള്ള സൗജന്യ സ്ക്രീനിംഗും ചികിത്സയും മരുന്നും ഉറപ്പാക്കുന്നതോടൊപ്പം തന്നെ ഈ രോഗങ്ങളുടെ മൂർദ്ധന്യഭാവങ്ങളായ നേത്രപടലാന്ധത, ഡയബറ്റിക്ക് ഫുട്ട് എന്നിവ കണ്ടെത്തുന്നതിനുള്ള പരിശോധനകളും നടത്തിവരുന്നു. പ്രാഥമികതലം മുതൽ ഗുരുതര ശ്വാസകോശ രോഗമായ സി.ഒ.പി.ഡി. കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അർബുദ രോഗത്തിന്റെ നിർണ്ണയവും ചികിത്സയും ആരോഗ്യ വകുപ്പിന് കീഴിലുള്ള 24 ആശുപത്രികളിൽ റീജിയണൽ കാൻസർ സെന്ററുകളുടെ സഹായത്തോടുകൂടി നടപ്പിലാക്കിവരുന്നു. പക്ഷാഘാതം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സ്ട്രോക്ക് യൂണിറ്റുകൾ, ഹൃദ്രോഗങ്ങൾ ചികിത്സിക്കുന്നതിനുള്ള കാത്ത് ലാബുകൾ എന്നിവ എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും സജ്ജമാക്കിയിട്ടുണ്ട്. ഡയാലിസിസിനായി ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ചില പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നതോടൊപ്പം തന്നെ പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികളിലൂടെ ഗുരുതര രോഗങ്ങൾക്കുള്ള

പ്രതിരോധ ചികിത്സയും മരുന്നുകളും ഉറപ്പാക്കുന്നതോടൊപ്പം രോഗാതുരതയും മരണനിരക്കും ഒരുപരിധി വരെ നിയന്ത്രിക്കാൻ കഴിയുന്നുണ്ട്.

ക്യാൻസർ രോഗികളുടെ ക്രമാതീതമായ വർദ്ധന

207 (207) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാൻസറിനെ പ്രതിരോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ നിലവിലുള്ള കാൻസർ രജിസ്ട്രി പ്രകാരം ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ Cancer Strategic action plan-ന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കാൻസർ ചികിത്സാകേന്ദ്രങ്ങളെ ശാക്തീകരിക്കുന്നതിനും എല്ലാ തലങ്ങളിലും കാൻസർ ചികിത്സാകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കാൻസർ ചികിത്സാകേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ചികിത്സാഗ്രിഡ് രൂപീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. റീജിയണൽ കാൻസർ

സെന്ററുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും മെഡിക്കൽ കോളേജുകളിൽ ഓങ്കോളജി യൂണിറ്റുകൾ ആരംഭിക്കുകയും ജില്ലാ ആശുപത്രികളിൽ കാൻസർ കെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തി താഴെത്തട്ടിലുള്ള ആശുപത്രികളിൽ പ്രൈമറി കാൻസർ കെയർ സംവിധാനങ്ങൾ ഒരുക്കിയും കാൻസർ ചികിത്സാസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച ജില്ലാ കാൻസർ കെയർ പദ്ധതിയിലൂടെ സംസ്ഥാനത്ത് 24 ആശുപത്രികളിൽ കീമോതെറാപ്പിയുൾപ്പെടെയുള്ള പ്രാഥമിക കാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ക്യാൻസർ കണ്ടുപിടിക്കുന്നതിന് ബയോപ്സി, മാമോഗ്രാഫി തുടങ്ങിയ സൗകര്യങ്ങൾ ആശുപത്രികളിൽ സജ്ജമാക്കിയിട്ടുണ്ട്. മെഡിറ്റേഷൻ, സർജറി എന്നിവയും ചികിത്സയുടെ ഭാഗമായി നടത്തുന്നുണ്ട്. ആവശ്യമായ മരുന്നുകളും ആശുപത്രികളിൽ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. 19-02-2021-ലെ G.O(Rt)No.503/2021/H&FWD. പ്രകാരം സൃഷ്ടിക്കപ്പെട്ട District Cancer Control Committee വഴി കേന്ദ്ര സംസ്ഥാന സർക്കാർ ക്യാൻസർ പ്രതിരോധ നടപടികൾ ഏകോപിപ്പിച്ച് കൊണ്ടുപോകുന്നു. ഡി.എം.ഒ.-യാണ് ഈ കമ്മിറ്റിയുടെ കൺവീനർ. ഇതിന്റെ നേതൃത്വത്തിൽ കാൻസർ

രോഗനിയന്ത്രണ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

(ബി) കാൻസർ രോഗികൾ വർദ്ധിക്കുന്നതിനെക്കുറിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

2017 മുതൽ ഐ.സി.എം.ആർ.-ന്റെ കീഴിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ HBCR (Hospital Based Cancer Registry)-ന്റെ കീഴിൽ പഠനം നടത്തിവരുന്നു. ഈ പഠന പ്രകാരം പുരുഷന്മാരിൽ 23 ശതമാനം ശ്വാസകോശാർബുദവും രണ്ടാമതായി 20 ശതമാനം ഹെഡ് ആൻഡ് നെക്ക് കാൻസറും മൂന്നാമതായി ഉദരസംബന്ധമായ കാൻസറുമാണ് കൂടുതലായി കണ്ടുവരുന്നത്. എന്നാൽ സ്ത്രീകളിൽ 35 ശതമാനം സ്തനാർബുദവും രണ്ടാമതായി 19 ശതമാനം ഗർഭാശയ അർബുദവും മൂന്നാമതായി 10 ശതമാനം ഉദര സംബന്ധമായ കാൻസറുമാണ് കണ്ടുവരുന്നത്. സ്ത്രീകളിൽ വർദ്ധിച്ചുവരുന്ന സ്തനാർബുദത്തിന് കാരണമാകുന്ന ഘടകങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ ധനസഹായത്തോടുകൂടി 2017 മുതൽ ആർ.സി.സി.-യിലെ വിവിധ വകുപ്പുകൾ സഹകരിച്ച് രോഗികളുടെ ജീവിതരീതി, പ്രത്യുല്പാദന രീതി, ജനിതക കാരണങ്ങൾ എന്നിവയിൽ പഠനം നടത്തിവരുന്നു.

കരുനാഗപ്പള്ളി മേഖലയിൽ ആർ.സി.സി.-യുടെ മേൽനോട്ടത്തിൽ തൈറോയിഡ് കാൻസറിനെപ്പറ്റിയുള്ള ശാസ്ത്രീയ പഠനം നടന്നുവരുന്നുണ്ട്.

## വയനാട് ജില്ലയിലെ കാൻസർ രോഗ വ്യാപനം

208 (208) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കാൻസർ രോഗം വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ സംസ്ഥാന അനുപാതത്തിനനുസൃതമായി കാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലയിൽ പ്രതിവർഷം തുടർചികിത്സയിലുള്ള കാൻസർ രോഗികളുടെ എണ്ണം 1100-1200-നും ഇടയിലാണ്. ഇതിനുപുറമേ പ്രതിമാസം ശരാശരി 20-30 പുതിയ കാൻസർ കേസുകളും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ജീവിതശൈലിയിലുള്ള മാറ്റങ്ങളും ഗോത്രവർഗ്ഗക്കാർ ഉൾപ്പെടെയുള്ളവർക്കിടയിലുള്ള പുകയില ഉൽപ്പന്നങ്ങളുടെ വർദ്ധിച്ച ഉപയോഗവും കാൻസർ കേസുകളുടെ വർദ്ധനവിന് കാരണമാണ്. ജില്ലയിൽ കാൻസർ നിർണ്ണയ ക്യാമ്പുകൾ കൂടുതൽ നടത്തുന്നതിനാൽ പ്രാരംഭഘട്ടത്തിൽതന്നെ രോഗം കണ്ടെത്താൻ സാധിക്കുന്നുണ്ട്.

(ബി) ജില്ലയിലെ നിലവിലെ കാൻസർ രോഗികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

പെയിൻ ആൻഡ് പാലിയേറ്റീവ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ ചികിത്സയിലിരിക്കുന്നതുമായ 2821 രോഗികൾ വയനാട് ജില്ലയിലുണ്ട്.

<u>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചേസ്</u>

209 (209) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരി 29-ന് ശേഷം സംസ്ഥാനത്ത് ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും ഗ്ലൗസുകൾ വാങ്ങിയെന്ന് തീയതിയും തുകയും അടക്കമുള്ള വിവരങ്ങൾ സഹിതം ലഭ്യമാക്കാമോ; പ്രസ്തുത പർച്ചേസ് ഓർഡറുകൾ ലഭ്യമാക്കാമോ?

സർക്കാർ ആശുപത്രികൾ മുഖേനയുള്ള ഉപയോഗത്തിനായി 2020 ജനുവരി 29-നശേഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംഭരിച്ച റബ്ബർ ഗ്ലൗസുകളുടെ സംഭരണ വിശദാംശങ്ങളും വിതരണോത്തരവുകളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ സ്ഥാപനമായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖാന്തരം 2020 ജനുവരി 29-നുശേഷം വാങ്ങിയ ഗ്ലൗസുകളുടെ സംഭരണ വിശദാംശങ്ങളും വിതരണോത്തരവുകളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇതിൽ ഏതൊക്കെയാണ് ടെൻഡർ ഇല്ലാതെ നൽകിയതെന്ന വിവരം ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖാന്തരം ഗ്ലൗസുകൾ വാങ്ങിയിട്ടുള്ളത് 19-06-2012-ലെ സ.ഉ. (കൈ)നം.186/2012/ആ.കു.വ. പ്രകാരം ടെൻഡർ ഇല്ലാതെയാണ്.

(സി) ഏതൊക്കെ പർച്ചേസുകൾക്ക് ആരോഗ്യ വകുപ്പുമന്ത്രിയുടെ അംഗീകാരം ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; ആരോഗ്യ വകുപ്പുമന്ത്രി നൽകിയ അംഗീകാരത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പർച്ചേസുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നേരിട്ടാണ് നടത്തുന്നത്.

## കോഴിക്കോട് മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാൻ

210 (210) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ മാസ്റ്റർ പ്ലാൻ പ്രകാരം വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി 13-11-2019-ലെ G.O.(Rt)No.2708/2019/H&FWD പ്രകാരം ഹൈറ്റ്സിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ചിരുന്നു. എന്നാൽ 17-01-2022-ൽ കൂടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ റിവൈസ് ചെയ്യാൻ തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ പൂർത്തിയായിവരുന്നു.

## കോബാൾട്ട് തെറാപ്പി മെഷീൻ

211 (211) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ കാൻസർ രോഗികൾക്ക് ആശ്രയമാകേണ്ട കൊബാൾട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ കാൻസർ രോഗികൾക്ക് ആശ്രയമാകേണ്ട കൊബാൾട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഡി.എം.ഇ. സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

<u>തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാർഡിയോളജി പ്രൊഫസർ പോസ്റ്റ്</u>

212 (212) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ കോളേജുകളിൽ കാർഡിയോളജി പ്രൊഫസർ പോസ്റ്റില്ലാത്ത മെഡിക്കൽ കോളേജുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ, മഞ്ചേരി, കൊല്ലം, കോന്നി, ഇടുക്കി, കാസർഗോഡ്, വയനാട് എന്നിവിടങ്ങളിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ കാർഡിയോളജി വിഭാഗം പ്രൊഫസർ തസ്തിക നിലവിലില്ല.

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാർഡിയോളജി പ്രൊഫസർ പോസ്റ്റ് നിലവിലില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാർഡിയോളജി പ്രൊഫസർ പോസ്റ്റ് ഇല്ലാത്തതുകൊണ്ട് നാല് ജില്ലകളിലെ രോഗികൾക്ക് മെച്ചപ്പെട്ടതും വേഗത്തിലുള്ളതുമായ ചികിത്സ ലഭിക്കുന്നതിന് താമസം സൃഷ്ടിക്കുന്നത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാമോ;

(ഡി) കാർഡിയോളജി വിഭാഗത്തിൽ സീനിയർ റസിഡന്റ് പോസ്റ്റുകൾ കൂടുതൽ അനുവദിച്ച് നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ഇ) കാർഡിയോ തൊറാസിക് സർജറി വിഭാഗത്തിൽ പുതിയ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

(സി-ഇ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സമാഹൃത പ്രൊപ്പോസലിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിൽ ഒരു പ്രൊഫസർ,7 സീനിയർ റസിഡന്റ്, കാർഡിയോ തൊറാസിക് വിഭാഗത്തിൽ ഒരു അസോസിയേറ്റ് പ്രൊഫസർ ഒരു അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകൾ

സൃഷ്ടിക്കുന്നതിനുള്ള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

ജനപ്രതിനിധികളായി മത്സരിക്കാൻ ലീവെടുത്ത ആശാവർക്കർമാർ

213 (213) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനപ്രതിനിധികളായി മത്സരിക്കാൻ ലീവെടുത്ത ആശാവർക്കർമാരെ കാലാവധിക്കുശേഷം പുനർനിയമിക്കുന്നതിന് നിയമതടസ്സമുണ്ടോയെന്ന് വിശദമാക്കാമോ?

കേരളത്തിൽ കഴിഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ 746 ആശാവർക്കർമാർ ജനപ്രതിനിധികളായി തെരഞ്ഞെടുത്തിട്ടുണ്ട്. ജനപ്രതിനിധികളായി മത്സരിക്കാൻ ലീവെടുത്ത ആശാവർക്കർമാർക്ക് കാലാവധിക്കുശേഷം പുനർനിയമനം നൽകുന്നതിന് നിയമതടസ്സമില്ല.

(ബി) ലീവ് ക്യാൻസൽ ചെയ്യുന്ന മുറയ്ക്ക് സർവ്വീസിൽ പുനഃപ്രവേശിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിവരിക്കാമോ?

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ 17-11-2021-ലെ NHM/4342/CSD/2021/SPMSU നമ്പർ സർക്കുലർ പ്രകാരം പ്രസിഡന്റ്/

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ എന്നീ നിലകളിൽ തെരഞ്ഞെടുക്കപ്പെടുന്നവർ, അവർ ജനപ്രതിനിധിയായി തുടരുന്ന കാലയളവിൽ അവധിയിൽ പ്രവേശിക്കേണ്ടതാണ്. അവധി റദ്ദ് ചെയ്യുകയോ/അവസാനിക്കുകയോ ചെയ്യുന്ന മുറയ്ക്ക് ആശാവർക്കർമാർക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കാവുന്നതുമാണ്. ഇതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ല.

(സി) ലീവെടുത്ത ആശാവർക്കർമാർക്ക് പകരം താത്കാലികമായി ആളെ നിയമിക്കുന്നതിന് വ്യവസ്ഥയുണ്ടോയെന്ന് അറിയിക്കാമോ?

ആശാപ്രവർത്തകർ അവധിക്ക് അപേക്ഷ നൽകുമ്പോൾ വരുന്ന ഒഴിവിലേക്ക് താൽകാലികമായി പുതിയ ആശാവർക്കർമാരെ നിയമിക്കാൻ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ 17-11-2021-ലെ NHM/4342/CSD/2021/SPMSU നമ്പർ സർക്കുലർ പ്രകാരം വ്യവസ്ഥയുണ്ട്.

<u>കണ്ണൂർ ജില്ലാശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി തസ്തികകൾ</u>

214 (214) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗമായ

കൺസൾട്ടന്റ് കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി തുടങ്ങിയ തസ്തികകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽ എത്ര തസ്തികകൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) കണ്ണൂർ ജില്ലാശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗമായ കാർഡിയോളജിയിലും, നെഫ്രോളജിയിലും ന്യൂറോളജിയിലും അനിവാര്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

(സി) കണ്ണൂർ ജില്ലാശുപത്രിയുടെ പ്രവർത്തനം വിപുലീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കണ്ണൂർ ജില്ലാശുപത്രിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി 63.49 കോടി രൂപ കിഫ്ബി ധനസഹായത്തോടുകൂടിയുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കാത്ത് ലാബിന്റെ പ്രവൃത്തികൾ പൂർത്തിയായി.

ലാബ് ടെക്നീഷ്യൻമാരുടെ സ്ഥിരം തസ്തികകൾ

215 (215) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള ലബോറട്ടറികളിൽ എത്ര ലാബ് ടെക്നീഷ്യൻമാരുടെ സ്ഥിരം തസ്തികകൾ നിലവിലുണ്ട്; പ്രസ്തുത ലബോറട്ടറികളിൽ നിലവിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്ര ലാബ് ടെക്നീഷ്യന്മാർ ജോലി ചെയ്യുന്നുണ്ട്?

ആരോഗ്യവകുപ്പിന് കീഴിലെ ലാബ് ടെക്നീഷ്യൻമാരുടെ സ്ഥിരം തസ്തികകളുടെ എണ്ണം - 1452.

സ്ഥിരം തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം - 15

ദേശീയ ആരോഗ്യ ദൗത്യം, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, തദ്ദേശസ്വയംഭരണ വകുപ്പ് മുതലായവ മുഖാന്തരം ലാബുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ (സ്ഥിരം തസ്തിക ഒഴികെ) ജോലി ചെയ്യുന്ന ലാബ് ടെക്നീഷ്യൻമാരുടെ എണ്ണം - 997.

## നാദാപുരം താലൂക്ക് ആശുപത്രിയിലെ ഡോക്ടർ തസ്തികയിലെ നിയമനം

216 (216) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം താലൂക്ക് ആശുപത്രിയിലെ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകളിൽ നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

നാദാപുരം താലൂക്കാശുപത്രിയിൽ നിലവിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജെ.പി.എച്ച്.എൻ. തസ്തിക

217 (217) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ.പി.എച്ച്.എൻ. ഗ്രേഡ്-2 തസ്തികയിൽനിന്നും ഗ്രേഡ്-1 തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് അർഹരായവർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ സൂപ്പർന്യൂമററിയായി നിയമനം ലഭിച്ചവരുടെ സർവ്വീസ് നാളിതുവരെയും റെഗുലറൈസ് ചെയ്യാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത സൂപ്പർന്യൂമററി തസ്തികയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(ഡി) നിലവിൽ സർവ്വീസ് റെഗുലറൈസ് ചെയ്തവർക്ക് പ്രൊമോഷൻ നൽകുന്നതിലെ സാങ്കേതിക ബുദ്ധിമുട്ട് എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രൊമോഷൻ എന്നത്തേയ്ക്ക്

നൽകാൻ സാധിക്കുമെന്നറിയിക്കാമോ?

(എ-ഇ) പെൻഷൻ പ്രായം ഏകീകരിച്ചതുമായി ബന്ധപ്പെട്ട് ജെ.പി.എച്ച്.എൻ. ഗ്രേഡ്-2 തസ്തികയിൽ കൊല്ലം ജില്ലയിൽ 54-ഉം, പത്തനംതിട്ട ജില്ലയിൽ 10-ഉം, കോഴിക്കോട് ജില്ലയിൽ 85-ഉം കാസർഗോഡ് ജില്ലയിൽ 98-ഉം നിയമനങ്ങൾ നടത്തിയിരുന്നു. പ്രസ്തുത നിയമനങ്ങൾ ക്രമീകരിച്ച് നൽകിയ തീയതി സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ തടസ്സവാദമുന്നയിക്കുകയും ആയതിനെതിരെ ബന്ധപ്പെട്ട ജീവനക്കാർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആഡിറ്റ് ഒബ്ജക്ഷന്റെ അടിസ്ഥാനത്തിലുള്ള മേൽനടപടിയിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ അർഹരായവരുടെ സീനിയോരിറ്റി പട്ടിക തയ്യാറാക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. കോടതിയുടെ അന്തിമ തീർപ്പിന് വിധേയമായി ഇക്കാര്യം താൽക്കാലികമായി പരിഹരിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

<u>ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാർ</u>

218 (218) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം എത്ര

വയസ്സാണെന്ന് വ്യക്തമാക്കുമോ?

60 വയസ്സ്.

(ബി) ഡോക്ടർമാരുടെ പെൻഷൻ പ്രായം 62 വയസ്സായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അസിസ്റ്റന്റ് സർജൻ (ജനറൽ റിക്രൂട്ട്മെന്റ്) തസ്തികയിലേയ്ക്ക് എത്ര ഡോക്ടർമാർക്കാണ് അഡ്വൈസ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും 151 പേരുടെ നിയമന ശിപാർശകൾ പി.എസ്.സി.-യിൽനിന്നും ലഭ്യമായിട്ടുണ്ട്.

(ഡി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്ക് (ജനറൽ റിക്രൂട്ട്മെന്റ് അസിസ്റ്റന്റ് സർജൻ) അഡ്വൈസ് അയച്ച തീയതി എന്നാണെന്ന് അറിയിക്കുമോ?

27-04-2021, 22-09-2021, 22-10-2021 എന്നീ തീയതികളിലാണ് അഡ്വൈസ് അയച്ചിട്ടുള്ളത്.

(ഇ) അഡ്വൈസ് അയച്ചതിൽനിന്നും എത്രപേർക്ക് നിയമന ഉത്തരവ് നൽകിയെന്ന് വിശദമാക്കാമോ?

38 പേർക്ക്.

(എഫ്) എത്ര അസിസ്റ്റന്റ് സർജൻമാർക്ക് കൂടി നിയമനം നൽകാൻ ബാക്കിയുണ്ടെന്നുള്ള വിവരം അറിയിക്കുമോ?

പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭിച്ച 113 പേർക്ക് നിയമനം നൽകാൻ അവശേഷിക്കുന്നുണ്ട്.

(ജി) അഡ്വൈസ് നൽകി സമയപരിധി കഴിഞ്ഞിട്ടും നിയമന ഉത്തരവ് നൽകാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

മുൻകാലങ്ങളിൽ നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികളിൽ വളരെ കുറച്ചുപേർ മാത്രമാണ് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതെന്ന വസ്തുതയുടെ അടിസ്ഥാനത്തിലും നിരവധി ഒഴിവുകൾ നിലനിന്നിരുന്ന ഘട്ടത്തിലും അടിയന്തരമായി ഒഴിവുകൾ നികത്തുകയെന്ന ലക്ഷ്യത്തോടെ 1000 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി. എന്നാൽ തുടർന്നുള്ള കാലയളവിൽ നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾ കൂടുതലായി ജോലിയിൽ പ്രവേശിക്കുകയും വകുപ്പിലെ ഡോക്ടർമാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തുകയും ചെയ്യപ്പെട്ട സാഹചര്യത്തിൽ പ്രതീക്ഷിച്ച പ്രകാരം ഒഴിവുകൾ നിലവിൽ വരാത്ത സ്ഥിതി സംജാതമായി.

## ആലപ്പുഴ മെഡിക്കൽ കോളേജിൽനിന്നും വിരമിച്ച വ്യക്തിയുടെ പെൻഷൻ ലഭ്യമാക്കൽ

219 (219) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മാർച്ച് മാസം ആലപ്പുഴ മെഡിക്കൽ കോളേജിൽ യു.ഡി. ക്ലാർക്ക് തസ്തികയിൽനിന്നും വിരമിച്ച ശ്രീ. ബാലകൃഷ്ണൻ. പി. എന്ന വ്യക്തിയുടെ പെൻഷനും മറ്റാനുകൂല്യങ്ങളും ഇതുവരെ അനുവദിച്ച് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിരമിച്ചിട്ട് 11 വർഷമാകുന്ന ഇദ്ദേഹത്തിന് പെൻഷൻ അനുവദിക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണമെന്താണെന്ന് വിശദമാക്കാമോ?

ശ്രീ. ബാലകൃഷ്ണൻ. പി., 2006-ൽ സസ്പെൻഷനിലാവുകയും 2010-ൽ തിരികെ ജോലിയിൽ പ്രവേശിക്കുകയും 2011-ൽ സർവ്വീസിൽനിന്നും വിരമിക്കുകയും ചെയ്തു. എന്നാൽ 2015 വരെ ടിയാൻ പെൻഷൻ ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിച്ചിരുന്നില്ല. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തലത്തിൽ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കാൻ

കഴിയാത്തതിനാലാണ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് നൽകാൻ കഴിയാത്തത്.

(സി) ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിൽനിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മേധാവിക്ക് നൽകിയ പെൻഷനുമായി ബന്ധപ്പെട്ട് 17-02-201-ലെ നം.ഇ 2/8142/2011/റ്റി.ഡി.എം.സി.എ. കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ടി വ്യക്തിയുടെ പെൻഷനുമായി ബന്ധപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മേധാവിയുടെ ഓഫീസിലുള്ള നടപ്പ് ഫയലിന്റെ നമ്പർ വ്യക്തമാക്കാമോ;

(ഇ) ഫയൽ എത്ര സമയത്തിനുള്ളിൽ തീർപ്പാക്കി പെൻഷൻ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(സി-ഇ) ശ്രീ. ബാലകൃഷ്ണൻ. പി.-യുടെ സേവനപുസ്തകവും അച്ചടക്കനടപടി സംബന്ധിച്ച ഫയലുകളും ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്ന് ലഭ്യമാക്കി അച്ചടക്കനടപടി പൂർത്തിയാക്കി എത്രയുംവേഗം പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തലത്തിൽ സ്വീകരിക്കുന്നതാണ്.

## സർക്കാർ ആശുപത്രികളിലെ സുരക്ഷാ സംവിധാനം

220 (220) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിൽനിന്നും നവജാത ശിശുവിനെ തട്ടിയെടുത്ത സംഭവത്തെത്തുടർന്ന് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് പരിശോധന നടത്തിയോയെന്നും ഇതിനെത്തുടർന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) സർക്കാർ ആശുപത്രികളിലെ സുരക്ഷാസംവിധാനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(എ&ബി) കോട്ടയം മെഡിക്കൽ കോളേജിൽനിന്നും നവജാത ശിശുവിനെ തട്ടിയെടുത്ത സംഭവത്തെത്തുടർന്ന് മെഡിക്കൽ കോളേജുകളിൽ സ്വീകരിച്ച സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ താഴെകൊടുക്കുന്നു.

1. ആശുപത്രിയിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ ജീവനക്കാരും നിർബന്ധമായും തിരിച്ചറിയൽ രേഖ കയ്യിൽ കരുതേണ്ടതാണ്. സെക്യൂരിറ്റി

ജീവനക്കാർ ആവശ്യപ്പെട്ടാൽ കാണിച്ച് ബോദ്ധ്യപ്പെടുത്തുകയും വേണം.

2. വാർഡുകളിൽ അഡ്മിറ്റാകുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് അനുവദിക്കുന്ന പാസ്സ് കൂട്ടിരിപ്പുകാർ കയ്യിൽ കരുതണം. പാസ്സില്ലാതെ വരുന്ന കൂട്ടിരിപ്പുകാരെ ഒരുകാരണവശാലും ആശുപത്രിയിലേയ്ക്ക് പ്രവേശിപ്പിക്കരുത്.

3. ഒരു രോഗിയുടെകൂടെ ഒരു ബൈസ്റ്റാൻഡറെ മാത്രമെ അനുവദിക്കുകയുള്ളൂ. വാർഡിലെ ഡോക്ടർമാർ/നഴ്സിംഗ് ഓഫീസർമാർ എന്നിവർ രേഖാമൂലമോ ടെലിഫോണിലൂടെയോ ആവശ്യപ്പെടുന്നപക്ഷം മാത്രമെ അധിക ബൈസ്റ്റാൻഡറെ അനുവദിക്കുകയുള്ളൂ.

4. പ്രസവ വാർഡിൽ 24 മണിക്കൂറും സെക്യൂരിറ്റി ജീവനക്കാരുടെ സേവനം ഉറപ്പാക്കണം. വാർഡിലേയ്ക്കുള്ള പ്രവേശന കവാടത്തിൽ സി.സി.ടി.വി. സ്ഥാപിക്കണം.

5. പ്രസവ വാർഡിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ ജീവനക്കാരുടെയും തിരിച്ചറിയൽ രേഖ പരിശോധിച്ച് വ്യക്തിയെ തിരിച്ചറിഞ്ഞുവെന്ന് സെക്യൂരിറ്റി ജീവനക്കാരന് ബോദ്ധ്യമുണ്ടാകണം. ആരെയെങ്കിലും കുറിച്ച് എന്തെങ്കിലും സംശയമുണ്ടെങ്കിൽ വാർഡിലെ ഉത്തരവാദപ്പെട്ടവരോട് സംസാരിച്ച് സംശയം ദൂരീകരിക്കേണ്ടതാണ്. ഈ വിവരം സെക്യൂരിറ്റി

ഓഫീസിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്.

6. നവജാതശിശുവിനെ മാത്രം ചികിത്സയ്ക്കായി അമ്മയുടെ കയ്യിൽ നിന്നും ഉത്തരവാദപ്പെട്ടവർ വാങ്ങിക്കൊണ്ടുപോകുമ്പോൾ ബൈസ്റ്റാൻഡർ കൂടെ അനുഗമിക്കേണ്ടതാണ്.

7. പ്രസവ വാർഡിൽ അസാധാരണമായി എന്തെങ്കിലും രോഗിയുടെയോ ബൈസ്റ്റാൻഡറുടെയോ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ആ വിവരം വാർഡിലെ ഡോക്ടർമാർ/നഴ്സിംഗ് ഓഫീസർമാർ എന്നിവരെ അറിയിക്കേണ്ടതാണ്.

8. ഇത്തരം തട്ടിപ്പുകാർക്കെതിരെ ജാഗരൂകരായിരിക്കാൻ രോഗിയെയും കൂട്ടിരിപ്പുകാരെയും ബോധവൽക്കരിക്കുന്ന ബോർഡുകൾ വാർഡിലും പുറത്തും സ്ഥാപിക്കേണ്ടതാണ്.

9. ആശുപത്രിയുടെ കവാടത്തിൽ സഹായകവാടവും അന്വേഷണ കൗണ്ടറും സ്ഥാപിക്കേണ്ടതാണ്.

10. പ്രീപെയ്ഡ് ആംബുലൻസ് കൗണ്ടർ സ്ഥാപിക്കേണ്ടതാണ്.

11. രോഗികളെ ഡിസ്ചാർജ്ജ് ചെയ്യുമ്പോൾ ഐ.പി. ബുക്കിൽ ഡിസ്ചാർജ്ജ് സീൽ പതിച്ച് പാസ്സ് തിരികെ വാങ്ങേണ്ടതാണ്.

12. ഡ്യൂട്ടി സർജന്റിന്റെ ഓഫീസ് 24 മണിക്കൂറും

പ്രവർത്തിക്കേണ്ടതാണ്.

ആരോഗ്യ പ്രവർത്തകർക്കെതിരെ അക്രമങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 12-08-2021-ലെ സ.ഉ.(സാധാ) നം.1735/2021/ആ.കു.വ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്കും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1. എല്ലാ സർക്കാർ ആശുപത്രികളിലും, സി.സി.ടി.വി. സ്ഥാപിക്കുന്നതിന്റെ ഭാഗമായി, ആദ്യഘട്ടത്തിൽ താലൂക്കാശുപത്രികൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗം, ഒ.പി. വിഭാഗം എന്നിവിടങ്ങളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുക. പോലീസ് എയ്ഡ്പോസ്റ്റുള്ള ആശുപത്രികളിൽ പോലീസിന് ദൃശ്യങ്ങൾ നിരീക്ഷിക്കുവാനുള്ള സൗകര്യവും ക്യാമറകളുടെ ശരിയായ പ്രവർത്തനവും ഉറപ്പുവരുത്തുക.

2. സ്ഥാപനതലത്തിൽ സെക്യൂരിറ്റി ഇൻ ചാർജ്ജ് ഓഫീസറെ ആശുപത്രി സൂപ്രണ്ട് നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

3. പാരാമെഡിക്കൽ ജീവനക്കാർക്കും മറ്റുജീവനക്കാർക്കും ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റെ ഏകോപനത്തിൽ സുരക്ഷയുമായി ബന്ധപ്പെട്ട്

പരിശീലനം നൽകേണ്ടതാണ്. സുരക്ഷാ ഉദ്യോഗസ്ഥരുടെ എല്ലാ നിയമനങ്ങളും എക്സ്-സർവ്വീസ്മെൻ സൊസൈറ്റി/സംഘടനകളിൽനിന്നും നടത്തേണ്ടതാണ്. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി/ആശുപത്രി വികസന സമിതി/ആശുപത്രി വികസന സൊസൈറ്റി എന്നിവ മുഖേന സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുമ്പോൾ വിമുക്തഭടൻമാരെ നിയമിക്കേണ്ടതാണ്.

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചേസ്

221 (221) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരി 29-നുശേഷം സംസ്ഥാനത്ത് ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും തെർമോമീറ്ററുകൾ വാങ്ങിയെന്ന് തീയതിയും തുകയും അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പർച്ചേസ് ഓർഡറുകൾ ലഭ്യമാക്കാമോ; ഇതിൽ ഏതൊക്കെയാണ് ടെൻഡർ ഇല്ലാതെ നൽകിയതെന്ന വിവരവും ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. അനുബന്ധത്തിലെ 20-04-2020-ലെ സപ്ലൈ ഓർഡർ പ്രകാരം വാങ്ങിയ തെർമോമീറ്ററുകൾ, 24-03-2020-ലെ G.O(Rt) No.652/2020/H&FWD -ൽ സൂചിപ്പിച്ചിട്ടുള്ള നിരക്കനുസരിച്ചും 25-02-2021-ലെ പർച്ചേസ് ഓർഡർ നൽകിയത് ടെണ്ടർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ പൂർത്തീകരിച്ചതിനുശേഷവുമാണ്. ബാക്കി എല്ലാ പർച്ചേസുകളും ടെണ്ടറില്ലാതെയാണ് നടത്തിയത്.

(ബി) ഏതൊക്കെ പർച്ചേസുകൾക്ക് ആരോഗ്യ വകുപ്പുമന്ത്രിയുടെ അംഗീകാരം ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; ആരോഗ്യമന്ത്രി നൽകിയ അംഗീകാരത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പർച്ചേസുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നേരിട്ടാണ് നടത്തുന്നത്.

## ഇൻഫ്രാറെഡ് തെർമോമീറ്റർ വാങ്ങിയത്

222 (222) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഏപ്രിൽ മാസത്തിൽ തൃശ്ശൂർ സർജിക്കൽസ് എന്ന സ്ഥാപനം ഇൻഫ്രാറെഡ് തെർമോമീറ്ററിനായി സർക്കാരിന് ക്വട്ടേഷൻ നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽനിന്നും ഇൻഫ്രാറെഡ് തെർമോമീറ്റർ വാങ്ങിയത് സംബന്ധിച്ച ആരോഗ്യ വകുപ്പിന്റെ നോട്ട് ഫയലിന്റെയും കറന്റ് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

(എ& ബി) സർക്കാരിന് ക്വട്ടേഷൻ നൽകിയിട്ടില്ല. പർച്ചേസുകൾ

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നേരിട്ടാണ് നടത്തുന്നത്.

## ഉയർന്ന വിലയ്ക്ക് ഗ്ലൗസ് വാങ്ങൽ

223 (223) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രത അവോൺ എക്സിം എന്ന സ്ഥാപനത്തിൽനിന്നും ഗ്ലൗസുകൾ വാങ്ങാനുള്ള തീരുമാനം സംബന്ധിച്ച ആരോഗ്യ വകുപ്പിന്റെ നോട്ട് ഫയലിന്റെയും കറന്റ് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച് ആരോഗ്യ വകുപ്പ് തീരുമാനമെടുത്തിട്ടില്ല.

(ബി) പഴവും പച്ചക്കറിയുംമാത്രം വിൽക്കുന്ന സ്ഥാപനമാണിതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഈ സ്ഥാപനത്തിന്റെ വിശ്വാസ്യതയെ കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## നൈട്രൽ ഗ്ലൗസ് ഇറക്കുമതി

224 (224) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് നൈട്രൽ ഗ്ലൗസ് ഇറക്കുമതി ചെയ്യുന്നതിന്

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തിയ ഇടപെടലുകളിൽ ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഗ്ലൗസിന് ക്ഷാമമില്ലാതിരുന്ന സമയത്ത് ടെണ്ടർ നടപടികളൊന്നുംതന്നെ സ്വീകരിക്കാതെ 12.15 കോടി രൂപയുടെ പർച്ചേസ് ഓർഡർ നൽകിയത് വിശദമായി അന്വേഷണം നടത്തുമോ?

(എ&ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രതിരോധ ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും മരുന്നുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വാങ്ങിയത് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം പരിശോധിച്ചുവരുന്നു. ആയത് പൂർത്തിയായിട്ടില്ല.

(സി) കീഴ്വഴക്കങ്ങൾ എല്ലാം മറികടന്ന് വിതരണ കമ്പനിക്ക് തുക മുൻകൂർ നൽകാൻ അനുമതി നൽകിയിട്ടുണ്ടോ; മെഡിക്കൽ രംഗത്ത് യാതൊരു മുൻപരിചയവുമില്ലാത്ത സ്ഥാപനത്തിന് നൽകിയ കരാർ പുന:പരിശോധിക്കുമോ?

അവശ്യവസ്തുക്കൾ വാങ്ങുന്നതിന് മുൻകൂർ തുക നൽകുവാൻ അനുമതി നൽകിയിട്ടുണ്ട്. വിതരണ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്.

## കോവിഡ് -19 ധനസഹായം

225 (225) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്നും കോവിഡ്ബാധിതരായി ഇതരസംസ്ഥാനങ്ങളിലെ ആശുപത്രികളിൽ മരണപ്പെട്ടവർക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കോവിഡ് ബാധിച്ച് മറ്റ് സംസ്ഥാനങ്ങളിൽവച്ച് മരണം സംഭവിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റിന്റെയും മരണ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ കോവിഡ് എക്സ്ഗ്രേഷ്യ അനുവദിക്കുന്നതിന് 13-01-2022-ൽ സ.ഉ. (സാധാ)നം.34/2022/ഡി.എം.ഡി. പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽവച്ച് കോവിഡുമൂലം മരണമടഞ്ഞവരുടെ അടുത്ത ആശ്രിതർക്ക് എക്സ്ഗ്രേഷ്യ നൽകുന്നതിനുള്ള അപേക്ഷ 07-02-2022 മുതൽ ഓൺലൈനായി സമർപ്പിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ടി അപേക്ഷകൾ അക്ഷയ കേന്ദ്രത്തിനുപുറമെ, എല്ലാ വില്ലേജുകളിലും സ്വീകരിക്കാനുള്ള നടപടി ജില്ലാഭരണകൂടങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് സോഫ്റ്റ്‌വെയറിൽ വരുത്തേണ്ട മാറ്റം ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നതെന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

കോവിഡ് ധനസഹായം ലഭ്യമാക്കുന്നതിലേയ്ക്കായുള്ള ഓൺലൈൻ പോർട്ടൽ, സോഫ്റ്റ്‌വെയർ എന്നിവയുടെ പ്രവർത്തനങ്ങൾ സി-ഡിറ്റ് വഴിയാണ് നടപ്പിലാക്കിവരുന്നത്.

(സി) ഈ വിഷയം സംബന്ധിച്ച് കോഴിക്കോട് ജില്ലയിലെ ശ്രീമതി ബബിത ആർ., പാർത്ഥിവം, കല്പത്തൂർ ബഹുമാനപ്പെട്ട മേപ്പയൂർ എം.എൽ.എ. മുഖാന്തരം സമർപ്പിച്ച അപേക്ഷ സംബന്ധിച്ചുള്ള തീരുമാനം അറിയിക്കാമോ?

കോഴിക്കോട് ജില്ലയിലെ ശ്രീമതി ബബിത ആർ. സമർപ്പിച്ച അപേക്ഷ DMA1/21/2022-DMD നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്.

## സംസ്ഥാനത്ത് ആരംഭിച്ച സി.എഫ്.എൽ.ടി.സി.-കൾ

226 (226) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യഥാസമയം ആശുപത്രിയിലെത്തിച്ച് ചികിത്സ ലഭ്യമാക്കാത്തതുമൂലം കേരളത്തിലെ കോവിഡ് മരണനിരക്ക് ഉയരുവാൻ കാരണമായതായി

പഠനങ്ങൾ വെളിപ്പെടുത്തുന്ന സാഹചര്യത്തിൽ കോവിഡ് മൂന്നാംതരംഗം മുന്നിൽക്കണ്ട് സി.എഫ്.എൽ.ടി.സി. ഉൾപ്പെടെ വേണ്ടത്ര ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ വീഴ്ച സംഭവിച്ചതിന് കാരണം വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നാളിതുവരെ ആശുപത്രി കിടക്കകളോ, ഓക്സിജനോ മറ്റ് ചികിത്സാ സൗകര്യങ്ങളോ ലഭ്യമാക്കാത്തതുമൂലമുള്ള മരണങ്ങളൊന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. കേരളത്തിൽ കോവിഡ് വ്യാപനത്തിന്റെ ആദ്യഘട്ടം മുതൽ തന്നെ സമൂഹത്തിലെ കോവിഡ് ബാധിതരായവരെ കണ്ടെത്തുന്നതിനായി Test-Trace-Treat (കൂടുതൽ പരിശോധനകൾ/ ഊർജ്ജിതമായ കോവിഡ് രോഗസമ്പർക്ക പട്ടിക തയ്യാറാക്കൽ/ സമയബന്ധിതമായി പുതുക്കിയ ചികിത്സാമാർഗ്ഗരേഖകൾ പ്രകാരമുള്ള കോവിഡ് ചികിത്സാ സംവിധാനങ്ങൾ എന്നിവയാണ്) പ്രോട്ടോകോളാണ് അനുവർത്തിച്ച് പോന്നിരുന്നത്. കോവിഡ് വ്യാപനത്തിന്റെ ഒരുഘട്ടത്തിലും കേരളത്തിന്റെ ആരോഗ്യ സംവിധാനങ്ങൾ സമ്മർദ്ദത്തിലായിട്ടില്ല. കേരളത്തിൽ കോവിഡ് രോഗബാധിതരായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെ മരണനിരക്കും കുറവാണ്. മൂന്നാംതരംഗം മുന്നിൽ കണ്ട് 1143 സാധാരണ കിടക്കകൾ, 409 ICU, 276 വെന്റിലേറ്ററുകൾ,

കേന്ദ്രീകൃത ഓക്സിജനുള്ള 1914 കിടക്കകൾ എന്നിവ സർക്കാർ മെഡിക്കൽ കോളേജിലും, 2378 സാധാരണ കിടക്കകൾ, 1983 നോൺ ICU ഓക്സിജൻ കിടക്കകൾ, 520 ICU, 468 വെന്റിലേറ്ററുകൾ എന്നിവ മറ്റ് സർക്കാർ ആശുപത്രികളിലും കോവിഡ് ചികിത്സയ്ക്കായിമാത്രം ക്രമീകരിച്ചിട്ടുണ്ടായിരുന്നു. ഇതുകൂടാതെ കോവിഡ് രോഗികളുടെ എണ്ണം ആശുപത്രിയിൽ വർദ്ധിക്കുന്നതനുസരിച്ച് Non Covid വിഭാഗത്തിൽനിന്ന് Covid വിഭാഗത്തിലേയ്ക്ക് ആവശ്യമായ ബെഡ്ഡുകൾ മാറ്റുകയും ചെയ്യുന്ന രീതിയിലാണ് ക്രമീകരണം നടത്തിയത്. ഈ വിഭാഗത്തിലെ ഓരോ കിടക്കകളുടെയും ഒക്കുപൻസി ദിനംപ്രതി സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ട്. കൂടാതെ രോഗലക്ഷണ തീവ്രതയനുസരിച്ച് രോഗികളെ പ്രവേശിപ്പിക്കുന്നതിനായി 20 CFLTC(2043), 34 CSLTC (4410) എന്നിവ ക്രമീകരിച്ചിരുന്നു (2022 ഫെബ്രുവരി 15 വരെ). കൂടാതെ സ്വകാര്യ മേഖലയിൽ പൊതുസ്വകാര്യ പങ്കാളിത്തത്തിന്റെ ഭാഗമായി 25710 സാധാരണ കിടക്കകൾ, 2453 ICU, 1211 Ventilator, 6810 ഓക്സിജൻ കിടക്കകൾ എന്നിവ ഒരുക്കിയിട്ടുണ്ട്. മൂന്നാം തരംഗത്തിൽ രോഗതീവ്രത കുറവായതിനാലും, ഭൂരിഭാഗം പേരും വാക്സിൻ സ്വീകരിച്ചതിനാലും ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെ എണ്ണം വളരെ കുറവായിരുന്നു.

ഭൂരിഭാഗം പേർക്കും വീട്ടിൽതന്നെ ചികിത്സയിൽ കഴിയുവാനുള്ള രോഗതീവ്രത മാത്രമെ ഉണ്ടായിരുന്നുള്ളൂ. എന്നിരുന്നാലും തീവ്രലക്ഷണമുള്ളവരെയും, ദീർഘകാല ജീവിതശൈലി രോഗമുള്ളവരെയും പ്രതിരോധശേഷി കുറവുള്ളവരെയുമൊക്കെ യഥാസമയം ആശുപത്രിയിൽ പ്രവേശിപ്പിച്ച് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്.

## സംസ്ഥാനത്ത് ആരംഭിച്ച സി.എഫ്.എൽ.ടി.സി.-കൾ

227 (227) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കോവിഡ് വ്യാപനത്തെത്തുടർന്ന് ഓരോ ജില്ലയിലും എത്ര സി.എഫ്.എൽ.ടി.സി.-കൾ ആരംഭിച്ചുവെന്നും രണ്ടാം തരംഗത്തിനുശേഷം ഇവയിലെത്ര എണ്ണം അടച്ചുപൂട്ടിയെന്നും മൂന്നാം തരംഗത്തിൽ എത്ര സി.എഫ്.എൽ.ടി.സി.-കൾ പുതിയതായി ആരംഭിച്ചുവെന്നും ജില്ലതിരിച്ച് വ്യക്തമാക്കുമോ?

2021 ജൂലൈയിൽ സംസ്ഥാനത്ത് ആകെ 158 സി.എഫ്.എൽ.ടി.സി.-കൾ ഉണ്ടായിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 24 |
| കൊല്ലം | 10 |

| | |
|---|---|
| പത്തനംതിട്ട | 7 |
| ആലപ്പുഴ | 10 |
| കോട്ടയം | 24 |
| ഇടുക്കി | 4 |
| എറണാകുളം | 15 |
| തൃശ്ശൂർ | 11 |
| പാലക്കാട് | 10 |
| മലപ്പുറം | 10 |
| കോഴിക്കോട് | 12 |
| വയനാട് | 7 |
| കണ്ണൂർ | 8 |
| കാസർഗോഡ് | 6 |
| **ആകെ** | **158** |

രണ്ടാം തരംഗത്തിനുശേഷം ആകെ 147 സി.എഫ്.എൽ.ടി.സി.-കളുടെ (2021 ഡിസംബർ വരെ) പ്രവർത്തനം നിർത്തിവച്ചു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 20 |
| കൊല്ലം | 9 |
| പത്തനംതിട്ട | 6 |
| ആലപ്പുഴ | 10 |
| കോട്ടയം | 23 |
| ഇടുക്കി | 4 |

| | |
|---|---|
| എറണാകുളം | 12 |
| തൃശ്ശൂർ | 11 |
| പാലക്കാട് | 10 |
| മലപ്പുറം | 10 |
| കോഴിക്കോട് | 11 |
| വയനാട് | 7 |
| കണ്ണൂർ | 8 |
| കാസർഗോഡ് | 6 |
| **ആകെ** | **147** |

മൂന്നാം തരംഗത്തിൽ CSLTC-കൾക്കാണ് മുൻഗണന നൽകിയത്. എല്ലാജില്ലകളിലും CSLTC-കൾ ഉണ്ടെന്നുറപ്പുവരുത്തുകയും ആവശ്യമുള്ളയിടങ്ങളിൽ CFLTC-കൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അനിവാര്യമായ സമയത്ത് CFLTC-കൾ ഉപയോഗിക്കാൻ സജ്ജമായിരുന്നെങ്കിലും മൂന്നാംതരംഗത്തിൽ സർക്കാർ ആശുപത്രികളിലും CSLTC-കളിലുമുള്ള ബെഡ്ഡുകളിൽ പ്രവേശിപ്പിക്കാനുള്ള കോവിഡ് രോഗികൾ മാത്രമെയുണ്ടായിരുന്നുള്ളൂ. നിലവിൽ (2022 ഫെബ്രുവരിയിൽ) സംസ്ഥാനത്താകെ 20 സി.എഫ്.എൽ.ടി.സി.-കൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 6 |

| | |
|---|---|
| കൊല്ലം | 3 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 0 |
| കോട്ടയം | 1 |
| ഇടുക്കി | 2 |
| എറണാകുളം | 3 |
| തൃശ്ശൂർ | 1 |
| പാലക്കാട് | 1 |
| മലപ്പുറം | 1 |
| കോഴിക്കോട് | 1 |
| വയനാട് | 0 |
| കണ്ണൂർ | 0 |
| കാസർഗോഡ് | 0 |
| **ആകെ** | **20** |

## കോവിഡ് ടി.പി.ആർ.

228 (228) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും ഉയർന്ന കോവിഡ് ടി.പി.ആർ. നിരക്ക് രേഖപ്പെടുത്തിയ ദിവസവും ആ ദിവസത്തെ രോഗികളുടെ എണ്ണവും വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ദിവസത്തെ ഇന്ത്യയിലെ ശരാശരി ടി.പി.ആർ. നിരക്കും രോഗികളുടെ എണ്ണവും അറിയിക്കാമോ?

(എ &ബി) 2022 ജനവരി 30-നാണ് കേരളത്തിൽ ഏറ്റവും ഉയർന്ന കോവിഡ് ടി.പി.ആർ. നിരക്ക് (49.89 ശതമാനം) രേഖപ്പെടുത്തിയത്. അന്നേ ദിവസം 51570 പുതിയ കേസുകൾ റിപ്പോർട്ട് ചെയ്തു. ആകെ 354595 പേർ ചികിത്സയിലുണ്ടായിരുന്നു. 30-01-2022-ൽ ഇന്ത്യയുടെ ടി.പി.ആർ. 14.5 ശതമാനമായിരുന്നു. അന്നേ ദിവസം ഇന്ത്യയിൽ ആകെ 1884937 രോഗികളാണ് ചികിത്സയിലുണ്ടായിരുന്നത്.

(സി) കേരളത്തിലെ കോവിഡ് വ്യാപനം ദേശീയ ശരാശരിയെക്കാൾ വളരെ ഉയർന്ന് നിൽക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

ടി.പി.ആർ. നിരക്കിനെ അടിസ്ഥാനമാക്കിയല്ല കേരളത്തിൽ നിലവിൽ കോവിഡ് വ്യാപന നിയന്ത്രണ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത്. കേരളത്തിൽ കോവിഡ് വ്യാപനത്തിന്റെ ആദ്യഘട്ടംമുതൽ തന്നെ സമൂഹത്തിലെ കോവിഡ് രോഗബാധിതരായവരെ കണ്ടെത്തുന്നതിനായി Test-Trace-Treat എന്ന രീതിയാണ് നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി കൂടുതൽ ടെസ്റ്റുകൾ, ഊർജ്ജിതമായ കോവിഡ് രോഗ സമ്പർക്കപ്പട്ടിക തയ്യാറാക്കൽ, സമയബന്ധിതമായി പുതുക്കിയ ചികിത്സാ മാർഗ്ഗരേഖകൾ

പ്രകാരമുള്ള കോവിഡ് ചികിത്സ, റഫറൽ സംവിധാനങ്ങൾ എന്നിവ അനുവർത്തിച്ചിരുന്നു. ആയതുകൊണ്ടുതന്നെ ദേശീയ ശരാശരിയെക്കാൾ കൂടുതൽ കോവിഡ് രോഗികളെ തുടക്കം മുതൽ കേരളത്തിന് കണ്ടെത്താനും ചികിത്സിക്കാനും സാധിച്ചിട്ടുണ്ട്. കോവിഡ് രോഗവ്യാപനത്തിന്റെ ഒരുഘട്ടത്തിലും കേരളത്തിന്റെ ആരോഗ്യ സംവിധാനങ്ങൾ സമ്മർദ്ദത്തിലായിട്ടില്ല. കേരളത്തിലെ കോവിഡ് രോഗബാധിതരായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെ മരണനിരക്ക് താരതമ്യേന കുറവാണ്. അതുകൊണ്ടുതന്നെ കേരളത്തിലെ രോഗനിർണ്ണയ നിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ വളരെയധികം മെച്ചപ്പെട്ടതാണ്. വർദ്ധിച്ച ജനസാന്ദ്രതയും മറ്റ് സാമൂഹിക പാരിസ്ഥിതിക ഘടകങ്ങളും ജീവിതശൈലിരോഗങ്ങളുടെ ആധിക്യവും ജീവിതശൈലിയിലുണ്ടായ മാറ്റവുമൊക്കെ കേരളത്തിലെ കോവിഡ് രോഗവ്യാപനം വർദ്ധിക്കാൻ കാരണമായിട്ടുണ്ട്.

## കോവിഡ് മരണങ്ങൾ

229 (229) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോവിഡ് മരണങ്ങളാണ് റിപ്പോർട്ട് ചെയ്തത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

മതിയായ രേഖകളുടെ അഭാവത്താൽ ആദ്യഘട്ടത്തിൽ കോവിഡ് മരണപ്പട്ടികയിലുൾപ്പെടാതെ പോയവയിൽ പിന്നീട് പരിശോധിച്ച് കൂട്ടിച്ചേർക്കപ്പെട്ടവയും ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമായ അപ്പീലുകൾ മുഖാന്തരം പരിശോധിച്ച് ഡിക്ലയർ ചെയ്യപ്പെട്ട മരണങ്ങളും ഉൾപ്പെടെ (2021 മെയ് 20 മുതൽ 2022 ഫെബ്രുവരി 14 വരെ) സംസ്ഥാനത്താകെ 55653 കോവിഡ് മരണങ്ങളാണ് ഡിക്ലയർ ചെയ്തത്. പ്രസ്തുത കോവിഡ് മരണങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 6513 |
| കൊല്ലം | 5323 |
| പത്തനംതിട്ട | 2032 |
| ആലപ്പുഴ | 4352 |
| കോട്ടയം | 3633 |
| ഇടുക്കി | 1260 |
| എറണാകുളം | 6332 |

| | |
|---|---|
| തൃശ്ശൂർ | 5972 |
| പാലക്കാട് | 4880 |
| മലപ്പുറം | 4890 |
| കോഴിക്കോട് | 4975 |
| വയനാട് | 745 |
| കണ്ണൂർ | 3625 |
| കാസർഗോഡ് | 1121 |
| **ആകെ** | **55653** |

(ബി) മുൻസർക്കാരിന്റെ കാലത്ത് എത്ര കോവിഡ് മരണങ്ങളാണ് റിപ്പോർട്ട് ചെയ്തത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

2021 മേയ് 19 വരെ സംസ്ഥാനത്ത് ആകെ 6724 കോവിഡ് മരണങ്ങളാണ് ഡിക്ലയർ ചെയ്തിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 1298 |
| കൊല്ലം | 460 |
| പത്തനംതിട്ട | 209 |
| ആലപ്പുഴ | 496 |
| കോട്ടയം | 303 |
| ഇടുക്കി | 56 |

| | |
|---|---|
| എറണാകുളം | 628 |
| തൃശ്ശൂർ | 799 |
| പാലക്കാട് | 355 |
| മലപ്പുറം | 537 |
| കോഴിക്കോട് | 802 |
| വയനാട് | 136 |
| കണ്ണൂർ | 522 |
| കാസർഗോഡ് | 123 |
| **ആകെ** | **6724** |

(സി) 18 വയസ്സിൽ താഴെ പ്രായമുള്ള എത്ര കുട്ടികളാണ് കോവിഡ് ബാധിച്ച് മരണപ്പെട്ടത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

2022 ഫെബ്രുവരി 14 വരെ സംസ്ഥാനത്ത് 18 വയസ്സിന് താഴെയുള്ള കുട്ടികളിൽ ആകെ 166 പേരാണ് മരണപ്പെട്ടത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 13 |
| കൊല്ലം | 15 |
| പത്തനംതിട്ട | 5 |
| ആലപ്പുഴ | 10 |
| കോട്ടയം | 8 |

| | |
|---|---|
| ഇടുക്കി | 6 |
| എറണാകുളം | 9 |
| തൃശ്ശൂർ | 14 |
| പാലക്കാട് | 13 |
| മലപ്പുറം | 18 |
| കോഴിക്കോട് | 20 |
| വയനാട് | 7 |
| കണ്ണൂർ | 19 |
| കാസർഗോഡ് | 9 |
| **ആകെ** | **166** |

കോവിഡ് ബാധിച്ച് മരണപ്പെട്ട ആരോഗ്യപ്രവർത്തകർ

230 (230) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ട ആരോഗ്യ പ്രവർത്തകരുടെ എണ്ണം, അവരുടെ ജില്ല തിരിച്ചുള്ള കണക്ക് എന്നിവ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കോവിഡ്-19 തുടങ്ങിയത് മുതൽ 2022 ഫെബ്രുവരി 14 വരെ ആകെ 59 ആരോഗ്യ പ്രവർത്തകർ കോവിഡ് ബാധിച്ച് മരണപ്പെടുകയുണ്ടായി. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 14 |
| കൊല്ലം | 3 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 1 |
| കോട്ടയം | 1 |
| ഇടുക്കി | 0 |
| എറണാകുളം | 6 |
| തൃശ്ശൂർ | 5 |
| പാലക്കാട് | 5 |
| മലപ്പുറം | 5 |
| കോഴിക്കോട് | 7 |
| വയനാട് | 4 |
| കണ്ണൂർ | 3 |
| കാസർഗോഡ് | 2 |
| **ആകെ** | **59** |

## കോവിഡ് മരണങ്ങൾ

231 (231) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻസർക്കാരിന്റെ കാലത്ത് എത്ര കോവിഡ് മരണങ്ങളാണ് ഔദ്യോഗിക ലിസ്റ്റിൽ

ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കോവിഡ് മഹാമാരിയുടെ ആദ്യഘട്ടത്തിൽ ലോകാരോഗ്യ സംഘടനയുടേയും, ഐ.സി.എം.ആർ.-ന്റെയും, കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് കേരളത്തിൽ കോവിഡ്-19 മൂലമുള്ള മരണം റിപ്പോർട്ട് ചെയ്തിരുന്നത്. 2021 ജൂൺ മാസം മുതൽ കോവിഡ് മരണങ്ങൾ വികേന്ദ്രീകൃത ഓൺലൈൻ സംവിധാനം വഴി റിപ്പോർട്ട് ചെയ്യാൻ തുടങ്ങി. എന്നാൽ ഓൺലൈൻ സംവിധാനം നിലവിൽ വരുന്നതിനുമുമ്പ് മതിയായ രേഖകളുടെ അഭാവത്തിൽ കോവിഡ് മരണങ്ങളുടെ പട്ടികയിലുൾപ്പെടാതെപോയ മരണങ്ങൾ പരിശോധിച്ച് ഉൾപ്പെടുത്താൻ അതാത് മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രആരോഗ്യ കുടുംബക്ഷേമമന്ത്രാലയം 03-09-2021-ൽ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മരണപ്പട്ടികയിൽ ഉൾപ്പെടാതെപോയ മരണങ്ങളുണ്ടെങ്കിൽ ബന്ധുക്കൾക്ക് അപ്പീലുകൾ നൽകാൻ അവസരം നൽകി. ഇതനുസരിച്ച് അതുവരെയും മരണപ്പട്ടികയിൽ

ഉൾപ്പെടാത്തവരുടെ ബന്ധുക്കൾ നൽകിയ അപ്പീലിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ചെയർമാനായുള്ള അഞ്ചംഗ ജില്ലാസമിതി അപ്പീലുകൾ പരിശോധിച്ച് മരണം കോവിഡ്മൂലമാണോയെന്ന് വിലയിരുത്തി സ്ഥിരീകരിച്ച് മരണ സർട്ടിഫിക്കറ്റ് നൽകുകയും ഇപ്രകാരമുള്ള മരണങ്ങൾ കോവിഡ് മരണപ്പട്ടികയിലുൾപ്പെടുത്തുകയുമുണ്ടായി. 2022 ഫെബ്രുവരി 20 വരെ സംസ്ഥാനത്ത് 64145 പേർ കോവിഡ് ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 7929 |
| കൊല്ലം | 6058 |
| പത്തനംതിട്ട | 2321 |
| ആലപ്പുഴ | 4993 |
| കോട്ടയം | 4140 |
| ഇടുക്കി | 1336 |
| എറണാകുളം | 7198 |
| തൃശ്ശൂർ | 6920 |
| പാലക്കാട് | 5398 |
| മലപ്പുറം | 5517 |
| കോഴിക്കോട് | 5938 |
| വയനാട് | 900 |
| കണ്ണൂർ | 4214 |
| കാസർഗോഡ് | 1283 |

| | |
|---|---|
| **ആകെ** | **64145** |

ഇതിൽ 3779 മരണങ്ങൾ ആദ്യഘട്ടത്തിൽ മതിയായ രേഖകൾ ലഭ്യമല്ലാത്തതിനാൽ കോവിഡ് മരണപ്പട്ടികയിലുൾപ്പെടാതെ പോയവ പിന്നീട് പരിശോധിച്ച് കൂട്ടിച്ചേർക്കപ്പെട്ടതും 25578 മരണങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമായ അപ്പീലുകൾ പരിശോധിച്ച് കോവിഡ് മരണമായി സ്ഥിരീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടവയുമാണ്. ഇതിൽ ചില എൻട്രികൾ ഒന്നിലധികം തവണ ആവർത്തിച്ചതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത എൻട്രികൾ പുനഃപരിശോധിക്കുന്നതിനും അങ്ങനെയുള്ളവ നീക്കം ചെയ്യുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസർമാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

<u>കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവാക്കിയ തുക</u>

232 (232) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാന

സർക്കാർ വിവിധ വകുപ്പുകൾ വഴി എത്ര തുക ഇതുവരെ ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വകുപ്പ് തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ ചെലവാക്കിയ തുക സംബന്ധിച്ച് ഇതുവരെ ലഭ്യമായ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.

<u>കൃഷി വകുപ്പ്</u>

വിപണി ഇടപെടലുമായി ബന്ധപ്പെട്ട് കോവിഡ്-19 പശ്ചാത്തലത്തിൽ ഭരണ വകുപ്പിൽനിന്നും ലഭ്യമായ പ്രൊപ്പോസൽ പ്രകാരം പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസറുടെ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന Horticorp Revolving Fund ആയ 308 കോടി രൂപയിൽ നിന്നും തുക വിനിയോഗിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.

കോവിഡ്-19 ആദ്യവ്യാപനത്തിന്റെ പശ്ചാത്തലത്തിലും രണ്ടാം വ്യാപനത്തിന്റെ പശ്ചാത്തലത്തിലും പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷനോ വെൽഫെയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ഓരോ BPL(PHH), അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക കൈത്താങ്ങായി ആയിരം രൂപ വീതം നൽകുന്നതിനായി,

കോവിഡ് ആദ്യവ്യാപന സമയത്തും രണ്ടാം വ്യാപന സമയത്തും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 147,82,36,000/- രൂപ (നൂറ്റിനാൽപ്പത്തിയേഴുകോടി എൺപത്തിരണ്ടുലക്ഷത്തി മുപ്പത്തി ആറായിരം രൂപ മാത്രം) വീതം അനുവദിച്ചുകൊണ്ട് 05-05-2020-ലെ സ.ഉ. (സാധാ) നം.2947/2020/ധന., 24-06-2021-ലെ സ.ഉ. (സാധാ) നം. 4650/2021/ധന. 09-09-2021-ലെ സ.ഉ. (സാധാ) നം. 5921/2021/ധന. (erratum G.O) പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ആരോഗ്യ വകുപ്പ്</u>

<u>ദേശീയ ആരോഗ്യ ദൗത്യം (NHM)</u>

കോവിഡ് പ്രവർത്തനങ്ങൾക്കായി NHM മുഖേന ചെലവഴിച്ചത് ആകെ തുക 1250.49 കോടി രൂപയാണ്. ആയതിൽ 735.65 കോടി രൂപ കേന്ദ്ര ഫണ്ടും 514.84 കോടി രൂപ സംസ്ഥാന ഫണ്ടുമാണ്.

<u>സ്റ്റേറ്റ് ഹെൽത്ത് ഏജൻസി</u>

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ സേവനം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നില്ല. AB-PMJAY/KASP ഗുണഭോക്താക്കൾക്കും സർക്കാർ ആശുപത്രികളിൽ നിന്നും റഫർ ചെയ്യപ്പെട്ട കോവിഡ് രോഗികൾക്കുമുള്ള ചികിത്സാ ചെലവ് മാത്രമാണ് സ്റ്റേറ്റ്

ഹെൽത്ത് ഏജൻസി വഴി നൽകിവരുന്നത്. കോവിഡ് ചികിത്സ ഇനത്തിൽ 2020 ജൂലൈ 1 മുതൽ ഫെബ്രുവരി 2022 വരെ ആകെ 136629 ക്ലെയിം ലഭ്യമായിട്ടുണ്ട്. ക്ലെയിം ചെയ്യപ്പെട്ട തുക 4,23,28,14,753/- രൂപയും (നാനൂറ്റി ഇരുപത്തിമൂന്നുകോടി ഇരുപത്തിയെട്ട് ലക്ഷത്തി പതിനാലായിരത്തി എഴുന്നൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം) അനുവദിച്ച തുക 2,58,89,46,895.00 രൂപയും (ഇരുന്നൂറ്റി അൻപത്തിയെട്ട് കോടി എൺപത്തിയൊൻപത് ലക്ഷത്തി നാൽപ്പത്തി ആറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) ആണ്.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് (DAME)

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലെ ആയുർവേദ കോളേജാശുപത്രികളിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ആയുർരക്ഷ ക്ലിനിക്കുകൾ നടപ്പിലാക്കുന്നതിനും മറ്റ് പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി ഇതേവരെ ആകെ 1,73,76,500/- രൂപ (ഒരു കോടി  എഴുപത്തി മൂന്ന് ലക്ഷത്തി എഴുപത്തി ആറായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പ്

ഭാരതീയ ചികിത്സാ വകുപ്പ് കോവിഡ് പ്രതിരോധ

പ്രവർത്തനങ്ങൾക്കായി നാളിതുവരെ 26,90,47,426/- രൂപ (ഇരുപത്താറു കോടി തൊണ്ണൂറ് ലക്ഷത്തി നാൽപ്പത്തേഴായിരത്തി നാനൂറ്റി ഇരുപത്താറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

27-03-2020 മുതൽ 24-02-2022 വരെയുള്ള കാലയളവിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സെറം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും കോവിഷീൽഡ് വാക്സിൻ വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 63 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കോവിഡുമായി ബന്ധപ്പെട്ട മറ്റ് വിവിധ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകൾ വഴി ആകെ 941.665 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഇതുവരെ ചെലവായ തുക 10,33,23,84,479/- (ആയിരത്തി മുപ്പത്തി മൂന്നുകോടി ഇരുപത്തി മൂന്ന് ലക്ഷത്തി എൺപത്തി നാലായിരത്തി നാനൂറ്റി എഴുപത്തി ഒൻപത് രൂപ മാത്രം) രൂപയാണ്.

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചുകൊണ്ടിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ നൽകാമോ?

നടപ്പ് സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകൾ വഴി ചെലവഴിച്ചുകൊണ്ടിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആരോഗ്യ വകുപ്പ്

ദേശീയ ആരോഗ്യ ദൗത്യം (NHM)

എമർജൻസി കോവിഡ് റെസ്പോൺസ് പാക്കേജ് I - മുൻവർഷത്തെ നീക്കിയിരുപ്പ് കോവിഡിനായി ഉപയോഗിച്ചത് 176.03 കോടി രൂപ.

എമർജൻസി കോവിഡ് റെസ്പോൺസ് പാക്കേജ് II - കേന്ദ്ര ഫണ്ട് 86.94 കോടി രൂപ, സംസ്ഥാന ഫണ്ട് 57.96 കോടി രൂപ.

സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് - സംസ്ഥാന ഫണ്ട് 20 കോടി രൂപ.

കോവിഡ് വാക്സിനേഷൻ - കേന്ദ്ര ഫണ്ട് 9.08 കോടി രൂപ.

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ

നടപ്പ് സാമ്പത്തിക വർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ചെലവഴിച്ചുകൊണ്ടിരിക്കുന്ന ആകെ തുക 465,28,77,065/- രൂപ (നാനൂറ്റി അറുപത്തിയഞ്ച് കോടി ഇരുപത്തിയെട്ട്

ലക്ഷത്തി എഴുപത്തി ഏഴായിരത്തി അറുപത്തിയഞ്ച് രൂപ മാത്രം)

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് (DAME)

നടപ്പ് സാമ്പത്തിക വർഷം ആയുർരക്ഷാ ക്ലിനിക്കുകൾ ഉൾപ്പെടെയുള്ള വിവിധ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 55,53,803/- രൂപ (അൻപത്തിയഞ്ച് ലക്ഷത്തി അൻപത്തി മൂവായിരത്തി എണ്ണൂറ്റി മൂന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. കൂടാതെ മൂന്ന് സർക്കാർ ആയുർവേദ കോളേജ് ആശുപത്രികളിലേയും ആയുർരക്ഷാ ക്ലിനിക്കുകൾക്ക് മരുന്നുകൾ നൽകുന്നതിനായി ഔഷധിക്ക് 20,00,000/- രൂപയുടെ (ഇരുപത് ലക്ഷം രൂപ മാത്രം) ഉത്തരവ് നൽകിയിട്ടുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പ്

നടപ്പ് സാമ്പത്തിക വർഷത്തിൽ 15,11,00,000/- രൂപ (പതിനഞ്ച് കോടി പതിനൊന്ന് ലക്ഷം രൂപ മാത്രം) ചെലവഴിച്ചുകൊണ്ടിരിക്കുന്നു. ടി തുക ചെലവഴിച്ച് ഭാരതീയ ചികിത്സാ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയിട്ടുള്ള ആയുർരക്ഷാ ക്ലിനിക്കുകൾക്ക് ഔഷധങ്ങൾ വാങ്ങുന്നതിന് തുക ചെലവഴിക്കുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

നടപ്പ് സാമ്പത്തിക വർഷത്തിൽ 01-04-2021 മുതൽ 24-02-2022

വരെയുള്ള കാലയളവിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സെറം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും കോവിഷീൽഡ് വാക്സിൻ വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 63 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. കോവിഡ്-19- മായി ബന്ധപ്പെട്ട മറ്റ് വിവിധ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകൾ വഴി ആകെ 211.438 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ട്; ഈ തുക ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നാളിതുവരെ വിവിധ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ആരോഗ്യവകുപ്പ്</u>

ദേശീയ ആരോഗ്യ ദൗത്യം (NHM) (കേന്ദ്ര ഫണ്ട്)

| | |
|---|---|
| എമർജൻസി കോവിഡ് റെസ്പോൺസ് പാക്കേജ് I | 648.17 കോടി രൂപ |
| എമർജൻസി കോവിഡ് റെസ്പോൺസ് പാക്കേജ് II | 173.89 കോടി രൂപ |
| കോവിഡ് വാക്സിനേഷൻ | 9.08 കോടി രൂപ |
| ആകെ കേന്ദ്രം അനുവദിച്ചത് | 831.14 കോടി രൂപ |

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച തുക 3,28,68,11,390/- രൂപയാണ് (മുന്നൂറ്റി ഇരുപത്തി എട്ട് കോടി അറുപത്തി എട്ട് ലക്ഷത്തി പതിനൊന്നായിരത്തി മുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും അനുബന്ധ സാമഗ്രികൾക്കുമാണ് പ്രസ്തുത തുക ചെലവഴിച്ചത്.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് (DAME)

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രസർക്കാർ ഫണ്ടുകൾ ഒന്നും തന്നെ വകുപ്പിന് നേരിട്ട് ലഭ്യമായിട്ടില്ല. എന്നാൽ തൃപ്പൂണിത്തുറ ആയുർവേദ കോളേജിന് നാഷണൽ ആയുഷ് മിഷൻ മുഖാന്തിരം പ്രളയദുരന്തനിവാരണത്തിനായി 2018-19-ൽ അനുവദിച്ച 2 ലക്ഷം രൂപ നാഷണൽ ആയുഷ് മിഷന്റെ അനുമതിയോടുകൂടി 2020-21

സാമ്പത്തിക വർഷത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ എം.പി. ഫണ്ടിൽ നിന്നും 3,44,470/- രൂപ (മൂന്ന് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി നാനൂറ്റി എഴുപത് രൂപ മാത്രം) വിനിയോഗിച്ച് മരുന്നുകൾ വാങ്ങിയിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് ആശുപത്രിക്കായി 2 ലക്ഷം രൂപ നാഷണൽ ആയുഷ് മിഷൻ മുഖാന്തരം അനുവദിച്ചിരുന്നു. ടി തുക ചെലവഴിച്ചിട്ടില്ല.

<u>ഭാരതീയ ചികിത്സാ വകുപ്പ്</u>

2020-21 സാമ്പത്തിക വർഷം നാഷണൽ ഹെൽത്ത് മിഷൻ, നാഷണൽ ആയുഷ് മിഷൻ എന്നിവ വഴി 9,46,28,200/- രൂപ (ഒൻപത് കോടി നാൽപ്പത്താറു ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി ഇരുന്നൂറ് രൂപ മാത്രം) നാളിതുവരെ ഔഷധങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച ആകെ തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ആരോഗ്യ വകുപ്പ്</u>

<u>ദേശീയ ആരോഗ്യ ദൗത്യം (NHM)</u>

2020-21 സാമ്പത്തിക വർഷം ആകെ 879.5 കോടി രൂപയും 2021-22 സാമ്പത്തിക വർഷം ആകെ 370.99 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

<u>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ</u>

2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചത് ആകെ 677,21,69,091/- രൂപ (അറുനൂറ്റി എഴുപത്തി ഏഴ് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം)

<u>ആയുർവേദ വിദ്യാഭ്യാസ വകുപ്പ് (DAME)</u>

2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ, നാഷണൽ ഹെൽത്ത് മിഷൻ, നാഷണൽ ആയുഷ് മിഷൻ, എം.പി. ഫണ്ട് എന്നിവ ഉൾപ്പെടെ ആകെ 29,20,649/- രൂപ (ഇരുപത്തി ഒൻപത് ലക്ഷത്തി ഇരുപതിനായിരത്തി അറുനൂറ്റി നാൽപത്തി ഒൻപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ, നാഷണൽ ഹെൽത്ത് മിഷൻ, നാഷണൽ ആയുഷ് മിഷൻ എന്നിവ ഉൾപ്പെടെ ആകെ ചെലവഴിച്ച തുക 55,53,803/- രൂപയാണ് (അൻപത്തി അഞ്ച് ലക്ഷത്തി അൻപത്തി മൂവായിരത്തി എണ്ണൂറ്റി മൂന്ന് രൂപ മാത്രം).

<u>ഭാരതീയ ചികിത്സാ വകുപ്പ്</u>

ഭാരതീയ ചികിത്സാ വകുപ്പ് കോവിഡ് പ്രതിരോധ

പ്രവർത്തനങ്ങൾക്കായി നാളിതുവരെ 26,90,47,426/- രൂപ (ഇരുപത്താറു കോടി തൊണ്ണൂറ് ലക്ഷത്തി നാൽപ്പത്തേഴായിരത്തി നാനൂറ്റി ഇരുപത്താറുരൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

27-03-2020 മുതൽ 24-02-2022 വരെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സെറം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും കോവിഷീൽഡ് വാക്സിൻ വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 63 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. കോവിഡുമായി ബന്ധപ്പെട്ട മറ്റ് വിവിധ പ്രവർത്തനങ്ങൾക്കായി ആകെ 941.665 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.

## പി.പി.ഇ. കിറ്റുകളുടെ പർച്ചേസ്

233 (233) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരി 29-ന് ശേഷം സംസ്ഥാനത്ത് ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നുമാണ് പി.പി.ഇ. കിറ്റുകൾ വാങ്ങിയതെന്ന വിവരം തീയതിയും തുകയും സഹിതം ലഭ്യമാക്കാമോ;

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പർച്ചേസ് ഓർഡറുകൾ ലഭ്യമാക്കാമോ; ഇവയിൽ ഏതൊക്കെയാണ് ടെൻഡറില്ലാതെ നൽകിയതെന്ന വിവരം ലഭ്യമാക്കാമോ;

പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു. ലഭ്യമായ വിവരമനുസരിച്ച് കെ.എം.എസ്.സി.എൽ. ക്വട്ടേഷൻ, നെഗോസിയേഷൻ എന്നിവ വഴിയാണ് പി.പി.ഇ. കിറ്റ് പർച്ചേസ് നടത്തിയിട്ടുള്ളത്.

(സി) ആരോഗ്യമന്ത്രിയുടെ അംഗീകാരമുണ്ടായിരുന്ന പർച്ചേസുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; ആരോഗ്യമന്ത്രി നൽകിയ അംഗീകാരത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പർച്ചേസുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നേരിട്ടാണ് നടത്തുന്നത്.

## പി.പി.ഇ. കിറ്റ് വാങ്ങിയ നടപടി

234 (234) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെറോൺ (കെറോൺ ഹെൽത്ത് കെയർ സൊല്യൂഷൻസ്)

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്ന കമ്പനിയിൽനിന്നും സർക്കാർ നാളിതുവരെ എത്ര പി.പി.ഇ. കിറ്റുകൾ വാങ്ങിയെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) 2020 ജനുവരി 29-ന് ശേഷം പ്രസ്തുത സ്ഥാപനത്തിൽനിന്നും എത്ര പി.പി.ഇ. കിറ്റുകൾ വാങ്ങിയെന്ന് തീയതി സഹിതം ലഭ്യമാക്കാമോ; പ്രസ്തുത പർച്ചേസ് ഓർഡറുകൾ ലഭ്യമാക്കാമോ?

(എ&ബി) 2020-ൽ 754270-ഉം 2021-ൽ 50200-ഉം പി.പി.ഇ. കിറ്റുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പി.പി.ഇ. കിറ്റ് പർച്ചേസ്

235 (235) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാരാഷ്ട്രയിലെ സോലാപൂർ ജില്ലയിൽനിന്നുള്ള സാൻഫാർമ എന്ന സ്ഥാപനം 2020 മാർച്ച് മാസത്തിൽ ഇ-മെയിൽ വഴി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് പി.പി.ഇ. കിറ്റ് നൽകാൻ സന്നദ്ധമാണെന്നറിയിച്ച് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കത്തിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സാൻഫാർമയിൽനിന്നും പി.പി.ഇ. കിറ്റ് വാങ്ങാനുള്ള തീരുമാനമെടുത്ത ആരോഗ്യ വകുപ്പിന്റെ നോട്ട് ഫയലിന്റെയും കറന്റ് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

സാൻഫാർമയിൽനിന്നും പി.പി.ഇ. കിറ്റ് വാങ്ങാൻ ആരോഗ്യ വകുപ്പ് തീരുമാനിച്ചിട്ടില്ല.

<u>ഗ്ലൗസ് ഇറക്കുമതി ചെയ്ത സംഭവം</u>

236 (236) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ചട്ടം ലംഘിച്ച് 12 കോടി രൂപയുടെ ഗ്ലൗസ് ഇറക്കുമതി ചെയ്ത സംഭവത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

നടപടി സ്വീകരിച്ചിട്ടില്ല. കോവിഡ് കാലത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി നടത്തിയ പർച്ചേസുകളെ സംബന്ധിച്ച് സംസ്ഥാന ധനകാര്യ പരിശോധന വിഭാഗം പരിശോധന നടത്തിവരുന്നു. ആയത് പൂർത്തിയായിട്ടില്ല.

(ബി) ആഭ്യന്തര മാർക്കറ്റിൽനിന്നും ഗ്ലൗസ് സംഭരിക്കണമെന്ന ഉത്തരവ് നിലനിൽക്കെ ഇംഗ്ലണ്ടിൽനിന്നും ഗ്ലൗസ് ഇറക്കുമതി ചെയ്യാനുണ്ടായ അടിയന്തര സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തെ അവശ്യമരുന്ന് സംഭരണവുമായി ബന്ധപ്പെട്ട് ക്ഷണിച്ച ദർഘാസിൽ വിതരണക്കാരെ ലഭിക്കാത്തതിനെത്തുടർന്ന് കാരുണ്യ ഫാർമസി ഡിവിഷൻ വഴി ക്വട്ടേഷൻ മുഖാന്തരം 2.5 കോടി ജോഡി സ്റ്റെറൈൽ ഗ്ലൗസുകളും 70 ലക്ഷം എണ്ണം എക്സാമിനേഷൻ ഗ്ലൗസുകളും സംഭരിക്കാൻ തീരുമാനിക്കുകയും 12-04-2021-ൽ ക്ഷണിച്ച ക്വട്ടേഷൻ അനുസരിച്ച് മെസ്സേഴ്സ് സൈലിസ് ടെക്നോളജീസ് എന്ന വിതരണ കമ്പനിക്ക് വിതരണ ഉത്തരവ് നൽകുകയും ചെയ്തു. തുടർന്ന് എക്സാമിനേഷൻ ഗ്ലൗസ് ജൂൺ ആദ്യവാരം മുതലും സ്റ്റെറൈൽ ഗ്ലൗസ് ജൂലൈ ആദ്യവാരം മുതലും മാത്രമെ വിതരണം ആരംഭിക്കുവാൻ കഴിയുകയുള്ളൂവെന്ന് വിതരണക്കാർ അറിയിക്കുകയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അതിന് അനുമതി നൽകുകയും ചെയ്തു. എന്നാൽ 2021 ഏപ്രിൽ മാസം ആദ്യത്തോടെ സംസ്ഥാനത്താകമാനം വ്യാപിച്ച കോവിഡിന്റെ രണ്ടാം തരംഗം ആശുപത്രികളിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാസംഭരണശാലകളിലും ലഭ്യമായിരുന്ന

കരുതൽ ശേഖരം വളരെയധികം വേഗത്തിൽ ഉപയോഗിച്ചുതീർന്നുപോകുന്ന അവസ്ഥയിലേയ്ക്ക് വഴി തെളിച്ചു. 2021 ഫെബ്രുവരി മാസം വിതരണ ഉത്തരവ് നൽകിയ 45 ലക്ഷം സ്റ്റൈറൈൽ ഗ്ലൗസ് ജീവനക്കാരുടെ അപര്യാപ്തത കാരണവും തദ്ദേശീയമായി കണ്ടെയിൻമെന്റ്സോൺ നടപടിക്രമം കാരണവും സമയബന്ധിതമായി വിതരണം ചെയ്യാതിരുന്നത് സ്റ്റൈറൈൽ ഗ്ലൗസുകളുടെ ലഭ്യതയിൽ വലിയ അപര്യാപ്തത സൃഷ്ടിച്ചു. മുൻവിവരിച്ച രീതിയിൽ മെസ്സേഴ്സ് സൈലിസ് കമ്പനിക്ക് വിതരണോത്തരവ് നൽകുന്നതിനുമുമ്പ്, സാധാരണ രോഗീപരിചരണത്തിന് ഉപയോഗിക്കുന്ന എക്സാമിനേഷൻ ഗ്ലൗസുകൾ സംഭരിക്കുന്നതിനായി, നൽകിയിരുന്ന ഉത്തരവുകൾ സമയബന്ധിതമായി ലഭ്യമാകാതെ വന്നതും കരുതൽ ശേഖരത്തിൽ ഉണ്ടായിരുന്ന ഗ്ലൗസുകളുടെ വിനിയോഗത്തിൽ വന്നുചേർന്ന വലിയ തോതിലുള്ള വർദ്ധനവും വിവിധ കാരണങ്ങൾ ബോധിപ്പിച്ചുകൊണ്ട് വിതരണ ഉത്തരവിന്റെ കാലാവധി നീണ്ടുപോകുമെന്ന് കമ്പനികൾ രേഖാമൂലം അറിയിച്ചതും പൊതുവിപണിയിൽനിന്നും വിപണിക്ക് പുറത്തുനിന്നും ബദൽ മാർഗ്ഗങ്ങളിലൂടെ ഗ്ലൗസ് സംഭരണത്തിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ നിർബന്ധമാക്കി. വിദേശരാജ്യങ്ങളിലെ കേരളീയ കൂട്ടായ്മകൾ കോവിഡ് റിലീഫിന്റെ

ഭാഗമായി എത്തിക്കുന്ന വിവിധ ഉപകരണങ്ങളുടെയും ചികിത്സാ സാധനസാമഗ്രികളുടെയും സംഭരണ വിതരണം സർക്കാർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഏൽപ്പിച്ചതിനെതുടർന്ന് വിദേശത്തുള്ള കേരളീയ കൂട്ടായ്മകളിലേയ്ക്കും വ്യാപാര സംരംഭങ്ങളിലേയ്ക്കും വിദേശത്ത് സുലഭമായി ലഭിക്കുന്ന നൈട്രൽ ഗ്ലൗസുകൾക്ക് അന്വേഷണം നടത്തുകയും മെസ്സേഴ്സ് അഗ്രറ്റ എവോൺ എക്സിം എന്ന കമ്പനി യു.കെ. ആസ്ഥാനമായി പ്രവർത്തിക്കുന്ന യൂണി ഗ്ലൗസ് എന്ന കമ്പനിയിൽനിന്ന് ഒരു കോടി നൈട്രൽ ഗ്ലൗസുകൾ എണ്ണം ഒന്നിന് 10 രൂപ 85 പൈസ + ജി.എസ്.റ്റി. നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള ഓഫർ ലെറ്റർ അയയ്ക്കുകയും 2021 ജൂൺ മാസം 15-ന് മുമ്പ് 20 ലക്ഷവും ജൂലൈ 15-ന് മുമ്പ് ഒരു കോടി എണ്ണവും ലഭ്യമാകുമെന്നുമുള്ള ഉറപ്പും നൽകിയിരുന്നു.

(സി) ഗ്ലൗസ് ഒന്നിന് പരമാവധി വില 5.75 രൂപയായി നിശ്ചയിച്ച് മേയ് 27-ന് ഉത്തരവിറക്കിയെങ്കിലും 12.15 രൂപയ്ക്ക് ഇറക്കുമതി ചെയ്തതിന്റെ കാരണം വിശദമാക്കാമോ; ഇതുപ്രകാരം ജൂൺ മൂന്നിന് 6.07 കോടി രൂപ വിതരണക്കാർക്ക് നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

07-05-2021 സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന ജി.ഒ.(ആ.റ്റി.) നമ്പർ

1058/2021/ആരോഗ്യം ഉത്തരവിന്റെയും 03-05-2021-ൽ സ്റ്റോർ പർച്ചേസ് വകുപ്പിൽനിന്നും ലഭ്യമായ സ്റ്റോർ പർച്ചേസ് ജി.ഒ. (ആർ.റ്റി.)നമ്പർ14/2021/എസ്.പി.ഡി. ഉത്തരവിലെ ഇളവുകളും മുഖവിലയ്ക്കെടുത്ത് അടിയന്തര സാഹചര്യം പരിഹരിക്കുന്നതിനുവേണ്ടിയാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടി നടപടി സ്വീകരിച്ചത്. 05-05-2021-ൽ എഫ്2/31/ആരോഗ്യം(പാർട്ട് 9) കത്ത് പ്രകാരം സർക്കാരിൽനിന്ന് ലഭ്യമായിട്ടുള്ള ഉത്തരവനുസരിച്ച് 50 ശതമാനം മുൻകൂർ ധനം വിതരണക്കാരന് നൽകുന്നതിനുള്ള പ്രത്യേക അനുമതി മുഖവിലയ്ക്കെടുത്തുകൊണ്ട് 04-06-2021-ൽ ടി കമ്പനിക്ക് 50 ശതമാനം മുൻകൂർ ധനവും നൽകിയിട്ടുണ്ട്.

## കോവിഡ് മരണങ്ങൾ

237 (237) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് ഒന്ന് രണ്ട് മൂന്ന് തരംഗങ്ങളിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്ത മരണങ്ങളുടെ എണ്ണം വ്യക്തമാക്കുമോ?

കോവിഡ് ഒന്ന്, രണ്ട്, മൂന്ന് തരംഗങ്ങളിലായി (14-02-2022 വരെ)

കേരളത്തിലാകെ റിപ്പോർട്ട് ചെയ്തത് 62377 മരണങ്ങളാണ്.

## മരുന്ന് വാങ്ങിയതിൽ അഴിമതി

238 (238) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽനിന്നും മരുന്ന് വാങ്ങിയതുൾപ്പെടെയുള്ള അഞ്ഞൂറോളം സുപ്രധാന ഫയലുകൾ കാണാതായത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) കോവിഡ് സാഹചര്യത്തിൽ ടെണ്ടർ ഒഴിവാക്കി കോടിക്കണക്കിന് രൂപയുടെ മരുന്നുകളും ഉപകരണങ്ങളും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങിയതിൽ അഴിമതിയുണ്ടെന്ന് ആരോപണം ഉയർന്നതിന് തൊട്ടുപിന്നാലെയാണ് ഫയലുകൾ കാണാതായതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) ഇതിൽ കുറ്റക്കാരായവർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശം നൽകുമോ?

(എ-സി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും ഫയൽ കാണാതായത് സംബന്ധിച്ച അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നത്</u>

239 (239) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും മാറ്റിവച്ച തുക ഉപയോഗിച്ച് ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ് 140 നിയോജകമണ്ഡലങ്ങളിലും നിർമ്മിക്കാനാണ് സർക്കാർ തലത്തിൽ തീരുമാനമായിട്ടുള്ളത്. ഇതിൽ ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 90 ആശുപത്രികളിൽ 35 സ്ഥലങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുകയും ബാക്കിയുള്ള 55 ആശുപത്രികളിൽ നിർമ്മാണത്തിനായി തെരഞ്ഞെടുത്ത സ്ഥലത്തെ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയും ചെയ്യുന്നു. പ്രവൃത്തി ഉത്തരവ് നൽകി നാലര മാസത്തിനുള്ളിൽ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം

പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് ഓരോ നിയോജകമണ്ഡലത്തിലും ഇതിനകം എത്ര ഐസൊലേഷൻ വാർഡുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഇപ്പോൾ എത്രയെണ്ണത്തിന് അനുമതി നൽകിയെന്നും ഓരോ മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

പ്രസ്തുത വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു. 140 നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാനാവശ്യമായ സ്ഥലം ലഭ്യമല്ലാത്ത സ്ഥാപനങ്ങൾക്ക് പകരമായി സ്ഥലസൗകര്യമുള്ള മറ്റ് സ്ഥാപനങ്ങൾ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(സി) പ്രസ്തുത ഐസൊലേഷൻ വാർഡുകൾ ഉടനെ സ്ഥാപിക്കുന്നില്ലെങ്കിൽ ഓരോ നിയോജകമണ്ഡലത്തിലും എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് ഈ തുക ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

<u>സംസ്ഥാനത്തെ കോവിഡ് മരണങ്ങൾ</u>

240 (240) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ആദ്യഘട്ടത്തിൽ കോവിഡ് മരണങ്ങളുടെ കണക്കിൽ ഉൾപ്പെടാത്തതും പിന്നീട് ഉൾപ്പെടുത്തിയതുമായ മരണങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

(എ&ബി) 2022 ഫെബ്രുവരി 14 വരെ സംസ്ഥാനത്ത് 62377 പേർ കോവിഡ് ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 3779 മരണങ്ങൾ ആദ്യഘട്ടത്തിൽ മതിയായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഡിക്ലയർ ചെയ്യാതിരുന്നതും 24474 മരണങ്ങൾ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമായ അപ്പീൽ മുഖാന്തരം റിപ്പോർട്ട് ചെയ്തതുമാണ്. ഇതിൽ ചില എൻട്രികൾ ഒന്നിലധികം തവണ ആവർത്തിച്ചതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത എൻട്രികൾ പുനഃപരിശോധിക്കുന്നതിനും അങ്ങനെയുള്ളവ നീക്കം ചെയ്യുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസർമാർ നടപടി സ്വീകരിച്ചുവരികയാണ്.

(സി) ഇപ്രകാരം ആദ്യഘട്ടത്തിൽ കോവിഡ് മരണങ്ങളുടെ കണക്കിൽപ്പെടാതിരിക്കുകയും പിന്നീട് ഉൾപ്പെടുത്തുകയും ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

കോവിഡ്-19 തുടക്കം മുതൽ ലോകാരോഗ്യ സംഘടനയുടെയും ICMR-ന്റെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് കേരളത്തിൽ കോവിഡ്-19 മൂലമുള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവ്വചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയും വിപുലീകരിക്കുകയും ചെയ്തു. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ്-19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ 03-09-2021-ലെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കോവിഡ് മരണം നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗരേഖ

പുതുക്കിയതിനാലും ഡെത്ത് റിപ്പോർട്ടിംഗ് ഓഫ്‌ലൈൻ സംവിധാനത്തിൽനിന്നും ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയ സാഹചര്യത്തിൽ രേഖകൾ യഥാസമയം ലഭിക്കാൻ കാലതാമസം നേരിട്ടതിനാലുമാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്താതിരുന്ന മരണങ്ങൾ രണ്ടാംഘട്ടത്തിൽ കോവിഡ് മരണങ്ങളുടെ പട്ടികയിലുൾപ്പെടുത്തിയത്.

## കോവിഡ്-19 മരണ കണക്കുകളും ധനസഹായവും

241 (241) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ്-19 ബാധിച്ച് എത്രപേർ മരിച്ചിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

2022 ഫെബ്രുവരി 14 വരെ 62377 കോവിഡ് മരണങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 7811 |
| കൊല്ലം | 5783 |
| പത്തനംതിട്ട | 2241 |

| | |
|---|---|
| ആലപ്പുഴ | 4848 |
| കോട്ടയം | 3936 |
| ഇടുക്കി | 1316 |
| എറണാകുളം | 6960 |
| തൃശ്ശൂർ | 6771 |
| പാലക്കാട് | 5235 |
| മലപ്പുറം | 5427 |
| കോഴിക്കോട് | 5777 |
| വയനാട് | 881 |
| കണ്ണൂർ | 4147 |
| കാസർഗോഡ് | 1244 |
| **ആകെ** | **62377** |

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

കോവിഡ് എക്സ്ഗ്രേഷ്യ ധനസഹായം ലഭിച്ച അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 6611 |
| കൊല്ലം | 4916 |
| പത്തനംതിട്ട | 1721 |
| ആലപ്പുഴ | 4138 |
| കോട്ടയം | 2869 |
| ഇടുക്കി | 1097 |

| | |
|---|---|
| എറണാകുളം | 5247 |
| തൃശ്ശൂർ | 5049 |
| പാലക്കാട് | 4468 |
| മലപ്പുറം | 4499 |
| കോഴിക്കോട് | 4633 |
| വയനാട് | 758 |
| കണ്ണൂർ | 3887 |
| കാസർഗോഡ് | 1215 |
| **ആകെ** | **51108** |

(സി) അന്യസംസ്ഥാനത്തെ ആശുപത്രികളിൽവച്ച് മരണപ്പെടുന്ന കേരളീയർക്ക് നിലവിൽ ധനസഹായം നൽകുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

മറ്റ് സംസ്ഥാനങ്ങളിൽവച്ച് കോവിഡ്മൂലം മരണമടഞ്ഞവർക്ക് അതത് സംസ്ഥാനങ്ങൾ കോവിഡ് മരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നില്ലെങ്കിൽ മറ്റ് സംസ്ഥാനത്തുനിന്നും ഈ തുകയ്ക്കായി അപേക്ഷ സമർപ്പിക്കുകയോ കൈപ്പറ്റുകയോ ചെയ്തിട്ടില്ലെന്നുള്ള സാക്ഷ്യപത്രം, കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ, കോവിഡ് സ്ഥിരീകരിച്ച് ഒരു മാസത്തിനകമാണ് മരണമെങ്കിൽ, അടുത്ത ബന്ധുക്കൾക്ക് കോവിഡ് എക്സ്ഗ്രേഷ്യ നൽകുന്നതിന് ജില്ലാകളക്ടർക്ക്

അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ കോവിഡ്മൂലം മരണമടഞ്ഞ അടുത്ത ആശ്രിതർക്ക് എക്സ്ഗ്രേഷ്യ നൽകുന്നതിനുള്ള അപേക്ഷ 07-02-2022 മുതൽ ഓൺലൈനായി സമർപ്പിക്കാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. ടി അപേക്ഷകൾ അക്ഷയ കേന്ദ്രത്തിന് പുറമെ എല്ലാ വില്ലേജുകളിലും സ്വീകരിക്കാനുള്ള നടപടി ജില്ലാഭരണകൂടങ്ങൾ സ്വീകരിച്ചിട്ടുമുണ്ട്.

## കോവിഡ് പശ്ചാത്തലത്തിൽ ഏറ്റെടുത്ത സ്വകാര്യ സ്ഥാപനങ്ങളിലെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് നടപടി

242 (242) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ സർക്കാർ ഏറ്റെടുത്ത സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെയുള്ള കെട്ടിടങ്ങളിലെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഉത്തരവാദിത്വം നൽകിയിരിക്കുന്നത്.

(ബി) ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

ഉണ്ട്. 09-05-2020-ലെ സ.ഉ.(സാധ)നം.849/2020/തസ്വഭവ., 16-07-2020-ലെ സ.ഉ.(സാധ)നം.1364/2020/തസ്വഭവ. എന്നീ ഉത്തരവുകൾ പ്രകാരമാണ് ചെയ്തുവരുന്നത്. ഉത്തരവുകൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുസ്ലീം ഓർഫനേജിന്റെ കീഴിലുള്ള കോളേജ് കെട്ടിടത്തിലെയും വർക്കിംഗ് വിമൻസ് ഹോസ്റ്റലിലെയും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വാർഷിക പദ്ധതിയിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് പദ്ധതി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ചെലവായ തുക നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് കൊടുവള്ളി നഗരസഭ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## വാക്സിനേഷന്റെ പാർശ്വഫലം

243 (243) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിനേഷന്റെ പാർശ്വഫലംമൂലം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മരണം സംഭവിച്ചതുമായി ബന്ധപ്പെട്ട് ഹർജി ലഭിച്ചിട്ടുണ്ടോ;

(ബി) അപൂർവ്വമായി സംഭവിക്കുന്ന ഇത്തരം കേസ്സുകളിൽപ്പെടുന്നവരുടെ ചികിത്സാചെലവും കുടുംബത്തിന് സഹായവും നൽകുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും തുടർനടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ-സി) ഹർജികൾ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരുന്നുണ്ട്.

## ഇൻഫ്രാറെഡ് തെർമോമീറ്റർ വാങ്ങാനുള്ള തീരുമാനം

244 (244) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഏപ്രിൽ മാസത്തിൽ തൃശ്ശൂർ സർജിക്കൽസ് എന്ന സ്ഥാപനം ഇൻഫ്രാറെഡ് തെർമോമീറ്ററിനായി സർക്കാരിന് ക്വട്ടേഷൻ നൽകിയിരുന്നോ; വ്യക്തമാക്കാമോ?

സർക്കാരിന് ക്വട്ടേഷൻ നൽകിയിട്ടില്ല. പർച്ചേസുകൾ കെ.എം.എസ്.സി.എൽ. നേരിട്ടാണ് നടത്തുന്നത്.

(ബി) പ്രസ്തുത സ്ഥാപനത്തിൽനിന്നും എത്ര രൂപ നിരക്കിലാണ് തെർമോമീറ്റർ വാങ്ങിയതെന്ന് വ്യക്തമാക്കാമോ?

ഇൻഫ്രാറെഡ് തെർമോമീറ്റർ ഒരെണ്ണത്തിന് ജി.എസ്.റ്റി. ഉൾപ്പെടെ 5,390/- രൂപ നിരക്കിൽ കെ.എം.എസ്.സി.എൽ. വാങ്ങിയിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനത്തിൽനിന്നും എന്നാണ് ക്വട്ടേഷൻ ലഭിച്ചതെന്നും എന്നാണ് ഇൻഫ്രാറെഡ് തെർമോമീറ്റർ വാങ്ങാനായി തീരുമാനിച്ചതെന്നും വ്യക്തമാക്കാമോ?

ടി കമ്പനി ക്വട്ടേഷൻ നൽകിയത് 30-04-2020-നാണ്. 30-04-2020-ന് തന്നെ പർച്ചേസ് ഓർഡർ നൽകുകയും ചെയ്തു.

(ഡി) പ്രസ്തുത സ്ഥാപനത്തിൽനിന്നും തെർമോമീറ്റർ വാങ്ങുന്നതിന് മുമ്പ് വിപണി വിലയെത്രയാണെന്ന് പരിശോധിച്ചിരുന്നോയെന്നും ആ സമയത്തെ വിപണി വിലയെന്തായിരുന്നുവെന്നും വ്യക്തമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് ലഭ്യമായ ഇൻവോയിസിലെ എം.ആർ.പി. 7999-9898 വരെയാണ്.

(ഇ) പ്രസ്തുത സ്ഥാപനത്തിൽനിന്നും ഇൻഫ്രാറെഡ് തെർമോമീറ്റർ വാങ്ങാനുള്ള തീരുമാനം അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി അംഗീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

പർച്ചേസുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നേരിട്ടാണ് നടത്തുന്നത്.

## കോവിഡ് -19

245 (245) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മരണവുമായി ബന്ധപ്പെട്ട കണക്കുകളിലെ ആശയക്കുഴപ്പം പരിഹരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; ഈ വിഷയം സംബന്ധിച്ച് ആരോഗ്യ വകുപ്പിലെ ജീവനക്കാരെ സസ്പെന്റ് ചെയ്യാൻ ഇടയായ സാഹചര്യം വ്യക്തമാക്കാമോ?

കോവിഡ് മരണവുമായി ബന്ധപ്പെട്ട് കണക്കുകളിൽ ആശയക്കുഴപ്പം നിലനിൽക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിലെ ജീവനക്കാരെ ആരെയും സസ്പെന്റ് ചെയ്തിട്ടില്ല.

(ബി) ഇത്തരത്തിൽ ക്രമക്കേടുകൾ കടന്നുകൂടുന്നതിന്റെ ഭാഗമായി കോവിഡ്മൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് അർഹമായ സാമ്പത്തിക ആനുകല്യങ്ങൾ നഷ്ടമാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## <u>ബൂസ്റ്റർ ഡോസ് വാക്സിൻ</u>

246 (246) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധത്തിന് ബൂസ്റ്റർ ഡോസായി സർക്കാർ നൽകിവരുന്നത് ഏത് വാക്സിനാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കോവിഷീൽഡ്, കോവാക്സിൻ എന്നീ വാക്സിനുകളാണ് നിലവിൽ മുൻകരുതൽ ഡോസായി നൽകിവരുന്നത്. കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഗുണഭോക്താവിന് ആദ്യ രണ്ട് ഡോസുകൾ നൽകിയ അതേ വാക്സിൻ തന്നെയാണ് മുൻകരുതൽ ഡോസായും നൽകുന്നത്.

(ബി) സ്വകാര്യ മേഖലയിൽനിന്നും ബൂസ്റ്റർ ഡോസ് ഇപ്പോൾ നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് വാക്സിനാണെന്ന് വ്യക്തമാക്കുമോ?

സ്വകാര്യ മേഖലയിലും കോവിഷീൽഡ്, കോവാക്സിൻ എന്നീ വാക്സിനുകളാണ് മുൻകരുതൽ ഡോസായി നൽകുന്നത്.

(സി) സംസ്ഥാനത്ത് ഇപ്പോൾ ബൂസ്റ്റർ ഡോസായി നൽകിവരുന്ന വാക്സിനുകൾക്ക് വിദേശരാജ്യങ്ങളിൽ പ്രത്യേകിച്ച് ഗൾഫ് രാഷ്ട്രങ്ങളിൽ എല്ലായിടത്തും അംഗീകാരമുണ്ടോ; വിശദമാക്കുമോ?

മുൻകരുതൽ ഡോസായി സംസ്ഥാനത്ത് നൽകിവരുന്ന കോവിഷീൽഡ്, കോവാക്സിൻ എന്നീ വാക്സിനുകൾക്ക് ലോകാരോഗ്യ സംഘടനയുടെ EUL (Emergency use listing procedure) അംഗീകാരം ലഭിച്ചിട്ടുണ്ട്.

കോവിഡ് അതിതീവ്ര വ്യാപനം-സോഷ്യൽ സൈക്കോ സപ്പോർട്ട്

247 (247) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് അതിതീവ്ര വ്യാപനമുണ്ടായ സാഹചര്യത്തിൽ ആരോഗ്യവകുപ്പിന്റെ സോഷ്യൽ സൈക്കോ സപ്പോർട്ടിന്റെ ഭാഗമായി വയനാട് ജില്ലയിൽ നിലവിൽ എത്ര മാനസിക ആരോഗ്യ പ്രവർത്തകരെയാണ് നിയമിച്ചതെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ കോവിഡ് അതിതീവ്രവ്യാപനമുണ്ടായ സാഹചര്യത്തിൽ സൈക്കോ സോഷ്യൽ സപ്പോർട്ട് ടീമിൽ എട്ട് പുതിയ കൗൺസിലേഴ്സിനെ നിയമിച്ചിട്ടുണ്ട്.

(ബി) എത്ര രോഗികൾക്ക് ഇവരുടെ സേവനം ലഭ്യമായെന്ന് വ്യക്തമാക്കാമോ?

നിലവിൽ 148832 രോഗികൾക്ക് ഇവരുടെ സേവനം ലഭ്യമാക്കാൻ

സാധിച്ചിട്ടുണ്ട്.

<u>കോവിഡ് പ്രതിരോധ വാക്സിനുകൾ</u>

248 (248) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമായ കോവിഡ് പ്രതിരോധ വാക്സിനുകൾ ഏതെല്ലാമെന്നും അവയുടെ വില എത്രയാണെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ലഭ്യമായ കോവിഡ് പ്രതിരോധ വാക്സിനുകൾ കോവിഷീൽഡ്, കോവാക്സിൻ, സ്പുട്നിക് എന്നിവയാണ്. ഇവയിൽ കോവിഷീൽഡ്, കോവാക്സിൻ എന്നിവ സർക്കാർ കേന്ദ്രങ്ങളിൽനിന്ന് സൗജന്യമായാണ് നൽകിവരുന്നത്. സ്വകാര്യ വാക്സിനേഷൻ കേന്ദ്രങ്ങൾ വഴി നൽകുന്ന കോവിഡ് വാക്സിനുകളുടെ വില വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത വാക്സിനുകൾ സംസ്ഥാനത്ത് എത്ര പേർക്ക് എത്ര ഡോസ് വീതം ഉപയോഗിച്ചുവെന്നും ഇനിയും രണ്ടുഡോസ് എടുക്കാനുള്ളവർ എത്രയെന്നും ഒന്നാം ഡോസ് എടുത്തവർ എത്രയെന്നും വിശദമാക്കാമോ?

20-02-2022 വരെ നൽകിയ വിവിധതരം വാക്സിൻ ഡോസുകൾ സംബന്ധിച്ചും രണ്ടാം ഡോസ് എടുക്കാനുള്ളവരെ സംബന്ധിച്ചുമുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) വാക്സിനേഷൻ എടുത്തവരുടെ കണക്കിൽ കേരളം എത്രാമത്തെ സ്ഥാനത്താണെന്ന് വ്യക്തമാക്കുമോ?

ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തിയുള്ള സംസ്ഥാനത്തിന്റെ വാക്സിനേഷൻ കവറേജ് അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഒന്ന്, രണ്ട്, മൂന്ന് തരംഗങ്ങളിൽ ഓരോന്നിലും എത്ര പേർക്ക് രോഗം പിടിപെട്ടുവെന്നും ഇതിൽനിന്നും രക്ഷപ്പെടാൻ ബൂസ്റ്റർ ഡോസ് (മൂന്നാം ഡോസ്) എന്ത് മാനദണ്ഡപ്രകാരം നല്കിവരുന്നുവെന്നും എത്രപേർക്ക് ലഭിച്ചുവെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് ഒന്ന്, രണ്ട്, മൂന്ന് തരംഗങ്ങളിലായി കോവിഡ് രോഗബാധിതരായവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

ഒന്നാം തരംഗം (30-01-2020 മുതൽ 31-03-2021 വരെ) - 1124584

രണ്ടാം തരംഗം (01-04-2021 മുതൽ 31-12-2021 വരെ) - 4122593

മൂന്നാം തരംഗം (01-01-2022 മുതൽ 14-02-2022 വരെ)- 1169195

ആരോഗ്യ പ്രവർത്തകർ, മുന്നണി പ്രവർത്തകർ (FLW), 60 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ അനുബന്ധരോഗമുള്ളവർ എന്നിവരിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാമത്തെ ഡോസ് വാക്സിൻ ലഭിച്ച് ഒൻപത് മാസം കഴിഞ്ഞവർക്ക് കേന്ദ്ര ആരോഗ്യ മന്ത്രാലയം നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് മുൻകരുതൽ ഡോസ് നൽകിവരുന്നു.

(ഇ) മൂന്നാം ഡോസ് നല്കുന്നതുവഴി അവർക്ക് ശാസ്ത്രീയമായി എന്തെല്ലാം ഗുണഫലങ്ങളുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ശക്തമായ മുൻകരുതലെന്ന നിലയിലാണ് മൂന്നാം ഡോസ് നൽകിവരുന്നത്. അതുവഴി രോഗം വരാനുള്ള സാദ്ധ്യത കുറയുകയും രോഗം ഗുരുതരമാകാനുള്ള സാദ്ധ്യത കുറയുകയും ചെയ്യുന്നു.

<u>ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടി</u>

249 (249) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളെന്തായെന്ന് വിശദമാക്കാമോ;

(ബി) താലൂക്ക് ആസ്ഥാന പഞ്ചായത്തായ ആമച്ചൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രസ്തുത ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന്

നടപടി സ്വീകരിക്കാമോ; ഇതുസംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) 26-07-2021-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.)നം. 1555/2021/ആ.കു.വ പ്രകാരം കാട്ടാക്കട നിയോജകമണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിന് എഫ്.എച്ച്.സി. ആമച്ചൽ എന്ന ആരോഗ്യ സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥല ലഭ്യത ഇല്ലാത്തതിനാൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കാട്ടാക്കട നിയോജകമണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിന് സ്ഥലലഭ്യതയുള്ള അനുയോജ്യമായ മറ്റ് സ്ഥാപനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആവശ്യമായ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>ചവറ നിയോജകമണ്ഡലത്തിലെ കോവിഡ് മരണങ്ങൾ</u>

250 (250) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിൽ നാളിതുവരെ എത്ര കോവിഡ്

മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അതിൽ എത്രപേർക്ക് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്;

(ബി) ചവറ നിയോജകമണ്ഡലത്തിൽ കോവിഡ്മൂലം മരണപ്പെട്ടവരുടെ ആശ്രിതരായ എത്രപേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്?

(എ&ബി) കോവിഡ് ഡെത്ത് പോർട്ടൽ ഡാറ്റാ പ്രകാരം ചവറ നിയോജകമണ്ഡലത്തിൽ 20-02-2022 വരെ 353 കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൽ 345 പേരുടെ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. മരണം ഡിക്ലയർ ചെയ്യുമ്പോൾ തന്നെ ഡെത്ത് ഡിക്ലറേഷൻ ഡോക്യുമെന്റിന് തുല്യമായ ഡെത്ത് ഡിക്ലറേഷൻ നമ്പർ ജനറേറ്റ് ചെയ്യുന്നതാണ്. ഇതുപയോഗിച്ച് നിലവിൽ ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. ദുരന്തനിവാരണ വകുപ്പിൽനിന്നും ലഭ്യമായ കണക്കുകൾ പ്രകാരം കോവിഡ്മൂലം മരണപ്പെട്ട 353 പേരുടെ ആശ്രിതർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

## കോവിഡ് ധനസഹായം

251 (251) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്മൂലം വിദേശരാജ്യങ്ങളിൽവച്ചും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽവച്ചും മരണപ്പെട്ടവരുടെ ആശ്രിതർക്ക് എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആശ്വാസമായി ധനസഹായം അനുവദിക്കുന്നത് പരിഗണിക്കുമോ?

25-09-2021-ലെ സ.ഉ.(കൈ)നം.3/2021-ദുനിവ. പ്രകാരം കോവിഡ് ബാധിച്ച് മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും അമ്പതിനായിരം രൂപ എക്സ്ഗ്രേഷ്യ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. എക്സ്ഗ്രേഷ്യ അനുവദിക്കുന്നതിനായി 57435 അപേക്ഷകൾ ലഭിച്ചതിൽ 53227 അപേക്ഷകൾ പാസ്സാക്കി ട്രഷറിക്ക് കൈമാറിയിട്ടുണ്ട്. കോവിഡ് ബാധിച്ച് മറ്റ് സംസ്ഥാനങ്ങളിൽവച്ച് മരണം സംഭവിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റിന്റെയും മരണ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ കോവിഡ് എക്സ്ഗ്രേഷ്യ അനുവദിക്കുന്നതിന് 13-01-2022-ലെ സ.ഉ. (സാധാ)നം. 34/2022/ഡി.എം.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റുസംസ്ഥാനങ്ങളിൽവച്ച് കോവിഡ്മൂലം മരണമടഞ്ഞവരുടെ അടുത്ത ആശ്രിതർക്ക് എക്സ്ഗ്രേഷ്യ നൽകുന്നതിനുള്ള അപേക്ഷ 07-02-2022 മുതൽ

ഓൺലൈനായി സമർപ്പിക്കാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. ടി അപേക്ഷകൾ അക്ഷയ കേന്ദ്രത്തിനുപുറമെ, എല്ലാ വില്ലേജുകളിലും സ്വീകരിക്കാനുള്ള നടപടി ജില്ലാഭരണകൂടങ്ങൾ സ്വീകരിച്ചിട്ടുണ്ട്. വിദേശത്തുവച്ച് കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ അടുത്ത ബന്ധുക്കൾക്ക് കോവിഡ് എക്സ്ഗ്രേഷ്യ അനുവദിക്കുന്നതിനെപ്പറ്റി കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ (Guidelines issued by NDMA and Ministry of Health and Family Welfare) പ്രതിപാദിക്കുന്നില്ല. ആയതിനാൽ ടിയാളുകൾക്കുകൂടി എക്സ്ഗ്രേഷ്യ അനുവദിക്കുന്നതിനുള്ള മാനദണ്ഡം രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

<u>മണലൂർ മണ്ഡലത്തിലെ ആരോഗ്യസ്ഥാപനത്തിൽ ഐസൊലേഷൻ വാർഡ്</u>

252 (252) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടിൽനിന്നും മാറ്റിവയ്ക്കപ്പെട്ട തുക വിനിയോഗിച്ച് മണലൂർ മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്ന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കാമോ;

(ബി) 140 മണ്ഡലങ്ങളിലും ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിൽനിന്നും ഏത് ആരോഗ്യ സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തതെന്നും പ്രസ്തുത ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

(എ&ബി) മണലൂർ നിയോജകമണ്ഡലത്തിലെ സ്ഥാപനമായ പ്രാഥമികാരോഗ്യ കേന്ദ്രം കണ്ടാണശ്ശേരിയിൽ ബഹുമാനപ്പെട്ട മണലൂർ എം.എൽ.എ., ശ്രീ. മുരളി പെരുനെല്ലിയുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 30 ലക്ഷം രൂപയുടെ പുതിയ ഒ.പി. ബ്ലോക്കിന്റെ കെട്ടിട നിർമ്മാണം നടക്കുന്നുണ്ട്. നിലവിൽ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ, column pedestal എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം എളവള്ളിയിൽ 24.5 ലക്ഷം രൂപ ചെലവിൽ ലാബ് അടങ്ങുന്ന ഒ.പി. ബ്ലോക്കിന്റെ പുതിയ കെട്ടിട നിർമ്മാണം നടക്കുകയാണ്. 26-07-2021-ലെ സ.ഉ.(സാധാ)നം.1555/2021/ആകുവ. പ്രകാരം മണലൂർ മണ്ഡലത്തിൽ മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ടുള്ള ഐസൊലോഷൻ വാർഡ് ആരംഭിക്കുന്നതിന്

തെരെഞ്ഞെടുത്തിട്ടുള്ളത്. മേൽപ്രവൃത്തിക്കായി പ്രസ്തുത സ്ഥാപനത്തിലെ ഉപയോഗശൂന്യമായ കെട്ടിടങ്ങൾ പൊളിക്കുന്ന നടപടി ബഹുമാനപ്പെട്ട കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ ഒഴിവാകുന്ന മുറയ്ക്ക് പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## കോവിഡാനന്തര ചികിത്സ

253 (253) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡാനന്തരം ഉണ്ടാകുന്ന പ്രയാസങ്ങൾമൂലം നിരവധിയാളുകൾ ആത്മഹത്യ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് വൈറസ് ബാധിച്ചവരിൽ പോസ്റ്റ്കോവിഡ് സിൻഡ്രോമിന്റെ ഭാഗമായി ഉറക്കക്കുറവ്, ഉത്കണ്ഠ, വിഷാദം തുടങ്ങിയ പ്രശ്നങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോവിഡ് കാലയളവിൽ ആത്മഹത്യകളുടെ എണ്ണം മുൻവർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുള്ളതായാണ് കാണുന്നത്.

(ബി) വിഷാദം, മാനസിക പ്രശ്നങ്ങൾ എന്നിവയുള്ളവർ കോവിഡ് കാലത്തെ ഒറ്റപ്പെടലും പിരിമുറുക്കവും അവഗണനയും കാരണം

ആത്മഹത്യയിലേയ്ക്ക് നയിക്കപ്പെടുന്ന പ്രവണത പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് മാനസിക-സാമൂഹിക പിന്തുണ നൽകുന്നതിനായി സർക്കാർ 'ഒറ്റയ്ക്കല്ല ഒപ്പമുണ്ട്'- സൈക്കോ സോഷ്യൽ സപ്പോർട്ട് സേവനങ്ങൾ 2020 ഫെബ്രുവരി മുതൽ നൽകിവരുന്നു. ഇതിന്റെ ഭാഗമായി സൈക്യാട്രിസ്റ്റുകൾ, സൈക്യാട്രിക് സോഷ്യൽ വർക്കർമാർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, കൗൺസിലർമാർ എന്നിവരുൾപ്പെടെ മാനസികാരോഗ്യ പ്രവർത്തകർ ജില്ലാടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. ഇവർ ക്വാറന്റൈൻ/ഐസൊലേഷനിൽ കഴിയുന്ന വ്യക്തികൾക്ക് സൈക്കോ സോഷ്യൽ സപ്പോർട്ട് സേവനങ്ങൾ നൽകുന്നു. കൂടാതെ മനോരോഗ ചികിത്സയിൽ ഇരിക്കുന്നവർ, ഭിന്നശേഷി കുട്ടികൾ, അതിഥി തൊഴിലാളികൾ, ഒറ്റയ്ക്ക് കഴിയുന്ന വയോജനങ്ങൾ എന്നിവർക്കും ലോക്ക്ഡൗൺ സമയത്ത് സൈക്കോ സോഷ്യൽ സപ്പോർട്ട് കോളുകൾ നൽകിയിട്ടുണ്ട്. കൊറോണ രോഗനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകരുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനായി ടെലികൗൺസിലിംഗ്, സ്കൂൾ കുട്ടികളുടെ മാനസിക സാമൂഹിക പ്രശ്നങ്ങൾ

പരിഹരിക്കുന്നതിനായി സൈക്കോ സോഷ്യൽ സപ്പോർട്ട്/കൗൺസിലിംഗ് കോളുകൾ തുടങ്ങിയവ നൽകുന്നു. ഇതുവരെ എല്ലാ വിഭാഗത്തിനുമായി 13977903 സൈക്കോ സോഷ്യൽ സപ്പോർട്ട്/കൗൺസിലിംഗ് കോളുകൾ ടീം സംസ്ഥാനമൊട്ടാകെ നൽകികഴിഞ്ഞു.

പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ കോവിഡ് ഐസൊലേഷൻ വാർഡ്

254 (254) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ കോവിഡ് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിനായി ഏതെങ്കിലും ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

26-07-2021-ലെ സ.ഉ.(സാധാ)നം.1555/2021/ആ.കു.വ. പ്രകാരം പേരാമ്പ്ര നിയോജകമണ്ഡലത്തിൽ കോവിഡ് ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിന് പേരാമ്പ്ര താലൂക്ക് ആശുപത്രിയെയാണ് തെരെഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിൽ മേൽപദ്ധതിക്കായി ആവശ്യമായ സ്ഥലം ലഭ്യമല്ല. പ്രസ്തുത നിയോജകമണ്ഡലത്തിൽ സ്ഥല സൗകര്യമുള്ള മറ്റ് ആരോഗ്യ സ്ഥാപനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടില്ല. മേൽ ഉത്തരവ് പ്രകാരം

ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് 50 ശതമാനം കിഫ്ബിയും 50 ശതമാനം എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും വഹിക്കുന്നതാണ്.

കോവിഡ് ധനസഹായം

255 (255) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് ദുരന്ത നിവാരണ ഫണ്ടിൽനിന്നും തുക നൽകാൻ തീരുമാനിച്ച സാഹചര്യത്തിൽ കോവിഡാനന്തര രോഗങ്ങൾമൂലം മരിച്ചവരുടെ പട്ടികയിൽ ഉൾപ്പെടാത്തവരുടെ പേരുകൾ കണ്ടെത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോവിഡ്മൂലം സംസ്ഥാനത്ത് മരിച്ചവരുടെ പട്ടിക തയ്യാറാക്കുന്നതിനായി ഇ-ഹെൽത്ത് ഒരു ഡെത്ത് റിപ്പോർട്ടിംഗ് ആൻഡ് ഓഡിറ്റിംഗ് പോർട്ടൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. 2021 ജൂൺ 16 മുതൽ എല്ലാ കോവിഡ് മരണങ്ങളും ഓൺലൈനായി ഈ പോർട്ടൽ വഴിയാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. സംസ്ഥാനത്തെ ആദ്യ കോവിഡ് മരണം മുതൽ നിലവിലെ തീയതി വരെയുള്ള എല്ലാ കോവിഡ് മരണങ്ങളുടെയും

വിവരങ്ങൾ ഈ പോർട്ടലിൽ ലഭ്യമാണ്. കൂടാതെ, ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിലുൾപ്പെടാത്ത കോവിഡ് മരണങ്ങൾ കണ്ടെത്താൻ ഇ-ഹെൽത്തിന്റെ ഡെത്ത് ഇൻഫർമേഷൻ വഴി നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന് മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ് -19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും, കോവിഡ് മരണങ്ങളുടെ പട്ടികയിലുൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. കോവിഡ് മരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ചെയർമാനായ കോവിഡ് ഡെത്ത് അസെർട്ടയ്നിംഗ് കമ്മിറ്റിയുടെ (CDAC) അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ അത്തരം മരണങ്ങൾ കോവിഡ്-19 മരണങ്ങളുടെ പട്ടികയിലുൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള മരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കിവരുന്നുണ്ട്.

(ബി) കോവിഡും കോവിഡാനന്തര രോഗങ്ങളുംമൂലം മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ

വിശദമാക്കാമോ; നാളിതുവരെ എത്രപേർക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ അടുത്ത ബന്ധുക്കൾക്ക് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും അമ്പതിനായിരം രൂപ (50,000/-) എക്സ്ഗ്രേഷ്യ ധനസഹായമായി അതത് ജില്ലാ കളക്ടർ മുഖാന്തരം അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ധനസഹായം അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 6611 |
| കൊല്ലം | 4916 |
| പത്തനംതിട്ട | 1721 |
| ആലപ്പുഴ | 4138 |
| കോട്ടയം | 2869 |
| ഇടുക്കി | 1097 |
| എറണാകുളം | 5247 |
| തൃശ്ശൂർ | 5049 |
| പാലക്കാട് | 4468 |
| മലപ്പുറം | 4499 |
| കോഴിക്കോട് | 4633 |
| വയനാട് | 758 |
| കണ്ണൂർ | 3887 |
| കാസർഗോഡ് | 1215 |

| ആകെ | 51108 |
|---|---|

(സി) കോവിഡ് നെഗറ്റീവായി മുപ്പത് ദിവസത്തിനുള്ളിൽ സംഭവിച്ച മരണങ്ങൾ കോവിഡ് മരണങ്ങളുടെ ലിസ്റ്റിലുൾപ്പെടുത്തുന്നതിന്റെ ഭാഗമായി എത്രപേരെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ലഭിച്ച അപ്പീലുകൾ പ്രകാരം 2022 ഫെബ്രുവരി 14 വരെ 24474 പേരെ കോവിഡ് മരണപ്പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്. 2021 ജൂൺ 18-ന് മുൻപ് അതായത് കോവിഡ്-19 ഡെത്ത് ഇൻഫർമേഷൻ സിസ്റ്റം പ്രവർത്തനക്ഷമമായി മാറുന്നതിന് മുൻപ് സംഭവിച്ച ചില മരണങ്ങൾ അതാത് ആശുപത്രികൾക്ക്/ജില്ലകൾക്ക് രേഖകൾ യഥാസമയം അയയ്ക്കാൻ കഴിഞ്ഞിട്ടില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അത്തരത്തിലുള്ള 3779 മരണങ്ങൾകൂടി പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ചില എൻട്രികൾ ഒന്നിലധികം തവണ ആവർത്തിച്ചതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത എൻട്രികൾ പുനഃപരിശോധിക്കുന്നതിനും അങ്ങനെയുള്ളവ നീക്കം ചെയ്യുന്നതിനും ജില്ലാമെഡിക്കൽ ഓഫീസർമാർ നടപടി സ്വീകരിച്ചുവരികയാണ്.

(ഡി) ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പ്രകാരം ധനസഹായം വേഗത്തിൽ നൽകുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ അടുത്ത ബന്ധുക്കൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും അമ്പതിനായിരം രൂപ (50,000/-) എക്സ്ഗ്രേഷ്യ ധനസഹായമായി അതത് ജില്ലാ കളക്ടർ മുഖാന്തരം അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം കോവിഡ് ധനസഹായം നൽകുന്നതിന് ഓൺലൈനായി സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതും അർഹരായ എല്ലാവർക്കും www.relief.kerala.gov.in എന്ന പോർട്ടലിലൂടെ കോവിഡ് മരണ ധനസഹായത്തിനുള്ള അപേക്ഷ വളരെ ലഘുരൂപത്തിൽ സമർപ്പിക്കാവുന്നതുമാണ്. ഓൺലൈനായി കോവിഡ് ധനസഹായത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുപുറമെ ഓഫ്‌ലൈനായും അപേക്ഷകൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർ കോവിഡ് മരണം സംഭവിച്ച ഭവനങ്ങൾ സന്ദർശിച്ച് കോവിഡ് ധനസഹായത്തിനുള്ള അപേക്ഷകൾ വാങ്ങുന്നതിനും അപ്രകാരം ധനസഹായം ലഭ്യമാക്കുന്നതിനും ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കോവിഡ്

എക്സ്ഗ്രേഷ്യ കൈപ്പറ്റുന്ന വിഷയത്തിൽ അവകാശികൾ തമ്മിൽ തർക്കമുണ്ടാകാനുള്ള സാദ്ധ്യത കണക്കിലെടുത്ത് അടുത്ത ബന്ധു (next kin) എന്നതിന് സ്പഷ്ടീകരണംനൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കോവിഡ് ബാധിച്ച് മറ്റ് സംസ്ഥാനങ്ങളിൽവച്ച് മരണം സംഭവിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റിന്റെയും മരണ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ കോവിഡ് എക്സ്ഗ്രേഷ്യ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

<u>കൗമാരക്കാരുടെയും കുട്ടികളുടെയും വാക്സിനേഷൻ</u>

256 (256) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൗമാരക്കാർക്ക് നൽകിവരുന്ന കോവിഡ്-19 വാക്സിനേഷൻ എത്രത്തോളം പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

15-02-2022-ലെ കണക്ക് പ്രകാരം 15 മുതൽ 17 വയസ്സുവരെ പ്രായമായ കുട്ടികളിൽ 1154701 (75 ശതമാനം) പേർക്ക് ഒന്നാം ഡോസ് കോവിഡ് വാക്സിനും 285761 (19 ശതമാനം) പേർക്ക് രണ്ടാം ഡോസ് കോവിഡ് വാക്സിനും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കുട്ടികൾക്കുള്ള വാക്സിനേഷൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

15 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് കോവിഡ് വാക്സിൻ നൽകുന്നതിനുള്ള അറിയിപ്പുകളൊന്നും തന്നെ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടില്ല.

പി. പി. ഇ. കിറ്റ് ഉയർന്ന നിരക്കിൽ വാങ്ങാനെടുത്ത തീരുമാനം

257 (257) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി കെ. കെ. രമ:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 മാർച്ചിൽ മഹാരാഷ്ട്രയിലെ സോലാപൂർ ജില്ലയിലെ സാൻഫാർമ എന്ന സ്ഥാപനം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് പി.പി.ഇ. കിറ്റ് നൽകാൻ സന്നദ്ധമാണെന്നറിയിച്ച് ഇ-മെയിൽ വഴി കത്ത് നൽകിയിരുന്നോ; വ്യക്തമാക്കാമോ?

നൽകിയിരുന്നു.

(ബി) ഈ സ്ഥാപനത്തിന് കരാർ നൽകുന്നതിന് മുന്നോടിയായി പ്രസ്തുത സ്ഥാപനത്തിന്റെ പശ്ചാത്തലം അന്വേഷണ വിധേയമാക്കിയിരുന്നോ?

വിധേയമാക്കിയിരുന്നു.

(സി) ഈ സ്ഥാപനം നൽകുന്ന പി.പി.ഇ. കിറ്റിന് ഗുണനിലവാരം ഉണ്ടോയെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഈ സ്ഥാപനത്തിൽനിന്നും സംഭരിച്ച പി.പി.ഇ. കിറ്റിന്റെ ഗുണനിലവാരം ഇതിനായി കൂടിയ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) കെറോൺ (Careon Health care Solutions) കമ്പനിയിൽ നിന്നും 550/- രൂപയ്ക്ക് പി.പി.ഇ. കിറ്റ് വാങ്ങിയ ദിവസം തന്നെ 1,500/- രൂപയ്ക്ക് സാൻഫാർമ എന്ന സ്ഥാപനത്തിൽനിന്നും പി.പി.ഇ. കിറ്റ് വാങ്ങാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ കാരണം വിശദമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്ന് ലഭ്യമായ വിവരമനുസരിച്ച്, കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ ഏറ്റവും മോശമായ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ പത്ത് ലക്ഷം പി.പി.ഇ. കിറ്റുകൾ സംഭരിക്കേണ്ടി വരുമെന്ന സാഹചര്യം വിലയിരുത്തി എട്ട് ലക്ഷം പി.പി.ഇ. കിറ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ രണ്ട് മാസത്തിനുള്ളിൽ സംഭരിക്കാൻ തീരുമാനിച്ചിരുന്നു. തദ്ദേശീയമായി പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യുന്ന കമ്പനികളെ സംബന്ധിച്ച്

പ്രതിദിനം 2000 മുതൽ 3000 വരെ പി.പി.ഇ. കിറ്റുകൾ മാത്രം നിർമ്മിച്ച് നൽകാനുള്ള ശേഷി മാത്രമാണ് അന്ന് നിലവിലുണ്ടായിരുന്നത്. പ്രതിദിന ഉപയോഗത്തിന് ആനുപാതികമായി പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യാൻ തക്കവണ്ണം തദ്ദേശീയ വിതരണക്കാരെ ലഭ്യമാകാതെവന്ന സാഹചര്യത്തിലും പി.പി.ഇ. കിറ്റുകളുടെ അസംസ്കൃത വസ്തുക്കൾ ചൈനയിൽനിന്നും ലഭ്യമാകുന്നതിന് തടസ്സമുണ്ടാകുന്നത് വിതരണക്കാരെ ലഭിക്കാൻ വലിയ തോതിൽ പ്രയാസമുണ്ടാക്കുമെന്ന് വിലയിരുത്തിയശേഷം ആവശ്യമെങ്കിൽ അമ്പതുശതമാനം മുൻകൂർതുക നൽകി ഒരേസമയം സാൻഫാർമ ഉൾപ്പെടെയുള്ള വിവിധ വിതരണക്കാരിൽനിന്ന് സംഭരിക്കുന്നതിന് തീരുമാനിച്ചിരുന്നു.

(ഇ) സാൻഫാർമയിൽനിന്നും പി.പി.ഇ. കിറ്റ് വാങ്ങാനുള്ള തീരുമാനം ആരോഗ്യ വകുപ്പുമന്ത്രി അംഗീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

പർച്ചേസുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നേരിട്ടാണ് നടത്തുന്നത്.

## ഗ്ലൗസിന്റെ നിരക്ക്

258 (258) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി.സിദ്ദിഖ്:

ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഏപ്രിൽ മേയ് മാസങ്ങളായപ്പോൾ പി.പി.ഇ. കിറ്റും ഗ്ലൗസും ഉൾപ്പെടെ 15 ഇനങ്ങളെ അത്യാവശ്യ മരുന്നുകളുടെ ലിസ്റ്റിലുൾപ്പെടുത്തി വില നിയന്ത്രിക്കുവാൻ സർക്കാർ ഉത്തരവിറക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവുകൾ പ്രകാരം ഒരു ഗ്ലൗസിന്റെ പരമാവധി വില എത്രയാണ് നിജപ്പെടുത്തിയതെന്ന് വിശദമാക്കാമോ?

(എ &ബി) 27-05-2021-ലെ സ.ഉ.(സാധാ)നം.1131/2021/H&FWD പ്രകാരം 15 അത്യാവശ്യ ഇനങ്ങളെ അത്യാവശ്യ ലിസ്റ്റിലുൾപ്പെടുത്തി വില നിയന്ത്രിക്കാൻ സർക്കാർ ഉത്തരവിറക്കിയിരുന്നു. ആയത് പ്രകാരം ഗ്ലൗസിന്റെ പരമാവധി വില ഏഴ് രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) M/s. Agrata Avon Exim എന്ന സ്ഥാപനത്തിൽനിന്നും 2021 മേയ് മാസത്തിൽ ഗ്ലൗസുകൾ വാങ്ങാൻ തീരുമാനിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; എത്ര രൂപയ്ക്കാണ് ഈ സ്ഥാപനത്തിൽനിന്നും ഗ്ലൗസുകൾ വാങ്ങാൻ തീരുമാനമെടുത്തതെന്ന് വ്യക്തമാക്കാമോ?

കെ.എം.എസ്.സി.എൽ. തീരുമാനിച്ചിരുന്നു. 12 ശതമാനം GST ഉൾപ്പെടെ 12.15 രൂപയ്ക്കാണ് ഗ്ലൗസുകൾ വാങ്ങാൻ തീരുമാനിച്ചത്.

(ഡി) പ്രസ്തുത സ്ഥാപനത്തിൽനിന്നും ഗ്ലൗസുകൾ വാങ്ങാൻ ഉണ്ടാക്കിയ കരാറിലെ രണ്ട് പ്രധാന വ്യവസ്ഥകൾ പേനകൊണ്ടുതിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് അംഗീകാരം നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) M/s. Agrata Avon Exim എന്ന സ്ഥാപനത്തിൽനിന്നും ഗ്ലൗസുകൾ വാങ്ങാനുള്ള തീരുമാനം ആരോഗ്യ വകുപ്പുമന്ത്രി അംഗീകരിച്ചിരുന്നോവെന്ന് വ്യക്തമാക്കാമോ?

പർച്ചേസുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നേരിട്ടാണ് നടത്തുന്നത്.

<u>കോവിഡ്-19 മൂന്നാം തരംഗം കരുതൽ നടപടികൾ</u>

259 (259) <u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീ. എച്ച്. സലാം</u>:
<u>ശ്രീ. പി. പി. സുമോദ്</u>:
<u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് കോവിഡ്-19 മൂന്നാംതരംഗം വ്യാപകമായ

സാഹചര്യത്തിൽ സംസ്ഥാനത്തെ ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനും അതിജീവനം ഉറപ്പാക്കുന്നതിനുമായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ?

2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ മൂന്നാം തരംഗം ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന പൊതുജനാരോഗ്യ വിദഗ്ദ്ധരുടെ അഭിപ്രായത്തെത്തുടർന്ന് കേരളം അതിനുള്ള മുന്നൊരുക്കം വളരെ നേരത്തെ തന്നെ ആരംഭിച്ചിരുന്നു. കോവിഡ് സ്ഥിതിവിവര കണക്കുകൾ ദിനംപ്രതി അവലോകനം നടത്തി രോഗികളുടെ എണ്ണത്തിലെ വർദ്ധനവ് മനസ്സിലാക്കി. മൂന്നാംതരംഗത്തിൽ വാക്സിനേറ്റഡല്ലാത്ത ജനവിഭാഗമായ കുട്ടികൾക്കായി ജില്ലകളിൽ പീഡിയാട്രിക് ഐ.സി.യു. കിടക്കകൾ സജ്ജമാക്കി. എല്ലാ മെഡിക്കൽ കോളേജുകളിലും പത്ത് കിടക്കകൾ വീതം ഇതിനായി മാറ്റിവയ്ക്കുന്നതിനുള്ള നിർദ്ദേശം 2021 ജൂണിൽ തന്നെ ആരോഗ്യ വകുപ്പ് നൽകുകയുണ്ടായി. ആശുപത്രികളിലെ കിടക്കകളും ഓക്സിജൻ കിടക്കകളും ഐ.സി.യു.-കളും വെന്റിലേറ്റർ സൗകര്യങ്ങളും മരുന്നുകളും ഇതിനായി സജ്ജമാക്കുകയും സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തു. ആശുപത്രികളിലെ തിരക്ക് കുറയ്ക്കുന്നതിനായി ടെലിമെഡിസിൻ സംവിധാനം ഇ-സഞ്ജീവനി വഴി നടപ്പിലാക്കി. മൂന്നാംതരംഗത്തിന്റെ

ഭാഗമായി 2022 ജനുവരി മുതൽ കോവിഡ് പരിശോധനാ സംവിധാനത്തിൽ മാറ്റം വരുത്തുകയും രോഗലക്ഷണമുള്ളവരെയും രോഗം സങ്കീർണ്ണമാകാൻ സാദ്ധ്യതയുള്ളവരെയും പ്രാഥമിക സമ്പർക്ക പട്ടികയിലുൾപ്പെട്ടവരെയും പരിശോധിക്കുകയും രോഗം സ്ഥിരീകരിച്ചിട്ടുള്ളവരിൽ പറയത്തക്ക രോഗലക്ഷണം ഇല്ലാത്തവരെയും ചെറിയ തോതിൽ ലക്ഷണങ്ങളുള്ളവരെയും വീടുകളിൽ തന്നെ നിരീക്ഷിച്ച് ചികിത്സിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും തീവ്രലക്ഷണങ്ങളുള്ളവർക്കും പ്രതിരോധശേഷി കുറഞ്ഞവർക്കും മറ്റ് ദീർഘകാല ജീവിതശൈലീ രോഗങ്ങളുള്ളവർക്കും സ്ഥാപനതല ചികിത്സ ഉറപ്പുവരുത്തുകയും ചെയ്തു. കൂടാതെ വാർഡുതല ദ്രുതകർമ്മസേന ഗൃഹസന്ദർശനം നടത്തി വീടുകളിൽ ചികിത്സയിലുള്ളവർക്ക് ആവശ്യമായ മരുന്നുകളും മറ്റ് സഹായ സഹകരണങ്ങളും നൽകുകയും മാനസികാരോഗ്യ പിന്തുണയ്ക്കുവേണ്ടി കൗൺസലിംഗും സംശയ നിവാരണത്തിനായി ദിശയുടെ സേവനവും ലഭ്യമാക്കി. ഗൃഹനിരീക്ഷണത്തിലിരിക്കുന്നവരിൽ അപായസൂചനകൾ കാണുന്നപക്ഷം ഡി.പി.എം.എസ്.യു. വഴി ചികിത്സാ കേന്ദ്രങ്ങളിലെത്തിച്ച് ആവശ്യമായ വിദഗ്ധ ചികിത്സ ഉറപ്പുവരുത്തുന്നുണ്ട്. കാൻസർ, വൃക്കരോഗം, അവയവ ശസ്ത്രക്രിയയ്ക്ക് വിധേയമായവർ തുടങ്ങിയ പ്രതിരോധശേഷി കുറഞ്ഞ

രോഗികൾക്ക് ചികിത്സയുടെ ഭാഗമായി മോണോക്ലോണൽ ആന്റിബോഡിയുടെ ഉപയോഗം ലഭ്യമാക്കുകയും ചെയ്തു. 2022 ഫെബ്രുവരി 14 വരെ വാക്സിനേഷൻ എടുക്കേണ്ട 18 വയസ്സിനുമുകളിൽ പ്രായമുള്ള ജനസംഖ്യയുടെ 101 ശതമാനം പേർക്ക് ഒന്നാം ഡോസ് വാക്സിനും (26868122), 85 ശതമാനം പേർക്ക് രണ്ടാം ഡോസ് വാക്സിനും (22794810) നൽകി. 15-17 വയസ്സ് വരെയുള്ള ജനസംഖ്യയുടെ 75 ശതമാനം പേർക്ക് ഒന്നാം ഡോസും (1147430), 15 ശതമാനം പേർക്ക് രണ്ടാം ഡോസും (236298) വാക്സിനേഷൻ സംസ്ഥാനം നൽകിയിട്ടുണ്ട്. കൂടാതെ സ്കൂളുകളിൽ വാക്സിൻ നൽകാനുള്ള നടപടി സ്വീകരിക്കുകയും ആരോഗ്യപ്രവർത്തകർ ഉൾപ്പെടെയുള്ള മുന്നണിപോരാളികൾക്ക് മൂന്നാമത്തെ ഡോസ് വാക്സിൻ നൽകിവരികയും ചെയ്യുന്നുണ്ട്. ഡോക്ടർമാർക്ക് ചികിത്സാമാർഗ്ഗങ്ങൾ സംബന്ധിച്ച പരിശീലനവും ആരോഗ്യ സ്ഥാപനങ്ങളിൽ ആരോഗ്യ പ്രവർത്തകർക്കും ആശാവർക്കർമാർ മുതലായ സന്നദ്ധ പ്രവർത്തകർക്കും അണുനശീകരണ പ്രവർത്തനങ്ങളും അതുസംബന്ധിച്ച പരിശീലനങ്ങളും നൽകുകയുണ്ടായി. ഒമിക്രോൺ വ്യാപനം തടയുന്നതിനായി എല്ലാവരും ശരിയായി മാസ്ക് ധരിക്കുന്നതിനും സാമൂഹിക അകലം പാലിക്കുന്നതിനും കൈകൾ ഇടയ്ക്കിടെ സോപ്പ്/സാനിറ്റൈസർ ഉപയോഗിച്ച്

ശുചിയാക്കുന്നതിനും രോഗലക്ഷണമുള്ളവർ പൊതുഇടങ്ങൾ സന്ദർശിക്കാതിരിക്കാനും ഇവർ സ്വയംനിരീക്ഷണത്തിലിരിക്കാനുമുള്ള അവബോധം ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി നൽകി. ഒമിക്രോൺ രോഗസാദ്ധ്യത കൂടുതലുള്ള രാജ്യങ്ങളിൽനിന്നും വരുന്ന എല്ലാ യാത്രക്കാരെയും പരിശോധിച്ച് രോഗം സ്ഥിരീകരിക്കുന്നവരെ പ്രത്യേകം സജ്ജമാക്കിയിട്ടുള്ള ചികിത്സാകേന്ദ്രങ്ങളിലെത്തിച്ച് ആവശ്യമായ ചികിത്സ ഉറപ്പാക്കുകയും ഇവരുമായി സമ്പർക്കം പുലർത്തിയ മറ്റ് യാത്രക്കാരെ കണ്ടെത്തി രോഗലക്ഷണങ്ങളുണ്ടോയെന്ന് നിരീക്ഷിക്കുകയും ടെസ്റ്റ് ചെയ്യുകയും ആവശ്യമായ ചികിത്സ നൽകുകയും ചെയ്തു. കൂടാതെ ഒമിക്രോൺ സാദ്ധ്യത കുറഞ്ഞ രാജ്യങ്ങളിൽനിന്നും വന്നിട്ടുള്ള യാത്രക്കാരിൽ 20 ശതമാനം പേരെ സർക്കാർ ചെലവിൽ റാൻഡമായി പരിശോധിച്ച് രോഗം സ്ഥിരീകരിച്ചവർക്ക് പ്രത്യേക ചികിത്സാ സൗകര്യം ഉറപ്പുവരുത്തുകയും ആർ.റ്റി.പി.സി.ആർ. നെഗറ്റീവ് ആകുന്നതുവരെ ചികിത്സാ കേന്ദ്രങ്ങളിൽ പാർപ്പിക്കുകയും മറ്റുള്ളവരിലേയ്ക്ക് രോഗംപകരുന്നത് തടയുകയും ചെയ്തു. ഒമിക്രോൺ വകഭേദം റിപ്പോർട്ട് ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ (ക്ലസ്റ്റർ) കൂടുതൽ പേർക്ക് രോഗബാധയുണ്ടോയെന്ന് നിരീക്ഷിച്ച് അവിടങ്ങളിൽ ലബോറട്ടറി പരിശോധന ശക്തിപ്പെടുത്തുകയും രോഗം സ്ഥിരീകരിച്ചവരുടെ സാമ്പിളുകൾ

ജനിതക പരിശോധനയ്ക്കായി അയയ്ക്കുകയും ചെയ്തു. ഇപ്രകാരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിലൂടെ ഒമിക്രോൺ മരണങ്ങളൊന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. കോവിഡ് ചികിത്സയ്ക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ എല്ലാ പ്രധാന ആശുപത്രികളിലും (സർക്കാർ/സ്വകാര്യം) സജ്ജമാക്കിയിരുന്നു. ബെഡ്ഡുകളും ഐ.സി.യു./വെന്റിലേറ്റർ സംവിധാനങ്ങളും ഓക്സിജന്റെ ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ മരുന്നുകളും വ്യക്തിഗത സുരക്ഷാസാമഗ്രികളും കെ.എം.എസ്.സി.എൽ. വഴി ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ പ്രധാന ആശുപത്രികളിലും ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ കോവിഡ് കേസുകൾ കുറഞ്ഞിരുന്നപ്പോഴും കേരളത്തിൽ കേസുകൾ വർദ്ധിച്ചുനിന്നിരുന്നു. എന്നാൽ ചികിത്സാ സംവിധാനങ്ങളുടെ കാര്യത്തിലും പൊതുജനാരോഗ്യ സംവിധാനങ്ങളിലും ആരോഗ്യത്തെ സ്വാധീനിക്കുന്ന മറ്റ് സാമൂഹിക ഘടകങ്ങളുടെ കാര്യത്തിലാണെങ്കിലും കേരളം വികസിത രാഷ്ട്രങ്ങളോട് കിടപിടിക്കാവുന്ന തരത്തിലാണ്. കേസുകൾ വർദ്ധിച്ചിരുന്നപ്പോൾപോലും ചികിത്സാ സംവിധാനങ്ങളിലോ ഓക്സിജൻ സംവിധാനങ്ങളിലോ ഒരിക്കലും ഒരുകുറവും ഉണ്ടായിട്ടില്ല. വാക്സിനേഷന്റെ കാര്യത്തിലും കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച്

ഏറെ മുന്നിലാണ്.

(ബി) ഇതിന്റെ ഭാഗമായി ആരോഗ്യകേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് സജ്ജമാക്കിയിരുന്നതെന്ന് അറിയിക്കാമോ?

സർക്കാർ മെഡിക്കൽ കോളേജുകളിൽ 1143 സാധാരണ കിടക്കകളും 409 ഐ.സി.യു. കിടക്കകളും 276 വെന്റിലേറ്ററുകളും കേന്ദ്ര ഓക്സിജൻ വിതരണമുള്ള 1914 കിടക്കകളും ക്രമീകരിച്ചിട്ടുണ്ട്. മറ്റ് സർക്കാർ ആശുപത്രികളിൽ 2378 സാധാരണ കിടക്കകൾ, കേന്ദ്ര ഓക്സിജൻ വിതരണമുള്ള 1983 നോൺ ഐ.സി.യു. കിടക്കകൾ, 520 ഐ.സി.യു. കിടക്കകൾ, 468 വെന്റിലേറ്ററുകൾ എന്നിവ കോവിഡ് ചികിത്സയ്ക്കായി സജ്ജമാക്കിയിട്ടുണ്ട് (2022 ഫെബ്രുവരി 15 വരെ). ഈ വിഭാഗങ്ങളിലെ ഓരോ കിടക്കകളിലേയും ഒക്യുപൻസി ദിവസേന ശ്രദ്ധാപൂർവ്വം നിരീക്ഷിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തിവരുന്നുണ്ട്. ആശുപത്രി സൗകര്യങ്ങൾക്ക് പുറമെ, രോഗലക്ഷണങ്ങളുടെ തീവ്രതയനുസരിച്ച് രോഗികളെ പ്രവേശിപ്പിക്കുന്നതിനായി സി.എസ്.എൽ.റ്റി.സി.-കളും ആവശ്യമെങ്കിൽ ഉപയോഗിക്കുന്നതിനായി സി.എഫ്.എൽ.റ്റി.സി.-കളും ഡൊമിസിലിയറി കെയർ സെന്ററുകളും സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാന ആരോഗ്യ ഏജൻസിയുടെ പൊതു-സ്വകാര്യ പങ്കാളിത്തത്തിന്റെ ഭാഗമായി

സ്വകാര്യ മേഖലയിൽ 25710 സാധാരണ കിടക്കകളും 2453 ഐ.സി.യു. കിടക്കകളും 1211 വെന്റിലേറ്ററുകളും കേന്ദ്ര ഓക്സിജൻ വിതരണമുള്ള 6810 നോൺ ഐ.സി.യു. കിടക്കകളും കോവിഡ്-19 ചികിത്സയ്ക്കായി നീക്കിവച്ചിട്ടുണ്ട്. കുട്ടികൾക്കായി പീഡിയാട്രിക് ഐ.സി.യു. കിടക്കകൾ ഉൾപ്പെടെയുള്ള ഹൈഡിപ്പന്റൻസി യൂണിറ്റുകൾ മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, ജില്ലാശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, താലൂക്കാശുപത്രി എന്നിവിടങ്ങളിൽ സജ്ജമാക്കി. ആശുപത്രികളിലെ തിരക്ക് കുറയ്ക്കുന്നതിന് ടെലിമെഡിസിൻ സംവിധാനം ഇ-സഞ്ജീവനി വഴി കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തുവരുന്നുണ്ട്.

(സി) ആരോഗ്യ പ്രവർത്തകരുടെ സേവനവും സുരക്ഷയും ഉറപ്പുവരുത്തുന്നതിന് നടത്തിയ ക്രമീകരണങ്ങൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കാമോ?

ആരോഗ്യ പ്രവർത്തകരുടെ സേവനവും സുരക്ഷയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ആരോഗ്യ പ്രവർത്തകർക്കാവശ്യമായ പി.പി.ഇ. കിറ്റ്, എൻ-95 മാസ്ക്, ഗ്ലൗസ് എന്നിവ ആശുപത്രികളിൽ ആവശ്യത്തിന് ഉറപ്പാക്കി. അണുബാധ നിയന്ത്രണം സംബന്ധിച്ചും പുതുക്കിയ ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചും പരിശീലനങ്ങളും

തുടർ പരിശീലനങ്ങളും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നടപ്പിലാക്കി. ആരോഗ്യ പ്രവർത്തകർക്ക് കൂടുതൽ രോഗബാധയുണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് മനസ്സിലാക്കി മാനവവിഭവശേഷിയിൽ കുറവ് വരാതിരിക്കാൻ 4971 കരാർ തസ്തികകൾക്ക് സർക്കാർ അനുമതി നൽകുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആരോഗ്യ പ്രവർത്തകർക്ക് മൂന്നാം ഡോസ് (ബൂസ്റ്റർ ഡോസ്) വാക്സിൻ നൽകാൻ തീരുമാനിക്കുകയും 2022 ജനുവരി മാസത്തിൽ അതിനുവേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. ഇത് കൂടാതെ ടെലിമെഡിസിൻ സേവനങ്ങളിലൂടെ ആശുപത്രികളിലെ തിരക്ക് കുറയ്ക്കാൻ വേണ്ട ക്രമീകരണങ്ങൾ നടപ്പിലാക്കുകയും ചെയ്തു. ഗർഭിണികൾ, രണ്ട് വയസ്സിന് താഴെ കുട്ടികളുള്ളവർ, ഗുരുതര അനുബന്ധ രോഗങ്ങളുള്ളവർ എന്നീ ആരോഗ്യപ്രവർത്തകരെ രോഗികളുമായി നേരിട്ട് ഇടപഴകുന്നതിൽനിന്നും മാറ്റി നിർത്തുകയുണ്ടായി.

(ഡി) മൂന്നാം തരംഗത്തിൽ ഒമിക്രോൺ, ഡെൽറ്റ തുടങ്ങിയ വകഭേദങ്ങളുടെ വ്യാപനം തടയുന്നതിനായി സ്വീകരിച്ച പ്രത്യേക കരുതൽ നടപടികൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ?

സംസ്ഥാനത്ത് ഒമിക്രോൺ വ്യാപനമുണ്ടാകാതിരിക്കാൻ ഫലപ്രദമായ ഇടപെടൽ ആരോഗ്യവകുപ്പ് നടത്തുകയുണ്ടായി. ഒമിക്രോൺ രോഗസാദ്ധ്യത കൂടുതലുള്ള രാജ്യങ്ങളിൽനിന്നും വരുന്ന എല്ലായാത്രക്കാരെയും പരിശോധിച്ച് രോഗം സ്ഥിരീകരിക്കുന്നവരെ പ്രത്യേകം സജ്ജമാക്കിയ ചികിത്സാകേന്ദ്രങ്ങളിലെത്തിച്ച് ആവശ്യമായ ചികിത്സ ഉറപ്പാക്കുകയും ഇവരുമായി സമ്പർക്കം പുലർത്തിയ മറ്റ് യാത്രക്കാരെ കണ്ടെത്തി രോഗലക്ഷണങ്ങളുണ്ടോയെന്ന് നിരീക്ഷിക്കുകയും ടെസ്റ്റ് ചെയ്യുകയും ആവശ്യമായ ചികിത്സ നൽകുകയും ചെയ്തു. കൂടാതെ ഒമിക്രോൺ സാദ്ധ്യത കുറഞ്ഞ രാജ്യങ്ങളിൽനിന്നും വന്നിട്ടുള്ള യാത്രക്കാരിൽ 20 ശതമാനം പേരെ സർക്കാർ ചെലവിൽ റാൻഡമായി പരിശോധിച്ച് രോഗം സ്ഥിരീകരിച്ചവർക്ക് പ്രത്യേക ചികിത്സാ സൗകര്യം ഉറപ്പുവരുത്തുകയുണ്ടായി. കേന്ദ്ര സർക്കാർ ഗൈഡ്‌ലൈൻ പ്രകാരം രണ്ട് ശതമാനം പേരെയാണ് ഇപ്രകാരം ടെസ്റ്റ് ചെയ്യാൻ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ കേരളം 20 ശതമാനം പേരെയാണ് ടെസ്റ്റ് ചെയ്തത്. അതുകൊണ്ട് തന്നെ കൂടുതൽ പേരിൽ രോഗം നേരത്തെതന്നെ കണ്ടെത്തി ഫലപ്രദമായി ചികിത്സിക്കാനും മറ്റുള്ളവരിലേയ്ക്ക് രോഗം പകരുന്നത് തടയാനും സാധിച്ചിരുന്നു. രോഗം സ്ഥിരീകരിച്ച എല്ലായാത്രക്കാരുടെയും അവരുമായി

സമ്പർക്കത്തിലുള്ളവരുടെയും സാമ്പിളുകൾ ജനിതക പരിശോധനയ്ക്കായി രാജീവ് ഗാന്ധി സെന്ററിലേയ്ക്ക് അയച്ച് ഒമിക്രോൺ സ്ഥിരീകരിക്കുവാനും സാധിച്ചിരുന്നു. ഇങ്ങനെ സ്ഥിരീകരിക്കുന്നവരെ ആർ.റ്റി.പി.സി.ആർ. നെഗറ്റീവ് ആകുന്നതുവരെ ചികിത്സാകേന്ദ്രങ്ങളിൽതന്നെ പാർപ്പിച്ച് ചികിത്സ ഉറപ്പുവരുത്തിയിരുന്നു. ഇതുകൂടാതെ അഞ്ച് മെഡിക്കൽ കോളേജുകളിലെയും ആറ് ജില്ലാ പബ്ലിക് ഹെൽത്ത് ലാബുകളിലെയും ആർ.റ്റി.പി.സി.ആർ. പോസിറ്റീവ് സാമ്പിളുകൾ 30 എണ്ണം വീതം ഓരോ മാസവും ജനിതക പരിശോധനക്കായി RGCB-യിലേക്ക് അയച്ച് ഒമിക്രോൺ സമൂഹവ്യാപനം ഉണ്ടോയെന്ന് നിരീക്ഷിച്ചിരുന്നു. കൂടാതെ ക്ലസ്റ്ററുകളുണ്ടായിട്ടുള്ള സ്ഥലങ്ങൾ പ്രത്യേകം നിരീക്ഷിച്ച് അത്തരം സാമ്പിളുകളും ജനിതക പരിശോധനയ്ക്ക് അയയ്ക്കുകയുണ്ടായി. കോഴിക്കോട് വി.ആർ.ഡി.എൽ. ലാബിൽ തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽനിന്നുള്ള സാമ്പിളുകളിൽ സ്പൈക് പ്രോട്ടീൻ ടെസ്റ്റ് ചെയ്യാനുള്ള സംവിധാനവും ഒരുക്കുകയുണ്ടായി. ജനിതക പരിശോധന ഇപ്രകാരം തുടർന്നുവരുന്നുണ്ട്. ഒമിക്രോൺ വ്യാപനം തടയുന്നതിനായി ക്വാറന്റൈൻ വ്യവസ്ഥകൾ കർശനമാക്കുകയും രോഗം സ്ഥിരീകരിച്ചവരെ പ്രത്യേക ചികിത്സാകേന്ദ്രങ്ങളിലേക്ക് മാറ്റി വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കുകയും ചെയ്തതിലൂടെ ഒമിക്രോൺമൂലമുള്ള മരണങ്ങളൊന്നും

തന്നെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഡെൽറ്റ വകഭേദം റിപ്പോർട്ട് ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ ക്ലസ്റ്റർ മോണിറ്ററിംഗും ടെസ്റ്റിംഗും ശക്തിപ്പെടുത്തുകയും സാമ്പിളുകൾ ജനിതക പരിശോധനയ്ക്കായി അയയ്ക്കുകയും ചെയ്യുന്നുണ്ട്.

(ഇ) കോവിഡാനന്തര തുടർചികിത്സകൾ നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

കോവിഡ് മുക്തരായ രോഗികളിൽ വിവിധതരം രോഗലക്ഷണങ്ങൾ മാസങ്ങളോളം നീണ്ടുനിൽക്കുന്നതായി റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സംസ്ഥാന ആരോഗ്യവകുപ്പ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ആരംഭിച്ചിട്ടുണ്ട്. ചെറിയ ശാരീരിക ക്ഷീണം മുതൽ ഹൃദ്രോഗങ്ങൾപോലുള്ള മാരകരോഗങ്ങൾ വരെ പോസ്റ്റ് കോവിഡ് രോഗങ്ങളായി പ്രത്യക്ഷപ്പെടാറുണ്ട്. ഇവ കണ്ടെത്തുന്നതിനും ചികിത്സിച്ച് ഭേദമാക്കുന്നതിനും പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആശാപ്രവർത്തകരുടെ സഹായത്തോടെ കോവിഡ് മുക്തരായവരെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലേയ്ക്ക് എത്തിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്തശേഷം നിസ്സാര ലക്ഷണങ്ങളുള്ളവരെ

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ തന്നെ ചികിത്സിക്കുകയും ഗുരുതര ലക്ഷണങ്ങളുള്ളവരെ താലൂക്ക്/ജില്ലാ ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുള്ള സ്പെഷ്യാലിറ്റി പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലേയ്ക്ക് റെഫർ ചെയ്യുകയും ചെയ്യുന്നു. പോസ്റ്റ് കോവിഡ് ലക്ഷണങ്ങളുള്ള രോഗികൾക്കായി ഇ-സഞ്ജീവനി വഴി ടെലികൺസൾട്ടേഷൻ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നാളിതുവരെ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ ജില്ലാശുപത്രി വരെ 1188 ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ക്ലിനിക്കുകളിലൂടെ 04 ഫെബ്രുവരി 2022 വരെ മൂന്നുലക്ഷത്തോളം ആളുകളെ പരിശോധിച്ചിട്ടുണ്ട്. ഈ ക്ലിനിക്കുകൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓഫീസർമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും വിദഗ്ധ ഡോക്ടർമാരുടെ സഹകരണത്തോടെ വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാതലത്തിലും ഉപജില്ലാ തലത്തിലും ആശുപത്രിതലത്തിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

## <u>വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണം</u>

260 (260) <u>ശ്രീ. പി. മമ്മിക്കുട്ടി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈറൽ സാംക്രമിക രോഗങ്ങളുടെ ഗവേഷണം, നിയന്ത്രണം, ചികിത്സ എന്നിവ ലക്ഷ്യമിട്ടുകൊണ്ട് നിർമ്മിക്കാൻ തീരുമാനിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

സാംക്രമിക വൈറസുകളുടെ പഠനത്തിനും ഗവേഷണത്തിനും വിഭാവനം ചെയ്ത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി രണ്ടുഘട്ടങ്ങളിലായാണ് നിർമ്മിക്കുന്നത്, Phase IA & IB. Phase IA-യിൽ ആറ് അത്യാധുനിക ലാബുകളും ഡയഗണോസ്റ്റിക് ഫെസിലിറ്റിയും BSL-III ലാബുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആറ് ഗവേഷണ ലാബുകളുടെയും പ്രവർത്തനത്തിനായി ആവശ്യമായ അത്യാധുനിക ഉപകരണങ്ങളും കെമിക്കലുകളും കിറ്റുകളും സജ്ജമാക്കിയിട്ടുണ്ട്. അതീവ ഗുരുതര സ്വഭാവമുള്ള രോഗങ്ങളുടെ നിർണ്ണയത്തിനുതകുന്ന ഡയഗണോസ്റ്റിക് ഫെസിലിറ്റിയുടെ നിർമ്മാണം ഐ.സി.എം.ആർ. മാനദണ്ഡങ്ങളിൽ പൂർത്തീകരിച്ചുവരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ IB-യുടെ 80000 sq.ft കെട്ടിടം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.)-യുടെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗത്തിൽ പൂർത്തീകരിച്ചുവരുന്നു. 2022 മേയ്

മാസത്തിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കെട്ടിടം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിക്ക് കൈമാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കാൻസർ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ പുതിയതായി നിർമ്മിക്കാൻ ആരംഭിച്ച 14 നില കെട്ടിടത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

റീജിയണൽ കാൻസർ സെന്ററിൽ നിർമ്മാണത്തിലിരിക്കുന്ന 14 നില കെട്ടിടത്തിന്റെ 14 നിലയുടെയും കോൺക്രീറ്റ് ജോലികൾ പൂർത്തിയായി. ഇന്റീരിയർ വർക്കുകളുൾപ്പെടെയുള്ള മറ്റ് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിവരുന്നു. ഇപ്പോഴത്തെ സാഹചര്യത്തിൽ കെട്ടിടം പണി 2022 സെപ്റ്റംബർ മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) റീജിയണൽ കാൻസർ സെന്ററിനെ സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നു; വിശദമാക്കാമോ?

കേന്ദ്ര ആരോഗ്യ മന്ത്രിയായിരുന്ന ഡോക്ടർ ഹർഷവർധൻ 2014 സെപ്റ്റംബർ മാസം ആർ.സി.സി.-യിൽ നടന്ന ചടങ്ങിൽ ആർ.സി.സി.-യെ സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതായി പ്രഖ്യാപിക്കുകയും ഈ പദ്ധതിയിലുൾപ്പെടുത്തി ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റുമായി 104.35 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിലേയ്ക്കായി 5,146.51 ലക്ഷം രൂപ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്ന് ലഭ്യമാകുകയും ഇതുപയോഗിച്ച് നിലവിലുള്ള എക്ലിപ്സ് ട്രീറ്റ്മെന്റ് പ്ലാനിംഗ് സിസ്റ്റത്തിന്റെ നവീകരണം (5.61 കോടി രൂപ), നിലവിലുള്ള ഇലക്ട ലീനിയർ ആക്സിലറേറ്ററിന്റെ നവീകരണം (3.41 കോടി രൂപ) എന്നിവയും കൂടാതെ ഡ്യൂവൽ എനർജി, ഡ്യൂവൽ സോഴ്സ്, സി.റ്റി. സ്കാനർ (12 കോടി രൂപ), പുതിയ ലീനിയർ ആക്സിലറേറ്റർ (14.64 കോടി രൂപ), ട്യൂമർ അബ്ലേഷൻ സിസ്റ്റം (1.99 കോടി രൂപ), സ്ലൈഡ് സ്കാനർ (1.17 കോടി രൂപ) എന്നീ പ്രധാന ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. അത്യാധുനിക സംവിധാനങ്ങളോടുകൂടിയ കാഷ്വാലിറ്റി ഒരു കോടി രൂപ ചെലവിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുണ്ട്. ഇത് കൂടാതെ നെക്സ്റ്റ് ജനറേഷൻ സീക്വൻസിംഗ് സിസ്റ്റം, ഹിപ്പെക് സിസ്റ്റം, ഡിജിറ്റൽ മാമോഗ്രഫി തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിന് പത്ത് കോടി രൂപ

ഈ പദ്ധതിയുടെ സംസ്ഥാന വിഹിതമായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇവ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്.

കൂത്തുപറമ്പ് റീജിയണൽ അനലിറ്റിക്കൽ ആൻഡ് റിസർച്ച് ലബോറട്ടറി

261 (261) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കൂത്തുപറമ്പിൽ പ്രവർത്തിക്കുന്നതും കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലെ ഭക്ഷണവും വെള്ളവും പരിശോധിക്കാൻ കഴിയുന്ന സംവിധാനവുമുള്ള റീജിയണൽ അനലറ്റിക്കൽ ആൻഡ് റിസർച്ച് ലബോറട്ടറിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

കണ്ണൂർ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ഒരു അനലിറ്റിക്കൽ ലാബ് നിർമ്മിക്കുന്നതിനായി സർക്കാരിൽനിന്ന് അനുമതി ലഭിച്ചതിനെത്തുടർന്ന് പാട്യം പഞ്ചായത്തിൽ വലിയവെളിച്ചം എന്ന സ്ഥലത്ത് കെ.എസ്.ഐ.ഡി.സി.-ൽ നിന്ന് പാട്ടത്തിനെടുത്ത ഒരേക്കർ സ്ഥലത്ത് 28-02-2019-ൽ ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ തറക്കല്ലിടുകയുണ്ടായി. 2019-20 സാമ്പത്തിക വർഷത്തിൽ 1.65 കോടി

രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ ഒരുകോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ ഒരുകോടി രൂപയും പ്രസ്തുത ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയെങ്കിലും ടി ലാബിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള ഡി.പി.ആർ. പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാകാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഒരു കോടി രൂപയുടെ ഭരണാനുമതിക്കുള്ള വർക്കിംഗ് ഗ്രൂപ്പിൽ പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗം ലഭ്യമാക്കിയ 10.60 കോടി രൂപയുടെ ഏകദേശ ചെലവ് സംബന്ധിച്ച പ്രാഥമിക എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ ടി എസ്റ്റിമേറ്റ് ഭരണാനുമതിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കാത്തതിനാൽ ഭരണാനുമതി ലഭിച്ചിട്ടില്ല. പ്രസ്തുത ലാബിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ പി.ഡബ്ല്യു.ഡി. നിരക്കിൽ കെട്ടിടം വാടകയ്ക്കെടുത്ത് ലാബിന്റെ പ്രവർത്തനം താൽക്കാലികമായി ആരംഭിച്ചിട്ടുണ്ട്.

(ബി) കൂത്തുപറമ്പ് വലിയവെളിച്ചത്ത് സർക്കാർ അനുവദിച്ച ഒരു ഏക്കർ സ്ഥലത്ത് ലാബിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഫണ്ട്

വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയെന്നും പ്രവൃത്തി എപ്പോൾ തുടങ്ങുമെന്നും വിശദമാക്കുമോ?

2018-19 സാമ്പത്തിക വർഷം 3.30 കോടി രൂപയും 2019-20 സാമ്പത്തിക വർഷം 1.65 കോടി രൂപയും 2020-21 സാമ്പത്തിക വർഷം ഒരു കോടി രൂപയും, 2021-22 സാമ്പത്തിക വർഷം ഒരുകോടി രൂപയും ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പൊതുമരാമത്ത് വകുപ്പ് ഡി.പി.ആർ. ലഭ്യമാക്കുന്ന മുറയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

(സി) പ്രസ്തുത ലബോറട്ടറി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാവുകയെന്ന് വിശദമാക്കുമോ?

പ്രസ്തുത ലബോറട്ടറി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതോടുകൂടി വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഭക്ഷ്യവസ്തുക്കൾ, കുടിവെള്ളം എന്നിവ സമയബന്ധിതമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

<u>ലാബ് ടെക്നീഷ്യൻമാരുടെ തസ്തികകൾ</u>

262 (262) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ലാബുകളിലെ ലാബ് ടെക്നീഷ്യൻമാരുടെ കുറവ് പരിഗണിച്ചുകൊണ്ട് ആർ.ടി.പി.സി.ആർ., ട്രൂനാറ്റ് ടെസ്റ്റുകൾക്ക് സംവിധാനങ്ങളുള്ള ലബോറട്ടറികളിലും ആർദ്രം പദ്ധതി വഴി ആരംഭിച്ച എഫ്.എച്ച്.സി.-കളിലും സ്ഥിരം ടെക്നീഷ്യൻമാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുമോ;

(ബി) ഒരു ലാബ് ടെക്നീഷ്യൻ മാത്രമുള്ള ലബോറട്ടറികളിൽ ഒരു തസ്തികകൂടി അനുവദിച്ചുകൊണ്ട് ലാബുകൾ സ്ഥിരമായി പ്രവർത്തിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

(എ&ബി) നിലവിലെ ആർദ്രം മാനദണ്ഡമനുസരിച്ച് ഓരോ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഓരോ ലാബ് ടെക്നീഷ്യൻ തസ്തികയാണ് നിഷ്കർഷിച്ചിട്ടുള്ളത്. അധികമായി ലാബ് ടെക്നീഷ്യന്റെ സേവനം വേണ്ടിവരുന്ന സാഹചര്യത്തിൽ 23-05-2017-ലെ സ.ഉ. (സാധാ)നം.1683/2017/ത.സ്വ.ഭ.വ. പ്രകാരം കരാർ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയോ ദേശീയ ആരോഗ്യ ദൗത്യം

മുഖേനയോ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മുഖേനയോ സേവനം ലഭ്യമാക്കാവുന്നതാണ്. അധിക തസ്തികകൾ സൃഷ്ടിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

ഇരിക്കൂറിലെ ഐ.സി.ഡി.എസ്. പദ്ധതികൾ

263 (263) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ നിലവിൽ എത്ര ഐ.സി.ഡി.എസ്. പദ്ധതികളാണുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഇരിക്കൂർ മണ്ഡലത്തിൽ നിലവിൽ മൂന്ന് ഐ.സി.ഡി.എസ്. പദ്ധതികളാണുള്ളത്.

1. ഇരിക്കൂർ ഐ.സി.ഡി.എസ്.
2. ഇരിക്കൂർ അഡീഷണൽ ഐ.സി.ഡി.എസ്.
3. തളിപ്പറമ്പ് അഡീഷണൽ 2 ഐ.സി.ഡി.എസ്.

(ബി) ഓരോ പദ്ധതിയിലും എത്ര ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

1. ഇരിക്കൂർ ഐ.സി.ഡി.എസ്. - 5
2. ഇരിക്കൂർ അഡീഷണൽ ഐ.സി.ഡി.എസ്. - 4

3. തളിപ്പറമ്പ് അഡീഷണൽ 2 ഐ.സി.ഡി.എസ്. - 5

(സി) ഐ.സി.ഡി.എസ്. പദ്ധതി, സൂപ്പർവൈസർ തസ്തിക എന്നിവ അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ICDS മാന്വലിന്റെയും കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ രൂപീകരണം നടത്തുന്നത്. ആയതുപ്രകാരം റൂറൽ, അർബൻ ഏരിയകളിൽ 100000 ജനസംഖ്യയ്ക്ക് ഒരു ഐ.സി.ഡി.എസ്. പ്രോജക്ട്, ട്രൈബൽ ഏരിയകളിൽ 35000 ജനസംഖ്യയ്ക്ക് ഒരു ഐ.സി.ഡി.എസ്. പ്രോജക്ട് എന്ന മാനദണ്ഡത്തിലാണ് പ്രോജക്ടുകളുടെ രൂപീകരണം നടത്തുന്നത്. കേന്ദ്ര വനിത-ശിശു-വികസന മന്ത്രാലയത്തിന്റെ 05-06-2014-ലെ നം.1-4/2014-CDI ഉത്തരവുപ്രകാരം 25 അങ്കണവാടികൾക്ക് ഒരു സൂപ്പർവൈസർ എന്നതാണ് സൂപ്പർവൈസർ തസ്തികയുടെ മാനദണ്ഡം.

(ഡി) നിലവിലുള്ള പദ്ധതികളിൽ ഏത് വർഷത്തെ സ്റ്റാഫ് പാറ്റേൺ പ്രകാരമാണ് സൂപ്പർവൈസർ തസ്തികകൾ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര വനിത-ശിശു-വികസന മന്ത്രാലയത്തിന്റെ 05-06-2014-ലെ നം.1-4/2014-CDI ഉത്തരവ് പ്രകാരം സ്റ്റാഫ് പാറ്റേൺ പ്രകാരമാണ് സൂപ്പർവൈസർ തസ്തികകൾ നിശ്ചയിച്ചിട്ടുള്ളത്.

<u>മഞ്ചേശ്വരം സി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം</u>

264 (264) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തത കാരണം മഞ്ചേശ്വരം സി.എച്ച്.സി.-യുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഞ്ചേശ്വരം സി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) സർക്കാരിന്റെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ഒരു റവന്യൂ ബ്ലോക്കിലെ ഒരു സ്ഥാപനത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം റവന്യൂ

ബ്ലോക്കിൽനിന്നും മഞ്ചേശ്വരം സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ആയതിലേക്ക് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 20-03-2020-ലെ സ.ഉ. (സാധ)നം.619/2020/ആ.കു.വ. പ്രകാരം 37.05 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ആരോഗ്യകേരളം വഴി അനുവദിച്ചിട്ടുണ്ട്.

**കണ്ണൂർ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസിൽ ഫാർമസി കോഴ്സുകൾ**

265 (265) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസിൽ ഫാർമസി പ്രാക്ടീസ്, ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി, എം.ഫാം എന്നീ കോഴ്സുകൾ തുടങ്ങുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ കീഴിലുള്ള കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസിൽ ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രിയിലും ഫാർമസി പ്രാക്ടീസിലും എം.ഫാം കോഴ്സ് തുടങ്ങുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച്

വരുന്നു.

<u>കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ സീനിയർ സയന്റിഫിക് ഓഫീസർ തസ്തിക</u>

266 (266) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ബയോകെമിസ്ട്രി വിഭാഗത്തിൽ എത്ര സീനിയർ സയന്റിഫിക് ഓഫീസർ തസ്തിക നിലവിലുണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്രപേർ ജോലി ചെയ്യുന്നു; വിശദമാക്കാമോ?

(എ&ബി) നിലവിൽ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ബയോകെമിസ്ട്രി വിഭാഗത്തിൽ സീനിയർ സയന്റിഫിക് ഓഫീസർ തസ്തിക നിലവിലില്ല.

(സി) പ്രസ്തുത തസ്തിക ഇവിടെനിന്നും മറ്റ് മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്ട്രി) തസ്തിക തൃശ്ശൂർ സർക്കാർ

മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റുന്നതിന് 14-09-2018-ലെ സ.ഉ.(സാധാ) നം.2819/2018/ആ.കു.വ. പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച 04-10-2021-ലെ നം. എച്ച്2/27654/2018/ഡി.എം.ഇ. നടപടിക്രമം പ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജിലെ സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്ട്രി) തസ്തിക തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലേക്ക് മാറ്റിയിട്ടുണ്ട്.

(ഡി) തസ്തികമാറ്റം കോഴിക്കോട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തെ ബാധിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ സർക്കാർ തലത്തിൽ നടപടികൾ പരിശോധിച്ചുവരുന്നു.

## അരുവിപ്പുറം ആയുർവ്വേദ ഡിസ്പെൻസറി

267 (267) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുങ്കടവിള അരുവിപ്പുറം ആയുർവ്വേദ ഡിസ്പെൻസറിയിൽ ഒ.പി. ലെവൽ ട്രീറ്റ്മെന്റ് ആരംഭിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രമേയം ഉൾപ്പെടുത്തി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ

തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്നതും നിരവധി ആളുകൾ ചികിത്സതേടി എത്തുന്നതുമായ അരുവിപ്പുറം ആയുർവ്വേദ ഡിസ്പെൻസറിയിൽ ഒ.പി. ലെവൽ ട്രീറ്റ്മെന്റ് ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ?

(എ &ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അരുവിപ്പുറം സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ ഒ.പി. ലെവൽ ട്രീറ്റ്മെന്റ് ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യം ലഭിക്കുന്നതിലേയ്ക്കായി നാഷണൽ ആയുഷ് മിഷനിലേക്ക് ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. ഫണ്ടും മാനവവിഭവശേഷിയും അനുവദിക്കുന്ന മുറയ്ക്ക് സ്ഥാപനത്തിൽ ഒ.പി. ലെവൽ ട്രീറ്റ്മെന്റ് ആരംഭിക്കുന്നതാണ്.

<u>കാഞ്ഞിരപ്പള്ളിയിൽ ആയുർവ്വേദ ആശുപത്രി</u>

268 (268) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപത് പഞ്ചായത്തുകൾ ഉൾപ്പെടുന്ന കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ കിടത്തി ചികിത്സ ലഭ്യമാക്കാൻ ഉതകുന്ന ആയുർവ്വേദ

ആശുപത്രിയില്ലായെന്നത് കണക്കിലെടുത്ത് പുതിയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) വികസനത്തിന് ആവശ്യമായ സ്ഥലം ലഭ്യമായ ആയുർവ്വേദ ഡിസ്‌പെൻസറികൾ നിലവാരമുയർത്തി ആയുർവ്വേദ ആശുപത്രിയായി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ &ബി) സ്ഥാപനങ്ങളെ ആശുപത്രികളായി അപ്ഗ്രേഡ് ചെയ്യുന്നതിനായി സംസ്ഥാനതല പ്രയോറിറ്റി ലിസ്റ്റ് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ നെടുംകുന്നം ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി പ്രസ്തുത ലിസ്റ്റിലുൾപ്പെട്ടിട്ടുണ്ട്. സ്ഥാപനങ്ങളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

<u>പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജ്</u>

269 (269) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ചതും നടന്നുവരുന്നതുമായ പ്രവൃത്തികൾ

ഏതൊക്കെയാണ്?

പരിയാരം സർക്കാർ ആയുർവ്വേദ കോളേജ് ആശുപത്രിയിലെ അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ചതും നടന്നുവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത കോളേജിൽ പുതിയ പി.ജി. കോഴ്സ് ആരംഭിച്ചതും നിലവിലുള്ള ബാച്ചുകളിൽ കുട്ടികളുടെ വർദ്ധനവും കണക്കിലെടുത്ത് പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അക്കാദമിക് ബ്ലോക്ക് നിർമ്മാണത്തിന് പി.ഡബ്ല്യു.ഡി. സമർപ്പിച്ച 87 കോടി രൂപയുടെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ബഡ്ജറ്റിൽ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി നബാർഡ് മുഖേന ധനസഹായം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഒറിജിനൽ പ്ലാനിൽ മാറ്റം വരുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) സമർപ്പിക്കുമെന്ന് ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

<u>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മരുന്നുവാങ്ങൽ</u>

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

270 (270) <u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. പി. ജെ. ജോസഫ്:</u>
<u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വാങ്ങുന്നതുമായി ബന്ധപ്പെട്ട പരാതികളിന്മേൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തിയ പർച്ചേസുകളുമായി ബന്ധപ്പെട്ട് ധനകാര്യ (ഇൻസ്പെക്ഷൻ) വിഭാഗത്തിന്റെ പരിശോധന നടന്നുവരികയാണ്.

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മെഡിക്കൽ ഉപകരണങ്ങളും മരുന്നുകളും വാങ്ങുന്നതിനും മറ്റെല്ലാ ഇടപാടുകൾക്കും സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ നടപടിക്രമങ്ങൾ, കമ്പനികളുമായിട്ടുള്ള നെഗോസിയേഷൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കിയാണ് സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും കോർപ്പറേഷൻ വാങ്ങുന്നത്. കോർപ്പറേഷന്റെ

കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ മരുന്നുകൾ വാങ്ങുന്നത് 19-06-2012-ലെ സ.ഉ.(കൈ)നം.186/2012/ആ.കു.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ മരുന്ന് കമ്പനികളുമായി നെഗോസിയേഷൻ പൂർത്തീകരിച്ചതിനുശേഷമാണ്.

(സി) കോവിഡ് കാലഘട്ടത്തിൽ വാങ്ങിയ മരുന്നുകളുടെയും മെഡിക്കൽ ഉപകരണങ്ങളുടെയും ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോയെന്നും ഇവ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഓരോ വർഷവും സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽനിന്നും 30 ശതമാനത്തിൽ കുറയാതെ മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. കൂടാതെ കോവിഡ്-19 പ്രതിരോധിക്കുന്നതിനായി വാങ്ങിയ എല്ലാ മെഡിക്കൽ ഉപകരണങ്ങളും ഗുണനിലവാര സമിതി പരിശോധിച്ചവയാണ്. 2020-21 കാലയളവിൽ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങിയതിന്റെ ഓഡിറ്റ് നടന്നുവരുന്നു.

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വാങ്ങിയതിൽ ക്രമക്കേടുകൾ

271 (271) ശ്രീ. നജീബ് കാന്തപുരം:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല.

(ബി) മരുന്നുവാങ്ങലുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ കമ്പ്യൂട്ടർ നെറ്റ്‌വർക്കിൽനിന്നും ഫയലുകൾ മായ്ച്ചുകളഞ്ഞ സംഭവം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫയലുകൾ വീണ്ടെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കമ്പ്യൂട്ടർ നെറ്റ്‌വർക്കിൽനിന്നും ഫയലുകൾ നഷ്ടപ്പെട്ടിട്ടില്ല. എന്നാൽ ലാപ്ടോപ്പിൽനിന്നും ഫയലുകൾ മായ്ച്ചുകളഞ്ഞ സംഭവം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഫയലുകൾ വീണ്ടെടുത്തിട്ടുണ്ട്.

(സി) ഹീമോഫീലിയ മരുന്നുകൾ മോഷ്ടിക്കപ്പെട്ട സംഭവത്തിന് കാരണമായവർക്കെതിരെയും കോവിഡ്കാലമരുന്നുകൾ വാങ്ങിയതിൽ വീഴ്ചവരുത്തിയവർക്കെതിരെയും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഹീമോഫീലിയ മരുന്നുകൾ കാണാതായ സംഭവത്തിൽ സംസ്ഥാന വിജിലൻസ് നടത്തിയ അന്വേഷണത്തിൽ കരാർജീവനക്കാരായിരുന്ന ശ്രീ. സജിത് യു. (ഡെപ്യൂട്ടി മാനേജർ, കാരുണ്യ പർച്ചേസ് വിഭാഗം), ശ്രീമതി ഷെർളി പി.ഡി. (മുൻ ഡിപ്പോ ഇൻചാർജ്) എന്നിവർ ആരോപണ വിധേയരായിരുന്നു. Factor IX ഇനത്തിൽപ്പെട്ട 11 ബോട്ടിൽ മരുന്ന് കാണാതായതുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടമായ 1,25,400/- രൂപ മേൽപരാമർശിച്ചവരിൽനിന്നും ഈടാക്കുന്നതിനും ടി ഉദ്യോഗസ്ഥരുടെ കരാർ വീണ്ടും പുതുക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും ത്വരിതാന്വേഷണ റിപ്പോർട്ടിൽ വിജിലൻസ് ഡയറക്ടർ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ശിപാർശ നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിനുണ്ടായ നഷ്ടമായ 1,25,400/- രൂപ വിഭജിച്ച് 55,790/- രൂപ ശ്രീ. സജിത് യു.-വിന്റെ പക്കൽനിന്നും, 38,874/- രൂപ ശ്രീ. സാൽജി എസ്.-ന്റെ പക്കൽനിന്നും 30,736/- രൂപ ശ്രീമതി ഷെർളിയുടെ പക്കൽനിന്നും ഈടാക്കുന്നതിന് കേരള മെഡിക്കൽ

സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഉത്തരവിട്ടിരുന്നു. അതിൽ ശ്രീ. സജിത് യു., ശ്രീമതി ഷെർളി പി. ഡി. തുടങ്ങിയവർ തുക തിരിച്ചടച്ചിട്ടുള്ളതാണ്. ശ്രീ. സാൽജി എസ്. തുക ഒടുക്കാത്തതിനെത്തുടർന്ന് ടിയാനെതിരെ സ്വീകരിച്ച നടപടിക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വാങ്ങിയതുമായി ബന്ധപ്പെട്ട് ധനകാര്യ (ഇൻസ്പെക്ഷൻ) വിഭാഗത്തിന്റെ പരിശോധന നടന്നുവരുന്നു.

ഹീമോഫീലിയ മരുന്നുകൾ ലഭ്യമാകുന്ന കേന്ദ്രങ്ങൾ

272 (272) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹീമോഫീലിയ മരുന്നുകൾ ലഭ്യമാകുന്ന എത്ര കേന്ദ്രങ്ങൾ നിലവിലുണ്ടെന്നറിയിക്കാമോ; ഹീമോഫിലിയ സൊസൈറ്റി വഴി ഉണ്ടായിരുന്ന മരുന്ന് വിതരണം നിലച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ താലൂക്കാശുപത്രി, ജനറലാശുപത്രി, ജില്ലാശുപത്രി,

മെഡിക്കൽ കോളേജ് തുടങ്ങിയ 69 സർക്കാർ ആശുപത്രികളിൽനിന്നും ഹീമോഫീലിയ മരുന്ന് നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. ഹീമോഫീലിയ സൊസൈറ്റി വഴി ഹീമോഫീലിയ ചികിത്സയ്ക്കുള്ള മരുന്നുകൾ സർക്കാർ വിതരണം ചെയ്യുന്നില്ല. ഇത്തരത്തിലുള്ള മരുന്നുകൾ നിലവിലെ നിയമമനുസരിച്ച് ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറുടെ നിർദ്ദേശപ്രകാരം നിയമപരമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഉപയോഗിക്കേണ്ട മരുന്നുകളാണ്.

(ബി) മരുന്ന് ലഭ്യമാകുന്ന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

മരുന്ന് ലഭ്യമാകുന്ന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ജില്ലകളിൽ ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ, കെ.എം.എസ്.സി.എൽ., ആശാധാര, ജില്ലാ ഡേകെയർ സെന്റർ, നോഡൽ ഓഫീസർ തുടങ്ങിയ ഉന്നതതല കമ്മിറ്റി ജില്ലാതലത്തിൽ തീരുമാനിക്കുന്നതനുസരിച്ച് മറ്റ് ആശുപത്രികളിലും ഹീമോഫീലിയ മരുന്ന് ലഭ്യമാകുന്നതാണ്.

## സംസ്ഥാന ബാലാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ

273 (273) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-

വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി സംസ്ഥാന ബാലാവകാശ കമ്മീഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടുകൂടി പ്രത്യേക സംവിധാനം രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (കമ്മീഷൻസ് ഫോർ ദ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്ട്- സി.പി.സി.ആർ. ആക്റ്റ്) പ്രകാരം രൂപവത്കരിക്കപ്പെട്ട കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 2013 ജൂൺ 3-നാണ് പ്രവർത്തനം ആരംഭിച്ചത്. 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (സി.പി.സി.ആർ. ആക്ട്), സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.റ്റി.ഇ. ആക്ട്), കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്ട്, 2012 (പോക്സോ ആക്ട്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്ട് 2015

എന്നിവ പ്രകാരമുള്ള ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളുമാണ് കമ്മീഷനുള്ളത്. കമ്മീഷൻ മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലത്തിൽ ബാലാവകാശ നിയമങ്ങൾ നടപ്പിലാക്കുന്നതിൽ ലംഘനങ്ങളും പിഴവുകളും ഉണ്ടായാൽ ബാലാവകാശ കമ്മീഷൻ ഇടപെട്ട് ബന്ധപ്പെട്ട അധികാരികൾക്ക് നീതി നടപ്പിലാക്കുന്നതിന് ആവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും നൽകിവരുന്നു.

2. കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി സംസ്ഥാന ബാലാവകാശ കമ്മീഷൻ 'ബാലസൗഹൃദ കേരള'-ത്തിലൂടെ ബാലസുരക്ഷ സമിതികളുടെ ശാക്തീകരണത്തിനായി ബാലനീതി നിയമം മാതൃക ചട്ടം 91 അനുശാസിക്കുന്ന പ്രകാരം എല്ലാ ജില്ലാ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട നിർവ്വാഹകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

3. കുട്ടികൾ അതിക്രമങ്ങൾ നേരിടുന്ന സ്ഥലങ്ങൾ സന്ദർശിക്കുകയും ശിശുസൗഹാർദ്ദപരമായ നടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

4. കേരളത്തിലെ ആദിവാസി മേഖലകൾ സന്ദർശിക്കുകയും കോവിഡ് കാലത്ത് കുട്ടികളുടെ പഠനകാര്യങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

5. കോവിഡാനന്തരം സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി എല്ലാ ജില്ലകളിലേയും വിദ്യാഭ്യാസ വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും ഏകോപനത്തോടുകൂടി യോഗം ചേർന്ന്, കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

6. ലൈംഗികാതിക്രമത്തിൽനിന്ന് അതിജീവിതരായ കുട്ടികൾക്കുള്ള നഷ്ടപരിഹാരം (ആശ്വാസനിധി) സമയബന്ധിതമായി ലഭിക്കുന്നതിനും നിലവിലെ അപര്യാപ്തത പരിഹരിക്കുന്നതിനും നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു.

7. ബാലനീതി നിയമം, പോക്സോ നിയമം, ആർ.റ്റി.ഇ. നിയമം എന്നിവയുടെ നിരീക്ഷണവുമായി ബന്ധപ്പെട്ട് കർത്തവ്യവാഹകരുമായി കൂടിയാലോചനായോഗം സംഘടിപ്പിച്ചുവരുന്നു.

8. കുട്ടികളുമായി ബന്ധപ്പെട്ട കാലാനുസൃതമായ വിഷയങ്ങളിൽ കമ്മീഷൻ ഇടപെടുകയും യോഗങ്ങൾ നടത്തി നടപടികൾ

സ്വീകരിച്ചുവരുകയും ചെയ്തുവരുന്നു.

9. പൊതുജനത്തിനും ഉദ്യോഗതലത്തിലും ബാലനിയമങ്ങൾ സുപരിചതമാക്കുന്നതിനായി ബാലനീതി നിയമം, പോക്സോ നിയമം, കേരളത്തിൽ കുട്ടികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ, സ്കീമുകൾ എന്നിവയുടെ കൈപ്പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ബാലാവകാശ കമ്മീഷന്റെ വാർഷിക വരവ്-ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഓഡിറ്റ് ചെയ്യാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ബാലാവകാശ കമ്മീഷന്റെ വാർഷിക വരവ്-ചെലവ് കണക്കുകൾ അക്കൗണ്ടന്റ് ജനറലാണ് ഓഡിറ്റ് ചെയ്തുവരുന്നത്.

(സി) സംസ്ഥാന ബാലാവകാശ കമ്മീഷൻ രൂപീകരിച്ചതിനുശേഷം ഏതെല്ലാം വർഷങ്ങളിൽ കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വാർഷിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ രൂപീകരിച്ചതിനുശേഷം 2019-2020 വർഷം വരെയുള്ള വാർഷിക റിപ്പോർട്ടുകൾ നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

## ആലപ്പുഴ ജില്ലയിലെ വനിതാ-ശിശു വികസന ഓഫീസ്

274 (274) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വനിതാ-ശിശു വികസന ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. വകുപ്പിന്റെ ജില്ലാതല ആഫീസുകളായ ജില്ലാ വനിതാ-ശിശു-വികസന ആഫീസ്, ജില്ലാ ശിശു-സംരക്ഷണ ആഫീസ്, ജില്ലാതല ഐ.സി.ഡി.എസ്. പ്രോഗ്രാം ആഫീസ് എന്നിവയ്ക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി 15 സെന്റ് സ്ഥലം (Survey no. 135/86, മുല്ലയ്ക്കൽ വില്ലേജ്) കണ്ടെത്തി വകുപ്പിന് കൈമാറുന്നതിന്, ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) വനിതാ-ശിശു വികസന വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിൽ എത്ര ഓഫീസുകളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ?

വനിത-ശിശു-വികസന വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിൽ ആകെ 23 ഓഫീസുകളാണ് നിലവിലുള്ളത്. നാല് ജില്ലാതല ആഫീസുകൾ (ജില്ലാ വനിതാ ശിശു വികസന ആഫീസ്, ജില്ലാ ശിശു സംരക്ഷണ ആഫീസ്, ജില്ലാതല ഐ.സി.ഡി.എസ്. പ്രോഗ്രാം ആഫീസ്, വനിതാ സംരക്ഷണ ആഫീസ്), 15 ഐ.സി.ഡി.എസ്. പ്രോജക്ട് ആഫീസുകൾ, നാല് ക്ഷേമ സ്ഥാപനങ്ങൾ എന്നിവയാണ് നിലവിലുള്ളത്.

(സി) പ്രസ്തുത ഓഫീസുകൾ വാടക കെട്ടിടത്തിൽനിന്നും മാറ്റുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സ്വീകരിക്കും. വകുപ്പിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടി ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

ചിൽഡ്രൻസ് ഹോമിൽനിന്നും കുട്ടികളെ കാണാതായ സംഭവം

275 (275) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളിമാടുകുന്ന് ചിൽഡ്രൻസ് ഹോമിൽനിന്നും പെൺകുട്ടികളെ കാണാതായ സംഭവത്തിൽ വകുപ്പുതല അന്വേഷണം

നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ സംഭവത്തിന് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് വെള്ളിമാടുകുന്ന് ചിൽഡ്രൻസ് ഹോമിൽനിന്നും പെൺകുട്ടികളെ കാണാതായ സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ട്. കോഴിക്കോട് ഗേൾസ് ഹോം സൂപ്രണ്ടിനെ അന്വേഷണ വിധേയമായി സ്ഥലം മാറ്റി. കോഴിക്കോട് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന പ്രൊട്ടക്ഷൻ ഓഫീസർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ദിവസവേതന കെയർടേക്കറെ സ്ഥാപനത്തിൽനിന്നും പിരിച്ചുവിട്ടു.

(ബി) ചുറ്റുമതിൽ തകർന്നതിനാൽ സുരക്ഷിതമല്ലാത്ത ചിൽഡ്രൻസ് ഹോമിന് സുരക്ഷാ സംവിധാനം ഒരുക്കണമെന്ന സി.ഡബ്ല്യൂ.സി.-യുടെ നിർദ്ദേശം ഒരു വർഷത്തിലധികമായി നടപ്പാക്കാതെ പോയതിന് കാരണം വ്യക്തമാക്കുമോ?

ഇത്തരത്തിൽ ഒരു നിർദ്ദേശം സി.ഡബ്ല്യൂ.സി.-യിൽനിന്ന് ലഭിച്ചിട്ടില്ല. കോഴിക്കോട് ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് ഉൾപ്പെടെ

16-ഓളം സ്ഥാപനങ്ങൾ വെള്ളിമാടുകുന്ന് കോംപ്ലക്സിൽ പ്രവർത്തിക്കുന്നുണ്ട്. കോംപ്ലക്സിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ സുരക്ഷയ്ക്കായി ചുറ്റുമതിലും മെയിൻ ഗേറ്റിൽ വാച്ച്മാനുമുണ്ട്. കോഴിക്കോട് ഗേൾസ് ഹോമിന് മാത്രമായി അധിക സുരക്ഷാസംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ആവശ്യകത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സ്ഥാപനത്തിന്റെ സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി സി.സി.ടി.വി. ക്യാമറകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനായി കെൽട്രോണിന്റെ 4,19,641/- രൂപയുടെ എസ്റ്റിമേറ്റ് സ്ഥാപന സൂപ്രണ്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

<u>കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ അങ്കണവാടി നിർമ്മാണം</u>

276 (276) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത-ശിശു വികസന വകുപ്പ് കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഉഴവൂർ-മാഞ്ഞൂർ പഞ്ചായത്ത് രണ്ട്, ഒൻപത് വാർഡുകളിലെ അങ്കണവാടി നിർമ്മാണത്തിനുവേണ്ടി മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം വിട്ടുനൽകുന്നതിനായുള്ള വ്യക്തമായ റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിൽ

ഉണ്ടായിരിക്കുന്ന കാലതാമസം വിശദീകരിക്കാമോ?

ഉണ്ട്.

(ബി) 30-10-2021-ൽ വനിതാ ശിശുവികസന വകുപ്പ് ബി1/224/2021 പ്രകാരം സർക്കാർ നൽകിയ കത്തിന് മറുപടി നൽകാൻ ഡയറക്ടറേറ്റിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ട് ജില്ലാ ഓഫീസിൽ നിന്നും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കാമോ?

30-10-2021-ലെ ബി1/224/2021 പ്രകാരമുള്ള സർക്കാർ കത്ത് ഡയറക്ടറേറ്റിൽ ലഭ്യമായത് 10-11-2021-നാണ്. ടി വിഷയത്തിന് ആധാരമായ വിവര ശേഖരണം ഉഴവൂർ ശിശു വികസന പദ്ധതി ഓഫീസർ മുഖാന്തരം നടത്തി, ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14-02-2022-ലെ ICDS/B5-18566/2021 നമ്പർ കത്ത് പ്രകാരമാണ് സർക്കാരിൽ റിപ്പോർട്ട് ലഭ്യമായത്. ടി വിഷയത്തിൽ ജില്ലാ ഓഫീസറിൽ നിന്ന് റിപ്പോർട്ടുകളൊന്നും ആവശ്യപ്പെട്ടിട്ടില്ല.

(സി) ഒരു റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിലേയ്ക്കായി ഡയറക്ടറേറ്റിലും ജില്ലാ ഓഫീസിലുമായി നാല് മാസത്തെ സമയമെടുക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

വിവരശേഖരണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനാവശ്യമായ കാലതാമസമാണ് ഉണ്ടായിട്ടുള്ളത്.

ദത്ത് വിവാദത്തിന്മേലുള്ള അന്വേഷണ റിപ്പോർട്ട്

277 (277) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ശിശുക്ഷേമ സമിതി കേന്ദ്രീകരിച്ച് നടന്ന ദത്ത് വിവാദത്തിൽ വകുപ്പദ്ധ്യക്ഷയുടെ തലത്തിൽ നടത്തിയ അന്വേഷണത്തിന്മേലുള്ള റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

റിപ്പോർട്ടിലെ ചില ഭാഗങ്ങൾ ബാലനീതി നിയമം 2015-ലെ സെക്ഷൻ 74(1), അഡോപ്ഷൻ റെഗുലേഷൻ 2017 സെക്ഷൻ 45 വ്യവസ്ഥകൾ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നതിന് നിയമപരമായ വിലക്കുള്ളതിനാലും ആരോപണം ഉന്നയിച്ചിരിക്കുന്നവരും ആരോപണത്തിന് വിധേയരായവരുടേയും തികച്ചും വ്യക്തിപരമായ വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുന്നതിനാലും റിപ്പോർട്ടിലെ ശിപാർശയിന്മേൽ തുടർനടപടികൾ നടന്നുവരുന്നതിനാലും റിപ്പോർട്ടിന്റെ പകർപ്പ് തൽക്കാലം നൽകാൻ സാധിക്കില്ല. നിയമപരമായ തുടർനടപടികൾ പൂർത്തീകരിച്ചശേഷം പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ശിശു ക്ഷേമ സമിതിയുടെ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതവും സുതാര്യവും കുറ്റമറ്റതും ആക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള മറ്റ് വിഷയങ്ങളിന്മേൽ അന്വേഷണം നടത്തുന്നതിന് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

കോവിഡ് -19 വാക്സിനേഷൻ

278 (278) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ കോവിഡ്-19 എത്ര പേരിലാണ് സ്ഥിരീകരിച്ചിട്ടുള്ളത്; ഏജ് ഗ്രൂപ്പ് തിരിച്ച് ശതമാനക്കണക്ക് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

2022 ഫെബ്രുവരി 14-ാം തീയതി വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 6416372 പേർക്കാണ് കോവിഡ് സ്ഥിരീകരിച്ചത്. ഏജ് ഗ്രൂപ്പ് തിരിച്ചുള്ള ശതമാനക്കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്ത് വാക്സിനേഷൻ സ്വീകരിച്ച മുതിർന്നവരുടെയും കുട്ടികളുടെയും എണ്ണവും ശതമാനക്കണക്കും ലഭ്യമാക്കാമോ?

14-02-2022 വരെ വിവിധ പ്രായക്കാർക്കുള്ള കോവിഡ് വാക്സിനേഷൻ കവറേജ് ചുവടെ ചേർത്തിരിക്കുന്നു.

1. 15-17 വയസ്സുവരെ പ്രായമുള്ളവരിൽ 1147430 (75 ശതമാനവും) പേർ ഒന്നാം ഡോസും 236298 പേർ (15 ശതമാനവും) രണ്ടാം ഡോസും വാക്സിൻ സ്വീകരിച്ചിട്ടുണ്ട്.

2. 18 വയസ്സിന് മുകളിലുള്ളവരിൽ 26868122 പേർ (101 ശതമാനവും) ഒന്നാം ഡോസും 22794810 പേർ (85 ശതമാനവും) രണ്ടാം ഡോസും 813035 പേർ (43 ശതമാനവും of the eligible) മുൻകരുതൽ ഡോസായും വാക്സിൻ സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ കോവിഡ് രോഗികളിൽ കോവിഡാനന്തര രോഗം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇത്തരം ആളുകളുടെ വിവരശേഖരണം നടത്തിയിട്ടില്ലെങ്കിൽ ഇവ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തൃശ്ശൂർ മെഡിക്കൽ കോളേജിൽ കോവിഡ് രോഗികളിൽ കോവിഡാനന്തര രോഗം സംബന്ധിച്ച് Persistence of Symptoms after

Acute Covid-19 infection- An experience From A Tertiary Care Centre in South Asia എന്ന പഠനം നടത്തിയിട്ടുണ്ട്. കോവിഡ് ബാധിച്ച് 28 ദിവസങ്ങൾക്കുശേഷമുള്ള കോവിഡാനന്തര രോഗത്തെ സംബന്ധിച്ചാണ് പഠനം നടത്തിയത്. തിരുവനന്തപുരം, കോട്ടയം, കൊല്ലം മെഡിക്കൽ കോളേജുകളിൽ പഠനം നടന്നുവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിലെ മൂന്ന് ഡോക്ടർമാർ ഇതുസംബന്ധിച്ച് പഠനം നടത്തുന്നു. പി.ജി. വിദ്യാർത്ഥികളുടെ തീസിസിന്റെ ഭാഗമായി കോവിഡാനന്തര രോഗത്തെ സംബന്ധിച്ച് പഠനം നടക്കുന്നുണ്ട്. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പോസ്റ്റ് കോവിഡ് സിൻഡ്രോമിന് ചികിത്സ തേടുന്ന രോഗികളുടെ പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും പഠിക്കുന്നതിനായി രണ്ട് ഗവേഷണ പ്രവർത്തനങ്ങൾക്ക് അനുമതി തേടിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ ഒരു അദ്ധ്യാപിക വ്യക്തിഗതമായി കോവിഡാനന്തര രോഗലക്ഷണങ്ങളെക്കുറിച്ച് പഠനം നടത്തുന്നുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ച് കൃത്യമായി പ്രവർത്തിച്ചുവരുന്നു. ഡിസ്ചാർജ്ജായ കോവിഡ് രോഗികൾക്ക് വിശദമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കുന്നുണ്ട്. എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെട്ടാലോ, ഇല്ലെങ്കിലോ

രണ്ടാഴ്ചയാകുമ്പോൾ പോസ്റ്റ്കോവിഡ് ക്ലിനിക്കിലെത്തി ചെക്കപ്പ് നടത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും പോസ്റ്റ് കോവിഡ് ക്ലിനിക്ക് ഒ.പി. പ്രവർത്തിക്കുന്നതാണ്. എന്തെങ്കിലും ബുദ്ധിമുട്ടുകൾ കണ്ടുപിടിക്കുന്ന രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ ഉറപ്പുവരുത്തുന്നുണ്ട്. പോസ്റ്റ് കോവിഡ് ഒ.പി.-യിൽ കണ്ട ഒരു രോഗിക്ക് എന്തെങ്കിലും കോംപ്ലിക്കേഷൻ സങ്കീർണ്ണമായി കണ്ടെത്തിയാൽ ഉടൻതന്നെ അത് സ്പെഷ്യാലിറ്റിയുടെ സഹായത്തോടെ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കാവുന്നതാണ്. മെഡിക്കൽ കോളേജിലെ എല്ലാ വിഭാഗങ്ങളിലും പ്രത്യേകിച്ച് മെഡിസിൻ, കാർഡിയോളജി, റെസ്പിറേറ്ററി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ എല്ലാ സൗകര്യങ്ങളും ആവശ്യാനുസരണം ഇതിനായി ഉപയോഗപ്പെടുത്തിവരുന്നു.

## സുഭിക്ഷ ഹോട്ടൽ പദ്ധതി

279 (279) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജകമണ്ഡലത്തിലും സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച സുഭിക്ഷ ഹോട്ടൽ പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം ലഭ്യമാക്കുക വഴി പട്ടിണി നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ 2017-ൽ ആലപ്പുഴ ജില്ലയിലാണ് സുഭിക്ഷ പദ്ധതി ആരംഭിച്ചത്. ഈ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 20 രൂപയ്ക്ക് ഭക്ഷണം വിതരണം ചെയ്യുന്ന സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചു. തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ ഒന്നും ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിൽ രണ്ട് വീതവും സുഭിക്ഷ ഹോട്ടലുകൾ നിലവിലുണ്ട്. സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഒന്നാം വാർഷികത്തോടനുബന്ധിച്ച് സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ലഭ്യമായ പ്രൊപ്പോസലുകൾ പരിശോധിച്ച് പദ്ധതിക്ക് അനുമതി നൽകുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലകളിലും സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിന് ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് പ്രൊപ്പോസലുകൾ ലഭ്യമാക്കാൻ ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) തിരുവമ്പാടി മണ്ഡലത്തിൽ പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്ത കേന്ദ്രങ്ങൾ ഏതൊക്കെയാണെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

നിലവിൽ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

അമ്പലപ്പുഴ മണ്ഡലത്തിലെ മുൻഗണനാ റേഷൻ കാർഡ്

280 (280) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് ഡിജിറ്റൽ റേഷൻ കാർഡ് നൽകുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച് ATM Card വലിപ്പത്തിലുള്ള സ്മാർട്ട് റേഷൻ കാർഡ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

(ബി) മുൻഗണനാറേഷൻ കാർഡ് ലഭിക്കുന്നതിനായി അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ച ആകെ അപേക്ഷകൾ, അനുവദിച്ചവ, നിരസിച്ചവ, ഇനിയും തീരുമാനമെടുക്കാത്തവ എന്നിവയുടെ ഇനം തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ?

ആകെ ലഭിച്ച അപേക്ഷകൾ - 1818

അനുവദിച്ചവ - 263

നിരസിച്ചവ - 69

ഹിയറിംഗ് നടത്തി പട്ടിക തയ്യാറാക്കിയവ -1486

(സി) അർഹരായ മുഴുവൻ പേർക്കും മുൻഗണനാറേഷൻ കാർഡ് നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; 2022 മാർച്ച് മാസത്തിന് മുൻപ് ഈ അപേക്ഷകർക്ക് എല്ലാം മുൻഗണനാ റേഷൻ കാർഡ് നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗങ്ങളാണ് മുൻഗണനാപട്ടികയിൽ ഉൾപ്പെട്ടുവരുന്നത്. എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിനായുള്ള കേന്ദ്ര മാനദണ്ഡങ്ങളും പി.എച്ച്.എച്ച്. വിഭാഗത്തെ കണ്ടെത്തുന്നതിനായി 18-09-2017-ലെ സ.ഉ.(സാധാ)നം.320/2017/ഭ.പൊ.വി.വ. പ്രകാരമുള്ള സംസ്ഥാന മാനദണ്ഡങ്ങളും നിലവിലുണ്ട്. പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായവരെ കണ്ടെത്തി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 15480040 ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ

തദ്ദേശസ്വയംഭരണം, മോട്ടോർവാഹനം തുടങ്ങിയ വകുപ്പുകളിൽനിന്നുള്ള ഡാറ്റായുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിവരുന്നു. എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കിയും ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻകാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കിയും എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗത്തിൽപ്പെട്ട കാർഡുകളുടെ അർഹത പുന:പരിശോധിച്ചും അനർഹരെ കണ്ടെത്തി വരുന്നുണ്ട്. റേഷൻ ഭക്ഷ്യധാന്യങ്ങൾ ആവശ്യമില്ലാത്ത കാർഡുടമകൾക്ക് അവരുടെ റേഷൻ വിഹിതം ആറ് മാസകാലയളവിലേയ്ക്ക് ഉപേക്ഷിക്കാവുന്ന Give-up പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ളവരിൽ എ.എ.വൈ./മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുടമകൾ ഉണ്ടെങ്കിൽ ടി കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളും തുടർന്നുവരുന്നു. ഇതിനുപുറമേ എ.എ.വൈ., മുൻഗണനാ റേഷൻകാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം നൽകിയത് പ്രകാരം 11587 എ.എ.വൈ. കാർഡുകളും 74626 പി.എച്ച്.എച്ച്. കാർഡുകളും 55974

എൻ.പി.എസ്. കാർഡുകളും സ്വമേധയാ സറണ്ടർ ചെയ്യുകയുണ്ടായി. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കുന്നതിനായി 9495998223 എന്ന ഫോൺ നമ്പർ പരസ്യപ്പെടുത്തുകയും വിവരം നൽകുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരം രഹസ്യമായി സൂക്ഷിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയശേഷം ഏകദേശം 6.67 ലക്ഷം മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

## അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡ്

281 (281) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനപട്ടികയ്ക്ക് അർഹതയുള്ള നിരവധി കുടുംബങ്ങളുടെ റേഷൻ കാർഡ് എ.പി.എൽ. വിഭാഗത്തിൽ തെറ്റായി ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത്തരത്തിൽ എ.പി.എൽ. കാർഡിനെ ബി.പി.എൽ. ആക്കാൻ പത്തനംതിട്ട ജില്ലയിൽനിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന്

നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം ബി.പി.എൽ. ആക്കി നൽകിയിട്ടുണ്ട്; ശേഷിക്കുന്നവ എന്നത്തേയ്ക്ക് ബി.പി.എൽ. കാർഡാക്കി നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) മുൻഗണനാവിഭാഗത്തിലേക്ക് മാറ്റുന്നതിന് പത്തനംതിട്ട ജില്ലയിൽ ലഭിച്ച അപേക്ഷകളുടെ എണ്ണവും ആയതിൽ മുൻഗണനാവിഭാഗത്തിലേക്ക് മാറ്റിയ കാർഡുകളുടെ എണ്ണവും നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു.

| നിയോജകമണ്ഡലം | ലഭ്യമായ അപേക്ഷകൾ | മുൻഗണനാവിഭാഗത്തിലേക്ക് മാറ്റിയ കാർഡുകളുടെ എണ്ണം |
|---|---|---|
| ആറൻമുള | 1266 | 832 |
| റാന്നി | 1164 | 1066 |
| അടൂർ | 1592 | 524 |
| കോന്നി | 1665 | 1011 |
| തിരുവല്ല | 2148 | 1299 |
| ആകെ | 7835 | 4732 |

കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മുൻഗണനാ ഒഴിവുകളുടെ എണ്ണം പരിമിതമായതിനാൽ പട്ടികയിലുൾപ്പെട്ട അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് പ്രസ്തുത വിഭാഗത്തിൽ അർഹരായവരെ ഉൾപ്പെടുത്തിവരുന്നു.

<u>റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റത്തിലെ പിഴവുകൾ</u>

282 (282) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (RCMS)-ൽ ഡാറ്റാ എൻട്രി വരുത്തിയപ്പോൾ നിരവധി തെറ്റുകൾ കടന്നുകൂടിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പിശകുകൾ തിരുത്തുന്നതിന് കാർഡുടമകൾക്ക് എന്തെങ്കിലും അവസരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(എ&ബി) ഉണ്ട്. റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് കാർഡുടമകൾ സമർപ്പിച്ചിരുന്ന അപേക്ഷാ ഫോറത്തിലെ വിവരങ്ങളനുസരിച്ചാണ് ഡാറ്റാ എൻട്രി നടത്തിയത്. അക്ഷയ വഴിയോ സിറ്റിസൺ ലോഗിൻ വഴിയോ ഓൺലൈനായി റേഷൻകാർഡുമായി ബന്ധപ്പെട്ട തെറ്റുകൾ തിരുത്തുന്നതിനും പുതിയ വിവരങ്ങൾ ചേർക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കുന്നതിന് സാധിക്കുന്നതാണ്. റേഷൻ കാർഡിൽ എന്തെങ്കിലും തെറ്റുകളുള്ളപക്ഷം അവ തിരുത്തുന്നതിനായി 15-11-2021 മുതൽ 15-12-2021 വരെ റേഷൻകടകളിൽ സ്ഥാപിച്ചിരുന്ന Drop Box മുഖേന അപേക്ഷ നൽകുന്നതിന് 'തെളിമ' എന്ന പേരിൽ ഒരു പദ്ധതിയും നടപ്പാക്കിയിരുന്നു. എല്ലാ വർഷവും നവംബർ 15

മുതൽ ഡിസംബർ 15 വരെ ഈ പദ്ധതി നടത്തുന്നതാണ്.

മുൻഗണനാവിഭാഗത്തിൽ ഉൾപ്പെട്ടവരുടെ കണക്ക്

283 (283) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ മുൻഗണനേതര വിഭാഗത്തിലുൾപ്പെട്ടിട്ടുള്ളതും എന്നാൽ മുമ്പ് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടതുമായ അർഹതയുള്ള എത്ര ഗുണഭോക്താക്കൾ മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

541 ഗുണഭോക്താക്കൾ.

(ബി) കാസർഗോഡ് ജില്ലയിൽ 2020-21 വർഷങ്ങളിൽ എത്രപേരെ മുൻഗണനാവിഭാഗത്തിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന വിവരം തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ; വിശദമാക്കാമോ?

7137 പേർ. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

എ.പി.എൽ. കാർഡിൽനിന്നും ബി.പി.എൽ. കാർഡിലേക്കുള്ള മാറ്റം

284 (284) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എ.പി.എൽ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി മാറ്റുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിന് തീർപ്പ് കല്പിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

(എ&ബി) അനുബന്ധമായി ചേർക്കുന്നു+.

(സി) ഒരു കുടുംബത്തിൽ ഒന്നിൽകൂടുതൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുണ്ടെങ്കിൽ അവരെ ബി.പി.എൽ. ആയി പരിഗണിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

പരിശോധിച്ചുവരുന്നു. മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയുന്ന അംഗങ്ങളുടെ എണ്ണം പരിമിതമായതിനാൽ എല്ലാ ഭിന്നശേഷിക്കാരേയും മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യമുണ്ട്.

<u>ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ റേഷൻ കാർഡുകൾ</u>

285 (285) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിലും ഒരു നഗരസഭയിലുമായി നിലവിൽ എത്ര റേഷൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഡ് ഉടമകളുണ്ടെന്നും അതിൽ എത്ര കാർഡുകൾ മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുന്നുവെന്നും തരംതിരിച്ച് വ്യക്തമാക്കാമോ?

നിലവിലെ റേഷൻ കാർഡുകൾ - 88283

മുൻഗണനാറേഷൻ കാർഡുകൾ - 33194.

(ബി) പ്രസ്തുത പട്ടിക പ്രകാരം എ.പി.എൽ. വിഭാഗത്തിൽനിന്നും ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റാനായി നൽകിയ എത്ര അപേക്ഷകൾ ഇനിയും തീർപ്പുകൽപ്പിക്കാതെയുണ്ടെന്ന് വ്യക്തമാക്കാമോ; അപേക്ഷകൾ അടിയന്തരമായി തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

27 അപേക്ഷകൾ ഇനി തീർപ്പുകൽപ്പിക്കാനുണ്ട്. അവശേഷിക്കുന്ന അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

എ.പി.എൽ. കാർഡുമാറ്റം

286 (286) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി മാറ്റിനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര അപേക്ഷകളുണ്ടെന്ന് വിശദമാക്കാമോ?

12325 അപേക്ഷകൾ.

(ബി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് സമയബന്ധിതമായി തീർപ്പുകല്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകളിൽ അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുപ്പതോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോരിറ്റി പ്രകാരം മുൻഗണന വിഭാഗത്തിലുൾപ്പെടുത്തി വരുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മുൻഗണനാ ഒഴിവുകളുടെ എണ്ണം പരിമിതമായതിനാൽ ലിസ്റ്റിലെ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നുവരുന്നു. എന്നാൽ അടിയന്തര ചികിത്സ ആവശ്യമുള്ള മുൻഗണനാ കാർഡിന് അർഹതയുള്ളവർക്ക് ഉടൻതന്നെ മുൻഗണനാ കാർഡ് നൽകിവരുന്നു.

<u>റേഷൻ കാർഡുകളുമായി ലിങ്ക് ചെയ്ത ഗുണഭോക്താക്കൾ</u>

287 (287) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ റേഷൻ കാർഡുകളുമായി ലിങ്ക് ചെയ്ത ഗുണഭോക്താക്കളുടെ മൊബൈൽ നമ്പറുകളിലേയ്ക്ക് പ്രതിമാസ ഭക്ഷ്യ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ച അറിയിപ്പ് കൃത്യമായി ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

നിലവിൽ 92 ലക്ഷം റേഷൻകാർഡ് ഉപഭോക്താക്കൾക്ക് Bulk SMS അയയ്ക്കുന്നതിൽ സാങ്കേതികമായ തടസ്സം നേരിടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിന് സി-ഡാക്ക്-ന്റെ ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തിവരുന്നു. റേഷൻ സാധനങ്ങൾ വാങ്ങിയതിനുശേഷമുള്ള ബില്ല് സംബന്ധിച്ചുള്ള വിവരങ്ങളും ബാക്കി വാങ്ങാനുള്ള ഭക്ഷ്യധാന്യങ്ങളുടെ വിവരങ്ങളും ഒ.ടി.പി. തുടങ്ങിയ സേവനങ്ങളും ഉപഭോക്താക്കളുടെ വ്യക്തിഗത മൊബൈൽ നമ്പറിലേയ്ക്ക് എസ്.എം.എസ്. ആയി നൽകിവരുന്നുണ്ട്. ആയതിൽ ഒരു തടസ്സവും നേരിടുന്നില്ല.

## മുൻഗണനാ റേഷൻകാർഡ്

288 (288) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ റേഷൻ കാർഡുകൾ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ലഭ്യമാക്കുന്നതിനും അനർഹരായ കുടുംബങ്ങളെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ദേശീയ ഭക്ഷ്യഭദ്രതാനിയമം, 2013 പ്രകാരം എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗങ്ങളാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടുവരുന്നത്. എ.എ.വൈ. കണ്ടെത്തുന്നതിനായുള്ള കേന്ദ്ര മാനദണ്ഡങ്ങളുടെയും പി.എച്ച്.എച്ച്. വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള സംസ്ഥാന മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ അർഹരായവരെ കണ്ടെത്തി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 15480040 ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്. എന്നാൽ സംസ്ഥാനത്തിന് അനുവദിച്ച മുൻഗണനാ വിഭാഗം അംഗങ്ങളുടെ എണ്ണം പരിമിതമായതിനാൽ അർഹരായ എല്ലാകുടുംബങ്ങൾക്കും മുൻഗണനാറേഷൻ കാർഡുകൾ നൽകാൻ കഴിയില്ല. പട്ടികയിലുൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിനായി തദ്ദേശസ്വയംഭരണ, മോട്ടോർവാഹന വകുപ്പുകളിൽനിന്നുള്ള ഡാറ്റായുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തിയും എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള തുടർച്ചയായി

മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കിയും ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻകാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കിയും എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗത്തിൽപ്പെട്ട കാർഡുകളുടെ അർഹത പുന:പരിശോധിച്ചും അനർഹരെ കണ്ടെത്തിവരുന്നുണ്ട്. 17-06-2021-ലെ സർക്കാർ ഉത്തരവ് 252/2021/ഭ.പൊ.വി.വ. പ്രകാരം അനർഹമായി മുൻഗണനാ റേഷൻ കാർഡ് കൈവശം വച്ചിരുന്നവർക്ക് പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് അവസരം നൽകിയിരുന്നു. അനർഹമായി മുൻഗണനാ കാർഡ് കൈവശം വയ്ക്കുന്നവരുടെ വിവരം 9495998223 എന്ന ഫോൺ നമ്പറിൽ നൽകുന്നതിനായി പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകുകയും വിവരം നൽകുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരം രഹസ്യമായി സൂക്ഷിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. റേഷൻ ഭക്ഷ്യധാന്യങ്ങൾ ആവശ്യമില്ലാത്ത കാർഡുടമകൾക്ക് അവരുടെ റേഷൻ വിഹിതം ആറ് മാസകാലയളവിലേയ്ക്ക് ഉപേക്ഷിക്കാവുന്ന Give-up പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ള എ.എ.വൈ./മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുടമകളെ കണ്ടെത്തി മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റുന്നുണ്ട്.

(ബി) എങ്കിൽ പുതുക്കാട് മണ്ഡലത്തിൽപ്പെട്ടതും തൃശ്ശൂർ, മുകുന്ദപുരം,

ചാലക്കുടി സപ്ലൈ ഓഫീസുകൾക്ക് കീഴിലുള്ളതുമായ എത്ര കുടുംബങ്ങൾക്ക് 2021-22 കാലയളവിൽ മുൻഗണനാകാർഡ് അനുവദിച്ചുവെന്നും എത്ര അനർഹരായ കുടുംബങ്ങളെ ഒഴിവാക്കിയെന്നും പഞ്ചായത്ത് തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | താലൂക്ക് | പഞ്ചായത്ത് | മുൻഗണന കാർഡ് അനുവദിച്ചത് | അനർഹരായ കുടുംബങ്ങളെ ഒഴിവാക്കിയത് |
|---|---|---|---|---|
| 1 | തൃശ്ശൂർ | വല്ലച്ചിറ | 63 | 0 |
| 2 | മുകുന്ദപുരം | നെന്മണിക്കര | 128 | 74 |
| | | തൃക്കൂർ | 113 | 51 |
| | | അളഗപ്പ നഗർ | 98 | 67 |
| | | പുതുക്കാട് | 169 | 113 |
| | | പറപ്പൂക്കര | 134 | 67 |
| 3 | ചാലക്കുടി | വരന്തരപ്പിള്ളി | 110 | 119 |
| | | മറ്റത്തൂർ | 134 | 145 |
| ആകെ | | | 949 | 636 |

എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് റേഷൻ ഷോപ്പ് ലൈസൻസ്

289 (289) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്;

ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

13968 റേഷൻ ഷോപ്പുകൾ. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) റേഷൻ ഷോപ്പ് ലൈസൻസ് അനുവദിക്കുന്നതിന് എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് സംവരണം നടപ്പിലാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ന്റെ ഖണ്ഡിക 33(1) പ്രകാരം റേഷൻ കട ലൈസൻസി നിയമനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് യഥാക്രമം എട്ട് ശതമാനം, രണ്ട് ശതമാനം എന്ന രീതിയിൽ സംവരണം നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ഓരോ ജില്ലയിലുമുള്ള റേഷൻ കടകളുടെ ആകെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ, മേൽപ്പറഞ്ഞ സംവരണ വിഭാഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി, ഒരു വിഭാഗത്തിനും സംവരണ ആനുകൂല്യം നഷ്ടം വരാതെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും കെ.റ്റി.പി.ഡി.എസ്. (കൺട്രോൾ) ഓർഡർ, 2021-ന് മുമ്പും ശേഷവും ഉണ്ടായ ഒഴിവുകളിൽ സംവരണ വിഭാഗങ്ങളിലെ ക്വാട്ട നികത്തിയതിനുശേഷം മാത്രമെ പൊതുവിഭാഗങ്ങളിൽനിന്നും വിജ്ഞാപനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിക്കാവൂവെന്ന് ഖണ്ഡിക 33(2)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നിരിക്കെ സംവരണ ഒഴിവുകൾ പൂർണ്ണമായും നികത്തിയതിനുശേഷം പൊതുവിഭാഗം ഉൾപ്പെടെയുള്ള ഒരു വിഭാഗത്തിനും അവസര നഷ്ടം ഉണ്ടാകാതിരിക്കുന്നതിനായി പി.എസ്.സി. നിയമന രീതിക്ക് സമാനമായ റൊട്ടേഷൻ ചാർട്ടിനനുസൃതമായി ലൈസൻസി നിയമനം നടത്തുന്നതിന് 06-12-2021-ലെ സ.ഉ.(കൈ)നം.35/2021/ഭ.പൊ.വി.വ. പ്രകാരം (അനുബന്ധമായി ചേർക്കുന്നു)+ പൊതുവിതരണ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ലൈസൻസി നിയമനത്തിന് ജില്ലാതലത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റേഷൻ ഷോപ്പ് അനുവദിക്കുന്നതിന് എസ്.സി./എസ്.റ്റി. സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ എ.ആർ.ഡി. 258-മായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലവിലുണ്ട്.

<u>പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്ക് റേഷൻകടകളുടെ ഉടമസ്ഥാവകാശം</u>

290 (290) <u>ശ്രീ. എ. സി. മെയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റേഷൻ കടകളുടെ ഉടമസ്ഥാവകാശത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രാതിനിധ്യം നൽകുന്നതിനായി ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കെ.റ്റി.പി.ഡി.എസ്. (കൺട്രോൾ) ഓർഡർ, 2021-ന്റെ ഖണ്ഡിക 33(1) പ്രകാരം റേഷൻ കട ലൈസൻസി നിയമനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് യഥാക്രമം എട്ട് ശതമാനം, രണ്ട് ശതമാനം എന്ന രീതിയിൽ സംവരണം നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ഓരോ ജില്ലയിലുമുള്ള റേഷൻ കടകളുടെ ആകെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ സംവരണ വിഭാഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി, ഒരു വിഭാഗത്തിനും സംവരണാനുകൂല്യം നഷ്ടം വരാതെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ന് മുമ്പും ശേഷവും ഉണ്ടായ ഒഴിവുകളിൽ സംവരണ വിഭാഗങ്ങളിലെ ക്വാട്ട നികത്തിയതിനുശേഷം മാത്രമെ പൊതുവിഭാഗങ്ങളിൽനിന്നും വിജ്ഞാപനം സ്വീകരിക്കാവൂവെന്ന് ഖണ്ഡിക 33(2)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംവരണ ഒഴിവുകൾ പൂർണ്ണമായും നികത്തിയതിനുശേഷം പൊതുവിഭാഗം

ഉൾപ്പെടെയുള്ള ഒരു വിഭാഗത്തിനും അവസര നഷ്ടം ഉണ്ടാകാതിരിക്കുന്നതിനായി പി.എസ്.സി. നിയമന രീതിക്ക് സമാനമായ റൊട്ടേഷൻ ചാർട്ടിനനുസൃതമായി ലൈസൻസി നിയമനം നടത്തുന്നതിന് 06-12-2021-ലെ സ.ഉ.(കൈ)നം.35/2021/ഭ.പൊ.വി.വ. പ്രകാരം (അനുബന്ധമായി ചേർക്കുന്നു)+ പൊതുവിതരണ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈസൻസി നിയമനത്തിന് ജില്ലാതലത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പുതിയ റേഷൻ കടകൾ

291 (291) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി റേഷൻ കടകൾ അനുവദിക്കുന്നതിന് തീരുമാനച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിക്കാൻ ഉദ്ദേശിക്കുന്ന റേഷൻ കടകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം 11 പുതിയ റേഷൻകടകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഏതെങ്കിലും പ്രദേശത്ത് റേഷൻകടകളില്ലാത്തതിനാലും തൊട്ടടുത്ത റേഷൻകടകളുടെ നിലനിൽപ്പിനെ ബാധിക്കാത്തവിധം ഒരു റേഷൻ കടയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിധം മിനിമം റേഷൻകാർഡുകൾ കണ്ടെത്തി പുതിയ റേഷൻ കടയ്ക്കായി ലഭ്യമാകുന്ന അപേക്ഷ ജില്ലാ സപ്ലൈ ആഫീസർ പരിശോധിച്ച് പരിഗണനാർഹമാണെങ്കിൽ, സാക്ഷ്യപ്പെടുത്തിയ സ്കെച്ചും പ്ലാനും സഹിതമുള്ള ജില്ലാകളക്ടറുടെ പ്രൊപ്പോസൽ സിവിൽ സപ്ലൈസ് കമ്മീഷണർ മുഖാന്തരം ലഭ്യമാക്കി, പരിശോധിച്ച് കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ലെ വ്യവസ്ഥകൾ പാലിച്ച് പുതിയ കടയ്ക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി സ്വീകരിക്കുന്നു. അനന്തരാവകാശികൾ ഇല്ലാത്തതും പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തി സ്ഥിരമായി റദ്ദ് ചെയ്തതുമായ 599 റേഷൻ ഡിപ്പോകളുടെ ലൈസൻസി നിയമനത്തിനായി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ താല്ക്കാലികമായി സസ്പെന്റ് ചെയ്ത റേഷൻ ഡിപ്പോകൾ സംബന്ധിച്ച വിഷയം തീർപ്പാക്കുന്നതിനായി എല്ലാജില്ലകളിലും അദാലത്ത് സംഘടിപ്പിക്കുകയും സ്ഥിരമായി റദ്ദ് ചെയ്യപ്പെട്ട 135 റേഷൻ ഡിപ്പോകളുടെ ലൈസൻസി നിയമനം വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(ബി) ചവറ നിയോജകമണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിൽ എത്ര റേഷൻ കടകളാണ് അനുവദിക്കുന്നതെന്ന് അറിയിക്കുമോ?

ചവറ നിയോജകമണ്ഡലത്തിലെ പന്മന പഞ്ചായത്തിൽ മേൽപ്പറഞ്ഞ പ്രകാരം ഒരു ഡിപ്പോയ്ക്ക് പുതിയ ലൈസൻസിയെ നിയമിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.

<u>ഇരിക്കൂർ മണ്ഡലത്തിൽ പുതിയ റേഷൻ ഷോപ്പുകൾ</u>

292 (292) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ ഷോപ്പുകൾ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

1. ചപ്പാരക്കടവ്

2. കോട്ടൂർ വയൽ

(ബി) പുതിയ റേഷൻ ഷോപ്പുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

ഏതെങ്കിലും പ്രദേശത്ത് റേഷൻ കടകളില്ലാത്തതിനാലും തൊട്ടടുത്ത റേഷൻ കടകളുടെ നിലനിൽപ്പിനെ ബാധിക്കാത്തവിധം ഒരു റേഷൻ കടയുടെ സുഗമമായ നടത്തിപ്പിനാവശ്യമായവിധം മിനിമം റേഷൻ

കാർഡുകൾ കണ്ടെത്തി പുതിയ റേഷൻ കടയ്ക്കായി ലഭ്യമാകുന്ന അപേക്ഷ ജില്ലാ സപ്ലൈ ആഫീസർ പരിശോധിച്ച് പരിഗണനാർഹമാണെങ്കിൽ, സാക്ഷ്യപ്പെടുത്തിയ സ്കെച്ചും പ്ലാനും സഹിതമുള്ള ജില്ലാകളക്ടറുടെ പ്രൊപ്പോസൽ സിവിൽ സപ്ലൈസ് കമ്മീഷണർ മുഖാന്തരം ലഭ്യമാക്കി, പരിശോധിച്ച് കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ലെ വ്യവസ്ഥകൾ പാലിച്ച് പുതിയ കടയ്ക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി സ്വീകരിക്കുന്നു.

## ഇ-പോസ് സംവിധാനത്തിലെ പോരായ്മകൾ

293 (293) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പോസ് സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് കാലതാമസം വന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംവിധാനം തയാറാക്കിയ ഏജൻസിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രശ്നപരിഹാരത്തിനായി പ്രസ്തുത ഏജൻസിക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെയും തുടർന്ന് എജൻസി നടത്തിയ ഇടപെടലുകളും സംബന്ധിച്ച രേഖകൾ നൽകാമോ?

(എ-സി) ഇ-പോസ് സംവിധാനത്തിൽ തകരാറൊന്നും തന്നെ സംഭവിച്ചിട്ടില്ല. എന്നാൽ 2022 ജനുവരി 8 മുതൽ 12 വരെ തീയതികളിൽ റേഷൻ വിതരണത്തിലുണ്ടായ കാലതാമസം 12-01-2022 ഉച്ചയ്ക്കുശേഷം പരിഹരിക്കുകയുണ്ടായി. പി.ഡി.എസ്. സെർവറിൽ സൂക്ഷിച്ചിട്ടുള്ള കഴിഞ്ഞ മൂന്ന് വർഷത്തെ വിതരണം സംബന്ധിച്ചുള്ള ഡാറ്റാ സുരക്ഷിതമായി മറ്റൊരു സെർവറിലെയ്ക്ക് മാറ്റുന്നതിലുണ്ടായ സാങ്കേതിക പ്രശ്നങ്ങൾ കൊണ്ടാണ് വിതരണത്തിൽ തടസം നേരിട്ടത്. സാങ്കേതിക തടസങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് NIC ടീം, IT മിഷൻ, UIDAI എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ കഴിഞ്ഞ മൂന്ന് വർഷം നടത്തിയിട്ടുള്ള റേഷൻ വിതരണത്തിന്റെ ഡേറ്റ മറ്റൊരു സെർവറിലേയ്ക്കുമാറ്റി പ്രശ്നം പരിഹരിച്ചിട്ടുണ്ട്. NIC ഹൈദരാബാദ് (AePDS) ടീമാണ് റേഷൻ വിതരണത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നത്. ഇ-പോസ് മെഷീൻ സപ്ലൈ ചെയ്തിരിക്കുന്നത് Linkwell Telesystems Pvt Ltd. എന്ന കമ്പനിയാണ്. ഫോൺ, ഇ-മെയിൽ മുഖാന്തരമാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്.

## മട്ടന്നൂർ മണ്ഡലത്തിലെ പുതിയ മാവേലി സ്റ്റോറുകൾ

294 (294) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ കൈതേരി, കീഴല്ലൂർ എന്നിവിടങ്ങളിൽ പുതുതായി അനുവദിച്ച മാവേലി സ്റ്റോറുകളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

മട്ടന്നൂർ മണ്ഡലത്തിലെ കൈതേരി കീഴല്ലൂർ എന്നിവിടങ്ങളിലെ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ലഭ്യമായ പ്രൊപ്പോസൽ അനുയോജ്യമായ കെട്ടിട സൗകര്യം കണ്ടെത്തി നൽകേണ്ടതിനായി ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചതിൽ കൈതേരിയിൽ നിർദ്ദിഷ്ട കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നുണ്ട്. കീഴല്ലൂരിൽ അനുയോജ്യമായ കെട്ടിട സൗകര്യം ഇതുവരെ ലഭ്യമായിട്ടില്ല. അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമായാൽ അവിടത്തെ വിപണന സാദ്ധ്യത പരിശോധിച്ച് പ്രവർത്തന നഷ്ടം പരമാവധി കുറയ്ക്കുന്നതിനുള്ള സാദ്ധ്യതയും ജീവനക്കാരുടെ ലഭ്യതയും കൂടി ഉറപ്പുവരുത്തി ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ കടകൾക്കായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; അപേക്ഷകരുടെ വിശദാംശങ്ങൾ

ലഭ്യമാക്കാമോ;

(സി) അപേക്ഷകൾ പരിഗണിച്ച് പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻകടകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടില്ല.

## നിലമ്പൂർ മണ്ഡലത്തിലെ റേഷൻ കടകൾ

295 (295) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകളുടെ ലൈസൻസുകളാണ് റദ്ദായിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ?

| ക്രമ നം. | എ.ആർ.ഡി. നം. | പഞ്ചായത്ത് |
|---|---|---|
| 1 | 12 (രാജി വച്ചത്) | നിലമ്പൂർ മുനിസിപ്പാലിറ്റി |
| 2 | 207 (രാജി വച്ചത്) | " |
| 3 | 49 (അനന്തരാവകാശ നിയമനം) | എടക്കര |
| 4 | 102 (രാജി വച്ചത്) | പോത്തുകല്ല് |
| 5 | 169 (അനന്തരാവകാശ നിയമനം) | പോത്തുകല്ല് |
| 6 | 170 (അനന്തരാവകാശ നിയമനം) | വഴിക്കടവ് |
| 7 | 184 (രാജി വച്ചത്) | ചുങ്കത്തറ |

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകളാണ് മറ്റ് റേഷൻ കടകളുമായി അറ്റാച്ച് ചെയ്തിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ?

| ക്രമ നം. | റദ്ദ് ചെയ്ത എ.ആർ.ഡി. നം. | അറ്റാച്ച് ചെയ്ത കടകൾ | പഞ്ചായത്ത് |
|---|---|---|---|
| 1 | 12 (രാജി വച്ചത്) | 186 | നിലമ്പൂർ മുനിസിപ്പാലിറ്റി |
| 2 | 207 (രാജി വച്ചത്) | 161 | " |
| 3 | 49 (അനന്തരാവകാശ നിയമനം) | 94 | എടക്കര |
| 4 | 102 (രാജി വച്ചത്) | 61 | പോത്തുകല്ല് |
| 5 | 169 (അനന്തരാവകാശ നിയമനം) | 40 | പോത്തുകല്ല് |
| 6 | 170 (അനന്തരാവകാശ നിയമനം) | 80 | വഴിക്കടവ് |
| 7 | 184 (രാജി വച്ചത്) | 104 | ചുങ്കത്തറ |

(സി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ റദ്ദാക്കിയതും അറ്റാച്ച് ചെയ്തിട്ടുള്ളതുമായ റേഷൻ കടകൾ പുനഃസ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിനായുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

06-01-2022-ന് മലപ്പുറത്തുവച്ചുനടന്ന അദാലത്തിൽ 49, 169, 170 എന്നീ കടകൾ അനന്തരാവകാശ നിയമനത്തിന് രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് നൽകുന്നതിന് തീരുമാനിക്കുകയും 12, 102, 184, 207 എന്നീ നമ്പർ കടകൾ വിജ്ഞാപനത്തിനായി നിർദ്ദേശിച്ചിട്ടുമുണ്ട്.

(ഡി) പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഉണ്ട്. ഏതെങ്കിലും പ്രദേശത്ത് റേഷൻ കടകളില്ലാത്തതിനാലും തൊട്ടടുത്ത റേഷൻ കടകളുടെ നിലനിൽപ്പിനെ ബാധിക്കാത്തവിധം ഒരു റേഷൻ കടയുടെ സുഗമമായ നടത്തിപ്പിനാവശ്യമായവിധം മിനിമം റേഷൻ കാർഡുകൾ കണ്ടെത്തി പുതിയ റേഷൻ കടയ്ക്കായി ലഭ്യമാകുന്ന അപേക്ഷ ജില്ലാ സപ്ലൈ ആഫീസർ പരിശോധിച്ച് പരിഗണനാർഹമാണെങ്കിൽ, സാക്ഷ്യപ്പെടുത്തിയ സ്കെച്ചും പ്ലാനും സഹിതമുള്ള ജില്ലാകളക്ടറുടെ പ്രൊപ്പോസൽ സിവിൽ സപ്ലൈസ് കമ്മീഷണർ മുഖാന്തരം ലഭ്യമാക്കി, പരിശോധിച്ച് കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ലെ വ്യവസ്ഥകൾ പാലിച്ച് പുതിയ കടയ്ക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി സ്വീകരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽവന്നശേഷം നാളിതുവരെ 11 റേഷൻകടകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

<u>റേഷൻ വിതരണം</u>

296 (296) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ റേഷൻ വിതരണത്തിന് തടസ്സം നേരിട്ടുവരുന്നുണ്ടോ?

ഇല്ല.

(ബി) റേഷൻ അരിയിൽ കുത്തരികൂടി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ജില്ലയിലെ മുഴുവൻ ഉപഭോക്താക്കൾക്കും കുത്തരി ലഭ്യമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

2021 ഡിസംബർ മുതൽ കാസർഗോഡ് ജില്ലയിൽ കുത്തരി വിതരണം ചെയ്തുവരുന്നുണ്ട്. ജില്ലയിലെ മുഴുവൻ ഉപഭോക്താക്കൾക്കും ലഭ്യതയ്ക്കനുസരിച്ച് കുത്തരിവിതരണം നടത്തുന്നുണ്ട്.

## ഇ-പോസ് യന്ത്രങ്ങളുടെ സെർവർ തകരാർ

297 (297) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-പോസ് യന്ത്രങ്ങളുടെ സെർവർ തകരാറിനെ തുടർന്ന് റേഷൻ വിതരണം മുടങ്ങിയതിനാൽ റേഷൻ കടകൾ അടച്ചിടേണ്ടി വന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് റേഷൻ കടകളിൽ ഉപയോഗിച്ച് വരുന്ന ഇ-പോസ്

യന്ത്രങ്ങളുടെ സെർവറിലുണ്ടായ താൽക്കാലിക തടസ്സംമൂലം റേഷൻ കടകൾ പൂർണ്ണമായി അടച്ചിടേണ്ടി വന്നിട്ടില്ലെങ്കിലും 13-01-2022 മുതൽ 25-01-2022 വരെ ഏഴ് ജില്ലകൾ രാവിലെയും ബാക്കിയുള്ള ഏഴ് ജില്ലകൾ ഉച്ചയ്ക്കുശേഷവും എന്ന രീതിയിൽ വിതരണം ക്രമീകരിച്ചിരുന്നു.

(ബി) റേഷൻ വിതരണം നിലച്ചതിനാൽ സാധാരണക്കാർക്കുണ്ടായ പ്രയാസങ്ങൾ തരണം ചെയ്യാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് റേഷൻ വ്യാപാരികൾ ആവശ്യപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കാമോ?

ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത താൽക്കാലിക തടസ്സമുണ്ടായ ജനുവരി മാസം, തൊട്ടുമുമ്പുള്ള മൂന്ന് മാസത്തേക്കാളും കൂടുതൽ കാർഡുടമകൾ റേഷൻ വാങ്ങിയിട്ടുണ്ട്.

(സി) സെർവർ തകരാറുകൾക്ക് ശാശ്വത പരിഹാരം കണ്ടെത്തി റേഷൻ മുടങ്ങാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സെർവറിന് സ്ഥിരമായ ഒരു തകരാറും നിലവിലില്ല. സാങ്കേതിക തടസങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് എൻ.ഐ.സി. ടീം, ഐ.ടി. മിഷൻ, UIDAI എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പി.ഡി.എസ്. സെർവറിൽ

സൂക്ഷിച്ചിട്ടുള്ള കഴിഞ്ഞ മൂന്ന് വർഷത്തെ വിതരണം സംബന്ധിച്ചുള്ള ഡാറ്റാ സുരക്ഷിതമായി മറ്റൊരു സെർവറിലെയ്ക്ക് മാറ്റി പ്രശ്നം പരിഹരിച്ചിട്ടുണ്ട്. ഓൺലൈൻ സംവിധാനം നിലനിൽക്കുന്ന മേഖലകളിലുണ്ടാകുന്ന സ്വാഭാവിക തടസ്സങ്ങൾ മാത്രമെ ഇവിടെയും ഉണ്ടായിട്ടുള്ളൂ.

<u>റേഷൻ വിതരണവുമായി ബന്ധപ്പെട്ട സാങ്കേതിക തകരാർ</u>

298 (298) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വിതരണവുമായി ബന്ധപ്പെട്ട് അടിക്കടിയുണ്ടാകുന്ന സാങ്കേതിക തകരാർ എന്തുകൊണ്ടാണ് സംഭവിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ റേഷൻ വിതരണവുമായി ബന്ധപ്പെട്ട് കാര്യമായ സാങ്കേതിക തകരാറൊന്നും തന്നെ നിലനിൽക്കുന്നില്ല. റേഷൻ വിതരണം ആധാർ അധിഷ്ഠിതമായിട്ടുള്ള Biometric Authentication-ലൂടെ നടത്തുന്നതിനാൽ മറ്റ് ഏജൻസികളുടെ സഹായവും അത്യന്താപേക്ഷിതമാണ്. Aadhaar Authentication സാദ്ധ്യമാകുന്നതിന് പി.ഡി.എസ്. സെർവർ കൂടാതെ രാജ്യത്തിന്റെ പലഭാഗത്തായി സ്ഥിതി

ചെയ്യുന്ന മറ്റ് മൂന്ന് സെർവറുകൾകൂടി ഒരേസമയത്ത് കാര്യക്ഷമമായി പ്രവർത്തിച്ചാൽ മാത്രമെ റേഷൻ വിതരണം തടസ്സം കൂടാതെ നടക്കുകയുള്ളൂ. എന്നാൽ കുറച്ച് സമയം downtime ഉണ്ടാകുമ്പോൾ റേഷൻ വിതരണത്തിൽ ചെറിയ തോതിൽ കാലതാമസം ഉണ്ടാകാറുണ്ട്. എന്നാൽ വിതരണം മൊത്തമായി മുടങ്ങുന്ന സ്ഥിതിവിശേഷം ഉണ്ടാകാറില്ല. ഇത്തരത്തിൽ ഉണ്ടാകുന്ന ചെറിയ തടസ്സംപോലും പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇത്തരം സാങ്കേതിക തടസ്സങ്ങൾ സ്ഥായിയായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സാങ്കേതിക തടസ്സങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് എൻ.ഐ.സി. ടീം, ഐ.ടി. മിഷൻ, UIDAI എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പി.ഡി.എസ്. സെർവറിൽ സൂക്ഷിച്ചിട്ടുള്ള കഴിഞ്ഞ മൂന്ന് വർഷത്തെ വിതരണം സംബന്ധിച്ചുള്ള ഡാറ്റാ സുരക്ഷിതമായി മറ്റൊരു സെർവറിലെയ്ക്ക് മാറ്റി പ്രശ്നം പരിഹരിച്ചിട്ടുണ്ട്.

(സി) നിലവിൽ റേഷൻ കടയിലെ ഇ-പോസ് മെഷീന്റെ എന്തെങ്കിലും തകരാർ കൊണ്ടാണോ ഇത്തരം തടസ്സങ്ങൾ ഉണ്ടാകുന്നതെന്ന്

വ്യക്തമാക്കാമോ?

ഇ-പോസ് മെഷീനിലെ തകരാർ കാരണം റേഷൻ വിതരണം തടസ്സപ്പെട്ടിട്ടില്ല. എന്നാൽ ചില റേഷൻ കടകളിലെ ഇ-പോസ് മെഷീനിൽ ഉപയോഗിക്കുന്ന സിംകാർഡിന് വേണ്ടത്ര നെറ്റ്‌വർക്ക് ക്ഷമതയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

ആധാർ അധിഷ്ഠിത പൊതുവിതരണ സമ്പ്രദായം

299 (299) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ അധിഷ്ഠിത പൊതുവിതരണ സമ്പ്രദായത്തിൽ സംസ്ഥാനത്ത് റേഷൻ ഉപഭോക്താക്കൾക്ക് ആധാർ എടുത്തിട്ടില്ലെന്ന കാരണത്താൽ അർഹമായ റേഷൻ നിഷേധിക്കപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) റേഷൻ കാർഡിലുൾപ്പെട്ട മുഴുവൻ അംഗങ്ങളുടെയും വിവരങ്ങൾ ആധാറുമായി ബന്ധിപ്പിക്കണമെന്ന കർശന നിർദ്ദേശം പൊതുവിതരണ വകുപ്പ് നല്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം റേഷൻ കാർഡിലുൾപ്പെട്ട

എല്ലാ അംഗങ്ങളുടേയും ആധാർ നമ്പറുകൾ റേഷൻ കാർഡുമായി ബന്ധിപ്പിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ച് 97 ശതമാനം കാർഡുകളിൽ ആധാർ സീഡിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ ആധാർ എടുത്തിട്ടില്ല/ബന്ധിപ്പിച്ചിട്ടില്ല എന്ന കാരണത്താൽ റേഷൻ നിഷേധിച്ചിട്ടില്ല.

(സി) റേഷൻ കാർഡിലെ അംഗങ്ങളുടെ വിവരങ്ങൾ ആധാറുമായി ബന്ധിപ്പിച്ചിരിക്കണമെന്ന വ്യവസ്ഥയിൽനിന്ന് ഏതെങ്കിലും വിഭാഗത്തെയോ വിഭാഗങ്ങളെയോ ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

റേഷൻ കാർഡിൽ പ്രവാസിയായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് കാർഡുമായി ആധാർ ബന്ധിപ്പിക്കുക എന്നത് നിർബന്ധമല്ല. കൂടാതെ ശാരീരികമോ മാനസികമോ ആയ പ്രശ്നങ്ങളാലോ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നൊഴിഞ്ഞ് ഉൾവനങ്ങളിൽ താമസിക്കുന്നുവെന്ന കാരണത്താലോ ആധാർ എടുക്കുന്നതിന് സാധിക്കാത്തവരെയും ഇതിൽനിന്നും ഒഴിവാക്കുകയും ഇവർക്കായി ഒരു Aadhaar Exemption Module RCMS-ൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## കോവിഡ് കാലത്തെ ഭക്ഷ്യ-ധാന്യ വിതരണം

300 (300) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എ. രാജ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ മൂന്നാം തരംഗം രൂക്ഷമായ സമയത്തടക്കം സംസ്ഥാനത്തെ ഭക്ഷ്യ-ധാന്യ വിതരണം വളരെ ഫലപ്രദമായ രീതിയിൽ നടത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

റേഷൻ കടകൾ വഴി എല്ലാവിഭാഗം കാർഡുകൾക്കും പ്രതിമാസ വിഹിതത്തിനുപുറമെ കേന്ദ്രസർക്കാർ PMGKAY പദ്ധതി പ്രകാരം NFSA കാർഡുകളിലെ ആളൊന്നിന് അധികമായി അനുവദിച്ചിട്ടുള്ള അഞ്ച് കിലോ ഭക്ഷ്യധാന്യം സൗജന്യമായും വിതരണം നടത്തിവരുന്നു. വിതരണത്തിനുള്ള എല്ലാ സ്റ്റോക്കുകളും വാതിൽപ്പടിയിൽ പരമാവധി മുൻകൂറായി എത്തിക്കുകയും വിതരണം സുഗമമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സപ്ലൈകോ വിൽപ്പനശാലകൾ വഴി അത്യാവശ്യ സാധനങ്ങളുടെ വിതരണവും നടത്തിവരുന്നു.

(ബി) സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം ആധുനീകരിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

റേഷൻ കടകളുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി സപ്ലൈകോ വഴി വിൽപ്പന നടത്തുന്ന 13 ഇനം സബ്സിഡി സാധനങ്ങളായ

ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, തുവരപ്പരിപ്പ്, വറ്റൽ മുളക്, മല്ലി, പഞ്ചസാര, ജയ അരി, കുറുവ അരി, മാവേലി പച്ചരി, മാവേലി മട്ട അരി, വെളിച്ചെണ്ണ എന്നിവ റേഷൻ കടകൾ വഴി വിതരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമെ മിനി അക്ഷയ സെന്ററുകൾ, 5,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുവാനുതകുന്ന രീതിയിലുള്ള ബാങ്കിംഗ് സേവനങ്ങൾ എന്നിവ ആരംഭിക്കാനും മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉൽപ്പന്നങ്ങൾ കൂടി റേഷൻ കടകൾ വഴി വിൽപ്പന നടത്താനും ഉദ്ദേശിക്കുന്നുണ്ട്.

(സി) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ വിവിധ ഗോഡൗണുകളിൽനിന്നും എടുക്കുന്ന ധാന്യങ്ങളുടെ അളവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഓരോ മാസവും വിതരണത്തിനുമുമ്പ് എഫ്.സി.ഐ.-യിൽനിന്ന് അലോട്ട് ചെയ്യുന്ന സ്റ്റോക്ക് എഫ്.സി.ഐ. അധികാരികളുടെ സാന്നിദ്ധ്യത്തിൽ ജില്ലാ സപ്ലൈ ആഫീസർ/റീജിയണൽ മാനേജർ, സപ്ലൈകോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ച് ലോട്ട് മാർക്ക് ചെയ്യുന്നുണ്ട്. ഇപ്രകാരം എഫ്.സി.ഐ.-യിലേയും സപ്ലൈകോയിലെയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങൾ

പരിശോധന നടത്തി Weigh Bridge-ൽ തൂക്കിയശേഷമാണ് എഫ്.സി.ഐ.-യിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് ഗോഡൗണുകളിൽ എത്തുന്നത്. ആയത് നിരീക്ഷിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ എഫ്.സി.ഐ.-യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 17-12-2021-ന് സിവിൽ സപ്ലൈസ് കമ്മീഷണറും എഫ്.സി.ഐ. ജനറൽ മാനേജറും ചേർന്ന് ഒപ്പുവച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യുവറിൽ ഗുണനിലവാരവും അളവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചതിലൂടെയുള്ള പ്രതിസന്ധി

301 (301) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ കേന്ദ്ര ബഡ്ജറ്റ് പ്രകാരം ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചത് സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെ ഏതൊക്കെ തരത്തിലാണ് ബാധിക്കുകയെന്ന് വ്യക്തമാക്കാമോ?

2022-23 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ ഭക്ഷ്യ സബ്സിഡി 28 ശതമാനത്തോളം കുറവുവരുത്തിയിട്ടുണ്ട്. ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചത് സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെ ഏതൊക്കെ തരത്തിലാണ് ബാധിക്കുക എന്നത് പരിശോധിച്ചുവരുന്നു.

(ബി) 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രപൂളിൽ നിന്ന് കേരളത്തിന് ലഭിച്ചിട്ടുള്ള ഭക്ഷ്യ ഉല്പന്നങ്ങളുടെ അളവും തുകയും താരതമ്യം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രപൂളിൽനിന്ന് ലഭ്യമായ ഭക്ഷ്യ ഉത്പന്നങ്ങളുടെ അളവ് അനുബന്ധമായി ചേർക്കുന്നു+. അരിയുടെയും ഗോതമ്പിന്റെയും ഇക്കണോമിക് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ 6,530.38 കോടി രൂപ 2020-21 സാമ്പത്തിക വർഷത്തിലും 8,606.02 കോടി രൂപ 2021-22 സാമ്പത്തിക വർഷത്തിലും ഭക്ഷ്യധാന്യങ്ങൾക്കായി കേന്ദ്ര സർക്കാർ ചെലവഴിച്ചിട്ടുണ്ട്. പഞ്ചസാരയുടെ സബ്സിഡിയിനത്തിൽ ഓരോ വർഷവും 13.23 കോടി രൂപയാണ് കേന്ദ്ര സർക്കാരിന് ചെലവാകുന്നത്.

(സി) വിവിധ കെട്ടുതികൾക്കിടയിലും കഴിഞ്ഞ ആറ് വർഷക്കാലത്ത് പൊതുവിതരണ സംവിധാനത്തിലൂടെ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സബ്സിഡി ഇനത്തിൽ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക സംബന്ധിച്ച് കണക്ക് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കാമോ?

കഴിഞ്ഞ ആറ് വർഷകാലയളവിൽ 16,362.108 കോടി രൂപയാണ് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതിന് സബ്സിഡി ഇനത്തിൽ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുള്ളത്. പ്രസ്തുത തുകയിൽ 5,538.48 കോടി രൂപ 2020-21, 2021-22 കാലങ്ങളിൽ സൗജന്യകിറ്റ് വിതരണം ചെയ്തവകയിൽ സംസ്ഥാന സർക്കാരിന് ചെലവായ തുകയാണ്. വർഷാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

## സപ്ലൈകോ വഴിയുള്ള വിപണിയിടപെടൽ

302 (302) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. ടി. എ. റഹിം:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യവസ്തുക്കൾക്ക് പൊതുവിപണിയിൽ ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സപ്ലൈകോ വഴിയുള്ള വിപണിയിടപെടൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

(എ&ബി) പൊതുവിപണിയിലെ ആവശ്യസാധനകളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സർക്കാർ ശക്തമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ സംസ്ഥാനത്തുടനീളമുള്ള 1506 സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. ഏപ്രിൽ 2016-ന് ശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. മല്ലിയുടെ വിലയിൽ 13 രൂപയുടെ കുറവ് വരുത്തിയിട്ടുണ്ട്. പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിലാണ് സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നത്. ഇത് കൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി'-ൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ

വിറ്റുവരുന്നു. ഇപ്രകാരം അവശ്യ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിലൂടെ കഴിഞ്ഞ ആറ് വർഷങ്ങളിലായി ഏകദേശം 1,853.91 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി ഒരു വർഷത്തോളം എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി നവംബർ 30 മുതൽ ഡിസംബർ 9 വരെ സംസ്ഥാനത്തെ വിവിധ താലൂക്കുകളിലെ 700 കേന്ദ്രങ്ങളിൽ മൊബൈൽ മാവേലി വഴി സബ്സിഡി സാധനങ്ങൾ വിതരണം ചെയ്തിരുന്നു. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നു.

(സി) മാർക്കറ്റിടപെടൽ ഫലപ്രദമാക്കുന്നതിനും നിലവിലുള്ള വിപണനശാലകൾ വിപുലീകരിക്കുന്നതിനും പുതുതായി മൊബൈൽ വില്പനശാലകളും ഓൺലൈൻ വിപണനവും ആരംഭിക്കുന്നതിനൊപ്പം

ഉപഭോക്തൃസൗഹൃദ സമീപനവും യാഥാർത്ഥ്യമാക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഗുണഭോക്താവിനുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് 2018 ആഗസ്റ്റ് മാസം മുതൽ റേഷൻ കാർഡ് ഡാറ്റാ ബേസ് അധിഷ്ഠിത വെബ് പോർട്ടൽ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഉപഭോക്തൃ സൗകര്യാർത്ഥം കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചിട്ടുണ്ട്. മുൻസർക്കാർ അധികാരത്തിൽവന്ന മേയ് 2016-ൽ വില്പനശാലകളുടെ ആകെ എണ്ണം 1528 ആയിരുന്നെങ്കിൽ ഇന്ന് എണ്ണം 1623 ആയി വർദ്ധിപ്പിക്കുകയും നിലവിലുള്ളവ നവീകരിച്ച് ഉപഭോക്തൃ സൗഹാർദ്ദ സ്ഥാപനങ്ങളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി 2018-19, 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 86, 56, 93, 48 സപ്ലൈകോ വില്പനശാലകൾ ഉപഭോക്തൃ സൗഹൃദമായ രീതിയിൽ ആധുനീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം പുതിയതും നവീകരിച്ചതുമായ 25 മാവേലി വിൽപ്പനശാലകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിലുൾപ്പെടുത്തി പുതിയതും നവീകരിച്ചതുമായ 25 മാവേലി വിൽപ്പനശാലകൾ

പ്രവർത്തനത്തിന് സജ്ജമാക്കിയിട്ടുണ്ട്. കേരളത്തിലുടനീളമുള്ള ഏകദേശം 500-ലധികം വരുന്ന സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലൂടെ ഓൺലൈൻ വിൽപ്പനയും അവയുടെ 10 കി.മീ. ചുറ്റളവിൽ ഹോം ഡെലിവറിയും നടത്തുന്നതിനായി 'Supply Kerala' ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് "സപ്ലൈ കേരള ആപ്പ് Google Play Store-ലും Supplyco Website-ലും ലിങ്ക് ലഭ്യമാണ്. തൊട്ടടുത്ത സപ്ലൈകോ ഔട്ട്ലെറ്റ് തെരഞ്ഞെടുത്ത് സപ്ലൈകോ ഉൽപ്പന്നങ്ങൾ ഓർഡർ ചെയ്യാം. ഗവൺമെന്റ് സബ്സിഡി ഉൽപ്പന്നങ്ങൾ ഒഴികെയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളും ഓർഡർ സ്വീകരിച്ച് വേഗത്തിൽ എത്തിക്കുന്നതാണ്. പ്രസ്തുത ആപ്ലിക്കേഷൻ വഴി ഓൺലൈൻ വില്പനയും വിതരണവും ആദ്യഘട്ടമായി സപ്ലൈകോയുടെ തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ മൂന്ന് സൂപ്പർമാർക്കറ്റുകളിൽ 2021 ഡിസംബർ 11 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിന്റെ പ്രവർത്തനം 2022 ജനുവരി 7, 11, 13, ഫെബ്രുവരി 11 തീയതികളിലായി കോഴിക്കോട്, തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കൊച്ചി എന്നീ കോർപ്പറേഷനുകളിലും ആരംഭിച്ചു. മൂന്നാം ഘട്ടം എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത സപ്ലൈകോ സൂപ്പർമാർക്കറ്റുകളിൽ ഫെബ്രുവരി 11 -ഓടുകൂടി ആരംഭിച്ചു. സപ്ലൈകോ "സപ്ലൈ കേരള" ആപ്പ്

മുഖേന ഇതുവരെ 48 ഓർഡറുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കേരളത്തിലെ അഞ്ഞൂറിലധികം വരുന്ന സപ്ലൈകോ സൂപ്പർമാർക്കറ്റുകളിൽ മുഴുവനായും ഈ സാമ്പത്തിക വർഷാവസാനത്തോടെ ഓൺലൈൻ വില്പനയും ഹോം ഡെലിവറി പദ്ധതിയും നടപ്പാക്കുന്നതാണ്. മറ്റ് സർക്കാർ ഏജൻസികളുടെ (മത്സ്യഫെഡ്, ഹോർട്ടികോർപ്, ഫോറസ്റ്റ് തുടങ്ങിയ) വില്പന വസ്തുക്കൾ കൂടി "സപ്ലൈ കേരള" ആപ്പ് വഴി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഉപഭോക്താവിന് മാവേലി വിൽപ്പനശാലകളുടെ ലൊക്കേഷൻ മനസ്സിലാക്കുന്നതിന് 'Trace Supplyco', മാവേലി വിൽപ്പനശാലയിൽനിന്നും ഉപഭോക്താവിന് ലഭിക്കുന്ന സേവനം സംബന്ധിച്ച വിലയിരുത്തൽ നടത്തി സപ്ലൈകോ അധികൃതരെ അറിയിക്കുന്നതിന് 'Feedback Supplyco' എന്നീ മൊബൈൽ ആപ്പുകളും ലഭ്യമാക്കിയിട്ടുണ്ട്.

## മാവേലി സ്റ്റോറുകളുടെ നവീകരണം

303 (303) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുംവേണ്ടി എന്തെല്ലാം

നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്ത് 843 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. വിപണി ഇടപെടലിന്റെ ഭാഗമായി മാവേലി സ്റ്റോറുകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ സബ്സിഡി ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ആവശ്യാനുസരണം ലഭ്യമാക്കിവരുന്നു. ഇതിനുപുറമേ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉല്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി'-യിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ മാവേലി സ്റ്റോറുകൾ വഴി വിൽപ്പന നടത്തുന്നുണ്ട്. കൂടാതെ മറ്റ് അവശ്യ സാധനങ്ങളും Fast Moving Consumer Goods (FMCG) ഉൽപ്പന്നങ്ങളും (Soap, Detergent items etc.) Maximum Retail Price (MRP)-നെക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. അതോടൊപ്പം സ്റ്റോക്ക്

ലഭ്യത ഉറപ്പുവരുത്തി മാവേലി സ്റ്റോറുകളുടെ പ്രവർത്തനം സുഗമവും കാര്യക്ഷമമാക്കുന്നതിനുമായി ഔട്ട്‌ലെറ്റുകളിലേയ്ക്കുള്ള അവശ്യ സാധനങ്ങളുടെ സ്റ്റോക്ക് വിതരണം സമയബന്ധിതമായും കാര്യക്ഷമമായും നടത്തിവരുന്നു. അതോടൊപ്പം മാവേലി സ്റ്റോറുകളുടെ പ്രതിമാസ വിൽപ്പന വിശകലനം ചെയ്ത് സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നവീകരണ പ്രവൃത്തികളും ഫർണിഷിംഗ് ജോലികളും പൂർത്തിയാക്കി മാവേലി സൂപ്പർ സ്റ്റോറുകളായോ സൂപ്പർ മാർക്കറ്റുകളായോ ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. എല്ലാ പഞ്ചായത്തുകളിലും ഒന്നോ ഒന്നിലധികമോ സപ്ലൈകോ വിൽപ്പനശാലകളുണ്ട്. 21 സഞ്ചരിക്കുന്ന മാവേലി വഴി റിമോട്ട് ഏരിയകളിലും മലയോര പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും വിൽപ്പന നടത്തുന്നുണ്ട്.

(ബി) സംസ്ഥാനത്തെ മാവേലി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനും നിരീക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 96 സപ്ലൈകോ മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. സപ്ലൈകോ മെഡിക്കൽ ബിസിനസ്സ് കൂടുതൽ

കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് മേഖലാ മാനേജരുടെ കീഴിൽ പ്രവർത്തിച്ചിരുന്ന മെഡിക്കൽ ഹോൾസെയിൽ ഡിവിഷൻ സ്വതന്ത്ര ചുമതലയുള്ള അഞ്ച് മേഖല മെഡിസിൻ ഡിപ്പോയായി പുന:സംഘടിപ്പിച്ചിട്ടുണ്ട്. അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ കൂടുതൽ കമ്പനികളുടെ മരുന്നുകൾ നേരിട്ട് കുറഞ്ഞ വിലയ്ക്ക് സംഭരിക്കത്തക്കവിധം മേഖലാ മെഡിസിൻ ഡിപ്പോകളെ പര്യാപ്തമാക്കി. മെഡിക്കൽ സ്റ്റോർ വഴി വിറ്റഴിക്കുന്ന Fast Moving Consumer Goods (FMCG) മരുന്നും ഇതര ഉൽപ്പന്നങ്ങളും (Sanitary pad, Health food etc.) ആവശ്യാനുസരണം സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ മുഖേന ലഭ്യമാക്കി സപ്ലൈകോ മെഡിക്കൽ സ്റ്റോർ വഴി വിൽക്കുന്ന ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള എല്ലാവിധ മരുന്നുകളുടെയും മരുന്ന് ഇതര സർജിക്കൽ ഉൽപ്പന്നങ്ങളുടെയും വില കുറച്ച് ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ മേഖലാ മാനേജരുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഇൻസ്പെക്ഷൻ ടീം മെഡിക്കൽ സ്റ്റോറുകൾ സന്ദർശിച്ച് നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ ഇൻസ്പെക്ഷൻ നടത്തുന്നതിന് ഒരു ഫാർമസിസ്റ്റിന്റെ സേവനം പ്രത്യേകമായി ലഭ്യമാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ആലപ്പുഴ ജില്ലാ

കോർട്ട് മെഡിക്കൽ സ്റ്റോർ എടത്വാ മെഡിക്കൽ സ്റ്റോർ എന്നിവ നവീകരണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. കൂടാതെ കായംകുളം മെഡിക്കൽ സ്റ്റോറിന്റെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാനത്തൊട്ടാകെ 15 മെഡിക്കൽ സ്റ്റോറുകൾ നവീകരണത്തിനുള്ള പദ്ധതികൾ പുരോഗമിക്കുന്നുണ്ട്.

## നെല്ല് സംഭരണം

304 (304) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ രണ്ടാംവിള നെല്ല് സംഭരണം സുഗമമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് രണ്ടാംവിള നെല്ല് സംഭരണത്തിനുള്ള കർഷക രജിസ്ട്രേഷൻ നടപടികൾ 2022 ജനുവരി 1-ാം തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ നെല്ല് സംഭരണത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെ വിവിധ ജില്ലകളിലേയ്ക്ക് യഥാസമയം നിയോഗിച്ചുകൊണ്ട് സംസ്ഥാനത്ത് രണ്ടാംവിള നെല്ല് സംഭരണം നാളിതുവരെ സുഗമമായി നടത്തുകയും കർഷകർക്ക് നെല്ലിന്റെ വില യഥാസമയം നൽകിവരുകയും

ചെയ്യുന്നുണ്ട്. 2021-22 സംഭരണ സീസണിൽ നാളിതുവരെ 91103 കർഷകരിൽനിന്നും 229591.64 മെട്രിക് ടൺ അരി സംഭരിക്കുകയുണ്ടായി. കർഷകർക്ക് നൽകേണ്ട 642 കോടി രൂപയിൽ 82892 കർഷകർക്ക് 599 കോടി രൂപ നൽകിയിട്ടുണ്ട്. ബാക്കിവരുന്ന 8211 കർഷകർക്ക് 43 കോടി രൂപ നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) നെല്ല് സംഭരണത്തിനായി മില്ലുടമകളുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

2021-22 നെല്ല് സംഭരണ സീസണിൽ 57 മില്ലുകളുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. 55 മില്ലുകൾ സ്വകാര്യ മേഖലയിലുള്ളതും, മറ്റ് രണ്ട് മില്ലുകളിൽ കോട്ടയം ജില്ലയിലെ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് മിൽ സർക്കാർ മേഖലയിലുള്ളതും, പാലക്കാട് ജില്ലയിലെ പാഡികോ മിൽ സഹകരണ മേഖലയിലുള്ളതുമാണ്. 2021 സെപ്റ്റംബർ മാസം ആരംഭിച്ച് 2022 നവംബർ മാസം അവസാനിക്കുന്ന തരത്തിൽ 2021-22 സീസണിലേയ്ക്കാണ് മില്ലുടമകളുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ആകെ കരാറിൽ ഏർപ്പിട്ടിട്ടുള്ള 57 മില്ലുകളിൽ ആലപ്പുഴ ജില്ലയിലെ ഒരു മില്ലും കോട്ടയം ജില്ലയിലെ രണ്ട് മില്ലുകളും എറണാകുളം ജില്ലയിലെ 33 മില്ലുകളും തൃശ്ശൂർ ജില്ലയിലെ ഒരു മില്ലും പാലക്കാട് ജില്ലയിലെ 20 മില്ലുകളും

ഉൾപ്പെടുന്നു. കർഷകരിൽനിന്ന് കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരമുള്ള നെല്ല് സംഭരിച്ച്, സംസ്കരിച്ച് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണനിലവാരത്തിലുള്ള അരിയാക്കി നിശ്ചിത ഗുണനിലവാരത്തിലുള്ള ചാക്കിൽ നിറച്ച് തിരികെ തരുന്നതിന് കടത്തുകൂലി, സംസ്കരണ കൂലി, ചാക്കിന്റെ വില എന്നിവ ഉൾപ്പെടെയുള്ള എല്ലാ ചെലവുകളുമുൾപ്പെടെ ക്വിന്റലിന് 202 രൂപ നിരക്കിൽ മില്ലുകൾക്ക് സംഭരണ, സംസ്കരണ കൂലി നൽകുന്നു. ഗുണനിലവാര പരിശോധന കഴിഞ്ഞശേഷം തുടർച്ചയായ മൂന്ന് മാസം വരെയുള്ള കാലം അരിയുടെ ഗുണനിലവാരത്തിൽ മില്ലുകൾക്ക് ബാദ്ധ്യതയുണ്ട്. കരാർ ലംഘിക്കുന്ന മില്ലുടമയിൽനിന്നും കരാർ പ്രകാരം 20,000 രൂപ പിഴ ഈടാക്കുന്നതാണ്. കൂടാതെ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ 64.5 ശതമാനം നിരക്കിൽ അരി തിരികെ സപ്ലൈകോയ്ക്ക് നൽകാത്തപക്ഷം ആയതിന്റെ നഷ്ടം കണക്കാക്കി പ്രസ്തുത നഷ്ടവും നഷ്ടത്തിന്റെ 25 ശതമാനം പിഴയും ചേർന്ന തുകയും മില്ലുടമ നൽകുന്ന ബാങ്ക് ഗ്യാരന്റി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയിൽ നിന്നായി ഈടാക്കുന്നതാണ്. ഇതിനുപുറമെയുള്ള തുക മറ്റ് നിയമനടപടികളിലൂടെയും ഈടാക്കുന്നു. ഗുരുതരമായ കൃത്യ വിലോപം/കരാർ ലംഘനം വരുത്തുന്ന മില്ലുകളെ കരിമ്പട്ടികയിലുപ്പെടുത്തുന്ന നടപടികളും

സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംഭരിക്കുന്ന നെല്ലിന്റെ കൈകാര്യ ചെലവുകൾക്കായി ഒരു ക്വിന്റൽ നെല്ലിന് എത്ര രൂപയാണ് മില്ലുടമകൾക്ക് നൽകിവരുന്നതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത തുക നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങളും ഓരോ ഇനത്തിനും വരുന്ന ചെലവുകൾ കണക്കാക്കുന്ന രീതിയും വിശദമാക്കാമോ?

(സി&ഡി) സംഭരിക്കുന്ന നെല്ലിന്റെ കൈകാര്യ ചെലവുകൾക്കായി ഒരു ക്വിന്റൽ നെല്ലിന് 202/- രൂപയാണ് മില്ലുടമകൾക്ക് നൽകിവരുന്നത്. നെല്ല് സംഭരണത്തിനുവേണ്ടിയുള്ള ചാക്ക്, ഇലക്ട്രോണിക് ത്രാസ്, POS മെഷീൻ, വാഹനങ്ങൾ എന്നിവ സജ്ജീകരിക്കുന്നതിനുള്ള ചെലവ് തുക, കടത്തുകൂലി, കേടുകൂടാതെ നെല്ല് സൂക്ഷിക്കുന്നതിനുള്ള ചെലവ് തുക, സംസ്കരണ കൂലി, അരി നിറയ്ക്കുന്നതിനുള്ള പുതിയ ചാക്കിന്റെ ചെലവ് തുക, മില്ലിലുള്ള കയറ്റിറക്ക് കൂലികൾ തുടങ്ങിയ ഇനങ്ങൾക്കായി ആകെ ക്വിന്റലിന് 214 രൂപ നിരക്കിൽ 11-07-2017-ലെ സ.ഉ.(കൈ)നം.15/2017/ഭ.പൊ.വി.വ. പ്രകാരം വർദ്ധിപ്പിച്ച് നല്കിയിട്ടുണ്ട്. എന്നാൽ 28-10-2021-ലെ സ.ഉ.(കൈ)നം.31/2021/ഭ.പൊ.വി.വ. പ്രകാരം മില്ലുടമകൾക്ക് നല്കിവരുന്ന പ്രോസസ്സിംഗ് ചാർജ്ജും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഉൾപ്പെടെ ക്വിന്റലിന്

214/- രൂപ എന്ന നിരക്കിൽനിന്നും, കർഷകർക്ക് കയറ്റുകൂലിയായി 12/- രൂപ/ക്വിന്റൽ എന്ന നിരക്കിൽ സപ്ലൈകോ നേരിട്ട് നൽകുന്നതിലേയ്ക്ക് ടി തുക കുറച്ച് മില്ലുകൾക്ക് നല്കുന്ന പ്രോസസ്സിംഗ് ചാർജ്ജ് 202/- രൂപ/ക്വിന്റലിനെന്ന നിരക്കിൽ പുനഃനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

### <u>പാറശാല മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ</u>

305 (305) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ നിലവിലെത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

പാറശ്ശാല മണ്ഡലത്തിൽ നിലവിൽ എട്ട് മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും മാവേലിസ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; നിലവിൽ മണ്ഡലത്തിലെത്ര സൂപ്പർമാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാറശ്ശാല മണ്ഡലത്തിൽ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് അനുയോജ്യമായ മാവേലി സ്റ്റോറുകൾ കണ്ടെത്തിയിട്ടില്ല. നിലവിൽ മണ്ഡലത്തിലെ ആകെ രണ്ട് സൂപ്പർ മാർക്കറ്റുകളിലൊന്ന് പെരുങ്കടവിള പഞ്ചായത്തിൽ മാരായമുട്ടത്തും മറ്റൊന്ന് ആര്യകോട് പഞ്ചായത്തിൽ ഒറ്റശേഖരമംഗലത്തും പ്രവർത്തിച്ചുവരുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ കൂടുതൽ സൂപ്പർമാർക്കറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് അതിന്റെ സാദ്ധ്യതകൾ സംബന്ധിച്ച് പഠനം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സംസ്ഥാനത്തെ സപ്ലൈകോ മാവേലി സ്റ്റോറുകൾ, സൂപ്പർമാർക്കറ്റുകൾ എന്നിവ വഴി വിവിധ വിഭാഗങ്ങളിലുള്ള റേഷൻ കാർഡ് ഉടമകൾക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിവിധ വിഭാഗത്തിലുള്ള റേഷൻ കാർഡുടമകൾക്ക് കാറ്റഗറി വ്യത്യാസമില്ലാതെ തന്നെ 13 ഇനം ഭക്ഷ്യ ധാന്യങ്ങൾ ഗവൺമെന്റ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. സബ്സിഡി സാധനങ്ങളുടെ വിലവിവരങ്ങൾ

അനുബന്ധമായി ചേർക്കുന്നു+. കൂടാതെ ടി സബ്സിഡി ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ നോൺ മാവേലി/ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് ഉൽപ്പന്നങ്ങൾ 5 ശതമാനം മുതൽ 30 ശതമാനം വരെ വിലക്കുറവിലും നൽകിവരുന്നുണ്ട്.

<u>സപ്ലൈകോ ഔട്ട്ലെറ്റുകളുടെ നവീകരണം</u>

306 (306) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ൽ സപ്ലൈകോ ഔട്ട്ലെറ്റുകളുടെ നവീകരണത്തിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

2021-22-ൽ സപ്ലൈകോ ഔട്ട്ലെറ്റുകളുടെ നവീകരണത്തിനായി ആകെ പത്ത് കോടി രൂപയുടെ ഭരണാനുമതി ലഭ്യമായതുപ്രകാരം ഇതുവരെ ആകെ 54 ഔട്ട്ലെറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിനായി അംഗീകൃത കരാറുകാർ മുഖേന അംഗീകൃത നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ഫർണിഷിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ വർക്ക് ഓർഡർ നൽകുകയും അതിൽ 48 വിൽപ്പനശാലകളുടെ നവീകരണ/ ഫർണിഷിംഗ് ജോലികൾ പൂർത്തിയാക്കിയിട്ടുമുണ്ട്. പ്രസ്തുത വില്പനശാലകളുടെ ഫർണിഷിംഗ് ഇനത്തിൽ നൽകിയ വർക്ക് ഓർഡറുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരം 4.40 കോടി രൂപയുടെ പ്രവൃത്തികൾ ഫർണിഷിംഗ് ഇനത്തിൽ മാത്രം പൂർത്തിയാക്കിയിട്ടുണ്ട്. അതോടൊപ്പമുള്ള ഫർണിച്ചർ/ഇലക്ട്രിക്കൽ ഇനങ്ങളുടെയും വിവിധ വിൽപ്പനശാലകളിലേയ്ക്കായി വാങ്ങുന്ന കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടേയും ധനവിനിയോഗമായി ഏകദേശം മൂന്ന് കോടി രൂപ കൂടി പരിഗണിച്ചാൽ ആകെ 7.40 കോടി രൂപയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതും നവീകരിച്ചതുമായ 25 ഔട്ട്‌ലെറ്റുകൾ ഉദ്ഘാടനം ചെയ്തു. കൂടാതെ രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി നവീകരിച്ച 25 വില്പനശാലകൾ കൂടി ഫെബ്രുവരി 26-ന് ഉദ്ഘാടനം ചെയ്യുന്നതാണ്.

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ സപ്ലൈകോയുടെ എത്ര ഔട്ട്‌ലെറ്റുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ പത്ത് ഔട്ട്‌ലെറ്റുകൾ നിലവിലുണ്ട്.

(സി) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ; 2021-22 കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്രയെണ്ണത്തിന്

തീർപ്പ് കൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിലേയ്ക്കായി എല്ലാ ഓഫീസുകളിലും ഉപഭോക്താക്കളുടെ പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനുമായി ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ട്. എല്ലാ പൊതുവിതരണ കേന്ദ്രങ്ങളിലും ജില്ല/താലൂക്ക് സപ്ലൈ ആഫീസർമാരുടെയും റേഷനിംഗ് ഇൻസ്പെക്ടർമാരുടെയും ഔദ്യോഗിക മൊബൈൽ നമ്പർ പ്രദർശിപ്പിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ പരാതികൾ അറിയിക്കുന്നതിലേയ്ക്കായി എല്ലാ റേഷൻകാർഡുകളുടേയും പുറകിൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസിന്റെ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ട്. റേഷൻ ഡിപ്പോയിൽ പരാതി രേഖപ്പെടുത്തുന്നതിനായി "പരാതി പുസ്തകം" സൂക്ഷിച്ചിട്ടുണ്ട്. റേഷൻ ഡിപ്പോ നടത്തിപ്പിനെ സംബന്ധിച്ചും റേഷൻ വ്യാപാരികളുടെ പെരുമാറ്റത്തെപ്പറ്റിയും ആക്ഷേപങ്ങളുണ്ടെങ്കിൽ ഉപഭോക്താക്കൾക്ക് അവ രേഖാമൂലം അറിയിക്കുന്നതിലേയ്ക്കായി എല്ലാ വർഷവും നവംബർ മാസം 15-ാം തീയതി മുതൽ ഡിസംബർ മാസം 15-ാം തീയതി വരെ 'തെളിമ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനുപുറമെ അനർഹമായി മുൻഗണനാ റേഷൻകാർഡ് കൈവശം വച്ചിരിക്കുന്നവരുടെ വിവരം പൊതുജനങ്ങൾക്ക് വകുപ്പിനെ

അറിയിക്കാനായി 9495998223 എന്ന നമ്പർ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥർ ഫീൽഡ് തലത്തിൽ പരിശോധന നടത്തി കർശന നടപടി സ്വീകരിച്ചുവരുന്നു. 2021-22 കാലയളവിൽ ലഭിച്ച പരാതി സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+. എല്ലാ മാസവും ആദ്യ വെള്ളിയാഴ്ച നടത്തുന്ന ബഹു. ഭക്ഷ്യ വകുപ്പുമന്ത്രിയുടെ ഫോൺ-ഇൻ പരിപാടിയിലൂടെ പൊതുജനങ്ങളുടെ പരാതി ബഹു.മന്ത്രിയെ നേരിട്ടറിയിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഫോൺ-ഇൻ പരിപാടിയിലൂടെ ലഭിക്കുന്ന പരാതികൾക്ക് അടുത്ത ഫോൺ-ഇൻ പരിപാടിക്ക് മുമ്പ് പരിഹാരവും കണ്ടുവരുന്നു. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാന പോർട്ടലിലൂടെ പൊതുവിതരണ വകുപ്പിന് ലഭ്യമാകുന്ന പരാതികളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് പരാതിക്കാരന് മറുപടി നൽകി, ടി മറുപടി പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് പരാതികൾ തീർപ്പാക്കിവരുന്നുണ്ട്. 2021-22 വർഷത്തിൽ ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടലിലൂടെ പൊതുവിതരണ ഡയറക്ടറുടെ log in-ലേയ്ക്ക് 2021 ഏപ്രിൽ 1 മുതൽ 2022 ഫെബ്രുവരി 17 വരെ ലഭ്യമായ പരാതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ ലഭിച്ച പരാതികൾ/നിവേദനങ്ങൾ- 524

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീർപ്പാക്കിയവ - 507

തീർപ്പാക്കാൻ ബാക്കിനിൽക്കുന്നവ - 17

പൊതുവിതരണ സംവിധാനത്തെക്കുറിപ്പ് പൊതുജനങ്ങൾക്കുള്ള പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഓൺലൈൻ പരാതി പരിഹാര സംവിധാനം 'Public Grievance Redressal Portal' 27-02-2019 മുതൽ പ്രവർത്തിച്ചുവരുന്നു. നിലവിൽ 18-02-2022 വരെ 4382 അപേക്ഷകൾ ലഭ്യമാകുകയും അതിൽ 4131 അപേക്ഷകൾ പരിഹരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പരാതിയെക്കുറിച്ചുള്ള വിവരങ്ങൾ ഇതിൽ അപ്‌ലോഡ് ചെയ്ത് നൽകുവാനുള്ള സംവിധാനം ടി പോർട്ടലിൽ ലഭ്യമാണ്. 2021-22 കാലയളവിൽ ആകെ ലഭിച്ച 1251 പരാതികളിൽ 1017 പരാതികൾ പരിഹരിച്ച നല്കിയിട്ടുണ്ട്.

## കോങ്ങാട് പാലക്കയത്ത് സപ്ലൈകോ ഔട്ട്‌ലെറ്റ്

307 (307) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിൽപ്പെട്ട തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ പാലക്കയം മേഖലയിൽ സപ്ലൈകോ ഔട്ട്‌ലെറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ (തച്ചമ്പാറയിൽ) നിലവിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ പാലക്കയത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ലഭ്യമായ നിവേദനം സംബന്ധിച്ച് സപ്ലൈകോ പാലക്കാട് മേഖലാ മാനേജർ/ഡിപ്പോ മാനേജർ മുഖേന ആവശ്യമായ സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡമനുസരിച്ച് രണ്ടാമത് ഒരു മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് കുറഞ്ഞത് 700 ചതുരശ്ര്രയടി വിസ്തീർണ്ണമുള്ള കെട്ടിടം കണ്ടെത്തി അഞ്ച് വർഷത്തേയ്ക്ക് വാടകരഹിതമായി പഞ്ചായത്ത് ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ലഭ്യമാക്കിയ നിർദ്ദിഷ്ട കെട്ടിടം 500 ചതുരശ്ര്രയടി മാത്രം വിസ്തീർണ്ണമുള്ളതാണ്. മാത്രമല്ല ഡിപ്പോ തലത്തിൽ തയ്യാറാക്കി സമർപ്പിച്ച പ്രതീക്ഷിത ലാഭനഷ്ട പത്രിക പ്രകാരം പ്രതിമാസം ഏകദേശം 29,000/- രൂപ നഷ്ടം വരുന്നതായി കാണുന്നു. മേൽ സാഹചര്യത്തിൽ ജീവനക്കാരുടെ ലഭ്യത, പ്രവർത്തന നഷ്ടം പരമാവധി കുറയ്ക്കാനുള്ള സാദ്ധ്യത എന്നിവ പരിശോധിച്ച് പുതിയ വിൽപ്പനശാല അനുവദിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

<u>അതിയന്നൂർ പോങ്ങിലെ സപ്ലൈകോ മാർക്കറ്റ്</u>

308 (308) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ പോങ്ങിൽ ആരംഭിക്കുന്ന സപ്ലൈകോ മാർക്കറ്റിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) സപ്ലൈകോ മാർക്കറ്റ് ആരംഭിക്കുന്നതിനായി പൂർത്തികരിക്കേണ്ട നടപടിക്രമങ്ങൾ ഏന്തൊക്കെയെന്നും എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്നും വിശദമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ പോങ്ങിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് 11-11-2021-ന് അനുമതി നൽകിയിട്ടുണ്ട്. പുതിയതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 22-02-2019-ലെ സർക്കാർ ഉത്തരവ് നമ്പർ 386/2019/തസ്വഭവ. പ്രകാരമുള്ള നിബന്ധനകളനുസരിച്ച് പ്രസ്തുത പഞ്ചായത്ത് ചുരുങ്ങിയത് 700 ച.അടി കെട്ടിട സൗകര്യം അഞ്ച് വർഷം വാടകരഹിതമായി കണ്ടെത്തി ലഭ്യമാക്കേണ്ടതും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കായി ഒരു ലക്ഷം രൂപ അനുവദിക്കേണ്ടതുമുണ്ട്. അത് പ്രകാരം 07-02-2022-ന് മാത്രമാണ് അതിയന്നൂർ പഞ്ചായത്ത് ഒരു ലക്ഷം രൂപ

സപ്ലൈകോയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ വിൽപ്പനശാലയ്ക്കനുസൃതമായ ഫർണിഷിംഗ് പ്രവൃത്തികൾ നടത്തുന്നതിനായി അംഗീകൃത കരാറുകാർ സ്ഥലം പരിശോധിച്ച് അംഗീകൃത നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തുക അംഗീകരിച്ച് വർക്ക് ഓർഡർ നൽകി ഫർണിഷിംഗ് പ്രവൃത്തികൾ പൂർത്തിയാക്കി വിൽപ്പനശാല സജ്ജമാക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

<u>സപ്ലൈകോ ഉല്പന്നങ്ങളുടെ ഓൺലൈൻ വിൽപ്പന</u>

309 (309) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈകോ ഉല്പന്നങ്ങൾ ഓൺലൈനായും ഹോം ഡെലിവറിയായും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരളത്തിലുടനീളമുള്ള ഏകദേശം 500-ൽ അധികം വരുന്ന സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലൂടെ ഓൺലൈൻ വിൽപ്പനയും അവയുടെ 10 കി.മീ. ചുറ്റളവിൽ ഹോം ഡെലിവറിയും നടത്തുന്നതിനായി 'Supply Kerala' ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് "സപ്ലൈ

കേരള ആപ്പ് Google Play Store-ലും Supplyco Website-ലും ലിങ്ക് ലഭ്യമാണ്. തൊട്ടടുത്ത സപ്ലൈകോ ഔട്ട്ലെറ്റ് തെരഞ്ഞെടുത്ത് സപ്ലൈകോ ഉൽപ്പന്നങ്ങൾ ഓർഡർ ചെയ്യാം. ഗവൺമെന്റ് സബ്സിഡി ഉത്പന്നങ്ങൾ ഒഴികെയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളും ഓർഡർ സ്വീകരിച്ച് വേഗത്തിൽ എത്തിക്കുന്നതാണ്. നാല് കി.മീ. ദൂരത്തിൽ അഞ്ച് കിലോ ഗ്രാം വരുന്ന ഒരു ഓർഡർ വിതരണം ചെയ്യുന്നതിനുള്ള ചുരുങ്ങിയ നിരക്ക് 35 രൂപ + Goods and Services Tax (ജി.എസ്.റ്റി.) ആണ്. ഒരോ അധിക ദൂരത്തിനും ഭാരത്തിനും അനുസരിച്ച് വിതരണ നിരക്ക് വർദ്ധിക്കുന്നതാണ്. പ്രസ്തുത ആപ്ലിക്കേഷൻ വഴി ഓൺലൈൻ വില്പനയും വിതരണവും സപ്ലൈകോയുടെ തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ മൂന്ന് സൂപ്പർമാർക്കറ്റുകളിൽ ആദ്യഘട്ടമായി 2021 ഡിസംബർ 11 മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനം 2022 ജനുവരി 7, 11, 13, ഫെബ്രുവരി 11 തീയതികളിലായി കോഴിക്കോട്, തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കൊച്ചി എന്നീ കോർപ്പറേഷനുകളിലും ആരംഭിച്ചു. മൂന്നാം ഘട്ടം എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത സപ്ലൈകോ സൂപ്പർമാർക്കറ്റുകളിൽ ഫെബ്രുവരി 11 -ഓടുകൂടി ആരംഭിച്ചു. സപ്ലൈകോ "സപ്ലൈ കേരള" ആപ്പ് മുഖേന ഇതുവരെ 48 ഓർഡറുകൾ

പൂർത്തീകരിച്ചിട്ടുണ്ട്. കേരളത്തിലെ അഞ്ഞൂറിലധികം വരുന്ന സപ്ലൈകോ സൂപ്പർമാർക്കറ്റുകളിൽ മുഴുവനായും ഈ സാമ്പത്തിക വർഷാവസാനത്തോടെ ഓൺലൈൻ വില്പനയും ഹോം ഡെലിവറി പദ്ധതിയും നടപ്പാക്കുന്നതാണ്. മറ്റ് സർക്കാർ ഏജൻസികളുടെ (മത്സ്യഫെഡ്, ഹോർട്ടികോർപ്, ഫോറസ്റ്റ് തുടങ്ങിയ) വില്പന വസ്തുക്കൾ കൂടി "സപ്ലൈ കേരള" ആപ്പ് വഴി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മാവേലി വിൽപ്പനശാലകളുടെ ലൊക്കേഷൻ അറിയുന്നതിന് 'Trace Supplyco', മാവേലി വിൽപ്പനശാലയിൽനിന്നും ലഭിക്കുന്ന സേവനം ഉപഭോക്താക്കൾക്ക് വിലയിരുത്തുന്നതിന് 'Feedback Supplyco' എന്നീ മൊബൈൽ ആപ്പുകളും ലഭ്യമാക്കിയിട്ടുണ്ട്.

<u>കായക്കൊടി, ചെക്ക്യാട് പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ</u>

310 (310) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കായക്കൊടി പഞ്ചായത്തിലും ചെക്ക്യാട് ഗ്രാമ പഞ്ചായത്തിലും മാവേലി സ്റ്റോർ അനുവദിക്കുവാൻ നൽകിയ നിവേദനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നതിനാൽ രണ്ടാമത്തെ മാവേലി സ്റ്റോർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമായ പ്രൊപ്പോസലുകൾ, നിബന്ധനകൾ അനുസരിച്ചുള്ള വാടകരഹിത കെട്ടിടം, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് വേണ്ടിയുള്ള ഒരു ലക്ഷം രൂപ എന്നിവ അനുവദിക്കുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുണ്ട്. ആവശ്യമായ കെട്ടിടം പഞ്ചായത്ത് കണ്ടെത്തി നൽകുന്ന മുറയ്ക്ക് വിപണന സാദ്ധ്യതയും ജീവനക്കാരുടെ ലഭ്യതയും കൂടി കണക്കിലെടുത്ത് പ്രവർത്തന നഷ്ടം ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തിയുമാണ് പുതിയ സപ്ലൈകോ വിൽപ്പനശാലകൾ അനുവദിക്കുന്നത്. മേൽപ്പറഞ്ഞ സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## നെല്ല് സംഭരണം

311 (311) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-

പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരിൽനിന്ന് യഥാസമയം നെല്ല് സംഭരിക്കുന്നതിനും ആയതിന്റെ വില മുടക്കംകൂടാതെ നൽകുന്നതിനും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പാടശേഖരങ്ങളിൽ വിളവെടുപ്പ് ആരംഭിക്കുന്ന സമയത്തുതന്നെ പ്രസ്തുത പാടശേഖരങ്ങളിൽനിന്നും നെല്ലെടുക്കേണ്ട മില്ലുകൾക്ക് അനുമതി നൽകിക്കൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ള കർഷകരിൽനിന്നും യഥാസമയം നെല്ല് സംഭരിക്കുന്നു. കർഷകരിൽനിന്നും നെല്ലെടുത്തശേഷം Point of Sale (POS) മെഷീൻ ഉപയോഗിച്ച് ടി കർഷകർക്ക് പ്രിന്റ് ചെയ്ത നെല്ല് കൈപ്പറ്റ് രസീത് നൽകുന്നു. കർഷകർക്ക് നെല്ലിന്റെ വില നൽകുന്നത് വായ്പാടിസ്ഥാനത്തിലാണ്. Paddy Receipt Sheet (PRS) വായ്പാപദ്ധതി എന്ന പേരിൽ അറിയപ്പെടുന്ന പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സപ്ലൈകോ നിലവിൽ 11 ബാങ്കുകളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. കർഷകർക്ക് നൽകുന്ന മേൽ പരാമർശിച്ചിട്ടുള്ള നെല്ല് കൈപ്പറ്റ് രസീതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ കർഷകർക്ക് വായ്പയായി നെല്ലിന്റെ വില നൽകുന്നു. ഇതിന്റെ പലിശയടക്കമുള്ള തിരിച്ചടവ് സംസ്ഥാന

സർക്കാരാണ് വഹിക്കുന്നത്. ഇത്തരത്തിൽ നെല്ല് കൈപ്പറ്റ് രസീത് കർഷകർ ബാങ്കുകളിൽ സമർപ്പിക്കുമ്പോൾ ബാങ്കുകൾ കർഷകർക്ക് വായ്പ നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുകയും ഇതേത്തുടർന്ന് ലോൺ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പാഡി പേമെന്റ് ഓഫീസർക്ക് അയച്ച് നൽകുകയും പാഡി പേമെന്റ് ഓഫീസർ ഉടൻതന്നെ ഇതിനനുബന്ധമായി പേ ഓർഡർ തയ്യാറാക്കി ബാങ്കുകൾക്ക് തിരികെ നൽകുകയും ചെയ്യുന്നു. ബാങ്കുകൾ പേ ഓർഡറുകൾ പ്രകാരമുള്ള തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ഡിജിറ്റൽ പേമെന്റായി കൈമാറുന്നു.

(ബി) കർഷകർക്ക് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കുടിശ്ശിക കൊടുത്തുതീർക്കാനുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉണ്ട്. നിലവിൽ 8211 കർഷകർക്കായി 43.86 കോടി രൂപ കുടിശ്ശികയുണ്ട്. 82892 കർഷകർക്കായി 599.17 കോടി രൂപ നൽകിട്ടുണ്ട്. കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ല് അരിയാക്കി റേഷൻ കടകൾക്ക് നൽകുന്നതിനുപകരം മാർക്കറ്റിലേക്ക് മറിച്ചുവിൽക്കുകയും പകരം പഴകിയ അരി മറ്റ് സംസ്ഥാനങ്ങളിൽനിന്നും ശേഖരിച്ച് റേഷൻകടകളിൽ എത്തിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ

പ്രവണതയ്ക്കെതിരെ സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ?

കർഷകരിൽനിന്ന് സംഭരിക്കുന്ന നെല്ല് കരാറിലേർപ്പെട്ടിരിക്കുന്ന മില്ലുകൾ മുഖാന്തരം സംസ്കരിച്ച് അരിയാക്കിമാറ്റി രണ്ട് തവണ ഗുണനിലവാര പരിശോധന നടത്തി സംഭരിച്ച നെല്ലിൽനിന്നും ലഭ്യമായ അരി തന്നെയാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് വിതരണയോഗ്യമായ അരി NFSA (National Food Security Act) ഗോഡൗണിലേയ്ക്ക് കൈമാറുന്നത്. എന്നാൽ ഈ അരി മില്ലുടമകൾ മറിച്ചുവിറ്റ് പകരം പഴകിയ അരി മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ശേഖരിച്ച് റേഷൻ കടകളിൽ എത്തിക്കുന്നതായുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം</u>

312 (312) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരന്തരമായി ഉണ്ടായ വെള്ളപ്പൊക്കകെടുതികളും ഒപ്പം കൊറോണ രോഗബാധയും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ നിത്യോപയോഗ സാധന വിലയേയും ലഭ്യതയേയും എപ്രകാരം ബാധിച്ചുവെന്നും ഇതുമൂലമുണ്ടായ വിലവർദ്ധനയും ദൗർലഭ്യവും സംബന്ധിച്ച

വിശദാംശവും ലഭ്യമാക്കുമോ;

(ബി) ഇത് തരണം ചെയ്യാനും ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ഉറപ്പുവരുത്താനും വില നിലവാരം പിടിച്ചുനിർത്താനുമായി നടപ്പാക്കിയ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

(എ&ബി) നിരന്തരം ഉയരുന്ന ഇന്ധനവില അതോടൊപ്പം ചരക്ക് കൂലിയിലുണ്ടാവുന്ന വർദ്ധനവ് ഇക്കാരണങ്ങൾക്ക് പുറമെ, കാലാവസ്ഥാ വ്യതിയാനവും വെള്ളപ്പൊക്കവുംമൂലം ഉത്പാദന കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വിളവിന്റെ കുറവ്, കൊറോണ രോഗവ്യാപനം തടയുന്നതിനായി രാജ്യവ്യാപകമായി ഇടയ്ക്കിടെ ഏർപ്പെടുത്തിയ ലോക്ഡൗണുകൾ മറ്റ് നിയന്ത്രണങ്ങൾ എന്നിവമൂലം ചില സന്ദർഭങ്ങളിൽ സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വില വർദ്ധിച്ചിട്ടുണ്ട്. അവശ്യ വസ്തുക്കളുടെ കാര്യത്തിൽ കേരളം പൂർണ്ണമായും ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. എന്നിരുന്നാലും കോവിഡ് ലോക്ഡൗൺ കാലത്ത് സപ്ലൈകോയുടെ മുഴുവൻ വിൽപ്പനശാലകളും ഡിപ്പോ ഗോഡൗണുകളും അധിക സമയം പ്രവർത്തിച്ച് പൊതുജനങ്ങൾക്ക് സൗജന്യ കിറ്റുകൾ ഉൾപ്പെടെ ആവശ്യസാധനങ്ങൾ ലഭ്യമാക്കി വിലവർദ്ധനവ് ഒരു പരിധിവരെ പിടിച്ചുനിർത്തുവാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്. കാര്യക്ഷമമായ വിപണി ഇടപെടൽ

പ്രവർത്തനങ്ങളിലൂടെ പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും ലഭ്യത ഉറപ്പുവരുത്തുന്നതിനും സപ്ലൈകോ നടപടികളെടുത്തിട്ടുണ്ട്. കോവിഡ് മഹാമാരിക്കാലത്ത് സംസ്ഥാനത്തെ ജനങ്ങളുടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തുടനീളമുള്ള റേഷൻകടകളിലൂടെ 109920553 സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്തെ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, കന്യാസ്ത്രീമഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കായി വിതരണം ചെയ്ത 89741 സൗജന്യ ഭക്ഷ്യകിറ്റുകളുൾപ്പെടെ ആകെ 11 കോടിയിലധികം സൗജന്യ ഭക്ഷ്യക്കിറ്റുകളാണ് സർക്കാർ വിതരണം ചെയ്തത്. കൂടാതെ 2020-21 കാലയളവിൽ മത്സ്യത്തൊഴിലാളിക്കായി 245143 ഭക്ഷ്യകിറ്റുകളും അതിഥി തൊഴിലാളികൾക്കായി 361864 ഭക്ഷ്യകിറ്റുകളും സംസ്ഥാനത്ത് ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് നാല് ഘട്ടങ്ങളിലായി 11040767 ഭക്ഷ്യകിറ്റുകളും ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ളവർക്ക് 7,00,000 രൂപയുടെ ഭക്ഷ്യ കിറ്റുകളും സമ്പർക്ക വിലക്കിലുള്ളവർക്ക് 21800

ഭക്ഷ്യകിറ്റുകളും സമൂഹഅടുക്കളകൾക്കുള്ള ഭക്ഷ്യവസ്തുക്കളുടെ വിതരണത്തിനായി 89.88 ലക്ഷം രൂപയുടെ ഭക്ഷ്യവസ്തുക്കളും വിതരണം ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് അവശ്യം വേണ്ട നിത്യോപയോഗ സാധനങ്ങളുടെ ദൈനംദിന കണക്കും സംസ്ഥാന ലഭ്യതയും മറ്റിതരസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അളവും വ്യക്തമാക്കുമോ?

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) ഇവ നേരിടാൻ എന്തെല്ലാം കേന്ദ്രസഹായം അഭ്യർത്ഥിച്ചുവെന്നും ലഭ്യമായത് എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

2018-ലെ വെള്ളപ്പൊക്കത്തോടനുബന്ധിച്ച് 89540 മെട്രിക് ടൺ അരി MSP നിരക്കിലും 12000 KL മണ്ണെണ്ണ നോൺ സബ്സിഡി നിരക്കിലും കേന്ദ്രത്തിൽനിന്ന് അനുവദിച്ചിരുന്നു. 2020 ഏപ്രിൽ മുതലുള്ള കാലഘട്ടത്തിൽ കോവിഡ്-19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി ഇതുവരെ എ.എ.വൈ., പ്രയോറിറ്റി വിഭാഗങ്ങൾക്ക് പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന സ്കീം മുഖേന 1203644.357 മെട്രിക് ടൺ അരിയും 240661.784 മെട്രിക് ടൺ ഗോതമ്പും 29524.489 മെട്രിക് ടൺ പയർവർഗ്ഗവും സൗജന്യനിരക്കിൽ ലഭ്യമായിട്ടുണ്ട്. കൂടാതെ

അതിഥിത്തൊഴിലാളികൾക്കായി ആത്മനിർഭർ ഭാരത് സ്കീമിൽ 15480.012 മെട്രിക് ടൺ അരിയും 745.058 മെട്രിക് ടൺ പയർവർഗ്ഗവും ലഭിച്ചിരുന്നു. 2021 ഒക്ടോബർ മാസത്തിലെ വെള്ളപ്പൊക്കത്തോടനുബന്ധിച്ച് 50000 മെട്രിക് ടൺ അരിയും സബ്സിഡി നിരക്കിൽ 12000 KL മണ്ണെണ്ണയും കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അത് ലഭിക്കുകയുണ്ടായില്ല. പ്രളയബാധിതരുടെ എണ്ണത്തിനനുസരിച്ചുള്ള ഭക്ഷ്യധാന്യം MSP നിരക്കിലേ അനുവദിക്കാൻ സാധിക്കുകയുള്ളൂവെന്ന് കേന്ദ്രസർക്കാരിൽനിന്ന് അറിയിപ്പ് ലഭിച്ചിരുന്നു.

<u>ലീഗൽ മെട്രോളജി വകുപ്പിലെ തസ്തികമാറ്റ നിയമനം</u>

313 (313) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിൽ നടന്ന തസ്തികമാറ്റ നിയമനങ്ങൾ നിയമവിരുദ്ധമാണെന്ന അഡ്വക്കേറ്റ് ജനറലിന്റെ റിപ്പോർട്ടും പ്രസ്തുത തസ്തികമാറ്റ നിയമനങ്ങളുമായി ബന്ധപ്പെട്ട് അനർഹമായി സ്ഥാനക്കയറ്റം നേടിയ ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യണമെന്ന കോടതി വിധികളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത്

നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ലീഗൽ മെട്രോളജി വകുപ്പിൽ നടന്ന തസ്തികമാറ്റ നിയമനങ്ങൾ നിയമവിരുദ്ധമാണെന്ന അഡ്വക്കേറ്റ് ജനറലിന്റെ റിപ്പോർട്ടുകളൊന്നും ലീഗൽ മെട്രോളജി വകുപ്പിൽ ലഭിച്ചിട്ടില്ല. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. റിവർട്ട് ചെയ്യണമെന്ന കോടതി വിധികളും നിലവിലില്ല. എന്നാൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്യപ്പെട്ട OA 1715/18, OA 1339/19 എന്നീ നമ്പർ കേസുകളിലും മറ്റ് അനുബന്ധ കേസുകളിലും താൽക്കാലിക പ്രൊമോഷൻ ലഭിച്ചവരെ റിവർട്ട് ചെയ്യരുതെന്ന ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത ഇടക്കാല ഉത്തരവുകൾ 21-02-2022 വരെ ദീർഘിപ്പിച്ചിട്ടുള്ളതുമാണ്.

(ബി) ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനത്തിന് കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദമാണ് യോഗ്യതയെന്ന് വകുപ്പിന്റെ സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കുന്നുണ്ടോ?

2018-ലെ കേരള ലീഗൽ മെട്രോളജി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ബൈ ട്രാൻസ്ഫർ നിയമനം ലഭിക്കുന്നതിനുവേണ്ട യോഗ്യത ചുവടെ പറയും പ്രകാരമാണ്.

(1) Graduation in Science with Physics as one of the subjects conferred/recognized by any of the Universities in Kerala or B. Tech. awarded/recognized by any of the Universities in Kerala or Diploma in Engineering after undergoing a regular course of study of three years with three years professional experience in Central or State Government service or in Public Sector Undertaking or Registered Private Sector Undertaking after acquiring the basic qualification prescribed for the post, in the field of Engineering in which the candidate has earned the Diploma.

(2) Must be able to speak, read and write Malayalam.

Note:- (i) Experience in the Department of Legal Metrology shall be considered equivalent to professional experience for the purpose of this rule.

(ii). In addition to the qualifications mentioned above, the persons appointed by transfer/by promotion shall have successfully completed probation in the feeder category and shall have passed Manual of Office Procedure and Account Test Lower.

(സി) ലീഗൽ മെട്രോളജി വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന യോഗ്യതകളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തണമെങ്കിൽ കേരള സെക്രട്ടേറിയറ്റ് മാന്വലിലെ ചട്ടം 108 പ്രകാരമുള്ള നടപടികളും ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ 10-10-2014-ലെ 9481/R1/ 2011/P&ARD സർക്കുലറിലെ വ്യവസ്ഥകളും 19-07-2010-ലെ 11884/R1/2007/P&ARD സർക്കുലറിലെ ഖണ്ഡിക 6 പ്രകാരം KPSC, P&ARD എന്നീ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലുമാണ് ഒരു തസ്തികയിലേക്കുള്ള നിയമനത്തിന് പ്രത്യേക യോഗ്യത തുല്യമാണോ അല്ലയോ എന്ന് നിശ്ചയിക്കേണ്ടതെന്ന വ്യവസ്ഥകളും പാലിച്ചാണോ CA4/178/2019/CAD നമ്പർ ഫയലിൽ തസ്തികമാറ്റ നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; മേൽപരാമർശ വകുപ്പുകളിൽനിന്ന് ഈ വിഷയത്തിൽ ഉപദേശം തേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) മേൽ വിഷയം പരിശോധിച്ച നിയമവകുപ്പിന്റെ 11-06-2020-ലെ CA4/178/2019/CAD നമ്പർ ഫയലിലെ അഭിപ്രായ പ്രകാരം വിശേഷാൽ ചട്ടങ്ങളിലെ യോഗ്യത സംബന്ധിച്ച വ്യവസ്ഥകളിൽ ഇളവ് വേണമെങ്കിൽ P&ARD, PSC എന്നീ വകുപ്പുകളുടെ അഭിപ്രായം തേടിയിരിക്കണമെന്നത്

കണക്കിലെടുത്താണോ പ്രസ്തുത ഫയലിൽ ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ ഏത് ചട്ടപ്രകാരമാണ് സ്പെഷ്യൽ റൂളിലെ യോഗ്യതയ്ക്ക് ഇളവ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിലെ കേരള സെക്രട്ടേറിയറ്റ് മാന്വലിലെ വ്യവസ്ഥകളും CA4/178/2019/CAD നമ്പർ ഫയലിലെ നിയമവകുപ്പിന്റെ അഭിപ്രായവും P&ARD, PSC എന്നീ വകുപ്പുകളുടെ സർക്കുലറുകളിലെ വ്യവസ്ഥകൾക്കും വിരുദ്ധമായി തസ്തികമാറ്റനിയമനം നൽകിയത് നിലവിലെ ചട്ടങ്ങൾ ലംഘിച്ചാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടി തിരുത്താൻ നടപടി സ്വീകരിക്കുമോ; മേൽ വിഷയത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുമോ?

(സി-ഇ) പ്രസ്തുത ഫയലിൽ വിശേഷാൽ ചട്ടങ്ങളിലെ യോഗ്യത സംബന്ധിച്ച വ്യവസ്ഥകളിൽ ഇളവ് നൽകിയിട്ടില്ല. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയിൽനിന്നും നൽകിയിട്ടുള്ള ബിരുദത്തിനോ ഡിപ്ലോമയ്ക്കോ പ്രത്യേകമായി അംഗീകാരം വേണ്ടതില്ലെന്ന് വ്യക്തമാക്കിക്കൊണ്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നൽകിയ 2000-ലെ

1043/Rules2/97/IPARD കത്തിന്റെ അടിസ്ഥാനത്തിലും UGC അംഗീകരിച്ച സ്ഥാപനങ്ങളിലെ ഡിഗ്രികൾക്ക് equivalence/recognition നിഷ്കർഷിക്കേണ്ടതില്ലെന്നും UGC Open and Distance Learning Regulations അനുസരിച്ച് നേടിയിട്ടുള്ള ഡിഗ്രികൾ, സർവ്വകലാശാലകൾ/ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ/എംപ്ലോയ്മെന്റ് ഏജൻസികൾ/ എംപ്ലോയർമാർ എന്നിവർ അംഗീകരിക്കേണ്ടതാണെന്നുമുള്ള 13-11-2018-ലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ സ.ഉ.(കൈ)272/2018/ഉ.വി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിലുമാണ് UGC അംഗീകൃതമായ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ബിരുദം യോഗ്യതയായി അംഗീകരിച്ച് അനന്തര നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

## മനസ്സോടിത്തിരി മണ്ണ് പദ്ധതി

314 (314) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത, ഭവനരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള മനസ്സോടിത്തിരി മണ്ണ് എന്ന പദ്ധതിയിലേയ്ക്ക് സംസ്ഥാനത്ത് എത്ര പേരാണ് ഭൂമി ദാനം നൽകിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ ആരംഭിച്ചതിനുശേഷം ടി പദ്ധതിയിലേയ്ക്ക് സംസ്ഥാനത്ത് രണ്ട് പേരാണ് ഭൂമി സൗജന്യമായി നൽകിയിട്ടുള്ളത്.

(ബി) എത്ര ഏക്കർ ഭൂമിയാണ് ഈ പദ്ധതിക്കായി നിലവിൽ ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ ആരംഭിച്ചതിനുശേഷം 55.754 സെന്റ് ഭൂമിയാണ് സൗജന്യമായി ലഭിച്ചിട്ടുള്ളത്.

## ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

315 (315) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാസ്റ്റർ സർക്കുലർ 2020-21-ലെ ഖണ്ഡിക 7, 12, 3, 2021-22-ലെ ഖണ്ഡിക 7, 12, 3 പ്രകാരം തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ ഘടകം ഉപയോഗിച്ച് നിലവിലുള്ള ആസ്തികൾ മെയിന്റനൻസ് ചെയ്യുമ്പോൾ പഴയ എസ്റ്റിമേറ്റ്, വർക്ക് ഡീറ്റെയിൽസ് എന്നിവ സമർപ്പിക്കണമെന്നുള്ള വ്യവസ്ഥമൂലം നിലവിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ

പ്രായോഗിക ബുദ്ധിമുട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

MGNREGS-ൽ സൃഷ്ടിച്ച ആസ്തികൾ മാത്രമാണ് തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ ഘടകം ഉപയോഗിച്ച് മെയിന്റനൻസ് നടത്താൻ സാധിക്കുന്നത്. ഇതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽ വന്നിട്ടില്ല.

(ബി) ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ബാധകമല്ല.

<u>പഴയ വാണിജ്യ കെട്ടിടങ്ങളുടെ ലൈസൻസ്</u>

316 (316) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ പുതിയ കെട്ടിടനിർമ്മാണ നിയമങ്ങൾ നിലവിൽ വന്നപ്പോൾ പഴയ വാണിജ്യ കെട്ടിടങ്ങളുടെ ലൈസൻസ് നിലനിർത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കെട്ടിടത്തിന് ലൈസൻസ് നൽകുന്നത് സംബന്ധിച്ച

നിബന്ധനകളൊന്നും കെട്ടിടനിർമ്മാണ ചട്ടത്തിലില്ല. വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിലുൾപ്പെടുന്ന വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകിവരുന്നുണ്ട്.

(ബി) പുതിയ നിയമ പ്രകാരം വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആതുരശുശ്രൂഷാലയങ്ങൾ ഇരുന്നൂറ് ചതുരശ്രമീറ്ററിൽ നിജപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

2019-ലെ കേരള പഞ്ചായത്ത്, മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 25(2) പ്രകാരം വാണിജ്യ ഉപയോഗത്തിന് അനുമതി ലഭ്യമായ കെട്ടിടത്തിൽ 200 ചതുരശ്രമീറ്റർ വരെയുള്ള ആതുരശുശ്രൂഷാലയങ്ങൾ പ്രവർത്തിക്കാൻ സാദ്ധ്യമാണ്.

(സി) ഉണ്ടെങ്കിൽ ഈ നിയമം നിലവിൽ വരുന്നതിനുമുമ്പ് നിയമ പ്രകാരം പ്രവർത്തിച്ചിരുന്ന ആതുരശുശ്രൂഷാലയങ്ങൾ തുടർന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ തുടർന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

317 (317) ശ്രീ. എ. സി. മെയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വിഹിതത്തിൽ കേന്ദ്രസർക്കാർ എത്ര രൂപയാണ് കുറവ് വരുത്തിയത്; വിശദമാക്കാമോ?

2021-22 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്രസർക്കാർ ഇതുവരെ ആകെ 98,000 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് (ആദ്യം 73,000 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് 98,000 കോടി രൂപയായി പിന്നീട് ഉയർത്തുകയുണ്ടായി). എന്നാൽ 2022-23 വർഷത്തേയ്ക്ക് 73,000 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. നിലവിൽ 25,000 കോടി രൂപയുടെ കുറവാണെവന്നിട്ടുള്ളത്. 2019-20-ൽ ആകെ 71,002 കോടി രൂപയും 2020-21-ൽ ആകെ 1,11,170 കോടി രൂപയും ആയിരുന്നു അനുവദിച്ചിരുന്നത്.

(ബി) സംസ്ഥാന സർക്കാർ വിഹിതത്തിൽ തന്മൂലം എത്ര രൂപയാണ് കുറവുവന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ?

കേന്ദ്ര വിഹിതമുൾപ്പടെ ആകെ സാധന ഘടകമായി (Material component) അനുവദിക്കുന്ന തുകയുടെ 25 ശതമാനമാണ് സംസ്ഥാന വിഹിതമായി വഹിക്കേണ്ടത്. ആയതിനാൽ കേന്ദ്ര സർക്കാർ വിഹിതത്തിൽ ഉണ്ടാകുന്ന കുറവിന് ആനുപാതികമായി സംസ്ഥാന സർക്കാർ വിഹിതത്തിലും കുറവ് സംഭവിക്കും. 2019-20 മുതൽക്കുള്ള വർഷങ്ങളിൽ സംസ്ഥാനം അംഗീകരിച്ചുനൽകിയ ലേബർ ബഡ്ജറ്റ് സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ, ചെലവഴിച്ച തുക എന്നിവ അനുബന്ധമായി ചേർക്കുന്നു.+

## കെട്ടിട പെർമിറ്റ്

318 (318) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ എന്നിവ നൽകുന്ന കെട്ടിടനിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ?

കെട്ടിടനിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി, ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്നതിനും പരിശോധിക്കുന്നതിനും അനുമതി നൽകുന്നതിനും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ നഗരസഭകളിൽ IBPMS, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ SUVEGA എന്നീ സോഫ്റ്റ്‌വെയറുകളും ഗ്രാമപഞ്ചായത്തിൽ സങ്കേതം സോഫ്റ്റ്‌വെയറും വിന്ന്യസിച്ച് പ്രവർത്തിച്ച് വരുന്നു.

(ബി) കെട്ടിടനിർമ്മാണം ആരംഭിച്ചതിനുശേഷം പൊതുമരാമത്ത് വകുപ്പ് റോഡിന് വീതി കൂട്ടുകയും പിന്നീട് പഞ്ചായത്ത് രാജ് നിയമപ്രകാരം റോഡിൽനിന്നും കെട്ടിടത്തിലേക്ക് അനുശാസിക്കുന്ന അളവ് ഇല്ലാത്തതിന്റെ പേരിൽ കെട്ടിട നമ്പർ നൽകാതിരിക്കുകയും ചെയ്യുന്നതിനാൽ വളരെയധികം പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി തദ്ദേശ സ്ഥാപനത്തിൽനിന്ന് ലഭിച്ച നിർമ്മാണാനുമതിക്ക് അനുസൃതമായി നിർമ്മിച്ച ഏതൊരു കെട്ടിടത്തിനും ആ പെർമിറ്റിന്റെ പ്രാബല്യത്തിൽ കെട്ടിടനമ്പർ ലഭിക്കാൻ അർഹതയുണ്ട്. ഈ കാലയളവിൽ റോഡിന് വീതികൂട്ടുന്നത് പ്രസ്തുത പെർമിറ്റിനെയോ കെട്ടിടനമ്പർ ലഭിക്കുന്നതിനെയോ ബാധിക്കുകയില്ല.

(സി) കെട്ടിടനിർമ്മാണത്തിന് മുമ്പ് പെർമിറ്റ് നൽകി നിർമ്മാണം ആരംഭിക്കുകയും പിന്നീട് പഞ്ചായത്തുരാജ് നിയമപ്രകാരം അളവുകളില്ലെന്ന

കാരണത്താൽ ബിൽഡിംഗ് നമ്പർ ലഭിക്കാതിരിക്കുകയും ചെയ്യുന്നതുമൂലം വളരെയധികം ബുദ്ധിമുട്ടുകളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. എന്നാൽ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുമുമ്പ് പെർമിറ്റ് ലഭിക്കുകയും അംഗീകരിച്ച പ്ലാൻ പ്രകാരം ചട്ടലംഘനങ്ങൾ ഇല്ലാതെ, നിർമ്മിക്കുകയാണെങ്കിൽ പ്രസ്തുത കെട്ടിടത്തിന് ഒക്യുപ്പൻസിയും അധികൃത നമ്പറും ലഭിക്കുന്നതിന് യാതൊരു തടസ്സവും ഉണ്ടാവുകയില്ല.

<u>തദ്ദേശസ്ഥാപനങ്ങളിലെ ഓൺലൈൻ സേവനങ്ങൾ</u>

319 (319) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളിൽ വീട് വയ്ക്കുന്നതുൾപ്പെടെയുള്ള വിവിധ സേവനങ്ങൾ ഓൺലൈൻ മുഖേന ജനങ്ങൾക്ക് യഥാസമയം ലഭിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

ഉണ്ട്. സങ്കേതം സോഫ്റ്റ്‌വെയർ, ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ എന്നിവ നിലവിൽ ഇന്റഗ്രേറ്റ് ചെയ്യാത്തതിനാൽ കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷ സങ്കേതം സോഫ്റ്റ്‌വെയറിലും

ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയറിലും സമർപ്പിക്കേണ്ടതുണ്ട്. പ്രസ്തുത സോഫ്റ്റ്‌വെയറുകൾ ഏകോപിപ്പിക്കുന്നതോടെ ബുദ്ധിമുട്ട് ഒഴിവാകുന്നതാണ്. നഗരസഭകളിൽ ഐ.ബി.പി.എം.എസ്., സുവേഗ എന്നീ സോഫ്റ്റ്‌വെയറുകൾ മുഖാന്തരം കെട്ടിടനിർമ്മാണ പെർമിറ്റുകൾ ലഭ്യാമാകുന്നുണ്ട്. തദ്ദേശസ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സംയോജിത തദ്ദേശവകുപ്പിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമായി ഒരു പുതിയ സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഉപയോഗിക്കുന്ന വിവിധ സോഫ്റ്റ്‌വെയറുകളിലെ പ്രശ്നങ്ങൾ ഐ.കെ.എം. അതാത് സമയം പരിഹരിച്ചുവരുന്നു.

(ബി) സീനിയോരിറ്റി പ്രകാരമാണോ പ്രസ്തുത ഓൺലൈൻ സേവനങ്ങൾ തീർപ്പുകൽപ്പിക്കുന്നത്; വ്യക്തമാക്കാമോ?

അതെ. സോഫ്റ്റ്‌വെയർ മുഖേന ലഭിക്കുന്ന അപാകതരഹിത/അപാകത പരിഹരിച്ച അപേക്ഷകൾ സീനിയോരിറ്റി പ്രകാരമാണ് തീർപ്പുകൽപ്പിക്കുന്നത്.

(സി) സേവനങ്ങൾക്കായി ഓൺലൈൻ മുഖേന അപേക്ഷിക്കുന്നതിനും തിരികെ ഓൺലൈൻ വഴി സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട്

ലഭ്യമാക്കുന്നതിനും വേണ്ടി നടപടി സ്വീകരിക്കുമോ?

പഞ്ചായത്തുകൾ നൽകിവരുന്ന 213 സേവനങ്ങൾക്കായി ഓൺലൈൻ മുഖേന അപേക്ഷിക്കുന്നതിനും സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം സിറ്റിസൺ സർവ്വീസ് പോർട്ടൽ വഴി ഇപ്പോൾതന്നെ പൊതുജനങ്ങൾക്ക് ലഭ്യമാണ്. നഗരസഭകളിലും 213 സേവനങ്ങൾക്കായി സിറ്റിസൺ പോർട്ടലിലൂടെ ഇ-ഫയലിംഗും ഇ-പേമെന്റും ഒരുക്കിയിട്ടുണ്ട്.

സങ്കേതം സോഫ്റ്റ്‌വെയർ മുഖേനയുള്ള കെട്ടിട നിർമ്മാണ പെർമിറ്റ്

320 (320) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പഞ്ചായത്ത്/മുനിസിപ്പൽ കെട്ടിടനിർമ്മാണ ചട്ടം അനുസരിച്ച് കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള സങ്കേതം സോഫ്റ്റ്‌വെയറിൽ വിവിധ തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. സങ്കേതം സോഫ്റ്റ്‌വെയറിൽ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സോഫ്റ്റ്‌വെയർ മുഖേന ലഭിക്കുന്ന അപേക്ഷകൾ സീനിയോരിറ്റി പ്രകാരമാണോ തീർപ്പുകൽപ്പിക്കുന്നതെന്ന് വിശദമാക്കാമോ?

അതെ. സോഫ്റ്റ്‌വെയർ മുഖേന ലഭിക്കുന്ന അപാകതരഹിത/അപാകത പരിഹരിച്ച അപേക്ഷകൾ സീനിയോരിറ്റി പ്രകാരമാണ് തീർപ്പുകൽപ്പിക്കുന്നത്.

<u>ലൈഫ് പദ്ധതിയിൽ വീടുകളുടെ നിർമ്മാണം</u>

321 (321) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഒന്നാം നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി ലൈഫ് പദ്ധതിയിൽ പതിനായിരം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സർക്കാരിന്റെ ഒന്നാം നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി ലൈഫ് പദ്ധതി മുഖേന 12068 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ലൈഫ് പദ്ധതിയിൽ ഇതുവരെ എത്ര വീടുകൾ നിർമ്മിച്ചുവെന്ന കണക്ക്

ലഭ്യമാണെങ്കിൽ അറിയിക്കാമോ?

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്ന സംസ്ഥാന/കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. 279131 വീടുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) ഈ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്?

അഞ്ച് ലക്ഷം വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) രണ്ടാം ഘട്ടം ലൈഫ് പദ്ധതിയിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണോ; ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുവേണ്ട മാർഗ്ഗരേഖ തയ്യാറായിട്ടുണ്ടോ?

ലൈഫ് 2020 പ്രകാരം 920260 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുവേണ്ട മാർഗ്ഗരേഖ തയ്യാറായിട്ടുണ്ട്.

(ഇ) ഒന്നാം ഘട്ടം ലൈഫ് പദ്ധതിയിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്ര അപേക്ഷകൾ നിരാകരിച്ചു; കണക്ക് ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2017-ൽ ലൈഫ് മിഷൻ കുടുംബശ്രീ മുഖേന സർവ്വെയിലൂടെയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. ഇപ്രകാരം ഭൂരഹിത ഭവനരഹിതരായി 344479 പേരെയും ഭൂമിയുള്ള ഭവനരഹിതരായി 170452 പേരെയും കണ്ടെത്തി. ഇതിൽ 137610 (ഭൂരഹിത ഭവന രഹിതർ), 102542 (ഭൂമിയുള്ള ഭവന രഹിതർ) ഗുണഭോക്താക്കളെ പരിശോധനയ്ക്കുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ അർഹരായി കണ്ടെത്തിയിട്ടുണ്ട്.

<u>ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ</u>

322 (322) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ റോഡുകളും സ്വകാര്യ വ്യക്തികൾ വിട്ട് നൽകുന്ന സ്ഥലങ്ങളും ഉൾപ്പെടുത്തുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിശോധിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വില്ലേജ് ഓഫീസറുടെ ലാൻഡ് അക്വിസിഷൻ സർട്ടിഫിക്കറ്റ് മാത്രം ഉണ്ടെങ്കിൽ ആസ്തി രജിസ്റ്ററിലുൾപ്പെടുത്താൻ സാധിക്കുമോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന്

വ്യക്തമാക്കാമോ?

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം നിക്ഷിപ്തമായിരിക്കുന്നതും 178 -ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ആർജ്ജിക്കുന്നതുമായ ഭൂമി ആസ്തി രജിസ്റ്ററിലുൾപ്പെടുത്താൻ കഴിയുന്നതാണ്. ഈ വ്യവസ്ഥകൾ നഗരസഭകൾക്കും ബാധകമാണ്.

(സി) സ്വകാര്യ വ്യക്തികൾ വിട്ട് നൽകുന്ന ഭൂമി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ പേരിൽ രജിസ്റ്റർ ചെയ്യണമെന്ന നിർദ്ദേശം നിലവിലുണ്ടോ; ഇവ പാലിക്കപ്പെടുന്നുണ്ടോവെന്ന് പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് പൊതു ആവശ്യത്തിനായി സ്വകാര്യ വ്യക്തികൾ സൗജന്യമായി ഭൂമി വിട്ടുകൊടുക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 178 പ്രകാരം സെക്രട്ടറിമാരുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകേണ്ടതുണ്ട്. ഇപ്രകാരം നടപടി സ്വീകരിച്ച് ഭൂമി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തതിനുശേഷം മാത്രമേ നിർമ്മാണ പ്രവർത്തനം നടത്താൻ പാടുള്ളുവെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 08-01-2021-ലെ PAN/10504/2019/സി2 നമ്പർ സർക്കുലർ പ്രകാരം എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും നല്കിയിട്ടുണ്ട്. ഈ

വ്യവസ്ഥകൾ എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും ബാധകമാണ്.

(ഡി) ഇത്തരത്തിൽ ലഭിക്കുന്ന ഭൂമി ജിയോ ടാഗ് ചെയ്യണമെന്ന നിർദ്ദേശം പ്രായോഗികമാണോ; ഇത് കാലതാമസത്തിന് ഇടയാക്കുന്നില്ലേ; പരിശോധിക്കുമോ;

(ഇ) മേൽ പ്രശ്നം പ്രായോഗികമായി എങ്ങനെ പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ഡി&ഇ) ധനകാര്യ കമ്മീഷൻ ഗ്രാൻഡ് ഉപയോഗിച്ചുള്ള പദ്ധതികളിലുൾപ്പെടുത്തി സൃഷ്ടിക്കപ്പെടുന്ന ആസ്തികളാണ് നിലവിൽ ജിയോ ടാഗ് ചെയ്യുന്നത്. കൂടാതെ റോഡ് കണക്ടിവിറ്റി മാപ്പിംഗിന്റെ ഭാഗമായി റോഡ് ആസ്തികളുടെ ജിയോ ടാഗിംഗ് നടന്നുവരുന്നുണ്ട്. ഇത് കാരണം ആസ്തി രജിസ്റ്ററിലുൾപ്പെടുത്തുന്ന പ്രവൃത്തിക്ക് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടില്ല.

## ക്ഷേമ പെൻഷൻ പുനഃസ്ഥാപിക്കൽ

323 (323) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ക്ഷേമ പെൻഷൻ

തടഞ്ഞുവയ്ക്കപ്പെട്ടവർക്ക് അത് പുനഃസ്ഥാപിച്ച് കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകാമോ?

തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ക്ഷേമ പെൻഷൻ തടഞ്ഞുവയ്ക്കപ്പെട്ടവർക്ക് അത് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 02-08-2021-ലെ നം.62/21/ധന സർക്കുലർ, 09-02-2022 -ലെ നം.07/2022/ധന സർക്കുലർ എന്നിവ പ്രകാരം വിവിധ കാരണങ്ങളാൽ പെൻഷൻ തടയപ്പെട്ടവർക്ക് ആയത് പുനഃസ്ഥാപിക്കുന്നതിനോ/പുതുതായി അനുവദിക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം പ്രാദേശിക സർക്കാരുകളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## തൊഴിലുറപ്പ് പദ്ധതി

324 (324) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ തൊഴിൽ മേഖലകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് തൊഴിലുറപ്പാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. കോവിഡിനെത്തുടർന്നുള്ള ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ ഉണ്ടായ തൊഴിൽ നഷ്ടം പരിഹരിക്കുന്നതിനുപുറമെ ഗ്രാമീണ കുടുംബങ്ങൾക്ക് ഉപജീവന ആസ്തികൾ നിർമ്മിച്ച് നൽകുന്നതിനും പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. 2020-21, 2021-22 വർഷങ്ങളിൽ തൊഴിലെടുത്ത കുടുംബങ്ങളുടെ എണ്ണം, സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ എണ്ണം, നൽകിയ മൊത്തം കൂലി തുക, 100 ദിനം തൊഴിലെടുത്ത കുടുംബങ്ങളുടെ എണ്ണം തുടങ്ങിയ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) തൊഴിലുറപ്പ് പദ്ധതിക്കുള്ള കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ കാലതാമസം നേരിടാറുണ്ടോ; എങ്കിൽ എത്ര തുക നിലവിൽ കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 15-02-2022 വരെ അവിദഗ്ദ്ധ വേതനയിനത്തിൽ 376 കോടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയും മെറ്റീരിയൽ ഇനത്തിൽ 170 കോടി രൂപയും കുടിശ്ശികയുണ്ട്. വേതന ഇനത്തിലെ കുടിശ്ശികയിൽ പട്ടികജാതി വിഭാഗത്തിനുള്ള 137.32 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗത്തിനുള്ള 16.15 കോടി രൂപയും ഉൾപ്പെടുന്നു.

(സി) 2022-23-ലെ കേന്ദ്ര ബഡ്ജറ്റിൽ തൊഴിലുറപ്പ് പദ്ധതിക്കായുള്ള കേന്ദ്ര വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ അത് സംസ്ഥാനത്തെ തൊഴിൽ മേഖലയെ ഏതൊക്കെ നിലയിൽ ബാധിക്കുമെന്ന് പഠനം നടത്തുമോ?

ഉണ്ട്. 2019-20 മുതൽ 2022-23 വരെയുള്ള ബഡ്ജറ്റുകളിലെ വകയിരുത്തലിന്റെ വിശദാംശവും 2019-20 മുതൽക്കുള്ള വർഷങ്ങളിൽ സംസ്ഥാനം അംഗീകരിച്ചുനൽകിയ ലേബർ ബഡ്ജറ്റിന്റേയും സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടേയും വിവരവും അനുബന്ധമായി+ ചേർക്കുന്നു. കേന്ദ്ര വിഹിതത്തിൽ കുറവുവരുന്ന സാഹചര്യത്തിൽ ഇത് തൊഴിൽ മേഖലയെ ഏതൊക്കെ നിലയിൽ ബാധിക്കുമെന്ന കാര്യം പഠനവിധേയമാക്കുന്നത് പരിഗണിക്കുന്നതാണ്.

(ഡി) തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ സംസ്ഥാനത്ത് എല്ലാ വിഭാഗം തൊഴിലുകളെയും ഉൾപ്പെടുത്തി തൊഴിൽ ബാങ്ക് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇപ്രകാരം രൂപീകരിക്കുന്ന തൊഴിൽ ബാങ്ക് മുഖേന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ കരാറുകൾ അടക്കമുള്ള തൊഴിലുകൾ ഏറ്റെടുക്കുന്നത് പ്രസ്തുത തൊഴിൽ ബാങ്കിലുള്ളവർക്ക് സഹായകമാകുമെന്നതിനാൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

നല്ല നിർദ്ദേശമാണ്, അത് പരിശോധിക്കുന്നതാണ്.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച റോഡുകൾ

325 (325) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (MLRRP)-യിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ പട്ടികയും ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിയുടെയും നിലവിലെ ഭൗതിക നിലവാരം ഇനം തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) CMLRRP പദ്ധതിയിലുൾപ്പെടുത്തി അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച റോഡുകൾ, അവയുടെ നിലവിലെ ഭൗതിക നിലവാരം, ഭരണാനുമതി ഉത്തരവുകൾ എന്നിവ അടങ്ങുന്ന പട്ടിക

അനുബന്ധമായി ചേർക്കുന്നു.+ ടി പ്രവൃത്തികളുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.

<u>ഡയാലിസിസിന് സാമ്പത്തിക സഹായം</u>

326 (326) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ സംയുക്ത പദ്ധതി സാങ്കേതികവും നിയമപരവുമായ കാരണങ്ങളാൽ ഒരു വർഷത്തിലധികമായി മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രികളിലേയ്ക്ക് സഹായം ലഭിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കാൻ ആശുപത്രി അധികൃതർ തന്നെ വിമുഖത കാണിക്കുന്ന സാഹചര്യത്തിൽ ഇതുമൂലമുണ്ടായ സങ്കീർണ്ണതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ ഡയാലിസിസ് രോഗികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി ഗ്രാമ-ബ്ലോക്ക്-ജില്ല പഞ്ചായത്തിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംയുക്ത ആഭിമുഖ്യത്തിൽ പ്രോജക്ട് ഏറ്റെടുക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം അനുവദിക്കുന്നതിനും മലപ്പുറം ജില്ലാ പഞ്ചായത്ത് അഭ്യർത്ഥിച്ചിരുന്നത് പ്രകാരം 14-09-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിൽ 4.32 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇത് പ്രകാരം മലപ്പുറം ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. ആശുപത്രികളിലേക്ക് സഹായം സ്വീകരിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കാൻ ആശുപത്രി അധികൃതർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാർ വ്യവസ്ഥകൾ ലഘൂകരിക്കാനും രോഗികളുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് കാലതാമസം കൂടാതെ സഹായം എത്തിക്കുന്നതിനും അനുമതി നൽകുമോ?

പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## ഐരവൺപാലം

327 (327) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

കോന്നിയിലെ അരുവാപ്പുലം പഞ്ചായത്തിലെ ഐരവൺ പാലത്തിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോന്നി അരുവാപ്പുലം പഞ്ചായത്തിലെ ഐരവൺ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമിയോ മറ്റ് ആസ്തികളോ ഏറ്റെടുക്കുന്നത് ഉൾപ്പെടെ യാതൊരു നടപടിയും തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ പൊതുമരാമത്ത് വിഭാഗം മുഖാന്തരം പ്രാഥമിക സർവ്വേ നടപടികൾ നടത്തിയതായി അറിയുന്നു.

വൈപ്പിൻ കരയുടെ നിലനിൽപ്പിന് ഭീഷണി

328 (328) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യയിൽതന്നെ ഏറ്റവും ജനസാന്ദ്രത കൂടിയ ദ്വീപ് മണ്ഡലമായ വൈപ്പിൻകരയുടെ നിലനിൽപ്പിനുതന്നെ ഭീഷണിയാകുന്ന നിലയിലുള്ള കാലാവസ്ഥാ വ്യതിയാനവും കടൽക്ഷോഭവും വേലിയേറ്റവും വെള്ളക്കെട്ട് ഉൾപ്പെടെയുള്ള ദുരിതങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലും അനുഭവപ്പെടുന്ന പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തോടുകളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് നായരമ്പലം, ഞാറക്കൽ, കുഴപ്പിള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കി അഞ്ച് ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

(സി) ഇതുസംബന്ധിച്ച വിശദമായ പഠനത്തിന് സംസ്ഥാന ആസൂത്രണ ബോർഡിനെ ചുമതലപ്പെടുത്താൻ സാധിക്കുമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

<u>കായംകുളം മണ്ഡലത്തിലെ പ്രവൃത്തികൾ</u>

329 (329) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, സി.എം.എൽ.ആർ.ആർ.പി. എന്നീ പദ്ധതികളിലുൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള

പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പ്രവൃത്തിയുടെയും പുരോഗതി എന്താണെന്നും വിശദമാക്കാമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണം

330 (330) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിടനിർമ്മാണത്തിന് പഞ്ചായത്ത് വകുപ്പിൽനിന്നും ഭൂമി ലഭ്യമാക്കുവാൻ സമർപ്പിച്ച അപേക്ഷയിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്ത് സർവ്വെ നമ്പർ 163/5-ൽ ഉൾപ്പെട്ടതും എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ 50 സെന്റ് ഭൂമിയിൽ എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ 10 സെന്റ് സ്ഥലം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്നതിനുള്ള ഭരണസമിതി തീരുമാനം ഉൾപ്പെടുത്തിയ കത്ത് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ ശിപാർശ നാളിതുവരെ ലഭിച്ചിട്ടില്ല.

(ബി) സർക്കാർ ഓഫീസ് നിർമ്മാണത്തിനും മറ്റും പഞ്ചായത്ത് വകുപ്പിന്റെ ഭൂമി വിട്ട് നൽകാൻ നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

ഒരു ആവശ്യത്തിനായി ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച ഭൂമി പ്രസ്തുത ആവശ്യം പൂർണ്ണമായും പരിഹരിക്കാത്ത മറ്റൊരാവശ്യത്തിനായി ഉപയോഗിക്കുന്നതും നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുകൂലമല്ലാത്ത സ്ഥലങ്ങൾ കൈമാറുന്നതും തടസ്സങ്ങൾക്ക് കാരണമാകുന്നുണ്ട്.

<u>എടച്ചേരി സ്മാർട്ട് വില്ലേജ് ഓഫീസിന് ഭൂമി</u>

331 (331) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി പഞ്ചായത്തിൽ സ്മാർട്ട് വില്ലേജ് സ്ഥാപിക്കാൻ പഞ്ചായത്ത് വകുപ്പിൽനിന്നും ഭൂമി ലഭ്യമാക്കാൻ സമർപ്പിച്ച അപേക്ഷയിൽ

നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഭൂമി ലഭ്യമാക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) പഞ്ചായത്ത് വകുപ്പ് റവന്യൂ വകുപ്പിന് ഭൂമി വിട്ട് നൽകാൻ സത്വര നടപടി സ്വീകരിക്കുമോ?

(എ-സി) എടച്ചേരി വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി എടച്ചേരി ഗ്രാമപഞ്ചായത്ത് വക വസ്തു വിട്ടുനൽകുന്നതിനായുള്ള പ്രൊപ്പോസൽ 18-02-2022-ൽ പഞ്ചായത്ത് ഡയറക്ടറിൽനിന്നും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

<u>വാതിൽപ്പടി സേവനം പദ്ധതി</u>

332 (332) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ കാരണങ്ങളാൽ സർക്കാർ സേവനങ്ങൾ സമയബന്ധിതമായി ലഭിക്കാതിരിക്കുന്ന ജനങ്ങൾക്ക് വീട്ടുപടിക്കൽ സർക്കാർ സേവനങ്ങളും ജീവൻരക്ഷാ മരുന്നുകളും എത്തിക്കുവാൻ ലക്ഷ്യമിടുന്ന വാതിൽപ്പടി സേവനം പദ്ധതി സംസ്ഥാന വ്യാപകമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. നിലവിൽ പൈലറ്റ് അടിസ്ഥാനത്തിൽ 50 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുള്ള വാതിൽപ്പടി സേവനം പദ്ധതിയുടെ നിർവ്വഹണം സൂക്ഷ്മമായി അവലോകനം ചെയ്തുവരികയാണ്. അതിലൂടെ ലഭിക്കുന്ന വിവരങ്ങളുടെയും ആശയങ്ങളുടെയുംകൂടി അടിസ്ഥാനത്തിൽ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതാണ്. സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ചുള്ള 100 ദിന കർമ്മപദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്.

## ജൽജീവൻ മിഷനിലെ പഞ്ചായത്ത് ഗുണഭോക്തൃ വിഹിതങ്ങൾ

333 (333) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതി നടപ്പിലാക്കുമ്പോൾ പഞ്ചായത്തുകളുടെയും ഗുണഭോക്താക്കളുടെയും വിഹിതം കണ്ടെത്തുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വിശദമായ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടില്ല. ജൽജീവൻ മിഷൻ അതോറിറ്റി നൽകുന്ന DPR/DER-ന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്തുകളുടെയും ഗുണഭോക്താക്കളുടെയും വിഹിതം കണക്കാക്കുന്നത്.

(ബി) സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന പഞ്ചായത്തുകളെയും ഗുണഭോക്താക്കളെയും വിഹിതം നൽകുന്നതിൽനിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കാനായി പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും കണ്ടെത്താൻ കഴിയാതെ വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തിവികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് 10-08-2020-ലെ സ.ഉ(സാധാ)നം.4584/2020/ധന. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു).+

<u>കുടുംബശ്രീ മിഷന് കീഴിലെ അക്കൗണ്ടന്റുമാരുടെ ഓണറേറിയം</u>

334 (334) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കുടുംബശ്രീ മിഷന് കീഴിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാമപഞ്ചായത്തിലെയും നഗരസഭകളിലെയും ബി.ഡി.എസ്.-കളിൽ എത്ര അക്കൗണ്ടന്റുമാർ ജോലി ചെയ്തുവരുന്നുണ്ടെന്നും അവരുടെ ഓണറേറിയം എത്രയാണെന്നും വ്യക്തമാക്കാമോ?

കേരളത്തിലെ കുടുംബശ്രീ മിഷന് കീഴിൽ ഗ്രാമപഞ്ചായത്തിലെയും നഗരസഭകളിലെയും സി.ഡി.എസ്.-കളിൽ ആകെ 1070 പേർ അക്കൗണ്ടന്റുമാരായി ജോലി ചെയ്തുവരുന്നു. കുടുംബശ്രീയിൽ പുതുതായി ചുമതല ഏൽക്കുന്ന അക്കൗണ്ടന്റുമാർക്കുള്ള പ്രതിമാസ വേതനം 12,000/- രൂപയും എന്നാൽ അഞ്ച് വർഷം പൂർത്തിയാക്കിയ അക്കൗണ്ടന്റുമാരുടെ വേതനം 13,000/- രൂപയുമായി 01-01-2017 മുതൽ പ്രാബല്യം നല്കി നിശ്ചയിച്ചിരുന്നു. വാർഷിക വർദ്ധനവായി 750/- രൂപയും നല്കിവരുന്നുണ്ട്.

(ബി) പ്രസ്തുത അക്കൗണ്ടന്റുമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ?

ഈ വിഷയം തല്ക്കാലം പരിഗണനയിലില്ല.

## എളകുന്നപ്പുഴ സർക്കാർ സ്കൂൾ കെട്ടിടനിർമ്മാണം

335 (335) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും 90 ലക്ഷം രൂപയ്ക്ക് 24-11-2017-ലെ ആർ.ഡി. 4-1023/17 നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും തദ്ദേശസ്വയംഭരണ വകുപ്പിനെ നിർമ്മാണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളതുമായ വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളകുന്നപ്പുഴ സർക്കാർ ന്യൂ എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടനിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി പുതുക്കി നൽകിയിട്ടുണ്ടോ?

(എ-സി) എളംകുന്നപ്പുഴ ന്യൂ എൽ.പി. സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി ഹയർ സെക്കണ്ടറി സ്കൂൾ അധീനതയിലുള്ള ഭൂമിയാണ് കണ്ടെത്തിയിരിക്കുന്നത്. മേൽ ഭൂമിയിൽ എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണം നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യമായ എസ്റ്റിമേറ്റും പ്ലാനും ജില്ലാ പഞ്ചായത്ത് സെക്രട്ടറി മുഖേന സമർപ്പിക്കുകയും 31-01-2022-ലെ

DDEEKM/581/2022-C3 നമ്പർ ഉത്തരവ് പ്രകാരം വിദ്യാഭ്യാസ വകുപ്പ് അനുമതി നല്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സേവനങ്ങളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കൽ

336 (336) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സർക്കാർ 07-10-2021-ന് പ്രസിദ്ധീകരിച്ച GO(P)No. 1/2021/P1E&MD പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

നടപടി സ്വീകരിച്ചുവരുന്നു.

(ബി) ജനന മരണ സർട്ടിഫിക്കറ്റുകളിൽ തിരുത്തലുകൾ വരുത്തുന്നതിന് One and same സർട്ടിഫിക്കറ്റ് നിർബന്ധമാണോ?

ജനന രജിസ്ട്രേഷനിൽ മാതാപിതാക്കളുടെ പേര് തികച്ചും വ്യത്യസ്ത പേരായി തിരുത്തുന്നതിനും മരണ രജിസ്ട്രേഷനിൽ മരണപ്പെട്ടയാളിന്റെ

പേര്, മാതാപിതാക്കളുടെ പേര്, വിലാസം എന്നിവ തിരുത്തുന്നതിന് One and Same Certificate ആവശ്യമാണ്. എന്നാൽ അക്ഷരതെറ്റ് തിരുത്തുന്നതിന് One and Same Certificate ആവശ്യമില്ല.

(സി) സർട്ടിഫിക്കറ്റ് തിരുത്തലുകൾക്ക് One and same സർട്ടിഫിക്കറ്റ് തന്നെ ഹാജരാക്കണമെന്ന് കാണിച്ച് ജനന മരണ ചീഫ് രജിസ്ട്രാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ജനന മരണ സർട്ടിഫിക്കറ്റുകളിലെ പേര് ചേർക്കൽ, തിരുത്തലുകൾ എന്നിവ നൽകുന്നതിന് പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിക്കുന്നുണ്ട്.

## കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ

337 (337) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിൽ നിലവിലെത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ എന്നുമുതൽ ഉണ്ടായിട്ടുള്ളതാണെന്നും വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

നഗരകാര്യവകുപ്പിലെ ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിലെ 13 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ വഴിനികത്തുന്നതാണ്. പാർട്ട്ടൈം സ്വീപ്പർ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിലെ 17 ഒഴിവുകളിൽ 14 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും മൂന്ന് ഒഴിവുകൾ ആശ്രിത നിയമനത്തിനായി നീക്കി വച്ചിട്ടുള്ളതായും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2016-21 കാലയളവിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗുകളിലായി എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും ഇവയിൽ എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ടെന്നും അറിയിക്കാമോ?

2016-21 കാലയളവിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തു നികത്തിയിട്ടുണ്ട്.

<u>മേച്ചിൽപ്പുറ പട്ടയ അപേക്ഷകൾ</u>

338 (338) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിലുൾപ്പെടുന്ന വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മേച്ചിൽപ്പുറ പട്ടയ അപേക്ഷകളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ശ്രീ. അശ്വിൻദാസ് (അരങ്ങൻ വീട്), ശ്രീമതി ഷൈലജ (അരങ്ങൻ വീട്) എന്നിവരുടെ പട്ടയ അപേക്ഷകളിൽ എന്തെല്ലാം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും പട്ടയം എപ്പോൾ നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

പ്രസ്തുത അപേക്ഷകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമി പതിച്ചുകൊടുക്കുന്നതിനായി സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്ന വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ (RC4/120/2021/LSGD) റവന്യൂ വകുപ്പിൽ അയച്ചിരിക്കുകയാണ്. റവന്യൂ, നിയമ വകുപ്പുകളുടെ അഭിപ്രായം ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

<u>തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒഴിവുകൾ</u>

339 (339) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

54 ഒഴിവുകൾ.

(ബി) പ്രസ്തുത ഒഴിവുകൾ ഏതെല്ലാം ഓഫീസുകളിലാണെന്നത്

സംബന്ധിച്ച തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

നെല്ലിയാമ്പതി, പല്ലശ്ശന, കൊടുവായൂർ, കൊടുമ്പ്, കോട്ടപ്പാടം, തച്ചനാട്ടുകര, കാഞ്ഞിരപ്പുഴ, കുമരംപുത്തൂർ, തെങ്കര, അഗളി, കാരക്കുറിശ്ശി, പൂക്കോട്ടുകാവ്, വെള്ളിനേഴി, വല്ലപ്പുഴ, നെല്ലായ, തൃക്കടീരി, വിളയൂർ, ആനക്കര, പട്ടിത്തറ, പെരിങ്ങോട്ടുകുറിശ്ശി, കണ്ണാടി ഗ്രാമപഞ്ചായത്തുകളിൽ ഓരോന്ന് വീതമായി മൊത്തം 21 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. ആലത്തൂർ, അമ്പലപ്പാറ, കുലുക്കല്ലൂർ, പറത്തൂർ, ആനക്കര, തിരുമിറ്റക്കോട് ഗ്രാമപഞ്ചാത്തുകളിൽ ഓരോന്ന് വീതമായി മൊത്തം ആറ് ഒന്നാം തരം ഓവർസിയർമാരുടെയും നെല്ലിയാമ്പതി, വടകരപതി, എരുത്തേമ്പതി, കൊല്ലങ്കോട്, തച്ചനാട്ടുകര, തച്ചമ്പാറ, കരിമ്പുഴ, വല്ലപ്പുഴ, കപ്പൂർ, ചാലിശ്ശേരി ഗ്രാമപഞ്ചായത്തുകളിലും മണ്ണാർക്കാട്, തൃത്താല ബ്ലോക്ക് പഞ്ചായത്തുകളിലും ഓരോന്ന് വീതമായി മൊത്തം 12 രണ്ടാം തരം ഓവർസീയർമാരുടെയും എരുമയൂർ, എലപ്പുള്ളി, കാഞ്ഞിരപ്പുഴ, അനങ്ങനടി, കൊപ്പം, വിളയൂർ, പറത്തൂർ, ഒങ്ങല്ലൂർ, തിരുമിറ്റക്കോട്, കുഴൽമന്ദം ഗ്രാമപഞ്ചായത്തുകളിൽ ഓരോന്ന് വീതമായി മൊത്തം പത്ത് മൂന്നാം തരം ഓവർസിയർമാരുടെയും ഒഴിവുകൾ നിലവിലുണ്ട്. തൃത്താല ബ്ലോക്ക് പഞ്ചായത്തിൽ ക്ലാർക്കിന്റെ ഒരു ഒഴിവും, ഒറ്റപ്പാലം, തൃത്താല ബ്ലോക്ക്

പഞ്ചായത്തുകളിലായി ടൈപ്പിസ്റ്റിന്റെ രണ്ട് ഒഴിവുകളും പാലക്കാട് ബ്ലോക്ക് പഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റിന്റെ ഒരു ഒഴിവും ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു ഒഴിവും നിലവിലുണ്ട്.

## പി.എം.ജി.എസ്.വൈ. പദ്ധതി

340 (340) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിലെ പെരുങ്കടവിള, പാറശാല ബ്ലോക്ക് പഞ്ചായത്തുകളിലായി 2020 മുതൽ നാളിതുവരെ അനുവദിച്ച പി.എം.ജി.എസ്.വൈ. പദ്ധതികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ; പ്രസ്തുത പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

പെരുങ്കടവിള ബ്ലോക്കിൽ കുറ്റിപ്പൂമൂട് ഡാലുംമുഖം അലിക്കോട് ചാമവിള അരുവിയോട് റോഡിന്റെ 90 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. പെരുങ്കടവിള ബ്ലോക്കിലെ തൊട്ടിപ്പാലം പി.എച്ച്.സി. മണക്കാല വട്ടപ്പറമ്പ് ചെമ്പൂര് റോഡ്, പാറശ്ശാല ബ്ലോക്കിലെ ചെങ്കൽ പിരായുംമൂട് ആവണക്കിൻവിള മൺവിളക്കടവ് റോഡ് എന്നീ പ്രവൃത്തികളുടെ ടെണ്ടർ എക്സസിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതിക്കുവേണ്ടി പെരുങ്കടവിള, പാറശാല ബ്ലോക്ക് മേഖലയിൽ നിന്നും പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

സ്ഥലം എം.പി., സ്ഥലം എം.എൽ.എ., ഗ്രാമപഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽനിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) പദ്ധതിക്കുവേണ്ടി റോഡുകൾ തെരഞ്ഞെടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കേന്ദ്ര സർക്കാർ ഏജൻസിയായ എൻ.ആർ.ആർ.ഡി.എ.-യുടെ 2019-ലെ പി.എം.ജി.എസ്.വൈ.-3 മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് റോഡുകൾ തെരഞ്ഞെടുക്കുന്നത്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## വാഗ്ഭടാനന്ദ സാംസ്കാരിക കേന്ദ്രം

341 (341) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യത്ത് വാഗ്ഭടാനന്ദ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തിയായെങ്കിലും പഞ്ചായത്തിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈവശമുള്ള ഭൂമി കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ വൈകുന്നത് കാരണം നിർമ്മാണ പ്രവൃത്തികൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(ബി) പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമികൈമാറ്റവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഭൂമി എപ്പോൾ കൈമാറാനാവുമെന്ന് വെളിപ്പെടുത്താമോ?

(എ-സി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യത്ത് വാഗ്ഭടാനന്ദ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വക ഭൂമി സാംസ്കാരിക വകുപ്പിന് വിട്ടുനൽകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ അനുമതിക്കായി 07-07-2021-ൽ PAN/2959/2021-C5(DP) നമ്പരായി ലഭിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്. റവന്യൂ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായം ലഭ്യമാക്കി നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

## സർവ്വീസ് പെൻഷൻകാരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

342 (342) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷകരായ വിവിധ സർക്കാർ സ്ഥാപനങ്ങളിൽ കാഷ്വൽ ലേബർമാരായും മറ്റ് അടിസ്ഥാന തസ്തികയിലും ജോലി ചെയ്യുന്ന പ്രതിമാസം 3,000 മുതൽ 10,000 വരെ രൂപ വരെ മാത്രം പി.എഫ്. പെൻഷൻ ലഭിക്കുന്ന വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ താഴെ മാത്രമുള്ള വ്യക്തികളുൾപ്പെടുന്ന കുടുംബങ്ങളെ സർവ്വീസ് പെൻഷൻ ലഭിക്കുന്നുവെന്ന കാരണം പറഞ്ഞ് ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ തുച്ഛമായ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവരെ സർവ്വീസ് പെൻഷണർ എന്ന കാരണത്താൽ ഒഴിവാക്കുന്നത് പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്നത് നിലവിൽ പരിഗണനയിലില്ല.

<u>ജനകീയ ഹോട്ടലുകൾ</u>

343 (343) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതകൾക്ക് തൊഴിൽ സുരക്ഷയും സ്ഥിരവരുമാനവും ഉണ്ടാക്കുന്നതിന് ആരംഭിച്ച ജനകീയ ഹോട്ടലുകളിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ?

കോവിഡ് പ്രതിസന്ധി അതിജീവിക്കുന്നതിന്റെ ഭാഗമായി എല്ലാവർക്കും ന്യായമായ വിലയ്ക്ക് ഉച്ചഭക്ഷണം ഉറപ്പുവരുത്തുന്നതിനായുള്ള 'വിശപ്പ് രഹിത കേരളം' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം 1180 ജനകീയ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്. നഗരപ്രദേശത്ത് 195 ജനകീയ ഹോട്ടലുകളും ഗ്രാമപ്രദേശത്ത് 985 ജനകീയ ഹോട്ടലുകളുമാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇവയുടെ പ്രവർത്തനത്തിന് എന്തെല്ലാം സഹായങ്ങളാണ് നല്കിവരുന്നതെന്ന് വ്യക്തമാക്കുമോ?

ജനകീയ ഹോട്ടലുകളിൽനിന്നും നൽകുന്ന ഓരോ ഊണിനും 10 രൂപ സബ്സിഡി കുടുംബശ്രീ മുഖാന്തരം നൽകിവരുന്നുണ്ട്. ഇത് കൂടാതെ ഹോട്ടലുകളുടെ നടത്തിപ്പിനാവശ്യമായ പാത്രങ്ങൾ, മറ്റ് ഉപകരണങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവ വാങ്ങിക്കുന്നതിനായി പരമാവധി 50,000/- രൂപ വരെ റിവോൾവിംഗ് ഫണ്ടായി കുടുംബശ്രീ നൽകിവരുന്നുണ്ട്. ജനകീയ ഹോട്ടൽ നടത്തിപ്പിന് ആവശ്യമായ സ്ഥലം/വാടക, വൈദ്യുതി, ജലം എന്നിവ അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖാന്തരം സൗജന്യമായി ലഭ്യമാക്കുന്നു. നഗരസഭാതലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 30,000/- രൂപ നഗരസഭ മുഖാന്തരവും ഗ്രാമതലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 20,000/- രൂപ ബ്ലോക്ക് പഞ്ചായത്തിൽനിന്നും കൂടാതെ 10,000/- രൂപ ജില്ലാ പഞ്ചായത്തിൽനിന്നും വർക്കിംഗ് ഗ്രാന്റായി ലഭിച്ചുവരുന്നു. ഇതിനുപുറമേ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും ജനകീയ ഹോട്ടലുകൾക്ക് അരി കിലോയ്ക്ക് 10.90/- രൂപ നിരക്കിൽ ലഭ്യമാക്കുന്നുമുണ്ട്.

(സി) സർക്കാർ സബ്സിഡി തുക നൽകാത്തതിനാലെത്ര ജനകീയ ഹോട്ടലുകൾ പ്രവർത്തനം നിർത്തിയിട്ടുണ്ട്; വെളിപ്പെടുത്തുമോ?

സർക്കാർ സബ്സിഡി തുക നൽകാത്ത സ്ഥിതി ഉണ്ടായിട്ടില്ല. ചില മാസങ്ങളിൽ കാലതാമസം അനുഭവപ്പെട്ടത് മാത്രമെയുള്ളൂ. 42 യൂണിറ്റുകൾ താൽക്കാലികമായി അടച്ചിടേണ്ട സാഹചര്യമുണ്ടായെങ്കിലും നിലവിൽ എല്ലാ ജനകീയ ഹോട്ടലുകളും പ്രവർത്തനസജ്ജമാണ്.

(ഡി) ഇവയുടെ പ്രവർത്തനം കൂടതൽ മെച്ചപ്പെടുത്തുന്നതിനും പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് വിപുലീകരിക്കുന്നതിനും ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി ആരംഭിച്ച ജനകീയ ഹോട്ടലുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അവയെ അടുത്ത തലത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനും ഗ്രേഡിംഗ് പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി യൂണിറ്റുകളെ എ+, എ, ബി, സി എന്നീ വിഭാഗങ്ങളിലായി വിഭജിക്കുകയും ബി, സി വിഭാഗങ്ങളിലുള്ളവയ്ക്ക് അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പെർഫോമൻസ് ഇംപ്രൂവ്മെന്റ് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംരംഭമേഖലയിലെ കുടുംബശ്രീയുടെ പിന്തുണാസംവിധാനമായ മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ മുഖേന അക്കൗണ്ടിംഗ്, ബുക്ക് കീപ്പിംഗ് പരിശീലനവും ബിസിനസ്സ് കൗൺസിലിംഗ്, വിപണനം എന്നിവയ്ക്കുള്ള സഹായങ്ങളും നൽകി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനം കാഴ്ചവയ്ക്കുന്ന തരത്തിൽ യൂണിറ്റുകളെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ യൂണിറ്റുകൾക്ക് അവരുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിനായി

സൂക്ഷ്മസംരംഭങ്ങൾക്ക് നൽകുന്ന വിവിധതരം ധനസഹായങ്ങളും നൽകുന്നുണ്ട്.

## കോർപ്പറേഷനുകളിലെ അഴിമതി

344 (344) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിൽ കെട്ടിട പെർമിറ്റ് അപേക്ഷകൾ ഉന്നത ഉദ്യോഗസ്ഥർക്ക് കൈമാറാതെ കൈവശംവെച്ച് അപേക്ഷകരോട് കൈക്കൂലി ആവശ്യപ്പെട്ടതായി വിജിലൻസ് റെയ്ഡിൽ കണ്ടെത്തിയിരുന്നോയെന്ന് അറിയിക്കാമോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

കണ്ടെത്തിയതായി വിജിലൻസ് അറിയിച്ചിട്ടില്ല.

(ബി) സോണൽ ഓഫീസുകളിലെ പരാതികൾ രജിസ്റ്ററിൽ പോലും ഉൾപ്പെടുത്താതെ കൂട്ടിയിട്ടിരിക്കുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) റവന്യൂ അദാലത്തുകളിൽ അപേക്ഷകന് നോട്ടീസ് നൽകാതെ അപേക്ഷകൻ ഹാജരായില്ലെന്ന് റിപ്പോർട്ട് എഴുതി പരാതികൾ തീർപ്പാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ നികുതി

345 (345) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പഞ്ചായത്ത് രാജ് ആക്ടിലും മുനിസിപ്പാലിറ്റി ആക്ടിലുമുള്ള വേക്കൻസി റെമിഷൻ വ്യവസ്ഥ പ്രകാരം കോവിഡ് പ്രതിസന്ധിമൂലം അടഞ്ഞുകിടക്കുന്ന വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ നികുതി ഒഴിവാക്കുന്നതിന് സർക്കാർ എന്തെങ്കിലും പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ടോ?

ഉണ്ട്. 10-09-2021-ലെ സ.ഉ.(സാധാ)നം.1726/2021/തസ്വഭവ. പ്രകാരം കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംരംഭകരെ പിന്തുണയ്ക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷത്തിലെ ഒന്നാം

അർദ്ധവർഷത്തെ വസ്തു നികുതിയിളവ് (വേക്കൻസി റെമിഷൻ) അനുവദിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി 15-10-2021 വരെ നീട്ടി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ഇപ്രകാരം നികുതി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

ഇപ്രകാരം നികുതി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് കോഴിക്കോട് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലായി ആകെ 348 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) എത്ര അപേക്ഷകൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്?

മൊത്തം 172 അപേക്ഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

<u>ഗ്രാമപഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ</u>

346 (346) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസംഖ്യയുടെ എണ്ണം പരിഗണിക്കാതെ എല്ലാ

ഗ്രാമപഞ്ചായത്തുകളിലും ഒരേ സ്റ്റാഫ് പാറ്റേൺ ആണോ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരേ സ്റ്റാഫ് പാറ്റേൺ അല്ല നിലവിലുള്ളത്.

(ബി) ജനസംഖ്യാടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

കൂരാച്ചുണ്ട് സബ്ട്രഷറിക്ക് കെട്ടിടം

347 (347) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ ഭൂമി വിട്ടുനൽകുന്നതിനുള്ള അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്നറിയിക്കാമോ?

(എ&ബി) കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി സബ് ട്രഷറി നിർമ്മാണത്തിന് വിട്ടുനൽകുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടറിൽനിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്. അധിക വിവരം ആവശ്യമായി കണ്ടതിനാൽ അവ പഞ്ചായത്ത് ഡയറക്ടറിൽനിന്നും ലഭ്യമാക്കി അഭിപ്രായത്തിനായി ഫയൽ റവന്യൂ വകുപ്പിൽ നൽകിയിരിക്കുകയാണ്.

ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണ പ്രവൃത്തി

348 (348) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥയെന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോയെന്ന് വിശദീകരിക്കാമോ?

(എ-സി) നിലവിൽ ചെങ്കൽ ഗ്രാമപഞ്ചായത്ത് വക ഉദിയൻകുളങ്ങര

മാർക്കറ്റിന്റെ അതിർത്തി നിശ്ചയിച്ചുതരുന്നതിന് നെയ്യാറ്റിൻകര താലൂക്ക് ആഫീസിൽ രേഖകൾ നൽകിയിട്ടുണ്ട്. അതിർത്തി നിശ്ചയിച്ച് നൽകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതാണ്.

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിടനിർമ്മാണ പെർമിറ്റുകൾ</u>

349 (349) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ കെട്ടിടനിർമ്മാണ പെർമിറ്റുകൾ പരമാവധി ഒൻപത് വർഷക്കാലം വരെ പുതുക്കി നൽകാമെന്നുള്ള നിലവിലെ വ്യവസ്ഥ മാറ്റി കാലാവധി ദീർഘിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം 2019 പ്രകാരം കെട്ടിടനിർമ്മാണ പെർമിറ്റുകളുടെ കാലാവധി 10 വർഷമായി ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) വൻകിട കെട്ടിടങ്ങൾ സാമ്പത്തിക പ്രയാസം കാരണവും കോവിഡ്മൂലവും ഒൻപത് വർഷംകൊണ്ട് പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മുഴുവൻ ഫീസും അടച്ച് രേഖകൾ വീണ്ടും

വാങ്ങുന്നതിൽനിന്ന് ഒഴിവാക്കിക്കൊടുത്തുകൊണ്ട് കാലാവധി നീട്ടിക്കൊടുക്കാൻ വ്യവസ്ഥ ചെയ്യുമോ?

കോവിഡ് കാലത്ത് കാലാവധി അവസാനിച്ച കെട്ടിടനിർമ്മാണ പെർമിറ്റുകളുടെ കാലാവധി വിവിധ ഘട്ടങ്ങളിലായി 30-06-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഇങ്ങനെ ദീർഘിപ്പിക്കുന്നതിന് ഫീസ് അടയ്ക്കേണ്ടതില്ല.

(സി) ഒരിക്കൽ നിർമ്മിച്ച് നിയമാനുസരണം നമ്പറിട്ട് പ്രവർത്തിച്ചുവരുന്ന കെട്ടിടങ്ങൾക്ക് മുകളിൽ നില നിർമ്മിക്കുമ്പോൾ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട വിഷയം ഉൾപ്പെടെ വീണ്ടും ഉയർന്നുവരുന്നത് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉണ്ട്. ഒരിക്കൽ നിർമ്മിച്ച് നിയമാനുസരണം നമ്പറിട്ട് പ്രവർത്തിച്ചുവരുന്ന കെട്ടിടങ്ങൾക്ക് മുകളിൽ നില നിർമ്മിക്കുമ്പോൾ ഭൂമി തരം വ്യവസ്ഥ കൂടി പാലിച്ചാൽ മാത്രമെ നിർമ്മാണ അനുമതി, നമ്പറിംഗ് എന്നിവ നൽകാൻ കഴിയുകയുള്ളൂ. ആയതിന് നിയമാനുസരണം റവന്യൂ വകുപ്പ് മുഖേന അപേക്ഷ നൽകി തരം മാറ്റാവുന്നതാണ്.

## വാഹന പാർക്കിംഗ് ഫീസ്

350 (350) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ലെ കെ.എം.ബി.ആർ., 2019-ലെ കെ.പി.ബി.ആർ. എന്നിവ പ്രകാരം നിർമ്മിച്ച വാണിജ്യ/കച്ചവട കെട്ടിടങ്ങളുടെ പാർക്കിംഗ് ഏരിയകളിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽനിന്നും ഫീസ് ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

വ്യവസ്ഥ ചെയ്തിട്ടില്ല.

(ബി) സംസ്ഥാനത്തെ വിവിധ മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഇപ്രകാരം നിർമ്മിച്ച കെട്ടിടങ്ങളിൽ വാഹന പാർക്കിംഗ് ഈടാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ലഭിച്ച പരാതികളിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകുമോ?

ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ അന്വേഷണം നടത്തി അടിയന്തര റിപ്പോർട്ട് ലഭ്യമാക്കാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇപ്രകാരം പാർക്കിംഗ് ഫീസ് ഈടാക്കുന്നത് നിയമ വിരുദ്ധമാണെന്നും ഫീസ് ഈടാക്കിയാൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്ന തരത്തിൽ നിയമഭേദഗതി കൊണ്ടുവരാൻ തയ്യാറാകുമോ?

നിയമഭേദഗതി സർക്കാരിന്റെ പരിഗണനയിലില്ല.

## ലൈഫ് മിഷൻ പദ്ധതി

351 (351) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി അട്ടിമറിക്കാൻ ചിലർ നടത്തിയ ശ്രമങ്ങൾ പദ്ധതി പ്രവർത്തനങ്ങൾ മന്ദീഭവിപ്പിക്കാൻ കാരണമായിട്ടുണ്ടോ എന്ന് വിലയിരുത്തിയിരുന്നോ?

വിലയിരുത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരം രണ്ട് ഘട്ടങ്ങളിലുമായി എത്ര ഭവനങ്ങൾ നൽകിയെന്നതിന്റെ കണക്ക് ലഭ്യമാക്കാമോ?

സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലൈഫ് പദ്ധതി പ്രകാരം 262131 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അർഹരായവരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ?

2017-ൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെപോയ അർഹരായ ഗുണഭോക്താക്കളുടെ പുതിയ പട്ടിക തയ്യാറാക്കുന്നതിനായി 2020-21-ൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചതിൻപ്രകാരം ലഭ്യമായ അപേക്ഷകളിൻമേലുള്ള അർഹതാ പരിശോധന പൂർത്തിയായിട്ടില്ല.

(ഡി) വീട് അനുവദിക്കാൻ ശിപാർശ ചെയ്യുന്നതിന് കൈക്കൂലി ആവശ്യപ്പെടുന്നുവെന്ന് പറയപ്പെടുന്ന സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ അർഹരായവരുടെ പട്ടിക തയ്യാറാക്കുന്നതിന് നിയതമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ?

മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

(ഇ) ഭൂരഹിതരായ ഭവനരഹിതർക്ക് വീടുനിർമ്മാണത്തിന് ജനപങ്കാളിത്തത്തോടെ സ്ഥലം കണ്ടെത്തുന്നതിനുള്ള പരിപാടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതർക്ക് ഭൂമിയും വീടും ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് സുമനസ്സുകളായ പൊതുജനങ്ങൾ, വ്യാപാരി വ്യവസായികൾ, പ്രവാസികൾ, സന്നദ്ധസംഘടനകൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ തുടങ്ങിയവരുടെ സജീവ പങ്കാളിത്തം ആവശ്യമാണ്. ഇതിനുവേണ്ടിയാണ് 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി സംസ്ഥാന/ജില്ലാ/തദ്ദേശസ്ഥാപന തലങ്ങളിൽ സമിതികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നുസെന്റ് മുതൽ മുകളിലോട്ട് വിസ്തൃതിയുള്ള ഭവനനിർമ്മാണ യോഗ്യമായ ഭൂമി ഗുണഭോക്താക്കൾക്ക് വിട്ടുകൊടുക്കുന്ന രീതിയാണ് ഇതിൽ പ്രധാനം. ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമി സൗജന്യമായി നൽകുന്നതിന് രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. മറ്റൊന്ന്, ഭൂമി വാങ്ങുന്നതിനുള്ള തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന

രീതിയാണ്. സംഭാവനകൾ തദ്ദേശഭരണ സ്ഥാപനങ്ങളോ സർക്കാർ ഏജൻസികളോ നേരിട്ട് വാങ്ങുന്നതല്ല. എന്നാൽ ഈ രണ്ടുരീതികളിലും ഭൂമി ലഭ്യമാക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച ലൈഫ് ഗുണഭോക്താക്കൾക്ക് മാത്രമായിരിക്കും.

പുറമണ്ണൂർ-മില്ലുംപടി-വട്ടപ്പറമ്പ് റോഡ് പുനർനിർമ്മാണം

352 (352) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ പുറമണ്ണൂർ-മില്ലുംപടി-വട്ടപ്പറമ്പ് റോഡ് പുനർനിർമ്മിക്കുന്നതിന് നഗര സഞ്ചയ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ; പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) നഗര സഞ്ചയങ്ങൾക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനും നഗരസഞ്ചയ പ്രദേശത്തിന് പഞ്ചവത്സര

പദ്ധതി തയ്യാറാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 24-11-2021-ലെ GO(Ms)No.272/2021/LSGD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കുടിവെള്ളം, ശുചിത്വം, ഖരമാലിന്യ സംസ്കരണം എന്നീ മേഖലകളിലെ സേവന നിലവാരം (Service level benchmarks) മെച്ചപ്പെടുത്തുന്നതിനാണ് നഗരസഞ്ചയങ്ങൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ഈ മേഖലകളിലെ സേവന നിലവാരം മെച്ചപ്പെടുത്തുകയാണെങ്കിൽ മാത്രമെ ഓരോ നഗരത്തിനുമുള്ള പ്രസ്തുത ഗ്രാന്റ് ലഭിക്കുകയുള്ളൂ. മാർഗ്ഗനിർദ്ദേശങ്ങളിലെ നഗരസഞ്ചയങ്ങൾക്കുള്ള ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ചുള്ള വ്യവസ്ഥ പ്രകാരം നഗരസഞ്ചയ പദ്ധതിയിൽ റോഡ് പുനർനിർമ്മാണ പദ്ധതികൾ ഏറ്റെടുക്കാൻ കഴിയുന്നതല്ല.

## കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ

353 (353) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശവകുപ്പ് ഏകീകരണം നടപ്പിലാക്കുന്നതുവഴി കെട്ടിടനിർമ്മാണ അപേക്ഷകളിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

തദ്ദേശവകുപ്പ് ഏകീകരണംമൂലം കെട്ടിട നിർമ്മാണ ചട്ടത്തിൽ ഒരു മാറ്റവും വരുന്നില്ല. കെട്ടിടനിർമ്മാണ ചട്ടം പ്രകാരം കെട്ടിട നിർമ്മാണ അനുമതി നൽകുന്നത് അതത് തദ്ദേശഭരണ സ്ഥാപന സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്. കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് നിലവിലെ രീതിതന്നെ തുടരുന്നതാണ്.

(ബി) പ്രായോഗികമായ രീതിയിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ നടപ്പിലാക്കുന്നതുസംബന്ധിച്ച് തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് പദ്ധതിയുണ്ടോയെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുള്ളതാണ്. ആവശ്യമാണെന്ന് തോന്നുന്നപക്ഷം ഇനിയും പരിശീലനം നൽകുന്നതായിരിക്കും.

(സി) പഞ്ചായത്തുകളിൽ ഏരിയ നിബന്ധനയില്ലാതെ എല്ലാ കെട്ടിടങ്ങൾക്കുമുള്ള നിർമ്മാണാനുമതി അതത് പഞ്ചായത്ത് സെക്രട്ടറി തന്നെയാണോ നൽകേണ്ടതെന്ന് വെളിപ്പെടുത്തുമോ?

പഞ്ചായത്തുകളിൽ ഏരിയ നിബന്ധനയില്ലാതെ എല്ലാ കെട്ടിടങ്ങൾക്കുമുള്ള നിർമ്മാണ അനുമതി അതത് പഞ്ചായത്ത് സെക്രട്ടറി തന്നെയാണ് നൽകേണ്ടത്.

(ഡി) കെട്ടിടനിർമ്മാണ ചട്ടലംഘനമുള്ള കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിന് നിലവിൽ സാദ്ധ്യമാണോയെന്നത് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

സംസ്ഥാനത്ത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ അനധികൃതമായി നിർമ്മാണം നടത്തിയ കെട്ടിടങ്ങൾ നിബന്ധനകൾക്ക് വിധേയമായി നിർമ്മാണം ക്രമവത്കരിച്ച് നൽകുന്നതിനായി 15-02-2018-ലെ G.O.(P)No.12/2018/LSGD, G.O.(P)No.11/2018/LSGD എന്നീ നമ്പർ വിജ്ഞാപനപ്രകാരം 2018-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾക്ക് രൂപം നൽകിയിരുന്നു. ടി ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം 90 ദിവസമായിരുന്നു പ്രസ്തുത സൗകര്യം ലഭ്യമാക്കുന്നതിനുള്ള സമയപരിധി. മേൽ സമയപരിധി 30-09-2021 വരെ ദീർഘിപ്പിച്ചുകൊണ്ട് 16-08-2021-ലെ G.O.(P)No.40/2021/LSGD, G.O.(P)No.41/2021/LSGD ആയി ചട്ടം ഭേദഗതി

ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതുമാണ്. നിലവിൽ ടി ചട്ടങ്ങൾ പ്രകാരം ചട്ടലംഘനമുള്ള കെട്ടിടങ്ങൾ ക്രമവത്കരിക്കാൻ കഴിയില്ല.

(ഇ) ജീവനക്കാർക്ക് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ സംശയമുള്ള പക്ഷം സമീപിക്കേണ്ടത് ഏത് ഓഫീസിനെയാണെന്ന് വ്യക്തമാക്കാമോ?

2019-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 109 പ്രകാരം ടി ചട്ടത്തിന്റെ വ്യാഖ്യാനത്തിലോ ഏതെങ്കിലും വ്യവസ്ഥയിലോ എന്തെങ്കിലും സംശയമുണ്ടായാൽ സംശയം ദൂരീകരിക്കുവാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്. എന്നാൽ വ്യാഖ്യാനത്തിൽ കൃത്യതയുള്ള ചട്ടങ്ങളിലെ സംശയങ്ങൾ ദൂരീകരിക്കുന്നതിന് മുഖ്യനഗരാസൂത്രകനെ സമീപിക്കാവുന്നതാണ്.

## തദ്ദേശസ്വയംഭരണ പൊതുസർവ്വീസ്

354 (354) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശംസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് നിലവിലേത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാതല ഓഫീസുകളും

സംസ്ഥാനതല ഓഫീസുകളും 19-02-2022 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റിന്റേയും സബോർഡിനേറ്റിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള നടപടികളും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 2016-ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ട് എന്നീ ആക്ടുകളുടെ ഭേദഗതി വരുത്തി തദ്ദേശസ്വയംഭരണ പൊതുസർവീസ് ആക്ട് രൂപീകരിക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്.

(ബി) പൊതുസർവ്വീസ് രൂപപ്പെടുന്നതിന്റെ ഭാഗമായി പഞ്ചായത്ത് വകുപ്പ് ജീവനക്കാരുടെ സർവ്വീസ് സംഘടനകൾ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങളും ശിപാർശകളും കരട് ചട്ടത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുസർവ്വീസ് രൂപപ്പെടുന്നതിന്റെ ഭാഗമായി പഞ്ചായത്ത് വകുപ്പ് ജീവനക്കാരുടെ സർവ്വീസ് സംഘടനകൾ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങളും ശിപാർശകളും പരിശോധിച്ച് പരിഗണിക്കാൻ സാധിക്കുന്ന നിർദ്ദേശങ്ങൾ കരട് ചട്ടങ്ങളിലുൾപ്പെടുത്തിയിട്ടുണ്ട്.

(സി) പഞ്ചായത്ത് വകുപ്പിൽനിന്നും പൊതുസർവ്വീസിലുൾപ്പെട്ടിട്ടുള്ള മറ്റ്

വകുപ്പുകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റിന്റേയും സബോർഡിനേറ്റിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമായതിനുശേഷം പരിശോധിക്കാവുന്നതാണ്.

(ഡി) പൊതുസർവ്വീസിലുൾപ്പെടുന്ന മുഴുവൻ ജീവനക്കാർക്കും ട്രഷറി മുഖേന ശമ്പളം നൽകുന്നതിനും ജി.പി.എഫ്./സ്പാർക്ക് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ബാധകമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

പൊതുസർവീസിലുൾപ്പെടുന്ന മുനിസിപ്പൽ, പഞ്ചായത്ത് ജീവനക്കാർ ഒഴികെയുള്ള വകുപ്പുകളിലെ ജീവനക്കാർക്ക് ശമ്പളം ട്രഷറി മുഖേനയും ജി.പി.എഫ്., സ്പാർക്ക് ഉൾപ്പെടെയുള്ള സംവിധാനങ്ങളും നിലവിലുണ്ട്. മുനിസിപ്പൽ, പഞ്ചായത്ത് ജീവനക്കാർക്ക് ജി-സ്പാർക്ക് മുഖേന ശമ്പളം നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ സ്വീകരിച്ചുവരികയാണ്. ടി ജീവനക്കാർക്ക് ജി.പി.എഫ്. ബാധകമാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## <u>ഗ്രാമീണ റോഡുകളുടെ നവീകരണം</u>

355 (355) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ എളുപ്പത്തിൽ പൊട്ടിപൊളിയുന്നതും ഗതാഗത യോഗ്യമല്ലാതാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) ഗ്രാമീണ, പഞ്ചായത്ത് റോഡുകൾ നവീകരിക്കുന്നതിനും ദീർഘകാലത്തേയ്ക്ക് നിലനിൽക്കുന്നതിനുമായി ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ റോഡ് നിർമ്മിക്കുന്നതിനും റോഡുകളുടെ മിനിമം ഗ്യാരണ്ടി (പി.ഡബ്ല്യു.ഡി.-യിൽ പുതുതായി ചെയ്യുന്നതുപോലെ) ബോർഡുകൾ സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ റോഡുകൾ ഡിസൈൻ ചെയ്യപ്പെട്ട റോഡുകളായി ഗ്യാരണ്ടി പിരീഡോടുകൂടി നിർമ്മിക്കുന്നതിന് ആർ.കെ.ഐ.-യിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നുണ്ട്. ഇതേ മാതൃക എല്ലാ റോഡുകൾക്കും പിന്തുടരുന്ന കാര്യം പരിശോധിച്ചുവരുന്നു. റോഡുകളുടെ ഡിഫക്ട് ലയബിലിറ്റി പീരിയഡ് സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കുന്നതും പരിശോധിച്ചുവരുന്നു. ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ റോഡുകൾ

നിർമ്മിക്കുന്നതിന് ട്രാഫിക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്ക് അനുവാദം നൽകിവരുന്നുണ്ട്.

## തലശ്ശേരി ട്രഷറിക്ക് നഗരസഭയുടെ സ്ഥലം അനുവദിക്കാൻ നടപടി

356 (356) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി പെൻഷൻ പേമെന്റ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭയുടെ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച ഫയലിന്റെ (RC1/136/19) നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി നഗരസഭയിലെ തലശ്ശേരി പെൻഷൻ പേമെന്റ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തലശ്ശേരി നഗരസഭയുടെ കൈവശമുള്ള സ്ഥലം കൈമാറുന്നതിന് പ്രസ്തുത ഭൂമി പുനർനിക്ഷിപ്തമാക്കേണ്ടതിനായി കരട് വിജ്ഞാപനം സമർപ്പിക്കുവാൻ 8-10-2021, 22-12-2021 തീയതികളിലെ കത്തുകൾ മുഖേന നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. കരട് വിജ്ഞാപനം ലഭ്യമായിട്ടില്ല.

(ബി) തലശ്ശേരി പെൻഷൻ പേമെന്റ് ട്രഷറിക്ക് നഗരസഭയുടെ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് ഇതുവരെ എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ആയത് അനുവദിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും വ്യക്തമാക്കാമോ?

തലശ്ശേരി പെൻഷൻ പേമെന്റ് ട്രഷറിക്ക് നഗരസഭയുടെ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് നഗരകാര്യ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ ആവശ്യമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ അവ ലഭ്യമാക്കി റവന്യൂ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായം തേടുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. പുനർനിക്ഷിപ്തമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി ട്രഷറി വകുപ്പിന് കൈമാറുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിക്കുന്നതാണ്.

## ഡയാലിസിസിന് ധനസഹായം

357 (357) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് സാമ്പത്തിക

സഹായം നൽകുന്നതിനുവേണ്ടി ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ സംയുക്ത പദ്ധതി ഉണ്ടാക്കിയതും അതിനുവേണ്ടി മലപ്പുറം ജില്ലയിൽ പ്രോജക്ട് തയ്യാറാക്കിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) രോഗികൾക്ക് നേരിട്ട് സഹായം നൽകാതെ ചികിത്സ തേടുന്ന ആശുപത്രികളിലേയ്ക്ക് സഹായം നൽകണമെന്ന നിബന്ധനമൂലം ധനസഹായം വിതരണം ചെയ്യുന്നതിന് പ്രയാസം നേരിടുന്നുവെന്ന പരാതി പരിഗണിച്ച് നിബന്ധനകളിൽ ഇളവ് വരുത്തുമോ; വിശദമാക്കുമോ;

(സി) വൃക്കരോഗി ചികിത്സ നടത്തുന്ന ആശുപത്രിയിൽനിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ രോഗികൾക്ക് അവരുടെ അക്കൗണ്ടിലേയ്ക്ക് സഹായം നൽകാൻ അനുമതി നൽകുമോ?

(ബി&സി) നിലവിൽ പരിഗണനയിലില്ല.

<u>കുടുംബശ്രീകളിലെ അക്കൗണ്ടന്റുമാരുടെ വേതനം</u>

358 (358) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കുടുംബശ്രീകളിൽ പ്രവർത്തിക്കുന്ന

അക്കൗണ്ടന്റുമാർക്ക് ഇപ്പോൾ നൽകുന്ന വേതനം എത്രയാണെന്ന് അറിയിക്കാമോ?

കുടുംബശ്രീയിൽ പുതുതായി ചുമതല ഏൽക്കുന്ന അക്കൗണ്ടന്റുമാർക്കുള്ള പ്രതിമാസ അടിസ്ഥാന വേതനം 12,000/- രൂപയും എന്നാൽ അഞ്ച് വർഷം പൂർത്തിയാക്കിയ അക്കൗണ്ടന്റുമാരുടെ അടിസ്ഥാന വേതനം 13,000/- രൂപയുമായി 01-01-2017 മുതൽ പ്രാബല്യം നൽകി നിശ്ചയിച്ചിരുന്നു. വാർഷിക വർദ്ധനവായി 750/- രൂപയും നല്കിവരുന്നുണ്ട്.

(ബി) നിലവിൽ നൽകുന്ന വേതനം വർദ്ധിപ്പിച്ചുനൽകാൻ നടപടി ആരംഭിച്ചിട്ടുണ്ടോ?

പരിഗണനയിലില്ല.

(സി) വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന ഇവർക്ക് വാർഷിക വർദ്ധനവ് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. 09/06/2017-ലെ സ.ഉ.(എം.എസ്.)നം.110/2017/തസ്വഭവ. പ്രകാരം അക്കൗണ്ടന്റുമാർക്ക് 750/- രൂപ വാർഷിക വർദ്ധനവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## അതിദരിദ്രരെ കണ്ടെത്താനുള്ള നടപടികൾ

359 (359) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്താനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്ന് പൂർത്തിയാകുമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്താനുള്ള എന്യൂമറേഷൻ ഘട്ടംവരെ പൂർത്തിയായിട്ടുണ്ട്. ഗ്രാമസഭ അംഗീകാരം 90 ശതമാനം പൂർത്തിയായിട്ടുണ്ട്. ഫെബ്രുവരി അവസാനവാരത്തോടെ സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്താനുള്ള അന്തിമ മുൻഗണനപട്ടിക (ഗ്രാമസഭ/വാർഡ് സഭ അംഗീകരിക്കുന്നമുറയ്ക്ക്) പൂർത്തിയാകും.

(ബി) നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് അതിദരിദ്രരെ കണ്ടെത്താൻ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

16-07-2021-ലെ സ.ഉ.(കൈ)നം.145/2021/തസ്വഭവ. പ്രകാരം അതിദരിദ്രരെ കണ്ടെത്തൽ-മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായി. അതിദാരിദ്ര്യം ഏറ്റവും രൂക്ഷമായി പ്രകടമാകുന്നതിന് കാരണമായി വർത്തിക്കുന്ന പ്രധാന ഘടകങ്ങൾ ഭക്ഷണം, സുരക്ഷിതമായ വാസസ്ഥലം, അടിസ്ഥാന വരുമാനം, ആരോഗ്യപരമായ സ്ഥിതി എന്നിവയാണ്. മേൽ

ഘടകങ്ങളെ ഉപഘടകങ്ങളായും തുടർന്ന് അതിതീവ്ര ക്ലേശഘടകങ്ങൾ, തീവ്രക്ലേശഘടകങ്ങൾ എന്ന് രണ്ടായും തരംതിരിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാനദണ്ഡം/സൂചകങ്ങൾ നിശ്ചയിച്ച് അതിദാരിദ്ര്യ കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള പരിശീലന പ്രക്രിയകൾ വാർഡ്/ഡിവിഷൻ തലത്തിൽ നടത്തി വാർഡ്തല അതിദരിദ്ര കുടുംബങ്ങൾ അടങ്ങിയ പട്ടിക എന്യൂമറേഷൻ ടീം കണ്ടെത്തുകയും മേൽ പട്ടിക നോഡൽ ഓഫീസർ സ്ഥിരീകരിച്ചശേഷം എം.ഐ.എസ്. പോർട്ടലിൽ അപ്ലോഡ് ചെയ്യുന്ന പ്രക്രിയ പൂർത്തീകരിച്ചു. വികസനത്തിൽ പിന്നാക്കമായ പട്ടികവർഗ്ഗ/പട്ടികജാതി വിഭാഗം, തീരദേശവാസികൾ, നഗരദരിദ്രർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകി ഇവരുടെ ജീവിത സാഹചര്യങ്ങൾക്കനുസൃതമായ അതിദാരിദ്ര്യത്തിന് കാരണമായ ഘടകങ്ങളെക്കൂടി പരിഗണിച്ചാണ് അതിദാരിദ്ര്യ കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പ്രക്രിയ നടത്തിയിട്ടുള്ളത്. വാർഡ്തല/ ഡിവിഷൻതല പരിശോധന പൂർത്തിയാക്കിയതിനുശേഷം സൂപ്പർ ചെക്കിംഗിന് വിധേയമാക്കി അന്തിമ മുൻഗണനാപട്ടിക തയ്യാറാക്കി. മേൽ പട്ടിക തദ്ദേശഭരണ സ്ഥാപനതല സമിതി അംഗീകരിച്ചശേഷം

വാർഡ്/ഡിവിഷൻതല ഗ്രാമസഭകളിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

(സി) ഇക്കാര്യത്തിൽ പരാതിയുണ്ടെങ്കിൽ ആരെയാണ് സമീപിക്കേണ്ടത്?

കരട് പട്ടികയിന്മേൽ പരാതിയുള്ളപക്ഷം ഗ്രാമസഭ/വാർഡ്സഭ ചേരുന്ന അവസരത്തിൽ ലഭിച്ച പരാതികൾ ചർച്ചചെയ്ത് കഴിയാവുന്നത്ര പരാതികൾക്ക് ഗ്രാമസഭ/വാർഡ് സഭയിൽ തന്നെ പരിഹാരം കണ്ടെത്താൻ കഴിയും. പരിഹരിക്കപ്പെടാത്ത പരാതികൾ വാർഡ് /ഗ്രാമസഭയുടെ ശിപാർശ സഹിതം തദ്ദേശഭരണ സ്ഥാപനതല ഉപസമിതി പരിശോധിച്ച് തീർപ്പാക്കുന്നതും പരിഹരിക്കാൻ കഴിയാത്ത പരാതികൾ സൂപ്പർ ചെക്കിംഗ് സംഘത്തിന് കൈമാറാവുന്നതും സൂപ്പർ ചെക്കിംഗ് സംഘം എടുക്കുന്ന തീരുമാനത്തിൽ പരാതിയുണ്ടെങ്കിൽ ജില്ലാതലത്തിലും അതിനുശേഷം സംസ്ഥാനതലത്തിലുള്ള സമിതികൾക്ക് സമർപ്പിക്കാവുന്നതുമാണ്.

(ഡി) വാമനപുരം മണ്ഡലത്തിൽ പഞ്ചായത്തടിസ്ഥാനത്തിൽ കണ്ടെത്തിയ അതിദരിദ്രരുടെ എണ്ണം വ്യക്തമാക്കാമോ?

| സ്ഥലത്തിന്റെ പേര് | എണ്ണം |
|---|---|
| പെരിങ്ങമ്മല | 225 |
| വാമനപുരം | 54 |

| | |
|---|---|
| നന്ദിയോട് | 83 |
| പാങ്ങോട് | 97 |
| നെല്ലനാട് | 71 |
| പുല്ലമ്പാറ | 64 |
| പനവൂർ | 61 |
| കല്ലറ | 113 |
| **ആകെ** | **768 പേർ** |

ഭൂ-ഭവന രഹിതർക്ക് ഭൂമി

360 (360) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുടെ ഭാഗമായി ജനകീയ പങ്കാളിത്തത്തോടെ ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ലൈഫ് പദ്ധതിയുടെ ഭാഗമായി ജനകീയ പങ്കാളിത്തത്തോടെ ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായവർക്ക് ഭൂമിയും വീടും ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി

'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് സുമനസ്സുകളായ പൊതുജനങ്ങൾ, വ്യാപാരി വ്യവസായികൾ, പ്രവാസികൾ, സന്നദ്ധ സംഘടനകൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ മുതലായവരുടെ സജീവ പങ്കാളിത്തം ആവശ്യമാണ്. ഇതിനുവേണ്ടിയാണ് 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുള്ളത്.

(ബി) ലൈഫ് പദ്ധതിയുടെ ഭാഗമായി ഭൂ-ഭവന രഹിതർക്ക് ഭൂമി ലഭ്യമാക്കുവാൻ ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന/ ജില്ലാ/തദ്ദേശഭരണ സ്ഥാപനതലങ്ങളിൽ സമിതികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാമ്പയിൻ ആരംഭിച്ചതിനുശേഷം രണ്ടുപേർ സൗജന്യമായി ഭൂമി ലഭ്യമാക്കുകയും ഒരു വ്യക്തിയും ഒരു സ്ഥാപനവും ഭൂമി ദാനമായി നൽകുന്നതിന് രേഖാമൂലം സന്നദ്ധത അറിയിക്കുകയുമുണ്ടായി.

(സി) ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളിലേയ്ക്ക് സർക്കാരിന്റെ ക്ഷേമ പദ്ധതികളുടെ പ്രയോജനം പൂർണ്ണതോതിൽ എത്തുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലൈഫ് ഗുണഭോക്താക്കളുടെ കുടുംബ സംഗമവും അദാലത്തും നടത്തിയിരുന്നു. പ്രസ്തുത അദാലത്തിലൂടെ സർക്കാർ ക്ഷേമ പദ്ധതികളുടെ പ്രയോജനം ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. തുടർന്നും ഈ സർക്കാരിന്റെ കാലത്തും ഇത്തരം അദാലത്തുകളും സംഗമവും സംഘടിപ്പിക്കുന്നതാണ്.

(ഡി) ലൈഫ് പദ്ധതി പ്രകാരം നിർമ്മാണം ആരംഭിച്ചതും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ളതുമായ വീടുകൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ലൈഫ് പദ്ധതി പ്രകാരം നിർമ്മാണം ആരംഭിച്ചതും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ളതുമായ വീടുകൾ പൂർത്തീകരിക്കുന്നതിന് ധനസഹായം നൽകുന്നതിനായി ഹഡ്കോയിൽനിന്നും വായ്പ അനുവദിച്ചതിൽ തുടർനടപടികൾ കൈക്കൊണ്ടുവരികയുമാണ്.

## നഗരസഭകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ

361 (361) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ

ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിനും സീനിയോരിറ്റി ലിസ്റ്റ് പുതുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

നഗരസഭകളിലെ സീനിയർ ക്ലാർക്ക് തസ്തികയിലുള്ള ജീവനക്കാരുടെ കരട് ഗ്രഡേഷൻ ലിസ്റ്റ് 25-10-2021-ന് ഇ 3-18301/21 നമ്പർ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ലിസ്റ്റിന്മേലുള്ള ആക്ഷേപങ്ങൾ പരിഹരിച്ച് അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2022 ജനുവരി മുതൽ ഡിസംബർ വരെ നഗരസഭകളിലെ റവന്യൂ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ ഗ്രേഡ് 1 & 2, ഡെപ്യൂട്ടി സെക്രട്ടറി, സൂപ്രണ്ട്, റവന്യൂ ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ നിന്നുമുള്ള റിട്ടയർമെന്റ് ഒഴിവുകളും മറ്റ് ഒഴിവുകളും എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഡെപ്യൂട്ടി സെക്രട്ടറി</u>

കോഴിക്കോട് - 1

കണ്ണൂർ -1

കൊല്ലം -1

<u>പി.എ.ടു. സെക്രട്ടറി (PA/CS/RO/AO)</u>

കോഴിക്കോട് - 1

കൊച്ചി - 1

തിരുവനന്തപുരം - 2

പത്തനംതിട്ട – 1

കണ്ണൂർ – 1

തൃശ്ശൂർ – 1

കൊല്ലം - 2

കോട്ടയം - 1

റവന്യൂ ഓഫീസർ ഗ്രേഡ് 2-ൽ ഒഴിവില്ല.

<u>സൂപ്രണ്ട്</u>

കൊല്ലം - 1

പത്തനംതിട്ട – 2

കോട്ടയം - 1

എറണാകുളം - 2

തൃശ്ശൂർ – 3

പാലക്കാട് - 1

കോഴിക്കോട് - 1

കണ്ണൂർ – 2

<u>ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ</u>

കൊല്ലം - 2

കാസർഗോഡ് - 1

മലപ്പുറം - 1

കോഴിക്കോട് - 1

കോട്ടയം - 1

തൃശ്ശൂർ – 1

എറണാകുളം - 2

പാലക്കാട് - 1

വയനാട് - 1

(സി) തദ്ദേശസ്വയംഭരണ വകുപ്പിനെ പൊതുസർവ്വീസാക്കി മാറ്റുന്നതിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധിയും കാലതാമസവും വിശദീകരിക്കാമോ; ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിനെ പൊതുസർവ്വീസാക്കി മാറ്റുന്നതിൽ നിലവിൽ പ്രതിസന്ധികളോ കാലതാമസമോ ഉണ്ടായിട്ടില്ല. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) തദ്ദേശസ്വയംഭരണ വകുപ്പ് കമ്മീഷനിലുൾപ്പെട്ട അംഗങ്ങൾ ആരെല്ലാമാണ്; ഈ കമ്മീഷന് ഇതുവരെ എത്ര രൂപ ചെലവായിയെന്ന് വ്യക്തമാക്കാമോ?

2016-ലെ GO(MS)148/2016 നമ്പർ ഉത്തരവുപ്രകാരം ഡോ. സി. പി. വിനോദ് ചെയർമാനായി പുനഃസംഘടിപ്പിക്കപ്പെട്ട ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽ ഡോ. എൻ. രമാകാന്തൻ മെമ്പറായി പ്രവർത്തിച്ചിരുന്നു. ലോക്കൽ ഗവൺമെന്റ് കമ്മീഷന് ജൂലൈ 2016 മുതൽ 31-01-2022 വരെ വേതന ഇനത്തിൽ 1,77,45,852/- രൂപയും വേതനേതര ഇനത്തിൽ 5,65,261/- രൂപയും ചെലവായിട്ടുണ്ട്.

(ഇ) പ്രൊഫഷണൽ ടാക്സ് തിരുവനന്തപുരം നഗരസഭയിൽ ഓൺലൈൻ ആയിട്ടുണ്ടോ; എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങളും ജീവനക്കാരുടെ പേരുവിവരവും പിരിഞ്ഞുപോയ ജീവനക്കാരെ ഒഴിവാക്കിയതും കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം നഗരസഭയിൽ പ്രൊഫഷണൽ ടാക്സ് ഓൺലൈൻ പൂർണ്ണതോതിൽ ആരംഭിച്ചിട്ടില്ല. സ്ഥാപന രജിസ്ട്രേഷൻ, പാസ്‌വേഡ് എന്നിവ ലഭ്യമായിട്ടില്ല. കമ്പ്യൂട്ടർ രേഖകളിൽ സ്ഥാപനമേധാവി, പൂർണ്ണമായ കാലാവധി, ഒടുക്കിയ തുക എന്നിവ രേഖപ്പെടുത്തിവരുന്നു. എന്നാൽ ജീവനക്കാരുടെ പേര് വിവരം രേഖപ്പെടുത്തുന്നില്ല.

(എഫ്) തിരുവനന്തപുരം നഗരസഭയിൽ പ്രൊഫഷണൽ ടാക്സ് അടച്ചുകഴിഞ്ഞാൽ ആ സ്ഥാപനത്തിന്റെ ഡാറ്റാ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടോ; പിന്നീട് ആയത് പരിശോധിക്കാൻ സാധിക്കുമോ; ജീവനക്കാരുടെ ലിസ്റ്റ് എൻട്രി വരുന്നുണ്ടോ; ഇക്കാര്യങ്ങൾ വിശദീകരിക്കാമോ; ഇല്ലെങ്കിൽ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്താൻ സർക്കാർ തയ്യാറാകുമോ; വർഷങ്ങളുടെ പഴക്കമുള്ള രജിസ്റ്റർ ഡാറ്റാ എൻട്രി വരുത്തി ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രൊഫഷണൽ ടാക്സ് അടയ്ക്കുന്ന സ്ഥാപനത്തിന്റെ ഡാറ്റാ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. ആയത് പരിശോധിക്കാൻ സാധിക്കും. ജീവനക്കാരുടെ പേര് ഒഴികെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിവരുന്നുണ്ട്.

(ജി) കോടികളുടെ വരുമാനമുള്ള പ്രൊഫഷണൽ ടാക്സ് സംബന്ധിച്ച് സ്ഥാപനങ്ങളും ജീവനക്കാരും പൊതുജനങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ടിന്

പരിഹാരം കാണാൻ സോഫ്റ്റ്‌വെയർ പരിഷ്കരണത്തിന് ഈ രംഗത്തെ വിദഗ്ധരെയും ജീവനക്കാരെയും ഉൾപ്പെടുത്തി ആധുനികവൽക്കരിക്കാനും സോഫ്റ്റ്‌വെയർ പരിഷ്കരിക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും തൊഴിൽ നികുതി ഓൺലൈൻ മുഖാന്തരം അടവാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ Indian Institute of Information Technology and Management-Kerala (IIITM-K)-യുടെ സാങ്കേതിക സഹായത്തോടെയും AMRUT മിഷന്റെ റിഫോംസ് ഇൻസെന്റീവ് പ്രോജക്ട് (Reforms incentive Project)-ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഓൺലൈൻ പോർട്ടൽ സംവിധാനമായ www.professiontax.sgkerela.gov.in പോർട്ടൽവഴിയും നഗരസഭകളിൽ നേരിട്ട് എത്താതെതന്നെ നികുതിദായകർക്ക് തൊഴിൽ നികുതി ഒടുക്കാൻ സാധിക്കും.

<u>മണലൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ</u>

362 (362) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ട തസ്തികകൾ ഏതെല്ലാമാണെന്നും അവയിൽ നിലവിലുള്ള ഒഴിവുകൾ ഏതെല്ലാമാണെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം നൽകാമോ?

അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിലുള്ള ഓരോ ഒഴിവും നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ഗ്രാമവികസന വകുപ്പിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതായി ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഗുരുവായൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എഫ്.ടി.എസ്. ഒഴിവുകൾ നികത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും പി.ടി.എസ്. ഒഴിവുകൾ എംപ്ലോയ്മെന്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനായി വകുപ്പുതല നടപടി സ്വീകരിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നഗരകാര്യ വകുപ്പിൽ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, ആയ എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജെ.എച്ച്.ഐ. ഗ്രേഡ് I തസ്തികയിൽ ഒരു ഉദ്യോഗസ്ഥനെ ഉദ്യോഗക്കയറ്റം മുഖേന നിയമനം നൽകി ഗുരുവായൂർ നഗരസഭയിൽ നിയമിച്ചുവെങ്കിലും ടിയാൻ ബഹുമാനപ്പെട്ട കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് വാങ്ങിയിട്ടുള്ളതാണ്. ജെ.എച്ച്.ഐ. ഗ്രേഡ് II തസ്തികയിൽ, പി.എസ്.സി. അഡ്വൈസ് ലഭിച്ച ഉദ്യോഗാർത്ഥിക്ക് നിയമനം നൽകിയെങ്കിലും ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചിട്ടില്ല. ടി ഒഴിവ് എൻ.ജെ.ഡി. ആയി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) പാവറട്ടി ഗ്രാമപഞ്ചായത്ത് ഓഫീസിൽ സെക്രട്ടറിയുടെ ഒഴിവ് നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവ് നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് അടിയന്തരമായി നികത്തുന്നതിന് നിർദ്ദേശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിരുന്നു. പാവറട്ടി ഗ്രാമപഞ്ചായത്തിൽ 18-02-2022-ലെ PAN/1685/2022-E1 നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറിയെ നിയമിച്ചിട്ടുണ്ട്.

ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

363 (363) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത തസ്തികകളിൽ ഏതെങ്കിലും ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

ബ്ലോക്ക് പഞ്ചായത്ത്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II - 13

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I - 4

പാർട്ട് ടൈം സ്വീപ്പർ -3

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിപ്ലോയ്ഡ് ക്ലാർക്ക് -4

ജില്ലാ പഞ്ചായത്ത് സെക്രട്ടറി -1

പി.ടി.എസ്.-1

<u>മറ്റു വകുപ്പുകളിൽനിന്നുള്ള നിയമനത്തിലെ ഒഴിവുകൾ</u>

ക്ലാർക്ക്-1

ടൈപ്പിസ്റ്റ്-1

(സി) എത്രകാലമായി ഈ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും ഇതുമൂലം തദ്ദേശഭരണ സ്ഥാപനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഒഴിവുകൾ നിലവിൽവന്ന തീയതി സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+. ഗ്രാമവികസന വകുപ്പിലെ എല്ലാ ബ്ലോക്കുകളിലും ഡിപ്ലോയ്ഡ് ക്ലാർക്കിന്റെ തസ്തികയുണ്ടെങ്കിലും നിലവിൽ കാസർഗോഡ്, പരപ്പ ബ്ലോക്കുകളിൽ മാത്രമെ ടി ക്ലാർക്കുമാരുടെ സേവനം ലഭ്യമാകുന്നുള്ളൂ എന്നതിനാൽ ബ്ലോക്കിലെ നിലവിലുള്ള ക്ലാർക്കുമാരുടെ ജോലിഭാരം വർദ്ധിക്കുന്നുവെന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് കാലതാമസം വരുന്നുവെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴിഞ്ഞുകിടക്കുന്നതിനാൽ പഞ്ചായത്ത് തലത്തിൽ നടത്തേണ്ട പല സർവ്വേകളും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നില്ലെന്നും പഞ്ചായത്ത് തലത്തിലെ വാർഷിക പദ്ധതിയുടെ നടത്തിപ്പിനെയും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനെയും ഇത് ബാധിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

(ഡി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എപ്പോൾ നികത്തുമെന്ന് വ്യക്തമാക്കാമോ?

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II ഒഴിവുകൾ പി.എസ്.സി ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണെന്നും ഗ്രേഡ്-I തസ്തികകൾ സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പാർട്ട് ടൈം തസ്തിക ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ഡിപ്ലോയ്ഡ് ക്ലാർക്കുമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

## പി.എം.എസ്.വൈ. പദ്ധതി

364 (364) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഇതുവരെ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ ലിസ്റ്റും അനുവദിച്ച തുകയും തദ്ദേശഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് റോഡുകളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഇതുവരെ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+.

(ബി) പി.എം.എസ്.വൈ. പദ്ധതി പ്രകാരം മണ്ഡലത്തിൽ 2016-17 മുതൽ ഇതുവരെ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ ലിസ്റ്റും അനുവദിച്ച തുകയും തദ്ദേശഭരണ സ്ഥാപനം തിരിച്ച് നൽകാമോ?

പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പാക്കേജ് നം. കെ.ആർ. 13-83, പൂമല പുളിക്കപ്പറം ആനപ്പെരുവഴി റോഡ്, വടക്കാഞ്ചേരി ബ്ലോക്ക് എന്ന പ്രവൃത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്. ഇതിനായി 78,65,416/- രൂപയാണ് അനുവദിച്ചത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മേൽ പ്രവൃത്തി 12-07-2018-ന് പൂർത്തീകരിച്ചു. 1530 മീറ്റർ നാലാം വർഷ മെയിന്റനൻസ് നടന്നുകൊണ്ടിരിക്കുന്നു.

(ഡി) പി.എം.എസ്.വൈ. പദ്ധതി പ്രകാരമുള്ള റോഡ് നിർമ്മാണ പ്രവൃത്തികളിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ?

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 60 ശതമാനം തുക കേന്ദ്ര വിഹിതവും 40 ശതമാനം തുക സംസ്ഥാന വിഹിതവുമാണ്.

ഗ്രാമീണ റോഡുകളും പാലങ്ങളും പുനരുദ്ധരിക്കുന്നതിന് നടപടി

365 (365) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൂട്ടിക്കൽ, മുണ്ടക്കയം, പൂഞ്ഞാർ തെക്കേക്കര, ഈരാറ്റുപേട്ട, എരുമേലി, പാറത്തോട്, കോരുത്തോട്, തീക്കോയി എന്നിവിടങ്ങളിൽ ഇക്കഴിഞ്ഞ

ഒക്ടോബറിലുണ്ടായ കനത്ത മഴയിലും ഉരുൾപ്പൊട്ടലിലും തകർന്ന ഗ്രാമീണ റോഡുകളും പാലങ്ങളും പുനരുദ്ധരിക്കുന്നതിനായി ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ തകർന്ന റോഡുകളും പാലങ്ങളും ദുരന്ത നിവാരണത്തിനായുള്ള എസ്.ഡി.ആർ.എഫ്., റീബിൽഡ് കേരള പദ്ധതി, വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുള്ള പ്രത്യേക പദ്ധതി എന്നിവവഴി അടിയന്തരമായി പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(എ&ബി) നിലവിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിലും എം.എൽ.എ. പ്രാദേശിക വികസന ഫണ്ടിലും ഉൾപ്പെടുത്തി പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൂട്ടിക്കൽ, മുണ്ടക്കയം, പൂഞ്ഞാർ തെക്കേക്കര, ഈരാറ്റുപേട്ട, എരുമേലി, പാറത്തോട്, കോരുത്തോട്, തീക്കോയി എന്നിവിടങ്ങളിൽ ഇക്കഴിഞ്ഞ ഒക്ടോബറിലുണ്ടായ കനത്ത മഴയിലും ഉരുൾപ്പൊട്ടലിലും തകർന്ന ഗ്രാമീണ റോഡുകളും പാലങ്ങളും പുനരുദ്ധരിച്ചുവരുന്നുണ്ട്. ഇനിയും 50 കിലോമീറ്റർ റോഡുകൾകൂടി പുനരുദ്ധരിക്കേണ്ടതുണ്ട്. ഇത് എസ്.ഡി.ആർ. ഫണ്ട്, റീബിൽഡ് കേരള പദ്ധതി, വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികൾ എന്നിവയിൽ

ഉൾപ്പെടുത്താനാകുമോയെന്ന് പരിശോധിച്ചുവരുന്നു.

കോസ്റ്റ് ഇൻഡക്സ് റേറ്റ്

366 (366) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പുന്നമട പ്രദേശത്ത് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഉണ്ടായിരുന്ന കോസ്റ്റ് ഇൻഡക്സ് റേറ്റിലെ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്ത് മുൻകാലങ്ങളിലുണ്ടായിരുന്ന കോസ്റ്റ് ഇൻഡക്സ് റേറ്റ് ഇപ്പോൾ നിലവിലില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. ആലപ്പുഴ SAI (സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ) പുന്നമടയുടെ Cost index കൂടി ഉൾപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് എഞ്ചീനിയർ

(അഡ്മിനിസ്ട്രേഷൻ), പി.ഡബ്ല്യൂ.ഡി.-ക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ DSR 2018-നോടൊപ്പം ചേർക്കേണ്ട Cost index-കൾ ലഭ്യമല്ലാത്ത പ്രദേശങ്ങൾക്ക് തൊട്ടടുത്തുള്ളതും സമാന ഭൂപ്രകൃതിയുള്ളതുമായ പ്രദേശത്തിന്റെ Cost index ഉൾപ്പെടുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കാൻ അറിയിപ്പ് നൽകിയിട്ടുമുണ്ട്.

<u>കൊറ്റൻകുളങ്ങര ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിട നിർമ്മാണം</u>

367 (367) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽനിന്നും തുക അനുവദിച്ച് കിലയെ ചുമതല ഏൽപ്പിച്ച ചവറ നിയോജകമണ്ഡലത്തിലെ കൊറ്റൻകുളങ്ങര ഗവൺമെന്റ് ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; കെട്ടിട നിർമ്മാണം എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കൊറ്റൻകുളങ്ങര ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിട നിർമ്മാണത്തിനായി ഇൻകെൽ (INKEL) തയ്യാറാക്കിയ പ്രോജക്ട് ഫീസിബിളാണെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ എൻജിനിയറിംഗ് വിഭാഗം റിപ്പോർട്ട്

ചെയ്തിട്ടുണ്ട്. പുതിയ 2018 നിരക്ക് പ്രകാരം ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) ഭേദഗതി ചെയ്യാനുള്ള അനുവാദം കിഫ്ബിയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് പുതുക്കി സാങ്കേതിക അനുവാദം നൽകി ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

ലൈഫ് ഭവന പദ്ധതി

368 (368) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയുടെ പുതുക്കിയ ഗുണഭോക്തൃ പട്ടിക അനുസരിച്ച് സംസ്ഥാനത്ത് ഭൂമിയും വീടുമില്ലാത്ത കുടുംബങ്ങൾ എത്രയെന്നും വീടില്ലാത്ത കുടുംബങ്ങൾ എത്രയെന്നും അറിയിക്കാമോ;

(ബി) പട്ടികജാതി വിഭാഗത്തിൽ ഭൂമിയും വീടുമില്ലാത്ത കുടുംബങ്ങൾ എത്രയെന്നും വീടില്ലാത്ത കുടുംബങ്ങൾ എത്രയെന്നും അറിയിക്കാമോ?

(എ&ബി) ലൈഫ് 2020 ഭവനപദ്ധതി പ്രകാരം ഓൺലൈനായി ലഭിച്ച അപേക്ഷകളുടെ അർഹതാപരിശോധന പൂർത്തീകരിച്ചിട്ടില്ല. ആയതിനുശേഷമേ അർഹരായ കുടുംബങ്ങളുടെ വിവരം ലഭ്യമാകുകയുള്ളൂ.

(സി) സമ്പൂർണ്ണ ഭവന പദ്ധതി എത്ര വർഷത്തിനുള്ളിൽ യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വരുന്ന അഞ്ച് വർഷത്തിനുള്ളിൽ അഞ്ച് ലക്ഷം കുടുംബങ്ങൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## ലൈഫ് പദ്ധതി

369 (369) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ എത്ര അപേക്ഷകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളുടെ വിശദവിവരം ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കുമോ?

(എ&ബി) അപേക്ഷകളുടെ പരിശോധനയും പുനഃപരിശോധനയും പൂർത്തിയായി ഗ്രാമസഭകളുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ അംഗീകരിക്കപ്പെട്ട അപേക്ഷകളുടെ വിശദവിവരം ലഭ്യമാകുകയുള്ളൂ. പ്രസ്തുത നടപടികൾ പുരോഗമിച്ചുവരുന്നു.

## ആറാലുംമൂട് മാർക്കറ്റ് നവീകരണം

370 (370) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭയിലെ ആറാലുംമൂട് മാർക്കറ്റ് നവീകരണ പ്രവൃത്തിയുടെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) ഇതിനായി എത്ര തുകയാണ് ധനകാര്യവകുപ്പ് അനുവദിച്ചുനൽകിയതെന്ന് വിശദമാക്കാമോ?

ഒരു കോടി രൂപ.

<u>കാട്ടാക്കട എക്സൈസ് റേഞ്ച് ഓഫീസ്</u>

371 (371) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കടയിൽ എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാട്ടാക്കട എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി

കാട്ടാക്കട ഗ്രാമപഞ്ചായത്തുവക കുളത്തുമ്മൽ വില്ലേജിൽപ്പെട്ട 10 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് വിട്ടുനൽകാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി എക്സ്സൈസ് വകുപ്പിന് വിട്ടുനൽകുന്നതിന് കാട്ടാക്കട ഗ്രാമപഞ്ചായത്ത് എന്നാണ് തീരുമാനിച്ചത്; ആയതിന്മേൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥലം എക്സൈസ് വകുപ്പിന് വിട്ടുനൽകുന്നതിന് 07-04-2017-ൽ കാട്ടാക്കട ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിരുന്നു. എന്നാൽ ടി വസ്തുവിന്റെ പട്ടയം കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ പേരിൽ ലഭിക്കാത്തതിനാലാണ് ഭൂമി കൈമാറ്റത്തിന് കാലതാമസമുണ്ടാകുന്നത്.

(സി) പ്രസ്തുത ഭൂമികൈമാറ്റ നടപടികൾ വേഗത്തിലാക്കി എക്സ്സൈസ് ഓഫീസ് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത ഭൂമി എക്സൈസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>കുത്തിയതോട് എക്സൈസ് റേഞ്ച് ഓഫീസ്</u>

372 (372) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തിയതോട് എക്സൈസ് റേഞ്ച് ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത എക്സൈസ് റേഞ്ച് ഓഫീസ് നിർമ്മാണത്തിന്റെ തടസ്സം എന്താണെന്ന് വിശദമാക്കാമോ?

കുത്തിയതോട് എക്സൈസ് റേഞ്ച് ഓഫീസ് പരിധിയിൽ കൊട്ടുംഉരുത്ത് വില്ലേജിൽ എക്സൈസ് വകുപ്പിനുള്ള 10.75 സെന്റ് സ്ഥലം തോടിന്റെ അടുത്തായതിനാൽ CRZ നിയന്ത്രണങ്ങൾമൂലം അവിടെ കെട്ടിടനിർമ്മാണത്തിന് പഞ്ചായത്ത് അനുമതി നൽകിയിട്ടില്ല. അരൂക്കുറ്റി വില്ലേജിലുള്ള 126.153 സെന്റ് സ്ഥലത്ത് എക്സൈസ് റേഞ്ച് ഓഫീസ് നിർമ്മാണം നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്.

(സി) അരൂർ മണ്ഡലത്തിൽ എക്സൈസ് ഡിപ്പാർട്ട്മെന്റിന് സ്വന്തമായി സ്ഥലം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

അരൂർ മണ്ഡലത്തിൽ എക്സൈസ് വകുപ്പിന് കുത്തിയതോട് എക്സൈസ് റേഞ്ച് ഓഫീസ് പരിധിയിൽ കൊട്ടുംതുരുത്ത് വില്ലേജിൽ 10.75 സെന്റ് സ്ഥലവും അരൂക്കുറ്റി വില്ലേജിൽ 126.153 സെന്റ് സ്ഥലവും സ്വന്തമായുണ്ട്.

ചെറുപുഴയിൽ എക്സൈസ് റേഞ്ച് ഓഫീസ്

373 (373) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ മലയോര മേഖലയായ ചെറുപുഴ കേന്ദ്രീകരിച്ച് എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ റേഞ്ച് ഓഫീസ് വിഭജിച്ച് പയ്യന്നൂർ, ചെറുപുഴ എന്നീ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

ഇരിക്കൂർ മണ്ഡലത്തിലെ എക്സൈസ് ഓഫീസുകൾ

374 (374) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എത്ര എക്സൈസ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

2 (രണ്ട്) എക്സൈസ് റേഞ്ച് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത ഓഫീസുകളിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം, ഒഴിവുകൾ എന്നിവ തസ്തിക തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

1. എക്സൈസ് റേഞ്ച് ഓഫീസ്, ആലക്കോട് (ആകെ ജീവനക്കാരുടെ എണ്ണം - 26)
2. എക്സൈസ് റേഞ്ച് ഓഫീസ്, ശ്രീകണ്ഠാപുരം (ആകെ ജിവനക്കാരുടെ എണ്ണം -24)

സിവിൽ എക്സൈസ് ഓഫീസർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികകളുടെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+).

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നിലവിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരുടെ എണ്ണം പര്യാപ്തമാണോയെന്നും അല്ലാത്തപക്ഷം ഇനി എത്ര ജീവനക്കാർ ആവശ്യമുണ്ടെന്നും വ്യക്തമാക്കാമോ?

നിലവിലെ സ്റ്റാഫ് പാറ്റേൺ പര്യാപ്തമല്ല. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

<u>വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കാൻ നടപടി</u>

375 (375) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് റേഞ്ച് ഓഫീസുകൾ ഇല്ലാത്ത താലൂക്കുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്ക്, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്ക് എന്നിവിടങ്ങളിൽ എക്സൈസ് റേഞ്ച് ഓഫീസുകൾ നിലവിലില്ലാത്തതാണ്.

(ബി) റേഞ്ച് ഓഫീസ് ഇല്ലാത്ത വെള്ളരിക്കുണ്ട് താലൂക്കിൽ നിലവിൽ പ്രവർത്തിക്കുന്ന സർക്കിൾ ഓഫീസിനുകീഴിൽ റേഞ്ച് ഓഫീസ്

അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്, നീലേശ്വരം എക്സൈസ് റേഞ്ചുകൾ വിഭജിച്ച് വെള്ളരിക്കുണ്ട് റേഞ്ച് ഓഫീസ് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ഓൺലൈൻ വഴിയുള്ള മയക്കുമരുന്ന് വിതരണം

376 (376) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ഡി.എം.എ. പോലുള്ള മയക്കുമരുന്നുകൾ സംസ്ഥാനത്ത് ഓൺലൈൻവഴി അനായാസം എത്തിച്ച് വിതരണം നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം വിതരണക്കാരെ കണ്ടുപിടിച്ച് കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിന് നിലവിലെ നിയമത്തിൽ വ്യവസ്ഥയുണ്ടോ; വ്യക്തമാക്കാമോ?

എം.ഡി.എം.എ. പോലുള്ള മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ളവയുടെ വിതരണക്കാരെ കണ്ടുപിടിച്ച് കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിന് നിലവിലെ നിയമത്തിൽ വ്യവസ്ഥയുണ്ട്. NDPS നിയമത്തിലെ 31 A വകുപ്പ് പ്രകാരം വധശിക്ഷ വരെ ഉറപ്പാക്കുന്ന വ്യവസ്ഥകൾ നിലവിലുണ്ട്. കൂടാതെ മയക്കുമരുന്ന് വിതരണത്തിലൂടെ സമ്പാദിക്കുന്ന സ്വത്തുവകകൾ കണ്ടുകെട്ടുവാനും വ്യവസ്ഥയുണ്ട്. മയക്കുമരുന്ന് കേസുകൾക്ക് കൈവശമുള്ള മയക്കുമരുന്നിന്റെ അടിസ്ഥാനത്തിലാണ് നിയമത്തിൽ ശിക്ഷ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എം.ഡി.എം.എ. 0.5 ഗ്രാമിൽ കൂടുതൽ കൈവശം വയ്ക്കുന്നത് 10 വർഷം വരെ തടവും ഒരു ലക്ഷം രൂപ പിഴയും 10 ഗ്രാമിൽ കൂടുതൽ കൈവശം വച്ചാൽ 20 വർഷം വരെ തടവും 2 ലക്ഷം രൂപ പിഴയും നൽകാൻ NDPS നിയമത്തിലെ വകുപ്പ് 22 പ്രകാരം വ്യവസ്ഥയുണ്ട്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നവർക്കെതിരെ NDPS ആക്ട് 27 A വകുപ്പ് പ്രകാരം 10 വർഷം മുതൽ 20 വർഷം വരെ തടവും 2 ലക്ഷം രൂപ വരെ പിഴയും ചുമത്താൻ നിലവിലുള്ള നിയമത്തിൽ കഴിയും.

(സി) ഇവരെ പിടികൂടുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ പരിശോധനകൾ നടത്തി; ഇത്തരത്തിൽ

പിടികൂടപ്പെടുന്നവർ ശിക്ഷയിൽ പരിപൂർണ്ണ ഇളവ് നേടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇവരെ പിടികൂടുന്നതിന് ഈ സർക്കാർ അധികാരത്തിൽവന്നശേഷം 1955 പരിശോധനകൾ നടത്തി. ഇത്തരത്തിൽ പിടികൂടപ്പെടുന്നവർ ശിക്ഷയിൽ പരിപൂർണ്ണ ഇളവുകൾ നേടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിൽ പിടികൂടപ്പെടുന്നവർക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

<u>നൂറനാട് എക്സൈസ് ഓഫീസിന് സ്ഥലവും കെട്ടിടവും</u>

377 (377) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ നൂറനാട് എക്സൈസ് ഓഫീസിന് സ്വന്തമായി സ്ഥലവും കെട്ടിടവും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നൂറനാട് എക്സൈസ് റേഞ്ച് ഓഫീസ് നിലവിൽ കല്ലട ഇറിഗേഷൻ പ്രോജക്ട് വക കെട്ടിടത്തിൽ വാടകയ്ക്കാണ് പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത

സ്ഥലവും കെട്ടിടവും നൂറനാട് എക്സൈസ് ഓഫീസിനുവേണ്ടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

എക്സൈസ് റേഞ്ച് ഓഫീസുകളുടെ ചുമതല

378 (378) ഡോ. മാത്യൂ കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ നടപ്പിലാക്കിയതുപോലെ, സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയില്ലാതെ, എക്സൈസ് റേഞ്ച് ഓഫീസുകളുടെ ചുമതല നിലവിൽ സർക്കിൾ ഓഫീസുകളുടെ ചുമതല വഹിക്കുന്ന സർക്കിൾ ഇൻസ്പെക്ടർമാർക്ക് നൽകുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഇല്ല.

(ബി) അപ്രകാരമൊരു തീരുമാനം എക്സൈസ് എൻഫോഴ്സ്മെന്റിനെ ശക്തിപ്പെടുത്തുമെന്ന് കരുതുന്നുണ്ടോ; അറിയിക്കുമോ?

ബാധകമല്ല.

വിമുക്തി പദ്ധതി

379 (379) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ താലൂക്ക് ആശുപത്രികളിലും വിമുക്തി പദ്ധതി നടപ്പാക്കുന്നതിനും ആയതിനായി ഒരു പ്രത്യേക യൂണിറ്റ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

വിമുക്തി മിഷന്റെ പരിധിയിൽ എല്ലാ ജില്ലകളിലും ഓരോ ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലകളിൽ രണ്ട് ഡീ-അഡിക്ഷൻ സെന്ററുകൾകൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ താലൂക്ക് ആശുപത്രികളിലും വിമുക്തി പദ്ധതിയുടെ ഭാഗമായ സെന്റർ നടപ്പാക്കുന്നത് പരിശോധിക്കുന്നതാണ്.

(ബി) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ വിമുക്തി സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പുതുക്കാട് താലൂക്ക് ആശുപത്രിയിൽ വിമുക്തി പദ്ധതിയുടെ ഭാഗമായി ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

<u>ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും തടയാൻ നടപടി</u>

380 (380) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. ഈ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ എല്ലാ പ്രധാന റോഡുകളിലും സംസ്ഥാന അതിർത്തി പങ്കിടുന്ന ജില്ലകളിൽ ബോർഡർ പട്രോളിംഗും വാഹന പരിശോധനകളും നടത്തി ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിച്ചുവരുന്നു. കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികൾ തത്സമയംതന്നെ സ്ട്രൈക്കിംഗ് ഫോഴ്സ്/ബോർഡർ പട്രോളിംഗ് പാർട്ടി/സബ്-ഓഫീസുകൾ എന്നിവയ്ക്ക് കൈമാറി സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വസ്തുക്കളുടെ കടത്ത്, വിതരണം എന്നിവ തടയുന്നതിനായി

ജില്ലകളിൽ എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തിച്ചുവരുന്നതോടൊപ്പം എല്ലാ ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി. ക്യാമറ ഉൾപ്പെടെയുള്ളവ സ്ഥാപിച്ച് പരിശോധന നടത്തി മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള ലഹരികടത്ത് ഫലപ്രദമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രെയിൻ മാർഗ്ഗമുള്ള ലഹരി മരുന്നുകളുടെ കടത്ത് തടയുന്നതിനായി ആർ.പി.എഫ്.-മായി ചേർന്നും തീരദേശപോലീസ് സേനയുമായി ചേർന്നും പരിശോധനകളും കടൽ പട്രോളിംഗും നടത്തിവരുന്നു. സംസ്ഥാനമൊട്ടാകെയുള്ള മയക്കുമരുന്ന് കടത്ത്, വിപണനം ഇവ സംബന്ധിച്ചുള്ള രഹസ്യവിവരങ്ങൾ ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും സ്റ്റേറ്റ് എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. ലഹരി വസ്തുക്കളുടെ ഉപയോഗവും വ്യാപനവും തടയുന്നതിന് സ്കൂൾ/കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനായി സ്ക്കൂളുകളിൽ "ഉണർവ്" എന്ന പേരിലും കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, അങ്കണവാടി-ആശാപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങളിൽനിന്നുള്ള അഭിപ്രായങ്ങളും പരാതികളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആദിവാസി മേഖലയിൽ ബോധവൽക്കരണ ക്ലാസ്സുകളും മറ്റും സംഘടിപ്പിച്ച് 'ലഹരി മുക്ത ഗ്രാമം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) കഴിഞ്ഞ ഒരു വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മയക്കമരുന്ന് കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു+.

## മയക്കമരുന്നിന്റെ ഉപയോഗം തടയൽ

381 (381) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കമരുന്നിന്റെ ഉപയോഗം അപകടകരമായ രീതിയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്തിയിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് ഏജൻസികൾ പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കളുടെ അളവ് പരിശോധിച്ചതിൽ മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നതായികാണുന്നു.

(ബി) ക്യാമ്പസുകൾ, ബീച്ചുകൾ, ഉല്ലാസകേന്ദ്രങ്ങൾ, കളിസ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ചുള്ള മയക്കുമരുന്ന് ലോബിയുടെ പ്രവർത്തനം തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ക്യാമ്പസുകൾ, ബീച്ചുകൾ, ഉല്ലാസകേന്ദ്രങ്ങൾ, കളിസ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ചുള്ള മയക്കുമരുന്ന് ലോബിയുടെ പ്രവർത്തനം തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കൊപ്പം വിമുക്തി മിഷന്റെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്. ടി സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണവും റെയ്ഡുകളും രാത്രികാല പട്രോളിംഗും നടത്തിവരുന്നു. കുട്ടികളും യുവാക്കളുമാണ് ലഹരി ദുരുപയോഗത്തിൽ എളുപ്പത്തിൽ വഴുതിവീഴാൻ സാദ്ധ്യതയുള്ളതെന്ന ബോദ്ധ്യത്തോടെ ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് കുട്ടികൾക്ക് പകർന്നുനൽകി ലഹരിയിൽനിന്നും സ്വയം സംരക്ഷണം

തീർക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

<u>പയ്യന്നൂർ എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ നടപടി</u>

382 (382) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ എക്സൈസ് റേഞ്ച് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പയ്യന്നൂർ എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിക്കാൻ നടപടി</u>

383 (383) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി, തിരൂർ, പരപ്പനങ്ങാടി തുടങ്ങിയ തീരദേശ മേഖലയ്ക്ക് മാത്രമായി പൊന്നാനിയിൽ വിമുക്തി ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പൊന്നാനി താലൂക്ക് ആശുപത്രിയോടുചേർന്ന് വിമുക്തി ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനായി ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

കോന്നി മെഡിക്കൽ കോളേജിൽ ലഹരി വിമുക്തി കേന്ദ്രം

384 (384) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മെഡിക്കൽ കോളേജിൽ ലഹരി വിമുക്തി കേന്ദ്രം ആരംഭിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ലഹരി വിമുക്തി കേന്ദ്രം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കോന്നി മെഡിക്കൽ കോളേജിൽ ലഹരി വിമുക്തി കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

**[10.00 A.M.]**

മി. സ്പീക്കർ: ഓർഡർ...... ഓർഡർ......

## II. ചരമോപചാരം

### ഇ. ശങ്കരൻ, എ. യൂനസ് കുഞ്ഞ്, ലതാ മങ്കേഷ്കർ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻ നിയമസഭാംഗങ്ങളായ ഇ. ശങ്കരൻ 2022 ജനുവരി 21-നും എ. യൂനസ് കുഞ്ഞ് 2022 ഫെബ്രുവരി 3-നും പ്രശസ്ത ഗായിക ലതാ മങ്കേഷ്കർ 2022 ഫെബ്രുവരി 6-നും അന്തരിച്ചു.

### ഇ. ശങ്കരൻ

മുൻ എം.എൽ.എ.-യും സി.പി.ഐ.(എം.) തൃത്താല ഏരിയാ കമ്മിറ്റിയംഗവുമായിരുന്ന ഇടപ്പറമ്പിൽ ശങ്കരൻ 2022 ജനുവരി 21-ന് അന്തരിച്ചു. തൃത്താല തച്ചറംകുന്ന് ഇടപ്പറമ്പിൽ കോത-ഇടപ്പറമ്പിൽ നീലി ദമ്പതികളുടെ മകനായി 1936 മേയ് 5-ന് ഇ. ശങ്കരൻ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയിട്ടുള്ള അദ്ദേഹം കെ.എസ്.കെ.ടി.യു. ജില്ലാ കമ്മിറ്റിയംഗം, എൻ.ജി.ഒ. യൂണിയൻ ജില്ലാ കമ്മിറ്റിയംഗം, പി.കെ.എസ്. ജില്ലാ കമ്മിറ്റിയംഗം, മലബാർ ദേവസ്വം ബോർഡംഗം, കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ തൃത്താല ബ്ലോക്ക് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. ഒൻപതാം കേരള നിയമസഭയിൽ തൃത്താല നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു. സർക്കാർ ജോലി രാജിവച്ച് തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിച്ച അദ്ദേഹം തന്റെ ലളിത ജീവിതംകൊണ്ട്

ശ്രദ്ധേയനായിരുന്നു. തൃത്താല മണ്ഡലം രൂപംകൊണ്ടതിനുശേഷം ആദ്യമായി എൽ.ഡി.എഫ്. പ്രതിനിധിയായത് ഇ. ശങ്കരനാണ്. മികച്ച ബഹുജനബന്ധവും ജനസ്വീകാര്യതയുമാണ് ഇ. ശങ്കരന്റെ വിജയത്തിന് അടിസ്ഥാനമായത്. 1991 മുതൽ 96 വരെയുള്ള അഞ്ചുവർഷം എം.എൽ.എ. എന്ന നിലയിൽ  മികവാർന്ന പ്രവർത്തനം കാഴ്ചവച്ചിട്ടുള്ള അദ്ദേഹത്തിന്റെ നിഷ്കളങ്കമായ പെരുമാറ്റവും ലാളിത്യവും എതിരാളികൾക്കിടയിലും മതിപ്പുളവാക്കിയിരുന്നു. ഇ. ശങ്കരന്റെ വേർപാടിലൂടെ ജനപ്രതിനിധിയെന്ന നിലയിൽ തന്റെ ജീവിതംകൊണ്ടും നേതൃശേഷികൊണ്ടും അടയാളപ്പെടുത്തിയ ഒരു വലിയ മനുഷ്യനെയാണ് നമുക്ക് നഷ്ടമായത്.

## എ. യൂനസ് കുഞ്ഞ്

മുൻ എം.എൽ.എ.-യും മുതിർന്ന മുസ്ലീംലീഗ് നേതാവുമായിരുന്ന എ. യൂനസ് കുഞ്ഞ് 2022 ഫെബ്രുവരി 3-ന് അന്തരിച്ചു. അബ്ദുള്ള കുഞ്ഞ്-ഫാത്തിമ ബീവി ദമ്പതികളുടെ മകനായി 1941 ജൂലൈ 1-ന് എ. യൂനസ് കുഞ്ഞ് ജനിച്ചു. ആദ്യകാലത്ത് സോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തകനായിരുന്ന എ. യൂനസ് കുഞ്ഞ് 1970-ന്റെ തുടക്കത്തിലാണ് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ സജീവ പ്രവർത്തകനായത്. വിമോചനസമര കാലഘട്ടത്തിൽ സി. എച്ച്. മുഹമ്മദ് കോയയുടെ പ്രസംഗം കേട്ട്

മുസ്ലീംലീഗിലേയ്ക്ക് ആകർഷിക്കപ്പെട്ട അദ്ദേഹം പിന്നീട് മുസ്ലീംലീഗിന്റെയും തൊഴിലാളി സംഘടനയായ എസ്.ടി.യു.-വിന്റെയും വേരുകൾ കൊല്ലം ജില്ലയിൽ പടർത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. നാട്ടുകാർക്കിടയിൽ പ്രവർത്തിച്ച് വടക്കേവിള പഞ്ചായത്തംഗവും പഞ്ചായത്ത് പ്രസിഡന്റുമായ അദ്ദേഹം പുതിയതായി രൂപംകൊണ്ട കൊല്ലം ജില്ലാ പഞ്ചായത്തിൽ ഇരവിപുരം ഡിവിഷനിൽനിന്നുള്ള ആദ്യ അംഗമായി. പിന്നീട് കൊല്ലം കോർപ്പറേഷൻ കൗൺസിലറായ എ. യൂനസ് കുഞ്ഞ് 1991-ൽ മലപ്പുറം നിയമസഭാമണ്ഡലത്തിൽനിന്നും വിജയിച്ച് എം.എൽ.എ.-യായി. ഉപജീവനത്തിനായി പൊരിവെയിലേറ്റ് വാടുന്ന വഴിയോര കച്ചവടക്കാർക്കായി അദ്ദേഹം നിയമസഭയിൽ നടത്തിയ പ്രസംഗങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്. കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ വൈസ് ചെയർമാൻ, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് ചെയർമാൻ എന്നീ പദവികളും അദ്ദേഹം വഹിച്ചിട്ടുണ്ട്. തികഞ്ഞ മനുഷ്യസ്നേഹിയായ ഒരു രാഷ്ട്രീയ നേതാവിനെയും കരുത്തുറ്റ ഒരു വ്യവസായിയെയുമാണ് എ.യൂനസ് കുഞ്ഞിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## ലതാ മങ്കേഷ്കർ

ഭാരതത്തിന്റെ വാനമ്പാടി ഭാരതരത്നം ലതാ മങ്കേഷ്കർ 2022

ഫെബ്രുവരി 6-ന് നമ്മെ വിട്ടുപിരിഞ്ഞു. ലോകമെങ്ങുമുള്ള ഇന്ത്യാക്കാരെ ഒരേ ചരടിൽ കോർത്തിണക്കുന്ന മാസ്മരിക സംഗീതമാണ് ലതാ മങ്കേഷ്കറിന്റേത്. അവർ ഇന്ത്യക്കാരുടെ മാത്രമല്ല, ഉപഭൂഖണ്ഡത്തിലെയാകെ ജനങ്ങളുടെ പ്രിയ ഗായികയാണ്. വിവിധ ഭാഷകൾ സംസാരിക്കുകയും വ്യത്യസ്ത ദേശീയതകൾ ഉൾക്കൊള്ളുകയും ചെയ്യുന്ന ഇന്ത്യയിലെ ജനങ്ങളാകെ ഒരേ തീവ്രതയോടെ ആരാധിക്കുന്ന ഗായികയാണ് ലതാ മങ്കേഷ്കർ. സ്വാതന്ത്ര്യപൂർവ്വ ഇന്ത്യയിൽ പാടിത്തുടങ്ങിയ അവർ 75 വർഷം ഇന്ത്യൻ ചലച്ചിത്ര പിന്നണിഗാന മേഖലയിൽ ഉജ്ജ്വല ശോഭയോടെ പ്രശോഭിച്ച കലാകാരിയാണ്. ഗുലാം ഹൈദർ മുതൽ എ. ആർ. റഹ്മാൻ വരെയുള്ള സംഗീത സംവിധായകരുടെ സംഗീത ഭാവനകൾക്ക് അവർ സാക്ഷാത്കാരം നൽകി. തലമുറകളെ പാടിയുണർത്തി. ഇനിയുള്ള തലമുറകളും നെഞ്ചേറ്റുന്നതായിരിക്കും അവരുടെ മഹത്തായ സംഗീതമെന്ന് നിസ്സംശയം പറയാൻ കഴിയും. രാജ്യത്തിന്റെ ഐക്യത്തിന്റെയും അഖണ്ഡതയുടെയും ദേശീയോദ്ഗ്രഥനത്തിന്റെയും തിളങ്ങുന്ന പ്രതീകമായി ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട നാമമാണ് ലതാ മങ്കേഷ്കറിന്റേത്.

മധ്യപ്രദേശിലെ ഇൻഡോറിൽ 1929 സെപ്റ്റംബർ 28-നാണ് സംഗീതജ്ഞനും നാടക കലാകാരനുമായ പണ്ഡിറ്റ് ദീനാനാഥ്

മങ്കേഷ്കറുടെയും ശെവന്തിയുടെയും മൂത്ത മകളായി ലത ജനിച്ചത്. അച്ഛന്റെ അകാല നിര്യാണത്തോടെ കുടുംബഭാരം ഏൽക്കേണ്ടിവന്ന ലത 1942-ൽ തന്റെ പതിമൂന്നാം വയസ്സിലാണ് സിനിമാ ഗാനാലാപന രംഗത്തേയ്ക്ക് വന്നത്. ഘനഗംഭീര ശാരീരമുള്ള നൂർജഹാനും ഹംഷാദ് ബീഗവും പ്രശസ്തിയുടെ കൊടുമുടിയിൽ നിൽക്കുന്ന കാലത്താണ് നേർത്ത ശബ്ദമുള്ള ലത കടന്നുവന്നത്. പക്ഷെ ലതയുടെ ശാരീരത്തിന്റെ ഭാവഗാംഭീര്യം അനുപമമായിരുന്നു. ഹിന്ദി സിനിമാ പിന്നണിഗാന മേഖലയിൽ ലതയുടെ സ്ഥാനം ഉറപ്പിച്ചതും ഇതുതന്നെയാണ്. 1949-ൽ പുറത്തിറങ്ങിയ 'മഹൽ' എന്ന സിനിമയിലെ 'ആയേഗാ ആനേവാലാ' എന്ന ഗാനം ജനകോടികൾ ഏറ്റുപാടി. അന്ദാജ്, ബർസാത് എന്നീ സിനിമകളിലെ ഗാനങ്ങളോടെ ബോളിവുഡിലെ എക്കാലത്തെയും മികച്ച ഗായികയായി അവർ ഉയർന്നു. പിന്നീടുള്ള ഏഴ് പതിറ്റാണ്ടുകൾ ലത തന്റെ സംഗീതത്താൽ തലമുറകളെ ഹിന്ദോളമാട്ടി. 1962-ലെ യുദ്ധത്തിനുശേഷം 1963-ൽ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഡൽഹിയിൽ നടത്തിയ പ്രത്യേക പരിപാടിയിൽ, കവി പ്രദീപ് എഴുതി സി. രാംചന്ദ്ര സംഗീതം പകർന്ന 'ഏ മേരേ വതൻ കീ ലോഗോം' എന്ന ഗാനം ലത പാടിയപ്പോൾ സദസ്സിലുണ്ടായിരുന്ന പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കണ്ണുകൾ

ഈറനണിഞ്ഞു. ആ ഗാനം രാജ്യത്താകെ അലയടിച്ചു. ഇന്ത്യയിലെ പ്രധാന ഭാഷകളിലെല്ലാം ലത ഗാനങ്ങൾ ആലപിച്ചു. മലയാളത്തിൽ 'നെല്ല്' എന്ന സിനിമയിൽ വയലാർ രാമവർമ്മ എഴുതി സലിൽ ചൗധരി സംഗീതം നൽകി, ലത പാടിയ 'കദളി കൺകളദി ചെങ്കദളി പൂ വേണോ' എന്ന ഗാനം പ്രശസ്തമാണ്. സംഗീതത്തിനായി സമർപ്പിതമായ മഹത് ജീവിതമായിരുന്നു ലതയുടേത്. സംഗീതത്തിലൂടെ അവർ അമരത്വം നേടിയിരിക്കുന്നു. രാജ്യത്തിന്റെ മഹത്തായ പ്രതീകങ്ങളിലൊന്നായ ലതാ മങ്കേഷ്കറുടെ ദീപ്ത സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## III. ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... സർവ്വശ്രീ ഡി. കെ. മുരളി, ജി.എസ്. ജയലാൽ, മഞ്ഞളാംകുഴി അലി എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

**[10.09 A.M.]**

## IV. അടിയന്തരപ്രമേയം

അഴിമതി വിരുദ്ധ സംവിധാനങ്ങളെ ദുർബലപ്പെടുത്തുന്ന നടപടികൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ലോകായുക്ത അടക്കമുള്ള സംസ്ഥാനത്തെ അഴിമതിവിരുദ്ധ സംവിധാനങ്ങളെ ദുർബലപ്പെടുത്തുന്നതായി പറയപ്പെടുന്ന സർക്കാരിന്റെ നടപടിമൂലം ഉളവായ ഗുരുതര സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ചട്ടം 50 പ്രകാരം ലഭിച്ച ഇന്നത്തെ നോട്ടീസ് സംസ്ഥാനത്ത് അഴിമതി വിരുദ്ധ സംവിധാനങ്ങളെ ദുർബലപ്പെടുത്തുന്നത് സംബന്ധിച്ച ആക്ഷേപത്തെക്കുറിച്ചാണെങ്കിലും അതിന് ആധാരമായത് 2022-ലെ കേരള ലോകായുക്ത ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിച്ചതുമൂലമുള്ള സാഹചര്യമാണെന്ന് നോട്ടീസിന്റെ വിശദീകരണത്തിൽനിന്ന് വ്യക്തമാകുന്നുണ്ട്. ബഹുമാനപ്പെട്ട ഗവർണർ പുറപ്പെടുവിക്കുന്ന ഓർഡിനൻസ് നിരാകരിക്കുന്നതിന് നിയമസഭയ്ക്കുള്ള അധികാരത്തെ സംബന്ധിച്ച്

ഭരണഘടനയുടെ അനുച്ഛേദം 213(2)(a)-ൽ വ്യക്തമായി പറയുന്നുണ്ട്. ഓർഡിനൻസിന് പകരമുള്ള ബിൽ അവതരിപ്പിക്കുന്ന വേളയിൽ നിരാകരണപ്രമേയം നിയമസഭയിൽ കൊണ്ടുവരാവുന്നതാണ്. നിയമസഭയിലെ ശരിയായ നടപടിക്രമവും കീഴ്വഴക്കവുമനുസരിച്ച് ഓർഡിനൻസ് നിരാകരണപ്രമേയം സാധാരണ കൊണ്ടുവരുന്നത് ഓർഡിനൻസിന് പകരമുള്ള ബിൽ അവതരിപ്പിക്കുന്ന വേളയിലാണ്. മാത്രമല്ല, പ്രസ്തുത വിഷയം നിലവിൽ കോടതിയുടെ പരിഗണനയിലുള്ള സാഹചര്യത്തിൽ ഈ വിഷയം അടിയന്തരപ്രമേയമായി ഉന്നയിക്കുന്നത് ഉചിതമല്ല. അടിയന്തരപ്രമേയത്തിനുള്ള നോട്ടീസ് ഇക്കാര്യംകൂടി കണക്കിലെടുത്തുകൊണ്ട് വളരെ സൂക്ഷ്മതയോടെയാണ് ഫ്രെയിം ചെയ്തിട്ടുള്ളതെന്ന കാര്യം വിസ്മരിക്കുന്നില്ല. പക്ഷേ ഈ നോട്ടീസിന് അടിസ്ഥാനമായത് ഈ ഓർഡിനൻസാണെന്ന് വ്യക്തമാണ്. നോട്ടീസ് ഉന്നയിച്ച ശ്രീ. സണ്ണി ജോസഫ്, ഓർഡിനൻസിനെ പരോക്ഷമായി പരാമർശിച്ചിട്ടുണ്ടെങ്കിലും മേൽസൂചിപ്പിച്ച കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടും സഭയുടെ നടപടിക്രമങ്ങളും കീഴ്വഴക്കവും ഉൾക്കൊണ്ടുകൊണ്ടും പൊതുവായ കാര്യങ്ങളിൽമാത്രം ഒതുങ്ങിനിന്ന് വിഷയം അവതരിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട അംഗത്തെ ചെയർ

ഓർമ്മിപ്പിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം അടിയന്തരപ്രമേയ നോട്ടീസിന്റെ വിശദീകരണക്കുറിപ്പിൽ വ്യക്തമാക്കിയിരിക്കുന്നത് ലോകായുക്ത നിയമത്തിന്റെ ഭേദഗതിയെ സംബന്ധിച്ചാണ്. ഭരണഘടനയുടെ 213-ാം അനുച്ഛേദപ്രകാരം ഓർഡിനൻസുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിരാകരണ പ്രമേയത്തിലൂടെ നിരാകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ചർച്ച ചെയ്യുന്നതിന് ഭരണഘടന അവകാശം നൽകുന്നുണ്ട്. കേരള നിയമസഭയിലും അതേ കീഴ്വഴക്കവും സ്വഭാവവുമാണുള്ളത്. ബഹുമാനപ്പെട്ട ഗവർണർ ഒപ്പുവച്ച ഓർഡിനൻസ് അടിയന്തര പ്രമേയത്തിലൂടെ ചോദ്യം ചെയ്യുന്നത് തെറ്റായ കീഴ്വഴക്കവും ഭരണഘടനയ്ക്ക് ചേരാത്ത സമീപനവും സൃഷ്ടിക്കുമെന്നത് വസ്തുതയാണ്. എന്നിരുന്നാലും ബഹുമാനപ്പെട്ട അംഗത്തിന് പ്രമേയമവതരിപ്പിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഈ പ്രശ്നം എവിടെയും ചർച്ച ചെയ്യുന്നതിൽ സർക്കാരിന് യാതൊരു മടിയും ഭയവുമില്ല. ഇത്തരം വിഷയങ്ങൾ സമൂഹത്തിൽ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കാതിരിക്കുന്നതിനും കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനുമായി ലഭിക്കുന്ന എല്ലാ സന്ദർഭങ്ങളും വിനിയോഗിക്കുകയെന്നതാണ് ഗവൺമെന്റിന്റെ സമീപനം. അതുകൊണ്ട്

ഇതുമായി ബന്ധപ്പെട്ട് പ്രമേയാവതാരകൻ നൽകിയ നോട്ടീസിന് മറുപടി നൽകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പക്ഷെ ബഹുമാനപ്പെട്ട അംഗം വസ്തുതയ്ക്ക് നിരക്കാത്ത കാര്യങ്ങളാണ് നോട്ടീസിലൂടെ സൂചിപ്പിച്ചിട്ടുള്ളത്. ലോകായുക്തയുടെ യാതൊരധികാരവും സർക്കാർ എടുത്തുകളഞ്ഞിട്ടില്ല. അദ്ദേഹം ഉപയോഗിച്ച ഒരു വാചകം വളരെ കൃത്യമാണ്; "പതിനാലാം വകുപ്പിന് വരുത്തിയിട്ടുള്ള ഭേദഗതിയെ സംബന്ധിച്ച് ഒരു വിചിത്ര വ്യവസ്ഥയാണ് പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ളത്" എന്ന് അദ്ദേഹം നോട്ടീസിൽ പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ ഭേദഗതിയല്ല, ഈ പതിനാലാം വകുപ്പാണ് വിചിത്രമായി ലോകായുക്ത നിയമത്തിൽ നിലനിന്നിരുന്നത്. അത്തരത്തിൽ വിചിത്രമായി നിലനിന്നിരുന്ന ഒരു വകുപ്പിൽ ഭേദഗതി വരുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ലോകായുക്തയുടെ നിലവിലുള്ള അധികാരങ്ങളിൽ 9-ാം വകുപ്പുപ്രകാരം അന്വേഷണം നടത്താനും 12-ാം വകുപ്പുപ്രകാരം റിപ്പോർട്ട് സമർപ്പിക്കാനും 14-ാം വകുപ്പുപ്രകാരം ഒരു പൊതുസേവകൻ സ്ഥാനത്തുനിന്നും ഒഴിയണമെന്ന് പ്രഖ്യാപനം നടത്താനും 15-ാം വകുപ്പുപ്രകാരം പ്രോസിക്യൂഷൻ ശിപാർശ ചെയ്യാനുള്ള അധികാരവും അതുപോലെത്തന്നെ ഈ ഭേദഗതിക്കകത്തും നിലനിൽക്കുന്നുണ്ട്. 14-ാം വകുപ്പുപ്രകാരം

ലോകായുക്ത നടത്തുന്ന പ്രഖ്യാപനം പൊതുസേവകനുമേൽ അധികാരമുള്ള കോമ്പീറ്റന്റ് അതോറിറ്റി അതുപോലെ അംഗീകരിക്കാൻ ബാധ്യസ്ഥനാണ്/ ബാധ്യസ്ഥയാണ് എന്നുള്ള വ്യവസ്ഥയാണ് ഇവിടെ ഭേദഗതി ചെയ്തത്. ഇത്തരമൊരു വ്യവസ്ഥ രാജ്യത്ത് നിലവിലുള്ള ഒരു നിയമത്തിലുമില്ല. പ്രമേയാവതാരകന്റെ പാർട്ടി നയിക്കുന്ന ഗവൺമെന്റുകൾക്ക് പൊതുവെ ഈ സംവിധാനത്തോട് കടുത്ത വിമുഖതയാണുള്ളതെന്ന് ഇന്ത്യയുടെ ചരിത്രത്തിൽനിന്ന് എല്ലാവർക്കുമറിയാവുന്നതാണ്. എന്നാൽ അപ്രകാരം കൊണ്ടുവന്ന നിയമങ്ങളിലും ഈ വ്യവസ്ഥയില്ലെന്നാണ് അറിയാൻ സാധിച്ചിട്ടുള്ളത്. 2013-ൽ ഇന്ത്യൻ പാർലമെന്റ് ഏറെക്കാലത്തെ സമരത്തിന്റെയും ഇടപെടലുകളുടെയും ഭാഗമായി കൊണ്ടുവന്ന ലോക്പാൽ നിയമത്തിന്റെ 24-ാം വകുപ്പ് ഇപ്പോൾ കൊണ്ടുവന്ന വകുപ്പിന് സമാനമാണ്. രാജ്യത്ത് നിലവിലുള്ള സംസ്ഥാനങ്ങളുടെ നിയമനിർമ്മാണത്തിൽ ഇതുസംബന്ധിച്ച വകുപ്പും സമാനമായിട്ടുള്ളതാണ്. ലോക്പാൽ ബില്ലിന്റെ ഭാഗമായി പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട ബില്ലിൽ മൂന്നാമത്തെ പാർട്ടായിരുന്ന ലോകായുക്ത ബിൽ പാർലമെന്റ് പാസ്സാക്കേണ്ടതില്ലെന്നും അത് സംസ്ഥാനങ്ങൾക്ക് മാതൃകാ നിയമമായി അയച്ചുകൊടുക്കണമെന്ന് തീരുമാനിച്ചപ്പോഴും കോമ്പീറ്റന്റ് അതോറിറ്റിക്ക് റിപ്പോർട്ട്

സമർപ്പിക്കുകയെന്ന് മാത്രമാണ് നിഷ്കർഷിച്ചിട്ടുള്ളത്. രാജ്യത്ത് നിലനിൽക്കുന്ന വ്യവസ്ഥകൾക്കനുസൃതമായ ഭേദഗതിയാണ് ഓർഡിനൻസിലൂടെ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. ഓർഡിനൻസിന് പകരമുള്ള ബിൽ നിരാകരണ പ്രമേയത്തിലൂടെയാണ് ചർച്ച ചെയ്യാറുള്ളത്. ഒരു ഓർഡിനൻസിന് അംഗീകാരം നൽകുന്നതിന് സമയമെടുത്ത പ്രക്രിയയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആദരണീയനായ ഗവർണർക്ക് പലതവണ കത്ത് നൽകുകയും പ്രതിപക്ഷാംഗങ്ങൾ അദ്ദേഹത്തെ കണ്ട് കാര്യങ്ങൾ ബോധിപ്പിക്കുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഗവർണർ നിയമോപദേശം തേടുകയും എല്ലാ പരിശോധനയുടെയും അടിസ്ഥാനത്തിൽ ഇത് നിയമപരമായി നിലനിൽക്കുന്നതാണെന്ന് ബോധ്യപ്പെട്ടതിനുശേഷവുമാണ് അദ്ദേഹം അതിൽ ഒപ്പുവച്ചതെന്നും ബഹുമാനപ്പെട്ട ഗവർണർതന്നെ കഴിഞ്ഞ ദിവസം വ്യക്തമാക്കുകയുണ്ടായി. ഈ സംഭവങ്ങൾക്കുശേഷമാണ് ഇക്കാര്യം വീണ്ടും അടിയന്തരപ്രമേയമായി സഭ മുമ്പാകെ കൊണ്ടുവരുന്നത്. ഇത് ഭരണഘടനയുമായി ചേർന്ന് നിൽക്കുന്നതല്ല, ഭരണഘടനയ്ക്ക് അപ്പുറത്ത് പോകുന്നുവെന്ന ഉപദേശമാണ് ഭരണഘടനാ സ്ഥാപനമായ അഡ്വക്കേറ്റ് ജനറലിൽനിന്നും ഗവൺമെന്റിന് ലഭിച്ചത്. ഭരണഘടനയുടെ 164-ാം

അനുച്ഛേദപ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും കൃത്യമായ കാഴ്ചപ്പാടാണ് അവതരിപ്പിക്കുന്നത്. സംസ്ഥാനങ്ങളെ സംബന്ധിച്ച് അത് ബഹുമാനപ്പെട്ട ഗവർണറുടെ പ്ലഷറാണ്. അതിന് വിരുദ്ധമായതും ഭരണഘടനയുടെ 164-ാം അനുച്ഛേദവുമായി ചേർന്ന് നിൽക്കുന്നതുമല്ല ഈ മാൻഡേറ്ററി പ്രൊവിഷനെന്ന ഉപദേശമാണ് അഡ്വക്കേറ്റ് ജനറലിൽനിന്നും ഗവൺമെന്റിന് ലഭിച്ചത്. അത്തരത്തിൽ ലഭിച്ച ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ വളരെ വിശദമായി ചർച്ച ചെയ്ത്, ആവശ്യത്തിന് സമയമെടുത്ത് പരിശോധന നടത്തിയശേഷമാണ് ഇത്തരത്തിലൊരു ഓർഡിനൻസ് ആവശ്യമാണെന്ന തീരുമാനത്തിൽ ഗവൺമെന്റ് എത്തിച്ചേർന്നത്. അതോടൊപ്പം ലോക്പാൽ നിയമം, ലോകായുക്ത നിയമങ്ങൾ എന്നിവയുടെ താരതമ്യവും നടത്തുകയുണ്ടായി. ടി ഭേദഗതി ലോകായുക്തയുടെ അധികാരം കവരുന്നുയെന്ന് പറയുന്നത് വസ്തുതകളുടെ പിൻബലമില്ലാതെയാണ്. അഴിമതിക്ക് കുട പിടിക്കുന്ന സർക്കാരിന്റെ നടപടിമൂലം ജനങ്ങളിൽ ഉളവായിട്ടുള്ള ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് പ്രമേയാവതാരകൻ ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ചോദ്യത്തിന് ഉത്തരം നൽകിയപ്പോൾ 'Transparency International India' നടത്തിയ

സർവ്വേയുടെ ഒരു ഭാഗം വ്യക്തമാക്കുകയുണ്ടായി. അതിൽ ഇന്ത്യയിലെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി തെരഞ്ഞെടുത്തിട്ടുള്ളത് കേരളത്തെയാണ്. അതിൽ ബഹുമാനപ്പെട്ട പ്രമേയാവതാരകൻ ശ്രദ്ധിക്കേണ്ട ഭാഗം, അഴിമതിയുടെ കാര്യത്തിൽ ഏറ്റവും മോശപ്പെട്ട അവസ്ഥ ഇന്ത്യയിലുണ്ടെന്ന് പ്രസ്തുത സർവ്വേയിലൂടെയും മറ്റ് അനുബന്ധ പഠനങ്ങളിലൂടെയും 78 ശതമാനം ജനങ്ങളും തെരഞ്ഞെടുത്ത ഒന്നാമത്തെ സംസ്ഥാനം രാജസ്ഥാനാണ്. രാജസ്ഥാൻ ഇപ്പോഴും ഭരിക്കുന്നത് അങ്ങയുടെ പാർട്ടിയാണ്. നിലവിൽ ഇന്ത്യയിലെ അധികം സംസ്ഥാനങ്ങളിലും കോൺഗ്രസ്സ് ഭരിക്കുന്നില്ല; ഇതിന്റെ റാങ്കിംഗ് പട്ടികയിലും കോൺഗ്രസ്സ് മികച്ച് നിൽക്കുന്നുണ്ട്. ഈ സർവ്വേയിലൂടെ തെരഞ്ഞെടുക്കപ്പെട്ടതിൽ മൂന്നാം സ്ഥാനം ജാർഖണ്ഡിനും അഞ്ചാം സ്ഥാനം പഞ്ചാബിനുമാണ്. ഇതും കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളാണ്. അഴിമതിവിരുദ്ധ സമീപനം സ്വീകരിക്കുന്ന സർക്കാർ ഭരിക്കുന്നതുകൊണ്ടാണ് അഴിമതിയുടെ കാര്യത്തിൽ ഏറ്റവും കുറവുള്ള സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടത്. 1998-ലെ ലോകായുക്ത ഓർഡിനൻസ് 1999-ൽ ബില്ലായി അവതരിപ്പിച്ചപ്പോഴും ഈ വ്യവസ്ഥയുണ്ടായിരുന്നു. അതുമായി ബന്ധപ്പെട്ട നിയമനിർമ്മാണവേളയിൽ സഭയിൽ നടത്തിയ ചർച്ചയുടെ

ഭാഗമായി അവതരിപ്പിക്കപ്പെട്ട ഭേദഗതിയിലൂടെ വന്ന മാറ്റമാണിത്. അത് ഭരണഘടനയുമായി ചേർന്ന് നിൽക്കുന്നതല്ലെന്ന് ഭരണഘടനാ സ്ഥാപനത്തിൽനിന്നും നിലപാടുണ്ടായപ്പോൾ വിശദമായ പരിശോധന നടത്തി അടിയന്തരമായി ഭരണഘടനയുമായി ചേർന്ന് നിൽക്കുന്ന തരത്തിലാണെന്ന് ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. നിയമസഭ സമ്മേളിക്കാതിരുന്ന ഘട്ടത്തിൽ ഓർഡിനൻസ് പുറപ്പെടുവിക്കാമെന്ന ഭരണഘടനാപരമായ അവകാശം വിനിയോഗിച്ചുകൊണ്ടാണ് ആ ചുമതല നിർവ്വഹിച്ചത്. ലോകായുക്തയെ ദുർബലപ്പെടുത്തുന്ന കാര്യങ്ങളൊന്നും ഇതിൽ ഉൾപ്പെട്ടിട്ടില്ല. അഴിമതിക്കെതിരെ ശക്തമായ നിലപാട് എല്ലാ കാലത്തും ഇടതുപക്ഷ സർക്കാരുകൾ സ്വീകരിച്ചിട്ടുണ്ട്. ഇതേ നിലപാടുതന്നെയാണ് ലോകായുക്തയുടെ കാര്യത്തിലും സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ലെന്ന് വ്യക്തമാക്കുകയാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഇന്ന് 2022 ഫെബ്രുവരി മാസം 22-ാം തീയതിയാണ്. ഇന്നേ ദിവസം കേരള നിയമസഭയിൽ ഈ വിഷയം അവതരിപ്പിക്കാനുള്ള ചരിത്ര നിയോഗമാണ് പ്രതിപക്ഷത്തിന്

ലഭിച്ചിരിക്കുന്നത്. കാരണം, ലോകായുക്ത നിയമം കേരള നിയമസഭ ചർച്ച ചെയ്ത് പാസ്സാക്കിയത് കൃത്യമായി 23 വർഷങ്ങൾക്ക് മുമ്പ്, അതായത് 1999 ഫെബ്രുവരി മാസം 22-ാം തീയതിയാണ്. അതിൽനിന്ന് പുറകോട്ടാണോ മുന്നോട്ടാണോ സംസ്ഥാനം പോകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം. ലോകായുക്ത നിയമത്തിൽ ഓർഡിനൻസിലൂടെ ഭേദഗതി വരുത്തിയെന്ന് അദ്ദേഹം സമ്മതിച്ചെങ്കിലും അതിന്റെ അത്യാവശ്യ കാര്യങ്ങളൊന്നും വിശദീകരിച്ചിട്ടില്ല. അതിനെക്കുറിച്ച് തൃപ്തികരമായ വിശദീകരണം നൽകാനും അദ്ദേഹത്തിന് സാധിക്കില്ല. ഇക്കാര്യം പ്രതിപക്ഷത്തെ ബോദ്ധ്യപ്പെടുത്തിയില്ലെങ്കിലും പ്രശ്നമില്ല, ബഹുമാന്യരായ സി.പി.ഐ. മന്ത്രിമാർക്കെങ്കിലും ബോദ്ധ്യപ്പെടുത്തി കൊടുക്കേണ്ടതായിരുന്നു. ശ്രീ. കാനം രാജേന്ദ്രനെ ബോദ്ധ്യപ്പെടുത്തിയിട്ട് നാട്ടുകാരെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കണം. ഈ വിഷയം ആരുമായും ചർച്ച ചെയ്യാൻ തയ്യാറാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയും സിൽവർ ലൈനിനെക്കുറിച്ച് ചർച്ച ചെയ്യാൻ തയ്യാറാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറയുകയുണ്ടായി. അതിനുള്ള കൃത്യമായ വേദി നിയമസഭയാണ്. അങ്ങനെയെങ്കിൽ നിയമസഭയിൽ ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയേണ്ടതായിരുന്നു.

പക്ഷെ ഇക്കാര്യം ചർച്ച ചെയ്യാൻ നിങ്ങൾ മടിക്കുകയും ഭയപ്പെടുകയും ചെയ്യുന്നവെന്നതാണ് യാഥാർത്ഥ്യം. ഭരണതലങ്ങളിലും ഉദ്യോഗസ്ഥതലങ്ങളിലും അഴിമതി അതിശക്തമായി നടക്കുകയാണ്. സർവ്വകലാശാലകളിൽ വൈസ് ചാൻസലർ നിയമനം മുതൽ കുട്ടികളുടെ മാർക്ക് ഷീറ്റ് നൽകുന്നതിൽവരെ അഴിമതി നടക്കുകയാണ്. എം.ജി. സർവ്വകലാശാലയിൽ പരീക്ഷയിൽ ജയിച്ച ഒരു പെൺകുട്ടിയോടാണ് 'മാർക്ക് ലിസ്റ്റിൽ നിന്നെ ജയിപ്പിക്കാം' എന്നുപറഞ്ഞ് അവിടത്തെ ഇടതുപക്ഷ അനുകൂല സംഘടനാ നേതാവ് ഒന്നര ലക്ഷം രൂപ ബാങ്ക് അക്കൗണ്ടിലൂടെ കൈക്കൂലി വാങ്ങിയത്. ഇടതുപക്ഷ യൂണിയൻ നേതാക്കൾ ട്രഷറിയിലെ സർക്കാർ പണവും ജനങ്ങളുടെ കോടിക്കണക്കിന് നികുതി പണവും കൊള്ളയടിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ തിരുവനന്തപുരത്ത് നടന്ന സംഭവത്തിന്മേൽ അന്വേഷണം നടത്തിയോ? എറണാകുളത്ത് പാർട്ടി നേതാക്കന്മാർ പ്രളയഫണ്ട് തട്ടിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട് പാർട്ടി തലത്തിൽ നടപടിയെടുത്തു, ഗവൺമെന്റ് തലത്തിൽ നടപടിയില്ല, പിന്നീട് പാർട്ടി ആ നടപടി പിൻവലിക്കുകയും ചെയ്തു. സംസ്ഥാനത്തെ വൈദ്യുതി ബോർഡിലെ അഴിമതിയെക്കുറിച്ച് ചെയർമാൻതന്നെ പരസ്യമായി പറയേണ്ട

അവസ്ഥയുണ്ടായിരിക്കുകയാണ്. എല്ലാവരും വിചാരിച്ചത് സർക്കാർ കോവിഡ് പ്രതിസന്ധി വളരെ നന്നായി കൈകാര്യം ചെയ്തുവെന്നാണ്. എങ്ങനെയാണ് കൈകാര്യം ചെയ്തത്? കോവിഡ് പ്രതിസന്ധിപോലും കൊള്ളയടിക്കാനുള്ള ഒരവസരമായാണ് സർക്കാർ ഉപയോഗിച്ചത്, ഇന്നത് വാർത്തയായി വരികയാണ്. മരംമുറി കേസ് ഇവിടെ ചർച്ച ചെയ്തതല്ലേ? വനസംരക്ഷണത്തിന് ഉത്തരവാദപ്പെട്ടവർ തന്നെയാണ് ധാരാളമായി മരംമുറിച്ചുമാറ്റിയതെന്ന് ഏവർക്കുമറിയാം. ഇത്തരത്തിൽ അഴിമതികൾ അഴിഞ്ഞാടുമ്പോഴാണ് കേന്ദ്ര സർക്കാർ വിജിലൻസ് നിയമത്തിൽ അവരുടേതായ തരത്തിൽ ഭേദഗതി വരുത്തിയത്. മന്ത്രിമാർക്കെതിരെയും ഉയർന്ന ഉദ്യോഗസ്ഥർക്കെതിരെയും വിജിലൻസ് അന്വേഷണം വേണമെങ്കിൽ ആദ്യമേ അനുമതി വാങ്ങണം. ആർക്കെതിരെയാണോ അന്വേഷണം നടത്തേണ്ടത് അവരുടെ അനുമതിയുണ്ടെങ്കിൽ മാത്രമെ അന്വേഷണം നടത്താൻ സാധിക്കുകയുള്ളൂവെന്ന അവസ്ഥ വന്നിരിക്കുന്നു. അതേ അവസ്ഥയ്ക്ക് സമാനമായി, ഒരുപക്ഷെ അതിനേക്കാൾ അപകടകരമായ രൂപത്തിലാണ് ഇവിടെ ഈ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാർട്ടി നേതാവുംകൂടിയായ നിലയിൽ 2019-ൽ 'ചിന്ത' വാരികയിൽ എഴുതിയ ലേഖനത്തിൽ എന്താണ് പറഞ്ഞിട്ടുള്ളത്?

അന്ന് ഈ അവസ്ഥയില്ലേ? '......പൊതുസമൂഹത്തിന്റെ ശുദ്ധിയും ജനങ്ങളുടെ ആശ്വാസവും മുൻനിർത്തി നിരവധി ഇടപെടലുകൾ നടത്താൻ കേരള ലോകായുക്തയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പൊതുജീവിതത്തിൽ ശുദ്ധിയും നിയമപാണ്ഡിത്യവുമുള്ള പ്രഗത്ഭമതികളാണ് ലോകായുക്തയെ നയിച്ചിട്ടുള്ളത്, ഇപ്പോൾ നയിച്ചുകൊണ്ടിരിക്കുന്നത്...' പക്ഷെ ഡോ. കെ. ടി. ജലീലിനുമാത്രം ഇത് മനസ്സിലായിട്ടില്ല. .....'ഓംബുഡ്സ്മാനെക്കുറിച്ച് സാധാരണ പറയാറുള്ള ഒരു വിശേഷണം കുരയ്ക്കാൻ മാത്രം കഴിയുന്ന, എന്നാൽ കടിക്കാൻ കഴിയാത്ത ഒരു കാവൽനായ എന്നാണ്. എന്നാൽ ഓംബുഡ്സ്മാന്റെ കേരള പതിപ്പായ ലോകായുക്തയ്ക്ക് വിപുലമായ അധികാരങ്ങൾ നിയമപരമായി നൽകിയിരിക്കുന്നു. ആവശ്യമെന്ന് കണ്ടാൽ കടിക്കാനും കഴിയുന്ന ഒരു സംവിധാനമാണ് ലോകായുക്ത. ഭരണസംവിധാനത്തിന്റെ പല തെറ്റായ പ്രവണതകളും അഴിമതി, കാര്യക്ഷമതയില്ലായ്മ, അലംഭാവം ഇവയ്ക്കെല്ലാം പരിഹാരം തേടി ലോകായുക്തയെ സമീപിക്കുവാൻ കഴിയും. പരാതിക്കാരന് പണച്ചെലവില്ലാതെ സാങ്കേതികത്വവും കാലതാമസവും ഒഴിവാക്കി ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ നൽകാനും ഉത്തരവാദികൾക്കെതിരെ നടപടി ശിപാർശ ചെയ്യാനും ലോകായുക്തയ്ക്ക് കഴിയും. ഇടതുപക്ഷ

ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ അഴിമതിവിരുദ്ധ, ദുർഭരണവിരുദ്ധ, നിശ്ചയദാർഢ്യത്തിന്റെകൂടി പ്രതീകമാണ് 1999-ൽ നിയമത്തിലൂടെ വന്ന ലോകായുക്ത....' ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'ചിന്ത' വാരികയിൽ എഴുതിയ ലേഖനമാണ്. ഈ ചിന്തയിൽനിന്നും പുതിയ ചിന്തയിലേയ്ക്ക് അദ്ദേഹം എങ്ങനെയാണ് മാറിയത്? 2019-ലെ ചിന്തയിൽനിന്നും പുതിയ ചിന്തയിലേയ്ക്ക് വരാനുള്ള കാരണം, ലോകായുക്തയ്ക്ക് പല്ലും നഖവുമുണ്ട്, ആ പല്ലും നഖവുമുപയോഗിച്ച് ലോകായുക്ത ഒരു കടി കടിച്ചു, ആ കടി കൊണ്ടയാൾ ആ വേദനയിൽ ഇപ്പോഴും പുളയുകയാണ്. നമ്മൾ വിചാരിച്ചത് ആ കടിയുടെ വേദന മാറി ആ മുറിപ്പാടുകൾ മാത്രം അവശേഷിക്കുന്നുയെന്നാണ്. ഇത്രയും തിരക്കിട്ട് ഓർഡിനൻസിറക്കേണ്ട കാര്യമെന്താണ്; സർക്കാർ എന്തെല്ലാം ശ്രമങ്ങൾ നടത്തി? ഇരുപത്തിമൂന്ന് വർഷങ്ങൾക്കുമുൻപ്, 22-02-1999-ൽ ഈ നിയമം കേരള നിയമസഭയിൽ ചർച്ച ചെയ്തപ്പോൾ കെ. എം. മാണി പറഞ്ഞത് 'competent authority റിപ്പോർട്ട് കൊടുത്തുകഴിഞ്ഞാൽ അത് ഗവൺമെന്റിന് accept ചെയ്യാമെന്നോ റിജക്ട് ചെയ്യാമെന്നോ പറയാൻ പാടില്ലെന്നും; അത് accept ചെയ്യണമെന്നുമാണ്. ആ റിപ്പോർട്ടിന്മേൽ അന്വേഷണം നടത്തി substantiate ചെയ്ത ഒരാൾ എങ്ങനെയാണ് protect ചെയ്യുന്നത്? ഗവൺമെന്റ്

അതിനെ റിജക്ട് ചെയ്യുന്നത് ശരിയായ കാര്യമല്ലെന്ന് വിശദമായിത്തന്നെ കെ. എം. മാണി പറഞ്ഞിട്ടുണ്ട്. ഇതിനെക്കുറിച്ച് ശ്രീ. കെ. സി. ജോസഫ്, ശ്രീ. ഇ. എം. അഗസ്തി, ടി. എം. ജേക്കബ് തുടങ്ങിയ അംഗങ്ങളെക്കൂടാതെ മാർക്സിസ്റ്റ് പാർട്ടിയുടെ ഇന്നത്തെ പ്രമുഖ നേതാക്കളായ ശ്രീ. ജി. സുധാകരനും ശ്രീ. ആനത്തലവട്ടം ആനന്ദനുമൊക്കെ ഇതിനെക്കുറിച്ച് വ്യക്തമായി അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. 'ലോകായുക്ത നിയമമനുസരിച്ച് അഴിമതിയാരോപണം തെളിയുകയും public servant തൽക്ഷണം ഒഴിയണമെന്ന് ലോകായുക്ത ശിപാർശ ചെയ്യുകയും ചെയ്താൽ അവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ അത് നിരാകരിക്കാനുള്ള അധികാരം ഇന്ന് ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നത് ഇതുവരെ നടത്തിയ ചർച്ചയുടെ ഗൗരവസ്വഭാവം ഇല്ലായ്മ ചെയ്യുന്നതുകൊണ്ട് നിരാകരണത്തിനുള്ള അവകാശം എടുത്തുകളയണമെന്നാണ് എന്റെ അഭിപ്രായം' എന്ന അഭിപ്രായമാണ് ശ്രീ. ആനത്തലവട്ടം ആനന്ദൻ അന്ന് രേഖപ്പെടുത്തിയത്. ശ്രീ. ജി. സുധാകരൻ അന്ന് പറഞ്ഞത് എന്തായിരുന്നു; അത് ഇംഗ്ലീഷിലും മലയാളത്തിലുമുണ്ട്; അദ്ദേഹം പറഞ്ഞത് '....ഗവൺമെന്റ് വളരെ ആത്മാർത്ഥമായും സത്യസന്ധമായും സാധ്യമായിടത്തോളം അഴിമതി

തുടച്ചുനീക്കുന്നതിനുവേണ്ടി കൊണ്ടുവന്ന നിയമമാണ്. ആ നിയമത്തിന്റെ ഉദ്ദേശ്യശുദ്ധിയെ പൂർണ്ണതയിലെത്തിക്കുന്നതിനുള്ള ഒരു ഭേദഗതിയാണ് ഇവിടെ അവതരിപ്പിക്കുന്നത്. എല്ലാ തരത്തിലുള്ള നടപടിക്രമങ്ങളും പാലിച്ചതിനുശേഷം ഒരു പൊതുപ്രവർത്തകൻ ഇന്ന കുറ്റം ചെയ്തിരിക്കുന്നുവെന്ന് ലോകായുക്ത തീരുമാനിച്ചുകഴിഞ്ഞാൽ ആ കുറ്റം ചെയ്തയാൾ ഒരു തെരഞ്ഞെടുക്കപ്പെട്ട പദവി വഹിക്കുകയാണെങ്കിൽ അത് തീർച്ചയായും അപമാനകരമാണ്. ആ സ്ഥാനത്ത് ഒരു നിമിഷംപോലും അയാൾ തുടരാൻ പാടില്ല'..... എന്നാണ്. ഈ നിയമത്തിന്റെ പല്ലും നഖവും പറിച്ചുകളഞ്ഞശേഷം നിയമസഭ ചേരുന്നതിന് തൊട്ടടുത്ത ദിവസങ്ങളിൽ ഓർഡിനൻസായാണ് കൊണ്ടുവന്നത്. ഇത് നിയമസഭയിൽ കൊണ്ടുവരാൻ എന്തുകൊണ്ട് സാധിക്കുന്നില്ല? ഈ ഭേദഗതിക്ക് ആധാരമായി പറഞ്ഞതെന്താണ്? ഈ നിയമത്തിൽ ഒരു appeal provision ഇല്ലെന്നാണ്. അങ്ങനെയൊരു അപ്പീൽ പ്രൊവിഷനാണ് ഗവൺമെന്റ് കൊണ്ടുവന്നതെങ്കിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വ്യക്തമാക്കിയതുപോലെ ഞങ്ങളതിനെ പിന്തുണയ്ക്കുമായിരുന്നു. ലോകായുക്തയുടെ 14-ാം വകുപ്പനുസരിച്ചുള്ള ഉത്തരവിന് ഒരു അപ്പീൽ പ്രൊവിഷനായിരുന്നു വേണ്ടതെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ

ഡിവിഷൻ ബെഞ്ചിൽ ഒരു അപ്പീൽ കൊടുക്കാമെന്നുള്ള ഭേദഗതിയാണ് കൊണ്ടുവരേണ്ടിയിരുന്നത്; എങ്കിൽ അതിന്റെ ന്യായം മനസ്സിലാക്കാമായിരുന്നു. ലോകായുക്തയിൽ സുപ്രീംകോടതിയിൽനിന്നും റിട്ടയർ ചെയ്ത ജഡ്ജോ ഹൈക്കോടതിയിൽനിന്നും ചീഫ് ജസ്റ്റിസ്സായി റിട്ടയർ ചെയ്ത വ്യക്തിയോ നിയമാനുസരണം നടപ്പിലാക്കുന്ന ഒരു ഉത്തരവിന്റെ അപ്പലേറ്റ് അതോറിറ്റി ഒരു പൊളിറ്റിക്കൽ പാർട്ടിയുടെ നേതാവായ മുഖ്യമന്ത്രിയാണെന്ന് പറയുന്നതിനോട് യോജിക്കാൻ കഴിയില്ല. ഉദാഹരണത്തിന്, ഡോ. കെ. ടി. ജലീലിന്റെ കേസ് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ മുന്നിൽ വന്നതല്ലേ? അദ്ദേഹം അത് എത്രനാൾ വലിച്ചുനീട്ടി? അപ്പോൾ ഈ ഭേദഗതിയിൽ യാതൊരു ഉദ്ദേശ്യശുദ്ധിയുമില്ല. ഇത് ഭരണഘടനയ്ക്ക് ചേർന്നതല്ലെന്ന് ഇപ്പോഴും ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഭരണഘടനയിലെ 164-ാം അനുച്ഛേദത്തിൽ പറയുന്നതെന്താണ്? ഗവർണറുടെ പ്ലഷറനുസരിച്ചാണ് മന്ത്രി തുടരേണ്ടത്. ഗവർണറുടെ ഇച്ഛയെന്നു പറയുന്നത് വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളല്ല. യോഗ്യത-അയോഗ്യത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിയമപരമായി ഒരു മന്ത്രിയെ ഗവർണർ നിയോഗിക്കുന്നത്. ഭരണഘടനയനുസരിച്ച് നിയമപരമായി അയോഗ്യനായ ഒരു വ്യക്തിയെ

Quo-warranto റിട്ടിന്റെ അടിസ്ഥാനത്തിൽ അയോഗ്യനാക്കാൻ കോടതിക്ക് സാധിക്കും. അങ്ങനെ അയോഗ്യനാക്കിയാൽ ഗവർണറുടെ ഇഷ്ടാനുസൃതം അദ്ദേഹത്തിന് തുടരാൻ സാധിക്കുമോ? 'Representation of the People Act'-ലെ തെരഞ്ഞെടുപ്പ് നിയമമനുസരിച്ച് ഒരു എം.എൽ.എ.-യെ അയോഗ്യനാക്കാം. അത്തരത്തിൽ അയോഗ്യനായാൽ അദ്ദേഹം മന്ത്രിസ്ഥാനത്തിനും അയോഗ്യനാണ്. അങ്ങനെ അയോഗ്യനാക്കപ്പെടുന്ന വ്യക്തിയെ ഗവർണർ ഇഷ്ടപ്പെടുന്നു. ഡോ. കെ. ടി. ജലീലിനെ ഗവർണർ ഇഷ്ടപ്പെടുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ മന്ത്രിയായി തുടരാൻ ഗവർണർക്ക് അനുവദിക്കാൻ കഴിയില്ല. ഇത് നിയമസഭ പാസ്സാക്കിയ നിയമമാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ നിയമവും ഭരണഘടനാ പ്രൊവിഷനും ഒരിക്കൽക്കൂടി വായിക്കണം. കേരളം അഴിമതിരഹിത സംസ്ഥാനമാണെന്ന് അവകാശപ്പെടുമ്പോൾ അഴിമതി വിരുദ്ധ നിയമങ്ങൾ നടപ്പിലാക്കാൻ സാധിക്കണം. ഇവിടെ അഴിമതിക്കെതിരെ സംസാരിക്കുന്നത് ആത്മാർത്ഥതയില്ലാതെയാണ്. ആർ. ബാലകൃഷ്ണപിള്ളയ്ക്കെതിരെ ആരോപണങ്ങളുന്നയിച്ച് ജയിലിലടച്ചു, അദ്ദേഹത്തെ പീഡിപ്പിച്ചും പിന്നീട് പ്രീണിപ്പിച്ചും അപ്പുറത്തേയ്ക്കാക്കി. മാണി സാറിനെ വെടക്കാക്കി തനിക്കാക്കി, ശ്രീ. കെ. ബി. ഗണേഷ് കുമാറിനെയും

അങ്ങനെ തന്നെ കൈകാര്യം ചെയ്യു. സംസ്ഥാനത്തെ അഴിമതിവിരുദ്ധ സംവിധാനങ്ങളെ ദുർബലപ്പെടുത്തുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ബഹുമാനപ്പെട്ട സണ്ണി ജോസഫ് പ്രസക്തമായ കാര്യങ്ങളൊന്നും അടിയന്തരപ്രമേയത്തിൽ ഉന്നയിച്ചിട്ടില്ല. എന്നാൽ സഭയ്ക്കുപുറത്ത് ബി.ജെ.പി.-യുമായി ചേർന്ന് നടത്തിക്കൊണ്ടിരിക്കുന്ന പ്രചാരവേലയുടെ ആവർത്തനം മാത്രമാണ് ഇവിടെ നടത്തിയത്. അങ്ങയുടെ പാർട്ടി ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്തെ നിയമത്തിൽ ഇപ്രകാരമൊരു വ്യവസ്ഥയുണ്ടോയെന്ന പ്രസക്തമായ ചോദ്യം ഞാൻ ചോദിച്ചിരുന്നു. കോൺഗ്രസ്സിന് അഴിമതിയൊരു അലങ്കാരമായതുകൊണ്ട് അവിടെയൊന്നും ഇതുവേണ്ടെന്ന നിലപാടുണ്ടായിരിക്കാം. പഞ്ചാബ്, ജാർഖണ്ഡ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലെ ലോകായുക്ത ആക്ടിന്റെ പകർപ്പ് എന്റെ കൈവശമുണ്ട്. പഞ്ചാബിൽ മുഖ്യമന്ത്രിയെ ഉൾപ്പെടുത്തുന്നതിന് അവിടെയൊരു മുഖ്യമന്ത്രിയുണ്ടായിരുന്നില്ല. ....(ബഹളം)....

<u>മി. സ്പീക്കർ</u>: പരസ്പരം സംസാരിക്കരുത്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയാണ്. സഭാംഗങ്ങൾ ഇടയ്ക്കുകയറി സംസാരിക്കരുത്.

ശ്രീ. പി. രാജീവ്: പഞ്ചാബിൽ മുഖ്യമന്ത്രിയെക്കൂടി ഉൾപ്പെടുത്തണമെന്ന ക്യാബിനറ്റ് തീരുമാനം നിയമസഭ പാസ്സാക്കിയതായി രേഖകളിലും കാണുന്നില്ല. ലോക്പാൽ ബില്ലിന്റെ കോംപീറ്റന്റ് അതോറിറ്റി ആരാണ്? അത് ലോക്സഭയാണ്. പഞ്ചാബിൽ മുഖ്യമന്ത്രിയെ ഉൾപ്പെടുത്തണമെന്നാലോചിച്ച് ക്യാബിനറ്റ് അംഗീകരിച്ച ബില്ലിന്റെയും കോംപീറ്റന്റ് അതോറിറ്റി നിയമസഭയാണ്. ഇവിടെ ഗവർണറാണ് കോംപീറ്റന്റ് അതോറിറ്റി. ബഹുമാനപ്പെട്ട അംഗങ്ങൾ പറയുന്നതാണ് വാദമെങ്കിൽ, നിയമസഭയിൽ ഭൂരിപക്ഷമുള്ളവരാണെങ്കിൽ, ഈ ശിപാർശ അംഗീകരിക്കാൻ സാധ്യതയുണ്ടാകുമോ? അഴിമതിക്കെതിരെയുള്ള സമരത്തിന്റെ ഉല്പന്നമായി ഇന്ത്യൻ രാഷ്ട്രീയത്തിൽ കടന്നുവരികയും ലോക്പാൽ ബില്ലിനുവേണ്ടിയുള്ള വലിയ സമരത്തിലൂടെ അധികാരത്തിലെത്തുകയും ചെയ്ത ആം ആദ്മി പാർട്ടി ഭരിക്കുന്ന ഡൽഹിയിലെ നിയമവും എന്റെ കൈവശമുണ്ട്. ഡൽഹിയിലെ നിയമത്തിലും ഇതുപോലെ റിപ്പോർട്ട് ചെയ്യാനാണ് പറയുന്നത്. 2013-ലാണ് നിങ്ങൾ നിയമം കൊണ്ടുവന്നത്. 1968-ൽ ഇന്ത്യൻ പാർലമെന്റിൽ ആദ്യമായി ലോക്പാൽ ബിൽ അവതരിപ്പിച്ച് 1968-ൽതന്നെ അത് ലോകസഭയിൽ പാസ്സാക്കിയെങ്കിലും 2013 വരെ രാജ്യസഭയിൽ

ലോക്പാൽ ബിൽ കൊണ്ടുവരാനോ പാസ്സാക്കാനോ നിങ്ങൾക്ക് സാധിച്ചോ? അതല്ലേ കോൺഗ്രസ്സിന്റെ അഴിമതിവിരുദ്ധ ചരിത്രം. നിങ്ങളുടെ നിലപാടുകളല്ലേ ബി.ജെ.പി.-യെ അധികാരത്തിലെത്തിച്ചത്? ആ കാലഘട്ടത്തിൽ അഴിമതിയുടെ ഭാഗമായി ബി.ജെ.പി. രാഷ്ട്രീയ അധികാരത്തിലേയ്ക്ക് വരികയും ആ സമരങ്ങളുടെകൂടി ഭാഗമായി ലോക്പാൽ നിയമം കൊണ്ടുവരികയും ചെയ്തു. ലോക്പാൽ നിയമം കൊണ്ടുവന്നശേഷം നിങ്ങൾ ലോക്പാലിനെ നിയമിച്ചോ? 1968 മുതൽ 2013 വരെയുള്ള ദീർഘമായ സമരത്തിനുശേഷം 2013-ൽ ഒരു നിയമം കൊണ്ടുവന്നിട്ടും പ്രസ്തുത നിയമത്തെ അടിസ്ഥാനമാക്കി ഒരു ലോക്പാലിനെപ്പോലും നിയമിക്കാൻ തയ്യാറാകാതിരുന്നവരാണ് അഴിമതിക്കെതിരെയുള്ള പ്രഖ്യാപനം നടത്തുന്നത്. ബി.ജെ.പി.-യും അതേ സമീപനമാണ് സ്വീകരിച്ചത്. 2019-ൽ കോടതിയുൾപ്പെടെ ഇടപെട്ടപ്പോഴാണ് ലോക്പാലിനെ നിയമിക്കുന്നത്. അഴിമതിയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളെക്കുറിച്ച് വിശദീകരിക്കേണ്ട സന്ദർഭമല്ലിത്. കാരണം, സമൂഹം എല്ലാം കാര്യങ്ങളും കാണുകയും ഇവിടെ പറയുന്നതെല്ലാം കേൾക്കുകയും ചെയ്തുകൊണ്ടാണ് കഴിഞ്ഞ തവണത്തേക്കാൾ കൂടുതൽ സീറ്റോടുകൂടി വീണ്ടും ജനങ്ങൾ ഞങ്ങളെ അധികാരത്തിലെത്തിച്ചത്.

പഞ്ചാബിലെ കോൺഗ്രസ്സിന്റെ മുഖ്യമന്ത്രി ഇപ്പോൾ എവിടെയാണ് നില്ക്കുന്നതെന്ന് നോക്കിയാൽ മതി. അക്കാര്യങ്ങളിലേയ്ക്ക് ഈ ചർച്ചയെ വഴിതിരിച്ച് കൊണ്ടുപോകുന്നില്ല. മുൻപ് ബിൽ ചർച്ച ചെയ്തപ്പോഴുള്ള പ്രൊസീഡിംഗ്സ് നിയമസഭയുടെ ലൈബ്രറിയിൽ ലഭ്യമാണ്. അംഗീകരിക്കപ്പെട്ട വ്യവസ്ഥകൾ ഓർഡിനൻസിലുണ്ടായിരുന്നില്ല, അവതരിപ്പിക്കേണ്ട ബില്ലിലുമില്ല, സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുമില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ബില്ലിന്റെ 13-ാം വകുപ്പിനെക്കുറിച്ച് അഭിപ്രായങ്ങൾ ഉന്നയിക്കുകയും അത് പിന്നീട് ചർച്ച ചെയ്യാമെന്ന് പറയുകയും വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി കൊണ്ടുവരികയും അവ Legislative intent-ൽ ഉള്ളതായതിനാൽ സഭ അംഗീകരിക്കുകയും ചെയ്തിരുന്നു. ആ പ്രൊസീഡിംഗ്സിൽ ഇത് ഭരണഘടനാനുസൃതമാണോയെന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ പരിശോധനയും നടന്നിട്ടില്ല. പക്ഷെ നിയമസഭയുടെ ഇന്റന്റ് ഉപയോഗിച്ചുകൊണ്ട് അന്ന് തീരുമാനമെടുക്കുകയും അത് നിയമത്തിന്റെ ഭാഗമാകുകയും ചെയ്തു. പിന്നീടത് പരിശോധിക്കപ്പെട്ടിട്ടില്ല. തുടർന്ന് എല്ലാ പരിശോധനകൾക്കുംശേഷം ജനകീയ ലോക്പാൽ ബിൽ വന്നു. ജൻ ലോക്പാൽ ബില്ലിൽ ഈ വ്യവസ്ഥയുണ്ടോ? ഈ ചർച്ചകൾക്കുശേഷം

ഗവൺമെന്റിന് മുന്നിൽ ഭരണഘടനയ്ക്ക് നിരക്കാത്ത വ്യവസ്ഥയുണ്ടെന്ന് കണ്ടെത്തിയാൽ ടി വ്യവസ്ഥയെ ഭരണഘടനാനുസൃതമാക്കുകയെന്ന ഭരണഘടനാപരമായ ഉത്തരവാദിത്വമാണ് ഗവൺമെന്റ് നിർവ്വഹിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ലോകായുക്ത ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇവിടെ കോടതിയുടെ കാര്യം സൂചിപ്പിച്ചു. കോടതിയോടുള്ള കോൺഗ്രസ്സിന്റെ ബഹുമാനം വളരെ നല്ല കാര്യമാണ്. 1975-ൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച സാഹചര്യമുണ്ടായത് ഓർക്കുന്നുണ്ടല്ലോ? ചരിത്രം ഓർക്കാൻ നിങ്ങൾക്ക് കുറച്ച് അസ്വസ്ഥതയുണ്ടാകും. അലഹബാദ് ഹൈക്കോടതി ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് റദ്ദാക്കി. അത് മറികടക്കാൻ ജൂൺ 25-ന് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ആ വിധി നിലനില്ക്കുമ്പോഴാണ് 39-ാം ഭരണഘടനാ ഭേദഗതി കൊണ്ടുവന്നത്. തെരഞ്ഞെടുപ്പിലൂടെ അയോഗ്യയാക്കപ്പെട്ട ഒരു പ്രധാനമന്ത്രിയുടെ അപ്പീൽ നിലനില്ക്കുമ്പോൾ, പ്രധാനമന്ത്രിയുടെയും സ്പീക്കറുടെയും തെരഞ്ഞെടുപ്പ് കോടതിയിൽപോലും ചോദ്യം ചെയ്യാൻ പാടില്ലെന്ന ഭേദഗതി യാതൊരു പരിശോധനയും ചർച്ചയുമില്ലാതെ ഒറ്റ ദിവസം കൊണ്ട് പാസ്സാക്കിയവരാണ് ഇപ്പോൾ ജുഡീഷ്യറിയുടെ മഹത്വത്തെക്കുറിച്ച് പറയുന്നത്. കോൺഗ്രസ്സിന്റെ ജനാധിപത്യവിരുദ്ധ നടപടിയെക്കുറിച്ച് പരാമർശിക്കാൻ കുറേയേറെ

സമയമെടുക്കും. ലോകായുക്തയുടെ കാര്യമെടുക്കുകയാണെങ്കിൽ, ഒരു സ്റ്റാറ്റ്യൂട്ടറി പ്രൊവിഷൻകൊണ്ട് ഭരണഘടനാ വ്യവസ്ഥയെ മറികടക്കാൻ കഴിയുമോയെന്ന മൗലികമായ ചോദ്യമുണ്ട്. ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനത്തിൽ ഭരണഘടനാ സ്ഥാപനത്തെ അയോഗ്യമാക്കി പ്രഖ്യാപിക്കാൻ കഴിയുമോയെന്ന മൗലികമായ ചോദ്യമാണ് സർക്കാരിന്റെ മുന്നിൽ വന്നത്. ഇന്ത്യയുടെ സംസ്ഥാനങ്ങളിലെന്നല്ല ലോകത്തേതെങ്കിലും രാജ്യത്ത് ഒരു സ്റ്റാറ്റ്യൂട്ടറി സംവിധാനത്തിന് ഭരണഘടനാ സംവിധാനത്തെ അയോഗ്യമാക്കാമെന്ന വ്യവസ്ഥ നിലനില്ക്കുന്നുണ്ടോയെന്ന് ഞാൻ ബഹുമാനപ്പെട്ട അംഗത്തോടും പ്രതിപക്ഷത്തോടും ചോദിക്കുകയാണ്. Quo-warranto ഉണ്ടല്ലോയെന്ന് പ്രമേയാവതാരകൻ പറയുകയുണ്ടായി. കളക്ടീവ് റെസ്പോൺസിബിലിറ്റി പോയ ചില മന്ത്രിമാരെ quo-warranto പ്രകാരം അയോഗ്യരാക്കണമെന്ന കേസ് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തുണ്ടായിരുന്നു. അന്ന് കോടതി പറഞ്ഞത്, '...even if there are any disqualification, they are not judicious and has to be decided by the Hon'ble Governor' എന്നാണ്. പ്രതിപക്ഷം എപ്പോഴും ഉദ്ധരിക്കുന്ന ഒരു കേസ്സാണ് B.R. Kapoor V. State of Tamil Nadu and Anr. ഇതൊരു അസാധാരണമായ കേസ്സാണ്. കുമാരി ജയലളിത മൂന്ന് വർഷത്തേയ്ക്ക്

ശിക്ഷിക്കപ്പെട്ടിട്ടും അവർ തെരഞ്ഞെടുപ്പിൽ നോമിനേഷൻ കൊടുത്തു. രണ്ട് വർഷത്തിൽ കൂടുതൽ ശിക്ഷിക്കപ്പെട്ട ഒരാൾക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ കഴിയില്ലെന്നതിനാൽ അവരുടെ നോമിനേഷൻ തള്ളിയതുകാരണം മത്സരിക്കാൻ കഴിഞ്ഞില്ല. പക്ഷെ തെരഞ്ഞെടുപ്പിൽ AIADMK (All India Anna Dravida Munnetra Kazhagam)-യ്ക്ക് ഭൂരിപക്ഷം കിട്ടി. ഭൂരിപക്ഷം കിട്ടിയ പാർട്ടിയുടെ നേതാവായി കുമാരി ജയലളിത തെരഞ്ഞെടുക്കപ്പെടുകയും കുമാരി ജയലളിതയെ ബഹുമാനപ്പെട്ട ഗവർണർ ക്ഷണിക്കുകയും മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്തു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 191-ൽ നിയമസഭാംഗത്തിന്റെ അയോഗ്യതകളെ സംബന്ധിച്ചാണ് വ്യക്തമാക്കുന്നത്. നിയമസഭാംഗമാകാൻ അയോഗ്യനായ ഒരാൾ മുഖ്യമന്ത്രിയാകാമോ? ഈ ചോദ്യമാണ് B.R. Kapoor V. State of Tamil Nadu and Anr. എന്ന കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പരിശോധിച്ചത്. ആർട്ടിക്കിൾ 164-നോടൊപ്പം ആർട്ടിക്കിൾ 173, 191 എന്നിവയുംകൂടി ചേർത്ത് വായിക്കണമെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത്. അതാണ് quo-warranto-യിലെ ഏക അത്യപൂർവ്വമായ വിധി. സുപ്രീംകോടതി ഒരു ഭരണഘടനാ സ്ഥാപനമാണ്. ഇവിടെ സ്റ്റാറ്റ്യൂട്ടറി സംവിധാനത്തിന് ഒരു കോൺസ്റ്റിറ്റ്യൂഷണൽ

സംവിധാനത്തെ മറികടക്കാൻ അധികാരമില്ലെന്ന, ഭരണഘടനയുമായി ചേർന്നുനിൽക്കാത്ത പക്ഷമാണ് ഞങ്ങൾ പരിശോധിച്ചത്. ഭരണഘടനാ വിരുദ്ധമാണെന്ന് കോടതി നിശ്ചയിച്ചിട്ടുണ്ടോ; അതിനെക്കുറിച്ചും വിധി ഉദ്ധരിക്കുന്നുണ്ട്. ആ കേസ്സിലെ ചോദ്യം എന്തായിരുന്നു; സുപ്രീംകോടതിക്ക് ഒരു നിയമത്തിൽ കോൺസ്റ്റിറ്റ്യൂഷണാലിറ്റിയുണ്ടോയെന്ന് പരിശോധിക്കാമോയെന്നായിരുന്നു. എന്നാൽ അക്കാര്യം കോടതിക്ക് മാത്രമെ പരിശോധിക്കാൻ കഴിയുകയുള്ളൂ എന്നത് ശരിയാണ്. നിയമനിർമ്മാണം നടത്തുന്ന പാർലമെന്റിനോ നിയമസഭയ്ക്കോ ഒരു നിയമം ഭരണഘടനയ്ക്കും കാലത്തിനും ചേരാത്തതാണെന്ന് മനസ്സിലായാൽ അതിൽ മാറ്റം വരുത്തുന്നതിന് നിയമസഭയ്ക്കും പാർലമെന്റിനും ഇന്ത്യൻ ഭരണഘടന അധികാരം നൽകുന്നുണ്ട്. പാർലമെന്റോ നിയമസഭയോ ആ അധികാരം വിനിയോഗിക്കാതിരുന്നാൽ അവിടെ കോടതിക്ക് കയറാൻ വഴിയിട്ടുകൊടുക്കുന്നതായിരിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷം നിയമസഭയുടെ അധികാരം മുറുകെ പിടിക്കുകയാണ് ചെയ്യേണ്ടത്. നിയമസഭ ചേരാത്ത സന്ദർഭത്തിൽ അതേ ഉത്തരവാദിത്തം ഭരണഘടനാനുസൃതമായി ഓർഡിനൻസിലൂടെ നിർവ്വഹിക്കാൻ ഗവൺമെന്റിനുള്ള അവകാശത്തെയും മുറുകെ പിടിക്കുകയെന്നതാണ്

പ്രധാനം. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ല. സ്വാഭാവികമായും ഈ ഓർഡിനൻസ് സഭയുടെ മുമ്പിൽ ബില്ലായി വരുമ്പോൾ എല്ലാവശങ്ങളും ചർച്ച ചെയ്യാനുള്ള അവസരമുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ട കാര്യങ്ങളെല്ലാം വസ്തുതാവിരുദ്ധവും പുകമറ സൃഷ്ടിച്ചുകൊണ്ടുള്ള നിലപാടിലേയ്ക്കുമാണ് എത്തിയിരിക്കുന്നത്. പ്രതിപക്ഷം ഞങ്ങൾ തമ്മിലുള്ള തർക്കത്തെ പറഞ്ഞ് പ്രകോപിപ്പിക്കാൻ നോക്കിയല്ലോ. ഞാൻ പ്രതിപക്ഷനിരയിലേയ്ക്ക് നോക്കിയപ്പോൾ അവിടെ ഒരാളുടെ അഭാവം തെളിഞ്ഞ് കാണുന്നുണ്ടായിരുന്നു. ഈ വിഷയത്തിൽ നിരാകരണപ്രമേയമേ പാടുള്ളൂവെന്ന് പറഞ്ഞ വ്യക്തി സഭയിലില്ല. അദ്ദേഹത്തിന്റെ നിരാകരണപ്രമേയത്തിന്റെ ആവശ്യത്തെ തള്ളാനാണല്ലോ ഇപ്പോൾ അടിയന്തരപ്രമേയവുമായി വന്നത്. അതിൽ പ്രതിഷേധിച്ചു കൊണ്ടായിരിക്കാം അദ്ദേഹമിവിടെ ഇല്ലാത്തത്. നിങ്ങൾ തമ്മിലുള്ള തർക്കം ആദ്യം അവസാനിപ്പിച്ചശേഷം ഇങ്ങോട്ട് വരുന്നതായിരിക്കും നല്ലത്. ഈ ഗവൺമെന്റ് ഒറ്റക്കെട്ടായി ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു സാഹചര്യവും ഈ പ്രശ്നത്തിൽ നിലനിൽക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ശ്രീ. നരേന്ദ്ര മോദി ഭരണകൂടം അഴിമതിനിരോധന നിയമത്തിൽ സുപ്രധാന ഭേദഗതികൾ വരുത്തിക്കൊണ്ട് രാജ്യത്ത് ഈ നിയമത്തെ ദുർബലമാക്കി. ഈ സർക്കാരും പെട്ടെന്ന് ഓർഡിനൻസ് കൊണ്ടുവന്ന് ലോകായുക്ത നിയമത്തെ ദുർബലമാക്കിയിരിക്കുകയാണ്. സംസ്ഥാനത്ത് നിലവിൽ അഴിമതിവിരുദ്ധ സംവിധാനങ്ങൾ ദുർബലമായിരിക്കുന്നുവെന്നാണ് ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് നോട്ടീസ് നൽകിയിരിക്കുന്നതിന്റെ കാതൽ. വളരെ ഗൗരവത്തോടുകൂടി ഓർഡിനൻസ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഒരു ഗ്രീൻ സിഗ്നൽ കൊടുക്കുകയാണ്. ഏത് അഴിമതി കാണിച്ചാലും എന്ത് കൊള്ള ചെയ്താലും നിങ്ങൾ ഭയപ്പെടേണ്ടെന്നും നിങ്ങളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനുള്ള ഫലപ്രദമായ സംവിധാനങ്ങളൊന്നും നിലവിലില്ലെന്നും പ്രത്യേകിച്ച്, ഞങ്ങളുടെ ഇഷ്ടക്കാരാണെങ്കിൽ ഞങ്ങളോട് ചേർന്നുനിന്നാൽ മതി ഒരു കുഴപ്പവുമില്ല, നിങ്ങളുടെ അഴിമതിക്ക് ഞങ്ങൾ കുട

പിടിച്ചുതരാം, ഞങ്ങൾ സംരക്ഷിക്കുന്നതാണെന്ന മെസ്സേജാണ് സർക്കാർ കൊടുക്കുന്നത്. കാരണം, എല്ലാം ഭരണകൂടത്തിന്റെ നിയന്ത്രണത്തിലുള്ള അഴിമതിവിരുദ്ധ സംവിധാനങ്ങൾ മാത്രമാണ്. ആ സംവിധാനങ്ങൾ ഫലപ്രദമല്ല. നിരന്തരമായി രാജ്യത്തുടനീളം നിയമനിർമ്മാണസഭകൾക്ക് അകത്തും പുറത്തും നടന്ന വിശദമായ ചർച്ചകൾക്കുശേഷം അഴിമതി നിയന്ത്രണ/വിരുദ്ധ സംവിധാനങ്ങൾ കൊണ്ടുവരാനുള്ള കാരണമതാണ്. അതാണ് ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഇന്ന് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി വിചിത്രമായ വാദങ്ങളാണ് ഉയർത്തിയത്. മറ്റേതെങ്കിലും സംസ്ഥാനത്ത് ഇതുപോലൊരു പ്രൊവിഷനുണ്ടോയെന്നാണ് അദ്ദേഹം ചോദിച്ചത്. 22 വർഷം മുമ്പ് ഇ. കെ. നായനാർ മുഖ്യമന്ത്രിയും ഇ. ചന്ദ്രശേഖരൻ നായർ നിയമ വകുപ്പുമന്ത്രിയുമായിരിക്കുമ്പോൾ ഈ നിയമസഭയിലെ പരിണിതപ്രജ്ഞരായ അംഗങ്ങൾ ഗൗരവതരമായി ചർച്ച ചെയ്ത് രൂപപ്പെടുത്തിയെടുത്ത ഒരു നിയമത്തെ 22 വർഷത്തിനുശേഷം ഈ സർക്കാർ കഴുത്ത് ഞെരിച്ച് കൊല്ലുകയാണ്. എന്താണ് കാരണം? മറ്റ് സംസ്ഥാനങ്ങളിലൊന്നുമില്ലാത്തതുകൊണ്ട് ഇവിടെ വേണ്ടായെന്നാണ് നിങ്ങൾ തീരുമാനിക്കുന്നതെങ്കിൽ 59 വർഷം മുമ്പ് ഈ നിയമസഭ പാസ്സാക്കിയ ഭൂപരിഷ്കരണ നിയമം നിങ്ങൾ ഇല്ലാതാക്കുമോ? 1963-ൽ ആർ.

ശങ്കർ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഭൂപരിഷ്കരണ നിയമംപോലുള്ള അഭിമാനകരമായ നിയമങ്ങൾ ഈ നിയമനിർമ്മാണസഭ പാസ്സാക്കിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിലൊന്നുമില്ലെന്ന പേരിൽ നിങ്ങൾ അതിനെ ഇല്ലാതാക്കുമോ? എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചിന്ത എന്ന വാരികയിൽ ലേഖനമെഴുതി അഭിമാനം കൊണ്ടത്. 'ഇവിടെ കടിക്കുന്ന കാവൽ നായയുണ്ട്. ഓംബുഡ്സ്മാനെപ്പോലെയല്ല അത് കുരയ്ക്കുകയേയുള്ളൂ, കടിക്കുകയില്ല. ഞാൻ അഭിമാനത്തോടെ പറയുന്നു, കേരളത്തിൽ കടിക്കുന്ന കാവൽ നായയുണ്ട്, അതാണ് കേരളത്തിലെ ലോകായുക്ത. അതിനെ ശക്തിപ്പെടുത്തണം' എന്ന് 2019-ൽ പറഞ്ഞ മുഖ്യമന്ത്രി 2021 ആയപ്പോൾ ആ ലോകായുക്തയുടെ കടിക്കുന്ന പല്ല് പറിച്ചെടുക്കാൻ തീരുമാനിച്ചതിനുള്ള കാരണമെന്താണ്? ഞാൻ നിയമ വകുപ്പുമന്ത്രിയോട് ചോദിക്കുന്നു, ആർട്ടിക്കിൾ 213 പ്രകാരം അടിയന്തര ഘട്ടങ്ങളിലാണ് ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്. ഇവിടെ നിയമസഭ ചേരാൻ തത്വത്തിൽ തീരുമാനിച്ചതിനുശേഷം നിയമസഭ ചേരാനുള്ള ക്യാബിനറ്റ് തീരുമാനം ഒരാഴ്ച വൈകിപ്പിച്ച്, തീരുമാനമെടുക്കുന്നതിന്റെ തൊട്ട് തലേദിവസം ഗവർണറെക്കൊണ്ട് ഓർഡിനൻസ് ഒപ്പുവയ്പ്പിച്ച് ഇത്ര അടിയന്തരമായി നിയമം കൊണ്ടുവന്നതെന്തിനാണ്? 22 വർഷമായി ഒരു ദ്രോഹവും

ചെയ്യാത്ത ഈ നിയമത്തിന്മേൽ അടിയന്തരമായി ഓർഡിനൻസ് കൊണ്ടുവന്നത് മുഖ്യമന്ത്രിക്കെതിരെ നാല് കേസ്സുകൾ ലോകായുക്തയിൽ നിൽക്കുന്നുവെന്നുള്ള ഭയംകൊണ്ടല്ലേ? കേരളത്തിൽ 22 കൊല്ലത്തിന് മുമ്പ് പാസ്സാക്കിയ ലോകായുക്ത നിയമം ഭേദഗതി വരുത്തുന്നതിന് ആട്ടിക്കിൾ 213 പ്രകാരം ഓർഡിനൻസ് പുറപ്പെടുവിക്കേണ്ട എന്ത് പ്രത്യേക സാഹചര്യമാണുള്ളതെന്ന ചോദ്യത്തിന് ഉത്തരം പറയുന്നില്ല. രഹസ്യമായി ഓർഡിനൻസ് കൊണ്ടുവന്നുവെന്ന് മാത്രമല്ല, അത് ഇടതുമുന്നണിയിലും പാർട്ടിയിലും ക്യാബിനറ്റിലും ചർച്ച ചെയ്തിട്ടുമില്ല. അതിനെക്കുറിച്ച് ശ്രീ. കാനം രാജേന്ദ്രനോടും സി.പി.ഐ. അംഗങ്ങളോടും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം. സി.പി.ഐ. സെക്രട്ടറി പറഞ്ഞത്, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ അഴിമതിവിരുദ്ധ മുഖത്തിനുനേരെ ലോകായുക്ത ഓർഡിനൻസ് തുറിച്ച് നോക്കുന്നുവെന്നാണ്. രണ്ടാമതായി അദ്ദേഹം പറഞ്ഞത്, അങ്ങിപ്പോൾ നിഷ്ക്കരുണം തള്ളിക്കളഞ്ഞ കേരളത്തിന്റെ പ്രതിപക്ഷത്തിന്റെ വാദമുഖങ്ങൾക്ക് ജനങ്ങൾക്കിടയിൽ വിശ്വാസ്യതയേറുന്നു എന്നാണ്. അതുകൊണ്ട് നിങ്ങൾ അവരെ ബോധ്യപ്പെടുത്തണം. ആർട്ടിക്കിൾ 164 പ്രകാരം ഗവർണറുടെ പ്ലഷർ അനുസരിച്ചുമാത്രമെ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും നിൽക്കാൻ സാധിക്കുകയുള്ളൂ. ഞാനന്ന്

ഇതിനെക്കുറിച്ച് മന്ത്രിയോട് ചോദിച്ചത്, The Representation of the People Act, (RP Act)-ന്റെ സെക്ഷൻ 8 അനുസരിച്ച് ഒരാളെ ഡിസ്ക്വാളിഫൈ ചെയ്താൽ അവിടെ ഗവർണറുടെ പ്ലഷറുണ്ടാകുമോയെന്നാണ്. ആ സാഹചര്യത്തിൽ മന്ത്രി തൽസ്ഥാനത്തുനിന്നും മാറുകതന്നെ വേണം. Quo-warranto റിട്ട്, ആർട്ടിക്കിൾ 32 പ്രകാരം സുപ്രീംകോടതിക്കും ആർട്ടിക്കിൾ 226 പ്രകാരം ഹൈക്കോടതിക്കും അനുവദിക്കാം. Quo-warranto റിട്ട് ഒരു കോടതി അനുവദിച്ചാൽ ഗവർണറുടെ പ്ലഷർ അനുസരിച്ച് മന്ത്രിക്ക് അവിടെ തുടരാൻ സാധിക്കുമോ? അപ്പോൾ ഗവർണറുടെ പ്ലഷർ എന്നുപറയുന്നതിൽ ആർട്ടിക്കിൾ 164 പര്യാപ്തമാകുന്നില്ല. ജയലളിതയ്ക്കെതിരായ B. R. Kapoor V. State of Tamil Nadu and Anr. എന്ന കേസ്സിൽ സുപ്രീംകോടതി ഇക്കാര്യം പരിഗണിച്ചു. ആർട്ടിക്കിൾ 164-നുമീതെ Quo-warranto-യും നിലനിൽക്കും. ടി കേസിൽ Quo-warranto-യുടെ മെയിന്റയിനബിലിറ്റിയെക്കുറിച്ച് രണ്ടുമൂന്ന് പാരഗ്രാഫിൽ സൂചിപ്പിക്കുന്നുണ്ട്. ആർട്ടിക്കിൾ 164-നുമീതെ Quo-warranto മെയിന്റയിനബിളാണ്. അതുകൊണ്ടാണ് തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ജയലളിതയോട് 'under what authority you are continuing in that post' എന്ന് Quo-warranto

പ്രകാരം ചോദിച്ചത്. നിങ്ങൾക്ക് അധികാരമില്ല, നിങ്ങൾ പോസ്റ്റ് ക്വിറ്റ് ചെയ്യണമെന്നാണ് പറഞ്ഞത്. പക്ഷെ അപ്രകാരം പറയുന്നതിനുള്ള അധികാരം കോടതികൾക്കില്ല, ആർട്ടിക്കിൾ 164-ൽ പറയുന്നതാണ് അന്തിമതീരുമാനമെന്ന വാദത്തിന് യാതൊരു മുഖവുമില്ല. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഈ ഓർഡിനൻസിനെ ന്യായീകരിക്കാൻവേണ്ടി ഈ നിയമം ഭരണഘടനാവിരുദ്ധമാണെന്ന് നേരത്തേ പറഞ്ഞു. 'ഞാൻ ഈ നാട്ടിലെ നിയമത്തേയും ഭരണഘടനയേയും അനുസരിക്കും' എന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുത്ത ആളാണ് അങ്ങ്. നിയമസഭ പാസ്സാക്കിയ ഒരു നിയമത്തിൽ ഭേദഗതി വരുന്നതിനുമുമ്പ് സംസ്ഥാനത്തെ ഒരു മന്ത്രി ഇത് ഭരണഘടനാവിരുദ്ധമാണെന്ന് പറയുമ്പോൾ അതിൽനിന്ന് എന്ത് മെസ്സേജാണ് ലഭിക്കുന്നത്? ഭരണഘടനാവിരുദ്ധമായ ഈ നിയമം അനുസരിക്കേണ്ട എന്ന സന്ദേശമാണ് ലഭിക്കുന്നത്. മന്ത്രിമാർക്ക് നിയമസഭ പാസ്സാക്കിയ നിയമം ഭരണഘടനാവിരുദ്ധമാണെന്ന് പറയാനുള്ള അധികാരമുണ്ടോ; ഒരു നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് പറയാനുള്ള അധികാരം ആർക്കാണുള്ളത്? അതാണ് Union of India V. Elphinstone Spinning & Weaving case-ൽ സുപ്രീം കോടതി പറഞ്ഞത്, 'no one is authorised to say that a law passed by a Legislature is

unconstitutional unless and until a competent court declares otherwise' എന്നാണ്. ബന്ധപ്പെട്ട ഒരു കോടതിക്കല്ലാതെ, ഒരു നിയമനിർമ്മാണ സഭ പാസ്സാക്കിയ നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് പറയാൻ ഒരാൾക്കും അധികാരമില്ല. നിയമസഭയ്ക്കും പാർലമെന്റിനും അതിനുള്ള അധികാരമില്ല. നമ്മൾ പാസ്സാക്കിയ നിയമം എന്താണ്; 'Presumption of Constitutionality' . It is a presumption. A law passed by a Legislature is constitutional എന്നതാണ് Presumption. അതിനപ്പുറത്ത് unconstitutional ആണെന്ന് സംസ്ഥാനത്തിന്റെ നിയമ വകുപ്പുമന്ത്രി പറഞ്ഞതിന്റെ അർത്ഥം ഇത് ഭരണഘടനാ വിരുദ്ധവും നിയമവിരുദ്ധവുമാണെന്നും മാത്രമല്ല, ഈ നിയമം അനുസരിക്കേണ്ട എന്ന സന്ദേശവും കൂടി ഇതിൽനിന്നും വ്യക്തമാകുന്നു. അങ്ങയെപ്പോലൊരു മന്ത്രി അത് പറയാൻ പാടില്ലായിരുന്നു. സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയെ സംബന്ധിച്ച് ഇവിടെ ചോദിച്ചു. ഒരു കേസിന്മേൽ അന്വേഷണം നടത്തി, വിചാരണ നടത്തി, തെളിവെടുപ്പ് നടത്തി ഫൈൻഡിംഗ് നടത്തുന്നതിനെക്കുറിച്ചാണ് 1999-ൽ നിയമസഭയിൽ ചർച്ച വന്നത്. സുപ്രീംകോടതിയിൽ ജഡ്ജിയായിരുന്ന വ്യക്തി അല്ലെങ്കിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന വ്യക്തി, അതായത് ഒരു ജുഡീഷ്യൽ ബോഡി, ഒരാൾ

അഴിമതിക്കാരനാണെന്ന് ജുഡീഷ്യൽ പ്രോസസ്സിലൂടെ തീരുമാനമെടുക്കുന്നു; പക്ഷെ സർക്കാരിന്റെ മുമ്പാകെ ഈ വിഷയം വരുമ്പോൾ സർക്കാർ അത് റിജക്ട് ചെയ്യുകയാണെങ്കിൽ പിന്നെ എന്തിനാണ് ഈ ഇൻസ്റ്റിറ്റ്യൂഷൻ; അത് പിരിച്ചുവിടണം. ഒരു മന്ത്രിക്കെതിരെ ആരോപണം വരുമ്പോൾ ക്വിറ്റ് ചെയ്യണമെന്ന് ഓഫീസ് പറയുകയും അതുസംബന്ധിച്ച് മുഖ്യമന്ത്രി ഹിയറിംഗ് നടത്തി കുഴപ്പമൊന്നുമില്ലെന്ന് പറഞ്ഞുകൊണ്ട് ലോകായുക്തയുടെ റെക്കമെന്റേഷൻ റിജക്ട് ചെയ്യുകയാണെങ്കിൽ അവിടെ ലോകായുക്ത എന്തിനാണ് പ്രവർത്തിക്കുന്നത്? പിന്നെ എന്തിനാണ് ജുഡീഷ്യൽ പ്രോസസ്സ്? ഞാൻ പറയുന്നത് എക്സിക്യൂട്ടീവിനെക്കുറിച്ചാണ്. സുപ്രീംകോടതി ജഡ്ജിയായിരുന്ന അല്ലെങ്കിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന ഒരു വ്യക്തി മന്ത്രിമാർക്കെതിരെയും ഗവൺമെന്റ് ഉദ്യോഗസ്ഥർക്കെതിരെയും ആരോപിക്കപ്പെടുന്ന ആക്ഷേപത്തിന്മേൽ ജുഡീഷ്യൽ പ്രോസസ്സിലൂടെ പാസ്സാക്കിയ ഫൈൻഡിംഗിനെതിരെ ചീഫ് സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഒരു സെക്രട്ടറി ഹിയറിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആ ഫൈൻഡിംഗിനെ റിജക്ട് ചെയ്യുന്നുവെന്ന് സർക്കാരിന്റെ അഡീഷണൽ സെക്രട്ടറി പറയുകയാണെങ്കിൽ, അവിടെ ലോകായുക്തയുടെ

എന്താവശ്യമാണുള്ളത്? എന്ത് അഴിമതിവിരുദ്ധ സംവിധാനമാണ് ഇവിടെ നടക്കുന്നത്? ഇഷ്ടക്കാരെ സംരക്ഷിക്കുന്നതിനും ചേർത്തുനിർത്തുന്നതിനുമായി നിങ്ങൾ ഈ നിയമത്തെ ദുർബലപ്പെടുത്തിയിരിക്കുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ഇവിടെ സി.പി.ഐ.(എം.) കേന്ദ്ര നേതൃത്വത്തിന്റെ കാര്യം പറഞ്ഞു. രാജ്യസഭയിൽ ലോകായുക്തയെയും ലോക്പാൽ നിയമത്തെക്കുറിച്ചും ശ്രീ. സീതാറാം യെച്ചൂരിയുടെ മനോഹരമായ പ്രസംഗമുണ്ട്. ആ പ്രസംഗത്തിന് വിരുദ്ധമായ കാര്യങ്ങളാണ് ഈ പാർട്ടി സംസ്ഥാനത്ത് ചെയ്യുന്നത്. കേന്ദ്രം ദുർബലമാണ്. കേന്ദ്രത്തെക്കാൾ വലിയ സംസ്ഥാന കമ്മിറ്റിയാകുമ്പോൾ നിങ്ങൾക്ക് വേണമെങ്കിൽ അതിനെക്കാൾ വലിയ തീരുമാനമെടുക്കാം. ക്രമസമാധാനപാലനത്തിനും അഴിമതി കുറഞ്ഞ സംസ്ഥാനമെന്ന നിലയിലും കേരളത്തിന് ലഭിച്ച ഇന്ത്യാ ടുഡേയുടെ അവാർഡിനെക്കുറിച്ചും ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. 2002-ൽ ഇന്ത്യയിൽ ഏറ്റവും ക്രമസമാധാനമുള്ള സംസ്ഥാനത്തിനുള്ള അവാർഡ് ഇന്ത്യാ ടുഡേ കൊടുത്തത് ഗുജറാത്ത് മുഖ്യമന്ത്രിയായ ശ്രീ. നരേന്ദ്ര മോദിക്കാണ്. ആ വർഷമാണ് ഗുജറാത്ത് കലാപം നടന്നത്. അതാണ് അവാർഡുകളുടെ സ്ഥിതി. സംസ്ഥാനത്തിന് നിയമനിർമ്മാണ

മേഖലകളിൽ ചില പ്രത്യേകതകളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചിന്ത വാരികയിൽ എഴുതിയതുപോലെ നമുക്ക് അഭിമാനിക്കാൻ കഴിയുന്ന ചില കാര്യങ്ങളുണ്ട്. അതെല്ലാം ഒഴിവാക്കിയിട്ടാണ് ഇപ്പോൾ ഈ ഓർഡിനൻസുമായി വരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തിനാണ് ഭയപ്പെടുന്നത്? നാല് കേസുകൾ ലോകായുക്തയിൽ വന്നപ്പോൾ അങ്ങ് എന്തിനാണ് പേടിക്കുന്നത്; ഒരുവശത്ത് പെട്ടെന്ന് കേസ് വന്നപ്പോൾ ഓർഡിനൻസ് കൊണ്ടുവന്ന് ലോകായുക്തയുടെ പല്ല് പറിച്ചെടുക്കുന്നു. മറുവശത്ത് മുൻ മന്ത്രിയായിരുന്ന ഡോ. കെ. ടി. ജലീലിനെ ഉപയോഗിച്ച് ഒരാഴ്ക്കാലം ലോകായുക്തയ്ക്കെതിരെ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിപ്പിക്കുന്നു. അദ്ദേഹം ഒരാഴ്ച തുടർച്ചയായി ഫേസ്ബുക്കിലൂടെ നിങ്ങളുടെ സർക്കാർ സംസ്ഥാനത്ത് കൊണ്ടുവന്ന് അധികാരത്തിലിരുത്തിയ ലോകായുക്തയ്ക്കെതിരെ വ്യക്തിപരമായ അധിക്ഷേപങ്ങൾ നടത്തി. അങ്ങും അങ്ങയുടെ പാർട്ടിയും അത് നിയന്ത്രിച്ചില്ല. ഡോ. കെ. ടി. ജലീൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുവാദമില്ലാതെ ഇത് ചെയ്യുമെന്ന് ഞാൻ കരുതുന്നില്ല,..........(ബഹളം)...... അങ്ങും അങ്ങയുടെ പാർട്ടിയും അതിന് പൂർണ്ണമായ അനുമതി കൊടുത്തു. കാരണം, ലോകായുക്തയെ ചെളി വാരിയെറിഞ്ഞ്, മാലിന്യം വാരിയെറിഞ്ഞ് വഷളാക്കുകയും ഇപ്പുറത്ത് പല്ല്

പറിച്ചെടുക്കുകയും ചെയ്യുകയാണ്. അതുകൊണ്ടാണ് അങ്ങയെ ഭരിക്കുന്നത് ഭയമാണെന്ന് ഞാൻ പറഞ്ഞത്. നമ്മളെല്ലാം ഉദ്ധരിക്കുന്ന മഹാനായ കവിയാണ് Bertolt Brecht. നാസി ഭരണകൂടം വധിക്കുമെന്നതുകൊണ്ട് ജർമ്മനിയുടെ നാസി ഭരണകാലത്ത് അവിടെനിന്നും അദ്ദേഹം പലായനം ചെയ്ത് അമേരിക്കയിലെത്തി. അദ്ദേഹം എഴുതിയൊരു കവിതയിൽ അമേരിക്കയിൽ വച്ച് ജർമ്മൻകാരനെ കാണുമ്പോൾ, അദ്ദേഹം ആ ജർമ്മൻകാരനോട് ചോദിക്കുന്നുണ്ട്, സുഹൃത്തേ നമ്മുടെ നാട്ടിൽ ഇപ്പോഴും ഭയം തന്നെയാണോ ഭരിക്കുന്നതെന്ന്. ഒരു മലയാളിയെ വിദേശത്തുവച്ച് കാണുമ്പോൾ ആരും ചോദിക്കരുത്, കേരളത്തിൽ ഇപ്പോഴും ഭയം തന്നെയാണോ ഭരിക്കുന്നതെന്ന്. മുഖ്യമന്ത്രിയുടെ നാല് കേസുകൾ ലോകായുക്തയിലുള്ളതുകൊണ്ട് മാത്രം ചെയ്തൊരു സംവിധാനമാണിത്. അതുകൊണ്ട് അഴിമതിവിരുദ്ധ സംവിധാനത്തെ ദുർബലപ്പെടുത്തിയ സർക്കാർ നടപടിയിലും ഗൗരവതരമായ ഈ വിഷയം നിയമസഭയിൽ ചർച്ച ചെയ്യാൻ അനുവദിക്കാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇത:പര്യന്തം നിയമസഭ കണ്ടിരിക്കുന്നത് ഇടതുപക്ഷം പുരോഗമനാത്മകമായ നിയമങ്ങൾക്കുവേണ്ടി വാദിക്കുന്നതാണ്. കേരളമെപ്പോഴും അഭിമാനം കൊള്ളുന്നത് ഇതരസംസ്ഥാനത്തൊന്നും ഇവിടെ നടപ്പാക്കുന്ന കാര്യങ്ങളില്ല എന്നതിലല്ലേ? മറ്റ് സംസ്ഥാനങ്ങളെക്കാൾ മെച്ചപ്പെട്ട നിരവധി നിയമങ്ങൾ സംസ്ഥാനത്തുണ്ട്. ഇവിടെ ലാൻഡ് റിഫോംസ് ആക്റ്റിനെക്കുറിച്ചും സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ എല്ലാ നിയമങ്ങളും കേന്ദ്രത്തെക്കാളും കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളെക്കാളും മെച്ചപ്പെട്ടവയുമാണ്. ഇപ്പോൾ ആദ്യമായാണ് ബഹുമാനപ്പെട്ട മന്ത്രിക്ക് സ്വയംബോധ്യമില്ലാത്തതിന്റെയും മുന്നണിക്കും കൂടെയുള്ളവർക്കും ബോധ്യമില്ലാത്തതിന്റെയും ഭാഗമായുള്ള മന്ദഗതി അദ്ദേഹത്തിന്റെ പ്രസംഗത്തിലൂടെ വ്യക്തമായത്. പുരോഗമനാത്മകമായ നിയമങ്ങളിലും നിയമനിർമ്മാണങ്ങളിലും ഞങ്ങൾ മുന്നിൽ നിൽക്കുന്നുവെന്ന് പറയുന്നതിനുപകരം ഇരുപത് കൊല്ലത്തിനുശേഷം ഒരു നിയമം പുറകോട്ടുകൊണ്ടുപോകുന്നതിന് മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളോടും കേന്ദ്ര നിയമത്തോടുമൊക്കെ താരതമ്യപ്പെടുത്തിക്കൊണ്ട് നമ്മുടെ സംസ്ഥാനവും പുറകോട്ടുപോകുകയാണെന്ന് പറയുന്നതിലുള്ള വിഷമവും

ജാഗ്രതയും അദ്ദേഹത്തിന്റെ വിശദീകരണത്തിലുണ്ടായിരുന്നു. ഈ നിയമവും അതിന്റെ ഭാഗമായ ഭരണഘടനാസ്ഥാപനവും പത്തിരുപത് കൊല്ലമായി ഇവിടെ നിലനിന്നിരുന്ന കാര്യമാണെന്ന് ബി.ജെ.പി. ഭരിക്കുന്ന കേന്ദ്രഗവൺമെന്റിനോടും കോൺഗ്രസ് ഭരിക്കുന്ന മറ്റ് സംസ്ഥാനങ്ങളോടും താരതമ്യപ്പെടുത്തിക്കൊണ്ട് നിയമനിർമ്മാണത്തിലൂടെയാണ് പിറകോട്ട് കൊണ്ടുപോകുന്നത്. അതുകൊണ്ടുതന്നെ ഈ നിയമഭേദഗതി ആരെയും ബോധ്യപ്പെടുത്താൻ കഴിയാത്തൊരു വിഷയമാണ്. ഇതിൽ ധാരാളം ചരിത്ര പശ്ചാത്തലങ്ങളുണ്ട്. മറ്റ് സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളിലും അഴിമതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വളരെ കർശനമായ നിലപാടെടുക്കുന്നതിനായി ഇത്തരത്തിലുള്ള ഒരു നിയമം കൊണ്ടുവരികയും അതിന്റെ ഭാഗമായൊരു ഭരണഘടനാ സ്ഥാപനവുമുണ്ടാവുകയും വേണം. ലോക്പാൽ ബിൽ പാസ്സാക്കുന്നതിന് മുന്നോടിയായി ധാരാളം പ്രക്ഷോഭങ്ങൾ നടന്നിരുന്നു. അങ്ങനെയൊരു വലിയ ചരിത്ര പശ്ചാത്തലംകൂടി ഇതിനുണ്ട്. അതിൽ ഒരടി മുന്നോട്ടല്ലാതെ വീണ്ടും പിറകോട്ട് പോകുന്നത് ആരും പ്രതീക്ഷിക്കാത്ത കാര്യമാണ്. അതിനെ ഒരു ദിവസം രാവിലെ പെട്ടെന്ന് ഓർഡിനൻസായി കൊണ്ടുവന്നതാണ് എല്ലാവരേയും അതിശയപ്പെടുത്തിയിരിക്കുന്നത്. ഇത് ഇടതുപക്ഷ

ഗവൺമെന്റിന് യോജിച്ചതല്ല, ഒരു പുരോഗമനാശയത്തിൽ കേരളം എപ്പോഴും മുന്നിൽ നിൽക്കുന്നുവെന്ന് പറയുന്നതിൽ നിന്നും വ്യത്യസ്തമായ കാര്യമാണ് ചെയ്തിരിക്കുന്നത്. അതുകൊണ്ടാണ് പ്രതിപക്ഷം എതിർക്കുന്നത്. മറ്റുകാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വ്യക്തമാക്കിയിട്ടുണ്ട്. വളരെ അനുചിതമായ നിയമനിർമ്മാണമാണ് ഓർഡിനൻസിലൂടെ കൊണ്ടുവരുന്നതെന്ന് മാത്രമല്ല, ആരേയും ബോദ്ധ്യപ്പെടുത്താൻ കഴിയാത്തൊരു നിയമം കൂടിയാണിത്. സാധാരണഗതിയിൽ ഒരു ബില്ലിന്മേലുണ്ടാകുന്ന നിരാകരണത്തെപ്പോലെയല്ല, അത്രയധികം ചർച്ചയും എതിർപ്പുമാണ് സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഇതുസംബന്ധിച്ച് സംസ്ഥാനത്ത് നടക്കുന്ന വിവാദം അടിയന്തര പ്രമേയത്തിൽ വിഷയമായത്. ഈ വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, 1999-ൽ ഇ. കെ. നായനാരുടെ

കാലത്ത് വളരെ വിശദമായി ചർച്ച ചെയ്ത് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ ഒരു നിയമത്തെ ഇപ്പോൾ ഭരണഘടനാ വിരുദ്ധമാണെന്നുപറഞ്ഞ് മാറ്റുന്നത് തീർച്ചയായും ഒരു പുറകോട്ട് പോകലാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിലെ അഴിമതിവിരുദ്ധ സംവിധാനങ്ങൾ ദുർബലമാകുന്നുവെന്നാണ് പ്രതിപക്ഷം ഉന്നയിച്ചത്. മറ്റ് സംസ്ഥാനങ്ങളിൽ ഇത്തരത്തിൽ ലോകായുക്ത സംവിധാനമില്ലാത്തതുകൊണ്ട് കേരളത്തിൽ വേണ്ടെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ വാദം യുക്തിക്ക് നിരക്കുന്നതല്ല. ഇത് പൊതുസമൂഹത്തിന് തെറ്റായ സന്ദേശമാണ് നൽകുന്നത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, അഴിമതിക്കെതിരെ കർശന നിലപാട്

സ്വീകരിച്ചിരുന്ന 1999-ലെ ഇടതുപക്ഷ പാർട്ടികളുടെ സവിശേഷമായ ഉൽപ്പന്നമായിരുന്നു ലോകായുക്ത. വേറിട്ടൊരു രാഷ്ട്രീയ ധാർമ്മികതയും ആദർശവും തങ്ങൾക്കുണ്ടെന്ന് അഹങ്കരിച്ചിരുന്ന ഇടതുപക്ഷത്തിന്റെ അടയാളത്തിന്റെ മുന്നിലാണ് ലോകായുക്തയുടെ ചിറകരിഞ്ഞിരിക്കുന്നത്. തീർച്ചയായും ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

**[11.04 A.M.]**

## V. ശ്രദ്ധക്ഷണിക്കൽ

### (1) എസ്.എസ്.എൽ.സി, പ്ലസ് വൺ, പ്ലസ് ടു പരീക്ഷകൾ

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, പാഠഭാഗങ്ങൾ പൂർത്തിയാക്കി എസ്.എസ്.എൽ.സി., പ്ലസ് വൺ, പ്ലസ് ടു പരീക്ഷകൾ സുഗമമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബോധപൂർവ്വം നടത്തിവരുന്ന ചില അവ്യക്തതകളെക്കുറിച്ച് സർക്കാരിന്റെ

ശ്രദ്ധയികൊണ്ടുവരുന്നതിനാണ് ഈ വിഷയം ശ്രദ്ധക്ഷണിക്കലിലൂടെ അവതരിപ്പിക്കുന്നത്. കോവിഡ് 19 പ്രതിസന്ധി കൂടുതൽ പ്രയാസം സൃഷ്ടിച്ചത് വിദ്യാർത്ഥികൾക്കാണ്. അത്തരം സാഹചര്യത്തിൽ വിദ്യാഭ്യാസ മേഖല എപ്രകാരം മുന്നോട്ടുകൊണ്ടുപോകണമെന്നതിന്റെ ആശങ്ക എല്ലാവർക്കുമുണ്ടായിരുന്നു. അവ പരിഹരിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ശരിയായ നിലയിൽ ക്രിയാത്മകമായി ഏകോപിപിച്ച് ഏറ്റെടുക്കാൻ സന്നദ്ധമായത്. കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംബന്ധിച്ച് വലിയ ആശങ്കയുണ്ടായപ്പോൾ വിവിധ അഭിപ്രായങ്ങൾ സമൂഹത്തിന്റെ പല കോണുകളിൽനിന്നും ഉയർന്നുവരികയുണ്ടായി. അദ്ധ്യയന വർഷം സീറോ ഇയറായി കണക്കാക്കണം, പരീക്ഷകൾ പൂർണ്ണമായും ഒഴിവാക്കണം, എല്ലാവരെയും പ്രൊമോട്ട് ചെയ്യണം എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾ അതിശക്തമായി പലകോണുകളിൽനിന്നും ഉയർന്നുവന്നിരുന്നു. എന്നാൽ ഇത്തരം സാഹചര്യങ്ങൾ വിശകലനം ചെയ്യുകയും എല്ലാതലത്തിൽനിന്നും ഉയർന്നുവന്ന അഭിപ്രായങ്ങളെ ഏകോപിപ്പിക്കുകയും സമഗ്രമായ വിശകലനങ്ങൾക്ക് വിധേയമാക്കുകയും ചെയ്തുകൊണ്ടാണ് വിദ്യാഭ്യാസ

പ്രവർത്തനങ്ങളെ ശരിയായ അർത്ഥത്തിൽ മുമ്പോട്ടുനയിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുള്ളത്. മികച്ച നെറ്റ്വർക്ക് സൗകര്യങ്ങളേർപ്പെടുത്തി ഓൺലൈൻ വിദ്യാഭ്യാസ സങ്കൽപ്പത്തെ കേരളത്തിൽ ശരിയായ നിലയിൽ നടപ്പിലാക്കാൻ ഗവൺമെന്റിന് സാധിച്ചു. ഇന്നത്തെ കോവിഡ് സാഹചര്യത്തിൽ നിലനിൽക്കുന്ന പ്രതിസന്ധികൾക്കിടയിലൂടെയാണ് സ്കൂളുകൾ തുറന്ന് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. 17185 സ്കൂളുകളിലെ 46 ലക്ഷത്തിലധികം വരുന്ന വിദ്യാർത്ഥികൾ സാധാരണ നിലയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന വർത്തമാനകാലമാണിത്. അക്കാദമിക് ദിനങ്ങൾ ആരംഭിക്കുന്ന സന്ദർഭത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് അവധാനതയോടെ പഠിച്ച്, ഏറ്റവും ശരിയായ രീതിയിൽ പരിഹരിക്കാനുള്ള എല്ലാ ക്രമീകരണങ്ങളും നടത്തിയിട്ടുണ്ടെന്നാണ് അനുഭവങ്ങളിൽനിന്നും വ്യക്തമാകുന്നത്. ഇന്നത്തെ സാഹചര്യത്തിൽ സ്കൂൾ തുറന്നപ്പോൾ ആദ്യദിനം ശരാശരി 82.77 ശതമാനം വിദ്യാർത്ഥികൾ ക്ലാസിൽ ഹാജരായി. സ്കൂൾ ആരംഭിക്കുന്നതിന്റെ മുന്നൊരുക്കങ്ങൾ സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിൽ പ്രത്യേകമായി ഏറ്റെടുക്കാനും സ്കൂളുകളിൽ ശുചീകരണ

പ്രവർത്തനങ്ങളും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്താനും ഗവൺമെന്റ് പ്രത്യേകശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഫോക്കസ് ഏരിയ, സ്കൂളുകളിൽ നടത്തിയ ക്ലാസുകളുടെ എണ്ണം, പരീക്ഷയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ആശയക്കുഴപ്പങ്ങൾ എന്നിവയെ സംബന്ധിച്ച് തീർച്ചയായും വ്യക്തത വരുത്തി മുന്നോട്ടുപോകേണ്ടതുണ്ട്. ഈ നിലയിൽ അവ്യക്തത സൃഷ്ടിക്കുന്ന എല്ലാ തരത്തിലുള്ള പ്രചാരവേലകളെയും മാറ്റുന്നതിനും വിദ്യാർത്ഥികൾക്ക് അവരുടെ അക്കാദമിക്ക് പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാക്കുന്നതിനുമായി സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തമാക്കാൻ സാധിക്കുമോയെന്നതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, എസ്.എഫ്.ഐ.-യുടെ സംസ്ഥാന നേതാവായ ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കൽ പ്രമേയം വളരെ പ്രധാനപ്പെട്ടതാണ്. എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസുകൾ 2021 ജൂൺ 1-ന് ആരംഭിച്ച കാര്യം

എല്ലാവർക്കുമറിയാം. കോവിഡ് 19 മഹാമാരിമൂലം സ്കൂളുകളിൽ നേരിട്ടുള്ള അദ്ധ്യയനം സാദ്ധ്യമല്ലാതിരുന്നതുമൂലം ക്ലാസുകൾ കൈറ്റ് വിക്ടേഴ്സ് ചാനൽ വഴിയുള്ള ഡിജിറ്റൽ മാധ്യമങ്ങളിലൂടെയും ജി-സ്യൂട്ട് വഴിയുള്ള ഓൺലൈൻ ക്ലാസുകളിലൂടെയും ഫലപ്രദമായി നടത്തിയിട്ടുണ്ട്. ഇന്ത്യാരാജ്യത്ത് ഓൺലൈൻ ഡിജിറ്റൽ വിദ്യാഭ്യാസം നടത്തിയ ഏക സംസ്ഥാനം കേരളമാണ്. സ്കൂളുകളിൽ നേരിട്ടുള്ള അദ്ധ്യയനം 2021 നവംബർ 1-ന് ആരംഭിച്ചു. 2022 ഫെബ്രുവരി 21-ാം തീയതി മുതൽ 1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി സാധാരണനിലയിൽ രാവിലെ മുതൽ വൈകുന്നേരം വരെയെന്ന രീതിയിൽ സ്കൂളുകളുടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ പൊതുഅവധി ദിവസങ്ങൾ ഒഴികെയുള്ള എല്ലാ ശനിയാഴ്ചകളും പ്രവർത്തി ദിവസമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ ശനിയാഴ്ചകളിലും സ്കൂൾതല റിസോഴ്സ് ഗ്രൂപ്പുകൾ ചേർന്ന് പാഠഭാഗങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച് ചർച്ച ചെയ്യുകയും കുട്ടികളുടെ പഠനനേട്ടം ഉറപ്പുവരുത്തുന്നതിന് അനുയോജ്യമായ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യുന്നുണ്ട്. പാഠഭാഗങ്ങൾ പൂർത്തിയാക്കി എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾക്ക് കുട്ടികളെ തയ്യാറാക്കണമെന്ന സർക്കാർ നിർദ്ദേശാനുസരണം അതിനുള്ള

തയ്യാറെടുപ്പുകൾ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. നിലവിൽ പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ പാഠഭാഗങ്ങൾ ഫെബ്രുവരി 28-നകം പൂർത്തീകരിക്കാൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടത്തികൊണ്ടിരിക്കുന്നത്. സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ 'തിരികെ സ്കൂളിലേക്ക് ' എന്ന പേരിൽ ഇറക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. മുൻ വർഷത്തേക്കാൾ അദ്ധ്യയന സാഹചര്യം മെച്ചപ്പെടുത്തേണ്ടതിനാലും അർഹതയ്ക്കനുസരിച്ച് വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കേണ്ടതിനാലും ഫോക്കസ് ഏരിയ, പരീക്ഷ എന്നിവയെ സംബന്ധിച്ച വിദഗ്ദ്ധാഭിപ്രായം പരിഗണിച്ച് പുതിയ ഉത്തരവിറക്കിയിട്ടുണ്ട്. എല്ലാ ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് ക്ലാസുകൾ നടക്കുന്നത്. സ്കൂളുകൾ വൃത്തിയാക്കൽ, അണുനശീകരണം, ഗതാഗത സംവിധാനമൊരുക്കൽ ഉൾപ്പെടെയുള്ള മുന്നൊരുക്കങ്ങൾ എന്നിവ നടത്തിയിരുന്നു. എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളുമായി ബന്ധപ്പെട്ട് ഓരോ അദ്ധ്യാപകനും ഓരോ വിഷയത്തിന്റെയും പ്ലാൻ തയ്യാറാക്കി, എത്രശതമാനം പാഠഭാഗങ്ങൾ പൂർത്തീകരിച്ചുവെന്നത് സംബന്ധിച്ച റിപ്പോർട്ട് പ്രഥമ അദ്ധ്യാപകൻ/പ്രിൻസിപ്പാൾമാർ മുഖേന ബന്ധപ്പെട്ട വിദ്യാഭ്യാസ

ഓഫീസർമാർക്ക് നൽകുകയും ആയത് ക്രോഡീകരിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ആർ.ഡി.ഡി.-മാർ, എ.ഡി.-മാർ മുഖേന വിദ്യാഭ്യാസ ഡയറക്ടർക്ക് എല്ലാ ആഴ്ചയും നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൂടാതെ ഓൺലൈൻ പഠനമികവ് പരിഹരിക്കാൻ എസ്.എസ്.കെ.-യുടെയും എൻ.എസ്.എസ്.-ന്റെയും നേതൃത്വത്തിൽ പരിഹാരബോധന പ്രവർത്തനങ്ങൾ നടത്തിവരുന്നതോടൊപ്പം ആദിവാസി-തീരപ്രദേശ മേഖലകളിൽ വിദ്യാർത്ഥികളുടെ വീടുകളിലെത്തി പഠന പിന്തുണ നൽകുന്നതിനുള്ള ശ്രമങ്ങളും സജീവമായി നടന്നുവരികയാണ്. ഉന്നതവിദ്യാഭ്യാസത്തിനുള്ള പ്രവേശന പ്രക്രിയയിൽനിന്ന് കേരളത്തിലെ കുട്ടികൾ പുറത്താകാതിരിക്കണമെന്ന ലക്ഷ്യത്തോടെ സമയബന്ധിതമായി പൊതുപരീക്ഷകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി മാതൃകാ പരീക്ഷകൾ 2022 മാർച്ച് 16-ാം തീയതി ആരംഭിച്ച് മാർച്ച് 21-ാം തീയതി അവസാനിക്കുന്നതാണ്. എസ്.എസ്.എൽ.സി. പരീക്ഷ 2022 മാർച്ച് 31-ാം തീയതി മുതൽ ഏപ്രിൽ 29-ാം തീയതി വരെയും രണ്ടാംവർഷ ഹയർസെക്കണ്ടറി, വെക്കേഷണൽ ഹയർസെക്കണ്ടറി പരീക്ഷകൾ മാർച്ച് 30-ാം തീയതി മുതൽ ഏപ്രിൽ 22-ാം തീയതി വരെയും നടത്താൻ

തീരുമാനിച്ചിട്ടുണ്ട്. മാർച്ച് 21-ാം തീയതി മുതൽ 29-ാം തീയതി വരെയുള്ള ദിവസങ്ങളിൽ ചോദ്യപേപ്പറുമായി ബന്ധപ്പെട്ട സംശയനിവാരണം വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന രൂപത്തിൽ ക്രമീകരിച്ചിട്ടുണ്ട്. ഒന്നാംവർഷ പരീക്ഷ സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നുവരികയാണ്; അതുസംബന്ധിച്ച് ഉടൻ തീരുമാനമെടുക്കുന്നതാണ്. എസ്.എസ്.എൽ.സി.-ക്ക് 9 പരീക്ഷകളും ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയൽസെക്കണ്ടറിക്ക് 6 പരീക്ഷകളുമാണുള്ളത്. അതിനാൽ പരീക്ഷകൾക്കിടയിൽ ആവശ്യമായ ഇടവേളകൾ നൽകിയിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം നേരിട്ടുള്ള അദ്ധ്യയനം പൂർണ്ണതോതിൽ നടത്താൻ സാധിച്ചില്ലെന്ന വസ്തുത പരിഗണിച്ച് പാഠഭാഗങ്ങളുടെ ആപേക്ഷിക പ്രാധാന്യത്തിന് ഊന്നൽ നൽകി പുനഃക്രമീകരിച്ച് ഫോക്കസ് ഏരിയ രീതി ഇത്തവണയും തുടരാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ വിഷയത്തിലെയും ആകെ പാഠഭാഗത്തിന്റെ 60 ശതമാനം ഫോക്കസ് ഏരിയയായി നിശ്ചയിക്കുകയും അതിൽനിന്ന് 70 ശതമാനം സ്കോർ ലഭിക്കുംവിധം ചോദ്യങ്ങൾ ഉണ്ടാകണമെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ 50 ശതമാനം അധിക ചോദ്യങ്ങളും ചോദ്യപേപ്പറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ

അഖിലേന്ത്യാതലത്തിലുള്ള മത്സരപരീക്ഷകൾക്കും മത്സരാധിഷ്ഠിത പ്രവേശനം നടത്തുന്ന ഇതരസംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംസ്ഥാനത്തെ കുട്ടികൾക്ക് പ്രവേശനം ലഭിക്കുന്നതിന് മുഴുവൻ പാഠഭാഗങ്ങളും അറിഞ്ഞിരിക്കേണ്ടത് അനിവാര്യമായതിനാൽ ഫോക്കസ് ഏരിയയ്ക്ക് പുറമേയുള്ള ഭാഗങ്ങൾകൂടി പഠിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ ഫോക്കസ് ഏരിയയ്ക്ക് പുറത്തുനിന്നും 30 ശതമാനം മാർക്കിനുള്ള ചോദ്യങ്ങളും നൽകുന്നതായിരിക്കും. ഉന്നതപഠനത്തിന് പോകുന്ന വിദ്യാർത്ഥികളുടെ പഠനകോഴ്സുകളിൽ പഠനവിടവുണ്ടായാൽ അത് വിദ്യാർത്ഥികളുടെ ഭാവിയെ ദോഷകരമായി ബാധിക്കുമെന്നതിനാലാണ് വിദ്യാർത്ഥികളുടെ നിലവാരത്തിനനുസരിച്ച് സ്കോർ ചെയ്യാൻ കഴിയുന്ന തരത്തിൽ ഫോക്കസ് ഏരിയ നിശ്ചയിച്ചിട്ടുള്ളത്. ഫോക്കസ് ഏരിയയെ സംബന്ധിച്ച തീരുമാനം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് ചിലർ ഹൈക്കോടതിയെ സമീപിച്ചെങ്കിലും ഇന്നലെ കോടതി ആ ആവശ്യം തള്ളിക്കളയുകയാണുണ്ടായത്. പ്രാക്ടിക്കൽ പരീക്ഷകൾ സൗകര്യപ്രദമായ രീതിയിൽ തിയറി പരീക്ഷയ്ക്കുശേഷം നടത്തുന്നതായിരിക്കും. പ്രാക്ടിക്കൽ പരീക്ഷ പൊതുപരീക്ഷയ്ക്കുശേഷമായതിനാൽ പാഠഭാഗങ്ങൾ കൂടുതൽ

സമയമെടുത്ത് പഠിച്ച് തീർക്കാനും അതിലൂടെ കുട്ടികൾക്ക് കൂടുതൽ പഠനസമയം ലഭിക്കാനും അവസരമുണ്ടാകുന്നു. കോവിഡ് മഹാമാരി എല്ലാമേഖലയിലും പ്രതിസന്ധിയുണ്ടാക്കിയ സാഹചര്യത്തിൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ പ്രക്രിയകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിലെ വിദ്യാർത്ഥികൾക്കോ രക്ഷിതാക്കൾക്കോ വിദ്യാഭ്യാസ പ്രവർത്തകർക്കോ പരീക്ഷയുമായും ഫോക്കസ് ഏരിയയുമായും ബന്ധപ്പെട്ട് ചില കേന്ദ്രങ്ങളിൽനിന്നും ഉയർന്നുവന്ന സംശയങ്ങളെക്കുറിച്ച് ഒരാശങ്കയും വേണ്ടെന്നുകൂടി ഓർമ്മപ്പെടുത്തുകയാണ്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, കഴിഞ്ഞ എസ്.എസ്.എൽ.സി., പ്ലസ് ടു പൊതുപരീക്ഷയുമായി ബന്ധപ്പെട്ട് നൽകിയ ചോദ്യപേപ്പറുകളിൻമേൽ വളരെ ആത്മവിശ്വാസത്തോടുകൂടി വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാൻ സാധിച്ചതിനാൽ അത്തരത്തിലുള്ള ക്രമീകരണം ഇത്തവണയുമൊരുക്കണം. കഴിഞ്ഞ വർഷത്തെ പൊതുപരീക്ഷയുമായി ബന്ധപ്പെട്ട് ഒരുതരത്തിലുള്ള ആക്ഷേപവും ചോദ്യപേപ്പറിന്റെ കാര്യത്തിലുണ്ടായിരുന്നില്ല. ഇന്നത്തെ സാഹചര്യത്തിൽ

ചോദ്യങ്ങളുടെ പാറ്റേൺ നിശ്ചയിച്ചതിൽ അപാകതകളുള്ളതായി പരാതികൾ ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. ശിവൻകുട്ടി: സർ, ഈ വർഷത്തെ അക്കാദമിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ഫോക്കസ് ഏരിയ സംബന്ധിച്ച് തീരുമാനമെടുത്തിട്ടുള്ളത്. ഫോക്കസ് ഏരിയയിൽനിന്നും 70 ശതമാനം മാർക്കുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തുമെന്നും അതിൽ 50 ശതമാനം അധികം ചോദ്യങ്ങളുണ്ടാകുമെന്നും സർക്കാർ വ്യക്തമാക്കിയിരുന്നു. അതനുസരിച്ച് 55 ശതമാനം ചോദ്യങ്ങൾ ഫോക്കസ് ഏരിയയിൽനിന്നും 45 ശതമാനം ചോദ്യങ്ങൾ ഫോക്കസ് ഏരിയയ്ക്ക് പുറത്തുനിന്നുമുണ്ടാകും. ചോദ്യപാറ്റേൺ തയ്യാറാക്കിയത് എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിലാണ്. ചോദ്യപേപ്പർ പാറ്റേൺ തയ്യാറാക്കിയാൽ അതിന്റെ രഹസ്യസ്വഭാവം നഷ്ടപ്പെടാതിരിക്കാൻ പിന്നീടത് വിലയിരുത്തലിന് വിധേയമാകുകയില്ല. ചോദ്യങ്ങളുടെ നിലവാരം പരിശോധിച്ച് മൂല്യനിർണ്ണയ മാനദണ്ഡങ്ങളിൽ മാറ്റം വേണമെന്ന് തീരുമാനിക്കുന്നത് സ്കീം ഫൈനലൈസേഷൻ സമയത്താണ്. പ്രസ്തുത വേളയിൽ ശ്രദ്ധയിൽ വരുന്ന കാര്യങ്ങളെക്കുറിച്ച് സ്കീം ഫൈനലൈസ് ചെയ്യുന്നതിനാൽ അക്കാര്യത്തിൽ

വിദ്യാർത്ഥികൾക്ക് ഒരാശങ്കയും വേണ്ടെന്ന് സൂചിപ്പിക്കുകയാണ്.

(2) മൊറട്ടോറിയം കാലാവധി ദീർഘിപ്പിക്കൽ

ശ്രീ. ടി. സിദ്ദിഖ്: സർ, കേരളത്തിലെ ദേശസാൽകൃത ബാങ്കുകൾ, കാർഷിക ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്ന് ലോണെടുത്ത സാധാരണക്കാരും കർഷകരും വ്യാപകമായി ജപ്തിഭീഷണി നേരിടുകയാണ്. സർഫാസി നിയമത്തിന്റെ അടിച്ചേൽപ്പിക്കൽ, റിക്കവറി നോട്ടീസുകൾ, അതിന്റെ അറിയിപ്പുകൾ ലഭ്യമാക്കൽ, പത്രപരസ്യങ്ങൾ, കിടപ്പാടം പിടിച്ചെടുക്കൽ തുടങ്ങി ലോണെടുത്ത മുഴുവൻ ആളുകളെയും വ്യാപകമായ രീതിയിൽ മുദ്രകുത്താനും അപമാനിക്കാനും അവരെ തെരുവിലേയ്ക്ക് തള്ളാനുമുള്ള നടപടികൾ ബാങ്കിൽനിന്ന് ആരംഭിച്ചിരിക്കുകയാണ്. കേരളത്തിൽ പതിനായിരക്കണക്കിനാളുകൾക്ക് ഇത്തരത്തിൽ നോട്ടീസുകൾ ലഭിക്കുകയും സർഫാസി നിയമം അടിച്ചേൽപ്പിക്കുകയും റിക്കവറി ജപ്തി നടപടികൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ ഇന്ന് കോവിഡ് മഹാമാരിയെക്കാൾ ഏറ്റവും കൂടുതൽ കർഷകർ/സാധാരണക്കാർ ഭയപ്പെടുന്നത് ബാങ്കുകളുടെ ജപ്തി ഭീഷണിയെയാണ്. 11600-ഓളം കർഷകർക്കെതിരെയാണ് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചത്. 4440

കർഷകർക്ക് ജപ്തി നോട്ടീസ് ഇതുവരെ നൽകുകയും 2000-ത്തോളം കർഷകർക്കെതിരെ സർഫാസി നടപടികൾ പ്രയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇതൊരു സാമ്പത്തിക പ്രശ്നമല്ല, മറിച്ച് സാമൂഹിക പ്രശ്നമാണെന്ന യാഥാർത്ഥ്യം സർക്കാരിന്റെ മുമ്പിലുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. കാലാവസ്ഥാ വ്യതിയാനം, 2018-ലും 2019-ലുമുണ്ടായ പ്രളയം, അതിനുശേഷമുള്ള കോവിഡ് മഹാമാരി, ലോക്ക്ഡൗൺ, വിളനാശം, വിലത്തകർച്ച തുടങ്ങി വ്യാപക പ്രശ്നങ്ങളിൽപ്പെട്ടുഴലുന്ന സാഹചര്യത്തിലൂടെയാണ് ജനങ്ങൾ കടന്നുപോയത്. അതിജീവനത്തിന് പാടുപെടുന്ന സമയത്താണ് ഈ നടപടികളുമായി നാഷണലൈസ്ഡ് ബാങ്കുകളുൾപ്പെടെയുള്ള കേരളത്തിലെ മുഴുവൻ ധനകാര്യ സംവിധാനങ്ങളും ഇറങ്ങിപുറപ്പെട്ടിരിക്കുന്നത്. സർക്കാർ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളെയും കേരള ബാങ്കിനെയും ഉൾപ്പെടെ സർഫാസി നിയമം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. മക്കളുടെ വിവാഹത്തിന്, കാർഷികാവശ്യത്തിന്, ചികിത്സയ്ക്ക്, വിദ്യാഭ്യാസത്തിന്, ഭവന നിർമ്മാണത്തിന് തുടങ്ങി വിവിധ ആവശ്യങ്ങൾക്കുവേണ്ടി പണം എടുത്തവർക്കെതിരെ ഇത് പ്രയോഗിക്കുകയാണ്. ഇന്ന് കേരളത്തിൽ ലോണെടുത്ത മുഴുവൻ ആളുകളും ആശങ്കയിലാണ്. ലോണെടുത്ത മുഴുവൻ

ആളുകളെയും ആത്മഹത്യയല്ലാതെ മറ്റൊരു വഴിയില്ലാത്ത സാഹചര്യത്തിലേയ്ക്ക് കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങൾ എത്തിച്ചിരിക്കുകയാണ്. ഈ സാഹചര്യം മുന്നോട്ടുകൊണ്ടുപോകാൻ ഒരു കാരണവശാലും അനുവദിക്കരുത്. മൊറട്ടോറിയം പ്രഖ്യാപിച്ചത് ആർ.ബി.ഐ. അംഗീകരിച്ചിട്ടില്ല. മാത്രമല്ല, മൊറട്ടോറിയം കാലയളവിലെ മുഴുവൻ പലിശയും നൽകണമെന്ന നോട്ടീസുകളാണ് കർഷകർക്ക് പിന്നീട് ലഭിച്ചത്. ഇത്തരത്തിൽ ഗൗരവകരമായ സാഹചര്യമാണുള്ളത്. ലോണെടുത്ത കർഷകർക്കും സാധാരണക്കാർക്കുമെതിരെയുള്ള ജപ്തിനടപടികളും സർഫാസി അടിച്ചേൽപ്പിക്കലും അടിയന്തരമായി അവസാനിപ്പിക്കാൻ സർക്കാർ മാർഗ്ഗനിർദ്ദേശം നൽകണം. 72000 കോടി രൂപയുടെ കാർഷിക കടം ഡോ. മൻമോഹൻസിംഗ് പ്രധാനമന്ത്രിയായിരുന്ന സമയത്ത് എഴുതിത്തള്ളുകയുണ്ടായി. അതേ മാതൃകയിൽ കേരളത്തിലെ കാർഷിക കടവും അനുബന്ധ കടങ്ങളും എഴുതിത്തള്ളാനാവശ്യമായ നടപടി സ്വീകരിക്കണം. മുതലുകൾ സർക്കാർ അടയ്ക്കുകയും പലിശ ബാങ്കിനെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. കാർഷിക കടാശ്വാസ കമ്മീഷൻ ഇന്നൊരു കടലാസ് പുലി മാത്രമാണ്. യാതൊരു നടപടിയും കാർഷിക കടാശ്വാസ കമ്മീഷൻ

നാളിതുവരെയായി നടപ്പിലാക്കാതെ 3 വർഷമായി നിശ്ചലമായിരിക്കുകയാണ്. മൊറട്ടോറിയംകൊണ്ട് പ്രയോജനമില്ലാത്ത സാഹചര്യത്തിൽ പലിശരഹിത മൊറട്ടോറിയം പ്രഖ്യാപിച്ചും കർഷകരുടെ കടങ്ങൾ എഴുതിത്തള്ളിയും കേരളത്തിലെ ഏറ്റവും വലിയ സാമൂഹ്യ പ്രശ്നത്തെ അടിയന്തരമായി പ്രതിരോധിക്കാനാവശ്യമായ നടപടിയും മനുഷ്യത്വപരമായ ഇടപെടലും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സംസ്ഥാനത്ത് കോവിഡ്-19 വ്യാപനത്തെത്തുടർന്ന് വിവിധ മേഖലകളിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം എല്ലാ സഹകരണ സ്ഥാപനങ്ങളിൽനിന്നും ബാങ്കുകളിൽ നിന്നുമെടുത്ത എല്ലാ വായ്പകൾക്കും 01-03-2020 മുതൽ 31-08-2020-വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്കുകൾ വഴി റിസർവ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി അർഹമായ വായ്പകൾക്ക് മൊറട്ടോറിയം, റീ-സ്ട്രക്ച്ചറിംഗ് എന്നിവ 2021 ഡിസംബർ മാസം വരെ അനുവദിച്ചുനൽകിയിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം

ജില്ലാ സഹകരണ ബാങ്ക്  എന്നീ ബാങ്കുകളിൽനിന്നും നൽകിയ വിവിധ തരത്തിലുള്ള വായ്പകളിൽ, വായ്പാതുക കുടിശ്ശികയായവർക്ക് ഇളവുകളോടുകൂടി അവസാനിപ്പിക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. ആർബിട്രേഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ജപ്തി നടപടികൾ സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുള്ള വായ്പകൾക്ക് മുൻഗണന നൽകുന്നതിനും ഈ പദ്ധതിയിലുൾപ്പെടുത്തി ഇളവുകൾ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ/സ്ഥാപനങ്ങളിൽ നിന്നെടുത്ത കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീരവികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് റവന്യൂ വകുപ്പ് 22-10-2021-ലെ സർക്കാർ ഉത്തരവുപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സംസ്ഥാനത്തെ വിവിധ മേഖലകളിൽ  ആശ്വാസ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.  ലോകം മുഴുവൻ വ്യാപിച്ച കോവിഡ് 19-ന്റെ നിയന്ത്രണത്തിനായി രാജ്യം മുഴുവൻ ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ആശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യക്കിറ്റ്

ഉൾപ്പെടെയുള്ള ആശ്വാസ സഹായ പദ്ധതികളും മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളത്തിൽ വിവിധ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. വിളനാശം സംഭവിച്ച കർഷകർക്ക് ധനസഹായമായി ഈ സാമ്പത്തിക വർഷം 117.37 കോടി രൂപ കൃഷി വകുപ്പ് ഡയറക്ടർ മുഖാന്തരം വിതരണം ചെയ്തു. കൃഷിവകുപ്പിന്റെ അഭ്യർത്ഥനപ്രകാരം 2021 ഒക്ടോബറിലുണ്ടായ പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയ ദുരന്തങ്ങളെത്തുടർന്ന് കേരളത്തിലെ 11 ജില്ലകളിലെ വിവിധ താലൂക്കുകളെ ദുരന്തബാധിതമായി പ്രഖ്യാപിച്ചുകൊണ്ട് റവന്യൂ, ദുരന്തനിവാരണ വകുപ്പ് 03-02-2022-ന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയടക്കം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മഹാഭൂരിപക്ഷം വരുന്ന ധനകാര്യ സ്ഥാപനങ്ങൾ കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. കർഷകരുടെ പ്രശ്നങ്ങളോട് വളരെ ഉദാരമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സംസ്ഥാനത്തിനകത്തുനിന്ന് ചെയ്യാവുന്ന കാര്യങ്ങൾ തുടർന്നും ചെയ്യുന്നതാണ്. കേന്ദ്രഗവൺമെന്റിനെ കൂടുതൽ ഇടപെടുത്തി കാര്യങ്ങൾ ചെയ്യുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, പലിശരഹിത മൊറട്ടോറിയം

പ്രഖ്യാപിക്കാതെയും എഴുതിത്തള്ളാതെയും ഈ നടപടികൊണ്ട് പ്രയോജനമുണ്ടാകില്ല. സർഫാസി ആക്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി നിയോഗിച്ച അഡ്ഹോക് കമ്മിറ്റി 2019 നവംബർ 21-ന് നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഇതുസംബന്ധിച്ച കാര്യങ്ങൾ കൃത്യമായി പറഞ്ഞിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അഡ്ഹോക് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**[11.24 A.M.]**

**VI. സബ്മിഷൻ**

(1) ഭൂമി തരംമാറ്റൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഭൂമി തരംമാറ്റാനുള്ള അപേക്ഷയിൽ കാലതാമസം വന്നതിൽ മനംനൊന്ത് എന്റെ നിയോജകമണ്ഡലത്തിലെ സജീവൻ എന്നയാൾ ആത്മഹത്യ ചെയ്തു. നികുതിദായകനായ മത്സ്യത്തൊഴിലാളിക്ക് സർക്കാർ സേവനം യഥാസമയം

ലഭ്യമാകാത്തതിനാൽ ആത്മഹത്യ ചെയ്യേണ്ടി വന്നത് സംസ്ഥാനത്തെ നിലവിലുള്ള സംവിധാനങ്ങളുടെ ഏറ്റവും മോശമായ അവസ്ഥയാണ് കാണിക്കുന്നത്. ഇനിയൊരു സജീവൻ കേരളത്തിലുണ്ടാകാതിരിക്കുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടത്തിൽ ഭേദഗതി വരുത്തിയതിന്റെ ഭാഗമായി ബി.ടി.ആർ. (ബേസിക് ടാക്സ് രജിസ്റ്റർ)-ൽ മാറ്റം വരുത്തുന്നതിനായി 2008-നുമുമ്പ് നികത്തിയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി വീടുപണിയുന്നതിനോ വാണിജ്യാവശ്യത്തിനോ തരംമാറ്റുന്നതിന് അനുമതി നൽകുകയുണ്ടായി. 25 സെന്റുവരെയുള്ള ഭൂമിക്ക് സൗജന്യമായും അതിനുമുകളിൽ 50 സെന്റ്വരെയുള്ള ഭൂമിയുടെ ന്യായവിലയുടെ 10 ശതമാനവും 50 സെന്റിനു മുകളിൽ 20 ശതമാനവും ഫീസ് ഈടാക്കിയാണ് നിലവിൽ ഭൂമി തരംമാറ്റി നൽകുന്നത്. ഇതിന് ആർ.ഡി.ഒ.-യുടെ അനുമതി വേണം. സംസ്ഥാനത്ത് എല്ലാ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും നിലം എന്ന് ബി.ടി.ആർ.-ൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലം പ്ലഡ്ജ് ചെയ്യാൻ കഴിയാത്തതിനാൽ അപേക്ഷകൾ വർദ്ധിക്കുകയാണ്. ആളുകൾ പാർട്ടീഷൻ നടത്തി വീടുവയ്ക്കാനും ലോണെടുക്കാനും പോകുമ്പോഴാണ് ടി സ്ഥലം അൻപതോളം

വർഷമായി നിലമായി കിടക്കുന്നുവെന്നും അതിന്റെ ബുദ്ധിമുട്ടുകളെക്കുറിച്ചും മനസ്സിലാകുന്നത്. പതിനായിരക്കണക്കിന് അപേക്ഷകൾ തീരുമാനമെടുക്കാൻ കഴിയാതെ കേരളത്തിലെ വിവിധ റവന്യൂ ഓഫീസുകളിൽ കെട്ടിക്കിടക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് നീണ്ട നടപടിക്രമങ്ങളുള്ളതുകൊണ്ട് ഈ കാലതാമസം മുതലെടുത്ത് ചില ഉദ്യോഗസ്ഥരും ഏജന്റുമാരും വൻതോതിൽ അഴിമതി നടത്താനുള്ള അവസരമായി ഇതിനെ കാണുകയാണ്. ഭൂമി തരംമാറ്റുന്നതിനെ സംബന്ധിച്ച് ഏജൻസികളുടെ പരസ്യങ്ങൾ കേരളത്തിലുടനീളം കാണാൻ സാധിക്കും. ആർ.ടി. ഓഫീസുകളിൽ ഏജൻസികളുള്ളതുപോലെ റവന്യൂ ഓഫീസുകളിലും ഇടനിലക്കാരാണ് തീരുമാനങ്ങളെടുക്കുന്നത്. സാധാരണക്കാരന്റെ കയ്യിൽനിന്നും ഫീസ് വാങ്ങാൻ ഇടനിലക്കാരെന്തിനാണ്? അവർ നേരിട്ട് ഓൺലൈൻ മുഖാന്തരം അപേക്ഷ സമർപ്പിച്ച്, പ്രൊസീഡ്യൂവർ ഫോർമാലിറ്റീസ് കഴിഞ്ഞാൽ അയാൾക്ക് ഭൂമി തരംമാറ്റി കൊടുക്കാനും അർഹതപ്പെട്ട സൗജന്യം കൊടുക്കാനും സാധിക്കില്ലേ? രണ്ടുമൂന്നുകൊല്ലമായി ആയിരക്കണക്കിന് കേസുകൾ പെൻഡിംഗുള്ള സാഹചര്യത്തിൽ ഗവൺമെന്റ് ഗൗരവതരമായി ഈ വിഷയത്തെ കാണണം. ആത്മഹത്യ ചെയ്ത സജീവന്റെ വീട് സന്ദർശിച്ചപ്പോൾ ബഹുമാനപ്പെട്ട റവന്യൂ

വകുപ്പുമന്ത്രിക്ക് ഇക്കാര്യങ്ങൾ ബോദ്ധ്യപ്പെട്ടതാണ്. ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം അട്ടിമറിക്കാതിരിക്കാനുള്ള ജാഗ്രത പുലർത്തണമെന്നതിൽ യാതൊരു സംശയവുമില്ല; ഞങ്ങൾ അതിനോട് യോജിക്കുന്നുമുണ്ട്. അതേയവസരത്തിൽ ഭൂമി തരംമാറ്റുന്നതിനായി എല്ലാ നിയോജകമണ്ഡലങ്ങളിലുമായി ലഭിച്ച ആയിരക്കണക്കിന് അപേക്ഷകളിന്മേൽ മൂന്ന് മാസക്കാലയളവിനുള്ളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹതപ്പെട്ടവർക്ക് ഭൂമി തരംമാറ്റി നൽകാനുള്ള കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിക്കണം. ഒരു മിഷൻ മോഡിൽ നിലവിലുള്ള എല്ലാ പെൻഡിംഗ് അപേക്ഷകളും ഡിസ്പോസ് ചെയ്യാനുള്ള തീരുമാനമെടുക്കണം. ഓൺലൈൻ സംവിധാനത്തിലൂടെ പുതിയതായി ലഭിക്കുന്ന അപേക്ഷകളിൻമേൽ രണ്ട് മാസത്തിനകം നടപടി പൂർത്തീകരിച്ച് തരംമാറ്റി കൊടുക്കണം. ഈ നിയമം വരുന്നതിനുമുമ്പോ അതിനുശേഷമോ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച് വീടുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിൽ അത്തരം ഭൂമിയുടെ തരംമാറ്റത്തിന് വില്ലേജ് ഓഫീസർ തലത്തിൽ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി ഫീസടച്ച് നടപടി പൂർത്തീകരിക്കാൻ നടപടിയുണ്ടാകണം. ഫീൽഡുതല പരിശോധനകൾ

നടത്തുന്നതിനും സർവ്വേ നടപടികൾ പൂർത്തീകരിക്കാനുമാവശ്യമായ ജീവനക്കാരെ വിന്യസിക്കാൻ സർക്കാർ തയ്യാറാകണം. നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കുന്നതോടൊപ്പം സർക്കാർ ഓഫീസുകൾ കൃത്യമായി ഇത് ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള സംവിധാനമൊരുക്കണം. ലോണുകൾ അനുവദിക്കാനായി ഭൂമിയുടെ തരംമാറ്റൽ അനിവാര്യമാണെന്ന നിലപാടിൽ മാറ്റംവരുത്തുന്നതിന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായി ചർച്ച നടത്തേണ്ടത് ആവശ്യമാണ്. ഇക്കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകണം. നാൽപതോളം വർഷം നിലമായി കിടക്കുന്ന ഭൂമി രജിസ്റ്റർ ചെയ്യാൻ സാധിക്കാത്ത നിലയിലേയ്ക്ക് സഹകരണ ബാങ്കുകൾ പോകുന്നത് ശരിയല്ല. 2018-ലെ നിയമഭേദഗതിക്കുശേഷമാണ് ഇത്തരം പ്രശ്നങ്ങളുണ്ടായത്. മുമ്പ് ഇത്തരം കാര്യങ്ങളൊന്നും ബാങ്കുകൾ പരിഗണിച്ചിരുന്നില്ല. കേരളത്തിൽ നിരവധി സാധാരണക്കാരുള്ളതിനാൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ഇത് ഗൗരവമായി പരിഗണിക്കണം. കേരളത്തിൽ ലൈഫ് മിഷൻ പദ്ധതി മുഖേന വീട് അനുവദിച്ചിട്ടും സ്ഥലംമാറ്റി കൊടുക്കാൻ വൈകിപ്പോയതിനാൽ വീട് ലഭിക്കാത്ത നിരവധിപേരുണ്ട്. ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികൾ

സാധാരണക്കാർക്ക് ലഭിക്കാത്ത അവസ്ഥയുണ്ടാകരുത്. അതിനാൽ ആവശ്യമായ മുൻഗണന നൽകി ഗവൺമെന്റ് ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, നിയമസഭയാകെ വളരെ ആകാംക്ഷയോടെ കാത്തിരിക്കുകയും അതിലിടപെടണമെന്ന് പൊതുവായ അഭിപ്രായമുണ്ടാവുകയും ചെയ്ത പ്രശ്നമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചത്. ഇക്കാര്യത്തിൽ വളരെ ശ്രദ്ധയോടെ ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ തയ്യാറാക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. അങ്ങയുടെ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളിയായ സജീവനാണ് മരണപ്പെട്ടത്. തദവസരത്തിൽ അങ്ങ് അവിടെ സന്ദർശിക്കുകയും എന്നെ വിളിക്കുകയും ചെയ്തിരുന്നു. ഒരു മണിക്കൂറിനുള്ളിൽ അതുമായി ബന്ധപ്പെട്ട് കൃത്യതയോടെ അന്വേഷണം നടത്താൻ സംസ്ഥാനതലത്തിൽ സംവിധാനമുണ്ടാക്കുകയും പറഞ്ഞ സമയത്തുതന്നെ പ്രാഥമികാന്വേഷണം നടത്തി കുറ്റക്കാരാണെന്ന് സംശയിക്കുന്നവർക്കെതിരെ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിലെ നെൽവയലുകൾ സംരക്ഷിക്കുന്നതിനുവേണ്ടി 2008-ൽ

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരികയുണ്ടായി. നിയമം നിലവിൽവന്ന തീയതി മുതൽ പൊതുആവശ്യത്തിനും ഭൂരഹിതർക്ക് മാത്രം വീടുവയ്ക്കുന്നതിനുമായി പത്ത് സെന്റ് ഒഴികെയുള്ള നെൽവയലുകൾ നികത്തരുതെന്ന കർശന വ്യവസ്ഥകളാണ് ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. 2008-നുമുമ്പ് സ്വാഭാവികമായി നികന്നതോ നികത്തപ്പെട്ടതോ ആയ നെൽവയലുകൾക്ക് റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയതുമൂലം ഇത്തരത്തിൽ നികത്തപ്പെട്ട നിലങ്ങൾ പുരയിടം എന്നനിലയിൽ പ്രയോജനപ്പെടുത്തുന്നതിന് കഴിയാതെ വന്നിരുന്നു. ഈ സാഹചര്യത്തിലാണ് 2017 ഡിസംബർ 30-ാം തീയതി '27 എ' എന്ന ഉപവകുപ്പ് കൂട്ടിച്ചേർത്തത്. ഇതുപ്രകാരം നെൽവയലുകളുടെ ഡാറ്റാ ബാങ്കിലുൾപ്പെടാത്തതും എന്നാൽ റവന്യൂ റിക്കാർഡുകളിൽ നിലമെന്ന് രേഖപ്പെടുത്തിയതുമായ ഭൂമി വില്ലേജ് റിക്കാർഡുകളിൽ പുരയിടമെന്ന് തരംമാറ്റുന്നതിനുള്ള അനുവാദം ലഭിച്ചു. എന്നിരുന്നാലും ഇതിന് ബ്ലാങ്കറ്റായി അനുവാദം കൊടുക്കാനാകില്ല. ഈ നിയമം വന്നതിനുമുമ്പുള്ള സ്ഥലങ്ങൾ കൃത്യതയോടെ പരിശോധിച്ച് ആവശ്യമായ നടപടിക്രമങ്ങൾ നടത്തിയതിനുശേഷം മാത്രമെ അനുവാദം കൊടുക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ അനാവശ്യമായി നെൽവയലുകൾ നികത്തുന്ന സ്ഥിതിയുണ്ടാകും.

നൂറ് വർഷംമുമ്പ് കേരളത്തിലെ ഭൂമിയുടെ സെറ്റിൽമെന്റ് നടന്നപ്പോൾ മുപ്പത് ലക്ഷം ഏക്കർ നെൽവയലുകളുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ അഞ്ച് ലക്ഷം ഏക്കർ നെൽവയലുകൾ മാത്രമാണുള്ളത്. ഏതാണ്ട് 25 ലക്ഷം ഏക്കർ നെൽവയലുകൾ അപ്രത്യക്ഷമാകുന്ന സ്ഥിതിയുണ്ടായി. അത് ഇനിയും അനുവദിക്കാൻ കഴിയില്ല. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവും 2018-ലെ ഭേദഗതി നിയമവും കൊണ്ടുവന്നത് വയലുകൾ നികത്തുന്നതിനുവേണ്ടിയെന്നാണ് പലരും വിചാരിക്കുന്നത്. എന്നാൽ അങ്ങനെയല്ല. 2008-നുശേഷം ഒരിഞ്ച് ഭൂമിപോലും നികത്താൻ പാടില്ലെന്നുള്ളതാണ് ഈ നിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ശ്രദ്ധാകേന്ദ്രം. 2018-ലെ ഭേദഗതിക്കുശേഷം 25-02-2021-ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 25 സെന്റ് വരെയുള്ള നെൽവയൽ സൗജന്യമായി തരംമാറ്റാമെന്ന് നിശ്ചയിക്കുകയുണ്ടായി. 2021 ഏപ്രിൽ 21-ാം തീയതിയാണ് അതുസംബന്ധിച്ച എസ്.ആർ.ഒ. പുറപ്പെടുവിച്ചത്. പ്രസ്തുത എസ്.ആർ.ഒ. വന്നതിനുശേഷം അപേക്ഷകളുടെ എണ്ണത്തിൽ വളരെയധികം വർദ്ധനവുണ്ടായി. 2018-ലെ നിമയഭേദഗതി നിലവിൽവന്ന 30-12-2017 മുതൽ 2021 മാർച്ച് 31 വരെയുള്ള ദീർഘമായ നാല് വർഷക്കാലയളവിൽ തരംമാറ്റവുമായി ബന്ധപ്പെട്ട് 96674 അപേക്ഷകളാണ്

റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ആകെ ലഭിച്ചത്. എന്നാൽ 2021 ഏപ്രിൽ 1-ാം തീയതി മുതൽ, എസ്.ആർ.ഒ. നിലവിൽ വന്നതിനുശേഷം, 9 മാസക്കാലയളവിൽ ഒരു ലക്ഷത്തിലേറെ അപേക്ഷകൾ ലഭിക്കുകയും നാല് വർഷംകൊണ്ട് ആകെ 35303 അപേക്ഷകൾ തീർപ്പാക്കുകയും പ്രത്യേക ചില പരീക്ഷണങ്ങൾ നടത്തി 2021 ഏപ്രിൽ മുതൽ 9 മാസക്കാലയളവിനുള്ളിൽ 40754 അപേക്ഷകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. 25 സെന്റുവരെയുള്ള നെൽവയൽ പുരയിടമാക്കി തരംമാറ്റാമെന്ന ആശയം വന്നതോടെ ആളുകൾ വ്യാപകമായി അപേക്ഷ കൊടുക്കാൻ തുടങ്ങി. ഈ ഗവൺമെന്റ് വന്നതിനുശേഷം, വില്ലേജാഫീസുകളിൽ ക്യൂ നിൽക്കാതെ ഓൺലൈനായി ഭൂ നികുതി അടയ്ക്കാൻ സാദ്ധ്യമാകുമെന്ന് ജനങ്ങൾ മനസ്സിലാക്കിയതോടെ കരം അടയ്ക്കുന്നതിൽ വർദ്ധനവുണ്ടായി. അത്തരത്തിൽ കരമടച്ചപ്പോഴാണ് അവരവരുടെ ഭൂമി പുരയിടം എന്നുള്ളത് നിലമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് രസീതുകളിൽനിന്ന് മനസ്സിലാക്കിയത്. ഈ രണ്ട് പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് തരംമാറ്റത്തിനുള്ള ധാരാളം അപേക്ഷകൾ കേരളത്തിലെ ആർ.ഡി. ഓഫീസുകളിൽ ലഭിച്ചുവെന്നത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം കഴിഞ്ഞ ക്യാബിനറ്റിൽ ഒരു പ്രത്യേക സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ

തയ്യാറാക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. നിയമസഭ ചേരുന്ന ഈ അവസരത്തിൽ മറ്റൊരിടത്തും പ്രഖ്യാപിക്കാതെ, ഇന്ന് ഈ സഭയുടെ മുമ്പിൽ സന്തോഷപൂർവ്വം പറയട്ടെ, ഇന്നൊരു പുതിയ ഉത്തരവിറക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. 2021 ജനുവരി 31 വരെ കേരളത്തിൽ ലഭ്യമായ ഒരുലക്ഷത്തി പന്ത്രണ്ടായിരത്തിലേറെ അപേക്ഷകൾ ആറ് മാസക്കാലത്തിനുള്ളിൽ മിഷൻ മോഡിൽ പൂർണ്ണമായും പൂർത്തീകരിക്കാനുള്ള നടപടി സർക്കാർ ആരംഭിക്കുന്നതാണ്. ലൈഫ് പദ്ധതി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സ്വീകരിക്കുന്ന നടപടിപോലെ മുൻഗണനാക്രമത്തിൽ അപേക്ഷകൾ പരിശോധിച്ച് ഏറ്റവും ചുരുങ്ങിയത് മൂന്ന് മാസക്കാലംകൊണ്ടെങ്കിലും പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം സഭ അറിയേണ്ടതുണ്ട്. കൊല്ലം, ചെങ്ങന്നൂർ, ആലപ്പുഴ, മൂവാറ്റുപുഴ, ഫോർട്ട് കൊച്ചി, തൃശ്ശൂർ, തിരൂർ, കോഴിക്കോട്, തളിപ്പറമ്പ് എന്നീ 9 ആർ.ഡി. ഓഫീസുകളിൽ അയ്യായിരത്തിനുമുകളിൽ അപേക്ഷകളാണ് കെട്ടിക്കിടക്കുന്നത്. അയ്യായിരത്തിന് മുകളിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്ന ആർ.ഡി. ഓഫീസുകളിൽ ഒരു ജൂനിയർ സൂപ്രണ്ടിനെയും നാല് ക്ലാർക്കുമാരെയും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെയും അധികമായി

നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇന്ന് പുറപ്പെടുവിക്കുന്നതാണ്. രണ്ടാംഘട്ടമായി രണ്ടായിരത്തിനും അയ്യായിരത്തിനുമിടയിൽ ആളുകൾ അപേക്ഷ നൽകിയിട്ടുള്ള തിരുവനന്തപുരം, പുനലൂർ, കോട്ടയം, പാലാ, പാലക്കാട്, ഒറ്റപ്പാലം, പെരിന്തൽമണ്ണ, വടകര, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ ഒരു ജൂനിയർ സൂപ്രണ്ടിനെയും രണ്ട് ക്ലാർക്കുമാരെയും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെയും ആറ് മാസക്കാലത്തേയ്ക്ക് പ്രത്യേകമായി നിയമിക്കുന്നതാണ്. ആയിരത്തിനും രണ്ടായിരത്തിനുമിടയിൽ അപേക്ഷ ലഭിച്ചിട്ടുള്ള തിരുവല്ല, അടൂർ, ഇരിങ്ങാലക്കുട, മാനന്തവാടി, നെടുമങ്ങാട് എന്നീ അഞ്ച് ആർ.ഡി. ഓഫീസുകളിൽ രണ്ട് ക്ലാർക്കുമാരെയും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെയും അധികമായി നിശ്ചയിക്കുന്നതാണ്. ആയിരത്തിൽതാഴെ അപേക്ഷകൾ ലഭിച്ച കാസർഗോഡ്, തലശ്ശേരി, ഇടുക്കി, ദേവികുളം എന്നിവിടങ്ങളിൽ നിലവിലുള്ള ജീവനക്കാർക്കുപുറമെ അതത് ജില്ലകളിൽനിന്ന് അധികമായി ജീവനക്കാരെ വിന്യസിക്കുന്നതിന് നടപടിയാരംഭിക്കുന്നതാണ്. '27 എ' അനുസരിച്ച് അംഗീകാരം ലഭിച്ചാലും '27 സി' പ്രകാരം ഭൂരേഖയിൽ മാറ്റം വരുത്തേണ്ടതുണ്ട്. അതിലേയ്ക്കായി താലൂക്കാഫീസുകളിൽ ജീവനക്കാരെ നിയമിക്കേണ്ടിവരും. 51 താലൂക്കുകളിൽ ഒരു ക്ലാർക്ക്, മൂന്ന് സർവ്വേയർ എന്നിങ്ങനെ ജീവനക്കാരെ

നിയമിക്കാനുള്ള തീരുമാനവും ഇതിന്റെ ഭാഗമായുണ്ടാകും. നൂറിനുമുകളിൽ അപേക്ഷകൾ ലഭിച്ച വില്ലേജാഫീസുകളും ഇക്കൂട്ടത്തിലുണ്ടെന്ന് മനസ്സിലാക്കേണ്ടതുണ്ട്. നിലവിൽ കോവിഡുമായി ബന്ധപ്പെട്ട് വില്ലേജാഫീസുകളിലെ ഉദ്യോഗസ്ഥർ ധാരാളം ജോലികൾ ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ രണ്ട് മാസക്കാലമായി, കോവിഡുമൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 50000 രൂപ എക്സ്ഗ്രേഷ്യാ കൊടുക്കുന്നതിനും ലഭ്യമായ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവനുസരിച്ച് അപേക്ഷ നൽകാത്തവരുടെ വീട്ടിൽപ്പോയി അപേക്ഷകൾ വാങ്ങുന്ന ചുമതലയും വില്ലേജാഫീസുകളെയാണ് ഏല്പിച്ചിരിക്കുന്നത്. നൂറ് മുതൽ 500 അപേക്ഷകൾ വരെ വില്ലേജാഫീസുകളിൽ കെട്ടിക്കിടക്കുകയാണ്. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് നൂറിനുമുകളിൽ അപേക്ഷകൾ ലഭിച്ച 681 വില്ലേജാഫീസുകളിലും ഒരു ക്ലാർക്കിനെ അധികമായി നിയമിക്കുന്നതാണ്. അതിനുപുറമെ വില്ലേജാഫീസുകളിൽനിന്നും അന്വേഷണം നടത്താനുള്ള സൗകര്യവും നിലവിലില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാഹനമുണ്ട്, എന്നാൽ വില്ലേജാഫീസുകൾക്ക് വാഹനമില്ല. ആറ് മാസക്കാലത്തേയ്ക്ക് രണ്ട് വില്ലേജാഫീസുകൾക്ക് ഒരു വാഹനമെന്ന നിലയിൽ നൂറിൽക്കൂടുതൽ

അപേക്ഷകളുള്ള 681 വില്ലേജാഫീസുകൾക്ക് വാഹനം അനുവദിക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയാണ്. കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവയുടെ കുറവ് പരിഹരിക്കുന്നതിനായി ആറ് മാസക്കാലത്തേയ്ക്ക് 5,99,93,000/- (അഞ്ച് കോടി തൊണ്ണൂറ്റിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരം രൂപ മാത്രം) രൂപയുടെ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി തയ്യാറാക്കി നൽകാൻ ഗവൺമെന്റ് തീരുമാനിക്കുകയാണ്. ഇതിൻപ്രകാരം ആറ് മാസക്കാലത്തേയ്ക്ക് 31,61,00,540/- (മുപ്പത്തിയൊന്ന് കോടി അറുപത്തിയൊന്ന് ലക്ഷത്തി അഞ്ഞൂറ്റി നാല്പത് രൂപ മാത്രം) രൂപയുടെ പ്രത്യേക പാക്കേജ് ഗവൺമെന്റിനുവേണ്ടി നിയമസഭയിൽ ഇന്ന് പ്രഖ്യാപിക്കാൻ ആഗ്രഹിക്കുകയാണ്. ഇതിനൊരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ വേണ്ടിവരും. ആർ.ഡി. ഓഫീസുകളിൽ ലഭിക്കുന്ന എല്ലാ അപേക്ഷകളും എക്സൽ ഷീറ്റിലേയ്ക്ക് മാറ്റുന്നതാണ്. അങ്ങനെ വരുമ്പോൾ അപേക്ഷകളുടെ വിശദാംശങ്ങൾ ഓരോ വില്ലേജാഫീസുകളിലേയ്ക്കും നൽകാൻ കഴിയുന്നതാണ്. അവിടെ തീർപ്പാക്കുന്നതനുസരിച്ച് വില്ലേജാഫീസുകളും താലൂക്കുകളും കേന്ദ്രീകരിച്ച് അദാലത്തുകൾ നടത്തി ആറ് മാസക്കാലംകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ കഴിയുന്ന വിധത്തിലുള്ള പ്രത്യേക

സംവിധാനത്തെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഫെബ്രുവരി 1 മുതൽ എല്ലാ അപേക്ഷകളും ഓൺലൈൻ സംവിധാനത്തിലാക്കിയിട്ടുണ്ട്. ഒരു അപേക്ഷ ലഭിച്ചാൽ രണ്ട് മാസത്തിനുള്ളിൽ തീർപ്പാക്കാൻ കഴിയുന്ന വിധത്തിൽ ഓൺലൈൻ അപേക്ഷകളിൽ പ്രത്യേക ജാഗ്രത പുലർത്തണമെന്ന് ആലോചിച്ചിട്ടുണ്ട്. ഇതനുസരിച്ച് കർശന നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഒരു കാരണവശാലും ഇതുമായി ബന്ധപ്പെട്ട് പരസ്യംവച്ച് ഏജൻസികളുമായി മുന്നോട്ടുപോകുന്ന സംവിധാനം അനുവദിക്കാത്ത വിധത്തിലുള്ള കർശന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. അനഭിലഷണീയമായ ഒരു നടപടിയും ആർ.ഡി. ഓഫീസുകളിലും റവന്യൂ ഓഫീസുകളിലും അനുവദിക്കാത്ത വിധത്തിൽ ശ്രദ്ധേയമായ പദ്ധതി നടപ്പാക്കുകയാണ്. സഭ നടക്കുന്ന വേളയിൽ മറ്റൊരിടത്തും പ്രഖ്യാപിക്കാതെ സഭ മുമ്പാകെ ഈ ഉത്തരവ് ഇന്ന്, ഈ നിമിഷം മുതൽ നടപ്പിലാക്കുന്നതാണെന്ന കാര്യം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രശ്നത്തിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വളരെ പ്രധാനപ്പെട്ട സർക്കാർ തീരുമാനം പ്രഖ്യാപിച്ചതുകൊണ്ടാണ് അസാധാരണമായ നിലയിൽ കൂടുതൽ സമയം

അനുവദിച്ചത്. മാത്രമല്ല, വളരെ പ്രധാനപ്പെട്ട ഈ പ്രഖ്യാപനം സഭാതലത്തിൽ നടത്തിയത് മാതൃകാപരവും അഭിനന്ദനാർഹവുമാണ്. സബ്മിഷന്റെ മറുപടിക്ക് മറ്റ് മന്ത്രിമാർ ഇത്രയും സമയം പ്രതീക്ഷിക്കരുത്, സംക്ഷിപ്തമായി അവതരിപ്പിക്കണം.

(2) അനന്തപുരി എഫ്.എം. പരിപാടി

ശ്രീ. വി. കെ. പ്രശാന്ത്: സർ, കേരളത്തോടുള്ള കേന്ദ്ര അവഗണന തുടർന്നുകൊണ്ടിരിക്കുന്നതിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണ് തിരുവനന്തപുരത്തിന്റെ നാമധേയത്തിൽ 2022 ജനുവരി മാസം മുതൽ പ്രവർത്തിച്ചിരുന്ന അനന്തപുരി എഫ്.എം. ചാനൽ നിർത്തലാക്കിയത്. 2005 കേരളപ്പിറവി ദിനത്തിലാണ് അനന്തപുരി എഫ്.എം. കേരളത്തിൽ പ്രവർത്തനമാരംഭിച്ചത്. തിരുവനന്തപുരം ആകാശവാണി നിലയമാണ് ആ ചാനൽ പ്രക്ഷേപണം ചെയ്തുകൊണ്ടിരുന്നത്. കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലായി 45 ലക്ഷം ശ്രോതാക്കളുള്ള പ്രധാനപ്പെട്ട ചാനലാണ് അനന്തപുരി എഫ്.എം. ചാനൽ. രാജ്യത്തിന്റെ ബഹുസ്വരതയും വൈജാത്യങ്ങളും ഫെഡറലിസവുമെല്ലാം അട്ടിമറിച്ചുകൊണ്ടുള്ള തീരുമാനങ്ങളാണ് ഓരോ ദിവസവും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്നുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമാണ് സംസ്ഥാനത്ത് ഏറ്റവും നല്ല

രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക മെച്ചമുള്ള ഒരു എഫ്.എം. ചാനൽ നിർത്താനുള്ള തീരുമാനം. സ്വകാര്യ എഫ്.എം. ചാനലുകൾക്കിടയിൽ ഏറ്റവും കൃത്യമായി മലയാളത്തനിമ ചോരാതെ ഭാഷാശുദ്ധി നിലനിർത്തിക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു ചാനലാണ് അനന്തപുരി എഫ്.എം. കേരളത്തിന്റെ വൈജാത്യങ്ങളെല്ലാം കൃത്യമായെടുത്തുകൊണ്ട് ഓരോ മണിക്കൂറിടവിട്ട് പ്രധാന വാർത്തകൾ, ട്രെയിൻ സമയം, ട്രാഫിക് മാറ്റങ്ങൾ, കാലാവസ്ഥാ പ്രശ്നങ്ങൾ എന്നിവ ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന രീതിയിൽ നിരവധി പ്രവർത്തനങ്ങൾ നടത്തി സ്തുത്യർഹമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു ചാനലിനെ നിർത്താനുള്ള തീരുമാനമാണ് വന്നിരിക്കുന്നത്. ഈ തീരുമാനത്തെത്തുടർന്ന് എതിർപ്പുയർന്നപ്പോൾ അനന്തപുരി-വിവിധ്ഭാരതി എഫ്.എം. എന്ന് പേരുമാറ്റുകയും ആകാശവാണിയുടെ മുംബൈ നിലയത്തിൽ നിന്നുള്ള പരിപാടികൾ ഈ ചാനലിന്റെ ഭാഗമായി പ്രക്ഷേപണം ചെയ്യുകയുമാണുണ്ടായത്. നിലവിൽ ഈ ചാനലിൽ ഹിന്ദി പരിപാടികൾ കുത്തിനിറച്ചിരിക്കുകയാണ്. തമിഴ്നാട്ടിലോ മറ്റ് സംസ്ഥാനങ്ങളിലോ ഇങ്ങനെ ചെയ്യാൻ അവർ തയ്യാറാകുമോ? മലയാളത്തോടുള്ള അവഗണനയെന്ന് മാത്രമല്ല; റേഡിയോ കേൾക്കുന്ന മുഴുവനാളുകളെയും

ആക്ഷേപിക്കുന്ന നിലയിലേയ്ക്കാണ് ആകാശവാണിയും കേന്ദ്രവാർത്താവിതരണ മന്ത്രാലയവും പെരുമാറുന്നത്. കഴിഞ്ഞ ദിവസമാണ് നമ്മൾ മാതൃഭാഷാ ദിനം ആചരിച്ചത്. മാതൃഭാഷാ ദിനം ആചരിക്കുന്ന സന്ദർഭത്തിൽ തീർച്ചയായും ഇത്തരം അവഗണനയ്ക്കെതിരെ വലിയ പ്രതിഷേധം നടത്തണമെന്നും കേന്ദ്ര വാർത്താവിതരണ മന്ത്രാലയവും കേന്ദ്ര സർക്കാരും ഇക്കാര്യത്തിൽനിന്നും പിന്മാറണമെന്നും അനന്തപുരി എഫ്.എം. അതേ പേരിൽ മലയാളം പരിപാടികളുൾപ്പെടുത്തിക്കൊണ്ട് പ്രക്ഷേപണം ചെയ്യുന്നതിനുള്ള നിലപാടെടുക്കുന്നതിന് കേരള ഗവൺമെന്റ് ഇടപെടണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 'ബഹുജന ഹിതായ, ബഹുജന സുഖായ' ഇതാണ് ആകാശവാണി അംഗീകരിച്ചിട്ടുള്ള ആപ്തവാക്യം. 'പൊതുജനങ്ങൾക്ക് ഹിതമാകുന്നതെന്തോ അതേ പ്രക്ഷേപണം ചെയ്യൂ; ബഹുജനങ്ങൾക്ക് സുഖമാകുന്നതെന്തോ അതേ പ്രക്ഷേപണം ചെയ്യൂ;' ഇതാണ് പ്രഖ്യാപിത നിലപാട്. എന്നാൽ അടിസ്ഥാനപരമായ ഈ നിലപാടിന്റെ ലംഘനമാകുന്ന നിരവധി നടപടികൾ നിർഭാഗ്യവശാൽ അടുത്തകാലത്തുണ്ടായിരിക്കുകയാണ്.

ഭാഷാപരവും സാംസ്കാരികവുമായി കേരളീയർക്കും മലയാളിക്കും പ്രിയപ്പെട്ടതെന്തോ അതൊക്കെ ഇല്ലായ്മ ചെയ്യപ്പെടുകയോ പിൻവലിക്കപ്പെടുകയോ ആണ്. ആ പ്രക്രിയയുടെ ഭാഗമായാണ് ഈ സബ്മിഷനാധാരമായ വസ്തുതകളെ കണക്കാക്കേണ്ടത്. അനന്തപുരി എഫ്.എം. നിലയം നിർത്തലാക്കുക; അതിലുണ്ടായിരുന്ന പരിപാടികളുടെ ഉള്ളടക്കവും രൂപവും പേരും മാറ്റുക; അതിനെ വിവിധ് ഭാരതി മലയാളം എന്നതുകൊണ്ട് പകരം വയ്ക്കുക; മലയാള പരിപാടികൾ കുറയ്ക്കുക; ഹിന്ദി പരിപാടികൾ കൂടുതൽ ഉൾപ്പെടുത്തുക; ഈ വഴിക്ക് കേന്ദ്ര സർക്കാരിന്റെ വാർത്താപ്രക്ഷേപണ മന്ത്രാലയവും പ്രസാർ ഭാരതിയും നീങ്ങിയപ്പോൾ സാംസ്കാരിക രംഗത്ത് വലിയ രീതിയിലുള്ള പ്രതിഷേധമുണ്ടായിട്ടുണ്ട്. അങ്ങനെ വന്നപ്പോൾ കണ്ണിൽപ്പൊടിയിടാനുള്ള ചെറിയ മാറ്റംവരുത്തി പരിപാടിയുടെ പേര് അനന്തപുരി വിവിധ്ഭാരത് മലയാളമെന്നാക്കി. പരിപാടിയുടെ സ്വഭാവത്തിലും രൂപത്തിലുമുള്ള മാറ്റം കേരളീയരുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായ സ്ഥിതിയിൽത്തന്നെ നിലനിൽക്കുന്നു. ഇത് നമ്മുടെ സംസ്കാരത്തിന്റെ ബഹുസ്വരതയ്ക്കെതിരാണ്. വൈവിദ്ധ്യമാർന്ന ഭാഷ-കല-സാംസ്കാരിക രൂപങ്ങളെയാകെ ഇല്ലായ്മ ചെയ്ത് അവിടെ ഏകശിലാ രൂപത്തിലുള്ള ഒരു സമ്പ്രദായം സ്ഥാപിക്കുകയാണ് ചെയ്യുന്നത്.

പൊതുജനഹിതത്തിന് ഒരു വിലയുമില്ലെന്ന നിലയിലേയ്ക്കെത്തുകയാണ്. ഇത് കേരളത്തിന് അംഗീകരിക്കാവുന്ന സമീപനമല്ല. തദ്ദേശഭാഷയെയും തദ്ദേശസംസ്കാരത്തെയും പരിപോഷിപ്പിച്ച് ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് അനന്തപുരി എഫ്.എം. ആരംഭിച്ചത്. 2005-ലെ കേരളപ്പിറവി ദിനത്തിലാണ് പ്രക്ഷേപണം തുടങ്ങിയത് എന്നതിൽ നിന്നുതന്നെ ഇത് വ്യക്തമാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന പുനർനിർണ്ണയം നടന്നതിന്റെ വാർഷികത്തിലായിരുന്നു ഈ പരിപാടി ഉദ്ഘാടനം ചെയ്തത്. മേൽ സൂചിപ്പിച്ചതിൽനിന്നും എഫ്.എം.-ന് 'അനന്തപുരി' എന്ന പേര് നൽകിയതിൽനിന്നും മലയാള ഭാഷയ്ക്കും നാട്ടിലെ സംസ്കാരത്തിനും തുടക്കത്തിലുണ്ടായിരുന്ന ഊന്നൽ വ്യക്തമാണ്. എന്നാൽ ഇന്ന് മലയാള ഭാഷയ്ക്കുതന്നെ കേന്ദ്ര അധികൃതരുടെ ഈ നീക്കം എതിരായിരിക്കുന്നു. പല മലയാള പരിപാടികളും പ്രക്ഷേപണം ചെയ്യുന്നത് നിർത്തലാക്കി. രാവിലെ 9.00 മണിക്ക് ഹിന്ദി റിലേ ആക്കുകയും തിരുവനന്തപുരം-ആലപ്പുഴ നിലയങ്ങളിലെ ശാസ്ത്രീയ സംഗീതത്തിന്റെയും കഥകളി പദത്തിന്റെയും സമയം വെട്ടിക്കുറയ്ക്കുകയും ആ വേളകളിൽ ചലച്ചിത്ര ഗാനങ്ങളാക്കുകയും ചെയ്തു. ഭരണഘടനയിൽ അംഗീകരിക്കപ്പെട്ട ഭാഷയാണ് മലയാളം. കേരളത്തിന്റേത് സാർവ്വദേശീയമായി അംഗീകരിക്കപ്പെട്ട

സാംസ്കാരവുമാണ്. ഇതിനൊക്കെ എതിരായ നടപടികൾ കൈക്കൊണ്ടത് ഏതെങ്കിലും സർവ്വേയുടെയോ പഠനത്തിന്റെയോ അടിസ്ഥാനത്തിലല്ല. അനന്തപുരി എഫ്.എം.-ൽ ഉണ്ടായിരുന്ന 'സംഗീതസുധ' എന്ന അര മണിക്കൂർ പരിപാടി വേണ്ടെന്നുവച്ചു. 'രാഗാമൃതം' എന്ന ശാസ്ത്രീയ സംഗീത പരിപാടി തിരുവനന്തപുരം-ആലപ്പുഴ നിലയങ്ങളിൽ രാവിലെ 9.15-ന് പ്രക്ഷേപണം ചെയ്തിരുന്നത് റദ്ദാക്കി. രാവിലെയുണ്ടായിരുന്ന മലയാള പ്രഭാഷണം അപ്രധാനമായ സമയത്തേയ്ക്ക് മാറ്റി. ഉചിതമല്ലാത്തതും ഭാഷാവിരുദ്ധവും സംസ്കാരവിരുദ്ധമായ മാറ്റങ്ങളാണ് പ്രസാർ ഭാരതി വരുത്തിയിരിക്കുന്നത്. ഇത് ആശാസ്യമല്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഇടപെട്ട് ഈ തെറ്റുകൾ തിരുത്തണമെന്നാവശ്യപ്പെടുമെന്ന് അറിയിക്കുകയാണ്.

(3) <u>പെരിന്തൽമണ്ണ – വളാഞ്ചേരി കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, കോവിഡ് മഹാമാരിക്കുമുമ്പ് പന്ത്രണ്ടോളം കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്തിയിരുന്ന നോട്ടിഫൈഡ് റൂട്ടാണ് പെരിന്തൽമണ്ണ -വളാഞ്ചേരി. എന്നാൽ ലോക്ഡൗൺ കാലത്ത് നിർത്തിവച്ച ഈ ബസ് സർവ്വീസുകൾ നാളിതുവരെ പുനരാരംഭിച്ചിട്ടില്ല. നിലവിൽ ഒരു ബസുപോലും ഈ റൂട്ടിൽ സർവ്വീസ്

നടത്തുന്നില്ല. പെരിന്തൽമണ്ണ ഗവൺമെന്റ് കോളേജ്, അങ്ങാടിപ്പുറം പോളിടെക്നിക്, പതിനഞ്ചോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പോകുന്ന നിരവധി വിദ്യാർത്ഥികളും ജീവനക്കാരുമാണ് പതിവായി ഈ റൂട്ടിൽ യാത്രചെയ്യുന്നത്. ഇതുകൂടാതെ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേയ്ക്ക് പോകുന്ന രോഗികളും ഈ റൂട്ടിനെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. എം.ഇ.എസ്. മെഡിക്കൽ കോളേജും ഈ പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. സ്വകാര്യ ബസ് സർവ്വീസ് കുറവുള്ള ഈ റൂട്ടിൽ യാത്രാപ്രശ്നം വളരെ രൂക്ഷമായിരിക്കുകയാണ്. കോവിഡ് മഹാമാരിമൂലം അടഞ്ഞുകിടക്കുന്ന സ്കൂളുകളും കോളേജുകളും തുറന്ന സാഹചര്യത്തിൽ ഈ റൂട്ടിൽ ഏറ്റവും കുറഞ്ഞത് 4 ബസുകളെങ്കിലും സർവ്വീസ് നടത്തേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും രോഗികൾക്കുമുണ്ടാകുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് നിർത്തിവച്ച ബസ് സർവ്വീസുകൾ അടിയന്തരമായി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, പെരിന്തൽമണ്ണ – വളാഞ്ചേരി റൂട്ടിൽ ബസ് സർവ്വീസ് പുനരാരംഭിക്കണമെന്ന്

ആവശ്യപ്പെട്ടുകൊണ്ടാണ് ശ്രീ. മഞ്ഞളാംകുഴി അലി സബ്മിഷൻ അവതരിപ്പിച്ചിരിക്കുന്നത്. പെരിന്തൽമണ്ണ - വളാഞ്ചേരി റൂട്ടിൽ ധാരാളം ബസ്സുകൾ സ്വകാര്യ സംരക്ഷിത പെർമിറ്റുകളായി സർവ്വീസുകൾ നടത്തിയിരുന്നപ്പോൾത്തന്നെ കെ.എസ്.ആർ.ടി.സി.-യും ചെയിൻ സർവ്വീസുകൾ നടത്തിയിരുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകളിൽ യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവുവരികയും പ്രവർത്തനച്ചെലവിനുപോലും വരുമാനം ലഭിക്കാതെ വരികയും ചെയ്ത സാഹചര്യത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പുതന്നെ സർവ്വീസുകൾ നിർത്തിവയ്ക്കേണ്ടിവന്നു. തുടർന്ന് ജനപ്രതിനിധികളുടെയും യാത്രക്കാരുടെയും ആവശ്യപ്രകാരം പല സർവ്വീസുകളും പുനരാരംഭിച്ചെങ്കിലും വരുമാനം വളരെ കുറവായതുകൊണ്ട് സർവ്വീസുകൾ വീണ്ടും നിർത്തിവയ്ക്കേണ്ട സാഹചര്യമാണുണ്ടായത്. ഒന്നാംഘട്ട കോവിഡ് വ്യാപനത്തിനുമുമ്പ് പെരിന്തൽമണ്ണ ഡിപ്പോയിൽനിന്ന് പെരിന്തൽമണ്ണ - വളാഞ്ചേരി റൂട്ടിൽ മൂന്ന് സർവ്വീസുകളാണ് നടത്തിയിരുന്നത്. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വന്നതിനെത്തുടർന്ന് 2020 ജൂൺ മാസം സർവ്വീസ് പുനരാരംഭിച്ചെങ്കിലും യാത്രക്കാരുടെയും വരുമാനത്തിന്റെയും കുറവുമൂലം സർവ്വീസ് നിർത്തിവയ്ക്കേണ്ടി വന്നു. 2020 ആഗസ്റ്റ് മാസം ടി

റൂട്ടിലെ സർവ്വീസിന് പ്രതിദിനം ലഭിച്ച ശരാശരി വരുമാനം വെറും 2,300/- രൂപയാണ്. ഏറ്റവും ചുരുങ്ങിയത് 10,000/- രൂപയെങ്കിലും വരുമാനമായി ലഭിച്ചില്ലെങ്കിൽ ഭീമമായ നഷ്ടം വരുന്ന സ്ഥാനത്താണ് 2,300/- രൂപ മാത്രം ലഭിച്ചത്. മുൻമാസങ്ങളിൽ ലഭിച്ച വരുമാനത്തിന്റെ കണക്ക് അനുബന്ധമായി മേശപ്പുറത്തുവയ്ക്കുന്നു*. ടി വരുമാനം ഡീസൽ വാങ്ങാൻപോലും പര്യാപ്തമല്ല. 2022 ഫെബ്രുവരി 21 മുതൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച സാഹചര്യമാണുള്ളത്. പക്ഷേ സ്വകാര്യ ബസുകൾക്കൊപ്പം കെ.എസ്.ആർ.ടി.സി. ബസുകളുംകൂടി സർവ്വീസ് നടത്തിയാൽ കനത്ത സാമ്പത്തിക നഷ്ടം നേരിടുന്നതാണ്. എന്നിരുന്നാലും യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ പെരിന്തൽമണ്ണ-വളാഞ്ചേരി റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. അവിടെ സ്കൂളുകളും സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതുകൊണ്ട് കാര്യമില്ല; അവരെ കെ.എസ്.ആർ.ടി.സി. ബസുകളിൽ കയറാൻകൂടി പ്രേരിപ്പിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

## (4) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലുൾപ്പെട്ട കാഞ്ഞങ്ങാട് നഗരസഭയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പണി പൂർത്തീകരിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനഘട്ടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചെങ്കിലും പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. അവിടത്തെ സാധാരണക്കാരായ പാവപ്പെട്ടവർ ഒട്ടനവധി പ്രയാസങ്ങളാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആരംഭിക്കുന്നതാണെന്ന് വലിയ രീതിയിലുള്ള പ്രചരണങ്ങളുണ്ടായിട്ടും പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ ആവശ്യമായ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിച്ച് അടിയന്തരമായി ആശുപത്രിയുടെ പ്രവർത്തനമാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി <u>(ശ്രീമതി വീണാ ജോർജ്ജ്)</u>: സർ, സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി ചികിത്സാ സൗകര്യങ്ങൾ കാസർഗോഡ് ജില്ലയിൽ ഒരുക്കുന്നതിനായാണ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കാഞ്ഞങ്ങാട് അനുവദിച്ചത്. ഈ ആശുപത്രിക്കായി 3000 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഇവിടെ ഒ.പി., ഐ.പി., കാഷ്വാലിറ്റി, ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ, ഐ.സി.യു.

തുടങ്ങിയ ആധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രി കെട്ടിടമാണ് സജ്ജമാക്കിയിരിക്കുന്നത്. നിലവിൽ കെട്ടിടത്തിന്റെ വൈദ്യുതീകരണ ജോലികൾ അന്തിമഘട്ടത്തിലാണ്. ട്രാൻസ്ഫോർമർ കേബിളിന്റെയും ജനറേറ്റർ സ്ഥാപിക്കുന്നതിന്റെയും ഫയർ ഫൈറ്റിംഗിന്റെയും ലിഫ്റ്റ് സ്ഥാപിക്കുന്നതിന്റെയും പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു. ആശുപത്രി പ്രവർത്തിക്കുന്നതിനാവശ്യമായ ഉപകരണങ്ങളും അൾട്രാസൗണ്ട് മെഷീൻ, ഇ.സി.ജി. മെഷീൻ, ഫോട്ടോ തെറാപ്പി യൂണിറ്റ് തുടങ്ങിയ എല്ലാ ഉപകരണങ്ങളും മറ്റ് ഫർണിച്ചറുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തരം ലഭ്യമാക്കിവരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം 2021 സെപ്റ്റംബർ മാസത്തിൽ സ്റ്റാഫ് നഴ്സ് -7, ഫാർമസിസ്റ്റ്-2, ക്ലാർക്ക്-2, ഓഫീസ് അറ്റൻഡന്റ് - 1 എന്നിങ്ങനെ 12 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആവശ്യമായ തസ്തികകൾ അനുവദിച്ച് ഉപകരണങ്ങൾ സജ്ജീകരിച്ച് കാസർഗോഡ് ജില്ലയുടെ സാഹചര്യംകൂടി പരിഗണിച്ച് എത്രയുവേഗം ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

(5) <u>കാത്ത് ലാബിന്റെ പ്രവർത്തനം</u>

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> സർ, കോഴിക്കോട് ബീച്ച് ഗവൺമെന്റ്

ജനറൽ ആശുപത്രിയിലെ  കാത്ത് ലാബിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള സബ്മിഷനാണ് ഉന്നയിക്കുന്നത്.  2021 ഫെബ്രുവരിയിൽ സർക്കാർ 5 കോടി രൂപ അനുവദിച്ചുകൊണ്ട്  കാത്ത് ലാബിന് തുടക്കം കുറിക്കുകയും വിശദമായ പദ്ധതിരേഖ നൽകിയതിന്റെ ഭാഗമായി ഏകദേശം 11 കോടി രൂപ ചെലവഴിച്ചുകൊണ്ട് ഏപ്രിലിൽ  പ്രവർത്തനമാരംഭിക്കുകയും ചെയ്തു. പ്രവർത്തനം ആരംഭിച്ചിട്ട് ഏകദേശം 10 മാസത്തിലധികമായെങ്കിലും അവിടെ ഒരാളുടെയും നിയമനം നടത്തിയിട്ടില്ല. കാർഡിയോളജിസ്റ്റ്, മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിൽ  ഓരോ ഡോക്ടർമാരെ ദേശീയ ആരോഗ്യ ദൗത്യം മുഖേന ജോലി ക്രമീകരണ വ്യവസ്ഥയിലും സ്റ്റാഫ് നഴ്സ്-3, കാർഡിയോ വാസ്കുലാർ ടെക്നോളജിസ്റ്റ്-2  എന്നിവരെ എച്ച്.ഡി.എസ്. മുഖേനയും നിയമിച്ചിട്ടുണ്ട്.  പി.എസ്.സി. ജനറൽ പൂളിൽനിന്നുള്ള ഒരു നഴ്സും മറ്റ് മൂന്ന് സ്റ്റാഫുകളുമുണ്ട്.  ചുരുങ്ങിയ കാലത്തിനുള്ളിൽ ഇവരുടെ നല്ല പ്രവർത്തനംകൊണ്ട് 374 ആൻജിയോപ്ലാസ്റ്റിയും ആൻജിയോഗ്രാമും  1784 എക്കോ ടെസ്റ്റുകളും  640 ടി.എം.ടി. ടെസ്റ്റുകളും നടത്തുകയുണ്ടായി.  496 പേരെ കാർഡിയാക് ഐ.സി.യു.-വിൽ പ്രവേശിപ്പിക്കാനും ചികിത്സ നൽകാനും സാധിച്ചു.  ഒരു  കാർഡിയോളജിസ്റ്റ് മാത്രമാണെങ്കിലും അദ്ദേഹം വളരെ പ്രതിബദ്ധതയോടുകൂടിയും ആത്മാർത്ഥമായും

പ്രവർത്തിക്കുന്നതുകൊണ്ടാണ് ഇത്രയും കാര്യങ്ങൾ ചെയ്യാൻ സാധിച്ചത്. ഈയടുത്ത ദിവസം കാത്ത് ലാബിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്ന കമ്പനികൾ മേലിൽ സാധനങ്ങൾ നൽകില്ലെന്നും അവർ നൽകിയ സാധനങ്ങൾ എടുത്തുകൊണ്ടുപോകുമെന്നും പറഞ്ഞതിന്റെ ഫലമായി അവിടത്തെ പ്രവർത്തനം നിലച്ചുപോയി. ഇക്കാര്യത്തിൽ ഞാൻ ഇടപെട്ട് യോഗം വിളിച്ചുചേർത്തപ്പോഴാണ് കാര്യങ്ങൾ വളരെ ഗൗരവമുള്ളതാണെന്ന് മനസ്സിലായത്. ഏകദേശം 2 കോടിയോളം രൂപ കമ്പനിക്ക് നൽകാനുണ്ടെന്ന് മനസ്സിലാക്കുകയും അതിന്മേൽ ഗവൺമെന്റ് ഉടനടി ഇടപെട്ടുകൊണ്ട് 53 ലക്ഷം രൂപ അനുവദിച്ച് അപ്പോൾ തന്നെ അവർക്ക് നൽകുകയും ചെയ്തു. മൂന്നുമാസം കൂടുന്ന മുറയ്ക്ക് ബാക്കി തുക നൽകിയില്ലെങ്കിൽ ഉപകരണങ്ങൾ കൊടുക്കാൻ കഴിയില്ലെന്ന് അവർ അറിയിച്ചിരുന്നു. ഇത് ഗവൺമെന്റ് കാര്യമായതുകൊണ്ട് ബാക്കി തുക നൽകുന്നതിന് കുറച്ചുസമയംകൂടി അനുവദിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയും കമ്പനി അത് സമ്മതിക്കുകയും ചെയ്തു. അവിടെ ഒരു ക്ലാർക്കിനെപ്പോലും നിയമിച്ചിട്ടില്ല. കാർഡിയോളജിസ്റ്റിന് കൊടുക്കുന്ന ശബളം 65,000/- രൂപയാണ്. ഒരു സീനിയർ ക്ലാർക്കിന്റെ ശമ്പളം പോലും എം.ഡി.,ഡി.എം. എടുത്തിട്ടുള്ള ഒരു കാർഡിയോളജിന് നൽകുന്നില്ല. അവിടെ രണ്ട്

കാർഡിയോളജിന്റെ സേവനം നിർബന്ധമായി വേണ്ടതാണ്. എം.ഡി., ഡി.എം. യോഗ്യതയുള്ള കാർഡിയോളജിസ്റ്റിനെ ഏതെങ്കിലും പി.എച്ച്.സി.-കളിൽ നിയമിക്കുന്നതാണ് പ്രശ്നമാകുന്നത്. അതിവിദഗ്ധനായ കാർഡിയോളജിസ്റ്റാണ് ഇവിടെ സേവനമനുഷ്ഠിക്കുന്നത്. കുറച്ചുകാലം അവിടെ പ്രവർത്തിച്ചശേഷം സ്വാഭാവികമായും വലിയതോതിലുള്ള ശമ്പളത്തെ മുൻനിർത്തി അവർ സ്വകാര്യ മേഖലയിലേയ്ക്ക് പോകും. രണ്ട് ടെസ്റ്റ് നടത്തുമ്പോൾ ലഭിക്കുന്ന തുകയാണ് അവർക്ക് ഒരു മാസത്തെ ശമ്പളമായി കൊടുക്കുന്നത്. പ്രസ്തുത കാത്ത് ലാബിൽ അടിയന്തരമായി രണ്ട് കാർഡിയോളജിസ്റ്റുകളെയും നാല് അസിസ്റ്റന്റ് സർജൻമാരെയും രണ്ട് കാത്ത് ലാബ് ടെക്നീഷ്യനുകളെയും രണ്ട് കാത്ത് ലാബ് സ്റ്റാഫ് നഴ്സിനെയും ഓരോ സി.എസ്.എസ്.ഡി. (Central Sterile Supply Department) ടെക്നീഷ്യൻ, എക്കോ ടെക്നീഷ്യൻ, ക്ലാർക്ക്, ഹോസ്പിറ്റൽ അസിസ്റ്റന്റ് എന്നിവരെയും നിയമിക്കണം. ഏകദേശം 10 മാസമായി പ്രവർത്തനമാരംഭിച്ചിട്ടും ഒരാളെപ്പോലും നിയമിക്കാൻ കഴിയാത്തത് വലിയ പോരായ്മയാണ്. ഇവിടത്തെ ഏറ്റവും വലിയ ഗുണം, ഒരു ആൻജിയോപ്ലാസ്റ്റി പ്രൊസീഡ്യുവർ ചെയ്യാൻ 15,000/- രൂപ മാത്രമാണ് വാങ്ങുന്നത്. സാധാരണഗതിയിൽ ഒരു സ്റ്റെന്റ് ഇടുന്നതിന്റെ നിരക്ക് ജി.എസ്.ടി.-

യടക്കം 31,000/- രൂപയാണ്. 46,000/- രൂപയ്ക്ക് ഒരാൾക്ക് ആൻജിയോപ്ലാസ്റ്റി നടത്താവുന്ന സൗകര്യമാണ് ഇവിടെ ലഭിക്കുന്നത്. അതേസമയം സ്വകാര്യമേഖലയിൽ ഒരു ലക്ഷം രൂപ കൊടുക്കേണ്ട അവസ്ഥയാണുള്ളത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി നല്ലരീതിയിൽ ഇടപെടുന്നുണ്ടെങ്കിലും നിയമനങ്ങൾ വേണ്ടത്ര നടക്കാത്തതിൽ വലിയ പ്രയാസമുണ്ട്. പലതവണ ആവശ്യപ്പെട്ടിട്ടും ധനകാര്യ വകുപ്പിന്റെ അനുവാദം ലഭിക്കാത്തതുകൊണ്ടാണ് നിയമനം നടത്തുന്നതിൽ കാലതാമസമുണ്ടാകുന്നതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഈ വിഷയം പ്രത്യേകം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഡി. കെ. മുരളി]

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കോഴിക്കോട് ബീച്ച് ആശുപത്രിയിലെ കാത്ത് ലാബുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട അംഗം നല്ല രീതിയിൽ ഇടപെട്ടിരുന്നു. 2021 ഏപ്രിൽ മുതലാണ് ബീച്ച് ഹോസ്പിറ്റലിലെ കാത്ത് ലാബ് പ്രവർത്തനമാരംഭിച്ചത്. പോസ്റ്റുകൾ സൃഷ്ടിക്കപ്പെടാത്തതുകൊണ്ട് അവിടെ കാർഡിയോളജിയിൽ സൂപ്പർ സ്പെഷ്യലിറ്റി ബിരുദമുള്ള ഒരു ജൂനിയർ കൺസൾട്ടന്റിനെ ജോലി ക്രമീകരണ വ്യവസ്ഥയിൽ

നിയമിക്കുകയും അദ്ദേഹം അവിടെ തുടരുകയുമാണ്. കൂടാതെ ദേശീയ ആരോഗ്യ ദൗത്യം മുഖാന്തരം കരാറടിസ്ഥാനത്തിൽ ഒരു കാർഡിയോളജിസ്റ്റിന്റെ സേവനംകൂടി ലഭ്യമാക്കുകയുണ്ടായി. ഇതിനുപുറമെ കരാർ അടിസ്ഥാനത്തിൽ കാത്ത് ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നഴ്സ്, സി.എസ്.എസ്.ഡി. ടെക്നീഷ്യൻ, എക്കോ ടെക്നീഷ്യൻ, ക്ലീനിംഗ് സ്റ്റാഫ് എന്നിവരെ നിയമിക്കുകയും കാത്ത് ലാബിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സജ്ജീകരണങ്ങളും ഒരുക്കുകയും ചെയ്തിട്ടുണ്ട്. ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, പേസ്മേക്കർ ഇംപ്ലാന്റേഷൻ തുടങ്ങിയവയുൾപ്പെടെ 374 പ്രൊസീഡ്യുവറുകൾ ഇതിനോടകം നടത്തിയിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ രോഗികൾക്ക് സൗജന്യ ചികിത്സാസൗകര്യം ലഭ്യമാക്കുകയും ഈ തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ആശുപത്രിക്ക് കൈമാറുകയും ചെയ്യുന്നുണ്ട്. നാളിതുവരെ ഹെൽത്ത് സേവിംഗ്സ് അക്കൗണ്ട് സമർപ്പിച്ച ക്ലെയിമിനത്തിൽ 2,38,80,015/- രൂപ ആശുപത്രിക്ക് നൽകിയിട്ടുണ്ട്. ഇതിൽ ഈ മാസം നൽകിയ 94,88,175/- രൂപയും ഉൾപ്പെടുന്നു. ബാക്കിയുള്ള തുകയുടെ ക്ലെയിമുകൾ പരിശോധനയ്ക്കുശേഷം വിതരണം ചെയ്യാൻ തയ്യാറായിരിക്കുകയാണ്. ബീച്ച് ഹോസ്പിറ്റലിലെ കാത്ത് ലാബ്

മാനേജ്മെന്റുമായി ബന്ധപ്പെട്ട് കൃത്യമായ നിർദ്ദേശങ്ങൾ ആശുപത്രി സൂപ്രണ്ടിനുൾപ്പെടെ നൽകിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ നിർമ്മിച്ച കാത്ത് ലാബുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി കൃത്യമായ മാർഗ്ഗരേഖ പുറപ്പെടുവിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. കൂടാതെ സൂപ്പർ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ആരോഗ്യവകുപ്പിലെ സ്ഥിരം ഡോക്ടർമാരുടെ സേവനം ഇതുപോലുള്ള കാത്ത് ലാബുകളിലുൾപ്പെടെ സൂപ്പർ സ്പെഷ്യാലിറ്റി സർവ്വീസുകളിലേയ്ക്ക് ലഭ്യമാക്കുന്നതിനായി ഒരു പാനൽ തയ്യാറാക്കി നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ബീച്ച് ആശുപത്രിയിൽ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(6) <u>എഫ്.എച്ച്.സി.-കളിലെ സ്റ്റാഫ് നഴ്സ് തസ്തികയിലെ ഒഴിവുകൾ</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പേര് മാറ്റി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കിയത്

ഗുണകരമായെങ്കിലും സ്റ്റാഫ് പാറ്റേണിൽ പ്രശ്നം നിലനിൽക്കുകയാണ്. അവിടത്തെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ൽ 200 തസ്തികകൾ പുതിയതായി സൃഷ്ടിച്ചെങ്കിലും uneven distribution ആണ് നടന്നിട്ടുള്ളതെന്ന് പരിശോധിച്ചാൽ മനസ്സിലാകും. സ്റ്റാഫ് നഴ്സുമാരെ ശരിയായ വിധത്തിൽ നിയമിക്കാത്തത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനത്തെ മോശമായി ബാധിച്ചിരിക്കുകയാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ സ്റ്റാഫ് പാറ്റേൺ പ്രകാരം ജീവനക്കാരെ നിയമിക്കാൻ തീരുമാനിക്കണം. ക്യാബിനറ്റ് അംഗീകരിച്ച 200 പുതിയ തസ്തികകളിൽനിന്നും ജീവനക്കാർ കുറവുള്ള സെന്ററുകളിൽക്കൂടി നഴ്സുമാരെ നിയമിക്കുന്നതിനുള്ള തീരുമാനമെടുക്കണം. ഞാൻ പ്രതിനിധാനം ചെയ്യുന്ന കോട്ടയം ജില്ലയിൽ മേൽ സൂചിപ്പിച്ച 200 തസ്തികകളിൽനിന്നും ആകെ അനുവദിച്ചിട്ടുള്ളത് 6 തസ്തികകൾ മാത്രമാണെന്നാണ് മനസ്സിലാക്കുന്നത്; അക്കാര്യം അങ്ങ് പരിശോധിക്കണം. അത് വകുപ്പിനുതന്നെ നികത്താൻ സാധിക്കുമെന്നാണ് കരുതുന്നത്. അതുകൊണ്ട് uneven distribution of staff ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ആർദ്രം പദ്ധതിയിലുൾപ്പെടുത്തി വിവിധ ഘട്ടങ്ങളിലായി

കോട്ടയം ജില്ലയിലെ വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും ആദ്യഘട്ടത്തിൽ 22 സ്റ്റാഫ് നഴ്സുമാരുടെയും രണ്ടാം ഘട്ടത്തിൽ 15 സ്റ്റാഫ് നഴ്സുമാരുടെയും ഏറ്റവും ഒടുവിലായി 6 സ്റ്റാഫ് നഴ്സുമാരുടെയും അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സ്റ്റാഫ് നഴ്സിന്റെ സേവനം അധികമായി വേണ്ടിവരികയാണെങ്കിൽ എൽ.എസ്.ജി.ഡി., എൻ.എച്ച്.എം., എച്ച്.എം.സി. മുഖേന കരാടിസ്ഥാനത്തിൽ സേവനം ലഭ്യമാക്കാവുന്നതാണ്. നിലവിൽ കോട്ടയം ജില്ലയിൽ 5 സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകളാണുള്ളത്. അതിൽ രണ്ടെണ്ണം പട്ടികവർഗ്ഗ വിഭാഗത്തിനായി മാറ്റിവയ്ക്കപ്പെട്ടതും മൂന്നെണ്ണം എൻ.ജെ.ഡി. പ്രകാരം നിലനിൽക്കുന്നതുമാണ്. ഈ 5 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാറമ്പുഴ, പനച്ചിക്കാട് എന്നിവിടങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കായി അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 2021 ആഗസ്റ്റ് 3-നാണ് പാറമ്പുഴയിൽ ഫാമിലി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനമാരംഭിച്ചത്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 10 കിടക്കകളോടുകൂടിയ ഐസൊലേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിനും ഈ എഫ്.എച്ച്.സി.-യെയാണ്

തെരഞ്ഞെടുത്തിട്ടുള്ളത്. നിലവിൽ ഈ സ്ഥാപനത്തിൽ 4 സ്റ്റാഫ് നഴ്സുമാരുടെയും 3 ഡോക്ടർമാരുടെയും തസ്തികകളുണ്ട്. പ്രതിദിന ശരാശരി പരിശോധിക്കുമ്പോൾ 110 ഒ.പി.-യും 5 ഐ.പി.-യുമുള്ള പനച്ചിക്കാട് എഫ്.എച്ച്.സി.-യിൽ 4 സ്റ്റാഫ് നഴ്സുമാരുടെ സേവനമാണ് ലഭ്യമാക്കിയിരുന്നത്. ആർദ്രം പദ്ധതിയുടെ ഭാഗമായാണ് നിലവിൽ സ്ഥാപനത്തിന് അനുവദിച്ചിരിക്കുന്ന 2 സ്റ്റാഫ് നഴ്സുമാരുടെ തസ്തിക സൃഷ്ടിക്കപ്പെട്ടത്. കൂടാതെ എൻ.എച്ച്.എം. സ്റ്റാഫ് നഴ്സിന്റെ സേവനവും ജോലി ക്രമീകരണ വ്യവസ്ഥയിലുള്ള ഒരു സ്റ്റാഫ് നഴ്സിന്റെ സേവനവും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. പരമാവധി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതുകൂടാതെ കൂടുതൽ രോഗികളെത്തുന്ന സാഹചര്യത്തിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

### (7) ഞാവളിൻകടവ് പാലം നിർമ്മാണം

ശ്രീ. കെ. പ്രേംകുമാർ: സർ, പാലക്കാട് ജില്ലയിൽ പത്തിരിപ്പാലയെയും പെരിങ്ങോട്ടുകുറിശ്ശിയെയും ബന്ധിപ്പിച്ചുകൊണ്ട് ഭാരതപ്പുഴയ്ക്ക് കുറുകെ റെയിൽവേ മേൽപ്പാലം ഉൾപ്പെടെയുള്ള ഞാവളിൻകടവ് പാലത്തിന്റെ നിർമ്മാണത്തിന് ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി പേരൂർ II വില്ലേജിൽ

നിലം പരിവർത്തനാനുമതി ലഭിക്കണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. മൂന്നര കിലോമീറ്റർ മാത്രമാണ് പത്തിരിപ്പാലയും പെരിങ്ങോട്ടുകുറിശ്ശിയും തമ്മിലുള്ള ദൂരം. ഈ പദ്ധതിയിലൂടെ പാലക്കാട് നഗരത്തിലെ തിരക്ക് ഒഴിവാക്കുന്നതിനും ജില്ലയിലെ വടക്ക് ഭാഗത്തുനിന്നും പൊള്ളാച്ചിയിൽനിന്നും വരുന്ന ചരക്ക് വാഹനങ്ങൾക്ക് മണ്ണാർക്കാട് പ്രദേശത്തേയ്ക്ക് പോകുന്നതിനും ഏറെ ഗുണകരമാകുന്നതാണ്. തരൂർ മണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശ്ശി രണ്ടാം വില്ലേജിൽ പാലം നിർമ്മിക്കുന്നതിനാവശ്യമായ നിലം പരിവർത്തനപ്പെടുത്തുന്നതിനുള്ള അനുമതി 28-12-2019-ന് ലഭ്യമായിട്ടുണ്ട്. ലക്കിടി പേരൂർ-II വില്ലേജിൽ 196.46 സെന്റ് കൃഷിഭൂമി പരിവർത്തനപ്പെടുത്തുന്നതിനുള്ള അനുമതിക്ക് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും നിരസിക്കുകയാണുണ്ടായത്. ജില്ലയുടെ വികസന മുന്നേറ്റത്തിൽ ശ്രദ്ധേയമാകുന്ന ഈ പദ്ധതിയുടെ മുന്നോട്ടുപോക്കിന് നിലം പരിവർത്തനാനുമതി ലഭിക്കേണ്ടത് മുഖ്യആവശ്യമായതിനാൽ എത്രയും വേഗം അതിനനുവാദം നൽകണമെന്ന് സബ്മിഷനിലൂടെ ഉന്നയിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ-II വില്ലേജിൽ പത്തിരിപ്പാലയെയും

പെരിങ്ങോട്ടുകുറിശ്ശിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഭാരതപ്പുഴയ്ക്ക് കുറുകെ റെയിൽവേ മേൽപ്പാലത്തോടുകൂടിയുള്ള ഞാവളിൻകടവ് പാലത്തിന്റെ അനുബന്ധ റോഡ് നിർമ്മാണത്തിന് 196.46 സെന്റ് നിലം പരിവർത്തനപ്പെടുത്തുന്നതിന് പാലക്കാട് പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയുണ്ടായി. ഈ അപേക്ഷയിൽ സൂചിപ്പിച്ച ഇരുപൂ കൃഷി ചെയ്യുന്ന ഭൂമി പരിവർത്തനപ്പെടുത്തുന്നത് നെൽകൃഷിയെ സാരമായി ബാധിക്കുമെന്നും ജല സംഭരണിയായതിനാൽ നികത്തപ്പെടുന്നത് ദൂരവ്യാപകമായ പാരിസ്ഥിതിക പ്രശ്നത്തിന് ഇടവരുത്തുമെന്നുമാണ് മനസ്സിലാക്കാൻ സാധിച്ചത്. ടി പ്രദേശം പാരിസ്ഥിതിക പ്രാധാന്യമുള്ളതും ഭൂമിശാസ്ത്രപരമായി ശുദ്ധജല സംഭരണിയായി നിലകൊള്ളേണ്ടതുമാണ്. ഇത്തരത്തിൽ ഭൂഗർഭ ജലസ്രോതസ്സ് സംരക്ഷിക്കപ്പെടുന്നതിനാലാണ് പ്രദേശങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നത്. പരിവർത്തനപ്പെടുത്തണമെന്നാവശ്യപ്പെട്ട സ്ഥലം പ്രത്യേക പാരിസ്ഥിതിക വ്യവസ്ഥയും ആവാസവ്യവസ്ഥയും ഉൾക്കൊള്ളുന്ന പ്രദേശമായതിനാൽ യാതൊരു തരത്തിലുള്ള പരിവർത്തനങ്ങളും പ്രസ്തുത പ്രദേശത്ത് അനുവദനീയമല്ലെന്നും ഏത് തരത്തിലുള്ള മാറ്റങ്ങളും ദൂരവ്യാപകമായ

പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്കിടയാക്കുമെന്നും പ്രദേശത്തെ ശുദ്ധജല ലഭ്യത എന്നന്നേയ്ക്കുമായി ഇല്ലാതാകുമെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ 10-ാം വകുപ്പു പ്രകാരം സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം, അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ചേർന്നുകിടക്കുന്ന നെൽവയലോ നെൽക്കൃഷിയോ ഏതെങ്കിലും ഉണ്ടെങ്കിൽ അതിനെയോ അതിലേയ്ക്കുള്ള സുഗമമായ നീരൊഴുക്കിനെയോ പ്രതികൂലമായി ബാധിക്കുകയില്ലെന്ന് അഭിപ്രായമുള്ളപക്ഷം മാത്രമെ പൊതുആവശ്യത്തിന് ടി നിയമത്തിലെ ഇളവ് അനുവദിക്കാൻ സാധിക്കുകയുള്ളൂവെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. പ്രസ്തുത ഭൂമി പരിവർത്തനപ്പെടുത്തത് സമീപത്തെ നെൽക്കൃഷിയെയും സുഗമമായ നീരൊഴുക്കിനെയും പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലാണ് അപേക്ഷ നിരസിച്ചത്. പെരിങ്ങോട്ടുകുറിശ്ശി-2 വില്ലേജിൽ ഞാവളിൻകടവ് പാലത്തിലേയ്ക്കുള്ള അനുബന്ധ റോഡ് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷയിൽ സൂചിപ്പിച്ച 308.4 സെന്റ് നെൽവയൽ പരിവർത്തനം ചെയ്താൽ നെൽക്കൃഷിയെ സാരമായി ബാധിക്കുമെന്ന് ബോധ്യപ്പെട്ടതിനാൽ

9-11-2017-ലെ സ.ഉ.(സാധാ)നം.1094/2017/കൃഷി പ്രകാരം അനുമതി നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഞാവളിൻകടവ് പാലവും അനുബന്ധ റോഡും അത്യന്താപേക്ഷിതമായതിനാൽ പാലക്കാട് ജില്ലാ കളക്ടർ ഈ വിഷയം പരിശോധിക്കുകയും സമീപപ്രദേശത്തെ നെൽപ്പാടങ്ങളെ സംരക്ഷിച്ച് അനുബന്ധ റോഡിനായി നെൽപ്പാടത്തിനുകുറുകെ ഒരു elevated structure നിർമ്മിക്കുന്നത് നെൽവയലിന്റെ നാശവും പാരിസ്ഥിതികാഘാതവും കുറയ്ക്കുമെന്ന് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും 308.4 സെന്റ് നിലത്തിൽ, elevated structure നിർമ്മിക്കുന്നതിനാവശ്യമായ പരമാവധി കുറഞ്ഞ അളവിലുള്ള നിലം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ട് 28-12-2019-ലെ സ.ഉ.(എം.എസ്)നം.174/2019/കൃഷി പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി പാലത്തിന്റെ ഒറ്റപ്പാലം മണ്ഡലത്തിന്റെ ഭാഗമായ ലക്കിടി-പേരൂർ ഭാഗത്ത് അനുബന്ധ റോഡിനായി പരമാവധി കുറഞ്ഞ അളവിലുള്ള നിലം പരിവർത്തനപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ഇതുവരെ ലഭ്യമായിട്ടില്ല; ടി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## (8) ജൽജീവൻ മിഷൻ പദ്ധതി

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, എല്ലാ ഗ്രാമങ്ങളിലും ശുദ്ധമായ കുടിവെള്ളം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ രൂപം നൽകിയ 'ജൽജീവൻ മിഷൻ' കേരളത്തിൽ നടപ്പിലാക്കുന്നതിന് വലിയ പ്രതിസന്ധിയുണ്ടായിരിക്കുകയാണ്. തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഉദയംപേരൂർ പഞ്ചായത്തുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നതെങ്കിലും ഇത് സംസ്ഥാനത്തെ 109 പഞ്ചായത്തുകളെയും ബാധിക്കുന്ന സ്ഥിതിയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഗുണഭോക്തൃ വിഹിതമായ 5 കോടി രൂപയിൽ കൂടുതൽ തുക അടയ്ക്കാൻ നിവൃത്തിയില്ലാത്ത പഞ്ചായത്തുകളെ ഇതിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. പഞ്ചായത്തുതലത്തിൽ തീരുമാനമെടുത്ത് ജില്ലാതലത്തിൽ അംഗീകരിച്ചശേഷം കേന്ദ്രഗവൺമെന്റിന്റെ അനുമതിയും ലഭിച്ച് സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിട്ടേഷൻ മിഷൻ യോഗം ചേർന്നപ്പോഴാണ് ഗുണഭോക്തൃ വിഹിതമായ 5 കോടി രൂപയിൽ കൂടുതൽ അടയ്ക്കാൻ നിവൃത്തിയില്ലാത്ത പഞ്ചായത്തുകളെ ഒഴിവാക്കാനുള്ള നിർദ്ദേശമുണ്ടായത്. അതിൻപ്രകാരം 109 പഞ്ചായത്തുകൾ ഇതിൽനിന്നും ഒഴിവാക്കപ്പെട്ടു. തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ മാത്രം ഏകദേശം 4860

കുടുംബങ്ങളും കേരളത്തിൽ മൊത്തം 3.50 ലക്ഷം കുടുംബങ്ങളും ഒഴിവാക്കപ്പെടുന്ന സ്ഥിതിയുണ്ടാകും. ശമ്പളം കൊടുക്കാൻ നിവൃത്തിയില്ലാത്ത, സർക്കാരിന്റെ ഗ്രാന്റ് കൊണ്ടുമാത്രം പ്രവർത്തിക്കുന്ന പഞ്ചായത്തുകൾക്ക് ഈ വിഹിതം അടയ്ക്കാൻ പ്രയാസമുണ്ട്. അതുകൊണ്ട് വിഹിതം അടയ്ക്കാൻ നിവൃത്തിയില്ലാത്ത പഞ്ചായത്തുകളെ ഒഴിവാക്കുന്നതിനുപകരം ഈ പഞ്ചായത്തുകൾക്കുകൂടി ഗവൺമെന്റ് സപ്പോർട്ട് നൽകിക്കൊണ്ട് ഇതിൽ ഉൾപ്പെടുത്തി ജൽജീവൻ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. വളരെ ഗൗരവമുള്ള പ്രശ്നമാണിത്. ഗ്രാമീണ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻവേണ്ടി 50 ശതമാനം സംസ്ഥാന വിഹിതവും 50 ശതമാനം കേന്ദ്രവിഹിതവുമെന്ന നിലയിൽ നടപ്പാക്കാൻ ഉദ്ദേശിച്ച ഈ കേന്ദ്ര സർക്കാർ പദ്ധതി കേരളത്തിൽ നടപ്പാക്കാൻ ആരംഭിച്ചപ്പോൾ പഞ്ചായത്തിന്റെ വിഹിതവും ഗുണഭോക്തൃവിഹിതവും നിശ്ചയിക്കുകയാണ് ചെയ്തത്. പക്ഷെ ഇപ്പോൾ പഞ്ചായത്തുകൾക്ക് വിഹിതമടയ്ക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലത്തെയും മറ്റ് പല മന്ത്രിമാരുടെയും മിക്കവാറും എല്ലാ എം.എൽ.എ.-മാരുടെയും നിയോജകമണ്ഡലങ്ങളെയും ഇത് ബാധിക്കുമെന്നാണ് കരുതുന്നത്. നിവൃത്തിയില്ലാത്ത പഞ്ചായത്തുകളെ

ഒഴിവാക്കി പദ്ധതി നടപ്പിലാക്കുന്നതിനുപകരം ഗവൺമെന്റ് സപ്പോർട്ട് നൽകി ഈ പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിനുള്ള തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ജൽജീവൻ മിഷൻ പദ്ധതിയിൽനിന്നും ഒരു പഞ്ചായത്തിനെയും ഒഴിവാക്കാൻ തീരുമാനിച്ചിട്ടില്ല. 2024-ഓടുകൂടി കേരളത്തിലെ മുഴുവൻ ഗ്രാമീണ മേഖലയിലും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിനോടൊപ്പം ഭരണാനുമതി ലഭ്യമായ 35.64 ലക്ഷം കണക്ഷനുവേണ്ടിയുള്ള പ്രവൃത്തികൾ നടന്നുവരികയാണ്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ യോഗത്തിലൂടെ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുടിവെള്ള പദ്ധതികൾക്ക് അഞ്ച് കോടി രൂപയോ അതിലേറെ തുകയോ വരുന്ന പഞ്ചായത്തുകളുടെ ബുദ്ധിമുട്ട് മനസ്സിലാക്കിയിട്ടുണ്ട്. അത്തരത്തിൽ ബുദ്ധിമുട്ടുള്ള പഞ്ചായത്തുകളുടെ പദ്ധതിയെ സംബന്ധിച്ച് പുനരവലോകനം നടത്താനും സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നെങ്കിൽ അത് എപ്രകാരം പരിരക്ഷിക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ചും വളരെ സഹായകരമായ ചിന്തകൾ

മാത്രമാണ് ഗവൺമെന്റിന്റെ പക്കലുള്ളത്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ആശങ്കയുടെ ആവശ്യമില്ല. എല്ലാ എം.എൽ.എ.-മാരും അവരവരുടെ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽനിന്നും അതിനാവശ്യമായ നടപടി സ്വീകരിച്ച് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ പാസ്സാക്കി ടെണ്ടർ ചെയ്ത പ്രവൃത്തികൾ നടത്തിക്കൊണ്ടുപോകുന്നതിന് സഹായകമായ നിലപാടാണ് സ്വീകരിക്കേണ്ടത്. സാമ്പത്തിക ഭദ്രതയില്ലാത്ത പഞ്ചായത്തുകളുടെ കാര്യത്തിൽ സഹായകരമായ നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നതാണ്. അതോടൊപ്പം ഇത്തരം കാര്യങ്ങളിൽ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് എം.പി./എം.എൽ.എ. ഫണ്ടുകൾ വിനിയോഗിക്കുന്നതിനുള്ള അനുവാദവും 2020-ലെ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. അതുകൊണ്ട് 2024 ആകുമ്പോഴേയ്ക്കും എല്ലാ മേഖലയിലും കുടിവെള്ളം ഉറപ്പാക്കുമെന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ ഒരുമിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത്. ഒരു പഞ്ചായത്തിനെയും ഇതിൽനിന്നും ഒഴിവാക്കുന്ന പ്രശ്നമില്ല. അങ്ങനെ എന്തെങ്കിലും വിഷയങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതോടൊപ്പം മാറ്റിവച്ച പഞ്ചായത്തുകളെ സംബന്ധിച്ച് പുനരവലോകനം നടത്തി അവയെക്കൂടി ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും. ആയതിന്

സഹായകരമായ നിലപാട് എല്ലാ എം.എൽ.എ.-മാരുടെ ഭാഗത്തുനിന്നുമുണ്ടാകണം. 2024 ആകുമ്പോൾ എല്ലാ കുടുംബങ്ങളിലും കുടിവെള്ളം എത്തിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

(9) തൃക്കരിപ്പൂരിലെ തീരദേശ ഗ്രാമങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് സംബന്ധിച്ച്

ശ്രീ. എം. രാജഗോപാലൻ: സർ, തൃക്കരിപ്പൂർ മണ്ഡലത്തിൽപ്പെടുന്ന നീലേശ്വരം മുനിസിപ്പാലിറ്റിയിലെയും ചെറുവത്തൂർ, പടന്ന ഗ്രാമപഞ്ചായത്തുകളിലെയും തീരപ്രദേശ മേഖലകളിൽ അനിയന്ത്രിതമായ തോതിൽ ഉപ്പുവെള്ളം കയറി വ്യാപക കൃഷിനാശം സംഭവിക്കുകയും ഏക്കർ കണക്കിന് സ്ഥലങ്ങളിലെ തെങ്ങ് കൃഷി നശിക്കുകയും ചെയ്തിരിക്കുകയാണ്. ജലമലിനീകരണവുമായി ബന്ധപ്പെട്ട പ്രശ്നമുള്ളതിനാൽ കുടിവെള്ളത്തിനും വലിയ പ്രയാസം നേരിടുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് മുമ്പ് സബ്മിഷൻ ഉന്നയിച്ചതിനെത്തുടർന്ന് അന്നത്തെ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി മുൻകയ്യെടുത്ത് സംസ്ഥാനതലത്തിലെയും മണ്ഡലാടിസ്ഥാനത്തിലെയും ഉദ്യോഗസ്ഥരുമായി യോഗം ചേരുകയും അതിന്റെയടിസ്ഥാനത്തിൽ ക്രമാതീതമായി ഉപ്പുവെള്ളം കയറി

നാശനഷ്ടമുണ്ടായ ഏകദേശം 568 ഹെക്ടർ സ്ഥലത്തെ 1500-ഓളം കുടുംബങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിനായി ജലസേചന വകുപ്പ് കാസർഗോഡ്-കാഞ്ഞങ്ങാട് ഡിവിഷൻ അധികൃതർ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയുമുണ്ടായി. നിലവിൽ അതിനാവശ്യമായ ഫണ്ടിന്റെ അപര്യാപ്തതയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് കുറേയധികം സ്ഥലങ്ങൾ രേഖപ്പെടുത്തി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. ഏറ്റവും വേഗത്തിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വലിയ തോതിൽ ഉപ്പുവെള്ളം കയറി കാർഷിക വിളകൾക്കും കുടിവെള്ളത്തിനും പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നുവെന്ന വളരെ ഗൗരവപൂർവ്വമായ വിഷയമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ജലവിഭവ വകുപ്പുമന്ത്രി വകുപ്പുതല ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് അതിനാവശ്യമായ നടപടികൾക്ക് തുടക്കം കുറിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ പരിശോധിക്കുകയും 54.21 കോടി രൂപ എസ്റ്റിമേറ്റ് തുക വരുന്ന സമഗ്ര റിപ്പോർട്ട് ജലസേചനവും ഭരണവും വകുപ്പ്

ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സബ്മിഷൻ ഗൗരവപൂർവ്വം കാണുകയാണ്. അതിന് പരിഹാരം കണ്ടെത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോകുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടാണ് നിലവിലുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ആവിഷ്കരിച്ച് മുന്നോട്ടുപോകാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

(10) കാസർഗോഡ് മിനിഡാമുകളുടെ നിർമ്മാണം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിനായി ജില്ലാ വികസന പാക്കേജിൽ നിർദ്ദേശിച്ച മൂന്ന് ചെറുകിട ജലസേചന പദ്ധതികളാണ് മൂന്നാംകടവ്, കാക്കടവ്, പയസ്വിനി മിനി ഡാമുകൾ. ഈ പദ്ധതികളുടെ ആവശ്യകതയാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കാസർഗോഡ് ജില്ലയിൽ ആവശ്യത്തിന് മഴ ലഭിക്കുന്നുണ്ട്. ജില്ലയിൽ പന്ത്രണ്ട് നദികളും ധാരാളം ജലസ്രോതസ്സുകളുമുണ്ടെങ്കിലും ഈ ജില്ലയിൽ ഇത്രയും വലിയ ജലക്ഷാമമുണ്ടാകുന്നത് വലിയൊരു പ്രശ്നമാണ്. ഓരോ മഴക്കാലത്തും ഈ നദികൾ നിറഞ്ഞുകവിഞ്ഞ് മുഴുവൻ ജലവും അറബിക്കടലിലേയ്ക്ക് ഒഴുകിപ്പോകുകയാണ്. ഈ ജലം സംരക്ഷിക്കാൻ കഴിഞ്ഞാൽ കാസർഗോഡ്

ജില്ലയിലെ കൃഷി/കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരമുണ്ടാകും. ഭൂഗർഭ ജലത്തിന്റെ അളവ് കാസർഗോഡ് ജില്ലയിൽ ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ കുഴൽക്കിണർ കുഴിക്കാനുള്ള അനുവാദം കൊടുക്കുന്നില്ല. അതുകൊണ്ട് ചന്ദ്രഗിരി, പയസ്വിനി പുഴകളിലൂടെ ഒഴുകുന്ന ജലം സംരക്ഷിക്കുന്നതിനുവേണ്ടി ടി മൂന്ന് പദ്ധതികളിലൂടെ ചെറുകിട മിനി ഡാമുകൾ പണിത് ജലം തടഞ്ഞുനിർത്തണമെന്നതാണ് ജില്ലയുടെ പൊതുആവശ്യം. ഇതുകണക്കിലെടുത്ത് മൂന്നാം കടവ് പദ്ധതിക്ക് ആദ്യ പരിഗണന നൽകിക്കൊണ്ട് ഈ മൂന്ന് പദ്ധതികളും അടിയന്തരമായി ആരംഭിക്കണം. ഇവിടെ വലിയൊരു ഡാം നിർമ്മിക്കേണ്ടതിന്റെ ആവശ്യം ഇ.എം.എസ്. ഗവൺമെന്റിന്റെ കാലംമുതൽ ഉയർന്നുവന്നെങ്കിലും പല കാരണങ്ങളാലും പിന്നീടത് ഉപേക്ഷിക്കപ്പെടുകയാണുണ്ടായത്. അവിടെ മിനി ഡാം പണിത് ജില്ലയിലെ കൃഷിയുടെയും കുടിവെള്ളത്തിന്റെയും പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, കാസർഗോഡ് ജില്ലയിൽ പന്ത്രണ്ട് നദികളുണ്ടെങ്കിലും ഡാമില്ലാത്തതുകൊണ്ട്

വേനൽക്കാലത്ത് കുടിവെള്ള സ്രോതസ്സുകൾ വറ്റിപ്പോകുന്ന വിഷയമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. 1970-90 കാലഘട്ടങ്ങളിൽ സജീവ പരിഗണനയിലുണ്ടായിരുന്നതും എന്നാൽ മറ്റ് പല പ്രശ്നങ്ങളാലും അവിടെ ഡാമുകൾ നിർമ്മിക്കാൻ സാധ്യമല്ലെന്നുമുള്ള വിലയിരുത്തലാണ് രൂപപ്പെട്ടത്. സമീപകാലത്ത് എം.പി.-മാരും എം.എൽ.എ.-മാരും ചേർന്ന യോഗത്തിൽ ആ പദ്ധതിയുടെ ആവശ്യകതയെ സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. ചന്ദ്രഗിരിപ്പുഴയുടെ കൈവഴിയായ കരിച്ചേരിപ്പുഴയിൽ നിർദ്ദിഷ്ട മൂന്നാംകടവിൽ ഡാം സ്ഥാപിക്കുന്നതിലൂടെ അതിന്റെ ക്യാച്ച്മെന്റ് ഏരിയയിൽ ഉൾപ്പെടുന്ന കാസർഗോഡ്-ഹോസ്ദുർഗ്ഗ് താലൂക്കുകളിലെ ബദിയടുക്ക, കുറ്റിക്കോൽ, കള്ളാർ, കോടോം ബേളൂർ, പുല്ലൂർ പെരിയ എന്നീ ഗ്രാമപ്രദേശങ്ങളിലെ ജലസേചന, കുടിവെള്ള പ്രശ്നങ്ങൾക്ക് വലിയൊരു അളവുവരെ പരിഹാരമാകുന്നതോടൊപ്പം ഭൂഗർഭ ജല റീചാർജ്ജിനും ഏറെ ഗുണകരമാകുകയും മിനി-മൈക്രോ ഹൈഡ്രോ ഇലക്ട്രിക് പവർ സ്റ്റേഷൻ നിർമ്മിക്കാനും സാധിക്കുന്നതാണ്. ആയതിനാൽ ജില്ലയുടെ സമഗ്ര ജലസംരക്ഷണത്തിനും വരൾച്ച ലഘൂകരണത്തിനും സഹായകമാകാൻ സാദ്ധ്യതയുള്ള മൂന്നാംകടവ് മിനി ഡാം നിർമ്മിക്കുന്നത് പൊതുവായ വികസനത്തിന് കാരണമാകും. ഇതിനായി കാസർഗോഡ് വികസന

പാക്കേജും ജലസേചന വകുപ്പും സംയുക്തമായി മിനി ഡാമിനുള്ള ഇൻവെസ്റ്റിഗേഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയങ്ങൾ പരിഹരിക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

## [12.18 P.M.]

## VII. മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 141 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്റ്റ്സ് സെർട്ടൻ കോർപ്പറേഷൻസ് ആൻഡ് കമ്പനീസ്) അമെന്റ്മെന്റ് ഓർഡിനൻസ്, 2021 | അല്ല |
| 2 | 2022 | 3 | ദി കേരള ലോകായുക്ത (അമെന്റ്മെന്റ്) ഓർഡിനൻസ്, 2022 | അല്ല |

II. വനം -വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 140 | ദി കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) | അല്ല |

| | | | | |
|---|---|---|---|---|
| | | | അമെന്റ്മെന്റ് ഓർഡിനൻസ്, 2021 | |

III. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 142 | 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് | അല്ല |

IV. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2022 | 2 | 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസ് | അല്ല |

V. സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2022 | 1 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2022 | അല്ല |

VI. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി,

പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 139 | 2021-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് | അല്ല |

VII. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 143 | 2021-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ഓർഡിനൻസ് | അല്ല |

VIII. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |

| | | | | |
|---|---|---|---|---|
| | | | | സഹിതമാണോയെന്ന് |
| 1 | 2021 | 144 | ദി കേരള പബ്ലിക് ഹെൽത്ത് ഓർഡിനൻസ്, 2021 | അതെ |

## [12.20 P.M.]

## VIII. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ചെയർമാൻ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## IX. റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. ചെയർമാൻ: കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

**[12.21 P.M.]**

## X. ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, "2022 ഫെബ്രുവരി 18-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: നന്ദിപ്രമേയത്തിന് ഭേദഗതി നോട്ടീസ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

6. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

   "എന്നാൽ, സർക്കാർ മേഖലയിൽ തൊഴിൽ നൽകുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുകയും ഉള്ള ഒഴിവുകൾ തന്നെ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട്

ചെയ്യാതെ അപ്രഖ്യാപിത നിയമന നിരോധനംമൂലം നിലനിൽക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

7. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ചില സഹകരണ ബാങ്കുകൾ നടത്തുന്നതായി പറയപ്പെടുന്ന അഴിമതി തടയുന്നതിന് നടപടികൾ സ്വീകരിക്കാതിരിക്കുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

8. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡാനന്തര കാലഘട്ടത്തിൽ ചെറുകിട സംരംഭകർ സാമ്പത്തിക പരാധീനതമൂലം ആത്മഹത്യ ചെയ്യുന്നത് തടയുന്നതിനും അവർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

9. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാത്തതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

10. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക്

ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പുന:പരിശോധിക്കും എന്നും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനസ്ഥാപിക്കും എന്നുള്ള പ്രഖ്യാപനത്തെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

11. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അഴിമതി, കെടുകാര്യസ്ഥത, ആസൂത്രണത്തിലെ പിഴവുകൾ എന്നിവമൂലം വൈദ്യുതി മേഖലയിൽ ഉണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധിയും ആയതിനെ തുടർന്ന് തൊഴിലാളി സംഘടനകൾ വൈദ്യുതി ബോർഡിൽ പണിമുടക്കിയതിനെ സംബന്ധിച്ചും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

12. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സ്ത്രീകൾക്കും കുട്ടികൾക്കും ആദിവാസികൾക്കുമെതിരെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന അതിക്രമങ്ങളെ പറ്റിയും കുട്ടികളുടെ ദത്തെടുക്കലുമായി ബന്ധപ്പെട്ട് നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകളെ സംബന്ധിച്ചും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

13. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വൈദ്യുതി വകുപ്പിന്റെ കെടുകാര്യസ്ഥതമൂലം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച് സാധാരണക്കാരുടെമേൽ അധിക സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കാൻ നടത്തുന്നതായി പറയപ്പെടുന്ന നീക്കങ്ങളെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

14. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തേക്ക് പലതരം ലഹരിവസ്തുക്കൾ കടത്തുന്നത് തടയുന്നതിനും നിശാപാർട്ടികൾ ഉൾപ്പെടെ ലഹരി മരുന്ന് വിതരണം ചെയ്യുന്ന ലഹരിമരുന്ന് മാഫിയയെ നിയന്ത്രിക്കുന്നതിനുമുള്ള നടപടികളെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

15. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പെട്രോൾ-ഡീസൽ-പാചകവാതക വില അടിക്കടി കൂട്ടുന്ന സാഹചര്യത്തിൽ മറ്റു പല സംസ്ഥാനങ്ങളും പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി കുറച്ച് മാതൃക അവലംബിച്ച് സംസ്ഥാനവും ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ട അമിതഭാരം ലഘൂകരിക്കുന്നതിനും അവശ്യവസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

16. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ റെയിൽവേ മേഖലയിൽ പ്രഖ്യാപിച്ച പല പദ്ധതികളും നടപ്പിലാക്കാത്തത് സംബന്ധിച്ചും, പാതയിരട്ടിപ്പിക്കൽ ഉൾപ്പെടെ പണി നടന്നുകൊണ്ടിരിക്കുന്ന പല പദ്ധതികൾക്കും സ്ഥലം ഏറ്റെടുത്ത് നൽകാത്തതും, ഫണ്ടിന്റെ അപര്യാപ്തതമൂലവും അനന്തമായി നീണ്ടുപോകുന്നതായും പറയപ്പെടുന്നതിനെ സംബന്ധിച്ചും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

17. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നടക്കുന്നതായി പറയപ്പെടുന്ന വഴിവിട്ട നിയമനങ്ങളെയും, ബന്ധു നിയമനങ്ങളെയും സർട്ടിഫിക്കറ്റ് നൽകുന്നതിന് വരെ കൈക്കൂലി വാങ്ങുന്ന ജീവനക്കാർ ഉള്ളതിനെയും സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

18. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും മതിയായ സംരക്ഷണം നൽകുന്നതിനുള്ള നടപടികളെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

19. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വിദേശ രാജ്യങ്ങളിൽനിന്നും തിരിച്ചെത്തിയ പ്രവാസികൾ സ്വന്തം നാട്ടിൽ തുടങ്ങുന്ന സംരംഭങ്ങൾ തൊഴിലാളി സംഘടനയിലെ അംഗങ്ങളുടെ ഭീഷണിയെത്തുടർന്ന് പൂട്ടിപ്പോകുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തെപറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

20. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ ടൂറിസം മേഖലയെ ജനോപകാരപ്രദമായി വികസിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനെ സംബന്ധിച്ചും ശോചനീയാവസ്ഥയിൽ ഉള്ളതായി പറയപ്പെടുന്ന ഗസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനെ സംബന്ധിച്ചും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

21. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഇപ്പോൾ സംസ്ഥാനത്ത് നടമാടുന്നതായി പറയപ്പെടുന്ന ഗുണ്ടാവിളയാട്ടം, ജനങ്ങളുടെ സ്വൈര്യ ജീവിതത്തെ ബാധിക്കുന്ന തരത്തിൽ ക്രമസമാധാനനില തകർത്തെന്ന് പറയപ്പെടുന്നത് അത് മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികളെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

22. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സിൽവർ ലൈൻ പദ്ധതി കടന്നുപോകുന്ന പ്രദേശങ്ങളിലുള്ള ജനങ്ങളിൽ ഉളവാക്കുന്ന ആശങ്കകൾ കണക്കിലെടുക്കാതെയും സംസ്ഥാനത്തെ ജൈവവൈവിദ്ധ്യത്തിനും പരിസ്ഥിതിക്കും ഏൽപ്പിക്കുന്ന ആഘാതം പരിഗണിക്കാതെയും പദ്ധതിയുടെ വിശദാംശങ്ങൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്യാതെയും പദ്ധതി നടപ്പാക്കുവാൻ ശ്രമിക്കുന്നതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

23. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പൊതുജനങ്ങൾക്ക് വിവിധ സർക്കാർ ആവശ്യങ്ങൾക്ക് അപേക്ഷ സമർപ്പിക്കാൻ അക്ഷയയെ ആശ്രയിക്കാതെ അപേക്ഷകന് നേരിട്ട് ഓൺലൈനായി അപേക്ഷിക്കാവുന്ന രീതി സമാന്തരമായി ഉണ്ടെങ്കിലും അത് ഫലപ്രദമാകുന്നില്ല എന്ന് പറയപ്പെടുന്ന വിഷയം

പരിഹരിക്കുന്നതിന് ഉള്ള നടപടിയെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

24. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് മലിനജലം ചാലുകളിലും കുളങ്ങളിലും ഒഴുകുന്നത് തടയുന്നതിനും നിയമലംഘകർക്ക് ശിക്ഷ ഉറപ്പാക്കുന്നതിനും നിലവിലുള്ള സ്വീവറേജ് സംവിധാനം വിപുലീകരിക്കുന്നതിനും കൂടുതൽ ഇടങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികളെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

25. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അടിക്കടിയുള്ള ഡീസൽ വില വർദ്ധനവിനിടയിലും അയൽ സംസ്ഥാനത്ത് പൊതുഗതാഗത സർവ്വീസിൽ ബസ് ചാർജ്ജ് കുറച്ചതും വിവിധ വിഭാഗങ്ങൾക്ക് യാത്രാസൗജന്യം അനുവദിച്ചതും മാതൃകയാക്കി ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാൻ കൂട്ടാക്കാത്തതായി പറയപ്പെടുന്ന നടപടിയെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

26. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വിവിധ സർക്കാർ ആനുകൂല്യങ്ങളുടെ ഗുണഭോക്താക്കൾ പ്രധാന ഭരണകക്ഷിക്കാർ മാത്രം ആകുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം തടയുന്നതിനോ സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് കുറ്റമറ്റ സംവിധാനം രൂപീകരിച്ച് പരാതി പരിഹാര നടപടിക്ക് സ്വീകാര്യമായ ഒരു സംവിധാനത്തെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

27. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പ്രധാന റോഡുകളുടേതുൾപ്പെടെയുള്ള റോഡുകളിലെ വശങ്ങളിൽ സൈക്കിൾ ബേകൾ ഏർപ്പെടുത്തുന്നതിന് സംവിധാനം ഒരുക്കുന്നതിന് ആവശ്യമായ ഒരു നിർദ്ദേശവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

28. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഒരു പരിധിവരെ അഴിമതി ഇല്ലായ്മ ചെയ്യുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള ജുഡീഷ്യൽ സംവിധാനമായ ലോകായുക്തയുടെ ശക്തി ചോർത്തിക്കളയുന്നതായി പറയപ്പെടുന്ന നിയമ ഭേദഗതി നടത്തിയതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

29. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കണ്ണൂർ സർവ്വകലാശാലാ വി.സി.ക്ക് പുനർ നിയമനം നൽകാനുള്ള സർക്കാർ ശിപാർശ നിയമങ്ങൾക്ക് എതിരായിട്ടും, സമ്മർദ്ദങ്ങൾക്ക് വഴങ്ങി നിയമിക്കേണ്ടിവന്നതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

30. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനം വൻ കടക്കെണിയിലായിട്ടും, സർക്കാരിന്റെ ധൂർത്തും, ചെലവുകളും നിയന്ത്രിക്കാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

31. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വൈദ്യുതി ബോർഡിലെ ക്രമക്കേടുകൾ സംബന്ധിച്ച് സമഗ്ര അന്വേഷണങ്ങൾ നടത്താതെ ചാർജ്ജ് വർദ്ധനവിലൂടെയും ഫിക്സഡ് ഡെപ്പോസിറ്റ് ഇരട്ടിയാക്കി വർദ്ധിപ്പിച്ചും സാധാരണക്കാരന്റെ നടുവൊടിക്കുന്നതായി പറയപ്പെടുന്ന നയങ്ങൾ പിൻവലിക്കുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

32. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ ഇടപാടുകളിൽ നടത്തുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ ഇല്ലാതാക്കാനും സുതാര്യത ഉറപ്പുവരുത്തുന്നതിനും ഓഡിറ്റ് സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതിനെയും സംബന്ധിച്ച നിർദ്ദേശങ്ങളെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

33. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പാത ഇരട്ടിപ്പിക്കൽ അടക്കമുള്ള സംസ്ഥാനത്തെ നിലവിലുള്ള റെയിൽവേ ഗതാഗതത്തിന്റെ അടിയന്തര ആവശ്യങ്ങൾ പരിഹരിക്കാതെ ധൃതിപിടിച്ച് അതിവേഗ റെയിൽ പാത നിർമ്മിക്കുന്നതിലൂടെ ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കകൾ ദൂരീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

34. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വളർച്ച ത്വരിതപ്പെടുത്താൻ കഴിയുന്ന നയങ്ങളെ സംബന്ധിച്ചും കടം - ജി.ഡി.പി. അനുപാതം കുറച്ചുകൊണ്ടുവരുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളെ സംബന്ധിച്ചും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

35. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കാലാവസ്ഥാ വ്യതിയാനത്തിന്റെ പരിണിത ഫലങ്ങളെക്കുറിച്ച് ശാസ്ത്രീയമായി പഠനം നടത്തുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

36. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

37. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡ്മൂലം മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് ധനസഹായം അനുവദിക്കുന്ന അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

38. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത്

കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡ് 19-നെതിരെയുള്ള സാമൂഹിക പ്രതിരോധശേഷി ഉറപ്പാക്കുന്നതിനായി കുട്ടികൾക്കുള്ള കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് സംസ്ഥാനത്ത് 100 ശതമാനം ലക്ഷ്യം കൈവരിക്കാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

39. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡ് 19-നെതിരെയുള്ള ബൂസ്റ്റർ ഡോസ് കുത്തിവയ്പ്പ് സമയബന്ധിതമായി നൽകാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

40. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുത്തിട്ട് നഷ്ടപരിഹാര തുക സമയബന്ധിതമായി വിതരണം ചെയ്യാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

41. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സ്ഥലമെടുപ്പുകൾക്കായി സർക്കാർ പ്രഖ്യാപിച്ച വിവിധ പാക്കേജുകൾ സമയബന്ധിതമായി നടപ്പാക്കാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

42. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത്

കൂട്ടിച്ചേർക്കുക:

"എന്നാൽ, വഖഫ് ബോർഡിന്റെ തനത് സ്വഭാവം ഇല്ലാതാക്കി നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട സർക്കാർ തീരുമാനം പുനഃപരിശോധിക്കാത്തത് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

43. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ലോകായുക്തയുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന പുതിയ ഭേദഗതികൾ കൊണ്ടുവന്നതുമൂലം അഴിമതിയും സ്വജനപക്ഷപാതവും വർദ്ധിക്കുവാൻ ഇടവരുത്തുന്നതായി പറയപ്പെടുന്ന നയങ്ങൾ പിൻവലിക്കുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

44. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വിശദമായ പദ്ധതിരേഖ, സമഗ്ര പാരിസ്ഥിതിക ആഘാത പഠനം, ന്യായമായ നഷ്ടപരിഹാരം എന്നിവ സംബന്ധിച്ച് നിലവിലുള്ള ആശങ്കകൾ ദൂരീകരിക്കാതെ ധൃതിപിടിച്ച് കെ-റെയിൽ പദ്ധതി നടപ്പാക്കുന്നതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

45. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഫെഡറൽ തത്ത്വങ്ങൾക്ക് വിരുദ്ധമായി കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് കാണിക്കുന്ന അവഗണനമൂലം സംസ്ഥാനത്തെ വികസന ക്ഷേമ പ്രവർത്തനങ്ങളിലുണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധിയെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

48. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അടിയന്തര ശ്രദ്ധ ആവശ്യമായ കോവിഡാനന്തര ചികിത്സയെ സംബന്ധിച്ചോ സംസ്ഥാനത്ത് ക്രമാതീതമായി ഉള്ളതായി പറയപ്പെടുന്ന അത്തരം രോഗികളുടെ വർദ്ധനവ് എപ്രകാരം കൈകാര്യം ചെയ്യുമെന്നതിനെ സംബന്ധിച്ചോ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

49. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നാമമാത്ര കൃഷിസ്ഥലങ്ങൾ മാത്രമുള്ള സംസ്ഥാനത്തെ കർഷകരെ ദോഷകരമായി ബാധിക്കുന്നതായി പറയപ്പെടുന്നതും ഗുരുതര പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമായി പറയപ്പെടുന്ന സിൽവർ ലൈൻ റെയിൽ പദ്ധതി ഉപേക്ഷിക്കുന്നതിനെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

50. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഹൈഡൽ ടൂറിസം പദ്ധതികൾക്ക് വൈദ്യുതി ബോർഡിന്റെ ഭൂമി സർക്കാരിന്റെ അനുമതി ഇല്ലാതെ നൽകിയതായും പുറത്തു നിന്ന് വൈദ്യുതി വാങ്ങുന്നതിൽ

നടത്തിയതായും പറയപ്പെടുന്ന ക്രമക്കേടുകളിൽ അന്വേഷണം നടത്തുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

51. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പതിറ്റാണ്ടുകളായി വൻകിടക്കാരെ പരിപൂർണ്ണമായും സഹായിക്കുന്നതായി പറയപ്പെടുന്ന രീതിയിൽ KSEB-യുടെ കുടിശ്ശിക തുക പിരിച്ചെടുക്കുന്ന കാര്യത്തിൽ സമയബന്ധിതമായ യാതൊരു നടപടിയെ സംബന്ധിച്ചും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

52. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാതെ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ച് വരുന്നതായി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

53. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ചുമട്ടുതൊഴിലാളികളുടെ സമരംമൂലം വ്യാപാര സ്ഥാപനങ്ങൾ അടച്ചിടേണ്ടി വരുന്നതായി പറയപ്പെടുന്ന സാഹചര്യത്തെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

54. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പതിറ്റാണ്ടുകളായി സംസ്ഥാന തലസ്ഥാനനഗരിയിലെ കയ്യേറിയതായി പറയപ്പെടുന്ന സർക്കാർ വക ഭൂമി കയ്യേറ്റം ഒഴിവാക്കി തിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടിയെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

62. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അഴിമതി നിരോധനത്തിനായി രൂപീകരിച്ച ലോകായുക്ത നിയമത്തിനുള്ള ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടി വന്നതിന്റെ അടിയന്തര സാഹചര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

57. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ലോകായുക്തയുടെ അധികാരം വെട്ടിക്കുറയ്ക്കുന്നതായി പറയപ്പെടുന്ന ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടി വന്നത് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

58. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഓരോ <u>പത്തു</u> വർഷം കൂടുമ്പോഴും സംവരണപ്പട്ടിക

പുനഃപരിശോധിച്ച് പുതിയ പിന്നാക്ക വിഭാഗങ്ങളെ ഉൾപ്പെടുത്തി പൂർണ്ണമാക്കണമെന്ന 1992-ലെ സുപ്രീംകോടതി വിധി നടപ്പാക്കുന്നതിനെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു"

59. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വൈദ്യുതി ബോർഡിന് ലഭിക്കാനുള്ളതായി പറയപ്പെടുന്ന കുടിശ്ശിക പിരിച്ചെടുത്ത് ബോർഡിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കി ചാർജ്ജ് വർദ്ധനവ് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമെന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

60. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന ഗുണ്ടാവിളയാട്ടവും ലഹരിപാർട്ടികളും നിയന്ത്രിക്കാൻ കഴിയാത്ത കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

61. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സ്വർണ്ണക്കടത്തു കേസിലെ പ്രതികൾ നടത്തിയതായി പറയപ്പെടുന്ന പുതിയ വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിൽ പുനരന്വേഷണം നടത്തണമെന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

65. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വിലയിടിവും, കോവിഡ് മഹാമാരിയുംമൂലമുണ്ടായ സാമ്പത്തിക തകർച്ചയും കാരണം ബാങ്ക്ലോണുകൾ തിരിച്ചടയ്ക്കാൻ കഴിയാതെ കഷ്ടത്തിലായ കർഷകരുടെ ബാങ്ക് ലോണുകൾ എഴുതി തള്ളുന്നതിന് നടപടി സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

66. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അഴിമതിരഹിതമായ പൊതുപ്രവർത്തനം സാധ്യമാക്കുന്നതിന് ലോകായുക്ത പോലെ ജനങ്ങൾ സമീപിക്കുന്ന സ്ഥാപനങ്ങളെ കൂടുതൽ ശാക്തീകരിക്കേണ്ടതിന് പകരം അവയെ ദുർബ്ബലപ്പെടുത്താൻ നടത്തുന്നതായി പറയപ്പെടുന്ന നീക്കങ്ങളെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

67. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലോ, ക്ഷേമപദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് വേണ്ടിയോ ആവശ്യമായ പദ്ധതികളെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

68. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത്

കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് മതസൗഹാർദ്ദം തകർക്കുന്ന പ്രവണതകൾ തടയുന്നതിനും മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

69. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന ഗുണ്ടാ ആക്രമണം തടയാൻ കഴിയാത്ത സാഹചര്യം പരിശോധിക്കുമെന്നും പൊതുജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന വീഴ്ചകൾ പരിഹരിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

70. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കുട്ടികൾക്കെതിരായി വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമെന്നും ഈ വിഷയത്തിൽ സർക്കാരിനുണ്ടായതായി പറയപ്പെടുന്ന വീഴ്ചകൾ പരിഹരിക്കുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു"

71. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാന സിവിൽ സർവ്വീസിൽ ഈ സർക്കാരിന്റെ കാലത്ത് എം.ജി. സർവ്വകലാശാലയിൽ

ഉണ്ടായത് പോലെയുള്ള കൈക്കൂലി കേസുകൾ തടയുമെന്നും അഴിമതി രഹിത സിവിൽ സർവ്വീസ് നടപ്പാക്കുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

72. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരള ലോകായുക്തയ്ക്ക് സ്വജനപക്ഷപാതത്തിനും അഴിമതിക്കുമെതിരെ സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള സാഹചര്യവും നിയമപരിരക്ഷയും ഉറപ്പാക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

73. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പൗരത്വ നിയമഭേദഗതിക്കെതിരെ സംസ്ഥാനത്ത് ചുമത്തിയതായി പറയപ്പെടുന്ന കേസുകൾ പിൻവലിക്കുമെന്നും ജനാധിപത്യ രീതിയിൽ പ്രതിഷേധിച്ചവർക്ക് എല്ലാ നിയമ പരിരക്ഷയും ഉറപ്പുവരുത്തുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

74. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മാധ്യമ സ്വാതന്ത്ര്യം തടയുന്ന തരത്തിലുള്ള കേന്ദ്ര സർക്കാരിന്റെ നടപടികളെ ശക്തമായി എതിർക്കുന്നുവെന്നും സംസ്ഥാനത്ത് അഭിപ്രായ സ്വാതന്ത്ര്യവും മാധ്യമ സ്വാതന്ത്ര്യവും ആവിഷ്കാര സ്വാതന്ത്ര്യവും ഉറപ്പു വരുത്തുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

75. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാർ ആശുപത്രികളിൽ മതിയായ സുരക്ഷ

ഒരുക്കുമെന്നും കുട്ടികളെ സർക്കാർ ആശുപത്രികളിൽനിന്നും തട്ടിക്കൊണ്ടുപോകുന്നതു പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

76. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, യഥാസമയം ആശുപത്രിയിൽ എത്തിച്ച് ചികിത്സ നൽകാൻ കഴിയാത്തതുകൊണ്ട് സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ വർദ്ധിക്കാനിടയായതായി പറയപ്പെടുന്ന സാഹചര്യം പരിശോധിക്കുമെന്നും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

77. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ വിവിധങ്ങളായ മെഡിക്കൽ ഉപകരണങ്ങളുടെ പർച്ചേസുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന അഴിമതികൾ അന്വേഷിക്കുമെന്നും കുറ്റക്കാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

78. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ആരോഗ്യവകുപ്പിൽ കോടിക്കണക്കിന് രൂപയുടെ മരുന്നും ഉപകരണങ്ങളും വാങ്ങിയതുമായി ബന്ധപ്പെട്ട് അഴിമതിയുണ്ടെന്ന് ആരോപണം ഉയർന്ന പർച്ചേസുമായി ബന്ധപ്പെട്ട് അഞ്ഞൂറിലധികം സുപ്രധാന ഫയലുകൾ കാണാതായതായി പറയപ്പെടുന്ന സംഭവങ്ങളെക്കുറിച്ച് അന്വേഷിച്ച് ശക്തമായ നടപടി സ്വീകരിക്കുമെന്ന്

പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

79. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് കുഞ്ഞുങ്ങളുടെ ദത്തെടുക്കൽ നടപടികളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

80. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് ചിൽഡ്രൻസ് ഹോമുകളിൽനിന്ന് പെൺകുട്ടികളെ കാണാതാവുന്നതായി പറയപ്പെടുന്ന സംഭവങ്ങൾ തടയുമെന്നും പെൺകുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

81. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന മയക്കമരുന്ന്, ലഹരി കേസുകൾ തടയുന്നതിനും മറ്റ് സംസ്ഥാന ലഹരിമാഫിയകൾക്ക് ലഹരി പാർട്ടികൾ നടത്തുന്നതിനുള്ള സുരക്ഷിത താവളമാക്കി സംസ്ഥാനത്തെ മാറ്റുന്നത് തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

82. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ബഡ്ജറ്റ് ഇതര കടമെടുപ്പിലൂടെ സംസ്ഥാന സർക്കാരിനെ കടക്കെണിയിലാക്കുന്നതായി പറയപ്പെടുന്ന നടപടികൾ ആവർത്തിക്കുകയില്ലെന്നും സംസ്ഥാനത്തിന്റെ

കടബാധ്യത കുറയ്ക്കുന്നതിന് ശാശ്വതമായ പരിഹാരം ഉറപ്പുവരുത്തുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

83. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പെട്രോൾ, ഡീസൽ, ഉൾപ്പെടെയുള്ള പെട്രോളിയം ഉത്പന്നങ്ങളുടെ വിലവർദ്ധനവ് പൊതുജനങ്ങളെ പ്രതികൂലമായി ബാധിക്കുന്നത് ഒഴിവാക്കുന്നതിന് നികുതി ഇളവ് ഉറപ്പുവരുത്തുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

84. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, രാഷ്ട്രീയ കൊലപാതക കേസുകളിലെ പ്രതികളെ രക്ഷിക്കുന്നതിന് കോടികൾ ചെലവാക്കി വക്കീലന്മാരെ നിയോഗിക്കുന്നതായി പറയപ്പെടുന്ന പ്രവണത അവസാനിപ്പിച്ച് നിരാലംബരായ ആദിവാസികൾ കൊല്ലപ്പെട്ടതായി പറയപ്പെടുന്ന സംഭവങ്ങളിൽ മികച്ച പബ്ലിക്ക് പ്രോസിക്യൂട്ടർമാർ ഹാജരായി വാദിക്കുന്നത് ഉറപ്പാക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

85. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് ഇ-പോസ് മെഷീനുകളുടെ സെർവർ തകരാറിനെ തുടർന്ന് റേഷൻ വിതരണം മുടങ്ങി റേഷൻ കടകൾ അടച്ചിടേണ്ടി വരുന്നതായി പറയപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിച്ച് പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

86. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് ഭൂമി തരം മാറ്റൽ അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കാത്തതുമൂലം ആത്മഹത്യ ചെയ്യേണ്ടി വരുന്നതായി പറയപ്പെടുന്ന സാഹചര്യം സംസ്ഥാനത്ത് ആവർത്തിക്കില്ലായെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

87. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ജപ്തിഭീഷണിയെ തുടർന്ന് കർഷകർ ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

92. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോടികൾ മുടക്കി ഉണ്ടാക്കിയ സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. അപൂർണ്ണവും, അശാസ്ത്രീയവും, ഡി.പി.ആറിലെ അലൈൻമെന്റ് ഡ്രോയിങ്ങിൽ മൊത്തം 530 കിലോമീറ്ററിൽ പാതയുടെ വെറും 115 കി. മീ. ദൂരം വരെയുള്ള ട്രാക്കിന്റെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും പറയപ്പെടുന്നതിനാൽ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് പുനരാലോചന നടത്തുമെന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

121. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 2020 മാർച്ച് 29-ന് 550 രൂപയ്ക്ക് പി.പി.ഇ. കിറ്റ് വാങ്ങിയ ദിവസം തന്നെ മഹാരാഷ്ട്ര ആസ്ഥാനമായ സാൻ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നും 1500 രൂപയ്ക്ക് പി.പി.ഇ. കിറ്റ് വാങ്ങുകയും അതുവഴി കോടികളുടെ അഴിമതി നടത്തുകയും ചെയ്തതായി പറയപ്പെടുന്ന സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമെന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

93. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് ട്രിപ്പിൾ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ നിലനിന്നിരുന്ന സമയത്തു സ്വർണ്ണക്കടത്തു കേസിലെ പ്രധാന പ്രതി സ്വപ്ന സുരേഷ് പോലീസിന്റെ മുഴുവൻ സംവിധാനങ്ങളെയും പരിശോധനകളെയും മറികടന്നുകൊണ്ട് സംസ്ഥാനം വിട്ടതായി പറയപ്പെടുന്ന സംഭവത്തിൽ പോലീസിനുണ്ടായ വീഴ്ചയിൽ അന്വേഷണം നടത്തുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

106. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഹൈഡൽ ടൂറിസം പദ്ധതിയുടെ പേരിൽ ഭരണകക്ഷിയുടെ നിയന്ത്രണത്തിലുള്ള കടലാസ് സഹകരണ സംഘങ്ങൾക്ക് വരെ ക്രമവിരുദ്ധമായി സർക്കാർഭൂമി നൽകിയതായി പറയപ്പെടുന്ന നടപടിയിലെ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

94. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ യു.എ.ഇ. സർക്കാർ നടപ്പാക്കാൻ ആഗ്രഹിച്ച ഭവനനിർമ്മാണ പദ്ധതി, സ്വകാര്യ ഏജൻസി മുഖേന നടത്തുന്ന രീതിയിലേക്ക് മാറ്റിയത് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ആയിരുന്ന ശിവശങ്കറിന്റെ നേരിട്ടുള്ള ഇടപെടലിനെത്തുടർന്നാണ് എന്ന് സ്വർണ്ണ കടത്ത് കേസ് പ്രതിയായ സ്വപ്ന സുരേഷ് വെളിപ്പെടുത്തിയതായി പറയപ്പെടുന്നത് സംബന്ധിച്ച് അന്വേഷണം നടത്തുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

107. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡിന്റെ അടിയന്തര സാഹചര്യം മുതലെടുത്തുകൊണ്ട് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന നടത്തിയ അനധികൃത പർച്ചേയ്സുകളിലൂടെ കോടിക്കണക്കിനു രൂപയുടെ അഴിമതി നടത്തിയതായി പറയപ്പെടുന്ന സംഭവത്തിൽ അന്വേഷണം നടത്തുന്നത് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

95. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയും, പൊതു കടം

ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഒരു ലക്ഷം കോടിയിലേറെ ചെലവ് പ്രതീക്ഷിക്കുന്ന സിൽവർ ലൈൻ പദ്ധതി സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കും എന്നത് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

108. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വർഗീയ ശക്തികൾ പരസ്പരം കൊല ചെയ്തും വിദ്വേഷ പ്രചാരണത്തിലൂടെയും ഉണ്ടാക്കാൻ ശ്രമിക്കുന്നതായി പറയപ്പെടുന്ന വർഗീയ ധ്രുവീകരണം പ്രതിരോധിക്കുന്നതിനുള്ള കർമ്മ പദ്ധതി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

97. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളാകുന്ന കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനും ക്രിമിനൽ പശ്ചാത്തലമുള്ളവരെ കണ്ടെത്തുന്നതിനും സംവിധാനം ഉണ്ടാക്കുന്നത് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദം പ്രകടിപ്പിക്കുന്നു."

110. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ജി.എസ്.ടി. നികുതി ഘടനയ്ക്ക് അനുസൃതമായി നികുതി വകുപ്പിന്റെ പുനഃസംഘടന നടത്താതിരുന്നതിനാൽ നികുതി വരുമാനത്തിൽ വലിയ കുറവുണ്ടാവുകയും തന്മൂലം

ഗുരുതര സാമ്പത്തിക പ്രതിസന്ധി ഉണ്ടാവുകയും ചെയ്തതായി പറയപ്പെടുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

99. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഭരണകക്ഷി അനുകൂല ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ അനാവശ്യസമരങ്ങളിലൂടെയും, നിർബന്ധിത പിരിവുകളിലൂടെയും, തൊഴിൽ വിലക്കുകളിലൂടെയും ചെറുകിട കച്ചവടക്കാരെയും സംരംഭകരെയും പ്രതിസന്ധിയിലേക്ക് തള്ളിവിടുകയും വ്യവസായ സൗഹൃദ അന്തരീക്ഷം ഇല്ലാതാക്കുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഇത്തരം ദുഷ്പ്രവണതകളെ ചെറുക്കുന്നതിനുള്ള നടപടികൾ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

114. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ആദിവാസി ഊരുകളിൽ ലഹരി മാഫിയയുടെ പ്രവർത്തനം പിടിമുറുക്കുകയും മാഫിയയുടെ സ്വാധീനത്തിൽപ്പെട്ട് ആദിവാസി പെൺകുട്ടികൾ ഉൾപ്പെടെ ജീവനൊടുക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഇത് പരിഹരിക്കുന്നതിനായി യാതൊരു കർമ്മപദ്ധതിയും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

100. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് ഉറപ്പാക്കുവാൻ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന സാഹചര്യത്തിൽ പദ്ധതി പൂർത്തീകരണം വേഗത്തിലാക്കാൻ വേണ്ടി ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

115. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡ്മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുണ്ടായതായി പറയപ്പെടുന്ന വീഴ്ച സംബന്ധിച്ച് സുപ്രീംകോടതിയിൽനിന്നും വിമർശനം ഉണ്ടായതിന് ശേഷവും കോടതി നിർദ്ദേശപ്രകാരം മുഴുവനാളുകൾക്കും നഷ്ടപരിഹാരം ലഭ്യമാക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല എന്ന് പറയപ്പെടുന്നതിന്റെ കാരണം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

101. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പട്ടയഭൂമിയിൽനിന്നും അനധികൃതമായി ചന്ദനമുൾപ്പെടെയുള്ള വൃക്ഷങ്ങൾ മുറിച്ചുകടത്തി കോടിക്കണക്കിന് രൂപയുടെ തട്ടിപ്പ് നടത്തിയ സംഭവത്തിൽ

മുൻ വനം വകുപ്പുമന്ത്രിയുടെ ഓഫീസിനും വനം വകുപ്പിലെ ഉന്നതർക്കും പങ്കുണ്ടെന്ന് ആരോപണം ഉയർന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഈ വിഷയത്തിൽ ഫലപ്രദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

116. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡിന്റെ രണ്ടാം തരംഗത്തെയും മൂന്നാം തരംഗത്തെയും ഫലപ്രദമായി പ്രതിരോധിക്കുന്നതിന് സർക്കാർ പരാജയപ്പെട്ടതിനാൽ രോഗികളുടെ എണ്ണവും മരണനിരക്കും കുതിച്ചുയരുവാൻ ഇടയായതായി പറയപ്പെടുന്ന സാഹചര്യം വിലയിരുത്തി ഭാവിപ്രവർത്തനത്തിൽ ജാഗ്രത പുലർത്തുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

103. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മാർക്ക് ദാനം, മാർക്ക് ലിസ്റ്റ് തിരുത്തൽ, സർട്ടിഫിക്കറ്റ് തിരിമറി, ഫെലോഷിപ്പ് വെട്ടിക്കൽ തുടങ്ങിയ നിരവധി ക്രമക്കേടുകളിലൂടെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസരംഗം കടുത്ത മൂല്യച്യുതി നേരിടുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനുള്ള നടപടികൾ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

118. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നയതന്ത്ര ചാനൽ വഴിയുള്ള സ്വർണക്കടത്തിൽ സർക്കാരിനും മുഖ്യമന്ത്രിക്കും പങ്കില്ല എന്ന രീതിയിൽ ഒരു ശബ്ദ സന്ദേശം താൻ ഒളിവിൽ പോകുന്നതിനു മുൻപായി നൽകിയത് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം ആയിരുന്നു എന്ന സ്വർണ്ണക്കടത്ത് കേസിലെ പ്രതി നടത്തിയതായി പറയപ്പെടുന്ന വെളിപ്പെടുത്തൽ സംബന്ധിച്ച് അന്വേഷണം നടത്തുമെന്നു പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തെ അഭിമാനപുരസരം പിന്താങ്ങുകയാണ്. സാമൂഹ്യനീതിയിൽ അധിഷ്ഠിതവും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുകയും ചെയ്യുന്ന സുസ്ഥിര വികസന പ്രക്രിയയിലൂടെ നവകേരളം യാഥാർത്ഥ്യമാക്കാനുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ മുന്നേറ്റത്തിലെ സുപ്രധാന നാഴികക്കല്ലുകളിലൊന്നാണ് ഈ നയപ്രഖ്യാപനം. കേരളത്തെ അധിക്ഷേപിച്ച യു.പി. മുഖ്യമന്ത്രിയുടെ പ്രസ്താവനയിലൂടെ കേരളത്തിന്റെ സമാനതകളില്ലാത്ത വികസന മുന്നേറ്റം ദേശീയതലത്തിൽ സജീവ ചർച്ചാവിഷയമായി മാറിയ സന്ദർഭം കൂടിയാണിത്. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം തിരുത്തിയ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തുടർഭരണം ഒരു വർഷം പൂർത്തിയാകാൻ പോകുകയാണ്. വാഗ്ദാനങ്ങൾ പാലിച്ച് നവകേരള നിർമ്മാണത്തിന്റെ പുതിയ ഘട്ടത്തിലേയ്ക്ക്

കടക്കുന്നതിനും സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഒന്നാം എൽ.ഡി.എഫ്. സർക്കാർ സൃഷ്ടിച്ച സ്ഥായിയായ വികസന മാതൃക യാഥാർത്ഥ്യമാക്കുന്നതിനും ഭരണത്തുടർച്ച അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞാണ് കേരള ജനത എൽ.ഡി.എഫ്. സർക്കാരിനെ വീണ്ടും അധികാരമേൽപ്പിച്ചത്. ആ തിരിച്ചറിവ് പാവപ്പെട്ടവരുൾപ്പെടെ കേരളത്തിലെ സമസ്ത ജനവിഭാഗങ്ങളുടെയും ജീവിതാനുഭവങ്ങളിലൂടെ രൂപപ്പെട്ട തിരിച്ചറിവാണ്. തങ്ങളെ ചേർത്തുപിടിച്ച എൽ.ഡി.എഫ്. ഭരണം തുടരട്ടെയെന്ന് ജനങ്ങൾ വിധിയെഴുതി. അഞ്ചുവർഷത്തെ ക്ഷേമപ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതോടൊപ്പം പുതിയ തലമുറ ആഗ്രഹിക്കുന്ന ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും കേരളത്തെ വിജ്ഞാനസമൂഹമായും അതിനുതകുന്ന തരത്തിലുള്ള വികസന മാതൃകകൾ സഫലമാക്കുന്ന നാടായും രൂപപ്പെടുത്തുകയും വേണമെന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ആഹ്വാനം കേരളം ഏറ്റെടുത്തു. കോർപ്പറേറ്റ് താൽപ്പര്യ സംരക്ഷണം മുഖ്യചുമതലയായി ഏറ്റെടുത്ത കേന്ദ്രസർക്കാരിന്റെ ജന-തൊഴിലാളി-കർഷക വിരുദ്ധനയങ്ങൾ സൃഷ്ടിച്ച കടുത്ത പ്രതിസന്ധികളിലൂടെയാണ് രാജ്യം കടന്നുപോകുന്നത്. രാജ്യത്തിന്റെ വിലമതിക്കാനാകാത്ത സമ്പത്ത് കേന്ദ്രഭരണാധികാരികൾ

കോർപ്പറേറ്റുകൾക്ക് അടിയറവ് വച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിന്റെ വർഗ്ഗീയ നിലപാടുകൾ ഇന്ത്യയെ ഭീതിജനകമായ അന്തരീക്ഷത്തിലെത്തിക്കുകയും ജനങ്ങളെ മതാടിസ്ഥാനത്തിൽ ഭിന്നിപ്പിക്കുകയും മതന്യൂനപക്ഷങ്ങളെ വേട്ടയാടുകയും ചെയ്യുകയാണ്. ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ഭരണഘടനാ സ്ഥാപനങ്ങളുടെ നിലനിൽപ്പ് ചോദ്യംചെയ്യപ്പെടുകയുമാണ്. ആശങ്കാജനകമായ ഈ ദേശീയ സാഹചര്യത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ജനപക്ഷ തൊഴിലാളിക്ഷേമ ബദൽ നയങ്ങൾ നടപ്പാക്കിയും മതനിരപേക്ഷത കാത്തുസൂക്ഷിച്ചും ഇന്ത്യയ്ക്കാകെ മാതൃകയാകുന്നത്. ക്ഷേമ-വികസന-സാമൂഹ്യസുരക്ഷാ മേഖലകളിൽ രാജ്യത്ത് ഒന്നാം സ്ഥാനം നിലനിർത്തുകയാണ് കേരളം. ഓരോ കേരളീയനും അഭിമാനത്തോടെ തലയുയർത്തിപ്പിടിച്ച് പറയാവുന്ന മുന്നേറ്റമാണിത്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ നമ്മുടെ സംസ്ഥാനം തുടർച്ചയായി മൂന്നാം തവണയും രാജ്യത്ത് ഒന്നാമതെത്തിയിരിക്കുകയാണ്. നീതി ആയോഗിന്റെ 2021-ലെ ആരോഗ്യ സൂചികയിലും കേരളം മുന്നിൽ നിൽക്കുകയാണ്. രാജ്യത്ത് ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്കും നീതി ആയോഗിന്റെ ദാരിദ്ര്യസൂചികയനുസരിച്ച്

രാജ്യത്ത് ഏറ്റവും കുറവ് ദരിദ്രരുമുള്ള സംസ്ഥാനം കേരളമാണ്. 2021-ലെ പബ്ലിക് അഫയേഴ്സ് ഇൻഡക്സ് പ്രകാരം ഇന്ത്യയിൽ ഏറ്റവും മികച്ച രീതിയിൽ ഭരണനിർവ്വഹണം നടപ്പാക്കുന്ന സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടു. സാമൂഹ്യ ജീവിതത്തിന്റെ ഏത് സൂചിക പരിശോധിച്ചാലും കേരളം രാജ്യത്ത് മുൻനിരയിൽത്തന്നെ സ്ഥാനമുറപ്പിച്ചിട്ടുണ്ടെന്ന് കാണാൻ സാധിക്കും. സംസ്ഥാനത്തിന്റെ ഈ നേട്ടങ്ങൾ പലരെയും അസ്വസ്ഥരാക്കുന്നുണ്ട്. ജനപക്ഷ ബദൽ നയങ്ങൾ നടപ്പാക്കിയാണ് കേരളം ഈ നേട്ടങ്ങൾ ആർജ്ജിച്ചത്. അതിൽനിന്നും കേരളത്തെ പുറകോട്ടുനടത്താൻ ആർക്കും കഴിയില്ല. സുസ്ഥിര വികസനം, സാമൂഹ്യനീതി, തുല്യത, മതനിരപേക്ഷത തുടങ്ങിയവയിൽ ഉറച്ചുനിന്ന് മുന്നേറുന്ന വികസനശൈലിയുടെ മികവാണ് ഈ നേട്ടങ്ങളിലെല്ലാം പ്രതിഫലിക്കുന്നത്. 1957-ൽ സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിൽ അധികാരത്തിൽവന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് സൃഷ്ടിച്ച ക്ഷേമവികസന അടിത്തറയിൽ ഉറച്ചുനിന്നുകൊണ്ട് കേരളം മുന്നോട്ടുപോകുകയാണ്. ഈ വികസന പ്രക്രിയ അഞ്ചുവർഷം കൂടുമ്പോൾ തടസ്സപ്പെടുന്ന പ്രവണതയ്ക്ക് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങൾ അവസാനം കുറിച്ചു. ഒന്നാം പിണറായി ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കിയ ക്ഷേമ-സാമൂഹ്യ-സുരക്ഷാ വികസന

പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസന പദ്ധതികളും പൂർവ്വാധികം ശക്തമായി തുടരാൻ ജനങ്ങൾ അംഗീകാരം നൽകി. സർക്കാരിനെ ദുർബലപ്പെടുത്താൻ വ്യക്തിഹത്യയടക്കം അത്യന്തം നിന്ദ്യമായ കുപ്രചരണങ്ങളുടെ കൊടുങ്കാറ്റഴിച്ചുവിട്ട ജനവിരുദ്ധ സഖ്യത്തിനുള്ള ശക്തമായ മുന്നറിയിപ്പായിരുന്നു അഭിമാനകരമായ ജനവിധി. മനുഷ്യന്റെ അവകാശങ്ങളോടെ കുടുംബത്തോടൊപ്പം സംതൃപ്തവും സമാധാനപരവുമായ ജീവിതത്തിനായി വികസനത്തുടർച്ചയാണ് കേരളീയർ ആഗ്രഹിക്കുന്നത്. ഒരാൾപോലും പട്ടിണി കിടക്കാത്ത, എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി പാർപ്പിടമുള്ള, എല്ലാവർക്കും ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസവും മികച്ച ആരോഗ്യപരിരക്ഷയും അടിസ്ഥാന സൗകര്യങ്ങളും തൊഴിലവസരവും ഉറപ്പുവരുത്തുന്ന സംസ്ഥാനമാക്കി കേരളത്തെ മാറ്റിക്കൊണ്ടിരിക്കുകയാണ്. ഈ ലക്ഷ്യത്തിൽനിന്ന് സർക്കാരിനെ പിന്തിരിപ്പിക്കാമെന്ന ഒരു വ്യാമോഹവും നടക്കാൻ പോകുന്നില്ല. ലോകത്തിനുതന്നെ മാതൃകയായി മാറിയ പ്രതിരോധ ആശ്വാസ നടപടികളാണ് കോവിഡ് മഹാമാരിയുടെ മൂന്ന് ഘട്ടങ്ങളിലും എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയത്. ആരോഗ്യപരിരക്ഷാ സംവിധാനങ്ങൾ സുശക്തമാക്കിയും സൗജന്യ ചികിത്സ ഉറപ്പാക്കിയും രോഗവ്യാപനം നിയന്ത്രിക്കാനും മരണനിരക്ക്

കുറച്ചുനിർത്താനും സംസ്ഥാനത്തിന് കഴിഞ്ഞു. പണമില്ലാത്തതിന്റെ പേരിൽ സംസ്ഥാനത്ത് ഒരാൾക്കുപോലും ചികിത്സ നിഷേധിക്കപ്പെട്ടില്ലെന്ന് മാത്രമല്ല, കോവിഡ് പ്രതിസന്ധിയിൽ ജനങ്ങൾക്കാകെ തണലാകുകയും വരുമാനം നിലച്ചുപോയവർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് ധനസഹായം നൽകുകയും എല്ലാവർക്കും ആഹാരം ഉറപ്പുവരുത്തുകയും ചെയ്തു. സംസ്ഥാനത്തെ മുഴുവൻ റേഷൻ കാർഡുടമകൾക്കും സൗജന്യമായി ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുകയും കോവിഡിനിരയായി മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികളുടെ സംരക്ഷണം ഏറ്റെടുത്തുകൊണ്ട് ഗവൺമെന്റ് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തു. കുടുംബനാഥനെ നഷ്ടമായ ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങൾക്ക് പ്രതിമാസം 5,000/- രൂപ വീതം മൂന്നുവർഷം ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കി. കോവിഡ് ബാധിച്ച് മരിച്ചവരുടെ അവകാശികൾക്ക് 50,000/- രൂപ വീതം ധനസഹായം നൽകിവരികയാണ്. സർക്കാർ നേരിടുന്ന എല്ലാ സാമ്പത്തിക പരിമിതികളും മറികടന്നാണ് കോവിഡ് പ്രതിരോധ നടപടികളും ആശ്വാസ പദ്ധതികളും പ്രാവർത്തികമാക്കുന്നത്. കോവിഡ് കാലത്ത് സാധാരണക്കാർക്ക് ആശ്വാസമായി സമൂഹ അടുക്കളയ്ക്കും ജനകീയ ഹോട്ടലുകൾക്കും സർക്കാർ തുടക്കം കുറിച്ചു. 'വിശപ്പുരഹിത കേരളം' എന്ന

ലക്ഷ്യത്തോടെ ആരംഭിച്ച ജനകീയ ഹോട്ടലുകൾ മാനവികതയുടെ അടയാളമായി മാറിയിരിക്കുന്നു. 20 രൂപയ്ക്ക് ഊണ് ലഭിക്കുന്ന 1174 ജനകീയ ഹോട്ടലുകൾ ഇന്ന് കേരളത്തിലുണ്ട്. പണമില്ലാത്തവർക്കും ഈ ഹോട്ടലുകളിൽനിന്ന് ഭക്ഷണം നൽകുന്നുണ്ട്. ജനകീയ ഹോട്ടലുകൾക്ക് അടിയന്തര ധനസഹായമായി ഈ അടുത്ത ദിവസമാണ് 30 കോടി രൂപ സർക്കാർ അനുവദിച്ചത്. കോവിഡ് പ്രതിരോധ വാക്സിനേഷൻ പ്രധാന ദൗത്യമായി സർക്കാർ ഏറ്റെടുത്തു. എല്ലാവർക്കും സൗജന്യ വാക്സിൻ എന്ന നയമാണ് സർക്കാർ സ്വീകരിച്ചത്. 18 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ ആദ്യഡോസ് വാക്സിനേഷൻ 100 ശതമാനമെന്ന നേട്ടം നാം കൈവരിച്ചു. 85 ശതമാനം പേർ രണ്ടാം ഡോസ് വാക്സിൻ എടുത്തുകഴിഞ്ഞു. കുട്ടികളിലെ വാക്സിനേഷൻ 75 ശതമാനത്തിലേയ്ക്കെത്തി. കെ-റെയിൽ മുഖേന നടപ്പാക്കുന്ന തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ പദ്ധതിയും ത്വരിതഗതിയിൽ മുന്നോട്ടുപോകുന്നു. ദേശീയപാത വികസനവും ഗെയിൽ വാതക പൈപ്പ്ലൈൻ യാഥാർത്ഥ്യമാക്കിയതും കേരളത്തെ ഡിജിറ്റൽ ലോകത്തിന്റെ നെറുകയിലെത്തിക്കുന്നു. കെ-ഫോൺ പദ്ധതിയും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തിന്റെ തെളിവായി എക്കാലവും കേരളം ഓർമ്മിക്കും. മലയോര ഹൈവേ നിർമ്മാണത്തിനും

തീരദേശപാത നിർമ്മാണത്തിനും തുടക്കം കുറിക്കുന്നതോടൊപ്പം ദേശീയ ജലപാതയും യാഥാർത്ഥ്യമാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് കരുത്തുപകരുന്നതിനും വ്യവസായ വാണിജ്യ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പശ്ചാത്തല സൗകര്യ വികസനം അനിവാര്യമാണ്. 11 ജില്ലകളിലൂടെ കടന്നുപോകുന്ന സിൽവർ ലൈൻ സെമി ഹൈസ്പീഡ് റെയിൽവേ കേരളത്തിന്റെ അഭിമാന പദ്ധതിയാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 530 കിലോമീറ്റർ ദൈർഘ്യമുള്ള സിൽവർലൈനിലൂടെ യാത്രാസമയം 4 മണിക്കൂറായി ചുരുക്കാൻ സാധിക്കും. യാത്രാസൗകര്യത്തോടൊപ്പം ചരക്കുഗതാഗത സൗകര്യങ്ങളും വർദ്ധിപ്പിക്കും. സിൽവർലൈൻ യാഥാർത്ഥ്യമാകുന്നതോടെ കേരളം മുമ്പൊന്നുമില്ലാത്ത വികസനക്കുതിപ്പിന് സാക്ഷ്യംവഹിക്കുന്നതാണ്. വലിയ തോതിൽ നിക്ഷേപത്തിനും സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസരങ്ങൾ സാദ്ധ്യമാക്കുന്നതിനും സിൽവർലൈൻ വഴിയൊരുക്കും. ഭാവിതലമുറകളെക്കൂടി കണ്ടുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സിൽവർലൈൻ പദ്ധതി നടപ്പാക്കുന്നത്. വാഹനങ്ങളുടെ എണ്ണം ദൈനംദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വാഹന പെരുപ്പവും ഗതാഗതക്കുരുക്കും കാരണം

സംസ്ഥാനത്തെ റോഡുകൾ വീർപ്പുമുട്ടുകയാണ്. മോട്ടോർ വാഹന വകുപ്പിന്റെ കണക്കുപ്രകാരം സംസ്ഥാനത്ത് 2019-20-ൽ 849200 വാഹനങ്ങളാണ് രജിസ്റ്റർ ചെയ്തത്. 2020-21-ൽ 663306 വാഹനങ്ങളും 2021-22 ഫെബ്രുവരി 15 വരെ 627931 വാഹനങ്ങളും പുതിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് കണക്കുകളിൽനിന്നും വ്യക്തമാകുന്നത്. വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് യാത്രാസൗകര്യവും വർദ്ധിക്കേണ്ടതുണ്ട്. റോഡുകൾ മാത്രമല്ല എല്ലാ വിധത്തിലുള്ള പൊതുഗതാഗത സംവിധാനങ്ങളിലും വികസനമുണ്ടാകണം. അടിസ്ഥാന സൗകര്യങ്ങൾ പരമാവധി വർദ്ധിപ്പിച്ചാൽ മാത്രമെ കൂടുതൽ വികസന പദ്ധതികളും നിക്ഷേപവും സംസ്ഥാനത്തുണ്ടാവുകയുള്ളൂവെന്ന കാഴ്ചപ്പാടോടെയാണ് ദേശീയപാത വികസനം പ്രധാന ദൗത്യങ്ങളിലൊന്നായി സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫണ്ടിന്റെ 25 ശതമാനം നൽകുന്ന ഏക സംസ്ഥാനം കേരളമാണ്. 57,878/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കാസർഗോഡ്-തിരുവനന്തപുരം ദേശീയപാതയിൽ നടപ്പാക്കാൻ പോകുന്നത്. ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമാക്കിയത് ഒന്നാം പിണറായി സർക്കാരിനെന്നും അഭിമാനിക്കാവുന്ന നേട്ടമാണ്. 2014-ൽ

പൂർത്തിയാക്കേണ്ട ടി പദ്ധതി നടപ്പാക്കാൻ വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു. യു.ഡി.എഫ്. സർക്കാർ ഭൂമി ഏറ്റെടുത്ത് നൽകാത്തതിനെത്തുടർന്ന് 2014-ൽ ഗെയിൽ കരാർ റദ്ദാക്കി. 2016-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരമേറ്റപ്പോഴാണ് പദ്ധതിക്ക് ജീവൻ വച്ചത്. ഇപ്പോൾ എറണാകുളം ജില്ലയിലെ വീടുകളിൽ പൈപ്പ്ലൈൻ വഴി പാചക വാതകം എത്തിത്തുടങ്ങി. മറ്റ് ചില ജില്ലകളിലും പദ്ധതി വ്യാപിപ്പിക്കാൻ ശ്രമം നടത്തിവരികയാണ്. ദിവാസ്വപ്നം മാത്രമെന്ന് പരിഹസിച്ചവർക്കുമുമ്പിൽ ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ പ്രതീകമായി കെ-ഫോൺ പദ്ധതി യാഥാർത്ഥ്യമായിക്കഴിഞ്ഞു. രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങളിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 100 കുടുംബങ്ങൾക്കുവീതം 14000 കണക്ഷനുകൾ നൽകാൻ പോകുകയാണ്. 30000 സർക്കാർ ഓഫീസുകളിലും ഈ ഘട്ടത്തിൽത്തന്നെ കെ-ഫോൺ കണക്ഷൻ ലഭിക്കുന്നതാണ്. ഗ്രാമീണ മേഖലയുൾപ്പെടെ സംസ്ഥാനത്താകെ മികച്ച ഇന്റർനെറ്റ് ബ്രോഡ്ബാൻഡ് കണക്ഷൻ ഒരുക്കുന്നതിനും അതിലൂടെ ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് സൗകര്യം നൽകുന്ന പദ്ധതിയിൽ മറ്റുള്ളവർക്കുകൂടി സബ്സിഡി

നിരക്കിൽ ബ്രോഡ്ബാൻഡ് കണക്ഷൻ ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. 2019-ൽ കരാർ ഒപ്പിട്ട ടി പദ്ധതി, കോവിഡ്, പ്രകൃതി ദുരന്തങ്ങൾ എന്നീ പ്രതികൂല സാഹചര്യങ്ങൾ തരണംചെയ്ത് ഇപ്പോൾ പൂർണ്ണതയിലെത്തുകയാണ്. ഇന്റർനെറ്റ് എന്നത് പൗരന്റെ അവകാശമായി പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. എല്ലാ വീടുകളും ഓഫീസുകളും ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയുമായി ബന്ധിപ്പിക്കുകയാണ്. ലൈഫ് പദ്ധതിയിലൂടെ എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി വീടുള്ള രാജ്യത്തെ ആദ്യ സംസ്ഥാനമെന്ന പദവിയിലേക്ക് കേരളം കുതിക്കുകയാണ്. 2.78 ലക്ഷം കുടുംബങ്ങൾക്ക് ഒന്നാംഘട്ടത്തിൽ വീട് നൽകിക്കഴിഞ്ഞു. ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അഞ്ചരലക്ഷത്തോളം കുടുംബങ്ങൾക്ക് സ്വന്തമായി പാർപ്പിടം ലഭിക്കും. ഒരു വർഷം ഒരു ലക്ഷം കുടുംബങ്ങൾക്ക് പാർപ്പിടം ഉറപ്പുവരുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സമൂഹത്തിലെ എല്ലാ വിഭാഗം കുടുംബങ്ങളിൽനിന്നുമുള്ള കുട്ടികൾക്ക് ഉന്നത നിലവാരത്തിലുള്ള പഠനസൗകര്യം ഉറപ്പുവരുത്തിയത് അഭിമാനത്തോടെ എടുത്തുപറയുകയാണ്. കോവിഡിനെത്തുടർന്ന് നടപ്പാക്കിയ ഓൺലൈൻ പഠനരീതിയിലും

രാജ്യത്ത് ഒന്നാംസ്ഥാനം നേടാൻ കേരളത്തിന് സാധിച്ചു. ആർദ്രം പദ്ധതിയിലൂടെ പൊതുജനാരോഗ്യ രംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവരാനും ഏറ്റവും മികച്ച ചികിത്സാ സൗകര്യങ്ങളുമായി സർക്കാർ ആശുപത്രികളെ ഉന്നത നിലവാരത്തിലെത്തിക്കാനും സാധിച്ചിട്ടുണ്ട്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിച്ചാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തുടർഭരണമെന്ന ചരിത്രനേട്ടം കൈവരിച്ചത്. രണ്ടാം കോവിഡ് തരംഗത്തിന്റെ മൂർദ്ധന്യഘട്ടത്തിലാണ് ഈ ഗവൺമെന്റ് അധികാരമേൽക്കുന്നത്. കാലവർഷക്കെടുതിയുടെയും കോവിഡിന്റെയും സാഹചര്യത്തിൽ കടുത്ത സമ്മർദ്ദങ്ങളുടെ നടുവിൽപ്പെട്ട സർക്കാർ, നിരവധി പ്രതിസന്ധികളും പരിമിതികളും കടന്ന് ഇച്ഛാശക്തിയോടെയാണ് മുന്നോട്ടുപോകുന്നത്. വികസന പദ്ധതികളുടെ ഭാഗമായി സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. 2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെ നടപ്പാക്കിയ നൂറുദിന പരിപാടിയും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ നൂറുദിന പരിപാടികളും കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക, തൊഴിൽ പശ്ചാത്തല വികസന മേഖലകളിൽ വലിയ ഉണർവ് സൃഷ്ടിച്ചിരുന്നു. ഈ ഗവൺമെന്റിന്റെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി രണ്ടാം നൂറുദിന പരിപാടിക്ക്

ഫെബ്രുവരി 10-ന് തുടക്കം കുറിച്ചിരിക്കുകയാണ്. 1557 പദ്ധതികളിലായി 17183 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വിപുലമായ നിലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് രണ്ടാം നൂറുദിന പരിപാടി വഴിയൊരുക്കുമെന്ന കാര്യത്തിൽ സംശയമില്ല. ബഹുമുഖ സമ്മർദ്ദങ്ങളെ അതിജീവിച്ചാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും കേന്ദ്ര ഗവൺമെന്റിന്റെ ക്രൂരമായ അവഗണനയും സാമ്പത്തികമായ ശ്വാസംമുട്ടിക്കലും അർഹമായ ധനവിഹിതം നിഷേധിക്കലും പ്രതിപക്ഷത്തിന്റെ കുത്തിത്തിരുപ്പുകളുമെല്ലാം സർക്കാർ നേരിടുകയുണ്ടായി. കേരളത്തെ സാമ്പത്തികമായി ഞെരുക്കാനാണ് കേന്ദ്രസർക്കാരിന്റെ ശ്രമം. ജനങ്ങളുടെ ആവശ്യം മനസ്സിലാക്കി മതനിരപേക്ഷ നിലപാടിൽനിന്ന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ദീർഘവീക്ഷണത്തോടെയുള്ള വിവിധ പദ്ധതികളാണ് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. എയിംസ്, റെയിൽവേ, റെയിൽവേ സോൺ, പുതിയ പാതകൾ എന്നിവ ഉൾപ്പെടെയുള്ള കേരളത്തിന്റെ ആവശ്യങ്ങളൊന്നും കേന്ദ്ര സർക്കാർ അംഗീകരിക്കുന്നില്ല. ഏത് വികസന പദ്ധതി ആവിഷ്കരിച്ചാലും അത് നടപ്പാക്കാൻ സമ്മതിക്കില്ലെന്ന ദുർവാശിയാണ് പ്രതിപക്ഷത്തിനുള്ളത്. വികസന പദ്ധതികൾക്ക്

ഇടംകോലിടുന്നെന്ന് മാത്രമല്ല, പദ്ധതികൾ തടയണമെന്ന് അവർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയാണ്. കേന്ദ്ര ഭരണകക്ഷിയുടെ നിവേദക സംഘം ഈയിടെ ഡൽഹിക്ക് പോകുകയും സംസ്ഥാന സർക്കാരിന്റെ വികസന ക്ഷേമപദ്ധതികൾ അനുവദിക്കണമെന്നല്ല, ഒന്നും കൊടുക്കരുതെന്നുമാണ് ആവശ്യപ്പെട്ടത്. എത്രമാത്രം വിനാശകരമായ സമീപനമാണിത്? സിൽവർ ലൈൻ പദ്ധതി നടപ്പാക്കാൻ അനുവദിക്കില്ലെന്ന് പ്രതിപക്ഷം പ്രഖ്യാപിക്കുകയും ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് ഇളക്കിവിടാൻ ശ്രമിക്കുകയും ചെയ്യുന്നു. യാത്രാ ദുരിതത്തെക്കുറിച്ച് നന്നായി അറിയുന്ന നാട്ടിലെ മലയാളികളോടാണ് സിൽവർലൈൻ വരാൻ സമ്മതിക്കില്ലെന്ന വിനാശകരമായ നിലപാടെടുത്തിരിക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി നാട്ടിയ സർവ്വേക്കല്ലുകൾ പിഴുതെറിയാൻ ആഹ്വാനം നൽകുകയും അണികൾ അത് നടപ്പാക്കിവരികയുമാണ്. ഒരു ജനാധിപത്യ സമൂഹത്തിൽ ഒരിക്കലും നടക്കാൻ പാടില്ലാത്ത കാര്യമാണിത്. കേരളം പ്രളയത്തിൽ മുങ്ങിത്താണപ്പോൾ സർക്കാരിനെ സമ്മർദ്ദത്തിലാക്കുകയല്ലേ അവർ ചെയ്തത്? പ്രളയ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സഹായം നിരുത്സാഹപ്പെടുത്തി. കോവിഡ് പടർന്നുപിടിച്ചപ്പോൾ

രോഗനിയന്ത്രണത്തിന് സഹകരിക്കുകയല്ല, കോവിഡ് വ്യാപിപ്പിക്കാൻ ശ്രമിക്കുകയല്ലേ ചെയ്തത്? കോവിഡ് കാലത്ത് ആരും പട്ടിണി കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സർക്കാർ ഭക്ഷ്യക്കിറ്റ് നൽകിയതിനെ നിങ്ങൾ പരിഹസിക്കുകയും കിറ്റ് വിതരണത്തിനെതിരെ കോടതിയെ സമീപിക്കുകയുമാണ് ചെയ്തത്. പാവങ്ങളെന്നോ പണക്കാരെന്നോ വ്യത്യാസമില്ലാതെ നൽകിയ ഭക്ഷ്യക്കിറ്റുകൾ ജനങ്ങൾക്ക് നൽകിയ ആശ്വാസവും പരിരക്ഷയും ചെറുതല്ല. അധികാരം കിട്ടിയാൽ ലക്ഷക്കണക്കിന് പാവങ്ങളുടെ വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്ന 'ലൈഫ് മിഷൻ' പദ്ധതിയെ പിരിച്ചുവിടുമെന്ന് യു.ഡി.എഫ്. ഭീഷണിപ്പെടുത്തിയില്ലേ? പിരിച്ചുവിടാൻ നിശ്ചയിച്ച ലൈഫ് മിഷനിലൂടെ ഈ ഗവൺമെന്റ് അഞ്ചര ലക്ഷം വീടുകൾകൂടി നൽകാൻ പോകുകയാണ്.

കേരളത്തിന്റെ വികസന മുന്നേറ്റത്തിലെ തിളക്കമാർന്ന ഏടായി മാറുകയാണ് കിഫ്ബി പദ്ധതികൾ. ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 64348 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി അംഗീകരിച്ചുകഴിഞ്ഞു. പൊതുമരാമത്ത്, ആരോഗ്യം, വ്യവസായം എന്നീ മേഖലകളിലായി 6943.37 കോടി രൂപയുടെ 44 പദ്ധതികൾക്ക് കഴിഞ്ഞ ദിവസമാണ് കിഫ്ബി ഡയറക്ടർ ബോർഡ് അനുമതി നൽകിയത്. കിഫ്ബിക്കെതിരെ

എന്തുമാത്രം അപവാദ പ്രചരണങ്ങളാണ് പ്രതിപക്ഷം സംഘടിപ്പിച്ചത്? ഗെയിൽ വാതക പൈപ്പ്ലൈൻ പദ്ധതിയുടെ സ്ഥലമെടുപ്പിനെ വൈകാരിക പ്രശ്നമാക്കി മുതലെടുപ്പ് നടത്താൻ പ്രതിപക്ഷം ശ്രമിച്ചത് കേരളം മറന്നിട്ടില്ല. തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ സ്ഥലമെടുപ്പ് നടപടികളാരംഭിച്ചപ്പോൾ 'സർക്കാർ നിന്ന് കത്തും' എന്നാണ് പ്രതിപക്ഷത്തെ ചില നേതാക്കൾ പ്രഖ്യാപിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയനെ സെക്രട്ടേറിയറ്റിൽ കയറ്റില്ലെന്ന വീരവാദം മുഴക്കിയവരുമുണ്ട്. ഗെയിൽ വാതക പൈപ്പ്ലൈൻ പദ്ധതിയും ദേശീയപാത സ്ഥലമെടുപ്പും യാഥാർത്ഥ്യമാക്കിയാൽ ശ്രീ. പിണറായി വിജയൻ നിശ്ചയദാർഢ്യമുള്ള നേതാവാണെന്ന് സമ്മതിക്കേണ്ടി വരുമെന്ന് പരസ്യമായി പറഞ്ഞ കേന്ദ്ര ഭരണകക്ഷി നേതാവിനെയും ഗെയിലിനെതിരെയുള്ള സമരങ്ങളുടെ മുൻനിരയിൽ കണ്ടു. ദേശീയപാത വികസനം യാഥാർത്ഥ്യമാക്കാനുള്ള ഇച്ഛാശക്തി യു.ഡി.എഫ്.-നുണ്ടായില്ല. യു.ഡി.എഫ്.-ന്റെ സമീപനംകൊണ്ടാണ് ഗെയിൽ വാതക പെപ്പ്ലൈൻ പദ്ധതിയുടെ  കരാർ ഒരു ഘട്ടത്തിൽ ഗെയിൽ റദ്ദാക്കിയത്. ജനവിധി അട്ടിമറിക്കാൻ തെരഞ്ഞെടുപ്പുവേളയിൽ നടത്തിയ അപവാദ പ്രചരണങ്ങൾ കേരളം മറന്നിട്ടില്ല. നികൃഷ്ടമായ അപവാദ പ്രചരണം, വ്യക്തിഹത്യ,

കുത്തിത്തിരുപ്പുകൾ എന്നിവയൊക്കെയാണ് യു.ഡി.എഫ്., ബി.ജെ.പി. വിഭാഗത്തിന്റെ ആയുധം. അന്ന് അധികാരം ലഭിക്കുമെന്ന വ്യാമോഹമാണ് നിങ്ങളെ നയിച്ചതെങ്കിൽ ഇന്ന് ഭരണനഷ്ടത്തിന്റെ നിരാശയാണ് നിങ്ങളെ വേട്ടയാടുന്നത്. അന്ന് സർക്കാരിനും മുഖ്യമന്ത്രിക്കും മന്ത്രിമാർക്കുമെതിരെ സംഘടിതമായ ആക്രമണമല്ലേ നടത്തിയത്? വിമാനത്താവളംവഴി സ്വർണ്ണം കടത്തിയതിന്റെ പേരിൽ സംസ്ഥാന സർക്കാരിനെ താഴെയിറക്കിക്കളയാമെന്ന വ്യാമോഹത്തിൽ കേന്ദ്രത്തിലെ എല്ലാ ഏജൻസികളെയും കൊണ്ടുവന്ന് അന്വേഷണം നടത്തി കുരുക്ക് മുറുക്കുകയായിരുന്നു നിങ്ങളുടെ പ്രധാന ഉദ്ദേശ്യം. കുരുക്കുകൾ മുറുക്കിമുറുക്കി സ്വയം അകപ്പെട്ട ഊരാക്കുടുക്കിൽനിന്ന് തലയൂരാൻ നിങ്ങൾക്ക് കഴിയുമോ? അന്ന് പറയാത്ത നുണയുണ്ടോ; എഴുതാത്ത കഥകളുണ്ടോ; സെക്രട്ടേറിയറ്റിൽ ഷോർട്ട് സർക്യൂട്ടുമൂലം തീപിടിത്തമുണ്ടായത് രേഖകൾ നശിപ്പിക്കാൻ ഗൂഢാലോചന നടത്തി തീയിട്ടതാണെന്നുവരെ ആരോപിച്ചു. എന്നിട്ട് ജനവിധിയെന്തായി? 91-ൽനിന്ന് 99 സീറ്റുകളിലേയ്ക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ജനങ്ങൾ കൈപിടിച്ചുയർത്തുകയും 47-ൽനിന്നും 41-ലേയ്ക്ക് നിങ്ങൾ ചുരുങ്ങുകയും ചെയ്തു. ജനങ്ങളാണ് ഈ സർക്കാരിനെ തുടർഭരണമേൽപ്പിച്ചത്. വികസന പദ്ധതികൾക്കെതിരെ വിനാശകരമായ

സമീപനം ജനങ്ങൾ അംഗീകരിക്കില്ല. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള നിങ്ങളുടെ തുടർശ്രമങ്ങളൊന്നും ഏശാൻ പോകുന്നില്ല. ഒരു വിഭാഗം സർക്കാർ വിരുദ്ധ മാധ്യമങ്ങളുടെ പിന്തുണയോടെ സർക്കാരിനും വികസന പദ്ധതികൾക്കുമെതിരായി നടത്തുന്ന പ്രചാര കോലാഹലങ്ങളുടെ നിജസ്ഥിതിയറിയാൻ ഇന്ന് മാർഗ്ഗങ്ങളുണ്ട്. ദുഷ്പ്രചരണങ്ങളുടെ നെല്ലും പതിരും തിരിച്ചറിയാൻ ജനങ്ങൾക്ക് കഴിയും. കേരളമാർജ്ജിച്ച മാധ്യമ സാക്ഷരതയാണ് അതിന് കാരണം. അത് പുരോഗമന പ്രസ്ഥാനങ്ങളുടെ ഇടപെടലുകളുടെയും സാമൂഹ്യമാറ്റത്തിന്റെയും ഫലമാണ്. സംസ്ഥാനത്തിന്റെ സമഗ്രമായ വികസനകുതിപ്പിനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വഴിയൊരുക്കുന്നത്. നാടിന്റെ വികസനവും ജനങ്ങളുടെ പുരോഗതിയും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുന്ന സർക്കാരിനെ ജനങ്ങൾ അംഗീകരിക്കുമെന്ന് നിങ്ങൾ ഭയക്കുന്നു. പ്രതിപക്ഷത്തിന്റെ മനോഭാവവും സ്വഭാവവും ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞ സാഹചര്യത്തിൽ നിങ്ങൾ ഈ നിലപാടുതന്നെ തുടരണം. തെറ്റ് തിരുത്താൻ ജനങ്ങൾ ഒരവസരം നൽകിയതാണ്. പ്രതിപക്ഷം വാഗ്ദാനം ചെയ്ത ക്രിയാത്മകതയും ചെയ്തികളും തമ്മിൽ വൻ അന്തരമുണ്ട്; അവ ഒട്ടും പൊരുത്തപ്പെടുന്നില്ല. പദ്ധതികൾ സുഗമമായി

നടപ്പിലാക്കുന്നതിനുള്ള അന്തരീക്ഷം ഒരുക്കുന്നതിനുപകരം എല്ലാത്തിനും തടസ്സം സൃഷ്ടിക്കുകയെന്ന സമീപനമാണ് ഉത്തരവാദപ്പെട്ട ചില കേന്ദ്രങ്ങളിൽനിന്നുമുണ്ടാകുന്നത്. ഏത് പദ്ധതി വന്നാലും അവിടെ സമരമെന്നതാണ് ചിലരുടെ നിലപാട്. സ്ഥലം വിട്ടുകൊടുക്കുന്നവരല്ല പലപ്പോഴും ഇത്തരം അരാജക സമരങ്ങളിലേർപ്പെട്ടിരിക്കുന്നതെന്ന് കാണാൻ സാധിക്കും. നിക്ഷിപ്ത രാഷ്ട്രീയ താൽപ്പര്യങ്ങൾ വികസന പദ്ധതികൾക്ക് മുമ്പിൽ താൽക്കാലികമായെങ്കിലും വിലങ്ങുതടിയായി മാറുകയാണ്. വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കുന്നവരെ ജനങ്ങൾ കൃത്യമായി തിരിച്ചറിയുന്നുണ്ട്. ജനങ്ങൾ അർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിച്ച്, അവരുടെ ആഗ്രഹം സഫലീകരിച്ചുകൊണ്ടുള്ള കേരള സൃഷ്ടിക്കായി ഗവൺമെന്റിന്റെ മുന്നോട്ടുപോക്കിനാവശ്യമായ പാത വെട്ടിത്തുറക്കുന്നതിനുള്ള സുവ്യക്തമായ കാഴ്ചപ്പാടും നിർദ്ദേശങ്ങളുമാണ് നയപ്രഖ്യാപനത്തിൽ നിറഞ്ഞുനിൽക്കുന്നത്. സംസ്ഥാനത്തിന്റെ തുടർവികസനം സാദ്ധ്യമാക്കാനും ജനക്ഷേമ പദ്ധതികൾ പൂർണ്ണതയിലെത്തിക്കാനും മതനിരപേക്ഷത സംരക്ഷിക്കാനും ഒന്നിച്ചുനിൽക്കുകയാണ് നാടിനെ സ്നേഹിക്കുന്ന എല്ലാവരുടെയും

ഉത്തരവാദിത്തമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് നയപ്രഖ്യാപനത്തിന് ഒരിക്കൽക്കൂടി പിന്തുണ നൽകുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്.

"നെടിയ കിനാവിതു നിദ്രപോലെ നിത്യം

കെട്ടുമിതുപോലെ കിനാവുമിപ്രകാരം

കെട്ടുമതി കാണുകയില്ല, കേവലത്തിൽ

പ്പെട്ടുവതിനാലനിശം ഭ്രമിച്ചിടുന്നു."

ശ്രീനാരായണ ഗുരുദേവൻ രചിച്ച ആത്മോപദേശശതകത്തിലെ ശ്ലോകം 55-ലെ വരികളാണിത്. മായാമോഹത്തിൽ അഭിരമിക്കുന്നവർക്ക് ഉണർന്നിരിക്കുമ്പോഴുള്ള കാഴ്ചകളും ഉറങ്ങുമ്പോഴുള്ള സ്വപ്നത്തിലെ കാഴ്ചകളിലുമുള്ള വ്യത്യസ്തത തിരിച്ചറിയാനാകില്ല. പരമമായ യാഥാർത്ഥ്യം തിരിച്ചറിഞ്ഞ ജനങ്ങളാണ് മായാമോഹത്തിലഭിരമിച്ച് കേവലം സ്വപ്നം മാത്രം കണ്ട് നടന്നവരെ ഒരിക്കൽക്കൂടി പുറത്തുനിർത്തി ഇടതുമുന്നണി സർക്കാരിനെ വീണ്ടും അധികാരത്തിലേറ്റിയത്.

തെരഞ്ഞെടുപ്പ് സമയത്ത് പ്രകടന പത്രിക പുറത്തിറക്കുന്നത് എല്ലാ മുന്നണികളും ഒരു ചടങ്ങായി നടത്താറുണ്ട്. അധികാരത്തിലെത്തുമ്പോൾ

ചിലരത് മറന്നുപോകുകയും അതിൽ ചിലത് നടപ്പാക്കുകയും ചെയ്യും. പ്രഹസനമായി മാറിയിരുന്ന പ്രകടന പത്രികയെ അങ്ങനെയല്ലാതാക്കി സമ്പൂർണ്ണ മാർഗ്ഗരേഖയായി കണ്ട് എല്ലാ വാഗ്ദാനങ്ങളും സമയബന്ധിതമായി നടപ്പാക്കിയ സർക്കാരാണ് ഒന്നാം പിണറായി ഗവൺമെന്റ്. നമ്മൾ പ്രോഗ്രസ് കാർഡ് സ്കൂളുകളിലാണ് കണ്ടിട്ടുള്ളത്. സ്കൂളുകളിൽ മാത്രം ആവശ്യമുള്ള ഒന്നല്ല പ്രോഗ്രസ് റിപ്പോർട്ടെന്ന് തെളിയിച്ചതും ഒന്നാം പിണറായി ഗവൺമെന്റാണ്. അതിന്റെ ഫലമായി അധികാരത്തിൽ തിരിച്ചെത്തിയ ഈ സർക്കാരും ചുരുങ്ങിയ കാലയളവിൽത്തന്നെ പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ നടപ്പാക്കി കുതിച്ചുകൊണ്ടിരിക്കുകയാണ്. വികസനക്ഷേമ രംഗങ്ങളിൽ കേരളത്തെ രാജ്യ<u>ത്തു</u>തന്നെ ഒന്നാമതാക്കാനുള്ള പാളത്തിലൂടെയാണ് പ്രയാണം നടത്തിക്കൊണ്ടിരിക്കുന്നത്. രാവിലെ ബ<u>ഹു</u>മാനപ്പെട്ട മുഖ്യമന്ത്രി ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട് നീതി ആയോഗ് അടക്കം നൽകിയ പ്രത്യേക അംഗീകാരത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ശ്രീ. ടി. പി. രാമകൃഷ്ണനും അതിനെക്കുറിച്ച് പറയുകയുണ്ടായി. വികസന-ക്ഷേമ പ്രവർത്തനങ്ങൾ ഒരുപോലെ എല്ലാവർക്കും പ്രാപ്തമാക്കിക്കൊണ്ട് എങ്ങനെ നടപ്പാക്കാമെന്നതിന്റെ

നവമാതൃകയാണ് കേരളം. നാട്ടിലെ എല്ലാ വിഭാഗം ജനങ്ങളെയും ഏറ്റവുമധികം ബാധിക്കുന്ന പ്രശ്നം വിലക്കയറ്റമാണ്. കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങളും പിടിപ്പുകേടും ഇന്ധന വിലവർദ്ധനവുംമൂലം രാജ്യമൊട്ടാകെ ഭീമമായ പ്രതിസന്ധി നേരിടുമ്പോഴും സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിച്ചുനിർത്താൻ സാധിച്ചിട്ടുണ്ട്. ഭക്ഷ്യോൽപ്പന്നങ്ങൾക്കായി ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തിന് വിലക്കയറ്റത്തെ ചെറുത്ത് നിൽക്കാനാകുന്നത് നിസ്സാര കാര്യമല്ല. റേഷൻ കടകളെ റേഷൻ വിതരണം നടത്തുന്ന സ്ഥാപനമെന്നതിനുപുറമെ ജനസേവന കേന്ദ്രങ്ങളാക്കി മാറ്റാൻ ഈ കാലയളവിൽ സാധിച്ചത് വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ഏറെ പ്രയോജനം ചെയ്യുന്നതാണ്. റേഷൻ കാർഡുകൾ സ്മാർട്ട് റേഷൻ കാർഡുകളാക്കി മാറ്റുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വാടക വീടുകളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് ലഭിക്കാത്തതിനാൽ കുറഞ്ഞ നിരക്കിൽ ഭക്ഷ്യ വസ്തുക്കൾ അവർക്ക് ലഭിക്കില്ലായിരുന്നു. ഇപ്പോൾ അതിനുള്ള തടസ്സങ്ങൾ നീക്കി 120,000-ത്തോളം കുടുംബങ്ങളെ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്താൻ സാധിച്ചത് ചെറിയ കാര്യമല്ല. സംസ്ഥാനത്ത് അവഗണിക്കപ്പെട്ടിരുന്ന വിഭാഗമായിരുന്ന

മത്സ്യബന്ധനത്തൊഴിലാളികൾ. കടൽ ക്ഷോഭിച്ചാൽ തീരദേശത്തെ കുടിലുകളിൽ അരക്ഷിതരാകുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് 'പുനർഗേഹം' പദ്ധതിയിലൂടെ 2450 കോടി രൂപ ചെലവഴിച്ചുകൊണ്ട് 18685 കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. കടലോരത്തെ കൈവശ ഭൂമിയുടെ അവകാശം നിലനിർത്തിക്കൊണ്ടാണ് ഈ പദ്ധതി നടപ്പാക്കിയതെന്നത് എടുത്തുപറയേണ്ട കാര്യമാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിഴിഞ്ഞത്ത് പോകുകയും 'പുനർഗേഹം' പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ഭവനങ്ങൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നൽകുകയും ചെയ്തു. ഇതിനോടകം ആധുനിക രീതിയിലുള്ള 276 ഫ്ലാറ്റുകളും 558 പേർക്ക് നല്ല വീടുകളും നിർമ്മിച്ചുനൽകിയിട്ടുണ്ട്. പൂന്തുറയിൽ ഭൂവസ്ത്ര കവചമൊരുക്കുന്നതിന് 150 കോടി രൂപയുടെ പദ്ധതിയാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. തീരാരോഗ്യ പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികൾക്ക് 5 വർഷം തുടർചികിത്സ നൽകുന്നുണ്ട്. അപ്രതീക്ഷിത പ്രകൃതിക്ഷോഭംമൂലം കഴിഞ്ഞ ഒക്ടോബർ, നവംബർ മാസങ്ങളിൽ കടലിൽ പോകാൻ കഴിയാതിരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 3000 രൂപ ആശ്വാസധനമായി

നൽകുന്നതിന് 50 കോടിയോളം രൂപയാണ് സർക്കാർ ചെലവഴിച്ചിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്കാവശ്യമായ മണ്ണെണ്ണ നിഷേധിക്കുന്ന കേന്ദ്ര സർക്കാർ മണ്ണെണ്ണയുടെ വില ലിറ്ററിന് 8 രൂപ വർദ്ധിപ്പിച്ചപ്പോൾ സംസ്ഥാന സർക്കാർ മണ്ണെണ്ണയ്ക്ക് വില വർദ്ധിപ്പിക്കില്ലെന്ന നിലപാടാണെടുത്തത്. മണ്ണെണ്ണ സബ്സിഡിക്കായി 150 കോടിയിലധികം രൂപയാണ് സർക്കാർ ചെലവഴിച്ചുകൊണ്ടിരിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഡി. കെ. മുരളി]

ഇന്നലെ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം തുറന്നുപ്രവർത്തിച്ച ദിനമായതുകൊണ്ടുതന്നെ സന്തോഷമുള്ള ദിവസമായിരുന്നു. ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള 47 ലക്ഷത്തിലധികം കുട്ടികൾ ഇന്നലെ സ്കൂളുകളിൽ വരികയുണ്ടായി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും ആരോഗ്യ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും വിദ്യാഭ്യാസ രംഗത്തെ ക്രമീകരിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. രണ്ടാം പിണറായി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യഘട്ടത്തിൽ 102-ഉം അവസാനകാലയളവിൽ 53-ഉം എന്നിങ്ങനെ 155 സ്കൂൾ കെട്ടിടങ്ങൾ

പുതുതായി ഉദ്ഘാടനം ചെയ്യുകയുണ്ടായി. രാജ്യത്തുതന്നെ ഡിജിറ്റൽ ഓൺലൈൻ ക്ലാസുകൾ നടത്തുന്ന ഏക സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയും പ്ലസ് ടു പരീക്ഷയും ഫിസിക്കലായി നടത്താൻ സാധിച്ചു. ഇന്നലെ ഏതാണ്ട് 83 ശതമാനത്തിലധികം വിദ്യാർത്ഥികൾ സ്കൂളുകളിൽ വന്നതായാണ് കണക്കുകളിൽനിന്നും വ്യക്തമാകുന്നത്. ഈ കാലയളവിൽ ആറായിരത്തോളം അദ്ധ്യാപകർക്ക് പുതുതായി നിയമനം നൽകുകയും അദ്ധ്യാപകരില്ലാത്ത സ്ഥലത്ത് ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ച് വിദ്യാർത്ഥികളുടെ പഠനം ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സാധാരണ അന്തരീക്ഷത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഉച്ചഭക്ഷണം, യൂണിഫോം, പരീക്ഷാ നടത്തിപ്പ് എന്നിവയെല്ലാം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വീണ്ടും നടപ്പാക്കിയിട്ടുണ്ട്. ബോർഡ് പരീക്ഷകൾ നടത്തിയ ഏക സംസ്ഥാനം കേരളമാണ്. ആ നിലയിൽ ജനക്ഷേമ മാതൃകകൾ നടപ്പാക്കിക്കൊണ്ട് സർക്കാർ മുന്നേറുമ്പോൾ കേന്ദ്രഗവൺമെന്റ് എന്തൊക്കെ കാര്യങ്ങൾ ചെയ്യുന്നുണ്ടെന്ന് പരിശോധിക്കേണ്ടതല്ലേ? സാധാരണക്കാരെ എപ്രകാരം കൊള്ളയടിക്കാൻ കഴിയുമെന്നും നാട്ടിൽ വർഗ്ഗീയതയും

വിഭാഗീയതയും എങ്ങനെയെല്ലാം പടർത്താമെന്നും കേന്ദ്ര ഗവൺമെന്റ് ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. മോദി സർക്കാർ മുതലാളിത്ത ശക്തികൾക്കും കുത്തകകൾക്കുംവേണ്ടി കൊള്ളനടത്തുന്ന തിരുട്ടുസംഘമായി അധഃപതിച്ചിരിക്കുകയാണ്. പാവപ്പെട്ടവരെയും ഇടത്തരക്കാരെയും കൊള്ളയടിക്കുകയും കുത്തകമുതലാളിത്ത ഭീമൻമാർക്ക് രാജ്യത്തിന്റെ സ്വത്തുവകകൾ ഇഷ്ടദാനം ചെയ്യുന്ന കൊള്ളസംഘമായും കേന്ദ്ര ഗവൺമെന്റ് മാറിയിരിക്കുന്നു. വിമാനത്താവളങ്ങളും തുറമുഖങ്ങളും പെട്രോളിയം കമ്പനികളും എയർ ഇന്ത്യയും പൊതുമേഖലാ സ്ഥാപനങ്ങളുമെല്ലാം ഇഷ്ടക്കാർക്ക് തീറെഴുതി കൊടുക്കുകയാണ്. ഈസ്റ്റ് ഇൻഡ്യ കമ്പനിയെ തുരത്തി സ്വാതന്ത്ര്യം നേടിയ ഇന്ത്യാ മഹാരാജ്യത്തെ കുത്തക കമ്പനികൾക്ക് അടിയറവുവച്ച് ഓച്ഛാനിച്ച് നിൽക്കുന്ന ഭരണാധികാരികളാണ് ഇന്ന് ഡൽഹിയിലുള്ളത്. യൂണിയൻ ഗവൺമെന്റ് ഫെബ്രുവരി ഒന്നിന് അവതരിപ്പിച്ച ബഡ്ജറ്റ് സവിശേഷ ശ്രദ്ധയാകർഷിക്കുന്നതാണ്. നാട്ടിലെ സാധാരണക്കാരുടെ ജീവിതത്തിൽ പ്രതീക്ഷ നൽകുന്ന എന്തെങ്കിലും നല്ലകാര്യം ആ ബഡ്ജറ്റിലുണ്ടോ? ഒന്നും ഉണ്ടായിട്ടില്ലെന്നുമാത്രമല്ല, ജനദ്രോഹത്തിനുള്ള നൂതന മാർഗ്ഗങ്ങൾ ആ ബഡ്ജറ്റിൽ സ്ഥാനംപിടിക്കുകയും ചെയ്തു. ഇത്തവണത്തെ യൂണിയൻ

ബഡ്ജറ്റിൽ 5G സർവ്വീസ് ഈ വർഷം ആരംഭിക്കുമെന്ന് കൊട്ടിഘോഷിച്ചുകൊണ്ട് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യവകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ 5G സർവ്വീസ് സ്വകാര്യമേഖലയിൽ മാത്രം ആരംഭിക്കുമെന്ന് വ്യവസ്ഥ വച്ചത് ആരുടെയും ശ്രദ്ധയിൽപ്പെട്ടില്ലെന്നാണ് തോന്നുന്നത്. 2019-ലെ കണക്കുപ്രകാരം 155000 ആളുകൾ ജോലി ചെയ്യുന്ന പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ.-ന് 5G സർവ്വീസ് ഇല്ലെന്നാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. ഈ ചേരിതിരിവ് ബി.എസ്.എൻ.എൽ.-നോട് 4G സർവ്വീസിന്റെ കാര്യത്തിലും കാണിച്ചിരുന്നു. രാജ്യത്ത് 4G സർവ്വീസ് ലഭ്യമാക്കി ഏഴുവർഷം കഴിഞ്ഞിട്ടും ബി.എസ്.എൻ.എൽ.-ന് ഇതുവരെ കൃത്യമായ 4G സർവ്വീസ് ഇല്ലെന്നുള്ളതാണ് വസ്തുത. 3G സർവ്വീസ് ആരംഭിക്കുന്ന 2010 കാലഘട്ടത്തിൽ അധികാരത്തിലിരുന്ന യു.പി.എ. ഗവൺമെന്റും ഇതേ നിലപാടായിരുന്നു ബി.എസ്.എൻ.എൽ.-നോട് സ്വീകരിച്ചത്.

"മുമ്പിൽ ഗമിച്ചീടിന ഗോവു തന്റെ

പിമ്പേ ഗമിക്കും ബഹു ഗോക്കളെല്ലാം" എന്ന ചൊല്ല് യു.പി.എ. സർക്കാരിന്റെ മാതൃക പിന്തുടർന്ന് എൻ.ഡി.എ. സർക്കാർ

യാഥാർത്ഥ്യമാക്കുന്ന ദുരന്തകാഴ്ചയ്ക്കാണ് ഇന്ന് രാജ്യം സാക്ഷ്യം വഹിക്കുന്നത്.

യൂണിയൻ ബഡ്ജറ്റിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം വെട്ടിക്കുറച്ചത് കേരളത്തിലെ ജനതയെ വലിയ രീതിയിൽ ബാധിച്ചിട്ടുണ്ട്. 98,000 കോടി രൂപയായിരുന്നു കഴിഞ്ഞ തവണത്തെ വിഹിതമെങ്കിൽ അത് 73,000 കോടി രൂപയായി (25 ശതമാനം) വെട്ടിക്കുറച്ചിരിക്കുന്നു. കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ആക്റ്റീവ് കാർഡുള്ള 20 ലക്ഷത്തോളം പേർക്ക് 100 ദിവസത്തെ തൊഴിൽ നൽകുന്നതിന് ഇത് തിരിച്ചടിയാകും. ഇതുകൊണ്ടുമാത്രമല്ല ജനങ്ങൾക്ക് യൂണിയൻ ബഡ്ജറ്റ് ദുരിതമായി മാറിയത്. പാചക വാതക സബ്സിഡി നേരിട്ട് ജനങ്ങളുടെ അക്കൗണ്ടിലിടുമെന്ന് വാഗ്ദാനം നൽകിയ കേന്ദ്ര സർക്കാർ സബ്സിഡിതന്നെ ഇല്ലാതാക്കുകയുണ്ടായി. ഇപ്പോഴത്തെ അവസ്ഥ കിലുക്കം സിനിമയിൽ രേവതി 'ജ്യോതിയും വന്നില്ല, തീയും വന്നില്ല' എന്ന് പറയുന്നത് പോലെയാണ്. പാചകവാതകത്തിന് സബ്സിഡി നൽകുന്നത് നിർത്തലാക്കിയെന്ന് മാത്രമല്ല, വില വർദ്ധിപ്പിക്കുകയും ചെയ്തതിലൂടെ വലിയൊരു കൊള്ളയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ ബഡ്ജറ്റിലും പാചകവാതക സബ്സിഡിക്കാവശ്യമായ തുക കേന്ദ്ര സർക്കാർ നീക്കിവച്ചിട്ടില്ല. ഭക്ഷ്യ-പൊതുവിതരണ സമ്പ്രദായത്തെയും യൂണിയൻ

ബഡ്ജറ്റ് സാരമായി ബാധിച്ചിരിക്കുകയാണ്. മൂന്നുലക്ഷത്തോളം കോടി രൂപയുണ്ടായിരുന്ന സ്ഥാനത്ത് രണ്ടുലക്ഷം കോടി രൂപയാക്കി വെട്ടിക്കുറച്ചു. അന്ധകാരത്തിനിടയിൽ പ്രതീക്ഷയുടെ ചെംചുവപ്പാർന്ന പ്രകാശം മിന്നിത്തിളങ്ങിയൊരു മഹത്തായ പോരാട്ടത്തെ അടയാളപ്പെടുത്താതിരിക്കാൻ ഈ നന്ദിപ്രമേയ പ്രസംഗത്തിനാകില്ല. നമുക്ക് അന്നമേകുന്ന കർഷകരുടെ ഒരു വർഷത്തിലധികംനീണ്ട പോരാട്ടം വിജയം കണ്ടത് ലോകചരിത്രത്തിൽതന്നെ സ്ഥാനം പിടിച്ചതാണ്. ആ ഐതിഹാസിക പോരാട്ടത്തിൽ 700-ലധികം കർഷകരാണ് രക്തസാക്ഷികളായത്. അവരുടെ ചുടുചോരയുടെ കറ പ്രധാനമന്ത്രി സ്ഥാനം അലങ്കരിക്കുന്ന വ്യക്തി നീട്ടിവളർത്തിയിരിക്കുന്ന വെളുത്ത താടിരോമങ്ങൾകൊണ്ട് മറയ്ക്കാനാകില്ല. ഓരോ കർഷക സഖാവിന്റെയും ജീവൻ നഷ്ടമാകുമ്പോഴും ഞാൻ ഈ സിംഹാസനത്തിലിരുന്ന് കർഷക വിരുദ്ധ നിയമങ്ങളെല്ലാം നടപ്പാക്കുമെന്ന് ആവർത്തിച്ച് പറഞ്ഞ പ്രധാനമന്ത്രി ഒടുവിൽ മുട്ടുകുത്തുകയും മുട്ടുമടക്കുകയും ചെയ്തു. ഇത് നിയമസഭ തെരഞ്ഞെടുപ്പുകൾ മുന്നിൽ കണ്ടുകൊണ്ടുള്ള കരണംമറിയലായിരിക്കുമെന്നാണ് കരുതുന്നത്. പക്ഷെ, ഇനിയും കരണം മറിഞ്ഞാൽ കരണമടിച്ച് പുകയ്ക്കാൻ കരുത്തുള്ള, കാരിരിമ്പുപോലുള്ള

കൈകളും മനസ്സുമുള്ള കർഷകരെ നല്ലതുപോലെ മനസ്സിലാക്കിയവർക്ക് കരിനിയമങ്ങൾ അട്ടത്ത് വയ്ക്കുകയേ വഴിയുള്ളൂ.

ഇതുപോലുള്ള ചെറുത്തുനിൽപ്പാണ് വിശാഖപട്ടണം സ്റ്റീൽ പ്ലാന്റിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. കോവിഡ് കാലത്ത് രാജ്യത്താകമാനം ഓക്സിജൻ ലഭ്യമാക്കിയ, ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ പ്ലാന്റിനെ സ്വകാര്യവത്ക്കരിക്കാനുള്ള നീക്കവുമായി കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. അത് സാദ്ധ്യമാകാത്തതിന്റെ ഏകകാരണം ഒരു വർഷത്തോളമായി തുടരുന്ന തൊഴിലാളി സമരമാണ്. പൊതുമേഖലയെ സംരക്ഷിക്കാനുള്ള സമരത്തിനൊപ്പം ചരിത്രപ്രാധാന്യമുള്ള സ്റ്റീൽ പ്ലാന്റിനെ സംരക്ഷിക്കുന്നതിനുള്ള സമരവും വിശാഖപട്ടണം നഗരത്തിലാകെ നടന്നുകൊണ്ടിരിക്കുകയാണ്. ഉത്തർപ്രദേശ് കേരളം പോലെയാകാതിരിക്കാൻ ബി.ജെ.പി.-ക്ക് വോട്ട് ചെയ്യണമെന്ന് പറഞ്ഞ ശ്രീ. യോഗി ആദിത്യനാഥ് ഇന്ന് അലുമിനിയം കലത്തിൽ തലകുടുങ്ങിയ ആടിന്റെ നിലയിലാണ്. ആ ഒരൊറ്റ പ്രയോഗത്തിലൂടെ കേരളമെന്തുകൊണ്ടാണ് ഒന്നാം നമ്പറായി നിലകൊള്ളുന്നതെന്ന് രാജ്യമാകെ തിരിച്ചറിയുകയും കേരളത്തെക്കുറിച്ചുള്ള ചർച്ച എല്ലായിടത്തും നിറഞ്ഞുനിൽക്കുകയും ചെയ്യുകയാണ്. അതിന് ശ്രീ. യോഗി

ആദിത്യനാഥിനോട് നന്ദി പറയുന്നതിൽ തെറ്റില്ല. ശ്രീ. അഖിലേഷ് യാദവ് പറഞ്ഞത് ന്യൂസ് ചാനലിലൂടെ എല്ലാവരും കേട്ടുകാണുമെന്ന് കരുതുന്നു. കേരളത്തേക്കാൾ എല്ലാ രംഗങ്ങളിലും യു.പി. പിന്നിലാണെന്നും മുഖ്യമന്ത്രി ശ്രീ. യോഗി ആദിത്യനാഥ് തികച്ചും തെറ്റായ താരതമ്യമാണ് കേരളവുമായി നടത്തിയതെന്നും ശ്രീ. അഖിലേഷ് യാദവ് പറയുമ്പോൾ അതിനെ പ്രതിരോധിക്കാൻ യു.പി.-യിലെ ബി.ജെ.പി.-ക്ക് കഴിയുന്നില്ല. നിങ്ങൾ ആ കാര്യങ്ങൾ മനസ്സിലാക്കി പ്രതികരിക്കാൻ തയ്യാറായതിന് അഭിനന്ദിക്കുകയാണ്. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ, കേരള ജനത ഒറ്റക്കെട്ടായി വിളിച്ചുപറഞ്ഞത് മലയാളത്തിന്റെ മഹാകവി വള്ളത്തോൾ നാരായണമേനോൻ എഴുതിയ 'കേരളീയം' എന്ന കവിതയിലെ വരികൾ തന്നെയാണ്....

"...ഭാരതമെന്ന പേർ കേട്ടാൽ
അഭിമാനപൂരിതമാകണം അന്തഃരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ"

'മകൻ ചത്താലും വേണ്ടില്ല മരുമകളുടെ കണ്ണീര് കാണണം' എന്ന് ആഗ്രഹിക്കുന്ന ടെലിവിഷൻ സീരിയലുകളിലെ അമ്മായിയമ്മമാരെപ്പോലെ സംപൂജ്യരായ ഒരുകൂട്ടർ മാത്രം കേരളത്തെ അപഹസിക്കാൻ ശ്രമിക്കുന്നത്

നാം കാണുകയുണ്ടായി. അവർക്കുള്ള മറുപടി അക്കൗണ്ടുതന്നെ പൂട്ടിച്ച് ഈ നാട് നേരത്തേ നൽകിയതാണ്. കേന്ദ്ര ഗവൺമെന്റ് സമസ്ത മേഖലകളിലും വിധ്വംസം നിറഞ്ഞ തുഗ്ലക് പരിഷ്കാരങ്ങൾ നടപ്പിലാക്കുകയാണ്. പാഠപുസ്തകങ്ങളിൽ ചരിത്രം വരെ മാറ്റിയെഴുതുകയാണ്. 'നാനാത്വത്തിൽ ഏകത്വമാണ്' ഈ നാടിന്റെ കരുത്തെന്ന അറിവ് പകർന്നുനൽകിയ വിദ്യാലയങ്ങളിൽ പരസ്പര വിദ്വേഷത്തിന്റെ വിത്തുകളാണിപ്പോൾ പാകുന്നത്. അയൽസംസ്ഥാനമായ കർണ്ണാടകയിൽ സംഭവിക്കുന്നത് കാണുന്നില്ലേ? നമ്മൾ സ്കൂളിലും കോളേജിലുമൊക്കെ പഠിച്ചിരുന്ന കാലത്ത് ചന്ദനക്കുറിയിട്ടിരിക്കുന്നതോ തലമുടി മറയ്ക്കുന്നതോ കൊന്തയിടുന്നതോ ഒക്കെ നോക്കി സുഹൃത്തുക്കളെ തെരഞ്ഞെടുക്കുമായിരുന്നോ; അതിന്റെ പേരിൽ ആരെയെങ്കിലും നാം മാറ്റി നിർത്തിയിരുന്നോ? ഈ നാടിന്റെ നന്മ കാരണം ഇന്നും കേരളത്തിൽ അത്തരം വിവേചനങ്ങളൊന്നും കാണാനില്ല. എന്നാൽ വസ്ത്രത്തിന്റെ പേരിൽ നിഷ്കളങ്കരായ കുട്ടികളെ വേർതിരിക്കാനാണ് കർണ്ണാടകയിലുള്ള ജനാധിപത്യ സർക്കാർ ശ്രമിക്കുന്നത്. ഇതിന്റെ മറ്റൊരു വകഭേദം കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിലുണ്ടായി. എന്നിട്ടിപ്പോൾ ശ്രീമതി സോണിയാ ഗാന്ധിയും കൂട്ടരും മൗനിബാബകളായി ഇരിക്കുകയല്ലേ? ഇടതുവനിത സംഘടനയായ മഹിളാ അസോസിയേഷൻ

പോലുള്ള സംഘടനയല്ലേ ഈ വിവേചനത്തിനെതിരെ കേസിന് പോയത്. മിനിഞ്ഞാന്നാണ് കേന്ദ്രമന്ത്രി ശ്രീ. രാജ്നാഥ് സിംഗിനെതിരെ ഉത്തർപ്രദേശിൽ പ്രതിഷേധമുണ്ടായത്. തൊഴിലില്ലാത്ത ചെറുപ്പക്കാർ ബി.ജെ.പി. തെരഞ്ഞെടുപ്പ് പ്രചരണ യോഗത്തിൽ എഴുന്നേറ്റുനിന്ന് പ്രതിഷേധിച്ചതെന്തിനായിരുന്നു? ഇപ്പോഴവർ എവിടെയാണെന്ന് അറിയില്ല. വ്യാജ എൻകൗണ്ടർ സ്പെഷ്യലിസ്റ്റുകളുള്ള നാട്ടിൽ അവർ ജീവനോടെയുണ്ടാകുമോയെന്നുപോലും പറയാൻ സാധിക്കില്ല. പ്രധാനമന്ത്രി പഞ്ചാബിലെ പാലത്തിൽ വാച്ച് നോക്കിയിരുന്നത് ഈ രാജ്യം കണ്ടതാണ്. കർഷകർ നടത്തിയ പ്രതിഷേധത്തെത്തുടർന്ന് ജാഥയിൽപോലും പങ്കെടുക്കാൻ കഴിയാതെ തിരിച്ചുപോകേണ്ടി വന്നില്ലേ; പഞ്ചാബിലെ ഗ്രാമങ്ങളിൽ ബി.ജെ.പി.-ക്കാർക്ക് പ്രവേശനമില്ലെന്ന് എഴുതി വച്ചില്ലേ? രാജ്യത്ത് എല്ലാംതന്നെ സ്വകാര്യവത്കരിക്കാനുള്ള നീക്കം നടക്കുകയാണ്. ഇൻഷ്വറൻസ് മേഖലയെ സ്വകാര്യ വിദേശ കുത്തകകൾക്ക് തീറെഴുതുന്നതിനുവേണ്ടി ജനറൽ ഇൻഷ്വറൻസ് ബിൽ കേന്ദ്രസർക്കാർ കൊണ്ടുവന്നിരിക്കുന്നു. 2019-20-ലെ ബഡ്ജറ്റിൽ നാല് ജനറൽ ഇൻഷ്വറൻസ് കമ്പനിയെയും ലയിപ്പിച്ച് എൽ.ഐ.സി. പോലുള്ള വലിയ സ്ഥാപനമാക്കുമെന്ന് പറഞ്ഞ കേന്ദ്ര സർക്കാർ ഇപ്പോൾ പറയുന്നത്,

സ്വകാര്യവൽക്കരിക്കാനുള്ള ശിപാർശ നൽകാൻ നീതി ആയോഗിനെ ചുമതലപ്പെടുത്തുന്നുവെന്നാണ്. ഈ നാട്ടിലെ ജനങ്ങളെ സംരക്ഷിക്കുന്ന ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ കേന്ദ്രസർക്കാർ നോക്കുമ്പോൾ കേരളം മറ്റൊരു മാതൃക സൃഷ്ടിക്കുകയാണ്.

കേന്ദ്ര സർക്കാർ സ്വകാര്യമേഖലയ്ക്ക് വിറ്റഴിക്കാനുറപ്പിച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ഇപ്പോൾ കേരളത്തിലെ ജനങ്ങളുടെ കമ്പനിയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് ആ സ്ഥാപനം വാങ്ങുകയും കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ വീണ്ടും ആരംഭിക്കുകയുമാണ്. കാസർഗോഡ് BHEL-EML (Bharat Heavy Electricals Limited-Electrical Machines Limited) ഒരു കേന്ദ്രസർക്കാർ സ്ഥാപനമായിരുന്നു; അതും ഈ സർക്കാർ വാങ്ങുകയുണ്ടായി. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിനെയും വാങ്ങാൻ പോകുകയാണ്. ഇതെല്ലാം കേരളത്തിലെയും രാജ്യത്തെയും ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. കേരളത്തിന്റെ ആവശ്യങ്ങൾക്ക് സംസ്ഥാനത്തിന് തുടർച്ചയായി യൂണിയൻ ബഡ്ജറ്റിൽ പരിഗണന ലഭിക്കാത്ത അവസ്ഥയ്ക്കെതിരെ ശക്തമായ പോരാട്ടം ഉയർന്നുവരേണ്ടതുണ്ട്. രാജ്യത്തിന്റെ വികസന പദ്ധതികൾക്ക് തടസ്സം നിൽക്കുന്നതാണ് പ്രതിപക്ഷ ധർമ്മമെന്ന് കരുതുന്ന പ്രതിപക്ഷ

കക്ഷികളാണുള്ളത്. സംസ്ഥാനത്തെ പ്രതിപക്ഷമായ യു.ഡി.എഫ്. കഴിഞ്ഞ കാലങ്ങളിൽ മുടക്കാൻ ശ്രമിച്ച പദ്ധതികൾ എന്തൊക്കെയായിരുന്നുവെന്ന് ഓർക്കുന്നത് നല്ലതായിരിക്കും. കേരള ബാങ്ക്, ദേശീയപാത വികസനം, കെ-ഫോൺ, ലൈഫ് മിഷൻ, ഗെയിൽ പദ്ധതി, ഇടമൺ-കൊച്ചി പവർ ഹൈവേ തുടങ്ങിയ എത്രയെത്ര പദ്ധതികളാണ് ബി.ജെ.പി.-യുമായി ചേർന്ന് ഇവർ മുടക്കാൻ ശ്രമിച്ചത്. എന്നിട്ടെന്തായി; പദ്ധതികളെല്ലാം നല്ല നിലയിൽ നടക്കുന്നില്ലേ? ഞങ്ങളുടേത് ചെറിയ പാർട്ടിയാണെങ്കിലും നിലപാടുള്ള പാർട്ടിയാണ്, പക്ഷെ ഞങ്ങൾ ജനങ്ങൾക്കൊപ്പമാണ് നിൽക്കുന്നത്. കേരളത്തിൽ മാത്രമല്ല രാജ്യത്ത് എല്ലായിടത്തും ഈ നിലപാടുതന്നെയാണ് പാർട്ടി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ചെങ്കൊടി നഗരമെന്ന് നിങ്ങൾ കേട്ടിട്ടില്ലേ? അയൽസംസ്ഥാനമായ തമിഴ്നാട്ടിലാണ് ചെങ്കൊടി നഗരമുള്ളത്. കടലൂർ ജില്ലയിലെ കോത്താട്ടെ ഗ്രാമത്തിലുള്ള ഇരുളർ കോളനിയുടെ പേരാണ് ചെങ്കൊടി നഗരം. 20 വർഷത്തോളമായി സി.പി.ഐ.(എം.)-ന്റെ നേതൃത്വത്തിൽ നടത്തിയ ഭൂ സമരത്തിലൂടെ ഭൂമി ലഭിച്ച നാട്ടുകാർ സന്തോഷംകൊണ്ട് നൽകിയ പേരാണിത്. ഒന്നും രണ്ടുമല്ല ഇരുപത് വർഷം ഞങ്ങൾ സമരം ചെയ്യുകയും അവർക്ക് ഭൂമി നേടിക്കൊടുക്കുകയും

ചെയ്യുവെന്നതാണ് ഈ പാർട്ടിയുടെ സവിശേഷത. തെരുവിലിറങ്ങി പോരാടിയാൽ മാത്രമെ ഫാസിസത്തെ തോൽപ്പിക്കാൻ കഴിയുകയുള്ളൂ. കഴിഞ്ഞ ദിവസമാണ് തലശ്ശേരിയിലെ ഹരിദാസ് എന്ന സഖാവിനെ ബി.ജെ.പി., ആർ.എസ്.എസ്., ഭീകരവാദികൾ കൊലപ്പെടുത്തിയത്. ഏതാനും വർഷങ്ങൾക്കിടയിൽ ഹരിദാസടക്കമുള്ള എത്ര സഖാക്കളാണ് കൊല്ലപ്പെട്ടതെന്നതിന്റെ രേഖകൾ സഭയുടെ മുന്നിലുണ്ട്. അതേ നാണയത്തിൽ തിരിച്ചടിക്കാത്തത് ദൗർബല്യമാണെന്ന് കരുതേണ്ടതില്ല. അവസാനത്തെ ഇടതുപക്ഷ പ്രവർത്തകൻ കൊല്ലപ്പെടുന്നതുവരെയും രാജ്യത്ത് പൊരുതുന്ന ജനങ്ങളോടൊപ്പം ഞങ്ങൾ ഉണ്ടാകുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പ്രസംഗിക്കാൻ സാധിക്കുമോയെന്ന പേടിയിലാണ് ഞാൻ നിൽക്കുന്നത്. കാരണം, അവസാനത്തെ എൽ.ഡി.എഫ്. പ്രവർത്തകൻ ജീവിച്ചിരിക്കുന്നതുവരെ എല്ലാം തകർത്ത് കളയുമെന്നാണ് ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞത്. അദ്ദേഹത്തിന്റെ സ്വഭാവംവച്ച് അത് സംഭവിക്കില്ലെന്ന് പറയാനും സാധിക്കില്ല. ഇന്നത്തെ ദേശാഭിമാനി പത്രം അങ്ങ് വായിച്ചിട്ടുണ്ടാകും. ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് പത്രത്തിന്റെ ചീഫ് എഡിറ്റർ. അതിൽ

പറയുന്നത്, 'നിർത്തു ഈ അരുംകൊല' എന്നാണ്. എനിക്ക് ശ്രീ. കടകംപള്ളി സുരേന്ദ്രനോട് പറയാനുള്ളതും 'നിർത്തു ഈ വാചകമടി' എന്നാണ്. ഞങ്ങൾ ഇത് കേട്ടുകേട്ട് മടുത്തു. കഴിഞ്ഞ പ്രാവശ്യം ഇവർ പറഞ്ഞതുപോലെ കെ-റെയിലിനേക്കാൾ സ്പീഡിൽ ഓടിയ ഒരു ക്യാബിനറ്റായിരുന്നുവെങ്കിൽ അതിനകത്തുനിന്നും തെറിച്ചുപോയ ശ്രീ. ടി. പി. രാമകൃഷ്ണനും അതിൽനിന്നും തെറിച്ച് അതിന്റെയടിയിൽ പോയ ശ്രീ. കടകംപള്ളി സുരേന്ദ്രനുമാണ് ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നത്. രാജ്ഭവനിൽനിന്നും തയ്യാറാക്കിയ നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ വായിച്ചത്. നിങ്ങൾ ബഹുമാനപ്പെട്ട ഗവർണറോട് വലിയ ബഹളം കാണിച്ചല്ലോ; അങ്ങനെ ബഹളം കാണിച്ച നിങ്ങൾ ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിൽ അന്ന് നടന്ന നാടകത്തെക്കുറിച്ച് ഒരു വാക്യം പറയാൻ തയ്യാറായോ? നിങ്ങൾ അതിനെക്കുറിച്ച് പറയില്ല, കാരണം നിങ്ങൾക്ക് ഭയപ്പാടാണ്. ഈ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ആയിരം നാവോട്ടുകൂടി പറഞ്ഞല്ലോ. ഇന്നത്തെ കേരള കൗമുദി പത്രത്തിൽ 'അരും കൊലകളിൽ പോലീസ് വീഴ്ച'. അതാരുടെ വീഴ്ചയാണ്; ഞങ്ങളുടെ വീഴ്ചയാണോ; ഞങ്ങൾ സൃഷ്ടിച്ച വീഴ്ചയാണോ; അരും കൊലകളിൽ പോലീസിന് വീഴ്ച എന്ന് അവർ പറയാൻ

കാരണമെന്താണ്? അതിനുള്ള കാരണം, ഈ നാട്ടിൽ നടന്ന കൊലപാതകങ്ങളാണ്. ആഭ്യന്തര വകുപ്പ് അമ്പേ പരാജയമാണെന്ന് ഈ നാട്ടിൽ ആരാണ് പറഞ്ഞിരിക്കുന്നത്? ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി ശ്രീ. കാനം രാജേന്ദ്രനാണ്; ബാക്കി സ്വതന്ത്രമായി അഭിപ്രായം രേഖപ്പെടുത്തുന്ന ഘടകകക്ഷികൾക്കെല്ലാം ഇതേ അഭിപ്രായമാണുള്ളത്. നിങ്ങൾ ഈ പറയുന്നതുപോലെയല്ല ചിത്രം; അതിനേക്കാൾ വ്യത്യസ്തമാണ്. 2016 മുതൽ ഇന്നുവരെ 39 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. 2013-ലെ കാര്യം നിങ്ങൾ ഓർക്കുന്നുണ്ടാകും. ഇടയ്ക്കിടയ്ക്ക് നിങ്ങൾ എന്നെ ആക്ഷേപിച്ചും കുന്തമുനവച്ച് കുത്താനും ശ്രമിക്കാറുണ്ടല്ലോ. ഞാൻ വെല്ലുവിളിക്കുന്നു, 2013-ൽ ഒരു രാഷ്ട്രീയ കൊലപാതകവും കേരളത്തിൽ നടന്നിട്ടില്ലെന്ന യാഥാർത്ഥ്യം മറക്കേണ്ട. ഇവിടെ കൊലപാതകങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കാണ് ഞാൻ പറയുന്നത്. അതുപ്രകാരം 39 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ഏറ്റവുംകൂടുതൽ രാഷ്ട്രീയ കൊലപാതകങ്ങൾ നടക്കുന്നത് കണ്ണൂർ ജില്ലയിലാണ്. ക്രമസമാധാനത്തിന്റെ രാഷ്ട്രീയ ഇടപെടലും പോലീസിനുണ്ടായ പാളിച്ചകളുമാണ് ഈ കൊലപാതകങ്ങൾക്കുള്ള

കാരണം. ഷാൻബാബു എന്ന ചെറുപ്പക്കാരനെക്കുറിച്ച് അങ്ങ് കേട്ടിട്ടുണ്ടോ? കോട്ടയം ജില്ലയിലെ ഈസ്റ്റ് പോലീസ് സ്റ്റേഷന്റെ കീഴിൽ അര കിലോമീറ്ററിനുള്ളിൽ നടന്ന സംഭവമാണ്. ഷാൻബാബുവിന്റെ കണ്ണ് കുത്തിപ്പൊട്ടിച്ച് ചൂഴ്ന്നെടുത്തശേഷം ഒരു രാത്രി മുഴുവൻ അയാളെയുംകൊണ്ട് വിവിധ സ്ഥലങ്ങളിൽ പോയി. പാതിരാസമയത്ത് ഷാൻബാബുവിന്റെ സഹോദരിയും അമ്മയും പോലീസ് സ്റ്റേഷനിൽ ചെല്ലുകയും 'ഞങ്ങളുടെ മകനെ 8.30 മണി മുതൽ കാണാനില്ല, കണ്ടുപിടിക്കാൻ സഹായിക്കണം' എന്ന് പോലീസിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. 'നിങ്ങൾ സമാധാനപരമായി പോകൂ' എന്നൊരു നല്ല ഉപദേശം നൽകി പോലീസുകാർ അവരെ പറഞ്ഞുവിട്ടപ്പോൾ അവർ അതും വിശ്വസിച്ചു തിരികെപോയി. പാതിരാത്രി രണ്ടര മണി സമയത്ത് അവർ വീണ്ടും പോയെങ്കിലും അപ്പോഴും ആളിനെ കാണാൻ സാധിച്ചില്ല. വെളുപ്പിന് നാലരമണി കഴിഞ്ഞപ്പോൾ ഷാൻബാബുവിനെ തല്ലിക്കൊന്ന ഗുണ്ടതന്നെ മൃതദേഹം തോളിലിട്ട് ചുമന്നുകൊണ്ട് വന്ന് പോലീസ് സ്റ്റേഷന്റെ മുറ്റത്തേയ്ക്ക് വലിച്ചെറിഞ്ഞിട്ട് അരമണിക്കൂർ ചിന്നം വിളിച്ചു. എന്നിട്ടും അയാളെ പോലീസ് പിടികൂടിയില്ല. അതിനുപകരം പോലീസുകാർ പ്രാണരക്ഷാർത്ഥം ആ പോലീസ് സ്റ്റേഷന്റെ കതകടച്ച് അകത്തുനിന്നും കുറ്റിയിട്ടു. അങ്ങനെ ചെയ്തത് നന്നായി, കാരണം

പോലീസുകാരുടെ ജീവനെങ്കിലും രക്ഷപ്പെട്ടല്ലോ. ഇയാൾ കാപ്പ കേസിലെയും പ്രതിയാണ്. അയാൾ എങ്ങനെയാണ് പുറത്തിറങ്ങിയത്? 60 ദിവസത്തിനുള്ളിൽ കാപ്പ കേസിന് ചാർജ്ജ് ഷീറ്റ് കൊടുക്കാതിരുന്നതുകൊണ്ട് ഇയാൾ നേരെ സ്റ്റേഷനിൽനിന്നും പുറത്തിറങ്ങിയതിനുശേഷമാണ് ഈ കൊലപാതകം നടത്തിയത്. കൊടും ക്രിമിനലായ ജോമോൻ ജനുവരി 17-ാം തീയതി വെളുപ്പിന് 4.30-ന് ചെയ്ത ഈ ക്രൂരകൃത്യം ഇന്നും കടങ്കഥയായി നിൽക്കുകയല്ലേ? ആരാണ് അതിന്റെ ഉത്തരവാദികൾ? എന്നോട് തർക്കിക്കരുത്, തർക്കിച്ചാൽ ഞാൻ ഉത്തരവാദിയുടെ പേരുകൂടി പറയും. ഇവിടെ നടന്ന അതിക്രമങ്ങൾ നിങ്ങളൊന്നും കണ്ടില്ലേ? ഇപ്പോൾ നിങ്ങൾ പറയും, അവിടെ 5 സി.ആർ.-വി. വാനുകൾ ഉണ്ടായിരുന്നില്ലേയെന്ന്. 5 വാനുകൾ ഉണ്ടായിരുന്ന സമയത്താണ് ഒരു ഓട്ടോറിക്ഷയ്ക്കകത്ത് ഈ ചെറുപ്പക്കാരനെ പിടിച്ചുകെട്ടിയശേഷം അവന്റെ ശരീരത്തിൽ വടികൊണ്ട് അടിച്ചടിച്ച് ഇഞ്ചിഞ്ചായി കൊന്ന് വലിച്ചെറിഞ്ഞത്. എന്നിട്ടും ഈ ഭരണത്തിന്റെ മഹത്വത്തെക്കുറിച്ച് പറയാൻ ഒരു മടിയുമില്ലെങ്കിൽ എന്ത് പറയാനാണ്? കൊടും ക്രിമിനലുകൾ സ്റ്റേഷൻ അതിക്രമിച്ച് കയറാതിരിക്കുന്നതിനുവേണ്ടി അകത്തുനിന്നും കുറ്റിയിട്ട നടപടി കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥർ

ഇനിയെങ്കിലും അവസാനിപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുകയാണ്. ശ്രീ. കടകംപള്ളി സുരേന്ദ്രൻ താമസിക്കുന്ന തിരുവനന്തപുരം ജില്ലയിലല്ലേ ഒരാളുടെ കാൽ വെട്ടി ഓട്ടോറിക്ഷയിൽ പ്രദർശിപ്പിച്ചത്. അത്തരത്തിൽ അവയവ പ്രദർശനം നടത്തിയ ജില്ലയിലാണ് അങ്ങ് ഇരിക്കുന്നതെന്ന ബോദ്ധ്യമെങ്കിലും ഉണ്ടാകേണ്ടതല്ലേ; ഒരു നിമിഷം അതിനെക്കുറിച്ച് ആലോചിക്കണ്ടേ? കാൽ വെട്ടിയിട്ട് നേരെ ഓട്ടോറിക്ഷയിൽ നഗരം ചുറ്റിനടന്നശേഷം ഒന്നും സംഭവിച്ചില്ലെന്ന് കാണിക്കുകയാണ്, എന്തൊരു കഷ്ടമാണ്; പറഞ്ഞാലും നന്നാവുകയില്ലെങ്കിൽ ഞാനെന്ത് ചെയ്യാനാണ്? ഇതാണ് അങ്ങ് പറഞ്ഞ ദൈവത്തിന്റെ സ്വന്തം നാട്. ടി. പി.ചന്ദ്രശേഖരൻ വധക്കേസിലെ പതിനൊന്ന് പ്രതികൾക്കായി 4614 ദിവസത്തെ പരോളാണ് അനുവദിച്ചതെന്ന് രേഖകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. അദ്ദേഹത്തിന്റെ പത്നി ശ്രീമതി കെ. കെ. രമ ഈ സഭയിലുണ്ട്. പ്രസ്തുത കേസിൽ കൊടി സുനി ഒഴികെ ബാക്കിയെല്ലാവരും ജയിലിന് പുറത്താണ്. കൈക്കൂലിയെക്കുറിച്ച് കേട്ടിട്ടുണ്ട്, പക്ഷേ ഡിജിറ്റൽ കൈക്കൂലിയെക്കുറിച്ച് ഇപ്പോഴാണ് കേൾക്കുന്നത്. നിങ്ങൾ കേട്ടിട്ടുണ്ടോ? മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ ഡിജിറ്റൽ കൈക്കൂലി കേസാണുണ്ടായത്, ആരാണെന്നറിയാമോ? പാർട്ടിയുടെ നേതാവാണ്, അവർ പിൻവാതിലിലൂടെ

നിയമനം കൊടുത്തതാണ്. അവസാനം ധനകാര്യ വകുപ്പിൽനിന്നും നിയമനം തെറ്റാണെന്നും പിരിച്ചുവിടണമെന്നും ആവശ്യപ്പെട്ട് കത്ത് കൊടുത്തു. അതിന്റെ പകർപ്പ് എന്റെ കൈവശമുണ്ട്. (കത്തിന്റെ പകർപ്പ് ഉയർത്തിക്കാട്ടി). എന്നിട്ട് ആരെയെങ്കിലും നിങ്ങൾ പിരിച്ചുവിട്ടോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തെ പറഞ്ഞ വാചകം ഞാൻ ആവർത്തിക്കുന്നില്ല. ഇതുപോലെ കൈക്കൂലിയുടെയും അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും കൊലപാതകത്തിന്റെയും നഗ്നമായ ചിത്രം കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നുവെന്നതാണ് പ്രധാന പ്രശ്നം. ഇതൊക്കെയായാലും ഞങ്ങളെ ജനങ്ങൾ തെരഞ്ഞെടുത്തില്ലേയെന്ന് നിങ്ങൾ പറയും. ശ്രീ. നരേന്ദ്ര മോദി പറഞ്ഞതും നിങ്ങൾ പറഞ്ഞതും ഒരേ വാചകം തന്നെയാണ്. ശ്രീ. നരേന്ദ്ര മോദി പാർലമെന്റിൽ പറഞ്ഞതും ഞങ്ങളെ തെരഞ്ഞെടുത്തത് ജനങ്ങളാണെന്നാണ്. അതുകൊണ്ട് കേരളത്തിൽ ഇതിനേക്കാൾ ഭയാനകമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ വീണ്ടും മടികാണിക്കേണ്ടതില്ലെന്ന മട്ടിലാണ് കാര്യങ്ങൾ പോകുന്നത്. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന തെറ്റായ പ്രവർത്തനത്തെ ഒരിക്കലും അംഗീകരിക്കാൻ സാധിക്കില്ല. ഈ നാട്ടിൽ നടക്കുന്ന സംഭവങ്ങളെക്കുറിച്ച് പത്ത് മണിക്കൂർ അഖണ്ഡനാമയജ്ഞം നടത്തുന്നതുപോലെ പറഞ്ഞാലും തീരില്ല. ഈ

തെറ്റായ പ്രവർത്തനങ്ങൾ അവസാനിപ്പിക്കണമെന്ന് പറഞ്ഞാൽ നിങ്ങൾക്ക് മനസ്സിലാകണ്ടേ? മനസ്സിലായില്ലെങ്കിൽ 'പരമശിവായ' എന്ന് പറയുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. നിങ്ങളുടെ തെറ്റായ പ്രവർത്തനത്തെ ഞങ്ങൾ ശക്തമായി എതിർക്കുന്നു. നന്ദിപ്രമേയം അവതരിപ്പിച്ച ആളുകൾ ബഹുമാനപ്പെട്ട ഗവർണറെക്കുറിച്ച് ഒരു വാക്ക് പറയാത്തതിൽ ഞങ്ങൾക്ക് പ്രത്യേക നന്ദിയുണ്ടെന്ന് സൂചിപ്പിക്കുകയാണ്. ഗവർണർ എന്ന് കേൾക്കുമ്പോൾ നിങ്ങൾക്ക് തൊടാനുംവയ്യ തൊടാതിരിക്കാനുംവയ്യ എന്ന രൂപത്തിലാണ്. നിങ്ങളുടെ അവസ്ഥ 'കയ്ച്ചിട്ട് ഇറക്കാനുംവയ്യ, മധുരിച്ചിട്ട് തുപ്പാനുംവയ്യ' എന്ന നിലയിലാണ്. ഈ ചെറിയ പ്രായത്തിൽ ബഹുമാനപ്പെട്ട ഗവർണർക്ക് ആറ് പാർട്ടിയിൽ പോകാനേ സാധിച്ചുള്ളൂ. നേരത്തെ എൽ.ജെ.ഡി.-യിൽ അംഗമായിരുന്നു, അതിനുശേഷം ഇൻഡ്യൻ നാഷണൽ കോൺഗ്രസിലും കോൺഗ്രസ് ഫോർ ഡെമോക്രസിയിലും പിന്നീട് ജനതാ പാർട്ടിയിലും അതിനുശേഷം ബി.എസ്.പി.-യിലും ഇപ്പോൾ ബി.ജെ.പി.-യിലും എത്തിനിൽക്കുകയാണ്. 'ചക്കിക്കൊത്ത ചങ്കരൻ' എന്നുപറയുന്നതുപോലെ, ഗവർണർക്ക് യോജിച്ച സർക്കാരാണിത്. അതാണ് കേരളത്തിൽ നടക്കുന്നത്. ഇത് നന്ദിപ്രമേയമല്ല, ഈ നിയമസഭയോട് കാണിച്ച നിന്ദയാണ്. അതുകൊണ്ട് ഞാൻ ഈ

നന്ദിപ്രമേയത്തെ എതിർക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നയപ്രഖ്യാപന പ്രസംഗത്തെത്തുടർന്ന് ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിന്റെ വരുംകാല ക്ഷേമവികസന പ്രവർത്തനങ്ങൾ സംബന്ധിച്ചാണ് നയപ്രഖ്യാപനത്തിലുടനീളം വ്യക്തമാക്കിയിരിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയ നിരവധി ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചും കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് സംസ്ഥാനത്തെ ബുദ്ധിമുട്ടിക്കുന്നതിനെക്കുറിച്ചുമുള്ള പരാമർശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണർ നടത്തിയത്. വരുംനാളുകളിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പാക്കാൻ പോകുന്ന ചെറുതും വലുതുമായ നിരവധി പദ്ധതികളെക്കുറിച്ചും നയപ്രഖ്യാപന പ്രസംഗത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിന്റെ പ്രത്യേകതയും മുതലാളിത്ത സാമൂഹ്യവ്യവസ്ഥയുടെ ഭാഗമായി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള ധാരണയും നമുക്കുണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. ആ വ്യവസ്ഥയോടൊപ്പംനിന്ന് രാജ്യത്ത് ഭരണം നടത്തിക്കൊണ്ടിരിക്കുന്ന കേന്ദ്ര ഭരണകർത്താക്കളും കഴിഞ്ഞ കാലങ്ങളിൽ

ഭരണം നടത്തിയവരും സ്വീകരിച്ച നയങ്ങളെക്കുറിച്ച് പരിശോധിക്കേണ്ടതുണ്ട്. മുതലാളിത്ത സാമ്പത്തിക നയങ്ങളും വർഗ്ഗീയതയും ചേർന്ന് കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി ഇന്ത്യയുടെ ആത്മാവിനെയും ശരീരത്തെയും തകർത്തുകൊണ്ടിരിക്കുകയാണ്. മൂന്ന് പതിറ്റാണ്ടെന്ന് പറയുന്നത് 1991-നശേഷം നടപ്പാക്കിയ പുത്തൻ സാമ്പത്തിക നയത്തിന്റെയും അതിന്റെ ഭാഗമായി ആരംഭിച്ച പ്രവർത്തനങ്ങളുമാണ്. ഇതിന്റെ തുടർച്ചയെന്ന നിലയ്ക്ക് ഇവയെല്ലാം പരസ്പരം ബന്ധപ്പെട്ടതാണ്. വംശീയതയുടെയും വർഗ്ഗീയതയുടെയും ശക്തി ഉപയോഗിച്ചുകൊണ്ടാണ് മുതലാളിത്ത ശക്തികൾ അവരുടെ നയങ്ങൾ പലപ്പോഴും നടപ്പാക്കാറുള്ളത്. ഇതിനെത്തുടർന്നാണ് ബാബ്റി മസ്ജിദിന്റെ തകർച്ചയുണ്ടായത്. 1991-ൽ പുതിയ സാമ്പത്തിക നയം നടപ്പാക്കുകയും 1992-ൽ അതിനെത്തുടർന്ന് നിരവധി കാര്യങ്ങൾ സംഭവിക്കുകയും ചെയ്തു. മൂലധനത്തിന്റെ ആധിപത്യത്തിനെയും വർഗ്ഗീയതയെയും എങ്ങനെയാണ് ഈ കക്ഷികൾ എപ്പോഴും ഉപയോഗിക്കുന്നു എന്നതിന്റെ മികച്ച തെളിവാണിത്. പുരാതന സാമ്രാജ്യകാലം മുതൽ ഏഷ്യയിലും ആഫ്രിക്കയിലും ദക്ഷിണ അമേരിക്കയിലുമൊക്കെ യൂറോപ്യൻ ശക്തികൾ സ്ഥാപിച്ചെടുത്ത കോളനികളുടെ സ്ഥിതിഗതികളും അതിന്റെ ചരിത്രവുമെല്ലാം

പരിശോധിച്ചാൽ നമുക്ക് ഇക്കാര്യം മനസ്സിലാക്കാൻ സാധിക്കും. അക്കാലം മുതൽ ആധുനിക കാലത്തെ ഫിനാൻസ് മൂലധനത്തിന്റെ ഊഹക്കച്ചവട രീതികളെല്ലാം ഇതിന്റെ അടിസ്ഥാനത്തിലാണ് നടപ്പാക്കപ്പെടുന്നത്. വിദ്വേഷത്തിന്റെയും മതവൈരത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിലാണ് ആ ശക്തികൾ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. കുത്തക സാമ്പത്തിക ശക്തികൾക്കുവേണ്ടി സോഷ്യലിസ്റ്റ് നയങ്ങളെ കോൺഗ്രസ് ഉപേക്ഷിച്ചതിനെത്തുടർന്ന് രാജ്യത്ത് വളർന്നുവന്ന ജീവിത തകർച്ചയും അതിനെത്തുർന്നുണ്ടായ ജനങ്ങളുടെ നിരാശയിൽനിന്നുമാണ് ബി.ജെ.പി.-ക്ക് കടന്നുവരാനും രാജ്യത്ത് അധികാരത്തിലെത്താനും സാധിച്ചതെന്ന് ചരിത്രം പരിശോധിക്കുന്ന ഏതൊരാൾക്കും ബോദ്ധ്യപ്പെടുന്നതാണ്. ആർ.എസ്.എസ്. എന്ന തീവ്രവാദ സംഘടനയുടെ പാർലമെന്ററി മുഖമായ ബി.ജെ.പി.-ക്ക് രാഷ്ട്രീയ പുനരുജ്ജീവനത്തിന് അവസരം നൽകിയത് ആ കാലഘട്ടത്തിലെ പ്രവർത്തനമായിരുന്നു. ഭാരത ജനതയുടെ സംസ്കാരത്തിലും അന്തർലീനമായ സമത്വചിന്തകളിലും സ്വാതന്ത്ര്യസമരകാലത്ത് ഉയർന്നുവന്ന മാനവികത അടിസ്ഥാനപ്പെടുത്തിയുള്ള ദേശീയ ബോധമാണ് ഭരണഘടനയിൽ ചേർക്കപ്പെട്ട സോഷ്യലിസവും മതേതരത്വവുമെന്ന മഹത്തായ മൂല്യങ്ങൾ.

ഇന്നത്തെ കേന്ദ്ര ഭരണകർത്താക്കൾ ഈ രണ്ട് മൂല്യങ്ങളെയും തുടച്ചുനീക്കിക്കൊണ്ടിരിക്കുകയാണ്. അതിനുപകരമായി വർഗ്ഗീയതയും അസമത്വവും കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര ഭരണകർത്താക്കൾ തുടച്ചുനീക്കിയ രണ്ട് മൂല്യങ്ങളെയും കേരളത്തിൽ നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കാഴ്ചവച്ചുകൊണ്ടാണ് എൽ.ഡി.എഫ്. ഭരണം മുന്നോട്ടുപോകുന്നത്. രാജ്യത്തെ ഒരു സംസ്ഥാനത്തും നടപ്പാക്കാത്ത വിധത്തിലുള്ള ജനക്ഷേമ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ളത്. ഈ മാതൃക വേണോ; അതോ ശ്രീ. യോഗി ആദിത്യനാഥിന്റെ യു.പി. മാതൃക വേണോയെന്ന് ഇതര സംസ്ഥാനങ്ങളിലെ പ്രബുദ്ധരായ ജനങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് നാം നിൽക്കുന്നത്. ആരോഗ്യ-വിദ്യാഭ്യാസ സൗകര്യങ്ങൾ, ഭക്ഷ്യസുരക്ഷാ ക്രമീകരണങ്ങൾ, അടിസ്ഥാന വിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികൾ, സാമൂഹ്യ സാമ്പത്തിക സുരക്ഷാ പദ്ധതികൾ, ദാരിദ്ര്യ നിർമ്മാർജ്ജന സംവിധാനങ്ങൾ, നാടിന്റെ പൊതുവികസനത്തിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയെല്ലാം എൽ.ഡി.എഫ്. ഗവൺമെന്റ് ഒരുമിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണെന്ന വസ്തുത നിഷേധിക്കാൻ കഴിയില്ല.

ഏതൊക്കെ തരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞാലും ഈ നാട്ടിൽ അഞ്ചാറ് വർഷക്കാലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതിയെയും സമൂഹത്തിൽ ഉണ്ടാക്കിയ നേട്ടങ്ങളെയും നിഷേധിക്കാൻ ആർക്കും സാധിക്കില്ല. അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾത്തന്നെ വൻകിട നിർമ്മാണ പ്രവർത്തനങ്ങളടക്കം കേരളം തയ്യാറാക്കുകയാണ്. ഇതൊക്കെ നടപ്പാകുമ്പോൾ അതിനോടുള്ള എതിർപ്പും പ്രതിക്ഷേധവും ഒരുവശത്ത് നടക്കാറുണ്ടെങ്കിലും വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പല പദ്ധതികളും സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. ഗെയിൽ പദ്ധതി, ഹൈവേ, മലയോര ഹൈവേ എന്നിവ 2016 മുതൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളാണെന്ന് എല്ലാവർക്കും ബോദ്ധ്യമുള്ളതാണ്. കേരള വികസന മാതൃകയെന്നത് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ അടിത്തറയിൽ നിർമ്മിക്കപ്പെട്ട സുസ്ഥിര ലോകോത്തര മാതൃകയാണെന്ന് പറയാൻ സാധിക്കുന്നതും സമഗ്ര സാമ്പത്തിക വികസന മാതൃകയായി അംഗീകരിക്കപ്പെട്ട് കഴിഞ്ഞിരിക്കുന്നതുമാണ്. സർവ്വതലസ്പർശിയായ ഈ വികസനം മാതൃകാ സോഷ്യലിസ്റ്റ് രൂപത്തിലുള്ളതാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കോൺഗ്രസ് നടപ്പാക്കാതെ, പറയുകമാത്രം ചെയ്തുകൊണ്ടിരുന്ന

സോഷ്യലിസം യഥാർത്ഥത്തിൽ പിൽക്കാലത്ത് കേരളത്തിൽ നടപ്പാക്കിയത് ആരാണെന്ന് എല്ലാവർക്കും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി കോൺഗ്രസ് തകർച്ചയിലേയ്ക്കുപോകുന്ന സാഹചര്യത്തിലാണ് ജനങ്ങൾ നിരാശരായി ബി.ജെ.പി. പോലുള്ള ശക്തികളിലേയ്ക്ക് അഥവാ ആർ.എസ്.എസ്.-ന്റെയും സംഘ് പരിവാറിന്റെയും കൈകളിലേയ്ക്ക് ഈ രാജ്യത്തിന്റെ ഭരണം ഏൽപ്പിച്ചുകൊടുക്കുന്ന അത്യന്തം ദുഃഖകരമായ സാഹചര്യമുണ്ടായത്. അതിനെല്ലാം വഴിവച്ചത് കോൺഗ്രസിന്റെ കൊള്ളരുതാത്ത നയങ്ങളും അവർ സ്വീകരിച്ച നടപടികളുമാണ്. തത്ഫലമായി ജനങ്ങൾ നിരാശരാവുകയും വർഗ്ഗീയ ശക്തികൾക്ക് കടന്നുകയറാൻ ഇടംനൽകുകയും ചെയ്യുന്ന സാഹചര്യമുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം വിവിധങ്ങളായ വകുപ്പുകളെ അടിസ്ഥാനമാക്കി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങളുടെ നീണ്ട പട്ടിക തന്നെയുണ്ട്. നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. ടി. പി. രാമകൃഷ്ണനും ശ്രീ. കടകംപള്ളി സുരേന്ദ്രനും അക്കാര്യം പ്രത്യേകമായി പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. കേന്ദ്രഗവൺമെന്റ് ഭരണഘടനാ സ്ഥാപനങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുന്നതോടൊപ്പം പാർലമെന്റിനെയും നിയമസഭകളെയും നോക്കുകുത്തിയാക്കുന്ന തരത്തിലുള്ള

നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം ഫെഡറൽ സംവിധാനത്തെ അംഗീകരിക്കാതിരിക്കാനും ബി.ജെ.പി. ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉന്നയിച്ച വിഷമതകളും അതിന്റെ പരിഹാരനിർദ്ദേശങ്ങളും അവഗണിച്ച് മുന്നോട്ടുപോകുന്ന കേന്ദ്രസർക്കാർ നീക്കം സംസ്ഥാനത്തെ എത്രമാത്രം സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് എത്തിക്കുന്നുവെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ അവസ്ഥയിൽ പ്രത്യേകിച്ച്, കേരളമുൾപ്പെടുന്ന പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളെ ശ്വാസംമുട്ടിച്ച് ബുദ്ധിമുട്ടിക്കുന്ന നിലയിലാണ് കേന്ദ്ര ഭരണകർത്താക്കളുടെ നടപടികൾ. ഈ സാഹചര്യത്തിൽ പരിമിതമായ വിഭവശേഷിക്കുള്ളിൽ നിന്നുകൊണ്ട് ധീരമായി, എൽ.ഡി.എഫ്. മുന്നോട്ടുവയ്ക്കുന്ന ബദൽ നയങ്ങളും നടപടികളുമാണ് ഈ രാജ്യത്തിന് ഇന്ന് മാതൃകയായി എടുത്തുകാണിക്കാൻ കഴിയുന്നതെന്ന് പ്രത്യേകം സൂചിപ്പിക്കുകയാണ്. ബി.ജെ.പി. ഈ രാജ്യത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന നയത്തിൽനിന്നും വ്യത്യസ്തമായതും ഇന്നലെകളിൽ രാജ്യം ഭരിച്ചുകൊണ്ടിരുന്ന കോൺഗ്രസ് സ്വീകരിച്ച വർഗ്ഗീയതയുടെയും അഴിമതിയുടെയും ജനവിരുദ്ധനയങ്ങൾക്കെതിരായതുമായ ഒരു ബദൽ നയം എങ്ങനെ മുന്നോട്ടുവയ്ക്കാമെന്നുള്ളതിന്റെ പ്രത്യക്ഷ

ഉദാഹരണമാണ് സംസ്ഥാനത്തിന്റെ വികസനനയം. നാടിന്റെ നാനാമേഖലകളിൽ വികസനത്തിന്റെയും പ്രത്യേകിച്ച്, ഓരോ മേഖലകളിലും നടപ്പാക്കുന്ന പരിഷ്കാരങ്ങളുടെയും ക്ഷേമപ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ സാമ്പത്തിക വിഭവസമാഹരണത്തിനുള്ള സാദ്ധ്യതകൾ പരിമിതമാണെങ്കിലും അത് ഉപയോഗിച്ചുകൊണ്ട് ഇത്തരമൊരു ബദൽനയവും വികസനവും നടപ്പാക്കാനും വലിയ തോതിൽ കേരളത്തെ മാറ്റിയെടുക്കാനും കഴിയുമെന്ന് തെളിയിക്കുന്ന പ്രവർത്തനങ്ങളാണ് കഴിഞ്ഞ ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലവും അതിന്റെ തുടർച്ചയെന്ന നിലയിൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലും നടത്തിക്കൊണ്ടിരിക്കുന്നത്. വരാനിരിക്കുന്ന വർഷങ്ങളിലും ഇവയെല്ലാം തുടരുമെന്നും കേരളത്തിന് ഒരു പുതുജീവൻ നൽകി മികച്ച ഭരണം കാഴ്ചവയ്ക്കുന്നതിന് സാദ്ധ്യമാകുമെന്നും സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. കേക്ക് കൊടുത്തിട്ടോ, കാല് പിടിച്ചിട്ടോ, ഉദ്യോഗസ്ഥരെ കുരുതികൊടുത്തിട്ടോ, എങ്ങനെയാണെങ്കിലും ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് ഇതേരീതിയിലുള്ള കുറച്ച് പ്രഖ്യാപനങ്ങൾ വല്ലാതെ വിയർത്തിട്ടാണെങ്കിലും നിങ്ങൾക്ക് നടത്താനായിട്ടുണ്ട്.

നയപ്രഖ്യാപനത്തിൽപ്പറഞ്ഞ വാഗ്ദാനങ്ങളെല്ലാം നടപ്പാക്കിയാൽ കേരളത്തിൽ ഇപ്പോൾ ഒഴുകുന്ന ചുടുരക്തത്തിനുപകരം പാലുംതേനുമാകും ഒഴുകുന്നത്. പക്ഷേ ഇതൊന്നും ഒരിക്കലും നടപ്പിലാക്കാൻ കഴിയില്ലെന്ന് നിങ്ങൾക്ക് നല്ലതുപോലെ അറിയാം. പൊതുജനങ്ങളെ ഇത്തരത്തിൽ വിഡ്ഢികളാക്കരുത്. സർക്കാരിന്റെ കയ്യിലാകെയുള്ളത് ഓട്ടയായ ഖജനാവും കുറഞ്ഞുവരുന്ന ജി.എസ്.ടി. വരുമാനവുമാണ്. കേന്ദ്രം നൽകുന്ന നഷ്ടപരിഹാരം ഈ വർഷത്തോടുകൂടി അവസാനിക്കും. മദ്യപിക്കുന്നവരുടെ കൈവശം പണമില്ലാത്തതുകാരണം ബിവറേജസ് കോർപ്പറേഷന്റെ വരുമാനവും ലോട്ടറി വാങ്ങുന്ന ഭാഗ്യാന്വേഷികളുടെ എണ്ണവും കുറഞ്ഞിരിക്കുകയാണ്. ഇത്തരത്തിൽ പൊളിഞ്ഞൊരു ഖജനാവുമായി ഈ വാഗ്ദാനങ്ങളൊക്കെ നടപ്പിലാക്കുന്നതിന് അലാവുദ്ദീന്റെ അത്ഭുതവിളക്ക് സർക്കാരിന്റെ കയ്യിലുണ്ടോ? ഇപ്പോൾ സംസ്ഥാനത്തിന്റെ സഞ്ചിത കടം നാല് ലക്ഷം കോടി രൂപയാണ്. കഴിഞ്ഞ അഞ്ച് വർഷംകൊണ്ടാണ് ഈ കടം ഇരട്ടിയായത്. സംസ്ഥാന സർക്കാർ നാടായ നാട് മുഴുവൻ നടന്ന് കടം ഇരന്നുവാങ്ങുകയും വിദേശ ബാങ്ക്, സ്വദേശി ബാങ്ക്, സഹകരണ ബാങ്ക് എന്നിവിടങ്ങളിൽനിന്ന് കടമെടുക്കുകയും ചെയ്തു. അതുകൂടാതെ, കഴിയുന്നത്ര ക്ഷേമനിധികളിൽനിന്നും കടമെടുത്തിട്ടുണ്ട്. ഇത് കൂടാതെയാണ് കെ-

റെയിലിനുവേണ്ടി വീണ്ടും കടമെടുക്കാൻ പോകുന്നത്, ഇതൊക്കെ എങ്ങനെയാണ് തിരിച്ചുകൊടുക്കുന്നത്? നയപ്രഖ്യാപന പ്രസംഗത്തിലെ 13, 14 ഖണ്ഡികകൾ വായിച്ചാൽ സംസ്ഥാനത്തെ ഇന്നത്തെ സാമ്പത്തിക ദുരവസ്ഥ കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. കേരളം ഇപ്പോൾ കടംവാങ്ങി മുടിഞ്ഞ ഒരു പഴയ തറവാടുപോലെയാണ്. കടം തന്നയാളുകൾ കഴുക്കോൽവരെ ഊരിക്കൊണ്ടുപോകുന്നത് നാം കാണേണ്ടിവരും. എല്ലാം സഹിക്കേണ്ടി വരുന്നത് പാവപ്പെട്ട നികുതിദായകർ മാത്രമാണ്. കഴിഞ്ഞ തവണ നൂറുദിന കർമ്മപരിപാടി പ്രഖ്യാപിച്ചതിൽ വെറും 40 ശതമാനം മാത്രമാണ് നടപ്പാക്കിയത്. പദ്ധതി നടപ്പാക്കാത്തതിന് ഉദ്യോഗസ്ഥരെ കുറ്റംപറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുകയാണ്. എന്നാൽ കാശില്ല എന്നതല്ലേ യാഥാർത്ഥ്യം? അപ്രഖ്യാപിത ട്രഷറി നിയന്ത്രണം നിലവിലുണ്ട്. കിഫ്ബി മുഖേനയുള്ള പ്രവർത്തനങ്ങളൊന്നും നടപ്പാക്കാൻ കഴിയുന്നില്ല. പദ്ധതികൾക്ക് എ.എസ്. മാത്രം കൊടുക്കുകയും പല കാരണങ്ങൾ പറഞ്ഞ് പ്രവൃത്തി നീട്ടിവയ്ക്കുകയുമല്ലാതെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നില്ല, ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നുമില്ല. ലൈഫ് പദ്ധതിയിലൂടെ കഴിഞ്ഞ തവണ പൂർത്തീകരിക്കേണ്ട അമ്പതിനായിരത്തിലധികം വീടുകൾ ഇപ്പോഴും പണി പൂർത്തിയാകാതിരിക്കുകയാണ്. ഇപ്പോഴും നാല്

ലക്ഷത്തോളം വീടുകൾക്കുള്ള അപേക്ഷകളുടെ വെരിഫിക്കേഷൻപോലും പൂർത്തിയാകാത്ത അവസ്ഥയിലാണ്. ഇതുസംബന്ധിച്ച് വകുപ്പുകൾ തമ്മിൽ തർക്കത്തിലാണ്. കേരള മോഡൽ എന്നത് സത്യസന്ധമായ മാതൃകയായിരുന്നു. എന്നാൽ കോവിഡ് കാലത്ത് എന്താണ് ചെയ്തത്? ആരോഗ്യ മേഖല ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും അംഗീകരിച്ചതായിരുന്നു കേരള മോഡൽ. കോവിഡ് മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തി മരണങ്ങൾ മറച്ചുവയ്ക്കുകയും ജില്ലാതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങൾ സംസ്ഥാനതലത്തിൽ ഒഴിവാക്കുകയും ചെയ്ത് മരണനിരക്ക് കുറച്ചുകാണിക്കുകയാണ് ചെയ്തത്. ഈ വിഷയത്തെക്കുറിച്ച് ആദ്യമേതന്നെ പ്രതിപക്ഷം ചൂണ്ടിക്കാണിച്ചിരുന്നു. ഒടുവിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഇടപെട്ടപ്പോൾ മാത്രമാണ് മറച്ചുവച്ച ഇത്തരം കേസ്സുകൾ പരിഗണിച്ച് കാൽലക്ഷത്തോളംപേരെ വീണ്ടും കൂട്ടിച്ചേർത്തത്. ഇനിയും പതിനായിരക്കണക്കിന് അപേക്ഷകൾ ബാക്കിയുണ്ട്. ഇവിടെ പറഞ്ഞ് പ്രചരിപ്പിച്ചത് മരണനിരക്ക് വെറും 0.3 ശതമാനം മാത്രമാണെന്നാണ്. എന്നാൽ ഒളിച്ചുവച്ച മരണനിരക്കുകൂടി ചേർത്തപ്പോൾ ഒരു ശതമാനംകൂടി ഉയർന്നു. മരണമടഞ്ഞ പാവങ്ങളുടെ കണക്ക് പൂഴ്ത്തിവച്ച് അവാർഡ് വാങ്ങിയിട്ട് എന്തുകാര്യമാണുള്ളത്; അർഹതപ്പെട്ട ധനസഹായംപോലും

കിട്ടാതെ പാവങ്ങൾ അലയേണ്ടി വരുന്നുവെന്നല്ലാതെ ആർക്ക് എന്ത് ഗുണമാണ് ലഭിക്കുന്നത്? ആരോഗ്യരംഗത്തെ പേരുകേട്ട കേരള മോഡൽ വെറും പൊള്ളയാണെന്ന പ്രതീതിയുണ്ടാക്കാൻ മാത്രമെ ഈ കള്ളക്കണക്കുകൾകൊണ്ട് സാധിക്കുകയുള്ളൂ. ഇത്രയും കാലംകൊണ്ട് നാം നേടിയ എല്ലാ വിശ്വാസ്യതയും ഇതോടുകൂടി ഇല്ലാതായിട്ടുണ്ട്. സത്യസന്ധതയുണ്ടെങ്കിൽ ക്ഷമപറഞ്ഞ് സംസ്ഥാനത്തിന് ലഭിച്ച അവാർഡ് തിരികെ നൽകുകയാണ് ചെയ്യേണ്ടത്. ഈ കള്ളക്കണക്കിനൊപ്പം കോവിഡ് മറയാക്കി ടെണ്ടർപോലുമില്ലാതെ മരുന്നുകളും ഉപകരണങ്ങളും വാങ്ങിക്കൂട്ടിയതിന്റെ അഴിമതി പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. മരുന്ന് കമ്പനികൾ അറിയാതെ അവരുടെ പേരിൽ പർച്ചേസ് രേഖകളുണ്ടാക്കി പി.പി.ഇ. കിറ്റ്, ഗ്ലൗസ്, തെർമോമീറ്റർ തുടങ്ങിയവയും ഹീമോഫീലിയയ്ക്കുള്ള മരുന്നും വാങ്ങിക്കൂട്ടി. വാങ്ങിയ ഉപകരണങ്ങളെല്ലാം ഗുണനിലവാരമില്ലാത്തതും ഉയർന്ന വിലയ്ക്കുള്ളതുമാണ്. 550 രൂപ വിലയുള്ള പി.പി.ഇ. കിറ്റുകൾ വാങ്ങിയത് 1550 രൂപ നൽകിയും 12 രൂപയ്ക്കുള്ള ഗ്ലൗസുകൾ വാങ്ങിയത് 24 രൂപ നൽകിയുമാണ്. ഗ്ലൗസ് മാത്രം വിതരണം ചെയ്യുന്ന കമ്പനിയിൽനിന്നും തെർമോമീറ്റർ വാങ്ങിയതായും സ്റ്റെന്റ് നിർമ്മിക്കുന്ന കമ്പനിയിൽനിന്നും ഹീമോഫീലിയ മരുന്ന് വാങ്ങിയതായും

രേഖയുണ്ടാക്കി. സ്വന്തക്കാരുടെ കമ്പനിയിൽനിന്നും ഫേസ്ഷീൽഡ് വാങ്ങി. അത്തരത്തിൽ അഴിമതിയുടെ പല വകഭേദങ്ങൾ നടത്തുകയുണ്ടായി. യാതൊരു മാനദണ്ഡവും പാലിക്കാതെ തിരുവാതിര കളിച്ചുനടക്കുന്ന ആരോഗ്യ വകുപ്പിനാണ് അടിയന്തര ചികിത്സ ആവശ്യമായിട്ടുള്ളത്. പണ്ടുകാലത്ത് പുകവലിയും മദ്യപാനവുമായിരുന്നു മലയാളികളുടെ ഏറ്റവും വലിയ ദുശ്ശീലങ്ങൾ. അത് ഒളിച്ചും തെളിച്ചുമൊക്കെയായിരുന്നു ഉണ്ടായിരുന്നത്. പക്ഷേ ഇന്ന് സ്കൂളുകളുടെയും കോളേജുകളുടെയും ഹോസ്റ്റലുകളുടെയും മുന്നിലുള്ള പെട്ടിക്കടകളിൽപോലും കഞ്ചാവും മാരകമായ മയക്കുമരുന്നുകളും സുലഭമായി ലഭിക്കുന്ന സ്ഥിതിയാണുള്ളത്. കേരളം മയക്കുമരുന്നിലേയ്ക്ക് വീണുകൊണ്ടിരിക്കുന്നു. ടൺ കണക്കിന് കഞ്ചാവും മറ്റ് ലഹരിപദാർത്ഥങ്ങളും മാർക്കറ്റിൽ സുലഭമാണ്. കൊച്ചുകുട്ടികൾ മുതൽ ആൺപെൺ വ്യത്യാസമില്ലാതെ ഇതുപയോഗിക്കുന്നുണ്ടെന്നത് എല്ലാവരെയും ഞെട്ടിപ്പിക്കുന്നതാണ്. ഇതിലൂടെ വലിയൊരു വിഭാഗം ചെറുപ്പക്കാരെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ ബോധവത്ക്കരണം നടത്താൻ ആകെയുള്ളത് 'വിമുക്തി' എന്ന സംവിധാനമാണ്. പക്ഷേ അത് അങ്ങേയറ്റത്തെ പ്രഹസനമാണ്. മദ്യം വിറ്റ് കാശാക്കുന്ന എക്സൈസ്

വകുപ്പാണ് അതിനെതിരെ ബോധവത്ക്കരണം നടത്തുന്നുവെന്നത് വിരോധാഭാസമാണ്. വേണ്ടത്ര ശ്രദ്ധിച്ചില്ലെങ്കിൽ നമുക്ക് ഒരു തലമുറയെതന്നെ നഷ്ടപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. ബാംഗ്ലൂരിനെയും മുംബൈയെയും ഗോവയെക്കാളുമൊക്കെ സുരക്ഷിതമായി മയക്കുമരുന്ന് പാർട്ടികൾ നടത്താൻ കഴിയുന്ന താവളമായി കേരളം മാറിയിരിക്കുന്നു. ബോളിവുഡ് സിനിമകളിൽ മാത്രം കണ്ടിരുന്ന ഇത്തരം പാർട്ടികൾ ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പിനെ വച്ച് കേരളത്തിലെ റിസോർട്ടുകളിൽ സ്വൈര്യമായി നടത്തപ്പെടുകയാണ്. ഇത് തടയുന്നതിന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംവിധാനങ്ങൾ എത്ര ദുർബലമാണെന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. ജീവനും സ്വത്തിനും സംരക്ഷണം നൽകാനും മയക്കുമരുന്ന് ഗുണ്ടാ മാഫിയ സംഘങ്ങളുടെ കയ്യിൽനിന്നും സംസ്ഥാനത്തെ മോചിപ്പിക്കാനും കഴിയാത്തവിധം നമ്മുടെ സംവിധാനങ്ങളുടെ ശക്തി ക്ഷയിച്ചുപോയിരിക്കുന്നു. ഇക്കാര്യത്തിൽ പോലീസ് തികച്ചും നിഷ്ക്രിയമാണ്. കേരളത്തിലെ എല്ലാ ജില്ലകളും ഇപ്പോൾ ഗുണ്ടാ മാഫിയകളുടെ പിടിയിലാണ്. 2021 ജനുവരി മുതൽ നവംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം 129278 ക്രിമിനൽ കേസുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത്. മനുഷ്യനെ തല്ലിക്കൊന്ന് പോലീസ് സ്റ്റേഷന്റെ

മുമ്പിൽകൊണ്ടുവന്ന് വെല്ലുവിളിക്കുന്ന കാഴ്ച കേരളത്തിലും കാണാൻ തുടങ്ങിയിട്ടുണ്ട്. അയൽസംസ്ഥാനത്തെ തൊഴിലാളികൾ പോലീസ് ജീപ്പിനെ കത്തിക്കുന്നു, ലൈറ്റ് ഓഫ് സമരം ചെയ്തതിന് അടിച്ചുകൊല്ലുന്നു; ഇതിലൂടെ രാഷ്ട്രീയ കൊലപാതകങ്ങൾ കുത്തനെ വർദ്ധിക്കുകയാണ്. ക്രമസമാധാനനില തകർന്നെന്നും പോലീസ് അങ്ങേയറ്റം നിഷ്ക്രിയമാണെന്നും തിരിച്ചറിയാൻ ഇതിനെക്കാളും വലിയ എന്ത് തെളിവാണ് വേണ്ടത്? ഇന്നലെയാണ് തലശ്ശേരിയിൽ ഒരു യുവാവിനെ ആർ.എസ്.എസ്.-കാർ കൊന്നത്. അതിന്റെ തലേന്ന് കാസർഗോഡ് സി.പി.ഐ.(എം.)-ബി.ജെ.പി. കൂട്ടുകെട്ടിനെതിരെ ബി.ജെ.പി.-യുടെ പ്രവർത്തകർ അവരുടെ ഓഫീസ് അടച്ചുപൂട്ടി. സി.പി.ഐ.(എം.)-ബി.ജെ.പി. നേതാക്കളുടെ അന്തർധാര അവരുടെ അണികൾ അറിയുന്നില്ല. അത് തുറന്നുപറഞ്ഞിരുന്നെങ്കിൽ എത്ര ജീവൻ രക്ഷിക്കാൻ കഴിയുമായിരുന്നു. സൈബർ കുറ്റകൃത്യങ്ങളിലും കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങളിലും വൻവർദ്ധനവാണുണ്ടായിട്ടുള്ളത്. 2016-ൽ 281 സൈബർ കുറ്റകൃത്യങ്ങളുണ്ടായ സ്ഥാനത്ത് 2021-ൽ അത് ആയിരത്തോടടുത്തു. പോക്സോ കേസ്സുകൾ 2017-ൽ 1069 ആയിരുന്നുവെങ്കിൽ 2021-ൽ അത് 1377 ആയി. അതിലാകെ 3847 അതിക്രമങ്ങളാണ് റിപ്പോർട്ട്

ചെയ്തിരിക്കുന്നത്. കോടിക്കണക്കിന് രൂപ ചെലവാക്കി ഡൽഹിയിൽനിന്ന് വക്കീലന്മാരെക്കൊണ്ടുവന്ന് രാഷ്ട്രീയ കൊലപാതക കേസ്സുകളിൽ പ്രതികളെ രക്ഷിക്കുന്ന സർക്കാരാണിത്. എന്നാൽ നിരാലംബരായ ആദിവാസി യുവാവ് കൊല്ലപ്പെട്ട കേസ്സിനുവേണ്ടി ഹാജരായി വാദിക്കുന്നതിന് ഒരു പബ്ലിക് പ്രോസിക്യൂട്ടറെ ഏർപ്പെടുത്താൻ ഈ സർക്കാരിന് കഴിയുന്നില്ല; എന്നാലും സർക്കാർ ഒപ്പമുണ്ടെന്നാണ് പറയുന്നത്. ഇന്ന് രാവിലെ അടിയന്തരപ്രമേയവേളയിൽ ലോകായുക്തയെക്കുറിച്ച് വിശദമായി സംസാരിച്ചു. എനിക്കതിൽ ഒറ്റ കാര്യമേ പറയാനുള്ളൂ. സി.പി.ഐ.(എം.) വധശിക്ഷയ്ക്കെതിരാണെങ്കിലും അവർ ലോകായുക്തയെ വധശിക്ഷയ്ക്ക് വിധിച്ചിരിക്കുകയാണ്. ലോകായുക്ത എന്ന അവർ തന്നെയുണ്ടാക്കിയ കുട്ടിയെ അവർതന്നെ മുക്കി കൊല്ലുകയാണ്. ശ്രീ. കാനം രാജേന്ദ്രൻ പറയുന്നത്, എൽ.ഡി.എഫ്. അറിഞ്ഞിട്ടില്ലെന്നും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാജൻ പറയുന്നത്, മന്ത്രിസഭ അറിഞ്ഞിട്ടില്ലെന്നുമാണ്. ഈ ആക്ട് ഭരണഘടനാവിരുദ്ധമാണെന്നാണ് ഇപ്പോഴത്തെ വാദം. എം.വി.ആർ. പറഞ്ഞിരുന്നത് ഇതാണ് - സി.പി.ഐ.(എം.)-ന് ബുദ്ധി വരണമെങ്കിൽ പത്തുകൊല്ലം കഴിയണമെന്നാണ്. ഇപ്പോഴാണ് അവർക്കത് മനസ്സിലാകുന്നത്. ഇപ്പോൾ പത്തിരുപത് കൊല്ലം കഴിഞ്ഞു. കുറച്ചുകാലം

മുമ്പ് ലോട്ടറിയടിച്ചവരെപ്പറ്റി ഒരു പത്രം സർവ്വേ നടത്തിയിരുന്നു. അപ്രതീക്ഷിതമായി കുറെ പണം കയ്യിൽ കിട്ടിയപ്പോൾ കൂടുതൽ പേരും നിലവിട്ട് പെരുമാറുകയും കിട്ടിയതെല്ലാം ചെലവഴിക്കുകയും ചെയ്തു. അവസാനം മിസ്‌മാനേജ്‌മെന്റിന്റെ ഫലമായി അവർ മുമ്പത്തെ പോലെ അല്ലെങ്കിൽ അതിനേക്കാൾ മോശമായ സാമ്പത്തികാവസ്ഥയിലായിത്തീർന്നു. ബി.ജെ.പി.-യുടെ സഹായംകൊണ്ടും കിറ്റുകൊണ്ടും ലോട്ടറിയടിച്ച ഈ രണ്ടാം ഭരണം നിങ്ങളെയും അതേ സ്ഥിതിയിലാക്കിയിരിക്കുന്നു. അണികളെയും ഘടകകക്ഷികളെയുംപോലും വകവയ്ക്കാത്ത ഈ തുടർഭരണം എൽ.ഡി.എഫ്.-ന് ദോഷമാണ്. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, രണ്ടാം പിണറായി സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട കേരള ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. നന്ദിപ്രമേയവുമായി ബന്ധപ്പെട്ട ചർച്ചയിൽ പ്രതിപക്ഷത്തുനിന്നും സംസാരിക്കുമ്പോൾ എപ്പോഴെങ്കിലും കേന്ദ്ര ഗവൺമെന്റ് നയത്തെ ഏതെങ്കിലുമൊരു വരികൊണ്ടെങ്കിലും

എതിർക്കുമെന്നാണ് ഞാൻ കരുതിയത്. പക്ഷേ അവർ എതിർത്തില്ലെന്ന് മാത്രമല്ല, കേന്ദ്ര ഗവൺമെന്റ് നയങ്ങൾകൊണ്ട് സംസ്ഥാനം കൂടുതൽ ദുരിതത്തിലാഴ്ത്തപ്പെടുന്നതിൽ വളരെയേറെ സന്തോഷം രേഖപ്പെടുത്തുന്ന രീതിയിലാണ് പലരും സംസാരിച്ചത്. രാജ്യത്ത് കേന്ദ്രഗവൺമെന്റ് നടപ്പിലാക്കികൊണ്ടിരിക്കുന്ന സാമ്പത്തിക നയങ്ങളുൾപ്പെടെ സംസ്ഥാനങ്ങളുടെ അധികാരങ്ങളെ കവർന്നെടുക്കുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. ഈ നയപ്രഖ്യാപനത്തിന്റെ 13-ാം ഖണ്ഡികയിലുൾപ്പെടെ സൂചിപ്പിക്കുന്നത് ഓരോ ഘട്ടത്തിലായി സംസ്ഥാനങ്ങളുടെ ധനവിനിയോഗ സംവിധാനങ്ങളെ പൂർണ്ണമായും ഹനിക്കുന്ന നിലപാടുകളുമായി കേന്ദ്രഗവൺമെന്റ് പോകുന്നതിനെക്കുറിച്ചാണ്. അതുമായി ബന്ധപ്പെട്ട് ഒരു വരിയെങ്കിലും പ്രതിപക്ഷം സൂചിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചെങ്കിലും അതുണ്ടായില്ല. സത്യത്തിൽ വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെ സംസ്ഥാനം കടന്നുപോകുമ്പോഴും അടിസ്ഥാനപരമായി വികസന മേഖലയിലും സാമൂഹ്യക്ഷേമ മേഖലയിലും വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനും നിരവധി കാര്യങ്ങൾ പൂർത്തീകരിക്കാനുമൊക്കെ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. മഹാഭാരതത്തിൽ മയൻ നിർമ്മിച്ച രാജസഭയിലേയ്ക്ക് ദുര്യോധനൻ

കടന്നുവരുന്നൊരു രംഗമുണ്ട്. അവിടെയെത്തുമ്പോൾ ദുര്യോധനന് സ്ഥലജല വിഭ്രാന്തി സംഭവിക്കുകയാണ്. വെള്ളമുണ്ടെന്ന് തോന്നുന്ന സ്ഥലത്ത് വെള്ളമില്ലെന്നും വെള്ളമില്ലെന്ന് തോന്നുന്ന സ്ഥലത്ത് വെള്ളമുണ്ടെന്നും ധരിക്കുന്ന ഒരു അവസ്ഥയാണുണ്ടാകുന്നത്. യഥാർത്ഥത്തിൽ പലപ്പോഴും ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ എതിർക്കുന്ന ആളുകൾക്ക് അത്തരത്തിൽ എന്തോ സംഭവിച്ചിട്ടുണ്ട്. കാരണം അവർക്ക് എവിടെയാണ് എതിർക്കേണ്ടതെന്നറിയില്ല. അതുകൊണ്ടാണവർ കിഫ്ബിയെ എതിർക്കുന്നത്. കിഫ്ബി കൊണ്ടുവന്നതാരാണ്? കിഫ്ബിക്ക് തുടക്കമിട്ടത് ഏത് ഗവൺമെന്റിന്റെ കാലഘട്ടത്തിലാണെന്ന് നമുക്കറിയാം. കെ-റെയിൽ പദ്ധതിക്ക് തുടക്കമിട്ടത് എവിടെയാണെന്നറിയാം. പക്ഷേ ഓരോ കാലഘട്ടത്തിലും കൊണ്ടുവന്ന പദ്ധതികൾ പിന്നീട് നടപ്പാക്കുകയും അതിന്റെ പൂർണ്ണതയിലേയ്ക്ക് കടന്നുവരുമ്പോൾ അതിനെ എതിർക്കുന്നതും യഥാർത്ഥത്തിൽ ഒരുതരം സ്ഥലജല വിഭ്രാന്തിയാണ്. ഇപ്പോഴത്തെ കേന്ദ്രഗവൺമെന്റിന്റേയും പഴയ യു.പി.എ. ഗവൺമെന്റിന്റെയും നിലപാടുകളെ എവിടെയെങ്കിലും എതിർക്കുന്നുണ്ടോ? ആ സാമ്പത്തിക നയങ്ങളെ അതുപോലെ പിന്തുടരുന്ന സമീപനങ്ങളുമായാണ് പോകുന്നത്. ഇത് ഇന്നും ഇന്നലെയും ആരംഭിച്ചതല്ല; ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ

കാലം മുതൽ ആരംഭിച്ചതാണ്. ഇടതുപക്ഷ പിന്തുണയോടെ അന്നുവന്ന യു.പി.എ. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ മിനിമം പരിപാടികളുൾപ്പെടെ പ്രഖ്യാപിച്ച് അതിൽനിന്ന് പുറകോട്ടുപോകുകയും സംസ്ഥാനത്തിന്റെ അധികാരങ്ങൾ കാലാകാലങ്ങളിൽ കവർന്നെടുക്കുകയും ചെയ്യുന്ന നിലപാടുകൾക്കെതിരെ അന്നത്തെ കോൺഗ്രസ്സ് ഗവൺമെന്റ് ഉൾപ്പെടെയെടുത്ത നിലപാടുകൾ തന്നെയാണ് ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റും പിന്തുടരുന്നത്. എഴുത്തച്ഛൻ പറഞ്ഞതുപോലെ,

'ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവി

ലുണ്ടായൊരിണ്ടൽ ബത മിണ്ടാവതല്ല മമ...'

രണ്ടുപേരുടെ നിലപാടുകളിലും വലിയ വ്യത്യാസമൊന്നും യഥാർത്ഥത്തിലില്ല. ഈ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ തീർച്ചയായും അത് മനസ്സിലാകുമെന്നാണ് എന്റെ വിശ്വാസം. പ്രാദേശിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കൂടുതൽ പ്രസക്തമാകുന്ന കാലഘട്ടമാണിത്. കേന്ദ്രഗവൺമെന്റിന്റെ ഇത്തരം നിലപാടുകൾ സംസ്ഥാനത്തിന് അഹിതമായി മാറിക്കൊണ്ടിരിക്കുകയാണ്. ശ്രീ. മോൻസ് ജോസഫിനെപോലെയുള്ളവർക്കും ആ നിലപാടുകളുണ്ടാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കാരണം അക്കാര്യത്തിലെല്ലാം നമ്മൾ അഭിപ്രായവ്യത്യാസമില്ലാതെ ഒരുമിച്ച്

നിൽക്കുന്ന അവസ്ഥയാണ്. സംസ്ഥാനത്തിന്റെ ഓരോ അധികാരങ്ങളും കയ്യേറുന്ന അവസ്ഥയാണ് ഇന്നുള്ളത്. കേന്ദ്ര ഗവൺമെന്റ് സമീപകാലത്ത് അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ചൊരു ലേഖനം ഞാൻ 'ദീപിക' പത്രത്തിൽ പ്രസിദ്ധീകരിച്ചു. നമ്മുടെ കാർഷികമേഖല അമ്പാടെ ഇല്ലാതാകാൻ പോകുകയാണ്. കാർഷിക മേഖലയ്ക്കുള്ള വിഹിതം വർദ്ധിപ്പിച്ചെന്ന് പ്രഖ്യാപിക്കുമ്പോഴും അടിസ്ഥാനപരമായി നമ്മുടെ ക്രമങ്ങളിൽ മാറ്റം വരുത്തുകയാണ്. നേരത്തെ വകയിരുത്തിയതിൽനിന്ന് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വച്ചിരിക്കുന്ന തുക വർദ്ധിപ്പിക്കുമ്പോൾ ഏറ്റവും വലിയ നികുതി ഭാരം അടിച്ചേൽപ്പിക്കാൻ പോകുന്നത് സംസ്ഥാനത്തിനാണ്. ബഹുമാന്യനായ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി അടുത്ത ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം വർദ്ധിപ്പിക്കേണ്ടി വരുന്നു. സംസ്ഥാനങ്ങളെ സാമ്പത്തിക പ്രതിസന്ധിയിലെത്തിക്കുന്ന വളരെ ബോധപൂർവ്വമായ ശ്രമം കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നു. ഈ നിലപാടിൽ എതിർപ്പ് പ്രകടിപ്പിക്കേണ്ടതാണ്. സത്യത്തിൽ ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ കക്ഷികൾ തമ്മിൽ അഭിപ്രായവ്യത്യാസമില്ല.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഇന്നത്തെ ദീപിക പത്രത്തിൽ

അങ്ങയുടെ പ്രസക്തമായൊരു ലേഖനമുണ്ട്. കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ പൊളിച്ചെഴുത്ത് തുടങ്ങി, കേന്ദ്രസർക്കാർ കേരളത്തിലെ കർഷകരെ അവഗണിച്ചു എന്നാണ് അങ്ങ് എഴുതിയിട്ടുള്ളത്. ഗവർണറുടെ നയപ്രഖ്യാപനത്തിൽ കേരളത്തിലെ കർഷകരെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റ് വേണ്ടത്ര പരിഗണന കൊടുത്തിട്ടില്ലെന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, അങ്ങ് ഇതുപറയുന്നത് ഈ നയപ്രഖ്യാപനം മുഴുവൻ വായിക്കാത്തത് കൊണ്ടാണോയെന്നറിയില്ല. കേരളത്തിൽ ജൈവകൃഷി ഉൾപ്പെടെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റും കൃഷി വകുപ്പും വളരെ ധീരമായെടുത്ത നിരവധി നിലപാടുകളുണ്ട്. അവയൊക്കെ ഇന്ന് ആരംഭിച്ചതല്ല, മുൻകൃഷി വകുപ്പുമന്ത്രിയുടെ കാലഘട്ടം മുതലുള്ളതാണ്. കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് നിരവധി പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുമ്പോട്ടുപോകുന്നുവെന്നതിൽ യാതൊരു സംശയവുമില്ല. പ്രത്യേകിച്ച്, പരിസ്ഥിതി സ്നേഹികൂടിയായ ബഹുമാന്യനായ കൃഷിവകുപ്പുമന്ത്രി പരിസ്ഥിതി സൗഹൃദ കാർഷിക സംസ്കാരം കേരളത്തിൽ രൂപപ്പെടുത്തുന്നതിൽ വളരെയേറെ കാഴ്ചപ്പാടുള്ള വ്യക്തിയാണ്. റോബർട്ട്

ഫ്രോസ്റ്റിന്റെ മനോഹരമായ ഒരു കവിതയുണ്ട്. അതിലെ വരികളിൽ ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

"The woods are lovely, dark and deep,
But I have promises to keep,
And miles to go before I sleep,
And miles to go before I sleep."

'Stopping by Woods on a Snowy Evening' എന്ന മനോഹരമായ കവിതയിലാണ് അദ്ദേഹമിത് സൂചിപ്പിക്കുന്നത്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വാഗ്ദാനങ്ങൾ ഇനിയും പാലിക്കാൻ ഒരുപാട് കാലം മുമ്പോട്ടുപോകാനുണ്ട്. ആ യാത്രയിൽ തീർച്ചയായും ഈ നയപ്രഖ്യാപനത്തിലെ രേഖകളും ഇതുമായി ബന്ധപ്പെട്ട് മുന്നോട്ടുവച്ച നിർദ്ദേശങ്ങളും കേരളത്തിന്റെ ഭാവിയെ സമ്പുഷ്ടമാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ ഒരിക്കൽക്കൂടി നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. പ്രത്യേകിച്ച് യാതൊരു പുതുമയുമില്ലാത്ത ഒരു

പ്രസംഗമാണ് ബഹുമാനപ്പെട്ട ഗവർണർ നടത്തിയത്. ഈ നയപ്രഖ്യാപന പ്രസംഗവുമായി ബന്ധപ്പെട്ട്, ഒരുപക്ഷേ കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത നിലയിലുള്ള വലിയ വിവാദത്തിനാണ് തുടക്കം കുറിച്ചിരിക്കുന്നത്. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും ഒരു ഗവർണർ അദ്ദേഹത്തിന്റെ കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ലിഗേഷൻ നടപ്പാക്കണമെന്ന നിലപാടെടുത്തത്. അത്തരത്തിൽ ഒരു സമീപനം അദ്ദേഹം സ്വീകരിക്കുകയും പിന്നീട് അതിൽ ഒപ്പിടുകയും ചെയ്യുകയാണുണ്ടായത്. ലോകായുക്തയുമായി ബന്ധപ്പെട്ട ഓർഡിനൻസിലും അദ്ദേഹം ഇത്തരത്തിലുള്ള നിലപാടുതന്നെയാണ് സ്വീകരിച്ചത്. അദ്ദേഹം ആദ്യം അത് ഒപ്പിടാതിരിക്കുകയും പിന്നീടത് ഒപ്പിടുകയും ചെയ്തു. ഇതിന്റെ പിന്നാമ്പുറ കഥകൾ ധാരാളം ആക്ഷേപങ്ങളുടെ രൂപത്തിൽ ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ച് യാതൊരു പുതുമയുമില്ലാത്തൊരു പ്രഖ്യാപനമാണിത്. ആവർത്തനങ്ങളുടെ വേലിയേറ്റമാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ കാണാൻ കഴിയുന്നത്. ലോകായുക്ത ഓർഡിനൻസ് സംബന്ധിച്ച് ഏറെ ചർച്ച ചെയ്തതാണ്. കേരളത്തിൽ അഴിമതിരഹിത ഭരണ സംവിധാനം പടുത്തുയർത്താനുള്ള പരിശ്രമത്തിന് വലിയ തിരിച്ചടിയാകുന്ന നിലയിലാണ് ഈ ഓർഡിനൻസ്

ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. ഈ ഓർഡിനൻസിന് എന്ത് പ്രസക്തിയാണുള്ളത്? ഗവൺമെന്റിന് ഇതൊരു ബില്ലായി അവതരിപ്പിക്കാമായിരുന്നു. പക്ഷേ അടിയന്തരമായി ഓർഡിനൻസ് ഇറക്കണമെന്ന് പറയുമ്പോഴാണ് സ്വാഭാവികമായും സംശയങ്ങളും ദുരൂഹതകളുമുയരുന്നത്. ഇന്ന് രാവിലത്തെ അടിയന്തരപ്രമേയ ചർച്ചയിൽപ്പോലും ഈ ഓർഡിനൻസിന്റെ അനിവാര്യതയെന്താണെന്നും ഇത്രമാത്രം വേഗതയിൽ ഓർഡിനൻസായി കൊണ്ടുവരേണ്ട ആവശ്യമെന്താണെന്നും പറയാൻ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിക്ക് കഴിഞ്ഞില്ല. അഴിമതിരഹിത സംവിധാനങ്ങൾ കൂടുതൽ ശാക്തീകരിക്കാൻ ശ്രമിക്കുന്ന സന്ദർഭത്തിൽ ഈ ഓർഡിനൻസ് കൊണ്ടുവരുന്നത് വലിയ തിരിച്ചടിയാകും. അതിന്റെ തുടർചലനങ്ങൾ എല്ലാ വകുപ്പുകളിലും കാണാൻ സാധിക്കും. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലുണ്ടായിരിക്കുന്ന ആക്ഷേപങ്ങൾ ചെറുതാണോ? കോവിഡ്-19 മഹാമാരിയുടെ മുമ്പിൽ ഒരു ജനത മുഴുവൻ പകച്ചുനിന്നപ്പോൾ അതിനെ മറയാക്കിക്കൊണ്ട് കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് അവിടെ നടന്നിട്ടുള്ളത്. ഗുണനിലവാരമില്ലാത്ത മാസ്കുകൾ, ഫേസ് ഷീൽഡുകൾ, പി.പി.ഇ. കിറ്റുകൾ എന്നിവയടക്കമുള്ളവയ്ക്ക് ടെണ്ടറില്ലാതെ പർച്ചേസ് നടത്തിയെന്ന് മാത്രമല്ല,

അവ ഗുണനിലവാരമില്ലാത്തതുമായിരുന്നു. ആരോഗ്യ വകുപ്പ് നിഷ്കർഷിച്ച മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തിക്കൊണ്ട് ടെണ്ടറില്ലാതെ വാങ്ങിക്കൂട്ടിയ സാധനങ്ങളെക്കുറിച്ച് പർച്ചേസിന്റെ യാതൊരു രേഖകളും സിസ്റ്റത്തിൽപ്പോലും കാണാനില്ലാത്ത തരത്തിൽ മായ്ച്ചുകളഞ്ഞിരിക്കുകയാണ്. അതുകൊണ്ടാണ് ഇതുസംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്താൻ തീരുമാനിച്ചിരിക്കുന്നത്. ഈ വിഷയത്തിൽ ക്രിമിനൽ കോൺസ്പിറസിയുണ്ടായ സാഹചര്യത്തിൽ വകുപ്പുതല അന്വേഷണത്തിലോ ധനകാര്യ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തിലോ അഴിമതി കണ്ടെത്താൻ കഴിയുകയില്ല. അതുകൊണ്ടാണ് അഴിമതിയും അതിന്റെ പിന്നിലുള്ള ക്രിമിനൽ കോൺസ്പിറസിയും ഉൾപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് വിജിലൻസോ മറ്റ് സ്വതന്ത്ര ഏജൻസികളോ അന്വേഷണം നടത്തണമെന്ന് പ്രതിപക്ഷം ആവശ്യപ്പെടുന്നത്. ഇത്തരത്തിലുള്ള നിരവധി സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ തന്നെ സർക്കാർ കെ-റെയിലുമായി മുന്നോട്ടുപോകുന്നത് ജനങ്ങളിൽ ആശങ്കയുണർത്തുകയാണ്. ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ കഴിയുന്ന സാഹചര്യങ്ങളുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ചോദ്യങ്ങളാണ് ഇന്ന് രാവിലെ പ്രതിപക്ഷം മുന്നോട്ടുവച്ചത്. ഇതിന് നിരവധി ബദൽ

വഴികളുണ്ടെങ്കിലും അതിലേയ്ക്ക് പോകാൻ സർക്കാർ തയ്യാറാകുന്നില്ല. കേരളത്തിന് വലിയ ബാദ്ധ്യത വിളിച്ചുവരുത്തുന്നതും പ്രകൃതി വിഭവങ്ങളെ വലിയ രീതിയിൽ ചൂഷണം ചെയ്യുന്ന പദ്ധതിയുമായി മുന്നോട്ടുപോകുമ്പോൾ അതിനെക്കുറിച്ച് വേണ്ടത്ര പഠനം നടത്തിയിട്ടില്ലെന്നതും അനിവാര്യമായ ചർച്ചകളിലേയ്ക്ക് പോയില്ലെന്നതും വാസ്തവമാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനവുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാർ മുമ്പാകെ വിഷയങ്ങൾ അവതരിപ്പിച്ചെന്ന് പറയുമ്പോഴും എം.എൽ.എ.-മാർ ഉന്നയിക്കുന്ന സംശയങ്ങൾ ദൂരീകരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. കേരളത്തിന് വലിയ ബാദ്ധ്യത വരുത്തുന്നതും ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതും വരുംതലമുറയെ വലിയ കടക്കെണിയിലേയ്ക്ക് തള്ളിവിടുന്നതുമായ ഒരു പദ്ധതിയായി മാത്രമെ കെ-റെയിലിനെ കാണാൻ കഴിയുകയുള്ളൂ. കേരളത്തിന്റെ ക്രമസമാധാനരംഗത്തെ തകർച്ച അതിരൂക്ഷമായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ ഒരാഴ്ചയ്ക്കുള്ളിൽ കിഴക്കമ്പലത്തും തലശ്ശേരിയിലുമായി രണ്ട് രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. എത്രയോ രാഷ്ട്രീയ കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളും ഇന്ന് കേരളത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുകയാണ്. പോലീസ് സ്റ്റേഷന്റെ മുന്നിൽപ്പോയി വെല്ലുവിളിക്കുന്ന ഗുണ്ടകൾ കേരളത്തിലുണ്ടാകുന്നു

എന്നുപറയുമ്പോൾ നമ്പർ വൺ കേരളം എന്നുള്ളത് വെറും പ്രഹസനമാകുകയും പ്രഖ്യാപനങ്ങളിൽ മാത്രമായി ഒതുങ്ങിപ്പോകുന്നുവെന്നതും യാഥാർത്ഥ്യമായി നിൽക്കുന്നു. ഇത്തരത്തിലുള്ള വിഷയങ്ങളെ ആധികാരികമായി നേരിടാൻ പോലീസ് സേനയെ സജ്ജമാക്കാൻ കഴിയുന്നില്ല. പോലീസ് സേന രാഷ്ട്രീയവൽക്കരിക്കപ്പെടുന്നുവെന്ന വിഷയവുമുണ്ട്. പോക്സോ കേസുകളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിരിക്കുകയാണ്. 2016-നുശേഷം 2020 വരെ പതിനാറായിരം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 417 പേർ മാത്രമാണ് ശിക്ഷിക്കപ്പെട്ടിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നൽകിയ മറുപടിയാണ്. കേരളത്തിന്റെ പൊതുസ്ഥിതിവിശേഷമാണിത്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിതമായി നടത്തപ്പെടുന്ന ആക്രമണങ്ങൾ ഒരു ഭാഗത്തും രാഷ്ട്രീയ കൊലപാതകങ്ങൾ മറുഭാഗത്തും നിൽക്കുകയാണ്. കേരളത്തിൽ മയക്കുമരുന്ന് അടക്കമുള്ളവയുടെ അമിത ഉപഭോഗം വർദ്ധിക്കുന്നതിനെ ഫലപ്രദമായി നേരിടാൻപോലും ഗവൺമെന്റിന് കഴിയുന്നില്ലെന്ന നിരവധി വിഷയങ്ങൾ നിലനിൽക്കുകയാണ്. ഈ സന്ദർഭത്തിലാണ് ഗവർണറെക്കൊണ്ട് മറ്റൊരു പ്രസംഗം നടത്തിപ്പിച്ചത്. പരിപൂർണ്ണമായും യാഥാർത്ഥ്യങ്ങൾ മറച്ചുവച്ചുകൊണ്ട് ജനങ്ങളെ

വിഡ്ഢികളാക്കാൻവേണ്ടി ജനവഞ്ചനയ്ക്ക് അനുസൃതമായൊരു നയപ്രഖ്യാപന പ്രസംഗമാണ് ബഹുമാനപ്പെട്ട ഗവർണർ നടത്തിയതെന്നതുകൊണ്ടുതന്നെ ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. ഒ. ആർ. കേളു: സർ, ബഹുമാനപ്പെട്ട ഗവർണർ നിയമസഭയിൽ നടത്തിയ നയപ്രഖ്യാപനത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആറ് വർഷം പിന്നിടുമ്പോൾ സമസ്ത മേഖലകളിലും നിസ്സീമമായ വികസന ക്ഷേമപ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇവിടത്തെ പ്രതിപക്ഷം ഇത്തരം കാര്യങ്ങളെ കണ്ണുതുറന്ന് കാണാൻ തയ്യാറാകുന്നില്ലെന്നാണ് അവരുടെ ചർച്ചയിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ ഗവൺമെന്റ് നടപ്പാക്കിയ ഓരോ പദ്ധതികളും പരിശോധിച്ചാൽ എല്ലാ പദ്ധതിയെയും എതിർക്കുന്ന ധർമ്മം മാത്രമാണ് പ്രതിപക്ഷം ചെയ്തുകൊണ്ടിരിക്കുന്നത്. സിൽവർ ലൈൻ, കെ-റെയിൽ, കെ-ഫോൺ, ദേശീയപാത വികസനം, ഇലക്ട്രിക് വാഹന പദ്ധതി, സമഗ്ര ആരോഗ്യ പദ്ധതി, പൊതുവിദ്യാഭ്യാസ പദ്ധതി, ഇ-ഫയലിംഗ് സംവിധാനം, ടൂറിസം പദ്ധതി, സമഗ്ര കാർഷിക വികസന പദ്ധതി, ലൈഫ് ഭവന പദ്ധതി, ഗ്രാമീണ പുനരുദ്ധാരണ റോഡ് പദ്ധതി എന്നിങ്ങനെ എടുത്തുപറയത്തക്ക

ഒട്ടനവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന് മതേതരത്വത്തിലും ജനാധിപത്യത്തിലും കേരളജനതയെ ഒന്നിച്ചുനിർത്താൻ സാധിക്കുന്നതും അഭിമാനകരമാണ്. പാവപ്പെട്ടവർക്ക് വീടും ഭൂമിയും നൽകുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ ജനക്ഷേമ പദ്ധതിയായ ലൈഫ് ഭവന പദ്ധതിയെ ചെറുത്ത് തോൽപ്പിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചിട്ടുള്ളത്. പുതിയ കാലത്തിനനുസൃതമായി കേരള സർക്കാർ സിൽവർ ലൈൻ പദ്ധതി കൊണ്ടുവന്നപ്പോൾ അതിനെയും എതിർക്കുന്ന സമീപനമാണ് യു.ഡി.എഫ്. സ്വീകരിക്കുന്നത്. പക്ഷേ, കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും ഈ ഗവൺമെന്റിനോടൊപ്പം നിൽക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. തെരഞ്ഞെടുപ്പ് കാലത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളെല്ലാം ഘട്ടംഘട്ടമായി നടപ്പാക്കുന്നതോടൊപ്പം ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനമാണ് സർക്കാർ നടപ്പാക്കിവരുന്നത്. സർക്കാർ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ആധുനികരീതിയിലുള്ള ഇ-ഫയലിംഗ് നടപ്പിലാക്കുകയും അതിലൂടെ വേഗത്തിലും സുതാര്യമായും ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനും

സാധിച്ചിട്ടുണ്ട്. കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ക്ഷേമവും വിദ്യാഭ്യാസ ഉന്നമനവും ലക്ഷ്യംവച്ചുകൊണ്ടുള്ള പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് കോവിഡ് കാലത്ത് പഠനം നടത്താൻ സാധിക്കാത്ത സാഹചര്യം കണക്കിലെടുത്ത് വലിയ രീതിയിലുള്ള വിദ്യാഭ്യാസ പദ്ധതിയാണ് നടപ്പാക്കിയത്. ഓൺലൈൻ വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിയ അവസരത്തിൽ പട്ടികവർഗ്ഗ മേഖലയിലെ കുട്ടികൾക്ക് ലാപ്ടോപ്പും ഫോൺ സൗകര്യമവുമില്ലാതിരുന്നതിനാൽ വലിയ പ്രതിസന്ധി നേരിട്ടിരുന്നു. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ മുഴുവൻ കുട്ടികൾക്കും സ്മാർട്ട് ഫോണും ലാപ്ടോപ്പും ലഭ്യമാക്കിക്കൊണ്ട് അവരുടെ വിദ്യാഭ്യാസ പുരോഗതിക്ക് ആക്കം കൂട്ടുന്നതിനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചത്. പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിലെ ഓരോ കുടുംബത്തിനും തൊഴിലും വരുമാനവും ഉറപ്പാക്കുകയെന്ന നിശ്ചയദാർഢ്യത്തിന്റെ ഭാഗമായി പോലീസ്, എക്സൈസ്, വനം-വന്യജീവി എന്നീ വകുപ്പുകളിൽ അർഹരായ പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമം നടത്തുകയുണ്ടായി. കേരളത്തിലെ പട്ടികവർഗ്ഗ ഹോസ്റ്റലുകൾ നവീകരിച്ച് ഏറ്റവും നല്ല വിദ്യാഭ്യാസ സാഹചര്യമൊരുക്കാൻ

ഗവൺമെന്റിന് കഴിയുന്നത് പട്ടികവർഗ്ഗ വിഭാഗക്കാരോടുള്ള ആത്മാർത്ഥമായ സമീപനത്തിന്റെ ഭാഗമാണ്. ഇത്തരത്തിലുള്ള ദീർഘവീക്ഷണത്തോടുകൂടിയ വലിയ വികസന മുന്നേറ്റമാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ഇന്ത്യയിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും സ്വകാര്യമേഖലയ്ക്കും സാമ്രാജ്യത്വ മുതലാളിമാർക്കും വിറ്റുകൊണ്ടിരിക്കുകയാണ്. ഇന്ത്യാ രാജ്യത്തെപ്പോലും വിൽക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ തയ്യാറായിക്കൊണ്ടിരിക്കുന്നു എന്നതാണ് യഥാർത്ഥ വസ്തുത. ഇത്തരം കാര്യങ്ങൾ അരങ്ങേറുമ്പോൾ ഇതിനെതിരെ ഒരക്ഷരം ഉരിയാടാൻ കേരളത്തിലെ പ്രതിപക്ഷത്തിന് സാധിക്കുന്നില്ല. അതിനുപകരം കേരളത്തിൽ ജനക്ഷേമ പദ്ധതികൾ നടപ്പാക്കുന്ന ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്താനാണ് യു.ഡി.എഫ്. തയ്യാറാകുന്നതെന്ന വ്യത്യസ്ത സമീപനം പരിശോധിക്കാതിരിക്കാൻ സാധിക്കില്ല. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമപദ്ധതികൾക്കുവേണ്ടി എല്ലാ വർഷവും കേന്ദ്ര ഗവൺമെന്റ് നീക്കിവയ്ക്കാറുള്ള നിശ്ചിത തുക ഓരോ വർഷം കഴിയുന്തോറും വെട്ടികുറയ്ക്കുകയാണ്. എല്ലാവർക്കും തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനുവേണ്ടി രാജ്യത്ത് തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നുണ്ട്.

പക്ഷേ കേരളത്തിലെ കുടുംബങ്ങൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതി പടിപടിയായി ഇല്ലാതാക്കുന്നതിനുവേണ്ടി തൊഴിലുറപ്പ് പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം വെട്ടികുറയ്ക്കുന്ന നടപടി കേന്ദ്ര ഗവൺമെന്റ് തുടരുകയാണ്. ഇത്തരം കാര്യങ്ങൾക്കെതിരെയും കേരളത്തിലെ പ്രതിപക്ഷത്തിന് ഒന്നും പറയാൻ സാധിക്കുന്നില്ല. യഥാർത്ഥത്തിൽ സംസ്ഥാനത്തിന്റെ ഈ വികസന മുന്നേറ്റത്തിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത് കേരളത്തിൽ ഇനി ഒരിക്കൽപോലും അധികാരത്തിൽ വരാൻ യു.ഡി.എഫ്.-ന് സാധിക്കില്ലെന്നാണ്. ആ യാഥാർത്ഥ്യബോധത്തിൽനിന്ന് ഒളിച്ചോടുന്ന പ്രതിപക്ഷമാണ് ഇവിടെയുള്ളത്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട് ചില വിഷയങ്ങളും കുത്തിത്തിരിപ്പുകളും ഉണ്ടാക്കുന്നതിനുവേണ്ടി ബോധപൂർവ്വമായ ശ്രമമാണ് യു.ഡി.എഫ്. നടത്തുന്നത്. സംസ്ഥാനം വലിയ കടത്തിലാണെന്നാണ് പ്രതിപക്ഷം പറയുന്ന മറ്റൊരു കാര്യം. എന്താണ് ഇതിലെ യാഥാർത്ഥ്യം? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു കോടി പതിനെട്ടുലക്ഷത്തി അൻപത് കോടി രൂപ കടമെടുക്കാൻ തയ്യാറായ സ്ഥാനത്ത് ഇന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് മുപ്പത്തിമൂന്നായിരത്തി എഴുനൂറ് കോടി രൂപ മാത്രം കടമെടുക്കാനാണ് തയ്യാറായിട്ടുള്ളത്. ഈ യാഥാർത്ഥ്യം

മറച്ചുവച്ചുകൊണ്ടാണ് കേരളം കടത്തിലാണെന്നും കേരളത്തെ വിൽക്കാൻ പോകുകയാണെന്നുമുള്ള ചർച്ചകൾ നടക്കുന്നത്. യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിക്കൊണ്ടാണ് മുന്നോട്ടുപോകേണ്ടത്. കേന്ദ്ര ഗവൺമെന്റ് ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളെ മൊത്തത്തിൽ വിൽക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന വേളയിൽപ്പോലും ഇത്തരം കാര്യങ്ങളൊന്നും പ്രതിപക്ഷം പരാമർശിക്കുന്നതായി കാണുന്നില്ല. ഇന്ധനവിലയെ സംബന്ധിച്ച് എന്തെങ്കിലും ചർച്ച നടക്കുന്നുണ്ടോ? കേന്ദ്ര ഗവൺമെന്റ് ഡീസലിനും പെട്രോളിനും വലിയ രീതിയിലുള്ള വില വർദ്ധനവാണ് ഏർപ്പെടുത്തിയത്. ഈ രീതിയിൽ ഡീസലിനും പെട്രോളിനും വില വർദ്ധിച്ചാൽ ഏറെക്കാലം കേരളത്തിന് മുന്നോട്ടുപോകാൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങാൻ സംസ്ഥാന സർക്കാർ തയ്യാറാകുന്നത്. ആരോഗ്യ മേഖലയിൽ നടപ്പിലാക്കുന്ന ആർദ്രം പദ്ധതി കേരള ഗവൺമെന്റിന്റെ ദീർഘവീക്ഷണത്തിന്റെ ഉദാഹരണമാണ്. അതിവേഗ റെയിൽ സംബന്ധിച്ച് ഗവൺമെന്റ് കൃത്യമായ കാഴ്ചപ്പാട് കേരളത്തിലെ ജനങ്ങളോട് പറഞ്ഞിട്ടുണ്ട്. ജനങ്ങൾക്കാർക്കും ഈ സംവിധാനത്തോട് യാതൊരു എതിർപ്പുമില്ല; ചില വ്യക്തികൾ മാത്രമാണ് ഈ പദ്ധതിയോട് എതിർപ്പ് പ്രകടിപ്പിക്കുന്നത്.

കേരളത്തിലെ സഹകരണ മേഖലയെ തകർക്കുകയെന്ന കേന്ദ്ര ഗവൺമെന്റിന്റെ മറ്റൊരു അജണ്ടയുടെ ഭാഗമായി ബോധപൂർവ്വമായ ശ്രമങ്ങളാണ് അവർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ സഹകരണമേഖല സംസ്ഥാനത്തിന് നൽകിയിട്ടുള്ള സംഭാവനകളും ക്ഷേമ പദ്ധതികളും വികസന മുന്നേറ്റങ്ങളും വളരെ വലുതാണ്. രാഷ്ട്രീയപരമായി കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെ തകർക്കാനുള്ള ഗൂഢാലോചന കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. പക്ഷേ ഇത്തരം കാര്യങ്ങൾക്കെതിരെയും പ്രതിപക്ഷത്തിന് യാതൊരു തരത്തിലുള്ള ന്യായീകരണവുമുണ്ടാകുന്നില്ല. രാജ്യത്തെ ജനാധിപത്യവും മതേതരത്വവും വളരെ ദൃഢമായി കാത്തുസൂക്ഷിക്കുന്നതിനും കേരളത്തിലെ എല്ലാം ജനവിഭാഗങ്ങളെയും ഒന്നിച്ചുനിർത്തുന്നതിനും ഈ ഗവൺമെന്റ് തയ്യാറെടുക്കുമ്പോൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ യു.ഡി.എഫ്. നേതാക്കൾതന്നെ മൃദുഹിന്ദുത്വ സമീപനം സ്വീകരിച്ചുകൊണ്ട് ബി.ജെ.പി.-ക്കൊപ്പം ചേരുന്ന നിലപാടാണ് സ്വീകരിച്ചുവരുന്നത്. ഈ യാഥാർത്ഥ്യങ്ങൾ തിരിച്ചറിയാതെ പോകാൻ സാധിക്കില്ല. ജനാധിപത്യവിരുദ്ധമായ ചില പ്രക്രിയകൾ പാർലമെന്റിൽ നടക്കുന്നുണ്ട്. കഴിഞ്ഞ ബി.ജെ.പി. ഗവൺമെന്റിന്റെ കാലത്ത്, ഇരുപതോളം ബില്ലുകൾ യാതൊരു തരത്തിലുള്ള

ചർച്ചയോ വോട്ടെടുപ്പോ ഇല്ലാതെ ഏകപക്ഷീയമായി പാർലമെന്റിൽ പാസ്സാക്കുകയാണ് ചെയ്തത്. ഇതിനെതിരെ പ്രതികരിക്കണ്ടേ; ആരാണ് പ്രതികരിക്കേണ്ടത്? യു.ഡി.എഫ്. അത്തരം കാര്യങ്ങളെ സംബന്ധിച്ച് യാതൊരു പ്രതികരണവും നടത്തുന്നില്ല. എല്ലാ രീതിയിലും കേരളത്തെ കുറ്റപ്പെടുത്തുകയും കേന്ദ്രത്തിന്റെ ദുഷ്ചെയ്തികൾക്കെതിരെ ചെറുവിരൽപ്പോലും അനക്കാത്ത സമീപനവുമാണ് യു.ഡി.എഫ്. സ്വീകരിക്കുന്നത്. ഈ അവസരത്തിൽ കേരള ഗവൺമെന്റിന്റെ പൊതുസമീപനവും പൊതുകാഴ്ചപ്പാടും ദീർഘവീക്ഷണവും വികസന പ്രവർത്തനങ്ങളും തുടർന്നും മുന്നോട്ടുകൊണ്ടുപോകാൻ എല്ലാവരും ഒത്തൊരുമിച്ച് നീങ്ങേണ്ടതുണ്ട്. കോവിഡിന്റെയും പ്രകൃതി ദുരന്തത്തിന്റെയും പശ്ചാത്തലത്തിൽ നിൽക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാവരും ഒന്നിച്ചുനിന്നാൽ മാത്രമെ കേരളത്തെ ദീർഘകാലം മുന്നോട്ടുനയിക്കാൻ സാധിക്കുകയുള്ളൂവെന്ന യാഥാർത്ഥ്യബോധത്തോടുകൂടി മുന്നേറാൻ ഓരോരുത്തർക്കും കഴിയണമെന്ന് സൂചിപ്പിച്ചുകൊണ്ട് നന്ദിപ്രമേയത്തെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, കേരള ഗവർണർ സഭയിൽ നടത്തിയ നയപ്രഖ്യാപനത്തെയും ആദരണീയനായ ശ്രീ. ടി. പി. രാമകൃഷ്ണൻ

അവതരിപ്പിച്ച നന്ദിപ്രമേയത്തെയും ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞ ഒരു വാക്ക് എന്റെ ഹൃദയത്തെ വളരെയേറെ സ്പർശിച്ചു. അദ്ദേഹം പറഞ്ഞത്, കേരള ഗവൺമെന്റിന്റെ കയ്യിലുള്ളത് ഓട്ടക്കീശയും ഒന്നുമില്ലാത്ത ഒരു ഖജനാവുമാണെന്നാണ്. അതുകേട്ടപ്പോൾ എന്റെ ചിന്ത കടന്നുപോയത്, ഞങ്ങളൊക്കെ വിശ്വസിക്കുന്ന കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അരികിൽ ഒരുപാട് പേർ പ്രസംഗം കേൾക്കാൻ വന്നതിനെക്കുറിച്ചാണ്. ആ പ്രസംഗം കേൾക്കാൻ വന്നവർ നിർജന പ്രദേശത്താണ് നിന്നിരുന്നത്. അവിടെ അവർ വളരെയേറെ ബുദ്ധിമുട്ടിലായിരുന്നു, കാരണം അവർക്ക് ഭക്ഷണമില്ല. ഉടൻതന്നെ അവിടെയുള്ള ഒരു ശിഷ്യൻ വന്ന് കർത്താവിനോടുപറഞ്ഞു, ഇവിടെയുള്ള ഒരു പയ്യന്റെ കയ്യിൽ അഞ്ച് അപ്പവും രണ്ട് മീനുമുണ്ടെന്ന്. അപ്പോൾ കർത്താവ് അത് കൊണ്ടുവരാൻ പറഞ്ഞു. അത് കൊണ്ടുവന്നു, സ്വർഗ്ഗത്തിലേയ്ക്ക് നോക്കി വാഴ്ത്തി, അയ്യായിരത്തിലധികം പുരുഷന്മാരും അതിലധികം സ്ത്രീകളും കുഞ്ഞുങ്ങളുമുൾപ്പെടെ ഏകദേശം പത്ത് മുപ്പതിനായിരം പേർ അത് കഴിച്ചെന്നാണ് വേദപുസ്തകത്തിലെഴുതിയിരിക്കുന്നത്. എനിക്ക് തോന്നുന്നത്, ആദരണീയനായ മുഖ്യമന്ത്രി പിണറായി വിജയനോട് സഖാവേ,

ദൈവത്തിൽ വിശ്വാസമുണ്ടോയെന്ന് ചോദിച്ചാൽ അദ്ദേഹം ഉണ്ടെന്നോ ഇല്ലെന്നോ പറയാതെ ചിരിച്ച കാണിക്കും. പക്ഷെ സഖാവ് പിണറായി വിജയനെ വിശ്വാസമുണ്ടോയെന്ന് ദൈവത്തോട് ചോദിക്കുകയാണെങ്കിൽ ദൈവം പറയും 'എനിക്ക് വിശ്വാസമുള്ളതുകൊണ്ടാണ് തുടർഭരണം ഞാൻ അദ്ദേഹത്തിന്റെ കരങ്ങളിൽ ഏൽപ്പിച്ചത് ' എന്ന്. അതുകൊണ്ട് ഈ അവസ്ഥയിൽനിന്ന് ഒന്ന് മുകളിലേയ്ക്ക് നോക്കി എന്തെങ്കിലുമൊക്കെ ഒരു മാജിക് കാണിക്കാൻ കഴിവുള്ള ഏക വ്യക്തി ഇന്ന് കേരളത്തിലുണ്ടെങ്കിൽ അത് സഖാവ് പിണറായി വിജയൻ തന്നെയാണെന്ന കാര്യത്തിൽ എനിക്കൊരു സംശയവുമില്ല. യു.ഡി.എഫ്. പ്രവർത്തകരേ, തീർച്ചയായും നിങ്ങൾ ഭാരപ്പെടേണ്ട. എന്തെങ്കിലുമൊക്കെ മാജിക് കാണിക്കും, അതിനാണ് കിഫ്ബിയും മറ്റ് പല പദ്ധതികളും അദ്ദേഹം കൊണ്ടുവന്നിരിക്കുന്നത്. തീർച്ചയായും നല്ല രീതിയിൽ കാര്യങ്ങൾ മുന്നോട്ടുപോകുമെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. എന്റെ പ്രദേശം കുട്ടനാടാണ്. കുട്ടനാടെന്ന് പറയുമ്പോൾ ഇവിടെയുള്ളവരെല്ലാം എന്നെ കളിയാക്കും, ഞാൻ എഴുന്നേറ്റാൽ കുട്ടനാടിനെക്കുറിച്ച് പറയാതെ പോകില്ല. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക, ക്ഷേമപ്രവർത്തനങ്ങൾ, പൊതുവിദ്യാഭ്യാസം, ആരോഗ്യരംഗം തുടങ്ങിയ മുഴുവൻ മേഖലകളിലും

സമാനതകളില്ലാത്ത വളർച്ച കൈവരിച്ചുകൊണ്ടിരിക്കുന്ന ഒരു സർക്കാരാണ് എന്റെ സർക്കാരെന്നാണ് ബഹുമാനപ്പെട്ട ഗവർണർ പറഞ്ഞത്. അത്തരത്തിൽ വളരെ ദീർഘവീക്ഷണത്തോടുകൂടി നടത്തിയ നയപ്രഖ്യാപനത്തെ കേരളത്തിലെ മുഴുവൻ ജനങ്ങളും രണ്ട് കയ്യുംനീട്ടിയാണ് സ്വീകരിച്ചിരിക്കുന്നത്. എനിക്ക് യു.ഡി.എഫ്.-കാരോടുള്ള വിഷമം, അവരുടെ ഭരണകാലത്ത് അത്യാവശ്യം കാര്യങ്ങളൊക്കെ അവരുടെ മണ്ഡലത്തിൽ നടത്തിയിട്ടുണ്ട്. കുട്ടനാട്ടുകാർക്കുണ്ടാകുന്ന പ്രശ്നം, തോമസ് ചാണ്ടി എൽ.ഡി.എഫ്.-ലാണ് വരുന്നതെങ്കിൽ യു.ഡി.എഫ്. ആയിരിക്കും ഭരിക്കുന്നത്; അദ്ദേഹം യു.ഡി.എഫ്.-ലാണ് വരുന്നതെങ്കിൽ എൽ.ഡി.എഫ്. ആയിരിക്കും ഭരിക്കുന്നത്. ഇവർ അങ്ങോട്ടിങ്ങോട്ടും പാവപ്പെട്ട തോമസ് ചാണ്ടിയെ തട്ടിയതല്ലാതെ യാതൊന്നും നടപ്പാക്കികൊടുത്തില്ല. എന്തെങ്കിലും കാര്യങ്ങൾ കുട്ടനാടിനുവേണ്ടി നടപ്പാക്കിയിട്ട് ആറ് വർഷമേ ആയിട്ടുള്ളൂ; അതും കിഫ്ബി വന്നതുകൊണ്ടുമാത്രമാണ്. കിഫ്ബി പദ്ധതിയിലൂടെ പുതിയ പാലങ്ങളും റോഡുകളും നല്ല സ്കൂളുകളും മറ്റ് സംവിധാനങ്ങളും ഒരുക്കാൻ സാധിച്ചിട്ടുണ്ട്. ഈ സമയത്ത് പ്രതിപക്ഷത്തെക്കുറിച്ച് ഒരു പഴമൊഴി ഓർമ്മയിൽ വരികയാണ്, 'ഉണ്ണാത്തവന് ഇല കിട്ടാഞ്ഞിട്ട്, ഉണ്ടവന് പായ കിട്ടാഞ്ഞിട്ട്'. ഇപ്പോൾ

നല്ലരീതിയിൽ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്; അതുകൊണ്ട് ദൈവത്തെയോർത്ത് പ്രശ്നങ്ങളൊന്നും സൃഷ്ടിക്കരുത്. ഞങ്ങൾക്ക് കിട്ടാനുള്ളത് വാങ്ങി വെള്ളത്തിൽപ്പെട്ട് കിടക്കുന്ന പാവപ്പെട്ട കുട്ടനാട്ടുകാർ ഒന്ന് രക്ഷപ്പെട്ടോട്ടെ. അതുകൊണ്ട് ഞങ്ങളെ സഹായിക്കണം. ഇനിയാകെ നാലര വർഷമാണ് ഞങ്ങൾക്കുള്ളത്. ഈ സമയംകൊണ്ട് എന്തെങ്കിലുമൊക്കെ നേടിയെടുക്കണമെന്നാണ് ആഗ്രഹം.

വികസനമാണ് ഈ സർക്കാരിന്റെ പ്രധാന ലക്ഷ്യം. കേരളം ഇന്ത്യയ്ക്ക് മാതൃകയാണ്. കെ-റെയിലിനെക്കുറിച്ചോർക്കുമ്പോഴാണ് ഇപ്പോൾ പ്രതിപക്ഷത്തിന് വിഷമം. ഇതെങ്ങനെ നടപ്പാക്കുമെന്നാണ് ഇവർ ചോദിക്കുന്നത്. എങ്ങനെയെങ്കിലും സർക്കാരിത് നടപ്പാക്കും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. സഖാവ് പിണറായി വിജയന് വേണ്ടി പ്രാർത്ഥിക്കുന്നവരും അദ്ദേഹത്തെ സ്നേഹിക്കുന്നവരും ബഹുമാനിക്കുന്നവരുമായി ധാരാളം പേരുണ്ട്. അതുകൊണ്ട് നല്ല രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ കേരളത്തിൽ നടപ്പാക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

പ്രകൃതി ദുരന്തങ്ങൾ ഓരോന്നായി കേരളത്തിൽ വരികയുണ്ടായി. 2019-ലെ അതിശക്തമായ വെള്ളപ്പൊക്കത്തെത്തുടർന്ന് വീണ്ടും

വെള്ളപ്പൊക്കമുണ്ടായിട്ടുണ്ട്. എല്ലാവരും വളരെയധികം പ്രതിസന്ധികളിലൂടെ കടന്നുപോയപ്പോൾ അതിനെയൊന്നും അതിജീവിക്കാനുള്ള കഴിവില്ലാതിരുന്നിട്ടും നമ്മളതിനെ അതിജീവിച്ചുവെന്നതാണ് വസ്തുത. കേരളീയരെ സംബന്ധിച്ചിടത്തോളം അതൊരു വലിയ പ്രത്യേകതയാണ്. കാരണം, പ്രതിസന്ധികളെയും പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിന് കരുത്തുള്ള ഒരു ഗവൺമെന്റാണ് കേരളത്തിലുള്ളത്. ഇവിടെ ഞങ്ങൾക്ക് കമ്മീഷനൊന്നും ലഭിക്കാതെ നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരാണ്. സർക്കാരിന് ലഭിക്കുന്ന പണം അതേയളവിൽ ജനങ്ങളിലേയ്ക്ക് എത്തുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ട് നല്ല രീതിയിലുള്ള ഭരണം കാഴ്ചവയ്ക്കുകയും അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുകയും ചെയ്യുന്നതാണ്. പ്രതിപക്ഷം സർക്കാരിനെ വലിയ മനസ്സോടുകൂടിയൊന്നുമല്ല എതിർക്കുന്നത്; ഇത് നിങ്ങളുടെയൊരു പ്രക്രിയയായതുകൊണ്ട് ചെയ്യുന്നുവെന്നേയുള്ളൂ. ലൈഫ് മിഷനിലൂടെ ലക്ഷക്കണക്കിന് ഭവനങ്ങൾ നിർമ്മിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഭവനം ഇല്ലാത്തവരെ കണ്ടാൽ മാത്രമേ അവരുടെ ബുദ്ധിമുട്ട് മനസ്സിലാകാൻ സാധിക്കുകയുള്ളൂ. നല്ല സാമ്പത്തിക ഭദ്രതയുള്ളവരുടെ വീട്ടിൽ ചെന്നാൽ അവരുടെ അവസ്ഥ

ശ്രേഷ്ഠമായിരിക്കും. പക്ഷെ കുട്ടനാട്ടിലെ കൈനകരിയും കാവാലവും തകഴിയും സന്ദർശിക്കണം, ആറ് മാസമായി വെള്ളത്തിൽ മുങ്ങിക്കിടക്കുകയാണ്. മൂന്ന് വർഷമായി മൂന്ന് പാടശേഖരങ്ങളും 650 കുടുംബങ്ങളും വെള്ളത്തിൽപ്പെട്ടിരിക്കുകയാണ്. രക്ഷപ്പെടുത്താൻ ശ്രമിക്കുന്തോറും അവർ വെള്ളത്തിൽ താഴ്ന്നുപോയ്ക്കൊണ്ടിരിക്കുകയാണ്. ഇവരെയൊക്കെ സഹായിക്കണമെങ്കിൽ ഇതാണ് നല്ല അവസരം. ഈ ഗവൺമെന്റ് പൂർണ്ണമായും കുട്ടനാട്ടുകാരെ പിന്തുണയ്ക്കുമെന്ന് വിശ്വസിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മഞ്ഞളാംകുഴി അലി]

വളരെ ശക്തനായ ഒരു മന്ത്രിയാണ് കൃഷിവകുപ്പിന് ലഭിച്ചിട്ടുള്ളത്. എനിക്ക് തോന്നുന്നത് ഏറ്റവും കുറഞ്ഞത് പത്ത് തവണയെങ്കിലും അദ്ദേഹം കുട്ടനാട്ടിൽ വന്നിട്ടുണ്ടെന്നാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഏത് വിഷയങ്ങൾ പറഞ്ഞാലും അതിലിടപെടുകയും വളരെ നല്ല രീതിയിൽ കാര്യങ്ങൾ പരിഹരിക്കുകയും ചെയ്യുന്ന മന്ത്രിയാണദ്ദേഹം. തരിശ് നിലങ്ങൾക്കാവശ്യമായ രീതിയിലുള്ള സംവിധാനങ്ങൾ സ്വീകരിക്കാൻ നടപടിയെടുത്തിട്ടുണ്ട്. എല്ലാ മന്ത്രിമാരും വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നവരാണ്. സമാനതകളില്ലാത്ത ഒരു മന്ത്രിയാണ് റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ എന്നതിൽ ഒരു സംശയവുമില്ല.

അദ്ദേഹത്തിന്റെ വകുപ്പുമായി ബന്ധപ്പെട്ട ഏതാവശ്യത്തിന് ഫോൺ വിളിച്ചാലും അതിനുള്ള മറുപടി അദ്ദേഹത്തിൽനിന്ന് ലഭിക്കും. ഇതിന്റെയർത്ഥം മറ്റ് മന്ത്രിമാർ ഫോൺ വിളിച്ചാൽ എടുക്കില്ലെന്നല്ല. എന്റെ പാർട്ടിയുടെ വകുപ്പുമന്ത്രിയും അവിടെയിരുന്ന് ചിരിക്കുന്നുണ്ട്, കാരണം അദ്ദേഹവും ഫോൺ വിളിച്ചാലെടുക്കും; പക്ഷെ അധികനേരം സംസാരിക്കില്ല, പരമാവധി ഒരു മിനിറ്റ് മാത്രമെ സംസാരിക്കുകയുള്ളൂ. അദ്ദേഹം നല്ലരീതിയിൽ പ്രവർത്തിക്കുന്ന മന്ത്രിയാണ്. വ്യവസായ വകുപ്പുമന്ത്രി ആലപ്പുഴയിൽ വന്നപ്പോൾ പറഞ്ഞത്, പ്രശ്നങ്ങളില്ലാത്ത സ്ഥലം കുട്ടനാടാണെന്നാണ്. അപ്പോൾ ഞാൻ പറഞ്ഞു, ഒരു വ്യവസായവുമില്ലാത്ത സ്ഥലം കുട്ടനാടായതുകൊണ്ട് അവിടെ ഒരു പ്രശ്നവുമില്ല എന്നാണ്. അതുകൊണ്ട് അദ്ദേഹം ഒരു ഉപകാരം ചെയ്തു, ആർ-ബ്ലോക്ക് പ്രത്യേകമായി മാറ്റുകയും അവിടെ വ്യവസായം ആരംഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. തകഴി റൈസ് മില്ലും നീലംപേരൂർ റൈസ് മില്ലും അദ്ദേഹത്തിന്റെ ശ്രദ്ധയിലുണ്ട്. അതുകൊണ്ടുതന്നെ വ്യവസായ വകുപ്പുമന്ത്രിയോട് വളരെയധികം സ്നേഹവും ബഹുമാനവുമുണ്ട്, അദ്ദേഹം വളരെ നല്ല രീതിയിൽ കുട്ടനാടിനെ സഹായിച്ചുകൊണ്ട് കാര്യങ്ങളൊക്കെ ചെയ്തുതരുന്നുണ്ട്. അടിസ്ഥാന സൗകര്യം ഏറ്റവും കൂടുതൽ വികസിക്കേണ്ടത്

കുട്ടനാട്ടിലാണ്. അതിന് എല്ലാ രീതിയിലുമുള്ള പിന്തുണ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കേരളത്തിൽ ഏറ്റവും കൂടുതൽ ക്യാൻസർ രോഗികളുള്ളത് കുട്ടനാട്ടിലാണ്. ഏറ്റവും നല്ല ടൂറിസ്റ്റ് സംവിധാനമുള്ളതും കുട്ടനാട്ടിലാണ്. 110 പേർക്ക് ഒന്നിച്ച് ഒരു വള്ളത്തിലിരുന്ന് തുഴയാൻ കഴിയുന്ന ഏക സ്ഥലമാണ് കുട്ടനാട് അല്ലെങ്കിൽ ആലപ്പുഴ. അത് മറ്റെവിടെയും കാണാൻ സാധിക്കില്ല. ചുണ്ടൻ വള്ളങ്ങളും വെപ്പ് വള്ളങ്ങളും ചുരുളൻ വള്ളങ്ങളും സംരക്ഷിക്കാനാവശ്യമായ ധനസഹായം നൽകേണ്ടതുണ്ട്. അതിലുപരിയായി കൃഷിമേഖല നല്ല രീതിയിൽ മെച്ചപ്പെടുത്താനുള്ള സംവിധാനമുണ്ടാകണം. മാർച്ച് മാസത്തോടുകൂടി കോവിഡ് 19-ഉം ആയി ബന്ധപ്പെട്ട പ്രശ്നങ്ങൾ അവസാനിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സാഹചര്യത്തിൽ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന സ്ഥലമെന്ന നിലയിൽ ഹൗസ് ബോട്ടുകളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. തീർച്ചയായും നല്ല രീതിയിലുള്ള പ്രവർത്തനശൈലി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഈ നയപ്രഖ്യാപനത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയും എന്റെ ദേശത്തോട് മനസ്സലിവ് കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ട് നിർത്തുന്നു. നന്ദി.

നമസ്കാരം.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു. പ്രതിസന്ധികളുടെ നടുവിൽനിന്ന് കേരള സർക്കാർ പ്രവർത്തിക്കുമ്പോൾ സഹായിക്കാൻ ബാധ്യതപ്പെട്ട കേന്ദ്രസർക്കാർ കേരളത്തെ ക്രൂശിക്കുകയാണ് ചെയ്യുന്നത്. അതുപോലെ എന്തുചെയ്താലും ആക്ഷേപിക്കുന്ന പ്രതിപക്ഷമാണ് കേരളത്തിലുള്ളത്. ഇതൊക്കെ മറികടന്നാണ് നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള പ്രയത്നവുമായി നാം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി ഇന്നത്തെ ചോദ്യോത്തരവേളയിൽ നീതി ആയോഗിന്റെയും വിവിധ ഏജൻസികളുടേയും കേരളത്തിന്റെ റേറ്റിംഗ് സംബന്ധിച്ച് പ്രതിപാദിക്കുകയുണ്ടായി. നിയമസഭയിലെ പുതിയ വ്യക്തിയെന്ന നിലയിൽ എന്നെ വേദനിപ്പിച്ച വിഷയം ഞാൻ അവതരിപ്പിക്കുകയാണ്. ഇന്നലെയാണ് ഞങ്ങളുടെ ഒരു സഖാവിനെ വെട്ടിക്കൊലപ്പെടുത്തിയത്. മുൻ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെ നിരവധി പ്രതിപക്ഷാംഗങ്ങളിൽ ഒരാൾപോലും ബി.ജെ.പി.-ക്കും ആർ.എസ്.എസ്.-നുമെതിരായും കൊലപാതക രാഷ്ട്രീയത്തിനെതിരായും ചർച്ചയിൽ

സംസാരിക്കാൻ തയ്യാറായില്ല. ആ സാഹചര്യത്തെക്കൂടി വഴിതിരിച്ചുവിട്ടുകൊണ്ട് സി.പി.ഐ.(എം.)-നെയും ഇടതുപക്ഷത്തെയും ആക്രമിക്കാനാണവർ തുനിയുന്നത്. നമ്മൾ മജ്ജയും മാംസവുമുള്ള പച്ച മനുഷ്യരെന്ന നിലയിൽ ഇത് തീർച്ചയായും അപലപനീയമാണ്. വിലപ്പെട്ട ജീവനല്ലേ നഷ്ടപ്പെട്ടത്; ഈ കൊലപാതക രാഷ്ട്രീയത്തിനൊരറുതി വരുത്താൻ അവരെ അധിക്ഷേപിക്കുന്ന തരത്തിൽ ഒരക്ഷരം ആരുമിവിടെ ഉന്നയിക്കുകയോ പറയുകയോ ചെയ്തിട്ടില്ല. ഈ പ്രതിസന്ധി ഘട്ടത്തിൽ കേരളത്തെ ശ്വാസംമുട്ടിക്കുന്ന ജനവിരുദ്ധ നയങ്ങളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുന്നത് ശരിയല്ല. കേരളത്തിന്റെ അവകാശങ്ങൾ വേണമെന്നുപറയാൻ ഇവരാരും തയ്യാറല്ല. കേരളത്തിന്റേതല്ലാത്ത കേരളത്തെ പ്രതിനിധീകരിക്കാത്തൊരു മന്ത്രി കേന്ദ്രത്തിലുണ്ട്. അദ്ദേഹവും കേരളത്തിലെ എം.പി.-മാരും കെ.പി.സി.സി. പ്രസിഡന്റടക്കമുള്ള യു.ഡി.എഫ്. നേതാക്കളും അവിടെ പോകുന്നത് കേരളത്തിന് പുതിയ പദ്ധതികൾ ആവശ്യപ്പെടാനല്ല, പകരം സംസ്ഥാന സർക്കാർ നടപ്പാക്കുന്ന കേരളത്തിന്റെ സ്വപ്ന പദ്ധതികൾ തകർക്കാനും അത് കൊടുക്കരുതെന്ന് പറയാനുമാണ്. ഇതിനായി കൂട്ടായി കേന്ദ്ര മന്ത്രിമാരെ കാണുന്ന അവസ്ഥയുണ്ടായെന്ന് പറഞ്ഞാൽ, ഇതൊന്നും തിരിച്ചറിയാത്തവരാണ്

കേരളത്തിലെ ജനങ്ങളെന്ന് ധരിച്ചുകൊണ്ടോണോ ഇവർ ഇതെല്ലാം ചെയ്യുന്നതെന്ന് എനിക്കറിയില്ല. ഇവരെ ജനശത്രുക്കളുടെ പട്ടികയിലേ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂവെന്നതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് പ്രതിപക്ഷ നേതാക്കൾ പുനർചിന്തനം നടത്തുന്നത് നല്ലതായിരിക്കും.

കേരളത്തിന്റെ അടിസ്ഥാനപരമായ വിഷയങ്ങളെ സംബന്ധിച്ച് സൂക്ഷ്മമായി പരിശോധിച്ച് ഓരോ രംഗത്തും എങ്ങനെ മുന്നേറ്റമുണ്ടാക്കാമെന്നതിനെക്കുറിച്ച് നയപ്രഖ്യാപനത്തിൽ പറയുന്നതുകൊണ്ടുതന്നെയാണ് ഞാൻ സർക്കാരിന്റെ നയപ്രഖ്യാപനത്തെ പിന്തുണയ്ക്കുന്നത്. കാർഷിക മേഖലയിൽ 'മൾട്ടി ക്രോപ്പിംഗ് സിസ്റ്റം', 'തരിശുരഹിത മണ്ഡലം', 'അഗ്രി കേഡറ്റ് കോർ പ്രോഗ്രാം', 'സ്മാർട്ട് കൃഷിഭവനുകൾ', ക്ഷീരോല്പാദനമേഖലയിൽ സ്വയംപര്യാപ്തത എന്നിവയെല്ലാം കാർഷിക മേഖലയിലെ മുന്നേറ്റത്തിനും കുതിച്ചുചാട്ടത്തിനും സഹായകമാകുന്ന പദ്ധതികളാണ്. ഓണക്കാലത്ത് മറ്റു സംസ്ഥാനങ്ങളിൽ നിന്നും പാൽ കൊണ്ടുവരുന്ന സംവിധാനം നിലനിൽക്കുന്നുണ്ട്. ഈ ഓണക്കാലത്ത് ഒരു ലബോറട്ടറിയുടെ ഉദ്ഘാടനത്തിനുവേണ്ടി ക്ഷീര വികസന വകുപ്പിൽനിന്നും എന്നെ വിളിക്കുകയുണ്ടായി. ഉദ്ഘാടനത്തിനുശേഷം മൂന്ന്-നാല് ദിവസം കഴിഞ്ഞ് ഒരു

കൗതുകത്തിനുവേണ്ടി ലബോറട്ടറി തുറന്നശേഷമുള്ള പ്രവർത്തനത്തെക്കുറിച്ച് അവരോട് ചോദിച്ചപ്പോൾ വളരെ ഞെട്ടിക്കുന്ന വിവരങ്ങളാണ് ലഭിച്ചത്. പാൽ കേട് വരാതിരിക്കാൻ അതിൽ യൂറിയ ചേർക്കുമെന്നാണ് അറിയാൻ കഴിഞ്ഞത്. കേരളത്തിലെ പിഞ്ചുകുഞ്ഞുങ്ങളടക്കം ഈ പാല് കുടിക്കുമ്പോഴുണ്ടാകുന്ന അവസ്ഥയെക്കുറിച്ച് ചിന്തിച്ചുനോക്കൂ; അതുകൊണ്ട് സ്വയംപര്യാപ്തത കൈവരിക്കാൻ 'പാൽക്കുടം'-ക്ഷീരവികസന പദ്ധതി, 'മൃഗസംരക്ഷണത്തിൽ സ്ത്രീകളെ പ്രോത്സാഹിപ്പിക്കൽ' തുടങ്ങിയ പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചത് താഴെത്തട്ടിലെ ചെറിയ കാര്യങ്ങൾ കേരളത്തിന്റെ പുരോഗതിക്കായി എപ്രകാരം പ്രയോജനപ്പെടുത്താമെന്നതിന്റെ ദീർഘവീക്ഷണവും കരുതലും സർക്കാരിനുള്ളതുകൊണ്ടാണ്.

റവന്യൂ മേഖലയിൽ ഏറ്റവും കൂടുതൽ ആളുകൾ ആശ്രയിക്കുന്നത് വില്ലേജ് ഓഫീസുകളെയാണ്. വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കാൻ 'വിഷൻ ആൻഡ് മിഷൻ', 'സ്മാർട്ട് വില്ലേജ് ആഫീസുകൾ', 'ജില്ലാ റവന്യൂ അസംബ്ലി', എം.എൽ.എ.-മാർ പരാതി കൊടുത്താൽ അവർക്ക് ഡാഷ് ബോർഡ്, എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ എന്നിവയെല്ലാം നടപ്പാക്കിയത് ചെറിയ കാര്യമാണോ; എല്ലാ സേവനങ്ങളും

സ്മാർട്ടാക്കിയിരിക്കുന്നു. ഇപ്പോൾത്തന്നെ പ്രഖ്യാപിച്ചതിലും കൂടുതൽ പേർക്ക് പട്ടയം കൊടുത്തിട്ടുണ്ട്. പട്ടയം കൊടുത്തശേഷം അഭിമാനത്തോടെയല്ലേ ഈ സർക്കാർ നെഞ്ച് നിവർത്തിനില്ക്കുന്നത്. അതൊക്കെയൊന്ന് കാണാനും ചെയ്ത നല്ല കാര്യങ്ങളെ അഭിനന്ദിക്കാനും ആരെങ്കിലും തയ്യാറാകണ്ടേ?

മത്സ്യബന്ധന വകുപ്പിൽ മിതമായ വിലയ്ക്ക് ഗുണമേന്മയുള്ള മത്സ്യം, എല്ലാ ജലാശയങ്ങളിലും മത്സ്യകൃഷി, ഉല്പാദനം ഇരട്ടിയാക്കൽ, മത്സ്യത്തൊഴിലാളികൾക്കുള്ള 'പുനർഗേഹം പദ്ധതി' എന്നിവയെല്ലാം നടപ്പാക്കിയത് ചെറിയ കാര്യങ്ങളാണോ; ഇത് അഭിനന്ദിക്കേണ്ടതല്ലേ? ഏതുകാര്യമെടുത്താലും അതിനെയെല്ലാം അധിക്ഷേപിക്കുക, അപമാനിക്കുക എന്നതൊരു കുലത്തൊഴിലായി കൊണ്ടുനടക്കുന്ന പ്രതിപക്ഷം എന്താണിങ്ങനെ ചിന്തിക്കുന്നതെന്നറിയില്ല. സഹകരണ മേഖലയിൽ വട്ടിപ്പലിശക്കാരിൽനിന്ന് ജനങ്ങളെ സംരക്ഷിക്കാൻ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതിയാണ് 'മുറ്റത്തെ മുല്ല'. ഇപ്പോൾ തീരദേശത്തുള്ളവർക്കായി സ്നേഹതീരം മൈക്രോ ഫിനാൻസ് പദ്ധതി നടപ്പാക്കാൻ സർക്കാർ മുന്നോട്ടുവരികയാണ്. സഹകരണ മേഖലയിൽ യുവ സഹകരണ സംഘങ്ങൾ ഉണ്ടാകുന്നുവെന്നതും ചെറിയ കാര്യമല്ല. ഊർജ്ജ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ എല്ലാ മാർഗ്ഗങ്ങളും

സ്വീകരിക്കുന്നുണ്ട്. കാറ്റിൽനിന്ന് വൈദ്യുതി, സൂര്യപ്രകാശത്തിൽനിന്ന് വൈദ്യുതി, നേരത്തെ നടക്കാതെപോയ ചില ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളുടെ പ്രവർത്തനം ആരംഭിക്കൽ എന്നിവയൊക്കെ കേരളത്തിന്റെ മുന്നോട്ടുള്ള കുതിപ്പിന് സഹായകരമാകുന്നുണ്ട്. വ്യവസായ രംഗത്തെ ഊർജ്ജസ്വലമാക്കുന്നതിന് സഹായകരമാകുന്ന ഒട്ടനവധി നൂതന പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്. പൊതുമേഖലകളോടുള്ള കേന്ദ്രസർക്കാരിന്റെ സമീപനത്തിൽനിന്നും തികച്ചും വ്യത്യസ്തമാണ് കേരളത്തിന്റെ സമീപനമെന്നത് ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. കേന്ദ്രസർക്കാർ പൊതുമേഖലകളെ വിറ്റുതുലയ്ക്കുന്നു, മറിച്ച് കേരള സർക്കാർ അതുവാങ്ങി ജനങ്ങളുടെ സമ്പത്തായി നിലനിർത്തുന്നു. അങ്ങനെയാണല്ലോ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും, കാസർഗോഡ് BHEL-EML-ഉം പൊതുമേഖലാ സ്ഥാപനത്തിൽ ഉൾപ്പെട്ടത്. ചരിത്രത്തിൽ മാർക്ക് ആന്റണി ജൂലിയസ് സീസറിനെക്കുറിച്ച് പറഞ്ഞ ഭാഗം ഞാൻ ഓർക്കുകയാണ്. ജൂലിയസ് സീസർ ജീവിച്ചിരിക്കുമ്പോൾ റോമിലെ സമ്പത്ത് മുഴുവൻ ജനങ്ങളുടെ സമ്പത്തായിരുന്നുവെന്നായിരുന്നു അദ്ദേഹം എഴുതിവച്ചത്. പക്ഷെ അത് കട്ടെടുക്കാനും പങ്കുവച്ചെടുക്കാനുമാണ് അവശേഷിക്കുന്നവർ എന്ന മാർക്ക് ആന്റണിയുടെ പ്രസംഗത്തെ ഉദ്ധരിക്കുന്ന രീതിയിൽ

കേന്ദ്രസർക്കാരിൽനിന്നും തികച്ചും വ്യത്യസ്തമായ നയസമീപനമാണ് കേരള സർക്കാർ സ്വീകരിക്കുന്നത്. ഇവിടെ പൊതുമുതൽ സംരക്ഷിക്കപ്പെടുന്നു. എന്റെ മണ്ഡലത്തിലെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ കഥയും ചരിത്രവും എല്ലാവർക്കുമറിയാമോ എന്നെനിക്കറിയില്ല. 1964-ലാണ് ടി സ്ഥാപനത്തിന് സ്ഥലമെടുത്ത്, 565 ഏക്കർ സ്ഥലം കേന്ദ്രസർക്കാരിന് സൗജന്യമായി കൊടുത്തത്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിൽ 50000 പേർക്ക് തൊഴിൽ കൊടുക്കുന്ന, സൂക്ഷ്മോപകരണശാല കൊണ്ടുവരുമെന്നാണ് തെരഞ്ഞെടുപ്പ് കാലത്ത് കോൺഗ്രസ് പ്രഖ്യാപിച്ചത്. തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ആ സ്ഥാപനം രാജസ്ഥാനിലെ കോട്ടയിലാക്കുകയുണ്ടായി. അവസാനം അതിന്റെ ചെറിയൊരു വർക്ക് മാത്രമാണ് കേരളത്തിൽ തുടങ്ങിയത്. ഇപ്പോൾ ആ സ്ഥാപനത്തെ കേന്ദ്രസർക്കാർ വില്പനയ്ക്ക് വച്ചിരിക്കുകയാണ്. അതിന് പണം കൊടുക്കാൻ കേരള സർക്കാർ തയ്യാറാണെന്ന് അറിയിച്ചപ്പോൾ, അവിടെയുള്ള സ്കൂൾ, Fluid Control Research Institute (FCRI), പഞ്ചായത്തിന്റെ കല്യാണ മണ്ഡപം, വ്യക്തികൾക്ക് നൽകിയ സ്ഥലം എന്നിവയുടെ സ്ഥലത്തിന്റെ വിലകൂടി കണക്കാക്കി സംസ്ഥാന സർക്കാർ നൽകണമെന്നാണ് പറയുന്നത്. അതൊരു ചെറിയ തുകയല്ല, വലിയ തുക തരണമെന്ന് പറഞ്ഞതിനാൽ

അക്കാര്യം ഇപ്പോൾ ത്രിശങ്കു സ്വർഗ്ഗത്തിൽ നിൽക്കുകയാണ്. തൊഴിലാളികളുടെ ശമ്പള പരിഷ്കരണം 25 വർഷത്തിനുശേഷം നാളിതുവരെ നടപ്പാക്കിയിട്ടില്ല. ഈ സ്ഥാപനത്തെ ഇക്കൊല്ലം തന്നെ ഏറ്റെടുക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചത് അഭിനന്ദനാർഹമാണ്. പാലക്കാട്ടുള്ള ജനങ്ങൾ വലിയ സന്തോഷത്തോടെയാണ് ഈ പ്രഖ്യാപനത്തെ ഏറ്റെടുത്തിരിക്കുന്നത്. അവിടത്തെ ജനങ്ങൾ ഈ സ്ഥാപനത്തിനായി ഒരുപാട് സമരം നടത്തിയിട്ടുണ്ട്. 1970-ൽ മഹാനായ എ.കെ.ജി. പാലക്കാട് നിന്ന് മത്സരിച്ച് ജയിച്ചപ്പോൾ അദ്ദേഹം പാർലമെന്റിൽ കുത്തിയിരുപ്പ് സമരം നടത്തുകയുണ്ടായി, പാലക്കാട്ടുകാർ ഒട്ടേറെ പ്രക്ഷോഭ സമരങ്ങൾ നടത്തിയതിന്റെ ഒരുല്പന്നമാണ് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്. ഒരു കാരണവശാലും അത് സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുക്കാതിരിക്കാൻ ഈ സർക്കാർ നടപടി സ്വീകരിക്കുമെന്ന് പറയുന്നതിനെ അഭിനന്ദിക്കുന്നു.

ഇവിടെ ബി.ജെ.പി.-യും കോൺഗ്രസ്സും ചേർന്ന് കേരളത്തിന്റെ സിൽവർ ലൈൻ പദ്ധതി തടസ്സപ്പെടുത്തുന്നതിനാണ് കേന്ദ്ര മന്ത്രിമാരെ സന്ദർശിച്ചത്. ഇന്ദിരാ ഗാന്ധിയുടെ കാലത്ത് പാലക്കാട് കോട്ട മൈതാനിയിൽ ഒരു തെരഞ്ഞെടുപ്പ് പൊതുയോഗത്തിൽ അൻപതിനായിരം

പേർക്ക് തൊഴിൽ കൊടുക്കാൻ സാധിക്കുന്ന കോച്ച് ഫാക്ടറി ഇവിടെ കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചു. മോഹന സുന്ദര ആകാശത്ത് കുട കെട്ടിത്തരാം, അറബിക്കടലിൽ പാലം കെട്ടിത്തരാമെന്നൊക്കെ കോൺഗ്രസ് തെരഞ്ഞെടുപ്പ് കാലത്ത് വാഗ്ദാനങ്ങൾ നൽകുകയും തെരഞ്ഞെടുപ്പിനുശേഷം അത് പൂർണ്ണമായും ഉപേക്ഷിക്കുകയും ചെയ്യും. കോച്ച് ഫാക്ടറി കൊണ്ടുവരുമെന്ന പ്രഖ്യാപനം അങ്ങനെ ഉപേക്ഷിച്ചു. അവസാനം ഒരു ഘട്ടമെത്തിയപ്പോൾ അവരത് മറക്കുകയും പിന്നീടത് കപൂർത്തലയിൽ സ്ഥാപിക്കുകയുമാണ് ചെയ്തത്. അവസാനം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പാലക്കാട് റെയിൽവേ ഡിവിഷൻ വെട്ടിമുറിച്ച് സേലം ഡിവിഷനാക്കി മാറ്റിയപ്പോൾ നമുക്കൊരു കോച്ച് ഫാക്ടറി ലഭിച്ചു. അന്ന് ശ്രീ. ലാലു പ്രസാദ് യാദവ് റെയിൽവേ മന്ത്രിയായിരുന്നു. തീർച്ചയായും അതിന് അംഗീകാരം ലഭിച്ചെങ്കിലും അത് ഇന്നോ നാളെയോ തുടങ്ങുമെന്ന് പറഞ്ഞ് കാത്തിരുന്നു. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് 439 ഏക്കർ ഭൂമി സൗജന്യമായെടുത്ത് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചെങ്കിലും ഇപ്പോൾ കോച്ച് ഫാക്ടറി അവിടെയില്ല. അന്ന് കേരളത്തിൽനിന്നും 8 കോൺഗ്രസ് മന്ത്രിമാരും 16 എം.പി.-മാരും കേന്ദ്രത്തിലുണ്ടായിരുന്നെങ്കിലും അവരാരും ആ സ്ഥാപനം വാങ്ങിയെടുക്കാൻ

യാതൊരു ശ്രമവും നടത്തിയില്ല. ഇപ്പോൾ സിൽവർ ലൈൻ പദ്ധതി അട്ടിമറിക്കാൻ നിങ്ങൾ കാണിക്കുന്ന പരിശ്രമത്തിന്റെ ചെറിയൊരംശം കോച്ച് ഫാക്ടറി വാങ്ങിയെടുക്കാൻ ശ്രമിച്ചിരുന്നെങ്കിൽ കേരളം എങ്ങനെയാകുമായിരുന്നു; എന്തിനാണ് നിങ്ങൾ ഇത്തരത്തിലുള്ള നിഷേധാത്മക സമീപനം സ്വീകരിക്കുന്നത്? നശീകരണ ബുദ്ധി വച്ചുനടക്കുന്ന ഒരു പ്രതിപക്ഷമാണ്. വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടുപോലും കേരളത്തെ മുന്നോട്ട് നയിക്കുന്നതിൽ മികവ് കാണിക്കുന്ന പിണറായി സർക്കാരിനെയും ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെയും എല്ലാ അർത്ഥത്തിലും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ഒന്നാമതായി, ഇതിനെ അനുകൂലിക്കാൻ കഴിയാത്തതുകൊണ്ടും രണ്ടാമതായി, നന്ദിപ്രമേയ അവതരണവേളയിൽ പരിണതപ്രജ്ഞനായ ശ്രീ. ടി. പി. രാമകൃഷ്ണൻ രണ്ട് വാക്കാണ് ആദ്യം പറഞ്ഞത് എന്നതുകൊണ്ടുമാണ്. അദ്ദേഹം പറഞ്ഞ രണ്ടു വാക്കുകളിൽ ഒന്നാമത്തേത് ഗവർണറെന്നും രണ്ടാമത്തേത് നന്ദിയെന്നുമാണ്. പിന്നീട് ഗവർണറെപ്പറ്റിയോ നന്ദിയെപ്പറ്റിയോ ഒരു വാക്കുപോലും പറയാതെയാണ്

അദ്ദേഹം പ്രസംഗിച്ചത്. ആത്മാർത്ഥതയില്ലാതെയാണ് നന്ദിപ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ആത്മാർത്ഥതയില്ലാത്തതെന്ന് പറയാൻ കാരണം, ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപനം നടത്തുമ്പോൾ പ്രതിപക്ഷം ഇവിടെയില്ലായിരുന്നു, ഭരണപക്ഷം മാത്രമേയുണ്ടായിരുന്നുള്ളൂ. ഭരണപക്ഷത്തുള്ളവർ ഇവിടെ വാതോരാതെ പ്രസംഗിച്ചല്ലോ. ഗവർണർ നയപ്രഖ്യാപനത്തിന്റെ ഓരോ ഖണ്ഡിക വായിച്ചപ്പോഴും ഭരണപക്ഷത്തുള്ള ഒരാളുപോലും ഒരു തവണയെങ്കിലും ഡെസ്കിൽ അടിച്ചോ കയ്യടിച്ചോ ബഹുമാനപ്പെട്ട ഗവർണറെ പ്രോത്സാഹിപ്പിച്ചില്ല. അതിന്റെ കാരണമെന്താണ്? ഒന്നാമത്തെ കാരണം, ഇത് പൊള്ളയാണെന്ന ബോദ്ധ്യം അവർക്കുള്ളതുകൊണ്ടാണ്. രണ്ടാമത്തെ കാരണം, നിലവിൽ ഗവർണർക്ക് നന്ദി പറയുകയെന്ന വളരെയധികം ബുദ്ധിമുട്ടേറിയ സാഹചര്യമാണുണ്ടായിട്ടുള്ളത്. ഞങ്ങൾ എല്ലാം പുറത്തുനിന്ന് കേൾക്കുന്നുണ്ട്, പത്രം വായിക്കുന്നുണ്ട്, വിവരങ്ങൾ അറിയുന്നുമുണ്ട്. നേരത്തെ സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വളരെയധികം വിഷമത്തോടുകൂടിയാണ് കാര്യങ്ങൾ പറഞ്ഞത്. നിങ്ങളും ബി.ജെ.പി.-യും തമ്മിൽ പരസ്പരം എണ്ണം തികയ്ക്കാൻവേണ്ടി കൊലനടത്തുമ്പോൾ കൊലനടത്തുന്ന പാർട്ടികളുടെ സെന്റിമെന്റ്കളും

കമന്റുകളും ഏറ്റെടുക്കലല്ല പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വം. നിങ്ങൾക്കെതിരെ അതിശക്തമായ നിലപാടും നടപടികളുമായി മുന്നോട്ട് പോകുകതന്നെ ചെയ്യുമെന്ന് പ്രത്യേകം പറയാൻ ആഗ്രഹിക്കുകയാണ്. നയപ്രഖ്യാപന പ്രസംഗത്തിന്റെ 80-ാം പേജിൽ വിജിലൻസ് വകുപ്പിനെക്കുറിച്ച് സൂചിപ്പിക്കുന്നതിൽ പറയുന്നത് സർക്കാർ നയമായ "അഴിമതിയോട് സീറോ ടോളറൻസ്" എന്നാണ്. ഈ സർക്കാരിന് അഴിമതിയോട് സീറോ ടോളറൻസല്ല പോസിറ്റീവ് ടോളറൻസാണുള്ളത്. അതിന് ഏറ്റവും വലിയ ഉദാഹരണം ഇന്ന് രാവിലെ അടിയന്തരപ്രമേയ നോട്ടീസിൽ വന്ന ലോകായുക്ത ഭേദഗതി ഓർഡിനൻസുമായി ബന്ധപ്പെട്ട വിഷയമാണ്. ബഹുമാനപ്പെട്ട ഭരണപക്ഷാംഗങ്ങളിൽ ഇനി ചർച്ചയിൽ പങ്കെടുക്കുന്നവർ ഇതിനെക്കുറിച്ച് പറയണം. ലോകായുക്ത നിയമം ഭരണഘടനാനുസൃതമാക്കാൻവേണ്ടിയാണ് ഓർഡിനൻസ് കൊണ്ടുവന്നതെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെ നിങ്ങൾ പ്രധാനമായും വാദിക്കുന്നത്. അങ്ങനെയെങ്കിൽ ഞങ്ങൾ ചോദിക്കുന്നു, ലോകായുക്ത ഭരണഘടനാനുസൃതമാക്കാൻ ഓർഡിനൻസ് കൊണ്ടുവരുന്നതിൽ നിയമപരമായ സമീപനം സ്വീകരിക്കുമെന്ന് ഈ നയപ്രഖ്യാപനത്തിൽ ഒരു വാക്ക് പറയാൻ നിങ്ങൾക്ക് സാധിച്ചോ?

അതുപറയാൻ നിങ്ങൾക്ക് സാധിച്ചിട്ടില്ല. അതിന്റെ കാരണമെന്താണ്? നയം ഒളിച്ചുകടത്തേണ്ട ഗതികേടിലാണ് കേരളത്തിലെ ഭരണപക്ഷം എത്തിനിൽക്കുന്നത് എന്നതുകൊണ്ടുതന്നെയാണ്. അതിന് ലോകായുക്ത മാത്രമല്ല നിരവധി ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലോകായുക്തയെക്കുറിച്ച് വാതോരാതെ ചിന്ത വാരികയിൽ ലേഖനമെഴുതിയിരുന്നു. ഇന്നിപ്പോൾ അതിന്റെ പല്ലും നഖവും തകർക്കാനുള്ള ആസൂത്രിത ശ്രമങ്ങളാണ് നടത്തികൊണ്ടിരിക്കുന്നത്. ഇതിൽ മറ്റൊരു പ്രധാന കാര്യമാണ് ഉന്നത വിദ്യാഭ്യാസ മേഖല. ഞാൻ ഇവ രണ്ടിനെയും ബന്ധപ്പെടുത്തി സംസാരിക്കാം. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം പരിവർത്തനപ്പെടുത്തുന്നതിനും അതുവഴി അദ്ധ്യാപന ഗവേഷണത്തിനുള്ള നിക്ഷേപത്തിലും സമീപനത്തിലും മാതൃകാപരമായ മാറ്റം നടത്തുകയാണ് ഇടതുപക്ഷ സർക്കാർ. എന്റെ വിനയപുരസ്സരമായ ചോദ്യത്തിന് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് മറുപടി പറയണം. കണ്ണൂർ സർവ്വകലാശാലയിലെ ബോർഡ് ഓഫ് സ്റ്റഡീസിനെ തീരുമാനിക്കുകയുണ്ടായി. അത് ആരാകണമെന്ന് കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടെ ആക്ടിലും സ്റ്റാറ്റ്യൂട്ടിലും കൃത്യമായി വിവക്ഷിച്ചിട്ടുണ്ട്. അവിടെ 68 ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളെ നിശ്ചയിച്ചു. അതിൽ

നിർദ്ദേശിച്ച യോഗ്യതപോലുമില്ലാത്ത പത്ത് ശതമാനം ആളുകളെ കമ്മ്യൂണിസ്റ്റ് പാർട്ടി നിയന്ത്രിക്കുന്ന കോ-ഓപ്പറേറ്റീവ് കോളേജുകളിലെയും മൂന്നാട് കോളേജിലെയും മൊറാഴ കോളേജിലെയും അദ്ധ്യാപകരെ ബോർഡ് ഓഫ് സ്റ്റഡീസിൽ കുത്തിത്തിരുകി. ഇത് ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം സംരക്ഷിക്കാൻ വേണ്ടിയാണോ? ബഹുമാനപ്പെട്ട കേരള ചീഫ് ജസ്റ്റിസ് ജനുവരി 4-ാം തീയതി പുറപ്പെടുവിച്ച പ്രധാനപ്പെട്ട ഉത്തരവുണ്ട്. അതിലെ ഒറ്റ വാചകം വായിക്കാൻ ആഗ്രഹിക്കുന്നു. "....Exhibit P1 notification issued by the Registrar (in-charge) dated 11.08.2021, appointing a new Board of Studies in various Universities, is not in consonance with the statutory provisions stated supra." ഇതൊരു ചീഫ് ജസ്റ്റിസിന് പറയേണ്ടി വന്ന സാഹചര്യമാണ്. കണ്ണൂർ സർവ്വകലാശാലയുടെ വി.സി. നിയമനം സജീവമായി ചർച്ച ചെയ്യപ്പെട്ടതാണല്ലോ. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി രണ്ട് തവണ ബഹുമാനപ്പെട്ട ഗവർണർക്ക് കത്തെഴുതിയല്ലോ; എന്തടിസ്ഥാനത്തിലാണ് ആ കത്തെഴുതിയത്? ഒരു വി.സി.-യെ എത്ര തവണ തെരഞ്ഞെടുക്കുമ്പോഴും അതിന് സെർച്ച് കമ്മിറ്റിയുണ്ടാകണമെന്ന് സ്റ്റാറ്റ്യൂട്ടിൽ പറയുന്നുണ്ട്. അതിന് കൃത്യമായ മാനദണ്ഡവുമുണ്ട്. സെർച്ച് കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തശേഷം ഗവർണർക്ക്

കത്തെഴുതി, അത് ക്യാൻസൽ ചെയ്യാനുള്ള നടപടി സ്വീകരിച്ചു. പിന്നീട് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്, it is my privilege to propose and re-appoint എന്നാണ്. ഇതൊക്കെ ഏത് സ്റ്റാറ്റ്യൂട്ടിന്റെയും നയത്തിന്റെയും നിയമത്തിന്റെയും അടിസ്ഥാനത്തിലാണ്? അങ്ങനെ സ്വജനപക്ഷപാതപരമായ നിരവധി കാര്യങ്ങൾ ഇവിടെ നടക്കുകയാണ്. കേരളത്തിലെ കോവിഡ് മരണം നിയന്ത്രിക്കാനും മഹാമാരിയുടെ മൂന്നാം തരംഗത്തെ അഭിമുഖീകരിച്ചപ്പോൾ രോഗികളുടെ മരണ നിരക്ക് നിയന്ത്രിക്കാനും സാധിച്ചുവെന്ന് നയപ്രഖ്യാപന പ്രസംഗത്തിന്റെ തുടക്കത്തിൽ പ്രത്യേകം എടുത്തുപറയുകയുണ്ടായി. 2021-ൽ ഗവർണർ നയപ്രഖ്യാപന പ്രസംഗം നടത്തുമ്പോൾ കോവിഡ് മരണങ്ങളുടെ എണ്ണം 6612 ആയിരുന്നു. ഇത്തവണ രണ്ടാമത്തെ നയപ്രഖ്യാപന പ്രസംഗം നടത്തുമ്പോൾ കോവിഡ് മരണങ്ങളുടെ എണ്ണം 63300 ആണ്. കേരളക്കരയിലെ കോവിഡ് മരണം ഒളിപ്പിച്ചുവച്ചില്ലേ? ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെ ഓഫീസിൽ മരണനിരക്ക് ഒളിപ്പിച്ചുവയ്ക്കാനുള്ള സംവിധാനമടക്കം കൊണ്ടുവന്ന സർക്കാരായിരുന്നു ഇടതുപക്ഷ ജനാധിപത്യമുന്നണിയുടേത്. അന്ന് മുൻമന്ത്രി അവാർഡ് വാങ്ങുന്ന തിരക്കിലിരുന്നാണ് അതിന് നേതൃത്വം കൊടുത്തത്. ഇന്ന്

മഹാരാഷ്ട്ര കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കോവിഡ് മരണം നടക്കുന്ന സംസ്ഥാനം കേരളമാണ്. കോവിഡ് രോഗികൾക്ക് ആശ്വാസമെത്തിക്കാൻ സാധിച്ചിട്ടുണ്ടെന്ന് നയപ്രഖ്യാപനത്തിൽ ബഹുമാനപ്പെട്ട ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉൾപ്പെടെ വിമർശിച്ച കാര്യങ്ങൾ നമ്മുടെ മുമ്പിലുണ്ട്. കേരളത്തിൽ നടക്കുന്നത് സ്വജനപക്ഷപാതത്തിന്റെയും അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും കൃത്യവിലോപത്തിന്റെയും ദയനീയ സാഹചര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാവിലെ കുറെ അവാർഡിന്റെ കണക്കുകൾ പറയുകയുണ്ടായി. യു.ഡി.എഫ്. ഭരണകാലത്ത് ലഭിച്ച അവാർഡുകളുടെ കണക്കിനെക്കുറിച്ച് ഞാൻ പറയുന്നില്ല. എന്നാൽ നിങ്ങൾ ഒരു കാര്യം ആലോചിക്കണം. യു.ഡി.എഫ്. ഭരണകാലത്തെ സൗജന്യ റേഷൻ, കാരുണ്യ ബെനവലന്റ് ഫണ്ട്, അവശ്യവസ്തുക്കളുടെ സൗജന്യ വിതരണം, നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാനുള്ള ശക്തമായ ഇടപെടൽ, തൊഴിലുറപ്പ് പദ്ധതിയിലെ ആസൂത്രണവും പദ്ധതി വ്യാപിപ്പിക്കലും, സ്കൂൾ വിദ്യാർത്ഥികൾക്കുള്ള മിഡ് ഡേ മീൽസ്, ടി പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തിയ പോഷകാഹാര പദ്ധതി എന്നിങ്ങനെ എല്ലാ അർത്ഥത്തിലും യു.ഡി.എഫ്. ഭരണം ലോകത്തിന്റെ

പ്രശംസ പിടിച്ചുപറ്റിയിരുന്നു. അന്ന് നിരവധി അവാർഡുകൾ ഞങ്ങൾക്കും ലഭിച്ചിട്ടുണ്ട്. അവയെല്ലാം ഇപ്പോൾ തങ്ങളുടെതാക്കി മാറ്റാനുള്ള ശ്രമം നടക്കുന്ന പ്രത്യേക സാഹചര്യമാണുള്ളത്. കെ-റെയിലുമായി ബന്ധപ്പെട്ട് വാതോരാതെ സംസാരിച്ചല്ലോ. കേരളം വേണോ കെ-റെയിൽ വേണോയെന്നുള്ളതാണ് ചോദ്യം. കേരളം വേണം കെ-റെയിൽ വേണ്ടയെന്നാണ് കേരളത്തിലെ ജനങ്ങൾ പ്രധാനമായും പറയുന്നത്. ഇക്കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ നന്ദിപ്രമേയത്തെ ശക്തമായി എതിർക്കുന്നു.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, നാട് കൈവരിച്ച നേട്ടങ്ങളും ഭാവിയിൽ നാടിനെ പുരോഗതിയിലേയ്ക്ക് നയിക്കേണ്ട നയങ്ങളും ജനപക്ഷ വികസനപക്ഷ നയങ്ങളും അക്കമിട്ട് നിരത്തി ബഹുമാനപ്പെട്ട ഗവർണർ നിയമസഭയിൽ അവതരിപ്പിച്ച നയപ്രഖ്യാപനത്തെയും നന്ദിപ്രമേയത്തെയും സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. 1999-ലെ കേരള ലോകായുക്ത നിയമത്തിന്റെ പതിനാലാം വകുപ്പിൽ വരുത്തിയ ഭേദഗതിക്കെതിരെ വലിയ പ്രചാരണമാണ് നടക്കുന്നത്. അടിയന്തരപ്രമേയ ചർച്ചയിൽ ഇടപെട്ടുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് മുഖ്യമന്ത്രിക്കെതിരെയും മന്ത്രിസഭാംഗങ്ങൾക്കെതിരെയും നിലനിൽക്കുന്ന

പരാതികളെ ഭയന്നാണ് ഈ ഭേദഗതി നിർദ്ദേശിക്കപ്പെട്ടതെന്നാണ്. ഈ പരാതികൾ അഴിമതി നടത്തിയതിനാണോ; അല്ലെങ്കിൽ പൊതുമുതൽ മോഷ്ടിച്ചതിനാണോ? കഴിഞ്ഞ സഭയിൽ നമുക്കൊപ്പം ഇരിക്കുകയും അകാലചരമം പ്രാപിക്കുകയും ചെയ്ത ഒരു നിയമസഭാംഗത്തിന്റെ കുടുംബത്തിന്റെ പരിതാപകരമായ സാമ്പത്തിക സ്ഥിതി പരിഗണിച്ചുകൊണ്ടാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും മന്ത്രിസഭയുടെ തീരുമാനപ്രകാരം സഹായം നൽകിയത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പാർട്ടി കേരളം ഭരിച്ചിരുന്ന കാലഘട്ടത്തിൽ പരേതനായ ഒരു മന്ത്രിയുടെ മകന് കേരളത്തിന് പുറത്തുള്ള സ്വകാര്യ മെഡിക്കൽ കോളേജിൽ പഠിക്കാനുള്ള ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകിയില്ലേ? അന്നൊന്നും ഇല്ലാതിരുന്ന പരാതിയാണ് ഇപ്പോൾ പറയുന്നത്. അതിലൊന്നും കുറ്റം കാണാത്ത നിങ്ങൾ, അഴിമതി നടത്താതെ സത്യസന്ധമായി പൊതുപ്രവർത്തനം നടത്തിയവർ മരണപ്പെടുമ്പോൾ അവരുടെ കുടുംബം വഴിയാധാരമാകരുതെന്ന ലക്ഷ്യത്തിൽ നൽകിയ ചില സഹായങ്ങളെ വലിയ കൊള്ളയായി ചിത്രീകരിക്കുകയാണ്. കണ്ണടച്ച് ഇരുട്ടാക്കുന്നതിന് തുല്യമായാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ വിഷയം ഉയർത്തിയിട്ടുള്ളത്. ലോകായുക്ത

പോലെയുള്ള സ്ഥാപനങ്ങൾ നിലവിലുള്ളപ്പോൾ ഭരണാധികാരികൾക്കും പൊതുപ്രവർത്തകർക്കുമെതിരെ പലതരം പരാതികൾ ഉയർന്നുവരുന്ന സാഹചര്യമുണ്ടാകാറുണ്ട്. അവയെല്ലാം കണ്ട് ഭയക്കുന്നവരല്ല ഇന്ന് കേരളം ഭരിക്കുന്നത്. മുൻ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരെ പരാതിയുണ്ടെന്നും ആ കേസിൽ എന്തെങ്കിലും സംഭവിക്കുമെന്നും ഭയന്നാണ് ഭേദഗതി കൊണ്ടുവന്നതെന്ന പ്രചാരമാണ് നടത്തിയിരുന്നത്. ഒടുവിൽ അത് മല എലിയെ പ്രസവിച്ചതുപോലെയായി. നിങ്ങളുടെ ആശകളും പ്രതീക്ഷകളും നിറവേറ്റണമെന്നത് ജനകീയ കോടതിയിലൂൾപ്പെടെ ദിവാസ്വപ്നമായി മാറിയിരിക്കുകയാണ്. ലോകായുക്ത നിയമത്തിലെ ഭേദഗതി വിശദമായ പരിശോധനയ്ക്കുശേഷം പൂർണ്ണബോദ്ധ്യത്തോടെയാണ് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. അക്കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ദീർഘമായി വിശദീകരിച്ചതിനാൽ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇനിയെങ്കിലും ഇത്തരം വ്യാജ ആരോപണങ്ങൾ പ്രചരിപ്പിക്കുന്നത് അവസാനിപ്പിക്കുന്നതാണ് ഭൂഷണമെന്നാണ് പ്രതിപക്ഷത്തോട് പറയാനുള്ളത്. രണ്ടാം പിണറായി സർക്കാരിന് കേരളത്തിൽ അനിവാര്യമായ തുടർച്ചയാണുണ്ടായിട്ടുള്ളത്. അഞ്ച് വർഷം കഴിഞ്ഞ് മാറിമാറി വരുന്ന ഗവൺമെന്റിന് പകരമായി ഇച്ഛാശക്തിയും

ദീർഘവീക്ഷണവുമുള്ള ഗവൺമെന്റിനെ അധികാരത്തിലേറ്റുകയാണ് കേരളത്തിലെ ജനങ്ങൾ ചെയ്തത്. അതിൽ അസൂയ മൂത്തവർ ഉയർത്തുന്ന ധാരാളം പ്രശ്നങ്ങൾ കാണുന്നുണ്ട്. പ്രളയവും മഹാമാരിയും താണ്ഡവമാടിയപ്പോഴും കേരളത്തിനെ പിന്നിൽനിന്നും പലവട്ടം കുത്തിയപ്പോഴും ഏറ്റവും നല്ലരീതിയിൽ ഭരണം മുന്നോട്ടുകൊണ്ടുപോകുന്ന എൽ.ഡി.എഫ്.-നെ വീണ്ടും അധികാരത്തിലേറ്റാൻ ജനങ്ങൾ വോട്ട് ചെയ്തതുകൊണ്ടാണ് ഞങ്ങൾ വീണ്ടും അധികാരത്തിലെത്തിയത്. അതിൽ അസൂയപ്പെട്ടിട്ട് കാര്യമില്ല. തെറ്റായിട്ടാണെങ്കിൽപ്പോലും യു.പി.-യിലെ മുഖ്യമന്ത്രി ശ്രീ. യോഗി ആദിത്യനാഥിന് കേരളത്തെക്കുറിച്ച് പരാമർശിക്കേണ്ടി വന്നല്ലോ. എന്താണ് പരാമർശിച്ചിട്ടുള്ളതെന്നതല്ല പ്രശ്നം. കേരളത്തിന്റെ വളർച്ച കണ്ട് അസൂയാലുക്കൾ പല ഭാഗങ്ങളിലുമുണ്ട്. പക്ഷേ ഇന്ന് രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾ കേരളത്തെക്കുറിച്ച് പരാമർശിക്കാതെ പോകില്ല. കേരളത്തെ കണ്ടുപഠിക്കാനാണ് എല്ലാവരും പറയുന്നത്. ഹിന്ദുത്വ ഫാസിസത്തിനെതിരായ പോരാട്ടങ്ങൾക്ക് കേരളത്തിലെ പ്രതിരോധത്തിന് തുല്യം ചാർത്തുവാൻ ഏത് സംസ്ഥാനമാണുള്ളത്; കേരളം പ്രതിരോധിച്ചതുപോലെ മറ്റേതെങ്കിലും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ? ജീവിതത്തിലെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന എല്ലാ സൂചികകളിലും

കണ്ണോടിച്ചാൽ കേരളത്തിന് ഒന്നാം റാങ്കാണ്. ഈ രീതിയിൽ ഭരണം നടത്തി മുന്നോട്ടുപോകുമ്പോൾ വികസന പ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കുകയാണ് പ്രതിപക്ഷം. വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ എന്തെല്ലാം കോലാഹലങ്ങളാണുണ്ടാകുന്നത്. ഈ നാട് കോവിഡിനെ തുരത്തുവാൻ ഒരുമിച്ച് കൈകോർത്തപ്പോൾ അതിനെതിരെ വലിയ കുത്തിത്തിരിപ്പാണ് ഇവർ നടത്തിയത്. ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞ കോവിഡ് സഹായങ്ങളുടെ കാര്യം അതേ രീതിയിൽ സൂക്ഷ്മമായി പരിശോധിച്ചുകൊണ്ട് എല്ലാ മേഖലയിലുമുള്ളവരെയും സഹായിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോയിട്ടുള്ളത്. ബി.പി.എൽ. കാർഡിൽ ഉൾപ്പെട്ട കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 50,000/- രൂപ നൽകാൻ തീരുമാനിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കോവിഡ് രോഗികളുടെയും രോഗമുക്തരുടെയും മരണപ്പെട്ടവരുടെയും വാക്സിനെടുത്തവരുടെയും ശരിയായ കണക്കുകൾ പരിശോധിച്ചുകൊണ്ടാണ് കേരളം മുന്നിൽനിന്ന് പ്രതിരോധിച്ചിട്ടുള്ളത്. രാഷ്ട്രീയവിരോധം മൂത്ത് കേരളത്തിലെ വികസനത്തെ അട്ടിമറിക്കരുതെന്നാണ് പ്രതിപക്ഷത്തോട് പറയാനുള്ളത്. 'നാടോടിക്കാറ്റ്' എന്ന സിനിമയിൽ തിലകന്റെയും ശ്രീനിവാസന്റെയും ശബ്ദം ഒരേപോലെയാണെന്ന് പറയുന്ന രംഗമുണ്ട്.

അതുപോലെയാണ് കെ-റെയിലിന്റെ കാര്യത്തിൽ ബി.ജെ.പി.-യുടെയും യു.ഡി.എഫ്.-ന്റെയും ശബ്ദം. ഇത് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? കേരളത്തിൽ, സ്വന്തം ജന്മനാട്ടിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് തുരങ്കംവയ്ക്കാൻ കേരളത്തിന്റെ പ്രതിപക്ഷനേതാവ് എം.പി.-മാരെയും കൂട്ടി കേന്ദ്രമന്ത്രിമാരെ കാണാൻ പോകുകയാണ്. വികസനത്തിന് തുരങ്കം വയ്ക്കുന്ന ഇവർ കേരളത്തിന് അപമാനമാണ്. കെ-റെയിൽ പദ്ധതിക്ക് തുരങ്കം വയ്ക്കാനാണ് പ്രതിപക്ഷം കേന്ദ്രത്തിലേയ്ക്ക് പോയത്. കേട്ടുകേൾവിപോലുമില്ലാത്ത സ്ഥിതിയാണിത്. യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ കെ-റെയിലിന്റെ കാര്യം പറഞ്ഞിരുന്നുവെന്നതാണ് ഇതിലുള്ള തമാശ. അന്ന് പറഞ്ഞിരുന്നത് ഹൈ സ്പീഡ് റെയിൽ കോറിഡോർ എന്നായിരുന്നു. അതിനെ ഉയർത്തിപ്പിടിച്ചുകൊണ്ട് പല പത്രസമ്മേളനങ്ങളും ഇവർ നടത്തിയിരുന്നു. ഇന്ന് എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ ഇവർ കെ-റെയിലിന്റെ കുറ്റി പറിക്കുന്നവരാകുകയാണ്. നമ്മുടെ നാട്ടിൽ ഒരു കുടുംബത്തിലെ ഒരാൾ എന്തെങ്കിലും പ്രശ്നമുണ്ടാക്കിയാൽ, അവിടെയുള്ള ഒരു മകൻ "ആ കുടുംബത്തിന്റെ കുറ്റി പറിച്ചുകൊണ്ടുപോയതുകൊണ്ടാണ് ആ കുടുംബം നശിച്ചുപോയത് എന്ന് പറയാറുണ്ട്. അതുപോലെ കെ-റെയിലിന്റെ കുറ്റി

പറിക്കുമ്പോൾ വികസനത്തിന് തുരങ്കം വയ്ക്കുന്ന ആളുകൾ മനസ്സിലാക്കേണ്ടത് കേരളമെന്ന കുടുംബത്തിന്റെ കുറ്റിയാണ് പറിക്കുന്നത്. ആർ.എസ്.എസ്.-ജമാഅത്തെ ഇസ്ലാമി - കോൺഗ്രസ് കൂട്ടുകെട്ട്, ഈ മുക്കൂട്ട് മുന്നണി കുറേ കാലമായി കേരളത്തിലെ വികസനത്തെ അട്ടിമറിക്കാനുള്ള ശ്രമം നടത്തുകയാണ്. നന്ദിഗ്രാം എന്നുപറഞ്ഞുകൊണ്ട് വയൽക്കിളികളെ ക്ഷണിച്ചുവരുത്തി വലിയ സമരങ്ങൾ നടത്തിയതും നമുക്കോർമ്മയുണ്ട്. ഇന്ന് കീഴാറ്റൂർ ഭാഗത്തുപോയി നോക്കിയാൽ ആറുവരി ദേശീയപാതയുടെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണെന്ന് കാണാൻ സാധിക്കും. കേരളത്തിന്റെ അങ്ങേയറ്റത്തുനിന്ന് ഇങ്ങേയറ്റം വരെ ആറുവരി പാത വന്നുകഴിഞ്ഞാൽ കേരളത്തിന്റെ മുഖഛായ തന്നെ മാറും. ആ വയൽക്കിളികൾ പറന്നുപോയി, ഇന്ന് അവിടെ വികസനത്തിന്റെ പാത വെട്ടിത്തെളിച്ച് പ്രവൃത്തികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. മണ്ണിനടിയിലെ ബോംബാണ് ഗെയിൽ വാതകമെന്ന് ഇവർ ആക്ഷേപമുയർത്തുകയും ഈ മുക്കൂട്ട് മുന്നണിക്കാർ (ജമാഅത്തെ ഇസ്ലാമി-ആർ.എസ്.എസ്.- കോൺഗ്രസ്) ഒന്നിച്ച നിന്നുകൊണ്ട് ഗെയിൽ പൈപ്പ്‌ലൈനിനെ എതിർക്കുകയും ചെയ്തിരുന്നു. ഗെയിൽ പൈപ്പ്‌ലൈൻ വരുന്നതിനായി പള്ളി പൊളിക്കുന്നുവെന്ന് പറഞ്ഞ് അന്ന് വലിയ

പ്രക്ഷോഭവും സമരങ്ങളുമുണ്ടാക്കുകയും റോഡിൽനിന്ന് നിസ്കാരം നടത്തി വാങ്ക് വിളിക്കുകയും ചെയതത് കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ല. ഇപ്പോൾ അവരെല്ലാം സലാം പറഞ്ഞ് തിരിച്ചുപോയിരിക്കുന്നു. എന്നാൽ കോഴിക്കോട്ടെ ഈസ്റ്റ് ഹിൽ-വെസ്റ്റ് ഹിൽ ഭാഗങ്ങളിലെല്ലാം ഇന്ന് ഗെയിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന്റെ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. കുറച്ച് മാസങ്ങൾക്കുള്ളിൽ വാട്ടർ അതോറിറ്റിയിലെ പൈപ്പിൽനിന്നും വെള്ളം വരുന്നതുപോലെ ഓരോ അടുക്കളയിലേയ്ക്കും ഗെയിൽ പാചകവാതക ലൈനിൽനിന്നും പാചകവാതകം കുറഞ്ഞ നിരക്കിൽ ലഭിക്കുന്നത് ഈ വികസന വിരോധികൾ കാണണമെന്നാണ് പറയാനുള്ളത്. അധികാരം നഷ്ടപ്പെട്ട നിങ്ങൾക്ക് അസൂയ, വെപ്രാളം എന്നിങ്ങനെ ഒരുപാട് പ്രശ്നങ്ങളുണ്ടാകാം. കള്ളവും കാപട്യവും എന്ന് നിങ്ങൾ നിർത്തുന്നുവോ, അന്നേ നിങ്ങൾ നന്നാവുകയുള്ളൂ; അല്ലെങ്കിൽ ഇതുപോലെ മൂലയ്ക്കിരിക്കേണ്ട ഗതികേട് ജനങ്ങൾ നൽകിക്കൊണ്ടിരിക്കും. വഖഫ് ബോർഡ് നിയമനത്തിന്റെ പേരിൽ നിരവധി പ്രശ്നങ്ങളും കോലാഹലങ്ങളുമുണ്ടാക്കുകയും കോഴിക്കോട് കടപ്പുറത്ത് വലിയ രീതിയിലുള്ള പ്രകടനവും പൊതുയോഗവും നടത്തുകയും ചെയ്തിരുന്നു. ഇതുവരെ മുസ്ലീംലീഗ് ഒരു രാഷ്ട്രീയ പാർട്ടിയാണെന്ന്

വിശ്വസിച്ച ആളുകൾ, അവിടെ ഓരോ നേതാക്കന്മാരും നടത്തിയ പ്രസംഗത്തിൽനിന്ന് ഏറ്റവും വലിയ വർഗ്ഗീയ പാർട്ടിയാണ് മുസ്ലീംലീഗെന്ന് മുദ്രകുത്തുകയുണ്ടായി. ഇവർ വഖഫ് ബോർഡിന്റെ കാര്യത്തിൽ ജുമാ നമസ്കാരത്തിനിടയിൽ വർഗ്ഗീയവിഷം കുത്തിവയ്ക്കാമെന്ന് കരുതിയിരുന്നു. നല്ല സമുദായ നിലപാടെടുക്കുന്ന സംഘടനകൾ ഇവിടെയുള്ളതുകൊണ്ട് വിവേകത്തോടെയുള്ള ഇടപെടലാണ് നടത്തിയത്. നല്ല ഉശിരും വിവേകവുമുള്ള പുതിയ തലമുറ ഈ നാട്ടിൽ വളർന്നുവരുന്നുണ്ടെന്ന് മുസ്ലീംലീഗ് മനസ്സിലാക്കുന്നത് നല്ലതാണ്. ഇവർ നടത്തിയ വലിയ കോലാഹലങ്ങളെല്ലാംതന്നെ ഊതി വീർപ്പിച്ച ബലൂൺ കാറ്റൊഴിഞ്ഞതുപോലെ ആയിപ്പോയില്ലേ. സർവ്വതും കോർപ്പറേറ്റുകൾക്ക് വിറ്റുതുലയ്ക്കുന്ന നിലപാടിലേയ്ക്കും കടുത്ത വർഗ്ഗീയതയിലേയ്ക്കും കേന്ദ്രസർക്കാർ പൊയ്ക്കൊണ്ടിരിക്കുമ്പോൾ ദേശീയ പാർട്ടിയെന്ന നിലയിൽ ഇതിനെ പ്രതിരോധിക്കേണ്ടത് കോൺഗ്രസ്സല്ലേ. ഇന്ന് കോൺഗ്രസ്സിന്റെ നിലയെന്താണ്; അസ്ഥികൂടം പോലെയായില്ലേ? സത്യത്തിൽ കോൺഗ്രസ്സും ബി.ജെ.പി.-യും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? സാമ്പത്തിക നയങ്ങളുടെ കാര്യത്തിലും പൊതുമേഖല വിറ്റുതുലയ്ക്കുന്നതിലും അഴിമതിയിലും മൃദുഹിന്ദുത്വ നയം നടപ്പിലാക്കുന്നതിലും ഒരു വ്യത്യാസവുമില്ല. ഇങ്ങനെ

വലിയ വ്യത്യാസങ്ങൾ രണ്ട് പാർട്ടിയിലുമില്ലാത്തതുകൊണ്ട് ഇപ്പോൾ ഒരു പാർട്ടിയിൽനിന്നും മറ്റൊരു പാർട്ടിയിലേയ്ക്ക് പോയാൽ നമുക്കൊന്നും തോന്നില്ല. ഏത് നേതാവായാലും ബി.ജെ.പി.-യിലേയ്ക്ക് പോയെന്ന് പറയുമ്പോൾ നമുക്ക് ഒന്നും തോന്നാത്ത സ്ഥിതിവിശേഷമാണുള്ളത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നാല് സംസ്ഥാനങ്ങളിലെ ജനങ്ങൾ ബി.ജെ.പി.-യെ അകറ്റി നിർത്താൻ ശ്രമിച്ചു. മതനിരപേക്ഷത പറഞ്ഞുകൊണ്ടാണ് അവർ കോൺഗ്രസിന് വോട്ട് ചെയ്ത് ഭൂരിപക്ഷം നൽകിയത്. പക്ഷേ എന്താണുണ്ടായത്? കോൺഗ്രസിന് ഭരണം ലഭിച്ചില്ല. നോട്ടുകെട്ട് കാണിച്ചപ്പോൾ അവരുടെ കൂടെ പോയതാണ്. ആ രീതിയിലുള്ള കോൺഗ്രസിന് ആരാണ് വോട്ട് ചെയ്യുക. വയനാട്ടിലുള്ള ലോക്സഭാംഗത്തെ ഇപ്പോൾ കാണാറില്ല. ചില പ്രശ്നങ്ങൾ വരുമ്പോൾ ലോക്സഭയിൽ ഉണ്ടായിരുന്നു. ഇപ്പോൾ വയനാട്ടിലും പാർലമെന്റിലും കാണുന്നില്ല, പിന്നെ എവിടെയാണ് പോയത്? ഇതാണ് ഇവരെ വിജയിപ്പിച്ചാലുള്ള സ്ഥിതിയെന്ന് നമുക്കറിയാം. ഇതെല്ലാം നന്നാക്കുവാൻ വേണ്ടി ഒരു നേതാവിനെ കൊണ്ടുവന്നിട്ടുണ്ട്. അദ്ദേഹത്തിന് ഇവിടത്തെ ഓരോ കമ്മ്യൂണിസ്റ്റുകാരന്റെയും രക്തം കണ്ടാൽ വലിയ അനുഭൂതിയാണ്. ഒരു കുടുംബത്തിന്റെ നാഥനായ ധീരജ് എന്ന കുട്ടിയെയാണ് കഴിഞ്ഞ ദിവസം

കൊലപ്പെടുത്തിയത്. ഒരിക്കൽപ്പോലും ആ കുടുംബത്തിനെ ആശ്വസിപ്പിക്കാതെ ആ കുട്ടിയെ എപ്പോഴും അപമാനിച്ചും ആക്ഷേപിച്ചും മുന്നോട്ടുപോകുകയാണ്. അതിനിടയാക്കിയവരെ എങ്ങനെയും രക്ഷിക്കുമെന്നുപറയുന്ന നേതാക്കളാണ് കോൺഗ്രസിനുള്ളത്. ഒരിക്കൽക്കൂടി നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. വി. അൻവർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുകയാണ്. വികസനക്ഷേമ രംഗങ്ങളിൽ കേരളത്തെ രാജ്യത്തിലൊന്നാമതാക്കിത്തീർക്കുമെന്ന പ്രകടന പത്രികയുടെ അടിസ്ഥാനത്തിൽ അധികാരത്തിലെത്തിയ ഈ സർക്കാരിന് ആ ദിശയിൽ അസൂയാവഹമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിക്കുന്ന പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ ഇത്തവണയും സംസ്ഥാനത്തിന് ഒന്നാം സ്ഥാനമാണുള്ളത്. രണ്ടാം സ്ഥാനത്തുള്ള സംസ്ഥാനത്തേക്കാൾ ഏകദേശം ഇരട്ടി സ്കോർ നേടിയാണ് സംസ്ഥാനം ഒന്നാമതെത്തിയതെന്നതും പ്രത്യേകം പ്രസ്താവ്യമാണ്. അതായത്, മറ്റുസംസ്ഥാനങ്ങളേക്കാൾ ബഹുദൂരം മുന്നിലാണ് കേരളം. ഏറ്റവും പിന്നിലുള്ള ഉത്തർപ്രദേശിന് ലഭിച്ചത് -1.418 സ്കോറാണ്. കേരളത്തിന്

ലഭിച്ചത് +1.618 സ്കോറാണ്. എല്ലാ രംഗത്തും സംസ്ഥാനം ഈ നേട്ടങ്ങൾ കൈവരിച്ചത് കഴിഞ്ഞ കാലങ്ങളിലുണ്ടായ മഹാമാരിയും പ്രളയവും മറ്റ് ദുരിതങ്ങളുമെല്ലാം അതിജീവിച്ചുകൊണ്ടാണെന്ന് നാം ഓർക്കേണ്ടതാണ്. ഇരുപത് ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുമെന്ന വാഗ്ദാനം നടപ്പിലാക്കുന്നതിനായി 10600 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ പതിനായിരം പേർക്ക് തൊഴിൽ നൽകാൻ ഉദ്ദേശിച്ചതിൽ 2460 പേർക്ക് ജോലി ലഭിച്ചുകഴിഞ്ഞു. നോളഡ്ജ് മിഷൻ മുഖേന 35 ലക്ഷം പേർക്ക് നൈപുണ്യ പരിശീലനം നൽകി തൊഴിൽ സാദ്ധ്യത മികവുറ്റതാക്കാനുള്ള പരിപാടി ആരംഭിച്ചുകഴിഞ്ഞു. ഇതിനായി 5000 കോടി രൂപയാണ് സർക്കാർ നേരിട്ടുനൽകുന്നത്. കിഫ്ബി നൽകുന്നത് 2000 കോടി രൂപയാണ്. കോവിഡ്-19 സൃഷ്ടിച്ച ആരോഗ്യ സാമ്പത്തിക സാമൂഹിക വെല്ലുവിളികൾ നേരിടുന്നതിന് ആദ്യം പ്രഖ്യാപിച്ച 20000 കോടി രൂപയ്ക്ക് പുറമെയാണ് 20000 കോടി രൂപകൂടി നൽകിയത്. ഈ കാലഘട്ടത്തിലൊന്നും സംസ്ഥാന സർക്കാരിനെ സഹായിക്കാൻ ഒരു രൂപ പോലും കേന്ദ്രസർക്കാർ നൽകിയിട്ടില്ല. അപ്പുറത്തുനിന്ന് പ്രസംഗിക്കുന്ന പ്രതിപക്ഷാംഗങ്ങളിൽ ഒരാൾപോലും ഇന്നത്തെ ചർച്ചയിൽ ഒരു വാക്കുപോലും കേന്ദ്ര ഗവൺമെന്റിനെതിരെ പറഞ്ഞിട്ടില്ല. കോവിഡ്-19

സൃഷ്ടിച്ച ആഘാതം ലഘൂകരിക്കുന്നതിന് 100 ദിന പരിപാടി പ്രഖ്യാപിച്ചിരുന്നു. എല്ലാ രംഗത്തും ലക്ഷ്യം മറികടക്കുകയാണുണ്ടായത്. 77500 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പദ്ധതിയിട്ടിരുന്ന സ്ഥാനത്ത് 80000 തൊഴിലവസരങ്ങളായി ഉയർത്താൻ സാധിച്ചു. പതിനായിരം വീടുകൾ പൂർത്തീകരിക്കുമെന്ന് ലക്ഷ്യമിട്ടിരുന്ന സ്ഥാനത്ത് 12067 വീടുകൾ പൂർത്തീകരിച്ചു. കെ.പി.സി.സി.-യുടെ ആയിരം വീടുകൾ എവിടെയാണുള്ളതെന്ന് പറഞ്ഞാൽ നല്ലതായിരിക്കുമെന്ന അഭ്യർത്ഥനയാണുള്ളത്. 13500 കുടുംബങ്ങൾക്ക് പട്ടയം നൽകി. പട്ടികജാതി വകുപ്പിന് കീഴിൽ പൂർത്തിയാകാതിരുന്ന 1000 വീടുകൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്ന സ്ഥാനത്ത് 1750 വീടുകളുടെ പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിപ്രകാരം ആയിരം റോഡുകൾ പൂർത്തീകരിച്ചു. മലപ്പുറം ജില്ലയിലെ എം.എൽ.എ.-മാർക്ക് ഇഷ്ടംപോലെ റോഡ് അനുവദിച്ചുകിട്ടിയിട്ടുണ്ട്. എല്ലാ മുസ്ലീംലീഗ് എം.എൽ.എ.-മാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പുനരുദ്ധാരണ പദ്ധതിയിൽനിന്നും അഞ്ചും പത്തും റോഡുകൾക്കുള്ള തുകവാങ്ങി അവിടെ ബോർഡും ബാനറും വച്ചുകൊണ്ടിരിക്കുകയാണ്. ആദ്യ 100 ദിന പരിപാടിയുടെ വിജയം

നൽകിയ ആത്മവിശ്വസവുമായാണ് സർക്കാർ ഇപ്പോൾ രണ്ടാം 100 ദിന പരിപാടി പ്രഖ്യാപിച്ചിരിക്കുന്നത്. പരിപാടിയുടെ ഭാഗമായി 4.6 ലക്ഷം തൊഴിലവസരങ്ങളും 17 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുന്നതാണ്. 17184 കോടി രൂപയുടെ പദ്ധതിയിൽ 53 ഉന്നത നിലവാരത്തിലുള്ള സ്കൂളുകൾ നാടിന് സമർപ്പിച്ചിട്ടുണ്ട്. ഞാൻ 2016-ലാണ് നിയമസഭയിലേയ്ക്ക് കടന്നുവരുന്നത്. 5 വർഷങ്ങൾക്കുമുമ്പ് ഗവർണർ നടത്തിയ നയപ്രഖ്യാപനത്തിൻമേൽ നടന്ന ചർച്ചകളിലും പ്രസംഗങ്ങളിലും പ്രതിപക്ഷനേതാക്കന്മാർ സ്വീകരിച്ച നിലവാരത്തിന് ഇപ്പോഴും ഒരുമാറ്റവുമുണ്ടായിട്ടില്ല. അന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കിഫ്ബിയെക്കുറിച്ച് പറയുമ്പോൾ അതിനെ ഏതൊക്കെ ഭാഷയിൽ കളിയാക്കാൻ കഴിയുമോ, അദ്ദേഹത്തെ വ്യക്തിപരമായി എങ്ങനെയൊക്കെ ഹത്യനടത്താൻ കഴിയുമോ അതൊക്കെ ചെയ്ത് രണ്ട് വർഷം ആഘോഷമാക്കി മാറ്റിയിരുന്നു. നിയമസഭാ സമ്മേളനങ്ങളിൽ ബഹുമാന്യനായ മന്ത്രിയെ കോമാളിയും ബുദ്ധിശൂന്യനുമാണെന്ന് വരുത്തിത്തീർക്കുന്ന രീതിയിലാണ് കാര്യങ്ങൾ പൊയ്ക്കൊണ്ടിരുന്നത്. ഇപ്പോൾ സ്ഥിതി എന്തായി; അഞ്ച് വർഷക്കാലംകൊണ്ട് വിദ്യാഭ്യാസ മേഖലയിലും ആരോഗ്യരംഗത്തും കാർഷിക മേഖലയിലും നാടിന്റെ

അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ടുണ്ടായ പുരോഗതി എത്രമാത്രം വലുതാണെന്ന് തിരിച്ചറിയണം. ഈ തെരഞ്ഞെടുപ്പിൽ വീണ്ടും ചിലയാളുകൾ ജയിച്ചുവന്നിട്ടുണ്ട്. പത്തിരുപത് ആളുകൾ ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും എസ്.ഡി.പി.ഐ.-യുടെയും വോട്ട് വാങ്ങി വന്നതാണെന്ന് വളരെ കൃത്യമായി ഇതിനുമുമ്പ് പറഞ്ഞിട്ടുള്ളതാണ്. നമ്മുടെ നാട്ടിൽ വലിയൊരു പ്രളയമുണ്ടായപ്പോൾ 40000 കോടി രൂപയുടെ നഷ്ടമുണ്ടായെന്ന് കണക്കാക്കിയത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റ് തുകയൊന്നും തന്നില്ലെന്ന് മാത്രമല്ല, പ്രളയസമയത്ത് അടിയന്തര ചെലവുകൾക്കായി കേന്ദ്രസേനയുടെ ചെലവിനത്തിലും അടിയന്തരമായി അരി കൊടുത്തയിനത്തിലും 1557 കോടി രൂപ കണക്കെഴുതി വാങ്ങി. കേന്ദ്ര ഗവൺമെന്റിനെതിരെ സമരം നടത്താനും പ്രധാനമന്ത്രിയെടുക്കുന്ന തീരുമാനം ശരിയല്ലെന്നും ഫെഡറൽ സംവിധാനത്തിൽ സംസ്ഥാന സർക്കാരിനവകാശപ്പെട്ട പണം നൽകണമെന്ന് പറയാനും പാർലമെന്റിലെ കോൺഗ്രസ് എം.പി.-മാർ തയ്യാറായിട്ടില്ല. ഇവിടെയിരിക്കുന്ന യു.ഡി.എഫ്.-ന്റെ നേതാക്കൾ ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര ഗവൺമെന്റ് ഓഫീസുകൾക്ക് മുമ്പിൽ ഒരു പ്രകടനം നടത്താനുള്ള ശ്രമംപോലും നടത്തിയിട്ടില്ല. സംസ്ഥാനത്തിന്

ലഭിക്കേണ്ട ഒട്ടനവധി പദ്ധതികൾ ഓരോന്നായി നിഷ്കരുണം വെട്ടി ഇല്ലാതാക്കിയപ്പോൾ പ്രതിപക്ഷത്തുള്ളവർക്ക് നല്ല സന്തോഷമായിരുന്നു. ഒരു വാക്കുപോലും അവർ കേന്ദ്ര ഗവൺമെന്റിനെതിരെ പറഞ്ഞിട്ടില്ല; ഇനി പറയാനും തയ്യാറാകില്ല. ഇപ്പോൾ അവസാനമായി കെ-റെയിൽ തടയുന്നതിനായി എല്ലാവരെയുംകൂട്ടി ഡൽഹിയിലേയ്ക്ക് പോയി. കെ-റെയിൽ തടയുന്നതെന്തിനാണ്; ആർക്കാണതിന്റെ ദോഷം; കെ-റെയിൽ തടയണമെന്ന് പറഞ്ഞ് ഇവിടെ പ്രസംഗിച്ചവർ ആകെ പറയുന്നത് മതിൽ കെട്ടുമെന്നാണ്. ഏത് മതിലാണെന്ന് ആർക്കും മനസ്സിലാകുന്നില്ല. ഈ നാട്ടിലുണ്ടാക്കിയ പുരോഗതിക്ക് തടസ്സം നിന്നിട്ട് അവരെന്താണ് നേടിയത്; എന്നാണ് ഇവർക്ക് ബുദ്ധിയുണ്ടാകുന്നത്? അഞ്ചുകൊല്ലം ഈ ഗവൺമെന്റ് നടത്തിയ ഭരണത്തിൽ ജനങ്ങൾക്ക് ആശ്വാസമായ പദ്ധതികളെ മുഴുവൻ പച്ചയായി എതിർത്തതുകൊണ്ടാണ് ജനങ്ങൾ ചവിട്ടിക്കൂട്ടി മൂലയ്ക്കിട്ടതെന്ന് ഇപ്പോഴും അവർക്ക് മനസ്സിലായിട്ടില്ല. ഞങ്ങൾ വന്നാൽ കിഫ്ബി നിർത്തലാക്കുമെന്നാണ് അന്നത്തെ പ്രതിപക്ഷനേതാവ് തെരഞ്ഞെടുപ്പ് സമയത്ത് പറഞ്ഞത്. അദ്ദേഹം അങ്ങനെയാണ് പറഞ്ഞതെങ്കിൽ അടുത്ത പ്രതിപക്ഷനേതാവ് ലൈഫ് പദ്ധതി നിർത്തലാക്കുമെന്നും ആരോഗ്യ മേഖലയ്ക്കും സ്കൂളുകൾക്കും ഇത്തരത്തിൽ പണം ചെലവഴിക്കാൻ കഴിയില്ലെന്നും

അത് പുനഃപരിശോധിക്കുമെന്നുമാണ് പറഞ്ഞത്. കോവിഡ് വന്നപ്പോൾ വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന കഞ്ഞിക്കുള്ള അരി സ്കൂളുകളിൽ ബാക്കിയിരുന്നപ്പോൾ രക്ഷിതാക്കളെ വിളിച്ച് അരികൊടുക്കാനാണ് സർക്കാർ തീരുമാനിച്ചത്. അതുമായി ബന്ധപ്പെട്ട് കേരളം മുഴുവൻ സമരം നടത്തുകയും അരി നൽകുന്നത് മുടക്കുകയും ചെയ്തു. അങ്ങനെ എന്തൊക്കെ കാര്യങ്ങളാണ് ഇവർ മുടക്കിയത്. അതിന്റെയെല്ലാം പരിണതഫലമാണ് അവർ അനുഭവിച്ചത്. ഇപ്പോൾ കേരളം അനുഭവിക്കുന്ന ഏറ്റവും വലിയ പ്രയാസം യാത്രാദുരിതമാണെന്ന് ആർക്കാണ് അറിയാത്തത്? ജനസാന്ദ്രത കൂടിയ ഈ നാട്ടിൽ റോഡുണ്ടാക്കാൻ ഒരു മാർഗ്ഗവുമില്ല. പതിനായിരം റോഡുണ്ടാക്കിയാലും മലയാളികളുടെ വാഹനപ്രിയം അവസാനിക്കാത്തിടത്തോളംകാലം റോഡുകളിലൂടെ യാത്ര ചെയ്യാൻ കഴിയില്ല. പത്തുറുന്നൂറ് കിലോമീറ്റർ ഗതാഗത ക്ലേശം മറികടക്കുന്നതിനായി ഒരു റെയിൽവേ ലൈൻ വരുമ്പോൾ അതിന് തടസ്സം നിൽക്കുകയാണ്. ഇവർക്കിനിയും കാര്യങ്ങൾ മനസ്സിലായിട്ടില്ല, ഇവർ തടസ്സം നിന്നുകൊണ്ടേയിരിക്കണം, ഇവർക്ക് ബുദ്ധി ഉപദേശിച്ച് കൊടുക്കുന്നവരെ കണ്ടുപിടിച്ച് അവർക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി ശമ്പളം കൊടുക്കണമെന്ന അഭിപ്രായമാണുള്ളത്. രാജ്യത്തെ പത്രമാധ്യമ

പ്രവർത്തകർ നൽകുന്ന ഫീഡ്ബാക്കനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രതിപക്ഷനേതാക്കന്മാർക്ക് പിന്നിലൂടെ നമ്മൾ ശമ്പളം കൊടുക്കണം. ബി.എസ്.എൻ.എൽ. അടച്ചുപൂട്ടാൻ പരിശ്രമിക്കുന്ന ഒട്ടനവധി ഉദ്യോഗസ്ഥർ ബി.എസ്.എൻ.എൽ.-ൽതന്നെ പ്രവർത്തിക്കുന്നുണ്ട്. അവർക്ക് രണ്ട് ശമ്പളമാണുള്ളത്; ഒരു ശമ്പളം ബി.എസ്.എൻ.എൽ. കൊടുക്കുന്നതും മറ്റൊന്ന് ഈ പറയുന്ന കമ്പനികൾ കൊടുക്കുന്നതുമാണ്. അതുപോലെ ഇവർക്ക് ബുദ്ധി ഉപദേശിക്കുന്നവരെ വളരെ രഹസ്യമായി കണ്ടെത്തി അവർക്കുകൂടി നമ്മൾ ശമ്പളം കൊടുത്താൽ ഈ അവസ്ഥയിൽനിന്ന് ഒന്നുകൂടി മോശപ്പെട്ട അവസ്ഥയിലേയ്ക്ക് ഇവർ പോകും. കേന്ദ്രത്തിന്റെ അവസ്ഥ എന്താണ്; മൂന്ന് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. അവിടെ എന്താണ് സംഭവിക്കാൻ പോകുന്നത്; ബി.ജെ.പി.-യെ അടിച്ച് മൂലയ്ക്കിരുത്താൻ സാദ്ധ്യമാകുന്ന രാഷ്ട്രീയ സാഹചര്യങ്ങൾ മുഴുവൻ കളഞ്ഞുകുളിക്കുകയല്ലേ; പഞ്ചാബിൽ എന്താകുമെന്നുപോലും പറയാൻ കഴിയില്ല. ഒരുവർഷം നീണ്ട കർഷക സമരത്തിൽ എഴുന്നൂറ്റിചില്ല്വാനം രക്തസാക്ഷികളുണ്ടായ പഞ്ചാബ് ജനതയുടെ ധീരോദാത്തമായ സമരം ഇന്ത്യയിൽ ബി.ജെ.പി.-ക്കെതിരെ വലിയൊരു തരംഗമായി നിൽക്കുന്ന സമയത്ത് അതുപോലും മുതലെടുക്കാൻ

സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട രാഹുൽഗാന്ധി ഇപ്പോൾ അവിടെ പോയിവന്നിട്ട് ഇവിടെ ഹിന്ദുഭരണം വരണമെന്നാണ് പറഞ്ഞത്. ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും ഇന്ത്യൻ നാഷണൽ കോൺഗ്രസും ഹിന്ദുത്വത്തിനുവേണ്ടി വാദിക്കുന്നു. മതേതരത്വ നിലപാട് എന്ന് കോൺഗ്രസ് കൈവിട്ടുവോ, അന്ന് തുടങ്ങിയ കോൺഗ്രസ്സിന്റെ തകർച്ച തുടരുകയാണ്. മൂന്ന് വർഷങ്ങൾക്കുമുമ്പ് തൊട്ടടുത്ത സംസ്ഥാനമായ ഗോവയിലും കർണ്ണാടകയിലുമൊക്കെ ബി.ജെ.പി.-യ്ക്കെതിരെ ജനം പൂർണ്ണമായും വോട്ട് ചെയ്തു. ജനം തോൽപ്പിച്ച് മൂലയ്ക്കിരുത്തിയ ബി.ജെ.പി.-യെ പത്തും ഇരുപതും ഇരുപത്തിരണ്ടും എം.എൽ.എ.-മാർ രാജിവച്ച് ഇപ്പുറത്തുവന്ന് ഭരണത്തിലേറ്റി. ആ വ്യക്തി തന്നെയാണ് ഇന്ന് പഞ്ചാബിലെയും യു.പി.-യിലേയും കോൺഗ്രസ്സിന്റെ നേതൃത്വത്തെ നിയന്ത്രിക്കുന്നത്. ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും പ്രതിനിധിയായി ശ്രീ. കെ. സി. വേണുഗോപാൽ ആൾ ഇന്ത്യാ കോൺഗ്രസ് കമ്മിറ്റിയെ നയിക്കുമ്പോൾ ഇങ്ങനെ മാത്രമെ നടക്കുകയുള്ളൂവെന്ന് നമ്മളും പല കോൺഗ്രസ്സുകാരും ആവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. എങ്ങനെയൊക്കെ കോൺഗ്രസ്സിനെ വിറ്റ് വില വാങ്ങാമെന്ന പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. നിലമ്പൂർ എം.എൽ.എ.-യുടെ പ്രസംഗത്തിന്റെ തുടക്കം മുതൽ നിരവധി കാര്യങ്ങൾ പറയുന്നുണ്ട്. അത് അർഹിക്കുന്ന അവഗണനയോടുകൂടി ഞങ്ങൾ തള്ളിക്കളയുകയായിരുന്നു. എന്നാൽ ശ്രീ. കെ. സി. വേണുഗോപാൽ, എ.ഐ.സി.സി.-യുടെ സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറിയാണ്. അദ്ദേഹം ആർ.എസ്.എസ്.-ന്റെ പ്രതിനിധിയാണെന്ന ആക്ഷേപകരമായ പരാമർശം രേഖയിലുണ്ടാകാൻ പാടില്ല. അത് നീക്കം ചെയ്യണം.

<u>മി. ചെയർമാൻ</u>: അത് പരിശോധിക്കാം.+

<u>ശ്രീ. പി. വി. അൻവർ</u>: സർ, രേഖയിൽ ഉണ്ടാകണമോ വേണ്ടയോ എന്ന് ബഹുമാനപ്പെട്ട സ്പീക്കർ തീരുമാനിക്കട്ടെ. ഈ സഭയിലില്ലാത്തവരെക്കുറിച്ച് ഒന്നും പറയാൻ പാടില്ലെങ്കിൽ ഗവർണറെക്കുറിച്ചും പ്രധാനമന്ത്രിയെക്കുറിച്ചും രാഷ്ട്രീയനേതാക്കളെക്കുറിച്ചും ഇവിടെ ചിത്രം വരച്ച് കാണിക്കാൻ സാധിക്കുമോ? ശ്രീ. കെ. സി. വേണുഗോപാൽ കോൺഗ്രസ്സിനെ തകർക്കാൻ ആർ.എസ്.എസ്.-ന്റെ ചട്ടുകമായി പ്രവർത്തിക്കുന്ന വ്യക്തിയാണെന്ന് ഒരു പഴയ കോൺഗ്രസ്സുകാരനെന്ന നിലയ്ക്ക് ഞാൻ ഉറച്ചുവിശ്വസിക്കുകയാണ്. ഹിന്ദു

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 3371/ ഇ.ബി./2022/നി.സെ. തീയതി 22-02-2022) സഭാരേഖകളിൽ നിലനിർത്തി.

പാർട്ടിയാണ് കോൺഗ്രസ്സ് എന്നത് പ്രചരിപ്പിക്കാൻ കഴിയാത്ത തരത്തിലാണ് മുസ്ലീംനേതാക്കന്മാർ. ശ്രീ. രാഹുൽ ഗാന്ധി അത് തിരുത്തണമെന്ന് പറയാൻ ത്രാണിയില്ലാത്ത മുസ്ലീംലീഗിന്റെ നേതാക്കന്മാർ മറുഭാഗത്തിരിക്കുകയാണ്. ഇപ്പോൾ യു.പി.-യിൽ തെരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത് കുറച്ച് മുസ്ലീംലീഗ് നേതാക്കന്മാർ പോയതിന്റെ ചിത്രം കാണാനിടയായി. ആ കാഷായ വസ്ത്രങ്ങൾ കണ്ടിട്ട് ഇവർതന്നെയാണോ എന്ന് മൂന്നുനാല് പ്രാവശ്യം ഞാൻ നോക്കി. ഏതോ സ്വാമിമാർ പൂജകഴിഞ്ഞ് യു.പി.-യിൽ വന്നിറങ്ങിയതുപോലെയാണ് തോന്നിയത്. എവിടേയ്ക്കാണ് ഈ സമുദായത്തെ കൊണ്ടുപോകുന്നത്; കഴിഞ്ഞ നിയമസഭാ സമ്മേളനം കഴിഞ്ഞ്, വഖഫ് ബോർഡ് ബില്ലിന്റെ ചർച്ചയും കഴിഞ്ഞ് ആനയ്ക്ക് മദമിളകുന്നതുപോലെ കോഴിക്കോട് കടപ്പുറത്തേയ്ക്ക് ഒരു പോക്കാണ്. ആ ബിൽ സഭയിൽ ചർച്ച ചെയ്തതല്ലേ; എന്തായിരുന്നു പ്രതികരണം. ശ്രീ. പി. ഉബൈദുള്ള മാത്രമാണ് ഒരു ഭേദഗതി വേണമെന്ന് പറഞ്ഞത്. എന്താണ് ഭേദഗതി? നിലവിലുള്ളവരെ സ്ഥിരപ്പെടുത്തണമെന്ന ഭേദഗതി മാത്രമാണ് ആവശ്യപ്പെട്ടത്.

ശ്രീ. പി. ഉബൈദുള്ള: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട അംഗം ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. വഖഫ് ബോർഡിലെ

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ മുസ്ലീംലീഗിന്റെ എല്ലാ അംഗങ്ങളും അതിശക്തമായ പ്രതിഷേധവും എതിർപ്പും ഈ സഭയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഞങ്ങളൊരിക്കലും അദ്ദേഹം പറഞ്ഞതുപോലെ നിലവിലുള്ള ആളുകളെ സ്ഥിരപ്പെടുത്തുന്നതിനെ സംബന്ധിച്ചല്ല പറഞ്ഞതെന്ന് ഈ സഭയിൽ എല്ലാവർക്കുമറിയാം. ഇത് പുറംലോകം കേട്ടതാണ്. എന്നിട്ടുപോലും സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ഇദ്ദേഹം നടത്തിയിട്ടുള്ള പദപ്രയോഗം രേഖയിൽനിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ: അത് പരിശോധിച്ച് വേണ്ടത് ചെയ്യാം.+

ശ്രീ. പി. വി. അൻവർ: സർ, ബഹുമാന്യരായ പി. കെ. കുഞ്ഞാലിക്കുട്ടിയും ഡോ. എം. കെ. മുനീർ സാഹിബും ചർച്ചയിൽ പങ്കെടുത്തതേയില്ല. അവർ ഡൽഹിയിൽ ബിരിയാണി കഴിക്കാൻ പോയ അവസരത്തിലാണിത് സംഭവിച്ചത്, എന്നിട്ടും ഒരു പ്രതികരണവുമുണ്ടായിട്ടില്ല. ചർച്ച ചെയ്ത കാര്യങ്ങളൊക്കെ രേഖയിൽ കാണുമല്ലോ; പിന്നീട് ഇവിടെനിന്ന് മദമിളകി കോഴിക്കോട് കടപ്പുറത്തേയ്ക്കുപോയി നടത്തിയ ആഭാസ പ്രകടനത്തിലെ പ്രസംഗങ്ങൾ

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 3371/ഇ.ബി./2022/നി.സെ. തീയതി 22-02-2022) സഭാരേഖകളിൽ നിലനിർത്തി.

കേരളം ചർച്ച ചെയ്തില്ലേ; മുസ്ലീംലീഗിന്റെ മരിച്ചുപോയ മുഴുവൻ നേതാക്കൻമാരുടെയും അറിയാത്ത പഴയകാല കുടുംബചരിത്രങ്ങൾ ആവർത്തിക്കപ്പെടുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടെത്തിച്ചില്ലേ? മരിച്ച് മൺമറഞ്ഞുപോയ മുസ്ലീംലീഗിന്റെ പഴയകാല നേതാക്കൻമാരുടെ കുടുംബചരിത്രം കേരളത്തിന്റെ പുതിയ സമൂഹത്തിന് വളരെ മോശപ്പെട്ട രീതിയിൽ അറിയേണ്ട സാഹചര്യമുണ്ടായി.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....എല്ലാവർക്കും നൽകിയ സമയം അങ്ങേയ്ക്കും നൽകിയിട്ടുണ്ട്. അനിയന്ത്രിതമായി സമയം നൽകാൻ കഴിയില്ല. പ്ലീസ് കൺക്ലൂഡ്.... പ്ലീസ് കൺക്ലൂഡ്.... മൂന്നുമിനിട്ട് അധികം സമയമെടുത്തു. Nothing will go into the record. Please stop. അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. പി. വി. അൻവർ: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. എന്റെയൊരു സുഹൃത്ത് ഗൾഫിൽ ജോലി ചെയ്യുകയാണ്. ഹജ്ജിന് അദ്ദേഹത്തിന്റെ ഉമ്മയേയും കൊണ്ടുപോയി. ഉമ്മ ഹജ്ജ് കഴിഞ്ഞ് ഇറങ്ങുമ്പോൾ പ്രാർത്ഥിച്ചത്, പടച്ചവനേ എന്റെ മകന് ആയുസ്സും ആരോഗ്യവും സമ്പത്തും കൊടുക്കണേ, എന്റെ മകന്റെ അറബിക്കും സമ്പത്തും ബുദ്ധിയും കൊടുക്കണേയെന്നാണ്. അതുപോലെ നിങ്ങളുടെ ഈ ബുദ്ധി നിലനിൽക്കട്ടെയെന്ന് കേരളത്തിലെ സകലമാന നല്ല മനുഷ്യരും

സർവ്വശക്തനോട് പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ആവർത്തനവിരസവും കഴിഞ്ഞ കാലങ്ങളിൽ പ്രഖ്യാപിച്ച് നടക്കാതെ പോയതുമായ അനേകം പദ്ധതികളുടെ വീരസ്യം പറച്ചിലാണ് നയപ്രഖ്യാപനത്തിലുള്ളത്. മുല്ലപ്പെരിയാറിൽ ഡാം നിർമ്മിക്കാൻ പോകുകയാണെന്നും കെ-റെയിൽ നാളെമുതൽ ഓടുമെന്നും കെ-ഫോൺ അടുത്തയാഴ്ച ഉദ്ഘാടനം ചെയ്യുമെന്നുമാണ് പറയുന്നത്. ദുരന്തങ്ങൾ നേരിടാനുള്ള കേരളത്തിന്റെ കർമ്മസേന സജ്ജമാകാൻ പോകുന്നുണ്ടെന്ന് പറയുന്നുണ്ടല്ലോ; അതിലേയ്ക്കായി മലമ്പുഴയിലെ കുമ്പാച്ചി മലയിൽ കയറിയ ബാബുവിനെപ്പോലെയുള്ള നല്ല സ്ഥിരോത്സാഹികളായ ചെറുപ്പക്കാരിവിടെയുണ്ട്; ഇതെല്ലാം അവരെ ഏൽപ്പിച്ചാൽ മതി, ഇത്തരം സാഹസികമായ ജോലികളൊക്കെ അവർ കൃത്യമായി ചെയ്തുതരും. നിങ്ങളുടെ ഈ പ്രഖ്യാപനങ്ങൾതന്നെ അടുത്ത തവണയും ആവർത്തിച്ചുകൊണ്ടേയിരിക്കും. ഇവിടെ ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപന പ്രസംഗം നടത്തിയ സന്ദർഭത്തിൽ മരിച്ച വീട്ടിൽ പോയതുപോലെയായിരുന്നു. കാരണം, ഇത് കേട്ടുകൊണ്ടിരുന്നവർ

ഒരാവേശവുമില്ലാതെ വളരെ നിസ്സംഗതയോടെയാണിരുന്നത്. നയപ്രഖ്യാപനം കേട്ടുകൊണ്ടിരുന്ന എന്റെ സ്നേഹിതൻ ശ്രീ. എ. എൻ. ഷംസീർപോലും ഒരിക്കലെങ്കിലും കയ്യടിക്കുന്നത് കാണാനുള്ള ഭാഗ്യം ആ ദിവസം ഞങ്ങൾക്കുണ്ടായില്ല. ഈ നയപ്രഖ്യാപനം ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് വായിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പെടാപ്പാടുപെട്ടു. ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപനത്തിന്റെ തലേനാൾ അദ്ദേഹമിത് ഒപ്പിടില്ലെന്നും വായിക്കില്ലെന്നും പറയുകയാണ്. അദ്ദേഹം അത് വായിക്കില്ലെന്ന് പറയുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തിനാണിങ്ങനെ നാണംകെട്ട് വഴിപ്പെടാൻ പോയത്? നയപ്രഖ്യാപനം വായിക്കുകയെന്നത് ബഹുമാനപ്പെട്ട ഗവർണറുടെ ഭരണഘടനാപരമായ ഉത്തരവാദിത്തമാണ്. ആ ഉത്തരവാദിത്തം നിർവ്വഹിച്ചില്ലെങ്കിൽ ഒന്നുകിൽ ബഹുമാനപ്പെട്ട ഗവർണർ രാജിവച്ചുപോകും അല്ലെങ്കിൽ അദ്ദേഹത്തെ ബഹുമാനപ്പെട്ട ഇന്ത്യൻ പ്രസിഡന്റിന് പുറത്താക്കേണ്ടി വരും. ശ്രീ. കെ. ആർ. ജ്യോതിലാലിനെ പുറത്താക്കണമെന്ന് ബഹുമാനപ്പെട്ട ഗവർണർ പറഞ്ഞാൽ അദ്ദേഹത്തെ പുറത്താക്കണം; ഇനി വേറെയാരെയെങ്കിലും പുറത്താക്കണമെന്ന് പറഞ്ഞാൽ അവരെയും പുറത്താക്കണം. ബഹുമാനപ്പെട്ട ഗവർണറെ പ്രസാദിപ്പിക്കാൻ എത്ര നാണംകെട്ട നിലപാടാണ്

കേരളത്തിന്റെ മുഖ്യമന്ത്രി സ്വീകരിച്ചത്? ഇതുപോലുള്ള ഗവർണർമാർ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലുമുണ്ട്.

ശ്രീ. വി. ജോയി: സർ, പോയിന്റ് ഓഫ് ഓർഡർ. ഏത് രേഖയെ ആസ്പദമാക്കിയാണ് അങ്ങ് ഇത് പറയുന്നത്? ഇത് രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: അത് പരിശോധിക്കാം.+

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത് പോയിന്റ് ഓഫ് ഓർഡറിൽപ്പെടുകയില്ല. പോയിന്റ് ഉണ്ടെങ്കിലല്ലേ ഓർഡറുണ്ടാകുകയുള്ളൂ. ബംഗാളിലെ ശ്രീ. ജഗ്ദീപ് ധങ്കർ എന്ന ആർ.എസ്.എസ്.-കാരനായ ഗവർണറെ വരുതിക്ക് നിർത്തിയ മുഖ്യമന്ത്രി ശ്രീമതി മമതാ ബാനർജിയെയെങ്കിലും കണ്ടുപഠിക്കാൻ കേരളത്തിന്റെ മുഖ്യമന്ത്രിയോട് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. ഇവിടെ ശ്രീ. കെ. ആർ. ജ്യോതിലാലിനെ കുരുതി കൊടുത്തില്ലേ; അദ്ദേഹം സ്വന്തം നിലയ്ക്ക് എഴുതിയ കത്താണോ; അദ്ദേഹത്തിന് സ്വന്തംനിലയ്ക്ക് കത്തെഴുതാൻ കഴിയുമോ? കഴിഞ്ഞ ആറു വർഷമായി കേന്ദ്രസർക്കാരും കേരള സർക്കാരും തമ്മിലുള്ള, ബി.ജെ.പി.-യും സി.പി.ഐ.(എം.)-ഉം തമ്മിലുള്ള അന്തർധാരകളുടെ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 3370/ഇ.ബി./2022/നി.സെ. തീയതി 22-02-2022) സഭാരേഖകളിൽ നിലനിർത്തി.

ഭാഗമായാണ് കേരളത്തിന്റെ മുഖ്യമന്ത്രിക്ക് അങ്ങനെ കീഴടങ്ങേണ്ടി വന്നത്. ഇവരെക്കൊണ്ട് എന്തും ചെയ്യിപ്പിക്കാൻ സാധിക്കുമെന്ന് ബഹുമാനപ്പെട്ട ഗവർണർക്കുമറിയാം. കുട്ടിക്കുരങ്ങനെക്കൊണ്ട് ചുടുചോറ് വാരിക്കുന്നതുപോലെ ഇവരെക്കൊണ്ട് എന്ത് പണിയുമെടുപ്പിക്കാമെന്ന് ബഹുമാനപ്പെട്ട ഗവർണർ മനസ്സിലാക്കിയിട്ടുണ്ട്. ലോകായുക്ത ഭേദഗതി ഓർഡിനൻസുമായി ബന്ധപ്പെട്ട വിഷയത്തിൽ എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട ഗവർണർ മലക്കം മറിഞ്ഞത്; ബഹുമാനപ്പെട്ട ഗവർണർ ആദ്യം പറഞ്ഞത്, ഭരണഘടനാ വിരുദ്ധമായതിനാൽ ഒപ്പിടില്ലെന്നാണ്. പക്ഷേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദുബായിൽനിന്ന് വന്നശേഷം ബഹുമാനപ്പെട്ട ഗവർണറുമായി ഒരുമണിക്കൂർ സംസാരിച്ചപ്പോൾ ലോകായുക്ത ഭേദഗതി ഓർഡിനൻസ് ഭരണഘടനയ്ക്കനുസൃതമായല്ലോ; എന്താണ് ബഹുമാനപ്പെട്ട ഗവർണർ പറഞ്ഞത്? തെരഞ്ഞെടുക്കപ്പെട്ട ക്യാബിനറ്റ് തീരുമാനിച്ചാൽ അദ്ദേഹത്തിന് എന്ത് ചെയ്യാൻ കഴിയുമെന്നും അതുകൊണ്ട് അദ്ദേഹമത് ഒപ്പിട്ടുവെന്നുമാണ് പറഞ്ഞത്. അന്നവിടെ ഒരു ഒപ്പുമാത്രം ഇടുകയല്ല, മറിച്ച് രണ്ട് ഒപ്പിടലാണ് നടന്നത്. സാധാരണ തമിഴിലൊരു ചൊല്ലുണ്ട്, "നീങ്കൾ എനക്ക് ഉതകിനാൽ നാൻ ഉങ്കളുക്ക് ഉതകുവേൻ" എന്നുപറയാറുണ്ട്. നിങ്ങൾ എനിക്ക് ചൊറിഞ്ഞുതന്നാൽ

ഞാനും നിങ്ങൾക്ക് ചൊറിഞ്ഞുതരാമെന്നാണ് അതിന്റെ അർത്ഥം. ബഹുമാനപ്പെട്ട ഗവർണർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറഞ്ഞത് 'നിങ്ങളുടെ ഓർഡിനൻസിൽ ഞാൻ ഒപ്പുവയ്ക്കാം പകരം ആർ.എസ്.എസ്.-കാരനായ ശ്രീ. ഹരി എസ്. കർത്തയെ അഡീഷണൽ പി.എസ്. ആയി നിയമിച്ചുകൊണ്ടുള്ള ഓർഡറിൽ നിങ്ങളും ഒപ്പുവയ്ക്കണം' എന്നാണ്. ഈ രണ്ട് ഒപ്പുവയ്ക്കലും നടക്കുന്നു. അതിനുശേഷം കീഴടങ്ങലിന്റെ ജാള്യത മറച്ചുവയ്ക്കുന്നതിനായി രണ്ട് വരികൂടി ഉത്തരവിൽ എഴുതണമെന്ന് നിങ്ങൾ ശ്രീ. കെ. ആർ. ജ്യോതിലാലിനോട് പറഞ്ഞു. ബഹുമാനപ്പെട്ട ഗവർണർ നിർബന്ധിച്ചതുകൊണ്ടാണ് സർക്കാർ ഈ ആർ.എസ്.എസ്.-കാരനെ നിയമിച്ചതെന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ചു. അത് നിങ്ങളുടെ പൊയ്മുഖമാണ്; പക്ഷേ വെളുക്കാൻ തേച്ചത് പാണ്ടായി. ക്ഷിപ്രകോപിയായ ബഹുമാനപ്പെട്ട ഗവർണർ ഉത്തരവിലെഴുതിയ ആ രണ്ടുവരികൾ മാറ്റണമെന്നും അതല്ലെങ്കിൽ ആ വരികൾ എഴുതിച്ചേർത്തവരെ തൽസ്ഥാനത്തുനിന്നും മാറ്റണമെന്നും പറഞ്ഞു. ഞാൻ ചോദിക്കട്ടെ, ശ്രീ. കെ. ആർ. ജ്യോതിലാൽ സ്വന്തം നിലയ്ക്ക് ആ വരികൾ എഴുതിച്ചേർക്കുമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഫയലിൽ ശ്രീ. കെ. ആർ. ജ്യോതിലാലിന് സ്വന്തം നിലയ്ക്ക് കത്തെഴുതാൻ കഴിയുമോയെന്ന ന്യായമായ ചോദ്യമാണ്

പ്രതിപക്ഷം ഉന്നയിക്കുന്നത്. നിങ്ങൾ ആ ഉദ്യോഗസ്ഥനെ കുരുതി കൊടുത്ത സാഹചര്യത്തിൽ ഇനിയേതെങ്കിലും ഉദ്യോഗസ്ഥർ നിങ്ങളോടൊപ്പം നിൽക്കുമോ? സംഘ്പരിവാറിനെതിരായും കേന്ദ്ര സർക്കാരിനെതിരായുമുള്ള പോരാട്ടത്തിൽ നിങ്ങളെ വിശ്വസിച്ച് കേരളത്തിലെ ഏത് ഉദ്യോഗസ്ഥനാണ് നിൽക്കാൻ പോകുന്നത്? കാരണം, ശ്രീ. കെ. ആർ. ജ്യോതിലാലിന്റെ അനുഭവം അവരുടെ മുന്നിലുണ്ട്. നിങ്ങൾ ആവശ്യപ്പെട്ടതുപ്രകാരം എഴുതിയതിന്റെ പേരിൽ അദ്ദേഹത്തിന്റെ തലയാണ് ഇവിടെ ഉരുണ്ടത്. ബഹുമാനപ്പെട്ട ഗവർണറുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? അദ്ദേഹത്തെക്കുറിച്ച് നിങ്ങളാരുമൊന്നും പറയുന്നില്ല. അദ്ദേഹം രാവിലെയും വൈകുന്നേരവും പത്രസമ്മേളനം നടത്തുകയാണ്. ലോകത്തുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും ബഹുമാനപ്പെട്ട ഗവർണർ അഭിപ്രായം പറയണമെന്ന് എവിടെയാണ് പറഞ്ഞിട്ടുള്ളത്? അദ്ദേഹം ഇപ്പോൾ ഹിജാബിനെക്കുറിച്ചാണ് പറയുന്നത്. പ്രവാചകന്റെ കാലത്തുതന്നെ അന്നത്തെ മുസ്ലീം സ്ത്രീകൾ ഹിജാബിനെതിരെ സംസാരിച്ചിരുന്നുവെന്ന് പറഞ്ഞ് **********+

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 3370/ഇ.ബി./2022/നി.സെ.തീയതി 22-02-2022) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

Differently abled ആയ ആളുകളെ അപമാനിക്കുന്ന പദങ്ങളാണത്. അത്തരം പദങ്ങൾ രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: അത് പരിശോധിക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മലയാളത്തിലെ സ്ഥിരം പദപ്രയോഗമാണത്. **********+ അത് ആരെയെങ്കിലും വേദനിപ്പിക്കുന്നുണ്ടെങ്കിൽ പിൻവലിക്കാം. ഞാൻ പറഞ്ഞതിന്റെ താൽപ്പര്യമെന്താണെന്ന് മനസ്സിലായല്ലോ; ബഹുമാനപ്പെട്ട ഗവർണറെ പറഞ്ഞാൽ നിങ്ങൾക്ക് പൊള്ളുമല്ലേ; ഇവിടെ ആർഎസ്.എസ്.-ന്റെ താൽപ്പര്യങ്ങൾക്കുവേണ്ടിയാണ് ബഹുമാനപ്പെട്ട ഗവർണർ പ്രവർത്തിക്കുന്നത്. അദ്ദേഹം കേരളത്തിന്റെ ഗവർണറായി പ്രവർത്തിച്ചാൽ മതി. കേരളത്തിൽ നല്ല പണ്ഡിതന്മാരുള്ളതുകൊണ്ട് മതപരമായ കാര്യങ്ങൾക്ക് ഫത്‌വ കൊടുക്കാൻ അവർക്ക് കഴിയും; കേരളത്തിന്റെ ഗ്രാൻഡ് മുഫ്തിയാകാൻ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ശ്രമിക്കേണ്ടതില്ല. നിങ്ങൾ കരുതിയതുപോലെ ചെറിയ ബാധയൊന്നുമല്ല അദ്ദേഹത്തിന്റെ മേലിൽ കയറിയിട്ടുള്ളത്. ശ്രീ. എ. കെ. ബാലൻ പറഞ്ഞത്, അദ്ദേഹം ചൈൽഡിഷ് നേച്ചറുള്ള ആളാണെന്നും ഒരു കേക്ക് കൊണ്ടുപോയി

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 3370/ഇ.ബി./2022/നി.സെ.തീയതി 22-02-2022) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

കൊടുത്താൽ പ്രശ്നം തീരുമെന്നുമാണ്. പ്രിയപ്പെട്ട ബാലേട്ടാ, കേക്കിലൊന്നും തീരുന്ന ബാധയല്ലിത്; ഇത് കിട്ടിയ അധികാരം നിലനിർത്താനും മറ്റ് പുതിയ അധികാരങ്ങൾ ലഭിക്കാനുംവേണ്ടി ആർ.എസ്.എസ്.-നെ പ്രീണിപ്പിക്കാനുള്ള കാട്ടിക്കൂട്ടലാണ്. അത് നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയാതെപോയി; അല്ലെങ്കിൽ നിങ്ങൾ അതിന്റെ ഭാഗമായി നിന്നുകൊടുക്കുന്നുവെന്നാണ് സൂചിപ്പിക്കാനുള്ളത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ നടത്തിയ ചില പ്രസ്താവനകളുണ്ട്. അദ്ദേഹം പാരമ്പര്യമുള്ള കമ്മ്യൂണിസ്റ്റ് നേതാവെന്ന നിലയിൽ വീണ്ടും സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിയായി ചുമതലയേറ്റതിൽ എല്ലാവർക്കും സന്തോഷമാണ്. ഇപ്പോൾ കോൺഗ്രസ്സിന്റെ ലീഡർഷിപ്പിൽ ന്യൂനപക്ഷങ്ങളില്ലെന്ന് അദ്ദേഹം പറഞ്ഞത് വലിയൊരു കണ്ടെത്തലായിപ്പോയി. നിങ്ങളുടെ കൂട്ടത്തിൽ എത്ര ന്യൂനപക്ഷങ്ങളുണ്ട്. കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ന്യൂനപക്ഷങ്ങളില്ല. മുമ്പ് എന്തൊക്കെ പരാതിയാണ് പറഞ്ഞുകൊണ്ടിരുന്നത്? യു.ഡി.എഫ്.-ലാകെ ന്യൂനപക്ഷ മേൽക്കോയ്മയാണെന്നാണ് പറഞ്ഞിരുന്നത്. മൂന്ന് 'കു'-കളെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ഞങ്ങൾ ഓർക്കുകയാണ്. കുഞ്ഞൂഞ്ഞ്, കുഞ്ഞുമാണി, കുഞ്ഞാലിക്കുട്ടി ഇതാണ് യു.ഡി.എഫ്. (.....ബഹളം....), പിന്നീട് അമീറും ഹസ്സനും കുഞ്ഞാലിക്കുട്ടിയും കൂടിയാണ് യു.ഡി.എഫ്.-നെ

നയിക്കുന്നതെന്നും പറഞ്ഞു. ഇതിൽനിന്നും മനസ്സിലാക്കേണ്ടത് തരാതരംപോലെ വർഗ്ഗീയത കളിക്കുന്നുവെന്നാണ്. കോൺഗ്രസ്സിന്റെ കെ.പി.സി.സി. പ്രസിഡന്റിനെയും പാർലമെന്ററി പാർട്ടി ലീഡറെയും പ്രതിപക്ഷനേതാവിനെയുമൊക്കെ തീരുമാനിക്കുന്നത് അതിനനുസൃതമായ വ്യക്തിത്വങ്ങളെ ആ രീതിയിൽ കൊണ്ടുവരാനാണ്, അല്ലാതെ ജാതിയും മതവും നോക്കിയിട്ടല്ല. പോളിറ്റ്ബ്യൂറോയിൽ എത്ര ന്യൂനപക്ഷക്കാരുണ്ട്? പോളിറ്റ്ബ്യൂറോയിൽ ഒരു ന്യൂനപക്ഷക്കാരനോ ഒരു പിന്നാക്കക്കാരനോ ഇന്നുവരെ കടന്നുകൂടിയിട്ടുണ്ടോ? (......ബഹളം......) എന്നിട്ട് നിങ്ങളാണോ ന്യൂനപക്ഷപ്രേമം പറയുന്നത്? പാഷാണം വർക്കിയുടെ ഈ പരിപാടി നിങ്ങൾ അവസാനിപ്പിക്കണം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ നടത്തിയ മറ്റൊരു പ്രസ്താവന, കേരളത്തിലെ പോലീസ് സേനയിൽ ആർ.എസ്.എസ്.-ന്റെ സ്വാധീനം വർദ്ധിച്ചുവെന്നാണ്. ഇതിന് ആരാണ് മറുപടി പറയേണ്ടത്; പാണക്കാട് ശിഹാബ് തങ്ങളോ കുഞ്ഞാലിക്കുട്ടി സാഹിബോ ശ്രീ. കെ. സുധാകരനോ ശ്രീ. വി. ഡി. സതീശനോ ആണോ? അല്ല; അവിടെയിരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഇതിന് മറുപടി പറയേണ്ടത്. ഇക്കാര്യം ഞങ്ങൾ മുമ്പും പറഞ്ഞതാണ്. കേരളത്തിലെ പോലീസ് വംശീയമായി പ്രവർത്തിക്കുന്നുവെന്നും ആർ.എസ്.എസ്.-ന്റെ

സ്വാധീനമുണ്ടെന്നും പോലീസുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ചർച്ചയിൽ ഞാൻ തന്നെ പറഞ്ഞിട്ടുണ്ട്. ആർ.എസ്.എസ്.-ന്റെ സുവർണ്ണ കാലഘട്ടമായി ശ്രീ. പിണറായി വിജയന്റെ കാലഘട്ടം മാറുകയാണ്. ആറ് വർഷമായി പോലീസിനെ നിയന്ത്രിക്കുന്നത് നിങ്ങളല്ലേ? ഇത് ഞങ്ങൾ പറയുന്നതല്ല. സി.പി.ഐ.(എം.)-ന്റെ സമ്മേളനങ്ങളിൽ സമ്മേളന പ്രതിനിധികൾതന്നെ പറയുന്നതാണ്. അവരൊക്കെ പറയുന്നതനുസരിച്ചുള്ള കാര്യം പോലീസ് സ്റ്റേഷനിൽ നടക്കുന്നില്ലെന്നും ആർ.എസ്.എസ്. പ്രവർത്തകർ പറയുന്ന കാര്യങ്ങൾ അവിടെ നടക്കുന്നുണ്ടെന്നുമാണ് പറയുന്നത്. അപ്പോൾ ആർ.എസ്.എസ്. എന്നത് വെറുതെയുണ്ടായതല്ല. ശ്രീ. ലോക്നാഥ് ബെഹ്റയും ശ്രീ. രമൺ ശ്രീവാസ്തവയും മുതൽ പലജാതി കഥകൾ അതിന്റെ പിന്നിലുണ്ട്. ഇതൊക്കെ നിങ്ങൾ തമ്മിലുള്ള അന്തർധാരയുടെ ഭാഗമായാണ് കാണേണ്ടത്. ഇന്നലെ ഒരു സി.പി.ഐ.(എം.) പ്രവർത്തകൻ ആർ.എസ്.എസ്. പ്രവർത്തകരാൽ കൊല്ലപ്പെട്ടിട്ടുപോലും വേണ്ടവിധത്തിലുള്ള പ്രതിഷേധങ്ങൾ അപ്പുറത്തുനിന്നുണ്ടായോ? നിങ്ങൾ തമ്മിൽ ഇപ്പോൾ 'ഭായി...ഭായി' ആയതുകൊണ്ടാണ് വേണ്ടവിധത്തിൽ പ്രതികരണങ്ങളില്ലാതെ പോകുന്നത്. സി.പി.ഐ. സുഹൃത്തുക്കളോട് ചോദിക്കാനുള്ളത്, ലോകായുക്ത ഭേദഗതി

ഓർഡിനൻസിന്റെ കാര്യത്തിൽ നിങ്ങൾ ശ്രീ. കാനം രാജേന്ദ്രന്റെ കൂടെ നിൽക്കുന്നോ ശ്രീ. പിണറായി വിജയന്റെ കൂടെ നിൽക്കുന്നോ? ഇങ്ങനെയൊരു നിയമം പാസ്സാക്കേണ്ടതിൽ എന്താണിത്ര അടിയന്തര സാഹചര്യമെന്നാണ് ശ്രീ. കാനം രാജേന്ദ്രൻ ചോദിക്കുന്നത്. ബഹുമാനപ്പെട്ട ഗവർണർ വളരെ അപകടകരമായ രീതിയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഗവർണർ പദവിയെക്കുറിച്ച് ആന്ധ്ര സർവ്വകലാശാലയുടെ ഭരണഘടനാ നൈപുണ്യമുള്ള പ്രൊഫ. ആർ. വെങ്കിട്ടറാവു ഒരിക്കൽ പറഞ്ഞിട്ടുണ്ട്. "പ്രവർത്തിക്കാതിരുന്നാൽ ഉപയോഗശൂന്യവും പ്രവർത്തിച്ചാൽ അപകടകരമാകുന്നതുമായ ഒരു പദവിയാണ് ഗവർണർ. ദുരുദ്ദേശ്യത്തോടുകൂടി പ്രവർത്തിച്ചാലോ അത് കൂടുതൽ അപകടകരമാകും." കേരള ഗവർണർ ആർ.എസ്.എസ്.-നെ പ്രീണിപ്പിക്കാൻ ദുരുദ്ദേശ്യത്തോടെയാണ് പ്രവർത്തിക്കുന്നത്. എന്റെ സ്നേഹിതൻ ശ്രീ. പി. വി. അൻവർ കുറേക്കാലത്തിനുശേഷമാണ് നിയമസഭയിൽ ഹാജരായത്. അദ്ദേഹം ആഫ്രിക്കയിലായിരുന്നു. ഇവിടത്തെ സംഭവവികാസങ്ങളൊക്കെ എങ്ങനെയാണ് അദ്ദേഹം മനസ്സിലാക്കിയതെന്ന് എനിക്കറിയില്ല. വഖഫ് ബോർഡ് നിയമനവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഞങ്ങൾ കോഴിക്കോട് നടത്തിയ സമരമാണ്

അദ്ദേഹത്തിന് പ്രയാസമുണ്ടാക്കിയത്. അഞ്ചാറ് ദിവസംകൊണ്ട് മുസ്ലീംലീഗ് എങ്ങനെയാണ് ലക്ഷക്കണക്കിനാളുകളെ കോഴിക്കോട് കടപ്പുറത്ത് എത്തിച്ചതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ചോദിച്ചു. നിങ്ങൾ സമുദായത്തിനെ അപമാനിച്ചാൽ, മുസ്ലീംലീഗ് പ്രഖ്യാപിച്ചാൽ, ലക്ഷങ്ങൾ കടപ്പുറത്തും അതുപോലുള്ള സമ്മേളന വേദികളിലുമെത്തും. (.....ബഹളം.....) അതിനുള്ള ശക്തി മുസ്ലീംലീഗിനുണ്ട്. വഖഫ് ബോർഡ് നിയമനത്തിന്റെ കാര്യത്തിൽ ഈ നിയമം ഫ്രീസ് ചെയ്യാമെന്നും ഇത് നടപ്പാക്കില്ലെന്നും മതസംഘടനകളോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞല്ലോ? (.....ബഹളം.....) ഇന്നുവരെ ആ വാക്ക് പാലിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സാധിച്ചിട്ടില്ല. മുസ്ലീംലീഗിനെക്കുറിച്ച് അങ്ങനെ വലിയ അട്ടഹാസങ്ങളൊന്നും നടത്തേണ്ട. ഞങ്ങൾ വലിയ ജനകീയ പിന്തുണയുമായി തന്നെയാണ് കടന്നുവന്നിട്ടുള്ളത്. നിങ്ങൾ ഈ തെരഞ്ഞെടുപ്പിൽ വിജയിച്ചതെങ്ങനെയെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് വലിയ വീമ്പുപറച്ചിൽ മുസ്ലീംലീഗിനോട് വേണ്ടെന്നുമാത്രം ഈ സന്ദർഭത്തിൽ പറഞ്ഞുകൊണ്ടും ഈ നന്ദിപ്രമേയത്തെ ശക്തിയുക്തം എതിർത്തുകൊണ്ടും എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ

പിന്തുണയ്ക്കുന്നു. 18-02-2022-ന് ബഹുമാനപ്പെട്ട കേരള ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിൽ അടുത്ത ഒരു വർഷത്തേയ്ക്കുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ വികസന പദ്ധതികളെക്കുറിച്ചും മറ്റ് സാമൂഹിക സന്നദ്ധ പ്രവർത്തനങ്ങളെക്കുറിച്ചും സംക്ഷിപ്തമായി പ്രതിപാദിച്ചിട്ടുണ്ട്. വ്യാവസായികമായും വിദ്യാഭ്യാസപരമായും കാർഷികപരമായും ശാസ്ത്രസാങ്കേതിക മേഖലയിൽ കേരളത്തെ ഒരു നൈപുണ്യ കേരളമാക്കി അഥവാ നവകേരളമാക്കി മാറ്റുന്നതിനുള്ള കർമ്മപദ്ധതികളുടെ കാഴ്ചപ്പാടാണ് അദ്ദേഹത്തിന്റെ നയപ്രഖ്യാപനത്തിൽ മുന്നിട്ടുനിന്നത്. കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനുമേൽ സാമ്പത്തിക പ്രതിരോധം സൃഷ്ടിച്ച് സർക്കാരിനെ സമ്മർദ്ദത്തിലാക്കുകയാണ്. ആർ.എസ്.എസ്. ഫാസിസം കൊണ്ടുവരുന്നതിനുള്ള വലിയ ശ്രമമാണ് മോദി സർക്കാർ കേരളത്തിനുമേൽ നടത്തുന്നത്. നികുതിയിനത്തിൽ കുറവ് വരുത്തി, ഗ്രാന്റില്ലാതെയാക്കി, നഷ്ടപരിഹാരത്തുക നൽകാതെ സർക്കാരിനെ വികസന മുരടിപ്പിലേയ്ക്ക് നയിക്കാൻ ശ്രമിക്കുന്ന ആർ.എസ്.എസ്. രാഷ്ട്രീയത്തിനെതിരെയുള്ള പ്രതിരോധമാണ് ഈ നയപ്രഖ്യാപനം. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിൽ കർഷകർ ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ സമരത്തെ

അനുസ്മരിക്കുന്നതായിരുന്നു കർഷക സമരം. കോർപ്പറേറ്റുകൾ ഒന്നിച്ച് എതിർത്തിട്ടും ഡൽഹി തെരുവുകൾ ചോരയിൽപ്പെട്ടിട്ടും പതറാതെനിന്ന കർഷക സമൂഹത്തെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തമാണ് കേരള സർക്കാർ ഏറ്റെടുക്കുന്നത്. നാട്ടിൽ കൃഷി പരിമിതപ്പെട്ടുവരുന്ന പരിതസ്ഥിതിയിൽ ജനങ്ങളെ ശാസ്ത്രീയ കൃഷിരീതികളിലേയ്ക്ക് നയിക്കാനും തരിശുഭൂമി ഇല്ലാത്തവിധം കാർഷിക മേഖലയെ സമ്പന്നമാക്കി മട്ടുപ്പാവ് കൃഷിയും അടുക്കളത്തോട്ടവും മറ്റ് കരകൃഷികളുംവഴി കേരളത്തെ കാർഷിക സ്വയംപര്യാപ്തതയിലെത്തിക്കുമെന്നാണ് നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. ഭാവനാപൂർണ്ണമായ കർമ്മപദ്ധതികളും വികസനോന്മുഖമായ കാർഷിക കാഴ്ചപ്പാടുകളും കൈമുതലായുള്ള കേരളത്തിലെ കൃഷി വകുപ്പിന് ഇക്കാര്യത്തിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നെൽവയൽ ഉടമകൾക്ക് റോയൽറ്റി നൽകിയും വിള ഇൻഷ്വറൻസ് പദ്ധതികൾ നൽകിയും കേരഗ്രാമം പദ്ധതികളിലൂടെയും വലിയ മാറ്റങ്ങളാണ് കാർഷിക മേഖലയിൽ ഈ കാലഘട്ടങ്ങളിലുണ്ടാക്കിയെടുത്തത്.

ക്ഷീരകർഷക രംഗത്ത് 'പാൽക്കുടം' പദ്ധതിയിലൂടെ സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുന്ന കാഴ്ചയാണ് കേരളം

കണ്ടുകൊണ്ടിരിക്കുന്നത്. തീർച്ചയായും ഈ മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പ്രജനനശേഷിയിലും നാടിനിണങ്ങിയ കാലിസമ്പത്തിനെ വളർത്തിയെടുക്കുന്നതിലും നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ച കാര്യങ്ങൾ വളരെ ഫലപ്രദമാണ്. പകർച്ചവ്യാധി രോഗങ്ങളിൽനിന്നും കോഴികളെയും താറാവുകളെയും ആട്ടുമാട്ടുകളെയും രക്ഷിക്കാൻ കഴിഞ്ഞാൽ കർഷകർക്ക് വളരെ ആശ്വാസകരമാകും. വർഷങ്ങളായി ഭക്ഷ്യലഭ്യതയുടെ കാര്യത്തിൽ കേരളം സ്വയംപര്യാപ്തമാണ്. പലപ്പോഴും കേന്ദ്രവിഹിതം അന്യായമായി വെട്ടിക്കുറയ്ക്കുമ്പോഴും സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിൽ എൽ.ഡി.എഫ്. സർക്കാർ മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവച്ചിട്ടുള്ളത്. കോവിഡിന്റെ ഭീകരമായ പിടിയിൽ നാട് അമർന്നപ്പോഴും ഭക്ഷ്യധാന്യവും പാചകംചെയ്ത ഭക്ഷണവും വീടുകളിലെത്തിച്ച് സിവിൽ സപ്ലൈസ് വകുപ്പും ഗവൺമെന്റും ജനങ്ങളുടെ മനസ്സിൽ ഇടംനേടി. സ്വാഭാവികമായും അത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ രണ്ടാം വരവിന് വഴിതെളിച്ചു. ഭക്ഷ്യധാന്യ വിതരണത്തിലും വിശപ്പുരഹിത കേരളം സൃഷ്ടിക്കുന്നതിലും മറ്റ് സംസ്ഥാനങ്ങൾക്കാകെ മാതൃകാപരമായ കേരള മോഡൽ ഏറെ പ്രശംസിക്കപ്പെട്ടു. ഇന്ന് കേന്ദ്രം കേരളത്തോട് കാണിക്കുന്ന

അവഗണനയ്ക്കെതിരെ ഫോൺ-ഇൻ-പ്രോഗ്രാമിലൂടെയും മുൻഗണനാ കാർഡ് വിതരണത്തിലൂടെയും പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചതിലൂടെയും വിശപ്പുരഹിത കേരളം കെട്ടിപ്പടുത്തുകൊണ്ട് സിവിൽ സപ്ലൈസ് വകുപ്പിന് വലിയൊരു പ്രതിരോധം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നതിൽ യാതൊരു സംശയവുമില്ല. ലോകത്തിനും ഇന്ത്യയ്ക്കും മാതൃകയായ വിദ്യാഭ്യാസ നയമാണ് കേരളത്തിൽ ആവിഷ്കരിച്ചിട്ടുള്ളത്. നയപ്രഖ്യാപന രേഖയിൽ പറഞ്ഞിരിക്കുന്നതുപോലെ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുനഃസംഘടനയും പ്ലാനിംഗുംവഴി ഉദ്ദേശം എട്ട് ലക്ഷത്തോളം വിദ്യാർത്ഥികളെ പൊതുവിദ്യാഭ്യാസ രംഗത്തേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. വ്യക്തിത്വ വികസനത്തിലൂടെ പുതിയ സാഹചര്യങ്ങൾക്കനുസരിച്ചുള്ള ആധുനിക വിദ്യാഭ്യാസ പരിഷ്കാരങ്ങൾ കേരളത്തിലെ വിദ്യാർത്ഥികൾക്ക് വേറിട്ട പശ്ചാത്തലമൊരുക്കിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്ത് കൂടുതൽ കോഴ്സുകളും പ്രൈമറി തലംമുതൽ വളരെ ലക്ഷ്യബോധമുള്ള ആസൂത്രണങ്ങളും കേരളത്തിൽ പുതിയ വിദ്യാഭ്യാസ സാഹചര്യമുണ്ടാക്കുന്നതിന് വഴിവയ്ക്കുകയുണ്ടായി. ഹൈസ്കൂൾ വിദ്യാഭ്യാസത്തിലും സർവ്വകലാശാല വിദ്യാഭ്യാസത്തിലും സമഗ്ര പുരോഗതി കൈവരിക്കുന്നതിന് രണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രിമാരും നടത്തുന്ന

പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഭൂരഹിതരും ഭവനരഹിതരുമായ പാവപ്പെട്ട ജനങ്ങളെ അഭിസംബോധന ചെയ്യാനാണ് റവന്യൂ വകുപ്പ് ആദ്യം ശ്രദ്ധനൽകിയത്. നയപ്രഖ്യാപനരേഖയിൽ പറയുന്നതുപോലെ പട്ടയവും ലൈഫ് മിഷൻവഴി വീടുകളും സമയപരിധിക്കുള്ളിൽ നൽകാൻ കഴിഞ്ഞാൽ വലിയ മാറ്റമുണ്ടാക്കാൻ സാധിക്കുന്നതാണ്. സ്മാർട്ട് വില്ലേജുകളും അഴിമതിരഹിത ഉദ്യോഗസ്ഥ സംവിധാനവും ഈ സർക്കാരിന്റെ മികവുറ്റ ഭരണത്തിന്റെ തെളിവാണ്. ഇടയ്ക്കെങ്കിലും ഉയർന്നുവരുന്ന ഉദ്യോഗസ്ഥ ദുഷ്പ്രമാണിത്തം അടിച്ചമർത്താൻ ജനാധിപത്യ സംവിധാനങ്ങൾക്ക് കഴിയുന്ന തരത്തിലുള്ള പ്രതീക്ഷ നൽകുന്നതാണ് ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനം.

ഡിജിറ്റൽ റീ-സർവ്വേ പ്രോജക്ട് ചരിത്രപരമായി മാറിയിരിക്കുന്നു. എല്ലാ ഭൂവുടമകൾക്കും വ്യക്തവും ആധികാരികവുമായ അവകാശരേഖ എന്നത് കേരളത്തിലൊരു ചരിത്ര മാർഗ്ഗരേഖയായി മാറുന്നു. വിഷൻ ആൻഡ് മിഷൻ 2021-2026-ലൂടെ അർഹരായവർക്കെല്ലാം ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്, ലൈഫ് മിഷൻ പദ്ധതി എന്നിവയോടുകൂടി ചരിത്രപരമായ മാറ്റങ്ങൾക്കാണ് കേരളം സാക്ഷ്യം വഹിക്കാൻ പോകുന്നത്.

നമ്മുടേതെന്ന് നാം അഹങ്കരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ടാണ് കേരളസർക്കാർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും കാസർഗോഡ് ബി.എച്ച്.ഇ.എൽ.-ഇ.എം.എൽ. (Bharat Heavy Electricals Limited - Electrical Machines Limited)-ഉം ഏറ്റെടുത്തിരിക്കുന്നതെന്ന് നാം തിരിച്ചറിയണം. ഇന്ന് കേന്ദ്ര സർക്കാർ വിറ്റഴിക്കൽ നയവുമായി മുന്നോട്ടുപോകുകയാണ്. ഈ അടുത്തകാലത്ത് ജവഹർലാൽ നെഹ്റു സ്റ്റേഡിയം, ഇന്ദിരാഗാന്ധി സ്പോർട്സ് കോംപ്ലക്സ്, എയർ ഇന്ത്യ, രണ്ട് ഹൈവേ റോഡുകൾ എന്നിവ വിറ്റഴിക്കുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുള്ള നയപരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ നയരേഖയെ പ്രതിരോധമായി തന്നെയാണ് കാണുന്നത്. വ്യാവസായിക രംഗത്തെ പുതിയ പാർക്കുകളും വായ്പാ സമ്പ്രദായങ്ങളും കേരളത്തിന് വളരാൻ സഹായകരമാകും. സൈബർ വ്യവസായ ശൃംഖലകളുടെ ഹബ്ബായി കേരളം മാറിയ ഈ പുതിയ സാധ്യത പരമാവധി ഉൾക്കൊള്ളുമെന്ന് നയരേഖയിൽ സൂചന നൽകുന്നതോടൊപ്പം പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണവും

വളർച്ചയും കേരളത്തിന് പുതിയ സാധ്യതകളുണ്ടാക്കുന്നതാണ്.

കേരളത്തിന്റെ ആരോഗ്യമേഖല ലോകത്തിന് മാതൃകയായിട്ടുള്ളതാണ്. കോവിഡ് കാലഘട്ടങ്ങളിൽ ആരോഗ്യമേഖലയുടെ പ്രവർത്തനത്തെക്കുറിച്ച് അനുഭവിച്ചറിഞ്ഞ ജനങ്ങളാണ് കേരളത്തിലുള്ളത്. സാമൂഹ്യക്ഷേമ വകുപ്പിലൂടെ ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡറുള്ള കുട്ടികളുടെ പുനരധിവാസത്തിനുള്ള സെറിബ്രൽ പാൾസി ആൻഡ് റീഹാബിലിറ്റേഷൻ റിസർച്ച് സെന്റർ വലിയൊരു മാറ്റമാണ് നാട്ടിലുണ്ടാക്കാൻ പോകുന്നത്. വീടുകളിൽ കിടക്കപ്പായിൽ കിടക്കുന്നവർ, അച്ഛനും അമ്മയും ജോലിക്ക് പോകാൻപോലും കഴിയാത്ത സാഹചര്യത്തിൽപ്പെട്ടവർ, തൊഴിലില്ലാത്ത ജനവിഭാഗങ്ങൾ എന്നിങ്ങനെ ജീവിക്കാൻ സാധിക്കാത്ത സാഹചര്യമുള്ളവരെ അഡ്രസ്സ് ചെയ്യുകയാണ് സർക്കാർ ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

ജയിൽ വിമോചിതരായ ഭവനരഹിതർക്കായി 'തണലിടം പ്രൊബേഷൻ ഹോം' പദ്ധതിയും ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂന്ന് പുനരധിവാസ വില്ലേജുകളും സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുകയാണ്.

സാംസ്കാരിക വകുപ്പിന്റെ ഇടപെടൽ നാം തിരിച്ചറിയേണ്ടതുണ്ട്. 'നരൻ

സൗഹൃദമല്ലെങ്കിൽ ആ നാട് നശിച്ചുപോകട്ടെ' എന്നാണ് ശ്രീനാരായണഗുരു പറഞ്ഞിട്ടുള്ളത്. ആ ശ്രീനാരായണഗുരുവിന്റെ ഫ്ലോട്ട് റിപ്പബ്ലിക് ദിന പരേഡിൽപ്പോലും അവതരിപ്പിക്കാൻ അനുവദിക്കില്ലെന്ന് പറഞ്ഞ കേന്ദ്ര സർക്കാർ വരുംകാലങ്ങളിൽ ഇവിടെ കൊണ്ടുവരാനാഗ്രഹിക്കുന്നത് മനുസ്മൃതിയാണ്. കേരള ചരിത്രത്തെയും നവോത്ഥാന മൂല്യങ്ങളെയും ഇല്ലാതാക്കാനുള്ള വലിയ ശ്രമങ്ങളാണ് പാഠപുസ്തകങ്ങളിലൂടെയും റിപ്പബ്ലിക് ദിന പരേഡിലൂടെയും നമ്മെ പഠിപ്പിക്കുന്നതെന്ന യാഥാർത്ഥ്യം തിരിച്ചറിയണം. വരുംകാലങ്ങളിൽ നവോത്ഥാന മൂല്യങ്ങളെ ഇല്ലാതാക്കുന്ന രീതിയിലേയ്ക്ക് നാട് പോകുന്നുവെന്നുള്ളതും ഗാന്ധിജിയെയും നെഹ്റുവിനെയും പെരിയോറെയും ഒഴിവാക്കിക്കൊണ്ട് അമ്പലഘോഷയാത്രയാക്കി മാറ്റിയ നമ്മുടെ റിപ്പബ്ലിക്ദിന പരേഡ് ഇനി എങ്ങോട്ടാണ് പോകുന്നതെന്ന് കോൺഗ്രസുകാർ തിരിച്ചറിയേണ്ടതാണ്. കോൺഗ്രസുകാർക്കും മുസ്ലീം ലീഗുകാർക്കും നാളെയുടെ ഇന്ത്യാരാജ്യം എങ്ങോട്ടാണ് പോകുന്നതെന്ന തിരിച്ചറിവാണുണ്ടാകേണ്ടത്. സാംസ്കാരികപരമായ ഏറ്റവും വലിയ ഇടപെടലുകളാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ഇന്ത്യയുടെ വാനമ്പാടിയായ ലതാ മങ്കേഷ്കർ മരിച്ച ദിവസത്തെ ഒരു

ഫോട്ടോയിൽ ശ്രീ. ഷാരൂഖ് ഖാൻ വെള്ള ഷർട്ട് ധരിച്ച് ഇസ്ലാം മതാചാരപ്രകാരം പ്രാർത്ഥിക്കുന്നതും അദ്ദേഹത്തിന്റെ മാനേജരായ ശ്രീമതി പൂജ ദദ്‌ലാനി ഹിന്ദു ആചാരപ്രകാരം ലതാ മങ്കേഷ്കറിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നത് കണ്ടതാണ്. മതേതരത്വത്തിന്റെ ഇന്ത്യയിലെ ജനങ്ങളാഗ്രഹിക്കുന്ന മുഖമാണ് നാം അവിടെ കാണുന്നത്. മാസ്ക് മാറ്റി, ശ്വാസം വലിച്ചുകൊണ്ട് ഇസ്ലാംമതാചാര പ്രകാരം ശ്രീ. ഷാരൂഖ് ഖാൻ പ്രാർത്ഥിച്ചപ്പോൾ ലതാ മങ്കേഷ്കറിന്റെ ഭൗതിക ശരീരത്തിൽ തുപ്പുകയാണെന്ന് പറഞ്ഞ ആർ.എസ്.എസ്. പ്രവർത്തകന്റെ ഇടപെടലുകളെ തീർച്ചയായും നാം തിരിച്ചറിയേണ്ടതാണ്. ക്രമസമാധാന പരിപാലനത്തിനും നിയമവാഴ്ചയിലും കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. വർഗ്ഗീയ വിഘടനശക്തികളെ നേരിട്ടുകൊണ്ടും അടിച്ചമർത്തിക്കൊണ്ടും നാം വികസനത്തിന്റെ പുതിയ പാത വെട്ടിത്തുറക്കുകയാണ്. കെ-ഫോണും കെ-റെയിലും മറ്റ് വികസന പദ്ധതികളും നവകേരള സൃഷ്ടിയുടെ ആക്കം വർദ്ധിപ്പിക്കും. ഇത്തരം വിപുലമായ സാദ്ധ്യതയിലേയ്ക്ക് കേരളത്തെ നയിക്കുമെന്ന് പ്രതിജ്ഞയെടുത്ത ഇടത് മതേതര-ജനാധിപത്യ പാർട്ടികളുടെ ലക്ഷ്യബോധമുള്ള സംയുക്തസഖ്യവും അതിൽപ്പെട്ട ബഹുമാനപ്പെട്ട മന്ത്രിമാരും ബഹുമാനപ്പെട്ട

ഗവർണറുടെ നയപ്രഖ്യാപനത്തിൽ പരാമർശിച്ച എല്ലാകാര്യങ്ങൾക്കും നേതൃത്വം കൊടുക്കുമെന്ന ഉറപ്പ് ഈ നാടിനുണ്ട്. നാട്ടുകാരുടെ ആത്മാഭിമാനത്തിലും അന്തസ്സിലും ഊന്നിവളരുന്ന രാഷ്ട്രീയബോധമാണ് ഗവൺമെന്റിന്റെ ഇച്ഛാശക്തി എന്നതിനാൽ ഈ നയപ്രഖ്യാപനത്തെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഗവർണർ സഭയിലെത്തിയതും നയപ്രഖ്യാപന പ്രസംഗം നടത്തിയതും ഒരുപാട് നാടകങ്ങൾ അരങ്ങേറിയശേഷമാണ്. ആ നാടകങ്ങളും അതിന്റെ അന്തർധാരകളും പലരും വിശദമായി വിശദീകരിച്ചതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. ഈ ഗവൺമെന്റിന്റെ പ്രഖ്യാപനവും പ്രവൃത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് മുൻപും മനസ്സിലായിട്ടുള്ളതാണ്. അഴിമതിക്കെതിരെയുള്ള പോരാട്ടം ശക്തിപ്പെടുത്തുമെന്ന് പ്രഖ്യാപിക്കുന്നുണ്ടെങ്കിലും അഴിമതി തടയാനുള്ള സംവിധാനങ്ങളുടെ അധികാരങ്ങൾ ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. മഹാപ്രളയത്തിനുശേഷം നവകേരളമുണ്ടാകുമെന്നും അത് പരിസ്ഥിതി സൗഹൃദമായിരിക്കുമെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിക്കുന്നത്. എന്നാൽ അങ്ങേയറ്റം പാരിസ്ഥിതിക വിനാശകരമായ സിൽവർ ലൈൻ

പോലുള്ള കേരളത്തെ നശിപ്പിക്കുന്ന പദ്ധതികളുമായി മുന്നോട്ടുവരികയാണ് ചെയ്യുന്നത്. ഇതാണ് സർക്കാരിന്റെ പ്രഖ്യാപനവും പ്രവർത്തിയും തമ്മിലുള്ള വ്യത്യാസം.

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ ആദ്യത്തെ പേജിൽത്തന്നെ ഈ ഗവൺമെന്റ് കോവിഡ് കൈകാര്യം ചെയ്യുന്ന രീതിയെക്കുറിച്ച് വളരെ അഭിനന്ദനാർഹമായ പരാമർശമാണ് നടത്തിയത്. കോവിഡ് മഹാമാരിയെ പ്രചാരവേലയ്ക്കുപയോഗിക്കുകയും മരണക്കണക്കുകൾ പൂഴ്ത്തിവയ്ക്കുകയും ചെയ്തത് ഈ സഭയിൽ നിരവധി തവണ ചർച്ച ചെയ്തിട്ടുണ്ട്. കോവിഡ് കാലത്ത് ജനങ്ങളുടെ ആശങ്കയും ഭീതിയും മുതലെടുത്തുകൊണ്ട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഏതാണ്ട് 1600 കോടി രൂപയുടെ പർച്ചേസ് നടത്തിയതിലെ കൊള്ളയും അഴിമതിയും സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. 2020 ജനുവരി 20-നാണ് കേരളത്തിൽ ആദ്യത്തെ കോവിഡ് കേസ് റിപ്പോർട്ട് ചെയ്യുന്നത്. അന്നുതന്നെ അതിന്റെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പി.പി.ഇ. കിറ്റ് വാങ്ങാനുള്ള നടപടി ആരോഗ്യ വകുപ്പ് കെ.എം.എസ്.സി.എൽ. വഴി മുന്നോട്ടുകൊണ്ടുപോയി. നിപയുടെയും പക്ഷിപ്പനിയുടെയും കാലത്ത് സർക്കാരിന് പി.പി.ഇ. കിറ്റ് നൽകിയ കെറോൺ എന്ന കമ്പനിക്ക് ജനുവരി

30-ാം തീയതിയും അതിനുശേഷം 1-ാം തീയതിയും 3-ാം തീയതിയും പി.പി.ഇ. കിറ്റിനുവേണ്ടി ലെറ്റർ ഓഫ് ഇൻഡന്റ് (LOI) കൊടുത്തിരുന്നു. പക്ഷേ LOI കൊടുത്തതിനുശേഷവും കോവിഡ് പ്രതിരോധത്തിന്റെ പ്രധാനപ്പെട്ട സമയത്തുപോലും രണ്ടുമാസത്തോളം ഫയൽ തീരുമാനമാകാതെ ഇഴയുകയാണുണ്ടായത്. മാർച്ച് 29-ന് 500/- രൂപ നിരക്കിൽ കെറോണിന് പി.പി.ഇ. കിറ്റ് സപ്ലൈയ്ക്കുള്ള ഓർഡർ കൊടുക്കുന്നു. അന്നേ ദിവസം തന്നെ ആരോഗ്യവകുപ്പിന്റെ കെ.എം.എസ്.സി.എൽ.-ന് ഒരു ഇ-മെയിൽ ലഭിക്കുന്നു. മഹാരാഷ്ട്രയിലെ സോളാപൂരിലുള്ള സാൻ ഫാർമ എന്ന കമ്പനിയുടെ ഒരു ഇ-മെയിൽ ലഭിക്കുകയാണെന്ന് സർക്കാരിന്റെ ഫയൽ നോട്ടിൽ കൃത്യമായി പറയുന്നുണ്ട്. അതിൽ പറയുന്നത്, "Opportunity for finding new vendors explored through different means; subsequently E-mail offers received from San Pharma.." സാൻ ഫാർമ കമ്പനിയെക്കുറിച്ച് അറിയുന്നതിനുവേണ്ടി ഞങ്ങൾ കേന്ദ്ര കമ്പനികാര്യ വകുപ്പിന്റെ വെബ്സൈറ്റ് പരിശോധിച്ചപ്പോൾ വെബ്സൈറ്റിൽ ഇങ്ങനെയൊരു കമ്പനിയേയില്ല; ഉണ്ടായിരുന്ന കമ്പനി 2014-ൽ പൂട്ടിപ്പോയി. ആ കമ്പനിയുടെ അവസാനത്തെ ആന്വൽ ജനറൽ ബോഡി യോഗം 2014-ലാണ് ചേർന്നിട്ടുള്ളത്. ഒരു പ്രൊപ്രൈറ്റർഷിപ്പ്

മാത്രമായ ആ കമ്പനിയുടെ ഇ-മെയിൽ ലഭിക്കുകയും അന്നുതന്നെ അത് പ്രൊസീഡ് ചെയ്യുകയുമാണ് ഇവിടെ ചെയ്തത്. തുടർന്ന് 29-ാം തീയതി ഇ-മെയിൽ വരികയും 30-ാം തീയതി ഈ കമ്പനിക്ക് 1550/- രൂപ വച്ചുള്ള പി.പി.ഇ. കിറ്റിന് ഓർഡർ കൊടുക്കുകയും ചെയ്തു. ഇതേ സാധനം ഗവൺമെന്റ് 29-ാം തീയതി 500/- രൂപ നിരക്കിൽ കെറോണിന് ഓർഡർ കൊടുത്തതാണ്. മുൻപരിചയമില്ലാത്ത, സർക്കാരിന് മുമ്പ് സപ്ലൈ ചെയ്തിട്ടില്ലാത്ത, മെഡിക്കൽ ഉപകരണങ്ങൾ സപ്ലൈ ചെയ്തതുമായി ബന്ധപ്പെട്ട എക്സ്പീരിയൻസ് പരിശോധിച്ചിട്ട് പോലുമില്ലാത്ത ഈ കമ്പനിക്ക് 1550/- രൂപ നിരക്കിൽ ഓർഡർ കൊടുത്തിരിക്കുന്നു. അതിനുശേഷമുണ്ടായ അടുത്ത അഴിമതിയെക്കുറിച്ച് പറയാം. 'AGRATA AVON EXIM' എന്ന കമ്പനി മെഡിക്കൽ ഉപകരണങ്ങൾ കൊടുക്കുന്നതോടൊപ്പം പഴം, പച്ചക്കറി എന്നിവയും സപ്ലൈ ചെയ്യുന്നുണ്ട്. ആ കമ്പനിയിൽനിന്ന് ഒരു കോടി ഗ്ലൗസുകൾ വാങ്ങാൻ തീരുമാനിക്കുന്നു. അതുമായി ബന്ധപ്പെട്ട ഫയലും രേഖകളുമെല്ലാം ഞങ്ങളുടെ കൈവശമുണ്ട്. ഒരു ഗ്ലൗസിന് 11 രൂപ വച്ചാണ്, ജി.എസ്.ടി. കണക്കാക്കുമ്പോൾ അതിന്റെ വില 12 രൂപയിലേയ്ക്ക് പോകുകയാണ്. അവർക്ക് നിശ്ചിത സമയത്ത് ഗവൺമെന്റിന് കൊടുക്കാൻ കഴിയുന്നത് 40 ലക്ഷം ഗ്ലൗസുകൾ മാത്രമാണ്.

അപ്പോൾ വീണ്ടും ഫയലിൽ നോട്ട് എഴുതിയിരിക്കുകയാണ്, 'Meanwhile the Corporation call for online immediate quotation for 50 lakh pieces and received two offers from M/s. Jacob Scientifics and Liberty Med Supplies for the supply of 50 lakh gloves.' അവിടെയുള്ള വില 8.78-ഉം 7 രൂപയുമാണ്. ഇവർ സപ്ലൈ ചെയ്യാൻ താമസമുണ്ടായപ്പോൾ ഓൺലൈൻ ക്വട്ടേഷനിലൂടെ അത് 7 രൂപയ്ക്ക് ലഭിച്ചു. ഒരു കോടി ഗ്ലൗസുകൾ 12 രൂപയ്ക്ക് എടുത്തതും ഒരേസമയത്തുതന്നെയാണ്. ഇവർ രണ്ടാമത് 60 ലക്ഷം ഗ്ലൗസ് കൊണ്ടുവന്നപ്പോൾ അത് എടുക്കാൻ കഴിയാതെ എറണാകുളത്തെ ഒരു ഗോഡൗണിലിട്ടു. അതിനുശേഷം ഫയൽ പരിശോധിക്കുമ്പോൾ ഇക്കാലങ്ങളിൽ അവിടെ നടന്ന കൊള്ളയെപ്പറ്റി സെക്രട്ടറി എഴുതിയിട്ടുണ്ട്. അവർ മൂന്ന് ഓഫറുകളാണ് വച്ചിരുന്നത്. ഒന്ന്, 40 ലക്ഷം ഗ്ലൗസുകൾ 12 രൂപ വച്ച് കൊടുക്കാം. രണ്ട്, ഗോഡൗണിൽ കെട്ടിക്കിടക്കുന്ന ഉപയോഗയോഗ്യമല്ലാത്ത 60 ലക്ഷം ഗ്ലൗസുകൾ 10 രൂപ വച്ച് കൊടുക്കാമ എന്നാണ്. ഇപ്പോഴത്തെ ആരോഗ്യവകുപ്പുമന്ത്രി അത് കൊടുക്കാനുള്ള ഇടപെടലിനെ തടഞ്ഞുവെന്നാണ് മനസ്സിലാക്കുന്നത്. ഏഴ് രൂപയ്ക്ക് ലഭിക്കുമായിരുന്ന ഗ്ലൗസ് പന്ത്രണ്ട് രൂപയ്ക്ക് വാങ്ങുകയാണ്. ഇക്കാര്യത്തിൽ വലിയ കൊള്ളയാണ് നടക്കുന്നത്. 'AGRATA AVON

EXIM' എന്ന കമ്പനി സാൻ ഫാർമയെപ്പോലെ ഒരു തട്ടിക്കൂട്ട് കമ്പനിയാണ്. അതുപോലെ 1500/- രൂപ മുതൽ 2000/- രൂപ വരെ മാത്രം മാർക്കറ്റ് റേറ്റുള്ള ഇൻഫ്രാറെഡ് തെർമോമീറ്റർ 5390/- രൂപയ്ക്കാണ് 'Trichur Surgicals' എന്ന മറ്റൊരു കമ്പനിയിൽനിന്ന് വാങ്ങിയതെന്ന് ഫയൽ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഈ ഓർഡറൊക്കെ പ്ലേസ് ചെയ്തിരിക്കുന്നത് നാലോ അഞ്ചോ മാസംമുമ്പ് മാത്രം രൂപീകരിച്ച് രജിസ്റ്റർ ചെയ്തിരിക്കുന്ന സ്ഥാപനങ്ങളിലാണ്; പ്രൊപ്രൈറ്റർഷിപ്പാണ്; കമ്പനിയെന്നുപോലും പറയാൻ കഴിയില്ല. 1500/- രൂപയ്ക്ക് ലഭിക്കേണ്ട സാധനം 5390/- രൂപയ്ക്കാണ് ലഭിക്കുന്നത്.

അതുപോലെ തൃശ്ശൂർ ജില്ലയിലെ ആരോഗ്യവകുപ്പിലെ ഒരു താൽക്കാലിക ഉദ്യോഗസ്ഥന്റെ അച്ഛന്റെ പേരിൽ ഒരു കമ്പനി ആരംഭിച്ച് മൂന്നുമാസത്തിനിടയിൽ അവിടെനിന്നും 5 കോടി രൂപയുടെ പർച്ചേസ് നടത്തിയിരിക്കുകയാണ്. വളരെ ഗുരുതരമായ അഴിമതിയും കൊള്ളയുമാണ് കോവിഡിന്റെ മറവിൽ കെ.എം.എസ്.സി.എൽ.-നെ മുൻനിർത്തിക്കൊണ്ട് നടത്തിയിരിക്കുന്നത്. ഇത് കേവലമായ ചില സ്ഥാനചലനങ്ങൾ മാത്രമാണ്. ഈ അഴിമതിയുടെയും കൊള്ളയുടെയും മുഴുവൻ വിശദാംശങ്ങളും പുറത്തുവരില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിലുണ്ട്. ഈ കോവിഡ്

കാലത്ത് വലിയ ആശങ്കയിലും ആകുലതയിലും നിരവധിയാളുകളുടെ ജീവൻ പണയപ്പെടുത്തി ആളുകളെ സംരക്ഷിക്കാൻ പെടാപ്പാട് നടത്തുന്ന അവസരത്തെ അഴിമതിക്കും കൊള്ളയ്ക്കുംവേണ്ടി ഉപയോഗിക്കാൻ തീരുമാനിച്ചതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു. കേരളത്തിലെ പ്രതിപക്ഷത്തിന് വൈ.എം.എസ്. എന്നൊരു പുതിയ രോഗം ബാധിച്ചിരിക്കുന്നു. വൈ.എം.എസ്. എന്നാൽ യോഗി മാനിയാക് സിൻഡ്രോം എന്നാണ്. ഈ രോഗത്തിന്റെ ലക്ഷണം കുറ്റം പറയുന്നതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടത്തിയ എല്ലാ വികസനത്തെയും കുറ്റം പറയുക. കുറ്റം പറയുന്നവരുടെ മണ്ഡലത്തിൽ പോയി നോക്കിയലോ? പാലം അനുവദിച്ച എം.എൽ.എ.-യ്ക്ക് അഭിവാദ്യം; റോഡ് അനുവദിച്ച എം.എൽ.എ.-യ്ക്ക് അഭിവാദ്യം; സ്കൂൾ നവീകരിച്ച എം.എൽ.എ.-യ്ക്ക് അഭിവാദ്യം; കാത്ത് ലാബ് അനുവദിച്ച എം.എൽ.എ.-യ്ക്ക് അഭിവാദ്യം എന്നൊക്കെ സൂചിപ്പിച്ചുകൊണ്ട് തെങ്ങിന്റെ മുകളിലുള്ള ഫ്ലക്സിൽപ്പോലും ഇവരുടെ ചിത്രമുണ്ടാകും. ഇതെല്ലാം 5 വർഷം ഇടതുപക്ഷം ചെയ്തുതന്ന കാര്യങ്ങളല്ലേ? ഇടതുപക്ഷ ജനാധിപത്യമുന്നണി നടത്തിയ വികസന

പ്രവർത്തനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ചു. പൊതുമേഖലാസ്ഥാപനങ്ങളെ മെച്ചപ്പെട്ട നിലയിലെത്തിച്ചു, സഹകരണ മേഖലയിൽ യുവസംരംഭകരെ പ്രോത്സാഹിപ്പിക്കാൻ 30 സഹകരണ സംഘങ്ങൾ രൂപീകരിച്ചു, ഉന്നത വിദ്യാഭ്യാസ മേഖലയിലെ സാങ്കേതിക രംഗങ്ങളിൽ വിദ്യാർത്ഥിനികളുടെ പ്രോത്സാഹനം ഉദ്ദേശിച്ചുകൊണ്ട് 'സ്കീം ഫോർ ഹെർ എംപവർമെന്റ് ഇൻ എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ (SHE)' സംവിധാനമേർപ്പെടുത്തി. CMT- Constituency Monitoring Team എന്ന പുതിയ സംവിധാനം ഏർപ്പെടുത്തിയതിലൂടെ നിയോജകമണ്ഡലങ്ങളിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടത്തുന്ന വികസന പ്രവർത്തനങ്ങൾ വളരെ ഇഫക്ടീവായിരിക്കുന്നു. ടൂറിസം മേഖലയിൽ 'Destinations in change' പോലുള്ള വ്യത്യസ്തങ്ങളായ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. 2025 ആകുമ്പോഴേയ്ക്കും തലപ്പാടിയിൽനിന്നും കളിയിക്കാവിളയിലേയ്ക്ക് യാതൊരു തടസ്സവുമില്ലാതെ സഞ്ചരിക്കാൻ സാധിക്കുന്ന നാലുവരി-ആറുവരി പാതകൾ കേരളത്തിൽ യാഥാർത്ഥ്യമാകുമെന്ന് ഞാൻ ഉറപ്പുപറയുകയാണ്. ഈ വികസന പദ്ധതികളെല്ലാം കാണണ്ടേ; കുറ്റം പറയുന്നത് ഒരു വിനോദമാക്കി മാറ്റിയാൽ എന്ത് ചെയ്യാൻ സാധിക്കും? എന്തിനും ഏതിനും കുറ്റം പറയുന്ന

രീതിയിലേയ്ക്ക് കേരളത്തിലെ പ്രതിപക്ഷം മാറിയിരിക്കുന്നു. ഇത് ശരിയാണോ? നിങ്ങൾ പറഞ്ഞത് പ്രതിപക്ഷമെന്നും constructive opposition ആയിരിക്കുമെന്നാണ്. നിങ്ങൾ കൺസ്ട്രക്ടീവാണോ? അല്ല, നിങ്ങൾ ഡിസ്ട്രക്ടീവാണ്. നിങ്ങൾ ഡിസ്ട്രക്ടീവായിരിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം, കാരണം അതുകൊണ്ടാണ് ഈ pendulum politics മാറി ഞങ്ങൾക്ക് തുടർഭരണമുണ്ടായത്. ഞങ്ങൾ ആഗ്രഹിക്കുന്നത് തുടർഭരണമല്ല; തുടർച്ചയായ ഭരണമാണ്. ഇടതുപക്ഷം തുടർഭരണമല്ല, തുടർച്ചയായ ഭരണം യാഥാർത്ഥ്യമാക്കുമെന്ന് ദീർഘവീക്ഷണത്തോടെ കണ്ടത് നിങ്ങളാണ്. അതുകൊണ്ടല്ലേ നിങ്ങൾ കെ-റെയിലിനെ എതിർക്കുന്നത്; കെ-റെയിൽ എന്ന പദ്ധതിക്ക് എന്ത് തകരാറാണുള്ളത്? പരിസ്ഥിതിയെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും കാഴ്ചപ്പാടുള്ളവരാണ് കമ്മ്യൂണിസ്റ്റുകാർ. നിങ്ങൾ പറയുന്നു, പ്രകൃതിയാകെ നശിച്ചുപോകുമെന്ന്; അതുസംബന്ധിച്ച ക്ലാസ്സിൽ നിങ്ങൾ പങ്കെടുത്തില്ല, നിങ്ങൾ ബോയ്കോട്ട് ചെയ്തു. ഈ ട്രെയിനിൽ കയറിയാൽ 3 മണിക്കൂർ 54 മിനിറ്റുകൊണ്ട് ശ്രീ. എൻ. എ. നെല്ലിക്കുന്നിന് കാസർഗോഡുനിന്ന് തിരുവനന്തപുരത്തും ശ്രീ. എം. വിൻസെന്റിന് തിരുവനന്തപുരത്തുനിന്ന് കാസർഗോഡും എത്താൻ സാധിക്കും. അത് സംഭവിക്കുന്നത് മോശമാണോ? കെ-റെയിൽ പദ്ധതി

അട്ടിമറിക്കാൻ ശ്രമിക്കുന്നുവെന്ന് മാത്രമല്ല, അതിന്റെ മറവിൽ ജാതി-മത സാമുദായിക ശക്തികളെ കൂട്ടുപിടിച്ച് വീണ്ടും വിമോചനസമരമാണ് നിങ്ങൾ ലക്ഷ്യം വയ്ക്കുന്നതെങ്കിൽ ഇത് 1957 അല്ല, 2022 ആണെന്ന് നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. കെ-റെയിൽ പദ്ധതി, ഉൾനാടൻ ജലപാത എന്നിവയെല്ലാം യാഥാർത്ഥ്യമാകാൻ പോകുന്നു. കെ-ഫോൺ പദ്ധതി വന്നപ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെതിരെ നിങ്ങൾ എന്തെല്ലാം അപവാദം പറഞ്ഞു. കെ-ഫോൺ വരുമ്പോൾ നിങ്ങൾക്ക് ഗുണം കിട്ടില്ലേ? എന്നാൽ ഈ ഫ്ലോറിൽ ഞങ്ങൾക്ക് കെ-ഫോൺ വേണ്ടായെന്ന് പറയുമോ? എല്ലാം വേണമെങ്കിലും എല്ലാത്തിനെയും എതിർക്കുകയാണ്. അതാണ് ഞാൻ പറഞ്ഞത് നിങ്ങൾക്ക് വൈ.എം.എസ്. എന്ന രോഗമാണെന്ന്. യോഗിയുടെ മനസ്സ് എങ്ങനെയാണ് നിങ്ങൾക്കുണ്ടാകുന്നത്? ഒരു യോഗിയുടെ മാനസികാവസ്ഥയിലേയ്ക്ക് നിങ്ങൾ മാറിയിരിക്കുന്നു. അതുകൊണ്ടാണ് നിങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളെയും എതിർക്കാൻ ശ്രമിക്കുന്നത്. ഞങ്ങൾക്ക് ഗവർണറെ പേടിയാണെന്ന് നിങ്ങൾ പറയുന്നു. ഇത് ഞങ്ങളുടെ പാർട്ടി പ്രോഗ്രാമാണ്. (പാർട്ടി പ്രോഗ്രാമിന്റെ ബുക്ക് ഉയർത്തിക്കാട്ടുന്നു) പ്രതിപക്ഷനേതാവ് ഉൾപ്പെടെയെല്ലാവർക്കും ഇത് തരാം; നിങ്ങളെല്ലാവരും

വായിക്കണം; ഇതുമുഴുവൻ വായിച്ചാൽ നിങ്ങൾ ഇങ്ങോട്ടുവരാൻ ശ്രമിക്കും. പക്ഷെ, ഞങ്ങൾക്കതിന്റെ ആവശ്യമില്ല. ഇതിലെ 43-ാമത്തെ പേജിൽ 'ജനകീയ ജനാധിപത്യ ഗവൺമെന്റ് നിർവ്വഹിക്കുന്ന കടമകൾ' എന്നതിൽ വളരെ വ്യക്തമായി പറയുന്നുണ്ട് - ഗവർണർ ഉണ്ടായിരിക്കുന്നതല്ല. പക്ഷെ, ഞങ്ങൾക്ക് law of the land അംഗീകരിക്കേണ്ടിവരും. ഞങ്ങൾ ഇപ്പോഴത്തെ കോൺസ്റ്റിറ്റ്യൂഷൻ അനുസരിച്ച് മാത്രമെ പ്രവർത്തിക്കുകയുള്ളൂ. ഇവിടെ ഗവർണറെക്കുറിച്ച് മൈതാന പ്രസംഗം നടത്തിയ നിങ്ങളുടെ സ്ഥിതിയെന്താണ്? ഇനി ചില ചരിത്രകാലസംഭവങ്ങൾ പരിശോധിക്കാം. ഗവർണറെ ഉപയോഗിച്ചുകൊണ്ട് ഇന്ത്യയിൽ 132 തവണയാണ് ഗവൺമെന്റുകളെ പിരിച്ചുവിട്ടത്. അതിൽ 93 തവണയും ഗവർണർ പദവി ദുരുപയോഗം ചെയ്ത പാർട്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സായിരുന്നു. 1959-ൽ സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള സർക്കാരിനെയും 1967-ൽ സഖാവ് ജ്യോതിബസുവിന്റെ നേതൃത്വത്തിലുള്ള സർക്കാരിനെ ധരം വീരാ എന്ന ഗവർണറെ ഉപയോഗിച്ചും 2005-ൽ ബൂട്ടാ സിംഗ് എന്ന ഗവർണറെ ഉപയോഗിച്ച് ബീഹാർ സർക്കാരിനെയും നിങ്ങൾ പിരിച്ചുവിട്ടു. 1966-നും 1977-നും ഇടയിലുള്ള ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് കോൺഗ്രസ്സ് അല്ലാത്ത പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളിലെ വ്യത്യസ്ത

സർക്കാരുകളെ നിങ്ങൾ 39 തവണ പിരിച്ചുവിട്ടു. സർക്കാരിയ കമ്മീഷൻ പറയുന്നത് എന്താണ്? 'ഗവർണർ നിയമനത്തിനുശേഷം ഒരു വ്യക്തി ഒരു നിശ്ചിതകാലത്തേയ്ക്ക് ആക്ടീവ് പൊളിറ്റിക്സിൽ ഉണ്ടാകാൻ പാടില്ല' എന്നാണ്. അതും നിങ്ങൾ ലംഘിച്ചില്ലേ; 2004-ൽ മഹാരാഷ്ട്ര മുഖ്യമന്ത്രിയായിരുന്ന ശ്രീ. സുശീൽകുമാർ ഷിൻഡെയെ നിങ്ങൾ ഗവർണറാക്കി. 2013-ൽ ഡൽഹി മുഖ്യമന്ത്രിയായിരുന്ന ശ്രീമതി ഷീലാ ദീക്ഷിതിനെ നിങ്ങൾ കേരള ഗവർണറാക്കി. കേരള ഗവർണറായിരുന്ന ശ്രീ. നിഖിൽ കുമാറിനെ ബീഹാറിൽ മത്സരിപ്പിച്ചു. ഈ സംവിധാനങ്ങളെല്ലാം അട്ടിമറിച്ചവർ ആരാണ്; ഞങ്ങളുടെ പ്രോഗ്രാം എന്താണെന്ന് അസന്ദിഗ്ദ്ധമായി പറഞ്ഞിട്ടും രാവിലെയും ഉച്ചയ്ക്കും വൈകിട്ടും ഇങ്ങനെ പറയേണ്ട കാര്യമുണ്ടോ? ഞങ്ങളുടെ സ്റ്റാൻഡ് വളരെ ക്ലിയറാണ്. ഗവർണറെ ഉപയോഗിച്ച് അധികാര ദുർവിനിയോഗം നടത്തിയ രാഷ്ട്രീയ പ്രസ്ഥാനം കോൺഗ്രസ്സാണ്.

അഞ്ച് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയല്ലേ; നിങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? മാർച്ച് 11-ന് ബഡ്ജറ്റ് സമ്മേളനത്തിനായി നമ്മൾ വീണ്ടും ഒത്തുകൂടുമല്ലോ; എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഇപ്പോൾ ഇന്ത്യയിൽ ഏതാണ്ട് ഒരുപോലെയാണ്. ഞങ്ങളുടെ കയ്യിലുള്ള സംസ്ഥാനങ്ങൾ ഞങ്ങളുടെ കയ്യിലുണ്ടാകും. നിങ്ങളുടെ

കയ്യിലുള്ള സംസ്ഥാനമായ പഞ്ചാബിൽനിന്ന് ഭരണംപോകും. എത്ര സംസ്ഥാനങ്ങളിൽ ബി.ജെ.പി. ഭരിക്കുമെന്ന് ഞങ്ങൾക്കറിയാം. കോൺഗ്രസ്സിന് നേതൃത്വമുണ്ടായിരുന്ന സംസ്ഥാനങ്ങളിൽ ഇപ്പോൾ കോൺഗ്രസ്സിന് നേതൃത്വമുണ്ടോ; ആരാണ് ഭരിക്കുന്നത്; ഇപ്പോൾ ഭരിക്കുന്നത് ബോബനും മോളിയുമാണ്. ബോബനെയും മോളിയെയും മാറ്റാതെ നിങ്ങൾ രക്ഷപ്പെടുകയില്ല. കോൺഗ്രസ്സ് തകരണമെന്ന് ആഗ്രഹിക്കുന്നയാളല്ല ഞാൻ. പക്ഷെ ബോബനും മോളിയും മാറിയിട്ട് പക്വതയുള്ള രാഷ്ട്രീയ നേതൃത്വം കോൺഗ്രസ്സിനെ നയിക്കണം. ഉപദേശകന്മാർ നമ്മുടെ നാട്ടുകാരാണ്. അവരെപ്പറ്റി പറഞ്ഞാൽ നിങ്ങൾ ബഹളം വയ്ക്കും. ഏതായാലും അവർ ഉപദേശിച്ച് കോൺഗ്രസ്സിനെ ഒരു വഴിക്കാക്കിയിട്ടുണ്ട്. എല്ലാവരും പോകുകയല്ലേ; ശ്രീ. അശ്വനികുമാറും ശ്രീ. ആർ.പി.എൻ. സിംഗും കോൺഗ്രസ്സിൽനിന്നും ബി.ജെ.പി.-യിലേക്ക് പോയി. കേരളത്തിൽനിന്നും എന്താണ് പോകാത്തത്? അത് മുസ്ലീംലീഗ് മനസ്സിലാക്കണം. നിങ്ങളോട് സ്നേഹമുണ്ടായിട്ടൊന്നുമല്ല, കേരളത്തിൽ ബി.ജെ.പി.-ക്ക് ഭൂരിപക്ഷം ലഭിക്കുന്ന അവസ്ഥ വന്നാൽ നിങ്ങളുടെ കൂട്ടത്തിൽ ബഹളം വയ്ക്കുന്ന പലരും ബി.ജെ.പി.-യിലേയ്ക്ക് പോകും. മുസ്ലീംലീഗ് നേതാവ് എന്താണ് പ്രസംഗിച്ചതെന്ന് അറിയാമോ; നിങ്ങൾ

ഭായി ഭായി ആണോ; കോഴിക്കോട് സൗത്തിൽ ശ്രീ. അഹമ്മദ് ദേവർകോവിലിനെ പരാജയപ്പെടുത്താൻ വോട്ട് വാങ്ങിക്കണമെന്ന ശ്രീ. പി.എം.എ. സലാമിന്റെ ഓഡിയോ ക്ലിപ്പിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം എന്തെങ്കിലും മിണ്ടിയോ? തൽക്കാലം അഡ്ജസ്റ്റായിക്കോളാൻ ശ്രീ. പി.എം.എ. സലാം പറഞ്ഞല്ലോ. 1991-ൽ കെ. ജി. മാരാർ അദ്ദേഹത്തിന്റെ പുസ്തകത്തിൽ പറഞ്ഞതുപോലെ 'പാഴായ പരീക്ഷണം'. പെരിങ്ങളം, മഞ്ചേശ്വരം, ബേപ്പൂർ എന്നീ നിയോജകമണ്ഡലങ്ങളിലെ ധാരണ എന്താണ്; ആ ധാരണയെക്കുറിച്ച് വളരെ ക്ലിയറായി പറഞ്ഞിട്ടുണ്ട്. മഞ്ചേശ്വരത്ത് മാരാർ, ബേപ്പൂരിൽ മാധവൻകുട്ടി എന്നിവരെ ഞങ്ങൾ ജയിപ്പിക്കും എന്നതായിരുന്നു ധാരണ. ഇവിടെ വന്നിട്ട് നിങ്ങൾ ഭായിമാർ അല്ലേയെന്ന് ഞങ്ങളോട് ചോദിക്കുകയാണ്. ഇപ്പോൾ കോൺഗ്രസ്സിന്റെ സ്ഥിതിയെന്താണ്? യു.പി. ഇലക്ഷൻ ക്യാമ്പയിനിൽ കോൺഗ്രസ്സ് പറയുന്നത് ബി.ജെ.പി.-യെ തോൽപ്പിക്കാൻ എല്ലാ മതേതര പാർട്ടികളും ഞങ്ങളുടെ കൂടെ നിൽക്കണമെന്നാണ്. പേടിയുള്ളയാളുകൾ എന്റെ ചുറ്റും നിൽക്കണമെന്ന് വിളിച്ചുകൂവുന്ന കോൺഗ്രസ്സിന്റെ യു.പി.-യിലെ നിലപാട് എന്താണ്? യു.പി.-യിലെ 403 നിയമസഭാ മണ്ഡലങ്ങളിലേയും മതേതര വോട്ടുകളെ ഭിന്നിപ്പിക്കാൻ നിങ്ങൾ മത്സരിക്കുന്നു. കോൺഗ്രസ്സിന് ഒരു സീറ്റ്

കിട്ടുമോ; യു.പി.-യിൽ ശ്രീ. അഘിലേഷ് യാദവിന് പിന്തുണ കൊടുക്കുന്നതിനുപകരം നാട്ടുകാരുടെ ഉപദേശപ്രകാരം 403 സീറ്റിലും കോൺഗ്രസ്സ് മത്സരിക്കുകയാണ്. അവിടെയെല്ലാം ജയിക്കുമെന്ന് ഉറപ്പില്ല. എന്തുമാകട്ടെ, മതനിരപേക്ഷ പാർട്ടികളെ യോജിപ്പിക്കേണ്ട കോൺഗ്രസ്സ് ഉത്തർപ്രദേശിൽ 403 സീറ്റിലും മത്സരിക്കുന്നു. ഇത് ഭൂഷണമാണോ; ഇതാണ് കോൺഗ്രസ്സിന്റെ സ്ഥിതി. കോൺഗ്രസ്സിന്റെ ചരിത്രം എന്താണെന്നറിയാമോ; Deep rooted ആയ റീജിയണൽ ലീഡേഴ്സിനെ മുറിച്ചുവീഴ്ത്തുന്നത് കോൺഗ്രസ്സിന്റെ സംസ്കാരവും പാരമ്പര്യവുമാണ്. ഇന്ദിരാഗാന്ധിയുടെ കാലത്ത് ജനസ്വാധീനമുള്ള നേതാക്കന്മാരെ ചവിട്ടികൂട്ടി മൂലയ്ക്ക് ഇരുത്തിയിട്ടുണ്ട്. ക്യാപ്റ്റൻ അമരീന്ദറിനെ ചവിട്ടി മൂലയ്ക്കിരുത്തി. അതിനുശേഷം ശ്രീ. ചരൺജിത് സിംഗ് ചന്നി വന്നു; അദ്ദേഹത്തെ ബ്ലോക്ക് ചെയ്യാൻ ശ്രീ. നവജ്യോത് സിംഗ് സിദ്ദുവിനെ ഇറക്കി. അദ്ദേഹത്തിന് ക്രിക്കറ്റിൽ സിക്സർ അടിക്കാമെന്നല്ലാതെ രാഷ്ട്രീയത്തിൽ തിളങ്ങാൻ കഴിയുമോ; ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്ന രാഷ്ട്രീയ പ്രസ്ഥാനം സ്വീകരിക്കുന്ന സമീപനമാണിത്. ഇവിടെ ഞങ്ങളെ കളിയാക്കിയല്ലോ? യു.പി.-യിലെ ഇലക്ഷൻ ക്യാമ്പയിനിൽ ശ്രീ. നരേന്ദ്ര മോദി ആക്ഷേപിക്കുന്നത് കമ്മ്യൂണിസ്റ്റുകാരെയും ശ്രീ. യോഗി ആദിത്യനാഥ്

ആക്ഷേപിക്കുന്നത് കേരളത്തെയുമാണ്. അത് സൂചിപ്പിക്കുന്നത് ideological opposition ആണെന്നാണ്; അതിപ്പോഴും കമ്മ്യൂണിസ്റ്റുകാരും ഇടതുപക്ഷവുമാണെന്നാണ്. അപ്പോൾ ഞങ്ങളാണോ പ്രതി? ശ്രീ. യോഗി ആദിത്യനാഥ് കോൺഗ്രസ്സിനെ വിമർശിച്ചോ; ശ്രീ. നരേന്ദ്രമോദി യു.പി.-യിൽ കോൺഗ്രസ്സിനെ വിമർശിച്ചോ; ഇല്ല. ശ്രീ. യോഗി ആദിത്യനാഥും ശ്രീ. നരേന്ദ്രമോദിയും വിമർശിക്കുന്നത് കമ്മ്യൂണിസത്തിന്റെ രാഷ്ട്രീയമാണ്. ആ നിലപാടിനെ എതിർക്കാൻ സാധിക്കണം. ഇന്ത്യയിലെ അഞ്ച് സംസ്ഥാനങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുകയാണ്. കോൺഗ്രസ്സ് തകരണമെന്നോ തോൽക്കണമെന്നോ ആഗ്രഹിക്കുന്നവരല്ല ഞങ്ങൾ. പക്ഷെ കോൺഗ്രസ്സ് സ്വീകരിച്ച സമീപനത്തിന്റെ ഫലമായി അവർ സ്വയം തകർന്നടിയുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഞാൻ പതിനാലാം കേരള നിയമസഭയിൽ പ്രസംഗിച്ചപ്പോൾ 50 കൊല്ലത്തേയ്ക്ക് കോൺഗ്രസ്സ് ഉണ്ടാകുകയില്ലെന്ന് പറഞ്ഞു. അപ്പോൾ മറുഭാഗത്തിരുന്ന ഇപ്പോൾ എം.പി. ആയ മുൻ എം.എൽ.എ. ചോദിച്ചത്, ഇങ്ങനെയൊക്കെയാണോ പറയുന്നത് എന്ന്. ഏതായാലും നിങ്ങളുടെ കാര്യം പോക്കാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്ന രാഷ്ട്രീയ പ്രസ്ഥാനം കേരളത്തിൽ മാത്രമല്ല ഇന്ത്യയിലാകെ തകർന്നതിന്റെ

കാരണമെന്താണ്; നിങ്ങൾക്ക് എന്തെങ്കിലും നിലപാടുകളുണ്ടോ; നിലപാടില്ലായ്മയാണ് നിങ്ങളെ തകർച്ചയിലേക്ക് നയിച്ചത്. എല്ലാ കാര്യങ്ങൾക്കും സഹകരിക്കുമെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞെങ്കിലും നിങ്ങൾ വികസനത്തെ എതിർക്കുകയല്ലേ ചെയ്യുന്നത്. നിങ്ങൾ പച്ചയ്ക്ക് വർഗ്ഗീയത പറയുകയല്ലേ? കഴിഞ്ഞ നിയമസഭയിൽ അഴീക്കോട് മുൻ എം.എൽ.എ. എന്താണ് പ്രസംഗിച്ചത്? മതമാണ് പ്രശ്നം എന്നാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശന്റെ നിലപാടെന്താണെന്ന് പറയണം. ഇത് കോൺഗ്രസ്സിന്റെ നിലപാടാണോ? മതമാണ് പ്രശ്നമെന്ന് കോഴിക്കോട് യോഗത്തിൽ പരസ്യമായി ഒരു മുസ്ലീംലീഗ് നേതാവ് പ്രസംഗിക്കുമ്പോൾ അത് ആരുടെ വാക്കുകളാണ്? അത് അബൂബക്കർ അൽ ബാഗ്ദാദിയുടെ വാക്കാണ്. അല്ലാതെ അതൊരു മുസ്ലീംലീഗ് നേതാവിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ട വാക്കല്ല. പക്ഷെ കോൺഗ്രസ്സ് ഒന്നും മിണ്ടാതെ മൗനം പാലിക്കുകയാണ് ചെയ്തത്.

ആഭ്യന്തര വകുപ്പ് പരാജയമാണെന്നും കൊലപാതകം നടത്തുന്നുവെന്നും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിക്കുകയുണ്ടായി. ആരാണ് കൊലപാതകം നടത്തുന്നത്? 41 ദിവസത്തിനിടയിൽ രണ്ട് തവണ ചെങ്കൊടി താഴ്ത്തിക്കെട്ടി ഇടത്തെ നെഞ്ചിൽ കറുത്ത ബാഡ്ജ് ധരിച്ചവരാണ്

ഞങ്ങൾ. ഇടുക്കി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ഉശിരനായ, മിടുക്കനായ സഖാവ് ധീരജിനെ ആരാണ് കൊന്നത്? ഗാന്ധിയൻ പാർട്ടിയെന്ന് പറഞ്ഞിട്ട് കൊലപാതക സംഘത്തെ പരസ്യമായി ന്യായീകരിക്കാൻ നിങ്ങളുടെ നേതാവായ ശ്രീ. കെ. സുധാകരന് മടിയില്ലല്ലോ; അക്രമ രാഷ്ട്രീയത്തെക്കുറിച്ച് നിങ്ങൾ പ്രസംഗിക്കുന്നു. ആരാണ് ഇന്ദിരാഗാന്ധിയുടെ വധത്തെത്തുടർന്ന് സിഖ് കൂട്ടക്കൊല നടത്തിയത്; രാജ്യത്ത് അരങ്ങേറിയ രണ്ട് വംശഹത്യകളിലൊന്നിന് നേതൃത്വം കൊടുത്തത് കോൺഗ്രസ്സ് പാർട്ടിയാണ്. ഇന്നലെ എന്റെ മണ്ഡലത്തിൽ, എന്റെ വീടിന്റെ പരിസരത്ത് ആർ.എസ്.എസ്. സഖാവ് ഹരിദാസിനെ വെട്ടിക്കൊന്നു. എത്ര സഖാക്കൾ കൊലചെയ്യപ്പെടേണ്ടി വന്നാലും എത്ര തവണ ഇടതുനെഞ്ചിൽ കറുത്ത ബാഡ്ജ് ധരിക്കേണ്ടി വന്നാലും എത്ര തവണ ചെങ്കൊടി താഴ്ത്തിക്കെട്ടേണ്ടി വന്നാലും ആത്മസംയമനത്തിന്റെ താരാട്ട് പാടി ഞങ്ങൾ മുന്നോട്ടുപോകുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ടെന്ന് വ്യക്തമാക്കാനാഗ്രഹിക്കുന്നു. ഒരു ഭാഗത്ത് ആർ.എസ്.എസ്. കൊല്ലാൻ ശ്രമിക്കുന്നു. ധീരജിനെയും മിഥിൽ രാജിനെയും ഹക്ക് മുഹമ്മദിനെയും നിങ്ങൾ കൊന്നു. ഹക്ക് മുഹമ്മദിനെയും ധീരജിനെയും മിഥിൽ രാജിനെയും കൊന്നുതള്ളിയ, അക്രമ രാഷ്ട്രീയത്തെ

പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനമല്ലേ നിങ്ങളുടേത്? Semi-cadre എന്നുപറഞ്ഞാൽ എന്താണ്; 'കൊല്ലുക' എന്നതാണ്. അതല്ലേ ഇവിടെ നടക്കുന്നത്? കൊലപാതക സംഘത്തെ പരസ്യമായി ന്യായീകരിക്കുകയാണ് കെ.പി.സി.സി. പ്രസിഡന്റ്. കോൺഗ്രസ്സ് നേതൃത്വം അതിനെ തള്ളിപ്പറഞ്ഞോ? അപ്പുറത്തുനിന്നും ചില അപശബ്ദങ്ങളൊക്കെ കേൾക്കുന്നുണ്ട്. പറയാൻ തുടങ്ങിയാൽ ഒരുപാട് കാര്യങ്ങളുണ്ട്. പത്ത് വർഷമായി ഞങ്ങൾ മിണ്ടാതിരിക്കുകയാണ്. അതുകൊണ്ട് പറയിപ്പിക്കേണ്ട. വെട്ടുകളുടെ എണ്ണം ആരും എടുക്കുന്നില്ലല്ലോ? സഖാവ് ഹരിദാസിന്റെ ശരീരത്തിലേറ്റ വെട്ടുകളുടെ എണ്ണം ആരെങ്കിലുമെടുത്തോ? സഖാവ് ധീരജിന്റെ ശരീരത്തിൽ നിങ്ങൾ കുത്തിക്കയറ്റിയ കഠാരയുടെയും മുറിപ്പാടുകളുടെയും എണ്ണം ആരെങ്കിലുമെടുത്തോ? ധീരജിനെയും ഹരിദാസിനെയും ഹക്ക് മുഹമ്മദിനെയും മിഥിൽ രാജിനെയും കൊന്നിട്ട് ഞങ്ങൾ കൊലപാതക രാഷ്ട്രീയ പാർട്ടിയെന്ന് നിങ്ങൾ വിളിച്ച് പറയുന്നു. കാപ്പ നിയമത്തെക്കുറിച്ച് പറഞ്ഞു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുപോകുമ്പോൾ ബി.ജെ.പി.-യെയും എസ്.ഡി.പി.ഐ.-യെയും കൂട്ടുപിടിച്ച് ആസൂത്രിതമായി കേരളത്തിന്റെ ക്രമസമാധാനം തകർക്കാൻ ശ്രമിക്കുന്നത് ഈ നാട് തിരിച്ചറിയും. നിങ്ങൾ

എസ്.ഡി.പി.ഐ.-യെ പിന്തുണയ്ക്കുന്നു. നിങ്ങൾ വോട്ട് വാങ്ങിയില്ലേ? 2009-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ മുസ്ലീംലീഗിന്റെയും കോൺഗ്രസ്സിന്റെയും പതാകയുടെ കൂടെ പാറിപ്പറന്ന ചുവപ്പും പച്ചയും കലർന്നൊരു പതാകയുണ്ട്. ആ പതാക സുഡാപ്പിയുടെ പതാകയാണ്. ആ പതാക നിങ്ങൾ പിടിച്ചില്ലേ? രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി തരാതരംപോലെ രാഷ്ട്രീയസഖ്യം ഉണ്ടാക്കിയ രാഷ്ട്രീയ പ്രസ്ഥാനമായ യു.ഡി.എഫ്. തകർന്നടിയുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഇവിടെ ഞങ്ങൾ മുന്നോട്ടുപോകും; സാർത്ഥവാഹക സംഘം മുന്നോട്ടുതന്നെ പോകും. ഇടതുപക്ഷ ജനാധിപത്യമുന്നണി അഞ്ച് വർഷക്കാലത്തെ പ്രകടനപത്രികയിൽ പറഞ്ഞ കെ-റെയിൽ പദ്ധതി, ഉൾനാടൻ ജലപാതാ വികസനം, ദേശീയപാതാ വികസനം, ആശുപത്രികളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വികസനം എന്നിവയെല്ലാം ആരെല്ലാം തടയാൻ ശ്രമിച്ചാലും ജനങ്ങളെ വിശ്വാസത്തിലെടുത്ത്, ജനങ്ങളുടെ പിന്തുണയോടുകൂടി ഇടതുപക്ഷം മുന്നോട്ടുപോകുമെന്ന് മാത്രം പറഞ്ഞ് നന്ദി പ്രമേയത്തെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ.... ഓർഡർ.... ഇന്ന് നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ശ്രീ. പി. സി. വിഷ്ണുനാഥ് ചെയറിന് മുൻകൂട്ടി

എഴുതി നൽകിയതിനുശേഷം ചില അഴിമതിയാരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്ക് മറുപടി പറയാൻ അവസരം നൽകണമെന്ന് അഭ്യർത്ഥിച്ച് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചെയറിന് കത്ത് നൽകിയിരുന്നു. സഭയുടെ കീഴ്വഴക്കങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്ക് മറുപടി പറയാൻ ഇപ്പോൾ അവസരം നൽകുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സാധാരണഗതിയിൽ വിവിധ വകുപ്പുകളെ സംബന്ധിച്ച പരാമർശങ്ങൾ നന്ദിപ്രമേയ ചർച്ചയിൽ വരികയാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പ്രസംഗം നടത്തുന്നതിനുമുമ്പ് വിവിധ വകുപ്പുകളുടെ മന്ത്രിമാർ അതിനുള്ള മറുപടി പറയുന്ന കീഴ്വഴക്കമാണ് സഭയിലുള്ളത്. അല്ലാതെ അതാത് ദിവസം നയപ്രഖ്യാപന പ്രസംഗത്തിന്റെ ചർച്ചാവേളയിൽ ഉയരുന്ന ആരോപണങ്ങൾക്കും ആക്ഷേപങ്ങൾക്കും ബഹുമാനപ്പെട്ട മന്ത്രിമാർ അന്നന്ന് മറുപടി പറയാറില്ല. ഇന്ന് പല വകുപ്പുകളെക്കുറിച്ചും ചർച്ചയിൽ പറയുന്നുണ്ട്, പക്ഷെ അതാത് ദിവസം മറുപടി പറയുന്ന കീഴ്വഴക്കം ഇവിടെയില്ല. കീഴ്വഴക്കമനുസരിച്ച് നയപ്രഖ്യാപന പ്രസംഗത്തിന്റെ ചർച്ച

കഴിഞ്ഞ് അവസാനം മുഖ്യമന്ത്രി സംസാരിക്കുന്നതിനുമുമ്പ് ഏതെങ്കിലും മന്ത്രിമാർ അവരവരുടെ വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മറുപടി പറയാനുണ്ടെങ്കിൽ പറയുന്ന കീഴ്‌വഴക്കമാണ് സഭയിലുള്ളതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട ചെയർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ നേരത്തെ സഭയിൽതന്നെ അങ്ങയുടെ മുൻഗാമിയായ ബഹുമാന്യനായ സ്പീക്കർ ഇക്കാര്യത്തെ സംബന്ധിച്ച് റൂളിംഗ് നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രശ്നം ഉന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുസംബന്ധിച്ച് മറുപടി പറയുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് നേരത്തെയുള്ള റൂളിംഗുകൾ പരിശോധിച്ചതിൽ 1988 മാർച്ച് 21-ന് അന്നത്തെ സ്പീക്കർ ഈ സഭയിൽ ഒരു റൂളിംഗ് നടത്തുകയുണ്ടായി. അതിന്റെ പ്രസക്തഭാഗം മാത്രം വായിക്കാം. ഇതുസംബന്ധിച്ചുള്ള നടപടിക്രമങ്ങളെന്താണെന്ന് ചെയർ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ സൂചിപ്പിച്ചിച്ചുള്ള 'ശക്ധർ ആൻഡ് കൗൾ'-നെക്കുറിച്ചുള്ള നടപടിക്രമം വായിക്കാം. "When an allegation is made against a Minister or member, it is for that Minister or member

to take any course of action to refute the allegation. A Minister may be permitted to refute then and there allegations made against him in his capacity as a Minister without being required to furnish written text of the statement to be made by him." അതിന്റെ അടിസ്ഥാനത്തിൽ അപ്പോൾത്തന്നെ മറുപടി പറയാൻ മന്ത്രിയെ അനുവദിച്ചുകൊണ്ടുള്ള റൂളിംഗാണ് നടത്തിയിരിക്കുന്നത്.

**[3.54 P.M.]**

## XI. വ്യക്തിപരമായ വിശദീകരണം

കെ.എം.എസ്.സി.എൽ.-മായി ബന്ധപ്പെട്ട ആരോപണം സംബന്ധിച്ച്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. പി. സി. വിഷ്ണുനാഥ് ഇന്ന് സഭയിൽ വളരെ സ്പെസിഫിക്കായി ആരോപണം ഉന്നയിച്ചത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡുമായി ബന്ധപ്പെട്ടുള്ളതാണ്. അദ്ദേഹം ഉന്നയിച്ച രണ്ട് ആരോപണങ്ങളും 2020-ൽ പ്രതിപക്ഷം നിയമസഭയിൽ ഉന്നയിച്ചിരുന്നു. അന്നത്തെ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇതുസംബന്ധിച്ച് വ്യക്തമായ വിശദീകരണം സഭയിൽ നൽകിയിട്ടുണ്ട്; ഇത് നിയമസഭയുടെ

രേഖകളിലുമുണ്ട്. അതേ ആരോപണങ്ങൾ വീണ്ടും ഉന്നയിച്ച് പുകമറ സൃഷ്ടിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. 2020 ജനുവരി 20-ാം തീയതിയാണ് ഇന്ത്യയിൽതന്നെ ആദ്യത്തെ കോവിഡ് കേസ് കേരളത്തിൽ റിപ്പോർട്ട് ചെയ്തത്. കോവിഡിനെ പ്രതിരോധിക്കുന്നതിലുള്ള മുൻ അനുഭവം ആഗോളതലത്തിൽ തന്നെ ശാസ്ത്ര സമൂഹത്തിനോ ആരോഗ്യ വിദഗ്ദ്ധർക്കോ അന്നുവരെയുണ്ടായിരുന്നില്ല. ആദ്യ കേസ് റിപ്പോർട്ട് ചെയ്തപ്പോൾ കേരള സർക്കാർ കൺട്രോൾ റൂമുകൾ തുറക്കുകയും ജീവനക്കാർക്കാവശ്യമായ പരിശീലനങ്ങൾ നൽകുകയും പ്രതിരോധനിര തീർക്കുകയും ആദ്യമായി കോവിഡ് പ്രോട്ടോക്കോൾ രൂപീകരിക്കുകയും അന്നുമുതൽ കോവിഡ് പ്രതിരോധത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ മുന്നൊരുക്കങ്ങൾ ആരംഭിക്കുകയും ചെയ്യുകയുണ്ടായി. ഈ മുന്നൊരുക്കങ്ങൾ കേരളത്തിൽ കോവിഡ് വ്യാപനത്തിന്റെ തോത് കുറയ്ക്കാൻ സഹായകരമായിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി വിവിധ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ സർക്കാർ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മുന്നോട്ടുപോകുകയും ചെയ്തു. ആരോഗ്യ വകുപ്പിനാവശ്യമായ മരുന്ന്, കോവിഡ് പ്രതിരോധ സാമഗ്രികൾ, ഉപകരണങ്ങൾ എന്നിവ സംഭരിക്കൽ, പരിശോധനാ സംവിധാനങ്ങൾ ഒരുക്കൽ തുടങ്ങിയ

പ്രവർത്തനങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് നിർവ്വഹിച്ചിട്ടുള്ളത്. രോഗവ്യാപന സാധ്യതകൾ വിലയിരുത്തി മുൻകൂറായി സംഭരിക്കേണ്ട പേഴ്സണൽ പ്രൊട്ടക്ടീവ് എക്യൂപ്മെന്റ്, ലബോറട്ടറി സജ്ജീകരണങ്ങൾ, മറ്റ് അനുബന്ധ ചികിത്സാ സാമഗ്രികൾ എന്നിവ സംബന്ധിച്ച് വിശദമായ വിശകലനം നടത്തുകയും ഏറ്റവും മോശമായ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ ആവശ്യമായ പ്രതിരോധ ചികിത്സാ സാമഗ്രികളുടെയും മറ്റും അവശ്യം സ്റ്റോക്ക് യുദ്ധകാലാടിസ്ഥാനത്തിൽ സംഭരിക്കുന്ന പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ. നിർവ്വഹിക്കുകയും ചെയ്തു. ലോകം മുഴുവൻ കോവിഡ് മഹാമാരിയുടെ പിടിയിലമർന്ന ടി കാലയളവിൽ മേൽപ്പറഞ്ഞ പ്രതിരോധ സാമഗ്രികൾ ആവശ്യാനുസരണം ലഭ്യമാക്കുകയെന്നത് കനത്ത വെല്ലുവിളിയായിരുന്നു. കോവിഡ് രോഗവ്യാപ്തി പരമാവധി തടഞ്ഞുനിർത്തുകയെന്ന ലക്ഷ്യത്തോടെ രോഗികൾക്കും രോഗികളെ പരിചരിക്കുന്ന ആരോഗ്യ പ്രവർത്തകർക്കും പൂർണ്ണ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ദീർഘവീക്ഷണത്തോടെയുള്ള ഇടപെടലുകളിലൂടെ സർക്കാർ ആശുപത്രികളിലും മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും കോവിഡ് ചികിത്സയ്ക്കുള്ള പ്രതിരോധ സാമഗ്രികളുടെ ലഭ്യതയിൽ കുറവുവരാതെ നോക്കാനുള്ള ഉത്തരവാദിത്തം അന്ന് കേരള

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്ന പൊതുമേഖലാ സ്ഥാപനത്തിനാണുണ്ടായിരുന്നത്. പ്രസ്തുത സ്ഥാപനംവഴി നടത്തുന്ന പർച്ചേസുകൾ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് വിധേയമാണ്. ഇതുകൂടാതെ പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധന ഇപ്പോൾ നടന്നുവരികയാണ്. വസ്തുതകൾ മറച്ചുവച്ച് തെറ്റിദ്ധാരണ പരത്താൻ ശ്രമിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത് 2020-ൽ ഡോ. എം. കെ. മുനീർ ഉന്നയിച്ച ആക്ഷേപത്തിന് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞുവെന്നാണ്. അന്നത്തെ മറുപടിയിൽ പറഞ്ഞിരിക്കുന്നത് 500 രൂപയ്ക്ക് ലഭിക്കുന്ന പി.പി.ഇ. കിറ്റ് 300 രൂപയ്ക്കും ലഭിക്കും, പക്ഷെ അത് ഗുണനിലവാരമില്ലാത്തതുകൊണ്ടാണ് 1500 രൂപയ്ക്ക് വാങ്ങിയതെന്നാണ്. അതിനെതിരെയാണ് പ്രതിപക്ഷം ആക്ഷേപമുന്നയിച്ചത്.

മി. സ്പീക്കർ: ഇവിടെ ആരോപണം ഉന്നയിച്ചതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, പ്രതിപക്ഷം സംശയം ചോദിക്കുന്നത് പതിവുള്ളതാണ്. അല്ലാതെ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതുകേട്ട് ഞങ്ങൾ

വീട്ടിൽ പോകണമെന്നാണോ പറയുന്നത്? പ്രതിപക്ഷനേതാവെന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദ്യം ചോദിക്കാൻ അങ്ങ് അനുവദിക്കില്ലെന്നാണോ പറയുന്നത്?

മി. സ്പീക്കർ: അങ്ങ് ക്ഷുഭിതനാകരുത്. നന്ദിപ്രമേയ ചർച്ച നാളെയും തുടരുന്നുണ്ടല്ലോ? അങ്ങയെ ചോദ്യം ചോദിക്കാൻ അനുവദിക്കില്ലെന്നല്ല. ഇനിയൊരു ചർച്ചയിലേയ്ക്ക് പോകരുതെന്നാണ് പറയാനുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ചോദ്യം ചോദിക്കുമ്പോൾ അങ്ങ് ഇടപെടുകയല്ലേ? പ്രതിപക്ഷനേതാവെന്ന നിലയിൽ എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദ്യം ചോദിക്കാൻ അവകാശമില്ലെന്ന് അങ്ങ് പറഞ്ഞാൽ ഞാൻ ഇരിക്കാം.

മി. സ്പീക്കർ: അങ്ങേയ്ക്ക് ക്ലാരിഫിക്കേഷൻ നടത്താവുന്നതാണ്; ചർച്ചയിലേയ്ക്ക് വീണ്ടും പോകരുതെന്നേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ വിഷയത്തിനുള്ള മറുപടി മുൻ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ടെന്നാണ് ഇന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി പറയുന്നത്. അന്നത്തെ മറുപടിയിൽ പറഞ്ഞത് ഇതിനെക്കാൾ താഴ്ന്ന വിലയ്ക്ക് പി.പി.ഇ. കിറ്റ് ലഭിക്കും, പക്ഷേ അത് ക്വാളിറ്റിയില്ലെന്നാണ്. (.....ബഹളം......) നിങ്ങൾ എന്തിനാണ് ഇത്രയ്ക്ക്

അസ്വസ്ഥരാകുന്നത്? (.....ബഹളം......) എന്നാൽ നിങ്ങൾ സംസാരിക്കു, എന്തൊരു മര്യാദയാണിത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ക്ലാരിഫിക്കേഷൻ ചോദിക്കു. മൈക്ക് അങ്ങേയ്ക്ക് മാത്രമെ നൽകിയിട്ടുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് എന്നെയാണോ അതോ ഞാൻ സംസാരിക്കുമ്പോൾ എഴുന്നേറ്റുനിന്ന് തടസ്സപ്പെടുത്തുന്ന ഭരണപക്ഷത്തെയാണോ നിയന്ത്രിക്കേണ്ടത്? ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നത് ശ്രീ. പി. സി. വിഷ്ണുനാഥ് ബഹുമാനപ്പെട്ട ചെയറിന് എഴുതിനൽകിയ, ആധികാരികമായി ഉന്നയിച്ച ആരോപണത്തെക്കുറിച്ചാണ്. അതായത് ഒരു ദിവസം തന്നെ പി.പി.ഇ. കിറ്റ് 550 രൂപയ്ക്കും 1550 രൂപയ്ക്കും ഓർഡർ കൊടുത്ത് വാങ്ങിയിരിക്കുന്നു. അതുപോലെ ഒരു കോടി ഗ്ലൗസുകൾ പന്ത്രണ്ട് രൂപയ്ക്ക് ഓർഡർ ചെയ്തതിൽ 40 ലക്ഷം ഗ്ലൗസുകൾ മാത്രമാണ് കേരളത്തിലെത്തിയത്. ബാക്കി 60 ലക്ഷം ഗ്ലൗസുകൾ കമ്പനി രണ്ടാമത് അയച്ചില്ല. ആ സമയത്തുതന്നെ നിങ്ങൾ ഓൺലൈൻ പർച്ചേസ് നടത്തിയപ്പോൾ പന്ത്രണ്ട് രൂപയ്ക്ക് ലഭിച്ച ഗ്ലൗസുകൾ ഏഴ് രൂപയ്ക്ക് ലഭിച്ചുവെന്നതാണ് ഇവിടത്തെ ആരോപണം. ആ ആരോപണത്തിന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മറുപടി

പറഞ്ഞില്ലെന്നതാണ് ഇവിടത്തെ വിഷയം. പി.പി.ഇ. കിറ്റ് 500 രൂപയ്ക്ക് ലഭിച്ച ദിവസം തന്നെ 1550 രൂപയ്ക്ക് വാങ്ങിയിരിക്കുകയാണ്. അതുപോലെ പന്ത്രണ്ട് രൂപ നിരക്കിൽ ഒരു കോടി ഗ്ലൗസുകൾ വാങ്ങിയ സമയത്തുതന്നെ ഏഴ് രൂപ നിരക്കിൽ അവ ഓൺലൈൻ പർച്ചേസിലൂടെയും വാങ്ങിയിരിക്കുന്നു. ഇത്തരത്തിൽ 1600 കോടി രൂപയുടെ പർച്ചേസ് നടന്നുവെന്നാണ് പറയുന്നത്. ഇതിന്റെ ഉത്തരവാദിയായ കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ ശ്രീ. ദിലീപിനെ സ്ഥലം മാറ്റിയോ? ഇത്തരം ആരോപണങ്ങൾ വന്നതിനുശേഷം ഇവിടെ ഉന്നയിച്ച കാര്യങ്ങൾക്കൊന്നും മറുപടി പറയാതെ ഇതിനുമുമ്പ് മറുപടി പറഞ്ഞുവെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെക്കുറിച്ച് അനുകൂലമായാണ് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത്. 60 ലക്ഷം ഗ്ലൗസിന് രണ്ടാമതും പണം കൊടുക്കാൻ അങ്ങ് സമ്മതിച്ചില്ലെന്നാണ് പറഞ്ഞത്. അല്ലാതെ അങ്ങയെക്കുറിച്ച് ആരോപണം ഉന്നയിച്ചിട്ടില്ല. കോവിഡിന്റെ മറവിൽ നടന്ന വലിയ കൊള്ളയെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. സഭയിൽ ഈ വിഷയം ഉന്നയിക്കുമ്പോൾ അതിന് കൃത്യമായ മറുപടി പറയണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, വളരെ സ്പെസിഫിക്കായാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ഇക്കാര്യങ്ങളെ സംബന്ധിച്ച് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. എന്നാൽ ഇവിടെ എഴുതിനൽകിയത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ച ആരോപണമുന്നയിക്കുന്നുവെന്നാണ്. അതുകൊണ്ടാണ് ഈ വിഷയങ്ങൾ നേരത്തെ സഭയിൽ വന്നിട്ടുണ്ടെന്ന് പറഞ്ഞത്. സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇതിലെ നിലപാടുകൾ വളരെ വ്യക്തമാണ്. ഇത്തരത്തിൽ ആരോപണങ്ങൾ ഉയരുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിവരികയാണ്. ഇത് സുതാര്യമായി മുന്നോട്ട് കൊണ്ടുപോകാനാണ് അന്നും ഇന്നും സർക്കാർ ശ്രമിച്ചിട്ടുള്ളത്. ആ രീതിയിൽ തന്നെ മുന്നോട്ടുപോകുമെന്ന കാര്യത്തിൽ യാതൊരു അവ്യക്തതയുമില്ല. ബഹുമാനപ്പെട്ട അംഗം വളരെ പ്രത്യേകമായി ഒന്നുരണ്ട് വിഷയങ്ങളെ ആസ്പദമാക്കിയാണ് ചോദിച്ചിട്ടുള്ളത്. അതിനെക്കുറിച്ച് off hand ആയി സഭയിൽ മറുപടി പറയാൻ ഇപ്പോൾ സാധിക്കില്ല.

<u>മി. സ്പീക്കർ</u>: ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ഫെബ്രുവരി മാസം 23-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.03-ന് പിരിഞ്ഞു.)

*********

**അനുബന്ധം**

പെരിന്തൽമണ്ണ-വളാഞ്ചേരി കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് സംബന്ധിച്ച് ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) നൽകിയ മറുപടിയുടെ അനുബന്ധം

വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ

| ക്രമ നം. | മാസം | വർഷം | പ്രതിദിനം ശരാശരി വരുമാനം | ഇ.പി.കെ.എം. |
|---|---|---|---|---|
| 1 | ജൂൺ | 2018 | 4,929 | 25.35 |
| 2 | ജൂലൈ | 2018 | 6,475 | 30.11 |
| 3 | ആഗസ്റ്റ് | 2018 | 6,192 | 28.6 |
| 4 | സെപ്തംബർ | 2018 | 4,284 | 26.6 |
| 5 | ഒക്ടോബർ | 2018 | 5,373 | 30.61 |
| 6 | നവംബർ | 2018 | 5,174 | 28.99 |
| 7 | ജൂലൈ | 2019 | 7,174 | 22.7 |
| 8 | ആഗസ്റ്റ് | 2019 | 7,029 | 22.23 |
| 9 | സെപ്തംബർ | 2019 | 8,935 | 27.56 |
| 10 | ജൂൺ | 2020 | 2,363 | 13.73 |
| 11 | ജൂലൈ | 2020 | 2,423 | 16.02 |
| 12 | ആഗസ്റ്റ് | 2020 | 2,300 | 14.98 |